
ക്രൈസ്തവ സഭാചരിത്രം



209

മഹാകവി കെ.വി.സൈമൺ

ശ്രീ

കുന്നമ്പുറത്തു്

വറുഗീസ് സൈമൺ

27–6–1058—8–7–1119. ME.

''പണ്ഡിതകവി'', ''വേദശാസ്ത്രപാരംഗതൻ'', ''മതചരിത്ര പണ്ഡിതൻ'', അപ്രതിമനായ താക്കികൻ'', ''ഉജ്ജ്വല ഗദ്യസാഹിത്യകാരൻ'', ''സംഗീതകലാഭിജ്ഞൻ'', ''ഗ്രന്ഥകാരൻ'', ''ഗാനരചയിതാവു്'', ''ധനസമ്പാദനവിമുഖനായ വിജ്ഞാനകുബേരൻ'', ''അചഞ്ചലനായ മതധീരൻ'', പ്രസംഗപ്രഭു, തിരുവചന വ്യാഖ്യാതാവു്, സർവ്വോപരി നാണയ കറപുരളാത്ത ദൈവഭൃത്യൻ,

—മാത്രമല്ല—

കേരളത്തിലെ ഒരു വലിയ ആത്മിക നവീകരണ കർത്താവായ ഈ ശ്രേഷ്ഠപുരുഷൻ—

''തിരിനാമ്പിൽ സ്വയം കത്തിയെരിഞ്ഞുയർന്നു ജ്ജ്വലിച്ച കേരളീയ സുഗന്ധകർപ്പൂരമണിദീപവും''.....ആയിരുന്നു.

(പ്രഥമപഞ്ചശതകങ്ങളിലെ)

ക്രൈസ്തവ സഭാചരിത്രം

8570

മഹാകവി കെ. വി. സൈമൺ



Second Edition
OCTOBER 1976.

(പ്രഥമപഞ്ചശതകങ്ങളിലെ)
ക്രൈസ്തവ സഭാചരിത്രം

By
Mahakavi K. V. SIMON

First Edition: 1935
Second Edition: Oct. 1976

Printed in India at
THE ASHRAM PRESS,
MANGANAM, KOTTAYAM-18.

Sponsored & Financed
By
Bro: C. A. GEORGE, Kuwait

Published
By
Bro: C. K. SAM, Edayaranmula

Price Rs. 18/-

പ്രസ്താവന

ചരിത്രം! അതിന്റെ ഒരു വശം സംഭവങ്ങളും എങ്കിൽ മറുവശം അനുഭവങ്ങളുടെയാണ്. രാഷ്ട്രചരിത്രമോ, മതചരിത്രമോ ഈ ആശയത്തിന്റെ പൂർത്തീകരണമാണ്. അങ്ങനെയെങ്കിൽ രണ്ടായിരം വർഷങ്ങളോളം പഴക്കമുള്ള ഒരു ജനസമുദായത്തിന്റെ അഥവാ ക്രിസ്തീയതയുടെ ചരിത്രം അറിയുന്നതു ക്രിസ്തീയ ജനതയിലും ചരിത്രഗവേഷകന്മാർക്കും രസകരമാണെന്നതു് നിസ്തർക്കം തന്നെ.

മഹാകവി കെ. വി. സൈമൺ അവർകളും രചിച്ചിട്ടുള്ള ''ക്രൈസ്തവസഭാ ചരിത്രം'' എന്ന ഗ്രന്ഥം ഏതൊരു ക്രൈസ്തവനും തന്റെ വിശ്വാസത്തിന്റെ മേന്മയിലും പ്രാചീനത്വത്തിലും അഭിമാനം കൊള്ളത്തക്കവണ്ണം ജ്ഞാനാത്മകംകൂടെയാണ്. കൊല്ലവർഷം 1110–ൽ പ്രസിദ്ധീകരിച്ചിട്ടുള്ള ഈ പുസ്തകത്തിന്റെ പുനർ മുദ്രണം 1152–ലാണു നടക്കുന്നതെന്നുള്ളതു് ക്രിസ്ത്യാനികൾക്കു സഭാചരിത്രപാരായണത്തിലുള്ള വിരസതയെന്നു തോന്നിപ്പോകാമെങ്കിലും, മറേറതൊരു മതചരിത്ര ഗ്രന്ഥത്തെ അപേക്ഷിച്ചും നിസ്തുല്യസ്ഥാനം അർഹിക്കുന്നു ഈ ഗ്രന്ഥം കണ്ടവർ താല്പര്യപൂർവ്വം പാരായണം ചെയ്തു് അനേകശതം കൈകളിലേക്കു കൈമാറിക്കൊണ്ടിരുന്നു എന്നുള്ളതത്രെ യാഥാർത്ഥ്യം. ഒന്നാം നൂറ്റാണ്ടു മുതൽ അഞ്ചാം നൂറ്റാണ്ടുവരെയുള്ള ക്രൈസ്തവരേണ, സംഭവങ്ങളുടെയും അനുഭവങ്ങളുടെയും ചരിത്രം സംക്ഷിപ്തസുന്ദരമായും പണ്ഡിതോചിതമായും രചിച്ചിട്ടുള്ളതിനാൽ സഭാവ്യത്യാസമെന്യേ വിശ്വാസികളെയും യുവപ്രതിഭകളെയും കൂടുതൽ ആകർഷിക്കുന്നുണ്ടു്.

ഈ പുസ്തകത്തിന്റെ പുനർമുദ്രണത്തിനുള്ള സദ്ദുദ്യമത്തിൽ ധനപരമായ സഹായം നൽകിയ ബ്രദർ സി. എ. ജോജ്ജ് (കുവൈറ്റ്) എല്ലാ കൃതജ്ഞതയും അർഹിക്കുന്നു. തങ്ങൾക്കു ലഭിച്ചിട്ടുള്ള താലന്തു രൂമാലിൽ കെട്ടി കുഴിച്ചിടുന്ന അനേകർക്കു് ഏവംവിധമായ ''നല്ല പ്രവർത്തികൾ''ക്കുള്ള ഉത്തേജനം ലഭിക്കട്ടെ.

കൃത്യാന്തരബാഹുല്യങ്ങൾക്കിടയിൽ ഈ ഗ്രന്ഥത്തിന്റെ മുദ്രണം മനോഹരമായി പൂർത്തിയാക്കിത്തന്ന മാങ്ങാനം ആശ്രമം പ്രസ്സ് മാനേജരോടും സ്റ്റാഫിനോടുമുള്ള കൃതജ്ഞതയും സസന്തോഷം രേഖപ്പെടുത്തുന്നു.

മഹാകവി കെ. വി. സൈമൺ അവർകളും എന്റെ ഗുരുവും ആത്മികപിതാവുമായിരുന്നു. ആ ഗുരുമുഖത്തുനിന്നും ലഭിച്ചിട്ടുള്ള ആത്മിക പ്രചോദനത്തിന്റെ മധുരസ്മരണയിൽ ഈ പുസ്തകത്തിന്റെ പ്രസിദ്ധീകരണം ഒരു ചെറിയ കടപ്പാട് മാത്രം.

വിനീത വിധേയൻ,

ഇടയാറന്മുള,
15–10–1976.

സി. കെ. സാം,
(പ്രസാധകൻ).

മുഖവുര

(ഒന്നാം പതിപ്പിനേറ്റത്)

പ്രാചീനവും ലോകത്തിന്റെ സമ്പ്രാഗങ്ങളിലും വ്യാപിച്ചിരിക്കുന്നതും, എൺപതുകോടിയോളം ജനസംഖ്യവരുന്നതുമായ ക്രിസ്തുമതം ഏതൊരു മനുഷ്യന്റെ ദൃഷ്ടിയിലാണ് വിഷയീഭവിക്കാത്തത്? ''ജഗച്ചക്ഷുസ്സായ സൂര്യനെ കാണാതെ ഇരിക്കുവാൻ കഴിയുമെങ്കിൽ മാത്രമെ ക്രിസ്തുമതത്തേയും കാണാതിരിക്കുവാൻ കഴികയുള്ളൂ'' എന്നിങ്ങനെ അധുനാതനനായ ഒരു മഹാൻ പറഞ്ഞിട്ടുള്ളതു് എത്രയോ വാസ്തവമാണു്. രണ്ടായിരം കൊല്ലത്തോളം പഴക്കമുള്ള വൻപിച്ച ഈ ജനസമൂഹത്തിന്റെ ചരിത്രം അറിയുന്നതു് ചരിത്രഗവേഷകന്മാർക്കു മാത്രമല്ല, ആർക്കുംതന്നെയും രസകരമായിരിക്കുന്ന സ്ഥിതിക്കു് ക്രൈസ്തവരുടെ സംഗതി പറയണമെന്നില്ലല്ലൊ. ചുരുക്കമായിട്ടെങ്കിലും ക്രൈസ്തവസഭയുടെ പുരാതനചരിത്രത്തെക്കുറിച്ചു് അറിയാതിരിക്കുന്ന ഒരു ക്രൈസ്തവനു തന്റെ വിശ്വാസത്തിന്റെ പ്രാചീനത്വത്തെയോ, കാതോലികത്വത്തെയോ സ്ഥാപിക്കുന്നതിനൊ, തദ്വിശ്വാസത്തിനുവേണ്ടി ആരെല്ലാം പോരാടീട്ടുണ്ടു്? അക്കാലത്തു പ്രസ്തുത വിശ്വാസം എത്രത്തോളം പൊതുസമ്മതത്തിൽ ഇരുന്നിരുന്നു? ഇത്യാദി ഗ്രഹിച്ചു സമ്മതസ്ഥാപനം ചെയ്യുന്നതിനോ കഴിയുന്നതല്ല. എന്നു മാത്രമല്ല, ക്രിസ്തുമതത്തിലുള്ള പഴയ സകേളമായി നവീകൃതവകുപ്പുകാർക്കു് വിശ്വാസവിഷയങ്ങളെ അധികരിച്ചുവല്ലതും സംസാരിക്കണമെങ്കിൽ സഭാചരിത്രജ്ഞാനം ഒഴിച്ചുകൂടാത്തതുമാണു്. ഈദൃശകാരണങ്ങളാൽ സഭാചരിത്രപഠനം ആർക്കും സ്പൃഹണീയമാണെന്നുള്ളതിനു പക്ഷാന്തരമില്ല. തന്നിമിത്തം ഒരു സഭാചരിത്രം നമ്മുടെ ഭാഷയിൽ എഴുതി പ്രസിദ്ധീകരിക്കുന്നതിന്റെ ആവശ്യകത ഞങ്ങൾക്കു ബോധപ്പെട്ടകയാൽ പന്ത്രണ്ടുകൊല്ലങ്ങൾക്കു മുമ്പു് ''മലങ്കര വിയോജിതൻ'' മാസികയിൽ അതിനെപ്പറ്റി ഒരു പരസ്യം ചെയ്യുകയുണ്ടായി. എങ്കിലും തദനുസരണം പ്രവർത്തിക്കുവാൻ കാര്യാന്തരങ്ങളാൽ ആ ഇടയ്ക്കു സാധിച്ചില്ല. എന്നാൽ ഏതാനും മാസങ്ങൾക്കു മുമ്പു് കർമ്മകുശലൻ ശ്രീമാൻ ഈ. പി. വറുഗീസു് അവർകൾ ഒരു സഭാചരിത്രമുണ്ടാകേണ്ടതായ ആവശ്യകതയെക്കുറിച്ചു് എന്നോടു പറകയും എനിക്കു് അപ്പോൾതന്നെ അതു് അവശ്യകർത്തവ്യമായി തോന്നുകയും ചെയ്തകയാൽ കിട്ടിയ വിശ്രമസമയങ്ങൾ ഉപയോഗിച്ചു് ഈ ചരിത്രഗ്രന്ഥം നിർമ്മിച്ചിട്ടുള്ളതാകുന്നു.

ഞാൻ ഈ ഗ്രന്ഥനിർമ്മാണത്തിൽ മാതൃകയാക്കിയിരിക്കുന്നതു സഭാചരിത്രനഭസ്സിൽ പരിലസിക്കുന്ന രണ്ടു തേജഃപുഞ്ജങ്ങളെയാണു്. ജർമ്മൻ മനീഷികളായ ഇവരുടെ നാമധേയങ്ങൾ എല്ലാവർക്കും പരിചിതചരങ്ങൾ തന്നെയാണു്. ഡോക്ടർ മോഷീം, (Dr. Mosheim) ഡോക്ടർ നിയാണ്ടർ (Dr. Neander) എന്നീ ഇരുവരിൽ പൂർവഗനായ ഡോക്ടർ മോഷീമിന്റെ ചരിത്രത്തെ മിക്കവാറും ആസ്പദിച്ചതത്രെ പ്രകൃതഗ്രന്ഥം എഴുതീട്ടുള്ളതു്. ഇദ്ദേഹത്തെപ്പറ്റി സ്വല്പം പറഞ്ഞുകൊള്ളട്ടെ. ഡോക്ടർ മോഷീം 1694 ഒക്ടോബർ 9–ാം തീയതി ലൂബക്കു്നഗരത്തിൽ ഒരു പ്രഭുകുടുംബത്തിലാണു ജനിച്ചതു്. ഇദ്ദേഹത്തിന്റെ പൂർണ്ണനാമധേയം ജോൺ ലോറൻസു് വോൺമോഷീം എന്നാണു്. ഇദ്ദേഹം വിദ്യാഭ്യാസം പൂർത്തീകരിച്ചതു് കീൽ (Kiel) യൂണിവേഴ്സിറ്റിയിലായിരുന്നു. പാസ്സായി അധികമാകുന്നതിനു മുൻപുതന്നെ മോഷീം ഈ കലാശാലയിൽ തത്വജ്ഞാനം പഠിപ്പിക്കുന്ന ഒരു പ്രഫസ്സരായി

ത്തീർന്നു. അദ്ദേഹം ഒരു കവിയും, കാവ്യനിരൂപകനും, പ്രസംഗപടുവും, വേദപുസ്തകം ചരിത്രം ഇവ സംബന്ധിച്ചുള്ള വേദശാസ്ത്രം, പ്രായോഗികമായ മതവിശ്വാസം ഇവയിൽ തല്പരനുമായിരുന്നു. പ്രസംഗകല സംബന്ധിച്ച് ഒരു വിലയേറിയ പ്രബന്ധം മോഷീം എഴുതിയിട്ടുണ്ടായിരുന്നതു് അദ്ദേഹത്തിന്റെ മരണശേഷമാണു പ്രസിദ്ധപ്പെടുത്തുവാൻ ഇടയായതു്. പ്രഫ്സർ എന്ന നിലയിൽ ഇദ്ദേഹത്തിന്റെ കീർത്തി എവിടെയും വ്യാപിച്ചതിന്റെ ഫലമായി ഡെന്മാക്കിലെ രാജാവു് കൊപ്പനേഗണിൽ ഒരു പ്രഫ്സർ സ്ഥാനം വഹിക്കുവാൻ മോഷീമിനെ ആവശ്യപ്പെട്ടു. എന്നാൽ 1725—ൽ ബ്രൺസ്വിക്കു്പ്രട്ട ഹെൽസ്റ്റഡി (Helmstadt) ൽ വേദശാസ്ത്രം പഠിപ്പിക്കുന്നതിനു ക്ഷണിച്ചതിനാൽ അദ്ദേഹം അവിടേയ്ക്കു പോകേണ്ടിവന്നു. ഇരുപത്തിരണ്ടുകൊല്ലം ബഹുജനസംപൂജ്യനായി ഈ ജോലി അദ്ദേഹം നിർവ്വഹിച്ചു. 1747—ൽ ഗോട്ടിഞ്ചൻ സർവ്വകലാശാലയുടെ സ്ഥാപകനും ഇംഗ്ലണ്ടിലെ രാജാവുമായ രണ്ടാം ജോർജ്ജു്, സാഹിത്യലോകത്തിലേയ്ക്കു വലിയ ഒരാളിനെ ആ സർവ്വകലാശാലയുടെ ചാൻസലർ ആക്കി വയ്ക്കുവാൻ ആഗ്രഹിച്ചപ്പോഴും ഡോക്ടർ മോഷീമിനെ ആണു് അതിനു യോഗ്യനായി കണ്ടതു്. ഇദ്ദേഹം പ്രസ്തുത കലാശാലയിൽ വേദശാസ്ത്രശാഖയുടെ അദ്ധ്യക്ഷതകൂടി വഹിച്ചുകൊണ്ടു് ഈ ബഹുമാന്യപദവിയിൽ താൻ മരിക്കുംവരെ, അതായതു് 1755 സെപ്റ്റംബർ 9—ാം തീയതിവരെ എട്ടു സംവത്സരം ഇരുന്നു. ഈ പണ്ഡിതന്റെ കൃതികളും സംഖ്യാതീതങ്ങളായിരുന്നു. ലത്തീൻഭാഷയിൽനിന്നുള്ള വിവർത്തനങ്ങളും ഇംഗ്ലീഷു്, ഫ്രഞ്ചു്, ഡച്ചു്, ഗ്രീക്കു എന്നീ ഭാഷകളിലുള്ള പ്രശസ്തകൃതികളുടെ ടിപ്പണസഹിതമുള്ള പ്രസിദ്ധീകരണങ്ങളും, ചരിത്രം, മതസംഗതി, സന്മാർഗ്ഗം ഇവ സംബന്ധിച്ചുള്ള വിഷയങ്ങളുടെ സാരസംഗ്രഹങ്ങളും, കൂടാതെ പ്രഭാഷണങ്ങളും, പ്രസംഗങ്ങളും, കത്തുകളും മുതലായവയും ഈ ഗണത്തിൽ ഉൾപ്പെടുന്നു. സഭാചരിത്രസംബന്ധമായ പ്രസിദ്ധീകരണങ്ങളുടെ കൂട്ടത്തിൽ പെട്ടതത്രെ Institutes of Ecclesiastical History എന്നു പേരുള്ളതും, ഞങ്ങളും ഇപ്പോൾ പ്രസിദ്ധീകരിക്കുന്ന കൃതിക്കു് അടിസ്ഥാനവുമായ ചരിത്ര ഗ്രന്ഥം.

ഡോക്ടർ മോഷീമിനെപ്പറ്റി അദ്ദേഹത്തിന്റെ കൃതികളുടെ പരിഭാഷകനും ശിഷ്യനുമായ ജെ. ആർ. സ്ലീഗൽ പറയുന്നതു് ഇങ്ങനെയാണു്: ''മോഷീമിന്റെ വിദ്യാവിഷയകമായ നൈപുണി അദ്ദേഹത്തിന്റെ പൂർവ്വഗാമികളോടോ, അനുഗാമികളോടോ തുലനംചെയ്വാൻ കഴിയാതവണ്ണം അത്ര നിശ്ചിതവും അസാമാന്യവും ആകുന്നു.'' ഷോറക്കു് പറയുന്നതാവിതു്: ''സഭാചരിത്രത്തെ സംബന്ധിച്ചിടത്തോളം നമ്മുടെ ഒന്നാമത്തെ യഥാർത്ഥചരിത്രകാരൻ അദ്ദേഹം തന്നെയാണു്.'' ഡോക്ടർ മക്ലെയിൻ മോഷീമിന്റെ സഭാചരിത്രം പരിഭാഷപ്പെടുത്തുമ്പോഴും ആ വിവരം അറിഞ്ഞുകൊണ്ടു് ബിഷപ്പു് വാർബർട്ടൻ ഡോക്ടർ മക്ലെയിനു് അയച്ച ഒരെഴുത്തിൽ ഇങ്ങനെ പറഞ്ഞിരിക്കുന്നതായി, മക്ലെയിൻതന്നെ പ്രസ്താവിച്ചിരിക്കുന്നു: ''മോഷീമിന്റെ സഭാചരിത്രസംഗ്രഹം പ്രശസ്തവും പ്രതിപാദനരീതി ശ്ലാഘ്യവും ആകുന്നു. സഭാചരിത്രം എന്ന പേരിനു് അർഹമായിട്ടുള്ളതു് ഈ കൃതി മാത്രമാണു്.''

ഈ ചരിത്രം ഡോക്ടർ മോഷീം ലത്തീൻഭാഷയിൽ എഴുതീട്ടുള്ളതും യൂറോപ്യൻഭാഷകളിൽ സംക്രമിപ്പിച്ചിട്ടുള്ളതും ആകുന്നു. ഞങ്ങൾ ഉപയോഗിച്ചിട്ടുള്ള ഗ്രന്ഥം ഡോക്ടർ മർഡോക്കിന്റെ ഇംഗ്ലീഷു് പരിഭാഷയാണു്.

ഞങ്ങൾ പ്രമാണീകരിച്ചിട്ടുള്ള വേറൊരു ചരിത്രഗ്രന്ഥം ഡോക്ടർ ഓഗസ്റ്റസ്സു് നിയാണ്ടറിന്റേതാണു്. ഇദ്ദേഹത്തിന്റെ ഗ്രന്ഥത്തിനു് General History of the Christian Religion and Church എന്നാണു പേർ.

ഡോക്ടർ നിയാണ്ഡറിന്റെ ചരിത്രത്തെപ്പറ്റി ഒരു സഭാചരിത്രകാരനായ ഡോക്ടർ ഫിഷർ ഇങ്ങനെ പറഞ്ഞിരിക്കുന്നു: ''അദ്ദേഹത്തിന്റെ സഭാചരിത്രം പരിപൂർണ്ണവിദ്വത്ത്വത്തിന്റെ ഫലമാകുന്നു. അഗാധവും തീഷ്ണവുമായ ദൈവഭക്തിയുടെ ആത്മാവത്രെ അതിൽ വ്യാപിച്ചിരിക്കുന്നതു്. അതേസമയത്തുതന്നെ ഈ പ്രബന്ധം സാക്ഷാൽ കാതോലികവും ആകുന്നു. ഈ കൃതി ഉപദേശപ്രദവും പരിപൂർണ്ണാർത്ഥത്തിൽ ജ്ഞാനാഭിവർദ്ധകവുമാകുന്നു. വേദശാസ്ത്രസംബന്ധമായ ഉപദേശത്തിന്റെ തുറകളിലും കഥാപാത്രങ്ങളെ നിരൂപണം ചെയ്തു് അഭിപ്രായം പുറപ്പെടുവിക്കുന്നതിലും, ചുരുക്കിപ്പറഞ്ഞാൽ ചരിത്രത്തിന്റെ അന്തരവയവങ്ങളുടെ ഗതിവിഗതികളെക്കുറിച്ചു വിവരിക്കുന്നതിലും ശക്തിമാനത്രെ നിയാണ്ഡർ. ഇദ്ദേഹം വിവരണത്തിനു മോടിപിടിപ്പിക്കുന്നില്ല. വിഷയത്തിന്റെ ബാഹ്യകാഴ്ചകളെ ഗണിച്ചിട്ടുമില്ല. ചുരുക്കിപ്പറഞ്ഞാൽ വർത്തമാനയുഗത്തിലെ അതിശ്രേഷ്ഠമായ ഒരു ചരിത്രസന്താനമത്രെ ഇതു്.

ഈ രണ്ടു ഗ്രന്ഥങ്ങളെപ്പറ്റിയല്ലാതെ ഈ ചരിത്രനിർമ്മാണത്തിനു് ഉപയോഗപ്പെട്ട മറ്റു ഗ്രന്ഥങ്ങളുടെ ഗുണഗണങ്ങളെ വർണ്ണിക്കുവാൻ ഗ്രന്ഥവിസ്തരഭയം അനുവദിക്കുന്നില്ല.

മലയാളഭാഷയിൽ ഉണ്ടായിട്ടുള്ള ക്രിസ്തീയ സഭാചരിത്രങ്ങളിൽ ഡോക്ടർ ഗുണ്ടർട്ടിന്റെ ചരിത്രമാണു മെച്ചം. തീരെ 'സംഗ്രഹ'മായിപ്പോയെങ്കിലും സാരഭാഗങ്ങളെ സംക്ഷേപിക്കുവാനുള്ള അദ്ദേഹത്തിന്റെ അസാമാന്യശക്തി അതിൽ വെളിപ്പെടുന്നുണ്ടു്. അനാവശ്യവർണ്ണനകളൊന്നും ചെയ്തിട്ടില്ല എങ്കിലും ഭാഷ പഴയ തലശ്ശേരിമലയാളമാകയാൽ ഈ നാട്ടുകാർക്കു തീരെ ദുർഗ്രഹമായിട്ടാണു് ഇരിക്കുന്നതു്. മാത്രമല്ല, അവശ്യവിജ്ഞേയങ്ങളായ വളരെ സംഗതികളും അതിൽ കാണിപ്പാൻ സാധിച്ചിട്ടുമില്ല. മറ്റു ചരിത്രങ്ങളെപ്പറ്റി ഒന്നുംതന്നെ പ്രസ്താവിക്കേണ്ടതായി തോന്നുന്നില്ല.

കഴിയുന്നതും പൂർണ്ണോപയോഗിതയുണ്ടായിരിക്കണമെന്നു കരുതി എഴുതിയിട്ടുള്ള ഈ ക്രൈസ്തവസഭാചരിത്രത്തിൽ ഭാഷ സുഗമമാക്കുവാൻ ഞങ്ങളാൽ ശ്രമിച്ചിട്ടുള്ളതു കൂടാതെ പ്രഖ്യാപനങ്ങളുടെ പ്രമാണം ഉദ്ധരിച്ചിട്ടുമുണ്ടു്.

ഈ സമ്പൽക്ഷയത്തിന്റെ മൂർദ്ധന്യദശയിൽ ഇങ്ങനെയൊരു ഗ്രന്ഥം പ്രസിദ്ധീകരിക്കുന്നതിനു പുറപ്പെട്ട ഇ. പി. വറുഗീസ് അവർകളോടും ചുരുങ്ങിയ കാലത്തിനുള്ളിൽ ഈ കൃതി ഇത്രയും ഭംഗിയായി അച്ചടിച്ചുതന്ന പറവൂർ എസ്സ്. ജി. പ്രസ്സു് മാനേജർ അവർകളോടും വളരെ ശ്രമം സഹിച്ചു് ഇതിന്റെ പ്രൂഫ് തിരുത്തുന്നതിൽ ഉദ്യോഗിച്ച എന്റെ പ്രിയശിഷ്യൻ പി. ഐ. ഉണ്ണുണ്ണി അവർകളോടും എനിക്കുള്ള നന്ദിയെ ഈ അവസരത്തിൽ പ്രദർശിപ്പിച്ചുകൊള്ളുന്നു.

ദൈവത്തൃപ്പാദങ്ങളിൽ ഇതിനെ ഒരുപഹാരമായി സമർപ്പിച്ചുകൊണ്ടു്,

വിദ്വജ്ജനവിധേയൻ,

ഗ്രന്ഥകർത്താ.

ഈ ചരിത്രരചനയ്ക്ക് ഉപയോഗപ്പെട്ട ചില പ്രധാന പുസ്തകങ്ങൾ

The Ecclesiastical History of Eusebius Pamphilus
Institutes of Ecclesiastical History —By Dr. Mosheim
General History of the Christian Religion and Church
—By Dr. Augustus Neander
History of the Christian Church
—By George Park Fisher, D. D. L. L. D.
A Hand book of Church History
—By Rev. Samuel G. Green, D. D.
Church History Hand book —By Henry C. Vedder
Short papers on Church History —By Andrew Miller
A Sketch of Church History (in Tamil)
—By the Rev. W. T. Satthianadhen, B. D.
Sketches of Church History —By the Rev. J. C. Robertson, M. A.
ക്രിസ്തസഭാചരിത്രം —By the Rev. H. Gundert, Ph. D.
The Apostolic Fathers. (1st and 2nd Volumes)–By E· Burthn D. D.
Early Church History —By Edward Backhouse & Charles Taylor
Christian Institutions —By Arthur Penrhyn Stanley D. D.
History of Christian Martyrdom —By John Foxe
Development of Christian Doctrine —By Dr. Newman
Roman Catholicism —By H. M. Riggle
Lives of the Fathers —By Frederic W. Farrar, D. D., F. R. S.
Religious Encyclopaedia (in 4 Volumes)
—By Philip Schaff D. D. L. L. D.
The Contents and Teachings of the Catacombs at Rome
—By Benjamin Scott, F. R. A. S.
ശ്രീമാൻ കെ. എൻ. ഡാനിയേൽ അവർകളുടെ 'അടിസ്ഥാനം'
'പാപ്പാധിപത്യം' മുതലായവ
Common Prayer (in Malayalam)
Baptist History By J. M. Cramp, D. D.
Roman Catholic Dictionary —By Addis & Arnold
Dr. Rock's Hierurgia
Peloubet's Bible Dictionary
The Lexicon abridged from Liddel and Scott's Greek—
English Lexicon
'Malankara Viyojithan'
Catholic Belief —By Dr. Bruno
Journeys of Jesus Christ
—By A. T. Schofield M. D. L. R. C. P. (London),
M. R. C. S. (Edin) F. R. G. S.
സഭാചരിത്രം —റവ. ഇ. വി. ജോൺ
മലങ്കര സുറിയാനി ക്രിസ്ത്യാനിസമൂഹം
—മ. രാ. രാ. എം. വി. ഇട്ടിച്ചെറിയ ബി. ഏ., ബി. എൽ.
Dispensational Truth. (Professor Larkin)
Authentic Report of the Discussion Held in Rome
Between Catholic Priests and Evangelical ministers.

Etc. Etc. Etc.

അഞ്ചു ശതകങ്ങളിലെ റോമൻ ചക്രവർത്തിമാർ

തിബറിയോസ്	ഏ. ഡി.	14	to	37
കലിഗ്യൂലാ	....	37		41
ക്ലൌദിയൂസ്	....	41		54
ഗാൽബാ (ഓഥോ, വിറലിയസ്)	....	54		68
വെസ്പേഷ്യൻ	....	69		79
തീത്തൂസ്	....	79		81
ഡൊമിഷ്യൻ	....	81		96
നെർവ്വാ	....	96		98
ട്രാജൻ	....	98		117
ഹഡ്രിയാൻ	....	117		138
അന്തോണിനസ് പയസ്	....	138		161
മാർക്കസ് ഒറീലിയസ് ആന്റോണിനസ്	....	161		180
കൊമ്മോഡസ്	....	180		192
പെർട്ടിനാക്സ്, ജൂലിയൻ	....	193		211
കറക്കല്ലാ	....	211		217
മാക്രിനസ്	....	217		218
എലഗബാലസ്	....	218		222
അലക്സാണ്ടർ സെവറസ്	....	222		235
ത്രേഷ്യനായ മാക്സിമിൻ	....	235		238
ഗോർഡിയൻ	....	238		244
അറബ്യനായ ഫിലിപ്പ്	....	244		249
ഡെഷ്യസ്	....	249		251
ഗാലസ്	....	251		253
എമിലിയാനസ്	....	253		
വലീറിയൻ	....	253		260
ഗലിയെനസ്	....	260		268
ക്ലൌദിയൂസ് രണ്ടാമൻ	....	268		270
ഒറീലിയൻ	....	270		275
റാസിറസ്, ഫ്ളോറിയൻ	....	275		276
പ്രോബസ്	....	276		282
കാറസ്	....	282		284
ഡയോക്ലീഷ്യൻ, മിക്സിമിയൻ	....	284		305
കൊൺസ്റ്റാൻഷ്യസ്സും ഗലീറിയസ്സും	....	305		306
ഗലീറിയസ്സും സെവറസ്സും	....	306		
കോൺസ്റ്റൻറൈൻ, മാക്സിമിയൻ	....	306		310
മാക്സൻഷ്യസ് (ഈ മൂവർ) പടിഞ്ഞാറ്	....	306		312
ഗലീറിയസ്	....	306		311
മാക്സൻഷ്യസ്സ് രണ്ടാമൻ	....	307		313
ലിസിനിയസ്സ് (ഈ മൂവർ) കിഴക്ക്	....	307		324
കോൺസ്റ്റൻറൈൻ (ഏകചക്രവർത്തിയായി)		324		337
രണ്ടാം കോൺസ്റ്റൻറൈൻ	....	337		340

കൊൺസ്റ്റാൻസ് 340 350
കൊൺസ്റ്റാൻഷ്യസ് 350 361
ജൂലിയൻ 361 363
ജോവിയൻ 363 364
വലന്തിനൻ (പടിഞ്ഞാറെ ചക്രവത്തി) } 364
വലൻസ് (കിഴക്കെ ചക്രവത്തി) }
വലന്തിന്യനെ തുടർന്ന ഗ്രാത്യാൻ 375
വലൻസ് 378
തിയോഡോഷ്യസ് കിഴക്ക വാഴ്ന്ന ഗ്രാത്യാന്റെ
സ്ഥാനാപഹരണം ചെയ്യുന്ന 379
ഗ്രാത്യാന്റെ മരണവും മാക്സിമൂസിന്റെ (പടിഞ്ഞാറ്)
സ്ഥാനാപഹരണവും 383
രണ്ടാം വലന്തിന്യൻ മാക്സിമൂസ്സിന്റെ സ്ഥാനാപഹരണം ചെയ്യുന്ന 388
വലന്തിന്യൻ കൊല്ലപ്പെടുകയും എവുഗേനിയസ് സ്ഥാനാപഹ
രണം ചെയ്കയും ചെയ്യുന്ന 392
തിയഡോഷ്യസ് രാജ്യം മുഴവന്റെയും ഏക ചക്രവത്തിയാകുന്ന 394
മരിക്കുന്ന 395
ഹൊണോറിയസ്, പടിഞ്ഞാറെ രാജ്യത്തിന്റെ ചക്രവത്തി } 395
അക്കേഡിയസ്, കിഴക്കെ രാജ്യത്തിന്റെ ചക്രവർത്തി }
പടിഞ്ഞാറെ രാജ്യത്തിന്റെ രാജധാനി
രാവന്നയിലോട്ട മാറുന്ന 405
രണ്ടാം തിയോഡോഷ്യസ് അക്കേഡിയസ്സിനെ
(കിഴക്കെ രാജാവിനെ) പിൻതുടരുന്ന 408
മൂന്നാം വലന്തിന്യൻ പടിഞ്ഞാറു വാഴ്ന്ന ഹൊണോറിയ
സ്സിനെ പിന്തുടരുന്ന 424
കിഴക്ക വാഴ്ന്ന തിയോഡോഷ്യസ്സിനെ മാർഷ്യൻ പിന്തുടരുന്ന 450
മാക്സിമൂസും അവിത്തൂസും പടിഞ്ഞാറെ
സാമ്രാജ്യത്തെ അപഹരിക്കുന്ന 455
കിഴക്ക വാഴ്ന്ന മാർഷ്യനെ ത്രേസ്യനായ ലിയൊ പിന്തുടരുന്ന 457
പടിഞ്ഞാറ് മജോറിയൻ, സെവറസ് ആൻതീമിയസ്,
ഒലിബ്രിയസ്, ഗ്ലിസറിയസ് 457 to 473
കിഴക്ക്, ലിനോയുടെ പിന്നാലെ ലിയോ മൂന്നാമൻ 474
പടിഞ്ഞാറു ജൂലിയസ്, നീപ്പോസ്,
റോമുലസ് ഓഗസ്തുലസ് 474 to 475
ഇതിനോടുകൂടി പാശ്ചാത്യ രാജ്യത്തിന്റെ അവസാനം.

കിഴക്കെ ചക്രവത്തിമാർ

ബാസിലിസ്കസ് 476 477
സീനോ (വീണ്ടും സ്ഥാനം പ്രാപിച്ചവൻ) 477 491
അനാസ്റ്റേഷ്യസ് 491 518

അഞ്ചു ശതകങ്ങളിലെ പാപ്പാമാർ

പ്രഥമശതകം

ലിനസ്സ്
ക്ലീറ്റസ്സ്
ക്ലെമന്റ്

ദ്വിതീയശതകം

അനാക്ലീറ്റസ്സ്
എവറിസ്റ്റസ്സ്
അലക്സാണ്ടർ, ഒന്നാമൻ
സിക്സ്റ്റസ്സ് ഒന്നാമൻ
ടെലസ്ഫോറസ്സ്
ഹിഗ്നസ്സ്
പിയൂസ്, ഒന്നാമൻ
അനിസറ്റസ്സ്
സോട്ടർ
എലുത്തേറിസ്സ്
വിക്ടർ, ഒന്നാമൻ

തൃതീയശതകം

സെഫീറിനസ്സ്
കാലിസ്റ്റസ്സ്
യൂർബൻ, ഒന്നാമൻ
പൊൺടിയാനസ്സ്
ആന്ററീറസ്സ്
ഫേബിയൻ
കൊർണീലിയസ്സ്
ലൂഷ്യസ്, ഒന്നാമൻ
സ്റ്റീഫൻ, ഒന്നാമൻ
സിക്സ്റ്റസ്, രണ്ടാമൻ
ഡയോനിഷ്യസ്സ്
ഫെലിക്സ്, ഒന്നാമൻ
യൂട്ടിഷ്യൻ
കയസ്സ്
മാർസലീനസ്സ്

ചതുർത്ഥശതകം

മാർസിലസ്, ഒന്നാമൻ
യൂസ്ബീയസ്സ്
മെൽഷിയേഡസ്സ്
സിൽവെസ്റ്റർ, ഒന്നാമൻ
മാർക്കസ്സ്
യൂലിയസ്സ്, ഒന്നാമൻ
ലിബറിയസ്സ്
ഫെലിക്സ്, രണ്ടാമൻ
ഡമാസസ്സ്, ഒന്നാമൻ
സിറിക്കിയസ്സ്
അനാസ്റ്റേഷ്യസ്സ് ഒന്നാമൻ

പഞ്ചമശതകം

ഇന്നസൻറ്, ഒന്നാമൻ
സോസിമസ്സ്
ബോണിഫസ്സ്, ഒന്നാമൻ
സെലസ്റ്റിൻ, ഒന്നാമൻ
സിക്സ്റ്റസ്സ്, മൂന്നാമൻ
ലിയോ, ഒന്നാമൻ
ഹിലേറിയസ്സ്
സിംപ്ലിക്യസ്സ്
ഫെലിക്സ്, മൂന്നാമൻ
ഗലേഷ്യസ്സ്, ഒന്നാമൻ
അനാസ്റ്റേഷ്യസ്സ്, രണ്ടാമൻ
സിമാക്കസ്സ്

വിശുദ്ധ പിതാക്കന്മാർ

ഒന്നാം ശതകം

വി. ബർന്നബാസ്
ഹെർമ്മാസ്
വി. ക്ലെമന്റ്

ഒന്നും രണ്ടും ശതകങ്ങൾ

വി. ഇഗ്നാത്യോസ്
വി. പോലിക്കാർപ്പ്
വി. പാപ്പിയാസ്
വി. കപ്രോറസ്

രണ്ടാം ശതകം

വി. ജസ്റ്റിൻ
ടേഷ്യൻ
വി. ഹെഗസിപ്പൂസ്
വി. അപ്പോല്ലിനാറിസ്
മെലിത്തൊ
അഥേനഗോറസ്
വി. ദിവന്നാസ്യോസ് (കോരിന്ത്)

രണ്ടും മൂന്നും ശതകങ്ങൾ

വി. ഐറീനിയസ്
അലക്സന്ത്രിയാ ക്ലെമന്റ്
വി. ഹിപ്പോളിത്തൂസ്
തെർത്തുല്യൻ

മൂന്നാം ശതകം

മിനൂഷ്യസ് ഫെലിക്സ്
ഓറിജൻ
വി. സിപ്രിയൻ
വി. ദീവന്നാസ്യോസ് (അലക്സന്ത്ര്യ)
വി. ഗ്രെഗറിതൌമാറർഗസ്
വി. അനാറേറാലിയസ്

മൂന്നും നാലും ശതകങ്ങൾ

വി. വിക്ടോറിനസ്
വി. മെഥോഡിയസ്
വി. പംഫിലസ് (കൈസറിയ)

നാലാം ശതകം

ആർനോബിയസ്
ലാക്റ്റാൻഷ്യസ്
യൂസീബിയസ് (കൈസറിയ)
വി. യാക്കോബ് (നിസിബി)
വി. ഹിലാറിയസ്
വി. ബസാലിയോസ്
വി. എഫ്രേം
(നിസിബിയിലെ ശെമ്മാശ്)
വി. കൂറിലോസ് (യെറുശലേം)
വി. ഗ്രെഗറി (നാസിയാൻസം)
വി. അംബ്രോസ്

നാലും അഞ്ചും ശതകങ്ങൾ

വി. ജെറോം (ദൽമാത്യ)
വി. എപ്പിഫാനിയസ്
വി. യോഹന്നാൻ ക്രിസോസ്റ്റം
(അന്ത്യോക്)
വി. പ്രൂഡൻഷ്യസ്
സൽപ്പിഷ്യസ് സെവറസ്
വി. ഓഗസ്റ്റീൻ

അഞ്ചാം ശതകം

വി. കൂറിലോസ് (അലക്സന്ത്രിയാ)
വി. ലിയോ (മഹാൻ)
വി. മാക്സിമൂസ്

ക്രൈസ്തവസഭാചരിത്രം

വിഷയാനുക്രമണിക

പ്രഥമശതകം

പേജ്

അദ്ധ്യായം ഒന്ന്
ക്രിസ്താവതാര ഘട്ടത്തിൽ ലോകത്തിന്റെ സ്ഥിതി 1–5

അദ്ധ്യായം രണ്ട്
ക്രിസ്താവതാര കാലത്തു് യഹൂദന്മാരുടെ രാജകീയവും മത സംബന്ധവുമായ സ്ഥിതി 6–9

അദ്ധ്യായം മൂന്ന്
ക്രിസ്തുവിന്റെ ജീവചരിത്രസംക്ഷേപം 10–13

അദ്ധ്യായം നാലു്
സഭ്യേു് അഭിവൃദ്ധികരമായ സംഭവങ്ങം 14–18
പത്രോസും റോമയും 19–23

അദ്ധ്യായം അഞ്ചു്
സഭ്യേു നേരിട്ട പ്രതികൂല സംഭവങ്ങം 24–30

അദ്ധ്യായം ആറു്
സാഹിത്യവും തത്വശാസ്ത്രവും 31–34

അദ്ധ്യായം ഏഴു്
ഉപദേഷ്ടാക്കളും സഭാഭരണവും 35–40

അദ്ധ്യായം എട്ടു്
ആദിമകാലത്തെ ഗ്രന്ഥകാരന്മാർ
(1. ഹെർമ്മാസു്, 2. പാപ്പിയാസു്,
3. ബർന്ബാസു്, 4. റോമയിലെ ക്ലെമന്തു്) 41–45

അദ്ധ്യായം ഒൻപതു്
ഉപദേശവും ജീവിതവും 46–49

അദ്ധ്യായം പത്തു്
കർമ്മാചാരങ്ങം 50–56

അദ്ധ്യായം പതിനൊന്നു്
ദൈവവചനമാകുന്ന പുതിയ നിയമം—സഭ, സ്നാനം, ശിശു—സ്നാനം, കുബ്ബാന, കാൽ കഴുകൽ, അദ്ധ്യക്ഷത, പൗരോ

പേജ്

ഹിത്യം, കൈയ്വയ്പ്, ആരാധന (സഭായോഗം) ദേവാലയങ്ങൾ, കുരിശുവര (കുരിശു വന്ദന), വിവാഹം, ആഭരണഭ്രാന്ത്, വിശുദ്ധ ചുംബനം, കൈമുത്ത്, ഒടുക്കത്തെ ഉപ്പിശുമ, ശവമടക്കം—എന്നിവയെപ്പറ്റി എന്തു പറയുന്നു 57–65

അദ്ധ്യായം പന്ത്രണ്ട്

ഡോ. ഗ്രണ്ടർട്ടിന്റെ പ്രസ്താവന 66–68

ദ്വിതീയശതകം

അദ്ധ്യായം ഒന്ന്

സഭയ്ക്ക് അനുകൂലസംഭവങ്ങൾ 69–72

അദ്ധ്യായം രണ്ട്

പ്രതികൂല സംഭവങ്ങൾ 73–84

അദ്ധ്യായം മൂന്ന്

സാഹിത്യവും തത്വശാസ്ത്രവും 85–86

അദ്ധ്യായം നാല്

ഉപദേഷ്ടാക്കന്മാരും സഭാഭരണവും 87–101

അദ്ധ്യായം അഞ്ച്

ഇടത്തുട്ട വകുപ്പുകൾ 102–106

അദ്ധ്യായം ആറ്

ഇടത്തുട്ട വകുപ്പുകൾ—തുടർച്ച 107–110

അദ്ധ്യായം ഏഴ്

റോമയിലെ ഭൂഗർഭ ശവകുടീരം (Roman Cata Combs) 111–118

അദ്ധ്യായം എട്ട്

മതവും വേദശാസ്ത്രവും 119–121

അദ്ധ്യായം ഒൻപത്

ആചാരങ്ങൾ (സഭായോഗം, പെരുനാളുകൾ, തിരുവത്താഴം, ബപ്തിസ്മ etc.) 122–127

അദ്ധ്യായം പത്ത്

വിവിധ വിഷയങ്ങൾ—ആഴ്ചക്കുള്ള പുറജാതിപേരുകൾ. പെരുനാളുകൾ, ആരാധനാസ്ഥലങ്ങൾ, സ്വരൂപവണക്കം, വിവാഹം, അവിവാഹിത ജീവിതം, ഉപവാസം, ശവസംസ്കാരം, വിലപനം, കാൽ കഴുകൽ, മരിച്ചവർക്കുള്ള തിരുവത്താഴം, ശുശ്രൂഷികകൾ, ധൂപം etc. 128–138

അദ്ധ്യായം പതിനൊന്ന്

പന്ത്രണ്ട് അപ്പൊസ്തലന്മാരുടെ ഉപദേശം 139–149

പേജ്

തൃതീയ ശതകം

അദ്ധ്യായം ഒന്ന്
അഭിവൃദ്ധികരമായ സംഭവങ്ങൾ 150–151

അദ്ധ്യായം രണ്ട്
പ്രതികൂല സംഭവങ്ങൾ 152–161

അദ്ധ്യായം മൂന്ന്
സാഹിത്യവും തത്വശാസ്ത്രവും 162–163

അദ്ധ്യായം നാല്
ഉപദേഷ്ടാക്കളും (ഓറിറജൻ, കപ്രിയാനോസ്) സഭാഭരണവും 164–172

അദ്ധ്യായം അഞ്ച്
വേദശാസ്ത്രം 173–175

അദ്ധ്യായം ആറ്
കർമ്മാചാരങ്ങൾ 176–178

അദ്ധ്യായം ഏഴ്
ശീശ്മയും ഇടത്തട്ടുകളും 179–181

ചതുർത്ഥശതകം

അദ്ധ്യായം ഒന്ന്
അനുകൂലവും പ്രതികൂലവും ആയ സംഭവങ്ങൾ 182–191

അദ്ധ്യായം രണ്ട്
സാഹിത്യവും തത്വശാസ്ത്രവും 192

അദ്ധ്യായം മൂന്ന്
സഭാഭരണവും ഉപദേഷ്ടാക്കന്മാരും 193–214
(വി. ക്രിസോസ്തം, വി. അമ്പ്രോസ്, വി. ജെറോം
വി. അഗസ്തീനോസ് etc.)

അദ്ധ്യായം നാല്
വേദശാസ്ത്രം 215–223

അദ്ധ്യായം അഞ്ച്
ആചാരങ്ങളും ചടങ്ങുകളും 224–227

അദ്ധ്യായം ആറ്
ശീശ്മയും ഇടത്തട്ടുകളും 228–235
വി. അത്തനാസ്യോസിന്റെ ചരിത്രം 235–237

പഞ്ചമശതകം

അദ്ധ്യായം ഒന്നു്	പേജു്
അഭിവൃദ്ധികരമായ സംഭവങ്ങൾ	238–241
അദ്ധ്യായം രണ്ടു്	
സജ്ജനങ്ങളായ കലാപങ്ങൾ	242–243
അദ്ധ്യായം മൂന്നു്	
സാഹിത്യവും തത്വജ്ഞാനവും	244–245
അദ്ധ്യായം നാലു്	
സഭാഭരണവും, ഉപദേഷ്ടാക്കന്മാരും	246–250
അദ്ധ്യായം അഞ്ചു്	
വേദശാസ്ത്രം	251–255
അദ്ധ്യായം ആറു്	
ആചാരങ്ങളും, ചടങ്ങുകളും	256–257
അദ്ധ്യായം ഏഴു്	
ശീശ്മകളും ഇടത്തുട്ടുകളും	258–265

ഡോക്ടർ ന്യൂമാൻ എന്തു പറയുന്നു?

"The use of temples, and these dedicated to particular Saints, and ornamented on occasions with branches of trees; incense, lamps and candles; Votive offering on recovery from illness; holy water; asylums; holydays and seasons, use of calendars, processions, blessing on the fields; Sacerdotal vestments, the tonsure, the ring in marriage, turning to the East, images at a later date, perhaps the ecclesiastical chant, and the Kyrie Eleison, are all of pagan origin, and sanctified by their adoption into the church."

From Development of Christian Doctrine,

by **Dr. Newman.**

പരിഭാഷ

''പള്ളികളുടെ ഉപയോഗവും. ഇവ പ്രത്യേക പരിശുദ്ധന്മാരുടെ നാമത്തിൽ പ്രതിഷ്ഠിക്കുന്നതും, പള്ളികളും ചിലപ്പോൾ വൃക്ഷങ്ങളുടെ കൊമ്പുകൾകൊണ്ടലങ്കരിക്കുന്നതും, ധൂപവും, വിളക്കുകളും, മെഴുകുതിരികളും, രോഗമുക്തി പ്രാപിക്കുമ്പോൾ അർപ്പിക്കുന്ന നേച്ചകളും, വിശുദ്ധ വെള്ളവും, ആശ്രമങ്ങളും (ദയറാകളും) സ്വസ്ഥദിവസങ്ങളും, കാലങ്ങളും, പള്ളിപ്പഞ്ചാംഗത്തിന്റെ ഉപയോഗവും, ഊരുവലത്തും.....പൗരോഹിത്യവസ്ത്രവും പട്ടവും കല്യാണമോതിരവും, കിഴക്കോട്ടു തിരിഞ്ഞു പ്രാർത്ഥിക്കുന്നതും,.....എല്ലാ പുറജാതിക്കാരിൽനിന്നുത്ഭവിച്ചവയും സഭയിലേക്കുള്ള പ്രവേശനത്താൽ പരിശുദ്ധമാക്കപ്പെട്ടവയുമാണ്".

മി. കെ. എൻ. ദാനിയേൽ.



മഹാകവി കെ. വി. സൈമൺ

27-6-1058 — 8-7-1119 ME

Gospel Preacher for 48 years.

പ്രഥമശതകം

അദ്ധ്യായം ഒന്നു്

ക്രിസ്താവതാരഘട്ടത്തിൽ ലോകത്തിന്റെ സ്ഥിതി

നമ്മുടെ കർത്താവായ യേശുക്രിസ്തു മനുഷ്യാവതാരം ചെയ്ത അവസരത്തിൽ ലോകത്തിന്റെ ഒരു വലിയ ഭാഗം റോമാരാജ്യക്കാർ (Romans) കീഴടക്കിയിരുന്നു. ദൂരതരങ്ങളായ സാമന്തരാജ്യങ്ങളിലേക്കു് അവർ നാട്ടുവാഴികളേയൊ പ്രസിദ്ധന്മാരെയൊ അയച്ചു ഭരണം നടത്തിയിരുന്നതു കൂടാതെ ചില സംസ്ഥാനങ്ങളും, സാമ്രാജ്യത്തിന്റെ പരമാധികാരത്തിനു കീഴ്പെട്ടിരിപ്പാൻ മനസ്സുള്ള രാജാക്കന്മാർ ഭരിച്ചുകൊള്ളുന്നതിനു് അനുവദിച്ചുമിരുന്നു. റോമയിലെ * സെനറും ജനങ്ങളും നിശ്ശ്രേഷം പരതന്ത്രന്മാരാണെന്നു പറവാൻ പാടില്ലായിരുന്നുവെങ്കിലും പോണ്ടിഫക്സ് മാക്സിമസ്സ് (Pontifex Maximus=) മഹാപുരോഹിതൻ എന്നുള്ള മഹിമയേറിയ നാമം ധരിച്ചു് ചക്രവർത്തിപദാധിരൂഢനായ ആഗസ്റ്റസ്സിന്റെ (Augustus) ഏകാധിപത്യത്തിന്റെ കീഴിലായിരുന്നു.

റോമസാമ്രാജ്യത്തിന്റെ സ്വരൂപം, നിയമസംഹിത എന്നിവ വളരെ മുദ്ദും ഓരോ വ്യക്തികളുടെയും സമസ്ഥിതിസംരക്ഷണത്തിനുതകുന്നതുമായിരുന്നു. എന്നാൽ പ്രസിദ്ധന്മാരുടെയും പ്രഭുക്കന്മാരുടെയും സ്വാർത്ഥപരതയും ദ്രവ്യാഗ്രഹവും അവരെ സ്പഷ്ടദുഷ്ടമാംവണ്ണം മലിനീകരിച്ചു. ചുങ്കക്കാർ മുതലായ രാജ്യത്തെ കരം പിരിവുകാരുടെ അത്യാശ പ്രജകൾക്കു് അമിതമായ പീഡ ചെയ്തുകൊണ്ടിരുന്നു. സംസ്ഥാന ഭരണകർത്താക്കളുടെയും നീതിന്യായപരിപാലകന്മാരുടെയും അക്രമപ്രവൃത്തികളും പലവിധ ദോഷങ്ങളെ ഉല്പാദിപ്പിച്ചു എന്നു മാത്രമല്ല തന്നിമിത്തം ഓരോ പ്രവിശ്യകളിലും വളരെ സൈന്യങ്ങളെ ശേഖരിച്ചു നിറുത്തേണ്ടി വരികയും മിക്കവാറും നിരന്തരസമരങ്ങൾക്കു് അതു കാരണമാകയും ചെയ്തു.

ഇവരുടെ ഭരണത്താൽ ദോഷമെന്നതുപോലെതന്നെ പലവിധ നന്മകളും ഉണ്ടായിട്ടുണ്ടു്. ഒന്നാമതു്, ആചാരംകൊണ്ടും ഭാഷകൊണ്ടും ഇതരേതരവിപരീത നിലയിൽ വർത്തിച്ചിരുന്ന വിവിധ ജാതികളെ ഒരേ ബന്ധത്തിൽ യോജിക്കുന്നതിനും തൽഫലമായി ഗ്രീക്കുഭാഷ എല്ലായിടത്തും വ്യാപിക്കുന്നതിനും; രണ്ടാമതു്, ദൂരസ്ഥിതങ്ങളായ രാജ്യങ്ങളുമായി പോക്കുവരത്തു് ഉണ്ടാക്കുന്നതിനും; മൂന്നാമതു്, റോമനിയമങ്ങളും ആചാരങ്ങളും സ്വീകരിക്കുകയാൽ ശ്ലേച്ഛജാതികളെ ക്രമംകൊണ്ടു പരിഷ്കൃതരാകുന്നതിനും; നാലാമതു്, സാഹിത്യം, ശില്പവിദ്യ, തത്വശാസ്ത്രം എന്നിവ പൂർവ്വാധികം പ്രചരിക്കുന്നതിനും ഇടയായി. ശ്രീമന്മാർ ''ഭഗവദ്ദൂതു'' വഹിച്ചുകൊണ്ടു ലോകമെങ്ങും ചുറ്റിനടന്നു സുവിശേഷമറിയിക്കുന്നതിനു് ഈ പരിതഃസ്ഥിതി വലിയ സഹായമായിത്തീർന്നു.

---

* സെനറസ്

ക്രിസ്തുവിന്റെ അവതാരകാലത്തു റോമാരാജ്യം നെടുനാളം മുമ്പു നടന്നിരുന്ന കലാപകലഹങ്ങളിൽനിന്നു പ്രായേണ വിമുക്തമായിരുന്നു. വിശുദ്ധ പൗലൊസ് പറയുന്നതുപോലെ ഈ പ്രശാന്തഘട്ടം ജഗൽഗുരുവിനാൽ ശിഷ്യന്മാർക്കു നല്കപ്പെട്ട ദൗത്യത്തിന്റെ നിർവ്വഹണത്തിനു് അത്യന്താപേക്ഷിതവുമായിരുന്നു.

റോമൻ ശക്തിക്കു കീഴ്പെടാതിരുന്ന ഇതരജാതികളുടെ സ്ഥിതിയെക്കുറിച്ചു വിശദമായി ഒന്നുംതന്നെ പറവാൻ സൗകര്യമില്ലെങ്കിലും പൗരസ്ത്യരാജ്യങ്ങളും ക്രൂരന്മാരായ ഭരണകർത്താക്കളാൽ ഭരിക്കപ്പെട്ടുകയും ഇൻഡ്യ ഒഴികെയുള്ള മിക്ക രാജ്യങ്ങളും മതകാര്യങ്ങളിൽ നിരുത്സാഹവൃത്തികളായിത്തന്നെ വർത്തിക്കുകയും ചെയ്തുവെന്നുള്ളതു സ്മർത്തവ്യമാണു്.

പരിഷ്കൃതരായ റോമരും ഇതര ജാതികളും ഒരുപോലെ മൂഢവിശ്വാസങ്ങളിൽ മുങ്ങിക്കിടന്നു. സർവ്വോന്നതനായ ഒരു ദൈവമുണ്ടെന്നുള്ള വിശ്വാസം തീരെ നശിച്ചുപോയില്ലെങ്കിലും ഓരോ രാജ്യത്തിനും ദേശാംശങ്ങൾക്കും ശക്തിമാന്മാരായ (?) പ്രത്യേക ദൈവങ്ങളുണ്ടായിരുന്നു. ഇവരുടെ പ്രീതിക്കായി പലവിധ പ്രായശ്ചിത്തങ്ങളും വഴിപാടുകളും ജനങ്ങൾ കഴിച്ചുകൊണ്ടിരുന്നു. ചില ജാതികൾ ഇതിലും നീചതരമായ മതാചാരങ്ങളിൽ ശ്രദ്ധാലുക്കളായിരുന്നു എന്നിരിക്കിലും, എല്ലാവരും മതത്തിന്റെ യഥാർത്ഥാനുഭവത്തിൽനിന്നു സ്വതഃ ഇതരന്മാരായിത്തീർന്നു.

ഭൂരിപക്ഷം ജാതികളുടെയും ദേവന്മാർ, മരിച്ചുപോയ യുദ്ധവീരന്മാരോ, നഗരസ്ഥാപകന്മാരോ ആയിരുന്നു. ചിലപ്പോൾ പ്രസിദ്ധിയുള്ള സ്ത്രീകളും ആരാധ്യപദം പ്രാപിച്ചിട്ടുണ്ടു്. കൂടാതെ, സൂര്യൻ, ചന്ദ്രൻ, നക്ഷത്രങ്ങൾ, മലകൾ, നദികൾ, വൃക്ഷങ്ങൾ, ഭൂതലം, സമുദ്രം, കാറ്റു് എന്നിവയും വന്ദ്യങ്ങളായി എണ്ണപ്പെട്ടു. ചില ഭയങ്കര രോഗങ്ങൾ, ഉൽകൃഷ്ടങ്ങളായ സൽഗുണങ്ങൾ എന്നിവയുടെ മാത്രമല്ല നികൃഷ്ടപ്രവൃത്തികൾക്കുകൂടെയും ഓരോ അധിഷ്ഠാനദേവതകളെ കല്പിച്ചു് അവയെ ദൈവമെന്നവിധം ആരാധിച്ചുവന്നു. ഈ ദേവന്മാരുടെ കൂട്ടത്തിൽ യൂറോപ്പിൽ പ്രാധാന്യം പ്രാപിച്ചിരുന്നതു ജൂപ്പിറ്റർ, ജൂനോ, മിനർവാ, വീനസ്, ഡയാനാ മുതലായവരായിരുന്നു. ഏവം വിധം, നമ്മുടെ ഭാരതീയന്മാരും മുപ്പത്തുമുക്കോടി ദൈവങ്ങൾ ഉണ്ടെന്നു കണക്കാക്കി ''കണ്ണിലെ കണ്ടതെല്ലാം കതിരുകൾ കടവും'' എന്നു വിചാരിച്ചുവന്നിരുന്നു.

ഈ ദേവന്മാരുടെ പൂജ്യന്മാർഗങ്ങളെ മാത്രമല്ല മനുഷ്യരെക്കൂടി പലപ്പോഴും വധിച്ചുവന്നു. ഇവർ ഉപയോഗിച്ചുവന്ന പ്രാർത്ഥനകളും മന്ത്രങ്ങളും മിക്കവാറും ക്ഷേത്രിയുടെ സ്വാദില്ലാത്തതായിരുന്നു. മതകർമ്മങ്ങൾ നടത്തുവാൻ പുരോഹിതന്മാർ ഉണ്ടായിരുന്നു. ദൈവത്തിന്റെ അടുത്ത ആളുകളായി ഇവരെ ജനങ്ങൾ വിചാരിച്ചുവന്നു. ഈ പുരോഹിതന്മാരിൽ സ്ഥാനഭേദങ്ങൾ അഥവാ ഉയർച്ച താഴ്ചകൾ ഉണ്ടായിരുന്നു. ദൈവത്തിന്റെ സ്നേഹിതന്മാരും പരിചിതന്മാരുമെന്നു് ഇവർ സ്വയം ഭാവിച്ചു വന്നിരുന്നുവെങ്കിലും അതിനു തക്ക സദാചാരം അവരിലില്ലായിരുന്നു. സാധുക്കളും മൂഢന്മാരുമായ ജനങ്ങളുടെമേൽ ഇവർ തങ്ങളുടെ ദുരധികാരം പ്രയോഗിച്ചുവന്നു.

അക്കാലത്തെ മിക്ക ജനസമുദായങ്ങൾക്കും ആരാധന സ്ഥലങ്ങൾ വിശിഷ്യ, ക്ഷേത്രങ്ങളുമുണ്ടായിരുന്നു. നിശ്ചിത സ്ഥലങ്ങളിൽ നിശ്ചിത ദിവസ സമയങ്ങളിൽ നിശ്ചയിക്കപ്പെട്ട ആളുകൾ വഴിയായിരുന്നു ഇവർ മതകർമ്മങ്ങൾ നടത്തിയിരുന്നതു്. ദേവാലയങ്ങൾ എന്നു തങ്ങൾ വിളിച്ചുവന്നിരുന്നവയിൽ ധാരാളം പ്രതിമകൾ വച്ചു് അവയെ വണങ്ങിവന്നു. ഈ

പ്രതിമകളും നിർജ്ജീവങ്ങളാണെങ്കിലും യാതൊരു ദേവന്റെ പ്രതിമയായി ഉണ്ടാക്കപ്പെട്ടുവോ, ആ ദേവന്റെ സാന്നിദ്ധ്യം നിമിത്തം അവ സജീവമാണെന്നു ഗണിച്ചു വന്നു.

കൂടാതെ രഹസ്യകർമ്മങ്ങളും അഥവാ ഗൂഢക്രിയകളും എന്നു പറയപ്പെട്ട ഒരുമാതിരി മതാചാരങ്ങളും ഇവർക്കുണ്ടായിരുന്നു. ഈ ഗൂഢാചാരങ്ങളിൽ എല്ലാവരെയും പ്രവേശിപ്പിച്ചിരുന്നില്ല. ഇതെന്തെന്നു തുറന്നു പറയുന്നവർ മരണംകൂടി അനുഭവിക്കേണ്ടി വന്നു. ഇതിനും പുറമെ ഈ സമ്പ്രദായികളുടെ ഇടയിൽ വളരെ 'അഴിമതികളും' നടക്കുന്നുമുണ്ടായിരുന്നു.

അജ്ഞാനികളുടെ ഈ മതാചാരവ്യവസ്ഥകളും സത്യമായ സുകൃതത്തിനാകട്ടെ, സന്മാർഗ്ഗപരിപോഷണത്തിനാകട്ടെ ലേശം ഉപയുക്തമായി ഭവിച്ചില്ല. കാരണം അവരുടെ ആരാധ്യദേവതകളും സന്മാർഗ്ഗത്തെക്കാളും അധികം ദുർമാർഗ്ഗത്തിൽ പ്രസക്തിയുള്ളവരായിരുന്നു. ധാരാളം ശക്തിയും അധികാരവും ഈ ദേവതകൾക്കു സങ്കല്പിച്ചിരുന്നുവെങ്കിലും അവയുടെ സ്തുതി പാഠകന്മാർ കാമക്രോധാദികൾക്കു വശംവദരായിരുന്നു. തങ്ങളെ കാട്ടിക്കൊടുത്ത ഗോഷ്ഠികൾക്കു പഴക്കം ഒരു വലിയ യോഗ്യതയായി അവർ എണ്ണിയുമിരുന്നു.

ദൈവപുത്രൻ ഭ്രൂജാതനായ ഘട്ടത്തിൽ റോമരുടെ ആയുധങ്ങളും എന്നപോലെ അവരുടെ മതവും ലോകത്തിൽ വിജയീഭവിച്ചിരുന്നു. റോമൻ മതത്തോടു് അവരുടെ സാമന്ത രാജ്യങ്ങളിലെ മതങ്ങളും വിശിഷ്യ, ഗ്രീക്കുകാരുടെ മതവും മിശ്രീഭവിച്ചതിനാൽ മൂഢാചാരജടിലമായ ഒരു വിശ്വാസപദ്ധതിയിൽ അവർ വന്നെത്തി. ഈ മതത്തിനു പ്രപഞ്ചസാഗരത്തിൽനിന്നും, അതിന്റെ മീതെ അടിച്ചലയുന്ന ഭയങ്കര തിരമാലകളാകുന്ന വിഷയേഛകളിൽ നിന്നും മനുഷ്യനു്, ആനന്ദരൂപമായ ഒരു വിമുക്തിയെ ദാനം ചെയ്‌വാൻ കഴിഞ്ഞില്ല.

മേൽപ്പറഞ്ഞ മതവിശ്വാസങ്ങൾക്കു് ഉപരിയായി അദ്ധ്യാത്മവിദ്യ അഥവാ തത്വം എന്നു പറയപ്പെടുന്ന ഒരു ജ്ഞാനശാഖയുമുണ്ടായിരുന്നു. ഈ ശാഖയുടെ ആദിസ്ഥാപകൻ സോക്രട്ടീസു് എന്ന മഹാത്മാവാണു്. അദ്ദേഹം ബി. സി. 469–399 വരെ ജീവിച്ചിരുന്നു. യവനരെ ബഹുദേവവിശ്വാസത്തിൽനിന്നു് ഏക ദൈവവിശ്വാസത്തിലേക്കു നടത്തിയതു് ഇദ്ദേഹമാണു്. സർവ്വശക്തനായ ഏക ദൈവമുണ്ടെന്നു സിദ്ധാന്തിച്ചതിനാൽ തന്റെ സഹജീവികളായ പ്രഭുക്കളിൽനിന്നു സോക്രട്ടീസു് വളരെ പീഡയനുഭവിക്കയുണ്ടായി. കൂടാതെ ഏതാദൃശമായ തന്റെ വിശ്വാസത്തിൽനിന്നും താൻ ഇളകാതെയിരുന്നതിനാൽ വിഷം കുടിച്ചു മരിക്കണമെന്നു് അതേന നഗരത്തിലെ പൗരസംഘം വിധിക്കുകയും തദനുസരണം വിഷപാനം ചെയ്തു് അദ്ദേഹം മൃതിപ്പെടുകയും ചെയ്തു. ഈ മഹാപുരുഷന്റെ ശിഷ്യൻ, അറിസ്റ്റോട്ടിലും (ബി. സി. 384–322) അറിസ്റ്റോട്ടലിന്റെ ശിഷ്യൻ, സുപ്രസിദ്ധനായ പ്ലേറോ (ബി. സി. 429–348) യുമായിരുന്നു. ഈ ജ്ഞാനികളുടെ സിദ്ധാന്തങ്ങളെ മിശ്രീകരിച്ച യവനന്മാരും റോമരും തത്വവിദ്യ (Philosophy) യും പൗരസ്ത്യരായ പേർഷ്യർ, സുറിയർ, കൽദയർ, ഈജിപ്തുകാർ മുതലായവർ, ജ്ഞാനം (Gnosis) എന്നൊരു മതവും അവലംബിച്ചു നടന്നുവെങ്കിലും കാലാന്തരത്തിൽ ഈ രണ്ടു മതങ്ങളിലും പല അവാന്തരവിഭാഗങ്ങളും ഉണ്ടായി പരസ്പരം പിരിഞ്ഞുപോയി.

ഇവരിൽ ചില വകുപ്പുകാർ സ്വമതവിരോധികളായി എഴുന്നേറ്റു. എപ്പിക്യൂറിയൻസു് (Epicureans) അക്കാഡമിക്സു് (Academics) എന്നിങ്ങനെ രണ്ടു വിഭാഗങ്ങളും അന്നു ജനസമുദായത്തിൽ പ്രത്യേക സ്ഥലം പിടിച്ചു. ലോകം യദൃച്ഛയാ ഉണ്ടായി എന്നും ദേവകൾക്കു മനുഷ്യകാര്യങ്ങളെ

ക്കുറിച്ചു യാതൊരു തീരക്കവും ഇല്ലെന്നും, മനുഷ്യാത്മാവിന്റെ ജനനമരണങ്ങളുണ്ടെന്നും, സന്തോഷമാണു ജീവിതത്തിന്റെ മുഖ്യമായ പ്രമാണമെന്നും എപ്പിക്യൂറസ്സിന്റെ (ബി. സി. 340–270) അനുഗാമികളായ എപ്പിക്യൂറിയന്മാർ വാദിച്ചു. സുഖത്തിനുവേണ്ടി മാത്രമാണു സൽഗുണവാന്മാരായിരിക്കുന്നതു് എന്നതത്രെ അവരുടെ പക്ഷം. അക്കാഡമിക്സ് എന്ന കൂട്ടർ, സന്ദേഹവാദികളായിരുന്നു. യാതൊരു സംഗതിയും തീർച്ചയായി അറിവാൻ കഴികയില്ലെന്നാണു് അവരുടെ അഭിപ്രായം. ദേവന്മാർ ഉണ്ടോ ഇല്ലയോ, ആത്മാവു മർത്യമോ അമർത്യമോ, ദുർഗുണത്തെക്കാൾ സൽഗുണം നല്ലതോ അല്ലയോ എന്നിവ തീർച്ചപ്പെടുത്തുവാൻ കഴികയില്ലെന്നു് അവർ വാദിച്ചു. ക്രിസ്തുവിന്റെ ആഗമനത്തിൽ ഈ രണ്ടു കൂട്ടരും സംഖ്യയിലും മാന്യതയിലും ഉന്നതി പ്രാപിച്ചിരുന്നു.

അറിസ്റ്റോട്ടിലിയൻസ്, സ്റ്റോയിക്സ്, പ്ലെറോനിക്സ് മുതലായവർ അക്കാഡമിക്സ് എന്ന വർഗ്ഗത്തിൽ പെട്ടവരായിരുന്നു. അറിസ്റ്റോട്ടലിന്റെ അഭിപ്രായത്തിൽ ദൈവം ഒരു യന്ത്രചാലനശക്തിമാത്രമാകയാൽ ദൈവത്തെ ഭയപ്പെടുകയോ സ്നേഹിക്കയോ ചെയ്യേണ്ട ആവശ്യമില്ല. ആത്മാവു മർത്യമെന്നോ അമർത്യമെന്നോ ഇദ്ദേഹം തീർച്ചപ്പെടുത്തിയിരുന്നതായും കാണുന്നില്ല. ദൈവഭരണത്തെയും ആത്മാവിന്റെ അമർത്യതയേയും നിഷേധിക്കുന്ന ഒരുവനു തന്റെ സമസ്തഷ്ടികർത്തൃ സദാചാരത്തിന്റെയും ദൈവക്ഷേത്രിയുടെയും ഗൗരവവും പവിത്രതയും ഉള്ള നിയമങ്ങൾ കൊടുപ്പാൻ എങ്ങനെ കഴിയും?

സീനോ എന്ന താത്വികന്റെ (ബി. സി. 358–260) ശിഷ്യന്മാരായ സ്റ്റോയിക്സിന്റെ പക്ഷത്തിൽ ദൈവം സ്വല്പമഹിമയുള്ളവനാണു്; അദ്ദേഹം ആകാശത്തിനും നക്ഷത്രങ്ങൾക്കും മീതെ വെറുതെ വാഴുന്ന മടിയനായ ഒരു ദൈവമല്ല; എങ്കിലും ഏതോ ഒരു അദൃഷ്ടശക്തിയാൽ ഭ്രതപദാർത്ഥങ്ങളോടു മിശ്രീഭവിച്ച ഒരു ശരീരിയത്രെ. ഈ ദേവൻ വിധിക്കു കീഴ്പ്പെട്ടവനാകയാൽ ആത്മാവു നശ്വരമാണെന്നു് ഇക്കൂട്ടർ വിചാരിച്ചുവോ ഇല്ലയോ എന്നറിഞ്ഞുകൂടാ.

പാശ്ചാത്യതത്വജ്ഞാനികളിൽവച്ചു പ്ലേറോയാണു് അഗ്രിമൻ. ഈ പ്രപഞ്ചത്തിനു മീതെ സ്വാതന്ത്ര്യം, ശക്തി, ബുദ്ധി എന്നിവയുള്ള ഒരു ദൈവത്തെ പ്ലേറോ സങ്കല്പിച്ചു. ഈ ദൈവം സർവ്വശക്തി, സർവ്വവ്യാപ്തി, സർവ്വജ്ഞാനം ഇവയില്ലാതെ ഒരു ക്ലിപ്ത സ്ഥലത്തു് ഒതുങ്ങിയിരിക്കുന്ന ജീവിയാണു്. ആത്മാവിനെക്കുറിച്ചും പിശാചുക്കളെക്കുറിച്ചുമുള്ള പ്ലേറോയുടെ അതിവർണ്ണനങ്ങൾ മുഢവിശ്വാസത്തെ പുലർത്തുന്നവയത്രെ. ഈ ദ്രഷ്ടാവിന്റെ സന്മാർഗ്ഗപ്രമാണങ്ങൾ വളരെ ആദരണീയങ്ങൾ എന്നു പറവാനില്ല.

ഈ വകപ്പുകളിലെല്ലാം ന്യായബുദ്ധിക്കു ചേരാത്ത പല സിദ്ധാന്തങ്ങളുണ്ടായിരുന്നു. അതിനാൽ ചിലർ ഓരോന്നിൽനിന്നും ഏതാനും അംശം സ്വീകരിക്കുകയും മറവയെ ഗർഹ്യമെന്നു കണ്ടു തള്ളുകയും ചെയ്തു. ഈ പ്രസ്ഥാനത്തിന്റെ പരിണാമ ഫലമായി ഈജിപ്തിൽ വിശിഷ്യ, അലക്സ്രിയായിൽ എക്ലെക്റ്റിക് (Eclectic) എന്ന പേരോടുകൂടിയ ഒരുമാതിരി അധ്യാത്മവിദ്യ ഉത്ഭവിച്ചു. പൊട്ടാമൻ (Potamon) എന്നൊരാളാണുപോൽ ഇതിന്റെ കർത്താവു്. നമ്മുടെ രക്ഷിതാവിന്റെ കാലത്തു് ഈ മതം അലക്സന്ത്രിയായിൽ വളരെ അഭിവൃദ്ധിപ്പെട്ടിരുന്നുവെന്നു ഫൈലോ (Philo) യുടെ കൃതികളിൽനിന്നു ഗ്രഹിക്കാം. ഈ കൂട്ടർ പ്ലേറോയെ വളരെ മതിച്ചിരുന്നുവെങ്കിലും നിർഭയമായി അദ്ദേഹത്തിന്റെ അഭിപ്രായങ്ങളിൽ പലതിനെ വിട്ടുകളകയും മറ്റു താത്വികന്മാരുടെ എഴുത്തുകളിൽ തങ്ങൾക്കു

നല്ലതെന്നു തോന്നിയതിനെ കൂട്ടിച്ചേർക്കയും ചെയ്തു. ചുരുക്കി പറയുന്നതായാൽ ഈ താത്വികമതവേണികയും ബഹുമുഖമായി പ്രവഹിച്ചുവെന്നല്ലാതെ മനുഷ്യവർഗ്ഗത്തിനു നിശ്ചിതമായ ഒരാദർശത്തെ പ്രദാനം ചെയ്യുന്നതിനോ വ്യക്തിപരമായ പാരത്രിക സൗഭാഗ്യത്തെ സമ്പാദിച്ചു കൊടുക്കുന്നതിനോ സാധകമായി ഭവിച്ചില്ല.

ഈ ഖ്യാപനങ്ങളിൽനിന്നു ക്രിസ്തുവിന്റെ ജനനകാലത്തു ലോകത്തിന്റെ സാന്മാർഗ്ഗിക സ്ഥിതി അന്ധകാരാവൃതമായിരുന്നുവെന്നു് ഏറെക്കുറെ മനസ്സിലാക്കാൻ കഴിയും. മതസംബന്ധവും സാന്മാർഗ്ഗികവുമായ നിലയിൽ ആ കാലത്തെ മനുഷ്യവർഗ്ഗം വളരെ ദുഷിച്ചിരുന്നു എന്നു ചരിത്രം പറയുന്നു. പ്രതിക്ഷണം തെറ്റിന്റെ അഗാധത്തിലേക്കു് ഇറങ്ങിപ്പോകുന്ന ജനങ്ങളെ സുകൃതത്തിന്റെയും ദൈവഭക്തിയുടെയും വഴിയിലേക്കു പ്രത്യാനയിക്കുന്നതിനും സത്യജ്ഞാനമതത്തിന്റെ അവിതർക്കിത സിദ്ധാന്തങ്ങളും ഉപദേശിക്കുന്നതിനും ഏതോ ഒരു ദിവ്യോപദേഷ്ടാവിന്റെ ആവശ്യം ലോകത്തിനുണ്ടായിരുന്നു എന്നുള്ളതു നിസ്സന്ദേഹം തന്നെ. ക്രിസ്താവതാരാൽപൂർവ്വം ഉണ്ടായിരുന്നതും ക്രിസ്തുമതപ്രചരണശേഷമുള്ളതുമായ ലോകത്തിന്റെ സ്ഥിതിഗതികളും ഒത്തു നോക്കുന്നവർക്കു മാത്രമെ ക്രിസ്തുമാർഗ്ഗം എത്ര അത്ഭുതകരമായ നന്മകളാണു ലോകത്തിനു വരുത്തിക്കൂട്ടിയിട്ടുള്ളതെന്നു മനസ്സിലാക്കാൻ സാധിക്കയുള്ളൂ.

അദ്ധ്യായം രണ്ടു്

ക്രിസ്തുാവതാരകാലത്തു് യഹൂദന്മാരുടെ രാജകീയവും മതസംബന്ധവുമായ സ്ഥിതി

ക്രിസ്താവതാരകാലത്തു് ഇതരജാതികളെക്കാളും യഹൂദന്മാരുടെ സ്ഥിതി സ്വല്പം ഭേദമായിരുന്നു. മഹാൻ എന്ന സ്ഥാനപ്പേർ ലഭിച്ച ഹേരോദാവായിരുന്ന പ്രസ്തുത ഘട്ടത്തിൽ പലസ്തീൻനാടു് വാണിരുന്നതു്. റോമരുടെ സാമന്തരാജാവായിരുന്ന ഈ ഹേരോദാ പരമദുഷ്ടനായിരുന്നു. ക്രൗര്യം, ചാപല്യം, ആരേയും വിശ്വാസമില്ലായ്മ, യുദ്ധപ്രിയത്വം എന്നീ ദുർഗ്രുണങ്ങളും അദ്ദേഹത്തിൽ കളിയാടിക്കൊണ്ടിരുന്നു. ഈ ദുഷ്ടന്റെ കാലത്തു റോമരുടെ സുഖാനുഭോഗപ്രസക്തിയോടു ചേർന്ന ധാരാളം അഴിമതിയും പലസ്തീൻ നാട്ടിൽ വ്യാപരിച്ചിരുന്നു.

പകുതി യഹൂദനും പകുതി ഏദോമ്യനുമായിരുന്ന ഹേരോദാ ബി. സി. 33—ൽ ഭരണമാരംഭിക്കയും എ. ഡി. 4—ൽ മരണം പ്രാപിക്കയും ചെയ്തു. അനന്തരം റോമർ യൂദയാ, ശമര്യാ, ഇദുമിയാ ഇവ മൂന്നു പ്രവിശ്യകളും ചേർന്നുള്ള പലസ്തീന്റെ പകുതി അദ്ദേഹത്തിന്റെ പുത്രനായ അർക്കലയോസിനും ശേഷം പകുതി അർക്കലയോസിന്റെ സഹോദരന്മാരായ അന്തിപ്പാസ്, ഫിലിപ്പ് എന്നിവർക്കും ഭാഗിച്ചു കൊടുത്തു. അർക്കലയോസ് പിതാവിന്റെ ദുഷ്ടതകളെ അനുകരിക്കയാൽ പത്തു വർഷത്തിനു പിൽപാടു യഹൂദന്മാരാൽ ചക്രവർത്തി സമക്ഷം കുറ്റം ചുമത്തപ്പെട്ടു. ഇതിന്റെ ഫലമായി ആഗസ്റ്റസ്സ് അദ്ദേഹത്തെ സ്ഥാനഭ്രംശം ചെയ്കയും മുതലെല്ലാം കണ്ടുകെട്ടി എടുത്തു വിയന്നയിലേക്കു നാടുകടത്തുകയും ചെയ്തതുകൂടാതെ ഭരിച്ചിരുന്ന നാടുകളും ഒരു സംസ്ഥാനമായി രൂപീകരിച്ചു സിറിയായോടു ചേർക്കയും ചെയ്തു. ഈ രാഷ്ട്രീയ പരിവർത്തനം യഹൂദന്മാർക്കു് അവസാനമില്ലാതെയുള്ള അസുഖത്തിനും കലാപങ്ങൾക്കും വഴി തുറന്നു. ഇതുതന്നെയായിരിക്കണം അവരുടെ ജാതീയമായ അധഃപതനത്തിനും നിശ്ശേഷ വിനാശത്തിനും കാരണം.

റോമർ യഹൂദന്മാരുടെ ജാതീയ നിയമങ്ങൾക്കും മതസ്വാതന്ത്ര്യത്തിനും വലിയ തടസ്സമൊന്നും ചെയ്തിരുന്നില്ല. പുരോഹിതന്മാർ, ലേവ്യർ ഇവരോടുകൂടി 'സന്നദ്രീം' എന്ന പൊതു സംഘം മുഖേന മഹാപുരോഹിതൻ കാര്യങ്ങളും നടത്തി വന്നു. 'സാൻഹെഡ്രിൻ' എന്ന വാക്കിനു ''കൂടെയിരിക്കുന്നവർ,'' (സഭാവാസികൾ) എന്നർത്ഥമാണു്. ഇതു് 71 അംഗങ്ങളും ചേർന്നുള്ള ഒരു സംഘമായിരുന്നു. ഈ സഭയ്ക്കു മരണശിക്ഷ ഒഴിച്ചു മറ്റേതു ശിക്ഷ ചെയ്വാനും അധികാരമുണ്ടായിരുന്നു. അപ്പോക്രിഫാപുസ്തകങ്ങളിൽ ഈ സഭയുടെ പേർ കാണുന്നുണ്ടു്. ബാബിലോൺ പ്രവാസത്തിൽ നിന്നു യഹൂദന്മാർ തിരികെ എത്തിയ ഘട്ടത്തിലാണു് ഈ വിസ്താരസഭ ഏർപ്പെടുത്തപ്പെട്ടതെന്നു വിദ്വാന്മാർ അഭിപ്രായപ്പെടുന്നു.

യഹൂദന്മാരുടെ രാഷ്ട്രീയ ജീവിതം വളരെ കഷ്ടമായിരുന്നു. നാടുവാഴികളുടെ ദുർന്നയങ്ങൾകൊണ്ടും ക്രൗര്യംകൊണ്ടും, ചുങ്കം പിരിക്കുന്നവരുടെ

പിടിച്ചുപറി, വഞ്ചന ഇവകൊണ്ടും അവർ പീഡിതരായി. റോമാനാട്ട വാഴികളുടെ ഭരണത്തിൻകീഴിരുന്ന ഇവരെക്കാൾ ഹേരോദാവിന്റെ മറ്റു രണ്ടു പുത്രന്മാർ ഭരിച്ചിരുന്ന ദേശങ്ങളിലെ നിവാസികൾ കുറേക്കൂടി സമാധാനം അനുഭവിച്ചിരുന്നു.

ജോസീഫസ് എന്ന യൂദചരിത്രകാരന്റെ എഴുത്തുകളിൽനിന്നു നാം ഗ്രഹിക്കുന്നതുപോലെ മഹാപുരോഹിതന്മാർ വളരെ നീചന്മാരും, പണം കൊണ്ടോ, മുഖസ്തുതികൊണ്ടോ, അനുനയംകൊണ്ടോ സ്ഥാനം പ്രാപിച്ചവരുമായിരുന്നു. ഇവർ തങ്ങളുടെ അധികാരത്തെ ദുരുപയോഗപ്പെടുത്തിവന്നു. മറ്റു പുരോഹിതന്മാരുടെയും ദുഷ്കൃത്യങ്ങൾ ഒട്ടും കുറവല്ലായിരുന്നു. സാമാന്യജനങ്ങളും ഇവരുടെ ദുഷ്ടാന്തത്തെ അനുകരിച്ചു സകലവിധമായ അകൃത്യങ്ങളിലേക്കും പാഞ്ഞോടിക്കൊണ്ടിരുന്നു.

'അന്യോന്യ വിപരീതമുള്ള രണ്ടു മതങ്ങൾ അക്കാലത്തു പലസ്തീനിൽ സ്ഥിതി ചെയ്തിരുന്നു. ഒന്നു യൂദമതവും വേറൊന്നു ശമറിയാമതവുമാണു്. ശമറിയാ മതത്തിന്റെ ഉല്പത്തിയെക്കുറിച്ചു ബൈബിളിൽ പറഞ്ഞിട്ടുണ്ടു്. ഇസ്രയേൽക്കാരെ അസ്സൂറിയർ അടിമയാക്കിക്കൊണ്ടു പോയതിന്റെശേഷം (722 ബി. സി.) ഇസ്രയേൽ രാജ്യത്തു താമസിക്കുന്നതിനു ശൽമനസ്സർ അസ്സൂറിയരിൽ ചിലരെ നിയോഗിച്ചതായും, അവരുടെ നേരെയുള്ള തന്റെ ക്രോധം നിമിത്തം യഹോവ അവരുടെ ഇടയിൽ സിംഹങ്ങളെ അയച്ചപ്പോൾ യഹോവയെ ആരാധിക്കുന്നതിനു് അവർ മനസ്സുവച്ചതായും ശമറിയായിൽ ശേഷിച്ചിരുന്ന ഇസ്രയേല്യരും 'പരത്ത'ന്മാരായ അസ്സൂറിയരും ഒന്നു ചേർന്നു് ഒരു മതമായി തീർന്നതായും നാം രാജാക്കന്മാരുടെ പുസ്തകത്തിൽ വായിക്കുന്നു. (2 രാജാ. 17 അ.) യഹൂദന്മാർക്കും ഇവർക്കും തമ്മിൽ തീരാ വൈരമുണ്ടായിരുന്നു. എങ്കിലും ഇരുപക്ഷക്കാരും തങ്ങളുടെ ജാതിയുടെ ഒരു വലിയ ഉദ്ധാരകൻ താമസമെന്യേ വരുമെന്നു പ്രതീക്ഷിച്ചിരുന്നു. തങ്ങളെ അടിമപ്പെടുത്തിയിരുന്ന വ്യക്തിയെ ഉന്മൂലനം ചെയ്തു യൂദസാമ്രാജ്യത്തെ സർവ്വോന്നതമായ വിധത്തിൽ സ്ഥാപിച്ചു നിത്യഭരണം നടത്തുമെന്നു മശിഹായെക്കുറിച്ചു് അവർ പ്രത്യാശിച്ചിരുന്നു.

യഹൂദന്മാർ അക്കാലത്തു മൂന്നു പ്രധാനഭോഗങ്ങളായി വിഭജിക്കപ്പെട്ടിരുന്നു. ഇവർ പരീശന്മാർ, സദൂക്യർ, എസ്സേന്യർ എന്നിവരത്രെ. ഇതിൽ പരീശർ ക്രിസ്താബ്ദത്തിനു മുമ്പു ജാതികളിൽനിന്നുള്ള പീഡാകാലങ്ങളിൽ ബി. സി. 175—168) തങ്ങളുടെ സ്വന്ത മാർഗ്ഗത്തെയും ആചാരങ്ങളെയും നിഷ്കർഷയായി പാലിക്കുന്നതിനു പരസ്പരം പ്രതിജ്ഞചെയ്തു രൂപവൽക്കരിച്ചിട്ടുള്ള ഒരു സംഘമാണു്. ഇവരിൽ ചിലർ മാർഗ്ഗനിഷ്ഠ നിമിത്തം കൊല്ലപ്പെട്ടതായും ചരിത്രമുണ്ടു്. ഇവർക്കു ഭക്തന്മാർ എന്നർത്ഥമുള്ള ഖസിദിം (Chasiddim) എന്ന പേരായിരുന്നു ആദ്യമുണ്ടായിരുന്നതു്. മക്കാബ്യരുടെ കാലത്തു് ഈ ഖസിദിം വകഭേദക്കാർ പരിപൂർണ്ണഭക്തന്മാരായിരുന്നു. പുറജാതികളിൽനിന്നു വേർപെട്ടിരിക്കുക; ഇതരദേശവഴക്കങ്ങൾ തള്ളിക്കളക; ജാതികളോടു വിവാഹബന്ധത്തിൽ കലരാതിരിക്ക; യൂദമതപ്രമാണങ്ങളെ സൂക്ഷ്മമായി ആചരിക്ക എന്നിവയായിരുന്നു ഇവരുടെ പ്രമാണങ്ങൾ. ഇദ്ദേഹം ഇവർ മറ്റുള്ളവരിൽനിന്നു തങ്ങളെ വേർപെടുത്തുക നിമിത്തം ബി. സി. 150 മുതൽ 'വേർതിരിഞ്ഞവർ' എന്നർത്ഥം വരുന്ന 'പരീശർ' എന്നുള്ള പേർ ഇവർക്കുണ്ടായി, തങ്ങളുടെ ഈ മതനിഷ്ഠ നിമിത്തം ഇവർ പലപ്പോഴും പീഡകൾ അനുഭവിക്കേണ്ടിവന്നിട്ടുമുണ്ടു്.

ക്രിസ്തുവിന്റെ കാലത്തു് ഇവർ വളരെ ദുഷിച്ച പടുതിയിലാണിരുന്നതു്. ദൈവവചനത്തോടു് ഇവർ പാരമ്പര്യങ്ങളെ കൂട്ടുകയും അവയിൽ വളരെ

പ്രതിപത്തി കാണിക്കുകയും ചെയ്തു. ദശാംശം കൊടുക്കുക, കൈകഴുകുക, നീണ്ട പ്രാർത്ഥന കഴിക്കുക, പരസ്യമായി ഭിക്ഷ കൊടുക്കുക മുതലായ ഭക്തിയുടെ ബാഹ്യചിഹ്നങ്ങളും അവർ ആചരിച്ചുവന്നു. അക്കാലത്തു് ഇവർ മിക്കവാറും ദ്രവ്യാഗ്രഹികളും തദ്വാരാ ധനികരുമായിരുന്നു, കപടഭക്തിക്കു് ഇവരെ മാതൃകകളായിട്ടാണു കർത്താവു ഗണിച്ചിരുന്നതു് എന്നു വേദത്തിൽ നിന്നു കാണുന്നു. ഇക്കൂട്ടരുടെ ഉല്പത്തി ബാബിലോന്യ അടിമയിൽനിന്നു വന്ന ശേഷമാകയാൽ ചില ബാബിലോന്യ ഊർവിശ്വാസങ്ങളും ഇവർക്കുണ്ടായിരുന്നുവെങ്കിലും ഉപദേശത്തിൽ ഇവർ ഇതര വകുപ്പുകാരേക്കാളും സ്വീകാര്യന്മാരെന്നു തെളിയുന്നു. ശരീരപുനരുത്ഥാനം, ആത്മാവിന്റെ അമർത്യത, ക്രിസ്തുവിന്റെ ഭൗമവാഴ്ച, ദുഷ്ടന്മാരുടെ നിത്യശിക്ഷ, ദൂതന്മാർ, ആത്മാക്കളും ഇവരുടെ അസ്തിത്വം എന്നിവയെ അവർ വിശ്വസിച്ചുപോന്നു.

രണ്ടാം വകുപ്പു സദൂക്യരാണു്. ഇവരുടെ ഉത്ഭവത്തെക്കുറിച്ചു വേശോസ്യുകളുടെ ഇടയിൽ വളരെ തർക്കമുണ്ടു്. സാദോക്കു് എന്ന പേരുള്ള ഒരു മഹാപുരോഹിതനെക്കുറിച്ചു് 2 ശമു. 8: 17—ൽ പറയുന്നുണ്ടു്. ഇദ്ദേഹത്തിന്റെ അനുഗാമികളാണു് എന്നുള്ള അഭിമാനത്തെ സ്ഥാപിക്കുന്നതിനാണുപോൽ സദൂക്യർ എന്നുള്ള പേർ ഇക്കൂട്ടർ വഹിച്ചതെന്നു ചിലർ അഭിപ്രായപ്പെടുന്നു. യൂദസമുദായത്തിൽ ഇവർ 'അന്തസ്സേറിയ' കൂട്ടരായിരുന്നു. ഇവർക്കു രാഷ്ട്രീയവിഷയങ്ങളിലല്ലാതെ മതകാര്യത്തിൽ വളരെ പ്രസക്തിയില്ലാതിരുന്നതുകൊണ്ടു് ആദ്യം യേശുവിനോടു് ഇവർക്കു വൈപരീത്യം ഉണ്ടായിരുന്നതായി കാണുന്നില്ല. എന്നാൽ ക്രിസ്തുവിന്റെ ജനസ്വാധീനത ഇവരെ കോപപരവശരാക്കിത്തീർത്തു. അപ്പൊസ്തലന്മാരെ മർദ്ദിക്കുവാൻ സദൂക്യരും പരിശ്രമിച്ചതായി പ്രവൃത്തികളുടെ പുസ്തകത്തിൽ കാണുന്നു. ശരീരപുനരുത്ഥാനത്തിലും, അശരീരികളായ ആത്മാക്കളും അഥവാ ദൂതന്മാർ മനുഷ്യരുടെ ഇടയിൽ വന്നു സഹായിക്കുന്നു എന്നുള്ളതിലും അവർ വിശ്വസിച്ചിരുന്നില്ല.

എസ്സെന്യരാണല്ലോ മൂന്നാം വകുപ്പു്. ഇവർ ഇതര ജനങ്ങളുമായുള്ള സമ്പർക്കമുപേക്ഷിച്ചു വനങ്ങളിലും ഏകാന്ത സ്ഥലങ്ങളിലും പാർത്തുവന്നു. അക്കാലത്തു സിറിയാ, ഈജിപ്തു് എന്നീ സ്ഥലങ്ങളിലും അതിന്റെ പരിസരങ്ങളിലും മൗനികളും ധ്യാനപരന്മാരുമായ ഈ മതക്കാരെ കാണുവാൻ കഴിയുമായിരുന്നു. ഇവർ അധികം പുണ്യം സമ്പാദിപ്പാൻ ഹേതുയോഗം അനുഷ്ഠിച്ചുവന്നു. ചിലർ ബ്രഹ്മചര്യം ദീക്ഷിച്ചു കൂട്ടികളെ വിദ്യാഭ്യാസം ചെയ്യിക്കുന്നതിൽ ഏർപ്പെട്ടു. മറ്റു ചിലർ കല്യാണം കഴിച്ചു എങ്കിലും അതു കേവലം 'പ്രജായൈ ഗൃഹമേധിനാം' എന്ന മട്ടിലായിരുന്നു. സിറിയായിൽ താമസിച്ചിരുന്ന ഇക്കൂട്ടരിൽ ചിലർ വഴിപാടുകളും യാഗങ്ങളും കഴിച്ചുവന്നുവെങ്കിലും അതു യഹൂദന്മാർ കഴിക്കുന്ന മട്ടിലല്ലായിരുന്നു. ഈജിപ്തിലെ മരുപ്രദേശങ്ങളിൽ താമസിച്ചിരുന്നവർ മനസ്സിന്റെ ഏകാഗ്രതയെക്കാളും വലിയ യാഗം ഒന്നും തന്നെയില്ല എന്നു വിശ്വസിച്ചു വന്നിരുന്നു. മോശയാൽ നൽകപ്പെട്ട കല്പനപ്രമാണത്തിനു് ഇവർ ഔപചാരികമായ അർത്ഥ (Figurative meaning) മാണു കൊടുത്തുവന്നതെന്നു തോന്നുന്നു.

ഹീമറൊ ബാപ്റ്റിസ്റ്റ്സ് (Hemero Baptists) തെറാപ്യൂറായി (Therapeutae) എന്നീ ചെറിയ മതവകുപ്പുകളും എസ്സെന്യരുടെ അവാന്തരവിഭാഗമാണെന്നു ചിലർ അഭിപ്രായപ്പെട്ടിരിക്കുന്നു. ഹീമറൊബാപ്റ്റിസ്റ്റ്സ് എന്നതു യോഹന്നാന്റെ സ്നാനത്തെ ആണ്ടിലൊരിക്കലോ, മാസംതോറുമോ, ദിനേനയോ ആവർത്തിക്കുന്നവരായിരുന്നു. ഇവർ സ്വതേ സ്നാനപ്പെടുകയോ, ചില പുരോഹിതന്മാർ സ്നാനപ്പെടുത്തുകയോ ചെയ്തു. നല്ല ഫീസ് കൊടുക്കാത്ത പക്ഷം പുരോഹിതൻ ഈ സ്നാനം മാസത്തിലൊരി

ക്കലോ ആണ്ടിലൊരിക്കലോ ആക്കിക്കളക പതിവാണ്. എസ്സേന്യർ എന്നതിനു് ഈജിപ്തുഭാഷയിൽ വൈദ്യന്മാർ (ആത്മവൈദ്യന്മാർ) എന്നത്ഥമാണു്. തെറാപ്യൂററായി എന്ന ഗ്രീക്ക പദത്തിനും ഇതാണത്ഥം. നവീന പണ്ഡിതന്മാരിൽ പലരുടെയും അഭിപ്രായം എസ്സേന്യർ ബുദ്ധമതവിശ്വാസികളൊ ബുദ്ധമതതത്വങ്ങളിൽ ചിലതിനെ കൈക്കൊണ്ടിരുന്നവരോ ആയിരുന്നുവെന്നാണു്.

ഈ ജ്ഞാനികളെല്ലാം മതം. ദൈവഭക്തി എന്നിവയെക്കുറിച്ചു ദൈവം വച്ചിട്ടുള്ള ശരിയായ പ്ലാൻ കണ്ടുപിടിക്കാതെ തങ്ങളുടെ ആയുസ്സിനെ ഒന്നുകിൽ നിഷ്പ്രയോജനമാക്കിത്തീർത്തവരോ, അല്പാത്തപക്ഷം കപടഭക്തി, ദ്രവ്യാഗ്രഹം, ലോകസ്നേഹം, ചതി മുതലായ ദുർഗ്ഗുണങ്ങൾകൊണ്ടു മലിനീഭവിച്ചവരോ ആയിരുന്നുവെന്നാണു് ഈ മതവിഭാഗങ്ങളും നമ്മെ പഠിപ്പിക്കുന്നതു്. ഇടയനില്ലാത്ത ആടുകളെപ്പോലെ യഷുജനം അലയുന്നതു കണ്ടു നമ്മുടെ രക്ഷിതാവു തപ്തഹൃദയനായി കണ്ണുനീർ വാർത്ത ഈ കഥ ഈ വാസ്തവത്തെ ദൃഢീകരിക്കുന്നു.

അദ്ധ്യായം മൂന്നു്

യേശുക്രിസ്തുവിന്റെ ജീവചരിത്രം
സംക്ഷേപം

യഹൂദൻ, പുറജാതി എന്നിങ്ങനെ രണ്ടായി വിഭജിക്കപ്പെട്ടിരുന്ന മനുഷ്യവർഗ്ഗത്തിനു ഭക്തിസംബന്ധമായും സന്മാർഗ്ഗസംബന്ധമായും പിടിപെട്ടിരുന്ന ഭയങ്കരരോഗത്തിനു് ഒരു ദിവ്യ ചികിത്സകൻ ആവശ്യമായിരുന്നുവെന്നു കഴിഞ്ഞ രണ്ടു് അദ്ധ്യായങ്ങളംകൊണ്ടു നാം കണ്ടുവല്ലൊ. കരുണാവാരിധിയായ ദൈവം തക്ക സമയത്തു തന്റെ പുത്രനെ മറിയം എന്നു പേരുള്ള പുണ്യവതിയായ ഒരു കന്യകയുടെ ഗർഭത്തിൽ നിയോഗിച്ചയച്ചു. ഈ തരുണീരത്നം ദാവീദുവംശത്തിൽ പെട്ടവളും, സദ്ഗുണഭൂഷിതയും സഗോത്രനായ ജോസഫിനു വിവാഹാർത്ഥം പ്രതിശ്രുതയും ആയിരുന്നു. ഒരു ദിവസം ഗബ്രിയേൽ എന്ന ദിവ്യദൂതന്റെ ദർശനം ഭാഗ്യവശാൽ ഇവൾക്കുണ്ടായി. ദൈവനിയുക്തനായ ഈ ദൂതൻ അടുത്തുണ്ടാകാൻ പോകുന്ന മശിഹായുടെ ജനനത്തെക്കുറിച്ചും അതിനാൽ യഹൂദന്മാർക്കും ജാതികൾക്കും ഉണ്ടാകാൻപോകുന്ന ഭാഗ്യ പരിപൂർണ്ണമായ ഉദ്ധാരണത്തെ സംബന്ധിച്ചും അറിയിച്ചതു കൂടാതെ അദ്ദേഹത്തിന്റെ ജന്മഭൂമി ആ ഭാഗ്യവതിയുടെ പരിശുദ്ധോദരമായിരിക്കുമെന്നും ആ ഭക്തിമതിയെ ധരിപ്പിച്ചു. ഇതു സംഭാവ്യമാണെന്നുള്ളതിനു വാർദ്ധക്യനിലയിൽ എത്തിയ ശേഷം ദൈവാനുഗ്രഹത്താൽ ഗർഭിണിയായിത്തീർന്ന ഏലിസബേത്തു് എന്ന ഒരു പുരോഹിത ഭാര്യയെ ഒരു വിജ്ഞാപകമായും കൊടുത്തു. അന്നു റോമയിലെ കൈസർ ആഗസ്തുസ് ചക്രവർത്തിയായിരുന്നു. അദ്ദേഹം സാമ്രാജ്യമൊട്ടുക്കുള്ള ജനങ്ങളുടെ സംഖ്യ തിട്ടപ്പെടുത്തുന്നതിനായി ഒരു ജനസംഖ്യ എടുപ്പാൻ ആജ്ഞ പുറപ്പെടുവിച്ചു. ഈ വിധം ജനസംഖ്യ എടുക്കേണ്ടതു് ഓരോരുത്തരുടെയും സ്വന്ത നഗരങ്ങളിൽ വെച്ചായിരിക്കണമെന്നുണ്ടായിരുന്നതിനാൽ വിവാഹാർത്ഥം അഭ്യുപഗതരായ ആ വധൂവരന്മാർ (ജോസഫ്, മറിയ എന്നിവർ) ബേത്ലഹേമിലേക്കു യാത്രയായി. അവിടെ ഒരു സത്രത്തിൽ അവർ പ്രവേശിക്കയും പരിപൂർണ്ണഗർഭയായ അവരുടെ സൂതിഘട്ടമണകയാൽ ലോകത്തിന്റെ പരിരക്ഷണത്തെ തന്റെ മുഴുഭാരമാക്കി അംഗീകരിച്ചിരിക്കുന്ന ദൈവപുത്രനായ മശിഹാ സാക്ഷാൽ ഒരു ശിശുവായി അവളുടെ ഗർഭപേടകത്തിൽനിന്നു് അവതരിക്കുകയും ചെയ്തു. ഈ ജനനം ഏതു വർഷത്തിലാണെന്നു സൂക്ഷ്മനിർണ്ണയം ചെയ്യുന്നതു പ്രയാസമാണെങ്കിലും ബി. സി. 4—ൽ ആണെന്നുള്ള സർവ്വസാധാരണമായ കണക്കിനെപ്പറ്റി ഇടാനീന്തനവിദ്വാന്മാർക്കു വിപ്രതിപത്തിയുണ്ടു്. ഈ വിഷയത്തെ ആസ്പദിച്ചു് ഒരു വലിയ പണ്ഡിതനും ഗ്രന്ഥകാരനുമായ എ. റർ. സ്റ്റോഫീൽഡ് എം. ഡി. എൽ. ആർ. സി. പി. (ലണ്ടൻ) എം. ആർ. സി. എസ്സ്. (എഡിൻബറോ) എഫ്. ആർ. ജി. എസ്. etc. എഴുതിയിട്ടുള്ള ഒരു സംക്ഷിപ്തനിരൂപണം വായനക്കാരുടെ പ്രയോജനത്തിനായി ഇവിടെ ഉദ്ധരിക്കുന്നു. നമ്മുടെ കർത്താവിന്റെ ജനനത്തീയതി ഒരു വിശ്വാസവിഷയമായി തീരുമാനിക്കുവാൻ നിവൃത്തിയില്ലെങ്കിലും അതു ബി. സി. 8—ൽ ശരത്കാലത്തു സംഭവിച്ചുവെന്നു വിചാരിക്കുന്നതിനു വളരെ ന്യായങ്ങളും ഉണ്ടു്.

ക്രിസ്താബ്ദം 532–ൽ ഗണിത വിജ്ഞാനിയും ഒരു ആശ്രമാധിപനുമായിരുന്ന ഡയാനീഷ്യസ് മേലാലുള്ള പഞ്ചാംഗം ക്രിസ്തുവിന്റെ ജനനത്തീയതി മുതൽ ആരംഭിക്കണമെന്നു് ആദ്യമായി അഭിപ്രായപ്പെട്ടു. അയാളുടെ കണക്കിൻപ്രകാരം ക്രിസ്തുവിന്റെ ജനനം * ഏ. യു. സി. 754–ലാണു്. ക്രിസ്തുവിന്റെ ജനനാൽപരം സംഭവിച്ചിട്ടുള്ള ഹേരോദാവിന്റെ മരണം ഏകദേശം ഏ. യു. സി. 750 ഏപ്രിൽ മാസത്തിൽ ആണെന്നു് അനന്തര പരിശോധനകളാൽ തെളിവായി. ഡയനീഷ്യസിന്റെ കണക്കിൻപ്രകാരം ഹേരോദാവിന്റെ മരണം ബി. സി. 4–ൽ ആണു്. 1764–ൽ റിവോളി (Tivoli) എന്ന സ്ഥലത്തുനിന്നു കണ്ടുകിട്ടിയതും ഇപ്പോൾ റോമയിലെ പുരാണവസ്തുശാലയിൽ ഇരിക്കുന്നതുമായ ഒരു മാർബിൾ കല്ലിൽ കാണുന്ന ലിഖിതങ്ങളിൽനിന്നു ലൂക്കൊ. 2:2–ൽ പറഞ്ഞിട്ടുള്ള കുറേന്യോസ് വേറൊരു വനോട്കൂടി ബി.സി. 8–നും 5–നും ഇടയിലും, അങ്ങനെ തന്നെ, എ. ഡി. 7–ലും സുറിയാനാട്ട വാണതായി തെളിയുന്നുണ്ടു്. കൂടാതെ ആഗസ്തുസ് കൈസർ ഓരോ പതിന്നാലു വർഷങ്ങൾക്കിടയിൽ ജനസംഖ്യ എടുക്കുക പതിവായിരുന്നു എന്നും അതിൽ ഒന്നു ഗാമല (ഗലീല)ക്കാരനായ യൂദായുടെ കാലത്തു് അതായതു് ഏ. ഡി. 6–ൽ നടന്നതായും സർ വില്യം റാംസെ സ്ഥാപിച്ചു പറയുന്നു. അതുകൊണ്ടു ലൂക്കൊ. 2: 2–ൽ കാണുന്ന ചാർത്തൽ ഏ. ഡി. 6–നു മുൻപു നടന്നതും തന്നിമിത്തം ബി. സി. 8–ൽ ആയിരിക്കേണ്ടതും ആകുന്നു.

ക്രിസ്തുവിന്റെ ജനനത്തീയതിയായി മുൻപു ഗണിച്ചുവന്ന ബി. സി. 4 എന്ന കണക്കു് ഇപ്പോൾ മിക്കവാറും യുക്തികമല്ലാതെയാണിരിക്കുന്നതു്. ഇതിനു നിവാരകമായി ചിലർ ബി. സി. 6 എന്നുള്ള അഭിപ്രായത്തോടു് അനുകൂലിക്കുന്നു. കാരണം അതു് ഹേരോദാവിന്റെ മരണത്തിനുമുൻപു രണ്ടു കൊല്ലങ്ങൾ നമുക്കു് അനുവദിക്കുന്നു. ഈ നിഗമനത്തിനുള്ള ന്യായം ഹേരോദാവു 'രണ്ടു വയസ്സും താഴെയുമുള്ള ആൺകുട്ടികളെ' കൊല്ലിച്ചു എന്നുള്ളതാണു്. എന്നാൽ ഈ കൊല ഹേരോദാവിന്റെ മരണത്തിനു വളരെ അടുത്തു നടന്നതായി തെളിവില്ല. നേരെമറിച്ചു യോസഫു മിസ്രയീമിലേക്കു പോയി ഹേരോദാവിന്റെ മരണത്തോളം പാർത്തു എന്നു പറഞ്ഞിരിക്കുന്നതിനാൽ രാജാവിന്റെ മരണത്തിനു മുൻപു് ഒരു ഗണനീയമായ കാലയളവു് ഈ പാർപ്പു സംബന്ധിച്ചു കിട്ടേണ്ടിയിരിക്കുന്നു. അതിനാൽ ക്രിസ്തുജനനം ബി. സി. 8–ലും എജിപ്തിലേക്കുള്ള ഓടിപ്പോക്കു് ഉദ്ദേശം 6–ലും ഹെരോദാവിന്റെ മരണം ബി. സി. 4–ലും എന്നു നിർണ്ണയിച്ചാൽ ആവശ്യപ്പെട്ട സമയം ലഭിക്കുന്നതു കൂടാതെ യുക്തിയുക്തവുമായിരിക്കും.

കേണൽമക്കിൻലെ (Colonel Mackinlay) വിക്ടോറിയാ ഇൻസ്റ്റിട്യൂട്ട ജേർണൽ (Victoria Institute Journal) വാല്യം 41–ൽ കാണിച്ചിട്ടുള്ളതു പോലെ, ബി. സി. 8 എന്ന കാലഗണനത്തെയാണു നവീനപരിശോധനകളും അനുകൂലിക്കുന്നതു്.

സകല യുക്തികളും യോജിച്ചുവരുന്നതും ഈ കാലക്കണക്കിന്മേൽ ആണെന്നു സർ വില്യം റാംസെ വാദിക്കുന്നു. സാൺഡേ, ഫ്ളിൻഡേഴ്സ്, പെട്രി, നിക്കോൾ എന്നീ പ്രഥമസർന്മാരും ചാൻസലർലയാസും. ബി. സി. 8–നോടു് അനുയോജിക്കുന്നവരാണു്. ''അവിതർക്കിതമായും സമകാലികമായുമുള്ള തെളിവുകളും ഒന്നാമത്തെ ജനസംഖ്യയെടുപ്പു, കുറേന്യോസു സുറിയാനാട്ട വാഴുന്ന ബി. സി. 8–ൽ ആണെന്നു പറയുന്ന പക്ഷം അതു് അതിശയോക്തി

---

* A. U. C. = Ab Urbe Condita = റോമകാബ്ദം = റോമാനഗരസ്ഥാപനത്തെ ആസ്പദിച്ചുള്ള വത്സരക്കണക്കു്

യാവുകയില്ല എന്നു കാനൺ നോളിംഗ് (Victoria Institute Journal of Transactions Vol. LXV) പറയുന്നു. The Journeys of Jesus Christ Page 16, 17.

യേശുവിന്റെ ജനനമുഹൂർത്തത്തിൽ ദേവദൂതന്റെ അറിയിപ്പനുസരിച്ച് ഒരു കൂട്ടം ആട്ടിടയന്മാർ പുൽക്കൂട്ടിൽ കിടക്കുന്ന യേശുവിനെ വന്നുകണ്ടതായി സുവിശേഷം ഘോഷിക്കുന്നുണ്ട്. ഇതുപോലെ വിദ്വാന്മാരും പേർഷ്യയിൽ നിന്നോ അറേബ്യയിൽനിന്നോ വന്നു ക്രിസ്തുവിനെ വന്ദിച്ചു മടങ്ങി വന്നതായി പറയുന്നു. ഈ വിദ്വാന്മാർ ഇൻഡ്യയിൽനിന്നുള്ള വിശ്വാമിത്ര മഹർഷി മുതലായവരാണെന്നാണു ചില ഭാരതീയ പണ്ഡിതന്മാരുടെ അഭിപ്രായം

സുവിശേഷകന്മാർ യേശുവിന്റെ ബാല്യചരിത്രത്തിലേക്കു വഴി തുറന്നു തരുന്നില്ല. അപ്പൊക്രിഫാപുസ്തകങ്ങളിൽ ഒട്ടു വളരെ കഥകളും ഉണ്ട്. അവ മൗഢ്യകഥകളാകയാൽ വിശ്വാസയോഗ്യമല്ല. ഹേരോദിന്റെ ഹിംസതന്ത്രത്തിൽനിന്ന് ഒഴിയുന്നതിനുവേണ്ടി എജിപ്തിലേക്ക് ആ ദിവ്യശിശു കൊണ്ടുപോകപ്പെട്ടുകയുണ്ടായി. തിരികെ വന്നശേഷം പന്ത്രണ്ടാം വയസ്സിൽ പെസഹോത്സവാർത്ഥം യറുശലേമിനു പോയി. അവിടെ ദേവാലയത്തിൽ ശാസ്ത്രികളുമായി മതവിഷയങ്ങളെക്കുറിച്ചു സംഭാഷണം നടന്നശേഷം തിരികെപ്പോന്നു. പിന്നീടു മുപ്പതാം വയസ്സുവരെ ഭവനത്തിൽ അനുസരണവും സ്വഭാവഗുണവുമുള്ള പുത്രനായി പാർത്തുവെന്നു പൊതുവായി പറവാൻ മാത്രമേ സുവിശേഷം അനുവദിക്കുന്നുള്ളു.

തദനന്തരം ഈ വിശുദ്ധ പുരുഷനെ നാം കാണുന്നതു യോർദ്ദാൻ നദീതീരത്താണ്. അവിടെ ഒരാഴ്ച പ്രസംഗിച്ചുകൊണ്ടു നില്ക്കുന്നു. പ്രസംഗാവസാനത്തിൽ തന്റെ ഉപദേശം സ്വീകരിച്ചിട്ടുള്ളവർ നദിയിൽ സ്നാനപ്പെടുന്നു. ഈ പ്രസംഗകൻ സഖറിയാ പുരോഹിതന്റെയും പുണ്യവതി ഏലിസബേത്തിന്റെയും പുത്രനായ യോഹന്നാൻ സ്നാപകനാണ്. യുവാവായ യേശു നിഷ്പാപനാണെങ്കിലും പാപികളായ പരീശരും സദ്ദുക്യരും സാമാന്യജനങ്ങളുമെന്നപോലെ മനഃപരിവർത്തനസൂചകമായ ഈ സ്നാനമേല്പാൻ വന്നു നില്ക്കയാണ്. യോഹന്നാൻ യേശുവിനെ മശിഹായെന്നറികയാൽ വിനയാനതനായി തടസ്സം പറഞ്ഞുവെങ്കിലും യേശു അതിനെ ഗണിക്കാതെ നിയമപൂർത്ത്യർത്ഥം അവനാൽതന്നെ നിമജ്ജനം സ്വീകരിക്കയാണുണ്ടായതു

ഇതിന്റെശേഷം സ്വർഗ്ഗീയ പിതാവിനാൽ തനിക്കു നിയോഗിക്കപ്പെട്ടിരുന്ന പരസ്യശുശ്രൂഷയിൽ പ്രവേശിച്ചു ജനസമുദായമധ്യേ മതസംബന്ധമായ പുതിയ തത്വങ്ങളും പ്രകടിപ്പിക്കുന്ന ഒരു ശ്രേഷ്ഠഗുരുവായി പ്രശോഭിച്ചു. സ്വദേശമാകുന്ന നസറേത്തിലും പരിതഃസ്ഥലങ്ങളിലും നടത്തിയ ലളിതകോമളങ്ങളായ പ്രഭാഷണങ്ങളും, ചെയ്ത അഭിജ്ഞാനങ്ങളും അദ്ദേഹത്തിന്റെ ഈശ്വരപ്രേരണയെ തെളിയിച്ചുകൊണ്ടിരുന്നു. പരിസരങ്ങളെ പരിവീക്ഷണം ചെയ്തു ദൃഷ്ടാന്തങ്ങളും രചിക്കുകയും പ്രകൃതി ഗർഭത്തിൽനിന്നു ആത്മതത്വങ്ങളെ പ്രകാശിപ്പിക്കുകയും ചെയ്തുകൊണ്ടു തന്റെ ദിവ്യസന്ദേശത്താൽ ലോകത്തെ അനുഗ്രഹിച്ചു. രോഗനിവാരണം, ക്ഷുദ്രവിതരണം, ആപന്നോദ്ധാരണം എന്നിവയല്ലാതെ ഗർവ്വപ്രകടനത്തിനായി അദ്ദേഹം യാതൊരുത്തവും ചെയ്തിരുന്നില്ല. ഇക്കാലത്തെ മതഡനപ്രസംഗസമ്പ്രദായവും അഭിനന്ദനകാംക്ഷയും പരിത്യജിച്ച കപടഭക്തിയേയും അർത്ഥമില്ലാത്ത മതാചാരങ്ങളെയും ദുഷ്കൃതങ്ങളെയും യേശു കഠിനമായി ശാസിച്ചു. പ്രസംഗങ്ങളിൽ മിക്കതിലും നീതിമാന്മാരെന്നു നടിക്കുന്നവരെ ആക്ഷേപിച്ചിരുന്നു. ജനസമു

ദായത്തിലെ അധഃകൃതന്മാരെ താൻ സ്നേഹിക്കുകയും അവരോട്ടുകൂടി നടക്കയും ഭക്ഷിക്കയും തന്നെക്കൊണ്ട് ആവശ്യമില്ലെന്നു ഭാവിച്ച പുരോഹിതന്മാരുടെ ദുർഗ്ഗർവം, ആദായേച്ഛ, പരനിന്ദ ഇത്യാദിയെ അവൻ എതിർക്കുകയും ഖണ്ഡിക്കുകയും ചെയ്തു. ഏതദ്വീത്യാ, കരുണാമൂർത്തിയും നീതിനിഷ്ഠനുമായ തന്റെ മൂന്നിൽപരം വർഷത്തെ പ്രവാചകശുശ്രൂഷയുടെ പര്യവസാനത്തിൽ മതപ്രധാനികളുടെ പ്രേരണയാൽ യഹൂദന്മാർ ശത്രുക്കളായിത്തീരുകയും ലോകൈകഗുരുവായ അദ്ദേഹത്തെ റോമാഗവർണ്ണറായിരുന്ന പീലാത്തോസിന്റെ ആജ്ഞയാൽ ക്രൂശിച്ചു കൊല്ലുകയും ചെയ്തു. എങ്കിലും പരിശുദ്ധസ്വഭാവിയായ തന്റെ ശത്രുക്കളുടെ സമസ്തദ്രോഹോദ്യമങ്ങളെയും വിഫലീകരിച്ചുകൊണ്ട് മരണത്തിന്റെ ആഴങ്ങളിൽനിന്നു മൂന്നാം ദിവസം ഭഗവാൻ പുനരുത്ഥിതനായി.

അനന്തരം അശ്ലേശ്വര്യസിദ്ധിയടഞ്ഞ ദിവ്യശരീരത്തോട്ടുകൂടി ശിഷ്യന്മാർക്കു പലപ്പോഴും പ്രത്യക്ഷനായി പല കാര്യങ്ങളും ഉപദേശിച്ചുകൊടുക്കയുണ്ടായി. ഒടുവിൽ ബഥാന്യമലമ്പുറത്തു അവരെക്കൂട്ടി ലോകോദ്ധാരകമായ മഹാസന്ദേശം നല്കി കൈ ഉയർത്തി അവരെ അനുഗ്രഹിച്ചശേഷം തന്റെ മുപ്പത്തിമൂന്നരസംവത്സരത്തെ നിവാസഭൂമിക്കു യാത്രചൊല്ലി, കണ്ണീർ തൂകുന്ന ശിഷ്യന്മാരുടെ ദൃഷ്ടികളും ഉൽക്കണ്ഠയോടെ നോക്കിക്കൊണ്ടിരിക്കെ മേലോട്ട് എടുക്കപ്പെടുകയും ഒരു മേഘപടലത്താൽ അന്തർഹിതനാകയും ചെയ്തു.

അദ്ധ്യായം നാല്

സഭയുടെ അഭിവൃദ്ധികരമായ സംഭവങ്ങൾ

ഭഗവാൻ ശ്രീയേശുനാഥൻ സ്വർഗ്ഗാരോഹണം ചെയ്ത പത്തുദിവസം കഴിയുമ്പോഴേക്കും തന്റെ നിർദ്ദേശാനുസരണം യെരുശലേമിൽ കാത്തിരുന്ന സ്ത്രീപുരുഷന്മാർ അടങ്ങിയിട്ടുള്ള ശിഷ്യസംഘത്തിൽ വിശുദ്ധാത്മാവിന്റെ വിസ്മയകരമായ വർഷണമുണ്ടായി. തന്നിമിത്തം അവരുടെ മാനസികശക്തി വികസിക്കുന്നതിനും ബലപ്പെടുന്നതിനും സാധിച്ചു എന്നുമാത്രമല്ല തങ്ങൾക്കുള്ള സർവ്വേശ്വരപ്രേഷണം ലോകത്തെ സമ്മതിപ്പിക്കത്തക്കവണ്ണം അത്ഭുതങ്ങളും പ്രവർത്തിക്കുന്നതിനുള്ള പ്രാപ്തിയും, ഇതിനുപുറമേ ലോകം ഒട്ടുക്കും സുവിശേഷം പ്രചരിപ്പിക്കേണ്ട ഭാരം ഇവർക്കുണ്ടായിരുന്നതിനാൽ ദേശാന്തരങ്ങളിലുള്ള ദോഷകളുടെ പരിപൂർണ്ണനൈപുണ്യവരവും ലഭിച്ചു.

ആത്മാവിന്റെ അവരോഹണദിവസം പത്രോസ്, വിസ്മിതരായി തങ്ങളുടെ അടുക്കലേക്ക് ഓടിവന്ന ജനങ്ങളോട് ക്രിസ്തുയേശുവിനെക്കുറിച്ചുള്ള സചരിതം പ്രസംഗിച്ചു. അതിന്റെ ഫലമായി മൂവായിരംപേർ മനസ്സുതിരികയും അങ്ങനെ സഭ സംഘടിതമാകയും ചെയ്തു. മനസ്സു തിരിഞ്ഞ മൂവായിരം ആളുകളും ഉടൻ സ്നാനകർമ്മത്തിനു വിധേയപ്പെട്ടു. ഇങ്ങനെ സ്നാനപ്പെട്ടവർ **അപ്പോസ്തലോപദേശം കേട്ടും കൂട്ടായ്മ ആചരിച്ചും, അപ്പം നുറുക്കിയും പ്രാർത്ഥന കഴിച്ചുംപോന്നു.** ഈദൃശമായിരുന്ന ക്രൈസ്തവസഭയുടെ ആരംഭം.

പെസഹോത്സവത്തിനു വന്നുകൂടിയ വളരെ പാരദേശികന്മാർ ക്രിസ്തുവിശ്വാസത്താൽ സന്തോഷമാനസരായി വിശുദ്ധ സംസർഗ്ഗത്തിലും ദൈവധ്യാനത്തിലും ഉറച്ചിരുന്നുകൊണ്ട് ഊഹിച്ചിരുന്നതിലധികം ദിനങ്ങളും യെരുശലേമിൽതന്നെ പാർത്തു. ഇവരുടെയും സ്വദേശികളായ ദരിദ്രന്മാരിൽനിന്നു സഭോഗങ്ങളായിത്തീർന്ന പലരുടെയും പരിപോഷണഭാരം മറ്റു സഭോഗങ്ങൾക്കായിരുന്നതിനാൽ തങ്ങളുടെ വസ്തുക്കൾ വിറ്റു മുതൽ ഒന്നിച്ചു കൂട്ടുന്നതിനു് ആവശ്യമുണ്ടായി. ഈ സംഘം യഹൂദസഭയിൽ നിന്നുള്ള ഒരു പിരിവു് എന്നല്ലാതെ, യഹൂദമതത്തെ വെല്ലുവിളിക്കാൻ പോകുന്ന ഒരു പ്രത്യേക ജനസംഘമായിത്തീരുമെന്നു് ആർക്കും തന്നെ ആദിയിൽ തോന്നിയിരുന്നില്ല. ഇവർ പഴയപടി ദേവാലയമണ്ഡപങ്ങളിൽ പോയി പ്രാർത്ഥിക്കുകയും മറ്റും ചെയ്തുവന്നു.

ഡാക്ടർ ഗുണ്ടർട്ട് (Dr. Gundert) എന്ന സഭാചരിത്രകാരൻ അപ്പോസ്തലസ്ഥാപിതമായ ഈ ആദ്യസഭയെക്കുറിച്ചു താഴെ വരുംപ്രകാരം പറയുന്നു. ''അങ്ങനെ യെരുശലേം പട്ടണത്തിലുണ്ടായ ആദ്യസഭ, കളയില്ലാത്ത ധാന്യനിലംപോലെയായി. അവർ ഒരാത്മാവും ഒരു ശരീരത്തിൽ അവയവങ്ങളും ആയി വാണുകൊണ്ട്, തമ്മിൽ സ്നേഹിച്ചു മനുഷ്യരെ അല്ല, ദൈവത്തെ അനുസരിച്ചുകൊള്ളണം എന്നുറച്ചു കർത്താവിനെ മഹത്വപ്പെടുത്തി നടന്നു. ധനവാന്മാർ ഓരോന്നു വിറ്റുകൊണ്ടു വില സഭാസ്വം ആക്കി നിത്യച്ചെലവു പന്തിരുവരും പിന്നെ 7 ശുശ്രൂഷക്കാരും നടത്തേണ്ടിവന്നു. പ്രാർത്ഥനകൂടാതെ ദിവസേന വന്നുചേരും. ഒരുമിച്ചു ക്ഷേമിക്കുമ്പോൾ കർത്തൃജനം കൂടെ കൊണ്ടോടും ഒരുത്തനിൽ നടപ്പുദോഷം കണ്ടാൽ അവനോടു ബുദ്ധി

പറയും; കേൾക്കാതിരുന്നാൽ പുറത്താക്കും. (അപ്പൊ. പ്ര. 2: 42–47) ചേരുവാൻ ഭാവിക്കുന്നവനോട് 'യേശു എന്നവൻ പഴയ നിയമത്തിൽ പറഞ്ഞ അഭിഷിക്തൻ (മശിഹാ), തന്നെയോ എന്നു ചോദിക്കും. അനുസരിച്ചാൽ സ്നാനം കഴിപ്പിക്കും. ക്രൂശികൽ തൂങ്ങിയവൻ കർത്താവെന്നും രാജാവെന്നും അംഗീകരിക്കുന്നതു പ്രാകൃതയഹൂദന്മാരാൽ വരാത്ത കാര്യമാകകൊണ്ടു, ജനങ്ങൾ വെറുതെ സഭയിൽ കൂടേണ്ടതിനു അപ്പോൾ സംഗതിയില്ലാഞ്ഞു.''

ക്രിസ്തസഭാചരിത്രം പുറം 2

സി. എം. എസ്. പാസ്റ്ററായ റവ. ഇ. വി. ജോൺ തന്റെ സഭാചരിത്രത്തിൽ ഇങ്ങനെ പറയുന്നു:—''പെന്തിക്കോസ്തു സഭ ആത്മികമായും സ്വാതന്ത്ര്യമായും ഉള്ള ഒരു സഭയായിരുന്നു. അന്നത്തെ കാഴ്ചയിൽ ഒരു സഹോദരസമാജം എന്നല്ലാതെ അതുതന്നെ പുരോഹിതാധിപത്യം എന്നു പറയുവാൻ എളുപ്പമില്ലാഞ്ഞു. അതുപോലെതന്നെ ബാഹ്യാചാരനിയമങ്ങളുടെ ഒരു കെട്ട് എന്നല്ല ഒരു ജീവസമൂഹം എന്നതത്രെ അതിനെക്കുറിച്ച് അധികമായി വിചാരിപ്പാൻ വഴിയുണ്ടായിരുന്നു. അതു് ഒരു രാജ്യമായിരുന്നു നിശ്ചയം. ആ രാജ്യം ക്ഷേണവും പാനീയവും അല്ല നീതിയും സമാധാനവും പരിശുദ്ധാത്മാവിൽ സന്തോഷവും അത്രെ. സൂക്ഷ്മമായി പറയുമ്പോൾ അതു ക്രിസ്തുവിൽ ഐക്യത പ്രാപിച്ചിരിക്കുന്ന സ്ത്രീപുരുഷന്മാരുടെ ഒരു വിശുദ്ധ സമുദായം മാത്രമായിരുന്നു. അതിൽപെട്ട സകലരും വിശ്വാസത്തിന്റെയും സ്നേഹത്തിന്റെയും വിശുദ്ധ സംസർഗ്ഗത്തിൽ സഹവസിച്ചും പോന്നു.''

സഭാചരിത്രം പുറം 27.

ഇങ്ങനെയിരിക്കെ ഉപദ്രവങ്ങളുടെ പെരുങ്കാറ്റു സഭയുടെ നേരെ അടിക്കാൻ തുടങ്ങി. സ്തെഫാനോസ് (A. D. 35) എന്ന ശുശ്രൂഷകൻ രക്തസാക്ഷികളിൽ മുമ്പനായി മരിച്ചു. ഈ പീഡയാൽ അപ്പോസ്തലന്മാരൊഴികെ ഇതരദേശികളായ വിശ്വാസികളും മുഴുവൻ യെരുശലേമിൽനിന്നു യാത്രയായി. അവർ പോയ സ്ഥലങ്ങളിൽ സുവിശേഷം ഘോഷിച്ചുകൊണ്ടത്രെ സഞ്ചരിച്ചതു്. അതിനാൽ യെരുശലേം സഭയാകുന്ന മഹാ വൃക്ഷത്തെ ഉപദ്രവത്തിന്റെ പ്രചണ്ഡവാതം അടിച്ചുലച്ചതിനാൽ അതിന്റെ ചില്ലകളിൽ തൂങ്ങിയിരുന്ന നിത്യജീവന്റെ ബീജങ്ങളും ദൂരതരങ്ങളായ സ്ഥലങ്ങളിൽ ചെന്നു വീഴുകയും തൽഫലമായി അവിടവിടെ ക്രൈസ്തവസഭകളും മുളയ്ക്കയും ചെയ്തു. ഇക്കൂട്ടത്തിൽ റോമയിലെ ആദിമസഭ പെന്തിക്കോസ്തിൽ ഉണ്ടായിരുന്ന 'റോമയിൽനിന്നു വന്നുപാർക്കുന്ന' (പ്രവൃ. 12: 10) വരുടെ വേലയാൽ ഉണ്ടായിട്ടുള്ളതാണെന്നു് അനുമാനിക്കാം.

ശുശ്രൂഷകന്മാരിൽ ഒരുവനായ ഫിലിപ്പോസ് ശമര്യയാനാട്ടിൽ സുവിശേഷം അറിയിച്ചതിനാൽ അവിടെ ഒരു സഭയുണ്ടായി. രാജ്ഞിയുടെ ഭണ്ഡാരവിചാരകനായ എത്യോപ്യ മന്ത്രിയെ ഫിലിപ്പോസ് കണ്ടു സംഭാഷിച്ചതിന്റെ ഫലമായി ആഫ്രിക്കയിലെ അബ്സീനിയൻ സഭയ്ക്കു് അടിസ്ഥാനം ഇടുന്നതിനും സംഗതിയായി. അപ്പോസ്തലന്മാർ യഹൂദന്മാരെ മാത്രം സുവിശേഷശാലയിൽ പ്രവേശിപ്പിച്ചുകൊണ്ടിരിക്കെ ഇസ്രയേലിനും ജാതിക്കും ഇടയിലുള്ള മതിൽ പൊളിച്ചു കൊന്നൊല്യോസിനെ സഭയിൽ ചേർത്തുകൊണ്ടുവാൻ ദൈവകല്പനയുണ്ടായി. ഈ പുതിയ കൃത്യം പത്രോസാണു നിവൃത്തിച്ചതെങ്കിലും ജാതികൾക്കുവേണ്ടി അവരുടെ തത്വശാസ്ത്രങ്ങളിലും യഹൂദധർമ്മ നിയമങ്ങളിലും ഒരുപോലെ പാണ്ഡിത്യമുള്ള ഒരു അപ്പൊസ്തലൻ ഉണ്ടാകേണ്ടതു് ആവശ്യമായിരുന്നു. ഈ ആവശ്യനിവൃത്തിക്കായി പൗൽ എന്നു വിളിക്കപ്പെടുന്ന ശൗൽ, ഭഗവാൻ ക്രിസ്തുവിനാൽ തന്നെ

ഉണ്ടായ്പ്പെട്ടു. (A. D. 36) യേശു ശൗലിനു നേരിട്ടു പ്രത്യക്ഷീഭവിക്കയാണു ചെയ്തതു്. പത്രോസ് പ്രഥമതികനും, അപ്പൊസ്തലസംഖ്യ പൂരണം ചെയ്വാൻ മത്തിയാസിനെ ചീട്ടിട്ടു തെരഞ്ഞെടുത്തുവെങ്കിലും പന്ത്രണ്ടാം അപ്പോസ്തലനായി കർത്താവു താൻതന്നെ തെരഞ്ഞെടുത്തതു് ഈ ധീരനായ ശൗലിനെ ആണെന്നു ഗ്രഹിപ്പാൻ യാതൊരു പ്രയാസവുമില്ല.

പൗലൊസ് എന്ന പേരിൽ അറിയപ്പെട്ടന്ന ഈ ശൗലിന്റെ ജീവചരിത്രത്തിലുള്ള പ്രധാന സംഭവങ്ങൾ യഥാക്രമം താഴെ കാണിക്കുന്നു.

സർ വില്യം റാംസേ (Sir William Ramsay) യുടെ കണക്കനുസരിച്ചു്

		A. D.
പൗലൊസിന്റെ മനസ്സു തിരിവു്	പ്രവൃ. 9: 1–16.	32 or 33
യരുശലേമിലേക്കുള്ള ഒന്നാം യാത്ര	ഗലാ. 1: 18 പ്ര. 9; 26.	33–35.
പൗലിന്റെ അന്ത്യോക്യ സന്ദർശനവും ക്രിസ്ത്യാനികനും എന്നുള്ള നാമധേയലബ്ധിയും	പ്രവൃ. 11: 19–26.	43–44.
ക്ഷാമവും പൗലൊസിന്റെ രണ്ടാം യരുശലേം യാത്രയും	പ്രവൃ. 21: 30. ഗലാ. 2: 1.	45–46.
പൗലൊസിന്റെ ഒന്നാം മിഷനറി യാത്ര	പ്രവൃ. 13: 4–14, 26.	47–49.
പൗലൊസിന്റെ മൂന്നാം യരുശലേം യാത്രയും അപ്പോസ്തലിക സുന്നഹദോസും	പ്രവൃ. 15: 1–29.	49–50.
പൗലൊസിന്റെ രണ്ടാം മിഷ്യനറി യാത്ര	പ്രവൃ. 15: 36–18: 22.	50–53.
റോമയിൽനിന്നുള്ള യഹൂദ ബഹിഷ്ക്കരണവും പൗലൊസിന്റെ കൊരിന്ത്യാഗമനവും	പ്രവൃ. 18: 1, 2.	52.
പൗലൊസിന്റെ നാലാം യരുശലേം യാത്രയും അന്ത്യോക്യയിലേക്കുള്ള തിരിച്ചുവരവും	പ്രവൃ. 18: 22.	53.
പൗലൊസിന്റെ മൂന്നാം മിഷ്യനറി യാത്ര	പ്രവൃ. 18: 23–21: 16.	53–57.
യരുശലേമിലേക്കുള്ള അഞ്ചാം യാത്ര	പ്രവൃ. 21: 17–23.	30–57.
കൈസറിയായിലെ തടവും റോമയിലേക്കുള്ള യാത്രയും	പ്രവൃ. 23: 31–26: 32.	58–59.
റോമയിലെ തടവു്.....	പ്രവൃ. 27: 28.	60–61.
പൗലൊസിന്റെ മരണം.....	.....	67.

പൗലൊസിന്റെ ലേഖനങ്ങളുടെ അനുക്രമവും കാലവും

		എഴുതിയതു് എവിടെ നിന്നു് ?	എഴുതിയ കാലം.	
1	തെസ്സലോനീക്യർ	കൊരിന്തു്	52	
2	തെസ്സലോനീക്യർ	,,	53	
	ഗലാത്യർ	അന്ത്യോക്യ	57	
1	കൊരിന്ത്യർ	എഫെസൂസു്	57	ഒന്നാമത്തേതു് എഴുതി 6 മാസം കഴിഞ്ഞു്
2	കൊരിന്ത്യർ	ഫിലിപ്പി	57	
	റോമർ	കൊരിന്തു്	58	
	എഫെസ്യർ	റോമ	62	
	ഫിലിപ്യർ	റോമ	62	
	കൊലോസ്യർ	റോമ	62	
	ഫിലമോൻ	റോമ	62	
	എബ്രായർ	ഇറലി	68	
1	തിമോഥി	മക്കദോനിയ	67	
	തീത്തുസു്	മക്കദോനിയ	68	
2	തിമോഥി	റോമ	68	

(Larkin)

ക്രിസ്തുഭക്തന്മാർ യറുശലേം വിട്ട പല രാജ്യങ്ങളിൽ കൂടി സഞ്ചരിച്ചു സല്പകാലംകൊണ്ടു് അവിടവിടെ വളരെ സഭകളും സ്ഥാപിച്ചു. അവയിൽ ചുരുക്കംചില സഭകളുടെ പേർ മാത്രമേ പ്രവൃത്തികളുടെ പുസ്തകത്തിൽ കാണിച്ചിട്ടുള്ള. മറ്റുള്ളവയെക്കുറിച്ചു തീച്ചയായി യാതൊന്നും അറിവാൻ പാടില്ല. അപ്പോസ്തലന്മാരും അവരുടെ അനുഗാമികളും എവിടെയെല്ലാം സഞ്ചരിച്ചു, ഏതെല്ലാം ജാതികളുടെ ഇടയിൽ പ്രസംഗിച്ചു, എപ്പോഴും മരിച്ചു എന്നുള്ളതു വിശ്വാസയോഗ്യമായ രേഖകളാംകൊണ്ടു സ്ഥാപിക്കപ്പെട്ടിട്ടില്ല. 'ഗോഥസു് ബ്രിട്ടൻസു്, സ്പാനിയാർഡുസു്, ജർമ്മൻസു്, അമേരിക്കർ, ചൈനാക്കാർ, ഇൻഡ്യാക്കാർ, റഷ്യാക്കാർ എന്നിവരുടെ ഇടയിൽ അവർ സഞ്ചരിച്ചതായി പറയപ്പെടുന്ന കഥകളും സത്യസ്നേഹികളായ അന്വേഷണബുദ്ധികളാകട്ടെ സ്വീകരിച്ചുകൂടാതവണ്ണം അത്ര നവീനവും അന്തസ്സാരശൂന്യവുമാകുന്നു. ഈ കെട്ടുകഥകളിൽ അധികഭാഗവും ചാർലിമയിൻ രാജാവിന്റെ കാലശേഷം ഉണ്ടായിട്ടുള്ളതാണു്. പഴയ കാലങ്ങളിൽ അക്കാറിയക്കാർ, ഈജിപ്തുകാർ, ഗ്രേക്കർ മുതലായവർ തങ്ങളുടെ പുരാതനത്വത്തെക്കുറിച്ചു വൃഥാവാദം ചെയ്തതുപോലെ പ്രസ്തുതകാലത്തു ക്രിസ്തീയ സഭകളിൽ ഭ്രമപക്ഷവും തങ്ങളുടെ പ്രാചീനത്വത്തിനുവേണ്ടി വളരെ എരിവോടു വാദിച്ചിരുന്നു' എന്നിങ്ങനെ ഡോക്ടർ മോഷീം പറയുന്നു. അപ്പൊസ്തലന്മാരുടെ അന്ത്യചരിത്രം നമുക്കു ലഭിച്ചിട്ടില്ലെങ്കിലും താഴെ പറയുന്നതു് ഒരുവിധം വിശ്വസിക്കാവുന്നതാണെന്നത്രെ മൊഷീമിന്റെ സഭാചരിത്രം ഭാഷാന്തരീകരിച്ച ഡോക്ടർ ഡോക്കിന്റെ അഭിപ്രായം. 'പത്രോസു് യഹൂദിയായിലും, സുറിയായിലെ മറ്റു പ്രദേശങ്ങളിലും വളരെ നാൾ പ്രസംഗിച്ച ശേഷം ബാബിലോൺ, ഏഷ്യാമൈനർ എന്നീ സ്ഥലങ്ങളും സന്ദർശിക്കുകയും, ഒടുവിൽ* റോമയിൽവെച്ചു ക്രൂശിക്കപ്പെടുകയും ചെയ്തു. പൗലൊസു് പ്രവൃ

---

* പത്രോസു് തലകീഴായി കുരിശിക്കപ്പെട്ടു എന്നാണല്ലോ ഐതിഹ്യം. പത്രോസിനെ ഒടുവിലായി നാം ബാബിലോണിൽ കാണുന്നതുകൊണ്ടും ബാബിലോന്യർ, മേദ്യർ, പാർത്യർ, പേർഷ്യർ എന്നീ ജാതികളുടെ ഇടയിൽ ക്രൂശീകരണം തലകീഴായിട്ടായിരുന്നതുകൊണ്ടും പത്രോസു് ബാബിലോണിൽ വച്ചു മരിച്ചു എന്നു ഊഹിക്കുന്നതാണു് അധികം ശരിയായിട്ടുള്ളതു .

ത്തികളുടെ പുസ്തകത്തിൽ കാണുന്ന സ്ഥലങ്ങളിൽ സഞ്ചരിച്ചു പ്രസംഗിച്ച ശേഷം വീണ്ടും യഹൂദിയ, ഏഷ്യാമൈനർ, ഗ്രീസ് എന്നിവ സന്ദർശിക്കുകയും, റോമയിലേക്കു രണ്ടാമതു വന്നു 67—ലോ, 68—ലോ ശിരഛേദം ചെയ്യപ്പെടുകയും ചെയ്തു.

യോഹന്നാൻ യഹൂദിയായിൽ വളരെ വർഷങ്ങൾ താമസിച്ചുവെങ്കിലും ഒടുവിൽ എഫേസോസിലേക്കു മാറി. വളരെ വൃദ്ധനായി ഉദ്ദേശം 100—ാമണ്ടു മരിച്ചു. ഇദ്ദേഹം 95—ൽ ആണു ഡോമീഷ്യൻ കൈസരാൽ നാടുകടത്തപ്പെട്ടതു. യോഹന്നാന്റെ സഹോദരനായ യാക്കോബിനെ ഉദ്ദേശം ക്രിസ്തുവർഷം 44—ൽ ഹെരോദേ അഗ്രിപ്പാ കൊന്നു. (പ്രവൃ. 12: 1.) അല്പായുടെ പുത്രനായ ചെറിയ യാക്കോബ് * യറുശലേം സഭയുടെ മൂപ്പനായി വളരെക്കാലം ഇരുന്നശേഷം യറുശലേം നാശത്തിനു സ്വല്പനാളുകൾക്കു മുമ്പു രക്തസാക്ഷിയായി മരിച്ചു. അന്ത്രയോസ് ഇപ്പോഴത്തെ കോൺസ്റ്റാന്റിനോപ്പിളിനു സമീപമുള്ള കരിങ്കടലിന്റെ തീരങ്ങളിലും പക്ഷെ ഗ്രീസിലും വേല ചെയ്തു തന്റെ ഓട്ടം അവസാനിപ്പിച്ചു. ഫിലിപ്പോസ് ഫ്രിഗിയായിലെ ഹൈറാപ്പോലിസിൽ വച്ചു മരിച്ചതായി പറയപ്പെട്ടിരിക്കുന്നു. (ഇതു അപ്പൊസ്തലനായ ഫിലിപ്പോസ്സോ സുവിശേഷകനായ ഫിലിപ്പോസോ എന്നു നിർണ്ണയിപ്പാൻ പ്രയാസം).

പാർത്യാ, മീഡിയാ, പേർഷ്യാ, ഇൻഡ്യാ, എന്നീ ദേശങ്ങളിലേക്കു വിശുദ്ധ തോമസു പോയതായി വിചാരിക്കാം. ബർത്തോല്യായി കുറേക്കൂടി തെക്കോട്ടു സഞ്ചരിച്ചു് അറേബിയായിൽ പ്രസംഗിച്ചു. മത്തായി കിഴക്കോട്ടു യാത്ര ചെയ്തു് ഇപ്പോഴത്തെ പേർഷ്യയിൽ എത്തിയതായി പറയപ്പെട്ടിരിക്കുന്നു. എരിവുകാരനായ ശിമോനെക്കുറിച്ചു യാതൊരറിവും കിട്ടിയിട്ടില്ല.

ലേഖനമെഴുത്തുകാരനായ യാക്കോബിൻ സഹോദരൻ യൂദാ, സിറിയായുടെ വടക്കുള്ള എഡേസ്സായിൽ പ്രസംഗിച്ചതായി പറയപ്പെടുന്നു. അപ്പൊസ്തല സഹചാരിയായിരുന്ന തിമോഥിയോസ് ഒടുവിൽ എഫെസോസിൽ താമസിക്കുകയും ഡോമീഷ്യന്റെയൊ നീറോയുടെയോ കാലത്തു രക്തസാക്ഷി മരണം പ്രാപിക്കയും ചെയ്തു. ഇങ്ങനെയാണു ഡോക്ടർ മർഡോക്കു ശ്രീഹന്മാരുടെ അന്തിമവൃത്താന്തം പറയുന്നതു.

ഈ ഒന്നാറാണ്ടിന്റെ അവസാനമായപ്പോഴേക്കു ക്രിസ്തുമതത്തെ പരിപൂർണ്ണമായി കൈക്കൊൾവാൻ കഴിയാത്ത ജാതികൾക്കു ക്രിസ്തു ഒരു പുണ്യപുരുഷനും ഒരു ദേവാവതാരവും ആണെന്നു് അഭിപ്രായമുണ്ടായതിനാൽ അവർ ക്രിസ്തുവിനേയും തങ്ങളുടെ ദേവന്മാരുടെ കൂട്ടത്തിൽ ഗണിച്ചുതുടങ്ങി എന്നുള്ളതിനു തെളിവു കാണുന്നുണ്ടു്. ഇതു ക്രിസ്തുവിന്റെ ഉപദേശവിശുദ്ധിയും ജീവിതപവിത്രതയും കൊണ്ടാണെന്നു പറയേണ്ടല്ലൊ. അനേകർ തങ്ങളുടെ ഭവനങ്ങളിൽ ക്രിസ്തുവിന്റെയും അപ്പൊസ്തലന്മാരുടെയും പടങ്ങൾ ആദരപുരസ്സരം സൂക്ഷിച്ചിരുന്നു. തിബറിയോസ് ചക്രവർത്തിക്കു് റോമയിലെ ദേവന്മാരുടെ ലിസ്റ്റിൽ ക്രിസ്തുവിന്റെ പേരുകൂടി ചേർത്താൽ കൊള്ളാമെന്നു് ആഗ്രഹം ഉണ്ടായിരുന്നുവെങ്കിലും സെനറ്റുകാർ അതു സമ്മതിച്ചതായി കാണുന്നില്ല.

വളരെ സാധുക്കളും, വിദ്യാവിഹീനരും ലൗകികമായ യാതൊരു ശേഷിയും ഇല്ലാതിരുന്നവരുമായ ദരിദ്രന്മാരായ ഗലീലക്കാർക്കും അവരുടെ അനുഗാമികൾക്കും ഭയങ്കരമായ പീഡകളുടെ നടുവിൽ ഈ മതത്തെ ഇത്രയ

---

* യറുശലേം സഭയുടെ മൂപ്പനായിരുന്നതു് അല്പായുടെ പുത്രനായ ചെറിയ യാക്കോബല്ല, പ്രത്യുത, കർത്താവിന്റെ സഹോദരനായ യാക്കോബത്രെ. ഇതാണു് എത്രയും നവീനമായ അഭിപ്രായവും ശ്രുതിയുക്തികൾക്കു ചേരുന്നതും.

ധികം രാജ്യങ്ങളിൽ പരത്തുവാൻ സാധിച്ചതു സ്വാഭീയശക്തികൊണ്ടെന്നല്ലാതെ മറെറാന്നും പറവാനില്ല. രാജാക്കന്മാർപോലും അസഹായന്മാരായ ഈ ക്രിസ്ത്യാനികളെ വേട്ടയാടിക്കൊണ്ടിരിക്കെ ജനസാമാന്യം തങ്ങളുടെ ദുഷ്ടിക്കു പ്രാചീനവും സ്വജനമാന്യവും ആയ സ്വന്തമതം ഉപേക്ഷിച്ച് ഈ നൂതനസംഘത്തോടു ചേരണമെങ്കിൽ ദിവ്യശക്തിയുടെ ഒരു വലിയ അഭിഷേകം സ്വശക്തനിൽനിന്ന് അക്കാലത്തെ സഭയ്ക്കു ലഭിച്ചിരിക്കണം എന്ന നിഷ്പക്ഷവാദം നമുക്കെന്തുമാനിക്കാവുന്നതാണ്. അത്ഭുതങ്ങളും, അടയാളങ്ങളും, വരും കാര്യങ്ങളെ മുൻകൂട്ടി പറവാനുള്ള ശക്തി, ഗൂഢാലോചനകളുടെ വെളിപ്പെടുത്തൽ, അത്യാപത്തുകളുടെ മുമ്പിലും മനസ്സിന്റെ വിസ്മയകരമായ സ്ഥിരത, ആശാനിഗ്രഹം, ആത്മപരിത്യാഗം, ധൈര്യത്തോടും ക്ഷമയോടും പീഡ സഹിപ്പാനുള്ള ഒരുക്കം, മരണത്തെ അതിനിസ്സാരമായി എണ്ണുക, കളങ്കമറെറ പരിശുദ്ധജീവിതം എന്നിവയത്രെ ക്രിസ്തുമതത്തിനു പോക്കളത്തിൽ വിജയപ്രദായകമായിരുന്ന മുഖാന്തരങ്ങൾ. വാളുകൊണ്ടു സ്ഥാപിച്ച മഹമ്മദീയരുടെ സംഖ്യയെക്കാൾ, ശാന്തതകൊണ്ടും, ക്ഷമകൊണ്ടും, സഹിഷ്ണുതകൊണ്ടും മാസ്റ്റർസ്ഥാപനംചെയ്ത ക്രിസ്തുമതാനുവർത്തികളുടെ സംഖ്യ എത്രയോ വലുതായിരിക്കുന്നു എന്നു ഇന്നു ലോകമൊട്ടുക്കുള്ള മതാവലംബികളുടെ കണക്കിൽനിന്നു വെളിപ്പെടുന്നുണ്ട്.

പത്രോസും റോമയും

റോമയുടെ കൈവെപ്പു പത്രോസിൽ നിന്നാണെന്നും പത്രോസ് അവിടെ ഇരുപത്തിഅഞ്ചു വർഷം ഭരിച്ചുവെന്നും റോമ സഭ വിശ്വസിക്കുന്നു. ഇതു് അടിസ്ഥാനമില്ലാത്ത വാദമത്രെ. കാരണം പത്രോസു് എപ്പോഴെങ്കിലും റോമയിൽ ചെന്നതായി ഒരു വാക്യത്തിന്റെ ചുരുക്കപോലും നാം വേദത്തിൽ കാണുന്നില്ല.

പത്രോസിനെക്കുറിച്ചു് ഏറെറം തീർച്ചയായി അറിയാവുന്ന അന്ത്യവാർത്ത ഗലാ. 2: 11–14–ൽ കാണിച്ചിട്ടുള്ള അന്ത്യോക്യയിലെ സംഭവമാകുന്നു. ഇതിനടുത്ത ചരിത്രസംബന്ധമായി കാണുന്ന പ്രസ്താവന റോമയിലെ ക്ലെമന്തിന്റെതാണു്. എന്നാൽ ക്ലെമന്തിന്റെ പ്രഖ്യാപനത്തിൽ പത്രോസിന്റെ റോമ യാത്രയെക്കുറിച്ചോ റോമയിലെ മരണത്തെപ്പററിയൊ ഒന്നും കാണുന്നില്ല. പ്രത്യുത പത്രോസും കഷ്ടമനുഭവിച്ചു മരിച്ചുവെന്ന മാത്രമെ അതിൽ പറയുന്നുള്ളൂ.

ഐതിഹ്യത്തെ അടിസ്ഥാനപ്പെടുത്തി നോക്കുന്നപക്ഷം ഏതദ്വിഷയമായി രണ്ടുതരം ഐതിഹ്യങ്ങളുണ്ടു്. അതിലൊന്നു പത്രോസിന്റെ വേല പാശ്ചാത്യരാജ്യങ്ങളിലായിരുന്നു എന്നുള്ളതും മറെറതു പൗരസ്ത്യഭൂമിയിൽ ആയിരുന്നു എന്നുള്ളതുമാണു്.

ക്ലെമന്തിന്റെ ലേഖനത്തിൽ കാണുന്ന ഈ വാചകങ്ങളും തന്നെ കോട്ടാലീരിയസ്, ഗാലൻഡി എന്നീ നിരൂപകന്മാരുടെ അഭിപ്രായത്തിൽ കപടനിവേശിതങ്ങളാണു്. അതിനു് അവർ പറയുന്ന ന്യായം പത്രോസും പൗലോസും റോമയിൽ വച്ചു് എ. ഡി. 67–ലൊ 68–ലൊ മരിച്ചുവെന്നുള്ളതു വാസ്തവമായിരുന്നാൽ അതു ക്ലെമന്തു നേരിട്ടു കണ്ടിരിക്കണമെന്നും, എന്നാൽ ഖ്യാപനത്തിന്റെ രൂപം ദൃക്സാക്ഷിയായ ഒരാളും പറയുന്ന വിധത്തിലല്ലെന്നുമാണു്. കാലക്രമത്തിൽ ഇതിനടുത്തുവരുന്നതു ഇഗ്നാത്യോസിന്റെ ലേഖനമാണു്. അതിലും പത്രോസിനെക്കുറിച്ചും പൗലൊസിനെക്കുറിച്ചും പറയുന്നുണ്ടെങ്കിലും റോമയോടു ഇവരുടെ പേരുകളും സംഘടിപ്പിച്ച യാതൊന്നും പറയുന്നില്ല. പിന്നീടു വിവാദവിഷയത്തിനു തെളി

വായി റോമസഭ ഉദ്ധരിക്കുന്നത പാപ്പിയാസിന്റെ പ്രസ്താവനയാണ്. ഈ പ്രസ്താവന പത്രോസിന്റെ റോമയാത്രയെപ്പറ്റിയാണോ, മർക്കോസിന്റെ സുവിശേഷത്തെപ്പറ്റിയാണോ എന്ന തീരുമാനിപ്പാൻ കഴിയാത്തവിധത്തിൽ ദ്വയാർത്ഥകമാകുന്ന. മാത്രമല്ല, പാപ്പിയാസ് ഗ്രാഹ്യശക്തിയില്ലാത്തവനാണെന്നും കെട്ടകഥകളെ യഥാർത്ഥ സംഭവങ്ങൾ എന്നപോലെ എഴുതുന്നവനായിരുന്ന എന്നും ആദ്യസഭാചരിത്രകാരനായ യുസീബിയസ് പറയുന്ന. ഇതിനും പുറമെ പാപ്പിയാസിന്റെ പുസ്തകംതന്നെ ഇന്ന ലോകത്തിലില്ല. നാലാം നൂറാണ്ടിൽ ജീവിച്ചിരുന്ന മേല്പറഞ്ഞ യുസീബിയസ് തന്നെ പത്രോസ റോമയിലേക്ക പോയി എന്നുള്ളതിനെ ഒരൈതിഹ്യമായിട്ടാണ പറഞ്ഞിട്ടുള്ളത്. ഇതെല്ലാംകൊണ്ടും പാപ്പിയാസിന്റെ തെളിവു, തെളിവില്ലെന്ന നിർദ്ദാക്ഷിണ്യം വിധിക്കാവുന്നതാണ്.

ക്ലെമന്തു പത്രോസിനെയും പൗലൊസിനെയും വ്യത്യാസപ്പെടുത്തി, പൗലൊസ് കീഴക്കും പടിഞ്ഞാറും വേലചെയ്തുവെന്ന പറയുമ്പോഴം പത്രോസിനെക്കുറിച്ച് അങ്ങിനെ പറഞ്ഞിട്ടില്ലായ്കയാൽ അദ്ദേഹം പടിഞ്ഞാറു വേല ചെയ്തിട്ടില്ലെന്നാകുന്ന തീരുമാനിക്കേണ്ടതു. ഇതിൽനിന്ന പത്രോസ് റോമയിൽ പോയിട്ടില്ലെന്നല്ല, പടിഞ്ഞാറൻ രാജ്യങ്ങളിൽ വേലചെയ്തിട്ടില്ലെന്ന തന്നെയാണ് അനുമേയം. കാരണം ക്ലെമന്തു, അപ്പോസ്തലകാലത്തും ആ കാലത്തോടടുത്തും ക്രിസ്തീയ സഭ്യന്മാരായിരുന്ന അറിവ് ഇതായിരുന്ന എന്ന സ്പഷ്ടമാക്കുന്ന. പിൽക്കാലങ്ങളിൽ ജീവിച്ചിരുന്ന ചില പിതാക്കന്മാർ യുസീബിയസ്സിന്റെ ഐതിഹ്യത്തെ താങ്ങി പത്രോസ റോമയിൽ ഇരുന്നുവെന്ന സങ്കല്പിക്കുന്നുണ്ടെങ്കിലും സ്വീകാരയോഗ്യമായ വേറൊരൈതിഹ്യപ്രകാരം പത്രോസ്, അന്ത്യോക്യ, ഏഷ്യാമൈനർ, ബാബിലോണിയാ, ഇല്ലാസ്സ്രീയുടെ ഉത്തരതീരത്തുള്ള ബാർബേറിയന്മാരുടെ നാട് എന്നീ സ്ഥലങ്ങളിൽ വേലചെയ്തതായി വിചാരിക്കേണ്ടിയിരിക്കുന്ന. ഈ രണ്ടുതരം ഐതിഹ്യങ്ങളിൽ ആദ്യത്തേതിനു വേദാധാരമില്ലാതിരിക്കെ രണ്ടാമത്തേതിനു വേദാധാരമുള്ളതായി കാണുന്ന. കാരണം പത്രോസിന്റെ രണ്ട ലേഖനങ്ങളിലും കാണിച്ചിട്ടുള്ള സ്ഥലങ്ങളുടെ പേരുകളം കൊണ്ട രണ്ടാം ഐതിഹ്യം വിശ്വസിക്കാതെ ഗത്യന്തരമില്ല. ഒന്നാം ലേഖനം പൊന്തോസു, ഗലാത്യ, കപ്പദോക്യ, ആസ്യ, ബിഥന്യാ എന്നീ സ്ഥലങ്ങളിൽ ചിതറിപ്പാർക്കുന്ന പരദേശികൾക്കു എഴുതിയതാണല്ലൊ (1. പത്രൊ. 1: 1.) കൂടാതെ ബാബിലോണിൽനിന്നത്രേ പ്രസ്തുത ലേഖനം എഴുതിയതും. (1. പത്രൊ. 5: 13.) ഡോക്ടർ ആഡംക്ലാർക്ക്, ജമൈസൻ, ഫോസറ്റ, ബ്രൗൺ മുതലായ വ്യാഖ്യാതാക്കൾ ഈ ബാബിലോൺ, സാക്ഷാൽ ബാബിലോൺ തന്നെയാണെന്നു അഭിപ്രായപ്പെടുന്ന. ഫൈലോ, ജോസീഫസ് എന്നീ ചരിത്രകാരന്മാർ പറയുന്നതനുസരിച്ച് അപ്പോസ്തലകാലത്തു ബാബിലോണിൽ വളരെ യഹൂദന്മാരുണ്ടായിരുന്ന. റോമയിൽ ബാബിലോണിലുണ്ടായിരുന്നതിനെക്കാൾ യഹൂദന്മാർ കുറവായിരുന്നുവെന്നും പാത്തിയാരാജാവിനാൽ നാടുകടത്തപ്പെട്ട ഹിക്കാനസ് എന്ന യഹൂദമഹാപുരോഹിതനു വളരെ യഹൂദന്മാർ ഉണ്ടായിരുന്ന ബാബിലോണിൽ പാർത്തുകൊള്ളുന്നതിനു അനുമതി ലഭിച്ചുവെന്നും ജോസീഫസ് പറയുന്ന. ഈ ജോസീഫസ് പത്രോസിന്റെ സമകാലീനനായിരുന്ന എന്നുള്ളതുകൂടി സൂത്തവ്യമാണ്.

പത്രോസു പരിഛേദനയുടെയും പൗലൊസു അഗ്രചർമ്മത്തിന്റെയും അപ്പൊസ്തലന്മാരായിരുന്ന (ഗലാ. 2: 8) എന്നുള്ളതുകൊണ്ടതന്നെ ജാതികളായ റോമരുടെ ഇടയിൽ പത്രോസു സുവിശേഷം പ്രസംഗിച്ചുവെന്ന വിചാരിക്കുന്നതിനെക്കാൾ അദ്ദേഹത്തിന്റെ സ്വജനങ്ങളായ യഹൂദന്മാരുള്ള

ബാബിലോണിലും മറ്റും പ്രസംഗിച്ചു എന്നു വിചാരിക്കുന്നതത്രെ സ്വാഭാവികമായിട്ടുള്ളതു്.

പത്രോസു റോമയിൽ വേലചെയ്തു എന്നും, 25 വർഷം അവിടത്തെ പാപ്പയായിരുന്നു് ഒടുവിൽ രക്തസാക്ഷിയായി മരിച്ചു എന്നും റോമർ സ്ഥാപിക്കുമ്പോൾ അവൻ പരിഛേദനയുടെ അപ്പൊസ്തലനായിരുന്നു എന്നുള്ള ദൈവവചനസത്യത്തെ നിഷേധിക്കയും പൗരസ്ത്യദേശങ്ങളിലെ അദ്ദേഹത്തിന്റെ വേല കേവലം സുന്നമാക്കുകയുമാണു ചെയ്യുന്നതു്.

മൂന്നാം നൂറ്റാണ്ടിന്റെ മദ്ധ്യംവരെയും പത്രോസു റോമയിലെ ബിഷപ്പായിരുന്നു എന്നു തക്കരെഹിതമായി ആരും വാദിച്ചിരുന്നില്ല. (കൂപ്രിയാനോസിന്റെ എഴുത്തുകൾ 58: 8, 59: 14).

കത്തോലിക്കർ, പത്രോസിന്റെ റോമയിലെ വാഴ്ചയെ ബലമായി വിശ്വസിക്കയും അവർ അതിനെക്കൊണ്ടു തന്നെ ആണയിടുകയും ചെയ്യുന്നുവെന്നിരിക്കിലും അവരിൽ ചിലർതന്നെ അതിനെ നിരാകരിക്കത്തക്ക വണ്ണം അതു ദുർബലമായ ഒരടിസ്ഥാനത്തിന്മേലാണു് അതു സ്ഥിതിചെയ്യുന്നതു്. പതിനാറാം നൂറ്റാണ്ടിലെ ഒരു വലിയ സഭാചരിത്രന്യായശാസ്ത്രിയായ ചാൎൽസു് ഡ്യൂമൗളിൻ ഇപ്രകാരം പറയുന്നു.

''സാമ്രാജ്യം സംഭ്രമമായശേഷം റോമയിലെ ബിഷപ്പന്മാർ തങ്ങളുടെ അധികാരത്തെ ഇതരസഭകളുടെ മേലും വ്യാപിപ്പിക്കുവാൻ തുടങ്ങിയിട്ടും, പത്രോസു റോമയിൽ വാണു എന്നുള്ള കഥ അവർ വാദിക്കയോ പുറത്തു കൊണ്ടുവരികയോ ചെയ്തിരുന്നില്ല. ആ കഥ ഇതഃപര്യന്തം കണ്ടുപിടിക്കപ്പെട്ടിട്ടില്ലെന്നു ഞാൻ ഊഹിക്കുന്നു.''

(Mission and Martyrdom of St. Peter, Vol. 4, P. 460).

ബർലിൻ പട്ടണത്തിൽ റോമൻ കത്തോലിക്ക പ്രഫസ്സരായ എല്ലൻഡോർഫ്, റോമയിലെ പത്രോസിന്റെ നിവാസം ഒരിക്കലും തെളിയിപ്പാൻ കഴിയാത്തതാണു് എന്നു പറഞ്ഞിരിക്കുന്നു.

(Bib. Sac., January 1859, 105)

ഒരു ഫ്രഞ്ചു ജസ്വിത്തനായ ഫാദർ ഹാർഡ്യൂയിൻ, ഫ്രാൻസിസ്കാറിൻ. പാപ്പാമാരുടെ ചരിത്രം എഴുതിയ ദെകോമ്മനിയൂ മുതലായവരും ഇങ്ങനെതന്നെ സമ്മതിക്കുന്നു.

ഇനി പത്രോസിന്റെ സഞ്ചാരത്തെക്കുറിച്ചു വേദം എന്തു പറയുന്നു എന്നു നോക്കാം. പ്രവൃ. 15–ൽ നിന്നു, യരൂശലേമിലെ ഒന്നാം സുന്നഹദോസിൽ പത്രോസു് ഉണ്ടായിരുന്നു എന്നും അതുവരെ യഹൂദിയ വിട്ടുപോയിട്ടില്ലെന്നും കാണുന്നു. ഇതു റോമൻ ഗ്രന്ഥകാരന്മാരായ ബല്ലർമിൻ, ബറോണിയസു് മുതലായവരുടെ അഭിപ്രായപ്രകാരം, ക്രി. വ. 51–ലാണു്. ചിലർ ഇതു 49–ലെന്നും മറ്റുചിലർ 52–ലെന്നും പറയുന്നു.

ഇതിൽനിന്നും 49–ഓ 52–ഓ വരെ പത്രോസു യഹൂദിയാ വിട്ടുപോയിട്ടില്ലെന്നു തെളിവാണു്. പൗലൊസിന്റെ മനസ്സുതിരിവു് 37–ൽ ആയിരുന്നു. തന്റെ മനസ്സു തിരിവു് കഴിഞ്ഞു മൂന്നാണ്ടുകൾക്കുശേഷം പൗൽ പത്രോസിനെ കാണ്മാൻ യരൂശലേമിലേയ്ക്കു പോയി എന്നും അദ്ദേഹത്തെ അവിടെ കണ്ടു എന്നും ഗലാത്യലേഖനത്തിൽ വായിക്കുന്നു. ഇതും കഴിഞ്ഞു പതിന്നാലുവർഷങ്ങളുടെ ശേഷം വീണ്ടും പൗൽ യരൂശലേമിലേയ്ക്കു പോയ

തായും അവിടെവെച്ച പിന്നെയും അദ്ദേഹത്തെ കണ്ടതായും പ്രസ്തുതലേഖനം തന്നെ പറയുന്നു. റോമാസഭയുടെ കണക്കിൻപ്രകാരം ക്രി. വ. 51–ന 8 വർഷം മുമ്പു പത്രോസു റോമസഭയുടെ ബിഷപ്പായിരുന്നേ മതിയാവൂ. എന്നാൽ പൗലൊസ് എ. ഡി. 51–ൽ പത്രോസിനെ അന്വേഷിച്ചു റോമാവരെ പോയതായോ റോമയിൽവെച്ച കണ്ടതായോ പറയാതെ, പത്രോസിനെ അന്വേഷിച്ചു പൗൽ യറുശലേമിലേക്കു പോയതായും അവിടെവെച്ചു കണ്ടതായുമത്രെ പറഞ്ഞിരിക്കുന്നതു്.

ക്രി. വ. 58–ൽ റോമർക്കു് എഴുതിയ പൗലൊസിന്റെ ലേഖനത്തിൽ പത്രോസിനെക്കുറിച്ചു യാതൊന്നും പറഞ്ഞുകാണുന്നില്ല. അന്ന പത്രോസു് അവിടെ വാണിരുന്നെങ്കിൽ പലർക്കും വന്ദനം പറഞ്ഞിരിക്കുന്ന കൂട്ടത്തിലെങ്കിലും അദ്ദേഹത്തിനു് ഒരു വന്ദനം പറയാതിരിക്കുമോ? പ്രസ്തുത ലേഖനത്തിൽ 25 ആളുകളെ പൗൽ പേരു പറഞ്ഞു് അഭിവന്ദിക്കുന്നു. പല കുടുംബങ്ങളെയും ഇതിൽ ഉൾപ്പെടുത്തീട്ടുണ്ടു്. എന്നാൽ പത്രോസ് ഒരു വലിയ പാപ്പയോ ഏറ്റം ചെറിയ ഒരു ശുശ്രൂഷകനോ ആയിരുന്നുകൊള്ളട്ടെ. എന്നാലും ആ അപ്പോസ്തലാഗ്രിമന്റെ പേർ ഈ വന്ദനപ്പട്ടികയിൽനിന്നു് അദ്ദേഹം വിട്ടുകളയുമെന്നു എങ്ങനെ വിചാരിക്കാം? എഫെസ്യലേഖനം എഴുതിയതു 61–ലൊ 64–ലൊ ആണു്. ഫിലിപ്യ ലേഖനം 62–ലൊ 64–ലൊ എഴുതിയതായും മതിച്ചുവരുന്നു. തിമോഥിയോസിന്റെയും തന്നോടുകൂടിയുള്ള ഏതാനും സഹോദരന്മാരുടെയും കൈസരുടെ ഭവനത്തിലുള്ളവരുടെയും കാര്യം ഫിലിപ്യലേഖനത്തിൽ പറയുന്നുണ്ടെങ്കിലും അതിലൊ, എഫെസ്യലേഖനത്തിലൊ പത്രോസിന്റെ പേർ അശേഷം വരുന്നില്ല. 62–ലൊ 64–ലൊ എഴുതിയ കൊലോസ്യ ലേഖനത്തിൽ തിഹിക്കോസു്, ഒനേസിമോസു്, അരിസ്തർഹോസു്, മർക്കോസു്, യുസ്തോസു് എന്നിവരുടെ പേരുകളും പ്രസ്താവിച്ചിട്ടു ''പരിച്ഛേദനക്കാരിൽ ഇവർ മാത്രം ദൈവരാജ്യത്തിനു കൂട്ടുവേലക്കാരായിട്ടു് എനിക്കു് ആശ്വാസമായിത്തീർന്നു'' എന്നു പറഞ്ഞുകാണുന്നു. (കൊലൊസ്യ 4: 11) പത്രോസു് ഈ സന്ദർഭത്തിൽ റോമയിലുണ്ടായിരുന്നെങ്കിൽ അദ്ദേഹത്തിന്റെ പേർ കൂടി വരുവാൻ ഇതെത്ര നല്ലൊരു ഘട്ടമായിരുന്നു!!

ക്രി. വ. 62–ൽ എഴുതിയ ഫിലമോൻ ലേഖനത്തിലും പത്രോസിനെക്കുറിച്ചു് ഒന്നും പറഞ്ഞുകാണുന്നില്ല. പൗലൊസു് കൈസറിങ്കലേക്കു് അയയ്ക്കപ്പെട്ടു റോമയ്ക്കു പോകയും അവിടെ രണ്ടു വർഷങ്ങൾ അതായതു ക്രി. വ. 63 മുതൽ 65 വരെയുള്ള കൊല്ലങ്ങൾ താമസിക്കയും ചെയ്തതായി കാണുന്നു. പൗൽ അവിടെ എത്തിയപ്പോഴൊ താമസിക്കുമ്പോഴൊ തിരികെ പോരുമ്പോഴൊ പത്രോസിനെ കണ്ടുമുട്ടിയതായി ഒരു ശബ്ദംപോലും കേൾക്കുന്നില്ല.

തിമോഥെയൊസിന്റെ രണ്ടാം ലേഖനം 65–ലൊ 66–ലൊ റോമയിൽനിന്നു് എഴുതപ്പെട്ടു. പൗലോസു് ഈ ലേഖനത്തിൽ, തന്നെ വിട്ടുകളഞ്ഞവരൊ മറ്റു വേലസ്ഥലങ്ങളിലേക്കു പോയവരോ ആയ ഏതാനും ശുശ്രൂഷകന്മാരുടെ പേരു പറഞ്ഞശേഷം ''എന്റെ ഒന്നാംപ്രതിവാദത്തിൽ ആരും എനിക്കു തുണ നിന്നില്ല; എല്ലാവരും എന്നെ കൈവിട്ടു'' എന്നു പറഞ്ഞിരിക്കുന്നു. (2 തിമോ. 4: 9–19). പത്രോസു് അവിടെ ഉണ്ടായിരുന്നെങ്കിൽ പൗലൊസിനെ കൈവിടാതെ പൗലൊസിനോടുകൂടി തുണ നിൽക്കുമായിരുന്ന എന്നുള്ളതു് എത്ര നിശ്ചയം!! ഇതു്, പൗലോസിന്റെ രക്തസാക്ഷിമരണത്തോടു് അടുത്ത ഘട്ടമായിരുന്നു എന്നുള്ളതു് വിശേഷാൽ സ്മരണീയമാണു്.

ഇങ്ങനെ പൗൽ റോമസ്സു് എഴുതിയതോ റോമയിൽ നിന്നു് എഴുതിയതോ ആയ ആറു വിശേഷാൽ ഗ്രന്ഥങ്ങൾ നാം പരിശോധിച്ചതിൽ റോമരുടെ വാദത്തിനു് അനുകൂലമായി ഒരു തെളിവും കാണ്മാൻ കഴിഞ്ഞില്ല. ഒരാണ്ടിൽതന്നെ പൗൽ മൂന്നു ലേഖനങ്ങൾ റോമയിൽ നിന്നെഴുതി. വേറൊരിക്കൽ രണ്ടു മുഴുവർഷങ്ങൾ പ്രസംഗിച്ചുകൊണ്ടു് അവിടെ താമസിച്ചു. ഇങ്ങനെ 14 വർഷങ്ങൾ ഇതിൽ പെട്ടുന്നു. ഇതിനിടയ്ക്കു്, ഒരിക്കലെങ്കിലും പത്രോസിന്റെ സാന്നിദ്ധ്യം അവിടെ ഉണ്ടായിരുന്നതായി പറയുന്നില്ല.

മാത്രമല്ല, പത്രോസു് റോമസ്സു ചെന്ന സന്ദർഭത്തെക്കുറിച്ചു് എഴുതീട്ടുള്ള പുരാതന എഴുത്തുകാർ തമ്മിൽ യോജിക്കുന്നില്ല. യൂസീബിയസു് പറയുന്നതു്, ക്ലൗദിയൂസിന്റെ കാലത്തു പത്രോസു റോമസ്സു വന്നു എന്നാണു്. എന്നാൽ 25 വർഷം അതായതു്, നീറോയുടെ അന്ത്യവത്സരം വരെയ്ക്കും പത്രോസു റോമയിൽ താമസിച്ചിരുന്നു എന്നു പറയുന്ന ജെറോമിന്റെ അഭിപ്രായപ്രകാരം പത്രോസു് അവിടേക്കു ക്ലൗദിയൂസിന്റെ വാഴ്ചയുടെ രണ്ടാമാണ്ടിലോ മൂന്നാമാണ്ടിലോ വന്നതായി വിചാരിക്കണം. എന്നാൽ ഡമാസ്സസു് എന്നയാൾ നീറോയുടെ വാഴ്ചയുടെ ആരംഭത്തിൽ പത്രോസു് റോമയിൽ എത്തി 25 വർഷം ഭരിച്ചു എന്നാണു് പറയുന്നതു്. എന്നാൽ നീറോ ആകെ 14 വത്സരം മാത്രമേ വാണുള്ളൂ. നീറോയുടെ മുമ്പിൽവച്ചു ശിമോൻ മാഗസിനോടു പത്രോസു വാദിച്ചതായി ഡമസ്ക്കസു് പറയുന്നു. യൂസീബിയസു് പറയുന്നതു്, ക്ലൗദിയൂസിന്റെ മുമ്പിൽ വച്ചാണെന്നാണു്. നിക്കഫോറസ്സിനോടു യോജിച്ചു്, റോമയിലെ ബിഷപ്പായ ആൻറീറിയസു് സാക്ഷിക്കുന്നതു്: ''പത്രോസു് അന്ത്യോക്യയിൽനിന്നു റോമയിലേക്കും അവിടെനിന്നു് അധികം പ്രയോജനം നോക്കി അലക്സാന്ത്രിയയ്ക്കും പോയി'' എന്നാണു്.

വേദത്തെളിവുകളും ചരിത്രത്തെളിവുകളും ഈവിധമാണിരിക്കുന്നതെങ്കിൽ പത്രോസു് റോമയിൽ ഭരിച്ചു എന്നുള്ള കള്ളക്കഥ ഒരുവിധം യോഗ്യന്മാരായ എഴുത്തുകാർക്കുടി പിള്ളാലങ്ങളിൽ സമ്മതിക്കാൻ ഇടയായതു് എങ്ങനെകൊണ്ടു് എന്നിങ്ങനെ ഒരു ചോദ്യമുണ്ടാകാം. ഐതിഹ്യങ്ങളെ നിരുപണം ചെയ്യ വിശ്വസിക്കുന്നതിലുള്ള അവരുടെ സൂക്ഷ്മക്കുറവുകൊണ്ടുതന്നെ എന്നു് അതിനു് മറുപടി പറയാവുന്നതാണു്.

പത്രോസിന്റെ പാപ്പാ വാഴ്ച സർവ്വസമ്മതമായ ഒരു സംഗതിയാകകൊണ്ടു വേദത്തിൽ പ്രത്യേകിച്ചു് എടുത്തു പറയാഞ്ഞതാണു് എന്നു വല്ലവരും പറവാൻ ഭാവിക്കുന്നെങ്കിൽ ഞങ്ങൾക്കുള്ള മറുപടി ഇതാണു്: തക്സൈഗതി അസംഭവമാണെന്നു വിചാരിക്കത്തക്ക തെളിവുകളാണു് ബൈബിളിൽ മുഴുവനുള്ളതു്. ഒരു സംഗതി രേഖപ്പെട്ട കാണാത്തതു് അതു സർവ്വസമ്മതമാകയാലാണു് എന്നാരെങ്കിലും വാദിച്ചാൽ ആ വാദം എഡ്വാർഡ് ചക്രവർത്തി മദ്രാസു് ക്രിസ്ത്യൻ കോളജിൽ പഠിച്ചതായി രേഖ കാണാത്തതു്, അതു സുപ്രസിദ്ധ സംഗതി ആകയാലാണെന്നു ഭാവിതലമുറക്കാർ വാദിക്കുന്നതുപോലെയാണു്.*

---

* 1872, ഫെബ്രുവരി മാസത്തിൽ ഈ വിഷയത്തെപ്പറ്റി റോമയിൽവച്ചുതന്നെ റോമരും പ്രോട്ടസ്റ്റൻറുകാരും തമ്മിൽ ഒരു വലിയ വാദപ്രതിവാദം ഉണ്ടാകയും ''പത്രോസു റോമസ്സു പോയിട്ടില്ലെ''ന്നുള്ള സിഞ്ഞോർ സിയാലി അവർകളുടെ വാദത്തിനു് എതിർഭാഗക്കാർക്കു മറുപടി പറവാൻ കഴിയാതെ വരികയും ചെയ്തിട്ടുള്ളതു്, പ്രസ്തുത വാദപ്രതിവാദം അച്ചടിപ്പിച്ചിട്ടുള്ളതു വായിച്ചു നോക്കിയാൽ അറിയാവുന്നതാണു്.

അദ്ധ്യായം അഞ്ച്

സഭയ്ക്കു നേരിട്ട പ്രതികൂലസംഭവങ്ങൾ

ക്രിസ്തുവിന്റെ സാക്ഷ്യവാഹകന്മാർ നിർദോഷികളും ഉപദേശത്തിലും നടപടിയിലും വിശ്വസ്തന്മാരും ആയിരുന്നിട്ടും, യൂദസമുദായത്തിന്റെ പുരോഹിതന്മാരും ഇതര നേതാക്കളും വളരെ നിന്ദയും പരിഹാസവും അവരുടെമേൽ വർഷിച്ചതായും നിർദ്ദയം അവരെ പീഡിപ്പിച്ചതായും കാണുന്നു. തങ്ങളുടെ അധീനതയിൽപെട്ട ജനങ്ങളെ കൂട്ടംകൂട്ടമായി ക്രിസ്തുമാർഗ്ഗത്തോടു ലയിക്കയും തന്നിമിത്തം സ്വസമുദായം ക്രമേണ കുറഞ്ഞു വരികയും ചെയ്യുന്നതിനെ കണ്ടിട്ട്, ഈ പരിവർത്തനം പുരോഗമിക്കുന്നതായാൽ തങ്ങളുടെ ആദായത്തിനും അധികാരത്തിനും ഹാനി തട്ടുമെന്ന ഭയപ്പെട്ടാണ് ഈ ക്രൂരകർമ്മത്തിനു അവർ കോപ്പിട്ടതു. പ്രവൃത്തികളുടെ പുസ്തകത്തിൽ സ്തേഫാനോസിനെയും സെബദിപുത്രനായ യാക്കോബിനെയും കൊലചെയ്തതായി കാണുന്നു. അപ്പോസ്തലന്മാരും അപ്പോസ്തലശിഷ്യന്മാരും സഞ്ചരിച്ചിട്ടുള്ള സ്ഥലങ്ങളിലെല്ലാം യഹൂദന്മാർ ജാതികളെ ഇളക്കി കലഹമുണ്ടാക്കിയതും മേല്പടി പുസ്തകത്തിൽ നാം കാണുന്നു. റോമാ ഉദ്യോഗസ്ഥന്മാർക്കു ക്രിസ്തുമതക്കാരെ ഉപദ്രവിക്കണമെന്നു നിർബന്ധമില്ലായിരുന്നുവെങ്കിലും പ്രധാനപുരോഹിതനും ജനത്തിന്റെ മൂപ്പന്മാരും ക്രിസ്ത്യാനികളെ രാജദ്രോഹികളാണെന്നു പറഞ്ഞു ധരിപ്പിച്ചു അവരെക്കൊണ്ടു വളരെ ഉപദ്രവങ്ങളും ചെയ്യിക്കപതിവായിരുന്നു. യഹൂദിയയിലെ യൂദന്മാർ ദൂരദേശങ്ങളിൽ കിടക്കുന്ന തങ്ങളുടെ വർഗ്ഗക്കാർക്കു് ആത്മാർത്ഥമായ ലേഖനങ്ങളും കൊടുത്തയച്ചോ ക്രിസ്തുമതപീഡനത്തിനു പ്രേരിപ്പിച്ചു പതിവായിരുന്നു. യേശുവിന്റെ സഹോദരനായ യാക്കോബ് യെരുശലേമിലെ സഭ നടത്തിക്കൊണ്ടിരിക്കുമ്പോൾ ഹനാൻ എന്ന സദുക്യനായ മഹാപുരോഹിതൻ തല്ക്കാലം അവിടെ നാടുവാഴി ഇല്ലാത്തതു് ഒരു തക്കമാണെന്നു കണ്ടു് വിസ്താരസഭ വിളിച്ചുകൂട്ടി യാക്കോബിനെയും മറ്റും ന്യായപ്രമാണവിരോധികളെന്ന കുറ്റം ചുമത്തിയപ്പോൾ യാക്കോബു ഭയപ്പെടാതെ ''നിങ്ങൾ കൊലചെയ്തിട്ടും ദൈവത്താൽ ഉയർത്തപ്പെട്ടിരിക്കുന്ന മശീഹാ മേഘങ്ങളിൽ വരും'' എന്നു് ഏറ്റു പറകയാൽ അവനെ കല്ലെറിഞ്ഞു കൊന്നുകളഞ്ഞു. വളരെ സമ്മതനും പുണ്യവാനുമായ യാക്കോബിനെ ഇങ്ങനെ കൊല്ലിച്ചതിനാൽ യഹൂദവൃന്ദത്തിൽപെട്ട ചില സൽബുദ്ധികളും അലക്സന്ത്രിയയിൽ താമസമാക്കിയിരുന്ന നാടുവാഴിയെ ചെന്നു കണ്ടു് ഈ അക്രമത്തെക്കുറിച്ചു ബോധിപ്പിക്കുകയും തൽഫലമായി ഹനാൻ മഹാപുരോഹിതസ്ഥാനത്തുനിന്നു ഭ്രംശിക്കപ്പെടുകയും ചെയ്തു.

അക്കാലത്തെ യഹൂദന്മാരുടെ സ്ഥിതി വളരെ നീചമായിരുന്നു. നൂറ്റിപ്പത്തു സംവത്സരംകൊണ്ടു ദേവാലയത്തിന്റെ പണിയും പ്രസാധനവും പരമകാഷ്ഠയിലെത്തിയിരുന്നു. രാജ്യത്തു ബഹളവും സാഹസവും അപഹാരവും ദിനേന വർദ്ധിച്ചു. നാടുവാഴി തന്നെയും അപഹൃതം ചിലപ്പോൾ പങ്കുപറ്റുവാങ്ങും. മഹാപുരോഹിതന്മാർ ദശാംശം വഞ്ചിച്ചെടുക്കുകയാൽ പുരോഹിതകുലം പട്ടിണികിടക്കുകയായി. ചില കള്ളക്രിസ്തുക്കൾ എഴുന്നേറ്റു മത്സരബുദ്ധികളെ വശീകരിച്ചു നാശത്തിൽ ചാടിക്കുക പതിവായി

രുന്നു. പുതിയ നാടുവാഴി വന്നപ്പോഴും ദേവാലയം കൈയടക്കുവാൻ ശ്രമിച്ചു. ഇതിനാൽ യഹൂദന്മാർ മത്സരിച്ചു. തലസ്ഥാന നഗരിയായ കൈസറിയാ യെ സംബന്ധിച്ചു് ഈ ഘട്ടത്തിൽ തർക്കമുണ്ടായി. തർക്കത്തിൽ ചക്ര വർത്തിയായ നീറോ സിറിയാക്കാർക്കു് അനുകൂലമായി വിധി കല്പിച്ചു. ഇതുകൊണ്ടു് യഹൂദന്മാർ പൂർവ്വാധികം കോപിഷ്ഠരായി ബഹളത്തിനു് ഒരു മ്പെട്ടു. രാജാവായ അഗ്രിപ്പയും ബന്ധീക്കയും, കണ്ണുനീരോടുകൂടി സമാധാന വാക്കു പറഞ്ഞിട്ടും അവരെ ആട്ടിക്കളഞ്ഞു. കൊട്ടാരങ്ങൾക്കു തീ കൊളുത്തി യതുകൂടാതെ യെരൂശലേമിൽ കിടന്ന റോമാപാളയത്തിൽ കയറി പടയാളി കളെ വധിക്കയും ചെയ്തു. ഈ അല്പജയത്താൽ മത്തരായ നാട്ടുകാരെല്ലാവരും പൊട്ടന്നനവെ റോമരോടു പൊരുതുവാൻ തുനിഞ്ഞു. വിവരം അറിഞ്ഞു മേൽനാടുവാഴിയായ സെസ്റ്റിയസു് ഗാലസു് (Cestius Gallus) സൂറിയ യിൽനിന്നു പട്ടാളത്തോടുകൂടി വന്നു ലഹള ഒതുക്കി. എങ്കിലും, യഹൂദന്മാ രുടെയിടയിൽ പിന്നെയും കലാപങ്ങൾ ഉണ്ടായിക്കൊണ്ടിരുന്നു. അതി നാൽ ബഹളത്തെ അമർച്ചചെയ്വാൻ ഒരു വലിയ സൈന്യത്തോടുകൂടി പോകുന്നതിനു് ചക്രവർത്തി തന്റെ സേനാധിപനായ വെസ്പേഷ്യനോടു് ആജ്ഞാപിച്ചു. അദ്ദേഹം തന്റെ പുത്രനായ തീത്തൊസിനോടും ആറായിരം പടയാളികളോടുംകൂടി വന്നു കോട്ടയെ രോധിച്ചു. എങ്കിലും രണ്ടുവർഷം കൊണ്ടു നീറോ, ഗാൽബാ, ഓഥോ, വിറ്റെലിയസു് എന്നീ നാലു കൈസറ ന്മാർ ചക്രവർത്തിപദം പ്രാപിക്കയും അവർ മരിച്ചുപോകയാൽ സെനറും പട്ടാളവും ഏകാഭിപ്രായമായി ക്രിസ്താബ്ദം 69–ൽ വെസ്പേഷ്യനെ തെരഞ്ഞെ ടുക്കുകയും ചെയ്തുകൊണ്ടു് അദ്ദേഹം, യെരൂശലേം പിടിക്കുന്ന ഭാരം തന്റെ പുത്ര നായ തീത്തോസിനെ ഏല്പിച്ചിട്ടു് റോമയിലേക്കു തിരിച്ചുപോയി.

തീത്തോസു് തന്റെ സകല സൈന്യത്തോടുകൂടി യെരൂശലേമിനെ വളഞ്ഞു. പണി പലതുകഴിച്ചിട്ടും യെരൂശലേം പിടിക്കാൻ സാധിക്കാത്തതി നാൽ അതിന്റെ ചുറ്റിലുമായി ഒരു കോട്ടയും കിടങ്ങും നിർമ്മിച്ചു. ഇതി നാൽ ആർക്കും പട്ടണത്തിൽനിന്നു് ഓടിപ്പോകുന്നതിനോ ഭക്ഷണസാധന ങ്ങൾ പട്ടണത്തിലേക്കു കൊണ്ടുവരുന്നതിനോ സാധിച്ചില്ല. തന്നിമിത്തം അതിഭയങ്കരമായ ക്ഷാമം ഉണ്ടായി. യഹൂദന്മാർ ആബാലവൃദ്ധം ക്ഷാമദേവ തയുടെ വായിൽ അകപ്പെട്ടു. വിശപ്പിനാൽ പലരും പട്ടണത്തിൽ അങ്ങും ഇങ്ങും ഓടിനടന്നു് ആരുടെയെങ്കിലും പക്കൽ ഒരു കഷ്ണം അപ്പം കണ്ടാൽ അതു കൈവശപ്പെടുത്തുന്നതിനു ശ്രമിച്ചു തുടങ്ങി. ഈ ബഹളത്തിൽ അന്യോ ന്യം വെട്ടുകയും കുത്തുകയും സംഭവിച്ചിട്ടുണ്ടു്. ഇതിനാൽ വീടുകളുടെ മേൽത്ത ട്ടുകളും ക്ഷാമപീഡിതരായ കുഞ്ഞുങ്ങളെക്കൊണ്ടും സ്ത്രീകളെക്കൊണ്ടും ഇടവ ഴികളും വൃദ്ധന്മാരുടെ ശവങ്ങൾകൊണ്ടും നിറഞ്ഞു. മാംസളന്മാരായ യുവാ ക്കളും നിഴലുകളെപോലെ മെലിഞ്ഞ ശരീരത്തോടുകൂടി നടന്നു. മൃതിപ്പെട്ട വരെ സംസ്കരിക്കുന്നതിനുപോലും ആരും ഇല്ലായിരുന്നു.

യഹൂദന്മാർ ആ സന്ദർഭത്തിൽ അഭക്ഷ്യങ്ങളായ പന്നി മുതലായവയെ തിന്നു. എലി, പൂച്ച മുതലായവയെയും ചെരിപ്പുകളും, കച്ചി, നാരു് ആദി യായവയെയുംകൂടി ഭക്ഷിച്ചുതുടങ്ങി. ഇതിലും ഭയങ്കരമായും അഭൂതപൂർവ്വമാ യുമുള്ള വേറൊരുമാതിരി ആഹാരം അവർ തയ്യാറാക്കി. യഹൂദരുടെ ചരിത്ര കാരനായ ജോസീഫസു് ഇതിനെക്കുറിച്ചു താഴെവരും പ്രകാരം പറയുന്നു: യോർദ്ദാനക്കരെ മറിയ എന്ന പേരോടുകൂടിയ ധനികയായ ഒരു സ്ത്രീ പാർത്തിരുന്നു. അവളും റോമാസൈന്യങ്ങളുടെ ആക്രമണത്തിൽ കോട്ടയിൽ കയറി രക്ഷപ്പെട്ടു. കോട്ടയിൽ ക്ഷാമം കലശലായപ്പോൾ വിശപ്പു സഹി പ്പാൻ കഴിയായ്കയാൽ അവൾ സ്വഭാവവിരുദ്ധമായ ഒരു പ്രവൃത്തിചെയ്തു. മുലകുടിച്ചുകൊണ്ടിരുന്ന തന്റെ കുഞ്ഞിനെ എടുത്തുകൊണ്ടു് അവൾ ഇങ്ങനെ പറഞ്ഞു. നിർഭാഗ്യമുള്ള കുട്ടീ! യുദ്ധവും ക്ഷാമവും ചതിയും നടന്നുകൊണ്ടി

രിക്കുന്ന ഈ അവസരത്തിൽ ഞാൻ ആർക്കായി നിന്നെ സൂക്ഷിക്കേണ്ടു. റോമരുടെ ഈ യുദ്ധത്തിൽ നശിക്കാതെ രക്ഷപ്പെട്ടാൽ നാം അവർക്കു് അടിമകളാകണം. അതിനുമുമ്പു ക്ഷാമം നമ്മെ നശിപ്പിക്കും. കവർച്ചക്കാരുടെ ഉപദ്രവമോ ഇതിലും ഭയങ്കരം, വരിക, എനിക്കു് ''ആഹാരമായി തീരുക'' ഇങ്ങനെ പറഞ്ഞുകൊണ്ടു്, അവൾ തന്റെ പുത്രനെ അറുത്തു പുഴുങ്ങി പകുതി തിന്നു. പകുതി ഒളിച്ചുവച്ചു. ഇതിന്റെ നാറ്റം അറിഞ്ഞു കവർച്ചക്കാർ ചെന്നു്, അവൾ ചമച്ച ഭക്ഷണം കാണിച്ചുതരുന്നില്ലെങ്കിൽ കഴുത്തു വെട്ടിക്കളയുമെന്നു ഭയപ്പെടുത്തുകയാൽ ഒളിച്ചുവച്ചിരുന്ന ഭാഗം അവൾ കാണിച്ചു ''ഇതു് എന്റെ മകൻ, ഈ ആഹാരം തിന്നുകൊൾവിൻ, ഞാൻ തിന്നതു് ഇതിൽനിന്നാണു് ഒരു തള്ളയെക്കാൾ ക്രൂരത്വം നിങ്ങൾക്കാവശ്യമില്ല''

കോട്ടയിൽ കിടന്ന ഒരു ഭാഗം ആളുകൾ അന്യോന്യം കവർച്ച തുടങ്ങി. വീടുകളെയും ഭക്ഷണസാധനങ്ങളെയും അവർ കൊള്ളചെയ്തു. ഇതിൽ പലരും മൃതിപ്പെടുകയുണ്ടായി. ശവങ്ങൾ കുന്നുകുന്നായി വർദ്ധിച്ചതിനാൽ മതിലിന്മേതെക്കുടി ശവങ്ങളെ താഴ്വരയിലേക്കു് എറിഞ്ഞുകളഞ്ഞു, കോട്ടയ്ക്കു പുറമേ ലാത്തുന്ന തീത്തോസ് ''ദൈവമേ! ഇതിനു കാരണഭൂതൻ ഞാനല്ല ഇവർ തന്നെയാണു്'' എന്നു പറഞ്ഞുപോയി.

റോമർ വിശുദ്ധ നഗരത്തിനു തീ കൊളുത്തി സകല കെട്ടിടങ്ങളും നശിപ്പിച്ചു. കഴുകടയാളമുള്ള അവരുടെ മ്ലേച്ഛമായ കൊടി പരിശുദ്ധ ദേവാലയത്തിന്റെ കിഴക്കേവാതലിൽ നാട്ടി, അതിനു വഴിപാടുകഴിച്ചു. ഈ ഘട്ടത്തിൽ ക്രിസ്തു കൊടുത്തിരുന്ന മുന്നറിവിൻപ്രകാരം ക്രിസ്ത്യാനികളും യൂശലേമിൽനിന്നും യഹൂദിയായിൽനിന്നും പെല്ലാനഗരിയിലേക്കും യോർദ്ദാൻ നദിക്കപ്പുറത്തുള്ള സ്ഥലങ്ങളിലേക്കും ഓടി രക്ഷപ്പെട്ടതായി ആദിമസഭാചരിത്രകാരനായ യൂസീബിയസ് പറയുന്നു.

യൂശലേം കോട്ടയുടെ നിരോധം പെസഹാകാലത്തായിരുന്നതിനാൽ ഈ മഹോത്സവത്തിനു വന്നുകൂടിയ ഇരുപതുലക്ഷം ആളുകളെക്കൊണ്ടു് ഈ നഗരം തിങ്ങിവിങ്ങിയിരുന്നു. അപ്പോൾ യഹൂദന്മാരെപ്പറ്റിയുള്ള മോശയുടെ ശാപവും യേശുവിന്റെ പ്രവചനവും നിവൃത്തിയായി. പുറത്തു റോമാപ്പടയാളികളും അകത്തു ക്ഷാമവും പരസ്പരകലഹവും, യഹൂദന്മാരെ പ്രതിക്ഷണം നശിപ്പിച്ചു. തീത്തോസ് ഭയകരമായി പൊരുതു മോറിയാമലയിൽ കയറി. ദേവാലയം രക്ഷിപ്പാൻ തീത്തോസ് ഖണ്ഡിതമായി കല്പിച്ചിട്ടും പടയാളികളിൽ ഒരുത്തൻ ഒരു തീക്കൊള്ളി എടുത്തു് ആ വിശുദ്ധമന്ദിരത്തിൽ എറിഞ്ഞു. തീ ആർക്കും കെടുക്കാൻ പാടില്ലാതവണ്ണം പടർന്നു പിടിച്ചു ദേവാലയത്തെ ഭസ്മീകരിച്ചു. ദേവാലയത്തിന്റെ മനോഹരമായ പണികൾകണ്ടു തീത്തോസ് മനസ്താപത്തോടു് ഇറങ്ങിപ്പോന്നു. യഹൂദരിൽ അസംഖ്യം ആളുകൾ തന്നത്താൻ മരിച്ചു. സീയോൻകോട്ട റോമക്കു കൈവശപ്പെട്ടു. തീത്തുസ് വീടും മതിലും ഇടിച്ചു പാഴാക്കി യഹൂദജാതിയിൽനിന്നും ജീവനോടെ പിടിച്ചവരെ മരങ്ങൾ ഉള്ളിടത്തോളം ക്രൂശുകളിൽ തറച്ചു. അസംഖ്യം ആളുകളെ നാടുകടത്തി, അരങ്ങിടങ്ങളിൽ കാട്ടുമൃഗങ്ങളോടും മല്ലന്മാരോടും പൊരുതുകൊല്ലിച്ചു. മറുള്ളവരെ അടിമകളായി ചന്തകളിൽ വിറ്റു. കുലീനന്മാരും സുന്ദരന്മാരുമായിരുന്നവരെ കെട്ടിവരിഞ്ഞു തീത്തോസിന്റെ വീരപരാക്രമത്തിന്റെയും ജയത്തിന്റെയും ചിഹ്നമായി റോമയിലേക്കു കൊണ്ടുപോയി. ഈ യുദ്ധത്തിൽ ആകപ്പാടെ 1357660 ആളുകൾ നശിച്ചുപോയതായി ചരിത്രകാരനായ ജോസീഫസ് പറഞ്ഞിരിക്കുന്നു.

വിശുദ്ധനാടിന്റെ രത്നഭൂഷണമായിരുന്ന ദേവാലയവും, യൂശലേം നഗരവും, തന്നിവാസികളായ യഹൂദന്മാരും ഈ വിധം നശിപ്പാൻ ഇടയായതു

പരിശുദ്ധനായ ദൈവപുത്രനെ നിരസിക്കയും നിർദ്ദയം വധിക്കയും ചെയ്ത തിന്റെ ശിക്ഷയാണെന്നു സുവിശേഷങ്ങളിൽനിന്നു ഗ്രഹിപ്പാൻ കഴിയും. ഈ ഭയങ്കരസംഭവം നടക്കുന്നതിനു മുൻപുതന്നെ ഇതിന്റെ സൂചനകൾ യഹൂദ ജാതിക്കു ദൈവം അറിയിച്ചുകൊടുത്തിരുന്നതായി ജോസീഫസിന്റെ എഴുത്തുകളിൽനിന്നു കാണുന്നു. യുദ്ധത്തിനുമുമ്പു് വാളിന്റെ ആകൃതിയിലുള്ള ഒരു നക്ഷത്രവും ഒരു വാൽനക്ഷത്രവും ഒരു വർഷം മുഴുവൻ കാണപ്പെട്ടുപോൽ. ഏഴരവെളുപ്പിനു യാഗപീഠത്തിനു ചുറ്റും അതിശോഭയേറിയ ഒരു വെളിച്ചം ഉണ്ടായി. പകൽപോലെ പ്രകാശിച്ചു് അരമണിക്കൂർ നേരത്തേക്കു നീണ്ടു നിന്നു. മഹാപുരോഹിതൻ യാഗപീഠത്തിലേയ്ക്കു ബലിക്കായി ഒരു ആടിനെ കൊണ്ടുപോകുമ്പോൾ അതു് ഒരു ആട്ടിൻകുട്ടിയെ പ്രസവിച്ചു. കൂടാതെ അന്തരാലയത്തിന്റെ പിത്തളനിർമ്മിതവും ഇരുപതു മനുഷ്യർ ഒന്നിച്ചുകൂടിയാൽ ഞെരുങ്ങി അടയ്ക്കാവുന്നതും ബലമേറിയ സാക്ഷാകൊണ്ടു ബന്ധിക്കപ്പെട്ടതുമായ വാതിൽ പാതിരാത്രിയിൽ താനെ തുറന്നു. പെസഹായുടെശേഷം ആകാശത്തിൽ ഒരു സൈന്യം കാണപ്പെട്ടു. പുരോഹിതന്മാർ പെന്തിക്കോസ്തു കാലത്തു രാത്രി യാഗം കഴിപ്പാൻ അന്തരാലയത്തിൽ പ്രവേശിച്ചപ്പോൾ ''നാം ഇവിടെനിന്നു പുറപ്പെട്ടുപോക'' എന്നു അതി വിശുദ്ധ സ്ഥലത്തുനിന്നും അതിഘോരമായ ശബ്ദം കേട്ടു. യുദ്ധത്തിനു നാലുകൊല്ലത്തിനു മുൻപു് യേശു എന്നു പേരുള്ള ഒരു സാധുകുഷ്മീവലൻ കൂടാരോത്സവകാലത്തു പെട്ടെന്നു ജനമദ്ധ്യേ ഇങ്ങനെ വിളിച്ചുപറഞ്ഞു; ''കിഴക്കുനിന്നു് ഒരു ശബ്ദം പടിഞ്ഞാറുനിന്നു് ഒരു ശബ്ദം, നാലുകാറ്റുകളിൽനിന്നു് ഒരു ശബ്ദം, യറുശലേമിനും വിശുദ്ധ നഗരത്തിനും എതിരെ ഒരു ശബ്ദം, മണവാളന്മാർക്കും മണവാട്ടികൾക്കും എതിരെ ഒരു ശബ്ദം, സകല ജനങ്ങൾക്കും എതിരെ ഒരു ശബ്ദം.'' ഈ മനുഷ്യനെ അധികാരികൾ ബന്ധിപ്പിച്ചെങ്കിലും ഇയാൾ 'യറുശലേമിനു് ഹാ കഷ്ടം, ഹാ കഷ്ടം'' എന്നു ദയനീയമായി നിലവിളിച്ചുകൊണ്ടിരുന്നു.

ദീർഘകാലത്തേക്കു ക്രിസ്ത്യാനികളെ പീഡിപ്പിച്ചുകൊണ്ടിരുന്ന യഹൂദന്മാരുടെ കഥ ഈ വിധം അവസാനിച്ചതിനാൽ ജാതികളിൽനിന്നത്രെ പിന്നീടു വ്യഥ അനുഭവിക്കേണ്ടിവന്നതു്. ക്രിസ്ത്യാനികൾ തങ്ങൾക്കു് ഒരു രാജാവുണ്ടെന്നോ അദ്ദേഹത്തിന്റെ രാജ്യം ലോകം മുഴുവൻ വ്യാപിപ്പിക്കുമെന്നോ പറയുകയും, ജാതികളിൽനിന്നു് ഒരു വലിയ സംഖ്യ ക്രിസ്തുമതത്തിലേക്കു പരിവർത്തനം ചെയ്തു വിഗ്രഹങ്ങളെ ഉപേക്ഷിച്ചു ജാതികളുടെ പുരാതനമതത്തിനു് അപകർഷം വരുത്തുകയും നിമിത്തമായിരുന്നു ഈ ജാതീയ പീഡ.

ഈ പ്രഥമ ശതകത്തിൽ രണ്ടു പീഡകൾ സംഭവിച്ചതായി പറയപ്പെടുന്നു.ഒന്നു', ക്ലോഡിയസ് രാജാവിന്റെ അനുഗതനായ നീറോ ചക്രവർത്തിയാൽ ചെയ്യപ്പെട്ടിട്ടുള്ളതാണു്. ഈ ക്രൂരൻ വിനോദാർത്ഥം റോമാനഗരികു തീ കൊളുത്തി (64 എ. ഡി) പട്ടണത്തിനു മീതെ കാളിഎരിയുന്ന ജ്വാല കണ്ടു് നീറൊ ആനന്ദഭരിതനായി ഏഴുദിവസം ഉല്ലസിച്ചു. ഈ കടുംകൈ പ്രവർത്തിച്ചതു ചക്രവർത്തിയാണെന്നറിഞ്ഞു ജനങ്ങൾ കുപിതരായപ്പോൾ, ''ഞാനല്ല ക്രിസ്ത്യാനികളാണു്'' എന്നു പറഞ്ഞു ക്രിസ്ത്യാനികളെ കുറ്റം ചുമത്തി. ഇതിന്റെ ഫലമായി ചരിത്ര പ്രസിദ്ധമായ ആദ്യത്തെ മതപീഡ ആരംഭിച്ചു. അനേകരെ വാഗ്ദാനംകൊണ്ടും കഴുവിൽ ഏറ്റിയും കൊന്നു. പലരെ ചാക്കുകളിൽ ഇട്ടു് പഞ്ഞിനൂറുത്തി, കീൽപൂശി, രാത്രിനാടകങ്ങൾക്കു വിളക്കുകളാക്കി കത്തിച്ചു. മറ്റു പലരെ സിംഹങ്ങൾക്കു് ഇട്ടുകൊടുത്തു. ചിലരെ മാൻതോൽ ഉടുപ്പിച്ചു നായിക്കളെക്കൊണ്ടു കടിച്ചു കീറിച്ചു. ചിലരെ പിടിച്ചു തെരുക്കളിൽ തൂണുകൾപോലെ നിറുത്തി, മെഴുകുതുണി ചുറ്റി തീകൊളുത്തി, പന്തംപോലെ എരിച്ചു. ഈ ഭയങ്കര പ്രവർത്തികൾക്കു് അനുവാദം കൊടുത്തശേഷം ഈ പാതകി മേടപ്പുറത്തിരുന്നു കാഴ്ചകണ്ടു രസിക്കുകയും സാരഥി

വേഷം ധരിച്ച രഥം നടത്തുകയുമാണു ചെയ്തതു്. ഈ പീഡയാൽ അനേകർ നശിച്ചുപോയി. പത്രോസും * പൗലൊസും ഈ കാലത്താണുപോൽ രക്തസാക്ഷികളായി മരിച്ചതു്. ഈ പീഡ ക്രിസ്താവർഷം 64–നും 68–നും ഇടയ്ക്കായിരുന്നുവത്രെ.

ആ ആണ്ടിൽതന്നെ നീറോ ആത്മഹത്യ ചെയ്തു. അതിനോടുകൂടി പീഡയും അവസാനിച്ചു. പിന്നാലെ ഗാൽബാ രാജത്വം ഏറ്റു ഏഴ മാസം ഭരിച്ചു. ഇയാളുടെ മരണശേഷം ഓഥോ മൂന്നുമാസം ഭരിച്ചു. ഗാൽബായെ കൊന്ന വിറേലിയസ് ഒരു വർഷത്തിനുള്ളിൽ വധിക്കപ്പെട്ടു. വെസ്പേഷ്യൻ ആണ പിന്നീടു കൈസരായതു്. ഈ ദേഹം ക്രിസ്താവർഷം 69–ൽ രാജപദവിയിൽ എത്തി. ഇയാളുടെ കാലത്തായിരുന്നു യറുശലേമിന്റെ നാശം.

വെസ്പേഷ്യന്റെ പിന്നാലെ വന്നതു മകനായ തീത്തോസ് അത്രെ. ഇയാളും എ. ഡി. 79–81 വരെ അതായതു മൂന്നു കൊല്ലങ്ങളും ഭരിച്ചു. തീത്തോസ് സൽസ്വഭാവിയും, പ്രജാക്ഷേമനിരതനും ആയിരുന്നു. സഭ ഇവന്റെ കാലത്തു വർദ്ധമാനമായ സ്ഥിതിയെ പ്രാപിച്ചു. ക്രിസ്തുമാർഗ്ഗത്തിനു് എവിടെയും സ്വീകാരികളെ ലഭിച്ചു. തീത്തോസ് ''ഒരു ദിവസം ഒരു നന്മപ്രവൃത്തി എങ്കിലും ചെയ്വാൻ സാധിക്കാതെപോയാൽ, കഷ്ടം, ഞാൻ ഒരു ദിവസം വ്യർത്ഥമാക്കിയല്ലോ'' എന്നു വിലപിക്കുക പതിവായിരുന്നു. ഈ മഹാപുരുഷൻ ജനങ്ങളുടെ ആക്രന്ദനശബ്ദങ്ങളോടുകൂടി 81–ാം വയസ്സിൽ മരണം പ്രാപിച്ചു.

ഈ ദേഹത്തിന്റെ പിന്നാലെയത്രെ ഡൊമിഷ്യൻ കൈസർ (എ. ഡി. 81) ചക്രവർത്തിപദം പ്രാപിച്ചതു്. ഇയാളും നീറോയെപ്പോലെ ദുഷ്ടനായിരുന്നു. ഡൊമിഷ്യന്റെ കാലത്തു സഭയ്ക്കു രണ്ടാം പീഡ ഉണ്ടായി. ഈ മതപീഡയിൽ അനേക ഭക്തന്മാർ സത്യത്തിനുവേണ്ടി ജീവനെ പരിത്യജിച്ചു. ക്രിസ്തുമതത്തിന്റെ സത്യതയെ തങ്ങളുടെ രക്തം ചൊരിഞ്ഞു സാക്ഷിപ്പെടുത്തുന്നതിനാൽ രക്തസാക്ഷികൾ (Martyrs) എന്നുള്ള മഹനീയ നാമത്തിനു് ഈ ഘട്ടത്തിൽ അർഹരായിത്തീർന്നതു തിമോഥെയോസ്, റോമയിലെ ക്ലെമന്തു്, ഡൊമിഷ്യന്റെ ചാർച്ചക്കാരായിരുന്ന ഫ്ളാവിയസ് ക്ലെമന്തു്, അയാളുടെ ഭാര്യ ഡോമിറില്ല മുതലായവരായിരുന്നു.

പീഡ നടക്കുന്നതിനിടയിൽ ഡൊമിഷ്യൻ കൈസർ ദാവീദു് രാജാവിന്റെ വംശത്തിൽ വല്ലവരും ശേഷിച്ചിരിക്കുന്നുണ്ടോ എന്നു തെരയുകയുണ്ടായി. തന്റെ രാജത്വത്തിനു് അവരാൽ വല്ല ഹാനിയും തട്ടിയേക്കാം എന്നുള്ള ഭയംകൊണ്ടാണപോൽ ഈ വിധം അന്വേഷണം ചെയ്തതു്. എന്നാൽ യേശുവിന്റെ സഹോദരനായ യഹൂദയുടെ രണ്ടു പൗത്രന്മാരുണ്ടായിരുന്നവരെ കൈസർ വരുത്തി വിസ്തരിച്ചാറെ കൈകളിലെ തഴമ്പു കണ്ടു്, കൃഷി ചെയ്തു കഷ്ടപ്പെട്ടു് അഹർവൃത്തി കഴിക്കുന്ന സാധുക്കളാം എന്നു മനസ്സിലാക്കിയതുകൂടാതെ അവർ തങ്ങളുടെ വംശഭ്രതനായ ക്രിസ്തുവിന്റെ രാജ്യം ഐഹികമല്ല, അവൻ ലോകാന്ത്യത്തിൽ ഇറങ്ങിവന്നു് ജീവികളെയും, മരിച്ചവരെയും ന്യായം വിധിക്കുമെന്നു പറഞ്ഞപ്പോൾ ഇവർ മൂഢന്മാർ എന്നു നിശ്ചയിച്ചു് അവരെ അയച്ചുകളകയും ചെയ്തു.

യറുശലേമിന്റെ വിനാശമായപ്പോഴേയ്ക്കു് അപ്പൊസ്തലന്മാർ മിക്കപേരും അന്തരിച്ചിരുന്നു. യോഹന്നാൻ ആസ്യയിലെ ഒരു പ്രധാന നഗരമായ എഫേസൂസിൽ താമസിച്ചു മുപ്പതു വർഷത്തിലധികം അവിടെ അധ്വാനം

---

* പത്രോസിന്റെ മരണം പൗരസ്ത്യരുടെ ഇടയിലായിരുന്നുവെന്നു വിചാരിക്കുന്നതെത്ര കൂട്ടത്തൽ വിശ്വാസയോഗ്യം (ഗ്രേ).

കഴിച്ചുവെന്നു് അദ്ദേഹത്തിന്റെ എഴുത്തുകളും ശിഷ്യന്മാരും സാക്ഷിപ്പെടുത്തുന്നു. ക്രിസ്തു, ജഡത്തിൽ വന്നിട്ടില്ല; വരികയുമില്ല; യേശു വെറും മനുഷ്യൻ; ദൈവാംശമായ ക്രിസ്തു ആ യേശുവിൽ സ്നാനം മുതൽ ആവസിച്ചു; ക്രൂശു മരണത്തിനു മുൻപു് അതു വിട്ടുപോയി എന്നു പറഞ്ഞുകൊണ്ടു രക്ഷിതാവിന്റെ മനുഷ്യത്വം, കേവലം മായ എന്നു സങ്കല്പിച്ചവർക്കു യോഹന്നാൻ തന്റെ സുവിശേഷം എഴുതി. കൂടാതെ ഒന്നാം ലേഖനവും സുഭദ്രയായി എഴുതി അയച്ചു. രണ്ടാം ലേഖനം താൻ കറിയ എന്നു വിളിക്കുന്ന ഒരു മാന്യ സ്ത്രീക്കു് എഴുതി. (ഇതു സഭയെ അലങ്കാരഭാഷയിൽ വിളിക്കയാണെന്നു് അഭിപ്രായമുള്ളവരും ഉണ്ടു്.) മൂന്നാം ലേഖനത്തിൽ ദിയത്രഫേസിന്റെ ദുരധികാരത്തെ പരസ്കരിച്ചു ഗായസ്സിനു് ഒരു ലേഖനം എഴുതി. ദിവസേന സഭകളുടെ അഭിവൃദ്ധിക്കും ശിഷ്യന്മാരുടെ സ്ഥിരീകരണത്തിനും ഇദ്ദേഹം പരിശ്രമിച്ചുപോന്നു.

ഒരിക്കൽ അദ്ദേഹം കർമ്മകുശലനായ ഒരു യുവാവിനെ കണ്ടുകൂടി. അവൻ ദൈവസേവയ്ക്കു പ്രയോജനപ്പെടുന്നവനാണെന്നു കണ്ടിട്ടു് അവനെ ഒരു സഭാദ്ധ്യക്ഷന്റെ പക്കൽ ഏല്പിച്ചിരുന്നു. അവൻ സ്നാനപ്പെട്ടു് ഏതാനും നാൾ ക്രിസ്ത്യാനിയായി ജീവിച്ചശേഷം ദുർമ്മാർഗ്ഗചാരിതയാൽ ഒരു തസ്കര സംഘത്തിന്റെ തലവനായിത്തീർന്നു. കുറേനാൾ കഴിഞ്ഞു യോഹന്നാൻ മേല്പടി സഭാദ്ധ്യക്ഷനോടു് ''ആ യുവാവു് എവിടെ?'' എന്നു ചോദിച്ചപ്പോൾ, കഷ്ടം, അവൻ ആത്മകാര്യങ്ങൾക്കു മൃതപ്രായനായിരിക്കയാണു് എന്നും മറ്റും അവന്റെ കഥ പറഞ്ഞതുകേട്ടു, യോഹന്നാൻ തൽക്ഷണം ഒരു കുതിരപ്പുറത്തു കയറി കാട്ടിൽ കള്ളന്മാരുടെ ഇടയിൽ ചെന്നു ചേർന്നു. ''ആരാണു്'' എന്നു കള്ളന്മാർ ചോദിച്ചപ്പോൾ നിങ്ങളുടെ തലവന്റെ അടുക്കലേക്കു് എന്നെ കൊണ്ടുപോകുവിൻ എന്നു യോഹന്നാൻ പറഞ്ഞു. അവർ അങ്ങനെ ചെയ്തപ്പോൾ കള്ളന്മാരുടെ തലവൻ യോഹന്നാനെ കാണുകയാൽ ഓട്ടം തുടങ്ങി. യോഹന്നാനും പിന്നാലെ ഓടി. അവനെ സ്നേഹശബ്ദത്തിൽ വിളിച്ചു മടക്കികൊണ്ടുവന്നു വീണ്ടും അദ്ധ്യക്ഷനെ ഏല്പിച്ചു.

ഡൊമിഷ്യന്റെ ഭരണകാലത്തുണ്ടായ പീഡയിൽ യോഹന്നാനെ പത്മോസ്ദ്വീപിലേക്കു നാടുകടത്തി. അവിടെ വച്ചു് അവൻ സഭയുടെ ഭാവിയെ, ദർശനദ്വാരാ കണ്ടു കർത്തൃകല്പനാനുസരണം ഒരു പുസ്തകമായി എഴുതിവച്ചു.

ഡൊമിഷ്യൻ കൈസർ ക്രിസ്തുവർഷം 96—ൽ കാലധർമ്മം പ്രാപിച്ചു. തന്റെ ഭാര്യയെ കൊല്ലണമെന്നു് അയാൾ തീർച്ചയാക്കിയതിനെ എങ്ങിനെയോ ഭാര്യ അറിഞ്ഞു് ആ ദേഹത്തെ കൊന്നുകളയാണുണ്ടായതു്. ഇതിന്റെ പിന്നാലെ നേർവ്വാ സ്ഥാനാരോഹണം ചെയ്തു. ഈ വൃദ്ധ കൈസർ ദാക്ഷിണ്യ ബുദ്ധിയായിരുന്നതുകൊണ്ടു സഭയ്ക്കു നിർബാധതയുണ്ടായി. നാടുകടത്തപ്പെട്ട ക്രിസ്ത്യാനികളെ തിരികെ വരുത്തി, മറവയ്ക്കൊപ്പം അവർക്കും സ്ഥാനബഹുമാനാദികളും കൊടുത്തു. നേർവ്വയുടെ ഭരണകാലത്തു (96—98 എ. ഡി.) മർദ്ദിതന്മാർക്കു സമാശ്വാസം ലഭിച്ചു. വൃദ്ധനായ യോഹന്നാൻ എഫേസൂസിലേക്കു മടങ്ങി എതിർ ക്രിസ്തുക്കൾക്കു് എതിരായി വേല ചെയ്തു. ഈ പ്രേരിതവര്യൻ അന്യോന്യം സ്നേഹിപ്പാൻ വാക്കുകൊണ്ടും നടപടികൊണ്ടും സഭയ്ക്കു മാർഗ്ഗദർശനം ചെയ്തുകൊണ്ടിരിക്കെ നൂറാം വയസ്സിൽ തന്റെ യജമാനന്റെ സന്തോഷത്തിലേക്കു പ്രവേശിക്കുകയും ചെയ്തു. വളരെ വയസ്സു ചെന്നു നടക്കാൻ കഴിവില്ലായിരുന്ന ഘട്ടങ്ങളിൽ ഇദ്ദേഹത്തെ സഭായോഗങ്ങളിലേക്കു് എടുത്തുകൊണ്ടു പോകുമ്പോൾ വലിയ പ്രസംഗം ഒന്നും ചെയ്വാൻ തനിക്കു കഴിവില്ലാതിരുന്നതുകൊണ്ടു ''കുഞ്ഞുങ്ങളെ അന്യോന്യം സ്നേഹിപ്പിൻ'' എന്നു മാത്രം അദ്ദേഹം പറക പതിവായിരുന്നു. എന്തുകൊണ്ടാണു് ഒരു വാക്കുതന്നെ കൂടെക്കൂടെ പറയുന്നതെന്നു്

അദ്ദേഹത്തോട് വല്ലവരും ചോദിച്ചാൽ ഇതു ദൈവവചനമാണു്, ഇതി ലെല്ലാം ഉണ്ടു്; ഇതിനോട് മറെറാന്നും ചേർത്തിട്ടാവശ്യമില്ല, എന്നു് അദ്ദേഹം മറുപടി പറഞ്ഞു വന്നു.

ബഹുദേവവിശ്വാസികളായ പുറജാതികളും യഹൂദന്മാരെക്കാളും കഠോ രമായ വിധത്തിൽ ക്രിസ്തുസഭയെ പീഡിപ്പിക്കുവാൻ തുടങ്ങി. റോമരാലുള്ള പീഡകളുടെ എണ്ണം പത്തു് എന്നു് ആദിമുതൽക്കെ പറഞ്ഞു വരുന്നു. എന്നാൽ സഭാചരിത്രസാക്ഷ്യം ഈ സംഖ്യയെ താങ്ങുന്നില്ല. സാവ്ത്രികവും കഠിന തരവുമായ പീഡകളുടെ എണ്ണം നോക്കുന്നപക്ഷം പത്തിൽ കുറവാണു്. ഓരോ പ്രത്യേക സ്ഥലങ്ങളിൽ നടന്നിട്ടുള്ളതും കുറഞ്ഞ കാലയളവുള്ളതുമായ പീഡകളെ വിചാരിച്ചാൽ അതു പത്തിൽ അധികമായും വരുന്നു. അഞ്ചാം നൂറാണ്ടിലുള്ള എതാനും ക്രിസ്ത്യാനികളാണു പീഡകരും പത്തു് എന്നിങ്ങനെ നിർദ്ദേശിച്ചതു്. അതു വെളിപ്പാടിലെ ഒരു വാക്യത്തെ ആധാരമാക്കിച്ചെയ്ത വ്യാഖ്യാനമായിരുന്നു. ആ വ്യാഖ്യാനം സാധിക്കേണ്ടതിലേയ്ക്കു പീഡാസംഖ്യ ഭേദപ്പെടുത്തേണ്ടി വന്നു. നാലാം നൂറാണ്ടിൽ തന്നെയും പീഡകളുടെ സംഖ്യ നിർണ്ണയിക്കപ്പെട്ടിരുന്നില്ല.

ലാക്റ്റാൻഷ്യസ് എന്ന എഴുത്തുകാരൻ പീഡകരും ആറു് എന്നതെ എണ്ണിയിരിക്കുന്നതു്. യൂസീബിയസിന്റെ ചരിത്രത്തിലും അവയുടെ സംഖ്യ പറയുന്നില്ല.

ക്രിസ്ത്യാനികളെ ഉന്മൂലനം ചെയ്വാനുള്ള നിയമം നീറോയാണു് ആദ്യമായി നിർമ്മിച്ചതു്. ഡൊമിഷ്യൻ അദ്ദേഹത്തെ അനുകരിച്ചു. മാക്സിമിൻ ആൻറണിനസ്സും സെപ്റ്റിമസ്സും ക്രിസ്ത്യാനികൾക്കു ശത്രുക്കളായിരുന്ന മറെറ ചക്ര വർത്തിമാരും ഇതിനെ പിൻതുടർന്നു. അവരുടെ നിയമങ്ങളും ഒരുപോലെ കഠിനമോ ഒരേ കാരണങ്ങളിന്മേൽ അടിസ്ഥാനപ്പെട്തോ അല്ലായിരുന്നു. ഡൊമിത്യനസ് എന്ന പേരുള്ള വിശ്രുതനായ ഒരു വക്കീൽ, അന്നത്തെ ഗവർമ്മെൻറു, ക്രിസ്ത്യാനികൾക്കു് എതിരായി പുറപ്പെടുവിച്ചിട്ടുള്ള കല്പനകളെല്ലാം ചേർത്തു് ഒരു പുസ്തകം നിർമ്മിക്കയുണ്ടായി. ഇക്കാലത്തു് ഈ ഗ്രന്ഥം ഉണ്ടായിരുന്നെങ്കിൽ ഈ വിഷയത്തെപ്പററി നമുക്കു കൂടുതൽ അറിവു സിദ്ധി പ്പാൻ കഴിയുമായിരുന്നു. യഹൂദന്മാർ മുതലായ അന്യമതക്കാരെ തങ്ങളുടെ വിശ്വാസപ്രകാരം ജീവിച്ചുകൊള്ളുവാൻ അനുവദിച്ച ഗവർമ്മെൻറു്, പൊതുജ നക്ഷേമത്തിനുതകുന്നതും അതിപരിശുദ്ധവുമായ ക്രിസ്തുമതത്തിന്റെ നേരെ ആയുധം ഉയർത്തുവാനുള്ള കാരണം എന്തെന്നു ചോദ്യം ഉണ്ടാകാവുന്നതാണു്. റോമാഗവർമ്മെൻറും അവരുടെ മതവുമായുള്ള ബന്ധം ഈ ഘട്ടത്തിൽ സൂക്ഷ്മ വ്യമാണു്. റോമരുടെ മതത്തിനു നാശം ഉണ്ടായാൽ ഗവർമ്മെൻറും നശിച്ചു പോകത്തക്കവണ്ണം അവരുടെ മതവും ഗവർമ്മെൻറും തമ്മിൽ അത്രമാത്രം ബന്ധിച്ചിരുന്നു. റോമാമതം തെററാണെന്നുള്ള ക്രിസ്ത്യാനികളുടെ ഉൽഘോ ഷം റോമർ സ്വീകരിക്കുന്നപക്ഷം ഗവർമ്മെൻറിന്റെ അസ്തിവാരം ഇളകുന്നതി നുകൂടി സംഗതിയുണ്ടെന്നുള്ള ഭയമാണു് ഉപദ്രവത്തിനുള്ള ഒരു പ്രധാന കാര ണം. അക്കാലത്തെ മറെറ മതങ്ങളിൽ കാണുന്ന ദേവാലയം, ബലി, പ്രതിമ, (വിഗ്രഹങ്ങൾ) പുരോഹിതന്മാർ എന്നിവ ക്രിസ്ത്യാനികൾക്കു് ഇല്ലായിരുന്നു. ഈദൃശമതക്കാരെ അക്കാലത്തെ ജനങ്ങൾ അതഃപൂർവ്വം, കണ്ടിട്ടില്ലാതിരുന്നതി നാൽ ക്രിസ്ത്യാനികൾ നിരീശ്വരന്മാരാണെന്നുള്ള ജനങ്ങളുടെ വിചാരം മത മർദ്ദനത്തിനുള്ള രണ്ടാം കാരണമായി വിചാരിക്കാം. മൂന്നാമതായി വിചാ രിക്കാവുന്നതു്, ഇതരമതങ്ങളിലെ കപ്പടിപ്പുകൊണ്ടു് ഉപജീവനം കഴിച്ചു പോന്ന ആളുകൾക്കു ക്രിസ്തുമതം വളരെ നിരാശാജനകമായിരുന്നുവെന്നുള്ള താണു്. ഇതിനാൽ നാട്ടിൽ വല്ലതും ആപത്തു സംഭവിച്ചാൽ അതു ക്രിസ്ത്യാ നികളെ വച്ചുകൊണ്ടിരിയ്ക്കുന്നതിനാലുള്ള ദേവന്മാരുടെ കോപമാണെന്നു് അക്രൈസ്തവ മതനേതാക്കന്മാർ പറഞ്ഞു ജനങ്ങളെ ഇളക്കിവന്നു. ഇങ്ങനെ അത്രെ ആദ്യനൂറാണ്ടുകളിലെ പീഡയുടെ സ്വഭാവം.

അദ്ധ്യായം ആറ്

സാഹിത്യവും തത്വശാസ്ത്രവും

ക്രിസ്തീയ മതതത്വങ്ങളെ മനുഷ്യജാതിയെ പ്രകാശിപ്പിക്കുവാൻ തുടങ്ങിയപ്പോഴെ പൗരസ്ത്യവിജ്ഞാനികളെ ഏതു് അഭിപ്രായമാണു് പുലർത്തിവന്നിരുന്നതെന്നു് അറിവാൻ സാധിച്ചിരുന്നെങ്കിൽ സഭയുടെ പ്രാരംഭ ചരിത്രത്തിൽപ്പെട്ട വളരെ സംഗതികളെ കൂടെക്കൂടി വ്യക്തീകരിക്കാമായിരുന്നു. എന്നാൽ അക്കാലത്തെ പൗരസ്ത്യ തത്വജ്ഞാനത്തിന്റെ ചില അംശങ്ങളെ മാത്രമെ നമുക്കു ലഭ്യമായിട്ടുള്ളു. ഇങ്ങനെ കിട്ടിയിട്ടുള്ളവ തന്നെ കൂട്ടിച്ചേർത്തു ശരിയായി ക്രമീകരിക്കുന്നതിനും ബുദ്ധപൂർവ്വമായി വ്യാഖ്യാനിക്കുന്നതിനും ഒരു പണ്ഡിതർക്കുടി ഉണ്ടാകേണ്ടിയിരിക്കുന്നു.

പേർഷ്യായിൽ പ്രചരിച്ചിരുന്ന തത്വങ്ങളെ മാജി (മാഗർ) എന്ന കൂട്ടരുടേതായിരുന്നു. നല്ലതും ചീത്തയും ആയ രണ്ടു തത്വങ്ങളെ അഥവാ ദൈവതങ്ങളെ ഈ പ്രപഞ്ചത്തെ ഭരിക്കുന്നുണ്ടെന്നു് അവർ പഠിപ്പിച്ചു. എന്നാൽ ഈ മൂലതത്വങ്ങളുടെ ശരിയായ സ്വഭാവത്തെക്കുറിച്ചു് അയാളുടെ അനുഗാമികൾക്കുതന്നെ അറിവില്ലായിരുന്നു. എന്നിരിക്കിലും, ഈ ഉപദേശം കൽദയർ, അസ്സൂറിയർ, സിറിയൻസ്, എജിപ്തുകാർ ആദിയായവരുടെ മദ്ധ്യേ എളുപ്പം പ്രചരിച്ചു. യഹൂദന്മാരുടെ ഇടയിലും ഈ ഉപദേശം പ്രചരിക്കാതിരുന്നില്ല. അക്കാലത്തും പില്ക്കാലത്തും അറബികളെ ബുദ്ധിസംസ്കാരത്തെക്കാളെ കായബലത്തിലും ധീരതയിലും കേമന്മാരിപ്പെട്ടിരുന്ന, മഹമ്മദിന്റെ ആഗമനത്തിനു മുൻപു് സാഹിത്യത്തിൽ അവർക്കു യാതൊരു സ്ഥാനവുമില്ലായിരുന്നു. ഇതു് അവരുടെ എഴുത്തുകാർ മറച്ചുവയ്ക്കുന്നില്ല. ഈജിപ്തുകാർ ഭിന്നാഭിപ്രായങ്ങളോടുകൂടിയ വിവിധ വകുപ്പുകാരായി പിരിഞ്ഞിരുന്നു. ഇക്കൂട്ടരുടെ താത്വിക ചിന്തകളെ ഒരു ക്രമീകരണപദ്ധതിയിലേക്കു വരുത്തുക നിശ്ശേഷം അശക്യമാകുന്നു.

നമ്മുടെ രക്ഷകന്റെ കാലത്തു് ഏഷ്യയിലും ആഫ്രിക്കയിലും പ്രചരിച്ചിരുന്ന ജ്ഞാനപദ്ധതികളിൽ ക്രിസ്തീയ മാർഗ്ഗത്തെ അധികം ഉപദ്രവിച്ചതു ഗ്നോസിസ് (Gnosis) ആയിരുന്നു. ''ഗ്നോസിസ്'' എന്ന വാക്കിനു ''ദൈവത്തെക്കുറിച്ചു് അറിയുന്നതിനുള്ള സത്യവഴി'' എന്നർത്ഥം. ഗ്രീക്കു തത്വജ്ഞാനത്തിൽനിന്നും വ്യത്യസ്തപ്പെടുത്തി വായനക്കാർ ധരിക്കാനായിട്ടത്രെ ഞങ്ങൾ അതിനു ''പൗരസ്ത്യം'' എന്ന സംജ്ഞ മുൻപു ചെയ്തതു്. ആദ്യത്തെ മൂന്നു ശതകങ്ങളിൽ ക്രിസ്തീയ മതത്തിനു വേണ്ട കെടുതികളെ ചെയ്തതു നാനാവിധഭിന്നോപദേശകന്മാർ ഈ താത്വിക ചിന്തയ്ക്കു വശംവദന്മാരായിരുന്നു. ക്രിസ്തുവിന്റെ ലളിതവും പരിശുദ്ധവുമായ ജ്ഞാനത്തെ തങ്ങൾ വായ്പ വാങ്ങിച്ച അദ്ധ്യാത്മവിദ്യയുടെ തത്വങ്ങളോടു യോജിപ്പിക്കുവാൻ ശ്രമിക്കുമ്പോഴെ വിസ്മയകരവും ഹാസ്യജനകവുമായ സങ്കല്പോപദേശങ്ങളെ തദ്വാരാ അവർ വകഞ്ഞുണ്ടാക്കി. അന്നു് ഈ മതവിഭാഗങ്ങൾക്കെതിരായി പ്രവർത്തിച്ച പൂർവ്വികന്മാരായ ഗ്രീക്കുലത്തീൻ പിതാക്കന്മാർ പ്ലേറോയുടെ പ്രമാണങ്ങളിൽ ഇവയ്ക്കു സ്ഥാനം കല്പിച്ചു. പ്ലേറോയുടെ തത്വങ്ങളിൽ ചിലതു പൗരസ്ത്യ ദേശങ്ങളിൽ പ്രചരിച്ചിരുന്നതുകൊണ്ടു്, ഗ്രീക്കു തത്വജ്ഞാനത്തോടുമാത്രം പരിചിതന്മാരായ അവർ, അവയുടെ സാമ്യംമാത്രം

നോക്കി ഇങ്ങനെ പ്രകടിക്കയാണുണ്ടായതു്. പ്ലേറ്റോയുടെ തത്വജ്ഞാനം നോസ്റ്റിക് സിദ്ധാന്തവുമായി ഒത്തു പരിശോധിക്കുമ്പോഴാം മാത്രമെ അവ തമ്മിലുള്ള അന്തരം മനസ്സിലാകയുള്ള.

നോസ്റ്റിക്കു തത്വങ്ങളാം ബുദ്ധിയുടെ ചില ആലോചനാ ഫലങ്ങളാണു്. താഴെ പറയുന്ന വിധത്തിലാണു് അതിന്റെ വാദങ്ങളാം. ഈ പ്രപഞ്ചത്തിലുള്ള ദോഷങ്ങളാം പലതാണു്. ബുദ്ധി (യുക്തി) നിഷേധിക്കുന്ന പ്രവർത്തികളാം ചെയ്യുന്നതിനായി ഒരു സ്വാഭാവികശക്തി മനുഷ്യരെ വലിച്ചു കൊണ്ടു പോകുന്നു. എന്നാൽ എല്ലാ ആത്മാക്കളുടെയും ഉത്ഭവസ്ഥാനമായ ആഭ്യന്തരമനസ്സു സകല ചീത്ത സ്വഭാവത്തിൽ നിന്നും വ്യത്യസ്തമായിരിക്കയാൽ അതു നിശ്ചയമായും നല്ലതും ഗുണപ്രദവുമാകുന്നു. അതിനാൽ ലോകമെങ്ങും നിറഞ്ഞുനിൽക്കുന്ന ദോഷത്തിന്റെ ഉല്പത്തിസ്ഥാനം ദൈവത്തിനു വെളിക്കായിരിക്കണം. ഈശ്വരനു പുറമേ വസ്തുവല്ലാതെയാതൊന്നുമില്ലല്ലൊ. അതുകൊണ്ടു് എല്ലാ ദോഷങ്ങളുടെയും ഇരിപ്പിടവും കാരണവും വസ്തുവത്രെ. ഇതിനാൽ വസ്തു ദൈവത്തെപ്പോലെ അനാദ്യമെന്നു തെളിയുന്നു. ഈ വസ്തു ദൈവേഷ്ടമോ കല്പനയോ അനുസരിച്ചല്ല, പ്രത്യുത, ദൈവത്തിനു കീഴുള്ള ഒരു പ്രകൃതിയുടെ ശക്തിയൊ പ്രവൃത്തിയൊ നിമിത്തം ഉണ്ടായതാണു്. അതു ലോകമായി ആകൃതിപ്പെടുത്തപ്പെട്ടിരിക്കുന്നു. മനുഷ്യവർഗ്ഗം ഉന്നതനായ ദൈവത്താൽ സൃഷ്ടിക്കപ്പെട്ടതല്ല. നേരെമറിച്ചു്, ദൈവത്തേക്കാം ശക്തിഹീനനും അപൂർണ്ണനുമായ ഒരു ദൈവത്താലാണു്. കാരണം, അപരിമിതമായ നന്മയുള്ളവനും ദോഷം എന്തെന്നതന്നെ അറിവാൻ കഴിവില്ലാത്തവനുമായ ദൈവം വസ്തുവിനെ ചീത്തയും ദോഷമയവുമായി രൂപീകരിച്ചു് അതിൽ തന്റെ പൂർണ്ണതകളുടെ ഒരംശത്തെ കലർത്തുമെന്നു് ആർക്കു വിശ്വസിപ്പാൻ കഴിയും ?

ഏവംവിധം, പ്രയാസമുള്ളതും ദുർഗ്രാഹ്യവുമായ വിഷയങ്ങളെക്കുറിച്ചു് അഭ്യൂഹമാത്രത്താൽ തെളിയിക്കാൻ തുടങ്ങുന്നവർ പരസ്പരം യോജിക്കാതെ വിവിധ വകുപ്പുകളായി പിരിയാതെ നിവൃത്തിയില്ലല്ലൊ. അങ്ങിനെതന്നെ ഇക്കൂട്ടർക്കും ഭവിക്കയുണ്ടായി. രണ്ടു മൂല തത്വങ്ങളാം ഉണ്ടെന്നു ചിലർ അഭിപ്രായപ്പെട്ടു. ഇവയിൽ ഒന്നു വെളിച്ചത്തിനുമേലും മറ്റതു വസ്തുവിനുമേലും ഭരണം ചെയ്യുന്നുപോൽ. ഇവയുടെ പരസ്പര മത്സരം ലോകത്തിൽ നന്മതിന്മകളുടെ മിശ്രണത്തിനു കാരണമായി ഭവിച്ചു. മറുചിലർ വസ്തുവിനെ ഒരു അനാദികത്താവായിട്ടല്ല പിന്നയോ കേവലം ഒരു ശില്പിയായിട്ടാണു ഗണിച്ചിരുന്നതു്. ദൈവത്തിൽനിന്നു് അതിദൂരെയിരിക്കുന്ന വസ്തുവിനെ ആകൃതിപ്പെടുത്തി മനുഷ്യജാതിയായി നിർമ്മിപ്പാൻ ദൈവം തന്നിൽനിന്നു് ഒരു ജീവിയെ സൃഷ്ടിച്ചതായി ഇവർ വിശ്വസിക്കുന്നു. ഇനിയും വേറെ ചിലർ ഒരു ത്രിമൂർത്തിഭരണത്തെ സ്ഥാപിച്ചു; കാരണം പ്രധാനദേവത, വസ്തുതത്വത്തിൽനിന്നും ദോഷത്തിൽനിന്നും മാത്രമല്ല, ഈ ലോകത്തിന്റെ സൃഷ്ടാവിൽനിന്നും വ്യത്യാസപ്പെട്ടിരിക്കണമെന്നുള്ളതു് അനുപേക്ഷണീയമായ ഒരു പ്രമാണമായി ഇവർ ഗണിച്ചു. ഈ പദ്ധതികളാം പുറത്തുവന്ന നിരൂപണവിഷയമായി തീർന്നപ്പോഴാം അറുതിയില്ലാത്ത തർക്കങ്ങളാം ഉണ്ടാകയും തൻമൂലം നൂതനപരിവൃകളാം ഉത്ഭവിക്കയും ചെയ്തു.

പ്രസ്തുത മതശാഖകളെല്ലാം അന്യോന്യം പിരിഞ്ഞിട്ടാം ഒരു മൂലതത്വത്തെ അടിസ്ഥാനപ്പെടുത്തിയിരുന്നു. ദൈവം, ലോകം, മനുഷ്യജാതി ആദിയായവയെക്കുറിച്ചുള്ള ചില ഉപദേശങ്ങളും അഭിപ്രായങ്ങളും ഇവയ്ക്കു പൊതുവായിരുന്നു. എങ്ങിനെയെന്നാൽ അനാദികാലം മുതല്ക്കേ സർവ്വജ്ഞനായുടെയും, സർവ്വജ്ഞതയുടെയും, മറ്റു ഗുണങ്ങളുടെയും വിളനിലമായ ഒരു ജീവി ഉണ്ടു്. ഈ ജീവി, സീമാതീതമായ വിതാനത്തിൽ വ്യാപരിക്കുന്ന ഒരു നിഷ്കൃ

സൂക്ഷ്മമായ പ്രകാശമാണു്. ഈ വിതാനത്തിനു ഗ്രീക്കുഭാഷയിൽ പ്ലീറോമാ എന്നു പേർ.

നിത്യവും പൂർണ്ണവുമായ ഈ ജീവി ഒരു അക്ലിപ്തസമയത്തേക്കു നിവ്വ്യാപാരിയായിരുന്നതിന്റെ ശേഷം സ്ത്രീപുംവർഗ്ഗത്തിൽ രണ്ടു് ആത്മാക്കളെ സൃഷ്ടിച്ചു. ഇവരുടെ സംഭോഗഫലമായി പരസ്പര സാമ്യമുള്ള ഇതരജീവികം ഉണ്ടായി. ഇപ്രകാരം അനേക തലമുറകൾ ജനിച്ചു. ഇങ്ങനെ കാലാന്തരത്തിൽ പ്ലീറോമയിൽ ഒരു സ്വർഗ്ഗീയ കുടുംബം സംസ്ഥാപിതമായി. ഈ ദിവ്യവർഗ്ഗം നിത്യവും അവിനാശ്യവുമാകയാൽ ജ്ഞാനികൾ ഇതിനു് ''ഇയോൻ'' (Aeon) എന്നു നാമകരണം ചെയ്തു. ''ഇയോൻ'' എന്ന വാക്കു് കാലം, പരിതഃസ്ഥിതി ഇവയ്ക്കു് അടിമപ്പെടാത്ത നിത്യപ്രകൃതിയെ കുറിക്കുന്നു. എന്നാൽ ഈ ''ഇയോ''ന്റെ എണ്ണം എത്രയാണെന്നുള്ളതു തർക്കവിഷയമായിരുന്നു.

ദൈവവും തന്റെ കുടുംബവും താമസിക്കുന്ന പ്രകാശരാജ്യത്തിനു ദൂരെയായി എപ്പോഴും ഭയങ്കരമായി ചുഴന്നുകൊണ്ടിരിക്കുന്നതും അരൂപീകൃതവുമായ ഒരു വസ്തുസഞ്ചയമുണ്ടു്. ദൈവനിയോഗപ്രകാരമൊ യാദൃച്ഛികമായൊ പ്ലീറോമയ്ക്കു വെളിയ്ക്കു കടന്ന സ്വർഗ്ഗീയ വർഗ്ഗത്തിൽപ്പെട്ട ഒരു വ്യക്തിയാൽ ഈ വസ്തു സമൂഹം ക്രമീകരിക്കപ്പെടുകയും മനുഷ്യർ, ജീവജാലങ്ങൾ, മറ്റനവധി സാധനങ്ങൾ ഇവയാൽ മനോഹരമാക്കപ്പെടുകയും ചെയ്തതു കൂടാതെ സ്വർഗ്ഗീയ വസ്തുവും പ്രകാശവുംകൊണ്ടു് അവയെ പൂശുകയും ചെയ്തു. സൃഷ്ടികാരദേവതയിൽനിന്നു വിഭിന്നനായ ഈ ലോകനിർമ്മാതാവിനു സാധാരണയായി ഡെമിയൂർഗ് എന്നു പേർ വിളിക്കപ്പെടുന്നു. ഇപ്പോൾ അവനു് അനേക സൽഗുണങ്ങളോടുകൂടി സ്വാഭാവികമായ അഹങ്കാരവും ഭരണകാംക്ഷയുമുണ്ടു്. തന്നിമിത്തം സ്വനിർമ്മിതമായ പുതിയ ലോകത്തെക്കുറിച്ചു് ഒരു അവകാശവാദം ചെയ്യുന്നതു കൂടാതെ, സൃഷ്ടികാരദേവതയെ നിശ്ശേഷം തള്ളി തനിക്കും തന്റെ ഉദ്യോഗസ്ഥന്മാർക്കും മനുഷ്യജാതിയിൽനിന്നു ബഹുമാനവും താൻ ആവശ്യപ്പെടുന്നു.

മനുഷ്യർ, ഭൗമവും ദോഷമയവുമായ ശരീരവും, പ്രധാനദേവതയിൽ നിന്നു് എങ്ങനെയോ അപഹരിച്ചെടുത്തതും സ്വർഗ്ഗീയവുമായ ഒരു ആത്മാവും കൊണ്ടു സംഘടിക്കപ്പെട്ടിരിക്കുന്നു. ഇവയാൽ മഹത്തരമായ ആത്മാവു സകല മോഹങ്ങളുടെയും ഇരിപ്പിടമായ ശരീരത്തിന്റെ അധീനതയിൽ കിടന്നു കഷ്ടപ്പെടുന്നു. പരമാധികാരിയായ ആ ദേവതയെ അറിയുകയും വന്ദിക്കുകയും ചെയ്യുന്നതിൽനിന്നു് ഈ ലോകനിർമ്മാതാവിനെയും അവന്റെ സഹചരന്മാരേയും ആരാധിക്കുന്നതിലേക്കും, ഭൗമസംഗതികൾകൊണ്ടു പഞ്ചേന്ദ്രിയങ്ങളെ ആനന്ദിപ്പിച്ചു് ആത്മാവിനെ നിറയ്ക്കുന്നതിലേയ്ക്കും ശരീരം ആത്മാവിനെ വലിച്ചിഴച്ചു കൊണ്ടുപോകുന്നു. ഈ അടിമത്തനത്തിൽനിന്നും തന്റെ പുത്രന്മാരെ വിമുക്തരാക്കുന്നതിനു ദൈവം പലവിധത്തിൽ പണിപ്പെടുന്നു. പ്രത്യേകമായി താൻ അവരുടെ ഇടയിലേക്കു് അയയ്ക്കുന്ന ദൂതന്മാർ മുഖാന്തരമാണു് ഈ കൃത്യം നിർവഹിക്കുന്നതു്. എന്നാൽ ഡെമിയൂർഗും അവന്റെ കൂട്ടാളികളും തങ്ങളുടെ അധികാരത്തെ നിലനിർത്തുന്നതിനുവേണ്ടി ആത്മാക്കളെ തന്റെ അടുക്കലേക്കു വിളിക്കുന്ന ദൈവത്തിന്റെ ദിവ്യോപദേശത്തെ കഴിയുംവണ്ണം തടയുകയും ദൈവത്തെക്കുറിച്ചുള്ള അറിവിനെ ജനങ്ങളിൽനിന്നു മറയ്ക്കുയും ചെയ്യുന്നു. ഈലോകസ്രഷ്ടാവിനെ തൃണവൽഗണിച്ചു വസ്തുവിലുള്ള ആശ വെടിഞ്ഞു ശരീരത്തിൽനിന്നും വിമുക്തരാകുന്ന ആത്മാക്കൾ പ്ലീറോമായിലേക്കു നേരെ പോകുന്നു. എന്നാൽ വസ്തുവിന്റെയും അന്ധവിശ്വാസത്തിന്റെയും അടിമത്തനത്തിൽ കിടക്കുന്ന ആത്മാക്കൾ ശരിയായി ഉണർത്തപ്പെടുന്നതുവരെ മറ്റു ശരീരങ്ങളിലേക്കു കടന്നുകൊണ്ടിരിക്കണം.

ഒടുവിൽ ദൈവം വിജയിയാകും. ശരീരത്തിൽ ബന്ധനസ്ഥരായിരിക്കുന്ന ആത്മാക്കളിൽ മിക്കതിനേയും വിമുക്തരാക്കിയിട്ട ലോകത്തിന്റെ പണിയെ നശിപ്പിച്ച കളകയും ആദ്യസമാധാനം പുനർല്ലഭിക്കയും ചെയ്യുന്നു. ഇതിനോടുകൂടി ദൈവം സൌഭാഗ്യവാന്മാരായ ആത്മാക്കളുമായി നിത്യത മുഴുവൻ വാഴുന്നു.

പുതിയനിയമം എഴുതിയ കാലത്തു്, അതിൽനിന്നു കാണുന്നപ്രകാരം, യഹൂദന്മാർ 'കബ്ബാല' എന്നു പേരോടുകൂടിയ ഒരുമാതിരി രഹസ്യജ്ഞാനം ഉപദേശിച്ചിരുന്നു. പൌരസ്ത്യമെന്നു നാം വിളിക്കുന്ന തത്വജ്ഞാനപദ്ധതിയോടു് ഇതിനു വളരെ സാമ്യമുണ്ടു്. യഹൂദമതത്തിന്മേൽ തത്വജ്ഞാനം പൂശി മിനുക്കിയ ഒന്നാണു്, കബ്ബാല. യഹൂദന്മാർക്കു ഗ്രീക്കു് ഉപദേശങ്ങളും തീരെ അപരിചിതങ്ങളല്ലായിരുന്നു. അലക്സാണ്ടറിന്റെ കാലം മുതൽ യഹൂദമതത്തിലേക്കു ചില തത്വങ്ങളെ അവർ കൂട്ടിച്ചേർത്തുമിരുന്നു. കൽദയരിൽനിന്നോ എജിപ്തുകാരിൽനിന്നോ സുറിയാക്കാരിൽനിന്നോ അനേക സംഗതികളും കൂട്ടിച്ചേർത്തിട്ടുള്ള വാസ്തവവും സംമത്തവ്യമത്രെ.

ഗ്രീക്കുകാർ പാണ്ഡിത്യത്തിൽ, വിശിഷ്യ, തത്വജ്ഞാനത്തിൽ അഗ്രിമസ്ഥാനം പ്രാപിച്ചിരുന്നുവെന്നു മിക്ക എഴുത്തുകാരും സമ്മതിക്കുന്നു. പ്ലേറ്റൊ, ആരിസ്റ്റോട്ടിൽ, സീനൊ. എപ്പിക്കൂരസ് ആദിയായവരുടെ തത്വങ്ങളെ പഠിപ്പിക്കുന്നവരെകൂടാതെ വാഗ്മിത്വം, സാഹിത്യം ഇവയിൽ വിദ്യാർത്ഥികളെ അഭ്യസിപ്പിക്കുന്ന അനവധി പണ്ഡിതന്മാരും അതേ നഗരിയിൽ ഉണ്ടായിരുന്നു. ജ്ഞാനസമ്പാദനത്തിനായി അനേക ദിക്കുകളിൽനിന്നു് അനവധി വിദ്യാർത്ഥികളും ഗ്രീക്കു ദേശത്തു വന്നുകൊണ്ടിരുന്നു. എജിപ്തിലെ അലക്സാന്ത്രിയായിൽ എതാനും ഗ്രീക്കുതത്വജ്ഞാനികളും വാഗ്മികളും ഉണ്ടായിരുന്നതിനാൽ ആ സ്ഥലവും ജ്ഞാനസമ്പാദനത്തിനുള്ള ഒരു കേന്ദ്രസ്ഥാനമായിത്തീർന്നു. ഇക്കാലത്തു റോമർ സകലവിധ വിദ്യകളും ശാസ്ത്രങ്ങളും അഭ്യസിച്ചിരുന്നു. ഉയന്ന കുടുംബങ്ങളിൽപ്പെട്ട ബാലന്മാർ, വിശ്യഷ്യ ഗ്രീക്കു കലകളിലും വാഗ്മിത്വത്തിലും ചെറുപ്പം മുതലേ അഭ്യസ്തരായതിന്റെശേഷം തത്വജ്ഞാനവും രാജ്യമീമാംസയും പരിശീലിച്ചു് ഒടുവിൽ ഗ്രീക്കു ദേശത്തു പോയി. തങ്ങളുടെ ബുദ്ധിക്കുവേണ്ട സംസ്കാരവും ഉണ്ടാക്കിയിരുന്നു. എപ്പിക്കൂര്യരുടെയും അക്കാഡമിക്സിനേറയും തത്വജ്ഞാനമായിരുന്ന പ്രസ്തുത ബാലന്മാർ പരിശീലിച്ചതു്. റോമരിൽ അധികം പേർക്കും രസകരമായി ജീവിതം നയിക്കുന്നതിനു് ഈ തത്വജ്ഞാനം അവർക്കു സഹായിച്ചുവന്നു. ആഗസ്റ്റസ് ചക്രവർത്തി സുകുമാര കലകളെ പുലർത്തിപ്പോന്നു. എന്നാൽ അദ്ദേഹത്തിന്റെ പിൻഗാമികളും യുദ്ധനിരതന്മാരായിരുന്നതിനാൽ ഈ വക അഭ്യസനങ്ങൾക്കു സ്ഥാനമില്ലാതെ വന്നു.

അദ്ധ്യായം ഏഴ്

ഉപദേഷ്ടാക്കളും സഭാഭരണവും

ക്രിസ്തു തന്റെ സഭയ്ക്കു രണ്ടുതരം ഉപദേഷ്ടാക്കളെ നിയമിച്ചതായി വിചാരിക്കാം. അതിൽ ഒരു വകുപ്പ് അസാധാരണോപദേഷ്ടാക്കന്മാരായ അപ്പൊസ്തലന്മാരും മറ്റതു് എപ്പിസ്കോപ്പോസ്, ദിയാക്കൊനോസ് മുതലായ സാധാരണോപദേഷ്ടാക്കന്മാരുമാകുന്നു. അസാധാരണോപദേഷ്ടാക്കന്മാരുടെ കൂട്ടത്തിൽ എഴുപതു ശിഷ്യന്മാർകൂടി ഉൾപ്പെടുന്നതായി ചിലർ വിചാരിക്കുന്നു. ലൂക്കൊസിന്റെ സുവിശേഷത്തിൽ കാണുംവണ്ണം ഇവരുടെ നിയമനം യഹൂദർക്കു ''രാജ്യത്തിന്റെ സുവിശേഷം'' പ്രസംഗിപ്പാൻ മാത്രമായിരുന്നു. പ്രവൃത്തികളുടെ പുസ്തകത്തിൽ ഇവരെപ്പറ്റി ഒന്നും പറഞ്ഞു കാണുന്നില്ല. പക്ഷെ, ഇവർ ക്രിസ്തുവിന്റെ കാലശേഷം രാജ്യങ്ങളോടും സഞ്ചരിച്ചു രക്ഷാമാർഗ്ഗത്തെ ജനങ്ങൾക്കു് ഉപദേശിച്ചുവെന്നു വിചാരിക്കാം. ഈ എഴുപതു ശിഷ്യന്മാരുടെ പേരുകളും ചില യവന പണ്ഡിതന്മാർ കൊടുത്തിട്ടുള്ളതു തീരെ വിശ്വാസയോഗ്യമല്ല.

സഭയുടെ ഭരണസമ്പ്രദായത്തെപ്പറ്റി സഭാചരിത്രപണ്ഡിതനായ ഡോക്ടർ മോഷീം താഴെ വരുംപ്രകാരം പറയുന്നു:—''സഭയുടെ ബാഹ്യരൂപത്തെയും അതിന്റെ ഭരണക്രമത്തെയും കുറിച്ചു ക്രിസ്തുവോ അപ്പൊസ്തലന്മാരോ തീർച്ചയായി യാതൊരു കല്പനയും കൊടുത്തിട്ടില്ല. എങ്കിലും യെരൂശലേമിൽ രൂപവൽക്കരിച്ച സഭയുടെ ഭരണക്രമം ക്രിസ്തുവിന്റെ അപ്പൊസ്തലന്മാർ ദിവ്യാനുമതിയോടും നടത്തിപ്പോന്നുകൂടി എന്നുറപ്പെടുത്തിയിട്ടുള്ളതാണെന്നുള്ളതിനെ യാതൊരു ക്രിസ്ത്യാനിയും സംശയിക്കുന്നില്ല. ഈ രീതിയെത്തെ യെരൂശലേം ഒഴിച്ചുള്ള ഇതരസഭകളിലും നടപ്പായി വന്നതു്. ഇതുകൊണ്ടു് ഈ ഭരണരീതി നിത്യമെന്നോ മാറ്റംകൂടാത്തതെന്നോ വിചാരിക്കരുതു്. ഓരോ ക്രിസ്തീയ സംഘവും ആദിമകാലത്തു ജനങ്ങളും, അദ്ധ്യക്ഷന്മാർ, സഹായികളും അഥവാ ശുശ്രൂഷക്കാർ എന്നിവരാൽ രൂപവൽകൃതമായിരുന്നു. ഓരോ സഭയ്ക്കും ഈദൃശമായ വിജനമത്രെ ഉണ്ടായിരിക്കേണ്ടതു്. സഭയുടെ പരമാധികാരം ജനങ്ങളിൽ അതായതു ക്രിസ്ത്യാനികളുടെ പൊതുസംഘത്തിൽ സ്ഥിതി ചെയ്തിരുന്നു. അപ്പൊസ്തലന്മാരുടെ നടപടി നമ്മെ പഠിപ്പിക്കുന്നതു സഹോദരന്മാരുടെ അറിവും സമ്മതവും കൂടാതെ ഗൗരവമുള്ള യാതൊരു സംഗതികളും ചെയ്യുകയോ തീർച്ചയാക്കുകയോ ചെയ്യരുതെന്നത്രെ. (അപ്പൊ. പ്ര. 1: 15, 6: 31, 15: 4, 2: 22.)

അതുകൊണ്ടു ജനങ്ങളും ഒന്നിച്ചുകൂടി, തങ്ങളുടെ അദ്ധ്യക്ഷന്മാരെയും ഉപദേഷ്ടാക്കളെയും തിരഞ്ഞെടുക്കയൊ, മറ്റുള്ളവരാൽ ശിപാർശി ചെയ്യപ്പെട്ടിട്ടുള്ളവരെ സമ്മതിക്കയോ ചെയ്തിരുന്നു. കൂടാതെ അവർ അദ്ധ്യക്ഷന്മാരാൽ രൂപീകൃതമായിട്ടുള്ള നിയമങ്ങളെ തങ്ങളുടെ മീറ്റിംഗുകളിൽവച്ചു വായ്കയോ നേരെമറിച്ചു്, അവയെ സാധുകരിച്ച നടപ്പാക്കുകയോ ചെയ്തു. ദുഷ്പന്മാരേയും അയോഗ്യന്മാരായ അംഗങ്ങളെയും അവർതന്നെ തള്ളുകയും പുനഃസ്വീകരിക്കയും ചെയ്തു, ഉണ്ടാകുന്ന വാഗ്വാദങ്ങളെയും തർക്കങ്ങളെയും അവർതന്നെ തീരുമാനിച്ചു. മൂപ്പന്മാരുടെയും ശുശ്രൂഷകന്മാരുടെയും കേസുകളെ അവർ കേട്ടു തീരുമാനം ഉണ്ടാക്കി. ചുരുക്കിപ്പറഞ്ഞാൽ ഏതു

സംഗതിയിലും ശ്രേഷ്ഠാധികാരം സഭയ്ക്കുണ്ടെന്നുള്ളതിനെ പ്രത്യക്ഷീകരിക്കും വണ്ണമായിരുന്ന നടപടി. ഈ അവകാശങ്ങളും സ്വാധീനതയിൽ വച്ചുകൊണ്ടിരുന്ന ജനങ്ങളും, ഉപദേഷ്ടാക്കളും, ശുശ്രൂഷകന്മാർ, സാധുക്കളും എന്നിവരെ പുലർത്തുന്നതിനും പൊതുനന്മയെ ദൃഢീകരിക്കുന്നതിനും അപ്രതീക്ഷിതമായ ആപത്തുകളെ നിവാരണം ചെയ്യുന്നതിനും യഥാശക്തി മനഃപൂർവ്വമായ വഴിപാടുകളും കൊടുത്തുവന്നു.

ഓരോ സഭാംഗങ്ങളുടെയും നിലയോ വിലയോ എന്തുതന്നെയായിരുന്നാലും എല്ലാവരും എത്രയും പൂർണ്ണമായ സമസ്ഥിതിയിൽ അത്രെ വർത്തിച്ചിരുന്നതു്. ഈ സമനിലയെ തങ്ങളുടെ സ്നേഹവിരുന്നുകൾകൊണ്ടും അന്യോന്യം സഹോദരൻ, സഹോദരി എന്ന വിളിക്കുന്നതുകൊണ്ടും മറ്റു പ്രകാരത്തിലും അവർ വെളിപ്പെടുത്തി. ഈ പ്രഥമയുഗത്തിൽ സ്നാനാർത്ഥി എന്നും സഭാംഗം എന്നും ഉള്ള വ്യത്യസ്തമില്ലായിരുന്നു. കാരണം യേശുക്രിസ്തുവിനെ ലോകരക്ഷിതാവായി ഗണിക്കയും അവനിൽമാത്രം ആശ്രയിക്കുകയും ചെയ്യുന്നവൻ ഉടൻ സ്നാനപ്പെടുത്തപ്പെടുകയും സഭയിൽ കൈക്കൊള്ളപ്പെടുകയും ചെയ്തു. എന്നാൽ ക്രിസ്തുമതം അധികം വിസ്തൃതമായിത്തീർന്നപ്പോൾ ''വിശ്വസ്തർ'' (Faithful) മാരെന്നും സ്നാനാർത്ഥികൾ (Catachumens) എന്നും രണ്ടു വിഭാഗങ്ങൾ ഉണ്ടാകുന്നതു നല്ലതു് എന്നു തോന്നി. ഇതിൽ വിശ്വസ്തന്മാരെന്നു പേരുള്ള ആദ്യവകുപ്പുകാർക്കു മതസംബന്ധമായുള്ള എല്ലാവിധ ആരാധനകളിലും സംബന്ധിക്കുന്നതിനും, സാമാന്യമേളനങ്ങളിൽ വോട്ടു ചെയ്യുന്നതിനും, അധികാരം ഉണ്ടു്. രണ്ടാമത്തവർ വിശുദ്ധ ജലത്തിന്റെ ക്രമാശയിൽ പ്രതിഷ്ഠിക്കപ്പെടായ്കയാൽ പൊതുപ്രാർത്ഥനകളിലും വിശുദ്ധ അത്താഴത്തിലും സമ്മേളനങ്ങളിലും സ്വീകരിക്കപ്പെട്ടിരുന്നില്ല.

സഭയിൽ അഗ്രാസനം വഹിച്ചിരുന്നവർക്കു പ്രസ്ബിറ്റർന്മാർ അഥവാ മൂപ്പന്മാർ എന്ന പേർ വിളിക്കപ്പെട്ടു. യഹൂദന്മാരിൽനിന്നു വായ്പ വാങ്ങിയ ഒരു ഉദ്യോഗമാണിതു്. ഈ മൂപ്പു്, പ്രായത്തെക്കാളും അധികം ജ്ഞാനത്തെയാണു് ആസ്പദീകരിച്ചതു്. ഇവർ ഘനശാലികളും ശ്രുതിപ്പെട്ടവരും സൽകീർത്തി, ജനസ്വാധീനത, വിശുദ്ധി എന്നിവയുള്ളവരും ആയിരുന്നു. (1 തിമൊ. 3: 1, തീത്തൊസ് 1: 7, 8.) അവരിൽ ചിലർ ജനങ്ങളെ പഠിപ്പിക്കുന്നവരും മറ്റു ചിലർ വേറെ വിധത്തിൽ പരസ്യശുശ്രൂഷ നടത്തുന്നവരുമായിരുന്നു. എങ്കിലും എല്ലാ മൂപ്പന്മാരും ഉപദേശിപ്പാൻ സമർത്ഥരായിരിക്കണമെന്നു (1 തിമെ. 3: 2) വിശുദ്ധ പൗലൊസ് പറയുന്നതിനാൽ ഈ വ്യത്യാസം അധികനാളും നിലനിന്നതായി തോന്നുന്നില്ല. ആദ്യക്രിസ്ത്യാനികളും മിക്കവാറും അറിവിൽ കുറഞ്ഞവരായിരുന്നതിനാൽ യോഗങ്ങളിൽ മതവിഷയമായ സന്ദേശങ്ങളും കൊടുക്കുന്നതിനും സ്വന്ത വാക്കുകളിൽ അവരോടു വ്യവഹരിക്കുന്നതിനും പ്രവാചകന്മാർ എന്ന പേരുള്ള ഒരു കൂട്ടം അസാധാരണ ഉപദേഷ്ടാക്കളും ആവശ്യമെന്നു ദൈവം കണ്ടു. പ്രവാചകന്മാർ എന്ന പുതിയനിയമത്തിൽ പറഞ്ഞിരിക്കുന്നതു് ഇവരെ ആണു്. ഇവരെ പരിശോധിച്ചു കള്ളപ്രവാചകന്മാരോ അല്ലയോ എന്നു തീരുമാനിക്കുന്നതിനു വരം ലഭിച്ചവരും ശ്രോതാക്കളുടെ ഇടയിൽ ഉണ്ടായിരുന്നു.

പ്രവാചകൻ എന്ന പദത്തിനു് ഇംഗ്ലീഷിൽ Prophet എന്നാണല്ലൊ. ഈ വാക്കിനു് ഒരു അഭിനവവേദനിഘണ്ടുകാരനായ എഫ്. എൻ. പെലൂബ്രറു് ഡി. ഡി. താഴെ വരുംപ്രകാരം അർത്ഥം പറഞ്ഞിരിക്കുന്നു. ''Prophet എന്ന പദത്തിനു് എബ്രായ ഭാഷയിൽ 'നെബി' എന്നാണു്. ഇതിനു ദൈവത്തിൽനിന്നു് ഒരു ദൂതു കൊണ്ടുവരികയൊ അറിയിക്കയൊ ചെയ്യുന്നവൻ എന്നാണർത്ഥം. നമ്മുടെ പ്രോഫറു് എന്ന പദത്തിനും വാസ്തു

വത്തിൽ അതുതന്നെയാണർത്ഥം. പ്രോ (Pro) എന്ന ഗ്രീക്കു് ഉപസർഗ്ഗത്തിനു 'വേണ്ടി' എന്നും 'മുൻകൂട്ടി' എന്നും അർത്ഥമുണ്ടു്. അതിനാൽ പ്രൊഫറർ (പ്രവാചകൻ) എന്ന പദത്തിനു ദൈവത്തിനുവേണ്ടി സംസാരിക്കുന്നവൻ; 'സംഭവിപ്പാനുള്ളതിനെ മുൻകൂട്ടി പറയുന്നവൻ എന്നർത്ഥമാകുന്നു.'

സഭയ്ക്കു് അതിന്റെ സ്ഥാപനം മുതൽക്കുതന്നെ ദാസന്മാർ (Public Servants) അഥവാ ഡീക്കൻമാർ (സുറിയാനിയിൽ ശെമ്മാശു്) ഉണ്ടായിരുന്നു. ആദ്യസഭയുടെ മാതൃകയിൽ സ്ഥാപിക്കപ്പെടുന്ന ഏതൊരു സംഘത്തിനും ഈ വിധമുള്ള ഒരു ഉദ്യോഗത്തിന്റെ ആവശ്യകത ഒഴിച്ചുകൂടാത്തതാണെന്നു് ആരും അഭിപ്രായപ്പെടാതിരിക്കയില്ല. അനന്യാസിന്റെയും ഭാര്യയുടെയും ശവം ചുമന്നു കൊണ്ടുപോയി കുഴിച്ചിട്ടതു് ഈ വകക്കാരാണെന്നുള്ളതു നിസ്സംശയമാണു്. അവർ യറുശലേംസഭയിലെ ഡീക്കന്മാരും ആവശ്യപ്പെടുമ്പോഴും അപ്പൊസ്തലന്മാർക്കു കൈങ്കര്യം വഹിക്കുന്നവരുമായിരുന്നു. ഈ ആദ്യശുശ്രൂഷകന്മാർ പലസ്തീനിൽ ജനിച്ച യഹൂദന്മാരിൽനിന്നു് തിരഞ്ഞെടുക്കപ്പെട്ടവരത്രെ. * പരദേശികന്മാരായ യഹൂദന്മാക്കു് ഈ ശുശ്രൂഷകന്മാർ പക്ഷപാതികളാണെന്നു തോന്നുകയാൽ പലസ്തീൻ നാടിനു പുറമേ പാർത്തിരുന്നവരും പക്ഷെ അവിടെ ജനിച്ചിട്ടുള്ളവരുമായ ഏഴു ദിയാക്കോന്മാരെ (Diakonoi) നിയമിച്ചു. ഇവരിൽ ആറു പേരും നിശ്ശേഷം പാരദേശികന്മാരാകുന്നുവെന്നു് അവരുടെ പേരുകൾതന്നെ വെളിപ്പെടുത്തുന്നു. ശേഷിച്ച ഒരുവൻ മതാനുസാരികളുടെ ഒരു പ്രതിപുരുഷൻ എന്ന നിലയിൽ വരണം ചെയ്യപ്പെട്ടു. യറുശലേം സഭയുടെ ഈ ശുശ്രൂഷക നിയമനസമ്പ്രദായത്തെ ഇതര സഭകളും അനുകരിച്ചു ദിയാക്കോന്മാരെ ഏർപ്പെടുത്തി. ഇതിനും പുറമെ അനേക സഭകളിൽ, വിശിഷ്യ, എഷ്യയിലുള്ള സഭകളിൽ പെൺദിയാക്കോന്മാർ അഥവാ ശെമ്മാശിമാർ (Deaconesses = ശുശ്രൂഷികകൾ) ഉണ്ടായിരുന്നു. ക്രെംക്രയാ സഭയിലെ ഫേബയേപ്പോലുള്ള ഈ ശുശ്രൂഷികകൾ പ്രായേണ സന്ന്യാസ്ത്രീചാരിണികളായ അമ്മമാരൊ വിധവമാരെ, ആയിരുന്നു. ഇവർ സാധുക്കളുടെ ശുശ്രൂഷണത്തിലും മറ്റു ധർമ്മ പ്രവൃത്തികളിലും ഏർപ്പെട്ടിരുന്നു.

പ്രവൃത്തികളുടെ പുസ്തകം 5: 5, 6, 10 കാണുന്ന നിയോത്തെറോയി, നിയാനിസ്കോയി (Neoteroi, Neaniskoi) അഥവാ ബാല്യക്കാർ എന്ന പദം സഭയിലുള്ള ദിയാക്കോന്മാരെ കുറിക്കുന്നതാണെന്നുള്ളതിനു ഡോക്ടർ മോഷി തെളിവു തരുന്നുണ്ടു്. ലൂക്കൊ. 22: 26, 1 പത്രൊ. 5: 5 ഈ വാക്യങ്ങളിൽ കാണുന്ന മൂപ്പന്മാർ, ഇളയവർ എന്നുള്ള വാക്കുകളും രണ്ടും പ്രായത്തെ അല്ല, പ്രാപ്തിയെ ആണ കുറിക്കുന്നതെന്ന ധാരാളം തെളിയിച്ചശേഷം അദ്ദേഹം ഈ വിധം പറഞ്ഞവസാനിപ്പിക്കുന്നു. 'ഇളയവർ എന്ന ഈ പദത്തിനു ഞാൻ കൊടുത്തിരിക്കുന്ന അർത്ഥത്തെ ഗ്രീക്കിലും ലത്തീനിലും ഉള്ള സാഹിത്യകാരന്മാരുടെ അതായതു വൈദികന്മാരും അവൈദികന്മാരുമായ ഗ്രന്ഥകർത്താക്കളുടെ സാക്ഷ്യങ്ങൾകൊണ്ടു് ഉറപ്പിക്കുവാൻ കഴിയും.''

ഇങ്ങനെ പ്രസ്ബിറർ, ഡിയാക്കോൻ എന്നീ രണ്ടു് ഉദ്യോഗസ്ഥന്മാരുടെ ഭരണത്തിൽ സഭ അഭിവൃദ്ധി പ്രാപിച്ചുവന്നു. എന്നാൽ സഭകൾ വലുതായും അസംഖ്യമായും തീർന്നപ്പോൾ പ്രസ്ബിറർന്മാരുടെ ആലോചനാസംഘത്തിനു ഘനശാലിതകൊണ്ടും വിവേകംകൊണ്ടും പ്രസിദ്ധനായ ഒരാൾ, അതായതു് ഒരു പ്രസിഡൻറു് ഉണ്ടായിരിക്കേണ്ട ആവശ്യം വന്നുകൂടി. ഇയാൾ തന്റെ സഹപ്രവർത്തകർക്കു ജോലി വിഭജിച്ചു കൊടുക്കുന്ന

---

* വിശ്വാസികളുടെ ഇടയിൽ നാം ഇന്നു കാണുന്നതുപോലെ വിശേഷിച്ചൊരു നിയമനം കൂടാതെ ശുശ്രൂഷയ്ക്കു് തങ്ങളെത്തന്നെ സമർപ്പിച്ച ബാല്യക്കാർ അല്ലേ ഇവർ എന്നു തോന്നുന്നു. (ഗ്ര)

ആളും മുഴുസഭയുടെ കേന്ദ്രവും ആയിരുന്നു. ഇദ്ദേഹത്തിനു് ആദ്യ (Angel) ദൂതനെന്നും പിന്നീടു് ബിഷപ്പു് എന്നും പേർ വന്നു. ബിഷപ്പു് എന്ന വാക്കു് എപ്പിസ്കോപ്പോസു് എന്ന പദത്തോടു സമാനാർത്ഥമുള്ള ശബ്ദമത്രെ. ഇദ്ദേഹത്തിന്റെ ജോലിയുടെ സ്വഭാവത്തെ ഇതു കാണിക്കുന്നു. എപ്പിസ്കോപ്പോസു് എന്ന പദത്തിനു് ഓവർസീയർ എന്നർത്ഥം. മലയാളത്തിൽ ഇതിനു് അദ്ധ്യക്ഷൻ എന്നാണു പരിഭാഷ. അപ്പൊസ്തലന്മാർ പിരിഞ്ഞു പോയശേഷം യെരൂശലേം സഭയ്ക്കു് ഇങ്ങനെ ഒരു പ്രസിഡൻറിനെ തിരഞ്ഞെടുക്കേണ്ടതു് ആവശ്യമായിരുന്നു. ഈ സഭയായിരിക്കണം പക്ഷെ ഈ മാതിരി തിരഞ്ഞെടുപ്പു് ആദ്യമായി നടത്തിയതു്.

എങ്കിലും ക്രിസ്തുമതത്തിന്റെ സുവർണ്ണയുഗമായ ഒന്നാം നൂറ്റാണ്ടിലെ ബിഷപ്പന്മാരെ അനന്തരശതാബ്ദങ്ങളിലുണ്ടായിട്ടുള്ള ബിഷപ്പന്മാരുമായി കലർത്തുന്ന ആളുകൾ വളരെ വ്യത്യസ്തമായ രണ്ടുതരം ആളുകളെ മിശ്രീകരിക്കുകയാണു ചെയ്യുന്നതു്. ഒന്നും രണ്ടും നൂറ്റാണ്ടുകളിൽ ഒരു ബിഷപ്പിനു് ഒരു പ്രത്യേക വീട്ടിൽ പതിവായി കൂടിവരുന്ന ഒരൊറ്റ സഭയുടെ ചുമതല മാത്രമെ ഉണ്ടായിരുന്നുള്ളു. അദ്ദേഹം ആ സഭയുടെ ലോർഡു് (തിരുമേനി) അല്ലായിരുന്നു. പ്രത്യുത, വാസ്തവത്തിൽ, അതിന്റെ ശുശ്രൂഷകനും ഭൃത്യനും മാത്രമായിരുന്നു. ഇദ്ദേഹം ജനങ്ങളെ പഠിപ്പിക്കുകയും പരസ്യാരാധനയുടെ എല്ലാ ഭാഗങ്ങളും സ്വയമേവ നടത്തുകയും രോഗികളെയും ദരിദ്രന്മാരേയും ചെന്നു കണ്ടു ശുശ്രൂഷിക്കയും ചെയ്തിരുന്നു. കൃത്യാന്തരങ്ങൾകൊണ്ടു തനിക്കു നിവൃത്തിപ്പാൻ സൗകര്യമില്ലായിരുന്ന ഈ വക ചുമതലകളും പ്രസ്ബിറ്റർന്മാരെ അദ്ദേഹം ഏല്പിച്ചുവെങ്കിലും പ്രസ്ബിറ്റർന്മാരുടെയും ജനങ്ങളുടെയും സമ്മതി ലഭിക്കുന്നതുവരെ യാതൊന്നിനെക്കുറിച്ചും തീർച്ചയാക്കുന്നതിനാകട്ടെ വിധി പറയുന്നതിനാകട്ടെ അയാൾക്കു് അധികാരം ഉണ്ടായിരുന്നില്ല. അധ്വാനവും പ്രയാസവുമേറിയ ഈ ജോലിക്കുള്ള വരുമാനം തുച്ഛമായിരുന്നു. കാരണം മനഃപൂർവ്വദാനമല്ലാതെ സഭയ്ക്കു യാതൊരു മുതൽകൂട്ടും ഇല്ലായിരുന്നു. എത്രയും ചുരുങ്ങിയ ഈ വരുമാനമാണു ബിഷപ്പന്മാർക്കും പ്രസ്ബിറ്റർന്മാർക്കും ഡീക്കന്മാർക്കും ദരിദ്രന്മാരായ സാധുജനങ്ങൾക്കുമായി വിഭജിച്ചു വന്നതു്.

സഹോദരന്മാരെ സംബന്ധിച്ചു മേൽപ്രസ്താവിച്ചിട്ടുള്ളതു്, മോഷീമിനെറ അഭിപ്രായമാണു്. സഭകൾതോറും മൂപ്പന്മാരും ശുശ്രൂഷകന്മാരും മാത്രമേയുണ്ടായിരുന്നുള്ളു എന്നും, ആലോചനാസഭകളിൻ അദ്ധ്യക്ഷം വഹിക്കുകയും പൊതുക്കാര്യങ്ങൾ അന്വേഷിക്കയും ചെയ്തിരുന്നതു് അപ്പൊസ്തന്മാരോ അവരുടെ പ്രതിനിധികളോ ആയിരുന്നു എന്നും ബിഷപ്പന്മാർ എന്ന പേരോടുകൂടി പ്രസ്ബിറ്റർന്മാരിൽനിന്നു വ്യത്യസ്തമായ ഒരു ഗണം ആദ്യ സഭയിൽ ഉണ്ടായിട്ടില്ലെന്നും ബിഷപ്പു്, എപ്പിസ്കോപ്പോസു്, പ്രെസ്ബൂറ്റെറോസു്, എന്നിവ ഒരേ ഉദ്യോഗത്തിന്റെ പര്യായ ശബ്ദങ്ങളാണെന്നും ഇക്കാലത്തെ ബിഷപ്പു് സ്ഥാനവും, നൽവരവും, അധികാരവും, പദവിയും, ഭരണരീതിയും, അപ്പൊസ്തലന്മാർ അറിഞ്ഞിട്ടില്ലാത്ത അനന്തരകാലങ്ങളിലെ ഒരു മനുഷ്യനിർമ്മിതി മാത്രമാണെന്നുമത്രെ നവീനപണ്ഡിതന്മാരുടെ അഭിപ്രായം.

ഈ നൂറ്റാണ്ടിലെ ഭരണക്രമത്തെക്കുറിച്ചു ''മലങ്കര സുറിയാനി ക്രിസ്ത്യാനി സമൂഹം'' എന്ന ഗ്രന്ഥത്തിന്റെ കർത്താവായ ശ്രീമാൻ എം. വി. ഇട്ടിച്ചെറിയ ബി. എ., ബി. എൽ. ഇങ്ങനെ പറയുന്നു:—''മെത്രാൻ എന്ന പദത്തെ ഇപ്പോഴുള്ള അർത്ഥത്തിലല്ല ആദ്യനൂറ്റാണ്ടിൽ ഉപയോഗിച്ചിരുന്നതു്. അക്കാലത്തു് ഒരു മെത്രാനു് ഒരു പള്ളി മാത്രമെ അധീനതയിലുണ്ടാ

യിരുന്നുള്ള. പള്ളി എന്ന പറഞ്ഞാൽ അക്കാലത്തെ അർത്ഥം ഒരു വീട്ടിൽ ദൈവാരാധനയ്ക്കായി കൂടുന്ന ക്രിസ്തീയ സഹോദരസഹോദരിമാരുടെ പൊതു കൂട്ടം എന്ന മാത്രമായിരുന്ന. ഈ പള്ളിയുടെ നാഥനല്ലായിരുന്ന മെത്രാൻ എന്നും ഓർക്കേണ്ടതാണ്. ആ യോഗത്തെ പഠിപ്പിക്കുന്നവനും യോഗത്തി ലെ ആരാധനകളെ നടത്തി കൊടുക്കുന്നവനും ദീനക്കാരെയും അശരണരെയും അന്വേഷിക്കുന്നവനുമായ ഒരു ശുശ്രൂഷക്കാരനും ദാസനും മാത്രമായിരുന്ന അക്കാലത്തെ മെത്രാൻ. ജനങ്ങളുടെയും മൂപ്പന്മാരുടേയും സമ്മതംകൂടാതെ യാതൊരു കാര്യങ്ങളെയും ക്രമപ്പെടുത്തുന്നതിനോ തീരുമാനിക്കുന്നതിനോ ഇവർക്ക് അധികാരമില്ലായിരുന്ന. ഒന്നാം നൂറ്റാണ്ടിൽ മെത്രാപ്പോലീത്ത ന്മാരും സുന്നാദോസുകളും ഇവ ഒന്നും ഇല്ലായിരുന്ന. ഒരു മെത്രാന്റെ കീഴ് വേറെ മെത്രാന്മാർ ഉണ്ടായിരുന്നതായോ ഒന്നിലധികം പള്ളികൾകൂടി കാര്യ ങ്ങൾ ആലോചിച്ചതായോ തെളിവുകൾ ഒന്നും ഇല്ലാത്തതാകുന്ന. ഈ വക കാര്യം എല്ലാം രണ്ടാം നൂറ്റാണ്ടു തുടങ്ങി ഉണ്ടായവയെന്ന ധാരാളം തെളിവുകൾ ഉള്ളവയാകുന്ന.''

(ടി പുസ്തകം. പേജ്. 12. 13.)

ആദിമ സഭകളെല്ലാം സ്വതന്ത്രസഭകളായിരുന്ന. ഒന്നിന്റെ അധി കാരത്തിന വേറൊന്ന കീഴ്പെട്ടിരുന്നില്ല. വല്ല സഭയ്ക്കും പ്രാധാന്യം ഉണ്ടെ ങ്കിൽ ആ പ്രാധാന്യം മറ്റു സഭകൾക്ക് ആലോചന പറഞ്ഞു കൊടുക്കത്തക്ക നേതാക്കന്മാർ ആ സഭയിൽ ഉണ്ടായിട്ടൊ, അല്ലാത്തപക്ഷം ജനാധിക്യം, ധനസ്ഥിതി, രാജസഹായം എന്നിവകൊണ്ടോ അപ്പൊസ്തലസ്ഥാപിതമെ ന്നുള്ള അഭിമാനം പലത്തി വന്നതുകൊണ്ടോ അല്ലാതെ ഇതര സഭകളുടെ മേൽ യാതൊരധികാരവും ഉണ്ടായിരുന്നതുകൊണ്ടല്ല. ഒരു സഭയുടെ മേൽ നിയമനിർമ്മിതി ചെയ്വാൻ മറ്റു സഭയ്ക്ക് യാതൊരവകാശവും ഇല്ലായി രുന്ന.

തങ്ങളുടെ ലിഖിതങ്ങൾകൊണ്ടു സഭയ്ക്ക് നിസ്തുല്യമായ ഉപകാരം ചെയ്തിട്ടുള്ളവരിൽ പ്രഥമസ്ഥാനത്തിനർഹന്മാർ അപ്പൊസ്തലന്മാരത്രെ. ഇവരും ഇവരുടെ ചില സഹകാരികളും ക്രിസ്തുവിന്റെയും അപ്പൊസ്തലന്മാരുടെയും, ചരിത്രം രേഖപ്പെടുത്തിയിട്ടുണ്ട്. ഈ എഴുത്തുകൾക്ക് പുതിയനിയമം എന്ന പേർ. ഇതിൽപ്പെട്ട ഓരോ പുസ്തകങ്ങളും ആരു്, എപ്പോൾ, എഴുതി എന്ന തു പക്ഷേ തർവിഷയമായിരുന്നാലും രണ്ടാം നൂറ്റാണ്ടിന്റെ മദ്ധ്യത്തിനു മുൻപായി പുതിയനിയമത്തിലെ മിക്ക പുസ്തകങ്ങളും ക്രിസ്തീയ സഭയിൽ പൊതുവെ അംഗീകരിക്കപ്പെടുകയും പതിവായി വായിക്കപ്പെടുകയും, വിശ്വാസത്തിന്റെയും നടപടിയുടെയും കാനുലായി ഗണിക്കപ്പെടുകയും ചെയ്തിരുന്ന. അവയിൽ സുവിശേഷങ്ങൾ നാലും യോഹന്നാൽ അപ്പൊസ്ത ലന്റെ കാലത്തുതന്നെ കൂട്ടിച്ചേർത്തിട്ടുള്ളതാണ്.

ഇതിനിടയിൽ ചിലർ ദുരുദ്ദേശം കൊണ്ടല്ലെങ്കിൽ അന്ധവിശ്വാസം കൊണ്ടൊ, ഭക്തിയോടു കൂട്ടുപിടിക്കുന്ന ഒരുമാതിരി മൂഢതകൊണ്ടൊ, കർത്താ വിന്റെ ജീവിതവൃത്തിയെക്കുറിച്ചും മനോധർമ്മത്തെക്കുറിച്ചും വിശ്വാസയോ ഗ്യമല്ലാത്ത അനേകം കെട്ടുകഥകൾ വകഞ്ഞുണ്ടാക്കി അപ്പൊസ്തലന്മാരുടെ പേരുവച്ചു ചില വ്യാജലിഖിതങ്ങൾ നിർമ്മിക്കയുണ്ടായി. ഈ കൃതികളെ സഭയുടെ ഭരണാധികാരികൾ താമസംവിനാ പരിശോധിച്ച്, സാക്ഷാൽ ദൈവികവും അപ്പൊസ്തലകരങ്ങളിൽനിന്നു വന്നിട്ടുള്ളതുമായ ഗ്രന്ഥങ്ങളിൽ നിന്നു പരിശുദ്ധകയും സത്യലിഖിതങ്ങളെ ഒരു പുസ്തകമാക്കി രൂപപ്പെടുത്തു കയും ചെയ്തിട്ടില്ലായിരുന്നുവെങ്കിൽ അപ്പോക്രിഫാ എന്ന വിളിക്കപ്പെടുന്ന മേൽപ്പറഞ്ഞ കൃത്രിമഗ്രന്ഥങ്ങളുടെ രചന വളരെ കഴപ്പത്തെ ഉണ്ടാക്കി

ത്തീക്കയും ക്രിസ്തുവിന്റെ ചരിത്രവും മതവും അനിശ്ചിതമായ നിലയിൽ ഗണിക്കപ്പെടുന്നതിനു് ഇടയായിത്തീരുകയും ചെയ്യുമായിരുന്നു, എന്നുള്ളതിനു സംശയമില്ല. പുതിയനിയത്തിലെ അപ്പോക്രിഫാ (Apocrypha) എന്നു ഗണിക്കപ്പെടുന്ന ഏതാനും ഗ്രന്ഥങ്ങളുടെ പേർ പ്രസംഗവശാൽ പറഞ്ഞു കൊള്ളുന്നു.

I. മറിയയുടെ ജനനത്തിന്റെ സുവിശേഷം.

II. നീതിമാനായ യാക്കോബു് എഴുതിയ പൂവ്വസുവിശേഷം.

III. ക്രിസ്തുവിന്റെ ശൈശവ സുവിശേഷം.

IV. നിക്കോദിമോസിന്റെ സുവിശേഷം.

V. തിബര്യോസു് ചക്രവത്തിക്കു പീലാത്തോസു് എഴുതിയ മൂന്നു ലേഖനങ്ങൾ

VI. റോമൻ സെനറിനു ലെൻറുലസു് എഴുതിയ സുവിശേഷം.

VII. അബ്ഗാരസു് രാജാവിനു ക്രിസ്തു എഴുതിയ എഴുത്തുകൾ.

ഇതു കൂടാതെ ഫെബ്രിഷ്യസു് എന്ന വിദ്വാൻ, സുമാർ നാല്പതു് അപ്പോക്രിഫാ സുവിശേഷങ്ങളുടെ പട്ടിക തരുന്നുണ്ടു്.

അദ്ധ്യായം എട്ട്

ആദിമകാലത്തെ ഗ്രന്ഥകാരന്മാർ

1. ഹെമ്മാസ്

''ഹെമ്മാസ് ഇടയൻ'' എന്ന ഗ്രന്ഥത്തിൽനിന്നാണ് ഈ പേർ പ്രസിദ്ധമായിത്തീർന്നിട്ടുള്ളത്. അല്ലാതെ, ഈ ദേഹത്തെക്കുറിച്ചു യാതൊന്നും അറിവാൻ കഴിഞ്ഞിട്ടില്ല. പഴയ കാലങ്ങളിൽത്തന്നെയും ഹെമ്മാസ് ആരെന്നുള്ളതു സംശയവിഷയമായിരുന്നു. റോമരുടെ ലേഖനത്തിൽ കാണുന്ന ഹെമ്മാസ് തന്നെയാണ് എന്നതേ പഴയകാലം മുതലുള്ള അഭിപ്രായം. യൂസീബിയസ്, ജറോം, ഓറിജൻ മുതൽപേർ ഇതിനെ മിക്കവാറും സമ്മതിച്ചിരിക്കുന്നു. ഇവന്റെ കീർത്തിപ്പെട്ട കൃതിയെ, പുരാതന സഭ, നാം * പരദേശിമോക്ഷയാത്ര എന്ന പുസ്തകത്തെ ഗണിച്ചുവരുന്നതുപോലെ ഗണിച്ചുവന്നു. ഐറേനിയസ്, അലക്സാന്ത്രിയാ ക്ലമന്തു്, ഓറിജൻ എന്നിവർ വേദപുസ്തകത്തിൽ ഒരു ഭാഗമായി ഇതിനേയും എണ്ണിപ്പോന്നു. ഇതിന്റെ ദൈവനിശ്വസ്തതയെക്കുറിച്ചു തന്റെകാലത്തു തർക്കമുള്ളതായി യൂസീബിയസ് പറയുന്നു. പൂർവ്വസഭാപിതാക്കളിൽ തെർത്തുല്യൻ മാത്രമേ തള്ളിപ്പറഞ്ഞിട്ടുള്ളൂ. പക്ഷെ, മൊന്താനൃ അഭിപ്രായങ്ങൾക്കു വിപരീതമായി ഈ പുസ്തകത്തിൽ പലതും കണ്ടതുകൊണ്ടു് ആയിരിക്കാം. അങ്ങനെതന്നെയെന്നു വന്നാലും തെർത്തുല്യന്റെ വാക്കുകൊണ്ടുതന്നെ അതു സഭയിൽ പ്രമാണപ്പെട്ട ഒരു ഗ്രന്ഥമായിരുന്നുവെന്നു തെളിയുന്നുണ്ട്.

ഹെമ്മാസ് തന്റെ ലേഖനം ഗ്രീക്കു ഭാഷയിൽതന്നെ എഴുതി. സിനേററിക്കു ലിഖിതം കണ്ടുപിടിച്ചപ്പോൾ ഇതിന്റെ ഒരു പ്രതിയും അതിനോടുകൂടി ഉണ്ടായിരുന്നു. വളരെ പഴയകാലത്തുതന്നെ എത്യോപ്യ, ലത്തീൻ എന്നീ ഭാഷകളിൽ ഈ കൃതി പരിഭാഷപ്പെടുത്തപ്പെട്ടു. ഈ ഗ്രന്ഥത്തിൽ ദർശനങ്ങളും ഉപമകളും സന്മാർഗ്ഗോപദേശങ്ങളുമത്രെ അടങ്ങിയിരിക്കുന്നതു്. ബന്നബാസ്, ഹെമ്മാസ് ഇവരെക്കുറിച്ചു വല്ലതും അറിയണമെങ്കിൽ അവരുടെ എഴുത്തുകളല്ലാതെ വേറെ യാതൊരു മാർഗ്ഗവുമില്ല. വത്തിക്കാൻ ലിഖിതത്തിലുള്ള പ്രധാന ഗ്രന്ഥത്തിന്റെ അവസാനഭാഗത്തു് ഇങ്ങനെ കാണുന്നു. ''അനുഗ്രഹിക്കപ്പെട്ട പൗലൊസിന്റെ ശിഷ്യനായ ഇടയന്റെ പുസ്തകം ഇവിടെ അവസാനിക്കുന്നു.''

പുസ്തകത്തിൽ പറഞ്ഞിട്ടുള്ള ക്ലെമന്തു് റോമയിലെ ക്ലെമന്തല്ല. ഈ കൃതിയിൽ സഭാസ്ഥിതി ഒന്നാംനൂറ്റാണ്ടിന്റെ പൂർവ്വാർദ്ധത്തിലേതാകുന്നു. കാരണം, അന്നുള്ള നോസ്റ്റിക്കു് ഉപദേശങ്ങളെയും കപടഭക്തിക്കാരേയുമാണ് അതു സ്പർശിക്കുന്നതു്. ഈ പ്രസംഗത്തിന്റെ കത്താവു് (മ്യൂറേറോറിയൻ കാനോൻ അനുസരിച്ചു പറയുന്ന പക്ഷം) 139 മുതൽ 154 വരെ റോമസഭയെ ഭരിച്ചിരുന്ന പീയൂസ് ബിഷപ്പിന്റെ സഹോദരനായ ഒരു ഹെർമ്മാസ് ആണെന്നത്രെ നവീനപരിശോധകന്മാരുടെ അഭിപ്രായം. ഈ ബിഷപ്പ്

---

* ഡീൻസ്റ്റാലി പ്രകൃതപുസ്തകത്തെ രണ്ടാം നൂറ്റാണ്ടിലെ ''പരദേശി മോക്ഷയാത്ര'' എന്നു വിളിച്ചിട്ടുണ്ട്.

ഇന്നത്തെ നമ്മുടെ ബിഷപ്പന്മാരിൽ ഒരാളല്ല, പ്രാധാന്യമുള്ള ഒരു പ്രസ്ബിറ്റർ എന്ന മാത്രമേയുള്ള. റോമസഭയിൽ പ്രസ്ബിറ്റർമാർ മാത്രം ഉള്ളതായിട്ടാണ ഹെർമ്മാസിന്റെ പ്രബന്ധത്തിൽ കാണുന്നതു്.

''നാം വെള്ളത്തിലേക്കു ഇറങ്ങുമ്പോഴും'' (Book II Commandment. IV. C. 3) എന്നിങ്ങനെ ഹെമ്മാസ് സ്നാനത്തെക്കുറിച്ചു പറഞ്ഞിരിക്കുന്നതിനാൽ അദ്ദേഹത്തിന്റെ കാലത്തു സ്നാനം നിമജ്ജനമായിരുന്നുവെന്നു തെളിയുന്നു.

2. പാപ്പിയാസ്

ഇദ്ദേഹം രണ്ടാം ശതാബ്ദത്തിന്റെ ആരംഭത്തിൽ പ്രിഗിയായിലുള്ള ഹൈറാപട്ടണത്തിൽ, ബിഷപ്പും, വി. യോഹന്നാന്റെ ശിഷ്യനും പോലിക്കാർപ്പിന്റെ സതീർത്ഥ്യനും നമ്മുടെ കർത്താവിനോടും ശിഷ്യന്മാരോടും ഇടപെട്ടിട്ടുള്ള അനേകരുമായി പരിചയമുള്ളവനും ആയിരുന്നുവെന്നു പറയപ്പെടുന്നു. പാപ്പിയാസിന്റെ സഭ, യഹൂദിയയിലെ സഭകളുമായി കൂട്ടായ്മ ചെയ്തിരുന്നുപോൽ. വി. പൗലൊസ് കൊലോസ്യക്കു് എഴുതിയ ലേഖനത്തിൽ ജ്ഞാനസ്നാനത്തിനെക്കുറിച്ചു പറയുന്നവല്ലൊ. ഇതു് അയൽസഭയായ ഹൈറാപട്ടണത്തിലെ ക്രൈസ്തവസഭയ്ക്കും പറ്റുന്നുണ്ടു്. തത്വങ്ങളും പാരമ്പര്യങ്ങളും എന്നിവയെക്കുറിച്ചു ഭ്രമമുള്ള ആളായിരുന്ന പാപ്പിയാസ്. ഈ വിശുദ്ധൻ ചമച്ചതായി പറയപ്പെടുന്ന കൃതിതന്നെയും മൂപ്പന്മാരിൽനിന്നും ലഭിച്ച വചനങ്ങളും കൂട്ടിച്ചേർത്തതത്രെ. ഈ കൃതിക്കു കർത്തൃവചന സംഗ്രഹം എന്ന പേർ. ഇദ്ദേഹത്തിനു സഹസ്രാബ്ദവാഴ്ചയിലുള്ള വിശ്വാസം ബലവത്തരമായിരുന്നു. മത്തായി സുവിശേഷം ആദ്യം എബ്രായഭാഷയിൽ എഴുതപ്പെട്ടുവെന്ന ഈ പിതാവു് പറഞ്ഞിട്ടുണ്ടു്. ലൂക്കൊസിന്റെയും യോഹന്നാന്റെയും സുവിശേഷങ്ങളെക്കുറിച്ചു ഒന്നും പറഞ്ഞുകാണുന്നില്ല. പാപ്പിയാസ് എ. ഡി. 70—നും 75—നും ഇടയ്ക്കു ജനിച്ചുവെന്നും എ. ഡി. 163—ൽ മരിച്ചു എന്നും പറയപ്പെട്ടിരിക്കുന്നു.

3. ബന്ബാസ്

ഈ പേരോടുകൂടിയ ലേഖനത്തിൽനിന്നല്ലാതെ ഇദ്ദേഹത്തിന്റെ കഥയും അറിവാൻ പ്രയാസം. ബന്ബാസ്, പൗലൊസിന്റെ സഹപ്രവർത്തകനായ ബന്ബാസു് തന്നെയൊ എന്ന സംശയമുണ്ടു്. പൂർവ്വിക എഴുത്തുകാർ എല്ലാവരും ഇതു കൂപ്രോസ്കാരനായ ബന്ബാസ് തന്നെയെന്ന ഏകശബ്ദത്തോടു സാക്ഷിക്കുന്നു. പുതിയ നിയമത്തിലെ പൊതുലേഖനങ്ങളുടെ കൂട്ടത്തിൽ ഒന്നായിട്ടു് ഇതിനെയും ഓറിജൻ, അലക്സാന്ത്രിയായിലെ ക്ലെമന്റു് എന്നിവർ ഗണിച്ചിരുന്നു. ചില പൂർവ്വികരേഖകംകൊണ്ടും മറ്റും ഇതിന്റെ കർത്താവു് അപ്പോസ്തലകാലികനായ ബന്ബാസു് തന്നെയെന്നു അവർ കാണിച്ചു. എന്നാൽ പ്രസ്തുതലേഖനം അപ്പൊസ്തല ബന്ബാസിന്റേതു് അല്ല എന്നുള്ളതിനു് അഭ്യന്തരസാക്ഷികം വേണ്ടുവോളം ഉണ്ടു്. യൂസീബിയസു് അതിനെ വ്യാജ എഴുത്തുകളുടെ കൂട്ടത്തിൽ കൂട്ടിയിരിക്കുന്നു. അതിൽ യഹൂദമാഗ്രത്തിനു് വിരോധമായി, മോശീയ ധർമ്മങ്ങളും നടത്തകളും സംബന്ധിച്ചു പറയുന്നിടങ്ങളിൽ വളരെ സൂക്ഷ്മക്കുറവുണ്ടു്. വേദപുസ്തകത്തിലെ ചില ഭാഗങ്ങളുടെ അർത്ഥം ഈ ലേഖനകാരൻ പറയുന്നതു് തീരെ കഥയില്ലായ്മയും യുക്തിവിരുദ്ധവും ആണു്. ഇക്കാരണങ്ങളാൽ നവീന പണ്ഡിതന്മാർ ഇതു രണ്ടാം നൂറ്റാണ്ടിൽ എഴുതപ്പെട്ട ഒരു ലേഖനമായി തീർച്ചപ്പെടുത്തിയിരിക്കുന്നു. (Codexsinaticus) സിനോറിക്ക ലിഖിതം കണ്ടുപിടിക്കുന്നതുവരെ ഈ ലേഖനത്തിന്റെ ഒരു മുഴുപ്രതി കിട്ടിയിരുന്നില്ല. എബ്രായ ലേഖനത്തോടു് ഈ ലേഖനത്തിനു വളരെ സാമ്യമുണ്ടു്.

സ്നാനത്തെക്കുറിച്ചു ബന്നബാസ് ഇങ്ങനെ പറയുന്നു. ''ക്രൂശിൽ തങ്ങളുടെ ആശ്രയം വയ്ക്കുന്നവരും വെള്ളത്തിലേക്കിറങ്ങീട്ടുള്ളവരുമായവർ ഭാഗ്യവാന്മാർ. C. IX. ഈ പ്രസ്താവന, സ്നാനരീതി നിമജ്ജനമാണെന്നു തെളിയിക്കുന്നു.

4. റോമയിലെ ക്ലെമന്തു്

ഇതു ക്രൈസ്തവ സഭാചരിത്രത്തിൽപെട്ട ഒരു പ്രാചീന നാമധേയമാണെങ്കിലും വളരെ കള്ളക്കഥകളും ഇതിനു ചുറ്റും വളർന്നുവന്നിട്ടുള്ളതിനാൽ അസ്പഷ്ടതരമായിട്ടാണു് ഈ പുണ്യാത്മാവിന്റെ ജീവിതവൃത്താന്തം സ്ഥിതി ചെയ്യുന്നതു്. ഇദ്ദേഹത്തെ പ്രഥമശതകത്തിൽപ്പെട്ട റോമാ ബിഷപ്പന്മാരുടെ കൂട്ടത്തിൽ ലിസ്റ്റു ചെയ്തു കാണുന്നു. മിക്ക ലിസ്റ്റുകളും ഭിന്നരീതിയിലാണു്. ചിലതിൽ ക്ലെമന്തിനെ നാലാമതായും ചിലതിൽ മൂന്നാമതായും കാണിച്ചിരിക്കുന്നു. ലിസ്റ്റു് പരസ്പരവിരുദ്ധമായി കാണുന്നതുകൊണ്ടു സഭയുടെ എത്രയും പുരാതനമായ ഒരു ഐതിഹ്യത്തെ—ക്ലെമന്തു് റോമാ ബിഷപ്പായിരുന്നുവെന്നുള്ളതിനെ—നിഷേധിക്കേണ്ട ആവശ്യമില്ല. ക്ലെമന്തു് റോമാ ബിഷപ്പായിരുന്നിരിക്കണം. എന്നാൽ പില്ക്കാലങ്ങളിൽ നാം കാണുന്നതുപോലെ അദ്ദേഹം പ്രത്യേതമുള്ള ഒരു സാവ്വത്രിക ബിഷപ്പല്ലായിരുന്നു. അപ്പൊസ്തല കാലത്തിന്റെ അന്ത്യത്തോടടുത്ത റോമാസഭയെ ഭരിച്ചിരുന്ന മൂപ്പന്മാരിൽ ഒരുവൻ എന്ന മാത്രമേ ഈ വിശുദ്ധനെപ്പറ്റി വിചാരിക്കേണ്ടതുള്ളൂ.

ഐറീനിയസ്, ക്ലെമന്തിനെ ഒരു അപ്പൊസ്തല ശിഷ്യൻ എന്നു മാത്രം പറയുന്നു. ഓറിജനും, യുസീബിയസും, എപ്പിഫാനിയസും, ജെറോമും, ഫിലി. 4: 3–ൽ പൗൽ പറയുന്ന ക്ലെമന്തു് ഇദ്ദേഹമാണെന്നു പറയുന്നു. ക്രിസൊസ്തം, ഈ മതത്തെ ദൃഢീകരിച്ചു ക്ലെമന്തിനെ പത്രോസിന്റെ ഉറ്റ സഹചാരിയും അടുത്ത ശിഷ്യനും ആക്കിത്തീർത്തു. ഈ ക്ലെമന്തു് പത്രോസിന്റെയൊ, പൗലൊസിന്റെയൊ അന്തേവാസിയായിരുന്നെങ്കിൽ ഐറീനിയസ് അതിനെപ്പറ്റി എന്തെങ്കിലും പറയാതെ വിടുകയില്ലായിരുന്നു എന്നുള്ളതുകൊണ്ടു് മിക്ക വേദശാസ്ത്രജ്ഞന്മാരും മേല്പറഞ്ഞവരുടെ അഭിപ്രായത്തെ നിഷേധിക്കുന്നു. പൗൽ പറയുന്ന ക്ലെമന്തു് ഒരു ഫിലിപ്പിയക്കാരനാണെന്നുള്ളതു തീച്ചയായും തന്നെ.

യുസീബിയസും ജെറോമും പറയുന്നതു്, ട്രാജൻ, ചക്രവർത്തിപദം പ്രാപിച്ചതിന്റെ മൂന്നാം കൊല്ലത്തിൽ ക്ലെമന്തു് സ്വാഭാവിക മരണമായി മരിച്ചുവെന്നത്രെ.

ക്ലെമന്തിന്റെ ലിഖിതങ്ങൾ എന്നു പറയപ്പെടുന്നവയിൽ മിക്കതും പില്ക്കാലത്തുണ്ടായിട്ടുള്ള കപടരേഖകൾതന്നെ. ദൃഷ്ടാന്തമായി ''അപ്പൊസ്തലിക നിയമങ്ങൾ'' എന്ന ഗ്രന്ഥം നോക്കുക. നേരെമറിച്ചു്, ക്ലെമന്തു് എഴുതിയതായി പറയപ്പെടുന്ന കോരിന്ത്യർക്കുള്ള രണ്ടു ലേഖനങ്ങൾ—മുഖ്യമായി, ഒന്നാം ലേഖനം—ഇപ്പോഴുള്ള അതിപ്രാചീനരേഖകളിൽ ഏറ്റവും പ്രാധാന്യത്തെ അർഹിക്കുന്നവയാണു്.

ഇതിൽ ഒന്നാം ലേഖനം റോമസഭ കൊരിന്തു സഭയ്ക്കു് അയക്കുന്ന ഒരു ലേഖനമാണു്. കൊരിന്തു സഭയിലെ ഏതാനും ഭിന്നതകളെ ആസ്പദിച്ചത്രെ ഈ ലേഖനം എഴുതീട്ടുള്ളതു്. മുഴുസഭയുടെയും നാമത്തിൽ എഴുതിയിരിക്കുന്നതുകൊണ്ടു ലേഖകന്റെ പേർ ഇതിൽ പറയുന്നില്ല. എന്നാൽ ക്ലെമന്താണു് ഇതിന്റെ കർത്താവെന്നുള്ളതിനു് അംഗീകാര്യമായ പ്രാചീന സാക്ഷ്യങ്ങൾ ഉണ്ടു്. കൊരിന്തിലെ ബിഷപ്പായ ഡയനിഷ്യസ് ക്രിസ്റ്റാബ്ലൂം 170–ൽ റോമയിലെ ബിഷപ്പായ സോട്ടറിനു് എഴുതിയ ഒരു എഴുത്തിൽ,

ഈ ലേഖനം ക്ലെമന്ത് എഴുതിയതാണെന്നും തന്റെ സഭയിൽ ആ ലേഖനം എല്ലായ്പ്പോഴും ഉച്ചത്തിൽ വായിച്ചു വന്നിരുന്നുവെന്നും പറഞ്ഞിരിക്കുന്നു. (Euseb: Hist. Eccl, IV:23) ഹെഫലെ, വീസ്ലർ എന്നിവർ ഈ ലേഖനം 64–നും, 68–നും മദ്ധ്യേ എഴുതപ്പെട്ട എന്നഭിപ്രായപ്പെടുന്നു. എന്നാൽ കുറെക്കൂടി സൂക്ഷ്മമായി ചെയ്തിട്ടുള്ള പരിശോധന അനുസരിച്ച് ഒന്നാം നൂറാണ്ടിന്റെ അന്ത്യദശകത്തിൽ—93–നും 97–നും മദ്ധ്യേ—എഴുതിയതായി അനുമാനിക്കാം.

രണ്ടാംലേഖനം എന്നു് അറിയപ്പെടുന്നതു ലേഖനമേ അല്ല, ഒരു പ്രസംഗം മാത്രമാണു്. നമുക്കു ലഭിച്ചിട്ടുള്ള ഏറ്റവും പുരാതനമായ ഒരു പ്രസംഗമാകയാൽ അതു് അത്യന്തം രസാവഹമാണെന്നുള്ളതിനു സംശയമില്ല. എവിടെവച്ചു്, എപ്പോഴാ, ആരു് ഈ ലേഖനം എഴുതി എന്നുള്ളതു് ഇപ്പോഴും വിഷമമേറിയ പ്രശ്നമായിട്ടാണു കിടക്കുന്നതു്. ഇതിനു സമാധാനമായി, വളരെ അദ്ധ്വാനങ്ങൾ കൊണ്ടുവന്നിട്ടുണ്ടെങ്കിലും ഒന്നുംതന്നെ പൂർണ്ണതൃപ്തികരമായിരിക്കുന്നില്ല. പക്ഷെ 130—നും 140—നും മദ്ധ്യേ ഇതു്, റോമയിൽ ഉൽപന്നമായി എന്നു വിചാരിക്കാം. എന്നാൽ ക്ലെമന്തിന്റെ ലേഖനത്തോടു ചേർന്നു് രണ്ടാം ലേഖനമായി വന്നതെങ്ങനെയെന്നുള്ളതു് ഇനിയും വെളിപ്പെട്ടിട്ടില്ല.

See the Article 'Clemens Romanus' in Religious Encyclopaedia, Edited by Philip Schaff D. D. L. L. D.

ക്ലെമന്തിന്റെ രണ്ടു ലേഖനങ്ങളെക്കുറിച്ചു നിയാണ്ഡർ എന്ന സഭാചരിത്രകാരൻ താഴെ വരുംപ്രകാരം പറയുന്നു. ''ആദ്യത്തെ ലേഖനം ആദ്യനൂറാണ്ടുകളിൽ, ആരാധനസമയത്തു്, അനേക സഭകളിൽ പുതിയ നിയമ എഴുത്തുകളോടുകൂടിതന്നെ ഉറക്കെ വായിച്ചു വന്നു. ഭിന്നതകളാൽ ഇളക്കപ്പെട്ട കൊരിന്തിലെ സഭാംഗങ്ങളുടെ പരസ്പര യോജിപ്പിനു വേണ്ടിയുള്ള പ്രബോധനം, ഉദാഹരണങ്ങളോടും പൊതുവായ വിമർശങ്ങളോടുംകൂടി അതിൽ അടങ്ങിയിരിക്കുന്നു. പ്രകൃതലേഖനം, ആകപ്പാടെ സത്യമെന്നു സ്വീകരിക്കാമെന്നിരുന്നാലും ദോഷകരമായ കപടനിവേശനങ്ങൾ (Important interpolatians) ളിൽനിന്നു വിമുക്തമല്ല. ദൃഷ്ടാന്തമായി, ലേഖനം മുഴുവനിലും ക്രിസ്തീയസഭയുടെ ആദിമശ്രേണിയെക്കുറിച്ചു വിശദമായി പ്രസ്താവിച്ചുവരുമ്പോഴാ എല്ലായിടത്തും ബിഷപ്പന്മാരെയും മൂപ്പന്മാരെയും സമനിലയിലാക്കി പറഞ്ഞിരിക്കെ ഒരു ഭാഗത്തു് (40 ഇതിനെത്തുടർന്നുള്ള വാക്യങ്ങളും) യഹൂദപൌരോഹിത്യക്രമം മുഴുവൻ ക്രിസ്തീയസഭയിലേക്കു മാറിയിരിക്കുന്നതായി ഖ്യാപനം ചെയ്യുന്നു. ഇതു പ്രത്യക്ഷമായ പരസ്പര വൈരുദ്ധ്യമാണല്ലൊ.

രണ്ടാംലേഖനം, അതിനെ സാധാരണ വിളിച്ചുവരുന്നതുപോലെ ഒരു പ്രസംഗത്തിന്റെ അംശം മാത്രമാണെന്നുള്ളതു സ്പഷ്ടം.

Roses' Neander, London 1841. 11. 332

ക്ലെമന്തിന്റെ ലേഖനം

ക്ലെമന്തിന്റെ ലേഖനം ''റോമയിൽ നിവസിക്കുന്ന ദൈവസഭ്ക്കു്'' എഴുതീട്ടുള്ളതാണു്. കൊരിന്തിലുള്ള കക്ഷിപ്പിണക്കത്തിന്റെ ഫലമായി ചില പ്രസ്ബിറ്റർന്മാർ സ്ഥാനഭ്രഷ്ടരായിത്തീർന്നു.

കൊരിന്തുസഭ്ക്കു പൌലൊസ് അപ്പൊസ്തലൻ രണ്ടു ലേഖനങ്ങൾ എഴുതിയിട്ടുണ്ടല്ലൊ. കൊരിന്തുസഭ അതു വായിച്ചു കഴിഞ്ഞിട്ടു നാല്പ്പതു കൊല്ലം കടന്നിരിക്കുന്നു. പ്രസ്താവകാലത്തു റോമാസഭാദ്ധ്യക്ഷനായ ക്ലെമന്തു്

കൊരിന്തുസഭ, മുൻപു യാതൊരു ഗുണങ്ങൾക്കു കീർത്തിപ്പെട്ടിരുന്നുവോ ആ ഗുണങ്ങളാകുന്ന വിശ്വാസം, അറിവു്, താഴ്മ എന്നിവയെപ്പറ്റി അവരെ ഓർപ്പിച്ചുകൊണ്ടാകുന്നു ലേഖനം ആരംഭിക്കുന്നതു്. അനന്തരം ശക്തിമത്തായ വാക്കുകളിൽ, അവർക്കു വന്നുകൂടിയ മാറ്റങ്ങളെപ്പറ്റി അനുശോചിക്കുന്നു. അവരുടെ ഇടയിൽ മുൻപുണ്ടായിരുന്ന കക്ഷിപ്പിണക്കത്തെപ്പറ്റി പൗലൊസു് സങ്കടം പറയേണ്ടി വന്നതിനെ ക്ലെമന്തു് എടുത്തു പറഞ്ഞിട്ടു്, ഇപ്പോഴത്തെ അവരുടെ വീഴ്ച അപകടകരം എന്നു് അവരെ ധരിപ്പിക്കുന്നു. ''പ്രിയരെ; എത്രയും ഉറപ്പുള്ളതും പുരാതനവും ആയ കൊരിന്തുസഭ ഒന്നോ രണ്ടോ ആളുകളുടെ നിമിത്തം തങ്ങളുടെ പ്രസ്ബിറ്റർമാർക്കു് എതിരായുള്ള കൂട്ടുകെട്ടിൽ ഏർപ്പെട്ടിരിക്കുന്നതായി കേൾക്കുന്നതു എത്രയോ അപമാനകരം'' എന്നത്രെ അദ്ദേഹം എഴുതുന്നതു്.

ആദിമ ക്രിസ്ത്യാനികൾ വളരെ ബഹുമാനിച്ചുവന്ന ഈ ലേഖനത്തിൽ സുവിശേഷോപദേശങ്ങൾ ധാരാളം കാണുന്നു. ''ക്രിസ്തുവിന്റെ രക്തത്തിലേക്കു് ഉറപ്പായി നോക്കി ആ രക്തം ദൈവത്തിനു് എത്രമാത്രം വിലയേറിയതു് എന്നു കാണുക. നമ്മുടെ രക്ഷയ്ക്കായി ചിന്തീട്ടുള്ള ആ രക്തം സമസ്തലോകത്തിന്റെയും മുൻപാകെ അനുതാപത്തിനുള്ള കൃപയെ സ്ഥാപിച്ചുവച്ചിരിക്കുന്നു. നാം നീതീകരിക്കപ്പെട്ടിരിക്കുന്നതു്, നമ്മാലൊ, നമ്മുടെ ജ്ഞാനത്താലൊ, വിവേകത്താലൊ, ദൈവഭക്തിയാലൊ ഹൃദയശുദ്ധിയോടുകൂടി ചെയ്തിട്ടുള്ള പ്രവൃത്തികളാലൊ അല്ല, സർവ്വശക്തനായ ദൈവം ആദിമുതലേ എല്ലാവരേയും നീതീകരിച്ചിട്ടുള്ളതായ വിശ്വാസത്താലത്രേ. ഇനിയും നന്മചെയ്യുന്നതിൽ മടിയരായിത്തീരുകയും സ്നേഹത്തിന്റെ ആചരണത്തിൽ നിന്നു വിരമിക്കയും ചെയ്യുമോ? എല്ലാ സൽപ്രവൃത്തിയും ചെയ്വാൻ മനസ്സിന്റെ സകല ഊർജ്ജിതത്തോടും, സന്നദ്ധതയോടും കൂടി നാം ബദ്ധപ്പെടുമോ? ബലവാൻ ബലഹീനനെ അലക്ഷ്യമാക്കരുതു്. ബലഹീനൻ ബലവാനോടു ബഹുമാനം പ്രദർശിപ്പിക്കട്ടെ. ധനികൻ ദരിദ്രന്റെ കുറവു കണ്ടുകൊണ്ടു പരിഹാരം ഉണ്ടാക്കട്ടെ. ദരിദ്രൻ തന്റെ ആവശ്യം നിവർത്തിപ്പാൻ തക്കവണ്ണം ഒരു ആളിനെ തനിക്കു നൽകിയതിനാൽ ദൈവത്തെ വാഴ്ത്തട്ടെ. ജ്ഞാനി വാക്കുകളാൽ അല്ല, സൽപ്രവൃത്തിവഴി തന്റെ ജ്ഞാനത്തെ പുറത്തു കാണിക്കട്ടെ. താഴ്മയുള്ളവൻ തനിക്കുതന്നെ സാക്ഷ്യം വഹിക്കാതെ മറ്റൊരുവൻ അവനു സാക്ഷ്യം വഹിപ്പാൻ അനുവദിക്കട്ടെ.

Chaps. 7, 32, 33, 38.

ഇദ്ദേഹം സഭാശുശ്രൂഷയെപ്പറ്റി ഒന്നാം ലേഖനം 42-ാം അദ്ധ്യായത്തിൽ പറയുന്നതാവിതു്:—''അപ്പൊസ്തലന്മാർ നാട്ടംപുറങ്ങളിലും നഗരങ്ങളിലും സഞ്ചരിച്ചു പ്രസംഗിച്ചു തങ്ങളുടെ മാനസാന്തരവേലയുടെ ആദ്യഫലങ്ങളിൽനിന്നു്, ബിഷപ്പന്മാരേയും ശുശ്രൂഷകന്മാരേയും നിയമിച്ചു. ആദ്യമെ പരിശുദ്ധാത്മാവിനാൽ അവരെ പരിശോധിച്ച ശേഷമാണു് ഇങ്ങനെ നിയമിച്ചതു്. വളരെ മുൻപുതന്നെ ബിഷപ്പന്മാരേയും ഡീക്കന്മാരേയും കുറിച്ചു് എഴുതപ്പെട്ടിട്ടുണ്ടു്. കാരണം തിരുവെഴുത്തിൽ ഒരു സ്ഥലത്തു് ഇങ്ങനെ പറയുന്നു:—''ഞാൻ നീതിയിൽ അവർക്കു് അദ്ധ്യക്ഷന്മാരേയും വിശ്വാസത്തിൽ അവർക്കു ശുശ്രൂകന്മാരേയും നിയമിക്കും.''

ക്ലെമന്തിന്റെ (?) രണ്ടാം ലേഖനത്തിൽ സ്നാനത്തെപ്പറ്റി ഇങ്ങനെ പറഞ്ഞുകാണുന്നു:—''നമ്മുടെ ബപ്തിസ്മയെ വിശുദ്ധവും നിർമ്മലവുമായി നാം സൂക്ഷിക്കാഞ്ഞാൽ, ദൈവത്തിന്റെ രാജധാനിയിലേക്കു പ്രവേശിക്കാമെന്നു് എങ്ങനെ പ്രത്യാശിപ്പാൻ നമുക്കു കഴിയും?'' Epistle II. C. 6.

അദ്ധ്യായം ഒൻപതു്

ഉപദേശവും ജീവിതവും

ക്രിസ്തുമതത്തെ രണ്ടായി ഭാഗിക്കാം. ഈ വിഭജനത്തിൽ ഒന്നു. നാം വിശ്വസിക്കേണ്ടതു് എന്തൊക്കെയെന്നും മറ്റു നാം ജീവിക്കേണ്ടതു് എങ്ങനെയെന്നുമുള്ളതാണു്. ആദ്യത്തേതിനെ അപ്പൊസ്തലന്മാർ മർമ്മം അഥവാ സത്യം എന്നും മറ്റതിനെ ദൈവഭക്തിയെന്നും വിളിക്കുന്നു, രണ്ടിന്നും പ്രമാണം, ക്രിസ്തുവിന്റെ ജനനത്തിനു മുൻപും പിൻപും താൻ തിരഞ്ഞെടുത്ത ചിലർക്കു വെളിപ്പെടുത്തുകയും അവർ രേഖപ്പെടുത്തുകയും ചെയ്തിട്ടുള്ള ഗ്രന്ഥങ്ങളാണു്, ഈ ലിഖിതങ്ങളെ പഴയ നിയമം പുതിയനിയമം എന്നിങ്ങനെ വിളിക്കുന്നു. എല്ലാ ക്രിസ്ത്യാനികളും ഈ ഗ്രന്ഥങ്ങളെ ഉപയോഗിക്കത്തക്കവണ്ണം വേണ്ട ചട്ടം കെട്ടുകയും അപ്പൊസ്തലന്മാർ ചെയ്തിരുന്നു. ഇതിന്റെ വാചകന്മാർ ഇതിലെ വാക്യങ്ങൾക്കു നേരെയുള്ളതും ബലാൽകാരരഹിതവുമായ തെളിഞ്ഞ അർത്ഥം ധരിക്കേണ്ടിയിരുന്നു. എങ്കിലും ഈ നൂറാണ്ടിൽതന്നെ വേദവാക്യങ്ങളിൽനിന്നു നേരെ കിട്ടുന്ന അർത്ഥത്തെ എതാനും ചിന്തകന്മാർ നിരസിച്ചു. ഇവർ വേദശബ്ദങ്ങൾക്കു തങ്ങളുടെ ഇഷ്ടാനുസരണം രൂപകാർത്ഥം അഥവാ ജ്ഞാനാർത്ഥം കൊടുത്തു മറിച്ചുകളഞ്ഞു. ഇങ്ങനെ പഴയനിയമാർത്ഥത്തെ കയ്യേറ്റം ചെയ്‌വാൻ യഹൂദതാതവികന്മാരുണ്ടായ്‌വന്നതുപോലെ പഴയ പുതിയ നിയമങ്ങളെ ദുർവ്യാഖ്യാനം ചെയ്യുന്നതിനു ക്രൈസ്തവതതജ്ഞാനികളും ഈ നൂറാണ്ടിൽ തന്നെ ഉദിച്ചു. ബൻബാസിന്റെ ലേഖനം ഈ വാസ്തവത്തെ ദൃഢീകരിക്കുന്നു.

മതോപദേശം എന്തെല്ലാമെന്നു് അപ്പൊസ്തലന്മാർ ഓരോ സന്ദർഭത്തിൽ വെളിപ്പെടുത്തിയെന്നല്ലാതെ താത്വിക മട്ടിൽ അതിനെ മോടിപിടിപ്പിക്കയോ ശാസ്ത്രരീത്യാ അതിനെ ക്രമീകരിക്കയോ ചെയ്തിരുന്നില്ല. ക്രിസ്തുവിനെ അനുകരിച്ചവർക്കു് അദ്ദേഹത്തിന്റെ സുഗ്രഹമായ ഉപദേശത്തെ അനുസരിച്ചു ജീവിക്കുന്നതിൽ ശ്രദ്ധിക്ക എന്നതൊഴികെ അവയെ പ്രസാധനം ചെയ്യേണ്ട ഭാരം ആ 'നല്ല കാലത്തു്'' ഉണ്ടായിരിപ്പാൻ ഇടയില്ല.

ക്രിസ്തീയോപദേശങ്ങളുടെ ചുരുക്കം, * അപ്പൊസ്തലവിശ്വാസപ്രമാണത്തിൽ അടങ്ങിയിരിക്കുന്നു. നാലാം നൂറാണ്ടു മുതല്ക്കാണു് ഇതിനു് അപ്പൊസ്തലന്മാരുടെ പേർ കൊടുത്തു് അപ്പൊസ്തലവിശ്വാസപ്രമാണമാക്കിയതു്. എന്നാൽ ഇക്കാലത്തു പൌരാണീക അറിവു സല്പമെങ്കിലും ഉള്ളവർ ഈ വിശ്വാസപ്രമാണം അപ്പൊസ്തലനിർമ്മിതമാണെന്നു വിചാരിപ്പാൻ മുതിരുകയില്ല. നേരെമറിച്ചു്, അപ്പൊസ്തലകാലത്തു് എത്രയും ചെറുതായിരുന്ന ഒരു ''വിശ്വാസവചനം,'' അനേക നൂറാണ്ടുകൊണ്ടു വളർന്നു് ഈ രൂപത്തിൽ എത്തിയതാണെന്നു വിശ്വസിക്കുകയത്രെ നമ്മുടെ കൃത്യം (ഡീൻസ്റ്റാൻലിയുടെ Christian Institutions, Chap. XIV. നോക്കുക)

---

* ഈ വിശ്വാസപ്രമാണത്തിൽ കാണുന്ന പന്ത്രണ്ടു വാക്യങ്ങളിൽ ഓരോന്നും ഓരോ അപ്പൊസ്തലൻ ഉണ്ടാക്കീട്ടുള്ളതാണെന്നുള്ള ധാരണയിലാണു് ഇതിനെ അപ്പൊസ്തലവിശ്വാസപ്രമാണം എന്നു പറയുന്നതു്.

ഇതിൽ ക്രമേണ പുതിയ വാചകങ്ങളും ചേർത്തു് ഓരോ കാലത്തു സഭകളിലുണ്ടായിവന്നിട്ടുള്ള പിശകഭിപ്രായങ്ങളെ പരിഹരിപ്പാനായിരിക്കണം. അപ്പോസ്തലവിശ്വാസപ്രമാണത്തിന്റെ ഇദാനീന്തനരൂപം ഇവിടെ ചേർത്തു കൊള്ളുന്നു.

''സർവ്വശക്തിയുള്ള പിതാവായി ആകാശത്തേയും ഭൂമിയേയും സൃഷ്ടിച്ചവനായ ദൈവത്തിൽ ഞാൻ വിശ്വസിക്കുന്നു. അവന്റെ ഏകപുത്രനായി നമ്മുടെ കർത്താവായ യേശുമിശിഹായിലും ഞാൻ വിശ്വസിക്കുന്നു, ഇവൻ പരിശുദ്ധാത്മാവിനാൽ മറിയ എന്ന കന്യകയിൽ ഉല്പാദിപ്പിക്കപ്പെട്ടു ജനിച്ചു. പൊന്തിയോസ് പീലാത്തോസിന്റെ കീഴിൽ കഷ്ടപ്പെട്ടു കുരിശിൽ തറയ്ക്കപ്പെട്ടു മരിച്ചു് അടക്കപ്പെട്ടു. അവൻ പാതാളത്തിലേക്കു് ഇറങ്ങി മൂന്നാം ദിവസം മരിച്ചവരുടെ ഇടയിൽനിന്നു പിന്നെയും ഉയിർത്തെഴുന്നേറ്റു. അവൻ സ്വർഗ്ഗത്തിലേക്കു കേറി. സർവ്വശക്തിയുള്ള പിതാവാകുന്ന ദൈവത്തിന്റെ വലത്തുഭാഗത്തു് ഇരിക്കുന്നു. അവിടെനിന്നു് അവൻ ജീവികളോടും മരിച്ചവരോടും ന്യായം വിധിപ്പാൻ വരികയും ചെയ്യും.''

പരിശുദ്ധാത്മാവിലും ശുദ്ധമായി പൊതുവിലുള്ള സഭയിലും ശുദ്ധമുള്ളവരുടെ സംസർഗ്ഗത്തിലും പാപമോചനത്തിലും ശരീരത്തിന്റെ ഉയിർത്തെഴുന്നേല്പിലും നിത്യജീവനിലും ഞാൻ വിശ്വസിക്കുന്നു. ആമ്മേൻ

See, "Malayalam Common Prayer"

സുവിശേഷം ആദ്യമായി പ്രചരിച്ചപ്പോഴും യേശു മനുഷ്യവർഗ്ഗത്തിന്റെ ഏകോദ്ധാരകനെന്നു പൂർണ്ണമായി വിശ്വസിച്ചു പറഞ്ഞവരും യേശു ഉപദേശിച്ച മാർഗ്ഗത്തിനു് അനുരൂപമായ വിധത്തിൽ വിശുദ്ധജീവിതം ചെയ്തുകൊള്ളാമെന്നു വാഗ്ദാനം ചെയ്തവരുമായ ഏവരും ക്രിസ്തുവിന്റെ ശിഷ്യന്മാരുടെ കൂട്ടത്തിൽ അംഗീകരിക്കപ്പെട്ടു. ക്രിസ്തുമതത്തിന്റെ പ്രമാണങ്ങളെക്കുറിച്ചുള്ള പൂർണ്ണമായ പഠിപ്പു് സ്നാനകർമ്മത്തിനുമുമ്പു നടന്നിരുന്നില്ലാ. അതു പിന്നാലെയാണു നടന്നതു്. എന്നാൽ പ്രഥമശതകത്തിന്റെ അന്ത്യം മുതൽ ഈ പതിവു നിർത്തിയതുകൂടാതെ ക്രിസ്തുമാർഗ്ഗതത്വങ്ങളും നല്ലപോലെ പഠിക്കയും സംശയിപ്പാൻ ഇടയില്ലാത്ത വിധത്തിൽ വിശുദ്ധ നടപടി ഉണ്ടായിരിക്കയും ചെയ്യുകിലല്ലാതെ സ്നാനത്തൊട്ടിയിലേക്കു യാതൊരുവനേയും സ്വീകരിക്കുന്നതല്ല എന്ന വ്യവസ്ഥപ്പെടുത്തുകയും ചെയ്തു. ഇതിനാൽ സഭയിൽ വിശ്വസ്തന്മാരും അജ്ഞാതന്മാരുമായ ഉപദേഷ്ടാക്കളുടെ അടുക്കൽ മതോപദേശസംഹിത പഠിച്ചുകൊണ്ടിരുന്ന സ്നാനാർത്ഥികളും, സ്നാനത്താൽ അംഗീകൃതരായി സഭയുടെ എല്ലാ ചടങ്ങുകളിലും പങ്കെടുത്തുവന്ന വിശ്വസ്തന്മാർ എന്നീ രണ്ടു വിഭാഗം ഒന്നാം നൂറ്റാണ്ടിനു ശേഷം ഉണ്ടാകുന്നതിനു മുമ്പായി.

സ്നാനാർത്ഥികൾക്കു കൊടുക്കുന്ന ഉപദേശത്തിൽ തരഭേദം ഉണ്ടായിരുന്നു. അതു് ഓരോ സ്നാനാർത്ഥിയുടെയും പ്രാപ്തിക്കും പ്രതിഭ്യക്കും അനുസൃതമായിട്ടായിരുന്നു. ബുദ്ധിബലം ധാരാളം ഇല്ലാത്തവർക്കു മതത്തിന്റെ അടിസ്ഥാനോപദേശങ്ങളും പൊതുവായ ഇതരോപദേശങ്ങളും മാത്രമെ കൊടുത്തിരുന്നുള്ളു. എന്നാൽ ഗ്രഹണശക്തി ധാരാളം ഉള്ളവർക്കു ദുഗ്ധത്യക്ഷം ജ്ഞാനാഭിവൃദ്ധിക്കും ഉതകുന്ന പ്രൌഢോപദേശങ്ങളും വിതരണം ചെയ്തിരുന്നു. ഇതിനാൽ സഭാംഗങ്ങളെ സാമാന്യരും ജ്ഞാനാഭിവൃദ്ധി പ്രാപിച്ചിട്ടുള്ളവരുമെന്നിങ്ങനെ രണ്ടു തരത്തിൽ പണ്ഡിതന്മാരായ പൂർവ്വപിതാക്കന്മാർ വിഭജിച്ചിരുന്നു. ഇങ്ങനെ ദ്വിവിധമായ പഠിപ്പിക്കൽ അപ്പോസ്തലവിഹിതമാണെന്നു 1കൊരി. 3: 2, എബ്രാ. 5: 12 ഈ വാക്യങ്ങളെ അടിസ്ഥാനപ്പെടുത്തി സ്ലീഗൽ (Schlegel) എന്ന ജർമ്മൻ പണ്ഡിതർ പറഞ്ഞിരിക്കുന്നു. ക്രിസ്തീയ കുഞ്ഞുങ്ങളെ ചെറുപ്പത്തിൽതന്നെ ക്രിസ്തീയോപദേശം പരിശീലിപ്പിച്ചു എന്നുള്ളതിനു സംശയമില്ല. അവരെ വിശുദ്ധ പുസ്തകങ്ങളും വായി

പ്പിക്കയും മതത്തിന്റെ പ്രമാണങ്ങളും അവരെ പഠിപ്പിക്കയും ചെയ്തു. ഈ ആവശ്യത്തിലേക്കു ആദ്യകാലം മുതലേ സ്കൂളുകളും ഏർപ്പെടുത്തിയതായും പറയുന്നു. ഐറിനിയസിന്റെ ചില വാക്കുകളിൽനിന്നാണു ചിലർ ഇങ്ങനെ ഊഹിക്കുന്നതു്. എന്നാൽ പ്രസ്തുത വാക്യങ്ങൾകൊണ്ടു് ഈ വിധം ഉദ്ദേശിപ്പാൻ കഴിയുന്നതല്ലെന്നു ഡാക്ടർ മോഷീമിന്റെ സഭാചരിത്രത്തിന്റെ വിമർശകനായ ഡാക്ടർ മർഡോക്കു പറയുന്നു.

ആദ്യക്രിസ്ത്യാനികൾക്കു ചില രഹസ്യോപദേശങ്ങളും ഉണ്ടായതായി പറയപ്പെടുന്നതു പക്ഷെ വാസ്തവമാണെന്നു വിചാരിക്കാം. ക്രിസ്തുവിങ്കലേക്കു വരുവാൻ ആഗ്രഹിച്ച ഏവരേയും മനുഷ്യബുദ്ധിക്കു ഗ്രഹിപ്പാൻ കഴിയാത്ത മതോപദേശഭാഗങ്ങളിൽ പ്രവേശിപ്പിച്ചിരുന്നില്ല. പെട്ടെന്നു ന്യായബുദ്ധ്യാ സ്വീകരിക്കാവുന്ന ഉപദേശങ്ങളും മാത്രമെ അവരെ പഠിപ്പിച്ചിരുന്നുള്ളു. കാരണം, ഗൌരവതരവും ദുർഘടവും ആയ മറ്റുപദേശങ്ങളെ അങ്ങനെയുള്ള വർക്കു സ്വീകരിക്കുന്നതിനു കഴിവില്ലായിരുന്നു.

പ്രഥമശതകത്തിലെ സഭാംഗങ്ങളിൽ തെറ്റുകാരില്ലായിരുന്നുവെന്നു വിചാരിച്ചുകൂടാ. നടത്തയിലുള്ള വിശുദ്ധി, രാഷ്ട്രീയനിയമംപോലെ സഭയിൽ വ്യവസ്ഥ ചെയ്യപ്പെട്ടിരുന്നു. ഇതിനു വിപരീതമായി പ്രവർത്തിക്കുന്നവർ സഭയുടെ കൂട്ടങ്ങളിൽനിന്നും ബഹിഷ്ക്കരിക്കപ്പെട്ടു. ഈ ബഹിഷ്കരണത്തിനും അനുതാപത്തിന്റെ പിന്നാലെയുള്ള പുനഃസ്വീകരണത്തിനുമുള്ള അധികാരം സഭ്സ്തർ (അതായതു സഭയിലെ ഭരണകർത്താക്കൾക്കും ഭരണീയന്മാർക്കും പൊതുവിൽ) ഉള്ളതായിരുന്നു 1കോരി. 5–ൽ ദുഷ്ടനെ പുറത്താക്കാഞ്ഞതു നിമിത്തം സഭയെ കുറ്റപ്പെടുത്തുന്നു. ഇതിനാൽ സഭ്സ്തർ ഇസ്സംഗതിയിൽ അധികാരം ഉണ്ടെന്നും അതു പ്രയോഗിക്കാഞ്ഞതിൽ കൊരിന്തുസഭ തെറ്റിപ്പോയി എന്നുമാണു തെളിയുന്നതു്. ''നീക്കിക്കളവിൻ'' എന്നിങ്ങനെ പൊതുസഭയോടു രണ്ടു പ്രാവശ്യം പറയുന്നു (വാ. 7, 13) നിങ്ങളും എന്റെ ആത്മാവും ഒന്നിച്ചു കൂടീട്ടു് (വാ. 4) എന്നിങ്ങനെ സഭയെ കൂട്ടിയല്ലാതെ ഒരാളിനെ മുടക്കുവാൻ അപ്പോസ്തലനുതാനേ അധികാരം ഉണ്ടെന്നു ഭാവിക്കുന്നില്ല. വിശേഷിച്ചു്, പൌലൊസു് അപ്പൊസ്തലൻ പരിപൂർണ്ണമായ സ്വാധികാരം പ്രയോഗിക്കുമ്പോഴുണ്ണും അദ്ദേഹം സ്വന്തപ്രയത്നത്താൽ നിമ്മിച്ച സഭയാണിതെന്നോർക്കണം. എങ്കിലും സഭയുടെ പരമാധികാരത്തെ അദ്ദേഹം നിഷേധിക്കാതെ അതിനെ അനുവദിച്ചുകൊടുക്കുന്നു! ആ ദുഷ്ടനെ തിരികെ ചേർക്കുമ്പോൾ നിങ്ങളുടെ സ്നേഹം അവനു് ഉറപ്പിച്ചുകൊടുപ്പാൻ ഞാൻ നിങ്ങളോടു് അപേക്ഷിക്കുന്നു (2കോരി, 2: 8) എന്നാണു് എഴുതുന്നതു്. കൂടാതെ ഞാൻ വല്ലതും ക്ഷമിക്കുന്നവനോടു നിങ്ങളും ക്ഷമിക്കണം എന്നു പറയാമായിരിക്കെ ''നിങ്ങൾ വല്ലതും ക്ഷമിക്കുന്നവനോടു ഞാനും ക്ഷമിക്കുന്നു.'' (2കൊരി. 2: 10) എന്നിങ്ങനെ സഭ്സ്തർ പ്രാധാന്യം കൊടുത്തു പറഞ്ഞിരിക്കുന്നു. ഇന്നത്തെ ബാഷപ്പന്മാരുടെ എഴുത്തുകളിൽ അങ്ങനെയൊരു വാചകം മരുന്നിനുപോലും കാണ്മാൻ കിട്ടുകയില്ല. കൂടാതെ കുറ്റക്കാരെ മുടക്കുകയും അവരെ മോചിക്കയും ചെയ്യുന്നതിനുള്ള അധികാരം, ഒരു സ്ത്രീഹാസ്യം (പത്രോസിനു) കൊടുത്തതുകൊണ്ടു മാത്രം തൃപ്തിപ്പെടാതെ തന്റെ സ്വർഗ്ഗാരോഹണഘട്ടത്തിൽ അപ്പോസ്തലന്മാരും ഇതരന്മാരുമടങ്ങിയിട്ടുള്ള ശിഷ്യന്മാരുടെ ഒരു സംഘം കൂടിയിരിക്കുമ്പോൾ പബ്ളിക്കിൽ പറഞ്ഞു് അവർക്കു കൊടുക്കുന്നു. (യോഹ. 20: 19–23) ഇതിനാൽ ഒന്നാം നൂറ്റാണ്ടിൽ കുറ്റക്കാരെ ശിക്ഷിക്കുന്നതിനും അനുതപിക്കുന്നപക്ഷം വീണ്ടും സ്വീകരിക്കുന്നതിനുമുള്ള അധികാരം മൂപ്പൻ എന്നോ, ഇളയവൻ എന്നോ ഭേദംകൂടാതെസമസ്തസഭാംഗങ്ങൾക്കുമായിരുന്നു എന്നു സ്പഷ്ടീഭവിക്കുന്നു.

ക്രിസ്ത്യീയസഭ യഹൂദന്മാരിൽനിന്നും ജാതികളിൽനിന്നും ഉള്ള മതാന്ധ സാരികളുടെ ഒരു സംഘടനയായിരുന്നുവല്ലോ. ഇരുകൂട്ടരും തങ്ങളുടെ പഴയ മതത്തിൽനിന്നു തങ്ങൾ അഭ്യസിച്ചിരുന്ന ചില അഭിപ്രായങ്ങളെ സഭയിലേക്കു കൊണ്ടുവരികയും അതിനാൽ സഭയിൽ ഭിന്നതകളും വാദങ്ങളും ഭവിക്കുന്നതിനു് ഇടയാകയും ചെയ്തിട്ടുണ്ടു്. ഇങ്ങനെയുള്ള വാഗ്വാദങ്ങളിൽ പ്രഥമഗണനീയമായിട്ടുള്ളതു മോശീയന്യായപ്രമാണം സംബന്ധിച്ചുള്ള വാദമാണു്. അന്ത്യോക്യസഭയിൽ ഇതു് ഉത്ഭവിച്ചതായി ലൂക്കോസ് മഹാന്തരം നാം അറിയുന്നു. പരിഛേദന ഏല്ക്കയും ന്യായപ്രമാണം ആചരിക്കയും വേണമെന്നുള്ള ഈ ദുർമ്മതത്തെ അപ്പോസ്തലന്മാർ കഠിനമായി ഖണ്ഡിച്ചു. മോശ മുഖാന്തരമല്ല, കേവലം യേശുക്രിസ്തു മുഖാന്തരമുള്ള നീതീകരണത്തെ സ്ഥാപിച്ചു. പിന്നീടു വിശുദ്ധ പൗലൊസ് റോമസഭയ്ക്കു് ഒരു ലേഖനം എഴുതി. യരൂശലേം നാശത്തിനൊരുശേഷം യഹൂദ്യദ്ദേശങ്ങൾ ക്ഷയോന്മുഖമായിത്തീർന്നെങ്കിലും മേൽ നാം കാണുന്നതുപോലെ യഹൂദക്രിസ്ത്യാനികളിൽ ചിലർ പൊതുസഭയിൽനിന്നു പിരിഞ്ഞു് ഒരു പ്രത്യേക വകുപ്പായി നില്പാൻ ഇടയായി.

അദ്ധ്യായം പത്തു്

കർമ്മാചാരങ്ങൾ

ക്രിസ്തീയമാർഗ്ഗം കമ്മജടിലമായ ഒരു മതമല്ലെങ്കിലും, വിശ്വാസവും സ്നേഹവുമാണു് അതിനു് അപരിത്യാജ്യമായ യോഗ്യതയെന്നിരിക്കിലും, മതസ്ഥാപകനാൽ കല്പിതമായ കമ്മാചാരങ്ങളും നിരുപയോഗങ്ങളും എന്നു വിധിച്ചു തള്ളുവാൻ കഴിയുന്നതല്ല. പരിത്രാതാവു് രണ്ടു കമ്മങ്ങളെ മാത്രമേ തന്റെ സഭയിൽ ഏർപ്പെടുത്തിയിട്ടുള്ളു. അവ, ബപ്തിസ്മ അഥവാ സ്നാനവും, അപ്പം മുറിയ്ക്കൽ അഥവാ വിശുദ്ധ അത്താഴവും ആകുന്നു. ഈ സ്ഥാപനങ്ങളെ ഭേദപ്പെടുത്തുന്നതിനോ പരിത്യജിക്കുന്നതിനോ ആർക്കും അധികാരമില്ല. ഇതിലധികം കമ്മങ്ങളും ഏർപ്പെടുത്താഞ്ഞതിൽനിന്നു ക്രിസ്തുമതം കമ്മപ്രധാനമായ ഒരു മതമല്ലെന്നു സ്പഷ്ടീകരിക്കുന്നു.

അപ്പൊസ്തലന്മാരും അവരുടെ ശിഷ്യന്മാരും ക്രിസ്തീയ സഭയിൽ യഹൂദമര്യാദകളെയും ആചാരങ്ങളെയും കൊണ്ടുവന്നു എന്നു വിചാരിക്കുവാൻ നിവൃത്തിയില്ല. മുഴുവനായോ ഭാഗമായോ യഹൂദന്മാർ ചേർന്നിട്ടുള്ള സഭകളിൽ രണ്ടു മതങ്ങളുടെയും സ്വഭാവങ്ങളും അനുവദിക്കുന്നിടത്തോളം യഹൂദാചാരങ്ങളും നടപ്പിലായി എന്നു് അനുമാനിക്കാം. യഹൂദന്മാർ ഇല്ലാതിരുന്നതോ, തുച്ഛമായിരുന്നതോ ആയ സഭയിൽ ഈ വ്യതിയാനത്തിനു് സ്ഥാനമില്ലായിരുന്നുവെന്നുള്ളതു നിർവ്വിവാദമത്രെ. ക്രിസ്ത്യാനികളും ക്രിസ്തുമതപരിവർത്തനം ചെയ്യുന്നതിനു മുമ്പുണ്ടായിരുന്ന പരിശീലനം വിവിധമായിരുന്നതുകൊണ്ടു ക്രിസ്തീയമതം പ്രചരിച്ച എല്ലാ രാജ്യങ്ങളിലും സർവ്വ നടപടിയും ഏകരൂപമായിരുന്നു എന്നു തീർച്ചപ്പെടുത്തുന്നതു പ്രയാസമാകുന്നു. എന്നാൽ എല്ലാ ക്രിസ്ത്യാനികൾക്കും പൊതുവായിരുന്നതും പ്രാധാന്യമുള്ളതുമായ ചില നിബന്ധനകളും ഉണ്ടു്. അവയെക്കുറിച്ചു ചുരുക്കത്തിൽ താഴെ പ്രസ്താവിക്കുന്നു. ഈ നൂറാണ്ടിൽ ക്രിസ്ത്യാനികളും ദൈവത്തെ ആരാധിക്കുന്നതിനും ഭക്തി പരിശീലിക്കുന്നതിനുമായി ക്രിസ്തുവിന്റെ ഉയിർപ്പുനാളായ ആഴ്ചയുടെ ഒന്നാം ദിവസത്തിൽ സമ്മേളിച്ചിരുന്നു. അപ്പൊ. 20: 7; 1 കൊരി. 16: 12. അപ്പൊസ്തലന്മാർ ഈ ദിവസത്തെ ആരാധനദിനമായി വേർതിരിച്ചു.

സമ്മേളന (യോഗ) സ്ഥലങ്ങളും തീർച്ചയായും ക്രിസ്ത്യാനികളുടെ വീടുകൾതന്നെ ആയിരുന്നു. എന്നാൽ സഭ വ്യവസ്ഥാപിത നിലയിലെത്തിയപ്പോൾ ഒരു പ്രത്യേക സ്ഥലം, കൂടിവരവിനായി വേണ്ടിവരികയും യോഗാവശ്യത്തിലേക്കുള്ള ബഞ്ചുകളും, മേശകളും, പുസ്തകങ്ങളും മുതലായവ മറ്റൊരിടത്തേക്കു മാറ്റുന്നതിനുള്ള ഉർഘടം പ്രമാണിച്ചു കാലാന്തരത്തിൽ പരസ്യരാധന സ്ഥലങ്ങളും ഉണ്ടാകയും ചെയ്തു. ആദ്യ ക്രിസ്ത്യാനികൾക്കു ദേവാലയം ഉണ്ടായിരുന്നോ ഇല്ലയോ എന്നുള്ള വാദത്തിനു തീർച്ചവരുത്തുവാൻ ഈ ചെറിയ സൂചന ധാരാളം മതിയാകും. ''ദേവാലയം എന്ന വാക്കു മതത്തിന്റെ പരസ്യമായിട്ടുള്ള അനുഷ്ഠാനങ്ങൾക്കായി അർപ്പിക്കപ്പെട്ട ഒരു വസതിയെ അഥവാ വസതിയുടെ ഭാഗത്തെ കുറിക്കുന്നതും എന്നാൽ ഏതോ പ്രത്യേക വിശുദ്ധി അതിനുണ്ടെന്നുള്ള അഭിപ്രായത്തോടു കൂടാത്തതും ലൗകീകോപയോഗത്തിൽനിന്നു് ആ ആലയം നിശ്ശേഷം വേർതിരിക്കപ്പെടാത്തതും ആയിരുന്നാൽ ആദിമ ക്രിസ്ത്യാനികൾക്കു ദേവാലയം ഉണ്ടായിരുന്നു എന്നു സമ്മതിപ്പാൻ ഞാൻ തയാറാണെന്നു്'' ഡോക്ടർ മോഷീം പറയുന്നു.

ക്രിസ്ത്യാനികളുടെ ഈവിധ പരസ്യാരാധനകളിൽ വിശുദ്ധ ഗ്രന്ഥങ്ങൾ വായിച്ചു വന്നു. വായനയുടെ സൗകര്യത്തിനുവേണ്ടി ആ ഗ്രന്ഥങ്ങൾ പ്രത്യേക ഭാഗങ്ങളായി വിഭജിക്കപ്പെട്ടിരുന്നു. അതിന്റെ ശേഷം പ്രബോധനമത്രെ നടക്കുന്നതു്. ഈ പ്രബോധനം വിസ്തീർണ്ണമോ വാഗ്വിതപം കലർന്നതോ അല്ലായിരുന്നു. എങ്കിലും ഔർജ്ജിത്യവും സ്നേഹവുംകൊണ്ടു നിറഞ്ഞിരുന്നു. ഒരുവനു് ആത്മപ്രകാശനം ഉണ്ടായാൽ കർത്താവു് അവനോടു പരിശുദ്ധാത്മാവു കല്പിച്ചിട്ടുള്ളതു പറയുവാൻ അനുവാദമുണ്ടു്. അപ്പോൾ കൂടി വന്നിട്ടുള്ള ഇതര പ്രവാചകന്മാർ അയാളുടെ വാക്കുകൾക്കു് എത്രത്തോളം പ്രാമാണ്യം ഉണ്ടെന്നു വിമർശിക്കുവാൻ പതിവാണു്. അനന്തരം അദ്ധ്യക്ഷന്റെ (ബിഷപ്പു=പ്രസിഡൻറു്) പിന്നാലെ പ്രാർത്ഥനചൊല്ലി വന്നു. പ്രാർത്ഥന ആരാധനയുടെ ഒരു വലിയ ഭാഗമായിരുന്നു. ജസ്റ്റിൻ ഇതിനെപ്പറ്റി പറഞ്ഞിട്ടുള്ളതു താഴെ ചേർക്കുന്നു.

'ഞായറാഴ്ച ദിവസം ഗ്രാമങ്ങളിലും നഗരങ്ങളിലും താമസിക്കുന്നവർ ഒരുമിച്ചു കൂടുന്നു. സൗകര്യംപോലെ പ്രവാചകന്മാരുടെ എഴുത്തുകളും വായിച്ചശേഷം അദ്ധ്യക്ഷൻ (Ho Proestos) കേട്ടു കഴിഞ്ഞ നല്ല കാര്യങ്ങൾക്കനുസരിച്ചു പ്രവർത്തിപ്പാൻ പ്രബോധിപ്പിച്ചു പ്രസംഗിക്കുന്നു. അനന്തരം ഞങ്ങളെല്ലാം ഒന്നിച്ചെഴുന്നേറ്റുനിന്നു പ്രാർത്ഥിക്കുന്നു. പ്രാർത്ഥനാനന്തരം മുൻപറഞ്ഞതുപോലെ അപ്പവും വെള്ളം കലർന്ന വീഞ്ഞും കൊണ്ടുവരപ്പെടുന്നു. അദ്ധ്യക്ഷൻ മുൻപിലത്തെപ്പോലെ ശക്ത്യനുസരണം പ്രാർത്ഥിക്കുകയും ചെയ്യുന്നു. ആമെൻ എന്നു പറഞ്ഞുകൊണ്ടു ജനങ്ങളും സമ്മതം പ്രദർശിപ്പിക്കുന്നു. അതിന്റെ ശേഷം അപ്പവും വീഞ്ഞും വിഭാഗിക്കുന്നു. ഒരു ഭാഗം ഹാജരാകാത്തവർക്കു ഡീക്കന്മാർവശം കൊടുത്തയക്കുന്നു. തദനന്തരം, ധനികന്മാരും കഴിവുള്ളവരും യുക്തമെന്നു തങ്ങൾക്കു തോന്നുന്നതു കൊടുക്കുന്നു. അങ്ങനെ ശേഖരിക്കുന്നതു പ്രസിഡൻറിനെ ഏല്പിക്കുകയും അദ്ദേഹം അതു വിധവമാർക്കും അഗതികളായ കുട്ടികൾക്കും തങ്ങളുടെ ഇടയിലുള്ള പാരദേശികന്മാർക്കുമായി ഭാഗിക്കുകയും ചെയ്യുന്നു.'

Some accounts of the writings and opinions of justin Martyr Camb. 1829. Page 89.

എത്രയും രസകരമായ ഈ വിവരണം വാസ്തവത്തിൽ രണ്ടാം ശതാബ്ദത്തിന്റെ മധ്യകാലത്തെ ആണു് സംബന്ധിക്കുന്നതു്. ഒന്നാം നൂറ്റാണ്ടിലെ സഭായോഗനടപടികളും പുതിയ നിയമത്തിലെ വ്യാപനങ്ങൾകൊണ്ടു മാത്രമേ നമുക്കു ഗ്രഹിപ്പാൻ സാധിക്കയുള്ളു. ഇന്നു കാണുന്നതുപോലെ യോഗങ്ങളിൽ കേവലം പട്ടക്കാരനല്ല അന്നു് ആരാധകനായിരുന്നതു്. സകല സഭാംഗങ്ങളും ദൈവത്തിനു പുരോഹിതന്മാരാകയാൽ എല്ലാവരും ഒന്നുചേർന്നു് ആരാധിക്കയും സമ്മേളനങ്ങളിൽ ദൈവത്തിൽനിന്നു തങ്ങൾക്കു ലഭിച്ച ശുശ്രൂഷ ഓരോരുത്തരും നിർവഹിക്കുകയും ചെയ്തു. (1 പത്രൊ. 4: 4, 10, 11; 1 കൊരി. 14: 26. മുതലായവ.) പ്രാർത്ഥന ചൊല്ലിക്കൊടുത്തു ചൊല്ലുന്ന സമ്പ്രദായമോ പുസ്തകത്തിൽ പ്രാർത്ഥന എഴുതിവെച്ചിട്ടു് അതു നോക്കി പ്രാർത്ഥന ഉരുവിടുന്ന രീതിയോ അന്നു സ്മരണയിൽപോലും ഇല്ലായിരുന്നു. എല്ലാ യഥാർത്ഥ സഹോദരന്മാരുടേയും ഹൃദയം പ്രാർത്ഥനയുടെ ശക്തിമത്തായ ഉറവ തന്നെയായിരുന്നു. സഭാംഗങ്ങൾ ഹൃദയമാറ്റം ലഭിച്ചവരുമായിരുന്നുവെന്നുള്ളതു് വിശേഷാൽ സ്മർത്തവ്യമാണു്. അന്നു കർമ്മാദികൾ ഇന്നാർക്കുമാത്രമേ നടത്താവൂ എന്നൊരു ചട്ടം ഉണ്ടായിരുന്നില്ല. എല്ലാവരും സമസഹോദരന്മാരായിരുന്നതിനാൽ സ്നാനവും തിരുവത്താഴവും ഏതു വിശ്വാസിക്കും നടത്താമായിരുന്നു. അപ്പൊസ്തലനായ പൗലൊസിനെ ഒരു സാമാന്യ ശിഷ്യനാണു സ്നാനപ്പെടുത്തിയതു്. തിരുവത്താഴത്തിൽ പാനപാത്രം

വാഴ്ത്തുവാനും അപ്പം നുറുക്കുവാനുമുള്ള അധികാരം എല്ലാവക്കും ഉണ്ടായിരുന്നു. അപ്പൊ. പ്ര. 2: 42, 44, 46. 20: 7, 11; 1 കൊരി. 10: 16. പരിശുദ്ധാത്മാവിനാൽ പ്രേരിപ്പിക്കപ്പെട്ടിട്ടു പൊതുവിന്റെ ആത്മിക വർദ്ധന ഉദ്ദേശിച്ചു വരപ്രയോഗം ചെയ്യുന്നതും നന്ദി നിറഞ്ഞ ഹൃയങ്ങളിൽനിന്നു ദൈവത്തിനു സ്തോത്രയാഗം അർപ്പിക്കുന്നതും തങ്ങൾക്കുള്ളതിൽനിന്നു കൊടുക്കുന്നതുമായിരുന്ന അന്നത്തെ ആരാധനയുടെ ഭാഗങ്ങളും. ജസ്റ്റിന്റെ കാലമായപ്പോഴേക്കു് ഈ സുവർണ്ണഘട്ടം മാഞ്ഞു കഴിഞ്ഞു. അപ്പൊസ്തലസാന്നിദ്ധ്യത്തിന്റെ അഭാവത്തോടുകൂടി ക്രിസ്തുശരീരമായ സഭയുടെ ചൈതന്യവും പ്രഭയും കുറഞ്ഞുപോയി. എങ്കിലും അന്നുണ്ടായിരുന്ന നടപടികളിൽ കുറെയെല്ലാം ശേഷിച്ചിട്ടില്ലെന്നില്ല. യുസ്റ്റീന്റെ എഴുത്തു്, ഈ പടയൊഴിഞ്ഞ കളത്തെയാണു വർണ്ണിക്കുന്നതു് എന്നു് വായനക്കാർ മനസ്സിലാക്കണം.

ബപ്തിസ്മ

ഈ നൂറാണ്ടിൽ പരസ്യകൂട്ടങ്ങൾ കൂടാതെ സൗകര്യമുള്ള സ്ഥലങ്ങളിൽവച്ചു് ബപ്തിസ്മ ആചരിച്ച പോന്നു. വെള്ളത്തിൽ സ്നാനാർത്ഥികളെ പൂർണ്ണമായി നിമജ്ജിച്ചായിരുന്നു ഇതു് ആചരിച്ചതു്. ആദ്യം ക്രിസ്തീയ മതപ്രചാരകന്മാരായിരുന്ന ഏവരും ഈ കർമ്മം നടത്തിവന്നു. ക്രിസ്തീയ മതം അനുസരിക്കുന്ന ഒരുവനെ അയാളുടെ പ്രേരകനു സ്നാനപ്പെടുത്താമെന്നുള്ളതിനെക്കുറിച്ചു യാതൊരു സംശയത്തിനും, അക്കാലത്തു് ഇടയില്ലായിരുന്നു. എന്നാൽ ക്രിസ്തീയ സഭകളും ഉറയ്ക്കയും നിശ്ചിത പ്രമാണങ്ങളും ഉണ്ടാകയും ചെയ്തപ്പോൾ, ബിഷപ്പു് (അദ്ധ്യക്ഷൻ) മാത്രമാണു് ഈ വിശുദ്ധ കർമ്മം അനുഷ്ഠിക്കേണ്ടതു് എന്നു വന്നുകൂടി. എന്നാൽ ബിഷപ്പിന്റെ കീഴിലുള്ള സഭ വർദ്ധിച്ചു വന്നപ്പോൾ അയാൾ ഈ അവകാശം മൂപ്പന്മാർക്കും കോർ എപ്പിസ്കോപ്പാമാർക്കും കൊടുത്തു. എന്നാൽ ജ്ഞാനസ്നാനം കഴിഞ്ഞുള്ള സ്ഥിരീകരണം തനിക്കായി ബിഷപ്പു് സൂക്ഷിച്ചു. ക്രമവും ചന്തവും പ്രമാണിച്ചു് അന്നു സ്നാനത്തോടു മറുവല്ല ചടങ്ങുകളും കൂട്ടിച്ചേർത്തിട്ടുണ്ടെങ്കിൽ അതിനെപ്പറ്റി നിശ്ചിയമായി യാതൊന്നും പറയുവാൻ നിവൃത്തിയില്ല. പില്ക്കാലത്തെ നടപടികളിൽ നിന്നും ആദ്യനൂറാണ്ടിലെ നടപടികളെ നിർണ്ണയിക്കുന്നതു് ഒരുവിധത്തിലും ശരിയായിരിക്കയില്ല.

തൈലാഭിഷേകം

സുഖക്കേടാകുമ്പോൾ ഗ്രീക്കുകാർ സഭാനേതാക്കന്മാർക്കു് (അപ്പൊസ്തലിക ആദർശപ്രകാരം) ആളയച്ചു വരുത്തുകയും ദീനക്കാരൻ തന്റെ പാപങ്ങൾ ഏറ്റുപറഞ്ഞതിന്റെശേഷം അയാളുടെ സംഗതി, ഭക്തിയും ശ്രദ്ധയും കലർന്ന പ്രാർത്ഥനവഴിയായി ദൈവത്തെ ഭരമേല്പിക്കുകയും അയാളെ എണ്ണ പൂശുകയും ചെയ്യുവന്നു.

ഈ കർമ്മത്തെക്കുറിച്ചു പല സംഗതികളും തർക്കവിഷയമായിട്ടുണ്ടു്. ആദിമ എഴുത്തുകാരുടെ എതദ്വിഷയകമായ നിശ്ശബ്ദത ഒരു നിശ്ചിത തീരുമാനത്തിലേക്കു വരാതവണ്ണം നമ്മെ തടുക്കുന്നു.

ഉപവാസം

ഉപവാസത്തെക്കുറിച്ചു ക്രിസ്തുവും അപ്പൊസ്തലന്മാരും യാതൊരു പ്രമാണവും രചിച്ചിട്ടില്ല. അതിപ്രധാനമായ കാര്യങ്ങളിൽ ഏർപ്പെട്ടിരിക്കുന്നതിനു ക്രിസ്ത്യാനികളും പ്രാർത്ഥനാസമേതം ചിലപ്പോഴെല്ലാം ക്ഷണ

നിവൃത്തരാക പതിവായി വന്നു. ഇതു് അവരവരുടെ മനസ്സെന്നല്ലാതെ പൊതുനിയമമല്ലായിരുന്നു. സമയക്ലപ്തി അതിൽ ഏർപ്പെട്ടിരുന്നവരുടെ മനസ്സുപോലെയെന്നേ പറഞ്ഞുകൂടൂ. മിതഭോഗപ്രമാണം നിഷ്കർഷമായി ആചരിക്കുന്നതു മതിയെന്നു് ഒരാംശു് അഭിപ്രായമുണ്ടായാൽ അതുകൊണ്ടു് അയാളുടെ സന്മാഗ്ഗ ബഹുമതി നഷ്ടപ്പെട്ടിരുന്നില്ല. ക്രിസ്തുവിന്റെ ക്രൂശാരോഹണവാർഷിക ദിനത്തിലല്ലാതെ മറ്റു യാതൊരു ദിനങ്ങളിലും പരസ്യോപവാസം നടപ്പുണ്ടായിരുന്നില്ല. ക്രമേണ നിശ്ചിതോപവാസദിനങ്ങളും ആദ്യം പാരമ്പര്യനടപടിയാലും പിന്നീടു നിയമനിർമ്മാണം മുഖാന്തിരവും ഏർപ്പെടുത്തപ്പെട്ടു. ഇങ്ങനെ ഒന്നു് ആദ്യനൂറാണ്ടിൽ ഉണ്ടായിരുന്നുവോ എന്നും ഏതു ദിനങ്ങളാണു് ഉപവാസത്തിനായി വേർതിരിക്കപ്പെട്ടതു് എന്നും തീർച്ചപ്പെടുത്തുവാൻ വഴി കാണുന്നില്ല. എങ്കിലും അപ്പൊസ്തലന്മാരുടെ കാലത്തോ അനന്തരകാലത്തിലൊ മിക്ക സ്ഥലത്തുമുള്ള ക്രിസ്ത്യാനികരം ആഴ്ചയുടെ നാലാമത്തെയും ആറാമത്തെയും ദിവസങ്ങളിൽ പൂർണ്ണമായൊ ഭാഗികമായൊ ഭക്ഷണം വർജ്ജിച്ചിരുന്നു എന്നു് അഭിപ്രായമുള്ളവരുടെ ന്യായവാദങ്ങളെ ഞങ്ങരം നിരസിക്കുന്നില്ല.

ഒന്നാം നൂറാണ്ടിലെ സഭയുടെ യഥാർത്ഥ ചരിത്രമാകുന്ന പുതിയ നിയമഗ്രന്ഥം വിശിഷ്യാ പൗലൊസിന്റെ ലേഖനങ്ങരം അതിലും പ്രത്യേകിച്ചു കൊലൊ. 2. ഉ. വായിച്ചു പരിശീലിച്ചിട്ടുള്ള ഒരാംശു വഞ്ജന സമ്പ്രദായം സുവിശേഷോപജ്ഞമല്ല എന്നും സഭ കൃപയുടെ ഉപദേശത്തിൽ നിന്നു വ്യതിചലിപ്പാൻ തുടങ്ങിയ ഘട്ടത്തിലാണു് ഈ കർമ്മപ്രസക്തിക്കു് അടിമപ്പെട്ടതെന്നും നിസ്സംശയമായി ഗ്രഹിക്കാം.

ഞായറാഴ്ചയാചാരം

ഒന്നാം നൂറാണ്ടിൽ ആഴ്ചവട്ടത്തിന്റെ ഒന്നാം ദിവസങ്ങളിൽ കൂടിവരികയും ആ ദിവസത്തെ ആത്മിക സംഗതിക്കു വിനിയോഗിക്കയും ചെയ്തുവെങ്കിലും ഞായറാഴ്ചയാചാരമെന്നോ മറ്റു വല്ല ദിവസാചാരങ്ങളൊ വിശുദ്ധന്മാരുടെ ഇടയിൽ ഉണ്ടായിരുന്നില്ല. ദിവസാചാരങ്ങരം കർമ്മപ്രമാണം അഥവാ ന്യായപ്രമാണത്തിൽ പെട്ടവയായിരുന്നു. യഹൂദന്മാരുടെ ആരാധനയുടെ സ്വഭാവം, നിശ്ചിതസ്ഥലം, നിശ്ചിത ദിവസം (സമയം), നിശ്ചിത ആരം എന്നീ പ്രമാണങ്ങളെ ആസ്പദിച്ചിരുന്നു. ഗലാത്യലേഖനത്തിൽ എന്തു പറയുന്നു? ''നിങ്ങരം ദിവസങ്ങളും മാസങ്ങളും കാലങ്ങളും ആണ്ടുകളും പ്രമാണിക്കുന്നു. ഞാൻ നിങ്ങരംക്കുവേണ്ടി അദ്ധ്വാനിച്ചതു വെറുതെയായി എന്നു ഞാൻ ഭയപ്പെടുന്നു' (ഗലാ. 4: 10, 11). ''അതുകൊണ്ടു ഭക്ഷണപാനീയങ്ങരം സംബന്ധിച്ചോ പെരുന്നാരം, വാവു്, ശബ്ബത്തു് എന്നീ കാര്യത്തിലോ ആരും നിങ്ങളെ വിധിക്കരുതു്'' എന്നിങ്ങനെ കൊലോസ്യലേഖനത്തിലും പറഞ്ഞിരിക്കുന്നു (കൊലോ. 2: 16). അതിനാൽ പുറജാതികളെയും ന്യായപ്രമാണക്കാരെയുംപോലെ ക്രിസ്തുമതത്തിൽ ഒരു ദിവസാചാരം ഉണ്ടായിരിപ്പാൻ ഇടയില്ല. എന്നാൽ ഞായറാഴ്ച ദിവസം ക്രിസ്ത്യാനികരംക്കു പ്രധാനമായിരിക്കുന്നതു് എന്തുകൊണ്ടു്? അതു കർത്താവിന്റെ ഉയിർപ്പു ദിവസമാകയാൽത്തന്നെ. ഈ മഹാദിവസം അവർക്കു് ഒരു സ്മാരകോത്സവദിനമാകുന്നു. പ്രസ്തുത ദിവസം വിശ്രാസികരം ശാബതിനെപ്പോലെ ആചരിക്കുന്നില്ല, നേരേമറിച്ചു ലൗകജോലികളിൽനിന്നും ഒഴിഞ്ഞു്, ആത്മിക കാര്യങ്ങരംക്കായി മാത്രം അതിനെ ചിലവിടുന്നു. ചുരുക്കിപ്പറഞ്ഞാൽ അതു് ഒരു ദിവസാചാരമല്ല, പ്രത്യുത, ഒരു ദിവസവിനിയോഗമത്രെ.

അമേരിക്കയിൽ ഡോക്ടർ ഫിലിപ്പ് സ്കാഫ് ഡി. ഡി. എൽ. എൽ. ഡി. പ്രസിദ്ധീകരിച്ചിട്ടുള്ള Religious Encyclopaedia യിൽ ഞായറാഴ്ചയെപ്പറ്റി പറയുന്നതാവിതു്:—

ആഴ്ചവട്ടത്തിന്റെ ഒന്നാം ദിവസത്തെ ഒരു ആരാധന ദിവസമായി ആദിമ ക്രിസ്ത്യാനികൾ സ്വീകരിച്ചു. ഇവർ ഞായർ അഥവാ സൂര്യൻ എന്ന പദത്തെ നീതിസൂര്യൻ എന്നു വ്യാഖ്യാനിച്ചു, യഹൂദശാബതു് സൃഷ്ടിയെ സംബന്ധിച്ചുള്ള ഒരു വിശേഷദിവസമായിരുന്നതുപോലെ ഞായറാഴ്ച ക്രിസ്തുവിന്റെ പുനരുത്ഥാനത്തിന്റെ ആഴ്ചവട്ടംതോറുമുള്ള വിശേഷദിവസംതന്നെ സംശയമില്ല. കർത്തൃദിവസമെന്നു് അതിനെ വിളിച്ചു വന്നു, ആദിമ സഭ അപ്പം നുറുക്കുവാൻ കൂടിവന്നതു് ആ ദിവസംതന്നെ (അപ്പൊ. പ്ര. 20: 7; 1 കൊരി. 16: 2). അതിന്റെ ആചരണം സംബന്ധിച്ചു പുതിയനിയമത്തിൽ യാതൊരു വ്യവസ്ഥയും ചെയ്യുകാണുന്നില്ല. വാസ്തവത്തിൽ അതു് ആചരിക്കണമെന്നു കല്പിക്കപോലും ചെയ്തിട്ടില്ല. എന്നാൽ അപ്പൊസ്തലരീതിയെ അനുകരിച്ചു ക്രിസ്ത്യാനികൾ ആ ദിവസത്തെ സാവ്ത്രികമായി അംഗീകരിക്കുന്നതിനു ക്രിസ്തീയ മനോവികാരം പ്രേരകമായിത്തീർന്നു. രണ്ടാം നൂറ്റാണ്ടിൽ അതിന്റെ ആചരണം സാർവത്രികമായിരുന്നു.

See Barnabas C. 15: Ignatius Epistola admagnes, C· 8, 9: Justin martyr Apol. I. 67; Irenaeus, Adv. Hoer. IV. 16 Also, Pliny Ep. 10: 97.

കർത്തൃദിവസം യഹൂദശാബതിന്റെ ഒരു പിൻതുടർച്ചയല്ല, (ആദിയിൽ അതും ആചരിച്ചു വന്നിരുന്നു) പിന്നെയോ, അതിന്റെ സ്ഥാനത്തു വന്നു ചേർന്നതു മാത്രമാകുന്നു. ക്രിസ്ത്യാനികൾ പീഡ അനുഭവിച്ചകാലം മുഴുവൻ തങ്ങൾ ആഗ്രഹിച്ചതുപോലെ ജോലികളിൽ നിന്നൊഴിഞ്ഞു് ഒരു വിശ്രമദിവസമായി അതിനെ ആചരിപ്പാൻ അവർക്കു കഴിഞ്ഞില്ല. സഭയും രാജ്യവും തമ്മിൽ യോജിച്ചശേഷം മാത്രമാണു് അവർക്കു് അതിനെ ശരിയായി പാലിക്കാൻ സാധിച്ചതു്. യഹൂദ ക്രിസ്ത്യാനികൾ യറുശലേമിന്റെ നാശംവരെ തങ്ങളുടെ യഹൂദ ശാബതിനെ ആചരിച്ചുപോന്നു. അതിന്റെ ശേഷമാണു് അവർ ശാബതാചരണത്തിൽനിന്നു വിരമിച്ചതു്.

Religious Encyclopaedia. Article, ''Sunday.''

മലങ്കര യാക്കോബായ സുറിയാനി സമൂഹംവക ''മലങ്കര ഇടവക പത്രിക'' എന്ന മാസികയിൽ ഞായറാഴ്ച ആചാരത്തെപ്പറ്റി എഴുതീട്ടുള്ള പ്രസംഗത്തിന്റെ ഒരു ഭാഗം താഴെ ചേർത്തുകൊള്ളുന്നു.

ഞായറാഴ്ചയാചാരം

(തുടർച്ച)

മേൽപ്പറഞ്ഞ രേഖകളിൽനിന്നു് ഒന്നാം നൂറ്റാണ്ടിന്റെ അവസാനത്തിനു മുമ്പു ഞായറാഴ്ച മതശുശ്രൂഷകൾക്കും ക്രിസ്തീയ സംഘങ്ങൾ കൂടുന്നതിനും ദൈവാരാധന, അയൽക്കാർക്കു സഹായം, ധ്യാനം ഈ വകകൾക്കും ഉപയോഗപ്പെടുത്തിവന്ന എന്നു പ്രത്യക്ഷമായിട്ടല്ലെങ്കിലും അനുമാനമായി ഊഹിക്കാവുന്നതാകുന്നു.

പുതിയനിയമത്തിനു പുറമെയുള്ള ലക്ഷ്യങ്ങളെക്കൂടെ നോക്കാം. ആദ്യനൂറ്റാണ്ടിന്റെ അന്ത്യ അളവിൽ ഉത്ഭവിച്ചതെന്നു് ഊഹിക്കപ്പെട്ടിരിക്കുന്ന ഡിഡാച്ചി (അല്ലെങ്കിൽ പന്ത്രണ്ടു ശ്ലീഹന്മാരുടെ ഉപദേശങ്ങൾ) എന്ന ഗ്രന്ഥത്തിൽ ഞായറാഴ്ചയെക്കുറിച്ചു് ഒരു സൂചകമുണ്ടു്. 'കത്താവിന്റെ

ദിവസത്തിൽ അപ്പം മുറിക്കാനും പാപങ്ങളെ ഏറ്റുപറഞ്ഞു സ്തോത്രബലി അണയ്ക്കുവാനും കൂടിയിരുന്നു' എന്നു കാണുന്നു.

ഇതോടു് അടുത്ത രേഖ പുറജാതിക്കാരനായിരുന്ന പ്ലിനി, ട്രാജൻ ചക്രവർത്തിക്കു് അയച്ച റിപ്പോർട്ടാകുന്നു. ''അവർ ഒരു പ്രത്യേക ദിവസത്തിൽ ഒരുമിച്ചു ക്രിസ്തുവിനു സ്തുതിപാടുകയും ഒരു ഭക്ഷണത്തിൽ സംബന്ധിക്കയും ചെയ്യുന്നു'' എന്നു് എഴുതിയിരിക്കുന്നു.

രണ്ടാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ എങ്കിലും ഉണ്ടായിരുന്നതായി സമ്മതിക്കപ്പെട്ടിരിക്കുന്ന ബർണബാസിന്റെ ലേഖനത്തിൽ ''കർത്താവു് ഉയിർത്തെഴുന്നേറ്റ എട്ടാം ദിവസത്തെ ഞങ്ങൾ ആചരിക്കുന്നു'' എന്നു പ്രസ്താവിച്ചിരിക്കുന്നു. 140—ാമാണ്ടു ജീവിച്ചിരുന്ന യുസ്റ്റീന്റെ എഴുത്തിൽ ഞായറാഴ്ച യോഗംകൂടി പ്രാർത്ഥന, ശ്രുദ്ധകർബ്ബാന, ധർമ്മശേഖരം ഇവ നടത്തുന്നു എന്നു പറയുന്നതു കൂടാതെ അതിനു കാരണമായി കർത്താവിന്റെ ഉയിർപ്പിനെ എടുത്തു കാണിക്കയും ചെയ്യുന്നു.

ഇതോടടുത്ത കാലത്തു ജീവിച്ചിരുന്ന ഈറാനിയുസ്സും 200—ാമാണ്ടു് ജീവിച്ചിരുന്ന തെർത്തുല്യനും ഞായറാഴ്ചയിലെ സഭായോഗത്തെയും കുർബ്ബാനയെയും എടുത്തു പറയുന്നുണ്ടു്.

അപ്പൊസ്തലകാലം മുതൽ 300—ാമാണ്ടു വരെയുള്ള ക്രിസ്തീയ രേഖകളിൽനിന്നു ഞായറാഴ്ച കർത്താവിന്റെ മരണത്തിന്റെ ഒരു ഓർമ്മയായി ആചരിച്ചു വന്നു എന്നും അന്നത്തെ പ്രധാന ശുശ്രൂഷകം സംഘം കൂടുക, കുർബ്ബാന അനുഷ്ഠിക്ക ഇവയായിരുന്നു എന്നും കാണാം. കുർബ്ബാന കൂടാത്ത ഞായറാഴ്ച യോഗം ഇല്ലായിരുന്നു എന്നും സ്പഷ്ടമായി കാണുന്നു.

300—ാമാണ്ടിനു ശേഷമുള്ള പിതാക്കന്മാരുടെ കൃതികളും ധാരാളം ഉണ്ടു്. അവയിൽ ചിലതുംകൂടെ എടുത്തു പറയാം.

ആലക്സന്ത്രിയായുടെ മാർ അത്താനാസ്യോസ് 118—ാം സങ്കീർത്തനത്തിന്റെ വ്യാഖ്യാനത്തിൽ കർത്താവിന്റെ ദിവസത്തിന്റെ മഹത്വത്തെ സൂചിപ്പിക്കുന്നു. ഉയിർപ്പിന്റെ ഓർമ്മ ഞായറാഴ്ച ആചരിക്കപ്പെടുന്നു എന്നും ഞായറാഴ്ച ഉപവാസം പാടില്ലെന്നും വിശ്വ. അംബ്രോസ് എഴുതിയിരിക്കുന്നു. വിശ്വ. ബസെലിയൊസ് കർത്താവിന്റെ ദിവസത്തെക്കുറിച്ചു് ഉയിർപ്പിന്റെ നാളെന്നും അന്നു നിന്നുംകൊണ്ടു പ്രാർത്ഥിക്കണമെന്നും പറയുന്നു. വിശ്വ. യെറൊമിന്റെ എഴുത്തിൽ ഞായറാഴ്ച എല്ലാവരും പള്ളിയിൽ പോകുന്നു എന്നും പള്ളിയിൽനിന്നു തിരിച്ചു വന്നശേഷം വസ്ത്രം ഉണക്കുക മുതലായ ചില ജോലികളും ചെയ്യാറുണ്ടെന്നും പ്രസ്താവിച്ചിരിക്കുന്നു. കർത്താവിന്റെ നാളെ യഹൂദന്മാരോടു് അറിയിക്കപ്പെട്ടതല്ല, എന്നാലൊ ഉയിർപ്പുമൂലം ക്രിസ്ത്യാനികൾക്കു് അറിയിക്കപ്പെട്ടതും അന്നു മുതൽ അതു് ഒരു പെരുനാളെ ദിവസമായി ആചരിക്കപ്പെടുന്നു എന്നും ആ ദിവസത്തിൽ ഉപവസിച്ചാൽ അതു് ഒരു വലിയ ശാപമാണെന്നും ആഗസ്റ്റീനോസ് പറയുന്നു.

നിഖ്യാസുനാദോസിൽ ഞായറാഴ്ചയെക്കുറിച്ചു് ഒരു സൂചന മാത്രമെ ഉള്ളു. അതായതു് ചിലർ ഞായറാഴ്ച മുട്കുത്തുന്നതു തെറ്റാണെന്നും അന്നു് എല്ലാവരും നിന്നുകൊണ്ടു പ്രാർത്ഥിക്കണമെന്നും സുനാദോസ് ആജ്ഞാപിക്കുന്നു.

കുസ്തന്തീനോസ് ചക്രവർത്തി ഒരു വിളംബരംമൂലം ''ഞായറാഴ്ച സകലജനവും കച്ചേരിയും ഒഴിവു് എടുക്കണമെന്നും സകല കടകളും അടയ്ക്കണമെന്നും'' ആജ്ഞാപിക്കയും കൃഷിക്കാർക്കു മാത്രം ''ഞായറാഴ്ച കൃഷി സംബന്ധമായ അടിയന്തര ജോലികളും നടത്തുവാൻ'' അനുവദിക്കയും ചെയ്തിരുന്നു.

ആകയാൽവേദപുസ്തകവും ആദ്യപിതാക്കന്മാരുടെ എഴുത്തുകളും പരിശോധിച്ചാൽ ഞായറാഴ്ച ആചാരം നാലാം കല്പനമേൽ അടിസ്ഥാനപ്പെട്ടതായാണന്നൊ അതിനെ യഹൂദന്യായപ്രമാണത്തിൻെറ അക്ഷരപ്രകാരം ആചരിച്ചുവന്ന എന്നൊ കാണുന്നില്ല. ഞായറാഴ്ചക്കുള്ള മഹത്വം എത്രതന്നെ ആയിരുന്നാലും അതു ശാബതയിൽനിന്നു കടം വാങ്ങിച്ച ഒരു മഹത്വമല്ല. ഡൊക്തർ ഡൊലിഞ്ചർ എഴുതിയിരിക്കുന്നതു്:—''അപ്പൊസ്തല സഭയിൽ ശാബതയെ സംബന്ധിച്ച ന്യായപ്രമാണം യഹൂദ അർത്ഥത്തിൽ ക്രിസ്ത്യാനികളെ ബന്ധിച്ചിരുന്നതായി കാണുന്നില്ല. ശാബതു് ദിവസത്തെ ഞായറാഴ്ചയിലേക്കും ഏഴാം ദിവസത്തെ ഒന്നാം ദിവസത്തിലേക്കും ശ്രീഹന്മാർ മാറ്റിയെന്നു പറയുന്നതും ശരിയല്ല. ഇങ്ങനെ ഒരു മാറ്റം ഉണ്ടായതായി ഒരു രേഖയുമില്ല. ക്രിസ്തീയ ഞായറാഴ്ച യഹൂദ ശാബതയിൽനിന്നു വ്യത്യാസപ്പെട്ടിരിക്കുന്നു. ആദ്യക്രിസ്ത്യാനികൾ പഴയനിയമ ദിവസത്തെയും അതിൻെറ ന്യായപ്രമാണപ്രകാരമുള്ള ആചാരത്തെയും കൈക്കൊണ്ടില്ല. വേലദിവസവും സ്വസ്ഥദിവസവും എന്നുള്ള യഹൂദതത്വത്തോടു സംബന്ധമില്ലാത്തതും ഒരു ക്രിസ്ത്യാനിയുടെ ജീവിതം മുഴുവൻ ദൈവത്തിൽ ആത്മാവിനുള്ള നശിച്ചുപോകാത്ത സ്വസ്ഥതയാണെന്നുള്ള വിശ്വാസത്തോടുകൂടിയ ഒരു പെരുനാളാണെന്നു വിചാരിക്കുന്നവരുമായ ഒരു സംഘം എന്നു കാണിക്കുന്ന വിധത്തിലത്രെ ആദ്യക്രിസ്ത്യാനികൾ തങ്ങളുടെ പുതിയ പെരുനാളിനെ ആചരിച്ചതു്.''

ഇടവകപ്പത്രിക പുസ്തകം 12. ലക്കം 2.

അദ്ധ്യായം പതിനൊന്ന്

പ്രഥമശതകത്തിലെ നടപടിയെപ്പററി ദൈവ വചനമാകുന്ന പുതിയനിയമം എന്തു പറയുന്നു?

അപ്പൊസ്തലകാലമാകുന്ന ഒന്നാം നൂററാണ്ടിലെ ക്രൈസ്തവസഭയുടെ വാസ്തവസ്ഥിതി അറിയുന്നതിന് അതേ നൂററാണ്ടിൽത്തന്നെ എഴുതപ്പെട്ട പുതിയനിയമമല്ലാതെ വേറൊരു രേഖയുമില്ല. പുതിയനിയമം അപ്പൊസ്തല ലിഖിതവും എല്ലാ ക്രൈസ്തവർക്കും ഒരുപോലെ സ്വീകാര്യവുമാണെന്നുള്ളതു തത്സാക്ഷ്യത്തിന്റെ അമൂല്യതയെ ശതഗുണം വർദ്ധിപ്പിക്കുന്നുണ്ട്. അതിനാൽ ക്രിസ്തുമതത്തിന്റെ പ്രാരംഭകാലത്തെ നടപടികളും അറിയുവാൻ തെററില്ലാത്തതും ഈശ്വരപ്രകാശിതവുമായ ഈ പുസ്തകത്തെ ശരണീകരിക്കാം.

I. സഭ

ക്രൈസ്തവസഭ വിശ്വാസികളുടെ സംഘമായിരുന്നു. അപ്പൊ. പ്ര. 2: 44; 4: 4, 32; 5: 14; 6: 7; 2 കൊരി. 6: 14–16; എഫെ. 1: 1; 19. ജീവനുള്ള കല്ലുകളെക്കൊണ്ടായിരുന്നു ഈ സൗധം പണിയപ്പെട്ടിരുന്നതു്. രക്ഷിക്കപ്പെട്ടവരെ കർത്താവു സഭയോടു ചേർത്തതായി അപ്പൊ. പ്ര. 2; 47–ൽ വായിക്കുന്നു. അതിനാൽ അവിശ്വാസികളും അന്യരുതു്, രക്ഷിക്കപ്പെടാത്ത ആത്മാക്കളുംകൂടു് ഈ സഭയിൽ പ്രവേശനമില്ലായിരുന്നു. അങ്ങിനെയുള്ള ആരെങ്കിലും യദൃശ്ചയാ അകത്തു കടന്നതായി കണ്ടാൽ അവരെ പുറത്താക്കുന്നതിനു സഭ ശ്രദ്ധിച്ചുവന്നു.

II. സ്നാനം

ഇതു് വിശ്വസിച്ച ശേഷമായിരുന്നു കൊടുത്തു വന്നിരുന്നതു്. മർക്കൊ. 16: 16. ശിഷ്യരാക്കി സ്നാനപ്പെടുത്തുവിൻ. മത്താ. 28: 19. ശിഷ്യന്മാരെ ചേർത്തു സ്നാനം കഴിപ്പിക്കുന്നു. യോഹ. 4: 1.

മാനസാന്തരപ്പെട്ട സ്നാനം ഏല്പിൻ. അപ്പൊ. പ്ര. 2: 38. അവന്റെ വാക്കു കൈക്കൊണ്ടവർ സ്നാനമേറ്റു. അപ്പൊ. പ്ര. 2: 41; വിശ്വസിക്കുന്ന എങ്കിൽ ആകാം. അപ്പൊ. പ്ര. 8: 37. യേശുക്രിസ്തുവിങ്കലേക്കു സ്നാനപ്പെട്ടവരായ നാം റോമ. 6: 4. സ്നാനത്തിൽ അവനോടുകൂടി അടക്കപ്പെട്ടുകയും വിശ്വാസത്താൽ ഉയിർത്തെഴുന്നേല്പുയും ചെയ്തു. കൊലൊ. 2: 12; സ്നാനമൊ നല്ല മനസ്സാക്ഷിക്കായുള്ള അപേക്ഷയത്രെ. 1 പത്രൊ. 3: 21.

ശിശുസ്നാനം. ശിശുക്കളെ സ്നാനപ്പെടുത്തണമെന്നു് ഒരു കല്പനയോ സ്നാനപ്പെടുത്തിയതായി ഒരു ദൃഷ്ടാന്തമോ പുതിയനിയമത്തിൽ കാണുന്നില്ല. ശിശുക്കളെ എന്നു മാത്രമല്ല വിശ്വസിപ്പാൻ കഴിവില്ലാത്ത ഒരു ഒറ്റ ജീവിയേപ്പോലും സ്നാനപ്പെടുത്തിയതായി വചനം പറയുന്നില്ല.

III. കർബാന

ഈ വാക്കിന്റെ വഴിപാട് എന്നർത്ഥമാണ്. മക്കൊ. 7: 11. കർത്താവിന്റെ അത്താഴത്തിന്റെ തിരുവചനത്തിൽ കാണുന്ന പേർ 'അപ്പം നുറുക്കൽ', കർത്താവിന്റെ മേശ, കർത്താവിന്റെ അത്താഴം എന്നിവയാണ്. യഥാക്രമം അപ്പൊ. പ്ര. 2: 42; 1 കൊരി. 10: 21; 11: 20. എന്നീ വാക്യങ്ങളും നോക്കുക. ഈ വിശുദ്ധ കർമ്മം നടക്കുമ്പോൾ ഒരാൾ അപ്പം നുറുക്കി മറ്റുള്ളവർക്ക് കൊടുക്കുക അല്പായിരുന്നു പതിവ്. സമാവകാശം, സമസ്ഥിതി, സാഹോദര്യം എന്നിവയുടെ പ്രദർശകമായി അവരവർ തന്നെ നുറുക്കി എടുത്തുവന്നു. 1 കൊരി. 10: 16; അപ്പൊ. പ്ര. 20: 11. അനാത്മികൻ ഇതിൽ സംബന്ധിച്ചിരുന്നില്ല എന്നു മാത്രമല്ല അശുദ്ധ ജീവിതക്കാരനായ 'സഹോദര'ൻ തന്നെയും ഈ കർമ്മത്തിൽനിന്നു പുറത്താക്കപ്പെട്ട. 1 കൊരി, 5: 9–13; 10: 21.

IV. കാൽകഴുകൽ

ഇക്കാലത്തു നമ്മുടെ നാട്ടിൽ ചിലർ ഇതിനു പാദശുശ്രൂഷ എന്നു പറയും. സ്നാനം തിരുവത്താഴം എന്നിവയെപ്പോലെ കാൽകഴുകലും പൊതു സഭകൂടി ആചരിക്കേണ്ട ഒരു കർമ്മമായി അപ്പൊസ്തലന്മാർ ഗണിക്കയാകട്ടെ സഭയ്ക്ക് അങ്ങനെ ഒരു കല്പന കൊടുക്കയാകട്ടെ ചെയ്തതായി പുതിയനിയമത്തിൽ കാണുന്നില്ല. കർത്താവിന്റെ ശിഷ്യന്മാർ വ്യക്തിപരമായി അതു് ആചരിപ്പാൻ കർത്താവു് ഉപദേശിച്ചിട്ടുണ്ട്. എന്നാൽ അതു് ഓരോ വ്യക്തിയും വിശുദ്ധന്മാർക്ക് ചെയ്യേണ്ട ശുശ്രൂഷകളുടെ കൂട്ടത്തിൽ ഉൾപ്പെടുന്നതേയുള്ള. 1 തിമൊ, 5: 10—ൽ, ഉദ്യോഗാർത്ഥം തിരഞ്ഞെടുക്കപ്പെടേണ്ട വിധവ, വിശുദ്ധന്മാരുടെ കാലുകൾ കഴുകിയവളായിരിക്കണമെന്നു കാണുന്നു. തന്റെ ഭവനത്തിൽ ഒരു വിശുദ്ധൻ വരുമ്പോൾ ഒരു വിധവ അദ്ദേഹത്തിന്റെ കാലിനു വെള്ളം കൊടുക്കുന്നതായ വ്യക്തിപരമായ ശുശ്രൂഷണത്തെയാണ് ഇതു ലക്ഷ്യപ്പെടുത്തുന്നതു്. അല്ലാതെ സഭ കൂടിയിരുന്നു ചെയ്യുന്ന ഒരു കർമ്മത്തെയല്ല. ചുരുക്കിപ്പറഞ്ഞാൽ, അപ്പൊസ്തല എഴുത്തുകൾ മുഴുവൻ പരിശോധിക്കുന്ന പക്ഷവും പെന്തിക്കോസ്തിനുശേഷം യാതൊരു സഭയും കാൽകഴുകൽ ആചരിച്ചതായി സൂചനപോലുമില്ലാത്തതാകുന്നു.

V. അദ്ധ്യക്ഷത

സഭയുടെ ഭരണരീതി ഇന്നതായിരിക്കണമെന്നുള്ളതിനെപ്പറ്റി കർത്താവോ അപ്പൊസ്തലന്മാരോ യാതൊരു പ്രത്യേകാജ്ഞയും നൽകിയിട്ടില്ല. വല്ലതും ഉണ്ടെങ്കിൽ അതു്, ഭരണകർത്താവു് അഥവാ നായകൻ ദാസനെപ്പോലെ വർത്തിക്കണം എന്നുള്ളതു മാത്രമാണ്. ലൂക്കൊ. 22: 26. സഭയുടെ പരിപോഷണത്തിന്നാവശ്യമുള്ള സകല വരങ്ങളും ഉദ്യോഗങ്ങളും കേവലം ദൈവം പലർക്കു കൊടുത്ത പലമാതിരി ശുശ്രൂഷകളത്രെ. ഈ കൂട്ടത്തിൽ ഭരണവരം (റോമ. 12: 8) അഥവാ മേൽനോട്ടവരം സിദ്ധിച്ചവരത്രെ അദ്ധ്യക്ഷന്മാർ. അദ്ധ്യക്ഷൻ എന്ന വാക്കിനും ഇതിനു മൂലഭാഷയിൽ വരുന്ന എപ്പിസ്കോപ്പോസ് (Episcopos) എന്ന വാക്കിനും സുറിയാനിയിൽ വരുന്ന കശീശ് എന്ന വാക്കിനും മേൽനോട്ടക്കാരൻ എന്നർത്ഥം. മൂപ്പൻ (Presbyter), ഇടയൻ (Pastor) അദ്ധ്യക്ഷൻ (Bishop), എന്നിവ വിവിധ ഉദ്യോഗസ്ഥന്മാർക്കുള്ള പല നാമധേയങ്ങളല്ല പിന്നെയോ ഒരേ ഉദ്യോഗവാഹികളുള്ള പര്യായപദങ്ങളും എന്നത്രെ അപ്പൊ. പ്ര. 19–ൽ 17–35 വരെയുള്ള വാക്യങ്ങളും തെളിയിക്കുന്നതു്. പ്രകൃതഭാഗത്തു 17—ാം വാക്യത്തിൽ പൗലൊസ് വരുത്തിയതു് മൂപ്പന്മാരെ ആണെന്നു കാണുന്നു. 28—ാം വാക്യത്തിൽ

അവർതന്നെ ദൈവത്തിന്റെ സഭയെ മേയ്ക്കുണ്ട ഇടയന്മാരാണെന്നും അവരെ പരിശുദ്ധാത്മാവു് അദ്ധ്യക്ഷരാക്കി അഥവാ എപ്പിസ്കോപ്പമാരാക്കി വച്ചിരിക്കുന്നു എന്നും പൗലൊസ് പറയുന്നു. മൂപ്പൻ എന്ന പദം പ്രായാധിക്യത്തേയും ഇടയൻ എന്ന വാക്കു തീററിപ്പോററുന്ന പ്രവൃത്തിയെയും അദ്ധ്യക്ഷൻ എന്നതു ഭരണത്തെയും കാണിക്കുന്നു. ഇവർക്കു് ഈ ജോലികളും നിവ്വഹിക്കുന്നതിനുള്ള വരപ്രാപ്തി കൊടുത്തതു യാതൊരു മനുഷ്യനും അല്ല കർത്താവുതന്നെയാകുന്നു. എഫെ. 4: 11; ഗലാ. 1: 1; 2: 6; അപ്പൊ. പ്ര. 20: 28.

സഭയിൽ ശുശ്രൂഷകന്മാർ (Diakonoi) എന്നൊരു സ്ഥാനികളെക്കൂടി പുതിയനിയമത്തിൽ കാണുന്നുണ്ടു്. അപ്പൊ. പ്ര. 6: 1–6; 1 തിമൊ. 3: 8–10. നോക്കുക. ഈ വാക്കുതന്നെയാണു്, മത്താ. 22: 13; യോഹ. 2: 5, 9. എന്നീ വാക്യങ്ങളിൽ വരുന്നതു്. ഈ വാക്കു് ഒരു പദവിയെ (സ്ഥാനമാനത്തെ) അല്ല സൂചിപ്പിക്കുന്നതു്. നേരെമറിച്ചു്, ദാസ്യപ്രവൃത്തിയെയാണു്.

സ്ത്രീകളും ഈ ശുശ്രൂഷയിൽ ഏർപ്പെട്ടിരുന്നുവെന്നു 1 തിമൊ. 3: 11–13 കാണിക്കുന്നു. ഈ വകുപ്പിൽപ്പെട്ട ഒരുവളാണു റോമ. 16: 1–ൽ കാണുന്ന ഫേബ.

VII. പൗരോഹിത്യം

പഴയനിയമത്തിൽ പൗരോഹിത്യം അഹരോനും അവന്റെ പുത്രന്മാർക്കും മാത്രമുള്ള അവകാശമായിരുന്നു. പുറ. 28: 1; 40: 12–16. എന്നാൽ പുതിയ നിയമത്തിൽ മനസ്സു തിരിഞ്ഞു രക്ഷിക്കപ്പെട്ട സകല വിശ്വാസികളും സ്ത്രീപുരുഷഭേദം കൂടാതെ ദൈവാരാധകരായ പുരോഹിതന്മാരത്രെ. 1 പത്രൊ. 2: 9; വെളി. 1: 6; 20: 6. എന്നുവച്ചാൽ, ഒരു മദ്ധ്യസ്ഥനെ കൂടാതെ നേരിട്ടു ദൈവത്തെ ആരാധിപ്പാനും ദൈവത്തിനു യാഗം കഴിപ്പാനും ഉള്ള അവകാശം വീണ്ടും ജനിച്ച സകല ദൈവമക്കൾക്കും ഉള്ളതാകുന്നു. പുരോഹിതൻ എന്ന വാക്കു പുതിയനിയമത്തിൽ വളരെ വരുന്നുണ്ടെങ്കിലും ഒരിടത്തെങ്കിലും സഭയുടെ മൂപ്പനു പുരോഹിതൻ എന്ന പേർ പ്രത്യേകിച്ചു പറഞ്ഞു കാണുന്നില്ല. അതിനാൽ പുരോഹിതനായ ഒരു സാമാന്യ ക്രിസ്ത്യാനിയെക്കാളും കർമ്മം കഴിക്കുവാനുള്ള വിശേഷാധികാരം മൂപ്പനില്ലായിരുന്നുവെന്നു സ്പഷ്ടം. സ്നാനം, തിരുവത്താഴം എന്നീ മുഖ്യകർമ്മങ്ങളും മൂപ്പനെന്നപോലെ ഇതര സഭാംഗങ്ങൾക്കും നടത്തുവാൻ അക്കാലത്തു സ്വാതന്ത്ര്യം ഉണ്ടായിരുന്നു. അപ്പൊ. പ്ര. 2: 46; 9: 17, 18; 20: 7.

VIII. കൈവയ്പു്

''അപ്പൊസ്തലിക കൈവയ്പു്'' എന്നു് ഇന്നു പറഞ്ഞുവരുന്ന മട്ടിൽ ഒരു കൈവയ്പു് അന്നില്ലായിരുന്നു. ദൈവത്തെ അറിയാത്തവരും മനസ്സു തിരിയാത്തവരും വിശിഷ്യ ക്രിസ്തുമതത്തിന്റെ മുഖ്യസിദ്ധാന്തങ്ങളിൽപോലും വിശ്വാസമില്ലാത്തവരും ആയ വ്യക്തികളുടെമേൽ അപ്പൊസ്തലിക കൈവെപ്പിന്റെ തുടർ കൈവെപ്പു (?) ബിഷപ്പു വേഷധാരിയായ നാസ്തികനിൽനിന്നുതന്നെ പ്രാപിക്കുന്നതായാലും സ്ഥാനത്തിനടുത്ത നൽവരം ഉടനെ ലഭിക്കുന്നതായി ഇന്നു വിശ്വസിക്കുന്നുണ്ടു്. എന്നാൽ ഈമാതിരി കൈവയ്പും നൽവര(?)വും എത്രകണ്ടു ലഭിച്ചാലും സഭാംഗങ്ങളുടെയും ഇതര മനുഷ്യരുടെയും ദൃഷ്ടിക്കു യാതൊരു വിശേഷഗുണവും ആ സ്ഥാനാരൂഢനു കിട്ടിയതായി അനുഭവപ്പെടുന്നില്ല. എന്നാൽ അപ്പൊസ്തലകാലമാകുന്ന ആ പ്രഥമ ശതകത്തിൽ അപ്പൊസ്തലകൈവയ്പു് അതു പ്രാപിക്കുന്ന ആളിൽ

യഥാർത്ഥ നൽവരത്തെ ഉളവാക്കിയിരുന്ന എന്നാണ് 2 തിമോ. 1: 6–ൽ നിന്നു കാണുന്നതു്. ഈദൃശം സാക്ഷാൽ അപ്പൊസ്തലിക കൈവെയ്പ് ഇപ്പോഴത്തെ നാട്യ കൈവെയ്പിനെ നാമമാത്രമാക്കിത്തീർക്കുന്നു.

IX. ആരാധന അഥവാ സഭായോഗം

ആഴ്ചവട്ടത്തിന്റെ ഒന്നാം നാൾതോറുമായിരുന്ന സഭായോഗം നടന്നുവന്നിരുന്നതു്. അപ്പൊ. പ്ര. 20: 7, 1 കൊരി. 16: 2. ഈ യോഗത്തിൽ ആരാധന അല്പെങ്കിൽ ശുശ്രൂഷ നടത്തുവാനുള്ള സ്വാതന്ത്ര്യവും അവകാശവും നാം ഇന്നുകാണുന്നതുപോലെ ഒറ്റ ആളിൽ അല്പായിരുന്നു. ഒരാൾ മുൻപിൽ നിന്നുകൊണ്ടു് പ്രാർത്ഥന വായിക്കുകയും അപരന്മാർ പിന്നിൽ നിന്നുകൊണ്ടു് അവയെ ഏറ്റു ചൊല്ലുകയും ചെയ്യുന്ന രീതിയും അന്നുണ്ടായിരുന്നില്ല. നേരെ മറിച്ചു്, സമയോചിതമായ സ്വതന്ത്രപ്രാർത്ഥനകളത്രെ അവർ കഴിച്ചതു്. അപ്പൊ. പ്ര. 4: 24–30. 1: 24, 25. ക്രിസ്തുശരീരത്തിന്റെ അംഗങ്ങൾ ''ഓരോരുത്തനു വരം ലഭിച്ചതുപോലെ വിവിധമായുള്ള ദൈവകൃപയുടെ നല്ല ഗൃഹവിചാരകന്മാരായി അതിനെക്കൊണ്ടു് അന്യോന്യം ശുശ്രൂഷിച്ചു'' വന്നു, ''പ്രസംഗം ദൈവത്തിന്റെ അരുളപ്പാടുപോലെയും ശുശ്രൂഷ ദൈവം നൽകുന്ന പ്രാപ്തിക്കൊത്തവണ്ണ''വുമായിരുന്നു. 1 പത്രൊ. 4: 10–11. ''അവർ കൂടിവരുമ്പോൾ ഒരുത്തനു സങ്കീർത്തനം, ഒരുത്തനു് ഉപദേശം, ഒരുത്തനു വെളിപ്പാടു്, ഒരുത്തനു് അന്യഭാഷ, ഒരുത്തനു വ്യാഖ്യാനം എന്നിവയുണ്ടായിരുന്നു. എല്ലാവരും പഠിപ്പാനും എല്ലാവർക്കും പ്രബോധനം ലഭിപ്പാനും പ്രവചിക്കുന്ന പല പ്രവാചകന്മാരും ഉണ്ടായിരുന്നു. സ്ത്രീകൾ മാത്രമേ മൗനമായിരിപ്പാൻ അനുവദിക്കപ്പെട്ടുള്ളു. 1 കൊരി. 14–ാം അദ്ധ്യായം നോക്കുക. ഇങ്ങനെ സഭായോഗങ്ങളെ ഉപേക്ഷിക്കാതെ തമ്മിൽ പ്രബോധിപ്പിച്ചുകൊണ്ടു് സ്നേഹത്തിനും സൽപ്രവൃത്തികൾക്കും ഉത്സാഹം വർദ്ധിപ്പിക്കുവാൻ അന്യോന്യം സൂക്ഷിച്ചുവന്നു. ഇക്കാലത്തു് ഒരാൾ മാത്രം ശുശ്രൂഷകനും ആരാധകനും, കൂടിവരുന്ന മറ്റുള്ളവർ ആമ്മീൻ പറവാനും പോരെങ്കിൽ, ശുശ്രൂഷകനെ ശുശ്രൂഷയിൽ സഹായിപ്പാനും മാത്രം സന്നിഹിതരും ആയിരിക്കുന്ന പതിവിൽനിന്നു് ഭിന്നമായ ഒരു രീതിയാണു് പ്രഥമശതകസഭ അനുവർത്തിച്ചുവന്നതു് എന്നുള്ള വാസ്തവത്തെ ഈദൃശം, പുതിയ നിയമരേഖ മുദ്രയിടുന്നു.

X. ദേവാലയങ്ങൾ

ആദിമ ക്രൈസ്തവസഭയ്ക്കു ദേവാലയങ്ങൾ ഉണ്ടായിരുന്നില്ല. കേവലം വീടുകളിൽ ആയിരുന്ന കൂടിവരവു്. റോമ. 16: 5. ഇന്നു കാണുന്നതുപോലെ സ്ഥാനം കർത്താവിന്റെ അത്താഴം എന്നീ കർമ്മങ്ങൾ നടത്തുവാൻ അന്നു പ്രതിഷ്ഠിക്കപ്പെട്ട ഒരു സ്ഥലം ആവശ്യമില്ലായിരുന്നു. മർക്കൊ. 1: 5. യോഹ. 3: 23, അപ്പൊ. പ്ര. 8: 36. കർത്താവുതന്നെ തന്റെ മേശ ആദ്യമായി അനുഷ്ഠിച്ചതു് ഒരു വീട്ടിൽവച്ചായിരുന്നുവല്ലോ. ലൂക്കൊ 22: 12. മർക്കൊ. 14: 15. അപ്പൊസ്തലന്മാരും ഇങ്ങനെതന്നെ ചെയ്തിരുന്നു. അപ്പൊ. പ്ര. 2: 46. 20: 8. ദേവാലയങ്ങൾ, അഥവാ, പ്രതിഷ്ഠിക്കപ്പെട്ട പള്ളികൾ, സഭ ഉത്ഭവിച്ചകാലങ്ങളിൽ ഉണ്ടായിട്ടുള്ളതാണു്. പുറജാതികൾ, തങ്ങളുടെ ദേവന്മാർക്കിരിപ്പാനായി ക്ഷേത്രങ്ങൾ ഉണ്ടാക്കുന്ന പതിവു് സാധാരണയാണല്ലോ. ജാതികൾ ക്രിസ്തുമതസ്ഥരായി തീർന്നതിന്റെ ശേഷം അവരുടെ അജ്ഞാനനടപടി അനുസരിച്ചു്, നൂതനമായി തങ്ങൾ ആരാധിക്കുന്ന ദൈവത്തെയും പാർപ്പിക്കുവാൻ, ദേവാലയങ്ങൾ ഉണ്ടാക്കിത്തുടങ്ങി. യഥാർത്ഥ ദേവാലയം സത്യവിശ്വാസികളാണെന്നും (1 കൊരി. 3: 16, 17. 6: 19. എഫെ. 2:

21, 22) ''അത്യുന്നതൻ കൈപ്പണിയായതിൽ വസിക്കുന്നില്ലതാനും, സ്വർഗ്ഗം എനിക്കു് സിംഹാസനവും ഭൂമി എന്റെ പാദപീഠവും ആകുന്നു. നിങ്ങൾ എനിക്കു് പണിയുന്ന ആലയം ഏതുവിധം, എന്റെ വിശ്രമസ്ഥലവും, ഏതു്? ഇതൊക്കയും എന്റെ കൈയല്ലയോ ഉണ്ടാക്കിയതു് എന്നു കർത്താവു് അരുളിച്ചെയ്യുന്നു'' (അപ്പൊ. പ്ര. 7: 48—50) എന്നും പരിശുദ്ധാത്മാവു് പറഞ്ഞിരിക്കുന്നു. പുതിയ നിയമത്തിൽ പറഞ്ഞു കാണുന്ന പള്ളികൾ ദേവാലയങ്ങൾ അല്ല, പിന്നെയൊ, സംഘാലയങ്ങൾ മാത്രമാണു്. അന്നു യഹൂദന്മാർക്കു് ഒരു ദേവാലയം മാത്രമേയുണ്ടായിരുന്നുള്ളു. അതു യെരുശലേമിൽ മാത്രവുമായിരുന്നു. മറ്റു സ്ഥലങ്ങളിലുള്ളവയെല്ലാം കേവലം സംഘാലയങ്ങളായ പള്ളികൾതന്നെ. ഈ ദേവാലയവും പള്ളികളും ക്രിസ്ത്യാനികളുടെ വകയേ അല്ലായിരുന്നു. പ്രത്യുത, യൂദദേവാലയവും യൂദപ്പള്ളികളുമത്രെ. യാക്കോബിന്റെ ലേഖനത്തിൽ കാണുന്ന പള്ളിയും (യാക്കോ 2: 2) യൂദ പള്ളിയായ സുന്നഗോഗ്രതന്നെ. സുന്നഗോഗിനു് ഒന്നിച്ചുകൂടുന്നസ്ഥലം = A Place of meeting or assembling = സംഘാലയം എന്നാണർത്ഥം (See the Lexicon abridged from Liddel and Scott's greek-English Lexicon) സുന്നഗോഗ് എന്ന പദത്തിനു് കൂടിവരവു്, സമ്മേളനം, സംഘം, സഭ, എന്നുകൂടി അർത്ഥമുള്ളതിനാൽ ഈ പദത്തെ സഭായോഗം എന്നുതന്നെ തർജ്ജമ ചെയ്യാവുന്നതാണു്. ഇംഗ്ലീഷിലും മലയാളത്തിലുമുള്ള പഴയ തർജ്ജമകൾ, ഇംഗ്ലീഷ് പുതിയ തർജ്ജമയിൽ ഈ വാക്കിനു് മാർജിനിൽ കൊടുത്തിരിക്കുന്ന കുറിപ്പു്, മർഡോക്കിന്റെ സുറിയാനി പുതിയനിയമ പരിഭാഷ, സംസ്കൃതഭാഷാന്തരം, ഇവ നോക്കുക.

XI. കുരിശുവര, കുരിശുവന്ദന

പുതിയ നിയമത്തിൽ ഒരുഭാഗത്തും കുരിശുവരയെപ്പറ്റിയും കുരിശുവന്ദനയെപ്പറ്റിയും പറയുന്നില്ല.

പെരുനാളുകൾ

ആഴ്ചവട്ടത്തിന്റെ ഒന്നാംദിവസം (ഞായറാഴ്ച) സഭായോഗം കൂടിവന്നു എന്നല്ലാതെ ഒരു വിശേഷ (ക്രൈസ്തവ) ദിവസത്തെപ്പറ്റിയോ അതിന്റെ ആചരണത്തെപ്പറ്റിയൊ ഒന്നുംതന്നെ അപ്പൊസ്തല ലിഖിതങ്ങളിൽ കാണുന്നില്ല.

മരിച്ചവർക്കു വേണ്ടിയുള്ള പ്രാർത്ഥന ഒരിടത്തും കാണുന്നില്ല.

പരിശുദ്ധന്മാരോടുള്ള പ്രാർത്ഥന	ടി.
വി: മറിയത്തിനോടുള്ള പ്രാർത്ഥന	ടി.
റോമയുടെ മേലധികാരം	ടി.
സ്വരൂപവണക്കം അഥവാ ക്രിസ്ത്യൻ വിഗ്രഹാരാധന	ടി.

XII. വിവാഹം

ഇതിനെ ഒരു മതകർമ്മമാ (ക്രൂദാശയാ)യി ചില സഭകൾ ഗണിക്കുന്നുണ്ടെങ്കിലും ക്രിസ്തുവോ അപ്പൊസ്തലന്മാരോ ഇതിനെ അങ്ങനെ ഗണിച്ചിരുന്നില്ലെന്നുള്ളതു് പുതിയ നിയമത്തിൽ വിവാഹാനുഷ്ഠാന സമ്പ്രദായത്തെപ്പറ്റി യാതൊന്നും പറഞ്ഞിട്ടില്ലാത്തതുകൊണ്ടു സ്പഷ്ടീഭവിക്കുന്നു. യഹൂദന്മാരും വിവാഹത്തെ മതപുരോഹിതൻ (Priest) നടത്തേണ്ട കർമ്മമായി

വിചാരിക്കയോ അങ്ങനെ നടത്തുകയോ ചെയ്തിട്ടില്ലായിരുന്നു എന്നതിനു തിരുവചനം സാക്ഷ്യം വഹിക്കുന്നു.

XIII. ആഭരണഭ്രാന്തു്

ക്രിസ്തുമത സ്ഥാപനകാലത്തു് ജാതികളും യഹൂദന്മാരും ആഭരണഭ്രമികളായിരുന്നു എന്നു വിശിഷ്യ തെളിയിക്കേണ്ട ആവശ്യമില്ല. എന്നാൽ, പുതിയ നിയമത്തിൻകീഴ്വരുമ്പോഴും അവരുടെ അപരിഷ്കൃതവും അജ്ഞാനജവുമായ ആ നടപടി മാറുന്നതായി കാണുന്നു. പൌലൂസു് പറയുന്നതാവിതു്: ''അവണ്ണ്ണും സ്ത്രീകളും യോഗ്യമായ വസ്ത്രം ധരിച്ചു ലജ്ജാശീലത്തോടും സുബോധത്തോടുംകൂടെ തങ്ങളെ അലങ്കരിക്കേണം, പിന്നിയ തലമുടി, പൊന്നു, മുത്തു്, വിലയേറിയ വസ്ത്രം എന്നിവകൊണ്ടല്ല, ദൈവഭക്തിയെ സ്വീകരിക്കുന്ന സ്ത്രീകൾക്കു് ഉചിതമാകംവണ്ണം സൽപ്രവൃത്തികളെക്കൊണ്ടത്രെ അലങ്കരിക്കേണ്ടതു്.'' (1 തിമോ. 2: 9, 10) പത്രോസു്:—''നിങ്ങളുടെ അലങ്കാരം തലമുടി പിന്നുന്നതും പൊന്നണിയുന്നതും വസ്ത്രം ധരിക്കുന്നതും ഇങ്ങനെ പുറമേയുള്ളതല്ല; സൌമ്യതയും സാവധാനതയുമുള്ള മനസ്സു് എന്ന അക്ഷയഭ്രഷണമായ ഹൃദയത്തിന്റെ ഗൂഢമനുഷ്യൻതന്നെ ആയിരിക്കണം.'' (1 പത്രോ. 3: 3, 4) ഒടുവിലത്തെ വാക്യത്തിൽ കാണുന്ന ''പൊന്നണിയുക'' എന്ന വാക്കിനെ ''പൊന്മാല അണിയുക'' എന്നിങ്ങനെ ബെഞ്ചമിൻ വിത്സൺ പരിഭാഷപ്പെടുത്തുന്നു. Emphatic Diaglott നോക്കുക.

XIV. വിശുദ്ധ ചുംബനം അഥവാ സ്നേഹചുംബനം

സാഹോദര്യത്തിന്റെയും നിർവ്യാജമായ സ്നേഹത്തിന്റെയും ചിഹ്നമായി ചുംബനം ആചരിക്കണമെന്നും ക്രിസ്തുസഭയ്ക്കു പരിശുദ്ധാത്മാവിന്റെ കല്പന ഉണ്ടായി. റോമ. 16: 16; 1 കൊരി. 16: 20. 2 കൊരി. 13: 12. 1 തെസ്സ. 5: 26; 1 പത്രോ, 5: 14. അനന്തരശതകങ്ങളിൽ ഈ വിശിഷ്ടകർമ്മം സഭയിൽ ഒരു ചടങ്ങായി തീർന്നു. കൂടാതെ സ്ത്രീപുരുഷന്മാർ ലിംഗഭേദം ഗണിക്കാതെ ഈ ആചാരം നടത്തിയും വന്നു. ഏവംവിധം, ഒരു നല്ല കർമ്മം ദുരുപയോഗത്താൽ ദുഷിച്ചുപോകയും ചില സഭകളിൽനിന്നു്, അശേഷം, അന്തർദ്ധാനം ചെയ്കയും ചെയ്തു.

സമാധാനചുംബനം (The Kiss of Peace) എന്ന തലവാചകത്തിൽ Religious Encyclopaedia താഴെ വരുംപ്രകാരം പറയുന്നു.

''സഹോദരത്വത്തിന്റെയും സ്നേഹത്തിന്റെയും ഒരു ചിഹ്നം എന്ന മുറയ്ക്കു് ക്രിസ്തീയ സഭയുടെ സാധാരണജീവിതത്തിലും ആരാധനയിലും ഈ കർമ്മം ഏറ്റവും ആദിയിൽതന്നെ സ്ഥാനം പിടിച്ചിരുന്നു. (റോമ. 16: 16; 1 കൊരി. 16: 20; 2 കൊരി. 13: 12; 1 തെസ്സ. 5: 26; 1 പത്രോ. 5: 14) യഥാർത്ഥത്തിൽ ഇതു്, അന്യോന്യം സാധാരണ കാണുമ്പോഴും, വിശിഷ്യ ആരാധനസ്ഥലത്തുവെച്ചു കണ്ടുമുട്ടുമ്പോഴും അഭിവാദ്യപൂർവ്വം സ്വീകരിക്കുന്നതിന്റെ സാധാരണരൂപമായിത്തീർന്നു. സഭയുടെ എല്ലാ അംഗങ്ങളെയും ഒന്നിച്ചു ബന്ധിച്ചിരുന്ന ആത്മിക സംഘടനയുടെ സ്വാഭാവികപ്രകടനമായി ലിംഗം, സ്ഥിതി (അന്തസ്സു്) പ്രായം എന്നിവയെ അശേഷം ലക്ഷ്യമാക്കാതെ എല്ലാവർക്കും ഒരുപോലെ അതു നൽകപ്പെട്ടു. എങ്കിലും, ഇപ്രകാരമുള്ള ഒരു ചടങ്ങു വളരെ അസൌകര്യങ്ങളുള്ളതും ദുഷിച്ചുപോകുവാൻ ഇടയുള്ളതും ആയിരുന്നുവെന്നുള്ളതു പ്രത്യക്ഷമാണല്ലൊ. ഒരു പുറജാതി ഭർത്താവു ക്രിസ്ത്യാനിയായ തന്റെ ഭാര്യ അവളുടെ മതസംബന്ധമായ സഹോദരന്മാരുമായി ചുംബനം നടത്തുന്നതു കാണുമ്പോഴും, തീർച്ചയായും

അയാംക്കണ്ടോകന്ന മനഃപീഡയെക്കുറിച്ച തെർത്തുല്യൻ (Ad. Uxor 2, 4) പറയുന്നുണ്ട്. 'ചുംബനം, വിശുദ്ധം, അതായതു്, മനസ്സടക്കത്തോടുകൂടിയതും നിർമ്മലവും ആയിരിക്കണം. അതു യൂദയുടെ ചുംബനംപോലെ ആയിരിക്കാതെ ശാന്തിയുടെയും നിഷ്കപടതയുടെയും പ്രദർശകമായിരിക്കണം' എന്നിങ്ങനെ ഓറിജൻ (In Rom X: 33) പറയുന്നു. അലക്സാന്ത്രിയാക്കാരെമൻറ്, കുറെക്കൂടി മുന്നോട്ടു കടന്നു്, 'പള്ളികളെ മുഴങ്ങുമാറാക്കിയതും അശുദ്ധസംശയങ്ങൾക്കും ദുഃശ്രുതികൾക്കും ഇടയാക്കിയതുമായ ലജ്ജാവിഹീനങ്ങളായ ചുംബനങ്ങളെ' ആക്ഷേപിക്കുന്നു. (Poedog 13, 11) ഈ കാരണങ്ങളാൽ കാലതാമസമെന്യേ ഈ വിഷയത്തിൽ ചില നിയന്ത്രണങ്ങൾ ആവശ്യമായി വന്നു, അപ്പൊസ്തലികനിയമങ്ങൾ (Apostolical Constitutions 8, 2) എന്ന പ്രബന്ധത്തിൽ പറയുന്നതാവിതു്:— 'വിശുദ്ധചുംബനംകൊണ്ടു് അന്യോന്യം സൽക്കരിപ്പിൻ'' എന്നു ശെമ്മാശൻ (Deacon) പറയുമ്പോൾ പട്ടക്കാർ ബിഷപ്പന്മാരേയും അയ്മേനികളിൽ പുരുഷന്മാർ പുരുഷന്മാരേയും സ്ത്രീകൾ സ്ത്രീകളേയും (വിശുദ്ധചുംബനംകൊണ്ടു) സൽക്കരിക്കണം. ഇതിനും പുറമെ, ഈ പ്രബന്ധത്തിൻറെ കാലത്തും പിന്നീടും കൂടിവന്ന സുന്നഹദോസുകളും ഈ വിഷയത്തിൽ നിയന്ത്രണങ്ങൾ ചെയ്തു. എന്നാൽ ആ രൂപത്തിലൊ, അതിൽനിന്നു് അല്പം ഭേദപ്പെട്ട രൂപത്തിലൊ, ഈ ആചാരം, കിഴക്കൻസഭയിൽ ഇന്നെയോളമുണ്ടു്. പാശ്ചാത്യസഭയിൽ പതിമ്മൂന്നാം നൂറാണ്ടുവരെ പ്രസ്തുത ചടങ്ങു നിശ്ശേഷനാസ്തിത്വം പ്രാപിച്ചിരുന്നില്ല. ആ ശതകത്തിൽ ക്രൂശീകര (Crucifixion)ണത്തിൻറെ ഒരു ചിത്രം പതിച്ച മരക്ഷണത്തെയോ ലോഹക്ഷണത്തെയോ ആദ്യം പട്ടക്കാരനും, പിന്നീടു കർബാന കൈക്കൊള്ളുന്നവരും, ക്രിസ്തുവിൽ തങ്ങൾക്കു പരസ്പരം ഉള്ള സ്നേഹത്തിൻറെ സൂചകമായി മുത്തിത്തുടങ്ങി.''

ഓക്സ്ഫോർഡ് സർവ്വകലാശാലയിൽ സഭാചരിത്രപണ്ഡിതരായ ഡീൻസ്റ്റാൻലി തൻറെ Christian Institutions എന്ന പുസ്തകത്തിൽ 'ചുംബനം' എന്ന വിഷയത്തെപ്പറ്റി ഇങ്ങനെ പറഞ്ഞിരിക്കുന്നു:—

'ശിശുസദൃശവും സന്തോഷഭരിതവും നിഷ്കളങ്കവുമായ ആദിമകാലങ്ങളിലെ ഒരു നടപടിയോടുകൂടി, ആരബ്ധവും അത്യന്തം ഭയങ്കരവുമായ ഒരു ശ്രുശ്രൂഷ–അർത്ഥാൽ, ക്രിസ്തീയാരാധനയ്ക്കു നിശ്ശേഷം അവജ്ഞയായിട്ടുള്ളതെന്നു് അംഗീകൃതമായ ഒരു ശ്രുശ്രൂഷ—ഇപ്പോൾ ഒരു വ്യത്യസ്തത്തോടുകൂടി പാശ്ചാത്യസഭയിൽനിന്നും, രണ്ടു വ്യത്യസ്തത്തോടുകൂടി പൌരസ്ത്യസഭയിൽനിന്നും, തിരോഭവിച്ചിരിക്കുന്നു. പ്രസ്തുതകർമ്മം മറെറാന്നല്ല, സമാധാനചുംബനംതന്നെ. അതു് ശ്രുശ്രൂഷ ആരംഭിക്കുന്നതിനുള്ള ഒരു സാവ്ത്രിക ചടങ്ങാണെന്നു ജസ്റ്റിൻ പ്രസ്താവിക്കുന്നു. അതു് അപ്പൊസ്തലകാലം മുതല്ക്കുതന്നെ ഉള്ളതുമാണു്. ചിലപ്പോൾ പുരുഷന്മാർ പുരുഷന്മാരേയും സ്ത്രീകൾ സ്ത്രീകളേയും, ചിലപ്പോൾ സ്ത്രീപുരുഷഭേദം ഗണിക്കാതെ അന്യോന്യവും ഈ ചുംബനകർമ്മം നടത്തിവന്നു. വിശുദ്ധചുംബനത്തിൽനിന്നു് ഒഴിഞ്ഞിരിക്കുന്നതു, ദുഃഖത്തിൻറെയോ കഠിനമായ തപോനിഷ്ഠയുടെയോ ചിഹ്നമായി ഗണിക്കത്തക്കവണ്ണം പ്രസ്തുതകർമ്മം അത്ര സാരതരമായി ഗണിച്ചുവന്നു. പാശ്ചാത്യരാജ്യത്തു് ഈ ആദിമാചാരം ഗ്ലാസ്സൈറ്റ്സ് (Glassites) അഥവാ സാൺഡെമാനിയൻസ് (Sandemanians) എന്നു വിളിക്കപ്പെടുന്ന സ്കോട്ലൻഡ് രാജ്യത്തുള്ള ഒരു ചെറിയ ക്രിസ്തീയവകുപ്പുകാർ മാത്രമേ ആചരിച്ചുവരുന്നുള്ളൂ. ഇടക്കാലത്തു വിശുദ്ധ ചുംബനത്തിൻറെ സ്ഥാനത്തു് 'പാക്സ്' എന്നു വിളിക്കപ്പെട്ട അംശത്താരയുടെ ഉപകരണത്തിൻറെ ഒരംശം പ്രതിഷ്ഠിച്ചു ഈ വസ്തു 'Pax tibi et ecclesioe' എന്ന വാക്കുകളോടുകൂടി ഡീക്കനു് കൊടുക്കപ്പെട്ടു. ഈ പുതിയ സമ്പ്രദായം ജീവനുള്ള ഒരു സാമൂഹ്യാചാരത്തിനു പകരം ശുദ്ധമേ യാന്ത്രികവും ക്രിസ്തുബന്ധത്തിൻറെ

മദ്ധ്യമകാലങ്ങളിൽ കണ്ടുപിടിച്ചതുമായ ഒരു മനുഷ്യകല്പിതത്തെ സഭയിൽ പ്രവേശിപ്പിച്ചിട്ടുള്ളതിന്റെ വിശിഷ്ടദൃഷ്ടാന്തമാകുന്നു. ഇംഗ്ലീഷുസഭയുടെ ആരാധനക്രമത്തിൽ അവശേഷിച്ചിരിക്കുന്ന ഈ ആചാരത്തിന്റെ ഏകലക്ഷ്യം ഒടുവിലത്തെ ആശീർവ്വചനം മാത്രമാണു്. അതു 'ദൈവത്തിന്റെ സമാധാനം' എന്ന വാക്കുകളോടുകൂടി ആരംഭിക്കുന്നു. കിഴക്കൻ സഭയിൽ ഈ കർമ്മം സ്വല്പം ശേഷിച്ചിട്ടുണ്ടു്. റഷ്യൻ സഭയിലും, പക്ഷെ, മറ്റു പൌരസ്ത്യസഭകളിലും സ്നേഹവും സ്തുതി ചൊവ്വാകപ്പെട്ട വിശ്വാസവും (Orthodoxy) ഒന്നിച്ചാണു പോകേണ്ടതു് എന്നു കാണിപ്പാൻ, നിഖ്യാവിശ്വാസപ്രമാണം ഉരുവിടുമ്പോഴും, പട്ടക്കാർ അന്യോന്യം ചുംബനം ചെയ്യുന്നു. എല്ലാ ക്രിസ്തീയസഭകളിലും വച്ചു്, അധികം ആദിമത്വവും യാഥാസ്ഥിതികത്വവും ഉള്ള കൂപ്തായസഭയിൽ വിശുദ്ധചുംബനം ഇപ്പോഴും പൂർണ്ണശക്തിയിൽ സ്ഥിതി ചെയ്യുന്നു. കയിറോയിലെ ഭദ്രാസനപ്പള്ളിയിൽവച്ചു്, പള്ളിയിലുള്ള മറെറല്ലാവരും അന്യോന്യം ചുംബനം ചെയ്തുകൊണ്ടിരിക്കുന്ന അതേ സമയത്തു കൂപ്തായസഭയിലെ പട്ടക്കാരൻ പിടിച്ച ചുംബനം ചെയ്തിട്ടുള്ള അനേക ദേശസഞ്ചാരികളും നമ്മുടെ നാട്ടിൽ ഇപ്പോഴും ജീവിച്ചിരിക്കുന്നുണ്ടു്. ക്രിസ്തീയ സഹോദരത്വത്തിന്റെയും സഹോദരീത്വത്തിന്റെയും സാക്ഷാൽ സൂചകമായ ഈ വിശുദ്ധകർമ്മം, ക്രിസ്തീയസഭയിൽനിന്നു നിശ്ശേഷം ബഹിഷ്കരിക്കപ്പെട്ടുന്ന കാലം വരുന്നു എന്നു് ആദ്യക്രിസ്ത്യാനികളിൽ ആരോടെങ്കിലും, ഒരാളും, പറഞ്ഞിരുന്നുവെങ്കിൽ, അതിനെ ഒരു പുതിയ ഉപദ്രവത്തിന്റെയോ അല്ലാത്തപക്ഷം ഒരു പുതിയ അവിശ്വാസത്തിന്റെയൊ ഫലമായി മാത്രം അവർ വിചാരിക്കുമായിരുന്നു. ഇതിലധികം പരിശുദ്ധവും, ഇതിലധികം അർത്ഥവത്തും (അന്നു പ്രബലപ്പെട്ടിരുന്ന അഭിപ്രായപ്രകാരം) ശ്രുശ്രൂഷയുടെ ഫലത്തിനു ഇതിലധികം ആവശ്യകവും ആയ ഏതെങ്കിലും നടപടിയുടെ പരിത്യാഗത്തെക്കുറിച്ചു് ചിന്തിക്കുക നമുക്കു അസാദ്ധ്യംതന്നെ.

Chapter III, 9.

XV. കൈമുത്തു്

പട്ടക്കാരന്റെയൊ മേല്പട്ടക്കാരന്റെയോ കൈകളെയോ മോതിരത്തെയൊ അഥവാ സ്ലീബയേയോ മുത്തുന്ന സമ്പ്രദായം ക്രൈസ്തവസഭ ഉപേക്ഷിച്ച ശേഷം ഉണ്ടായിട്ടുള്ളതാണു്. പരിശുദ്ധമായ ആദിമ കാലങ്ങളിൽ അപ്പൊസ്തലന്മാരെപ്പോലും ജനങ്ങൾ മുഖത്തു ചുംബിക്കയായിരുന്നു പതിവു്. ''അവർ ഏറ്റവും ദുഃഖിച്ചു പൌലൊസിന്റെ **കഴുത്തിൽ കെട്ടിപ്പിടിച്ചു അവനെ ചുംബിച്ചു.**'' (അപ്പൊ. പ്ര. 20: 38) എന്നാണല്ലൊ നാം വായിക്കുന്നതു്.

XVI. ഒടുക്കത്തെ ഉപ്രിശ്മ (അന്ത്യാഭിഷേകം)

ഈ കർമ്മം യാക്കോബു് 5: 14, 15 എന്നീ വാക്യങ്ങളെ അടിസ്ഥാനപ്പെടുത്തിയിട്ടുള്ളതാണെന്നത്രെ പറയുന്നതു്. എന്നാൽ പ്രസ്തുതവേദാംശം വായിച്ചാൽ അതു് ഒടുക്കത്തെ ഒരു കർമ്മമായിട്ടൊ 'വേണ്ടുന്ന എണ്ണയിക്കൽ' ആയിട്ടൊ അല്ല ഇരിക്കുന്നതു്. നേരേമറിച്ചു്; പാപശിക്ഷയായി വിശ്വാസികൾക്കു സംഭവിക്കുന്ന രോഗത്തെപ്പററിയും അതിന്റെ ശാന്തിയെക്കുറിച്ചും അത്രേ അവിടെ പറയുന്നതു്. രോഗം ആയുസ്സിന്റെ അന്ത്യത്തിൽ മാത്രം വരികയുന്നതാണെന്നു പറയത്തക്ക ബുദ്ധിഹീനത ആർക്കാണുള്ളതു്? അതിനാൽ ഇതു് അന്ത്യേഷ്ടി അല്ലെന്നു തീർച്ചതന്നെ. സഭയുടെ ആദിമ ശതകങ്ങളിൽ നോസ്റ്റിക്കു് വേദവിപരീതികളുടെ ഇടയിൽ ഒഴികെ ഇങ്ങനെയൊരു കർമ്മം നടത്തിയിട്ടുള്ളതായി തെളിവില്ല.

XVII. ശവമടക്കം

മരിക്കുമ്പോഴും പള്ളിപ്പറമ്പിൽ, അഥവാ, പള്ളിയുടെ ശവക്കോട്ടയിൽ തങ്ങളെ കുഴിച്ചിട്ടാൽ എന്തോ പുണ്യമോ, പദവിയൊ ഉള്ളതായി ചില ആധുനിക ക്രൈസ്തവർ വിചാരിക്കുന്നു. എന്നാൽ ആദ്യനൂറ്റാണ്ടിലെ ക്രിസ്ത്യാനികളും ഇങ്ങനെയൊരു സംഗതി സ്വപ്നം കണ്ടിട്ടുപോലുമില്ലായിരുന്നു. ക്രിസ്തുസഭയുടെ ആദ്യത്തെ രക്തസാക്ഷിയായ സ്തേഫാനോസിനെ കുഴിച്ചിട്ടതു പള്ളിയിൽ അല്ലായിരുന്നു. അപ്പൊസ്തലന്മാരിൽ ആരെയും പള്ളിയിൽ കുഴിച്ചിട്ടില്ല. യഹൂദന്മാർ ദേവാലയത്തിന്റെ പ്രാന്തങ്ങളിൽ പോലും ശവങ്ങളെ കൊണ്ടുവരുമാറില്ലായിരുന്നു. നഗരത്തിനു പുറത്താണ് അവർ ശവസംസ്കാരം ചെയ്തതു്. റോമയിലുള്ള ക്രിസ്ത്യാനികളും അഞ്ചാം നൂറ്റാണ്ടുവരെ, ഇന്നു 'റോമൻ കാറ്റക്കോമ്സ്' എന്നു പറഞ്ഞുവരുന്ന ഭൂമിക്കടിയിലുള്ള അറകളിൽ ശവങ്ങളെ സംസ്കരിച്ചുവന്ന കഥ സുവ്വിദിതമാണു്. ഇതുപോലെയുള്ള അറകളത്രെ, സിറിയ, അലക്സന്ത്രിയാ, മെലോസ്, മാൾട്ടാ, സിസിലി, സ്പെയിൻ, നേപ്പിൾസ് ഇത്യാദി സ്ഥലങ്ങളിലെ ക്രിസ്ത്യാനികളും ഉപയോഗിച്ചുവന്നതു്. (See Religious Encyclopaedia) ഇവ ഒന്നും പള്ളിപ്പറമ്പുകളായിരുന്നില്ല. പ്രത്യുത, നഗരത്തിനു പുറത്തുള്ള ഭൂഭാഗങ്ങളായിരുന്നു. കാറ്റക്കോംസിനെപ്പറ്റി കൂടുതൽ അറിവാൻ ആഗ്രഹമുള്ളവർ ദ്വിതീയശതകത്തിന്റെ ഒടുവിലായി ചേർത്തിരിക്കുന്ന പ്രസംഗം വായിച്ചുനോക്കണം.

അദ്ധ്യായം പന്ത്രണ്ട്

ഗ്രന്ഥർട്ടിന്റെ പ്രസ്താവന

ഡോക്ടർ ഗ്രന്ഥർട്ടിന്റെ പ്രസ്താവനയോടുകൂടി പ്രഥമശതകവൃത്താന്തം അവസാനിപ്പിക്കാം:—''ഈ വിവരം എല്ലാം വിചാരിച്ചാൽ ക്രിസ്തുസഭയുടെ ആദ്യസ്വരൂപവും നിജക്രമവും ഏകദേശം അറിഞ്ഞുകൊള്ളാം. പ്രേരിതന്മാർ വിശ്വാസത്തിനു കർത്താക്കന്മാരായിട്ടല്ല പിന്നയോ കേവലം കർത്തവരെ വചനത്താൽ ക്രിസ്തനെ അനുസരിപ്പിച്ച വിശ്വസിക്കുന്നവരെ ശ്രുശ്രൂഷിച്ചു പോരുവാൻ സഭയെ നടത്തിക്കൊണ്ടിരുന്നു. അതതു സഭകളിൽ നിത്യകാര്യവിചാരത്തിനു മൂപ്പന്മാരുണ്ട്. പ്രേരിതന്മാർ എല്ലാ സഭകളേയും പ്രത്യേകം തങ്ങടം സ്ഥാപിച്ചവരവരയേയും, കൂട്ടുമൂപ്പരായി വിചാരിക്കും (1 പത്രൊ. 5:1) തങ്ങളുടെ ആദ്യഫലങ്ങളിൽനിന്നു് ഒന്നാമത്തെ മൂപ്പന്മാരെ തങ്ങടം നിശ്ചയിച്ചു—(1കൊരി. 16: 15) കൈകളെ തലയിൽവച്ചു പ്രാർത്ഥിച്ചു് ആത്മവരങ്ങളെ ഇറക്കിച്ചു പണിക്കാക്കും (അപ്പൊ. പ്ര. 14: 23) സൂപരിശേഷകരായ തിമോത്ഥ്യനും തീതനും മറും ഇപ്രകാരം സഭാക്രമത്തിനു് അടിസ്ഥാനം ഇട്ടും (1തിമൊ. 5: 22) സഭക്കാരുടെ സമ്മതം കൂടാതെ ഒന്നും നടന്നില്ലതാനും പ്രേരിതന്മാർ മേലധികാരികളെങ്കിലും തങ്ങളുടെ മക്കളേ തങ്ങളോടു സമന്മാർ എന്നു വിചാരിക്കും. അവർക്കായിട്ടു പ്രാർത്ഥിക്കുന്നതല്ലാതെ തങ്ങടം ക്കായിട്ടും പ്രാർത്ഥിക്കേണം എന്നപേക്ഷിക്കും. സഭകൾക്കു് ആത്മദാനങ്ങളെ കൊടുക്കുന്നതല്ലാതെ, അവരോടു വാങ്ങുവാനും വാഞ്ഛിച്ചു. (റോമ. 1: 12) മൂപ്പന്മാർ ആട്ടിൻകൂട്ടത്തെ ഇടയന്മാരെപ്പോലെ മേയിച്ചുകൊണ്ടു് (1പത്രൊ. 5) അദ്ധ്യക്ഷവേല കഴിക്കും. അതിനു സുറിയാനിഭാഷയിൽ കശീശ് എന്നും യവന വാക്കിൽ എപ്പിസ്കോപ്പൻ എന്നും പേരുണ്ട്.

മൂപ്പൻ എന്നതും അദ്ധ്യക്ഷൻ എന്നതും ഒന്നുതന്നെ എന്നു പല ദിക്കിലും സ്പഷ്ടമായി കാണാം. (അപ്പൊ. പ്ര. 20: 17–28; തീത്തൊ. 1:5–7; ഫിലി. 1: 1; 1തിമൊ. 3: 1–8) ഇവർക്കു സഭയിൽ പഠിപ്പിക്കുന്നതു യോഗ്യമെങ്കിലും (തീത്തൊ. 1: 9; 1തിമൊ. 5: 17) പ്രധാന പ്രവൃത്തിയല്ല. എല്ലാ വിശ്വാസികളും ദൈവത്തിനു രാജാക്കളും ആചാര്യരും ആകുന്നതല്ലാതെ, പ്രവാചകം, ഉപദേശം, വിശ്വാസപ്രാർത്ഥന, സ്തുതി, അതിമാനുഷഭാഷാഭാവവിസ്താരം, കേട്ടതിന്റെ പരീക്ഷ കഴിക്കയെന്നിയെ ആത്മവരമുള്ളവർക്കെല്ലാവർക്കും സഭയിൽ ദേവവചനം പറവാൻ ന്യായമുണ്ട്. സ്ത്രീകൾക്കു മാത്രമില്ല എങ്കിലും പലരും ഉപദേശിപ്പാൻ തുനിഞ്ഞുപോകരുതു് എന്നു പിന്നത്തേതിൽ ബുദ്ധി പറവാൻ സംഗതിയുണ്ടായി. (യാക്കൊ. 3) സകലവും ക്രമത്തിൽ ചെയ്വിച്ചുപോരുന്നതും (1 കൊരി. 16: 16) ദോഷങ്ങടം അകപ്പെടുന്ന അളവിൽ തടുക്കുന്നതും അന്യസഭകളോടു നിത്യസംസർഗ്ഗം വളർത്തുന്നതും മാലുമ്മിവരം കിട്ടിയ മൂപ്പന്മാരുടെ കാര്യം (1കൊരി 12: 28) ഇങ്ങനെ നടത്തുന്നവർ ആത്മാക്കടംക്കായി കണക്കു ബോധിപ്പിക്കേണ്ടെ എന്നറിഞ്ഞു സഭക്കാർക്കു വേണ്ടി ജാഗരിച്ചിരിക്കുന്നു എന്നു കേവലം. (എബ്രാ. 13: 17; യാക്കോ. 5: 14) അവർ സത്യോപദേഷ്ടാന്തക്കാരാകകൊണ്ടു് സഭയെ പ്രകാശിപ്പിക്കുന്ന നക്ഷത്രങ്ങളും സഭാദൂതരും എന്ന പേരുകടം ഉണ്ടായി. (വെളി. 1, 2അദ്ധ്യാ.) ശ്രുശ്രൂഷക്കാർ എന്നും ശെംശാന്മാർ എന്നും പറയുന്നവർ, ധനകാര്യങ്ങളെ

വിചാരിച്ച് രോഗികളെയും, ദരിദ്രന്മാരെയും, വൃദ്ധവിധവമാരേയും നോക്കി രക്ഷിച്ചുകൊണ്ടിരിക്കും. ഇപ്രകാരം പെണ്ണുങ്ങളിൽ ശ്രുശ്രൂഷ ഏൽക്കുന്ന സ്ത്രീകളും ഉണ്ടായി. (റോമ. 16: 1) അന്യോന്യം വാദമുണ്ടായാൽ സഭക്കാരിൽ വല്ലവരെ തെരഞ്ഞെടുത്തു ചാതിക്കാരം പിടിപ്പാൻ ആക്കും (1കൊരി. 6: 5) ഈ വക സാധാരണ നടപ്പിനു് ഒക്കെയും എല്ലാ സഭക്കാരും ഇപ്പ്രകാരം കൊടുക്കുന്ന ധർമ്മശേഖരധനത്താൽ നിവ്വഹിച്ചു വരുന്നതു്. മാസപ്പടി ഇല്ലാഞ്ഞു; സൽക്രിയകൾക്കു ശ്രുഷ്കാന്തിയെ ഉള്ളു. (തീത്തോ. 3: 14; 1തിമൊ. 5: 17; റോമ. 12, 8; 1തെസ്സ. 5: 12) പല സഭകളിൽ നിന്നും പ്രേരിതന്മാരും സുവിശേഷകന്മാരും പുറപ്പെട്ടു, ചുറ്റുമുള്ള ഊരുഗ്രാമങ്ങളിൽ യേശുവേ അറിയിക്കും, കേട്ടനുസരിക്കുന്നവർ വൃത്തിക്കുകൊടുക്കും. (1കൊരി. 9: 14; ഗലാ. 6: 6, 3: യോഹ. 6, 7).

ക്രിസ്ത്യാനർ കൂടിവരുന്നതു പള്ളികളിലല്ല, പ്രാപ്തിയുള്ളവരുടെ വീടുകളിൽതന്നെ. വലിയ പട്ടണങ്ങളിൽ വെവ്വേറെ വീടുകളിൽ സഭക്കാർ കൂടും. കൂടുന്നവർ പഴയനിയമം വായിച്ചു കേൾക്കും; ചിലർ വ്യാഖ്യാനിക്കും, മറവർ ആത്മാവു് എത്തിക്കുന്ന പ്രകാരം ആശ്വാസത്തിനും ഉപദേശത്തിനും ശാസനത്തിനും പറയും. പാട്ടും പ്രാർത്ഥനയും സ്തുതിയുംകൂടെ ഉണ്ടു്. പ്രേരിതന്മാർ ലേഖനങ്ങളെ അയച്ചാൽ, അപ്പോൾ ഒക്കത്തക്ക വായിക്കും; മറെറ സഭക്കാർക്കും വായിപ്പാൻ അയയ്ക്കും. അനേക ശിഷ്യന്മാർ അടിമകളാകകൊണ്ടു്; അസൂയിച്ചശേഷം, അതു കൂടിവരുവാൻ അവസരം ഉണ്ടായി, പലപ്പോഴും അത്താഴത്തോടുകൂടെ കർത്തൃഭോജനവും സ്നേഹവിരുന്നും കൊണ്ടാടും. അതിനു വേണ്ടുന്ന ഭോജ്യങ്ങളെ ഇഷ്ടമുള്ളവർ കൂട്ടിക്കൊണ്ടുവന്നു് ഏല്പിച്ചുവെക്കും. സഹോദരസ്നേഹത്തിനു പരിശുദ്ധചുംബനം അടയാളം: പുതുതായി ചേരുന്നവരെ താമസംകൂടാതെ സ്നാനത്തിൽ മുഴുക്കും. ലോകദോഷ്യം നിമിത്തം വളരെ ശോധന ചെയ്യേണ്ടതിനു് ആവശ്യം ഇല്ല. സ്നാനത്തിൽ എങ്കിലും, അതിന്റെ ശേഷം എങ്കിലും, ആത്മസംസ്കാരത്തിനടയാളമായി കൈകളെ തലമേൽ വെച്ചു പ്രാർത്ഥിക്കും. (എബ്രാ. 6: 2; അപ്പൊ. പ്ര. 8:17, 19: 6) കുടുംബങ്ങളെ സ്നാനം കഴിച്ച പ്രകാരം 4 ദിക്കിൽ പറഞ്ഞിട്ടുണ്ടു്. അതിൽ ശിശുക്കളും ഉണ്ടോ എന്നു് അറിയുന്നില്ല: എങ്കിലും വിശ്വാസികളുടെ കുട്ടികളും കർത്താവിനു പരിശുദ്ധർ എന്ന നിശ്ചയം (1കൊരി. 7: 14; 1യോഹ. 2: 14).

എല്ലാടവും ഒരുപോലെ ധരിക്കുന്ന സഭാധർമ്മം ഇല്ല. യഹൂദക്രിസ്ത്യാനർ മോശധർമ്മത്തെയും പെരുനാളുകളെയും മറും ആചരിക്കും; യവന വിശ്വാസികളിൽ ചിലർ ആ ദിവസങ്ങളെ പ്രമാണിക്കും (പെസഹ. 1കൊരി. 5: 6. ശബ്ബത്ത. ഗല. 4: 10; കൊലൊ. 2, 16). ചിലർ പ്രമാണിക്കാതെ ഇരിക്കും. (റോമ. 14: 56.) ശബ്ബത്തെ ആചരിക്കുന്നതു് ആവശ്യം എന്നു വിധിക്കുന്നതു പൌലിനു സുവിശേഷനിഷിദ്ധം എന്നു തോന്നി, കർത്താവിൻ ആഴ്ചയിൽ കൂടിവരുന്നതു നടപ്പായി വന്നു. അപ്പൊ. പ്ര. 20: 7, 1കൊരി. 16: 2; വെളി. 1: 10). പ്രാർത്ഥനയ്ക്കു മുതിർന്നിരിപ്പാൻ നോമ്പും എടുക്കും; ഇന്ന ദിവസത്തിലും ഇന്ന പ്രകാരത്തിലും എന്ന കല്പന ഇല്ലതാനും. വിവാഹം ചെയ്യാതെ ഇരിക്ക പൌലിനു് ആ ഹിംസകാലത്തു നന്നെന്നു തോന്നീട്ടും (1കൊരി. 7: 26) വിവാഹത്തെ നിഷേധിക്കുന്നതു ദുർഭ്രമതം എന്നുവെച്ചതുള്ളി. (1തിമൊ. 4: 3) സഹോദര നാമത്തെ വ്യാജമാക്കുന്നവരെ സഭക്കാർ പ്രാർത്ഥനയിൽ ഓർക്കാതെ സാത്താങ്കൽ ഏല്പിക്കും (1 കൊരി. 5). അനന്ത

പിച്ചാൽ പിന്നെയും ചേർത്തുകൊള്ളും. (2കൊരി. 2) ദീർഘദർശനം, അത്ഭുതപ്രവൃത്തി, പ്രാത്ഥനയാൽ ചികിത്സിക്ക മുതലായ വരങ്ങളും പ്രേരിതന്മാരുടെ ശേഷമുള്ള കരുത്തലയിലും ഒടുങ്ങീട്ടില്ല. ഉപദേശശുദ്ധിക്കും, ഏകാഗ്രതക്കും വിനയത്തിന്നും വേഗം താഴ്ചവന്ന എങ്കിലും, ലോകത്തിൽ മുമ്പെ കാണാത്ത സ്നേഹം ക്രിസ്ത്യാനരെ വിശേഷിപ്പിക്കുന്ന അലങ്കാരമായിരുന്നു. കർത്താവിന്റെ വരവു് ഇന്നോ, നാളയോ എന്നറിയായ്കയാൽ, അവനെ കാത്തിരുന്നു, ലോകത്തോടു വെറുക്കുന്നതു് ആ കാലത്തിലെ വിശ്വാസികളുടെ മുഖ്യമായ ഭാവം. സഹസ്രവർഷത്തിന്റെ വാഴ്ച വരുമുമ്പെ 1800 സംവത്സരം നടക്കും എന്നു നിരൂപിക്കുമാറില്ല. ''കർത്താവെ വരേണമെ'' ''വേഗം വരേണമേ'' എന്നു് അന്നു ക്രിസ്തുകാന്തയുടെ നിരന്തര പ്രാത്ഥന.''

ദ്വിതീയശതകം

അദ്ധ്യായം ഒന്നു്

സഭയ്ക്കുള്ള അനുകൂലസംഭവങ്ങൾ

ഈ ശതകത്തിൽ റോമയെ ഭരിച്ചിരുന്ന ചക്രവർത്തികളിൽ മിക്കവരും ഒരുമാതിരി ശാന്തന്മാരായിരുന്നു. ട്രാജൻ (98—117 ഏ. ഡി.) വലിയ ഉൽക്കർഷേച്ഛുവായിരുന്നെങ്കിലും വേണ്ട ആലോചനയോ വിവേകമോ ഇല്ലായിരുന്നു. അദ്രിയാൻ (117—138 ഏ. ഡി.) കുറച്ചുകൂടി കർക്കശനെങ്കിലും സൽഗുണദുർഗ്രണങ്ങളുടെ ഒരു കലർപ്പായിരുന്നു. അന്തോണിയസ്സിനെ സംബന്ധിച്ചു ചിന്തിക്കയെന്നിരുന്നാൽ (135–161 ഏ. ഡി.) അത്ര നല്ലവനും ദയയുള്ളവനുമായി ആരും ഇല്ലെന്നുവേണം പറവാൻ. പിന്നത്തേതിൽ തന്റെ സ്വഭാവം ഭേദിച്ചുപോയ സെവറസ് തന്നെയും (193—211 ഏ. ഡി.) നിരുപദ്രവിയും ക്രിസ്ത്യാനികളുടെ നേരെ ശാന്തനും സമദർശിയും ആയിരുന്നു. ക്രിസ്ത്യാനികളും ഇവരുടെ കീഴിൽ വളരെ സമാധാനം അനുഭവിച്ചു എങ്കിലും, ജനസാമാന്യവും പുരോഹിതന്മാരുംകൂടി ന്യായകർത്താക്കളെ ഇളക്കി അവരുടെ ഇടയിൽ കലാപങ്ങളും നടത്തുകയും കൂടെക്കൂടെ നിയമത്തെ അതിലംഘിച്ചു പീഡിപ്പിക്കുകയും ചെയ്തുകൊണ്ടിരുന്നു. ക്രിസ്ത്യാനികളെ അന്വേഷിച്ചു പിടിക്കണമെന്നു ട്രാജനു മനസ്സില്ലായിരുന്നതുകൊണ്ടു് ഈ പീഡന മദ്ധ്യേ ക്രിസ്ത്യാനികൾക്കു സ്വല്പം ആശ്വാസം ലഭിപ്പാൻ പ്രയാസമുണ്ടായിരുന്നില്ല. കൂടാതെ അവർക്കെതിരായി കൊണ്ടുവന്ന (പേരില്ലാത്ത) വാറോലകളും സ്വീകരിച്ചുകൂടെന്നു തീർച്ചയുണ്ടാകുകയും ചെയ്തു.

അക്കാലത്തു ഗ്രഥസംഘങ്ങൾകൊണ്ടു വളരെ ദോഷങ്ങൾ നാട്ടിൽ നടക്കുന്നതായി കൈസർ അറിഞ്ഞു് അതിനെ വിലക്കിയപ്പോൾ രാത്രിയിൽ (ഗ്രഥമായി) കൂടിവരുന്ന ക്രിസ്ത്യാനികളും ഈ പ്രതിഷേധത്തിൽ പെടുവാൻ ഇടയായി. ഈ വിഷയത്തിൽ ക്രിസ്ത്യാനികളുടെ മേൽ അന്വേഷണങ്ങൾ നടത്തിയ പൊന്തുസ്, ബിഥിനിയാ ഈ നാടുകളുടെ അധിപനായ പ്ലിനി (Pliny) തൽസംബന്ധമായി താഴെ വരുംപ്രകാരം എഴുതിയിരിക്കുന്നു:—പ്രഭോ, എനിക്കു സംശയമുള്ള സംഗതികൾ അവിടത്തെ അടുക്കൽ ബോധിപ്പിച്ചു മനസ്സിനു വെളിച്ചം കിട്ടത്തക്ക കല്പനയ്ക്കായി അപേക്ഷിക്കുക എന്റെ മുറയാണല്ലൊ. ഇതിനു മുമ്പു ക്രിസ്ത്യാനികളുടെമേൽ വിചാരണ നടത്തി എനിക്കു പരിചയമില്ല. എന്താണു ചോദിക്കേണ്ടതു്? എത്രത്തോളമാണു ശിക്ഷിക്കേണ്ടതു്? എന്നും അറിഞ്ഞുകൂടാ. പ്രായഭേദം നോക്കണമൊ? ബാലന്മാർ, പ്രൗഢർ ഇവരോടു് ഒരുപോലെയാണോ വർത്തിക്കേണ്ടതു്? അനുതപിച്ചാൽ ക്ഷമിക്കണമൊ? മതത്യാഗി തിരികെ വന്നാലും ശിക്ഷാർഹനോ? കേവലം നാമം നിമിത്തം ശിക്ഷിക്കണമൊ? എന്താണു വേണ്ടതു് എന്നറിഞ്ഞുകൂടെങ്കിലും ഇപ്പോൾ ഞാൻ ക്രിസ്ത്യാനികളോടു് ഇടപെടുന്നവിധം ഇങ്ങനെയാണു്. എന്റെ അടുക്കൽ അവരെ കൊണ്ടുവന്നാൽ ഉടനെ, നിങ്ങൾ ക്രിസ്ത്യാനികളോ എന്നു ചോദിക്കുമ്പോൾ അതെ, എന്നു മറുപടി പറഞ്ഞാൽ പിന്നെയും ഭയപ്പെടുത്തി ചോദിക്കും.

മനസ്സു മാറാതെയിരുന്നാൽ കൊല്ലുവാൻ ഏല്പിക്കും. ക്രിസ്തുമതത്തിന്റെ ഗുണദോഷങ്ങളും എനിക്കറിഞ്ഞുകൂടെന്നു വരികിലും ഈ വഴക്കമില്ലായ്മയും ശാഠ്യവും ശിക്ഷായോഗ്യമെന്നു് അത്രെ ഞാൻ തീരുമാനിച്ചിട്ടുള്ളതു്. ചിലർ, റോമാപൗരസ്ഥാനം ഉണ്ടെന്നു പറകയാൽ അവരെ അങ്ങോട്ടയക്കാൻ ആജ്ഞാപിച്ചിരിക്കുന്നു. ഒരുവൻ വളരെ ക്രിസ്ത്യാനികളുടെ പേർ എഴുതി അയച്ചു. അവരെ വരുത്തി ചോദ്യം ചെയ്തപ്പോൾ തങ്ങൾ ക്രിസ്ത്യാനികളെന്നു ബോധിപ്പിച്ചതുകൂടാതെ ഞാൻ ചൊല്ലിക്കൊടുത്ത വിധം, ദേവന്മാരുടെ പേരു ചൊല്ലി വിളിക്കയും മറ്റു ബിംബങ്ങളോടു ചേർത്തുവച്ചിരുന്ന അവിടത്തെ പ്രതിമസ്സുധൂപം കാണിച്ചു വീഞ്ഞും നിവേദിച്ചു, ക്രിസ്തുവിനെ ഉപേക്ഷിക്കയും ചെയ്തു. എന്നാൽ ഈ വക നിർബന്ധങ്ങളൊന്നും സത്യക്രിസ്ത്യാനികളെ സമ്മതിച്ചശേഷം, ഇപ്പോൾ ക്രിസ്ത്യാനികളല്ല, മുമ്പു് അവരുടെ കൂട്ടത്തിൽ ചേർന്നിരുന്നു, എങ്കിലും, ഇപ്പോൾ അവരിൽനിന്നു പിരിഞ്ഞിട്ടു 3, 10, 20, വർഷങ്ങളോളമായി എന്നു പറഞ്ഞു് അവിടത്തെ പ്രതിമയേയും ദേവബിംബങ്ങളേയും പൂജിച്ചു ക്രിസ്തുവിനെ നിഷേധിച്ചു പറഞ്ഞു. അവർ പറഞ്ഞതാവിതു്:—''ഞങ്ങളുടെ തെറ്റോ കുറ്റമോ താഴെപ്പറയുന്നവയാണു്. നിശ്ചിത ദിവസത്തിൽ ഉദയത്തിനു മുൻപു കൂടിവരിക, ക്രിസ്തുവിനെ ദൈവമായി ഗണിച്ചു പാടി സ്തുതിക്ക, മോഷണം, വ്യഭിചാരം, വഞ്ചന ഇത്യാദി വർജ്ജിപ്പാൻ ശപഥം ചെയ്ക, ഇതു കഴിഞ്ഞ ശേഷം വീട്ടിൽ പോയി രാത്രി തിരികെവന്നു്, യാതൊരു അഴിമതിയും കൂടാതെ നിർദ്ദോഷമായ ഒരു ആഹാരത്തിൽ എല്ലാവരും പങ്കുകൊൾക ഇത്യാദി നടപടികളും കൈസർ രഹസ്യസംഘങ്ങളും പ്രതിഷേധിച്ചതുമുതൽ ഉപേക്ഷിച്ചിരിക്കുന്നു.'' ഇവരുടെ വിചാരണ നടത്തുമ്പോൾ ശുശ്രൂഷക്കാരികളും എന്നു പറയുന്ന രണ്ടു സ്ത്രീകളെ കൊണ്ടുവന്നു. അവരിൽനിന്നു പരമാർത്ഥമറിവാൻ ഭേദ്യം ചെയ്യിച്ചുവെങ്കിലും ഇതു ദൈവവിഷയമായ ഒരു ഭ്രമം എന്നാണു ബോധ്യപ്പെട്ടതു്. അതിനാൽ വിസ്താരം താമസിപ്പിക്കയും അവിടത്തെ അട്ടക്കൽ ചോദിപ്പാൻ നിശ്ചയിക്കയും ചെയ്തു. കുറക്കാർ ബഹുലമാകയാൽ വളരെ ആലോചിക്കേണ്ടിയിരിക്കുന്നു. എല്ലാ പ്രായത്തിലും സ്ഥാനത്തിലും ഇരിക്കുന്ന സ്ത്രീപുരുഷന്മാരുടെ മേൽ കുറ്റം ചുമത്തീട്ടുണ്ടു്. ഇനി ചുമത്തപ്പെടുവാനുമുണ്ടു്. പട്ടണങ്ങളിലും ഗ്രാമങ്ങളിലും ഈ ഭ്രാന്തു പടർന്നിരിക്കുന്നു. എങ്കിലും ഇതിന്റെ വ്യാപനം തടയുവാൻ കഴിയുന്നതാണെന്നു് എനിക്കഭിപ്രായമുണ്ടു്. ഒരു സംഗതി തീർച്ചതന്നെ. വിജനങ്ങളായി തീർന്ന ക്ഷേത്രങ്ങളിൽ ഇപ്പോൾ ആളുകൾ ധാരാളം കൂടിവരുന്നു. വളരെ നാളായി മുടങ്ങിപ്പോയ കർമ്മങ്ങൾ വീണ്ടും തുടങ്ങിയിരിക്കുന്നു. അതിനാൽ അനുതാപത്തിനു് ഇടകൊടുത്താൽ ഒരു വലിയ കൂട്ടം ജനം ശരിപ്പെടുവാൻ ഇടയുണ്ടു്.''

ഇതിനു കൈസർ കൊടുത്ത മറുപടി: ''ക്രിസ്ത്യാനികളുടെ കാര്യത്തിൽ നീ ചെയ്തവണ്ണം തന്നെയാണു വേണ്ടതു്. എല്ലാ കേസുകൾക്കും ഒരേമാതിരി തീർച്ചയല്ല കല്പിക്കേണ്ടതു്. ക്രിസ്ത്യാനികളെ, തിരഞ്ഞുപിടിപ്പാൻ ആവശ്യമില്ല. വല്ലവരും, അവരിൽ കുറ്റം ഉണ്ടെന്നു തെളിയിക്കുമ്പോൾ മാത്രമേ, ശിക്ഷിക്കാവു. ഒരുവൻ ക്രിസ്ത്യാനി അല്ലെന്നു് ഏറ്റുപറഞ്ഞു നമ്മുടെ ദേവന്മാരെ പൂജിക്കുന്നതായാൽ, അനുതാപം നിമിത്തം, ക്ഷമിക്കണം. കേവലം വാറോലപ്രമാണിച്ചു് ആരേയും വിസ്തരിക്കരുതു്. അതു് അന്യായമായ നടപടി അത്രെ. നമുക്കു ചേരുന്നതല്ല.''

ട്രാജന്റെ പിന്നാലെവന്ന അന്തോണിനസുപയസ്സിന്റെ കാലത്തു ക്രിസ്ത്യാനികളുടെമേൽ കുറ്റം ചുമത്തുന്നവരെ ശിക്ഷിക്കണമെന്നുകൂടി കല്പനയുണ്ടായി. ചക്രവർത്തിമാർ വിവിധ നയങ്ങളെ പ്രമാണിച്ചു പുരോഹിത

ന്മാരും ജനങ്ങളും ക്രിസ്ത്യാനികൾക്കെതിരായി കൊണ്ടുവന്ന കുറ്റകെട്ടുകളിൽ നിന്ന് അവരെ സംരക്ഷിച്ചു. ഇപ്രകാരം ഈ ശതാബ്ദത്തിൽ ക്രിസ്തീയ സമൂഹം പൂർവ്വാധികം വർദ്ധിച്ചുപരന്നു.

പ്രസ്തുത ശതകത്തിൽ റോമാസാമ്രാജ്യത്തിലും അതിനപ്പുറവുമുള്ള ഏതെല്ലാം രാജ്യങ്ങളിലാണ സ്ഥിതീയ വെളിച്ചം കടന്നതെന്നുള്ളതിനെക്കുറിച്ചു നമുക്കു തീർച്ച പറവാൻ നിവൃത്തിയില്ല. എന്നാൽ മിക്ക പൗരസ്ത്യദേശങ്ങളിലും ജർമ്മൻകാർ, സ്പെയിൻകാർ, സെൽറ്റുകൾ, ബ്രിട്ടൻകാർ, ആദിയായവരുടെ ഇടയിലും ഈ നൂറാണ്ടിൽ ക്രിസ്തുവിനെ ദൈവമായി ആരാധിച്ചിരുന്നുവെന്നുള്ളതിനു രേഖകളുണ്ട്. എന്നാൽ അലക്സന്ത്രിയായിലെ ഒവൈദികപാഠശാലാദ്ധ്യക്ഷനായ പന്തീനസ്സ് (Pantoenus) ഇൻഡ്യാക്കാരെ ക്രിസ്തുമതം ഉപദേശിച്ചതായി യൂസീബിയസു പറയുന്നു. അലക്സന്ത്രിയായിലെ ബിഷോപ്പായിരുന്ന ദെമെത്രിയോസ്, തങ്ങൾക്കു ഒരു ക്രിസ്തീയ ഗുരുവിനെ കിട്ടണമെന്നുള്ള ഇൻഡ്യക്കാരുടെ അപേക്ഷനിമിത്തം പന്തീനസ്സിനെ അവരുടെ ഇടയിലേക്കു അയച്ചതാണെന്നു ജെറോം അഭിപ്രായപ്പെടുന്നു.

ഗാലിയാ (ഫ്രാൻസ്) ദേശത്തുനിന്നു ജർമ്മനിയിൽ റൈൻനദിയുടെ ഇടത്തു കരയിലുള്ള സ്ഥലങ്ങളിലേക്കും ഗാലിയാ ദേശത്തിനു എതിരെയുള്ള ബ്രിട്ടനിലും ക്രിസ്തുമതം പ്രചരിക്കയുണ്ടായി.

ഫ്രാൻസ് എന്നു ഇപ്പോൾ വിളിക്കുന്നതായി ആൽപ്സുപർവ്വതത്തിനു അപ്പുറത്തുള്ള ഗാല്യദേശം ഈ ശതാബ്ദത്തിനു മുമ്പുതന്നെ സുവിശേഷം സ്വീകരിച്ചിരിക്കണം. ഈ മതപരിവർത്തനം പക്ഷെ അപ്പോസ്തലന്മാരിൽ നിന്നോ അവരുടെ ശിഷ്യന്മാരിൽനിന്നോ ആയിരിക്കാം. യൂറോപ്പിന്റെ ഈ ഭാഗത്തു ഈ ശതാബ്ദത്തിൽ സഭകളുടെ നിലനില്പു ഉണ്ടായിരുന്നുവെന്നുള്ളതിന്റെ നിസ്സംശയതെളിവുകൾ കാണ്മാനുണ്ട്. മഹാഭക്തനായ പൊത്തിനോസ്, ഐറേനിയസ്സിനോടും വേറെ വിശ്രുതന്മാരോടുംകൂടി ഏഷ്യയിൽനിന്നും ഗാല്യദേശത്തു ചെന്നു ജനങ്ങളെ പഠിപ്പിച്ചു. ലയൻസിലും വിയന്നയിലും അദ്ദേഹം സഭകളെ സ്ഥാപിച്ചു. ആ സഭകളിൽ ആദ്യ ബിഷോപ്പും അദ്ദേഹമായിരുന്നു.

ക്രിസ്തീയമതത്തിന്റെ ശീഘ്രതരമായ ഈ വർദ്ധന ദൈവത്തിന്റെ സാഫല്യശക്തിയുള്ള ഹിതംകൊണ്ടും, ദിവ്യസത്യങ്ങളുടെ പ്രേരണകൊണ്ടും ക്രിസ്തുമതപ്രചാരകന്മാർ ചെയ്ത അത്യുത്സാഹംകൊണ്ടും ഉണ്ടായതാണെന്നാണു രണ്ടാം ശതാബ്ദത്തിലെ എഴുത്തുകാരിൽ മിക്കപേരുടെയും അഭിപ്രായം. എന്നാൽ പ്രസ്തുത ഹേതുക്കളോടു കൂടിത്തന്നെ ബുദ്ധിപൂർവ്വമായ ആലോചനകളും ക്ഷേത്രസംബന്ധമായ അദ്ധ്വസായങ്ങളും അവഗണിപ്പാൻ പാടില്ലാത്ത കാരണങ്ങളാണ്. ഇതിനു മുൻപുതന്നെ ഒന്നായി ചേർത്തിരുന്ന വിശ്രുത ലിഖിതങ്ങളും ക്രൈസ്തവധർമ്മ ദൂതന്മാർ ഇതരന്മാർക്കു വായിക്കുവാൻ സൗകര്യപ്പെടുത്തിക്കൊടുത്തതും ക്രിസ്തുമതപരിവർത്തനത്തെ ധാരാളം സഹായിച്ചിട്ടുണ്ട്. ഈ ദിവ്യലിഖിതങ്ങൾ ആദിയിൽ എഴുതപ്പെട്ടിരുന്ന ഭാഷ എല്ലാവർക്കും സുപരിചിതമല്ല. എന്നാൽ പരിഭാഷകന്മാരുടെ ശ്രമംകൊണ്ട് ഈ തടസ്സം തീർന്നുകിട്ടി. വിശ്രുത ആഗസ്തീൻ പറയുന്നതുപോലെ, ലത്തീൻഭാഷയ്ക്കു പ്രചുരപ്രചാരം സിദ്ധിച്ചിരുന്നതിനാൽ വളരെ ലത്തീൻ പരിഭാഷകൾ ആദിമദശയിൽതന്നെയുണ്ടായി. ഇവയിൽവച്ചു കൂടുതൽ പ്രാധാന്യം ഇറാലിക് പരിഭാഷയ്ക്കത്രെ. ലത്തീൻപരിഭാഷയ്ക്കു പിന്നാലെ സുറിയാനി, എജിപ്ത്യൻ, എത്തിയോപ്യൻ ആദിയായ ഭാഷകളിൽ തർജ്ജമപ്പെടുത്തുകയുണ്ടായി. ഈ പരിഭാഷകളുടെ സൂക്ഷ്മകാലനിർണ്ണയം ദുഷ്കരമാകുന്നു.

ക്രിസ്ത്യാനികൾക്കുവേണ്ടി അനേക പ്രതിവാദങ്ങൾ എഴുതി അവരുടെ മേൽ അന്യായമായി ചുമത്തിയിരുന്ന ദോഷാരോപണങ്ങളുടെ ശക്തിയെ നശിപ്പിച്ച മഹാന്മാരും ക്രിസ്തുവിന്റെ മതപ്രചരണത്തിനുള്ള തടസ്സങ്ങൾ മിക്കവാറും തീർത്തു. ഭക്തന്മാർക്കു് എതിരായി അഭക്തന്മാർ വകഞ്ഞുണ്ടാക്കിയ അനവധി ഏഷണികൾ നിമിത്തം അനേകർ ക്രിസ്തുമതസ്വീകാരത്തിൽ നിന്നു പിന്തിരിഞ്ഞു. ക്രിസ്ത്യാനികൾക്കു ലബ്ധമായ വേറൊരു സഹായം പാഷണ്ഡികൾക്കു വിരോധമായ എഴുത്തുകളാണു്. ഇക്കൂട്ടർ നിന്ദ്യങ്ങളും അബദ്ധങ്ങളും ആയ ഉപദേശങ്ങൾ പഠിപ്പിച്ചിരുന്നതുകൊണ്ടും അവയുടെ സന്മാഗ്ദ്രപ്രമാണങ്ങൾ ഭക്തിഹീനങ്ങളും അപമാനകരങ്ങളും ആയിരുന്നതുകൊണ്ടും അനേകർ ക്രിസ്തുമതത്തിനു വെളിക്കുനിലുക്കുവാൻ പ്രേരിതരായി. എന്നാൽ പാഷണ്ഡമതഖണ്ഡനഗ്രന്ഥങ്ങളാൽ ക്രിസ്തുശിഷ്യന്മാർ ഈ വികടോപദേശികന്മാരെ വെറുക്കുന്നു എന്നു ജനസാമാന്യത്തിനു മനസ്സിലായപ്പോൾ മതത്തിനു നേരെയുള്ള അവരുടെ ഭാവങ്ങൾ അല്പാല്പമായി വ്യത്യാസപ്പെടുവാൻ തുടങ്ങി.

ആദ്യകാലങ്ങളിൽ സഭയ്ക്കു കൊടുക്കപ്പെട്ട അസാധാരണ വരങ്ങളെന്നല്ല സാധാരണ വരങ്ങൾപോലും ക്രിസ്തുവിശ്വാസികളുടെ സ്ഥിരതയ്ക്കു വളരെ ഉപയോഗപ്പെട്ടു. എന്നാൽ പല ജാതികളും സത്യംകൊണ്ടു പ്രകാശിപ്പിക്കപ്പെട്ടതിന്റെ ഫലമായി എണ്ണത്തിലും വണ്ണത്തിലും സഭ പെരുകിയതിനാൽ അത്ഭുതവരങ്ങൾ നിന്നുപോകയും അതിനോടുകൂടി സുവിശേഷപ്രചരണത്തിനുപയുക്തമായിരുന്ന ഭാഷാവരം അവസാനിക്കയും ചെയ്തു. കാരണം സുവിശേഷദൂതന്മാർക്കു് അതതു ദേശങ്ങളിലെ ഭാഷകൾ പഠിക്കുന്നതിനു സൗകര്യം വർദ്ധിച്ചുവരികയാൽ ആദ്യകാലത്തെപ്പോലെ ഇങ്ങനെയൊരു പ്രത്യേക വരത്തിനു് ആവശ്യമുണ്ടായിരുന്നില്ല എന്നുള്ളതാണു്. എങ്കിലും ചില അസാധാരണ വരങ്ങൾ അങ്ങുമിങ്ങും ചിലർക്കുണ്ടായിരുന്നതായി സാക്ഷ്യം കാണുന്നുണ്ടു്.

ട്രാജന്റെയും അദ്രിയാന്റെയും കാലത്തു് മശിഹാ എന്നു സ്വയം ഭാവിച്ച ബാർഖോ ഖേബാസിന്റെ കീഴിൽ യഹൂദന്മാർ റോമർക്കെതിരായി ബഹളങ്ങൾ ഉണ്ടാക്കുകയും തൽഫലമായി അനവധി പീഡകൾ സഹിക്കയും ചെയ്തു. അനേകർ കൊല്ലപ്പെട്ടു; യറുശലേം നഗരം നിന്നസ്ഥലത്തു് ഏലിയാ കാപ്പിറോളിനാ (Aelia Capitolina) എന്ന പുതിയ പട്ടണം പണികയും അവിടേയ്ക്കുള്ള യഹൂദന്മാരുടെ പ്രവേശനം നിരോധിക്കയും ചെയ്തു. ഈ യഹൂദവിനാശം ക്രിസ്തീയ സമൂഹത്തിനു സമാധാനം ഉളവാക്കി. മുമ്പു് റോമൻ ന്യായാധിപതിമാരുടെ മുൻപിൽ ക്രിസ്ത്യാനികളെ ഇഴച്ചുകൊണ്ടുപോയതു യഹൂദന്മാരായിരുന്നുവല്ലോ. ഇവരുടെ വിപ്രവങ്ങളിൽ ക്രിസ്ത്യാനികൾ സഹായിക്കായ്കയാൽ പലസ്തീനിലും പരിസരങ്ങളിലുമുള്ള ക്രിസ്ത്യാനികളെ ഇവർ വളരെ ഉപദ്രവിച്ചു. ഈ നൂറാണ്ടിൽ ക്രിസ്തുമതം സ്വീകരിച്ച പല മഹാന്മാരുടെ വാദപ്രതിവാദങ്ങളും എഴുത്തുകളും ഈ വിശ്രുതമതത്തിനു വലിയ ഭൂഷണമായിത്തീർന്നു എന്നാൽ തത്വജ്ഞാനികൾ തങ്ങളുടെ അഭിപ്രായങ്ങളെ ക്രിസ്തുമതത്തോടു കലർത്തുകയും വിശ്വാസം, ഭക്തി ഇവയെ മനുഷ്യ ന്യായങ്ങൾക്കു കീഴ്പെടുത്തുവാൻ ശ്രമിക്കയും ചെയ്തതിനാൽ മതത്തിന്റെ ശുദ്ധിയും മഹിമയും നഷ്ടപ്പെടുകയോ കറഞ്ഞപക്ഷം മലിനപ്പെടുകയോ ചെയ്തു.

അദ്ധ്യായം രണ്ട്

പ്രതികൂലസംഭവങ്ങൾ

ഈ ശതകത്തിന്റെ ആരംഭത്തിൽ ക്രിസ്ത്യാനികൾക്കു വിരോധമായി യാതൊരു ചട്ടവും പാസ്സായിട്ടില്ലായിരുന്നു. നീറോയുടെ ചട്ടങ്ങളും സെനറും, ഡൊമിഷ്യന്റെ ചട്ടങ്ങളും അവന്റെ അനുഗാമിയായ നേർവയും റദ്ദു ചെയ്തു എങ്കിലും പുരോഹിതന്മാരാൽ ഉത്തേജിതരായ ജനങ്ങൾ ക്രിസ്ത്യാനികൾക്കു വിരോധമായി പലപ്പോഴും കൂട്ടംകൂട്ടമായി എഴുന്നേൽക്കയും അവരെ കൊലപ്പെടുത്തുകയും ചെയ്തുവന്നു. ട്രാജന്റെ കാലത്തെ മതമർദ്ദനത്തിനു കാരണം ഇതായിരുന്നു. ബിഥുന്യയിൽ മേൽകാണിച്ചപ്രകാരമുള്ള ഒരു ബഹളം ഉണ്ടായപ്പോൾ അത്തെ പ്ലിനി തന്റെ കരണീയം അറിവാൻ ട്രാജന്റെ പേർക്കു് എഴുതിയതു്. ആ എഴുത്തും മറുപടിയും മുൻപു ചേർത്തിട്ടുള്ളതാണല്ലോ.

ട്രാജൻ കൊടുത്ത മറുപടിയിൽ കാണുന്ന ക്രിസ്തുമതത്തിനു വിപരീതമായ നിർദ്ദേശങ്ങൾ റോമാസാമ്രാജ്യത്തിലെ നിയമസംഹിതയിൽ ഒരു സ്ഥാനം പിടിച്ചു. ഇതിനാൽ അന്യഥാ നല്ലവരെന്നു ഗണിക്കപ്പെട്ടുന്ന ചക്രവർത്തിമാരുടെ കാലത്തുപോലും മതപീഡനം നടപ്പാൻ സംഗതിയായി. ഒരു ക്രൈസ്തവനെ ഹിംസിക്കണമെന്നു് ആർക്കെങ്കിലും തോന്നുന്നപക്ഷം അയാൾ പ്രസ്തുത ക്രിസ്ത്യാനിയെ ഒരു ന്യായാധിപതിയുടെ അടുക്കലേക്കു കൊണ്ടുചെല്ലുകയും ക്രിസ്ത്യാനി തന്റെ കുറ്റം സമ്മതിക്കയും ചെയ്താൽ മരണശിക്ഷ വിധിക്കുമെന്നുള്ളതു തീർച്ചയായിരുന്നു. ഇതിനാൽ ക്രിസ്തുമതസ്വീകരണം മരണകരമായ കുറ്റമായി രാജ്യചട്ടത്താൽ വ്യവസ്ഥ ചെയ്യപ്പെട്ടു. ഈ വ്യവസ്ഥാനുസരണം ക്ലെയോപ്പാവിന്റെ മകനും യറുശലേം ബിഷപ്പുമായ ശിമോൻ എന്ന മാന്യദേഹം യഹൂദന്മാരാൽ കുറ്റം ചുമത്തപ്പെട്ടു ക്രൂശുമരണം അനുഭവിച്ചു. ഇദ്ദേഹം യാക്കോബിന്റെ സഹോദരനും അദ്ധ്യക്ഷപദവിയിൽ അദ്ദേഹത്തിന്റെ അനുഗാമിയും ആയിരുന്നു. ശത്രുക്കൾ ഇദ്ദേഹത്തെ വളഞ്ഞു പിടിച്ചു സുറിയായിൽ നാടുവാണിരുന്ന ആറിക്കസ്സിന്റെ അടുക്കൽ കൊണ്ടുപോയി. നാടുവാഴി വളരെ ഭയപ്പെടുത്തീട്ടും ഭേദ്യം ചെയ്തിട്ടും ക്രിസ്തുവിനെ സ്വീകരിച്ച പാപകയാണു ചെയ്തതു്. ഇതിനാൽ ആറിക്കസ് കപിതനായി 120 വയസ്സുള്ള ഈ വൃദ്ധനെ ക്രൂശിൽ തറപ്പിച്ചുകൊന്നു. (ക്രി. ഡി. 64).

ഒന്നാം നൂറ്റാണ്ടിന്റെ അവസാനഭാഗത്തു ജീവിച്ചിരുന്ന * അപ്പോസ്തലിക പിതാക്കളിൽ (Apostolic Fathers) പ്രഥമഗണനീയൻ അന്ത്യോക്യയിലെ ഇഗ്നാത്യോസ് ആയിരുന്നു. ട്രാജൻ ചക്രവർത്തി പാർത്ഥ്യരാജ്യം പിടിക്കുന്നതിനു സൈന്യസമേതം അന്ത്യോക്യയിൽ വന്നപ്പോൾ റോമാദേശന്മാരെയും ചക്രവർത്തികളെയും വന്ദിക്കാത്ത ക്രിസ്തുമതസ്ഥന്മാരെ ഒന്നു പിടി

---

* അപ്പോസ്തലകാലത്തു ജീവിച്ചിരുന്ന മതപ്രവർത്തകന്മാരും തങ്ങളുടെ എഴുത്തുകളും നമുക്കായി ശേഷിപ്പിച്ചിട്ടുള്ളവരുമായ വിശുദ്ധ പിതാക്കന്മാരെയാണു് 'അപ്പോസ്തലികപിതാക്കൾ' എന്നു പറയുന്നതു്. ഈ ഗണത്തിൽ ബർന്നബാസ്, റോമയിലെ ക്ലെമന്റ്, ഇഗ്നാത്യോസ്, ഹെർമ്മാസ്, പോളിക്കാർപ്പ്, എന്നിവരുൾപ്പെടും. ചിലർ പാപ്പിയാസിനേയും ഇക്കൂട്ടത്തിൽ ഗണിക്കാറുണ്ടു്.

പ്പിക്കണമെന്നുള്ള നിശ്ചയത്തോടുകൂടി, അവരുടെ മതവിശ്വാസം ഉപേക്ഷിക്കാഞ്ഞാൽ മരണശിക്ഷ തന്നെ ഉണ്ടാകുമെന്നു വിളംബരം ചെയ്തു. തന്റെ ജനങ്ങളുടെമേൽ നടത്തുവാൻ പോകുന്ന ഈ ശിക്ഷ താൻതന്നെ വഹിച്ചുകൊള്ളാമെന്നുള്ള അഭിപ്രായത്തോടുകൂടി ഇഗ്നാത്യോസ് സ്വയമേവ രാജസന്നിധിയിൽ വന്നു. ഇദ്ദേഹത്തെ കണ്ടപ്പോഴം ട്രാജൻ തങ്ങളുടെ നാശത്തിനായി നമ്മുടെ കല്പനകളെ ലംഘിക്കുന്നതിനും മറ്റുള്ളവരെക്കൊണ്ടു ലംഘിപ്പിക്കുന്നതിനും ആത്മിപൂണ്ടിരിക്കുന്ന അശുദ്ധാത്മാവു പിടിച്ചിരിക്കുന്നവനെ നീ; ആരു''; എന്നു ചോദിച്ചു. ഇഗ്നാത്യോസ് ഇതിനു് ഇങ്ങനെ മറുപടി പറഞ്ഞു: ''തീയോഫോറസ്സിനെ (ദേവവാഹിയെ) അശുദ്ധൻ എന്നു വിളിക്കരുതു്. കാരണം ദുരാത്മാക്കളെ ദൈവഭൃത്യന്മാരിൽനിന്നു് ഒഴിഞ്ഞുപോകയാണു ചെയ്യുന്നതു്. ഞാൻ ദുരാത്മവിരോധിയാകയാൽ എന്നെ അശുദ്ധൻ എന്നു വിളിക്കുന്നെങ്കിൽ, ഞാൻ സമ്മതിക്കുന്നു. കാരണം എന്റെ സ്വർഗ്ഗീയ രാജാവായ ക്രിസ്തു മുഖാന്തരം ഞാൻ ദുരാത്മാക്കളുടെ അശുദ്ധി മുഴുവൻ നശിപ്പിക്കുന്നു.

ട്രാജൻ:—തീയോഫോറസ് ആരു്?

ഇഗ്നാ:—ഹൃദയത്തിൽ ക്രിസ്തു ഉള്ളവൻ.

ട്രാജൻ:—ശത്രുമർദ്ദനത്തിൽ ഞങ്ങളെ സഹായിക്കുന്ന ദേവന്മാർ ഞങ്ങളുടെ ഉള്ളിലും ഉണ്ടെന്നു നീ വിചാരിക്കുന്നില്ലയോ?

ഇഗ്നാ:—ജാതികളുടെ പിശാചുക്കളെ ദേവന്മാർ എന്നു വിളിക്കുന്നതു തെറ്റാണു്. സമസ്തചരാചരങ്ങളുടെയും സ്രഷ്ടാവായ ഏക ദൈവവും അവിടുത്തെ ഏക പുത്രനായ യേശുക്രിസ്തുവും മാത്രമേ ഉള്ള. ആ യേശുവിന്റെ രാജ്യമത്രെ എന്റെ ഓഹരി.

ട്രാജൻ:—പൊന്തിയോസ് പീലാത്തോസ് ക്രൂശിച്ചവനെക്കുറിച്ചാണോ നീ പറയുന്നതു്?

ഇഗ്നാ:—അതേ, എന്റെ പാപങ്ങളെ ക്രൂശിച്ചവനും പിശാചിന്റെ സർവ്വ ദുഷ്ടതയും വഞ്ചനയുംതന്നെ ഹൃദയത്തിൽ വഹിക്കുന്നവരുടെ കാൽകളാൽ മെതിച്ചുകളയുന്നവനുമായ ആ യേശുവിനെ ഉദ്ദേശിച്ചത്രെ ഞാൻ പറയുന്നതു്.

ട്രാജൻ:—ക്രൂശിക്കപ്പെട്ടവനെ നിന്റെ ഹൃദയത്തിൽ നീ വഹിച്ചുകൊണ്ടു നടക്കുന്നുവോ?

ഇഗ്നാ:—അതെ. ''ഞാൻ അവരിൽ കുടിയിരിക്കയും നടക്കുകയും ചെയ്യും'' എന്നു ദൈവവചനമുണ്ടു്.

ഒടുവിൽ ട്രാജൻ ഇങ്ങനെ വിധി പറഞ്ഞു:

> ''ക്രൂശിക്കപ്പെട്ടവനെ ഹൃദയത്തിൽ വഹിച്ചുകൊണ്ടു നടക്കുന്നു എന്നു് ഉറപ്പായി പറഞ്ഞ ഇഗ്നാത്യോസ് ചങ്ങലകൊണ്ടു കെട്ടപ്പെട്ട വലിയ പട്ടണമായ റോമാനഗരത്തിലേക്കു കൊണ്ടുപോകപ്പെടുകയും ജനങ്ങളുടെ സന്തോഷത്തിനായി മൃഗങ്ങളാൽ ക്ഷോഭിക്കപ്പെടുകയും വേണം എന്നു നാം കല്പിക്കുന്നു.''

ഈ വിധി കേട്ട ഉടനെ ഇഗ്നാത്യോസ് സന്തോഷത്തോടുകൂടി ഉച്ചത്തിൽ പറഞ്ഞു.

''കർത്താവേ! നിന്റെ നേരെയുള്ള പരിപൂർണ്ണസ്നേഹംകൊണ്ടു് എന്നെ ബഹുമാനിക്കുന്നതിനും അപ്പൊസ്തലനായ പൗലൊസിനെപ്പോലെ

ഇരുമ്പുചങ്ങലയാൽ ഞാൻ ബന്ധിക്കപ്പെട്ടന്നതിനും നിനക്കു് എന്നോടു ദയ തോന്നിയതുകൊണ്ടു ഞാൻ നിന്നെ സ്തുതിക്കുന്നു'' ഉടൻ ഈ വിശുദ്ധനെ ബന്ധിച്ച പത്തു കാവൽപടയാളികളോടുകൂടി സെലൂക്യയിലേക്കും അവിടെ നിന്നു കപ്പൽവഴി സ്മന്നയിലേക്കും കൊണ്ടുപോയി. സ്മന്നയിൽവച്ചു് അവിടത്തെ ക്രൈസ്തവസഭാദ്ധ്യക്ഷനും യോഹന്നാന്റെ ശിഷ്യന്മാരിൽ ഒരുവനുമായ പോളിക്കാർപ്പു് എന്ന സ്നേഹിതനെകാണ്മാൻ അനുവദിച്ചു. ചുറ്റുമുള്ള സഭകളിൽനിന്നു ബിഷപ്പന്മാരും ഡീക്കന്മാരും ഇഗ്നാത്യോസിനു വന്ദനം പറയുന്നതിനും അദ്ദേഹത്തിന്റെ അനുഗ്രഹം വാങ്ങുന്നതിനുമായി വന്നു. സ്മന്നയിൽനിന്നു ത്രോവാസിലേക്കും അവിടെനിന്നു നിയപ്പോലിസിലേക്കും മാസിഡോണിയാ കടന്നു് കാൽനടയായി അഡ്രിയാറ്റിക്കു തീരത്തേക്കും അവിടെനിന്നു് ഇറാലി ചുറ്റി കപ്പൽ ഓടിച്ചു റോമാനഗരത്തിലേക്കും അദ്ദേഹത്തെ കൊണ്ടുപോയി.

ഇഗ്നാത്യോസ് റോമയിൽ എത്തിയപ്പോഴും ഇതു ബഹുമാന്യനായ ഒരുവൻ കൊല്ലപ്പെടുവാൻ പോകുന്നവല്ലോ എന്നോർത്തു് അവിടത്തെ ക്രിസ്ത്യാനികളും വളരെ ദുഃഖിക്കയുണ്ടായി. അദ്ദേഹമോ അവരുടെ നടുവിൽ മുട്ടുകുത്തി പീഡനീങ്ങുന്നതിനും സഹോദരന്മാരുടെ ഇടയിൽ പരസ്പരസ്നേഹം നിലനിൽക്കേണ്ടതിനും പ്രാർത്ഥിച്ചു. രംഗത്തിലെ വിനോദദിവസങ്ങൾ അവസാനിക്കാറായതുകൊണ്ടു പടയാളികളും ഇഗ്നാത്യോസിനെ തുരിപ്പിച്ചു രംഗസ്ഥലത്തേക്കു കൊണ്ടുപോയി. ഈ ഭീമനിർമ്മാണത്തിൽ 80000 കാണികൾക്കു് ഇരിപ്പാൻ സീറ്റു് ഉണ്ടായിരുന്നു. ഏഷ്യയിലുള്ള ക്രിസ്ത്യാനികളുടെ നേതാവായ ഇദ്ദേഹം ശിംശോനെപ്പോലെ രംഗത്തിൽ പ്രവേശിച്ചപ്പോൾ ശാല മുഴുവൻ ആളുകളെക്കൊണ്ടു നിറഞ്ഞിരുന്നു. അനേകനിരകളിൽ തിങ്ങി ഞെരുങ്ങിയിരിക്കുന്ന വിവിധ വർഗ്ഗക്കാരായ സ്ത്രീപുരുഷന്മാരും, വിശിഷ്യ അടിമകളും ഭരണമേധാവികളും വിദ്വാന്മാരും മൂഢന്മാരും ഉൽകൃഷ്ടന്മാരും അപകൃഷ്ടന്മാരുമായ മഹാപുരുഷാരത്തിന്റെ മദ്ധ്യേ താൻ ഉൽകണ്ഠയോടുകൂടി പ്രതീക്ഷിച്ചുകൊണ്ടിരുന്ന മരണത്തെ ഇഗ്നാത്യോസ് കണ്ടെത്തി. ഒടുവിലുള്ള മൃഗങ്ങളും അദ്ദേഹത്തിന്റെ കല്ലറയായി. മൃഗങ്ങൾ ഭക്ഷിച്ചുവശേഷിച്ച ഏതാനും അസ്ഥികളും സഹോദരന്മാർ ശേഖരിച്ചു് അന്ത്യോക്യയിലേക്കു കൊണ്ടുപോയി. അവയെ വെള്ളത്തുണിയിൽ പൊതിഞ്ഞു സഭാമാനം സംസ്കരിച്ചു. 107–ലോ 115–ലോ 116–ലോ ഈ സംഭവം നടന്നതായി പറയപ്പെടുന്നു.

റോമയിലേക്കുള്ള ഈ യാത്രാമദ്ധ്യേ ഇഗ്നാത്യോസ് പല സഭകൾക്കും വിശിഷ്യ, പോളിക്കാർപ്പിനും ലേഖനങ്ങൾ എഴുതി. അവയിൽ റോമക്കു് എഴുതിയതിൽ രക്തസാക്ഷിയായി മരിക്കാനുള്ള തീവ്രകാംക്ഷ പ്രദർശിപ്പിച്ചിരിക്കുന്നു. എങ്ങനെയെന്നാൽ ''യാഗപീഠം സജ്ജമായിരിക്കുമ്പോഴേ, ഞാൻ ദൈവത്തിനു യാഗവസ്തുവായിത്തീരുന്നതിൽപ്പരമായി എന്തെങ്കിലും എനിക്കു തരുവാൻ നിങ്ങൾക്കു കഴികയില്ലാ. ഞാൻ ജീവനുള്ളേക്കു് ഉയിർത്തെഴുന്നേല്പുണ്ടതിനു ലോകത്തിൽനിന്നു പിരിഞ്ഞു ദൈവത്തിലാകുന്നതു് എനിക്കു നല്ലതു്. ഞാൻ പറക മാത്രമല്ല പിന്നെയോ മനസ്സുവയ്ക്കുണ്ടതിനും കേവലം ക്രിസ്ത്യാനി എന്നു വിളിക്കപ്പെടേണ്ടതിനല്ലാ സാക്ഷാൽ അവരിൽ ഒരുവനായി കണ്ടെത്തപ്പെടേണ്ടതിനും അകമെനിന്നും പുറമെനിന്നും എനിക്കു ശക്തി നൽകപ്പെടേണ്ടതിനും പ്രാർത്ഥിപ്പിൻ. മൃഗങ്ങൾക്കു് ഇരയാകുന്നതിനാൽ ഞാൻ ദൈവത്തിനു യോഗ്യനായി എണ്ണപ്പെടേണ്ടതിനു് എന്നെ സമ്മതിപ്പിൻ. ഞാൻ ദൈവത്തിനു കോതമ്പത്രെ. ദൈവത്തിന്റെ വിശുദ്ധപൂപമാകേണ്ടതിനു മൃഗങ്ങളുടെ പല്ലുകളാൽ പൊടിക്കപ്പെടും. നിങ്ങൾ കാട്ടുമൃഗങ്ങൾക്കു് അത്യന്തം കോപം വരുത്തുവിൻ. അവ എനിക്കു കല്ലറ ആയിത്തീരുകയും ഞാൻ ഉറങ്ങിയശേഷം ആർക്കും ഒരു

ചുമടായിത്തീരാതിരിക്കേണ്ടതിനു് എന്റെ ശരീരത്തിൽ ഒരംശവും ശേഷിക്കാതിരിക്കയും ചെയ്യട്ടെ. ലോകത്തിനു് എന്റെ ശരീരം തന്നെയും കാണ്മാൻ കഴിയാതിരിക്കുമ്പോളത്രെ യേശുക്രിസ്തുവിന്റെ സത്യശിഷ്യനായി ഞാൻ തീരുന്നതു്.''

ഇഗ്നാത്തിയോസിന്റെ നാമത്തിൽ ഇന്നു പതിനഞ്ചു ലേഖനങ്ങളും കാണ്മാനുണ്ടു്. ഇവയിൽ എട്ടു കേവലം കൃത്രിമങ്ങളും തന്നെയാണെന്നു പണ്ഡിതന്മാർ ഐകൃകണ്ഠ്യേന സമ്മതിക്കുന്നു. ശേഷിച്ച ഏഴു ലേഖനങ്ങളും ഗ്രീക്കിൽ രണ്ടു പ്രകാരവും സുറിയാനിയിൽ തർജ്ജമ ചെയ്ത ലേഖനങ്ങളും മൂന്നാമതൊരു പ്രകാരവും കാണുന്നുണ്ടു്. ഗ്രീക്കിൽ രണ്ടു പ്രകാരത്തിൽ ഉള്ളതു്, ഒന്നു ചുരുങ്ങിയതും മറേറതു ദീർഘിച്ചതുമാകയാൽ അവയെ ചുരുങ്ങിയതു് എന്നും ദീർഘിച്ചതു് എന്നും നാമകരണം ചെയ്തിരിക്കുന്നു. ഇവയിൽ ചുരുങ്ങിയതു ശരിയായിട്ടുള്ളതു് എന്നും അതിനെ വികസിപ്പിച്ചതാണു ദീർഘിച്ചതെന്നും ഒരുകൂട്ടർ വിചാരിക്കുന്നു. ദീർഘിച്ചതാണു ശരിയെന്നും അതിന്റെ സംക്ഷേപമാണു ചുരുങ്ങിയതു് എന്നും മറ്റു ചിലർ വിചാരിക്കുന്നു. എന്നാൽ ഇതിൽ ഒന്നും നിർമ്മലമാണെന്നോ നിസ്സക്തമാംവണ്ണം സ്വീകാര്യമാണെന്നോ പറവാൻ പാടില്ലെന്നു പണ്ഡിതന്മാരുടെ ഇടയിൽ ഒരുവിധം പ്രബലമായ അഭിപ്രായമുണ്ടു്.

Writings of the Apostolic fathers PP. 139–141.

ഇഗ്നാത്യോസിന്റെ എഴുത്തുകളിൽ മേല്പട്ടത്തെ (എപ്പിസ്കോപ്പസി) സ്ഥാപിക്കുന്ന ചില പ്രസ്താവനകളും കാണ്മാനുണ്ടു്. ഇതിനെ സംബന്ധിച്ചു ഫ്രഡറിക്കു് ഡബ്ളിയു. ഫാർ ഡി. ഡി. (Lives of the Fathers) എന്ന തന്റെ പുസ്തകത്തിൽ ഇപ്രകാരം പറഞ്ഞിരിക്കുന്നു: ''ചുരുങ്ങിയ രീതിയിൽ കാണുന്ന ഏഴു ലേഖനങ്ങളുടെ തെളിവുകളും അനേകർക്കും ആസ്വാദ്യതരമല്ലാത്തതിനു രണ്ടു കാരണങ്ങളും ഉണ്ടു്. അവയിൽ ഒന്നു്, പ്രസ്തുത രേഖ മേല്പട്ടത്വത്തെ ഉയർത്തുന്നു എന്നുള്ളതാണു്. ഈ ഉയർത്തൽ തിരുവെഴുത്തുകൾക്കു് എതിരും യുക്തിവിരുദ്ധവും ആവശ്യാധികവുമെന്നത്രെ നവീനന്മാരുടെ അഭിപ്രായം. ഈ അഭിപ്രായത്തിനു താഴെ വരുംപ്രകാരം മറുപടി പറയാം:

A. രക്തസാക്ഷിയുടെ വാക്കുകളും നമുക്കു കിട്ടിയതു് അവയുടെ സാക്ഷാൽ അന്തഃത്തിൽനിന്നു വ്യത്യസ്തമായ ഭാവത്തിലാണു്. ഇഗ്നാത്യോസിൽ പൗരോഹിത്യസ്ഥാപനത്തിന്റെ വളർച്ച നാം കാണുന്നുണ്ടെങ്കിലും, ബിഷപ്പും പ്രെസ്ബിറേറരും തമ്മിൽ തെളിവായ വ്യത്യാസം അദ്ദേഹത്തിലാണു് ആദ്യമായി പ്രത്യക്ഷപ്പെടുന്നതെങ്കിലും, യഥാർത്ഥ ഇഗ്നാത്യോസിൽ പൗരോഹിത്യത്തിന്റെ നിഴൽപോലും ഇല്ല. അവന്റെ കാലത്തു് ഏഷ്യാമൈനറിലെ സഭയുടെ പ്രത്യേക സാഹചര്യങ്ങളും നിമിത്തമാണു് അദ്ദേഹം എപ്പിസ്കോപ്പസിയെ ശ്ലാഘിക്കുന്നതു്. കാരണം, അതിനെ ഐക്യത്തിനും വിശ്വാസാർഹമായ ഉപദേശത്തിനുമുള്ള ഏക ഉറപ്പായും, സഭപെട്ടെന്നു പല കക്ഷികളായി പിരികയും ഇടത്തൂട്ടുകളാൽ അശുദ്ധിപ്പെടുകയും ചെയ്യുന്നതിൽനിന്നു സഭയെ തടുക്കുന്ന ഏകമാർഗ്ഗമായും അദ്ദേഹം ഗണിച്ചു. ഇഗ്നാത്യോസു് ഇവിടെ വേദശാസ്ത്രം രൂപവൽക്കരിക്കയോ സഭാഭരണതന്ത്രം രേഖപ്പെടുത്തുകയോ അല്ല ചെയ്യുന്നതു്. പിന്നെയോ, കിട്ടിയ സമയം ഉപയോഗിച്ചു സന്ദർഭോചിതമായ, എഴുത്തുകളും ബദ്ധപ്പെട്ടു് എഴുതുകയാണു്. ''ബിഷപ്പിന്റെ അറിവു കൂടാതെ എന്തെങ്കിലും ചെയ്യുന്നവൻ പിശാചിനെ സേവിക്കയാണു ചെയ്യുതു്'' (Ad Smyrn. 8). നാം കർത്താവിനെ വീക്ഷിക്കുന്നതുപോലെ ബിഷപ്പിനെ വീക്ഷിക്കണമെന്നുള്ളതു സ്പഷ്ടമത്രെ (Ad Eph. 6). എന്നീ നിർദ്ദേശങ്ങളും അവ എഴുതപ്പെട്ട പ്രത്യേക പരിതഃസ്ഥിതിയെ

അതിലംഘിച്ച സാവ്ത്രികസിദ്ധാന്തമായി തീരുന്നുവെങ്കിൽ അതു കേവലം അബദ്ധവും ദൈവദൂഷണവുമായിത്തീരും.

B. ഗണ്യമായ വളരെ സംഗതികളിൽ എപ്പിസ്കോപ്പസിയെപ്പറ്റിയുള്ള ഇഗ്നാത്യോസിന്റെ അഭിപ്രായം ഐറീനിയസിന്റെ അഭിപ്രായത്തിൽനിന്നു ഭിന്നമായിട്ടാണ് ഇരിക്കുന്നതു്.

1. ബിഷപ്പന്മാർ അപ്പൊസ്തലന്മാരാൽ നിയമിതമാണെന്നു് ഇഗ്നാത്യോസ് പറയുന്നില്ല.

2. അവർ അപ്പൊസ്തലന്മാരുടെ പിൻതുടർച്ചക്കാരാണെന്നു ബിഷപ്പന്മാരെപ്പറ്റി ഒരിടത്തും പ്രസ്താവിക്കുന്നില്ല.

3. ഇഗ്നാത്യോസിന്റെ ബിഷപ്പു് ഒരു ഇടവകയിലെ പാസ്റ്റർ മാത്രമാണു്. സ്ഥലം സഭയുടെ അതിരിനപ്പുറത്തു ബിഷപ്പു് എന്ന നാമം പ്രയോഗിക്കുന്ന ഏർപ്പാടിനെക്കുറിച്ചു് അദ്ദേഹം ഒന്നും അറിയുന്നില്ല.

4. ഇഗ്നാത്യോസിന്റെ സാക്ഷ്യം ഏഷ്യയിലെ സഭകളെ മാത്രം സംബന്ധിക്കുന്നതാണു്. പോളിക്കാർപ്പു തന്റെ ലേഖനത്തിൽ ഫിലിപ്പിയിൽ ഒരു ബിഷപ്പുള്ളതായി യാതൊന്നും പറഞ്ഞിട്ടില്ലാത്തതുപോലെതന്നെ റോമയിൽപോലും ഒരു ബിഷപ്പുള്ളതായി ഇഗ്നാത്യോസ് സൂചിപ്പിക്കുന്നില്ല.

5. മറ്റു സാരേണരീതിയെ അദ്ദേഹം ഒരിടത്തുപോലും ആക്ഷേപിക്കുന്നില്ല.

6. പ്രസ്ബിറ്റന്മാർ അപ്പൊസ്തലന്മാരുടെ പ്രതിനിധികളായിരിക്കെ ബിഷപ്പന്മാർ ക്രിസ്തുവിന്റെ പ്രതിനിധികളാണെന്നുള്ള പ്രത്യേകാഭിപ്രായത്തെ അദ്ദേഹം സ്വീകരിക്കമാത്രമാണു് ചെയ്യുന്നതു്.

7. മറ്റു പട്ടങ്ങളെ ബിഷപ്പന്മാരോടു സംഘടിപ്പിച്ചാണു് ഇഗ്നാത്യോസ് എപ്പോഴും പറയുന്നതു്. സഭ മുഴുവൻ പ്രസ്ബിറ്റന്മാർക്കു കീഴ്പ്പെട്ടിരിക്കണമെന്നോ അവരെ അനുസരിച്ചിരിക്കണമെന്നോ ഒന്നും തന്നെ പറയുന്നില്ല. കൂടാതെ ഇഗ്നാത്യോസിന്റെ ബിഷപ്പു് ഒരു പ്രകാരത്തിലും ഒരു പ്രഭുസ്ഥാനിയായ ബിഷപ്പോ ഒരു മഹാ ഇടവകയുടെ ബിഷപ്പോ അല്ല പിന്നെയോ, ഒറ്റ സ്ഥലം സഭയുടെ ബിഷപ്പു് മാത്രമാണു്. ആരു ബിഷപ്പിനെ അനുസരിച്ചിരിക്കണമെന്നു പറഞ്ഞിട്ടുണ്ടോ, ആ പ്രസ്ബിറ്റന്മാരുടെ ആലോചനാസഭയോടു വിയോജിച്ചിരിക്കുന്ന ഒരാളല്ല ഈ ബിഷപ്പു്. ബിഷപ്പിനെ അനുസരിച്ചിരിക്കണമെന്നുള്ള ഈ അഭിപ്രായത്തെക്കാളും സുപ്രധാനമായ മറ്റൊന്നും ഈ അപ്പൊസ്തലിക രക്തസാക്ഷിക്കു പറവാനില്ലല്ലോ എന്നിങ്ങനെ ഈ വിഷയത്തിൽ നിയാണ്ടർ എന്ന ചരിത്രകാരൻ അഭ്യൂഹപ്പെടുന്നു. നിയാണ്ടറിന്റെ ഈ അഭ്യൂഹത്തിൽ നിഷ്പക്ഷമാനസരായ മിക്ക വായനക്കാരും പങ്കു കൊള്ളുന്നതാണു്. എന്നാൽ ഒരു തരത്തിൽ പറഞ്ഞാൽ ആദിമ ക്രൈസ്തവ ചരിത്രത്തിൽ അഭ്യൂഹങ്ങളെ പ്രതീക്ഷിക്കാതെ നമുക്കു തരമില്ല; വേറൊരു തരത്തിൽ പറഞ്ഞാൽ രക്തസാക്ഷിയായ അദ്ദേഹത്തിനു പൗരസ്ത്യരുടെ അലങ്കാര ഭാഷയും വ്യക്തിപരമായ തൈക്ഷ്ണ്യവും നാം അനുവദിച്ചേ മതിയാവൂ. കൂടാതെ ഒന്നോ രണ്ടോ നൂറ്റാണ്ടു കഴിഞ്ഞു് ഇഗ്നാത്യോസ് എഴുതുകയായിരുന്നെങ്കിൽ ഈ എഴുത്തുകൾ എഴുതുവാൻ അദ്ദേഹത്തെ പ്രേരിപ്പിച്ച അതേ ഉദ്ദേശം, മഹാപുരോഹിതസ്ഥാനാക്രമണത്തെ തടയുന്നതിനും തങ്ങളുടെ പ്രസ്ബിറ്റന്മാരുടെയും, തങ്ങളുടെ ജനങ്ങളുടെയും സഹകരണം കൂടാതെ ഒരിക്കലും പ്രവർത്തിച്ചു പോകരുതെന്നു ബിഷപ്പന്മാരെ നിർബന്ധിക്കുന്നതിനും അദ്ദേഹത്തെ നയിക്കുമായിരുന്നുവെന്നു വിശ്വസിപ്പാൻ സകല ന്യായവുമുണ്ടു്.

ഉത്തരവാദിത്വമില്ലാത്തവരും സ്വതന്ത്രന്മാരുമായ ബിഷപ്പന്മാരെ സ്സ്വറ്റി പറയുന്നപക്ഷം, ഇഗ്നാത്യോസ് തെറ്റിദ്ധരിക്കപ്പെടാത്ത ഒരു പാപ്പയെക്കുറിച്ചു യാതൊന്നും അറിഞ്ഞിരുന്നില്ല എന്നാണു നിർബാധം പറയാവുന്നതു്. പട്ടക്കാരുടെ ആക്രമണങ്ങൾകൊണ്ടു (Ecclesiastical Encroachments) സഭയുടെ സ്വാതന്ത്ര്യം നിർഭാഗ്യവശാൽ അപകടപ്പെട്ടപോയ കാലത്തിനു മുൻപാണു് ഇഗ്നാത്യോസ് ജീവിച്ചിരുന്നതു്. വിവാദരേഖകളും, അവ എഴുതപ്പെട്ട കാലത്തേയും, അന്നത്തെ പരിതഃസ്ഥിതികളേയും യോജിപ്പിച്ചശേഷം, ആ താഴ്മയുള്ള രക്തസാക്ഷിയുടെ വാക്കുകളും നാം വായിക്കുന്നതായാൽ അവ, ബിഷപ്പന്മാരുടെ സ്വേച്ഛാപ്രഭുത്വത്തിൽനിന്നു് എത്രത്തോളം അകന്നുമാറി നിൽക്കാൻ കഴിയുമോ അത്രത്തോളം അകന്നുമാറി നിൽക്കുന്നതായി നമുക്കു കാണാവുന്നതാണു്.

Lives of our Fathers PP. 58—60.

ഡാക്ടർ ഗ്രണ്ടർട്ടു് ഇങ്ങനെ പറയുന്നു:

''ഏഷ്യയിലെ സഭകളിൽ ഇഗ്നാത്യോസ്, പോളിക്കാർപ്പസ്, റോമയിലെ സഭയിൽ ക്ലെമന്റു്, ഹെർമ്മാസ് എന്നിങ്ങനെ നാലഞ്ചു് അപ്പൊസ്തല ശിഷ്യന്മാർ എഴുതീട്ടുള്ള പ്രബന്ധങ്ങൾ ഇപ്പോഴും ഉണ്ടു്, അതിൽ ക്ലെമന്റു് കൊറിന്ത്യർക്കും പോളിക്കാർപ്പസ് ഫിലിപ്യർക്കും അയച്ച ലേഖനങ്ങളിൽ ഉപദേശശുദ്ധി അധികം കാൺമാനുണ്ടു്. ജ്ഞാനവർദ്ധനവിന്നുതകുന്നതായി പുതിയവ ഒന്നും കാണുന്നില്ല. ഇവ വായിച്ചാൽ അപ്പൊസ്തലന്മാർക്കുള്ള ആത്മവരങ്ങളുടെ സമൃദ്ധി എത്ര വേഗം ചുരുങ്ങിപ്പോയെന്നു് അത്ഭുതപ്പെട്ടുപോകും. എങ്കിലും അക്കാലത്തെ വിശ്വാസികൾ എഴുതുവാനല്ലാ പ്രവൃത്തിപ്പാനും കഷ്ടപ്പെട്ടു മരിപ്പാനും ഏറ്റവും ഒരുങ്ങിയവരാണെന്നു സമാധാനിക്കാം.

ഇഗ്നാത്യോസിന്റെ ലേഖനങ്ങളിൽ അപ്പൊസ്തലോപദേശങ്ങൾക്കു തുല്യമായവ കാണ്മാനുണ്ടു്. എങ്കിലും ഒന്നു് നവീനതന്നെ. പല ദുരുപദേഷ്ടാക്കളും സഭയിൽ കടന്നു്, ക്രിസ്തു കഷ്ടപ്പെട്ടതു മായക്കാഴ്ചയാണെന്നും മറ്റും ഉപദേശിച്ചു ഭിന്നത ഉണ്ടാക്കിയപ്പോഴും ഓരോ പട്ടണത്തിലുമുള്ള വീട്ടുസഭകൾക്കു തമ്മിൽ ഐകരൂപ്യം വേണമെന്നു വിചാരിച്ചു മൂപ്പന്മാരിൽ ഒരുവൻ അദ്ധ്യക്ഷൻ എന്ന പേരെടുത്തു മുഴുസഭയും ഭരിച്ചുകൊൾവാൻ ഇഗ്നാത്യോസ് ഉപദേശിച്ചു. മനുഷ്യപ്രകാരം ഇതു നല്ലതു്: എന്നാൽ ദൈവികമായി നോക്കുമ്പോൾ ശരിയല്ല.'' അദ്ധ്യക്ഷനെ യേശുവിനെപ്പോലെയും മൂപ്പന്മാരെ അപ്പൊസ്തലന്മാരെപ്പോലെയും ബഹുമാനിക്കണം. യേശു പിതാവിനെക്കൂടാതെ ഒന്നും ചെയ്യാത്തതുപോലെ അദ്ധ്യക്ഷനെക്കൂടാതെ സഭയിൽ ആരും സ്നാനം, കർത്തൃഭോജനം ഇവയൊന്നും ചെയ്യരുതു്.'' എന്നിങ്ങനെ ഇഗ്നാത്യോസ് പറയുന്നു. ഇതൊരു താല്ക്കാലിക ചികിത്സയെങ്കിലും പ്രതിദിനം വർദ്ധമാനമായ വേറൊരു രോഗത്തെ ഇതു് ഉല്പാദിപ്പിച്ചു. മൂപ്പന്മാരിൽ പ്രധാനി അദ്ധ്യക്ഷനെന്നു വന്നപ്പോൾ സ്ഥാനമാനങ്ങളിൽ ഓരോരുത്തർക്കും അത്യാശയുണ്ടായി. അദ്ധ്യക്ഷരിൽ മേലദ്ധ്യക്ഷന്മാരും സ്വ്വസഭോപതികളും പതുക്കെ ഉയർന്നുതുടങ്ങി. കൂടാതെ സഭയിൽ സ്ഥാനമില്ലാത്തവർ (അയ്മേനികരും) കൂടി ആത്മാഭിഷേകമുള്ള ആചാര്യന്മാർ ആകുന്നു എന്നുള്ള സത്യം ക്രമേണ മറഞ്ഞുപോയി. അപ്പൊസ്തലന്മാർക്കുണ്ടായിരുന്ന എല്ലാ വരങ്ങളും അദ്ധ്യക്ഷന്മാർക്കു സ്വായത്തമാണെന്നും അവർ അപ്പൊസ്തലന്മാരുടെ അനന്തിരവരെന്നും കൈവെപ്പുകൊണ്ടു് ആത്മാവിനെ അവർ കൊടുക്കുന്നുവെന്നും പട്ടക്കാർ സഭയ്ക്കും ദൈവത്തിനും ഇടയിൽ മദ്ധ്യസ്ഥരെന്നും പിൽക്കാലത്തു് അഭിപ്രായമുണ്ടായി. ആയതിനാൽ യെഹൂദഭാവത്തെ യവനസഭകളും ജയിച്ചു

എങ്കിലും യെഹൂദന്മാർക്കുള്ള ഒരു ജഡപ്രശംസ പട്ടം നിമിത്തം ഉദിച്ചു തുടങ്ങി.''

ക്രിസ്തു സഭാചരിത്രം പുറം. 34, 35.

റോമർ, ഗ്രേക്കർ എന്നീ ജാതികളും ഇക്കാലത്തു ക്രിസ്ത്യാനികൾക്കു വിരോധമായിപ്പറഞ്ഞുവന്നതു താഴെ വരുംപ്രകാരമായിരുന്നു:

ഞങ്ങളുടെ ദേവന്മാരെ നിങ്ങൾ എങ്ങനെ നിരസിക്കും? 900 വർഷമായി റോമയിൽ ഞങ്ങൾ ആരാധിച്ചുവന്ന ഇന്ദ്രൻ ഞങ്ങൾക്കു സർവ്വരാജ്യങ്ങളിലും ജയം നൽകിയിരിക്കുന്നു. നേർച്ച, ശകുനം, മന്ത്രവാദം മുതലായതു ദേവന്മാരുടെ നാമത്തിൽ ചെയ്യുന്നപക്ഷം അതു ഫലപ്പെട്ടു കാണുന്നുണ്ടു്. വേണമെങ്കിൽ ദേവന്മാരുടെ കൂട്ടത്തിൽ ക്രിസ്തുവിനെ കൂടെയും വെച്ചു് ആരാധിക്കാം. അതിനു് ഇതര ദേവന്മാരുടെ നാമങ്ങളെ നിന്ദിക്കണമെന്നുണ്ടോ? ദൈവം ഒരുവനെയുള്ളു എന്നു പറയുന്നതു ശരിയെങ്കിലും മന്ത്രികളെ മാനിക്കുന്നതു രാജാവിനെ മാനിക്കുകതന്നെയാണല്ലോ. കൈസർ ഭൂമിയിലെ ദൈവമല്ലോ. അവനു നിങ്ങൾ എന്തുകൊണ്ടു വഴിപാടു നൽകി പ്രസാദിപ്പിക്കുന്നില്ല? പുരാതന നടപടി വെറുതെ ഉപേക്ഷിക്കാമോ? കൈസരുടെ പുറന്നാളിനു തോരണം, മാല മുതലായതുകൊണ്ടു നിങ്ങളുടെ ഭവനങ്ങളെ അലങ്കരിക്കാത്തതു് എന്തു്? നിങ്ങൾ സ്വാമിദ്രോഹികൾ ആയതുകൊണ്ടല്ലയോ? ഇങ്ങനെയുള്ള പുതുമതങ്ങൾ ഉണ്ടായിരുന്നുകൂടാ എന്നു പഴമക്കാർ വിധിച്ചിട്ടുള്ളതു ന്യായംതന്നെ. നിങ്ങൾ ലോകത്തെ ജയിക്കും എന്നു പറയുന്നവല്ലോ. ശാശ്വതമായ റോമാസാമ്രാജ്യത്തെ തകർത്തുകളയാമെന്നാണോ നിങ്ങളുടെ ഭാവം? ന്യായാധിപത്യം, നഗരാധിപത്യം, ഭടവൃത്തി, ഇത്യാദി ഉദ്യോഗങ്ങൾ നിങ്ങൾ സ്വീകരിക്കുന്നില്ല. നിങ്ങൾ ശിക്ഷാർഹന്മാരത്രെ. രാജ്യവാസികൾക്കു് ഈ പുതുക്കം അസഹ്യമായി തീർന്നിരിക്കുന്നു. സർവ്വസമ്മതം തന്നെയാണു ദൈവസമ്മതം. നിങ്ങൾക്കു ക്ഷേത്രമോ തറയോ ബലികർമ്മമോ ഇല്ല. ക്രിസ്തു ദൈവമല്ലെങ്കിൽ നിങ്ങൾ നിർദ്ദേവന്മാർ തന്നെ. കഴുതയുടെ തല പ്രതിഷ്ഠിച്ചിരിക്കുന്നു എന്നും ജനകാ! ജനകാ! എന്നു ചൊല്ലിക്കൊണ്ടു് മൂപ്പന്റെ ലിംഗത്തിനു പൂജ കഴിക്കുന്നു എന്നും നിങ്ങളെക്കുറിച്ചു കേൾക്കുന്നുണ്ടു്, നിങ്ങളെ സഹിച്ചുപോന്നിടത്തോളം ഞങ്ങളുടെമേലും ദേവകോപം ഇറങ്ങിയിട്ടുണ്ടു്. നിങ്ങൾ യോഗം കൂടുമ്പോൾ കാട്ടിക്കൂട്ടുന്നതു് എന്തൊക്കെയാണെന്നു ഞങ്ങൾ അറിയുന്നില്ലെന്നു വിചാരിക്കേണ്ട. കൂട്ടുന്നതുതന്നെ രാത്രിയിൽ. വാതിൽ അടച്ചുകളയുന്നു. മനുഷ്യപുത്രന്റെ മാംസം തിന്നുന്നു. ഒരു കുട്ടിയെ കൊന്നു ചോര കുടിക്കുന്നു. എല്ലാവരും സഹോദരസഹോദരിമാരെന്നു നടിക്കുന്നതു നല്ലകളി; ഒരു കുടുംബംപോലെ ആയിതീർന്നിരിക്കുന്നു. എല്ലാ സ്ത്രീകളും എല്ലാവർക്കും സമംതന്നെ. ദോഷമനസ്സിലാകാത്ത അന്യദിക്കുകാർ ആയിരുന്നാലും ആംഗ്യം കാണിച്ചെങ്കിലും ക്ഷണംകൊണ്ടു തമ്മിൽ അറിഞ്ഞു ചുംബനം ചെയ്തു തങ്ങളുടെ സ്നേഹത്തെ പ്രദർശിപ്പിക്കുന്നു. ഒരുവനുവേണ്ടി വേറൊരുവൻ മരിപ്പാൻകൂടി തയ്യാർ. എന്തൊ വലുതായ ഒരു പറഞ്ഞൊപ്പു് (ഉടമ്പടി) ഇവർക്കു തമ്മിൽ ഉണ്ടായിരിക്കണം. നാടകരംഗങ്ങളിലും ഘോഷയാത്രകളിലും നിങ്ങളെ കാണുന്നില്ല. ഞങ്ങളുമായി പന്തിഭോജനമില്ല. വിഗ്രഹാർപ്പിതം (നിവേദ്യം) ഭക്ഷിക്കുന്നില്ല. ദേവകോപം ഇല്ലെന്നു പറയുന്നവെങ്കിലും അവരെക്കുറിച്ചു പേടിയുണ്ടല്ലോ. ദൈവം ദയാലുവാണെങ്കിൽ മനുഷ്യകീടങ്ങളുടെ കളികളിലും വിനോദങ്ങളിലും അദ്ദേഹത്തിനു് അസൂയയുണ്ടെന്നു വരുമോ? മാല, സുഗന്ധദ്രവ്യങ്ങളും, എന്നിവ പരിത്യജിച്ചു ലോകസന്തോഷവും ലോകസംസർഗ്ഗവും കൂടാതെ ശ്മശാനഭൂമികളിൽ വിറച്ചും തലചായ്ച്ചും ദുഃഖിച്ചു നടക്കുന്നു. സമക്ഷത്തുവരാതെ ഒഴിഞ്ഞുകളയുന്നുകൂട്ടം. തെരുക്കളിൽവെച്ചു്

മൗനികളും, ഏകാന്തത്തിൽ മാത്രം സംഭാഷിക്കുന്നവർ, ഇങ്ങനെ പരസ്പരം സ്നേഹിക്കുന്നതു് ഒഴികെ, ദേവന്മാർക്കും കൈസറന്മാർക്കും വെപ്പുകൊങ്കും ചട്ടങ്ങൾക്കും എന്നുവേണ്ട സർവ്വലോകത്തിനും ശത്രുക്കളായി കാണപ്പെട്ടവർ. മനുഷ്യനായി ജനിച്ചു് അടിമയായി ക്രൂശിൽ മരിച്ചവൻ ഇപ്പോൾ സകലത്തിന്മേലും കർത്താവെന്നു ജല്പിക്കുന്നതു് എത്ര ഭ്രാന്തു്. ശരീരം ഉയർക്കും മരിച്ചവർ എല്ലാം സ്രഷ്ടാവിന്റെ സിംഹാസനത്തിനു മുമ്പാകെ ന്യായവിധിക്കായി കാണപ്പെടും എന്നതെ അവരുടെ മൂഢവിശ്വാസം ഇതെന്തുപദേശം! ആ ദൈവപുത്രനേയും പുനരുത്ഥാനത്തേയും ഒഴിച്ചാൽ അവർക്കു് ആത്മികമായി വല്ല ഉപദേശവുമുണ്ടെങ്കിൽ അവ നമ്മുടെ ജ്ഞാനികളുടെ കൃതികളിലും കാണുന്നവ തന്നെ. ശാസ്ത്രാഭ്യസനം ചെയ്താൽ അദ്വൈത സിദ്ധാന്തങ്ങളും എബ്രായഭാഷയുടെ അപേക്ഷകൂടാതെ ഗദ്യപദ്യപ്രബന്ധങ്ങളിൽ വായിക്കാവുന്നതാണു്. വിദ്യാഭ്യാസവും കാര്യബോധവും ഇല്ലാത്ത കുട്ടികളും കിഴവികളും യാചകന്മാരും കൃഷിക്കാരും ലൗകികവിഷയങ്ങളിൽ മാത്രമല്ല ദൈവികവിഷയങ്ങളിൽ കൂടി ശാഠ്യംപിടിച്ച തക്കിക്കുന്നു. ഒന്നും പഠിക്കാതെ സകലവും അറിയുന്നു. ആയിരം സംവത്സരംകൊണ്ടു, ''മഹാജ്ഞാനികൾകൂടി ആരാഞ്ഞു തീരുമാനിക്കാത്ത വിഷയങ്ങൾക്കു്, ഇവർ ഒരു നിമിഷംകൊണ്ടു മറുപടി പറയും. ജാതികളും ദേശങ്ങളും മതങ്ങളും ഒന്നായിവരുമെന്നു വിചാരിക്കാമൊ?'' നിങ്ങളും, ജ്ഞാതാക്കളും മുതലായ പല വകപ്പുകളായി പിരിഞ്ഞുപോകുന്നതിനാൽ നിങ്ങളും ഒന്നല്ലല്ലൊ. നിങ്ങൾക്കു് ദൈവാത്മാവു് ഉണ്ടെങ്കിൽ, വഞ്ചകന്മാർ നിങ്ങളുടെ ഭാഷധരിച്ച ഭക്ഷൻ എന്നു നടിച്ചു നിങ്ങളുടെ സഭകളിൽ നഴഞ്ഞു സാധുക്കളെ ചതിച്ചു് അനവധി മാനവും ദ്രവ്യവും സമ്പാദിക്കുന്നതു് എന്തുകൊണ്ടു്? കൂടാതെ നിങ്ങൾക്കു് അത്ര വലിയ ദൈവം ഉണ്ടെങ്കിൽ ദാരിദ്ര്യവും പീഡയും നിങ്ങൾക്കെന്തുകൊണ്ടു സംഭവിക്കുന്നു? ഈ ഭക്തിയേറിയ കൂട്ടരെ വിചാരിക്കാതെ പോയാൽ ആ ദൈവം നീതികെട്ട ദൈവം എന്നല്ലെ വിചാരിക്കേണ്ടതു്?''

ജാതികളും ഈവിധമൊക്കെ പറയുന്നതുകൂടാതെ ടൈബർ നദികവിഞ്ഞു റോമാനഗരത്തിൽ വെള്ളപ്പൊക്കം ഉണ്ടാകയൊ കർഷകന്മാർക്കു സഹായമായി നിൽക്കുന്ന നീലനദി പെരുകാതിരിക്കുകയൊ അനാവൃഷ്ടി, ഭൂകമ്പം, ക്ഷാമം, വസന്ത മുതലായ ബാധകളും ഉണ്ടാകയൊ ചെയ്യുമ്പോൾ ജനങ്ങൾ കൂട്ടംകൂടി, ക്രിസ്ത്യാനികളെ സിംഹങ്ങൾക്കു് ഇട്ടുകളയാം. ഈ നീറോചക്രവർത്തിയെ നമുക്കെന്തിനു് എന്നിങ്ങനെ ആർത്തുവിളിക്കയും കല്ലെറിഞ്ഞും തീകൊടുത്തും ക്രിസ്ത്യാനികളെ വധിപ്പാനും മരിച്ചവരെ കുഴിയിൽനിന്നു തുരന്നെടുപ്പാനും തുടങ്ങും. പല സ്ഥലങ്ങളിലും വിഗ്രഹനിർമ്മാതാക്കളും, പൂജാരികളും, ക്ഷുദ്രക്കാർ മുതലായവർ താന്താങ്ങളുടെ തൊഴിലിനു മുടക്കം ഉണ്ടാകുമെന്നു കണ്ടു ക്രിസ്തുനാമത്തെ ശൂന്യമാക്കുവാൻ പ്രയത്നിച്ചുകൊണ്ടിരുന്നു.

മേൽപറഞ്ഞിട്ടുള്ള ജാതികളുടെ ആക്ഷേപങ്ങൾക്കു കാഡ്രൊറ്റ്സ് മുതലായ പ്രതിവാദികളും ധാരാളം സമാധാനമെഴുതുകയുണ്ടായി. വിഗ്രഹാരാധനയുടെ അയുക്തതയെ സ്ഥാപീകരിച്ചതുകൂടാതെ ക്രിസ്തീയവിശ്വാസത്തിനുള്ള ന്യായങ്ങളും ആ വിശ്വാസം മൂലമുള്ള നന്മകളും വിശദപ്പെടുത്തിയവനതാതികന്മാരുടെ ഗ്രന്ഥങ്ങളിൽനിന്നു വേണ്ട സാക്ഷ്യങ്ങളും ഉദ്ധരിച്ചുതെ അവർ പ്രതിവാദപത്രികകളും പ്രചരിപ്പിച്ചതു്. പ്രതിവാദികളും അനേകരായിരുന്നുവെന്നുള്ളതു് ഇതിനുമുമ്പു പറഞ്ഞിട്ടുണ്ടല്ലൊ. അവരുടെ പ്രതിവാദങ്ങളുടെ ഒരു ചുരുക്കം ഡാക്ടർ ഗ്രണ്ടർട്ടു് തന്റെ സഭാചരിത്രത്തിൽ കൊടുത്തിട്ടുള്ളതു് അദ്ദേഹത്തിന്റെ വാക്കിൽതന്നെ ഇവിടെ പകർത്തിക്കൊള്ളുന്നു. എങ്ങനെയെന്നാൽ:

''ഞങ്ങളും മുമ്പെ നിങ്ങളെപ്പോലെ ആയിരുന്നവല്ലൊ! ഇരുട്ടിൽ ആയ സമയം പുതുതായി ജനിക്കേണ്ടതു ഞങ്ങൾക്കും അസാദ്ധ്യവും മൗഢ്യവു

മായി തോന്നി. അക്കാലം ദോഷങ്ങളോട് വെറുത്തു എങ്കിലും, കഴിവ് ഒന്നും തോന്നിയില്ല. ഇപ്പോഴോ യേശുവിൽ വിശ്വസിച്ചു; പുതിയ ആളായി തീർന്നശേഷം, മുമ്പെ സംശയമുള്ളതു നിശ്ചയമായ്വന്നു. ദുഷ്കരമായതു സുകരമായ് ചമഞ്ഞു, രാഗിയായശേഷം ഇന്ദ്രിയജയം ഉണ്ടായി. ലോഭിയായതിൽപിന്നെ ദാനശീലനായുംതീർന്നു. അന്യോന്യം ദോഷിച്ചവരായ ഞങ്ങളോ, ഇപ്പോഴോ സ്നേഹിച്ചു, ശത്രുക്കൾക്കുവേണ്ടി പ്രാർത്ഥിക്കുന്നു. പുറവും ഉള്ള അന്ധകാരം വിചാരിച്ചാൽ, ക്രിസ്തുസഭകൊണ്ടു ലോകത്തിലെ വെളിച്ചമായി കാണുന്നുവല്ലോ, കൊള്ളക്കൊടുക്കയിൽ സത്യവും, അയൽക്കാരോട് ഇണക്കവും, വൈരികളോട് ക്ഷമയും, അതിഥിസൽക്കാരവും, ദരിദ്രർ, അനാഥർ, വിധവമാർ, വൃദ്ധർ, രോഗികൾ എന്നിവരുടെ സേവയും വിശ്വാസംനിമിത്തം പീഡിതരെ സഹായിക്കയും പകർച്ചയുള്ള ദീനങ്ങളിൽ വ്യാധിക്കാരെ ഭേദംകൂടാതെ നോക്കുക; ഭയപ്പെടാതെ കഴിച്ചിടുക, ഒന്നും വഴിക്കാതെ കപ്പം, നികുതി, ചുങ്കവും കൊടുക്ക, ഈ കൂട്ട് എല്ലാം ഞങ്ങൾക്കു പ്രത്യേകമുള്ള അടയാളങ്ങളാകുന്നുവല്ലോ. ഞങ്ങൾ നിമിത്തം അമ്പലങ്ങൾക്കു വരവു കുറയുന്നോറും, ചുങ്കം മുതലായ ഭണ്ഡാരങ്ങളിൽ ആയം അധികം വരുന്നുവല്ലൊ. കൈസരുടെ ബിംബമുള്ള നാണ്യങ്ങളെ ഞങ്ങൾ മനസ്സോടെ കൈസർക്കു കൊടുക്കുന്നു; ദേവബിംബമുള്ള ആത്മാവിനെ ദൈവത്തിനു കൊടുക്കേ ഉള്ളു. ലൗകികസ്ഥാനമാനങ്ങളെ അന്വേഷിക്കാത്തു താഴ്മയുള്ള രാജാവെ സേവിക്കയാലാകുന്നു. ന്യായാധിപതിസ്ഥാനത്തുനിന്നു മരണവിധി മുതലായ ശിക്ഷകളെ നടത്തുന്നതു്, കരുണയാൽ ജീവിക്കുന്ന ഞങ്ങൾക്കു് അഭിഷ്ടവേല അല്ല; കൃപയും സ്നേഹവും കാട്ടുന്നതു ഞങ്ങളുടെ മാനം. പടയാളികളായി ഞങ്ങൾ ക്രിസ്തന്റെ ആയുധങ്ങളെ പ്രയോഗിക്കുന്നു; രക്തം ചിന്തിയാതെ പ്രാർത്ഥനകളാൽ കൈസരേയും സേവിക്കുന്നു. എങ്കിലും ഓരോരുത്തൻ കഴിയുന്നിടത്തോളം താന്താന്റെ തൊഴിലിൽ ഉറച്ചു നിൽക്കാവു, അതുകൊണ്ട് ഏല്ലാ പട്ടാളങ്ങളിലും ചില ക്രിസ്ത്യാനരെ കാണ്മാനുണ്ട്; അവരും സേവയിൽ ഉത്സാഹിക്കുന്നു. മനുഷ്യർ തമ്മിൽ അങ്കം കൂടച്ചു മൃഗങ്ങളോട് പൊരുതും മരിക്കുന്ന നാടകങ്ങളേയും മോഹിനിയാട്ടവും ശൃംഗാരകൂത്തും മറ്റും ഞങ്ങൾ എങ്ങിനെ കാണേണ്ടു? ഈവക പിശാചപണിയിൽ രസിക്കുന്നതു വിനോദംതന്നെയോ? നിങ്ങളെപോലെ ഭ്രാന്തരായി, നേരംപോക്കുകയും, കളിവാക്കു കേൾക്കയും ലിംഗഭേദികളുടെ സംഗീതങ്ങൾക്കു ചെവികൊടുക്കയും പുരുഷന്മാർക്കു ഗൗരവത്തിനു യോഗ്യമായിട്ടുള്ളതോ? ഞങ്ങൾ സത്യത്തെ അന്വേഷിക്കുന്നു; പിന്നെ വേഷം കെട്ടി ഓരോരോ മായകളെ പ്രവൃത്തിക്കുന്നതു വർജ്ജിക്കവേണ്ടേ? ഞങ്ങളിലും ചിലർ ക്രിസ്തനെയും ലോകത്തെയും ഒരുമിച്ചു സേവിപ്പാൻ വിചാരിച്ചപ്പോഴും ഭ്രതഗ്രസ്തരായി ചമഞ്ഞു; അല്ലെങ്കിൽ ലോകത്തിലേക്കു മടങ്ങിച്ചേർന്നു. നാടകം കണ്ട നാം മുതൽ ഘോരദർശനങ്ങളെയും സ്വപ്നങ്ങളെയും കണ്ടു, ദുഃഖിച്ചു മരിച്ചവരും ഉണ്ടു്. ഞങ്ങൾക്കുകൂടെ സന്തോഷങ്ങൾ ഉണ്ടു വെളിച്ചപ്പിതാവെ അറിക; തൻപുത്രനോട് സംസാരിക്ക; മരണത്തെ നിരസിക്ക; ദേവകളെ തൃണീകരിക്ക; ദുർഭ്രതങ്ങളെ പുറത്താക്കുക; ദീനങ്ങളെ മാറുക; കർത്താവിന്റെ ദർശനങ്ങൾക്കു കാത്തിരിക്ക, പിന്നെ വേദകഥകളോട് തുല്യമായിട്ടു് ഒരു നാടകവിലാസവും ഉണ്ടോ? ദേവസൃഷ്ടികളേയും ഞങ്ങൾ അശുദ്ധം എന്നുവച്ചു തള്ളുന്നതും ഇല്ല. ഞങ്ങൾ താപസന്മാരല്ല. സന്യാസികളുമല്ല. കാടകം പൂകുന്നവരുമല്ല. മിതമായിട്ടു സകലവും അനുഭവിച്ചും ദാതാവെ സ്തുതിക്കയുള്ളു. അങ്ങാടി, സ്നാനഗൃഹം, വഴിയമ്പലം, ചന്ത, മുതലായതിൽ ഞങ്ങളെയും കാണാമല്ലൊ. കപ്പലോട്ടം, കച്ചവടം, കൃഷി, കൈത്തൊഴിൽ, പടച്ചേകം, ഇവ എല്ലാം ഞങ്ങളും നടത്തുന്നു. ഞങ്ങൾ ഹിതകാലത്തു നോമ്പെടുക്കുന്നതും ചിലർ വീഞ്ഞും മാംസവും വെടിഞ്ഞു ചിലവുചുരുക്കി കൈക്കലുള്ളതു ദരിദ്രന്മാർക്കു കൊടുക്കുന്നതും ചിലർ യേശുവിന്നിമിത്തം വിവാ

ഹം ചെയ്യാതെ കന്യാവ്രത്തി ദീക്ഷിക്കുന്നതും ചിലർ ദ്രവ്യം എല്ലാം ഉപേക്ഷിച്ചു നടക്കുന്നതും കല്പനയാലല്ല. പ്രാപ്തിക്കുതക്കവാറു തികഞ്ഞ ഗുണത്തെ ആഗ്രഹിപ്പതിനാൽ അത്രെ ഉണ്ടാകുന്നു. ഞങ്ങടെ ആഭിജാത്യം വെറുത്തു് ഒന്നായി പോകുന്നതു നിങ്ങടെക്കു് ആശ്ചര്യംതന്നെ; എങ്കിലും ഞങ്ങളിൽ മാനികളായവർ പാപത്തിൽ അടിമകളും ദേവമുഖേന ചണ്ഡാലരുമായി പിറന്നു എന്നു് അറിയുന്നു. അടിമകളായവർ കർത്താവിൽ സ്വതന്ത്രർ എന്നും ബോധിച്ചിരിക്കുന്നു. ഇപ്രകാരം ഗുണപ്പെട്ട അടിമകടെ പലപ്പോഴും ഭാവാന്തരത്താലെ യജമാനന്മാർക്കും വിസ്മയം വരുത്തിയതിനാൽ സ്വവിശേഷത്തെ അറിയിപ്പാൻ സംഗതിവന്നു. ഒരു നായകൻ ദാസന്റെ സകല ദുർന്നടപ്പുകളെ പൊറുത്തുകൊണ്ടശേഷം അവന്റെ ദുർഗ്ഗുണം പെട്ടെന്നു മാറി എന്നു കണ്ടാറെ അല്പം സന്തോഷിച്ചു. ക്രിസ്തീയ വിശ്വാസത്താലെ ഗുണവാനായി എന്നറിഞ്ഞ ഉടനെ ഇനി ഇവനെ കാണരുതു് എന്നുവെച്ചു മാറുമാടു കടത്തി. വിവാഹം എല്ലാവരിലും മാനം ഉള്ളതു്. വ്യഭിചാരിക്കു ഞങ്ങളുടെ ഇടയിൽ സ്ഥലം പോരാ; നിങ്ങളോടു കൊള്ളക്കൊടുക്ക ഇല്ലാത്തതു പകകൊണ്ടല്ല, രണ്ടുവഴി ചേരായ്കനിമിത്തമത്രെ എങ്കിലും നിങ്ങളുടെ കൂട്ടത്തിൽ ഭാര്യയൊ ഭർത്താവൊ ഇങ്ങുചേർന്നാൽ ഞങ്ങടെ വിവാഹത്തെ പിരിക്കുന്നില്ല. കെട്ടിയവനെ ക്രിസ്ത്യാനിയായി എന്നുവെച്ചു് അവളുടെ അപേക്ഷ വിചാരിയാതെ എത്ര ഭ്രഷ്ടാക്കന്മാർ ഭാര്യമാരെ തള്ളീട്ടുണ്ടു്. ഞങ്ങളുടെ ദൈവം എവിടെ എന്നാൽ; മനുഷ്യനെ കാട്ടുവിൻ ആത്മാവെ കാട്ടുവിൻ! പിന്നെ ദൈവത്തെ ഞങ്ങടെ കാട്ടിത്തരാം. ആത്മാവായതു് എല്ലാം അതിന്റെ വ്യാപാരങ്ങളെ വിചാരിച്ചത്രെ അറിയാം അല്ലൊ! ഞങ്ങടെക്കു ദേവാലയം ഇല്ലയൊ? ദേവാത്മാവുള്ള ഞങ്ങടെതന്നെ ദേവാലയം പ്രാർത്ഥനയ്ക്കു് ഏതുസ്ഥലവും നല്ലു; പ്രേരിതന്മാർക്കു തുറുങ്ങും കപ്പലുംമറ്റും പള്ളിയായതുപോലെ പ്രാർത്ഥനയ്ക്കു ഏതുകാലവും നല്ലു. എങ്കിലും ചിലർ യഹൂദർക്കുള്ളപ്രകാരം ഒമ്പതാം മണിക്കും ഉച്ചെയ്ക്കും മൂന്നുമണിക്കും പ്രത്യേകം പ്രാർത്ഥിപ്പാൻ ഓർക്കുന്നു. ഭക്ഷണം, സ്നാനം മുതലായ വേലകടെ എല്ലാം പ്രാർത്ഥനയോടെ തുടങ്ങുന്നു. അതിഥികളെ പ്രാർത്ഥനകൂടാതെ വിട്ടയക്കുന്നതും ഇല്ല. വായി മിണ്ടാതെ കണ്ടും നിത്യം ദൈവത്തോടു ഞങ്ങടെ സംസാരിക്കുന്നു. അവൻ കേൾക്കയും ചെയ്യുന്നു; ആകയാൽ ഞങ്ങടെ നിർദ്ദേവന്മാർ ആകുന്നതു് എങ്ങിനെ. ബിംബം ഞങ്ങടെക്കില്ല സത്യം. നിങ്ങടെതന്നെ യേശുവിന്നു പ്രതിമകളെ ഉണ്ടാക്കി, നിങ്ങളുടെ മഹാജനങ്ങളുടെ ശിലകളോടു ഒന്നിച്ചു നിർത്തുന്നു. ആകട്ടെ, അവനിൽ മാംസദൃഷ്ടിക്കു് ഒരു സൗന്ദര്യവും ഇല്ല എന്നും അവന്റെ ഉടൽകോലം യാതൊരു ചിത്രക്കാരനും എത്താത്തത എന്നും ഞങ്ങടെ അറിയുന്നു. ആത്മാവിന്റെ ലക്ഷണങ്ങളെ നിങ്ങടെ ബിംബങ്ങളെ ചമെച്ചു പ്രത്യക്ഷമാക്കുമോ? ഞങ്ങടെ ജ്ഞാനത്തു് എല്ലാം കാണാത്തതുതന്നെ സത്യം. എങ്കിലും വാച്ചവർ മോതിരങ്ങളിലും കിണ്ടികളിലും പിറാവു, മീൻ, കുഞ്ഞാടു, പൂവങ്കോഴി, ഇടയൻ, നങ്കൂരം, പടകു മുതലായ ആത്മലക്ഷ്യങ്ങളെ കൊത്തി ഉണ്ടാക്കയാൽ പാപം ഏതും ഇല്ല. ക്രൂശെ വന്ദിക്കുന്നതും ഇല്ല. എഴുത്തോലയിലും കിടക്കിലും പ്രവേശിക്കുമ്പോഴും പുറപ്പെടുമ്പോഴും ഞങ്ങടെ മിക്കവാറും ക്രൂശിൻ അടയാളം ആംഗികത്താൽ കാട്ടുന്നു; അതു വിശ്വാസത്തിന്റെ ഉറവും നിത്യം ഓർക്കേണ്ടതിനു സങ്കല്പിച്ചതത്രെ. കാലങ്ങളും എല്ലാം നമുക്കു് ഒരുപോലെതന്നെ, എങ്കിലും ഞായറാഴ്ചയിൽ പ്രത്യേകം കൂടിവരുന്നു; സന്തോഷദിവസമാകകൊണ്ടു് അന്നു നോൽക്കായ്കയും പ്രാർത്ഥനയിൽ മുട്ടുകുത്തായ്കയും നടപ്പായ്വന്നു. ബുധനാഴ്ചയിലും വെള്ളിയിലും പാതിനോമ്പെടുത്തു കർത്താവിൻ കഷ്ടങ്ങളെ ഓർക്കുന്നു. കിഴക്കെ സഭകടെ ചിലതും ശബത്തു് എന്ന ശനിയാഴ്ചയും വിശേഷിപ്പിക്കുന്നു. ഈവക കൊണ്ടു് ഒരു തക്കവും ഇല്ല, ഞങ്ങടെ കൂടിവരുമ്പോടം നിങ്ങടെ എത്രവട്ടം വീടു് അതിക്രമിച്ചു കടന്നു, അന്വേഷണം കഴിച്ചിരിക്കുന്നു. എപ്പോടം

എങ്കിലും കഴുതയുടെ തലയും ദുഷ്കൃതങ്ങളുടെ ലക്ഷണങ്ങളെയും കണ്ടുവോ? ജ്ഞാതാക്കളും എന്ന വകക്കാരിൽ വല്ല ദോഷങ്ങളും നടക്കുന്ന എങ്കിൽ, അവർ ഞങ്ങളുടെ മതക്കാരല്ല എന്നു ഞങ്ങളും നിത്യം ഉറച്ചു പറയുന്നവല്ലൊ! അവരെ നിങ്ങളും ഹിംസിക്കുന്നതുമില്ല. കള്ളന്മാർ ഞങ്ങളിൽ കൂടിച്ചേർന്നാൽ ഞങ്ങളും പൊറുക്കണം; പരീക്ഷകാലത്തു് അവർ വേർപിരിയുമല്ലൊ! ഞങ്ങളും കൂടിവരുമ്പോൾ വേദം വായിക്കും. ചില ദിക്കിൽ രോമാദിഭോഷകളിൽ തിരിച്ചു വ്യാഖ്യാനിക്കും. മുപ്പുരുമറ്റും എഴുനേറ്റു, ഈ വായിച്ചപ്രകാരം നടക്കേണ്ടതിനു സംബോധിപ്പിക്കും; ദേവസ്തുതിയും പാട്ടും അതിൽ ദോഷം ഉണ്ടോ? നിങ്ങളുംതന്നെ സത്യാസത്യങ്ങളെ തിരിച്ചറിവാൻ വേദം വായിച്ചു ശോധനചെയ്വിൻ. ഞങ്ങളും അതു മറെച്ചുവെക്കുന്നില്ലല്ലോ. ഞങ്ങളിൽ വേദം വായിക്കാത്തവൻ വിശ്വാസപ്രമാണത്തെ എങ്കിലും അറിയുന്നു. അതിനെയും നിങ്ങളുംകൂ ചൊല്ലിത്തരാം. സ്നാനത്തിനു വരുന്നവർ വെവ്വേറെ ചോദ്യങ്ങളുംകൂത്തരം പറഞ്ഞു അദ്ധ്യക്ഷനു കൈകൊടുത്തു പിശാചിനെ അവന്റെ ദൂതരോടും രാജ്യത്തോടും ഉപേക്ഷിക്കുന്നപ്രകാരം സത്യം ചെയ്യുന്നു. പിതാ, പുത്രൻ, പരിശുദ്ധാത്മാവിന്റെ നാമത്തിൽ, അവരെ ചിലേടത്തു മുന്നുകുറി മുക്കുന്നു. വരുന്നവനു ജാമ്യം പറയുന്ന സാക്ഷികളും ഉണ്ടു്. സ്നാനം ചെയ്തശേഷം പരിശുദ്ധാത്മാവെ നിമന്ത്രിച്ചു കൈകളെ തലമേൽവച്ചു പ്രാർത്ഥിക്കുന്നു; തൈലാഭിഷേകവും ക്രൂശിന്റെ അടയാളവും ചില ദിക്കിൽ ഉണ്ടു്. ആഫ്രിക്ക സഭകളിൽ പുതിയ യറുശലേമിൻ അവകാശത്തെ കുറിക്കേണ്ടതിനു സ്നാതനെ തേനും പാലും ആസ്വദിപ്പിക്കും. ശിശുക്കളെ സ്നാനം കഴിക്കുന്നതു സ്ഥിരമര്യാദയായു് വന്നില്ല. സമാധാനചുംബനം സഭാപ്രവേശനത്തിനു കുറി. പ്രവേശിച്ചശേഷം ഞങ്ങളുംകൂ പക്ഷപാതം അല്ല, സ്നേഹമേ ഉള്ളു. പാപം ചെയ്യുന്നവരെ ഏവരായാലും ശാസിക്കുന്നു. പാപത്തോടു വേർപിടാത്തവരെ നീക്കുന്നു. സ്നേഹവിരുന്നുകളെ പ്രാർത്ഥനയോടു തുടങ്ങും. ധനവാന്മാർ ഭോജ്യങ്ങളെ വെക്കുന്നു; ദരിദ്രന്മാർ ഒരുമിച്ചു ക്ഷേമിക്കുന്നു; ഭക്തിക്കും ഇന്ദ്രിയജയത്തിനും കുറവുവരാതെ കണ്ടു ദേവസംമുഖത്തു് എന്നവെച്ചു തൃപ്തിവരുത്തി സംതോഷിക്കുന്നു. കൈകളെ കഴുകി, വിളക്കു വെച്ചശേഷം ഓരോരുത്തനു് ആത്മാവിനാലും വേദപരിചയത്താലും പ്രാപ്തിവന്നപ്രകാരം ദേവസ്തുതി പാട്ടും. പ്രാർത്ഥനയാലെ അവസാനം കർത്താവിന്റെ അത്താഴം അല്പം അപ്പവും വെള്ളം കലർന്ന വീഞ്ഞും അത്രെ. ഇഷ്ടം ഉള്ളവർ ആ വക കൊണ്ടുവന്ന ദൈവത്തിനും സ്തുതിബലിയായി അർപ്പിച്ചപ്പോൾ അന്ന വേണ്ടുന്നതിനെ എടുക്കുന്നു. ശേഷിപ്പു മുപ്പന്മാർക്കു ഉപജീവനത്തിനുണ്ടു്. അതുകൂടാതെ വിശ്വാസികളും അവർക്കു മാസംതോറും ഓരോരുത്തന്റെ പ്രാപ്തിപോലെ കൊടുക്കും. ആ സാധനങ്ങളെ അദ്ധ്യക്ഷന്റെ മുമ്പിൽ വെക്കുമ്പോൾ അവൻ വിശ്വപിതാവിനു പുത്രന്റെയും സദാത്മാവിന്റെയും നാമത്തിൽ ഈ കരുണസ്തുതി സ്തോത്രം പറയും. ജനങ്ങളും ആമെൻ എന്നു ചേർന്നുപറയും. ശുശ്രൂഷക്കാർ ആയതു് എല്ലാവർക്കും വിഭാഗിച്ചും ദീനക്കാർക്കും, തടവുകാർക്കും, കൊണ്ടുപോയി കൊടുക്കും. ആഫ്രിക്കക്കാർ ആ അപ്പത്തിൽ ചിലതു എടുത്തുവെച്ചു ദിവസേന രാവിലെ ഓരോ കഷണം തിന്നു; അന്നന്നു ദിവ്യസംസർഗ്ഗം പുതുക്കും. ബന്ധുജനങ്ങളും മറ്റും മരിച്ചുപോയാൽ ഞങ്ങളും പ്രതീക്ഷയില്ലാത്തവരെപോലെ വിലപിക്കുന്നില്ല. മരണദിനം ഓർത്തു, വർഷംതോറും അവരുടെ ആത്മാക്കൾക്കായിട്ടു പ്രാർത്ഥിച്ചു; അവരോടു സംബന്ധം അറ്റുപോകാതവണ്ണം നിശ്ചയിച്ചു. രാത്രിഭോജനം കൊണ്ടാടും. പരത്തിലും ഇഹത്തിലും സക്കോർ എല്ലാവരും ഒരു ശരീരമത്രെ. പ്രത്യേകം ക്രിസ്തനുവേണ്ടി മരിച്ചവരുടെ ദിവസങ്ങളെ പിറപ്പുനാൾ എന്നുവെച്ചു, ഞങ്ങളും അതാതു സഭകളിൽ കാലത്താലെ ആചരിക്കുന്നു. അന്നു് അവരുടെ അസ്ഥികളെ അർപ്പിച്ച കഴികളുടെമേൽ കൂടിവന്നു, അവരുടെ സാക്ഷ്യവും കഷ്ടങ്ങളും ഓർത്തു, കർത്തൃഭോജനം

കൈക്കൊണ്ടേ, അവരോട് ഒന്നിച്ചു ജീവിച്ചെഴുന്നേല്ക്കുണ്ടതിനു പ്രാർത്ഥിക്കുന്നു. എങ്കിലും ഒരുത്തനെ മാത്രം ഞങ്ങൾ വന്ദിക്കുന്നു; മരിച്ചുയിർത്ത ദേവപുത്രനെ തന്നെ. സാക്ഷികളെ ഞങ്ങൾ സ്നേഹിച്ചു, കൂട്ടുശിഷ്യർ ആവാൻ ഇച്ഛിക്കുന്നു. ഇതിൽ ഒക്കെയും എന്തു് ഒരു ദോഷം കാണുന്നു? വേണം എങ്കിൽ ഞങ്ങളെ ഹിംസിപ്പിൻ, കൊല്ലുവിൻ, ഭസ്മമാക്കുവിൻ! കൈസർ വാഴ്ക ഓങ്ങിയാൽ ഞങ്ങൾക്കു കോപവും സംശയവും കൂടാത്ത പ്രാർത്ഥന ഒഴികെ ഒരു പലിശയും ഇല്ല, പ്രതിക്രിയയും ഇല്ല. കൊല്ലുവാൻ അല്ല, മരിപ്പാൻ മാത്രം കല്പന ഉണ്ടാകകൊണ്ടേ, ഞങ്ങൾ എവിടെയും നിറഞ്ഞുവന്നിട്ടും, ഒരുനാളും, വാൾ ഊരുകയില്ല എങ്കിലും ഞങ്ങൾ ജീവിച്ചെഴുന്നേല്ക്കും, ഭൂമിയിൽ വർദ്ധിക്കയും ചെയ്യും. ദിവ്യവാശ്രയങ്ങൾ ഒത്തുവരുമ്പോൾ, സാക്ഷികളുടെ രക്തം സഭയുടെ ബീജമത്രെ.''

ക്രിസ്തസഭാചരിത്രം പുറം 39—46.

അന്തോണിനസ് പയസ്സിന്റെ കാലത്തു ക്രിസ്ത്യാനികളുടെ ശത്രുക്കൾ അവരെ ഒരു പുതിയ രീതിയിൽ ആക്രമിച്ചു. അഡ്രിയാന്റെ നിയമം കൊണ്ടു്, എന്തെങ്കിലും ഒരു കുറ്റം തെളിയിക്കാതെ ക്രിസ്ത്യാനികളെ പീഡിപ്പിച്ചുകൂടായിരുന്നു. ഇതു വ്യക്തിപരമായി ചുമത്തുവാൻ അസാദ്ധ്യമെന്നു കണ്ടു് മാഗ്ഗത്തിനു പൊതുവെ ചുമത്തി. ക്രിസ്ത്യാനികൾ നാസ്തികന്മാരാണെന്നു സ്ഥാപിച്ചു ഹിംസ നടത്തി. ജസ്റ്റിൻമാർട്ടർ ചക്രവർത്തിക്കു കൊടുത്ത പ്രതിവാദംകൊണ്ടു് ഇതിനു സമാധാനം ഉണ്ടായി. ചക്രവർത്തി അഡ്രിയാന്റെ നിയമം അനുസരിച്ചു ക്രിസ്ത്യാനികളോടു് ഇടപെടേണ്ടതാണെന്നു തീരുമാനിച്ചു. കുറെ കഴിഞ്ഞപ്പോൾ ഏഷ്യമൈനറിൽ പലയിടത്തു് ഭൂകമ്പം ഉണ്ടായി. ഇതു ക്രിസ്ത്യാനികളുടെ നിമിത്തമെന്നു പറഞ്ഞുകൊണ്ടു് ജനങ്ങൾ അവരുടെനേരെ വലിയ അതിക്രമങ്ങൾ പ്രവർത്തിപ്പാൻ തുടങ്ങി. ഈ വിവരം ചക്രവർത്തിയെ അറിയിച്ചപ്പോൾ തെളിയിപ്പാൻ കഴിയാത്ത കുറ്റം ക്രിസ്ത്യാനികളുടെ മേൽ ചുമത്തുന്നവനു മരണശിക്ഷ കൊടുക്കേണ്ടതാണെന്നു കാണിച്ചു് ഏഷ്യയിലെ ആലോചനാസഭയ്ക്കു ചക്രവർത്തി കല്പന കൊടുത്തു.

പിന്നീടു വാണ ചക്രവർത്തി തത്വജ്ഞാനിയായ മാക്സ് അന്തോണീനസ് ആണു്. ഇദ്ദേഹം താത്വികന്മാർക്കും ക്രിസ്ത്യാനികളുടെ ശത്രുക്കൾക്കും ചെവികൊടുത്തു വലിയ മർദ്ദനം നടത്തി. നീറോയുടെ കാലം കഴിഞ്ഞു ക്രിസ്ത്യാനികളെ ഇത്രയധികം പീഡിപ്പിച്ച ഒരു ചക്രവർത്തിയുണ്ടായിരുന്നില്ല. മാത്രമല്ല, ക്രിസ്ത്യാനികളിൽനിന്നു് ഇതിലധികം പ്രതിവാദങ്ങൾ ലഭിച്ച മറ്റൊരു ചക്രവർത്തിയും ഉണ്ടായിട്ടില്ല. ഈ പ്രതിവാദങ്ങളിൽ ജസ്റ്റിൻ മാർട്ടർ, അതേനഗോറസ്, റോഷ്യൻ, ഇവരുടെ പ്രതിവാദങ്ങൾ ഇപ്പോഴും ഉണ്ടു്. ഇദ്ദേഹത്തിന്റെ കാലത്താണു് സ്മൻയുടെ ബിഷപ്പായ പോളിക്കാർപ്പും രക്തസാക്ഷിക്കാരനായ ജസ്റ്റിനും കൊല്ലപ്പെട്ടതു്. ഫ്രാൻസിലുള്ള ലയൻസ്, വിയന്നെ, എന്നീ സ്ഥലങ്ങളിലുള്ള സഭകളും ഇദ്ദേഹത്തിന്റെ പീഡകൊണ്ടു് മിക്കവാറും നശിച്ചുപോയി. ഈ നൂറാണ്ടിന്റെ അവസാനഭാഗത്തു് സെവറസ് സിംഹാസനം കയറിയപ്പോൾ ആഫ്രിക്കാ ഈജിപ്ത് മുതലായ പ്രദേശങ്ങളിൽ വളരെ ക്രൈസ്തവരക്തം ചിന്തുകയുണ്ടായി. തെർത്തുല്യനും, അലക്സാന്ത്രിയാ ക്ലെമന്റും, ഇതിനെപ്പറ്റി വിവരമായി രേഖപ്പെടുത്തിയിട്ടുണ്ടു്. ക്രിസ്ത്യാനികളുടെ ഈ മഹാവിപത്തിലാണു് തെർത്തുല്യൻ തന്റെ പ്രതിവാദവും മറ്റു കൃതികളും എഴുതിയതു്. സെൽസസ് എന്ന തത്വജ്ഞാനി ക്രിസ്ത്യാനികൾക്കു് വിരോധമായി ഒരു പ്രബന്ധം രചിച്ചതു് ഈ നൂറാണ്ടിലാണു്. ഈ സെൽസസ് ഒരു എപ്പിക്കൂര്യനാണെന്നു തോന്നുന്നു. ഓറിജൻ ഇയാളുടെ കൃതിക്കു് പ്രത്യാഖ്യാനം എഴുതീട്ടുണ്ടു്.

അദ്ധ്യായം മൂന്നു്

സാഹിത്യവും തത്വശാസ്ത്രവും

ട്രാജന്റെ കാലത്തും സാഹിത്യം, ദർശനശാസ്ത്രം എന്നിവയ്ക്കു മുൻപുണ്ടായിരുന്ന അഭിവൃദ്ധി വീണ്ടും ഉണ്ടായിത്തുടങ്ങി. എങ്കിലും അനന്തരഗാമികളായ എമ്പ്രദോരന്മാരുടെ കാലത്തു് ആ സ്ഥിതി വളരെ വ്യത്യാസപ്പെട്ടു. റോമാചക്രവർത്തികളിൽവച്ചു് അതിവിദ്വാനായിരുന്ന മാക്സസ് അന്തോണിനസ്, സ്റ്റോയിക്സു എന്ന തത്വചികന്മാരോടു പക്ഷം പ്രദർശിപ്പിക്കയും മറ്റു ശാസ്ത്രങ്ങളേയും കലകളെയും സ്റ്റോയിക്കരെപ്പോലെ നിന്ദിക്കയും ചെയ്തു. ഇതിനാൽ റോമരുടെ ഇടയിൽ കഴിഞ്ഞ ശതാബ്ദത്തെക്കാളും സാഹിത്യാദികളുടെ പൊതുവേയുള്ള സ്ഥിതി വളരെ താണുപോയി എന്നു പറയേണ്ടിയിരിക്കുന്നു. എങ്കിലും ഗ്രേക്കരുടെയും റോമരുടെയും ഇടയിൽ വലിയ വിദ്വന്മാർ ഉണ്ടായിരുന്നു. ഗ്രേക്കരുടെ ഇടയിൽ പ്ലൂട്ടാർക്കു് അത്രെ വിശ്രുതൻ. റോമയിലും ബെറീറസിലും (ഫിനീഷ്യയിൽ) ഉണ്ടായിരുന്ന കലാശാലകളിൽ റോമയിലേതു് അഡ്രിയാൻകൈസർ അത്രെ സ്ഥാപിച്ചതു്.

ഈ ശതകത്തിൽ ജീവിച്ചിരുന്ന രണ്ടു സ്റ്റോയിക് ജ്ഞാനികളും ചക്രവർത്തിയായ മാക്സസ് അന്തോണിനസ്സും വേറൊന്നു് എപ്പിക്തേറസ്സും ആണു്. ഈ തത്വജ്ഞാനികളുടെ പുറമേ ഈ ശതകാന്ത്യത്തിൽ ഒരു പുതിയ താത്വികസംഘം റോമാസാമ്രാജ്യമെങ്ങും പരന്നു. ഇവരിൽനിന്നു് ക്രിസ്തുമാർഗ്ഗത്തിനു് വളരെ ദോഷം സംഭവിച്ചു. ഈജിപ്തു്, വിശേഷിച്ചു് അലക്സന്ത്രിയാ ആയിരുന്ന ഇതിന്റെ ഉൽപ്പത്തിസ്ഥാനം. ഇവർ പ്ളാത്തോനിയർ (Platonics) എന്നു തങ്ങളെ മറ്റുള്ളവർ വിളിക്കുന്നതിൽ ഇഷ്ടമുള്ളവരായിരുന്നു. പ്ലേറോയുടെ തത്വജ്ഞാനം മാത്രമല്ലാ അക്കാലത്തു് ലഭിക്കാവുന്ന ഇതരശാസ്ത്രങ്ങളിൽനിന്നു കൂടി അവർ തത്വസമ്പാദനം ചെയ്തു. എങ്കിലും പ്ലേറോയുടെ ദർശനം തന്നെയായിരുന്നു അവരുടെ അടിസ്ഥാനപ്രമാണം.

ഈ ദാർശനികന്മാരുടെ വേറൊരു ശാഖയായിരുന്നു എക്ളാക്റിക്സ് എന്നു പേരുള്ള വേറൊരു സംഘം. ദൈവം, മനുഷ്യാത്മാവു്, പ്രപഞ്ചം ഇവയെപ്പറ്റിയുള്ള പ്ളത്തോനിക സിദ്ധാന്തങ്ങളെത്രെ ഇവർ അംഗീകരിച്ചിരുന്നതു്. അലക്സന്ത്രിയായിലെ ക്രിസ്ത്യൻ പാഠശാലയുടെ അദ്ധ്യക്ഷം വഹിച്ചിരുന്ന അതേനഗോറസു്, പന്തീനസു്, അലക്സന്ത്രിയായിലെ ക്ലെമന്റ് എന്നിവർ സഭയുടെ പ്രസ്ബിറർമാരായിരുന്നിട്ടും തത്വജ്ഞാനികളും സാധാരണ ധരിക്കാറുള്ള കപ്പായം ധരിക്കുന്നതിൽ നിർബന്ധികളായിരുന്നു. സത്യങ്ങളെല്ലാം തത്വജ്ഞാനത്തിന്റെ പല ശാഖകളിലായി ചിതറിക്കിടക്കുന്നു എന്നും ഒരു ക്രിസ്തീയോപദേഷ്ടാവു് അവയെ ശേഖരിച്ചു് മതത്തെ ദാർഢ്യപ്പെടുത്തണമെന്നും അവർ അഭിപ്രായപ്പെട്ടു. ക്രൈസ്തവരുടെ ഇടയിൽ തത്വജ്ഞാനത്തോടു് താല്പര്യമില്ലാതിരുന്നവരും ലളിത (Simple) മായ പുരാതനവിശ്വാസത്തെ പാലിച്ചുവരുന്നവരുമായ ആളുകളും ആക്കാലത്തുതന്നെ ഈ പുതിയ പദ്ധതിയെ എതിർക്കയുണ്ടായെങ്കിലും നിർഭാഗ്യവശാൽ താത്വികന്മാർക്കാണു് സഭയിൽ വിജയം ലഭിച്ചതു്.

പിന്നീടു് ഈ ദർശനത്തെത്തന്നെ ഏതാനും ഭേദഗതികളോടുകൂടി സ്വീകരിച്ചു് ഒരു നവപ്ളാത്തോന്യമതം അലക്സന്ത്രിയായിൽ സ്ഥാപി

ക്കയുണ്ടായി. ഇതിന്റെ പ്രണേതാവു് അമ്മോണിയസ്—സാക്കാസ് (Ammonius—Saccas) എന്ന ആളായിരുന്നു. ആദ്യം ഈ ആൾ ഒരു ക്രൈസ്തവനായി അറിയപ്പെട്ടിരുന്നെങ്കിലും എല്ലാ മതങ്ങളെയും യോജിപ്പിക്കണമെന്ന ആന്തരത്തോടുകൂടി അന്ത്യംവരെ ഒരു വേഷധാരിയായി മാത്രം ഇരുന്നു എന്നാണു് വിചാരിക്കേണ്ടതു്. എല്ലാ വകുപ്പുകളും പ്രതിപാദനരീതിയിലും നിസ്സാരമായ അഭിപ്രായങ്ങളിലും ഭേദപ്പെട്ടിരിക്കുന്നു എങ്കിലും സത്യത്തിന്റെ ഒരേ പരിപാടിയെത്തന്നെയാണു് അംഗീകരിച്ചിരിക്കുന്നതു് എന്നായിരുന്നു അമ്മോണിയസിന്റെ അഭിപ്രായം. ഓറിജൻ മുതലായ ചില ക്രൈസ്തവ പണ്ഡിതന്മാർ ഈ ജ്ഞാനപദ്ധതിയെ സ്വീകരിച്ചിരുന്നതാണു് ക്രിസ്തുമതോപദേശങ്ങൾക്കും നടപടികൾക്കും ആപൽക്കരമായി ഭവിച്ചതു്.

അദ്ധ്യായം നാല്

ഉപദേഷ്ടാക്കന്മാരും സഭാഭരണവും

ക്രൈസ്തവസഭയിലെ ആദ്യരേണരീതി ദ്വിതീയശതാബ്ദം ആരംഭിച്ച് അല്പകാലം കഴിഞ്ഞതിനോടുകൂടി ഭേദപ്പെടുകയും തൽഫലമായി അപ്പൊസ്തലകാലത്തെ ബിഷപ്പിൽനിന്നു വ്യതിരിക്തനായ ഒരു ബിഷപ്പ്—പല സഭകളെ ഭരിക്കുന്ന ഒരു ബിഷപ്പ്—ഉല്പാദിക്കയും ചെയ്തു. കാലം ചെന്നപ്പോഴം പ്രസ്ബിറ്റർന്മാരുടെ മേലുള്ള ഈ അദ്ധ്യക്ഷസ്ഥാനം നാനാഭാഗത്തും വ്യാപിച്ചു. ഇതിനാൽ ഓരോ സഭയ്ക്കും മീതെ അനേക അദ്ധ്യക്ഷന്മാർ എന്നതു ഭേദപ്പെട്ട (ഫിലി. 1: 1.) ഒരു പ്രസിഡണ്ട് അഥവാ ഒരു ബിഷപ്പ് മാത്രം ആദ്ധ്യക്ഷം വഹിച്ചു. അദ്ദേഹം സഭാംഗങ്ങളായ പൊതുജനങ്ങളുടെ സമ്മതത്താൽ തെരിഞ്ഞെടുക്കപ്പെട്ടവനായിരുന്നു. ഒരു കൗൺസിലായി കൂടിയവരും ഇത്രയെന്നു സംഖ്യ ക്രിപ്പപ്പെടുത്തീട്ടില്ലാത്തവരുമായ പ്രസ്ബിറ്റർന്മാർ ചേർന്നുള്ള ആലോചനാസഭയോടുകൂടി ഇദ്ദേഹം മതകാര്യങ്ങളും അന്വേഷിച്ചുവന്നു. ഓരോ പ്രസ്ബിറ്റർക്കും ബിഷപ്പ് ഓരോ സ്റ്റേഷൻ വേർതിരിച്ചു കൊടുത്തു. ബിഷപ്പിന്റെയും പ്രസ്ബിറ്റർന്മാരുടെയും അധീനതയിൽ ഭൃത്യന്മാർ, അഥവാ ഡീക്കന്മാർ ഉണ്ടായിരുന്നു. പൊതുവെ ആവശ്യപ്പെട്ട കാര്യാദികളും വഹിച്ചു നടത്തുന്നതിനുള്ള സൗകര്യത്തിനുവേണ്ടി ഈ ഡീക്കന്മാർ പല ഭാഗങ്ങളായി വിഭജിക്കപ്പെട്ടിരുന്നു.

ഈ നൂറാണ്ടിന്റെ സിംഹഭാഗവും, ആദ്യശതകത്തിൽ എന്നപോലെ, എല്ലാ സഭകളും വേറൊന്നിന്മേൽ അധികാരം ചെലുത്താതെയും ഒരു സ്ഥലം സഭ വേറൊരു സ്ഥലംസഭയ്ക്ക് അധീനമാണെന്നു വിചാരിക്കത്തക്കവിധം പരതന്ത്രമാകാതെയും നിന്നിരുന്നു. എന്നുമാത്രമല്ല, അനേകസഭകളെ കൂട്ടിക്കെട്ടി ഒന്നാക്കി വിഭജിക്കുന്ന സമ്പ്രദായവും അന്നില്ലായിരുന്നു. ഓരോ സഭയും, ഓരോ ചെറിയ സംസ്ഥാനമായിരിക്കയും ജനങ്ങളാൽ ഏർപ്പെടുത്തപ്പെട്ടതോ കുറഞ്ഞപക്ഷം സമ്മതിക്കപ്പെട്ടതോ ആയ അതിന്റെ സ്വന്ത പ്രമാണങ്ങളാൽ അതു ഭരിക്കപ്പെടുകയും ചെയ്തു. എന്നാൽ ക്രമേണ, ഒരു പ്രവിശ്യയിലുള്ള എല്ലാ ക്രിസ്തീയ സഭകളും ഏകീകരിക്കപ്പെടുകയും ഒരു മഹാസംഘമോ പൊതുഘടനയോ ആയി രൂപീകരിക്കപ്പെടുകയും ചെയ്തു. ഈ സംഘം നിശ്ചിതഘട്ടത്തിൽ ഒന്നിച്ചുകൂടി പൊതുഗുണത്തിന്നാവശ്യമുള്ള കാര്യങ്ങളും ആലോചിക്കപതിവായി. ഗ്രേക്കരുടെ ഇടയിലാണ് ഈ രീതി ആരംഭിച്ചതു്. അനേക പട്ടണങ്ങളിലുള്ള പൊതു സംഘങ്ങളിൽ നിന്നു പ്രതിനിധികളും കൂടിവന്ന കാര്യാലോചന നടത്തുന്ന പതിവു വളരെ മുമ്പുതന്നെ അവിടെ നടപ്പിലായി. കാലം ചെന്നപ്പോൾ, ഇതു് ഉപയോഗകരമെന്നു കണ്ടതിനാൽ, എല്ലാ ക്രിസ്തീയ സഭകളും ഈ സമ്പ്രദായം അനുകരിച്ചുതുടങ്ങി. ഇങ്ങനെ കൂടിവരുന്ന സംഘങ്ങളെ ഗ്രേക്കർ, 'സുന്നഹദോസു' കളെന്നും ലത്തീൻകാർ, 'കൗൺസി'ലുകളെന്നും വിളിച്ചു. ഇവയിൽ നിബന്ധിക്കുന്ന വ്യവസ്ഥകൾക്കു കാനോൻ എന്നു പേരായി. ഈ സമ്മേളനങ്ങളും ദ്വിതീയശതകത്തിന്റെ മദ്ധ്യത്തോടു സമീപിക്കുന്നതുവരെയ്ക്കും മിക്കവാറും സഭയുടെ മുഴുരൂപത്തെ വ്യത്യാസപ്പെടുത്തിയതായി തോന്നുകയില്ല. കാരണം ആദ്യമായി ജനങ്ങൾക്കു മുൻപുണ്ടായിരുന്ന അവകാശങ്ങളും

പദവികളും ജനങ്ങൾതന്നെ വളരെ കുറച്ചുകളയും* തന്മൂലം ബിഷപ്പന്മാരുടെ അധികാരവും പ്രതാപവും അല്പമല്ലാതെ വർദ്ധിക്കയും ചെയ്തു. തങ്ങൾ സഭയുടെ പ്രതിപുരുഷന്മാരാണെന്നും സഭാംഗങ്ങളുടെ നിർദ്ദേശമനുസരിച്ചാണു് തങ്ങൾ വഴിനടത്തപ്പെടുന്നതെന്നുമുള്ള വാസ്തവത്തെ ആദ്യം ഈ കൂട്ടർ നിഷേധിച്ചില്ല. എന്നാൽ സഭാംഗങ്ങൾക്കുവേണ്ടി വിശ്വാസവും നടപടിയും സംബന്ധിച്ച നിയമങ്ങൾ പാസ്സാക്കുന്നതിനു ക്രിസ്തുവിൽനിന്നു നേരിട്ടു തങ്ങൾക്കു് അധികാരം ലഭിച്ചിട്ടുണ്ടെന്നു വാദിക്കയും വളരെ നടിക്കയും ചെയ്തുതുടങ്ങി. ആദ്യകാലങ്ങളിലുണ്ടായിരുന്ന സകല ബിഷപ്പന്മാരുടേയും സമപദവി നശിപ്പിക്കുകയാണു് കൗൺസിലുകൾ ചെയ്തതു്. ഇങ്ങനെ വരുമ്പോൾ ഈമാതിരി പൊതുസമ്മേളനങ്ങളിൽ സ്വല്പം ദേഹപ്പെട്ടുമാതിരിയിലുള്ള അധികാരവും ശക്തിയും ഒരു ബിഷപ്പിൽ നിക്ഷേപിക്കേണ്ടതു് ആവശ്യമായിവന്നു. ഇങ്ങനെയാണു മെത്രാപ്പോലീത്തമാർ ഉണ്ടായതു്. അനേക രാജ്യങ്ങളിൽനിന്നു വന്നുചേരുന്ന മെത്രാപ്പോലീത്തന്മാരുടെ സമ്മേളനത്തിൽ അദ്ധ്യക്ഷനം വഹിപ്പാൻ പാത്രിയക്കീസന്മാരും ഒടുവിൽ റോമാ ബിഷപ്പാകുന്ന, പാത്രിയക്കന്മാരുടെ തലവനും ഉണ്ടായി. ദീർഘകാലംകൊണ്ടുണ്ടായ മേല്പട്ടഭരണത്തിന്റെ വികാസം ഏതാണ്ടു് ഈ വിധമായിരുന്നു.

അന്ത്രിയാന്റെ വാഴ്ച കഴിഞ്ഞു് അധികകാലമാകുന്നതിനു മുൻപു്, യരുശലേമിന്റെ രണ്ടാം വിനാശത്തോടുകൂടി—യഹൂദ സമുദായത്തിന്റെയും സഭയുടെയും പുനഃസ്ഥാപനത്തെക്കുറിച്ചുള്ള പ്രത്യാശ മുഴുവൻ നശിച്ചതോടുകൂടി—ക്രിസ്തീയ മേൽപട്ടക്കാർ യഹൂദ മഹാപുരോഹിതസ്ഥാനത്തിനു സമമായ ഒരു സ്ഥാനം തങ്ങൾക്കുണ്ടെന്നു സങ്കല്പിച്ചുതുടങ്ങി. പ്രസ്ബിറ്റർമാർ പുരോഹിതന്മാരുടെ സ്ഥാനത്തും ഡീക്കന്മാർ ലേവ്യരുടെ സ്ഥാനത്തുമാണെന്നു വിശ്വസിക്കപ്പെട്ടു. ആദ്യമായി ഈ സാമ്യം സങ്കല്പിച്ചതിനു കാരണം, മനഃപൂർവ്വത്തെക്കാൾ അധികം അജ്ഞതയായിരിക്കണം. ഏതായിരുന്നാലും ഈ നാട്യം തദ്ഭിന്നമായ മറനേകം പിശകുകളോടുകൂടി സഭയിൽ സ്ഥലം പിടിച്ചുകഴിഞ്ഞയുടൻ ഉപദേഷ്ടാക്കന്മാർക്കും സമാന്യജനങ്ങൾക്കും തമ്മിൽ അതിവിശാലമായ ഒരു അന്തരം വന്നുകൂടി.

യഹൂദ പൗരോഹിത്യമാണു തങ്ങൾക്കുള്ളതെന്നു ക്രിസ്തീയോപദേഷ്ടാക്കന്മാർ ഭാവിച്ചതോടുകൂടി ദശാംശവും ആദ്യഫലങ്ങളും അവർ ജനങ്ങളോടു് ആവശ്യപ്പെട്ടുതുടങ്ങി. കൗസ്തന്തീനോസിന്റെ കാലത്തിനു മുൻപുതന്നെ ഈ നിർബന്ധം തുടങ്ങിപ്പോയി എന്നുള്ളതിനു തെളിവുണ്ടു്. യഹൂദ ന്യായപ്രമാണമെടുത്തു് ഈ വരവുകൾ വർദ്ധിപ്പിക്കാൻ ബിഷപ്പന്മാർ ശ്രമിച്ചതായി ഐറേനിയസ്സിന്റെ എഴുത്തുകളിൽനിന്നു കാണുന്നു. Contra Hoeres I, IV. C. 17, 34. ലത്തീൻ സഭയിൽ കുറേക്കാലം കഴിഞ്ഞാണു ദശാംശം ആവശ്യപ്പെട്ടുതുടങ്ങിയതു്. ഐറീനിയസിന്റെ പ്രസ്താവനയിൽനിന്നു് ഇതും വെളിപ്പെടുന്നു.

ഈ ശതവർഷത്തിൽ ക്രിസ്തീയോപദേഷ്ടാക്കന്മാരുടെ ഇടയിൽ സുവിശ്രുതനായിത്തീർന്നിട്ടുള്ള ഒരുപദേഷ്ടാവത്രെ ജസ്റ്റിൻ മാർട്ടർ. രണ്ടാം നൂറ്റാണ്ടിലെ ക്രിസ്തീയ എഴുത്തുകാരിലും പ്രാധാന്യം ജസ്റ്റിൻ മാർട്ടറിനാണു്. അദ്ദേഹം പുരാതന നഗരിയായ ശേഖേമിൽ ജാതനായി. അദ്ദേഹത്തിന്റെ പിതാവു റോമനായിരുന്നു. വളരെ ചെറുപ്പത്തിലെ ജസ്റ്റിൻ തത്വജ്ഞാനം

---

* സഭയുടെ മേൽനോട്ടക്കാരെക്കാൾ ആത്മിക നിലയിൽ ക്ഷീണിക്കയും സഹകാര്യാനേഷണവൈഭവം കുറയുകയും ചെയ്യുന്നതു സാധാരണ ജനങ്ങൾക്കാണല്ലൊ. ഈ കാരണത്താലാണു് അതായതു ശ്രമവൈമുഖ്യം കൊണ്ടാണു തങ്ങളുടെ പദവികളെ ജനങ്ങൾ നഷ്ടപ്പെടുത്തിയതു്.

അഭ്യസിച്ചു തുടങ്ങി. സ്റ്റോയിക്കു് തത്വജ്ഞാനമാണു് അധികം പഠിച്ചതു്. ദൈവജ്ഞാനത്തിനുള്ള വാഞ്ഛയോടുകൂടി വളരെ ശ്രമിച്ചെങ്കിലും ഉദ്ദിഷ്ടസിദ്ധി ഉണ്ടാകായ്കയാൽ അറിസ്റ്റോട്ടലിന്റെ ശിഷ്യഗണത്തിൽ ചേർന്നു. അവിടെയും നിരാശനായി പിന്തിരിഞ്ഞു. ഗാസ്സിന്റെ തത്വജ്ഞാനം പഠിക്കാനായി ഒരു താത്വികന്റെ അടുക്കൽ ചെന്നു സമയത്തു നിങ്ങൾക്കു സംഗീതം, ഖഗോളശാസ്ത്രം, ക്ഷേത്രഗണിതം, ഇവയിൽ പരിചയമുണ്ടോ? എന്നു ചോദിച്ചു. ഇല്ല എന്നു മറുപടി കൊടുത്തപ്പോൾ സൗഭാഗ്യജീവിതത്തിനു സഹായികളുന്നവയും ഇന്ദ്രിയവിഷയങ്ങളിൽനിന്നു മനസ്സിനെ നിവർത്തിപ്പിക്കുന്നവയും ആയ വിദ്യകളും ആദ്യം പരിചയിച്ചശേഷം വരണമെന്നു പറഞ്ഞു മടക്കി അയച്ചുകളഞ്ഞു. പിന്നീടു് അദ്ദേഹം പ്ലാത്തോന്യതത്വജ്ഞാനം കരസ്ഥമാക്കാൻ ശ്രമിച്ചു. ഈ പഠനത്തിൽ കുറെ അഭിവൃദ്ധിയുണ്ടായി. അതിനാൽ ദൈവത്തെ കണ്ടുപിടിക്കാനുള്ള തന്റെ ശ്രമം സാധിക്കുമെന്നു തോന്നുകയും ബുദ്ധിമാനാണെന്നു സ്വയം അഭിമാനിക്കയും ചെയ്തു. ഈ ഘട്ടത്തോടടുത്തുള്ള ജസ്റ്റിന്റെ അനുഭവം സ്വന്തവാക്കിൽ താഴെ കാണിക്കുന്നു.

''മനുഷ്യരുടെ പാതകളെ വെടിഞ്ഞു് ഏകാന്തതയ്ക്കായി ഞാൻ സാധാരണ സമുദ്രത്തിനു സമീപെയുള്ള വയലുകളിൽ നടക്കുക പതിവായിരുന്നു. ഒരു ദിവസം മാന്യനും പ്രശാന്തനുമായ ഒരു വൃദ്ധൻ എന്നെ കുറെ അകലെയായി പിന്തുടർന്നു. ഞാൻ പുറകോട്ടു തിരിഞ്ഞു് എന്റെ ദൃഷ്ടിയെ അയാളുടെ മേൽ ഉറപ്പിച്ചു.

'നിങ്ങൾ എന്നെ അറിയുമോ' എന്നു് അയാൾ ചോദിച്ചു.

ഞാൻ:—ഇല്ല.

വൃദ്ധൻ:—പിന്നെ എന്താണു് ഇത്ര സൂക്ഷിച്ചു നോക്കുന്നതു്?

ഞാൻ:—ഒരു മനുഷ്യനെയും ഇവിടെ കാണുമെന്നു ഞാൻ ആശിച്ചിരുന്നില്ലാ അതുകൊണ്ടാണു്.

വൃദ്ധൻ:—എന്നാൽ നിങ്ങൾ എന്തിനു് ഇവിടെ വന്നു?

ഞാൻ:—നിർബാധമായി ചിന്തിപ്പാനും ധ്യാനിപ്പാനുമായി വന്നു.

വൃദ്ധൻ:—നിങ്ങൾ ഒരു യുക്തിവാദിയെന്നല്ലാതെ പ്രവൃത്തികളെയോ സത്യത്തെയോ സ്നേഹിക്കുന്ന ആളല്ലായിരിക്കും അല്ലേ?

ഞാൻ:—സകലത്തെയും ഭരണംചെയ്യുന്ന യുക്തി ലഭിക്കുന്നതിനെക്കാൾ ഉദാത്തമായി എന്തു കർമ്മമാണു വല്ലതായിട്ടുള്ളതു്? ആ അത്യുച്ചനിലയിൽ നിന്നുകൊണ്ടു മറ്റുള്ളവരുടെ തെറ്റുകളെയും ഗതികളെയും വീക്ഷിക്കുന്നതിനു സൗകര്യമുണ്ടാകുമല്ലോ. ഓരോ മനുഷ്യനും തത്വജ്ഞാനസമ്പാദനത്തെ ഏറ്റവും മഹത്തും മാന്യവുമായ ജോലി ആയി കരുതണം.

വൃദ്ധൻ:—ശരി, തത്വജ്ഞാനാഭ്യസനം സൗഭാഗ്യത്തെ പ്രദാനം ചെയ്യുന്നുവോ?

ഞാൻ:—നിശ്ചയമായും അതുമാത്രമെ സൗഭാഗ്യത്തെ പ്രദാനം ചെയ്യുന്നുള്ളു.

വൃദ്ധൻ:—തത്വജ്ഞാനം എന്നാൽ എന്താണു്? അതിൽനിന്നുളവാകുന്ന ഭാഗ്യവും എന്താണു്?

ഞാൻ:—തത്വജ്ഞാനം എന്നു പറഞ്ഞാൽ യഥാർത്ഥവസ്തുവിനെക്കുറിച്ചുള്ള അറിവാണു്. അതു സത്യത്തിന്റെ തെളിവായ ഉപലബ്ധിയുമാണു്.

അങ്ങനെയുള്ള ജ്ഞാനത്തിന്റെ പ്രതിഫലമാണു സൗഭാഗ്യമെന്നു പറയുന്നതു്.

ഇങ്ങനെ ജസ്റ്റിനും വൃദ്ധനും തമ്മിൽ ദൈവത്തിന്റെ സ്വഭാവത്തെക്കുറിച്ചും ആത്മാവിന്റെ പ്രകൃതിയെക്കുറിച്ചും ഒരു ദീർഘസംഭാഷണം നടന്നു. വൃദ്ധൻ സ്ഥാപിച്ചതുപോലെ പ്രാചീനതാത്വികന്മാർ തീരെ അജ്ഞന്മാരായിരുന്നെങ്കിൽ എങ്ങിനെയാണു സത്യം പഠിക്കേണ്ടതു് എന്നു ജസ്റ്റിൻ ചോദിച്ചു. ''പിത്തഗോറസ്, പ്ലേറോ ഇവർക്കു വളരെക്കാലം മുൻപു ജീവിച്ചിരുന്നവരും ദൈവപ്രിയരുമായ ഏതാനും നീതിമാന്മാർ ദൈവാത്മസഹായത്താൽ സംസാരിക്കയും വരുംകാര്യങ്ങളെ മൻകൂട്ടി പ്രവചിക്കയും ചെയ്തിരുന്നു. അവരുടെ എഴുത്തുകൾ ഇന്നും ഉണ്ടു്. കാര്യങ്ങളുടെ ആദ്യവസാനം അറിവാൻ അവ വളരെ സഹായിക്കുന്നു. അവർ സത്യത്തിനു സാക്ഷികളായതുകൊണ്ടു് അവരുടെ സിദ്ധാന്തങ്ങളെ തെളിവു സഹിതം അവരുടെ പ്രബന്ധങ്ങളിൽ എഴുതേണ്ട ആവശ്യമുണ്ടായിരുന്നില്ല. സൃഷ്ടാവും പിതാവുമായ ദൈവത്തെയും തൽപ്രേഷിതനും തൽപുത്രനുമായ ക്രിസ്തുവിനെയും അവർ മഹത്വീകരിച്ചു. അതുകൊണ്ടു്, എല്ലാറ്റിനുംമേലായി നിനക്കു സത്യത്തിന്റെ വാതിൽ തുറന്നു കിട്ടേണ്ടതിനു ദൈവത്തോടു പ്രാർത്ഥിക്ക. കാരണം, ഈ വക കാര്യങ്ങളെ എല്ലാവർക്കും കാണ്മാനോ മനസ്സിലാക്കാനോ സാധിക്കയില്ല, പിന്നെയോ ദൈവവും ദൈവത്തിന്റെ ക്രിസ്തുവും അറിവു പ്രദാനം ചെയ്യുന്നവക്കേ കഴികയുള്ളൂ.'' ഇതുയും പറഞ്ഞശേഷം വൃദ്ധൻ പോയി.

ജസ്റ്റിൻ ഇങ്ങനെ പറയുന്നു: ''ഞാൻ അദ്ദേഹത്തെ പിന്നീടു കണ്ടിട്ടില്ല. ഉടൻ എന്റെ ആത്മാവിൽ ഒരു ജ്വാല കത്തിയെരിഞ്ഞു. പ്രവാചകന്മാരോടും ക്രിസ്തുവിന്റെ സ്നേഹിതന്മാരോടുമുള്ള സ്നേഹം എന്റെ ഹൃദയത്തെ ഭരിച്ചു. അദ്ദേഹത്തിന്റെ വാക്കുകളെ എന്റെ ഹൃദയത്തിൽ ശക്തിയോടെ പ്രവൃത്തി ചെയ്തതിന്റെ ഫലമായി ഈ (ക്രൈസ്തവ) തത്വജ്ഞാനം മാത്രം ആരോഗ്യകരവും, ഉപകാരപ്രദവുമെന്നു ഞാൻ കണ്ടുപിടിച്ചു.

വൃദ്ധനുമായി നടന്ന സംഭാഷണം മാത്രമല്ല സുവിശേഷത്തിലേക്കു ജസ്റ്റിനെ ആകർഷിച്ചതു്. മരണത്തെക്കൂടി അഭിമുഖീകരിക്കത്തക്കവണ്ണമുള്ള ക്രിസ്ത്യാനികളുടെ ധീരതയും അവനെ കിഴ്പെടുത്തിക്കളഞ്ഞു. തന്റെ രണ്ടാം പ്രതിവാദത്തിൽ ജസ്റ്റിൻ ഇങ്ങനെ പറഞ്ഞിരിക്കുന്നു: ഞാൻ പ്ലേറോയുടെ ഉപദേശങ്ങളിൽ സന്തോഷിച്ചുകൊണ്ടിരിക്കുമ്പോഴും ക്രിസ്ത്യാനികളെക്കുറിച്ചു് ഓരോ ദുഷ്യങ്ങളും കേൾക്ക പതിവായിരുന്നു. എന്നാൽ മരണത്തെക്കുറിച്ചോ ഭയപ്രദമായ മറ്റു വല്ലതിനെക്കുറിച്ചോ, അവർ നിർഭയരായി സ്ഥിതി ചെയ്യുമ്പോഴും ജഡസന്തോഷങ്ങളിലും, തിന്മപ്രവൃത്തിയിലും അവർ ജീവിക്കുകയെന്നുള്ളതു് അസാദ്ധ്യമെന്നു ഞാൻ അറിഞ്ഞു.

ജസ്റ്റിൻ തന്റെ 23–ാം വയസ്സിൽ––ക്രിസ്താബ്ദം 137–ൽ മതപരിവർത്തനം ചെയ്തനന്തരം ഒരു ക്രിസ്തീയ ഉപദേഷ്ടാവു് എന്ന നിലയിൽ റോമയിൽ താമസമാക്കി. മതപരിവർത്തനശേഷവും അദ്ദേഹം തത്വജ്ഞാനിയുടെ ഉടുപ്പു ധരിച്ചിരുന്നു. ഈ ഉടുപ്പു കണ്ടു് അദ്ദേഹത്തിന്റെ അടുക്കൽ ആളുകൾ ചുറ്റിക്കൂടുകയും, പരസ്യസ്ഥലത്തുവച്ചു കാണുന്നവർ ജ്ഞാനിൻ! സലാം എന്നു പറകയും ചെയ്തുവന്നു. പലപ്പോഴും അദ്ദേഹം പുറജാതിമാക്കിനന്മാരോടു വാദിക്കുക പതിവായിരുന്നു. അതിൽ ഒരുവനായിരുന്ന ക്രെൻസസ്. അനേക ജനങ്ങളുടെ മദ്ധ്യേ ക്രെസൻസിനെ ജസ്റ്റിൻ തോല്പിച്ച ലജ്ജിതനാക്കി. ശത്രുക്കളുടെ മേലുള്ള ഈ വിജയങ്ങളിൽനിന്നുണ്ടാകാവുന്ന ഭാവിഷ്യൽഫലങ്ങളും അദ്ദേഹം മൻകൂട്ടി കാണാതിരുന്നില്ല. ''അവരിൽ ഏതെങ്കിലും ഒരുവൻ, പക്ഷെ, സത്യത്തെക്കാളും മനുഷ്യാഭിപ്രായങ്ങൾക്കു

വില കൊടുത്തുകൂടാ എന്നു പറയുന്ന സോക്രട്ടിസിന്റെ അത്ഭുതകരമായ വാക്കിനെ അനാദരിക്കുന്നവനും, തത്വജ്ഞാനത്തിൽ അവിദഗ്ധനും ആത്മപ്രശംസക്കാരനുമായ എന്റെ പ്രതിയോഗി, ക്രൈസൻസുതനെ ആയിരിക്കാം വഴിയിൽവച്ച് എന്നെ അടിച്ചു വീഴ്ത്തി ചിതയിലേയ്ക്ക് അയയ്ക്കുന്നതു'' എന്നിങ്ങനെ അദ്ദേഹം പറഞ്ഞിരിക്കുന്നു.

ജസ്റ്റിന്റെ രക്തസാക്ഷിമരണം താഴെ വരുംപ്രകാരമായിരുന്നു: ആരാണെന്നറിഞ്ഞുകൂടാ, ജസ്റ്റിനേയും, ആറു സ്നേഹിതന്മാരെയും, ഒരു സ്ത്രീയെയും ക്രിസ്ത്യാനികളെന്നുള്ള കുറ്റം ചുമത്തി, നഗരാധിപതിയായ റസ്റ്റിക്കസിന്റെ മുൻപിൽ കൊണ്ടുവന്നു. ഈ നഗരാധിപതി സ്റ്റോയിക്ക് തത്വജ്ഞാനത്തിൽ ചക്രവർത്തിയുടെ ഗുരുവുമായിരുന്നു. ജസ്റ്റിനോട് അദ്ദേഹം ഇങ്ങനെ ചോദിച്ചു.

''നീ സ്വീകരിച്ചുവരുന്ന ഉപദേശങ്ങളെ എത്രമാത്രം?''

ജസ്റ്റിൻ:—എല്ലാ ഉപദേശങ്ങളും പഠിക്കുവാൻ ഞാൻ ശ്രമിച്ചിട്ടുണ്ട്. എന്നാൽ ഒടുവിൽ ക്രിസ്ത്യാനിയോപദേശമാകുന്ന സത്യോപദേശത്തിലാണ് ഞാൻ സ്ഥിരപ്പെട്ടതു്.

റസ്റ്റി:—അരിഷ്ടമനുഷ്യ! ആ ഉപദേശങ്ങളാണോ നിന്നെ സന്തോഷിപ്പിക്കുന്നതു്? ക്രിസ്ത്യാനികളാകുന്ന നിങ്ങളെ എവിടെ കൂടിവരുന്നു?

ജസ്റ്റിൻ:—അവരവർ തിരഞ്ഞെടുക്കുന്നതും കഴിവുള്ളതുമായ സ്ഥലത്തു്. ഞങ്ങളെല്ലാവരും ഒരേ സ്ഥലത്തുകൂടിവരുന്നു എന്നു നീ വിചാരിക്കുന്നുവോ? അങ്ങനെയല്ല. ക്രിസ്ത്യാനികളുടെ ദൈവം സ്ഥലത്തു് ഒതുങ്ങുന്നവനോ ഒതുക്കപ്പെടാവുന്നവനോ അല്ല* ആ അദൃശ്യൻ സ്വർഗ്ഗവും ഭൂമിയും നിറഞ്ഞിരിക്കുന്നു. വിശ്വാസമുള്ളവർ അവനെ എവിടെയും ആരാധിക്കുന്നു.

റസ്റ്റി:—നിങ്ങളുടെ അനുഗാമികളെ നിങ്ങൾ എവിടെ കൂട്ടുന്നു എന്നു നിങ്ങൾ എന്നോടു പറക.

ജസ്റ്റി:—ഞാൻ തിമോഥിയുസിന്റെ കുളിസ്ഥലത്തിനടുത്തുള്ള മാർട്ടിന്റെ വസതിയുടെ മേൽമാളികയിൽ താമസിക്കുന്നു. എന്റെ അടുക്കൽ വരുന്ന ഏതൊരുവനും ഞാൻ സത്യോപദേശം കൊടുക്കുന്നു.

ജസ്റ്റിന്റെ കൂട്ടുകാരും തങ്ങൾ ക്രിസ്ത്യാനികളാണെന്നു് ഏറ്റു പറഞ്ഞു. നഗരാധിപതി അവർക്കു മരണശിക്ഷ ഉണ്ടാകുമെന്നു യേപ്പെടുത്തിയശേഷം ജസ്റ്റിനോടു നിന്നെ ചമ്മട്ടികൊണ്ടു് അടിച്ചു ശിരഛേദം ചെയ്യുന്നപക്ഷം നീ സ്വർഗ്ഗത്തിലെത്തി പ്രതിഫലം പ്രാപിക്കുമെന്നു് ഊഹിക്കുന്നുവോ എന്നു ചോദിച്ചു.

ജസ്റ്റി:—ഞാൻ അതു് ഊഹിക്കയല്ല. അതു് അറികയും പൂർണ്ണമായി ഉറയ്ക്കയും ചെയ്യുന്നു.

അനന്തരം, നഗരാധിപൻ കുറക്കാരോടു ദേവന്മാർക്കു ബലി കഴിപ്പിൻ എന്നു പറഞ്ഞു.

ജസ്റ്റി:—സുബുദ്ധിയുള്ള മനുഷ്യൻ ഭക്തിയിൽനിന്നു അഭക്തിയിൽ വീഴുകയില്ല.

---

* ഇതിൽനിന്നും അപ്പൊസ്തലകാലത്തോടടുത്തു, അതായതു് രണ്ടാം നൂറ്റാണ്ടിൽ തന്നെയും ക്രിസ്ത്യാനികൾക്കു ദേവാലയം ഉണ്ടായിരുന്നില്ലെന്നു തെളിയുന്നു.

റസ്റ്റി:——നീ അനുസരിക്കാഞ്ഞാൽ കരുണകൂടാതെ നീ ശിക്ഷിക്കപ്പെടും.

ഇതു കേട്ട ഉടൻ തടവുകാർ എല്ലാവരുംകൂടി തങ്ങളുടെ കരിശിക്കപ്പെട്ട കർത്താവിന്റെ ആത്മാവുകൊണ്ടും വിശ്വാസംകൊണ്ടും നിറഞ്ഞവരായി ഉച്ചത്തിൽ പറഞ്ഞു:——നിനക്കു് ഇഷ്ടമുള്ളതു ചെയ്തുകൊൾക; ഞങ്ങളും ക്രിസ്ത്യാനികളും; ഞങ്ങളും അന്യ ദൈവങ്ങൾക്കു് ബലി കഴിക്കയില്ല.

ഇതു കേട്ടപ്പോൾ നഗരാധിപതി വിധി പ്രസ്താവിച്ചു. ''ദൈവങ്ങൾക്കു ബലി കഴിക്കാതിരിക്കയും, ചക്രവർത്തിയുടെ കല്പനയെ മറുക്കുകയും ചെയ്തവരെ ചമ്മട്ടികൊണ്ടു് അടിച്ചു ന്യായാനുസൃതം ശിരഛേദം ചെയ്യട്ടെ. അങ്ങിനെ, അവരെ അടിച്ചു കൊലസ്ഥലത്തേക്കു കൊണ്ടുപോയി. അവിടെ അവർ ദൈവത്തെ മഹത്വപ്പെടുത്തി മരിച്ചു. വിശ്വാസികളായ സഹോദരന്മാർ രഹസ്യമായി അവരുടെ ശരീരങ്ങളം എടുത്തുകൊണ്ടുപോയി ആദരപൂർവ്വം മറവുചെയ്തു. ഈ രക്തസാക്ഷിമരണം എ. ഡി. 165–ൽ മാർക്കസ് ഒറേലിയസ് എന്ന തത്വജ്ഞാനിയായ ചക്രവർത്തിയുടെ കാലത്താണു നടന്നതു്.

ജസ്റ്റിൻ മൂന്നു പ്രബന്ധങ്ങളം ശേഷിപ്പിച്ചിട്ടുണ്ടു്. രണ്ടെണ്ണം പ്രതിവാദവും, ഒന്നു യഹൂദനായ ട്രൈഫോയുമായുള്ള സംഭാഷണവുമത്രെ. ഒന്നാമത്തെ പ്രതിവാദം അന്തോണിനസ് പയസുചക്രവർത്തിക്കും സെനറിനും റോമയിലെ ജനങ്ങൾക്കുംകൂടി ഉള്ളതാണു്. രണ്ടാമത്തേതു മാർക്കസ് ഒറീലിയസിന്റെ കാലത്തുള്ള റോമയിലെ സെനറിനാണു്. ഇതിൽ ആദ്യത്തെ പ്രതിവാദം ''ന്യായരഹിതമായി ദ്വേഷിക്കപ്പെടുകയും വിനോദോത്സുഷിക്കപ്പെടുകയും ചെയ്യുന്നവരും, താൻകൂടി ഉൾപ്പെട്ടുള്ളവരുമായ സകല ജാതികളിൽനിന്നും സംഘടിച്ചിട്ടുള്ളവർക്കുവേണ്ടി'' എന്നു പറഞ്ഞിരിക്കുന്നു. ''ഞങ്ങളം മുഖസ്തുതി പറവാൻ വരുന്നില്ല. പിന്നെയോ നല്വണ്ണം അന്വേഷിച്ചു, നിഷ്പക്ഷമായി പരിശോധിക്കുന്നതിനും നീതിയായി തീരുമാനിക്കുന്നതിനും അപേക്ഷിപ്പാനത്രെ. ക്രിസ്ത്യാനികൾക്കു് എതിരായുള്ള കുറ്റങ്ങളം അന്വേഷിക്കപ്പെടുകയും സാരമെന്നു കണ്ടാൽ ശിക്ഷിക്കപ്പെടുകയും വേണമെന്നു ഞങ്ങളം ആവശ്യപ്പെടുന്നു. എന്നാൽ ഞങ്ങൾക്കു കുറ്റബോധം വരുത്തുവാൻ ഒരുത്തർക്കും കഴിയാത്തപക്ഷം ഒരു ദുശ്രുതി നിമിത്തം കുറ്റമില്ലാത്തവരെ കുറ്റമുള്ളവരാക്കുന്നതിനു ന്യായം പ്രമാണിച്ചില്ലാ, കോപം പ്രമാണിച്ചു നിങ്ങളം തീരുമാനിക്കുന്നതിനാൽ നിങ്ങൾക്കുതന്നെ ദോഷം വരുത്തുന്നതിൽനിന്നു സത്യമായ ന്യായം നിങ്ങളെ തടുക്കുന്നു,'' ഒടുവിൽ ധൈര്യത്തോടെ ഇങ്ങനെ പറയുന്നു: ഈ പറയുന്നവ ന്യായമെന്നും സത്യമെന്നും കണ്ടാൽ അവയെ ആദരിക്കുവിൻ. എന്നാൽ ഇവ അബദ്ധമെന്നു തോന്നിയാൽ തിരസ്കരിപ്പിൻ. തെറ്റു ചെയ്യാത്തവർക്കു വിരോധമായി മരണശിക്ഷ വിധിക്കരുതേ. അനീതിയുടെ വഴിയിൽ നിങ്ങളം നില്ക്കുന്നപക്ഷം ഭാവിയായ ദൈവവിധിയിൽനിന്നു് ഒഴിയുവാൻ നിങ്ങൾക്കു കഴിയുന്നതല്ലെന്നു മുൻകൂട്ടി നിങ്ങളെ ഓർമ്മപ്പെടുത്തുന്നു.

ജസ്റ്റിന്റെ എഴുത്തുകളിൽ *രണ്ടു പ്രതിവാദവും ട്രൈഫോയുമായുള്ള സംവാദവും മറേറതാനും അവശേഷങ്ങളുമാണു സത്യമെന്നു സമ്മതിക്കപ്പെട്ടി

---

* രണ്ടാം നൂറ്റാണ്ടിനെ മതപ്രതിവാദികളുടെ കാലം എന്നു പറയുന്നതാണു്. പ്രതിവാദികളുടെ പേരും കാലവും ഇവിടെ പറഞ്ഞുകൊള്ളുന്നു.
അഥ്രിയാൻ ചക്രവർത്തിക്കു ക്വാഡ്രേറ്റസ്സും (എ. ഡി. 126.) ആരിസ്റ്റിഡിസും (എ. ഡി. 130.)

അന്തോണിനസ് പയസ്സിനു ജസ്റ്റിൻമാർട്ടറും, എ. ഡി. 140–155 മാർക്കസ് ഒറീലിയസ്സിനു അതേനഗോറസ്സും (177). (ശേഷം 93–ാം പേജിൽ)

രിക്കുന്നതു്. ആദിമ സഭയ്ക്കു് ജസ്റ്റിനെ സംബന്ധിച്ചു വളരെ ബഹുമതിയായിരുന്നു. അയാൾ ഒരു വലിയ ആലോചകനോ ഒരു വാക്ശേഷിയുള്ള എഴുത്തുകാരനോ വേദവ്യാഖ്യാതാവോ ആയിരുന്നില്ലെന്നു മാത്രമല്ല, ഒരു ശക്തിയുള്ള ന്യായവാദിപോലുമായിരുന്നില്ല. എന്നാൽ വളരെ വായിച്ചിട്ടുള്ളവനും നല്ല പരമാത്മതയുള്ളവനും കണ്ണുങ്ങളെപ്പോലെ ശുദ്ധനുമായിരുന്നു. ഇദ്ദേഹത്തിന്റെ വേദവ്യാഖ്യാനം ഉപമാത്കരീതിയിലായിരുന്നതിനാൽ പലേടത്തും പിശകുകളും പറ്റിയിട്ടുണ്ടു്. ജസ്റ്റിൻ ധീരനായ ക്രിസ്ത്യാനിയും വിശ്വാസവും വിശുദ്ധിയും നിറഞ്ഞവനും കാളിക്കത്തുന്ന ശ്രേഷ്ക്കാന്തിയുള്ളവനുമായിരുന്നു. തന്റെ സമകാലീനന്മാരായ എല്ലാവരെക്കാളും ഗ്രീക്കു സാഹിത്യങ്ങളിലും എബ്രായ വിശുദ്ധ ഗ്രന്ഥങ്ങളിലും അയാൾക്കു് അപാരമായ പാണ്ഡിത്യമുണ്ടായിരുന്നു.

ഒന്നാം പ്രതിവാദം 65—ാം അദ്ധ്യായത്തിൽ തിരുവത്താഴത്തെപ്പറ്റി ജസ്റ്റിൻ എഴുതിയിരിക്കുന്നതാവിതു്: ''പ്രാർത്ഥന അവസാനിച്ചശേഷം ഞങ്ങളും ചുംബനംകൊണ്ടു് അന്യോന്യം സൽക്കരിക്കുന്നു. അപ്പോൾ സഹോദരന്മാരുടെ ഇടയിലെ അദ്ധ്യക്ഷന്റെ അടുക്കലേക്കു് അപ്പവും വെള്ളം കലർത്തിയ ഒരു പാനപാത്രം വീഞ്ഞും കൊണ്ടുവരും. അദ്ധ്യക്ഷൻ അവ എടുത്തിട്ടു പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ അഖിലാണ്ഡത്തിന്റെ പിതാവിനു സ്തുതിയും മഹത്വവും കരേറ്റുകയും അവിടുത്തെ കൈയിൽനിന്നു് ഇവയെ കൈക്കൊൾവാൻ തങ്ങളെ യോഗ്യന്മാരായി ഗണിച്ചതിനു ദീർഘമായി സ്തോത്രം ചെയ്കയും ചെയ്യും. പ്രാർത്ഥനയും സ്തോത്രവും അവസാനിപ്പിക്കുമ്പോൾ അവിടെയുള്ള ജനമെല്ലാം ആമ്മീൻ എന്നു പറഞ്ഞു തങ്ങളുടെ സമ്മതത്തെ പ്രത്യക്ഷീകരിക്കും.....അദ്ധ്യക്ഷൻ സ്തോത്രം ചെയ്കയും ജനം തങ്ങളുടെ സമ്മതത്തെ പ്രകാശിപ്പിക്കയും ചെയ്തശേഷം ശുശ്രൂഷകന്മാർ എന്നു പറയപ്പെടുന്നവർ സ്തോത്രം ചെയ്യപ്പെട്ട അപ്പവും വെള്ളം കലർത്തിയ വീഞ്ഞും അവിടെയുള്ളവക്കെല്ലാം കൊടുക്കും. വന്നിട്ടില്ലാത്തവർക്കായി ഒരംശം അവർ എടുത്തുകൊണ്ടുപോകും. Writings of Justin Martyr Athenagoras PP. 63, 64. വീണ്ടും അദ്ദേഹം 67—70 അദ്ധ്യായത്തിൽ പറയുന്നതു്: ''ഞായറാഴ്ച എന്നു പറയപ്പെടുന്ന ദിവസത്തിൽ പട്ടണങ്ങളിലൊ ഗ്രാമങ്ങളിലൊ താമസിക്കുന്നവർ ഒരു സ്ഥലത്തു് ഒരുമിച്ചുകൂടും. അപ്പൊസ്തലന്മാരുടെയോ പ്രവാചകന്മാരുടെയോ എഴുത്തുകൾ സമയം ഉള്ളതിനു തക്കവണ്ണം വായിക്കും. വായനയുടെ ശേഷം വായിച്ചുകേട്ട നല്ല സംഗതികളെ അനുഷ്ഠിക്കണമെന്നു് അദ്ധ്യക്ഷൻ ജനത്തിനു് ഉപദേശം കൊടുക്കും. പിന്നീടു ഞങ്ങൾ എല്ലാവരും എഴുന്നേറ്റുനിന്നു പ്രാർത്ഥിക്കും. അനന്തരം മുൻപു പറഞ്ഞപ്രകാരം അപ്പവും വീഞ്ഞും വെള്ളവും കൊണ്ടുവരും. അപ്രകാരംതന്നെ അദ്ധ്യക്ഷൻ തന്റെ ശക്തിക്കനുരൂപമായി പ്രാർത്ഥനയും സ്തോത്രവും കഴിക്കും. ജനം ആമ്മീൻ പറഞ്ഞു സമ്മതിക്കും. സ്തോത്രം ചെയ്യപ്പെട്ടവയെ അപ്പോൾ വിഭാഗിക്കയും അനുഭവിക്കയും ചെയ്യും.''

Ibid. P. 65.

ഇഗ്നാത്യോസിനെയും ഐറീനിയസിനെയുംപോലെ ബിഷപ്പന്മാരെക്കുറിച്ചു ജസ്റ്റിൻ ഒന്നും പറഞ്ഞിട്ടില്ല. അയാളുടെ അറിവിൽ ഒരു പ്രസിഡണ്ടും, ഡീക്കന്മാരും അല്ലാതെ യാതൊരു സഭാദ്യോഗസ്ഥനും ഇല്ല.

Apology. 167.

ക്ലോഡിയസ് അപ്പോല്ലിനാറിസ്സും (176).

സർദ്ദീസിലെ മെലിത്തോയും (177).

ഗ്രേക്കർക്കു പൊതുവെ ടേഷ്യനും (160) ഹെർമിയാസും (രണ്ടാം നൂറ്റാണ്ടിന്റെ ഒടുവിൽ) ഒരു സ്നേഹിതനു തിയോഫിലസ്സും (180) പ്രതിവാദങ്ങളും എഴുതി. Lives of the Fathers (By Farrar) P: 123.

ക്രിസ്തുവാകുന്ന മഹാപുരോഹിതന്റെ കീഴിൽ സകല ക്രിസ്ത്യാനി കൾക്കുമുള്ള സാവ്ത്രിക പൗരോഹിത്യത്തെ അദ്ദേഹം സമ്മതിച്ചു പറയുന്നു.
Dialogue. 116.

ഒന്നും രണ്ടും നൂറാണ്ടുകളിലുണ്ടായിരുന്ന ബഹുക്കളെപ്പോലെ ജസ്റ്റിനും സഹസ്രാബ്ദവിശ്വാസിയായിരുന്നു. അക്ഷരപ്രകാരംതന്നെ ഒരു സഹസ്രാബ്ദവാഴ്ചയുണ്ടാകുമെന്നും അതിനു മുമ്പായി ഏലിയാവു് ഒരു ദൂതനായി ഭൂമിയിലേക്കു വരുമെന്നും അദ്ദേഹം വിശ്വസിച്ചിരുന്നു. യെശയ്യാവിൽനിന്നും വെളിപ്പാടിൽനിന്നും തന്റെ അഭിപ്രായത്തെ തെളിയിപ്പാൻ അദ്ദേഹം ശ്രമിച്ചു. Dialogue. 5, 6.

തന്റെ ഒന്നാം പ്രതിവാദത്തിൽ ജ്ഞാനസ്നാനത്തെക്കുറിച്ചു ജസ്റ്റിൻ ഇങ്ങനെയാണു പറയുന്നതു്:

''ക്രിസ്തുവിനാൽ ഞങ്ങൾ പുതുതാക്കപ്പെട്ട ഞങ്ങളെതന്നെ പ്രതിഷ്ഠിക്കുന്നതു് എങ്ങനെയെന്നു നിന്നെ അറിയിക്കാം.....ഞങ്ങൾ പഠിപ്പിക്കുന്ന കാര്യങ്ങളെ സത്യമെന്നു സമ്മതിക്കയും വിശ്വസിക്കയും അവയിൻ പ്രകാരം ജീവിച്ചുകൊള്ളാമെന്നു വാഗ്ദത്തം ചെയ്കയും ചെയ്യുന്ന ആളുകളെ ആദ്യമായി പ്രാർത്ഥിക്കുന്നതിനും അവരുടെ മുൻപാപങ്ങളുടെ ക്ഷമയ്ക്കായി ഉപവസിച്ചു ദൈവത്തോടു യാചിക്കുന്നതിനും നിയോഗിക്കുന്നു. ഞങ്ങളും അവരോടുകൂടി പ്രാർത്ഥിക്കയും ഉപവസിക്കയും ചെയ്യുന്നു. അനന്തരം ഞങ്ങൾ അവരെ വെള്ളമുള്ള വല്ല സ്ഥലത്തേയ്ക്കും കൊണ്ടുചെന്നിട്ടു ഞങ്ങൾ വീണ്ടും ജനിച്ചമാതിരി അവരും വീണ്ടും ജനിപ്പിക്കപ്പെടുന്നു. കാരണം, അപ്പോൾ വിശുദ്ധാത്മാവും പിതാവുമായ ദൈവത്തിന്റെ നാമത്തിലും പരിശുദ്ധാത്മാവിന്റെ നാമത്തിലും അവർ ജലസ്നാനപ്പെടുന്നു.'' Apology I. C. 63.

ഈ ഭാഗം വായിക്കുമ്പോൾ ജലസ്നാനംകൊണ്ടും വീണ്ടും ജനനമുണ്ടെന്നു തോന്നിയേക്കാം. എന്നാൽ ടൈഫോയുമായുള്ള അദ്ദേഹത്തിന്റെ വാദത്തിൽ ഒരു ഭാഗത്തു് ഇങ്ങനെ കാണുന്നതു ചിന്താർഹമാണു്: മാംസത്തെയും ശരീരത്തെയും മാത്രം ശുദ്ധിയാക്കുന്ന ബപ്തിസ്മകൊണ്ടുള്ള ഉപകാരമെന്തു്? കോപം, ദ്രവ്യാഗ്രഹം, അസൂയ, പക എന്നിവയിൽനിന്നു് ആത്മാവിനെ ബപ്തിസ്മപ്പെടുത്തുക. അപ്പോൾ ശരീരവും ശുദ്ധമായിരിക്കും. ശുദ്ധാത്മാവിനാൽ സ്നാനപ്പെട്ടിരിക്കുന്ന എനിക്കു മറ്റു സ്നാനമെന്തിനു്? C. XIV.

രണ്ടാം പ്രതിവാദത്തിൽ ജസ്റ്റിൻ താഴെ വരുംപ്രകാരം എഴുതിയിരിക്കുന്നു: ''ഞങ്ങൾ ഞങ്ങളുടെ മനസ്സുകൂടാതെ ജഡപ്രകാരം ജനിച്ചു. എന്നാൽ ഞങ്ങൾ അപ്രാപ്തിയും അവിവേകവുമുള്ള കുട്ടികളെന്നപോലെ ഇരിക്കേണ്ടതല്ല. പ്രത്യുത, ഞങ്ങൾ സ്നാനഘട്ടത്തിൽ തിരഞ്ഞെടുക്കുന്നതിനുള്ള കഴിവു, (വിവേകബുദ്ധി) അറിവു മുതലായവ ഉള്ളവരായിരിക്കേണ്ടതാകുന്നു. ഇതു ഞങ്ങൾ അപ്പൊസ്തലന്മാരിൽനിന്നു പഠിച്ചിട്ടുള്ളതത്രെ.

ഐറീനിയസ്

രണ്ടാം നൂറാണ്ടിന്റെ ഉത്തരാർദ്ധത്തിൽ ജീവിച്ചിരുന്ന ഐറീനിയസ് ഏഷ്യാമൈനറിൽ ജനിച്ചു. വിദ്യാഭ്യാസം ചെയ്തതും അവിടെത്തന്നെ. പൊളിക്കാർപ്പും, പാപ്പിയാസുമായിരുന്ന അദ്ദേഹത്തിന്റെ ഗുരുക്കന്മാർ. ഏകദേശം എ. ഡി. 150–ൽ പൊത്തിനൂസും മറ്റു ചിലരുംകൂടി ഏഷ്യാമൈനറിൽനിന്നു ഫ്രാൻസിലെ ലയൺസ്, വിയന്നെ ഈ സ്ഥലങ്ങളിൽ സുവിശേഷപ്രചരണാർത്ഥം പോയി. ഇക്കൂട്ടത്തിൽ യുവാവായിരുന്ന

ഐറീനിയസ് കൂടി ഉണ്ടായിരുന്നുവെന്ന് ഊഹിക്കപ്പെട്ടിരിക്കുന്നു. എ. ഡി. 177—ൽ പൊത്തിനൂസു മരിച്ചു. അതുവരെ പ്രസ്ബിറ്ററായിരുന്ന ഐറീനിയസ് ലയൺസിലെ ബിഷപ്പായിത്തീർന്നു. താൻ രക്തസാക്ഷിയായി മരിച്ച 202 വരെ ഈ ഉദ്യോഗം വഹിച്ചുവന്നു. ഒരു പ്രസ്ബിറ്ററായിരിക്കുമ്പോഴും മൊണ്ടാനസ്സിനെ സംബന്ധിച്ച ഏതോ സംഗതിക്കു വേണ്ടി അവനെ റോമയ്ക്കു് അയക്കുകയുണ്ടായി. 177—ൽ ലയൺസിലേയും, വിയന്നെയിലേയും സഭകളും അനുവേച്ച പീഡയെ സംബന്ധിച്ചു് എഴുതിയിട്ടുള്ള എഴുത്തിന്റെ രചകൻ ഇദ്ദേഹമാണെന്നു് ഊഹിക്കപ്പെട്ടിരിക്കുന്നു. ഈസ്റ്റർ സംബന്ധിച്ചു് 196—ൽ നടന്ന തർക്കത്തിൽ ഇദ്ദേഹം പങ്കെടുത്തിട്ടുണ്ടു്. ഇതിനെക്കുറിച്ചു് അദ്ദേഹം റോമാബിഷപ്പായ വിക്ടറിനു് ഒരെഴുത്തു് അയച്ചിരുന്നു. ബ്ലസ്സസ് എന്ന പ്രസ്ബിറ്റർക്കും ഇദ്ദേഹം എഴുതി. നോസ്റ്റിക്കു് ഇടത്തുട്ടിൽ വീണുപോയ ഫ്ലോറിനസ്സിനു് ഐറീനിയസ് എഴുതിയ എഴുത്തിന്റെ ഒരു ഭാഗം യൂസീബിയസ് സൂക്ഷിച്ചിരുന്നു. വേറെയും ചില കൃതികളും രചിച്ചതായി പറയുന്നുണ്ടു്. അദ്ദേഹത്തിന്റെ കൃതികളിൽ വലുതായതു് ഇടത്തുട്ടുകൾക്കു് വിപരീതമായി എഴുതിയ പ്രബന്ധമാണു്. ഇതിൽ ഇടത്തുട്ടുകളെപ്പറ്റി വിവരമായി എഴുതിയതുകൂടാതെ അക്കാലത്തു നിലവിലിരുന്ന ഉപദേശങ്ങളെ വിശദപ്പെടുത്തിയിട്ടുണ്ടു്. നിർഭാഗ്യവശാൽ ഇതിന്റെ ഗ്രീക്കിലുള്ള മൂലഗ്രന്ഥം നഷ്ടപ്പെട്ടുപോയി, ശകലങ്ങളും മാത്രം യൂസീബിയസ്, എപ്പിഫാനിയസ് മുതലായവർ സൂക്ഷിച്ചിരുന്നു. ഇതിനു് അതിപുരാതനമായ ഒരു ലത്തീൻ തർജ്ജമ ഉണ്ടു്. ഈ തർജ്ജമ അത്യന്തം അസംസ്കൃതവും ചിലഭാഗങ്ങളും തീരെ മനസ്സിലാകാത്ത വിധത്തിലുള്ളതുമാകുന്നു. ഇദ്ദേഹം പരമാർത്ഥതയും ശ്രേഷ്ഠകാന്തിയുമുള്ള ക്രിസ്ത്യാനി ആയിരുന്നതു കൂടാതെ ശാന്തനും സൂക്ഷ്മബുദ്ധിയും ആയിരുന്നു. ധാരാളം പാണ്ഡിത്യവും സ്വാധീനശക്തിയും ഉണ്ടായിരുന്ന ഇദ്ദേഹത്തിന്റെ മനസ്സു ഉൽകൃഷ്ടമല്ലായിരുന്നു. ബന്ബാസസ്, ജസ്റ്റിൻ മുതലായ ആദികാലത്തെ മറ്റു പിതാക്കന്മാരെപ്പോലെതന്നെ തിരുവെഴുത്തുകളെ ഉപമാർത്ഥങ്ങളാക്കുന്നതിൽ വളരെ സന്തുഷ്ടനായിരുന്നു. നവീനദൃഷ്ട്യാ ഇയാൾക്കു് ഒരു വേദശാസ്ത്രി എന്ന മുറക്കും ന്യായവാദി എന്ന നിലയിലു പൂജ്യത ഉണ്ടാകാൻ ഇടയില്ല. ഐറീനിയസ് തന്റെ കാലത്തു മൂന്നു വിഷയങ്ങളെപ്പറ്റി തീക്ഷ്ണമായി വാദിക്കേണ്ട ആവശ്യം നേരിട്ടു. അവ (1) മൊന്താനൃമതം (2) ഈസ്റ്റർ ആചാരം (3) നോസ്റ്റിക്കുമതം. ഇവയിൽ ഈസ്റ്റർ ആചാരവാദത്തെപ്പറ്റി കൈകൊണ്ടതു രസാവഹമാണു്.

ആദിമകാലത്തു് സഭയിൽ വിശേഷദിനങ്ങളൊ ഉപവാസദിനങ്ങളൊ ആയി കാണുന്നതു് ആഴ്ചതോറും ഉള്ളവയാണു്. ആണ്ടിലൊരിക്കലായി ഒന്നംതന്നെ ഉണ്ടായിരുന്നില്ല. വാർഷികദിനാചാരം സംബന്ധിച്ചു റോമാ സഭയും ഏഷ്യമൈനറിലെ സഭകളും തമ്മിൽ തർക്കമുണ്ടായി. ഈ ഘട്ടത്തിൽ ഐറീനിയസ് ഇതിനു് മാധ്യസ്ഥം വഹിച്ചുകൊണ്ടു് മനോരഞ്ജകമായ ഒരു ലേഖനം എഴുതി. റോമരുടെ അഭിപ്രായത്തോടു താൻ യോജിക്കുന്നുണ്ടെങ്കിലും വിക്ടറിനു് മുൻപുണ്ടായിരുന്ന അനിസെറ്റസും പൂർവ്വന്മാരും ഏഷ്യയിലെ സഭകളോടു സമാധാനത്തിലും കൂട്ടായ്മയിലുമാണു് വർത്തിച്ചതെന്ന ഈ ലേഖനദ്വാരാ ഐറീനിയസ് വിക്ടറിനെ ധരിപ്പിച്ചു.

പ്രസ്തുത വിശ്രുതൻ എഴുപതോ എൺപതോ കൊല്ലം ജീവിച്ചിരുന്നതായിട്ടാണു പറയപ്പെടുന്നതു്. അദ്ദേഹത്തിനു രക്തസാക്ഷി എന്ന പേരു ചിലർ കൊടുത്തിട്ടുണ്ടു്. എന്നാൽ ജെറോം ഇതിനെ സംശയിക്കുന്നതായി കാണുന്നു. അധികം രേഖകളിൽനിന്നും വെളിപ്പെടുന്നതു അദ്ദേഹം ദീർഘകാലം ജീവിച്ചിരുന്നു സ്വാഭാവികമരണം പ്രാപിച്ചതായിട്ടാണു്.

അലക്സാന്ത്രിയാ ക്ലെമന്തു്

എന്ന പൂർവ്വപിതാവു് ചെറുപ്പകാലത്തു് ഒരു പുറജാതി ആയിരുന്നു. തത്വജ്ഞാനിയും വലിയ ദേശസഞ്ചാരിയുമായിരുന്ന ഈ യുവാവു് അലക്സാന്ത്രിയാ സഭയിലെ ഒരു പ്രസ്ബിറ്ററായിത്തീർന്നു.

സുപ്രസിദ്ധന്മാരായ ഓറിജൻ ആദിയായവർ ഇദ്ദേഹത്തിന്റെ ശിഷ്യന്മാരായിരുന്നു. (A. D. 202) ഇയാളും കുറച്ചുകാലത്തേക്കു പീഡയിൽനിന്നു തെറ്റിയൊഴിവാൻ പലസ്തീൻ, സിറിയാ ഈ ദേശങ്ങളിലേക്കു് പോയി. പ്രസ്തുത വിദ്വാൻ 220–ൽ മരിച്ചതായി ഊഹിക്കപ്പെട്ടിരിക്കുന്നു, ഇദ്ദേഹത്തിനുണ്ടായിരുന്ന ഏകദോഷം, ഇദ്ദേഹം തത്വജ്ഞാനത്തെ ക്രമാധികം ആദരിച്ചു എന്നുള്ളതാണു്.

തെർത്തുല്യൻ

ഈ നൂറാണ്ടിൽ ലത്തീൻ ഭാഷയിൽ ക്രിസ്തുമതസംബന്ധമായി വളരെ സാഹിത്യങ്ങളും നിർമ്മിച്ചിട്ടുള്ളതു സുപ്രസിദ്ധനായ തെർത്തുല്യൻ തന്നെ. അദ്ദേഹം ഒരു റോമാ ഉദ്യോഗസ്ഥന്റെ മകനായി എ. ഡി. 160–ൽ ജനിച്ചു. പ്രായമായശേഷം വക്കീൽപണിക്കുവേണ്ടി നിയമം പഠിച്ചു. 192–ൽ ക്രിസ്തുമതം സ്വീകരിച്ചശേഷം കർത്താജിൽ ഒരു പ്രസ്ബിറ്ററായി. ഈ വൃത്തിയിൽത്തന്നെ ഇദ്ദേഹം തന്റെ ആയുസ്സു മുഴുവൻ കഴിച്ചുകൂട്ടി. എ. ഡി. 200–ൽ തെർത്തുല്യൻ മൊന്താനൃ വിഭാഗത്തോടു ചേർന്നു ദീർഘകാലം ഇദ്ദേഹം ജീവിച്ചിരുന്നതായിട്ടാണു പറയുന്നതു്. എങ്കിലും ഉദ്ദേശം 220–ൽ മരിച്ചതായിട്ടത്രെ ജെറോമിന്റെ ഖ്യാപനം. യുസീബിയസ് മുതലായവർ അദ്ദേഹത്തിനു വലിയ സ്ഥാനമാണു് കൊടുത്തിരിക്കുന്നതു്. കാത്തേജ് ബിഷപ്പായ സിപ്രിയൻ തെർത്തുല്യന്റെ കൃതികളുടെ ഏതാനും ഭാഗങ്ങളും ദിവസേന വായിച്ചുവന്നതായി ജെറോം പറയുന്നു. ഈ ഗ്രന്ഥകാരന്റെ എഴുത്തുകളും വളരെ ശക്തിമത്താണു്. അവയിൽ സൂക്ഷ്മതയും സംക്ഷിപ്തതയും വളരെ കാണുന്നുണ്ടു്. തെർത്തുല്യന്റെ ഭാഷാരീതി ചുരുക്കവും പരുഷവും ആധുനിക വായനക്കാർക്കു് വളരെ ദുർഗ്രഹവുമാകുന്നു. ലത്തീൻസഭ മുഴുവൻ ഇദ്ദേഹത്തിന്റെ ഭാഷാരീതിയും ആശയവും പടർന്നുപിടിച്ചിട്ടുണ്ടെന്നാണു് സാധാരണ അഭിപ്രായം. അദ്ദേഹം എഴുതിയതായി മുപ്പതു പ്രബന്ധങ്ങളും ഉണ്ടു്. ഇവയെ മൂന്നായി ഭാഗിക്കാം. (1) പ്രതിവാദസംബന്ധമായവ. ഇവ പുറജാതികളോടും യഹൂദന്മാരോടുമുള്ള തർക്കമാണു്. (2) ഉപദേശസംബന്ധമായവ. ഇതിന്റെ വിഷയം ഇടത്തുട്ടുകളെ ഖണ്ഡിക്കയാണു്. (3) സാന്മാർഗ്ഗികം. ഇവ ചില നടപടികളുടെ ഖണ്ഡനമണ്ഡനങ്ങളാണു.

അദ്ദേഹത്തിന്റെ കൃതികളിൽ ഒന്നു്, ബപ്തിസ്മയെ നിഷേധിച്ച കാൻറിലിയൻ എഴുതീട്ടുള്ളതാണു്. വേറെ ചിലതു പ്രാർത്ഥനയെപ്പറ്റി; നാടകരംഗങ്ങളിലും ജാതികളുടെ ആഘോഷങ്ങളിലും സംബന്ധിക്കുന്നതിനു് എതിരായി; ഒരു വിധവ രണ്ടാംകല്യാണം കഴിക്കുന്നതിനെപ്പറ്റി വിശിഷ്യ, ഒരു പുറജാതിക്കാരനുമായി വിവാഹം കഴിക്കുന്നതിനെപ്പറ്റി; പട്ടാളസംബന്ധമായ ഒരു മുടി ഉപേക്ഷിക്കയും തൻനിമിത്തം ശിക്ഷിക്കപ്പെടുകയും ചെയ്ത ഒരു പടയാളിയെ നീതീകരിച്ചും സ്തുതിച്ചും; യുവതികൾ മൂടുപടം ഇടാതെ പുറത്തിറങ്ങി നടക്കുന്നതിനെതിരായി; സ്ത്രീകൾ തങ്ങളുടെ വസ്ത്രമോടിയിൽ അത്യന്തം ശ്രദ്ധവെക്കുന്നതിനെക്കുറിച്ചു്; വസ്ത്രം ആഭരണം ഇവയിലുള്ള ഭ്രമത്തെപ്പറ്റി; ഉപദ്രവകാലത്തു സ്വരക്ഷയ്ക്കായി പിൻവാങ്ങുന്നതിനെപ്പറ്റി; ഇവയായിരുന്ന ഇദ്ദേഹത്തിന്റെ പ്രബന്ധങ്ങളിലെ പ്രതിപാദ്യവിഷയ

ങ്ങളം. മാർഷ്യന്റെ ഉപദേശങ്ങളെ പ്രതിഷേധിച്ച് ശക്തിമത്തായ ഒരു നിരൂപണഗ്രന്ഥം തെർത്തുല്യൻ എഴുതീട്ടുണ്ട്. എ. ഡി. 210—ൽ ആഫ്രിക്കയുടെ പ്രൊകോൺസുലർ ആയിരുന്ന സ്കാപ്യുലാ ക്രിസ്ത്യാനികളെ പീഡിപ്പിച്ചപ്പോഴം തെർത്തുല്യൻ ശക്തിയുക്തമായ ഒരു പ്രതിവാദം എഴുതുകയുണ്ടായീ.

തെർത്തുല്യനെക്കുറിച്ചു ഡീൻ ഫാറാർ ഇപ്രകാരം പറയുന്നു; ''അപ്പൊസ്തലകാലം മുതലുള്ള സകല എഴുത്തുകാരിലുംവച്ചു അയാളം അതിശക്തിമാനായ ഒരു എഴുത്തുകാരനായിരുന്നു എന്നുള്ളതു നിശ്ചയംതന്നെ. തെർത്തുല്യന്റെ യോഗ്യതകളെ പൂർണ്ണമായി മതിക്കണമെന്നിരുന്നാൽ, ക്രിസ്തീയ ലത്തീൻ സാഹിത്യത്തിന്റെ സ്രഷ്ടാവു് അദ്ദേഹമാണെന്നു് ഓമ്മിച്ചാൽ മതിയാവും. ഹാർനാക്കു പറയുന്നതുപോലെ, പ്രസ്തുത സാഹിത്യം അദ്ദേഹത്തിന്റെ എഴുത്തുകളിൽ പൂർണ്ണപ്രായത്തിൽ ജനിച്ചിരിക്കുന്നു. തെർത്തുല്യന്റെ കാലത്തിനു മുൻപു് ഒരു ബൈബിളം തജ്ജമ അല്ലാതെ പറയത്തക്ക യാതൊന്നും ക്രിസ്തീയ ലത്തീൻ സാഹിത്യത്തിനുണ്ടായിരുന്നില്ല. അല്ലാതെ വല്ലതും ഉണ്ടെന്നു പറയണമെങ്കിൽ മിനുഷ്യസ് ഫെലിക്സിന്റെ ഒക്തേവിയസ്, മൃദു റോറിയൻ ശകലങ്ങളം എന്നിവ മാത്രമേ ഉണ്ടായിരുന്നുള്ളു. തെർത്തുല്യന്റെ ഭാഷാരീതി നിസ്തുല്യവും ചിന്താസമൃദ്ധിയോടുകൂടിയതും വികാരജനകവും രോമഹർഷകവും വാഗ്മിതാഭരിതവും ദുർഗ്രഹവും ആയിരുന്നു. ഇദ്ദേഹം ജെറോമിനെപ്പോലെ ഒരു അഭിനവശക്തിയോടുകൂടിയതെ ലത്തീൻ ഉപയോഗിച്ചതു്. സിസറോതന്നെയും പരിശോധിച്ച ഫലം അറിഞ്ഞിട്ടില്ലാത്ത ചില ചിട്ടകളം തെർത്തുല്യൻ പ്രസ്തുതഭാഷയിൽ കടത്തിവച്ചിട്ടുണ്ടു്.''

''സന്തോഷത്തെ വെറുക്കുന്നതിനെക്കാളം കൂടുതൽ സന്തോഷം വേറെ എന്തു്.'' ''സാക്ഷികളുടെ രക്തം സഭയുടെ ബീജം.'' ''ക്രിസ്ത്യാനികളം ജനിച്ചവരല്ലാ സൃഷ്ടിക്കപ്പെട്ടവരത്രെ.'' ''ക്രിസ്തു ആചാരമല്ലാ സത്യം തന്നെ.'' ''അയ്മേനികളായിരുന്നാലും മൂവർ എവിടെയുണ്ടോ അവിടെ സഭയുണ്ടു്.'' ''അയ്മേനികളായ നാമും ആചാര്യന്മാരല്ലേ?'' ''മതനിർബന്ധം മതവിരുദ്ധം.'' ''അതു അബദ്ധമാകകൊണ്ടു പൂർണ്ണവിശ്വാസ്യം.'' ''അസാദ്ധ്യമാകയാൽ അതു നിശ്ചിതം'' ''ക്രിസ്തുവിനു പ്ലേറോയോടും സഭയ്ക്കു് കലാശാലയോടും എന്തുബന്ധം?'' ''സത്യം ഉപരിഭോഗത്തല്ലാ, പിന്നയോ ഹൃദയത്തിന്റെ അന്തർഭാഗത്താണു്.'' ഇവ തെർത്തുല്യന്റെ എഴുത്തുകളിൽ കാണുന്ന സൂക്തിരത്നങ്ങളാണു്.

അറുപതു വർഷം കഴിഞ്ഞശേഷമുള്ള ക്രിസ്തുമതസംബന്ധമായ ആചാരങ്ങളുടെ ഒരു മനോഹരചിത്രം തെർത്തുല്യന്റെ എഴുത്തുകളിൽ നാം കാണുന്നു. ''ഞങ്ങളുടെ ഏകീഭൂതമായ ശക്തിയോടുകൂടി ദൈവത്തിനു പ്രാർത്ഥന കഴിക്കുവാൻ ഒരു സമൂഹമായി ഞങ്ങം ഒന്നിച്ചുകൂടിവരുന്നു. ചക്രവർത്തിമാർ, മന്ത്രികം, അധികാരസ്ഥന്മാർ ഇവർക്കുവേണ്ടി ഞങ്ങം പ്രാർത്ഥിക്കുന്നതു കൂടാതെ ലോകക്ഷേമം, സമാധാനപ്രാബല്യം, അവസാനവിധിയുടെ വിളംബം ഇവയ്ക്കായും ഞങ്ങം പ്രാർത്ഥിക്കുന്നു. കാലസ്ഥിതി ഒരു മുന്നറിയിപ്പിനൊ ഒരു ദൂരദൃഷ്ടിയ്ക്കൊ, ആവശ്യമുണ്ടാക്കുന്ന ഞങ്ങളുടെ വിശുദ്ധ എഴുത്തുകം വായിപ്പാൻ ഞങ്ങം കൂടിവരുന്നു. ആ വിശുദ്ധ വചനങ്ങംകൊണ്ടു ഞങ്ങളുടെ വിശ്വാസത്തെ ഞങ്ങം പോഷിപ്പിക്കയും ഞങ്ങളുടെ പ്രത്യാശയെ ഞങ്ങം ഉണർത്തുകയും ഞങ്ങളുടെ ധൈര്യത്തെ ശക്തീകരിക്കയും ചെയ്യുന്നു. ഒട്ടും കുറയാതെതന്നെ ദൈവകല്പനകളെ വീണ്ടും വീണ്ടും പറഞ്ഞുറപ്പിച്ചു സൂശീലത്തെ ദൃഢീകരിക്കുന്നു. ഉൽബോധനങ്ങം കൊടുക്കുന്നു, ശാസനകളം വിശുദ്ധമായ ആക്ഷേപങ്ങളും അനുഷ്ഠിക്കുന്നു. തങ്ങം ദൈവസന്നിധിയിൽ ഇരിക്കുന്നു എന്നു് ഓരോരുവർക്കു തോന്നത്തക്കവണ്ണം ഞങ്ങം കാര്യവിചാരണയ്ക്കു മുതിരുന്നു. ആരെങ്കിലും പാപം ചെയ്യുമ്പോം, വരുവാനുള്ള ന്യായ

വിധിയുടെ എത്രയും ഗണ്യമായ ഒരു മാതൃകയായി പ്രാർത്ഥന, കൂടിവരവു്, ഇവയിൽനിന്നും എല്ലാവിധ വിശ്രുദ്ധസഹവാസത്തിൽ (ഇടപാടിൽ) നിന്നും, ആ ആശ പിരിഞ്ഞുനിൽക്കത്തക്കവണ്ണം, വിധി പ്രസ്താവിക്കുന്നു. ഞങ്ങളുടെ മുപ്പന്മാരിൽ പരിശോധിച്ചു്, അംഗീകരിക്കപ്പെട്ട മനുഷ്യൻ ഞങ്ങളുടെമേൽ ആദ്ധ്യക്ഷം ചെയ്യുന്നു. അവർക്കു് ആ ബഹുമാനം ലഭിച്ചിട്ടുള്ളതു സ്വഭാവവിശേഷം കൊണ്ടല്ലാതെ പണം കൊണ്ടല്ല. ദൈവികസംഗതികളിൽ ക്രയവിക്രയമില്ലാ. ഞങ്ങൾക്കു നിക്ഷേപപാത്രം ഉണ്ടു്. അതു വിശ്രുദ്ധകർമ്മങ്ങൾ വിറ്റുവാങ്ങിയ പണംകൊണ്ടല്ല നിറയ്ക്കുന്നതു്. അങ്ങനെയാകുന്നപക്ഷം മതം ക്രയവിക്രയസാധനമായി പോകുമല്ലൊ. മാസത്തിലൊരിക്കൽ ഞങ്ങൾക്കു വരുമാനമെടുക്കുന്ന ദിവസമുണ്ടു്. അതിൽ ഓരോരുവനും അവനവന്റെ മനസ്സുപോലെയുള്ള ചെറിയ ദാനം ഇടുന്നു. അതു ദാതാവിന്റെ സന്തോഷവും പ്രാപ്തിയുംപോലെ മാത്രം. കാരണം ആ വിഷയത്തിൽ നിർബന്ധം അശേഷം ഇല്ല. എല്ലാം സ്വമനസാ ചെയ്യണം. ഈ ദാനങ്ങൾ, ദൈവശക്തിയുടെ നിക്ഷിപ്തധനമാകുന്നു. ഇവ വിരുന്നുകൾക്കൊക്കൊടിവെറികൾക്കായൊ ചിലവാക്കുന്നില്ല. നേരെമറിച്ചു്, ഒന്നുമില്ലാത്തവരെ സഹായിക്കുന്നതിനും, അവർ മരിച്ചുപോയാൽ, കഴിച്ചിട്ടുന്നതിനും സാധുക്കളായ അനാഥബാലന്മാരേയും ബാലികമാരേയും വളർത്തുന്നതിനും, പ്രായാധിക്യത്താലൊ, രോഗംകൊണ്ടൊ, വശംകെട്ട കൂലിവേലക്കാരെ പോറ്റുന്നതിനും, കപ്പൽച്ചേതം വന്നവർക്കു സഹായിക്കുന്നതിനുമായി ഉപയോഗപ്പെടുത്തുന്നു. കൂടാതെ ആരെങ്കിലും വിശ്വാസംനിമിത്തം തുരങ്ങളിലൊ, തടവുകളിലൊ, ആയിപ്പോകയൊ, ദൈവസഭയോടുള്ള വിശ്വസ്തത നിമിത്തം നാടുകടത്തപ്പെടുകയൊ ചെയ്താൽ അവരേയും ശ്രുശ്രൂഷിക്കുന്നതിനുവേണ്ടി ഞങ്ങൾ ഉപയോഗപ്പെടുത്തുന്നുണ്ടു്. ഈ സ്നേഹപ്രവൃത്തികൾ നിമിത്തമത്രെ ഞങ്ങളെ ചിലർ കുറ്റം പറയുന്നതു്. അവർ പറയുന്നതാവിതു്: ''നോക്കുക, ഈ ക്രിസ്ത്യാനികൾ എത്രമാത്രം അന്യോന്യം സ്നേഹിക്കുന്നു. ഒരുവനുവേണ്ടി മറ്റൊരുവൻ മരിക്കുന്നതിനു് എത്ര സന്നദ്ധർ?'' അവർക്കു് ഇതു് അത്ഭുതമായി തോന്നുന്നതു്, അന്യോന്യം പകയും, അന്യോന്യം കലഹവെയ്ത്തക്ക മനഃസ്ഥിതിയും അവർക്കുള്ളതുകൊണ്ടാണു്. ദൈവത്തെ തങ്ങളുടെ പൊതു പിതാവായി അറിയുന്ന അറിവിലേക്കു നടത്തപ്പെട്ടിട്ടുള്ളവരെ സഹോദരന്മാരെന്നു വിളിക്കയും, അങ്ങനെതന്നെ എണ്ണുകയും ചെയ്യുന്നതു് എത്ര യുക്തമായിരിക്കുന്നു. അവർ വിശ്രുദ്ധിയുടെ ഒരേ ആത്മാവിനെ പാനം ചെയ്തവരും സാമാന്യമൂഢതയുടെ ഗർഭത്തിൽനിന്നു സത്യത്തിന്റെ ഒരേ വെളിച്ചത്തിലേക്കു ജനിച്ചിട്ടുള്ളവരുമാണു്.

ഞങ്ങളുടെ എളിയ വിരുന്നുകളെ, നിങ്ങൾ, ദുഷിച്ചതെന്നും, ദുർവ്യയനടപടി എന്നും പറഞ്ഞു ശകാരിക്കുന്നു. എന്നാൽ ഞങ്ങളുടെ വിരുന്നു തീരെ ഒതുക്കമുള്ള അത്താഴമത്രെ. അതിന്റെ പേർതന്നെ അതിനു തെളിവാണു്. ഗ്രീക്കർ അതിനു സ്നേഹം എന്നു വിളിക്കുന്നു, അതിനു് എന്തു ചിലവു വന്നാലും മുതൽ കിട്ടാതെ വരികയില്ല. വിരുന്നിലെ നല്ല സാധനങ്ങൾ കൊണ്ടു ഞങ്ങൾ അതിഥികളെ സംരക്ഷിക്കുന്നു. അതു് ഒരു മതശ്രുശ്രൂഷ ആകയാൽ ദുഷ്ടതയൊ, അഴിമതിയൊ, അനുവദിക്കുന്നില്ല. അതിൽ പങ്കുകൊള്ളുന്നവർ ആഹാരത്തിനു് ഇരിക്കുന്നതിനു മുൻപായി ദൈവത്തോടുള്ള പ്രാർത്ഥനയെ ആണു് ആസ്വദിക്കുന്നതു്. വിശപ്പു തീരുംവരെ ഞങ്ങൾ ഭക്ഷിക്കുന്നു, രാത്രിയിൽ ദൈവാരാധനയിൽ സംബന്ധിക്കേണ്ടിവരും എന്നു വിചാരമുള്ളവർക്കു ചേരുന്നിടത്തോളം മാത്രം പാനം ചെയ്യുന്നു. നമ്മുടെ വാക്കുകൾ കേൾക്കുന്നവരിൽ ഒരുവൻ, യഹോവയാണെന്നു അറിവുള്ളവരെപ്പോലെ മാത്രം, ഞങ്ങൾ പരസ്പരം സംഭാഷിക്കുന്നു. കൈകൾ കഴുകി, വിളക്കുവച്ചശേഷം ഓരോരുത്തരും എഴുന്നേറ്റുനിൽക്കുവാൻ ആവശ്യപ്പെട്ട

കയും അനന്തരം പ്രാപ്പിപോലെ തിരുവെഴുത്തുകളിൽ നിന്നുള്ളതൊ അവരവർ തന്നത്താൻ ഉണ്ടാക്കിയതൊ ആയ ഒരു പാട്ട പാടുന്നു. വിരുന്നു പ്രാർത്ഥനയോടുകൂടി തുടങ്ങിയതുപോലെ പ്രാർത്ഥനയോടുകൂടി അവസാനിക്കുന്നു.''

തെർത്തുല്യന്റെ കാലത്തു് ഒരു സാമൂഹ്യമേശയുടെ ചുറ്റും ഇരുന്നുകൊണ്ടു് അന്യോന്യം പങ്കിട്ടെടുത്തു വന്നിരുന്ന അപ്പം മുറിയുടെ രീതി മാറി അപ്പവും വീഞ്ഞും ഭോഗിച്ചുകൊടുക്കുന്ന ആരം എന്ന നിലയിൽ അഗ്രാസനസ്ഥനായ ഒരു മൂപ്പൻ സ്ഥാനം പിടിച്ചിരിക്കുന്ന രീതി ആധുനിക സഭകളിൽ ഒരു പ്രമാണമായി തീർന്നിരിക്കുന്നു. തെർത്തുല്യൻ എഴുതിയിരിക്കുന്നതാവിതു്: ''ഭക്ഷണം കഴിക്കേണ്ട അവസരത്തിൽ അതു ഭക്ഷിക്കേണ്ടതിനായും എല്ലാവരും എടുക്കേണ്ടതിനായും കർത്താവു് ഏല്പിച്ചിരിക്കുന്നു. ഞങ്ങളും അതു പ്രാതരാശത്തിനു മുൻപുള്ള ഞങ്ങളുടെ മീറ്റിംഗുകളിൽ കൈക്കൊള്ളുന്നു. അഗ്രാസനസ്ഥന്മാരുടെ കൈകളിൽനിന്നല്ലാതെ മറ്റു കൈകളിൽനിന്നു ഞങ്ങളും വാങ്ങുന്നില്ല. (The Soldiers, Chaplet. C. III.)

തിരുവത്താഴത്തിനു സക്രമെന്തു് എന്ന പേർ ആദ്യമായി ഉപയോഗിച്ചതു തെർത്തുല്യൻ ആണെന്നു തോന്നുന്നു.

ബപ്തിസ്മയെക്കുറിച്ചു തെർത്തുല്യൻ ഇങ്ങനെ എഴുതിയിരിക്കുന്നു: ''ഞങ്ങളും വെള്ളത്തിൽ ഇറങ്ങുന്നതിനു് അല്പം മുമ്പായി സഭയുടെ മുമ്പാകെയും അദ്ധ്യക്ഷന്റെ അധീനതയിലും പിശാചിനേയും അവന്റെ ധാടിമോടികളെയും അവന്റെ ദൂതന്മാരെയും ഉപേക്ഷിക്കുന്നതായി ഗൗരവമായ ഒരേറ്റുപറച്ചിൽ കഴിക്കുന്നു. ഇതിനെ ആധാരമാക്കി സുവിശേഷത്തിൽ കർത്താവു കല്പിച്ചിട്ടുള്ളതിൽ കുറെ കൂടുതലായ വാശാനങ്ങളോടുകൂടി ഞങ്ങളും മൂന്നു പ്രാവശ്യം മുക്കപ്പെടുന്നു. വെള്ളത്തിൽനിന്നു കരേറുമ്പോൾ പാലും തേനും കലർത്തി ഞങ്ങൾക്കു തരുന്നു. കൂടാതെ ഒരു മുഴു ആഴ്ചവട്ടത്തേക്കു ദിനംപ്രതിയുള്ള കുളി വർജ്ജിക്കുകയും ചെയ്യുന്നു. (The Soldiers, Chaplet. C. III.) ബപ്തിസ്മത്തൊട്ടിയിൽനിന്നു പുറത്തു വന്നശേഷം പൂർവ്വാചാരമനുസരിച്ചു്, ആചാര്യന്മാർ കൊമ്പിലുള്ള എണ്ണകൊണ്ടു് അഭിഷേകം ചെയ്യപ്പെടുന്നതുപോലെ ഒരു വാഴ്ത്തപ്പെട്ട അഭിഷേകതൈലത്താൽ ഞങ്ങളും മുഴുവൻ പൂശപ്പെടുന്നു. വെള്ളത്തിൽ മുഴുകുക നിമിത്തം ജഡപ്രകാരമുള്ള കർമ്മമെന്നു പറയാവുന്ന ജ്ഞാനസ്നാനകർമ്മം ആത്മികമായി ഞങ്ങൾക്കു് ഉപകരിക്കുന്നതുപോലെതന്നെ ഞങ്ങളുടെ ശരീരത്തിൽകൂടി ഒഴുകുന്ന അഭിഷേകതൈലവും ഞങ്ങൾക്കു് ആത്മികമായി ഉപകരിക്കുന്നു. മാത്രമല്ല, ഞങ്ങളുടെ പാപങ്ങളിൽനിന്നു ഞങ്ങളെ വിടുവിക്കുന്നതിനു് അതൊരു ആത്മിക സാധകമാഗ്രമായും തീരുന്നു.

അനന്തരം ആശീർവാദവചനത്താൽ പരിശുദ്ധാത്മാവിനെ വിളിച്ചപേക്ഷിച്ചുകൊണ്ടു ഞങ്ങളുടെ മേൽ കൈവയ്ക്കുന്നു. തൽഫലമായി വെടിപ്പുള്ളതും വാഴ്ത്തപ്പെട്ടതുമായ ഞങ്ങളുടെ ശരീരത്തിന്മേൽ അതിപരിശുദ്ധമായ ആത്മാവു്, സൗജന്യമായി, പിതാവിങ്കൽനിന്നു് ഇറങ്ങിവരുന്നു.''

On Baptism. C. 7, 8.

ഈ പ്രബന്ധത്തിന്റെ വേറൊരു ഭാഗത്തു തെർത്തുല്യൻ ഇങ്ങനെ ജയഘോഷം കൊള്ളുന്നു. ''ഏവംവിധം ഒരു മനുഷ്യൻ ആഡംബരമോ വിശേഷാൽ ഒരുക്കമോ ചെലവൊ കൂടാതെ വെള്ളത്തിലേക്കു് ഇറങ്ങുന്നു. ഏതാനും വാക്കുകളുടെ ഉച്ചാരണത്തോടുകൂടി അവൻ മുക്കപ്പെട്ടശേഷം അതിൽനിന്നു് എഴുന്നേൽക്കുന്നു. പക്ഷെ ശരീരത്തിൽ അധികം ശുദ്ധിയോടുകൂടിയല്പായിരിക്കാം ഈ എഴുന്നേല്പു്. എങ്കിലും വിശ്വാസയോഗ്യമല്ലെന്നു

തോന്നിപ്പോകാവുന്ന ഒരു ഫലപ്രാപ്തിയോടുകൂടി അതായതു്, നിത്യജീവൻ പ്രാപിച്ചവൻ എന്ന നിലയിൽ അത്രെ അവൻ ഉത്ഥാനം ചെയ്യുന്നതു്.

On Baptism. C. 2.

തെർത്തുല്യൻ ശിശുസ്നാനത്തെക്കുറിച്ചുള്ള പ്രസംഗമദ്ധ്യേ ഇങ്ങനെ ചോദിക്കുന്നു. ''ചെറിയ കുഞ്ഞുങ്ങളെ സ്നാനപ്പെടുകയും അവരുടെ ജ്ഞാനപിതാക്കന്മാർ അപകടത്തിലാകയും ചെയ്യുന്നതു് എന്തിനു്? കാരണം ജ്ഞാനപിതാക്കന്മാർ തങ്ങളുടെ വാഗ്ദാനത്തെ നിറവേറ്റുന്നതിനു മരണം നിമിത്തം കഴിവില്ലാതെപോയി എന്നു വരാം. മാത്രമല്ല ഏതു കുട്ടിക്കുവേണ്ടി അവർ വാഗ്ദാനം ചെയ്തുവോ, ആ ശിശു ദുസ്സ്വഭാവിയായി വളരുകയും ചെയ്യാം. 'അവരെ എന്റെ അടുക്കൽ വരുന്നതിനു വിരോധിക്കരുതു്', എന്നു കർത്താവു വാസ്തവമായി പറയുന്നു. അവർ പഠിക്കുമ്പോഴും, എവിടെ വരണമെന്നു് ഉപദേശിക്കപ്പെടുമ്പോഴും, അവർ വരട്ടെ ക്രിസ്തുവിനെ അറിവാൻ പ്രാപ്തിയാകുമ്പോൾ അവർ ക്രിസ്ത്യാനികളാകട്ടെ.''

On Baptism C. 18.

ശിശുതിരുവത്താഴം

പ്രഥമശതകം കഴിഞ്ഞു് ഉണ്ടായ വ്യതിയാനങ്ങളിൽ ഏറ്റവും മുഖ്യമായിട്ടുള്ള ഒന്നാണല്ലൊ ശിശുസ്നാനം. മാതാപിതാക്കന്മാരുടെ വിശ്വാസത്തിലേക്കു ബലാൽകാരമായിട്ടെങ്കിലും മക്കളെ ചേർക്കണമെന്നുള്ള നിർബന്ധം കൊണ്ടൊ, കുഞ്ഞുങ്ങൾക്കു രക്ഷയും പാപമോചനവും നൽകുന്നതിനു കഴിയുമെന്നുള്ള വിശ്വാസംകൊണ്ടൊ ശിശുസ്നാനത്തിന്റെ പിന്നാലെ ശിശുക്കൾക്കു തിരുവത്താഴം കൊടുക്കുന്ന ഏർപ്പാടും സഭയിൽ കടന്നുകൂടി. വിശ്വാസവും വിവേകവും കൂടാതെ ശിശുക്കൾക്കു സ്നാനം കൊടുപ്പാൻ സാധിക്കുമെങ്കിൽ ക്രിസ്തുവിന്റെ ശരീരത്തെ വിവേചിക്കാതെ (1 കൊരി. 11: 29) ശിശുക്കൾക്കു തിരുവത്താഴം കൊടുപ്പാൻ എന്തു തടസ്സം? എന്നാണു ശിശുതിരുവത്താഴക്കാർ വാദിച്ചതു്. ഇതിനെക്കുറിച്ചു കാണുന്ന ഒന്നാമത്തെ രേഖ മൂന്നാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന സിപ്രിയന്റെ എഴുത്തുകളിൽ ആണു്. ശിശുസ്നാനപ്രിയനായ അദ്ദേഹത്തിന്റെ ഒരു പുസ്തകത്തിൽ ശിശുതിരുവത്താഴത്തിന്റെ ഗുണത്തെപ്പറ്റി പറഞ്ഞുവരുമ്പോൾ ശിശുക്കൾ ന്യായവിധി ദിവസത്തിൽ, ''ഞങ്ങൾ കർത്താവിന്റെ അപ്പവും പാനപാത്രവും ഉപേക്ഷിച്ചിട്ടില്ല'' എന്നു പറയുന്നതായി കാണിച്ചിരിക്കുന്നു. (De Lapsis. C. IX) അദ്ദേഹം തന്നെ ഈ വിഷയത്തെപ്പറ്റി അത്ഭുതകരമായ ഒരു കഥ പറയുന്നുണ്ടു്. അതു് എങ്ങനെയെന്നാൽ അദ്ദേഹം ഒരു ശിശുവിനു തിരുവത്താഴം കൊടുക്കുമ്പോൾ ആ ശിശു പാനപാത്രത്തിൽനിന്നു കുടിപ്പാൻ മനസ്സില്ലാതെ മുഖം തിരിച്ചുകളഞ്ഞു. ശെമ്മാശൻ ബലം പ്രയോഗിച്ചു് അതിന്റെ വായിൽ കുറെ വീഞ്ഞൊഴിച്ചപ്പോൾ കുട്ടി ചുമ്മാടി തുടങ്ങി. ഇതിന്റെ കാരണമെന്താണെന്നു തിരക്കിയപ്പോൾ, കുറച്ചു ദിവസങ്ങൾക്കു മുമ്പു മാതാപിതാക്കന്മാർ ആ കുട്ടിയെ വളർത്തമ്മയെ ഏല്പിച്ചിട്ടു് എവിടേക്കോ പോയിരുന്നുവെന്നും കുട്ടിയെ വളർത്തമ്മ ഒരു ഉത്സവം നടക്കുന്ന സ്ഥലത്തേക്കു കൊണ്ടുപോയി വിഗ്രഹാർപ്പിതമായ വീഞ്ഞിൽ മുക്കിയ ഒരപ്പം ആ കുട്ടിയെ തീറ്റിയെന്നും അതു നിമിത്തമാണു് ഈ പരിശുദ്ധമായ പാനപാത്രത്തിൽനിന്നു കുടിക്കാതെ കുഞ്ഞു മുഖം തിരിച്ചുകളഞ്ഞതെന്നും മേൽപറഞ്ഞ വളർത്തമ്മ മുഖാന്തരം മനസ്സിലാകുന്നതിനിടയായി. തന്റെ വായു് അശുദ്ധപ്പെട്ടിരിക്കുമ്പോൾ ഈ പരിശുദ്ധമായ പാനപാത്രത്തിൽനിന്നു് എങ്ങിനെയാണു കുടിക്കുക എന്നു വിചാരിച്ചാണു കുട്ടി വായു് പൂട്ടുകയും കുടിക്കാൻ മറുക്കയും ചെയ്തതു് എന്നു കൂടി സിപ്രിയൻ പറയുന്നു. ഈ അബദ്ധം വിശ്വസിപ്പാനും എഴുതുവാനും സിപ്രിയനു തോന്നിയതിൽ ആശ്ചര്യം അത്ഭുതപരതന്ത്രരായിത്തീരുമെന്നുള്ള

തിനു സംശയമില്ല. മേൽകാണിച്ച പുസ്തകത്തിൽ തന്നെയാണു് അദ്ദേഹം ഈ കഥയും ക്രോഡീകരിച്ചിരിക്കുന്നതു്.

അപ്പൊസ്തലിക നിയമങ്ങളുടെ കർത്താവു് തിരുവത്താഴത്തിനുള്ള ക്ഷണത്തിന്റെ കൂട്ടത്തിൽ തള്ളമാർ അവരോടുകൂടി തങ്ങളുടെ കുഞ്ഞുങ്ങളെയും കൊണ്ടുവരുവാൻ ആജ്ഞാപിക്കുന്നു. ശ്രുശ്രൂഷ കൈക്കൊള്ളുന്ന ക്രമം ഇങ്ങനെയാണു് അതിൽ വിവരിക്കുന്നതു്: ആദ്യം ബിഷപ്പന്മാർ തിരുവത്താഴം കൈക്കൊള്ളട്ടെ. പിന്നെ പ്രസ്ബിറ്റർന്മാർ മുതലായവർ, സ്ത്രീകളുടെ ഇടയിൽ ശ്രുശ്രൂഷികകളും, (ശെമ്മാശികളും) കന്യകമാർ, വിധവമാർ എന്നിവർ. അതിന്റെശേഷം കുട്ടികളും, പിന്നീടു മറ്റുള്ള ജനങ്ങളെല്ലാം. (Const lib VIII. Cap. 13.) ആഗസ്തീന്റെ എഴുത്തുകളിൽ നിത്യജീവൻ ലഭിപ്പാൻ ശിശുക്കൾക്കു തിരുവത്താഴം അത്യാവശ്യമാണെന്നു പറഞ്ഞുകാണുന്നു. (Zornii Historia Eucharistiae Infanticum, Cap VII. P. 88. Aug de Peccator; Merit. Lib I. Cap 20. Innoc. Epist. 93. inter. Epist Augustin) ആ കാലങ്ങളിൽ ശിശുതിരുവത്താഴം സാധാരണയായിരുന്നു. സ്ഥാനപ്പെടുത്തിയതിന്റെ ശേഷമത്രെ ശിശുക്കൾക്കു തിരുവത്താഴം കൊടുത്തുവന്നതു്.

മാക്കോൻ സുന്നഹദോസിന്റെ (585) 6—ാമത്തെ കാനോനിൽ പ്രതിഷ്ഠിക്കപ്പെട്ട അപ്പത്തിന്റെ കഷണങ്ങളും വീഞ്ഞിൽ മുക്കി എല്ലാ ബുധനാഴ്ചയും വെള്ളിയാഴ്ചയും ശിശുക്കൾക്കു കൊടുക്കണമെന്നും ശിശുക്കളും അതിനെ ഉപവാസത്തോടുകൂടി കൈക്കൊള്ളണമെന്നും വ്യവസ്ഥപ്പെടുത്തിയിട്ടുണ്ടു്.

(See Hefele concilgesch, 3: 36

ഗ്രിഗോറിയൻതക്സായുടെ ആദിരുപത്തിൽ ഇങ്ങനെ കല്പിച്ചിരിക്കുന്നു: ''ബിഷപ്പു് ഹാജരുണ്ടെങ്കിൽ കുഞ്ഞിനു സ്ഥിരീകരണം നടത്തിയശേഷം അതിനെ തിരുവത്താഴത്തിൽ സംബന്ധിപ്പിക്കുന്നതു കൊള്ളാം. ബിഷപ്പു് ഹാജരില്ലെങ്കിൽ പ്രസ്ബിറ്റർ ശിശുവിനെ തിരുവത്താഴത്തിൽ സംബന്ധിപ്പിക്കട്ടെ.''

(Liturgia Rom. Vet; Murat, Tom II. Col 158.)

കുഞ്ഞിനെ സ്നാനപ്പെടുത്തിയശേഷം അതിനെ തിരുവത്താഴത്തിൽ സംബന്ധിപ്പിക്കുന്നതിനു മുമ്പു രണ്ടു കർമ്മവും ഒരേദിവസം നടക്കുന്നപക്ഷം മുലകുടിപ്പിക്കരുതു് എന്നു് Ordo Romanus എന്ന പദ്ധതിയിൽ പറയുന്നു.

ടെൻറു സുന്നഹദോസിൽവച്ചു റോമസഭ ശിശുക്കൾക്കു തിരുവത്താഴം കൊടുക്കുന്നതു നിർത്തിക്കളഞ്ഞു. കിഴക്കൻ സഭകളിൽ ഇപ്പോഴും ശിശുസ്നാനം എന്നപോലെതന്നെ ശിശു തിരുവത്താഴവും നടപ്പുണ്ടു്. ചില സഭകളിൽ അപ്പം ചവയ്ക്കുവാൻ വയ്യാത്ത കുഞ്ഞിനു വീഞ്ഞെങ്കിലും കൊടുക്കാതിരിക്കയില്ല.

അദ്ധ്യായം അഞ്ച്

ഇടത്തുട്ടവകുപ്പുകൾ

അപ്പോസ്തലിക മാതൃകയനുസരിച്ചു പലയിടത്തും സഭ സ്ഥാപിക്കപ്പെട്ട എന്നുവരികിലും ഉപദേശത്തിന്റെ ലാളിത്യവും ശുദ്ധിയും തങ്ങളുടെ താത്വികബുദ്ധിക്കു രസമായി തോന്നാതിരുന്ന പലർ അവിടവിടെയായി സഭാംഗങ്ങളുടെ ഇടയിൽ ഉണ്ടായിവന്നു. ഇതു ലേഖനങ്ങളിൽ വിശിഷ്യ, പൌലിന്റെ ലേഖനങ്ങളിൽനിന്നു കാണാവുന്നതാണ്. (1 തിമോ. 6: 20; 1: 3, 4; തീത്തൂസ് 3: 9; കൊലൊ, 2: 8 മുതലായവ) ഇക്കൂട്ടർ ക്രിസ്തീയോപദേശങ്ങളെ തത്വജ്ഞാനത്തോടു ഘടിപ്പിക്കുവാൻ ശ്രമിച്ചു. മറുചിലർ യഹൂദസങ്കല്പങ്ങളേയും ആചാരങ്ങളെയും ക്രിസ്തുമാർഗ്ഗത്തോടു കലർത്തുവാൻ ഉത്സാഹിച്ചു. വിഷമതങ്ങൾ (Heresies) അഥവാ ഇടത്തുട്ടകൾ ഇവ്വിധമാണു ക്രിസ്തീയസഭയിൽ ഉളവായതു. ഹ്മനെയോസ്, ഫിലേത്തോസ്, അലക്സന്തർ എന്നിവർ ആദ്യനൂറ്റാണ്ടിലെ വിഷമതസ്ഥാപകന്മാരായിരുന്നു എന്നു ലേഖനങ്ങളിൽനിന്നു കാണാം. ഇതരസംഘങ്ങളെക്കുറിച്ചു ചരിത്രകാരന്മാരിൽ നിന്നല്ലാതെ അറിവാൻ നിവൃത്തിയില്ലാ. അവരിൽനിന്നു കിട്ടുന്ന അറിവുതന്നെയും പൂർണ്ണമായി സ്വീകരിക്കത്തക്കതോ എന്നു സംശയിക്കേണ്ടിയിരിക്കുന്നു. കാരണം കഴിയുന്നതും ഇടത്തുട്ടകാർ തങ്ങളുടെ ഉപദേശങ്ങളെ രഹസ്യമായി സൂക്ഷിച്ചുവന്നതുകൊണ്ടു് അവയെക്കുറിച്ചു ശരിയായി അറിയുക സാദ്ധ്യമല്ലായിരുന്നു. അറിഞ്ഞാൽതന്നെയും അവരോടുള്ള അതൃപ്തിനിമിത്തം സൂക്ഷ്മപരിശോധന കൂടാതെ അവരുടെ വിശ്വാസങ്ങളെക്കുറിച്ചു് അതിവർണ്ണനം ചെയ്യുന്നതിനു് ഇടയുള്ളതുമാണു്.

നോസ്റ്റിസിസം അഥവാ ജ്ഞാനമതം എന്നു പറയുന്ന ഇടത്തുടിനെക്കുറിച്ചു സൂചിപ്പിച്ചിട്ടുണ്ടല്ലോ. ഇതിനോടു ക്രിസ്തുമതോപദേശങ്ങളും ചിലതു കൂടി കലർത്തുക നിമിത്തം നോസ്റ്റിക്കുമതം ക്രിസ്തുമതത്തിന്റെ ഒരു പിരിവു് എന്ന മറുള്ളവർ ധരിപ്പാൻ ഇടയായി. യഥാർത്ഥത്തിൽ ക്രിസ്തുമതത്തോടു് ഒരു ബന്ധവും ഇല്ലെന്നുവരികിലും ക്രിസ്തുമതത്തിൽനിന്നു ചില അംശങ്ങളും എടുത്തിട്ടുള്ളതിനാൽ ചരിത്രകാരന്മാരും ഇതിനെ ക്രിസ്തുമതത്തിലെ ഒരു ഇടത്തുട്ട വകുപ്പായി ഗണിക്കുന്നു. ആദ്യത്തെ മൂന്നു നൂറ്റാണ്ടുകളിൽ ജ്ഞാനമതത്തിൽനിന്നു വളരെ ദൃഷ്യങ്ങളും സഭയ്ക്കുണ്ടായി. ഇക്കൂട്ടർ പ്ളേറോയുടെ തത്വം, യഹൂദപാരമ്പര്യങ്ങളും, പാർസിമതസ്ഥാപകനായ സൊറോസ്റ്റരുടെ ഉപദേശങ്ങളും ഇവയെ ക്രിസ്തുമതോപദേശങ്ങളോടു കലർത്തി പുതിയ മതം പഠിപ്പിച്ചുവന്നതു താഴെവരുംപ്രകാരമായിരുന്നു.

ലോകത്തിന്റെ സൃഷ്ടാവു പരബ്രഹ്മമോ ക്രിസ്തുദേവന്റെ ജനകനോ നന്മയ്ക്കു് ഇരിപ്പിടമോ അല്ല. പിന്നെയോ, ഡമിയർഗ്ഗ് (Demiurg) എന്ന പേരുള്ള യഹൂദന്മാരുടെ ദൈവമാണു്. ഇവനത്രേ മോശയ്ക്കു ന്യായപ്രമാണം കൊടുത്തതു്. വസ്തു അനിത്യവും അശുദ്ധവുമാകുന്നു. നിത്യബ്രഹ്മം ആകട്ടെ അടുത്തുകൂടാത്ത വെളിച്ചത്തിൽ വസിച്ചിരുന്നു. അതിനപ്പുറത്തു ജഡവസ്തു നിശ്ചലമായി കിടക്കുന്നതിനെ ഡമിയർഗ്ഗ് കണ്ടിട്ടു പരമദേവന്റെ അറിവുകൂടാതെ ആ ജഡപദാർത്ഥത്തെക്കൊണ്ടു ലോകം സൃഷ്ടിക്കുകയും തദനന്തരം പരമദേവനു് ഇഛാഭംഗം ജനിക്കത്തക്കവണ്ണം സംഗതികളെ താറുമാറാക്കിക്കള

കയും ചെയ്തു. ക്രിസ്തുവും പരിശുദ്ധാത്മാവും പരബ്രഹ്മത്തിൽനിന്നുള്ള ഉൽപന്നങ്ങളാണു്. ഡമിയർഗ്ഗു് നിമിത്തം ഉള്ള തിന്മയിൽനിന്നും ജഡപദാർത്ഥാൽഭൂതമായ അപായത്തിൽനിന്നും മനുഷ്യരെ രക്ഷിച്ചു് ഉൽകൃഷ്ടപദവിയാലാക്കുന്നതിനു മനുഷ്യാവതാരം ചെയ്തിട്ടുള്ളതാണു ക്രിസ്തു, പഴയനിയമപുസ്തകം നിഷിദ്ധം, പുനരുദ്ധാനം ഇല്ല, ഇത്യാദി ഇല്ലൂട്ടർ ഉപദേശിച്ചുവന്നു.

ഡാക്ടർ ഗ്രണ്ടർട്ടു്, ഈ വകുപ്പുകാരെക്കുറിച്ചു കുറെക്കൂടെ രസകരമായി വർണ്ണിക്കുന്നുണ്ടു്. അദ്ദേഹം ഇങ്ങനെ പറയുന്നു: ''കിഴക്കേജാതികൾക്കു ലൗകീകത്തിൽ ദാസ്യവും നടപ്പിൽ ബാലതുല്യമായ കളിചോവും ആദ്യമേ ശീലിച്ചിരുന്നതിനാൽ കുട്ടികളെപ്പോലെ ദൈവത്തിൽ വിശ്വസിക്കയും പുരുഷന്മാരെപ്പോലെ സ്നേഹപ്രവൃത്തികളും ചെയ്യുകയും ചെയ്യുവാനുള്ള പലക്കും രസിക്കാതെ സാമാന്യവിശ്വാസം പോരാ ഉപനിഷൽജ്ഞാനംതന്നെ വേണം എന്നും ദൈവഹൃദയവും തന്റെ ഉള്ളവും അറിയുന്നതു് അക്ഷരമാല എന്നും ഗണിച്ചു. പരമാത്മാവു് ജീവാത്മാവു് ആയതു് എങ്ങനെ? (വിരാടം) പുരുഷനിൽനിന്നു് ഈ ചരാചരം ഉത്ഭവിച്ചതു് ഏതുപ്രകാരം? ദൈവം ശുദ്ധനെങ്കിൽ ലോകത്തിൽ അശുദ്ധി എവിടെനിന്നു്? മനുഷ്യരിൽ ത്രിഗുണഭേദം കാണുന്നതു് എന്തുകൊണ്ടു്? ഇത്യാദി ചോദ്യങ്ങൾക്കു് ഓരോ സമാധാനങ്ങളും വകഞ്ഞുണ്ടാക്കി മന്ത്രോപദേശമായി പഠിപ്പിച്ചു. അതിന്റെ സംക്ഷേപം ഈവിധമായിരുന്നു. പ്രപഞ്ചം വചനത്താലുള്ള സൃഷ്ടിയല്ലാ, ദൈവം വികസിച്ചതിനാൽ ഉരുവിച്ചതത്രെ. ദോഷത്തിനുംകൂടെ ദൈവം ആദ്യകാരണം. ചില ജ്ഞാതാക്കൾക്കും ദോഷത്തിനു അസ്തിത്വമില്ലെന്നും കേവലം അതു മായയെന്നും അഭിപ്രായമുണ്ടായി. മറുചിലർ ദൈവം രണ്ടായി പിരിഞ്ഞു് വെളിച്ചദേവനും തമോദേവനുമായിത്തീർന്നു എന്നും ലോകത്തിൽ നടക്കുന്ന ദ്വന്ദ്വങ്ങളും ഇവർ ഇരുവരുടെയും പോരാട്ടമത്രെ എന്നും സങ്കല്പിച്ചു. യഹൂദന്മാരുടെ യഹോവാ ലോകനിർമ്മാതാവാണെങ്കിലും കോപിയും അസൂയാകക്ഷിയും ആകയാൽ തമോദേവനത്രെ. പാപിയായ യേശു, അവനിൽ സ്നാനസമയത്തു് ആവേശിച്ച ക്രിസ്തു, എന്നിവർ രണ്ടുപേർ തന്നെ. ക്രിസ്തു വെളിച്ചദേവന്റെ അംശമായി അവതരിച്ച തമോദേവനെ തോല്പിച്ചിരിക്കുന്നു. യഹൂദന്മാർ ക്രിസ്തുവിനെ അല്ല, അവന്റെ സ്വരൂപധാരിയായ ഒരാളിനെ അത്രെ കുരിശിച്ചതു്. യേശുവും അപ്പോസ്തലരും കൌശലം പ്രയോഗിച്ച യഹോവയുടെ ഉപദേശപ്രകാരം ചിലതൊക്കെ പഠിപ്പിച്ചതു സ്ഥിരപ്രമാണമല്ലാ. ചിലതിൽ വിരാഡ്പുരുഷന്റെ ആഭ്യന്തരതപം തെളിയിച്ചിട്ടുള്ളതു് ശാശ്വതപ്രമാണംതന്നെ. ഈ പ്രമാണങ്ങളും രണ്ടും ഞങ്ങൾക്കു മാത്രമേ വകതിരിച്ചു പറവാൻ കഴികയുള്ളു. ജഡം ഒന്നിനും പ്രയോജനമുള്ളതല്ലാ. ഒരുനാളും ഉയിർത്തെഴുന്നേൽക്കയുമില്ല. ആത്മാവു് മാത്രമേ ഗണ്യമായിട്ടുള്ളു. നിർവ്വാണമാകുന്ന മോക്ഷമല്ലാതെ സ്വർഗ്ഗമില്ല. മറുചില ജ്ഞാതാക്കൾ പുരുഷാർത്ഥം എന്നു പറകയേ വേണ്ടാ. ജ്ഞാതാക്കളുംമറുചിലർ, സപ്തം മനുഷ്യർക്കു് ആത്മബോധം ജനിപ്പിച്ച ദൈവാവതാരം അത്രെ; കായേനും ഹാമും ജ്ഞാനപിതാക്കന്മാർ; ശ്രേഷ്ഠനായ യൂദാ ഇസ്കറിയോത്തു് തമോദേവനെ അധഃകരിക്കേണ്ടതിനു യേശുവിനു മരണം വരുത്തിയതിനാൽ എന്നെന്നേക്കും ധന്യൻ; ക്രിസ്തു മാത്രം രക്ഷിതാവു് എങ്കിലും യേശു ശാപയോഗ്യൻ. രക്തസാക്ഷികളും ദോഷന്മാർ, കാരണം യേശു എന്ന മായാദേഹത്തിനുവേണ്ടി അവർ ജീവനെ ഉപേക്ഷിച്ചുകളയുന്നു. ഈ സപ്തമതക്കാരുടെ പാട്ടുകളിൽ ഒന്നിൽ,

''ഞാൻ നീയും നീ ഞാനും
നീ എവിടെ അവിടെ ഞാനും
ഞാൻ സകലത്തിലും ചിതറിയിരിക്കുന്നു
എന്നെ ചേർത്താൽ നിന്നെത്തന്നെ ചേർക്കുന്നു.''

എന്നു കാണുന്നു. ഇവരുടെ ചില ഗുരുക്കന്മാർ ദൈവനാമവും, ദൈവത്തിനു മാത്രവും യുക്തവുമായ ബഹുമാനവും സ്വീകരിച്ചു് ഇവരിൽ വേറൊരു വകുപ്പു് മാംസഭോജനം തള്ളി യോഗവും സന്യാസവും ബ്രഹ്മചര്യവും ദീക്ഷിച്ചു. വേറൊരുകൂട്ടർ സ്ത്രീകളെല്ലാം പൊതുവകയത്രെ. ഇതാണു ദിവ്യനീതിയുടെ ഉറവു്. രാജാക്കളും ദൈവമക്കളും ആയവർക്കു് നിഷിദ്ധം ഒന്നുമില്ലാ എന്നു പറഞ്ഞു് അഹങ്കരിക്കയാൽ തക്കുടുക്കളും വകഭേദങ്ങളും അവരുടെ ഇടയിൽ അനവധി ഉണ്ടായി.

ക്രിസ്തുസഭാചരിത്രം പുറം 55—57.

ക്രിസ്തുമാർഗ്ഗത്തോടു് യാതൊരു ബന്ധവുമില്ലാത്ത ഈ അബദ്ധപ്രകടനങ്ങൾകൊണ്ടു സഭയിൽ വലിയ കുഴപ്പങ്ങൾ ഉണ്ടായി. നോസ്റ്റിക്കുകളുടെ ഒരു ശാഖയായ ഡോസെത്തായി (Docetae) എന്ന കക്ഷികൾ, ക്രിസ്തു സാക്ഷാൽ മനുഷ്യനല്ലെന്നും, എബിയോന്യർ, (Ebionites) അവൻ സാക്ഷാൽ ദൈവമല്ലെന്നും പഠിപ്പിച്ചു. ഈ രണ്ടു മതങ്ങളാൽ അപ്പൊസ്തലന്മാർ പഠിപ്പിച്ച പാപപരിഹാരോപദേശം നഷ്ടപ്രായമായി. ഇക്കൂട്ടരുടെ അഭിപ്രായങ്ങളെ ഖണ്ഡിച്ചായിരിക്കണം യോഹന്നാൻ അപ്പൊസ്തലൻ തന്റെ ലേഖനത്തിൽ ചിലഭാഗങ്ങൾ എഴുതിയിരിക്കുന്നതു്.

ഒന്നാം നൂറ്റാണ്ടിലെ പാഷണ്ഡികളിൽ പ്രധാനന്മാർ ശിമോൻ മാഗസ്, മെനാൻഡർ, ഡോസിത്തസ്, സെറിന്തസ് എന്നിവരാണു്.

I. ശിമോൻമാഗസ്

ഇദ്ദേഹത്തെപ്പറ്റി പ്രവൃത്തികളുടെ പുസ്തകത്തിൽ പറഞ്ഞിട്ടുണ്ടല്ലോ. ഇയാൾ ശമര്യാ നാട്ടുകാരൻ. എജിപ്തിൽ പോയി മന്ത്രവാദം അഭ്യസിച്ചു് തിരികെ സ്വദേശത്തു് എത്തി ഒരു ദേവനെന്നു നടിച്ചു ജനങ്ങളെ ഭ്രമിപ്പിച്ചുതുടങ്ങി. ഹൃദയത്തിൽ സാക്ഷാൽ മാറ്റമുണ്ടാകാഞ്ഞതിനാൽ ക്രിസ്തുസഭയിൽനിന്നും ശിമോൻ പുറത്തുപോകേണ്ടിവന്നു. ക്രിസ്തുനാമം കലർത്തിട്ടുള്ള ഒരുമാതിരി നോസ്റ്റിക്കു് മതം ഈ മനുഷ്യൻ പ്രസംഗിച്ചു. ആകാശത്തിലേക്കു പറക്കുവാൻ ശ്രമിച്ചപ്പോൾ പത്രോസിന്റെ പ്രാർത്ഥനയാൽ ഇയാൾ താഴെവീണു മരിച്ചുപോൾ. എപ്പിഫ്പാനസ് എന്ന എഴുത്തുകാരൻ ശിമോനെക്കുറിച്ചു് ഇങ്ങനെ പറഞ്ഞിരിക്കുന്നു. ''ശിമോൻ തന്നോടു ഒന്നിച്ചു സഞ്ചരിച്ചിരുന്ന ഹെലനാ എന്ന സുന്ദരിയെ പരിശുദ്ധാത്മാവു് എന്നു വിളിക്കയും താൻ ജൂപ്പിറ്ററാണെന്നു ഭാവിക്കയും ചെയ്തു. ശിമോന്റെ അനുഗാമികൾ പ്രേതസംസർഗ്ഗം, മന്ത്രവാദം എന്നിവയ്ക്കു് വിരുതന്മാരായിരുന്നു. യൂസ്റ്റീന്റെ കാലത്തു് ശിമോനെ പ്രധാന ദൈവമായി ശമര്യരെല്ലാം ആരാധിച്ചുവന്നതായി യൂസ്റ്റീൻതന്നെ പറയുന്നു. ഇതരദേശങ്ങളിലും അവനെ നമസ്കരിക്കുന്നവരുണ്ടായിരുന്നു. എന്നാൽ ഒരു നൂറ്റാണ്ടു കഴിഞ്ഞു് ഓറിജൻ അവനെക്കുറിച്ചു പറയുന്നതു് ''ലോകത്തിൽ ഇവനെ വിശ്വസിക്കുന്നവർ ഇപ്പോൾ ആകെ മുപ്പതുപേരുണ്ടോ എന്നതത്രെ സംശയം.''

II. മെനാൻഡർ

ശിമോന്റെ ശിഷ്യനായ മെനാൻഡറിന്റെ ഉപദേശങ്ങളും ഗുരുവിന്റേതുതന്നെയായിരുന്നു. താൻ ദൈവം എന്നു പറവാൻ അവൻ തുനിഞ്ഞില്ലെങ്കിലും ലോകരക്ഷിതാവു് എന്നു നടിക്കയും തന്റെ കയ്യാൽ സ്നാനപ്പെടുന്നവൻ വാർദ്ധക്യം ചെല്ലുകയോ മരിക്കയോ ഉണ്ടാകയില്ല എന്നു ഭേരി മുഴക്കുകയും ചെയ്തു.

III. ഡോസിത്തസ്

ആവത്തനം 18: 18–ൽ കാണുന്ന വാഗ്ദത്ത പുരുഷൻ താൻതന്നെയാണെന്നു് ഇയാൾ ജല്പിച്ചു. ശാബതാചാരത്തിൽ ഇവൻ വളരെ നിഷ്കർഷയുള്ളവനായിരുന്നു. കൂടാതെ ഉപവാസത്താൽ വലിയ കാര്യങ്ങൾ സാധിക്കാമെന്നു് ഉള്ള അഭിപ്രായത്തെ ഈ മനുഷ്യൻ പുലർത്തിപോന്നു.

IV. സെറിന്തസ്

സെറിന്തസത്രെ വിഷമതോപദേഷ്ടാക്കളിൽ ഏറ്റവും മുഖ്യൻ. യഹൂദിയാ നാട്ടുകാരനായ ഇയാൾ അലക്സന്ത്രിയയിൽ പോയി നോസ്റ്റിക്കു വിദ്യ അഭ്യസിച്ചശേഷം നാട്ടിലെത്തി ഓരോ പുതിയ അഭിപ്രായങ്ങൾ നിർമ്മിച്ചുതുടങ്ങി. ഡോമിഷ്യൻ ചക്രവർത്തിയുടെകാലത്തു് ഇയാൾ പ്രസിദ്ധനായിതീർന്നു. എഫെസിലത്രെ ഇയാളുടെ ദുരുപദേശവിദ്യ ഫലകരമാംവണ്ണം മുളച്ചുവളർന്നതു്. യൂദമതത്തേയും നോസ്റ്റിക്കു് ഉപദേശങ്ങളേയും പരസ്പരം കലർത്തുവാൻ ഈദ്ദേഹം ശ്രമിച്ചു.

സെറിന്തസ്സിന്റെ അഭിപ്രായത്തിന്റെ ചുരുക്കമാവിതു്: ''ലോകം ഒരു ദൈവദൂതനാൽ സൃഷ്ടിക്കപ്പെട്ട. അവൻ അറിവിലും പ്രാപ്തിയിലും അപൂർണ്ണനായിരുന്നു. ഈ ദൂതന്റെയും കൂട്ടരുടെയും പക്കൽനിന്നാണുപോൽ ന്യായപ്രമാണവും പ്രവചനവും ഉണ്ടായതു്. സെറിന്തുമതപ്രകാരം പഴയനിയമം അപൂർണ്ണവും അപ്രധാനവും എങ്കിലും ദോഷകരമല്ല. ഡമിയൂർഗ്ഗു് യഹൂദന്മാരിൽ സാമാന്യന്മാർക്കു കടന്നുപോകാൻ കഴിയാത്ത ഒരു മതിൽ കെട്ടി. തിരഞ്ഞെടുക്കപ്പെട്ടവർ മാത്രം ഈ മതിൽകടന്നു പരമജ്ഞാനത്തെ ലഭിക്കുന്നതിനു കഴിവുള്ളവരായിത്തീർന്നു. യോസഫു്, മറിയ എന്നിവരിൽനിന്നു നേരിട്ടു ജനിച്ച ഒരു വെറും മനുഷ്യനത്രെ യേശു. അവനെറ നീതിമത്വംകൊണ്ടു ദൈവം അവനെ മശിഹാ ആക്കി. സ്നാനസമയം ക്രിസ്തു എന്ന ഇയോൻ (Aeon) അവന്റെമേൽ ഇറങ്ങി, അത്യന്തനെ വെളിപ്പെടുത്തിക്കൊടുത്തു കൂടാതെ ഉപദേശം സ്വീകരിപ്പാൻ ആവശ്യമുള്ള അത്ഭുതവരങ്ങളും നൽകി. ഡമിയൂർഗ്ഗു്, യേശു തന്റെ ശക്തിയെ ആക്രമിച്ചതായികണ്ടു്, വൈരാഗ്യമടഞ്ഞു യേശുവിനെ ഉപദ്രവിപ്പാൻ യൂദമതനേതാക്കളെ ഇളക്കിവിട്ടു. യേശുവിന്റെ ക്രൂശാരോഹണത്തിനു മുൻപു യോഗ്യനായ ക്രിസ്തു തന്റെ പൂർവ്വസ്ഥാനമായ പ്ലീറോമയിൽ ചെന്നുചേരുകയും ചെയ്തു.

യൂദമതത്തിന്റെ ആത്മികകാതൽ ക്രിസ്തു വെളിപ്പെടുത്തി എങ്കിലും അതിന്റെ ബാഹ്യനിബന്ധനകളും, താല്ക്കാലികമായ അപൂർണ്ണനടത്തയും കൂടെക്കൂടെ പാലിക്കേണ്ടതെന്നും, യേശു തന്നത്താൻ വഴങ്ങിക്കൊടുത്ത എല്ലാ യൂദമര്യാദകളേയും ക്രിസ്ത്യാനികളും ആചരിക്കേണ്ടതു് എന്നും സെറിന്തസ് ഉപദേശിച്ചു.

പുതിയ നിയമത്തിൽ അവൻ കൈക്കൊണ്ടിരുന്നതു മത്തായിയുടെ സുവിശേഷത്തിൽ ചിലഭാഗങ്ങളും മാത്രമാണെന്നും, സഹസ്രാബ്ദവാഴ്ചയിലെ ഭാഗ്യങ്ങളും തീരെ ജഡമയമെന്നു് അവൻ ധരിച്ചിരുന്നതായും ചിലർ പറയുന്നുണ്ടു്. ഇതിന്റെ സത്യത നിർണ്ണയിക്കുക വളരെ പ്രയാസം.

പോളിക്കാപ്പസ്സും ഐറീനിയസ്സും ഒരു കഥ പറയുന്നുണ്ടു്. ഒരിക്കൽ യോഹന്നാൻ അപ്പൊസ്തലൻ എഫെസൂസിലുള്ള ഒരു കുളിപ്പുരയിൽ പ്രവേശിച്ചു. ഉടൻ നോസ്റ്റിക്കു് ഉപദേശക്കാരനായ സെറിന്തസ്സിനെ കണ്ടു

പുറകോട്ട് ഇറങ്ങീട്ട് സത്യത്തിന്റെ വൈരി ഇതിലുള്ളതിനാൽ ഈ പുര നമ്മുടെമേൽ വീഴാതെ നമുക്ക് ഓടിക്കളയാം എന്നു വിളിച്ചു പറഞ്ഞു.

ഈ നൂറാണ്ടിൽതന്നെ മുളച്ചിരുന്ന എങ്കിലും രണ്ടുമുതലുള്ള നൂറാണ്ടുകളിൽമാത്രം അഭിവൃദ്ധിപ്പെട്ട എബിയോന്യർ മുതലായവരെക്കുറിച്ച് പിന്നാലെ പറഞ്ഞുകൊള്ളാം.

അദ്ധ്യായം ആറു്

ഇടത്തുട്ടവകപ്പുകൾ

(തുടർച്ച)

രണ്ടാം നൂറ്റാണ്ടിലെ ക്രൈസ്തവവിഭാഗങ്ങളുടെ കൂട്ടത്തിൽ ഒന്നാം സ്ഥാനം യഹൂദക്രിസ്ത്യാനികൾക്കത്രെ. മോശൈക നിയമത്തെക്കുറിച്ചുള്ള തീക്ഷ്ണത നിമിത്തം, ഇതര ക്രിസ്തവിശ്വാസികളിൽനിന്നു് ഇവർ പിരിഞ്ഞുമാറി. അഡ്രിയാന്റെ കാലത്താണു് ഇവരുടെ വേർതിരിവു്. എങ്ങനെയെന്നാൽ ഈ ചക്രവർത്തി യറുശലേമിനെ രണ്ടാമതു നശിപ്പിച്ചശേഷം യഹൂദന്മാർക്കു വിപരീതമായി ക്രൂരനിയമങ്ങൾ ഉണ്ടാക്കി. അന്നു പലസ്തീൻ നാട്ടിൽ ജീവിച്ചിരുന്ന ക്രിസ്ത്യാനികളുടെ ഒരു വലിയ വിഭാഗം, യഹൂദന്മാരുടെ കൂട്ടത്തിൽ അവർ എന്നപ്പെടാതിരിക്കേണ്ടതിനു മോശൈക നിയമത്തിലെ ആചാരങ്ങളെ നിരസിച്ചു, യഹൂദേതരനും വിദേശിയുമായ മക്കോസു് എന്നു പേരുള്ള ഒരുവനെ തങ്ങളുടെ ബിഷപ്പായി അംഗീകരിക്കയുണ്ടായി. മോശൈകനിയമത്തോടു പറ്റിച്ചേർന്നിരുന്ന ഇവരുടെ സഹവിശ്വാസികൾക്കു് ഇതു നിമിത്തം തീരാത്ത വിരോധം ഉണ്ടായതിനാൽ അവർ പിരിഞ്ഞു പലസ്തീന്റെ ഒരു ഭാഗമായ പീരിയായിലും പരിസരങ്ങളിലും ഒരു പ്രത്യേക സംഘമായി രൂപപ്പെട്ടുനിന്നു. ഇവരുടെ ഇടയിൽ ക്രിസ്തവിശ്വാസത്തോടുകൂടിത്തന്നെ മോശൈനിയമം അതിന്റെ സമ്പൂർണമഹിമയോടുംകൂടി വാണു.

മോശയോടും ക്രിസ്തവിനോടും യോജിക്കുന്ന ഇക്കൂട്ടർ പിന്നെയും രണ്ടു വകുപ്പായി പിരിഞ്ഞുപോയി. അഭിപ്രായങ്ങളിലും ആചാരങ്ങളിലും, വളരെ അകൽച്ച ഉണ്ടായിരുന്ന ഇക്കൂട്ടർക്കു നസറേന്യർ (Nazarenes) എന്നും എബിയോന്യർ (Ebionites) എന്നും പേർ. ഇതിൽ ആദ്യത്തെ വകുപ്പുകാരെ പൂർവ്വക്രിസ്ത്യാനികൾ ഇടത്തുട്ടകാരായി ഗണിച്ചിട്ടില്ല. മറ്റവർ മതത്തിന്റെ അടിസ്ഥാനം മാന്തിമറിച്ച ഒരു സമൂഹമാകുന്നു. രണ്ടു കൂട്ടർക്കും നമ്മുടെ സുവിശേഷങ്ങളിൽനിന്നു വിഭിന്നമായ ഒരു സുവിശേഷഗ്രന്ഥം ഉണ്ടായിരുന്നു. നസറേന്യർ എന്നുള്ളതു് യഥാർത്ഥത്തിൽ ഒരു വകുപ്പിന്റെ പേരല്ല ക്രിസ്ത്യാനികൾക്കുള്ള മറ്റൊരുപേർ തന്നെയാണു്. ഗ്രേക്കുകാരുടെ ഇടയിൽ ക്രിസ്തീയനാമം ധരിച്ചിട്ടുള്ളവർക്കു യഹൂദന്മാർ കൊടുത്തപേർ നസ്രാണികൾ എന്നായിരുന്നു. ഇതു ക്രിസ്ത്യാനികൾക്കു് അരുചികരമായി തോന്നിയുമില്ല. മേല്പടി നസറേന വകുപ്പുകാർ ക്രിസ്തവിന്റെ കന്യകാ ജനനത്തേയും അവന്നു ദൈവത്വത്തിൽ ഏതോ ഒരു അംശീഭാവം ഉണ്ടെന്നുള്ളതിനെയും വിശ്വസിച്ചിരുന്നു. മോശയുടെ ആചാരങ്ങളെ അവർ കൈവെടിഞ്ഞില്ലെങ്കിലും പുറജാതി ക്രിസ്ത്യാനികളുടെമേൽ അതു കെട്ടിവെയ്പാൻ അവർ ശ്രമിച്ചില്ല. മോശയുടെ ഏഴർപ്പാടുകളെ അല്ലാതെ പരീശന്മാരും ന്യായപ്രമാണശാസ്ത്രികളും നിർമ്മിച്ച എല്ലാ ചട്ടങ്ങളെയും ഇവർ പ്രതിഷേധിച്ചു. ഈ കാരണങ്ങൾ ഗണിച്ചുകൊണ്ടാണു മറ്റു ക്രിസ്ത്യാനികൾ ഇവരെ ഇടത്തുട്ടകാരായി പരിഗണിക്കാതിരുന്നതു്. എബിയോന്യർ ക്രിസ്തവിനെ ദൈവത്തിന്റെ ഒരു കാര്യസ്ഥനായും ദിവ്യശക്തി ഉള്ളവനായും ഗണിച്ചുവെങ്കിലും യോസഫിന്റെയും മറിയയുടെയും മകനായ ഒരു സാധാരണ മനുഷ്യനാണെന്നു വിശ്വസിച്ചു. മോശയുടെ

നിയമങ്ങളെ എതിർക്കുക നിമിത്തം പൗലൂസിനോട്ട് ഇവർക്ക് അതിരില്ലാത്ത വിരോധമുണ്ടായിരുന്നു.

റേഷ്യൻ (Tatian) ജന്മനാ ഒരു അസ്സീറിയൻ ആയിരുന്നു. ഇയാളും വളരെ പഠിപ്പുള്ള മനുഷ്യനും ജസ്റ്റിൻ മാർട്ടറിന്റെ ശിഷ്യനുമായിരുന്നു. ഇദ്ദേഹത്തിന്റെ അനുഗാമികളും തിരുവത്താഴത്തിൽ വീഞ്ഞിനു പകരം വെള്ളമാണ് ഉപയോഗിച്ചതു്. ഇവർ വലിയ ഉപവാസക്കാരും വിവാഹനിഷേധികളും ആയിരുന്നു.

നോസ്റ്റിക്കുവകുപ്പുകളിൽ വളരെ ചെറുവിഭാഗങ്ങളും ഉണ്ടായിരുന്നു. ഒരു കൂട്ടർ ആദാമ്യർ എന്നവരാണു്. ഇവർ ആദാമിനെ അനുകരിച്ചു ജീവിപ്പാൻ ആഗ്രഹിച്ചു.

വേറൊന്നു, കയീന്യരാണു് കയീൻ, സോദോംകാർ കോറഹ്, ദാഥാൻ, യൂദാസ്കറിയോത്തു് ഇവരുടെ നേരെ ഇക്കൂട്ടർക്കു വളരെ ബഹുമാനമുണ്ടായിരുന്നു.

ഹാബേല്യാർ എന്ന ഒരു ചെറുസംഘം. ഇവർ കല്യാണം കഴിക്കുമെങ്കിലും, കുട്ടികളെ ജനിപ്പിച്ചുകൂടെന്നു് അഭിപ്രായമുള്ളവരാണു്. തങ്ങളുടെ അവകാശികളായി, എവിടെനിന്നെങ്കിലും ഓരോ കുട്ടികളെ എടുത്തുകൊള്ളും. ഇങ്ങനെ ഇവർ 1 കൊരി. 7: 9 നിവർത്തിക്കുമായിരുന്നു.

ഹെമ്മോജനീസ് ഒരു ചിത്രകാരനായിരുന്നു. വസ്തു മുഴുവൻ ദോഷമയവും, പദാർത്ഥങ്ങളും ദൈവത്തിന്റെ സർവ്വശക്തിയാൽ സൃഷ്ടിക്കപ്പെട്ടതല്ലെന്നുമായിരുന്ന അയാളുടെ മതം.

മാർക്കസ് അന്തോണിനസിന്റെ കാലത്തു ക്രിസ്തുമതത്തിൽ ഒരു പുതിയ വകുപ്പ് ഉണ്ടായി. അതു നിരക്ഷരകുക്ഷികളെന്നു ചൊല്ലുന്നൊരുത്തന്യരത്രെ. മറ്റു പല വിഭാഗങ്ങളെപ്പോലെ ഇതു തത്വജ്ഞാനത്തിന്റെ സന്താനമായിട്ടല്ല ഉല്പാദിച്ചതു്. ഇതിന്റെ സ്ഥാപകനായ മൊണ്ടാനസ് വേണ്ട വിവേകബുദ്ധിയില്ലാത്ത ഒരുവനായിരുന്നു. ഫ്രിഗിയയിലെ ഒരു സാധുഗ്രാമമായ പെപ്പൂസയിലാണു് അവൻ ജനിച്ചതു്. ക്രിസ്തു തന്റെ ശിഷ്യന്മാർക്കു വാഗ്ദാനം ചെയ്തിരുന്ന ആശ്വാസപ്രദൻ താനാണെന്നും ദിവ്യാവേശത്താൽ പ്രവചനം പറയുന്നതിനു തനിക്കു കഴിയുമെന്നും ഇയാൾ ഭാവിച്ചു. സഭാചരിത്രകാരനായ ഡോക്ടർ ഗ്രുണ്ടർട്ട് ഈ വിഭാഗത്തെപ്പറ്റി ഇങ്ങനെ പറയുന്നു. ''മറ്റു ചില വിദ്വാന്മാർ, വഞ്ചന പ്രയോഗിച്ചു പ്രസിദ്ധനാമങ്ങളെ മുന്നിട്ട ദർശനങ്ങളെയും മറ്റും എഴുതി, വ്യാജത്താൽ ക്രിസ്തുസത്യത്തെ ഉറപ്പിക്കാൻ നോക്കി. വിരോധികളും അപ്രകാരംതന്നെ ചെയ്തു. ജ്ഞാതാക്കളോടു പൊരുതുകൊള്ളുമ്പോഴും, ചിലർ സകല ജ്ഞാനവിദ്യകളെയും തള്ളുന്നതുമല്ലാതെ വേദവായനയും താഴ്ത്തി സദാത്മാവിന്റെ നിത്യവെളിപ്പാടുകളെ ആശ്രയിച്ച ഫ്രുഗ്യനാട്ടിൽ മുമ്പേ കോമരമായി, വെളിച്ചപ്പാടു ശീലിച്ച മൊന്താൻ ക്രിസ്തനിൽ വിശ്വസിച്ച നാൾമുതൽ ലോകത്തെ ഉപേക്ഷിച്ചു, സഹസ്രാബ്ദവർഷത്തിൻ വാഴ്ചയെ കാംക്ഷിച്ചു, ജ്ഞാതാക്കളുടെ കൗശലത്തെയും സഹോദരരിലെ പ്രപഞ്ച ശക്തിയെയും, സഭോപദ്രവത്തെയും, ഭ്രകമ്പവും കണ്ട ധ്യാനിച്ച പ്രവാചകം തുടങ്ങി.'' ''ലോകം നശിപ്പാറാകുന്നു, മരണം സമീപിച്ചു, ക്രിസ്തുവിനുവേണ്ടി മരിക്കേണം; ഹിംസകന്മാർക്കു ന്യായവിധികളും ഒരുങ്ങി ഇരിക്കുന്നു. കൈസർമാർക്കും, ജ്ഞാനികൾക്കും, പ്രാകൃതന്മാർക്കും, എന്നുന്നേക്കുള്ള ബാധകളും തുടങ്ങുന്നു. എഴുന്നേല്പിൻ! ഉണരുവിൻ! യേശു വാഗ്ദത്തം ചെയ്ത ആശ്വാസ

പ്രദൻ, ഇപ്പോഴത്തെ വന്നിരിക്കുന്നു. പരിശുദ്ധാത്മാവു് എന്നിൽ ഇറങ്ങി പാർക്കുന്നു. സഭയിലും പകൎന്നു വരും. വിശ്വാസപിതാക്കന്മാരുടെ കാലം, ദൈവരാജ്യത്തിന്റെ ശൈശവമായി. മോശെ ധൎമ്മത്താലെ ബാല്യമായി; സുവിശേഷത്താൽ യൗവ്വനം വന്നു; ഇപ്പോഴോ ആശ്വാസപ്രദന്റെ വരവിനാൽ പക്വമായ പൗരുഷം മുഴുത്തു ചമയുന്നു. വേദം തിരിച്ചറിവാനും, സകല ചോദ്യങ്ങൾക്കും, ഉത്തരം ലഭിപ്പാനും ശുദ്ധനടപ്പിൽ തികവു് എത്തുവാനും ഇതാ സമയം ഉദിച്ചിരിക്കുന്നു. (യോവേൻ 3.) സഭയിലെ മൂപ്പന്മാർ പ്രമാണമല്ല, അവർ മിക്കവരും പ്രാകൃതന്മാരത്രെ. പ്രവാചകന്മാരെ, അപ്പൊസ്തലന്മാരുടെ അനന്തരവർ എന്നു് എണ്ണി, ബഹുമാനിക്കേണ്ടു. സദാത്മാവു പറയുന്നിതു്; ''ഇതാ മനുഷ്യൻ ഒരു വീണപോലെ; ഞാൻ അവനെ മീട്ടുന്നു; മനുഷ്യൻ ഉറങ്ങുന്നു; ഞാൻ ഉണൎന്നിരിക്കുന്നു. കൎത്താവു മനുഷ്യരുടെ ഹൃദയങ്ങളെ ദേഹത്തിനു പുറത്താക്കുന്നു. മനുഷ്യർക്കു ഹൃദയങ്ങളെ കൊടുക്കയും ചെയ്യുന്നു. ഭൂതനല്ല വരുന്നതു്; പിതാവായ ഞാൻ നിന്മേൽ വന്നാവസിച്ചു, എന്റെ തേജസ്സു കാട്ടുന്നു.'' ഈ വാക്കുകളും പലരും വിശേഷാൽ സ്ത്രീകളും കേട്ടു, ഉടനെ തങ്ങളും വെളിച്ചപ്പെട്ടുതുടങ്ങി, ഓരോന്നു പറയും. നോമ്പെടുക്കുന്നതു പോരാ; ബുധനാഴ്ചയിലും വെള്ളിയാഴ്ചയിലും അന്നമനത്തോളം നോല്പോണം; ഇന്നിന്ന ആഴ്ചകളിൽ അപ്പവും വെള്ളവും മാത്രം ഭുജിക്കാവു. കുട്ടിലിന്മേലും പ്രസവവേദനയിലും മരിപ്പാൻ ആഗ്രഹിക്കരുതു്. രക്തസാക്ഷികളായി മരിപ്പാൻ ഉത്സാഹിച്ചുനേഷിപ്പിൻ. എന്നാൽ ഉടനെ ഏഴുനിലെത്തും. ഇതു് അഗ്നിസ്നാനം; ഇതു പാപനാശവും നിത്യമാനവും ആകുന്നു. പരിശുദ്ധാത്മാവെ മറ്റും ആഗ്രഹിക്കുന്നവൻ വിവാഹം ചെയ്യരുതേ. സഭാസംസ്കാരം കൂടാത്ത വിവാഹം വ്യഭിചാരം അത്രെ. വിവാഹം നിത്യവ്യവസ്ഥ ആകയാൽ, മരിച്ചാൽ രണ്ടാമതു് ഒരു കല്യാണവുമില്ല. പൂഴിയോളം തന്നത്താൻ താഴ്ത്തിയില്ലാതെ, ദ്വഷ്ടനെ സഭയോടു ചേൎത്തുകൊള്ളരുതേ. വിഗ്രഹാരാധിയെയും വ്യഭിചാരിയെയും ഒരുനാളും ചേൎത്തുകൂടാ. അതാ കിരീടം! അതാ ആസനം! അതാ പുതിയ യറുശലേം (ദ്രൃശ്യഗ്രാമമാകുന്നു) പെപൂജയിൽ ഇറങ്ങി വരുന്നു; ഒന്നിച്ചു കടന്നു, 1000 ആണ്ടു വാഴുവിൻ!'' ഇങ്ങനെയെല്ലാം കേട്ട പ്രമാണിച്ചവർ മുൻപേ ധനം കൎത്താവിനു വയ്ക്കും, വിവാഹം കെട്ടഴിക്കും, പിന്നെ ആസ്യയിലും ശേഷം രാജ്യങ്ങളിലും ആത്മിക സഭകളായി കൂടി നിരൂപിച്ചു. പ്രാകൃതന്മാരെ ആടായമാക്കുവാൻ ശ്രമിച്ചു, ചില ദിക്കിൽ അവരോടു പതുക്കെ പിരിഞ്ഞുകൊണ്ടു വർദ്ധിച്ചു.''

''ഈ മൊന്താനത്വത്താൽ ഉണ്ടായ തർക്കങ്ങളെ വിവരിച്ചു പറവാൻ ആവശ്യമില്ല. ഐരനയ്യൻ മുതലായ സുബോധികൾ ഇതിലും ഓരൊരു പരമാൎത്ഥം ഉണ്ടു് എന്നവച്ചു സമാധാനം ചെയ്വാൻ പ്രയാസപ്പെട്ടപ്പോൾ, ലുഗ്ദുനക്കാർ ഐരനയ്യനെ അതിന്നിമിത്തം രോമയ്യയച്ചു, (180) അവനും രോമാദ്ധ്യക്ഷനോടു് ഒക്കത്തക്ക, ''മൊന്താനർ അല്പംമാത്രം ഭ്രമിച്ചുപോയ സഹോദരർ'' എന്നു നിശ്ചയിച്ചു, അവരെ ചേൎത്തുകൊണ്ടു, ബുദ്ധി പറഞ്ഞു. ആസ്യയിൽ അദ്ധ്യക്ഷന്മാർ പല സംഘങ്ങളായി നിരൂപിച്ചു, പുതുകാര്യത്തെത്തള്ളി. മൊന്താനെറ കൂട്ടപ്രവാദിനിയായ മക്ഷിമില്ല അപ്പോഴും ഉര ചെയ്തു: ''ഒരു ചെന്നായെപ്പോലെ എന്നെ ആട്ടിൻകൂട്ടത്തിൽനിന്നു് ആട്ടിക്കളയുന്നു. ഞാൻ ചെന്നായല്ല; ഞാൻ വചനം, ആത്മാവു ശക്തിയും ആകുന്നു.'' എന്നതിന്റെ ശേഷം അവരും അടുക്കെ രാജാക്കന്മാൎക്കു ഘോരയുദ്ധം ഉണ്ടാകും എന്നറിയിച്ചതു് ഒത്തുവന്നില്ല. മറെറ സ്ത്രീകളും വെളിച്ചപ്പെട്ടു, രോഗികളുടെ മരുന്നുകളെ ഉദ്ദേശിച്ചു പറഞ്ഞു. അതുകൊണ്ടു വിരോധികളും ചിലർ വളരെ ക്രുദ്ധിച്ചു. ''ഇതു് എന്തു് ഇരുപ്പു? പ്രവാചകം നടക്കുന്നതു സ്ഥാപകനോളമത്രെ (മത്താ. 11: 13). അപ്പൊസ്തലരുടെശേഷം ഇനി അതിശയമുള്ള ആത്മവരങ്ങളും ഒട്ടും അരുതു്; സഹസ്രവർഷകഥയും വേണ്ടാ;

യോഹന്നാന്റെ അറിയിപ്പ് നോക്കേണ്ടതുമല്ല. പക്ഷെ, നാലാം സുവി ശേഷം മറാരും ചമച്ചിട്ടുണ്ടായിരിക്കും. ആത്മാവിനെയും ദൈവവചനമാ കുന്ന പുത്രനെയും അധികം പ്രശംസിക്കരുതു്; ദൈവം ഏകനായതു ഭരി ക്കുന്നു. ത്രിയേകം എന്ന ശബ്ദം വേണ്ടാ; സഭയിലും എല്ലാ പാരമ്പര്യം വഴിപ്പെട്ടു് ഏകക്രമമായി നടക്കേണം.'' എന്നിപ്രകാരം മൊന്താനരുടെ ഗുണദോഷങ്ങടം * രണ്ടും തള്ളിയിരിക്കുന്നു.''

ക്രിസ്തസഭാചരിത്രം പുറം 58–60.

---

* ഗുണദോഷങ്ങടം=ഗുണഭാഗവും ദോഷഭാഗവും

അദ്ധ്യായം ഏഴ്

റോമയിലെ ഭൂഗർഭശവകുടീരം

(Roman Catacombs)

റോമയിലെ പുരാതനസഭ അഞ്ചാം നൂറ്റാണ്ടുവരയ്ക്കും മൃതന്മാരെ സംസ്കരിച്ചിട്ടുള്ള ഭൂഗർഭസ്ഥമായ പാതകളുടെയും ശാലകളുടെയും പേരത്രെ റോമയിലെ ഭൂഗർഭശവകുടീരം എന്നുള്ളതു്. പുറജാതികളും തങ്ങളുടെ ശ്മശാനസ്ഥലങ്ങളെ കോയിമീത്തീറിയാ (Koimeeteeria) ഡോർമിത്തോറിയാ (Dormitoria) = ഉറക്ക മുറികൾ എന്നു വിളിച്ചുവന്നു. ക്രിസ്ത്യാനികളും തങ്ങളുടെ ശ്മശാനസ്ഥലങ്ങൾക്കു് ആ പേരുതന്നെ അംഗീകരിച്ചുവെങ്കിലും ഉയിർത്തെഴുന്നേല്പിനെക്കുറിച്ചുള്ള പ്രത്യാശനിമിത്തം ക്രൈസ്തവരുടെ ഇടയിൽ ആ പേരിനു പുതിയതും അഗാധതരവുമായ ഒരു അർത്ഥമാണുണ്ടായതു്. ഭൂഗർഭസ്ഥമായ ക്രിസ്ത്യൻ സെമിത്തേരികൾ സിറിയാ അലക്സാന്ത്രിയാ, മെലോസ്, മാൾട്ടാ, സിസിലി, സ്പെയിൻ എന്നീ സ്ഥലങ്ങളിലും ഇറ്റലി ഒട്ടുക്കും വിശിഷ്യ നേപ്പിൾസ്, റോമാ ഇവിടങ്ങളിലും ഉണ്ടു്. ഇവയിൽവച്ചു്, വളരെ വിസ്താരമുള്ളതും, ശില്പസംബന്ധമായും, സാവിഷയമായും, അത്യാദരണീയവും, ഏറ്റം പ്രാധാന്യമുള്ളതുമായ ശ്മശാനം റോമനഗരത്തിനടുത്തു പുറത്തുള്ള കുന്നുകളുടെ അടിയിൽ പണിതിരിക്കുന്നവയാകുന്നു. ഇവ ആകപ്പാടെ 54 എണ്ണമുണ്ടു്. ചരൽ പാറ അഥവാ അഗ്നിപർവ്വതകരിക്കല്ല് (Tufa) തുരന്നുണ്ടാക്കീട്ടുള്ള ഇതിലെ കരുക്കുവഴികളും നടപ്പുരകളും എപ്പോഴും ഒരേ വരിയായി നെടുകെവച്ചാൽ അതിനു് ഇത്താലിയൻ ഉപദ്വീപിന്റെ ഒരറ്റം മുതൽ മറ്റെ അറ്റംവരെയുള്ള നീളം ഉണ്ടായിരിക്കും. ഈ കുടീരങ്ങളിൽ അറുപതു ലക്ഷം മൃതന്മാരെ സംസ്കരിച്ചിട്ടുണ്ടെന്നു കണക്കാക്കപ്പെട്ടിരിക്കുന്നു. റോമയുടെ പരിസരങ്ങളിൽ ഈ മാതിരിയിൽ ഇരുപതിലധികം ശ്മശാനങ്ങളും ഇറ്റലിയുടെ ശേഷം ഭാഗങ്ങളിൽ മുപ്പതും കാണ്മാനുണ്ടു്. ഈ ശ്മശാനഭ്രമികളെല്ലാവരും തള്ളിയിട്ടിരുന്ന വെറും കല്ലുവെട്ടുകഴികളായിരുന്നു എന്നും മറ്റു സ്ഥലം കിട്ടാഞ്ഞു ക്രിസ്ത്യാനികൾ ഈ സ്ഥലം ഉപയോഗപ്പെടുത്തിയതാണെന്നുമത്രെ പണ്ടു വിശ്വസിച്ചു വന്നതു്. എന്നാൽ അവയിൽ ചിലതിന്റെ കാര്യത്തിൽ മാത്രമേ ഇതു വാസ്തവമായിരിക്കുന്നുള്ളു. മാത്രമല്ല, കല്ലുവെട്ടുകഴികളിൽ നിർമ്മിക്കപ്പെട്ടിരിക്കുന്ന കുടീരങ്ങളും ഇവയും തമ്മിൽ ഗണ്യമായ ഭേദവുമുണ്ടു്. ഇവയിൽ ആദ്യം പറഞ്ഞതു്, വീതികൂടിയവയും തീരെ ക്രമരഹിതവുമായ പാതകളാകുന്നു. അവ നാനാവിധമായ പണിയും ഭിന്നരൂപങ്ങളിലുള്ള തൂണുകളോടുകൂടിയവയുമത്രെ. രണ്ടാമതു പറഞ്ഞ വകുപ്പിൽ, പാതകൾ ഇടുങ്ങിയവയും എന്നാൽ കിളരവും അധികം ക്രമവും ഉള്ളവയും കരിക്കല്ലിൽതന്നെ (Granular Tufa) വെട്ടി ഉണ്ടാക്കീട്ടുള്ളവയും ആകുന്നു. ഈ പൊടിക്കരിക്കല്ല് (Granular Tufa) ഉറപ്പുള്ളതും അതിൽ വേല ചെയ്വാൻ പ്രയാസമില്ലാത്തതും ദാരമുള്ളതുകൊണ്ടു് നിഷ്പ്രയാസം വെള്ളം വാർന്നുപോകുന്നതിനാൽ ശവങ്ങൾക്കു കേടു തട്ടാതിരിപ്പാൻ ഉപകരിക്കുന്നതുമാകുന്നു. ആദിയിൽ ഈ നിലവറകൾ രഹസ്യമായി പണി ചെയ്യപ്പെട്ടിട്ടുള്ളവയല്ലായിരുന്നുവെന്നും മോശവും അപ്രസന്നവുമായ രീതിയിൽ അല്ല ഇവ ഘടിപ്പിക്കപ്പെട്ടിരുന്നതെന്നും ഇപ്പോൾ നിശ്ചയം വന്നിട്ടുണ്ടു്. ജൂലിയസ് സീസർ റോമയിലെ യഹൂദന്മാർക്കു കൊടുത്ത പദവികളുടെ കൂട്ടത്തിൽ ഒരു

വാദാനം, അവരുടെ ശവസംസ്കാരസമ്മേളനങ്ങളെയും കല്ലറകളെയും നിയമാനുസാരം സംരക്ഷിച്ചുകൊള്ളാമെന്നുള്ളതായിരുന്നു. ആദ്യ ക്രൈസ്തവസഭയിൽ അധികഭാഗവും മതപരിവർത്തനം ചെയ്ത യഹൂദന്മാരായിരുന്നതിനാൽ പ്രകൃത്യനുരോധം യഹൂദന്മാർക്കുള്ള പദവികൾതന്നെ ക്രൈസ്തവരും അനുഭവിച്ചു. യഹൂദർക്കുള്ളതുപോലെ ക്രൈസ്തവർക്കുണ്ടായിരുന്ന ആദ്യശ്മശാനം പെരുവഴിയുടെ അടുത്തു് ഒരു കുന്നിൽ പണിചെയ്തിട്ടുള്ളതും സ്പഷ്ടമായ വാതിലോടുകൂടിയതുമാകുന്നു. അതു റോമാക്കാർ പറയുന്ന അർത്ഥത്തിൽ ഒരു ലോക്കസ് സാസർ (Locus Sacer) അല്ലെങ്കിലും ഒരു ലോക്കസ് റിലിജ്യൂസസ് (Locus Religiosus) ആയിരുന്നു. രക്തസാക്ഷികളുടെ അവശിഷ്ടങ്ങൾതന്നെയും ഇവിടെ യാതൊരു ശല്യവുംകൂടാതെ കഴിച്ചിട്ടുവാൻ സാധിക്കുമായിരുന്നു. എന്നാൽ ഉപദ്രവകാലം വന്നപ്പോൾ ആദ്യത്തെ വാതിലുകളും മൂടിക്കളയേണ്ടിവന്നതുകൂടാതെ അടുത്തുള്ള കല്ലുവെട്ടുകഴികളുടെ മറന്നു കിടന്ന ചില മൂലകളിൽ പുതിയ വാതിലുകളും ഉണ്ടാക്കേണ്ടിയുംവന്നു. രണ്ടോ മൂന്നോ നൂറ്റാണ്ടുകൾവരെ ഈ അറകളിൽ പരയത്തക്കവണ്ണം ആരാധന നടന്നു വന്നിരുന്നില്ല. നടന്നിട്ടുണ്ടെങ്കിൽതന്നെ അതു വ്യത്യസ്തകോടിയിൽ ഗണിക്കേണ്ടതേയുള്ളൂ. എന്നാൽ മൂന്നും നാലും നൂറ്റാണ്ടുകളിൽ ക്രൂടെക്കുടെ ആരാധനകളും നടന്നിട്ടുണ്ടു്. രക്തസാക്ഷികളുടെ മരണദിവസങ്ങൾതന്നെ മൂന്നാം നൂറ്റാണ്ടിന്റെ മദ്ധ്യംവരെയ്ക്കും ചാപ്പലുകളിലോ പ്രസ്തുത അറകളിലോ മീതെയുള്ള ചെറിയ ബസിലിക്കാകളിലൊ വെച്ചാണു കൊണ്ടാടിയിരുന്നതു്. ഒന്നാമത്തെ ഫെലിക്സ്പാപ്പാ 269–ൽ രക്തസാക്ഷികളുടെ ജന്മദിവസങ്ങൾ (മരണദിവസങ്ങൾ) അവരുടെ കല്ലറയ്ക്കൽവച്ചതന്നെ കൊണ്ടാടണമെന്നു കല്പനയിടത്തക്കവണ്ണം 257–ലെ രാജകല്പനവരെയ്ക്കും ക്രിസ്തീയ സമ്മേളനങ്ങൾ വിരോധിക്കപ്പെട്ടിരുന്നില്ല. ഐതിഹ്യമനുസരിച്ചു് ഈ ശ്മശാന നിലവറകളിൽ അഞ്ചോ ആറോ എണ്ണം അപ്പൊസ്തലകാലത്തോളം പഴക്കമുള്ളതാകുന്നു. പ്രസ്കില്ല, ലൂസിനാ, ഫ്ലേവിയാ, ഡോമിത്തില്ലാ ഇവരുടെ ശ്മശാനങ്ങൾ ഇതിനു ദൃഷ്ടാന്തമാകുന്നു. ഇതിനും പുറമെ, ശിലാലിഖിതങ്ങളും ഭിത്തിയിൽ ഉണ്ടാക്കീട്ടുള്ള ചിത്രങ്ങളും മറ്റലങ്കാരങ്ങളും ഫ്ലേവിയൻസിന്റെയും ട്രാജന്റെയും കാലങ്ങളിലുള്ളവയാകുന്നു. അടിത്തറനന്ന സെമിത്തരികൾ ഉണ്ടാക്കീട്ടുള്ള ഫലോദ്യാനങ്ങളും മുന്തിരിത്തോട്ടങ്ങളും ധനമുള്ള ഏതോ സഭാംഗത്താൽ ഈ ഉദ്ദേശാർത്ഥം കൊടുക്കപ്പെട്ടവയാകുന്നു. ഇപ്രകാരം റോമയിലെ ക്രൈസ്തവസംഘം കൈവശം വച്ചുകൊണ്ടിരുന്ന ആദ്യത്തെ പൊതുശ്മശാനസ്ഥലം ഒരു പ്രഭ്രസ്ത്രീ തന്റെ താമസസ്ഥലത്തു് അതായതു്, കാറാകുമ്പാസ് (Kata Kumbas) എന്നസ്ഥലത്തു സ്ഥാപിച്ചിട്ടുള്ളതാകുന്നു. പിന്നീടു കൻസ്തന്തിനോസ് രാജാവു് വിശുദ്ധ സെബാസ്ത്യന്റെ കല്ലറയുടെ മീതെ ഒരു പള്ളി പണിയിക്കയുണ്ടായി. ആ സ്ഥലത്തു, പക്ഷെ സ്വാഭാവികമായോ കൃത്രിമമായോ ഒരു ഗുഹ ഉണ്ടായിരിക്കുക നിമിത്തമായിരിക്കണം, കാറാകുമ്പാസ് എന്ന പേരുണ്ടായതു്. അല്ലാത്തപക്ഷം, കുംബാ, എന്നുള്ളതിനു പാനപാത്രമെന്നും അർത്ഥമുള്ളതുകൊണ്ടു് അവിടെ ഒരു സത്രം ഉണ്ടായിരുന്നു എന്നും അതിനാലാണു് പ്രസ്തുത പേർ വന്നതു് എന്നും വിചാരിക്കാം.

മൂന്നാം നൂറ്റാണ്ടിൽ റോമയിൽ 25 വലിയ സെമിത്തരികളും ഉദ്ദേശം 20 രക്തസാക്ഷികളുടെ ചെറിയ കല്ലറകളും ഉണ്ടായിരുന്നു. ഇവയിൽ ചിലതു്, പക്ഷെ കുടുംബ കല്ലറകളും ആയിരിക്കാവുന്നതാണു്. സെഫിരിനുസ്പാപ്പാ, കാലിസ്തുസ് എന്ന ശ്രുശ്രൂഷകനെ മേൽപറഞ്ഞ സെമിത്തരിയുടെമേൽ നോട്ടക്കാരനായി നിശ്ചയിച്ചു. സെഫിരിനുസിനും സിൽവസ്തരിനും ഇടയ്ക്കുള്ള പതിനെട്ടു പാപ്പാമാരിൽ പതിമ്മൂന്നുപേരെ ഇവിടെയാണു സംസ്കരിച്ചിട്ടുള്ളതു്. കാറക്കെല്ലായ്ക്കും ഡെഷ്യസ്സിനും ഇടയ്ക്കു

ഫാബിയാനസ് എന്ന പാപ്പാ (238) മറ്റ സെമിത്തേരികളിൽ ആരാധനയ്ക്കു വേണ്ടി കുറെ ചാപ്പൽ പണിയിച്ചു. (1874–ൽ ഡോമിത്തില്ല സെമിത്തേരികളിൽനിന്ന് ഒരു ചാപ്പൽ കണ്ടുപിടിച്ചു) 257–ൽ വലീറിയൻ ചക്രവർത്തി ക്രിസ്ത്യാനികളും തങ്ങളുടെ സെമിത്തേരികളിൽ പ്രവേശിക്കാതിരിപ്പാൻ നിരോധകല്പന പുറപ്പെടുവിച്ചു. എങ്കിലും ഗലിയേനസ്, ക്രിസ്ത്യാനികളും തങ്ങളുടെ ശ്മശാനങ്ങളെ ഉപയോഗിച്ചുകൊള്ളുന്നതിനു വീണ്ടും അനുവദിച്ചു. (260) എന്നാൽ അക്കാലം മുതൽ അവയിൽ കടപ്പാനുള്ള വാതിലുകളും മറച്ചു വയ്ക്കാൻ തുടങ്ങി. ന്യൂമേറിയന്റെ കാലത്തു വിശ്വാസികളുടെ ഒരു വലിയ സംഘം, ഈ അറകളിൽ ഒന്നിൽ ശരണം പ്രാപിച്ചുവെങ്കിലും അവരെ ജീവനോടെ മൂടിക്കളകയാണ് ചെയ്തതു്. അയാളുടെ മരണത്തിനു് സ്വല്പം മുൻപു് ഒറീലിയൻ, ക്രിസ്ത്യാനികൾക്കെതിരായി ഒരു കല്പന പുറപ്പെടുവിച്ചു. അനന്തരം (303) അടിയിൽ സെമിത്തേരികളും പണിയിച്ചിരുന്ന സ്ഥലങ്ങളും ഗവൺമെന്റു, ക്രിസ്ത്യാനികളിൽനിന്നു് എടുത്തുകളഞ്ഞു. കാലിസ്റ്റസിന്റെ പേരുള്ള ശ്മശാനത്തിനുപകരം മാർസെല്ലിനസ് ഈ അവസരത്തിൽ നിലത്തിനടിയിൽ വളരെ ആഴത്തിൽ വൻപിച്ച ഒരു പൊതുശ്മശാനം പണിയിച്ചു. രക്തസാക്ഷികളുടെ കല്ലറകളിലേക്കുള്ള പ്രവേശനദ്വാരങ്ങളും അടയ്ക്കപ്പെട്ടു. മാക്സൻഷ്യസ്സിന്റെ കീഴിൽ പീഡ ശമിക്കയാൽ ഗവൺമെന്റു് 311–ൽ സഭയുടെ സ്വത്തു തിരിച്ചുകൊടുത്തു. 312–ൽ മിലാനിൽവെച്ചുണ്ടായ വിളംബരമനുസരിച്ചു സഭയ്ക്കു് ഒരു പുതിയ യുഗം ആരംഭിക്കയും ചെയ്തു.

ഏവംവിധം, വിജയശ്രീപരിലാളിതയായ സഭ മുമ്പിലത്തെപ്പോലെ മൃതന്മാരെ നിലവറകളിൽ സംസ്കരിപ്പാൻ ഇഷ്ടപ്പെട്ടില്ല. തന്നിമിത്തം അവയുടെ ഉപയോഗം കുറഞ്ഞു കുറഞ്ഞു വന്നു. വിശ്രുതകാലിസ്റ്റസ്സിൽ സംസ്കരിക്കപ്പെട്ട ഒടുവിലത്തെ പാപ്പാ, മിൽക്യാദസ് ആയിരുന്നു. സിൽവെസ്റ്റർ പാപ്പാ പ്രിസ്സില്ലാസെമിത്തേരിക്കു മീതെ താൻ പണിയിച്ച, ബസിലീക്കയിലാണു കിടക്കുന്നതു്. ഈ ദൃഷ്ടാന്തം കണ്ടുകിട്ടിയ ഉടൻ ജനങ്ങളും അറകളിലുള്ള കല്ലറയെക്കാളും ബസിലീക്കസ്സുടുത്തുള്ള കല്ലറകളെയാണു് അധികം നല്ലതായി തെരഞ്ഞെടുപ്പാൻ തുടങ്ങിയതു്. എങ്കിലും കുസ്തന്തിനോസിന്റെ കാലം കഴിഞ്ഞു രക്തസാക്ഷികളെ ആരാധിക്കുക അമിതമായി വർദ്ധിച്ചതിനാൽ ഭ്രഗർഭശവകുടീരങ്ങളെ കുറിച്ചു ജനങ്ങൾക്കു വീണ്ടും താല്പര്യമുണ്ടായിതുടങ്ങി. രക്തസാക്ഷികളുടെ കല്ലറകൾക്കു മീതെ വളരെ പണം ചെലവു ചെയ്തു, ബസിലീക്കാകളും പണിയിച്ചു. കൂടാതെ ആ കല്ലറകളിലേക്കു ചെല്ലുന്ന ഗാലറിയുടെ വാതിൽ ഇരുന്ന, കന്നിന്റെ വശം മുഴുവൻ, കല്ലറകളും എല്ലാവരും കാണത്തക്കവണ്ണം തുറന്നിരിപ്പാൻവേണ്ടി, കൊത്തിയെടുത്തുകളഞ്ഞു: ഡമാസൂസിന്റെ കീഴിൽ ഈ പരിഷ്കരണം (Arrangement) പൂർത്തിപ്പെട്ടു. ഭിത്തികൾക്കു തുണ്ടാക്കി. നടപ്പുരകളും വഴികളും ത്രുപവല്ലരിച്ചു. പടിക്കെട്ടുകളും പണിയിച്ചു. മുറികളും മാർബിൾക്കല്ലുകൊണ്ടലങ്കരിച്ചു. അക്ഷരം കൊത്തുന്നതിൽ സമർത്ഥനായ ഫ്യൂറിയസ് ഡയനീഷ്യസ് ഫിലോക്കാലസ് എല്ലായിടത്തും ലിഖിതങ്ങൾ ചമയ്ക്കുന്നതിൽ പരിശ്രമിച്ചു. ഫ്യൂഡൻഷ്യസ്, രക്തസാക്ഷികളെക്കുറിച്ചുള്ള തന്റെ പാട്ടുകളിൽ, ഹിപ്പോളിറ്റസ്സിന്റെ കല്ലറ, ഡമാഡൂസ് പുനഃസ്ഥാപിച്ചതിനെ വർണ്ണിക്കുന്നു. ചെറിയ ചാപ്പലിന്റെ ഭിത്തികളും പേരിയൻമാർബിളിന്റെ തളിരങ്ങളും കൊണ്ടും മിന്നുന്ന വെള്ളിക്കടലാസുകൊണ്ടും പൊതിഞ്ഞു. രക്തസാക്ഷികളുടെ ജനനദിവസത്തിൽ ഭക്തന്മാരുടെ മഹാപുരുഷാരം കല്ലറയിലേക്കു ചെല്ലുവാനുണ്ടായിരുന്നതിനാൽ അതിലെ ഇടുങ്ങിയ പാതകളും ആ പുരുഷാരത്തെ വഹിക്കുവാൻ അശേഷം ശക്തമല്ലെന്നു തെളിഞ്ഞു. വാസ്തവത്തിൽ ശ്മശാന അറകളും ധാരാളം ആളുകളും കൂടെക്കൂടെ ചെല്ലുന്ന ഒരു സ്ഥലമായിത്തീർന്നു. ജറോം, യഹസ്കേൽ 40: 5, 6. വാക്യങ്ങളെ അധികരിച്ചു്

എഴുതിയ വ്യാഖ്യാനത്തിൽ, താൻ റോമയിൽ ഒരു സ്ത്രീകുട്ടിയായിരിക്കുമ്പോൾ കുട്ടകാരുമൊന്നിച്ച് ഞായറാഴ്ചദിവസങ്ങളിൽ ഭയജനകവും നിഷ്ഠുകാശവുമായ ഈ സ്ഥലം സന്ദർശിച്ചതിനെപ്പറ്റി ഭംഗിയായി വർണ്ണിച്ചിട്ടുണ്ട്. അദ്ദേഹം പറയുന്നതുവിതു്: ഇരുഭാഗത്തും ശവങ്ങൾകൊണ്ടു നിറഞ്ഞ ഭിത്തികളും ഉയർന്നുനിൽക്കുന്നു. ''അവർ ജീവനോടെ പാതാളത്തിൽ ഇറങ്ങട്ടെ'' എന്ന പ്രവാചകൻ പറഞ്ഞിട്ടുള്ളതു് (സങ്കീ: 55: 16) ഞങ്ങളെക്കുറിച്ചാണെന്നു് തോന്നത്തക്കവണ്ണം ആ സ്ഥലം അത്ര ഇരുട്ടായിരുന്നു. ഭിത്തിയിലുള്ള ദ്വാരത്തിൽകൂടി മീതെനിന്നു് ഒരു വെളിച്ചം അകത്തേയ്ക്കു് അങ്ങുമിങ്ങും വരുന്നുണ്ടു്. അവിടെയുള്ള മഹാരാത്രിയുടെ ഭയങ്കരതയെ ഒരുനിമിഷത്തേയ്ക്കു് മൂടുകരിക്കുന്നതിൽ ഈ വെളിച്ചം മതിയായതുതന്നെ. എന്നാൽ അല്പം കഴിഞ്ഞു് അടുത്ത കല്പടി കയറുമ്പോൾ ഞങ്ങൾ വീണ്ടും നിബിഡമായ കൂരിരുളിൽ എത്തുന്നു. ഈ സമയത്തു്, വെർജിലു് എന്ന കവിയുടെ "Horror ubique animos, Simul ipsa silentia torrent")Virgil, Aeneas II, 755) എന്ന വാക്യവും ഞങ്ങളുടെ ഹൃദയത്തിലേക്കു വരുന്നു. ഇന്നുള്ള റിക്കാർഡുകളിൻപ്രകാരം 339–നും 364–നും ഇടയിൽ മരിച്ചിട്ടുള്ള ക്രിസ്ത്യാനികളുടെ മുന്നിൽ രണ്ടുഭാഗത്തെ ഈ നിലവറകളിൽതന്നെ കഴിച്ചിട്ടുണ്ടു്. എന്നാൽ 373–നും 400–നും ഇടയിൽ മരിച്ചവരുടെ മൂന്നിലൊന്നിൽ കൂടതൽ കഴിച്ചിടപ്പെട്ടിട്ടില്ല. 410 കഴിഞ്ഞു് ചുരുക്കം പേരെ മാത്രം ഈ അറകളിൽ സംസ്കരിച്ചിട്ടുണ്ടു്. 454–നെറ ശേഷം യാതൊരുവരേയും കഴിച്ചിട്ടിട്ടില്ലായെങ്കിലും നേപ്പിംസിലും സിസിലിയിലും, ഒൻപതും പത്തും നൂറാണ്ടുകൾവരെ മൃതന്മാരെ നിലവറകളിൽതന്നെ അടക്കിപ്പോന്നു. അലറീക്കിൻെറ ആക്രമണത്തിനുശേഷം റോമയിലെ ക്രിസ്ത്യാനികൾക്കു തങ്ങളുടെ കല്ലറകളെ അലങ്കരിക്കുവാൻ കഴിഞ്ഞില്ല. കൂടാതെ 410–മുതൽ ഈ നിലവറകൾ വിസ്മൃതപ്രായവും ക്ഷയോന്മുഖവുമായിത്തീർന്നു. 426–നെറ ശേഷം fossores അതായതു് കുഴിതോണ്ടികളെ (Grave-diggers) പ്പറ്റി ഒന്നും കേൾക്കുന്നില്ലാ. പിന്നീടു വിറ്റിഗസ്സിൻെറയും (537) ടോട്ടിലായുടെയും കീഴിൽവന്ന ഓസ്ട്രോഗോത്സ് രക്തസാക്ഷികളുടെ കല്ലറകളെ ആക്രമിക്കുന്നതിനും അവരുടെ അസ്ഥികളെ പുറത്തെറിഞ്ഞു കളയുന്നതിനും സംശയിച്ചില്ല. 568–ൽ വിജിലിയസ്, ജോൺ മൂന്നാമൻ, എന്നീ പാപ്പാമാരും 735–ൽ സെർഗിയുസ്, ഗ്രെഗറി മൂന്നാമൻ എന്നീ പാപ്പാമാരും ഈ അറകളെ പൂർവ്വസ്ഥിതിയിൽ ആക്കുന്നതിനും രക്തസാക്ഷികളുടെ കല്ലറകളെപ്പറ്റിയുള്ള ഭക്തി പുനർജ്ജീവിപ്പിക്കുന്നതിനും വളരെ ശ്രമിച്ചു എങ്കിലും ഐസ്റ്റംഫിൻെറ കീഴിൽ ''ദൈവമില്ലാത്ത'' ലോംഗോബോർഡ്സ് വന്നു കല്ലറകളെ പൊളിച്ചു പുണ്യവാളന്മാരുടെ അസ്ഥികളെ എടുത്തുകൊണ്ടു പൊയ്ക്കളഞ്ഞതിനാൽ, പിൽകാലത്തു് ആട്ടാലകളെ ഈ പ്രതിഷ്ഠിക്കപ്പെട്ട സ്ഥലത്തു പണിയത്തക്കവണ്ണം ഈ അറകളെപ്പറ്റിയുള്ള ജനങ്ങളുടെ ഭയവും ആദരവും അത്ര താണുപോകുന്നതിനിടയായി. 761–ൽ പോൾ ഒന്നാമൻ താൻ പണിയിച്ച പുതിയ പള്ളിയിലേക്കു് നൂറു വിശുദ്ധ ശവങ്ങളെ മാറ്റി. 817 ജൂലൈ 20–ാംനു പാസ്ക്കൽ ഒന്നാമൻ 2300 ശവങ്ങളെ സെൻറു് പ്രാസ്സിഡിലേക്കു മാറ്റിക്കളഞ്ഞു. രണ്ടാം സെർഗിയസ്സും ലിയോ നാലാമനും അവയെ പാൻതിയോനിലേക്കു കാളവണ്ടി നിറയെ കൊണ്ടുപോയി. ഇങ്ങനെ ഭ്രഗർശവകുടീരങ്ങളുടെ നാശം പൂർത്തിയായി. എങ്കിലും പതിനാലാം നൂറാണ്ടിൽ ഈ പഴയ സെമിറ്ററികളിൽ മൂന്നെണ്ണത്തെ തീർത്ഥയാത്രക്കാർ പിന്നെയും സന്ദർശിച്ചുവന്നു. എന്നാൽ പതിനഞ്ചാം ശതകത്തിൽ ഒരു അറ മാത്രമെ സന്ദർശകന്മാക്കായി തുറന്നിരുന്നുള്ളു. ഇങ്ങനെ കാറാകമ്പാസ് (Kata kumbas) എന്നുള്ള പേർ ഭ്രമിക്കടിയിലുള്ള എല്ലാ ശ്മശാനങ്ങൾക്കും പൊതുപ്പേരായിത്തീർന്നു.

(Religious Encyclopedia)

റാവോംറോച്ചറ്റ് ഇപ്രകാരം പറയുന്നു: ''പൗരാണികതയുള്ള ഈ വിശുദ്ധ സ്ഥലത്തു ഞാൻ വളരെ അധികം ദിവസങ്ങൾ ചിലവിട്ടു. അവിടെ മതപരവും ലൗകികവുമായ ലിഖിതങ്ങൾ അന്യോന്യം അഭിമുഖീകരിച്ചു നിൽക്കുന്നു. പഴയ കാലത്തെന്നപോലെ ഇപ്പോഴും ഇരുപക്ഷക്കാരും പരസ്പരം യുദ്ധം ചെയ്വാനാണോ ഈ നില്പ് എന്നു നമുക്കു തോന്നിപ്പോകും. ഈ രേഖാഫലകങ്ങൾ കല്ലറകളിൽനിന്ന് എടുക്കപ്പെട്ടിട്ടു വറ്റിക്കാൻ അരമനയുടെ ഭിത്തികളിൽ പതിച്ചിട്ടുണ്ട്. ഇതുകളിൽ നോക്കിപ്പഠിക്കയും ആലോചിക്കയും ചെയ്യുന്നപക്ഷം ഒരു ആയുസ്സു മുഴുവൻ ചിലവാക്കാനുള്ള കാര്യങ്ങൾ ഇതിലുണ്ട്.'' (Maitland. P. 16.) ഈ നിലവറകളിൽ നിന്നെടുത്തിട്ടുള്ള ശിലാരേഖകൾ ഏകദേശം 70000 ത്തോളമുണ്ട്. മിക്കതും കൽത്തളത്തിലോ മാർബിൾപ്പലകയിലൊ അത്രെ. കല്ലറകളുടെ അടപ്പു പലകകളും ഇവതന്നെയായിരുന്നു. ചില കല്ലറകൾ തുറന്നു നോക്കിയാൽ അസ്ഥികൂടം മിക്കവാറും മുഴുവൻ കാണാം. മറ്റു ചില കല്ലറകളിൽ കുറെ പൊടി മാത്രമെ കാണുകയുള്ളൂ. ''നീ മണ്ണാകുന്നു; മണ്ണിലേക്കു തിരികെ ചേരുകയും ചെയ്യും'' എന്നുള്ള വാക്യത്തെ ഇതു് ഓർപ്പിക്കുന്നു. ഇക്കൂട്ടത്തിൽ ഒരു ശിലാശാസനത്തിൽ കാണുന്നതാവിതു്:

വലിയ സമാധാനത്തിൽ ഉറങ്ങുന്നു:

ഇതു് ഒരു ക്രിസ്തീയ വനിതയുടെ മരണത്തെക്കുറിച്ചു പറയുന്നതത്രെ. ചിലതിൽ കുരുത്തോല കാണുന്നു. ഇതു് ജയത്തെ സൂചിപ്പിക്കുന്നു.

ക്രിസ്ത്യാനികളുടെയും പുറജാതികളുടെയും ചരമലേഖങ്ങൾ താരതമ്യപ്പെടുത്തി നോക്കിയാൽ ക്രിസ്ത്യാനികൾക്കു മരണം, പ്രവാസത്തിൽനിന്നു തിരിച്ചുവന്ന ജീവൻ എന്നതുപോലെയായിരുന്നുവെന്ന വ്യക്തമാകും.

ഒരു പുറജാതിക്കാരന്റെ ചരമലേഖം:

പ്രോക്കോഫ് ആകുന്ന ഞാൻ, നിർദ്ദോഷിയായ എന്നെ തട്ടിപ്പറിച്ചുകൊണ്ടുപോയ ദൈവത്തിനു വിരോധമായി എന്റെ കൈകളെ ഉയർത്തുന്നു. അവർ പന്ത്രണ്ടു വർഷം ജീവിച്ചു. പ്രോക്ലസ് ഇതു സ്ഥാപിച്ചു.

ക്രിസ്ത്യാനിയുടെ ചരമലേഖം:

അവൻ തന്നു, അവൻ എടുത്തു, കർത്താവിന്റെ നാമം എന്നേക്കും വാഴ്ത്തപ്പെടുമാറാകട്ടെ..... വർഷം ജീവിച്ചു. സമാധാനത്തിൽ നിദ്ര ചെയ്യുന്നു.

പുറജാതിക്കാരന്റേതു്:

കയസ് ജൂലിയസ് മാക്സ് മൂസ് പതിനൊന്നു വയസ്സും അഞ്ചു മാസവും. ഓ! ക്രൂരമരണത്തിൽ ഇഷ്ടപ്പെടുന്ന നിർഭാഗ്യമേ! മാക്സ് മൂസിനെ അത്ര പൊടുന്നനവെ എന്നിൽനിന്നു തട്ടിപ്പറിച്ചുകൊണ്ടുപോയതു് എന്തിനു്? അവൻ എന്റെ മടിയിൽ വളരെ സന്തോഷത്തോടെ കിടന്നിരുന്നു. ഈ കല്ലു്, ഇപ്പോൾ അവന്റെ കല്ലറയെ ലക്ഷ്യപ്പെടുത്തുന്നു, ഇതാ! അവന്റെ അമ്മ!

ക്രിസ്ത്യാനിയുടേതു്:

പെടോണിയാ, ഒരു ഡീക്കന്റെ ഭാര്യ, ഇവൾ സൗമ്യതയ്ക്കു് ഒരു മാതൃക.

ഈ സ്ഥലത്തു് എന്റെ അസ്ഥികളെ വയ്ക്കുന്നു. പ്രിയ ഭർത്താവും പുത്രിമാരുമേ! നിങ്ങളുടെ കണ്ണുനീരുകളെ തുടയ്പിൻ. ദൈവത്തിൽ ജീവിക്കുന്ന ഒരാളിനുവേണ്ടി കരയരുതെന്നു വിരോധിക്കപ്പെട്ടിരിക്കുന്നതിനെ വിശ്വസിപ്പിൻ. ഫെസ്തൂസ്നാടുവാഴിയുടെ ഒക്ടോബർ മാസത്തിലെ നോൺസിനുമുമ്പു മൂന്നാം തീയതിയിൽ സമാധാനത്തിൽ അടക്കപ്പെട്ടു.

പുറജാതികളുടെ രേഖയിൽ ദുഃഖത്തിന്റെയും നിരാശയുടെയും ശബ്ദമാണു കേൾക്കുന്നതു്. എന്നാൽ ക്രിസ്തീയശാസനത്തിലൊ മരിച്ചവർ ദൈവത്തിൽ ജീവിക്കുന്നു എന്നുള്ള മനോബാധത്തിൽ വിലപിക്കുന്ന ഭർത്താവും പുത്രിമാരും ആശ്വസിപ്പിക്കപ്പെടുന്നു. പ്രത്യാശയില്ലാത്ത പുറജാതികളെപ്പോലെ ക്രിസ്ത്യാനികൾ തങ്ങളുടെ മരിച്ചവരെക്കുറിച്ചു ദുഃഖിക്കരുതെന്നുള്ള പ്രബോധനമനുസരിച്ചു് അവർ തങ്ങളുടെ കണ്ണുനീർ തുടയ്ക്കുവാൻ ആവശ്യപ്പെടുകയും ചെയ്യുന്നു.

ഞാൻ ജീവിച്ചിരുന്നപ്പോൾ നന്നായി ജീവിച്ചിരുന്നു. എന്റെ നാടകം അവസാനിച്ചു. താമസിയാതെ നിങ്ങളുടേതും അവസാനിക്കും. സലാം. ഇനിക്കുവേണ്ടി ഹസ്താഡനം ചെയ്പിൻ.

താഴെ കാണുന്ന വചനങ്ങളിലെ ആശയം ഇതിൽനിന്നു് എത്രയോ വിപരീതമാണു്. ആത്മാവിന്റെ പ്രത്യേകമായ അസ്തിത്വവും സൗഭാഗ്യവും നിശ്ചയമുള്ള കാര്യങ്ങളായി ഗണിക്കപ്പെടുന്നു.

നിക്കഫോറസ്, ഒരു മനോഹരമായ ആത്മാവു്, ആശ്വസിക്കുന്നു.

കൂടാതെ,

ലോറൻസ്, തന്റെ അത്യന്തം മനോഹരനും അത്യന്തം യോഗ്യനുമായ മകൻ സെവേരസിനു്: ജനുവരി ഇഡസിനു മുൻപു് ഏഴാം തീയതി ദൂതന്മാരാൽ വഹിച്ചുകൊണ്ടുപോകപ്പെട്ടു.

ഈ ആശയംതന്നെ രക്തസാക്ഷികളുടെ കല്ലറകളുടെ മേലുള്ള താഴെ വരുന്ന ലിഖിതത്തിൽ മനോഹരമാംവണ്ണം ജ്ഞാപിക്കപ്പെട്ടിരുന്നു. ഈ രക്തസാക്ഷി ഉദ്ദേശം എ. ഡി. 160—ൽ ആരംഭിച്ച അന്തോണിനസ്സിന്റെ പീഡാകാലത്തിൽ ഹിംസ അനുഭവിച്ച വിശ്രുതനത്രെ. മൂലത്തിൽ, ക്രിസ്തുവിന്റെ പേരു ചേർന്നിട്ടുള്ള മിശ്രാക്ഷരവും സന്തോഷസൂചകമായ ഒലിവു കൊമ്പും തീ നിറഞ്ഞ ഒരു പാത്രവും ചിത്രീകരിച്ചിട്ടുണ്ടു്. ഈ തീ പാത്രം അദ്ദേഹത്തിന്റെ വധസമ്പ്രദായത്തെ കാണിക്കുന്നതായിരിക്കണം.

അലക്സാണ്ടർ മരിച്ചു. അങ്ങനെ അല്ലയോ! എന്നാൽ, അവൻ നക്ഷത്രങ്ങൾക്കു മീതെ ജീവിക്കയും അവന്റെ ശരീരം ഈ കല്ലറയിൽ വിശ്രമിക്കയും ചെയ്യുന്നു. അന്തോണിനസ് ചക്രവർത്തിയുടെ കീഴിൽ ഇദ്ദേഹം തന്റെ ജീവിതം അവസാ

നിപ്പിച്ചു. ഇദ്ദേഹത്തിന്റെ ശുശ്രൂഷകൊണ്ടു് വലിയ ഉപകാരമുണ്ടാകുമെന്നു കണ്ടിട്ടാണു ചക്രവർത്തി ഇങ്ങനെ ചെയ്തതു്. നന്മയ്ക്കു പകരം ചക്രവർത്തി തിന്മ ചെയ്തു. കാരണം അവൻ മുട്ടുകുത്തി സത്യദൈവത്തിനു യാഗം കഴിപ്പാൻ തുടങ്ങുമ്പോൾ അവൻ കൊലനിലത്തേക്കു കൊണ്ടുപോകപ്പെട്ടു. ഹാ! കഷ്ടമുള്ള കാലം! വിശുദ്ധ കർമ്മങ്ങളുടെയും പ്രാർത്ഥനകളുടെയും ഇടയ്ക്കുതന്നെ ഇതു്. ഗ്രഹകളിൽപോലും ഞങ്ങൾ നിർബാധരല്ല. ഇപ്രകാരമുള്ള ഒരു ജീവിതത്തെക്കാൾ അധികം കഷ്ടമായി മറെറെന്തുണ്ടാകുവാൻ കഴിയും? ഈദൃശമരണത്തെക്കാൾ കഷ്ടമായതെന്തു്? അവരുടെ സ്നേഹിതന്മാർക്കോ ബന്ധുക്കൾക്കോ അവരെ സംസ്കരിപ്പാൻ സാധിക്കയില്ല ഒടുവിൽ അവർ, സ്വർഗ്ഗത്തിൽ മിന്നിക്കൊണ്ടിരിക്കുന്നു. ക്രിസ്തീയകാലത്തു് അധികം ജീവിച്ചിരിപ്പാൻ ഇദ്ദേഹത്തിനു കഴിഞ്ഞില്ല.

ഏ. ഡി. 103–ൽ എഴുതപ്പെട്ട വേറൊരു ശാസനം:

അദ്രിയാൻ ചക്രവർത്തിയുടെ കാലത്തു് മാരിയസ് എന്നു പേരുള്ള യൗവ്വനക്കാരനായ ഒരു സൈന്യ ഉദ്യോഗസ്ഥൻ രക്തസഹിതം സ്വജീവനെ ക്രിസ്തുവിനായി കൊടുത്ത കാലംവരെ ജീവിച്ചിരുന്നു. ഒടുവിൽ സമാധാനത്തിൽ അവൻ വിശ്രമിച്ചു. കണ്ണുനീരുകളോടും ഭയത്തോടുംകൂടി ഇതു സ്ഥാപിച്ചു.

കണ്ണുനീരുകളോടും ഭയത്തോടുംകൂടി ഇതു സ്ഥാപിച്ചു എന്നു പറയുമ്പോൾ ഇതിന്റെ സ്ഥാപനം മതമർദ്ദനം നടന്നുകൊണ്ടിരിക്കുന്ന കാലത്തുതന്നെയാണെന്നുള്ളതു സ്പഷ്ടമാണു്.

വേറൊരു ശിലാശാസനം:

പ്രീമിത്യസ് സമാധാനത്തിൽസ്ഥിതി ചെയ്യുന്നു. അനല്പമായ ശരീരപീഡനങ്ങളുടെ ശേഷം, അത്യന്തം വീരനായ ഒരു രക്തസാക്ഷി. ഏറക്കുറെ മുപ്പത്തെട്ടു കൊല്ലം അവൻ ജീവിച്ചു. തന്റെ ഏറ്റവും പ്രിയപ്പെട്ട ഭർത്താവിനു സ്വീകാര്യമാംവണ്ണം അവന്റെ ഭാര്യ ഇതു സ്ഥാപിച്ചു.

വേറൊന്നു്:

ഗോളിലെ ഡപ്യൂട്ടിയായ ഗോർഡിയാനസ് ഇവിടെക്കിടക്കുന്നു. ഇദ്ദേഹം തന്റെ മുഴുകുടുംബത്തോടുകൂടി ക്രിശ്ചാസത്തിനായി കൊല്ലപ്പെട്ടു. അവർ സമാധാനത്തിൽ വിശ്രമിക്കുന്നു. ഒരു ദാസിയായ തിയോഫില ഇതു പണിയിച്ചു.

ഈ ഗാർഡിയാനസ്സിന്റെ രക്തസാക്ഷി മരണത്തെക്കുറിച്ചുള്ള ഒരു കൈയെഴുത്തുപ്രതി ന്യൂറിയസ് പ്രസിദ്ധപ്പെടുത്തിയിരിക്കുന്നതായി പറയപ്പെടുന്നു. ഈ ലഘുലേഖയിൽ ജൂലിയന്റെ കാലത്തു ഹിംസ അനുഭവിച്ച ജനുവാരിയസ് എന്ന സഭാമൂപ്പന്റെ പ്രസംഗം മുഖാന്തിരമാണു്, ഈ റോമൻ പ്രഭു മനസ്സു തിരിഞ്ഞതു്എന്നും അൻപത്തിമൂന്നു കുടുംബാംഗങ്ങളോടും

തന്റെ ഭാര്യയായ മരീനയോടുംകൂടി സ്നാനം ഏറ്റു എന്നും പറഞ്ഞിരിക്കുന്നു. ഗ്രോണനിയാസ് കൊല്ലപ്പെട്ടു. അവന്റെ ശരീരം മിനർവയുടെ ക്ഷേത്രത്തിന്റെ മുമ്പിൽ പരസ്യസ്ഥലത്തു ഇട്ടിരുന്നു. അവന്റെ ചാർച്ചക്കാരിൽ ഒരുവൻ ശരീരമെടുത്തു കാറേക്കോംസിൽ അടക്കി.

വേറൊരു ശിലാലിഖിതത്തിൽ ഇങ്ങനെ കാണുന്നു. അതാവിതു് പൗലൊസ്, ഇടയൻ, അപ്പൊസ്തലൻ ഈ വാക്കുകളിൽ ആദ്യസഭയുടെ പ്രാഥമിക ലാളിത്യം ദ്രഷ്ടവ്യമാകുന്നു.

ക്രിസ്തുവിന്റെ അനുഗാമികൾക്കാക്കെങ്കിലും ഇക്കാലത്തെപ്പോലെ പ്രത്യേകിച്ചു സെൻറ് അഥവാ വിശുദ്ധ, എന്നൊരു വിശേഷണപദം ചേർക്കുക പതിവില്ലായിരുന്നു. എന്നാൽ ക്രിസ്തുവിലുള്ള യഥാർത്ഥവും ജീവനുള്ളതുമായ വിശ്വാസത്താൽ ഒരുപോലെ വിശുദ്ധീകരിക്കപ്പെട്ടവരായ എല്ലാവർക്കും തിരുവെഴുത്തിൽ കാണംവണ്ണം, ഒരുപോലെ ഈ വിശേഷണപദം ഉപയോഗിച്ചിട്ടുണ്ടു്. മാത്രമല്ല, ഈ ഭൂഗർഭശവകുടീരങ്ങളിൽ ചിത്രീകരിക്കപ്പെട്ടിരിക്കുന്ന അപ്പൊസ്തലന്റെയോ മറേറതെങ്കിലും, ക്രൈസ്തവന്റെയോ തലയ്ക്കുചുറും യാതൊരു പരിവേഷവും കാണുന്നില്ല. പുറജാതികളിൽനിന്നു തടവിച്ച ഈ പരിവേഷനിർമ്മാണം ആഞ്ചാം നൂറാണ്ടിലത്രെ ആദ്യമായി കാണുന്നതു്.

പഴയകാലങ്ങളിൽ സഭയിലെ ഉദ്യോഗസ്ഥന്മാർ റോമാസഭയിലെ ഉദ്യോഗസ്ഥന്മാരെപ്പോലെ അവിവാഹിതരായിട്ടല്ല, നേരെമറിച്ചു വിവാഹസ്ഥരായിരുന്നു എന്നുള്ളതിനു ധാരാളം തെളിവുകൾ പ്രസ്തുത ശവകുടീരങ്ങളിൽനിന്നു കിട്ടിയിട്ടുണ്ടു്. അവയിൽ ചിലതു താഴെ ചേർക്കുന്നു. എ. ഡി. 404–നോടടുത്ത ഘട്ടങ്ങളിലെ രേഖകളാണിവ.

എന്റെ ഭാര്യയായ ലോറൻഷ്യാ എനിക്കായി ഈ കല്ലറ ഉണ്ടാക്കി. അവൾ എന്റെ മനസ്സിനു യോജിച്ചവളും ബഹുമാന്യയും വിശ്വസ്തയും ആയിരുന്നു. ഒടുവിൽ നിരാശപ്പെട്ട അസൂയ, ഇതാ, മർദ്ദിക്കപ്പെട്ട കിടക്കുന്നു. ലീയോബിഷപ്പു് തന്റെ എൺപതാമത്തെ വയസ്സുവരെ ജീവിച്ചിരുന്നു.

ഒരു പ്രസ്ബിറരുടെ ചരമലേഖം:

പ്രസ്ബിറരായ ബേസിലിന്റെയും അയാളുടെ ഭാര്യയായ ഫെലിസിറാസിന്റെയും സ്ഥലം. അവർ തങ്ങൾക്കായി അതു് ഉണ്ടാക്കി.

പ്രസ്ബിറരായ ഗോഡൻഷ്യസ്, തനിക്കും, പതിവ്രതയും അതിപരിശുദ്ധസ്ത്രീയുമായ തന്റെ ഭാര്യ സെവീറസ്സും.

See ''Church in the Catacombs'' PP. 247–251.

അദ്ധ്യായം എട്ട്

മതവും വേദശാസ്ത്രവും

ക്രിസ്തുമതത്തിന്റെ വിശ്വാസരൂപം ഏതാനും ലളിതശാസനങ്ങളെയും സിദ്ധാന്തങ്ങളെയും ആശ്രയിച്ചിരിക്കുന്നു. അപ്പൊസ്തല വിശ്വാസപ്രമാണത്തിൽ കാണുന്നതു് ഒഴികെ കൂടുതൽ ഉപദേശങ്ങളൊന്നും ഉപദേഷ്ടാക്കന്മാർ പബ്ലിക്കിൽ കൊണ്ടുവന്നിട്ടില്ലായിരുന്നു. ഈ മതവ്യവസ്ഥകളെ കൈകാര്യം ചെയ്യുന്നതിനു സാമാന്യ ഗ്രഹണശക്തിയല്ലാതെ കൗശലമോ, അഗാധചിന്തയോ ഒന്നും ആവശ്യമില്ലായിരുന്നു. സഭയിൽ മതസിദ്ധാന്തങ്ങളെ പുരസ്കരിച്ചുള്ള തർക്കം അശേഷം ഉണ്ടായിരുന്നില്ല. തർക്കങ്ങളെല്ലാം പിന്നീടാണു് ഉണ്ടായതു്. ഈ നൂറാണ്ടിലെ ബിഷപ്പന്മാർ ലളിതമനസ്കന്മാരും വിദ്യാഭ്യാസം അധികമില്ലാത്തവരുമായിരുന്നു. അസാധാരണ സാമർത്ഥ്യം, വാഗ്മിത്വം ഇവയെക്കാൾ നിഷ്കളങ്കമായ ദൈവഭക്തിക്കായിരുന്നു അവർ കീർത്തിപ്പെട്ടിരുന്നതു്.

എങ്കിലും ചിലർ, ക്രിസ്തുമതത്തെ തത്വജ്ഞാനത്തോടു ഘടിപ്പിക്കുന്നതിനു ചെയ്ത പരിശ്രമത്തിന്റെയും, പല ഇടത്തുതട്ടുകാരുമായി നടന്ന തർക്കത്തിന്റെയും ഫലമായി വിശ്വാസ്യവിഷയങ്ങളെ ചില വിദ്വാന്മാർ ഒരു പുതിയ രൂപത്തിൽ നിർവചിപ്പാൻ തുടങ്ങി.

ദൃഷ്ടാന്തമായി ഒരു സംഗതി കാണിച്ചുകൊള്ളുന്നു. ദുഷ്ടന്മാരുടെ ആത്മാക്കൾ മരണസമയത്തു നരകത്തിലേക്കും, ശുദ്ധിമാന്മാരുടെ ആത്മാക്കൾ സ്വർഗ്ഗത്തിലേക്കും പോകുന്നു എന്നും ആർക്കും തെളിവായി മനസ്സിലാകുന്നുണ്ടല്ലോ. ഈ പഠനം കൊണ്ടു്, അപ്പൊസ്തലന്മാരും ആദ്യക്രിസ്ത്യാനികളും ധാരാളം തൃപ്തിപ്പെട്ടിരുന്നു എന്നു നിസ്സംശയം പറയാം. എന്നാൽ ചില ക്രിസ്തീയ ചിന്തകന്മാർ പ്രത്യേകോപദേശങ്ങളോടും മറ്റു ചില അഭിപ്രായങ്ങളോടും അനുയോജിച്ചപ്പോൾ, പ്രഥമ വിശ്വാസത്തിനു സാരമായ ദോഷം ഭവിച്ചു. അതി പരിശുദ്ധന്മാരും രക്തസാക്ഷികളുമായവരുടെ ആത്മാക്കൾ ഉടൻ സ്വർഗ്ഗത്തേക്കു് എടുക്കപ്പെടുമെങ്കിലും, സാമാന്യ ക്രൈസ്തവജീവിതക്കാർ, അവരിലുള്ള ചില ജഡപ്രകൃതി നിമിത്തം മേലോട്ടു് ഉയരുവാൻ കഴിയാതെ അധോലോകങ്ങളിൽ ഏതോ ഒരിടത്തു ചെല്ലുമെന്നുള്ള അഭിപ്രായം പരക്കുവാൻ തുടങ്ങി. തീരെ കുറ നീങ്ങിയവർമാത്രം സ്വർഗ്ഗാവകാശികൾ; ചില ദുസ്വഭാവങ്ങളുള്ളവർ അശുദ്ധി നീങ്ങിപ്പോകുംവരെ, ക്രിസ്തുമനസ്സോടുകൂടി അധോലോകത്തിൽ കിടക്കേണ്ടവർ; ഏവംവിധമായിരുന്ന നവീന സങ്കല്പം. തൽഫലമായി എന്തെല്ലാം തെറ്റുകൾ ക്രിസ്തീയ സഭയിൽ മുളച്ചു! നിരർത്ഥകമായ എത്രയെത്ര ആചാരങ്ങൾ നടപ്പിലായി! നീചതരമായ എത്രയോ മൂഢവിശ്വാസങ്ങൾക്കു ക്രിസ്തീയസഭ വിളനിലമായിതീർന്നു!

അന്നു സഭ, വിശ്വാസത്തിന്റെ ഏകപ്രമാണമായി തിരുവെഴുത്തുകളെ സ്വീകരിച്ചിരുന്നതിനാൽ മേൽപറഞ്ഞ അഭിപ്രായങ്ങളെ ബൈബിളിൽ കൊണ്ടു സ്ഥാപിക്കുവാൻ തുടങ്ങി. തത്വജ്ഞാനത്തെയും ബൈബിൾ വാക്യങ്ങളെയും മിശ്രീകരിച്ച ആദ്യത്തെ വിദ്വാൻ അലക്സന്ത്രിയൻ കലാലയത്തിന്റെ പ്രധാനാദ്ധ്യാപകനായ പന്തീനസ് ആയിരുന്നു. ദൈവസഹായംകൊണ്ടു് ഇദ്ദേഹത്തിന്റെ ഗ്രന്ഥങ്ങളൊന്നും നമുക്കു കിട്ടീട്ടില്ല. ഈ ദുശ്ശ,

ഇതരന്മാരായ പല ക്രിസ്തീയ താത്വികന്മാരുടെ ഗ്രന്ഥങ്ങളും നശിച്ചുപോയിരിക്കുന്നു. പ്രബന്ധങ്ങളുടെ നഷ്ടം, അവയുടെ വ്യാഖ്യാനരീതി നോക്കിയാൽ ഗണ്യമായ നഷ്ടമല്ലെന്നു ഡോക്ടർ മോഷീം പറയുന്നു.

ചില താർക്കികഗ്രന്ഥങ്ങൾ ഇക്കാലത്തെ വിശേഷിപ്പിക്കുന്നുണ്ട്. ജസ്റ്റിൻ മാർട്ടർ, തെർത്തുല്യൻ, എന്നിവരുടെ കൃതികൾ ഇക്കൂട്ടത്തിൽ പ്രാമുഖ്യം വഹിക്കുന്നു. പുറജാതികളെ ഉദ്ദേശിച്ചു് എഴുതിയതു് അതേനഗോറസ്, മെലിത്തോ മുതലായവർ ആകുന്നു. ഇവർ ജാതികളുടെ മൂഢതകളെ അടിച്ചു തകർക്കയും, ക്രൈസ്തവരുടെമേൽ അവർ കുന്നിച്ച നിന്ദയെ ചിതറിച്ചുകളകയും ചെയ്തു. ഐറീനിയസ്, അലക്സാന്ത്രിയാക്കാരനായ ക്ലെമന്റു് മുതലായവർ സ്വലിഖിതങ്ങളാൽ ദുരുപദേശപ്രചാരത്തിനു വലിയ പ്രതിബന്ധമുണ്ടാക്കി.

ഈ നൂറ്റാണ്ടിലെ പ്രസ്താവയോഗ്യമായ വേറൊരു സംഗതി ക്രിസ്ത്യാനികളുടെ ഇടയിൽ ഉണ്ടായ ''സന്ന്യാസ''മനസ്ഥിതിയാണു്. ഇതു സന്മാർഗ്ഗത്തിന്റെ ഉച്ചനിലയെ കാംക്ഷിച്ചുകൊണ്ടുള്ള പ്രസ്ഥാനമാണെങ്കിലും, ക്രിസ്തുസഭയ്ക്കു വളരെ ദോഷം ചെയ്തിട്ടുണ്ടു്. എന്നു മാത്രമല്ല ഇന്നേവരെയ്ക്കും ദോഷഹേതുകമായിട്ടാണു് ഇരിക്കുന്നതും. നമ്മുടെ രക്ഷിതാവായ യേശുതന്റെ സകല ശിഷ്യന്മാർക്കും ജീവിതത്തിനു് ഒരു പ്രമാണവും തോത്തുമാണു വച്ചിട്ടുള്ളതു് എന്നുള്ളതിൽ പക്ഷാന്തരമില്ല. എന്നാൽ ക്രിസ്തീയോപദേഷ്ടാക്കന്മാർ തങ്ങളുടെ ചുറ്റും കിടക്കുന്ന ജാതികളെ കണ്ടു പഠിച്ചിട്ടോ, തപസ്സും, ഏകാന്തതയും സംബന്ധിച്ചുള്ള സ്വാഭാവികമനച്ചായ്വിനാലൊ, വിശുദ്ധികരം സദാചാരത്തിനും രണ്ടുതരമായ പ്രമാണങ്ങൾ ആണു ക്രിസ്തു വച്ചിട്ടുള്ളതു് എന്നു പ്രസംഗിപ്പാൻ തുടങ്ങി. അതിൽ ഒന്നു സാധാരണവും, താണതും മറ്റതു് അസാധാരണവും ഉയർന്നതും, ഒന്നു ജോലിക്കാർക്കുള്ളതു്; മറ്റതു് സമയം ധാരാളമുള്ളവർക്കുള്ളതു് എന്നിങ്ങനെയായിരുന്നു ആ പ്രമാണദ്വയത്തെ വിവരിച്ചതു്. ഇതു് അകമെ സമ്മതമായി വന്ന ഉടൻ പുസ്തകങ്ങളിൽ ഉള്ളതായിരുന്നാലും പരമ്പര്യവഴിക്കു വന്നതായാലും, മനുഷ്യജീവിതവും, സന്മാർഗ്ഗവും സംബന്ധിച്ച സകല ഉപദേശങ്ങളെയും, കല്പനകളും ആലോചനകളും എന്നിങ്ങനെ രണ്ടാക്കി രേഖിച്ചു. കല്പനകൾ എല്ലാവരും അനുസരിക്കേണ്ടതും ആലോചനകൾ ദൈവത്തോടു വളരെ അടുത്തുള്ള ജീവിതം, അതായതു് അത്യന്തം ഉയർന്ന വിശുദ്ധജീവിതം, ആഗ്രഹിക്കുന്നവർ അനുഷ്ഠിക്കേണ്ടതും ആണന്നത്രെ ഇവരുടെ മതസംക്ഷപം.

ഇതിൽ രണ്ടാമതു പറഞ്ഞ കൂട്ടർ വീഞ്ഞു, മാംസം, വിവാഹം എന്നിവ തങ്ങൾക്കു വിരോധിക്കപ്പെട്ടവയാണെന്നും, തീരുമാനിച്ചു് അവയെ വർജ്ജിച്ചു. ഉറക്കിളപ്പു്, ഉപവാസം, വിശപ്പു്, ദേഹോദ്ധാനം മുതലായവയാൽ തങ്ങളുടെ ശരീരങ്ങളെ ദണ്ഡിപ്പിക്കേണ്ടതാണെന്നു് എണ്ണി തദനുസരണം ജീവിച്ചു. ചിലർ ഏകാന്തസ്ഥലങ്ങളിൽ പോയി പഞ്ചേന്ദ്രിയങ്ങളും അടക്കി ധ്യാനനിരതരായിരുന്നു. ഇവർക്കു് എപ്പോഴുമായിയോയി = സന്ന്യാസികളും, ഏകർ = താത്വജ്ഞാനികളും, എന്നിങ്ങനെ പേർ ലഭിച്ചു. ചില പെൺതത്വജ്ഞാനികളും ഇവരുടെ ഇടയിൽ ഉണ്ടായിരുന്നു. ഇവരുടെ പേരും വസ്ത്രധാരണരീതിയും, നടപടിയും മറ്റു ക്രിസ്ത്യാനികളുടേതിൽ നിന്നു ഭേദപ്പെട്ടിരുന്നു. ഇവർ സ്വകപോലകല്പിതമായ വ്യവസ്ഥയനുസരിച്ചു ജീവിച്ചു പോന്നു. എങ്കിലും മറ്റുള്ള ആളുകളുമായി ഇടപെടുന്നതിൽ വൈമുഖ്യം പ്രദർശിപ്പിച്ചിരുന്നില്ല എന്നിരുന്നാലും കാലക്രമേണ അരണ്യങ്ങളിലേക്കു പോയി അവിടെ എസ്സേന്യേർതെറാപ്യൂറ്റേയി ഇവരെ മാതൃകയായി സ്വീകരിച്ച പല സംഘങ്ങളായി പാർത്തുവന്നു. ഇങ്ങനെയുള്ളവർ മരിച്ചാൽ, വിശിഷ്യ, യാതൊരു ശുദ്ധീകരണത്തിനും ആവശ്യമില്ലാതെ സ്വർഗ്ഗത്തിലേക്കു നേരെ എടുത്തുകൊള്ളപ്പെടും എന്ന അഭിപ്രായമത്രെ ഇവരെ സന്യാസത്തിലേക്കോ വാനപ്രസ്ഥത്തിലേക്കോ നയിച്ചതു്.

ഈ സന്യാസ പദ്ധതിയുടെ മുഖ്യസ്ഥലം ഈജിപ്തായിരുന്നു. ആ രാജ്യത്തു മൻപുതന്നെ സന്യാസവൃത്തിക്കാരായ ജാതികളും ഉണ്ടായിരുന്നു. ഈജിപ്തിൽനിന്നു സുറിയായിലേക്കും അടുത്ത രാജ്യങ്ങളിലേക്കും കടന്നു. കിഴക്കൻ രാജ്യങ്ങളിൽനിന്നതുപോലെ യൂറോപ്പിലേക്കു് ഈ പ്രസ്ഥാനം ചെന്നതു്. പട്ടക്കാരുടെ അവിവാഹാവസ്ഥ മുതലായ കഴപ്പങ്ങളും ഈ സന്യാസ ഏർപ്പാടിൽനിന്നാണു് ക്രിസ്തുസഭയ്ക്കു വന്നുകൂടീട്ടുള്ളതു്.

താത്വികസിദ്ധാന്തങ്ങളിൽനിന്നു വേറൊരു പിശകും ഉത്ഭവിച്ചു സന്താനപുഷ്ടിയോടുകൂടി വർദ്ധിച്ചു. എങ്ങനെയെന്നാൽ, ദ്വൈത്തോന്യരുടെയും പിത്തഗോറിയൻസിന്റെയും ഇടയിൽ സത്യത്തേയും ഈശ്വരഭക്തിയേയും സ്ഥാപിക്കാൻവേണ്ടി കള്ളം പറയുകയോ, വഞ്ചന പിണയ്ക്കുകയോ ചെയ്യുന്നതിൽ യാതൊരു ദോഷവും ഇല്ലെന്നു മാത്രമല്ല അതു പ്രശംസാർഹമാണെന്നുകൂടി അഭിപ്രായമുണ്ടായിരുന്നു. ക്രിസ്താബ്ദത്തിനു മുൻപായിതന്നെ ഈജിപ്തിൽ താമസിച്ചിരുന്ന യഹൂദന്മാർ ഈ പണ്ഡിതന്മാരിൽനിന്നു് ഈ വിദ്യ കൈക്കലാക്കിയിരുന്നു. ഈ രണ്ടു വഴിക്കുനിന്നും ക്രിസ്ത്യാനികളുടെ ഇടയിൽ ഈ അഭിപ്രായം പരന്നു. ഈ പ്രമാണത്തെ ആധാരമാക്കിയാണു് സിബിലൈൻ പദ്യങ്ങളും മുതലായി, പ്രഖ്യാതന്മാരുടെ പേരിലുള്ള കള്ളക്കഥകളും ഉണ്ടായതു്. ഇക്കാലത്തു വ്യാജഗ്രന്ഥങ്ങളും അധികവും നോസ്റ്റിക്കുകക്ഷികളും നിർമ്മിച്ചതായിരിക്കണം. എങ്കിലും, സാധാരണ ക്രിസ്ത്യാനികളുടെ ഇടയിലും, ഈ ദോഷം കടന്നുകൂടിയിരുന്നു എന്നുള്ളതു് എതിർക്കാവതല്ല.

സഭയുടെ അതിരുകളും വിശാലമാകുന്തോറും ഉദ്ദ്യോഗികളും കൊള്ളരുതാത്തവരുമായ മനുഷ്യരുടെ ഒരു വലിയ സംഖ്യ സഭയിൽ കടന്നുകൊണ്ടിരുന്നു. ഇക്കാലത്തെ എഴുത്തുകാരുടെ കുറിപ്പുകളിൽനിന്നു് അതു തെളിയുന്നു. അതിക്രമികളെ സഭയിൽനിന്നു ബഹിഷ്കരിക്കുന്ന സുപ്രസിദ്ധമായ പതിവു, വമ്പിച്ച പരസ്യകുറ്റങ്ങളെ തടയുന്ന ഒരു വേലി തന്നെയായിരുന്നു. എല്ലാ പാപങ്ങളിൽവച്ചു് അതിനിഷിദ്ധവും, നീചവും ആയി എണ്ണപ്പെട്ട വലിയ പാപങ്ങളും, കൊല, വിഗ്രഹാരാധന, വ്യഭിചാരം എന്നിവയായിരുന്നു. ഈ പദങ്ങളെ, അവയുടെ അതിവിശാലമായ അർത്ഥത്തിലാണു് ഇവിടെ ഗ്രഹിക്കേണ്ടതു്. ഈ കുറ്റങ്ങളും ചെയ്യുവർക്കു് അനേക സഭകളിലും ക്ഷമ കിട്ടുമെന്നു് ആശിപ്പാൻ വകയില്ലായിരുന്നു. ബാക്കിയുള്ള സഭകളിൽ ദീർഘവും, കഠോരവും, വേദനാജനകവുമായ പരിശോധനയുടെ ശേഷം വീണ്ടും അംഗീകരിക്കപ്പെട്ടു. അപരാധികളെ സഭയിൽനിന്നു പുറത്താക്കുകയും, പൂർണ്ണമായ ഒരു മനഃപരിവർത്തനം ഉണ്ടായി എന്നു നല്ല തെളിവു കിട്ടിയശേഷം മാത്രം പുനഃസ്വീകരിക്കയും ചെയ്യുന്ന ഏർപ്പാടു് ആദ്യകാലത്തു ലളിതവും നിഷ്പ്രയാസവുമായ ഒരേർപ്പാടായിരുന്നു. അതിൽ ആചാരമാത്രത ഒട്ടും ഉണ്ടായിരുന്നില്ല. എന്നാൽ അതിനുള്ള നിയമങ്ങൾ വളരെ വർദ്ധിക്കുകയും, പുറജാതികളുടെ ഗ്രഹകർമ്മങ്ങളുടെ ബന്ധനസമ്പ്രദായത്തിൽനിന്നു്, വായ്പ വാങ്ങിയ അനേക ചടങ്ങുകളാൽ വളരെ വിരൂപപ്പെടുകയും ചെയ്തു.

അദ്ധ്യായം ഒൻപതു്

ആചാരങ്ങൾ

പരസ്യമായും രഹസ്യമായുമുള്ള മതസംബന്ധമായ ആരാധനയോടു്, അനാവശ്യമായും, സുബോധവാന്മാരും സന്മനസ്സുകളുമായ മനുഷ്യർക്കു നീരസം തോന്നത്തക്കവണ്ണവും, അനേക ചടങ്ങുകളും കൂട്ടപ്പെട്ടിട്ടുണ്ടു്. ഇതിനു കാണുന്ന പ്രധാന കാരണം മനുഷ്യവർഗ്ഗത്തിന്റെ വികടതവും തന്നെയാണു്. ഹൃദയത്തിന്റെ യഥാർത്ഥ ഭക്തിയോടുകൂടിയ ആരാധനയെക്കാളും ബാഹ്യമായ ആചാരങ്ങളുടെ ആഡംബരം, മഹിമ എന്നിവയോടുകൂടിയ ആരാധനയാണു മനുഷ്യർക്കു് അധികം ഇഷ്ടം. എങ്കിലും ഉദ്ദേശത്തിൽ നിന്നല്ല, അവിവേകത്തിൽനിന്നതന്നെ ഉണ്ടായിട്ടുള്ളതാണെന്നു നിസ്സംശയം തെളിവുള്ള ഏതാനും സംഗതികളെ ഇവിടെ പ്രസ്താവിക്കാം.

ഒന്നാമതു്, ക്രൈസ്തവാരാധനയിൽ യഹൂദന്മാർക്കും പുറജാതികൾക്കും രസം ജനിപ്പിക്കുന്നതിനുതന്നെ ബിഷപ്പന്മാർ ചടങ്ങുകളെ വർദ്ധിപ്പിച്ചതെന്നു വിചാരിപ്പാൻ ന്യായമുണ്ടു്. ഇരുകൂട്ടരും ശൈശവം മുതൽക്കുതന്നെ അസംഖ്യവും, അലങ്കാരഭൂയിഷ്ഠവുമായ ആചാരങ്ങളും കണ്ടു പരിചയിച്ചിട്ടുള്ളവരും, ഈ മോടിധാടികളിൽ മതത്തിന്റെ ഒരു മുഖ്യഭാഗമടങ്ങിയിരുന്നുവെന്നു വിശ്വാസമുള്ളവരുമാണു്. ഇങ്ങനെയിരിക്കെ ഈവക യാതൊരു മോടിയും കൂടാതെയുള്ള ക്രൈസ്തവ മതാരാധന കണ്ടപ്പോൾ തീരെ മോശമെന്നു തോന്നുകയും, അതിനാൽ അവർ അതിനെ നിന്ദിക്കയും ചെയ്തു. ഈ തിരസ്കാരത്തിൽനിന്നു് ഒഴിയുന്നതിനു കുറെ ചടങ്ങുകളും കൂട്ടിച്ചേർത്തു പരസ്യമായുള്ള ദൈവാരാധന നടത്തിയാൽ നന്നായിരിക്കുമെന്നു ക്രൈസ്തവ ഭരണകർത്താക്കൾക്കു തോന്നി.

രണ്ടാമതു്, ക്രിസ്ത്യാനികളും ദൈവത്തിനു കഴിച്ച ആരാധനയുടെ ലാളിത്യം, യഹൂദന്മാരും പുറജാതി പുരോഹിതന്മാരും, ചില അപവാദങ്ങളും പറഞ്ഞു പരത്തുന്നതിനു കാരണമായിത്തീർന്നു. എങ്ങനെയെന്നാൽ, ക്രിസ്ത്യാനികൾക്കു് ദേവാലയങ്ങളും, ബലിപീഠങ്ങളും, യാഗവസ്തുക്കളും, പുരോഹിതന്മാർ എന്നിവ ഇല്ലായിരുന്നതിനാലും, മതത്തിന്റെ സാരഭാഗം ആഡംബരത്തിലാണു് അടങ്ങിയിരിക്കുന്നതെന്നു ജനസാമാന്യം വിശ്വസിച്ചിരുന്നതിനാലും ആഡംബരരഹിതമായ ആരാധന നടത്തിയ ക്രിസ്ത്യാനികൾ നിർദ്ദേവന്മാരും നാസ്തികന്മാരും എന്നു് എല്ലായിടത്തും പ്രസിദ്ധമായി. കാരണം, വെളിച്ചം ലഭിക്കാത്ത ആളുകൾ, തങ്ങളുടെ കണ്ണിനു പിടിക്കുന്ന എന്തെങ്കിലും ഇല്ലാതെയിരിക്കുന്ന ഒരു സ്ഥാപനത്തെ മതം എന്നു പറവാൻ കഴിയാത്തവരായിരുന്നു. ഈ കുറവുപറച്ചിലിനെ അടക്കുന്നതിനു ജനങ്ങളുടെ ഇന്ദ്രിയങ്ങളെ ആകർഷിക്കുന്ന ഏതാനും ബാഹ്യാചാരങ്ങൾകൂടെ സഭയിൽ പ്രവേശിപ്പിക്കുന്നതു് ആവശ്യമെന്നു ക്രിസ്തീയ പണ്ഡിതന്മാർ വിചാരിച്ചു. തന്നിമിത്തം അല്പം ഭിന്നരൂപത്തിലാണെങ്കിലും, ഏതൊന്നു ക്രിസ്ത്യാനികൾക്കില്ല എന്നു ജാതികൾ കുറവു പറഞ്ഞുവോ, അവ, യഥാർത്ഥമായി ക്രിസ്ത്യാനികൾക്കുണ്ടു് എന്നു സ്ഥാപിക്കുവാൻ ഈ നേതാക്കൾക്കു സാധിച്ചു.

മൂന്നാമതു, ക്രിസ്തുമതത്തെ സംബന്ധിച്ചു. പുതിയനിയമത്തിൽ ചെയ്തിരിക്കുന്ന പ്രസ്താവനകളുടെ പല ഭാഗങ്ങളും യഹൂദനിയമത്തിൽനിന്നും

കടം വാങ്ങിയ പദങ്ങളാണല്ലൊ. മാത്രമല്ല, ചിലടത്തു മതത്തിന്റെ ചില ഭാഗങ്ങളെ മോശീയ ചടങ്ങുകളോട് താരതമ്യപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. തങ്ങളുടെ ആശയങ്ങളെ വെളിപ്പെടുത്തുന്നതിനുള്ള ഈ രീതി ക്രിസ്തീയ പണ്ഡിതന്മാരും എഴുത്തുകാരും അനുകരിച്ചു എന്നു മാത്രമല്ല, ആ വിഷയത്തിൽ സ്വല്പം കടന്ന നിലയിൽ ആയിപ്പോകയും ചെയ്തു. ഇതിൽ ആക്ഷേപിക്കുവാനില്ല. എന്നാൽ കാലാന്തരത്തിൽ, ആലോചനാരാഹിത്യം കൊണ്ടോ, മൂഢതകൊണ്ടോ, നയവിശേഷംകൊണ്ടോ, ഭൂരിപക്ഷം ക്രൈസ്തവർ ഈ ദുശ്ശബ്ദാശൈലി അലങ്കാരാത്മകമല്ല, പിന്നെയോ, വാച്യാർത്ഥമായിട്ടുള്ളതും, വസ്തുസ്ഥിതിക്കനുയോജിച്ചതും ആണെന്ന വാദിക്കയുണ്ടായി. ബിഷപ്പന്മാരെ മഹാ പുരോഹിതന്മാർ എന്നു വിളിക്കുന്നതിനാലുള്ള ദുഷ്ഫലം എന്തെന്നു് അറിയാതെയും, ദുഷ്പ്രോദ്ദേശം കൂടാതെയും, ആദിയിൽ വിളിക്കയുണ്ടായി. ഇതുപോലെ പ്രസ്ബിറ്റർമാർ, പുരോഹിതന്മാരെന്നും, ഡീക്കന്മാർ, ലേവ്യർ എന്നും വിളിക്കപ്പെട്ടു. കുറെ കഴിഞ്ഞപ്പോൾ ഈ സ്ഥാനപ്പേർ ലഭിച്ചവർ, തങ്ങളെ യഹൂദന്മാരുടെ മഹാപുരോഹിതന്മാർ, പുരോഹിതൻ, ലേവ്യർ, ഇവരുടെ സ്ഥാനത്താകുന്നു നിൽക്കുന്നതെന്നും, അവർക്കുള്ള ശ്രേഷ്ഠത തങ്ങൾക്കുണ്ടെന്നും, മോശയുടെ പ്രമാണത്തിൽകീഴ് ഈ സ്ഥാനപ്പേർ വഹിച്ചവർക്കുള്ള സകല അവകാശങ്ങളും തങ്ങൾക്കുണ്ടെന്നും ഭാവിച്ചുകൊണ്ടു്, പ്രസ്തുത സ്ഥാനപ്പേരുകളെ ദുഷിപ്പിച്ചു. ഇതിൽനിന്നത്രെ ആരംഭത്തിൽ ആദ്യഫലവും പിന്നീട് ദശാംശവും ക്രിസ്തീയ സഭയിൽ ഉണ്ടായതു്. അതുപോലെതന്നെ വിശേഷവസ്ത്രങ്ങളും, മറ്റു് അനേക കാര്യങ്ങളും ഇതിൽനിന്നതന്നെ ഉത്ഭവിച്ചതാകുന്നു. കൂടാതെ ക്രിസ്തീയ വഴിപാടുകളെ യഹൂദന്മാരുടെ ഉപാകൃതങ്ങളോടും ബലികളോടും, സാമ്യപ്പെടുത്തി വന്നതു നിമിത്തവും അനാവശ്യമായ വളരെ ചടങ്ങുകളും ഉല്പന്നമായി. ഈ സമ്പ്രദായം തിരുവത്താഴത്തിന്റെ ഉപദേശത്തെതന്നെ ദുഷിപ്പിച്ചുകളഞ്ഞു. വാസ്തവത്തിൽ മനോവേഗത്തെക്കാളും അധികം വേഗത്തിൽ അതു ബലിയായി മാറി.

നാലാമത്തെ കാരണം, ഗ്രേക്കുരുടെയും, പൗരസ്ത്യരുടെയും ഇടയിൽ മർമ്മങ്ങളും അഥവാ രഹസ്യങ്ങളും (Mysteries) എന്നു വിളിക്കപ്പെട്ടവയെക്കാളും അധികം പരിശുദ്ധമായി യാതൊന്നുംതന്നെ ഇല്ലായിരുന്നു. ഇതിന്റെ അനുകരണം ക്രിസ്തീയ മതത്തിനു മാഹാത്മ്യം ഉണ്ടാക്കുന്നതിനു ക്രിസ്ത്യാനികൾക്കും വഴിയായി തീർന്നു. അതായതു ജാതികളെപ്പോലെ അവരുടെ ഇടയിലും രഹസ്യങ്ങളും ഉണ്ടായി വന്നു. ജാതികളുടെ രഹസ്യങ്ങൾക്കു് ഉപയോഗിച്ചിരുന്ന അതേ വാക്കുകൾതന്നെ അവർ ക്രിസ്തീയ കർമ്മങ്ങൾക്കും, വിശിഷ്യ ജ്ഞാനസ്നാനം കർത്താവിന്റെ അത്താഴം ഇവയ്ക്കു ഉപയോഗിച്ചു എന്നമാത്രമല്ല, രഹസ്യങ്ങൾ എന്നുള്ള പേരിനാൽ ഉദ്ദേശിക്കപ്പെട്ട ചടങ്ങുകളെ ക്രമേണ ക്രിസ്തുസഭയിലേക്കു കൊണ്ടുവരികയും ചെയ്തു. ഈ നടപടി പൗരസ്ത്യരാജ്യങ്ങളിലാണു് ആരംഭിച്ചതു്. അവിടെനിന്നു് അദ്രിയാന്റെ (ഇദ്ദേഹമാണു് ഗ്രേക്കുരുടെ രഹസ്യങ്ങളെ ലത്തീൻകാരുടെ ഇടയിൽ ആദ്യമായി പ്രവേശിപ്പിച്ചതു്.) കാലം കഴിഞ്ഞു്, അതു പാശ്ചാത്യ ക്രിസ്ത്യാനികളുടെ ഇടയിൽ പരന്നു. അതുകൊണ്ടു് ക്രിസ്തീയാചാരങ്ങളിലും സ്ഥാപനങ്ങളിലും ഒരു വലിയ ഭാഗം, ഈ നൂറാണ്ടിൽതന്നെ പുറജാതിരഹസ്യങ്ങളുടെ നിലയെ അവലംബിച്ചു.

അഞ്ചാമതു്, അനേകാചാരങ്ങളും എജിപ്തുകാരുടെയും മിക്കവാറും എല്ലാ കിഴക്കൻ ജാതികളുടെയും, നടപടിയിൽനിന്നും ഉണ്ടായിട്ടുള്ളതാകുന്നു. എജിപ്ത്യരുടെയും മറ്റു പൗരസ്ത്യരുടെയും ഇടയിൽ ബിംബങ്ങളും, അഭിനയങ്ങളും, അർത്ഥവത്തുകളായ അടയാളങ്ങളും എന്നിവയാൽ ബോധനം നൽകുന്ന സമ്പ്രദായം നടപ്പിലിരുന്നു. അതുകൊണ്ടു്, ക്രിസ്തീയ പണ്ഡിതന്മാർ,

മനുഷ്യർക്ക രക്ഷ ലഭിക്കേണ്ടതിനായി, ഇവയെ. ബുദ്ധിമുട്ടി വലിയ സത്യങ്ങം ചിന്തിക്കുന്നതിനു ശക്തിയില്ലാത്തവരും, നിവ്വിചാരികളുമായ പുരുഷാരത്തിന്റെ കണ്ണുകൾക്ക മുൻപിൽ, വച്ചുകൊടുക്കുന്നതു് അവരുടെ വിവേചനശക്തിയെ സഹായിപ്പാനിടയുണ്ടെന്നു വിചാരിച്ചു. ജ്ഞാനസ്നാനത്താൽ ക്രിസ്തീയാരാധനയിലേക്ക പ്രവേശിപ്പിക്കപ്പെട്ട പുനർജ്ജാതന്മാരാണ തങ്ങളെന്നും, തങ്ങളുടെ നടപടിയിൽ അവർ ശിശുക്കൾക്കുള്ള നിഷ്കളങ്കത വെളിപ്പെടുത്തേണ്ടതാണെന്നും, പുതിയ മതഗ്രാഹികളെ ഉപദേശിച്ചു. അതു കൊണ്ടു് ചെറിയ കുട്ടികളുടെ ആഹാരമായ പാലും തേനും, അവർക്ക കൊടുത്തുതുടങ്ങി. പിശാചിന്റെ ദാസ്യത്തിൽനിന്നു ക്രിസ്തുവിന്റെ രാജ്യത്തേക്ക പ്രവേശനം കിട്ടിയിരിക്കുന്നവർ ദൈവത്തിന്റെ സ്വതന്ത്രമനുഷ്യരായിത്തീന്നതിനാൽ ലിസ്ട്രിൽ പുത്തനായിപ്പോരുകൊണ്ട പടയാളിയെപ്പോലെ തങ്ങളുടെ നേതാവിനെ അനുസരിക്കാമെന്നു് അവർ ശപഥം ചെയ്തു. ഇങ്ങനെ ചില ആചാരങ്ങളും സൈന്യസംബന്ധമായ നടപടികളിൽനിന്നും, ദാസ്യമോചനത്തിന്റെ സമ്പ്രദായത്തിൽനിന്നും ഉത്ഭവിച്ചു.

ഒട്ടുവിലത്തെ കാരണം, മുഷിഞ്ഞുപോകാതിരിപ്പാൻ എന്നുള്ളതാണു്. ക്രിസ്ത്യാനികളും യഹൂദന്മാരിൽനിന്നും ജാതികളിൽനിന്നും കൂട്ടപ്പെട്ടവരാണെന്നും, അവർ ചെറുപ്പത്തിലെ കണ്ടു പരിചയിച്ചിട്ടുള്ള വിവിധമായ ആചാരങ്ങളെയും, മൂഢമായ ചടങ്ങുകളെയും ഉപേക്ഷിക്കുന്നതു തീരെ അസാദ്ധ്യമാണെന്നും അറിയാവുന്ന ആളുകൾക്ക, ദുഷിച്ചതോ, നീചമായതോ ആയയാതൊന്നും ക്രിസ്തീയ സഭയിലേക്ക കടന്നിട്ടില്ലെന്നു തോന്നുകയാണെങ്കിൽ അതു് ഒരത്ഭുതംതന്നെ. ദൃഷ്ടാന്തമായി ക്രിസ്താബ്ദത്തിനു മൻപു് പൗരസ്ത്യ ദേശനിവാസികളായ മിക്കവാറും എല്ലാ ജാതികളും സൂര്യോദയദിക്കായ കിഴക്കോട്ട തങ്ങളുടെ മുഖം തിരിച്ചുകൊണ്ടു് ആരാധന കഴിക്ക പതിവായിരുന്ന. കാരണം വെളിച്ചത്തോട്ട തുല്യനാണെന്നു തങ്ങം ഊഹിച്ചിട്ടുള്ളവനും അതിലും കൂടുതലായി സാക്ഷാൽ വെളിച്ചംതന്നെ ആയിരിക്കുന്നവനും മാത്രമല്ല, ഏതോ പരിധികളിൽ തങ്ങളെ സങ്കല്പിച്ചുറപ്പിച്ചിട്ടുള്ളവനുമായ ദൈവം ദൃകാശത്തിൽ സൂര്യോദയ ഭാഗത്താണ വസിക്കുന്നതെന്നു വിശ്വസിച്ചിരുന്ന. വാസ്തവം നോക്കിയാൽ അവരിൽനിന്നു് ക്രിസ്ത്യാനികളായവർ ഈ പിശകായ ആരാധനയെ ത്യജിച്ചു കളഞ്ഞു; എന്നിരിക്കിലും അതിൽനിന്നു് ഉത്ഭവിച്ചതും വളരെ പുരാതനവും ലോകമൊട്ടുക്ക പ്രബലപ്പെട്ടിരുന്നതുമായ കിഴക്കോട്ട തിരിഞ്ഞു് ആരാധിക്കുന്ന വഴക്കത്തെ അവർ വിടാതെ പിടിച്ചു. ഈ കാലത്തുപോലും അതിനെ ഉപേക്ഷിക്കുന്നതു പ്രായോഗികമായി കാണുന്നില്ല. മേല്പറഞ്ഞിട്ടുള്ള കാരണത്താൽത്തന്നെ അനേക യഹൂദ ആചാരങ്ങളും സഭയിൽ കടന്നുകൂടി. അവ ഇന്നും അനേകശതം ക്രിസ്ത്യാനികളാൽ, വിശിഷ്യ പൗരസ്ത്യരാജ്യനിവാസികളാൽ ഭക്തി സഹിതം പാലിക്കപ്പെട്ടുപോരുന്നു.

സഭായോഗം

ആചാരങ്ങളെക്കുറിച്ചു ചുരുക്കമായിമാത്രമെ ഇവിടെ പ്രസ്താവിക്കുന്നുള്ള. ദൈവാരാധനയ്ക്കായി ക്രിസ്ത്യാനികളും കൂടിവന്നതു് വല്ലവരുടേയും വീട്ടുകളിലോ ഗ്രഹകളിലോ, ശ്മശാനസ്ഥലങ്ങളിലോ ആയിരുന്ന. ആഴ്ചവട്ടത്തിന്റെ ഒന്നാംദിവസമാണു് അവർ കൂടിവന്നതു്. വളരെ സ്ഥലങ്ങളിലും യഹൂദ ശബ്ബതാകുന്ന ഏഴാം ദിവസമായിരുന്ന കൂട്ടം. അവയിൽ അധികം സകേളും കർത്താവു് ഒറ്റിക്കൊടുക്കപ്പെട്ട ദിവസമാകയാൽ നാലാം ദിവസത്തെയും, കർത്താവു ക്രൂശിക്കപ്പെട്ട ദിവസമാകയാൽ ആറാം ദിവസത്തെയും, വിശുദ്ധമായി ആചരിച്ചു. ആ ദിവസങ്ങളുടെ മണിക്കൂറുകളെ സമയത്തിനും പരിതഃസ്ഥിതിക്കും അനുസരിച്ചു പല സമഗ്രങ്ങൾക്കായി

വിജോിച്ചു. അധികംപേർക്കും രാത്രിയിലോ അരുണോദയത്തിനു മുൻപായിട്ടോ, മാത്രമേ കൂടിവരാൻ സാധിച്ചുള്ളു. യോഗത്തിൽ പ്രാർത്ഥനകളും ഉരുവിട്ടു. അതിന്റെ ഉദ്ദേശം തെർത്തുല്യൻ നമുക്കു പറഞ്ഞുതരുന്നു. (Apologeticum Cap. 39.) വിശുദ്ധ തിരുവെഴുത്തുകളും വായിച്ചു, ക്രിസ്തീയ മുറകളെപ്പറ്റി ചെറിയ പ്രസംഗങ്ങളും ചെയ്തു. പാട്ടുകളും പാടി, ഒടുവിൽ കർത്താവിന്റെ അത്താഴവും, ജനങ്ങളും കൊണ്ടുവന്ന വഴിപാടു വസ്തുക്കളിൽനിന്നു സ്നേഹവിരുന്നും കൊണ്ടാടി.

പെരുനാളുകൾ

ഈ ശതകത്തിൽ ക്രിസ്ത്യാനികളും വാർഷിക പെരുനാളുകളും ആഘോഷിച്ചിരുന്നു. അതു രക്ഷിതാവിന്റെ മരണം, ഉയിർപ്പ്, പരിശുദ്ധാത്മാവിന്റെ അവരോഹണം എന്നിവയുടെ സ്മരണയ്ക്കായിരുന്നു. പാപപരിഹാരാർത്ഥമുള്ള ക്രിസ്തുവിന്റെ മരണത്തിന്റെ സ്മരണദിനം പെസഹ എന്നു വിളിക്കപ്പെട്ടു. കാരണം യഹൂദന്മാരുടെ പെസഹാനാളിലാണു ക്രിസ്തു ക്രൂശിക്കപ്പെട്ടതു്. എന്നാൽ ഈ പെരുനാളും ആഘോഷിക്കുന്നതിൽ ഏഷ്യാമൈനറിലെ ക്രിസ്ത്യാനികളും മറ്റു ക്രിസ്ത്യാനികളിൽനിന്നു, വിശിഷ്യ റോമയിലെ ക്രിസ്ത്യാനികളിൽനിന്നു, ഭേദപ്പെട്ടിരുന്നു. രണ്ടുകൂട്ടരും കർത്താവു മരിച്ച വലിയ ആഴ്ചവട്ടത്തിൽ ഉപവസിച്ചു വന്നു. കർത്താവിന്റെ അന്ത്യ അത്താഴത്തിന്റെ ഓർമ്മയ്ക്കായി ഒരു വിശുദ്ധ വിരുന്നു കഴിക്കയോ, യഹൂദന്മാർ ചെയ്തുപോലെ ഒരു പെസഹാ ആട്ടിൻകുട്ടിയെ ഭക്ഷിക്കയോ ചെയ്തു. ഈ വിരുന്നിനും ക്രിസ്തുവിന്റെ മരണസന്ദർഭത്തിനും പെസഹ എന്നു പേർ പറഞ്ഞുവന്നു. എന്നാൽ, ഏഷ്യയിലെ ക്രിസ്ത്യാനികളും തങ്ങളുടെ പെസഹാവിരുന്നു, യഹൂദന്മാരുടെ ഒന്നാം മാസം പതിനാലാം തീയതി, അഥവാ പൗർണ്ണമിദിനത്തിൽ ആചരിച്ചു. ഇതിന്റെ മൂന്നാം ദിവസം, ക്രിസ്തു മരണത്തെ ജയിച്ചു് ഉയിർത്തെഴുന്നേറ്റതിന്റെ ഓർമ്മയും കൊണ്ടാടി. ഈ പതിവു യോഹന്നാൻ, ഫീലിപ്പോസു് ഈ അപ്പൊസ്തലന്മാരിൽനിന്നു തങ്ങൾക്കു ലഭിച്ചതായി അവർ പറഞ്ഞു വന്നു. കൂടാതെ ക്രിസ്തുവിന്റെ ദൃഷ്ടാന്തവും, അതായതു് യഹൂദന്മാരുടെ പെസഹാദിവസമായിരുന്ന ക്രിസ്തു പെസഹാ ആചരിച്ചതു് എന്നുള്ള സംഭവവും, അവർ എടുത്തു കാണിച്ചു. എന്നാൽ മറ്റു ക്രിസ്ത്യാനികളും തങ്ങളുടെ പെസഹാവിരുന്നു്, വിരുന്നു ദിവസ (ക്രിസ്തുവിന്റെ പുനരുത്ഥാനദിന)ത്തിന്റെ തലേ ദിവസമുള്ള സന്ധ്യക്കു (ശനിയാഴ്ച സന്ധ്യക്കു) മാറ്റിവച്ചു. ഇങ്ങനെ ക്രിസ്തുവിന്റെ മരണത്തിന്റെ ഓർമ്മയെ അവന്റെ പുനരുത്ഥാനത്തിന്റെ ഓർമ്മയോടു് അവർ അനുയോജിപ്പിച്ചു. ഈ പതിവിനു പത്രോസിനെയും പൗലൊസിനെയും അവർ ആധാരമായി എടുത്തു കാണിക്കയും ചെയ്തു.

ഏഷ്യാക്കാരുടെ ആചാരപ്രകാരം പെസഹാ ആചരിക്കുന്നതിൽ രണ്ടു വലിയ അസൗകര്യങ്ങളും ഉണ്ടു്. മറ്റു ക്രിസ്ത്യാനികൾക്കു്, വിശിഷ്യ, റോമാക്രിസ്ത്യാനികൾക്കു് ഇതു വളരെ അസൗകര്യമായി തോന്നി. എന്നാൽ ഏഷ്യാക്കാർ, ക്രിസ്തു പെസഹാ ആചരിച്ച ദിവസം അവർ തങ്ങളുടെ വിശുദ്ധ വിരുന്നു് ആചരിച്ചു വന്നതിനാൽ ആ വലിയ ആഴ്ചവട്ടത്തിലെ ഉപവാസത്തിനു പ്രതിബന്ധമുണ്ടായി എന്നുള്ളതുതന്നെ. അതിനെ മറ്റു ക്രിസ്ത്യാനികളും ഒട്ടും കുറയാത്ത ഒരു കുറവായി എണ്ണി. അവരുടെ പെസഹാ അത്താഴം കഴിഞ്ഞുള്ള മൂന്നാം ദിനത്തിലത്രെ മരിച്ചവരുടെ ഇടയിൽനിന്നുള്ള ക്രിസ്തുവിന്റെ പുനരുത്ഥാനത്തിന്റെ ഓർമ്മ അവർ എല്ലായ്പോഴും ആചരിച്ചതു്. അതുകൊണ്ടു ക്രിസ്തുവിന്റെ പുനരുത്ഥാനദിവസം അവർ കൊണ്ടാടിയതു ക്രിസ്തുവിന്റെ ഉയിർപ്പു ദിവസമായ ഞായറാഴ്ച അല്ല,

പിന്നയേറ, ഏതെങ്കിലും ഒരു ഇടദിവസമായിരുന്നു. എന്നാൽ ക്രിസ്ത്യാനി കളിൽ ഭൂരിപക്ഷത്തിനും, കർത്താവിന്റെ പുനരുത്ഥാനത്തിന്റെ സ്മാരക ദിവസമായി ഞായറാഴ്ച അല്ലാതെ മറൊന്നിനെയും കൊണ്ടാടുവാൻ മന സ്സില്ലായിരുന്നു. ഈ കാരണത്താലത്രെ ഏഷ്യയിലെ ക്രിസ്ത്യാനികളും മറ്റു ക്രിസ്ത്യാനികളുമായി കൂടെക്കൂടെ വാക്സമരങ്ങളും ഉണ്ടായതു്.

ഈ വിഷയം സംബന്ധിച്ചു പോളിക്കാർപ്പിന്റെ ജീവിതകാലത്തു് അദ്ദേഹവും റോമാബിഷപ്പായ ആനിസെറ്റസ്സുമായി തർക്കമുണ്ടായി. എന്നാൽ റോമയിലെ ഏഴാം ബിഷപ്പായ ആനിസെറ്റസ് താൻ ജനിക്കുന്നതിനു മുമ്പുതന്നെ ബിഷപ്പുസ്ഥാനം പ്രാപിച്ചവനും യോഹന്നാന്റെ ശിഷ്യനുമായ പോളിക്കാർപ്പിനെ കുറ്റം വിധിപ്പാൻ ധൈര്യപ്പെട്ടില്ല. പോളിക്കാർപ്പ് റോമയിൽചെന്നു് ആനിസെറ്റസ്സിനെ കണ്ടതു് ഏ. ഡി. 154—ൽ ആയിരുന്നു. എന്നാൽ 30 വർഷം കഴിഞ്ഞപ്പോഴേക്കു് (ഏ. ഡി. 190—നും 194—നും മദ്ധ്യേ) ശണ്ഠ മൂർദ്ധന്യദശയിലെത്തി. ഇക്കാലത്തു റോമ ബിഷപ്പായിരുന്നതു വിക്ടർ ആയിരുന്നു. അദ്ദേഹം ഏഷ്യയിലെ ചതുർദ്ദശദിനക്കാർ (Quarto-decimans) തങ്ങളുടെ ആചാരം നിർത്തണമെന്നു കല്പന കൊടുത്തു. എന്നാൽ അദ്ദേഹത്തിന്റെ ഈ അധികാരപ്രമത്തതയെ ഏഷ്യാക്കാർ ശക്തിയോടെ എതിർത്തു. എഫേസൂസു് ബിഷപ്പായ പോളിക്രേറസ് ഒരു സുന്നഹദോസ് വിളിച്ചുകൂട്ടി ഒരെഴുത്തെഴുതി. യൂസീബിയസ്സ് ഈ എഴുത്തു തന്റെ സഭാചരിത്രത്തിൽ പകർത്തീട്ടുണ്ടു്. റോമസഭയ്ക്കു് അപ്രമാദിത്വമോ മറ്റു സഭകൾക്കു കല്പന കൊടുക്കുവാനുള്ള ഏതെങ്കിലും അവകാശമോ ഉണ്ടെന്നുള്ള നാട്യത്തെ അദ്ദേഹം പ്രതിഷേധിച്ചു. ഏഷ്യയിലെ സഭകൾ സ്വല്പംപോലും മാറാതെ ആ യഥാർത്ഥദിവസംതന്നെ ആചരിക്കുമെന്നു പോളിക്രേറസ് ഉറപ്പിച്ചു പറഞ്ഞു. ഈ പോളിക്രേറസ് ഏഷ്യയിലെ വലിയ വെളിച്ചങ്ങളായിരുന്ന മഹത്തുക്കളെ അയച്ചു കൊല്ലി. ഫൈറാപ്പോലീസിൽ മരിച്ച അപ്പൊസ്തലൻ ഫിലിപ്പോസു്, അദ്ദേഹത്തിന്റെ, എഫേസൂസിൽവച്ചു മരിച്ച മൂന്നാമത്തെ മകനും, താൽക്കാലം വളരെ വാർദ്ധക്യത്തിൽ ജീവിച്ചിരിക്കുന്ന അദ്ദേഹത്തിന്റെ കന്യകമാരായ രണ്ടു മക്കളും, കർത്താവിന്റെ മാറ്റിടത്തിൽ ചാരിയ യോഹന്നാൻ അപ്പൊസ്തലൻ, ബിഷപ്പന്മാരും മാർത്തുക്കളും ആയ ത്രാസിയാസു്, സാഗരീസു് എന്നിവർ, അനുഗ്രഹീതനായ പപ്പിരിയസു് പരിശുദ്ധാത്മാവിന്റെ ആവാസത്തിൽതന്നെ ജീവിതം കഴിച്ച ഷണ്ഡനായ മെലിത്തൊ, ബിഷപ്പന്മാരായ, പോളിക്രേറസിന്റെ ഏഴു ചാർച്ചക്കാർ എന്നിവരായിരുന്നു, ഈ അയേസ്ഥാനങ്ങളും. ഇവർ എല്ലാവരും സുവിശേഷപ്രകാരം യാതൊരു വ്യത്യാസവും കൂടാതെ, ശരിയായ വിശ്വാസവ്യവസ്ഥയനുസരിച്ചു നിസാൻമാസം 14—ാം തീയതി ആണു് ആചരിച്ചിരുന്നതു്. ''ലോകമെങ്ങുമുള്ള സഹോദരന്മാരുടെ അഭിപ്രായത്തോടു യോജിച്ചും വിശുദ്ധ തിരുവെഴുത്തുകളെ സമ്പൂർണ്ണമായി പഠിച്ചും ഇരിക്കുന്നതിനാൽ ഈ ഭീഷണത്തെ ഞാൻ അശേഷം ഭയപ്പെടുന്നില്ല. കാരണം മനുഷ്യരെക്കാളും ദൈവത്തെ അനുസരിക്കേണ്ടതെന്നത്രെ എന്നേക്കാൾ വലിയ ആളുകളും പറഞ്ഞിട്ടുള്ളതു'''' എന്നിങ്ങനെ പോളിക്രേറസു് തന്റെ എഴുത്തിൽ പറഞ്ഞിരിക്കുന്നു. അദ്ദേഹം വെറുതെയല്ല നരച്ച രോമങ്ങളും വഹിക്കുന്നതു്, എന്നിങ്ങനെ പോളിക്രേറസ്സിനെപ്പറ്റി നല്ലപോലെ അറിയാവുന്ന അസംഖ്യം ബിഷപ്പന്മാരുടെ അടുക്കൽ അദ്ദേഹം അവസാനമായി ഈ സംഗതി കേൾപ്പിക്കയും, അവർ എല്ലാവരും ഈ ലേഖനത്തിനു് അനുകൂലിക്കയും ചെയ്തു.

ഈ എഴുത്തു കിട്ടിയപ്പോൾ വിക്ടോർ എഴുത്തിലെ തെളിവുകളെക്കുറിച്ചു് ഒന്നും ചിന്തിക്കാതെ ചതുർദ്ദശദിനക്കാർ ഇടത്തുട്ടുകാരാണെന്നും അവരെ ആകെ മുടക്കിയിരിക്കുന്നു എന്നും എല്ലായിടത്തും എഴുതിയയച്ചു.

Euseb. Ece. Hist Book. V. Ch. 24.

ഏഷ്യാക്കാരെ മുടക്കി എന്നു പറയുന്നതു് പൊതു ക്രിസ്തീയ സഭയിൽ നിന്നാണെന്നു വായനക്കാർ വിചാരിച്ചുപോകരുതു്. പൊതു ക്രിസ്തീയ സഭയിൽ നിന്നു മുടക്കാൻ റോമാമെത്രാനു് അധികാരമില്ലായിരുന്നു. നേരെ മറിച്ചു്, സ്വന്ത സഭയുമായുള്ള കൂട്ടായ്മയിൽനിന്നു മാത്രമാണു്. തനിക്കു് അവരോടുള്ള ശക്തിയായ നീരസം നിമിത്തം സഹോദരന്മാരെന്നു വിളിക്കുന്നതിനുകൂടി അവർ അയോഗ്യന്മാരാണെന്നു് അദ്ദേഹം ഉൽഘോഷിച്ചു. എന്നാൽ ഈ ഭിന്നത ബുദ്ധിപൂർവ്വമായി എഴുത്തപ്പെട്ട ചില എഴുത്തുകൊണ്ടു് ഐറീനിയസ്സും ഏഷ്യയിലെ മറ്റു ബിഷപ്പന്മാരുംകൂടി ശമിപ്പിച്ചു. എങ്കിലും ഇരുഭാഗക്കാരും പഴയ പതിവുപോലെ നടന്നുവന്നു. നാലാം നൂറ്റാണ്ടിൽ കൂടിയ നിഖ്യാസുന്നഹദോസിൽവച്ചത്രെ ഏഷ്യാക്കാരുടെ ഈ ആചാരരീതി നിർത്തൽ ചെയ്തതു്.

"See The Lives of the Fathers" by Farrar D. D., F. R. S.

തിരുവത്താഴം

ക്രിസ്ത്യാനികളും തിരുവത്താഴത്തിനു കൂടിവന്നതു മിക്കപ്പോഴും ഞായറാഴ്ച തന്നെയായിരുന്നു. അപ്പോൾ വഴിപാടു വസ്തുക്കളിൽനിന്നു് ഒരു ഭാഗം, ചില പ്രാർത്ഥനകളാൽ അവർ പ്രതിഷ്ഠിക്ക പതിവായിരുന്നു. സഭയുടെ ബിഷപ്പാണു പ്രാർത്ഥനകളും കഴിച്ചതു്. വീഞ്ഞിൽ വെള്ളവും കലർത്തിയിരുന്നു. അപ്പം ചെറുകഷണങ്ങളായി വിഭജിക്കപ്പെട്ട. പ്രതിഷ്ഠിക്കപ്പെട്ട അപ്പത്തിന്റെയും വീഞ്ഞിന്റെയും ഭാഗങ്ങളും ഹാജരാകാഞ്ഞവർക്കും രോഗികൾക്കുമായി കൊടുത്തയച്ചിരുന്നു. ഇതു് അവരോടുള്ള സഹോദരസ്നേഹത്തിന്റെ ഒരു സാക്ഷിയായിട്ടത്രെ ചെയ്യുവന്നതു്. ഈ വിശുദ്ധകർമ്മം, രക്ഷസ്സു് ഒഴിച്ചുകൂടാത്തതാണെന്നുള്ള അഭിപ്രായം ഉണ്ടായിരുന്നതായി ധാരാളം തെളിവുകളും ഉണ്ടു്. അതുകൊണ്ടു പ്രസ്തുത നൂറാണ്ടിൽ ഈ വിശുദ്ധ അത്താഴം ശിശുക്കൾക്കുകൂടി കൊടുക്കപ്പെട്ടുപോൽ. സ്നേഹവിരുന്നുകളെക്കുറിച്ചു മുൻപു പറഞ്ഞിട്ടുള്ളതു മതിയാകും.

ബപ്തിസ്മ

ആണ്ടിൽ രണ്ടു പ്രാവശ്യം, അതായതു് ഈസ്റ്ററിലും, പെന്തക്കോസ്തുദിനത്തിലും, സ്നാനം പരസ്യമായി നടത്തപ്പെട്ടു. ഈ കർമ്മം നടത്തുന്നതു് ബിഷപ്പന്മാരോ, അവരിൽനിന്നു കല്പനയും അധികാരവും ലഭിച്ച പ്രസ്ബിറ്റർമാരോ ആയിരുന്നു. സ്നാനാർത്ഥികളും, വിശ്വാസപ്രമാണം ഉരുവിടുകയും, തങ്ങളുടെ പാപങ്ങളെയും, അതിക്രമങ്ങളെയും, വിശ്വാസ്യ, വിശ്വാചിനെയും, അവന്റെ ആഡംബരങ്ങളെയും, നിഷേധിച്ചു പറകയും ചെയ്തശേഷം, വിശുദ്ധ ത്രിത്വത്തെ വിളിച്ചപേക്ഷിച്ചു, വെള്ളത്തിൽ മുഴുവനായി മുക്കപ്പെട്ട. സ്നാതന്റെമേൽ കുരിശടയാളം വരയ്ക്കയും, എണ്ണകൊണ്ടഭിഷേകം ചെയ്കയും, പ്രാർത്ഥനകൊണ്ടും, കൈവെപ്പുകൊണ്ടും ദൈവത്തെ ഭരമേൽപ്പിക്കയും ചെയ്തശേഷം, കുറെ പാലും തേനും ആസ്വദിപ്പിച്ചുവന്നു. ഈ ചടങ്ങുകൾക്കു കാരണം കണ്ടുപിടിക്കാൻ മുൻപറഞ്ഞിട്ടുള്ള ഭാഗങ്ങൾ നോക്കിയാൽ മതിയാകുന്നതാണു്. പ്രായമുള്ളവർ, ഉപവാസത്താലും പ്രാർത്ഥനയാലും, ഭക്തിവിഷയമായ മറ്റു ചര്യകളാലും, സ്നാനത്തിനായി തങ്ങളെ ഒരുക്കേണ്ടിയിരുന്നു. ജാമ്യക്കാർ, അഥവാ ജ്ഞാനപിതാക്കൾ പ്രായമുള്ളവർക്കായിട്ടാണു് ആദിയിൽ ഏർപ്പെടുത്തപ്പെട്ടതു്. പിന്നീടാണു് കുട്ടികളുടെ വിഷയത്തിൽ ഉപയോഗപ്പെടുത്തിയതു്, എന്നിങ്ങനെ ഡോക്ടർ മോഷീം അഭിപ്രായപ്പെടുന്നു.

അദ്ധ്യായം പത്തു്

വിവിധവിഷയങ്ങൾ

ആഴ്ചയ്ക്കുള്ള പുറജാതി പേരുകളും

ആദ്യക്രിസ്ത്യാനികളും വിഗ്രഹാരാധനയോടുള്ള വെറുപ്പുനിമിത്തം പുറജാതി ദേവന്മാരുടെ പേരുകളുള്ള ആഴ്ചയിലെ ഓരോ ദിവസങ്ങളേയും ആ പേർ ചേർത്തുപയോഗിപ്പാൻ മടിച്ചിരുന്നതായി രേഖകളുംകൊണ്ടു കാണുന്നുണ്ടു്. അതിനാൽ അവർ യഹൂദന്മാരിൽനിന്നു് ഒന്നാം ദിവസം, രണ്ടാം ദിവസം ഇത്യാദി പേരുകളും സ്വീകരിച്ചതുകൂടാതെ, ശാബത്തു കഴിഞ്ഞുള്ള ഒന്നാം ദിവസത്തിനു വിശേഷാൽ കർത്തൃദിവസം എന്ന പേർ കൊടുക്കയും ചെയ്തു, കുറേക്കാലത്തേക്കു് അവർ ആ പ്രാചീനരീതിയെ പിടിച്ചുനിന്നു. ജസ്റ്റിൻമാർട്ടരും തെർത്തുല്യനും ജാതികളുംക്കെഴുതുമ്പോഴും മാത്രമേ ആഴ്ചയുടെ ജാതിനാമങ്ങളും ഉപയോഗിക്കുന്നുള്ളു. ആഴ്ചവട്ടത്തിന്റെ ഒന്നാംദിവസത്തെക്കുറിച്ചു ജസ്റ്റിൻമാർട്ടർ, ഞായറാഴ്ച എന്ന വിളിക്കപ്പെടുന്ന ദിവസം, എന്നാണു പറയുന്നതു്. 321–ലുള്ള കൗൺസിനോസിന്റെ വിളംബരം മുതൽ യഹൂദപ്പേരും ജാതിപ്പേരും ക്രിസ്ത്യാനികൾ തീയതിക്കുപയോഗിച്ചുവന്നു. എ. ഡി. 380–ൽ ജീവിച്ചിരുന്ന ഫിലാസ്ട്രിയസ് ജാതിപ്പേരുപയോഗിക്കുന്നതു് ഇടത്തുടാണെന്നു വിധിച്ചു.

Early Church History Page 99.

പെരുനാളുകളും, അഥവാ, വിശേഷദിവസങ്ങളും

''അപ്പൊസ്തലികനിയമങ്ങൾ'' എന്ന പുസ്തകത്തിൽ, ആഴ്ചവട്ടത്തിന്റെ ഒന്നാംദിവസത്തിനും പുറമെ യഹൂദശാബത്തുംകൂടെ ആചരിക്കണമെന്നു കല്പിക്കുന്നു. എന്നാൽ അത്താനാസ്യോസ്, ആംബ്രോസ്, ക്രിസൊസ്തും, ജെറോം, ഓഗസ്തീൻ ഇവർ യഹൂദശാബത്തു് അവസാനിച്ചുപോയി എന്നു പറയുന്നു. ആഴ്ചവട്ടത്തിന്റെ ഒന്നാംദിവസത്തെക്കുറിച്ചു, അതു ഒരു പുതിയ സ്ഥാപനമെന്നും, ഉയിർത്തെഴുന്നേല്പിന്റെ നിത്യസ്മാരകമെന്നും അവർ എല്ലാവരും പറയുന്നു.

Ibid Page 95.

ആരാധനസ്ഥലം

ശിഷ്യന്മാർ ആദിയിൽ, ആംതാമസമുള്ളതും തങ്ങൾക്കു് ഒന്നിച്ചുകൂടുവാൻ സൗകര്യമുള്ളതുമായ ഭവനങ്ങളിൽ സമ്മേളിച്ചുവന്നു. ഇതിന്റെ ആവശ്യത്തിലേക്കു പ്രത്യേകിച്ചു വല്ല കെട്ടിടവും ഉണ്ടായിരുന്നതായി തെളിവില്ല. ചിലപ്പോൾ ക്രൈസ്തവർ സെമിത്തേരികളിൽ കൂടിവന്നു. ചിലപ്പോൾ വിജനമായ കാവുകളിലോ പ്രൈവറ്റുമുറികളിലോ അവരുടെ പ്രശാന്തമായ സമ്മേളനങ്ങൾ നടന്നു. (Milman II., Page. 179) ഡീൻ സ്റ്റാൻലി പറയുന്നതു്: ഏകദേശം ഇരുന്നൂറുവർഷത്തേക്കു സ്ഥിരമായ ആരാധനക്കെട്ടിടങ്ങൾ ഇല്ലായിരുന്നു. എന്നാൽ ആ ഘട്ടം കഴിഞ്ഞു് അവയെക്കുറിച്ചുള്ള പ്രസ്താവനകൾ കൂടെക്കൂടെ കാണുന്നു. എങ്കിലും എഴുത്തുകാർ, സഭ, പള്ളിക്കെട്ടിടം ഇവയിൽ ഏതിനെപ്പറ്റിയാണു പറഞ്ഞിട്ടുള്ളതെന്നു നിർണ്ണയിപ്പാൻ പ്രയാ

സമുള്ള വിധത്തിൽ അസ്പഷ്ടാർത്ഥങ്ങളായ വാക്കുകളിലാണ് അവയെപ്പററി പ്രതിപാദിക്കുന്നതു്.

(Christ. Instit. P. 176.)

എത്രതന്നെ ആയിരുന്നാലും സഭയ്ക്കു വിശ്രുതിയും നിരന്തര വളർച്ചയും ഉണ്ടായിരുന്ന ആദിമകാലത്തു ദൈവാരാധനയ്ക്കു്, പ്രതിഷ്ഠിക്കപ്പെട്ട ആലയങ്ങളും ഉണ്ടായിരുന്നില്ലെന്നുള്ളതു് ഗണ്യമായ ഒരു വാസ്തവമത്രെ. അലക്സ്രിയയിലെ ക്ലെമന്തു്, പൌലൊസു് അഥേനയിൽ ചെയ്ത പ്രസംഗത്തിൽ നിന്നു ' ദൈവം സ്വർഗ്ഗത്തിന്നും ഭൂമിക്കും നാഥനാകകൊണ്ടു കൈപ്പണിയായ ആലയങ്ങളിൽ വാസം ചെയ്യുന്നില്ല'' എന്ന പ്രസ്താവനയെ ഉദ്ധരിച്ചിട്ടു് ആ ഉദ്ധരണംകൊണ്ടു മാത്രം തൃപ്തിപ്പെടാതെ താൻ സമർത്ഥിക്കുന്ന വലിയ സത്യത്തെ താങ്ങുന്നതിനു പ്രാചീനകവികളേയും ദാർശനികന്മാരേയും ശരണീകരിക്കുന്നു. അദ്ദേഹം പറയുന്നതാവിതു്: യൂരിപ്പിസു് എന്ന യവന കവി താഴെ വരുംപ്രകാരം അതിഭംഗിയായി എഴുതിയിരിക്കുന്നു.

What house constructed with the workman's hands,
With folds of walls can clothe the shape divine.

തർജ്ജമ

ശില്പിവര്യന്മാർ തീർത്തുള്ളതൊരു വേശ്മത്തിനു
ഭിത്തിയാൽ ദൈവരൂപം പൊതിവാൻ സാധിച്ചീടും ?

സ്തോയിക്സു് മതത്തിന്റെ സ്ഥാപകനായ സീനോ (Zeno) ഇപ്രകാരം പറഞ്ഞിരിക്കുന്നു. ''ക്ഷേത്രങ്ങളാകട്ടെ പ്രതിമകളാകട്ടെ നാം ഉണ്ടാക്കരുതു്. കാരണം കൈപ്പണിയായ ഒന്നും ദൈവത്തിനു് അനുയോജ്യമല്ല.....ക്ഷേത്രങ്ങളും പണിയിക്കേണ്ട ആവശ്യമേ ഇല്ല; ക്ഷേത്രത്തെ വിശ്രുതമെന്ന വിചാരിക്കയും വേണ്ടാ. കാരണം ശില്പികളുടെയും യാന്ത്രികന്മാരുടെയും വേല ഒന്നും അധികം കൊള്ളാവുന്നതോ ശ്രുതമോ ആയിരിക്കയില്ല.'' മറെറാരിടത്തു ക്ലെമന്തു് ഇങ്ങനെ എഴുതിയിരിക്കുന്നു. ''ഞാൻ ചർച്ചു് (Church) എന്നു വിളിക്കുന്നതു്, സ്ഥലത്തെ അല്ല പിന്നയോ, തിരഞ്ഞെടുക്കപ്പെട്ടവരുടെ സംഘങ്ങളെയത്രെ.''

Miscellanies, B. V., C. XI., B. VII., C. V.

ആരാധന

''നമുക്കു് അറിവാൻ കഴിയുന്നിടത്തോളം കർത്താവിന്റെ പ്രാർത്ഥനതന്നെയും, സാധാരണ്യേന, അക്കാലത്തു് ആരാധനയുടെ ഒരു ഭാഗമായിരുന്നില്ല. നാം തെർത്തുല്യന്റെ കാലത്തേക്കു വരുന്നതുവരെ പുതിയനിയമമാകട്ടെ, ആദ്യസഭോപിതാക്കന്മാരുടെ എഴുത്തുകളാകട്ടെ, കർത്താവിന്റെ പ്രാർത്ഥന ആരാധനയുടെ ഒരു ഭാഗമായി ഉപയോഗിച്ചിരുന്നതായി ഒരു സൂചനയും തരുന്നില്ല.

ശ്രുശ്രൂഷ, ഒരു വായനക്കാരനൊ ഒരു വ്യാഖ്യാതാവിനൊ സഭയുടെ നിയുക്തോപദേഷ്ടാക്കന്മാരായ മൂപ്പന്മാർക്കുതന്നെയുമൊ മാത്രം ഉള്ളതായിരുന്നില്ല.

കർത്താവിന്റെ അത്താഴത്തെപ്പററി ജസ്റ്റിൻമാർട്ടർ പറഞ്ഞിരിക്കുന്നതു് ഇങ്ങനെയാണു്: ഈ ആഹാരത്തിനു ഞങ്ങൾ എവുക്കാറിസ്തിയാ (Eucharist = സ്തോത്രശ്രുശ്രൂഷ) എന്നാണു പേർ വിളിക്കുന്നതു്. ഞങ്ങൾ ഉപദേശിക്കുന്ന കാര്യങ്ങൾ സത്യമെന്നു വിശ്വസിക്കുക, പാപമോചനത്തിനേറയും വീണ്ടും ജനനത്തിനേറയും കഴുകൽകൊണ്ടു കഴുകപ്പെട്ടിരിക്കുക,

ക്രിസ്തു കല്പിച്ചതുപോലെ ജീവിക്കുക എന്നീ അനുഭവങ്ങൾ ഉള്ളവൻ ഒഴികെ മറ്റാരും ഇതിൽ പങ്കുകൊള്ളുവാൻ അനുവാദമില്ല.''

First Apology, Chap. LXVI.

സ്വരൂപവണക്കം അഥവാ പ്രതിമാരാധന

''പുറജാതികളുടെ ഇടയിൽ അധികം വെളിച്ചം ലഭിച്ചിട്ടുള്ളവർ വിഗ്രഹാരാധനയെ പ്രതിഷേധിച്ചിട്ടുള്ളതായി രേഖയുണ്ട്. ക്ഷേത്രനിർമ്മാണവും വിഗ്രഹനിർമ്മാണവും സീനോ (Zenc) വിരോധിച്ചു. ദിവ്യവസ്തുക്കളെ നശ്വരപദാർത്ഥങ്ങൾകൊണ്ടു കാണിക്കുന്നതു് അഭക്തികരമാണെന്നും മനസ്സുകൊണ്ടല്ലാതെ വേറൊന്നിനാൽ ദൈവത്തെ പ്രാപിക്കുക അസാദ്ധ്യമാണെന്നും ഉള്ളതുകൊണ്ടു് ആദ്യകാലത്തെ റോമാജാതികൾ നൂറ്റൊഴുപതു വർഷത്തേക്കു തങ്ങളുടെ ക്ഷേത്രങ്ങളിൽ വിഗ്രഹങ്ങൾ വയ്ക്കുവാൻ വിസമ്മതിച്ചിരുന്നതായി പറയപ്പെട്ടിരിക്കുന്നു. (Plutarch Life of Numa, C. VIII.) എന്നാൽ ആദ്യക്രിസ്ത്യാനികൾക്കു് ഇവിടെനിന്നും കുറെക്കൂടി മുന്നോട്ടു പോകത്തക്ക മനഃസ്ഥിതി ഉണ്ടായിരുന്നു. രണ്ടാംകല്പനയുടെ യഹൂദവ്യാഖ്യാനത്തിന്മേൽനിന്നുകൊണ്ടു് അവരുടെ ഉപദേഷ്ടാക്കന്മാരിൽ ചിലർ ചിത്രനിർമ്മാണത്തെ മുഴുവൻ തെറ്റെന്നു വിധിച്ചുകളഞ്ഞു. നടന്മാർ വെച്ചുകെട്ടുന്ന മുഖരൂപത്തെക്കുറിച്ചു തെർത്തുല്യനുണ്ടായിരുന്ന അഭിപ്രായം, അതുണ്ടാക്കുന്നതുതന്നെ തെറ്റെന്നായിരുന്നു. അദ്ദേഹം ഇങ്ങനെ പറയുന്നു: ''ദൈവം യാതൊന്നിനേയും പ്രതിമയെ ഉണ്ടാക്കരുതെന്നു വിരോധിക്കുന്നുവെങ്കിൽ ആകല്പന ദൈവസാദൃശ്യത്തിൽ നിർമ്മിക്കപ്പെട്ട മനുഷ്യന്റെ പ്രതിമയുടെ സംഗതിയിൽ എത്ര അധികം വിരോധകരമായിരിക്കും.'' (On the Public Shows, C. XXIII.) ക്ലെമെൻറും ഈ നിർബ്ബന്ധാഭിപ്രായം പിടിച്ചിരുന്നതായി കാണുന്നു. അദ്ദേഹം എഴുതുന്നതു്: ''വഞ്ചകമായ ഒരു കലയെ പരിശീലിക്കുന്നതിൽനിന്നു നാം തീർച്ചയായും വിരോധിക്കപ്പെട്ടിരിക്കുന്നു. മീതെ സ്വർഗ്ഗത്തിലോ താഴെ ഭൂമിയിലോ ഉള്ള യാതൊന്നിന്റെയും പ്രതിമയെ നീ ഉണ്ടാക്കരുതു്.'' (Exhortation to the Heathen C. IV) ഭോഷത്വമുള്ള മനുഷ്യരുടെ ശ്രദ്ധ തെറ്റിച്ചുകളയുന്നതും ആത്മകണ്ണുകളെ ദൈവത്തിൽനിന്നു താഴെ ഭൂമിയിലേയ്ക്കു വലിച്ചുകളയുന്നതുമായ പ്രതിമാനിർമ്മാണകലാസംബന്ധിച്ചു് യാതൊരു ഒഴികഴിവും പറയാതിരിക്കേണ്ടതിനു ''യഹൂദന്മാർ ചിത്രമെഴുത്തും കൊത്തുപണിയും'' വിരോധിച്ചിരിക്കുന്നതിനെ ഓറിജൻ പ്രശംസിക്കുന്നു.

Against Celsus, B. IV; C. XXXI.

ബിംബാരാധന സഭയിലേക്കു കടന്നതു ഭേനജീവിതം വഴിയത്രെ. അക്കാലത്തു തിരിയുന്നിടമെല്ലാം ക്രിസ്ത്യാനികൾക്കു് ഇടർച്ച തോന്നത്തക്ക ജാതിപുരാണകഥാചിത്രങ്ങൾ കാണ്മാനുണ്ടായിരുന്നു. കടകം, സല്ലാപമുറികൾ, കിടക്കമുറികൾ ഇവയിൽ അസഭ്യങ്ങളായ പടങ്ങൾ തൂക്കിയിരുന്നു. അശുദ്ധവികാരങ്ങളെ ജനിപ്പിക്കുന്ന രൂപങ്ങൾ, പാനപാത്രങ്ങൾ, മുദ്രകൾ, മോതിരങ്ങൾ ഇവയിൽ സ്ഥലംപിടിച്ചിരുന്നു. (Clement Exhort, C. IV) ഇവയ്ക്കു പകരം ക്രിസ്ത്യാനികൾ അവരുടെ പ്രതിദിന ജീവിതത്തിൽ സുവിശേഷകഥകളെയും സുവിശേഷോപദേശങ്ങളെയും ഓർപ്പിക്കുന്ന ചിത്രങ്ങൾ വച്ചുതുടങ്ങി. തെർത്തുല്യൻ ഇങ്ങനെ പറയുന്നു: ''നമുക്കു് ഉപമകൾകൊണ്ടുതന്നെ തുടങ്ങാമല്ലൊ. കത്താവു് തേടി കണ്ടുപിടിച്ചു തന്റെ തോളിൽവച്ചു വീട്ടിൽ കൊണ്ടുവന്ന കാണാതെപോയ ആടിന്റെ രൂപം നിങ്ങൾക്കുണ്ടല്ലൊ. ആ പടങ്ങൾതന്നെ നിങ്ങളുടെ പാനപാത്രങ്ങളുടെ പുറത്തു സാക്ഷികളായി നില്ക്കട്ടെ.'' വീണ്ടും തെർത്തുല്യൻ പറയുന്നതു്: ''നിങ്ങളുടെ ചഷകത്തി

ന്മേൽ നിങ്ങളെ ചിത്രീകരിച്ചിട്ടുള്ള അതേ ഇടയൻ'' (On modesty, C. 7: X.) ക്ലെമൻറ്, താൻ മുൻപു വിരോധിച്ചിട്ടുള്ളതു വിസ്തരിച്ചുപോയ മട്ടിൽ ക്രിസ്ത്യാനികളുടെ മുദ്രാമോതിരങ്ങളെപ്പററി ഇങ്ങനെ പറയുന്നു: ''പ്രാവു, മീൻ, കാററിനു നേരെ ഓടുന്ന കപ്പൽ, കിന്നരം, നംഗൂരം ഇവയിലേതെങ്കിലും ഒന്നിൻെറ ആകൃതി ആകട്ടെ. അല്ലെങ്കിൽ മുക്കുവൻെറ രൂപമാകട്ടെ. അതിനാൽ അപ്പൊസ്തലനെയും ബപ്തിസ്മവഴി വെള്ളത്തിൽനിന്നു വലിച്ചെടുക്കപ്പെട്ട കുഞ്ഞുങ്ങളെയും ഓർക്കുവാൻ സാധിക്കുമല്ലൊ. എന്നാൽ, നാം വിഗ്രഹങ്ങളുടെ രൂപം കൊത്തിയുണ്ടാക്കരുതു്. കാരണം, അവയോടുള്ള സകല സംസർഗ്ഗവും നമുക്കു വിരോധിക്കപ്പെട്ടിരിക്കുന്നു. ഒരു വാളൊ ഒരു വില്ലൊ നമുക്കു പാടില്ല. കാരണം, നാം സമാധാനത്തെ പിന്തുടരുന്നു. (കുടിയൻെറ) പാനപാത്രം പാടില്ല. കാരണം, നാം ലൌകിക സന്തോഷങ്ങളിൽ മിതഭോഗം ആചരിച്ചുവരുന്നു.''

Instructor, B. III, C. XI, Finger-rings.

എന്നാൽ ഈ (രണ്ടാം) നൂററാണ്ടിലും അടുത്ത നൂററാണ്ടിലും ആരാധനസ്ഥലങ്ങളിൽ ചിത്രങ്ങളെയോ പ്രതിമകളെയോ കൊണ്ടുവരുവാൻ ചെയ്യുന്ന ഏതെങ്കിലും ശ്രമത്തെ അനുള്ളവർ ശക്തിയായി എതിർക്കുമായിരുന്നു. നാലാം നൂററാണ്ടിൽ യുസീബിയസ് തന്നെയും കുസ്തന്തീൻെറ പുത്രനായ കൊൺസ്റാൻഷ്യായിസ്സു് എഴുതുമ്പോഴും കോപിഷ്ടനായി ഇങ്ങനെ ചോദിക്കുന്നു: ''നീ എഴുതിയുണ്ടാക്കിയതും നീ ക്രിസ്തുവിൻെറ പ്രതിമ എന്നു വിളിക്കുന്നതുമായ ഈ പ്രതിരൂപം എന്താണു്? എന്തു മാതിരിയാണു്? ഒരു പള്ളിയിൽ ഇപ്രകാരമുള്ള ഒന്നു നീ എപ്പോഴെങ്കിലും കണ്ടിട്ടുണ്ടോ? ഇങ്ങനെയൊന്നുള്ളതായി വല്ലവരിൽനിന്നും കേട്ടിട്ടുണ്ടോ?'' ഈവിധം ചോദിച്ചുംവച്ചു്, അദ്ദേഹം, ദാർശനികന്മാരുടെ (Philosophers) വേഷം ധരിച്ചിട്ടുള്ള രണ്ടാളുകളുടെ പ്രതിമ ഒരു സ്ത്രീയുടെ കയ്യിൽനിന്നു പിടിച്ചെടുത്തുവെന്നും അവയെ അവരും നമ്മുടെ രക്ഷിതാവിൻെറയും പൌലൊസിൻെറയും പടങ്ങളെന്നാണു വിളിക്കുന്നതെന്നും പറഞ്ഞശേഷം, ''വിഗ്രഹാരാധികളായ പുറജാതികളെപ്പോലെ നാം നമ്മുടെ ദൈവത്തെ അങ്ങുമിങ്ങും കൊണ്ടുനടക്കുന്നതായി തോന്നും,'' എന്നു് ഉൽബോധിപ്പിക്കുന്നു.

Dict: of Christ. Antiq. Art. "Images." Page 814.

വിവാഹം

പ്രാചീനറോമരുടെ ഇടയിലെ വിവാഹം, നിയമംകൊണ്ടു നിയന്ത്രിക്കപ്പെടുകയും ആചാരംകൊണ്ടു് അതു് അധഃപതിക്കയും ചെയ്തിരുന്നു. റോമാപൌരന്മാരുടെ ഇടയിൽ മാത്രമേ ഈ നിയമാനുസൃതമായ വിവാഹം നടന്നിരുന്നുള്ളു. ഭാര്യമാരുടെ സ്ഥിതി എവിടെയും ഒരുപോലെ ആയിരുന്നു. ഭർത്താക്കന്മാരോടു് അവർ സമസ്ഥിതിയിലല്ല, അവരുടെ അടിമകൾ എന്നുള്ള നിലയിലത്രെ ഇരുന്നതു്. ഗ്രീക്കുകാരുടെ സൌവർണ്ണയുഗത്തിൽപോലും വിവാഹം, പരസ്പരസുഖത്തിനും സഹായത്തിനുമുള്ള ഒരു ഘടന എന്നതിനെക്കാൾ കുട്ടികളെ വളർത്തുന്നതിനും വീട്ടിലെ അടിമകളെ ഭരിക്കുന്നതിനുമുള്ള ഒരേർപ്പാടായി ഗണിക്കപ്പെട്ടുവന്നു. ഈ സ്ഥിതിക്കു് ഇവരിൽനിന്നുല്പാദിക്കാവുന്ന ഫലങ്ങൾ, വിവാഹം ദൈവസ്ഥാപനമല്ലെന്നുള്ള ബോധവും തന്നിമിത്തം വിവാഹത്തെപ്പററിയുള്ള അവജ്ഞയും സ്വൈര വ്യാപിക്ക; കുടുംബങ്ങളുടെയുള്ള ഉപേക്ഷണം, ശിശുഹത്യ, ന്യായരഹിതമായ വിവാഹം, അവാച്യമായ മററു ദോഷങ്ങൾ, എന്നിവയല്ലാതെ വരാൻ തരമില്ല.

തെർത്തുല്യൻ പറയുന്നതു്: ''സഭ സ്ഥിരപ്പെടുത്തുന്നതും വഴിപാടു് ഉറപ്പിക്കുന്നതും ആശീർവചനം മുദ്രയിടുന്നതുമായ വിവാഹത്തിൻെറ സന്തോ

ഷത്തെ പൂർണ്ണമായി വർണ്ണിപ്പാൻ എങ്ങിനെ വാക്കുകൾ കിട്ടും ? അതിന്റെ വർത്തമാനം ദൂതന്മാർ സ്വർഗ്ഗത്തിലേക്ക കൊണ്ടുപോകുന്നു. അവിടെ അത്ഭുതപിതാവിനാൽ സമ്മതിക്കപ്പെടുകയും തീരുമാനിക്കപ്പെടുകയും ചെയ്യുന്നു. ഒരേ ആശയുടെയും ഒരേ വ്യവസ്ഥിതിയുടെയും (Discipline) ഒരേ ശ്രുശ്രൂഷയുടെയും അംശികളായ രണ്ടു വിശ്വാസികളെ പിണച്ചിരിക്കുന്ന ഈ നുകം ഏതുമാതിരിയുള്ളതു് ! ഒരേ ജഡവും ഒരേ ആത്മാവുമായി സ്ഥിതിചെയ്യുന്ന വാസ്തവസഹഭർത്യരത്രെ അവർ. പ്രാർത്ഥനയ്ക്കു് അവർ ഒരുമിച്ചതന്നെ സാഷ്ടാംഗം വീഴുന്നു; അവർ ഒന്നിച്ചുപവസിക്കുന്നു.

ആദ്യക്രിസ്ത്യാനികളുടെ വിവാഹരീതിയെക്കുറിച്ചും അതിനുള്ള ചടങ്ങുകളെക്കുറിച്ചും അധികമൊന്നും അറിയപ്പെട്ടിട്ടില്ല. ആദിമ ക്രൈസ്തവ എഴുത്തുകാർ അതിനെപ്പറ്റി യാതൊരു വിവരണവും തരുന്നില്ല. എന്നാൽ രണ്ടാം നൂറ്റാണ്ടിന്റെ അവസാനത്തിൽ വിവാഹകർമ്മത്തിൽ നടന്നുവന്ന ഏതാനും ആചാരങ്ങളുടെ സൂചനകൾ കാണുന്നുണ്ടു്. അവ വളരെ കേവലമായ വിധത്തിൽ (With great simplicity) ആണു നടത്തപ്പെട്ടതെന്നുള്ളതു വളരെ തെളിവാണു്. യഹൂദന്മാരുടെ ഇടയിൽ വിവാഹം നിശ്ചിതമായ യാതൊരു മതാചാരങ്ങളും കൂടാതെ ഉടമ്പടി രൂപത്തിൽ നടത്തപ്പെട്ടു. വിവാഹകർമ്മത്തിൽപ്പെട്ട മുഖ്യമായ ചടങ്ങു മണവാട്ടിയെ പിതൃഗൃഹത്തിൽനിന്നു് മണവാളന്റെ പിതൃഗൃഹത്തിലേക്കു കൊണ്ടുപോവുകയത്രെ, ക്രിസ്തീയവിവാഹാനുഷ്ഠാനത്തിലെ മുഖ്യഭാഗങ്ങളും. സഭ വിവാഹം പരസ്യപ്പെടുത്തുകയും ഉറപ്പിക്കയുമാകുന്നു. (Smith's Dict. of the Bible.) ഇഗ്നാത്യോസു് ഇങ്ങനെ പറയുന്നു: വിവാഹം ജഡമോഹത്തിലല്ല, നമ്മുടെ കർത്താവിൽ ആയിരിക്കേണ്ടതിനു പുരുഷന്മാരും സ്ത്രീകളും അദ്ധ്യക്ഷന്റെ ആലോചനയോടുകൂടെ വിവാഹം ചെയ്യുന്നതാണു ഭംഗി.

Epist. to Polycarp C. V.

തെർത്തുല്യൻ പറയുന്നു: ''രഹസ്യമായ ആസങ്ങനം (Secret unions) അതായതു്, ഒന്നാമതായി സഭയുടെ മുൻപിൽ ഏറ്റുപറയാതെയുള്ള ഇടപാടു്; വ്യഭിചാരം, വേശ്യാവൃത്തി ഇവയോടു സംബന്ധമുള്ളതായി വിചാരിക്കപ്പെടും.''

On modesty C. IV.

ഇദ്ദേഹത്തിന്റെ Monogamy എന്ന പുസ്തകത്തിൽ നാം ഇങ്ങനെ വായിക്കുന്നു. വിവാഹത്തിൽ യോജിപ്പാനുള്ള രണ്ടു കക്ഷികളും; ബിഷോപ്പു്, പ്രസ്ബിറ്റർമാർ, ഡീക്കന്മാർ, വിധവമാർ ഇവരുടെ സമ്മതം ചോദിക്കുക പതിവാകുന്നു. പുത്തനായി കല്യാണംകഴിഞ്ഞ ദമ്പതിമാരുടെമേൽ തീർച്ചയായും ബിഷപ്പോ അദ്ധ്യക്ഷം വഹിക്കുന്ന (Presbyter) പ്രസ്ബിറ്റരോ ആശീർവചനം ഉച്ചരിക്കയും ദമ്പതിമാർ ഒന്നുചേർന്നു തിരുവത്താഴത്തിൽ പങ്കുകൊള്ളുകയും ചെയ്യുവന്നു.

Neander. I. P. 393.

ഇവിടെ തിരുവത്താഴത്തിനു വച്ചിരിക്കുന്ന Oblation എന്ന പദം വിവാഹഘട്ടത്തിൽ ദമ്പതിമാർ സഭയ്ക്കു കൊടുത്ത വഴിപാടിനെ കുറിക്കുന്നു എന്നു ചിലർ അഭിപ്രായപ്പെടുന്നു. See Early Church History (By Edward Backhouse) വിവാഹനിശ്ചയത്തിനും വിവാഹകർമ്മത്തിനും ഇന്നു കാണുന്ന വിസ്തൃതമായ ആചാരങ്ങളും ചടങ്ങുകളും വളരെ പിൽക്കാലങ്ങളിലുണ്ടായിട്ടുള്ളവയാകുന്നു.

അവിവാഹജീവിതം

ബന്നബാസിന്റെ ലേഖനം എന്ന കൃതിയുടെ കർത്താവു സന്യാസത്തെപ്പററി ഇങ്ങനെ പറയുന്നു: ''നീ വലിയ പൂർണ്ണനായിത്തീരുന്നു എന്നുള്ള ഭാവത്തിൽ ഏകാന്തജീവിതം ചെയ്‌വാൻ ആകുന്നു പോകുന്നതു''. എന്നാൽ ഒരു സ്ഥലത്തു് (സഭോയോഗാംഗമായി) കൂടിവരുന്നതു നിന്റെ സാമാന്യക്ഷേമത്തിനു സഹായകമായിട്ടുള്ളതെന്തെന്നു് അന്വേഷണം ചെയ്‌വാൻ നിന്നെ സഹായിക്കും. കാരണം, തിരുവെഴുത്തു് ഇങ്ങനെ പറയുന്നു. ''തങ്ങൾക്കു തന്നെ ജ്ഞാനികളായും തങ്ങൾക്കുതന്നെ വിവേകികളായും തോന്നുന്നവർക്കു് അയ്യോ, കഷ്ടം!'' യശ: 21.

Epistle of Barnabas C. IV.

അലക്‌സന്ത്രിയാക്ലെമന്റു് അവിവാഹ ജീവിതത്തെക്കുറിച്ചു തനിക്കു പതിവായുള്ള ഔജ്ജിത്യത്തോടും കാന്തിയോടും എഴുതീട്ടുള്ളതാവിതു്: ''പാകം ചെന്ന ക്രിസ്ത്യാനിക്കു് അപ്പോസ്തലന്മാരാണ ദൃഷ്ടന്തം. താൻ ഒരു പുരുഷനാണെന്നു് ഒരുവൻ കാണിക്കുന്നതു, സത്യമായിട്ടും ഏകാന്തജീവിതത്തിലല്ല, പിന്നയോ ഒരു ഭർത്താവും ഒരു കുടുംബത്തിന്റെ പിതാവും എന്ന നിലയിൽ ഭാര്യയ്ക്കും കുട്ടികൾക്കും ഭൃത്യന്മാർക്കും ഒരു സ്ഥാപനത്തിനും വേണ്ടി കരുതുന്നതിൽ തനിക്കു നേരിടാവുന്ന പരിശോധനകളെ എതിർത്തു ദൈവസ്നേഹത്തിൽനിന്നു വലിക്കപ്പെടുവാൻ സമ്മതിക്കാതെ നില്ക്കുന്നതിനാലാകുന്നു. കുടുംബമില്ലാത്ത പുരുഷൻ വളരെ പരിശോധനകൾക്കു തെററിയൊഴിയുന്നു. അവൻ തന്റെ ഉപജീവനത്തിന്നായി മാത്രം കരുതേണ്ടിയിരിക്കുന്നതിനാൽ, തന്റെ രക്ഷയെ പ്രവർത്തിപ്പിക്കുന്നതിൽ അധികം ഉപദ്രവം സഹിക്കേണ്ടിവന്നിട്ടും സാമുദായികജീവിതത്തിലുള്ള അനല്പമായ കൃത്യങ്ങളെ നിറവേററിയും ദൈവപരിപാലനത്തിന്റെ ഒരു സംക്ഷിപ്തരൂപം തന്റെ ഭവനത്തിൽ യഥാർത്ഥമായി പ്രദർശിപ്പിച്ചുകൊണ്ടും ഇരിക്കുന്ന ഇതര നേക്കാളും താണനിലയിൽ സ്ഥിതിചെയ്യുന്നു.''

Miscell., B. VII, C. XII, Neander. I. P. 389.

രണ്ടാം കല്യാണം അവമാനകരമായി പൊതുവിൽ ഗണിക്കപ്പെട്ടിരുന്നു. കൂടാതെ ചില എഴുത്തുകാർ അതു പാപകരമെന്നുകൂടി പറഞ്ഞിരിക്കുന്നു. The Shepherd of Hermas, Commandment, C. 10. പുനർവിവാഹത്തെ വ്യഭിചാരമെന്നാണ തെർത്തുല്യൻ വിളിക്കുന്നതു്. മൊന്താന്യരുടെ വിശ്വാസം ഇങ്ങിനെയായിരുന്നു. അതേനഗോറസ്സു് തന്റെ ഒരു പ്രബന്ധത്തിൽ പറഞ്ഞിരിക്കുന്നതാവിതു്. ''ഒരു മനുഷ്യൻ ജനിച്ച പടിയിൽ അദ്വിതീയനായിത്തന്നെ ജീവിക്കണം. അല്ലെങ്കിൽ, ഒരു വിവാഹംകൊണ്ടു മാത്രം തൃപ്തിപ്പെടണം. കാരണം, രണ്ടാം വിവാഹം, പുറം കാഴ്ചയ്ക്കു തരക്കേടില്ലെന്നു തോന്നുന്ന വ്യഭിചാരം മാത്രമാണു്.''

Plea, C. XXXIII.

ഉപവാസം, അഥവാ നോൻപു്

പൌരസ്ത്യമതങ്ങളിൽ എല്ലാം വളരെ പുരാതനകാലം മുതൽ തന്നെ സന്യാസ (വർജന) രസം കാണ്മാനുണ്ടു്. ക്രിസ്തുമതത്തിൽ ഇതു് ആദ്യം മുതല്ക്കുതന്നെ പ്രത്യക്ഷീഭവിച്ചുതുടങ്ങി. (കൊലൊ. 2: 20–22) മതകർമ്മങ്ങൾക്കു് എല്ലാം ഉപവാസം ഒഴിച്ചുകൂടാത്തതെന്നു അന്നുള്ളവർ ധരിച്ചിരുന്നുവോ എന്നു തോന്നുംവണ്ണം അപ്പൊസ്തലകാലത്തിനടുത്തുതന്നെ, ഉപവാസത്തിനു പ്രാബല്യമുണ്ടായി. അന്ധവിശ്വാസരഹിതനല്ലെങ്കിലും ''ഹെമ്മാ

സിന്റെ ഇടയൻ'' എന്ന പുസ്തകത്തിന്റെ കർത്താവ് ഉപവാസസംബന്ധമായ ഈ അഭിരുചിയെ ശാസിക്കുന്നു. അദ്ദേഹത്തിന്റെ ഉപമാന (Similitude) കൃതിയിൽനിന്നു താഴെ കാണുന്ന സംഭാഷണം ഉദ്ധരിക്കട്ടെ.

''ഞാൻ ഒരു മലമേൽ ഇരുന്നു കർത്താവ് എനിക്കു ചെയ്ത എല്ലാ ഉപകാരങ്ങൾക്കുമായി അവനു നന്ദിപറഞ്ഞുകൊണ്ടിരിക്കുമ്പോൾ ഇടയൻ എന്റെ അടുത്തുവന്ന് എന്നോടിങ്ങനെ പറഞ്ഞു. ''ഇത്ര രാവിലെ നീ ഇവിടെ വന്നതെന്തിനു? ഞാൻ ഉത്തരംപറഞ്ഞു: യജമാനനേ! എനിക്കൊരു താവളം (Station) ഉണ്ട്. (താവളം എന്നതിനു ആദ്യക്രിസ്ത്യാനികളുടെ ഭാഷയിൽ ഉപവാസദിവസം എന്നാണർത്ഥം.) താവളം എന്നതു എന്ത്? എന്നു അവൻ ചോദിച്ചതിനു, യജമാനനെ! ഞാൻ ഉപവസിച്ചുകൊണ്ടിരിക്കയാണു എന്നു മറുപടി പറഞ്ഞു. അവൻ തുടർന്നുചോദിച്ചു. നീ ആചരിക്കുന്ന ഈ ഉപവാസം എന്താണു? ഇതിനു എന്റെ മറുപടി, പതിവിൻപടി ഞാൻ ഉപവസിക്കുന്നു, എന്നായിരുന്നു. ഇതിനു അദ്ദേഹത്തിന്റെ പ്രത്യുക്തി: കർത്താവിനെ ലക്ഷ്യമാക്കി ഉപവസിക്ക എന്നതു എന്തെന്നു നിനക്കറിഞ്ഞുകൂടാ. നീ ആചരിക്കുന്ന ഈ ഉപവാസം അയോഗ്യമത്രെ. കർത്താവിനു സ്വീകാര്യമായ ഉപവാസം എന്തെന്നു ഞാൻ നിന്നെ പഠിപ്പിക്കാം. ശുദ്ധഹൃദയത്തോടുകൂടി അവനെ സേവിക്ക, അവന്റെ കല്പനകളെ അനുസരിക്ക, അവന്റെ ഉപദേശാനുസരണം നടക്ക, ദോഷമായ യാതൊരാഗ്രഹവും നിന്നിൽ ഉദിക്കരുതു; നീ ഇതു ചെയ്യാൽ നീ ദൈവത്തിനു സ്വീകാര്യമായ ഒരു വലിയ ഉപവാസമാണു ആചരിക്കുന്നതു. ഒരു ദോഷവാക്കും ദുഷ്ടാഗ്രഹവും വരാതെ സൂക്ഷിക്ക, ലോകത്തിന്റെ സകല മായയിൽനിന്നും നിന്റെ ഹൃദയത്തെ ശുദ്ധീകരിക്ക, കൂടാതെ, നീ ഉപവസിക്കുന്ന ദിവസത്തിൽ അപ്പവും വെള്ളവുമല്ലാതെ മറ്റൊന്നും ആഹരിക്കരുതു; നിനക്കു തിന്മാൻ ആവശ്യമുള്ള ഭക്ഷണത്തിന്റെ വിലവു കണക്കുകൂട്ടി ഒരു വിധവയോ ഒരനാഥക്കുട്ടിയൊ മറ്റു വല്ല മുട്ടുകാരനൊ, നിന്റെ ആത്മപരിത്യാഗത്തിൽനിന്നുള്ള, ആ ഉപകാരം സ്വീകരിച്ചു തന്റെ ഞെരുക്കത്തിൽ ഉപശാന്തി കണ്ടെത്തുന്നതിനും, നിനക്കുവേണ്ടി കർത്താവിനോടു പ്രാർത്ഥിക്കുന്നതിനുമായി അവരിൽ ആക്കെങ്കിലും കൊടുക്ക.''

Book III. Similitude Fifth, C. I, III.

ശവസംസ്കാരം

ക്രിസ്ത്യാനികളും പുറജാതികളുടെ ഇടയിൽ നടന്നുവന്ന ശവദാഹത്തെ അനുകരിക്കാതെ ''മണ്ണു മണ്ണിലേക്കുതന്നെ തിരിയണ''മെന്നുള്ള പ്രമാണപ്രകാരം തങ്ങളുടെ മൃതന്മാരെ കഴിച്ചിട്ടുവന്നു. ക്രിസ്തീയമനസ്സിനു ശവദാഹം തീരെ രുചിക്കാത്തതും സുവിസത്യങ്ങളിലും പ്രിയതരമായ ഉയർപ്പിന്റെ ഉപദേശത്തെ അവമതിക്കുന്നതുമായിരുന്നു. ഗന്ധവർഗ്ഗമിട്ടു ശവം സൂക്ഷിക്കുന്ന സമ്പ്രദായം യഹൂദന്മാരിൽനിന്നു അനേകർ അംഗീകരിച്ചു. മിനുഷ്യസ് ഫെലിക്സിന്റെ വാദത്തിനിടയിൽ സെസിലിയസും എന്ന പുറജാതി ഇങ്ങിനെ പറകയുണ്ടായി: ''ക്രിസ്ത്യാനികളും ജീവനോടിരിക്കുമ്പോൾ സുഗന്ധദ്രവ്യങ്ങളും ഉപയോഗിക്കയില്ല. എന്നാൽ അവരുടെ സുഗന്ധങ്ങളും എല്ലാം ശവസംസ്കാരത്തിന്നായി വച്ചിരിക്കയാണു.''

Early Church History, Pages. 102, 103.

വിലപനം അഥവാ ദുഃഖം

രട്ടുശീല ധരിക്ക, ചാരത്തിൽ കിടക്ക, വസ്ത്രം കീറുക ഇത്യാദി യഹൂദന്മാരുടെ വിലപനരീതി; റോമരുടെ കൃഷ്ണവസ്ത്രധാരണം, പാശ്ചാത്യരു

ടെയും പൌരസ്ത്യരുടെയും ഇടയിൽ നടക്കുന്നതായി വിലാപക്കാരെ കൂലിക്കു വിളിക്കുന്ന സമ്പ്രദായം, ഈവക ഏർപ്പാടുകളും സുവിശേഷംമൂലം അഭിനവവും തേജോമയവുമായ പ്രത്യാശ ഉദിച്ചുയർന്നപ്പോൾ, ക്രിസ്ത്യാനികൾ നിഷേധിച്ചുകളഞ്ഞു. മരിച്ചവരുടെ തലയ്ക്കു ചുറ്റും പൂമാല ചുറ്റുന്ന പതിവു വിഗ്രഹാരാധനയോടും ജഡസന്തോഷത്തോടും സംബന്ധമുള്ളതാകയാൽ അതിനേയും ക്രൈസ്തവർ നിഷേധിച്ചു. വിലാപത്തെയും വിലാപവസ്ത്രത്തെയും പറ്റി സിപ്രിയൻ വളരെ ശക്തിയായി എഴുതിയിരിക്കുന്നു. ഗാലസ്സിന്റെയും വലീറിയസ്സിന്റെയും കാലത്തു പകർച്ചവ്യാധിയാൽ മരിച്ചവരെ സംബന്ധിച്ചു സിപ്രിയൻ പറയുന്നതാവിതു: ''കർത്താവിന്റെ വിളിയാൽ ഈ ലോകം വിട്ടുപോയിട്ടുള്ള നമ്മുടെ സഹോദരന്മാരെക്കുറിച്ചു; അവർ നഷ്ടപ്പെട്ടിട്ടില്ല; പിന്നയോ, അവർ നമുക്കു മുമ്പായി പോയിരിക്കയാണെന്നു നമുക്കു അറിവുള്ളതുകൊണ്ടു, അവരെപ്പറ്റി വിലപിച്ചുകൂടാ എന്നു പബ്ലിക്കിൽ പ്രസ്താവിക്കണമെന്നുള്ളതു ദൈവോദ്ദേശ്യത്താൽ, എനിക്കു എത്രയോ പ്രാവശ്യം തെളിവായി വെളിപ്പെട്ടിട്ടുള്ളതാണു. മൃതന്മാരെ ഉദ്ദേശിച്ചു നമുക്കു ഉൽക്കണ്ഠ ഉണ്ടാകാതെ നിവൃത്തിയില്ല എങ്കിലും അവരെപ്പറ്റി വിലപിക്കേണ്ട ആവശ്യമില്ല. മാത്രമല്ല അവർ പരലോകത്തിൽ വെള്ളവസ്ത്രം ധരിച്ചുകൊണ്ടിരിക്കുമ്പോൾ നാം അവർക്കായി ഇവിടെ കറുപ്പുവസ്ത്രം ധരിക്കുന്നതു ഉചിതമല്ല.

On the mortality, C. XX.

പിൽക്കാലത്തു ജീവിച്ചിരുന്ന വി: ആഗസ്തീൻ പ്രസ്തുത വിഷയത്തെ അധികരിച്ചു ഇങ്ങനെ പറയുന്നു:. മരിച്ചവർക്കുവേണ്ടി വിലപിക്കുന്നതിൽ മാത്രമല്ല വിലപന വസ്ത്രങ്ങളും ധരിക്കുന്നതിലും, വിശ്വാസവിഹീനരായ ജാതികളെ അനുകരിച്ചു കറുപ്പുവസ്ത്രങ്ങൾകൊണ്ടു നാം നമ്മെ വിരൂപമാക്കുന്നതെന്തിനു? ഈ ആചാരങ്ങളും വൈദേശികവും ന്യായവിരുദ്ധവുമാകുന്നു. അല്ലാത്തപക്ഷവും ഇതു നമുക്കു അനുയോജ്യമല്ല.

Sermon II. De Consolat Mort.

ചാർച്ചക്കാരും അടുത്ത സ്നേഹിതന്മാരും ആണു ശവക്കുഴിയിലേക്കു ശവപ്പെട്ടി ചുമന്നുകൊണ്ടു പോകുന്നതു. ആ യാത്രയിൽ പ്രത്യാശയും ദൈവസ്തുതിയും വിഷയീകരിച്ച പാട്ടുകൾ പാട്ടുമായിരുന്നു.

Early Church History, Page 104.

കാൽകഴുകൽ

ആതിഥ്യത്തിന്റെ ഒരു പുരാതന നടപടിയത്രെ ഇതു. (ഉല്പ: 18: 4. ന്യായാ. 19: 21; 1 ശമു. 25: 41.) മുതലായവ. ശ്രേഷ്ഠമായ ആകാശസ്ഥിതി, പൊടിനിറഞ്ഞ റോഡ്യകൾ, ഉള്ളങ്കാൽമാത്രം മറയ്ക്കുന്ന വള്ളിച്ചെരിപ്പുകൾ ഇവനിമിത്തം ഈ ക്ഷാളനം ആവശ്യമായിരുന്നു. തന്റെ ക്രൂശീകരണത്തിന്റെ തലേനാൾ രാത്രി നമ്മുടെ കർത്താവു തന്റെ ശിഷ്യന്മാരുടെ കാലുകളെ കഴുകുകയും തുടയ്ക്കുകയും (യോഹ. 13: 1–7) അന്യോന്യം കാൽ കഴുകുവാൻ അവരോടു കല്പിക്കയും (യോഹ. 13: 14.) ചെയ്തു. ശ്രുശ്രൂഷാനിരതവും വിനീതവുമായ തന്റെ മനഃസ്ഥിതിയെ ശിഷ്യന്മാർ അനുകരിക്കണമെന്നുള്ളതത്രെ ഇതിന്റെ അർത്ഥമെന്നു സാധാരണ വ്യാഖ്യാനിച്ചുവരുന്നു. എങ്കിലും, ഇപ്പോൾ, അതു അക്ഷരാർത്ഥമായി എടുക്കുന്നുണ്ടു. ഈ വാക്യത്തെയും വിധവമാരുടെ സംഘത്തിൽ പ്രവേശിപ്പിക്കുന്നതിനുള്ള വ്യവസ്ഥകളിൽ ഒന്നായ ''വിശുദ്ധന്മാരുടെ കാലുകൾ കഴുകുന്നതിനെക്കുറിച്ചുള്ള

1 തിമോ 5: 10—നേയും ആധാരമാക്കി *റോമസഭയും *ഗ്രീക്കു സഭയും ടങ്കേഴ്സ് (Tunkers) എന്ന കൂട്ടരും ഇപ്പോഴും ഈ കർമ്മം ആചരിക്കുന്നു.

ഈസ്റ്ററിനു മുൻപെയുള്ള വ്യാഴാഴ്ച (Monday—Thursday) യിൽ പാദക്ഷാളനകർമ്മം നടക്കുന്നതായി ഓഗസ്തീൻ പ്രസ്താവിക്കുന്നു. ഈ ദിവസം തങ്ങളുടെ പാദങ്ങളും കഴുകപ്പെടുന്നതിനെ നിഷേധിക്കുന്നവർ കർത്തൃമേശയിൽ നിന്നു (Communion Table) തള്ളപ്പെടുമെന്നു 694—ൽ ടോളഡോ സുന്നഹദോസ് തീരുമാനിച്ചു. ക്ലെയോർവായിലെ ബർണാർഡ് പാദക്ഷാളനത്തെ സക്രമെന്തുകളിൽ ഒന്നായി ഗണിപ്പാൻ ആകുംപടി പ്രയത്നിച്ചു. എന്നാൽ ഫലപ്പെട്ടില്ല. റോമാസഭേക ചില കൊവൈന്തകളിലും എത്രയും സാധാരണയായി ഗ്രീക്കുസഭയിലെ കോൺവെൻറുകളിലും ഈ ചടങ്ങ് ഇക്കാലത്തും അനുഷ്ഠിച്ചുപോരുന്നു. റഷ്യയിലെ ക്ലാർചക്രവർത്തി, ഓസ്ട്രിയാ ചക്രവർത്തി, സ്പെയിനിലേയും പോർട്ടുഗലിലേയും ബവേറിയായിലേയും രാജാക്കന്മാർ, മേല്പറഞ്ഞ ദിവസം പന്ത്രണ്ടു യാചകന്മാരുടെ കാലുകളും കഴുകിവരുന്നു. കൂടാതെ റോമയിലെ പാപ്പയും ക്രിസ്തീയതാഴ്മയുടെ ദൃഷ്ടാന്തമായി പതിമ്മൂന്നു ദരിദ്രന്മാരുടെ കാലുകളിൽ ഏതാനും വെള്ളത്തുള്ളികളും കുടയുന്നു.

ഈ ആചാരത്തെ ലൂഥർ കപടഭക്തിക്കടുത്തതെന്നും അശേഷം കർത്തൃകല്പനയുടെ ആത്മാവിലല്ല ഇതു ചെയ്യുന്നതെന്നും പറഞ്ഞു് ആക്ഷേപിക്കുന്നു. ജനങ്ങൾക്കു ശരിയായി കളിക്കത്തക്കവണ്ണം പൊതുവായ ഒരു കളിസ്ഥലം അവർക്കു കൊടുക്കുന്നതു് ഇതിനേക്കാൾ വലിയ നന്മയത്രെ എന്നാണു് അദ്ദേഹം അഭിപ്രായപ്പെട്ടതു്. പന്ത്രണ്ടു യാചകന്മാരുടെ കാൽ കഴുകുന്നതിനു പകരം വാസ്തവമായ താഴ്മയോടുകൂടി ഒരൊറ്റ രാജാവിൻെറ കാൽ കഴുകുന്നതായാൽ പാപ്പാ അധികം അഭിനന്ദനത്തിനു് അർഹനായേനെ എന്നാണു ബെഞ്ചൽ (Bengel) എന്ന വ്യാഖ്യാതാവു തൻെറ വ്യാഖ്യാനത്തിൽ പറഞ്ഞിരിക്കുന്നതു്. മൊറേവിയന്മാർ, 1818. വരെ കാൽകഴുകൽ ആചരിച്ചിരുന്നു. ആ ആണ്ടിൽ ഹെർനട്ടി (Hernutt) ൽ ഒരു സുന്നഹദോസ്കൂടി പ്രസ്തുത ആചാരം നിർത്തലാക്കിക്കളഞ്ഞു. ടങ്കേഴ്സ് എന്ന കൂട്ടരും വിനിബ്രണ്ണേറിയൻസും ഈ കർമ്മത്തെ ഇപ്പോഴും വിടാപ്പിടിയായി പിടിക്കുന്നു.

See Religious Encyclopaedia.

മരിച്ചവർക്കു തിരുവത്താഴം കൊടുക്കുക

ആദ്യനിലവിട്ടു ദുഷിച്ച പുരാതനസഭയിൽ പെട്ടെന്നുള്ള മരണത്താൽ കർത്തൃമേശയിൽ സംബന്ധിപ്പാൻ കഴിയാതെ മരിച്ചുപോയ ആളുകളുടെ വായിൽ പാഥേയമായി ഒരു കഷണം കർബാനയപ്പം വയ്ക്കുക പതിവുണ്ടായിരുന്നു. താഴെപറയുന്ന സുന്നഹദോസുകളും ഈ നടപടിയെ വിരോധിച്ചിട്ടുള്ളതിൽനിന്നു് ഇതു മനസ്സിലാകുന്നു. 393—ൽ കൂടിയ ഹിപ്പോസുന്നഹദോസ്, Hefele Conciliengeschte Vol. II P. 52) കാത്തേജിലെ മൂന്നാം സുന്നഹദോസ് A. D. 397; ഓക്സറേ A. D. 578. ''ആരും ശവത്തിനു സത്യകർമ്മമോ (Eucharist) ചുംബനമോ കൊടുക്കയോ വെലം Velum കൊണ്ടോ ത്രോണോസിന്മേലേ തുണികൊണ്ടോ അതു പൊതികയൊ ചെയ്യരുതു്.'' (Hefele- Vol. III. P. 41) കപിനിസെക്സ്റ്റാ അല്ലെങ്കിൽ കോൺസ്റ്റാൻറിനോപ്പിളിലെ ട്രൂളൻ സുന്നഹദോസിൻെറ കാനോൻ 83: (Hefele Vol. III P. 311) ബാൽസാമൺ ഇതിനോടു ചേർത്തു പറയുന്നതു്: ''ബിഷപ്പന്മാർ മരിച്ചശേഷം അവരുടെ സഞ്ചാരയാത്രയിൽ പിശാചുക്കളിൽനിന്നു് അവർ

---

* റോമാസഭയിലും ഗ്രീക്കുസഭയിലും ഇതു് ആചരിക്കുന്നതു സന്യാസികളല്ല, പട്ടക്കാരോ, മേൽപ്പട്ടക്കാരോ ആണു്. ഇതു്, ഒരു കൂദാശയായി അവർ സ്വീകരിച്ചിട്ടുമില്ല. കർത്താവിൻെറ കഷ്ടാനുഭവചരിതത്തെ നടനസമ്പ്രദായത്തിൽ അനുഷ്ഠിക്കമാത്രമാണു്.

രക്ഷപ്പെടുന്നതിനായി അവർക്കു കർബ്ബാന കൊടുത്തുവന്നു. ഈ ആചാരത്തിന്റെ അടിയിൽ കിടന്ന ആന്തരം ഇതായിരുന്നു. പിൽക്കാലങ്ങളിൽ ശവത്തിന്റെ വായിൽ, പ്രതിഷ്ഠിക്കപ്പെട്ട അപ്പത്തിന്റെ ഒരു കഷണം വച്ചുകൊടുക്കുന്നതിനു പകരം അതു ശവത്തിന്റെ നെഞ്ചത്തു മാത്രം വച്ചു സംസ്കാരകർമ്മം നടത്തിവന്നു.''

Georg Eduard Steitz D. D.
See Religious Encyclopaedia.

ശുശ്രൂഷിക=ഡീക്കനസ്സ്=ശെമ്മാശി. **Hee Diakonos, Diakonissa, Diakona.** സ്ത്രീകളെ സഭയിൽ ശുശ്രൂഷ വഹിക്കുന്ന ഏർപ്പാടു് അപ്പൊസ്തലകാലം മുതൽക്കേ ഉള്ളതാണു്. എന്നാൽ ഉദ്യോഗപ്പേരു് അപ്പൊസ്തലകാലം കഴിഞ്ഞശേഷമത്രെ കാണുന്നതു്. ഫേബ, ക്രെംക്രയാ സഭയിൽ ഒരു ഡീക്കനസ്സു് ആയിരിക്കയും (റോമ. 16: 1) (ശുശ്രൂഷിക=Servant) മറനേകരെപ്പോലെ അപ്പൊസ്തലനായ പൗലൊസിനെ സഹായിക്കുകയും ചെയ്തു. റോമ. 16–ൽ കാണുന്ന പന്രണ്ടു സ്ത്രീകളും പക്ഷെ ശുശ്രൂഷികകൾ ആയിരുന്നു. ഈ ഉദ്യോഗത്തെപ്പറ്റി പുതിയ നിയമത്തിൽ വേറൊരിടത്തും ഒന്നും പറഞ്ഞു കാണുന്നില്ല. സാധാരണ എടുത്തുപറയുന്ന വാക്യങ്ങൾ (തീത്തു. 2: 3; 1 തിമൊ. 3: 11; 5: 9. മുതലായവ) ഈ വിഷയത്തോടു സംബന്ധമുള്ളവയല്ല. ഒടുവിൽ കാണിച്ചിട്ടുള്ള വാക്യം ശുശ്രൂഷികകളെ സംബന്ധിക്കുന്നതാണെന്നുള്ള അഭിപ്രായവും അടിസ്ഥാനമില്ലാത്തതാകുന്നു.....ഡീക്കനസ്സുകളെ ബഹുഷ്പ്പൈവച്ചു് ആക്കിവന്നു. ഇവർക്കു പട്ടക്കാരനെപ്പോലെ പൗരോഹിത്യകർമ്മങ്ങൾ നിർവഹിപ്പാൻ അധികാരമുണ്ടെന്നു മനുഷ്യൻ ധരിച്ചേക്കാം എന്നകരുതി ഈ സ്ഥാനപ്രതിഷ്ഠ നിർത്തൽ ചെയ്യണമെന്നു നിഖ്യാസൂനഹദോസു് തീരുമാനിച്ചു. (Epiphan. Hoer. 90, 3)

ഡീക്കനസ്സുകളുടെ കൃത്യങ്ങൾ; ദരിദ്രന്മാർ, രോഗികൾ, തടവുകാർ എന്നിവരെ അന്വേഷിക്കുകയത്രെ. ചില സഭകളിൽ ഇവരാണു സ്നാനത്തിനു സ്ത്രീകളെ ഒരുക്കിവന്നതു്. (കാത്തേജിലെ നാലാം കൗൺസിൽ, XII) കൂടാതെ വിശ്വാസിനികളെ നിർജ്ജീവിക്കുന്ന വിഷയത്തിലും ഇവർ സഹായിച്ചുവന്നു. (Contst. Ap. 8. 28) എങ്കിലും ഡീക്കനസ്സുപട്ടം നീണ്ടുനിന്നില്ല. 441–ൽ ഓറഞ്ചിലെ ഒന്നാമത്തെ സുന്നഹദോസും 517–ൽ എപ്പാവോനിലെ സുന്നഹദോസും ഫ്രാൻസുരാജ്യത്തുനിന്നു് ഈ പട്ടം ബഹിഷ്കരിച്ചു. അതിന്റെ ശേഷവും ഡീക്കനസു്, ആർച്ചുഡീക്കനസു് എന്നീ പേരുകൾ ഉപയോഗിക്കാതിരുന്നില്ല. എന്നാൽ ഗ്രീക്കു സഭയിലെപ്പോലെ കൊവെന്തകളിലെ ഉദ്യോഗസ്ഥകളുടെ സ്ഥാനപ്പേരുകളായി മാത്രമായിരുന്നു അവ ഉപയോഗിച്ചതു്. പന്രണ്ടാം നൂറ്റാണ്ടിന്റെ അവസാനത്തിൽ കർബാനയിൽ സഹായിക്കുന്നതായി ഇവരെ പിന്നെയും കാണുന്നു. ഡീക്കനസ്സുകൾ നിശ്ശേഷം തിരോഭവിക്കാനുള്ള ഹേതു, മിക്കവാറും ദരിദ്രന്മാരുടെയും രോഗികളുടെയും സംരക്ഷണഭാരം രാഷ്ട്രം ഭരമേറ്റതും, ശിശുസ്നാനത്തിന്റെ ക്രമേണയുള്ള പ്രവേശനവും, സ്ത്രീകളുടെ സഹായം അവശ്യമില്ലാത്തവിധത്തിൽ സ്നാനകർമ്മം തളിപ്പുകൊണ്ടു നടത്തിയതുമാകുന്നു.

Johan Jakob Herzog. D. D.
See Religious Encyclopaedia.

ധൂപം (Incense)

സാധാരണമായി യഹൂദന്മാരുടെയും ഗ്രീസോ—റോമൻ പുറജാതികളുടെയും മതചടങ്ങുകളിൽ ഏതോ സദുദ്ദേശാർത്ഥകമായി (As a Symbolical

act) ഉപയോഗിച്ചു വന്നു. ക്രിസ്തുസഭ ആദിയിൽ ഇതിനെ നിഷേധിച്ചു. (തെർത്തുല്യൻ Apology., 30. Decor milit. 10. അഥേനഗോരസ് Legat. Pro Christ 13. ആർനോബിയസ്സ Adv. Gent., 7. 25.) എങ്കിലും പിൽക്കാലത്തു സഭ ഇതിനെ സ്വീകരിച്ചു. കൂറിലോസിന്റെ കാറ്റിക്കെസീസ് (Catecheses) എന്ന കൃതിയിലും അപ്പൊസ്തലിക നിയമങ്ങൾ എന്ന ഗ്രന്ഥത്തിലും കർത്താവിന്റെ അത്താഴത്തിന്റെ ആചരണത്തെപ്പറ്റിയുള്ള എത്രയും ചുരുങ്ങിയ വിവരണങ്ങളിൽ ധൂപത്തെപ്പറ്റി പ്രസ്താവിച്ചിട്ടില്ല. ആദ്യമായി ഇതു് അപ്പൊസ്തലികകാനോനുകളിലാണു കാണുന്നതു്. (Can., III.) എവഗ്രിയസ് എന്ന സഭാചരിത്രകാരൻ, കോസ്രോസ്, യറുശലേം സഭയ്ക്കു് ഒരു സ്വർണ്ണധൂപകുറ്റി സമ്മാനിച്ചതായി തന്റെ ചരിത്രത്തിൽ Six century, Hist. Eccl., VI. 21.) പറയുന്നു. അക്കാലത്തു കർത്താവിന്റെ അത്താഴത്തിലെ വസ്തുക്കളെ ധൂപംകൊണ്ടു സുഗന്ധീകരിക്കുന്ന സമ്പ്രദായം കിഴക്കൻ സഭയിൽ സധാരണ നടപ്പായിരുന്നു. എന്നാൽ ഫ്രഞ്ചു സഭയിൽ (Frankish Church) മദ്ധ്യയുഗത്തിന്റെ ആരംഭത്തിലത്രെ ഈ നടപടി കാണപ്പെടുന്നതു്. (See Capitul. I. 6, in Harduin: Conc. Coll., V.) സുവിശേഷ സഭകളിലാകട്ടെ, ധൂപം കർത്തിക്കുന്ന പതിവു് ഒരിക്കലും അംഗീകരിക്കപ്പെട്ടിട്ടില്ല.

Religious Encyclopaedia.

അദ്ധ്യായം പതിനൊന്നു്

പന്ത്രണ്ടു് അപ്പൊസ്തലന്മാരുടെ ഉപദേശം

(Hee Didachee ton *Dodeka* Apostolon)

1873–ൽ ഫിലേത്ഥ്യോസു് ബ്രയന്നിയോസു് എന്ന സെറീസിലെ ഗ്രീക്കു ബിഷപ്പു്, റോമയിലെ ക്ലെമന്തു് കൊരിന്ത്യർക്കു് എഴുതിയ ലേഖനം മുഴുവൻ * ചേർത്തു് ഒരു ഗ്രന്ഥം പ്രസിദ്ധപ്പെടുത്തുകയുണ്ടായി. ഇതിനുള്ള കൈയെഴുത്തുപ്രതി അദ്ദേഹം കൊൺസ്റ്റാൻറിനോപ്പിളിലെ ഫാനർ എന്ന സ്ഥലത്തുള്ള അതിവിശുദ്ധ കല്ലറ (Most Holy Sepulchre) വക ലൈബ്രറിയിൽ നിന്നത്രെ കണ്ടെടുത്തതു്. ഈ ഹസ്തലിഖിതം അനേക കൃതികളും അടങ്ങിയിട്ടുള്ള ഒരു പ്രബന്ധത്തിൻെറ ഭാഗമായിരുന്നു. ഈ കൃതികളുടെ കൂട്ടത്തിൽ ഒന്നു്, അതിപുരാതനമായ ഒരു രേഖയും സഭയിൽ പണ്ടുതന്നെ സുവിദിതവും അനേക നൂറാണ്ടുകളിലെ പരിശോധനകളിൽപെടാതെ ഒളിച്ചു കിടന്നതുമായ x പന്ത്രണ്ടു് അപ്പൊസ്തലന്മാരുടെ ഉപദേശം എന്ന പുസ്തകമായിരുന്നു. ഈ ഗ്രന്ഥത്തിൻെറ കണ്ടുപിടിത്തം, വിദ്യാർത്ഥികളുടെയും, ആദ്യസഭയുടെ ഉപദേശം, വ്യവസ്ഥിതി ഇവയെക്കുറിച്ചു് അറിവാൻ താല്പര്യമുള്ളവരുടെയും, ഇടയിൽ അനല്പമായ ഉണർച്ചയും കൗതുകവും ഉണ്ടാക്കിത്തീർത്തു. എന്നാൽ വിദ്വാനായ ആ കണ്ടുപിടിത്തക്കാരൻ 1883–ൻെറ അന്ത്യംവരെ ഈ പ്രബന്ധം ലോകസമക്ഷം അവതരിപ്പിക്കയുണ്ടായില്ല. ഇക്കൃതിയുടെ പ്രസിദ്ധീകരണകാലത്തു് അദ്ദേഹം നിക്കമേദ്യയിലെ മെത്രാപ്പോലീത്തയായിത്തീർന്നിരുന്നു.

ആദ്യസഭയിലെ പല എഴുത്തുകാർ പറഞ്ഞിട്ടുള്ള അതേ പ്രബന്ധം തന്നെയാണു പുത്തനായി കണ്ടുപിടിക്കപ്പെട്ട ഇക്കൃതി എന്നുള്ളതിൽ ഭൂരിപക്ഷം വിമർശകന്മാർക്കും ഭിന്നാഭിപ്രായമില്ല. അലക്സന്ത്രിയാക്ലെമന്തു് ഈ പുസ്തകത്തെ ''തിരുവെഴുത്തു്'' എന്നു വിളിക്കുന്നു. യൂസീബിയസു് അതിനു് ''അപ്പൊസ്തലന്മാരുടെ ഉപദേശം'' എന്നു പേരു കൊടുത്തിട്ടു ബസ്സ് ബാസിൻെറ ലേഖനം, ഹെർമ്മാസിൻെറ ഇടയൻ, പുതിയനിയമത്തിലെ അപ്പൊക്രിഫാ പുസ്തകങ്ങളിൽപ്പെട്ട മറ്റു ഗ്രന്ഥങ്ങളും ഇവയുടെ കൂട്ടത്തിൽ അതിനു സ്ഥാനം നൽകുന്നു. അത്താനാസ്യോസു്, ഇതിനെ സ്നാനാർത്ഥികൾക്കു വളരെ ഉപയോഗമുള്ളതും കാനോനികമല്ലാത്തതുമായ പുസ്തകമെന്നു ശ്ലാഘിച്ചു പറയുന്നു.

ഈ ഗ്രന്ഥം ചെറുതും ഗ്രന്ഥ്യ ലേഖനത്തോളം വലിപ്പമുള്ളതുമത്രെ. 'അപ്പൊസ്തലിക നിയമങ്ങളു' എന്ന പ്രബന്ധത്തിലെ ഏഴാം പുസ്തകം ഇതിനെ അടിസ്ഥാനമാക്കി രചിച്ചിട്ടുള്ളതാണെന്നു പരിശോധനയിൽ

---

* ഇതിനു മുൻപു് പ്രസ്തുത ലേഖനം മുഴുവൻ കിട്ടിയിരുന്നില്ല.

x പന്ത്രണ്ടു് അപ്പൊസ്തലന്മാരുടെ ഉപദേശം എന്നു് ഈ പുസ്തകത്തിനു പേരുള്ളതുകൊണ്ടു് ഇതിലുള്ളതെല്ലാം സാക്ഷാൽ അപ്പൊസ്തലന്മാരുടെ ഉപദേശമാണെന്നു ധരിക്കുന്നതു ശരിയല്ല. അപ്പൊസ്തലോപദേശമാണെന്നു ധരിച്ചു പാരമ്പര്യോപദേശങ്ങളെക്കൂടി ഈ കൃതിയിൽ രണ്ടാം നൂറാണ്ടിൻെറ മധ്യത്തോടടുത്തു ജീവിച്ചിരുന്ന തൽകർത്താവു ചേർത്തിട്ടുണ്ടു്.

ബോദ്ധ്യപ്പെട്ടിരിക്കുന്നു. ഈ അപ്പൊസ്തലിക നിയമങ്ങൾ (Apostolical Constitutions,) പ്രസ്തുത രേഖയുടെശേഷം വളരെക്കാലം കഴിഞ്ഞു് ഉണ്ടായിട്ടുള്ളതാകുന്നു.

ഡിഡാഖി (ഉപദേശസംഹിത) എന്നു പറഞ്ഞുവരുന്ന പ്രകൃതരേഖയുടെ ഉത്ഭവം ഏതുകാലത്തു് എന്നുള്ളതാണു് ഒന്നാമതായി തിരക്കേണ്ടതു്. ഇതിനു പുറമെനിന്നു യാതൊരു തെളിവും കിട്ടുവാനില്ല. മുഴ തെളിവും ഈ രേഖയുടെ അകമെ നിന്നാണു് കിട്ടേണ്ടതു്. ബൈരണ്യോസു് അതിന്റെ കാലം എ. ഡി. 140—നും 160—നും മദ്ധ്യേ ആണെന്നു് അഭിപ്രായപ്പെടുന്നു. ഹിൽജെൻഫെൽഡ്ഡും, പാരീസുകാരനായ പ്രഫസർ ബോണറ്റു് മോറിയും രണ്ടാം നൂറ്റാണ്ടിന്റെ അന്തിമഭാഗത്തു് എന്നും, ബഹുഭൂരിപക്ഷം ഇംഗ്ലീഷു് നിരൂപകന്മാരോടു യോജിച്ചു് ഡോക്ടർ ലൈറ്റ്ഫുട്ടു്, എ. ഡി. 80—നും 110—നും മദ്ധ്യേ എന്നും പറയുന്നു. തഥാപി, ക്രിസ്തീയ പട്ടത്വ (Christian ministry) ത്തെക്കുറിച്ചു പരയുമ്പോഴും ആടോപരഹിതമായ ഭാഷ ഉപയോഗിച്ചു കാണുന്നതുകൊണ്ടും നടപ്പിന്നടുത്ത ഉപദേശങ്ങളെ തീരെ ലളിതമായും മിക്കവാറും കുഞ്ഞുങ്ങളുടെ രീതിയിലും പ്രതിപാദിച്ചിരിക്കുന്നതിനാലും ഇപ്പുസ്തകം ആദികാലത്തോടു വളരെ അടുത്തുണ്ടായിട്ടുള്ളതാണെന്നു തീരുമാനിക്കാം.

പുതിയനിയമത്തിലെ അന്ത്യപുസ്തകങ്ങൾക്കും ജസ്റ്റിൻ മാർട്ടരുടെ ക്രിസ്തീയാരാധനയെക്കുറിച്ചു വിവരിക്കുന്ന ഒന്നാം പ്രതിവാദത്തിനും മദ്ധ്യേ ഒരു കാലയളവു രേഖാരഹിതമായി ശൂന്യമായി കിടക്കുന്നുണ്ടെന്നു ചരിത്രനിപുണന്മാർക്കു ബോദ്ധ്യമുള്ളതാണു്. ഇംഗ്ലീഷു് നിരൂപകന്മാർ സങ്കല്പിച്ചിട്ടുള്ള തീയതി ശരിയാണെങ്കിൽ ഇതിന്റെ രചന ബിഥൂന്യയിലെ പീഡ സംബന്ധിച്ചു പ്ലിനി, ട്രാജൻ ചക്രവർത്തിക്കെഴുതിയ എഴുത്തിൽ കാണുന്ന ചൂടുങ്ങിയ വിവരണത്തെക്കാളും അധികം മുമ്പു് ആയിരിക്കാൻ ഇടയുള്ളതുകൊണ്ടു മേൽപറഞ്ഞ കാലയളവിന്റെ മധ്യത്തോടടുത്തിരിപ്പാനാണു് എളുപ്പം. അതിനാൽ പഴക്കംകൊണ്ടു് ഇക്ക്യതി വേദപുസ്തകം ഒഴിച്ചു മറ്റുള്ള സകല രേഖകളെയും കടന്നുനിൽക്കുന്നുവെന്നു നിസ്സംശയം പറയാം.

ഡിഡാഖിയിലുള്ള ചില സംഗതികളെപ്പറ്റി നാം ഒന്നു ചിന്തിക്കുക. ആദ്യമായി, ചെറുതും ആരാധനയെപ്പറ്റിപ്പറയുന്നതുമായ 14—ാം അദ്ധ്യായം എടുക്കാം. കർത്താവിന്റെ ദിവസത്തിൽ ഒന്നിച്ചു കൂടുന്നതിന്റെ വിവരണം ഇതിൽ കൊടുത്തിട്ടുള്ളതു വളരെ ലളിതമാകുന്നു. എങ്ങനെയെന്നാൽ, ഈ യോഗം പ്രവാചകനെയോ പാസ്റ്ററെയൊ ആശ്രയിച്ചിരിക്കുന്നില്ല. മാത്രമല്ല, അവരുടെ പേർകൂടി ഇവിടെ പറഞ്ഞിട്ടില്ല. വ്യക്തിപരമായ സ്വാതന്ത്ര്യത്തെ പുരസ്കരിച്ചു നടത്തിവന്ന ഈ സഭായോഗത്തിന്റെ വൃത്താന്തം വായിക്കുമ്പോൾ ഓരോ ക്രൈസ്തവനും സ്വന്തമായി ആരാധിക്കുവാൻ കൂടിവന്നിരിക്കുന്നതുപോലെയാണു തോന്നിപ്പോകുന്നതു്. എങ്കിലും പ്രാർത്ഥനയും പാട്ടും കൂടാതെ ജസ്റ്റിൻ മാർട്ടരും തെർത്തുല്യനും പറഞ്ഞിട്ടുള്ള വായനയും വേദോപദേശവും സഭായോഗങ്ങളിൽ ഇല്ലായിരുന്നു എന്നു് ഈ രേഖയുടെ നിശ്ശബ്ദതയിൽനിന്നു തീരുമാനിച്ചുപോകരുതു്. മുഴുവനും ഇതിൽ വിവരിച്ചിട്ടില്ലന്നേയുള്ളു. പാപം ഏറ്റുപറയുക, അന്യോന്യം നിരക്കുക, സ്തോത്രം കഴിക്കുക, അപ്പം മുറിക്ക, എന്നിവയത്രെ എഴുത്തുകാരന്റെ മനസ്സിൽ മുന്നിട്ടു നിൽക്കുന്നതു്.

തിരുവത്താഴ ശുശ്രൂഷയെക്കുറിച്ചു് ഒൻപതും പത്തും അദ്ധ്യായങ്ങളിൽ ഗ്രന്ഥകർത്താവു പൂർണ്ണമായി പറയുന്നു. ഇവിടെ കാണുന്ന സ്തോത്രാർപ്പണം പ്രതിദിനഭക്ഷണത്തിൽ യഹൂദന്മാർ ദൈവത്തെ വാഴ്ത്തിവന്നതിന്റെ രൂപം തന്നെയാണു്. ''അപ്പൊസ്തലിക നിയമങ്ങൾ'' എന്ന കൃതിയിൽ ''നിന്റെ ദാസനായ ദാവീദിന്റെ വിശുദ്ധ മുന്തിരിവള്ളി'' എന്നുള്ള ഭാഷ

വിട്ടുകളഞ്ഞിരിക്കുന്നു. ജസ്റ്റിൻ മാർട്ടറിന്റെ എഴുത്തുകളിൽ കാണുന്നതു പോലെ അപ്പൊസ്തലന്മാർക്കു മാത്രം അതായതു് വിശ്വസിക്കുന്നവരും വിശുദ്ധന്മാരും ആയുള്ളവർക്കുമാത്രം കൊടുക്കുന്നതായി ഇതിലുമുണ്ടു്. പത്താമത്തെ അദ്ധ്യായം, 'നിങ്ങൾക്കു നിറഞ്ഞശേഷം' എന്ന വാക്കുകളോടുകൂടിയാണു് ആരംഭിക്കുന്നതു്. ഇതു് അപ്പൊസ്തലകാലത്തെപ്പോലെ സ്നേഹവിരുന്നിന്റെ പിന്നാലെയാണു തിരുവത്താഴം എന്നു കാണിക്കുന്നു. ഈ രണ്ടും രണ്ടായി തിരിഞ്ഞശേഷം ശ്രുപവൽകരിച്ച ''അപ്പൊസ്തലിക നിയമങ്ങളിൽ ഈ വാചകം മാറ്റി, ''പങ്കുകൊണ്ടശേഷം'' എന്ന വാക്കാണു വച്ചിട്ടുള്ളതു്.

ഏഴാമദ്ധ്യായം സ്നാനത്തെപ്പറ്റിയാണു്. ഈ കർമ്മത്തിനു മുൻപായി ഉപവാസവും പഠിപ്പിക്കലും ഉണ്ടെന്നു ജസ്റ്റിനെപ്പോലെ ഈ എഴുത്തുകാരനും പറയുന്നു. എന്നാൽ സ്നാനത്തിങ്കലുള്ള വീണ്ടും ജനനത്തെക്കുറിച്ചു് ഒന്നും പറയുന്നില്ല. സ്നാനമാകട്ടെ തിരുവത്താഴമാകട്ടെ ഒരു പട്ടക്കാരന്റെ കൈകളാൽ അനുഷ്ഠിക്കപ്പെടുന്നതായി ഒരു സൂചനയും ഡിഡാഖിയിലില്ല. ശിശുസ്നാനത്തെക്കുറിച്ചും യാതൊന്നും കാണുന്നില്ല. വെള്ളം സ്നാനാർത്ഥിയുടെ തലമേൽ പകരുന്നതു് ഗത്യന്തരമില്ലാത്ത ഘട്ടങ്ങളിൽ മാത്രമാണു്. സ്നാനത്തിനു മുൻപുള്ള ഉപവാസവും, സ്നാനാർത്ഥിയുടെ തലമേൽ വെള്ളമൊഴിക്കലും ഡിഡാഖിയുടെ കാലത്തു് അപ്പൊസ്തലരീതിയിൽനിന്നു സ്നാനസംബന്ധമായി ഉണ്ടായ്വന്ന പരിവർത്തനമാകുന്നു. എങ്കിലും തളിപ്പാകട്ടെ, ശിശുസ്നാനമാകട്ടെ ഈ പ്രബന്ധം രചിക്കപ്പെട്ട കാലത്തു കണികാണ്മാൻ പോലും ഇല്ലായിരുന്നു.

സഭാശുശ്രൂഷയെക്കുറിച്ചു പറഞ്ഞിരിക്കുന്ന അദ്ധ്യായങ്ങൾ (11, 12, 13, 15) വളരെ സാരവത്തുകളാണു്. കൊരിന്ത്യരുടെ ഒന്നാം ലേഖനത്തിലും എഫെസ്യലേഖനത്തിലും കാണുന്ന ആദിമസ്ഥിതി ഇപ്പോഴും വിട്ടുപോയിരുന്നില്ല എന്നു് ഈ അദ്ധ്യായങ്ങൾ തെളിയിക്കുന്നു. ഡോക്ടർ ലൈറ്റ്ഫൂട്ടിന്റെ വാക്കുകൾ ഇവിടെ ഉദ്ധരിക്കാം. ''സഞ്ചാരികളും സ്ഥലത്തു താമസിക്കുന്നവരുമായ രണ്ടു തരം ശുശ്രൂഷകന്മാർ ഉണ്ടെന്നു് ഈ ഭാഗത്തുനിന്നു നമുക്കു മനസ്സിലാകുന്നു. സഞ്ചാരികളുടെ കൂട്ടത്തിൽ മുഖ്യമായി അപ്പൊസ്തലന്മാരും പ്രവാചകന്മാരും ആണു് ഉൾപ്പെടുന്നതു്. അവരുടെ ഉദ്യോഗപരിധി പരസ്പരം കയറിക്കിടക്കുന്നതിനാൽ ഇരുപാട്ടുകാർക്കും മദ്ധ്യേ ഒരു വരവരയ്പാൻ എളുപ്പമല്ല.'' (From a paper read at the Church Congress 1884) സ്ഥലം ശുശ്രൂഷകന്മാരിൽ അദ്ധ്യക്ഷന്മാർ, ഡീക്കന്മാർ എന്നിവർ ഉൾപ്പെട്ടിരുന്നു. ഇങ്ങനെയത്രെ ബിഷപ്പു് എന്നും മൂപ്പൻ എന്നും ഉള്ള പേരുകളും പര്യായങ്ങളായിരുന്നു എന്നുള്ള സത്യം ദൃഷ്ടാന്തപ്പെടുന്നതു്. ബിഷപ്പന്മാർ ശുശ്രൂഷകന്മാർ, എന്നതിനു പകരം, 'അപ്പൊസ്തലിക നിയമങ്ങ'ളിൽ ഈ ഉപദേശസംഹിതയോടു യോജിച്ചുവരുന്ന വാക്യത്തിൽ, ബിഷപ്പന്മാർ പ്രസ്ബിറ്റർന്മാർ ശുശ്രൂഷകന്മാർ എന്നിങ്ങനെ മൂന്നു പേരുകളാണു് വരുന്നതു്. ഇതിൽ നിന്നു മനസ്സിലാക്കാവുന്നതു മേൽ കാണിച്ച രണ്ടു് ഉദ്യോഗങ്ങളും രണ്ടു രേഖകൾക്കും മദ്ധ്യേയുള്ള കാലംകൊണ്ടു മൂന്നായി പിരിഞ്ഞു എന്നതത്രെ. വേലക്കാരൻ തന്റെ ആഹാരത്തിനു യോഗ്യനാകുന്നുവെന്നുള്ള പ്രമാണം മാത്രം പിടിച്ചുകൊണ്ടു സഞ്ചരിച്ച ശുശ്രൂഷകന്മാർ സുവിശേഷം പ്രസംഗിച്ചുകൊണ്ടിരുന്നു. ഉപദേശസംഹിതയിലെ ഒരു ഭാഗം ഇങ്ങനെയാണു്: ''അപ്പൊസ്തലൻ പണം ചോദിച്ചാൽ അവൻ ഒരു കള്ളപ്രവാചകനാകുന്നു.'' സ്ഥിരതാമസക്കാരും ആത്മീയ വിളിക്കു തങ്ങളെ നിശ്ശേഷം വേർതിരിച്ചുവച്ചിട്ടുള്ളവരുമായ ഉപദേഷ്ടാക്കന്മാരിൽ ചിലർ സഭയുടെ വഴിപാടുകൊണ്ടും വയൽ, മുന്തിരിത്തോട്ടം, ഒലിവുതോട്ടം ഇവയിലെ ആദ്യഫലങ്ങൾകൊണ്ടും

പോററപ്പെട്ട. പണം, വസ്ത്രം, മറ്റു് ആവശ്യങ്ങളം ഇവയും ഇവർക്ക കൊട്ക്കാതിരുന്നില്ല. വേറ ചിലർ, സ്വന്ത അദ്ധ്വാനത്താൽ നിത്യവൃത്തി കഴിച്ചു. (അദ്ധ്യായം 12) 15—ാം അദ്ധ്യായത്തിൽ അദ്ധ്യക്ഷന്മാരും ശുശ്രൂഷകന്മാരും സഭയാൽ തിരഞ്ഞെട്ക്കപ്പെടണം എന്നു പറഞ്ഞിട്ടുള്ള ഭാഗം ശ്രദ്ധേയം തന്നെ. മുൻപു പ്രവാചകന്മാർക്കും ഉപദേഷ്ടാക്കന്മാർക്കും കൊടുത്തിരുന്ന അതേ ബഹുമാനംതന്നെ അവർക്കും നൽകണമെന്നു് എഴുത്തുകാരൻ സഭാംഗങ്ങളെ പ്രബോധിപ്പിക്കുന്നതായിക്കാണുന്നു. ഈ ഖ്യാപനം നിശ്ചയമായി സഭയുടെ ആയുസ്സിൽ വളരെ മുൻപുള്ള കാലയളവിനെ കാണിച്ചു തരുന്നു. സഭോദ്യോഗസ്ഥന്മാരുടെ ബാഹ്യമായ സംരക്ഷണത്തെക്കുറിച്ചു യാതൊന്നും ഇവിടെ പറഞ്ഞിട്ടില്ല. അവർ സ്വന്ത ആവശ്യങ്ങൾക്കു വേണ്ടതു സമ്പാദിച്ചു കൊള്ളുകയൊ അല്ലാത്തപക്ഷം, പ്രവാചകന്മാരെപ്പോലെ സഭയുടെ സ്വമേധാദാനങ്ങളം കൈപ്പറ്റുകയോ ചെയ്യുവന്നു. ബിഷപ്പിനെ മഹാപുരോഹിതനായി രൂപണം ചെയ്യുന്ന എത്രയും പുരാതന എഴുത്തുകാരൻ തെത്തുല്യനാണെന്നാണു് അടുത്തകാലംവരെ അഭിപ്രായപ്പെട്ടിരുന്നതു്. എങ്കിലും ഇവിടെ പേരുകളെ തെററായി പ്രയോഗിക്കുന്നതിന്റെ വളരെ പുരാതനമായ ദൃഷ്ടാന്തമുണ്ടു്. സുവിശേഷത്തിന്റെ ആത്മാവിനാൽ മുഴുവൻ പ്രകാശിപ്പിക്കപ്പെടാത്ത യഹൂദ ക്രിസ്ത്യാനികളം അവരുടെ പഴയ ഭരണകർത്താവിന്റെ നേരെ കാണിച്ചുവന്ന ഭയക്കേതിയും അയാളം ഏതു നാമത്താൽ അറിയപ്പെട്ടിരുന്നുവൊ ആ നാമവും ആട്ടിൻകൂട്ടത്തിന്റെ പുതിയ ഇടയനും കൈമാററം ചെയ്യപോകാമെന്നുള്ളതു സ്വാഭാവികമാണല്ലൊ. പ്രസ്തുത കൃതിയുടെ ലേഖകൻ, ഡോക്ടർ ലൈററ്ഫുട്ടു് അഭിപ്രായപ്പെടുന്നതുപോലെ, പക്ഷെ, അലക്സന്ത്രിയൻ സഭയോടു ചേർന്ന ഒരു യഹൂദ ക്രിസ്ത്യാനിയായിരിക്കാം എന്നുള്ളതു് ഈ അഭ്യൂഹത്തിനു് ഒരു ഉപോൽബലകമാകുന്നു.

ഉപദേശസംഹിത, ജീവന്റെയും മരണത്തിന്റെയും വഴികളെക്കുറിച്ചുള്ള പ്രസ്താവനയോടുകൂടിയതു തുടങ്ങുന്നതു്. ഈ ഭാഗത്തു് ഇക്കൃതിക്ക ബർന്നബാസിന്റെ ലേഖനത്തിന്റെ രണ്ടാം ഭാഗത്തോടു വളരെ യോജിപ്പുണ്ടു്. (ബന്നബാസിന്റെ ലേഖനം പതിനെട്ടു മുതൽ ഇരുപതു വരെയുള്ള അദ്ധ്യായങ്ങളം നോക്കുക.) ഈ സാമ്യം വരുവാനുള്ള കാരണം ബന്നബാസ് പ്രസ്തുത കൃതിയിൽനിന്നു കടം വാങ്ങിയതുകൊണ്ടാണെന്നു ചില നിരൂപകന്മാരും ബന്നബാസിനോടു ഡിഡാഖിയുടെ കർത്താവു കടം വാങ്ങിയതുകൊണ്ടാണെന്നു മറു ചില നിരൂപകന്മാരും വിചാരിക്കുന്നു. ഡോക്ടർ ലൈററ് ഫുട്ടിന്റെ അഭിപ്രായം, മൂന്നാമതൊരു വിധത്തിലാണു്. അതായതു്, രണ്ടു ഗ്രന്ഥകാരന്മാരും പരസ്പരം കടം വാങ്ങിയിട്ടില്ല. പിന്നെയോ, വേറൊരു പുസ്തകത്തിൽനിന്നു് അഥവാ ഗ്രന്ഥകർത്താവിൽനിന്നു് ഈ ആശയം അവർ ഇരുവരും സമ്പാദിച്ചിരിക്കണം എന്നാണു്. ഈ രണ്ടു കൃതികർത്താക്കളും പരസ്പരബന്ധമുള്ളതായി യുസീബിയസ് പറഞ്ഞിരിക്കുന്നു. ഇക്കൃതികർത്താവും രണ്ടും അപൂർണ്ണവും പക്ഷെ മുമ്പുതന്നെ ദൃഷ്ടിച്ചുപോയിട്ടുള്ള പ്രബന്ധങ്ങളുമാണെന്നു നോക്കുന്നവർക്കു കാണാം. ഈ ഗ്രന്ഥങ്ങൾ വഴി ആദിമശിഷ്യന്മാരിൽ ചിലർ, ഒന്നോ, രണ്ടോ തലമുറകളിലായി വാമൊഴിയായി വന്നവയും വല്ല അപ്പൊസ്തലന്മാരിൽ നിന്നൊ അവരുടെ സമകാലികന്മാരിൽനിന്നോ നിശ്ചയിച്ചിട്ടുള്ളവയുമായ ഉപദേശങ്ങളുടെ സാരം രേഖപ്പെടുത്തി വയ്ക്കുവാൻ ശ്രമിച്ചിട്ടുള്ളതാണിവ. മാശ്ത്തിന്റെ ലളിതമായ ആത്മികസ്വരം ഇതിലെ അനേക വാക്യങ്ങളിൽ തെളിഞ്ഞു കാണുന്നുണ്ടു്. ദൃഷ്ടാന്തമായി ഉപദേഷ്ടാക്കന്മാരെ ബഹുമാനിക്കുന്നതിനുള്ള ന്യായവും അവരുടെ പരമാർത്ഥതയ്ക്കുള്ള പരിശോധനയും സഭയിൽനിന്നു് അവർക്കു നൽകപ്പെട്ട അധികാരമൊ നിയമനമൊ അല്ല, നേരെമറിച്ചു് അവർ ദൈവവചനത്തെ അറിയിക്കുന്നു'' (അദ്ധ്യായം 4, 11) എന്നുള്ളതത്രെ. കൂടാതെ കർത്തൃശുശ്രൂഷയ്ക്കുള്ള വിളി,

പരിശുദ്ധാത്മാവു്, ഒരുക്കീട്ടുള്ളവർക്കത്രെ വരുന്നതു്. (അദ്ധ്യായം 4) ഇത്യാദി കാണുക.

ഡിഡാഖിയെ സംബന്ധിക്കുന്ന മറ്റു പ്രശ്നങ്ങളും, അതിലെ വേദശാസ്ത്രം, പുതിയനിയമത്തിൽനിന്നുള്ള ഉദ്ധരണങ്ങളുടെ ഭേദാഭേദങ്ങളും എന്നിവയെ അധികരിച്ചുള്ളതത്രെ. വായനക്കാരന്റെ ചിന്താഗതിക്കായി അവ വിടുന്നു. രസാവഹമായ ഈ രേഖ ഷോന്തരീകരിച്ചു് അടിയിൽ ചേർത്തുകൊള്ളുന്നു.

പന്ത്രണ്ടു് അപ്പൊസ്തലന്മാർ മുഖാന്തിരം ജാതികൾക്കുള്ള കർത്താവിന്റെ ഉപദേശം

അദ്ധ്യായം 1. രണ്ടു വഴികളാ ഉണ്ടു്. ഒന്നു ജീവന്റെ വഴിയും മറ്റതു മരണത്തിന്റെ വഴിയും. രണ്ടു വഴികളും തമ്മിൽ വലിയ വ്യത്യാസമുണ്ടു്. അവയിൽ ജീവന്റെ വഴി ഇതത്രെ: ഒന്നാമതു നിന്നെ നിർമ്മിച്ച ദൈവത്തെ നീ സ്നേഹിക്കണം. നിന്നെപ്പോലെതന്നെ നിന്റെ അയൽക്കാരനെ സ്നേഹിക്കണം. നിന്റെ നേരെ ചെയ്യപ്പെടുവാൻ നിനക്കു മനസ്സില്ലാത്ത യാതൊന്നും മറ്റൊരുത്തന്റെ നേരെ ചെയ്യരുതു്. ഇതാകുന്നു ഉപദേശം: നിങ്ങളെ ശപിക്കുന്നവരെ അനുഗ്രഹിപ്പിൻ. നിങ്ങളുടെ ശത്രുക്കൾക്കായി പ്രാർത്ഥിപ്പിൻ. നിങ്ങളെ ഉപദ്രവിക്കുന്നവർക്കുവേണ്ടി ഉപവസിപ്പിൻ. നിങ്ങളെ സ്നേഹിക്കുന്നവരെ നിങ്ങളും സ്നേഹിച്ചാൽ അതിനെന്തുള്ള? പുറജാതികളും അങ്ങനെ ചെയ്യുന്നില്ലയോ? എന്നാൽ നിങ്ങളെ പകയ്ക്കുന്നവരെ നിങ്ങളും സ്നേഹിപ്പിൻ. അങ്ങനെ ചെയ്താൻ നിങ്ങൾക്കു ശത്രുക്കളുണ്ടാകയില്ല. ജഡികവും ലൗകിക്വുമായ ഇച്ഛകളിൽനിന്നു് ഒഴിഞ്ഞിരിക്കാം. ഒരുവൻ നിന്റെ വലത്തു കവിളിനു് അടിച്ചാൽ അവനു മറേറതുകൂടി കാണിക്ക. അങ്ങനെ ചെയ്താൽ നീ പൂർണ്ണനാകും. ആരെങ്കിലും ഒരു മൈൽ പോകുവാൻ നിർബന്ധിച്ചാൽ രണ്ടു മൈൽ പോക. ഒരുവൻ നിന്റെ വസ്ത്രം എടുത്തുകൊണ്ടു പോകുന്നുവെങ്കിൽ നിന്റെ പുറംകുപ്പായംകൂടി വിട്ടുകൊടുക്ക. നിന്റെ വക ആരെങ്കിലും എടുത്തുകൊണ്ടാൽ തിരികെ ചോദിക്കരുതു്. കാരണം നിനക്കു് അതു കഴികയില്ല. നിന്നോടു ചോദിക്കുന്നവനെല്ലാവനും കൊടുക്ക. തിരികെ ചോദിക്കരുതു്. കാരണം, തന്റെ കൃപാദാനങ്ങളിൽനിന്നു നാം എല്ലാവരും കൊടുക്കണമെന്നുള്ളതാണു പിതാവിന്റെ ഇഷ്ടം. കല്പനപ്രകാരം കൊടുക്കുന്നവൻ അനുഗ്രഹിക്കപ്പെട്ടവൻ. കാരണം, അവൻ നിഷ്കളങ്കൻ. വാങ്ങുന്നവനു കഷ്ടം. ആർക്കെങ്കിലും ആവശ്യമുണ്ടായി വാങ്ങുന്നുവെങ്കിൽ അവൻ നിർദ്ദോഷി. എന്നാൽ അവനു് ആവശ്യമില്ലായിരുന്നുവെങ്കിൽ അവൻ വാങ്ങിയതെന്തിനെന്നും എന്തുദ്ദേശത്തോടുകൂടി എന്നും ദൈവസന്നിധിയിൽ കണക്കു ബോധിപ്പിക്കേണ്ടിവരും. കൂടാതെ അവൻ ബന്ധനാലയത്തിൽ ഇടപ്പെട്ടു് അവന്റെ പ്രവൃത്തികളും പരിശോധിക്കപ്പെടും; ഒട്ടക്കത്തെ കാത്തു കൊടുത്തു തീരുവോളം അവൻ അവിടെനിന്നു പുറപ്പെട്ടു പോരികയില്ല. എന്നാൽ നീ കൊടുക്കുന്നതു് ആർക്കാണെന്നു് അറിയുന്നതുവരെ നിന്റെ ഭിക്ഷ നിന്റെ കൈകളിലേക്കുതന്നെ വീഴട്ടെ എന്നു പറഞ്ഞിട്ടുള്ളതു് ഇതിനെ സംബന്ധിച്ചത്രെ.

അദ്ധ്യായം 2. ഉപദേശത്തിന്റെ രണ്ടാം കല്പന ഇതാണു്: നീ കൊല്ലരുതു്. നീ വ്യഭിചരിക്കരുതു്. നീ കുട്ടികളെ ദ്രഷിപ്പിക്കരുതു്. നീ വേശ്യാവൃത്തി അനുഷ്ഠിക്കരുതു്. നീ മോഷ്ടിക്കരുതു്. നീ മന്ത്രവാദമോ ആഭിചാരമോ ചെയ്യരുതു്. നീ ഗർഭം ഛിദ്രിപ്പിക്കരുതു്. ശിശുഹത്യ ചെയ്യരുതു്. നിന്റെ അയൽക്കാരനുള്ളതൊന്നും ആഗ്രഹിക്കരുതു്. നീ നിന്നെ

ക്കൊണ്ടതന്നെ ആണയിടരുതു്. കള്ളസ്സാക്ഷി പറയരുതു്. ദോഷം സംസാരിക്കരുതു്. ദ്രോഹം ചെയ്യരുതു്, ഇരുമനസ്സുള്ളവനും ഇരുനാവുകാരനും ആയിരിക്കരുതു്. കാരണം ഇരുനാവു മരണത്തിൽ വീഴിക്കുന്ന കണിയാകുന്നു. നിന്റെ സംസാരം കള്ളമോ, വ്യർത്ഥമോ ആകരുതു്. പിന്നെയോ, പ്രവൃത്തികൊണ്ടു നിറഞ്ഞിരിക്കണം. നീ ദ്രവ്യാഗ്രഹിയോ, പിടിച്ചുപറിക്കാരനോ, കപടഭക്തനോ, ദ്രോഹിയോ, അഹങ്കാരിയോ ആയിരിക്കരുതു്. നീ നിന്റെ അയൽക്കാരനു വിരോധമായി ദോഷം ആലോചിക്കരുതു്. നീ ഒരുത്തനേയും പകയ്ക്കരുതു്. എന്നാൽ ചിലരെ നീ ശാസിക്കണം. ചിലർക്കു വേണ്ടി പ്രാർത്ഥിക്കണം ചിലരെ നിന്റെ ആത്മാവിനെക്കാൾ അധികമായി സ്നേഹിക്കണം.

അദ്ധ്യായം 3. എന്റെ മകനേ! സകല ദോഷത്തിൽനിന്നും ദോഷത്തിന്റെ ഛായയിൽനിന്നും ഓടിപ്പോക; കോപത്തിനു് അടിമപ്പെടരുതു്. കാരണം, അതു കലപാതകത്തിലേക്കു നടത്തുന്നു. എരിവുകാരനൊ വഴക്കാളിക്കാരനൊ വികാരാധീനനൊ ആയിരിക്കരുതു്. കാരണം ഇവയെല്ലാറ്റിൽനിന്നും അത്രേ കലപാതകികൾ ഉല്പന്നരാകുന്നതു്. എന്റെ മകനേ! ദുഷ്ടാമിയാകരുതു്. കാരണം ദുഷ്ടാമം വേശ്യാവൃത്തിയിലേക്കു നടത്തുന്നു. അശുദ്ധവാക്കു സംസാരിക്കുന്നവനാകരുതു്. ഗർവ്വദൃഷ്ടിയുമരുതു്. കാരണം, ഇവയിലെല്ലാറ്റിൽനിന്നും വ്യഭിചാരം ഉത്ഭവിക്കുന്നു. നീ ശകുനവാദിയായിരിക്കരുതു്. അതു വിഗ്രഹാരാധനയിലേക്കു നടത്തുന്നു. ആഭിചാരിയൊ പ്രശ്നക്കാരനൊ പരിഹാരകർമ്മിയൊ ആകരുതു്. ഈ പ്രവൃത്തികളെ കാണുകപോലും അരുതു്. കാരണം, ഇവയെല്ലാറ്റിൽനിന്നും വിഗ്രഹാരാധന ഉത്ഭവിക്കുന്നു. എന്റെ മകനേ! നീ വ്യാജവാദിയാകരുതു്. കാരണം, വ്യാജം മോഷണത്തിലേക്കു നടത്തുന്നു. പണാസ്നേഹിയൊ വൃഥാപൊങ്ങച്ചക്കാരനൊ ആകരുതു്. കാരണം, ഇവയെല്ലാറ്റിൽനിന്നും മോഷണം ഉത്ഭവിക്കുന്നു. എന്റെ മകനേ! പിറുപിറുപ്പുകാരൻ ആകരുതു്. കാരണം, അതു ദൈവദൂഷണത്തിലേക്കു നടത്തുന്നു. തന്നിഷ്ടക്കാരനൊ ഉൾമ്മനസ്സുകാരനൊ ആകരുതു്. കാരണം ഇവയെല്ലാറ്റിൽനിന്നും ദൈവദൂഷണം ഉത്ഭവിക്കുന്നു. എന്നാൽ സൗമ്യനായിരിക്ക, എന്തെന്നാൽ സൗമ്യതയുള്ളവർ ഭൂമിയെ അവകാശപ്പെടുത്തും. നീ ദീർഘസഹിഷ്ണുവും, ദയയുള്ളവനും, നിർദ്ദോഷിയും, ശാന്തനും, നല്ലവനും, കേൾക്കുന്ന വചനങ്ങളിൽ തുടരെ വിറയ്ക്കുന്നവനുമായിരിക്ക. നീ നിന്നെത്തന്നെ ഉയർത്തരുതു്. നിന്റെ ആത്മാവിൽ ധാർഷ്ട്യം ഉണ്ടാകരുതു്. നിന്റെ ആത്മാവു് ഉയർന്നവരോടു് (ഉയർന്നവരോടു്) ചേരരുതു്. പിന്നയോ, നിന്റെ സംസർഗ്ഗം നീതിമാന്മാരോടും താഴ്മയുള്ളവരോടും, എളിയവരോടും ആയിരിക്കട്ടെ. ദൈവത്തെക്കൂടാതെ ഒന്നും സംഭവിക്കുന്നില്ലെന്നു് അറിഞ്ഞുകൊണ്ടു നിനക്കു സംഭവിക്കുന്നതെല്ലാം നല്ലതായി സ്വീകരിച്ചുകൊൾക.

അദ്ധ്യായം 4. എന്റെ മകനേ! നിനക്കു ദൈവവചനം പറഞ്ഞുതരുന്നവനെ രാവും പകലും ഓർത്തുകൊള്ളുക. കർത്താവിനെ എന്നപോലെ അവനെ ബഹുമാനിക്ക. എവിടെ കർത്താവിനെ സംബന്ധിച്ചുള്ള കാര്യങ്ങളാണു പറയുമോ അവിടെ കർത്താവുണ്ടു്. കൂടാതെ, നീ ശുദ്ധിമാന്മാരുടെ വാക്കുകളാൽ ആശ്വസിപ്പിക്കപ്പെടേണ്ടതിനു ദിനംപ്രതി അവരുടെ മുഖങ്ങളെ അന്വേഷിക്കണം. നീ പിണക്കു് (പിരിച്ചിൽ) ഉണ്ടാക്കാൻ ആഗ്രഹിക്കരുതു്. നേരെമറിച്ചു്, ശണ്ഠകൂട്ടുന്നവരുടെ മദ്ധ്യേ സമാധാനം ഉണ്ടാക്കണം. നീ നീതിയായി വിധിക്കണം. കുറ്റബോധം വരുത്തുന്നതിൽ നീ മുഖപക്ഷം കാണിക്കരുതു്. അതു് അങ്ങിനെയാണെന്നോ അല്ലെന്നോ നീ സംശയിക്കരുതു്. നീ വാങ്ങിപ്പാൻ കൈ നീട്ടുകയും കൊടുപ്പാൻ കൈ വലിച്ചുകളകയും ചെയ്യുന്ന ഒരുവനാകരുതു്. നിനക്കു വല്ലതും ഉണ്ടെങ്കിൽ നിന്റെ പാപ

ങ്ങൾക്കു നിന്റെ കയ്യിൽനിന്നു് ഒരു പ്രായശ്ചിത്തം കൊടുത്തുകൊള്ളുക. കൊടുപ്പാൻ നീ സംശയിക്കരുതു്. കൊടുക്കുമ്പോൾ നീ പിറുപിറുക്കയുമരുതു്. കാരണം, നിനക്കു ധാരാളമായി നൽകുന്നവൻ ആരെന്നു നീ അറിയുന്നു. ബുദ്ധിമുട്ടുകാരിൽനിന്നു് ഒഴിഞ്ഞുകളയരുതു്. നിന്റെ സഹോദരനോടുകൂടി നിനക്കുള്ളതിനെ എല്ലാം പങ്കിടുക. അവ നിനക്കു സ്വന്തമാണെന്നു നീ പറയരുതു്. കാരണം, നശിച്ചുപോകാത്തതിൽ നിങ്ങൾ പങ്കുകാരാണെങ്കിൽ നശിച്ചുപോകുന്നവയിൽ എത്രയധികം! നിന്റെ പുത്രനിൽനിന്നോ നിന്റെ പുത്രിയിൽനിന്നോ നിന്റെ കൈ എടുത്തുകളയരുതു്. പിന്നെയോ, ഇളംപ്രായം മുതൽ നീ അവർക്കു ദൈവഭയം ഉപദേശിക്കണം, നിന്നെപ്പോലെ, ദൈവത്തിൽ പ്രത്യാശ വെച്ചിട്ടുള്ള നിന്റെ അടിമയോടൊ, ദാസിയോടൊ കൈപ്പായി കല്പിക്കരുതു്. പക്ഷെ, നിങ്ങൾ ഇരുപാട്ടുകാർക്കും മീതെ സ്ഥിതിചെയ്യുന്ന ദൈവത്തെപ്പറ്റിയുള്ള ഭയം അവർ വിട്ടുകളയാതിരിക്കേണ്ടതിനുതന്നെ. കാരണം, ദൈവത്തിന്റെ വിളി മുഖപക്ഷം പ്രമാണിച്ചല്ല. പ്രത്യുത, പരിശുദ്ധാത്മാവിനാൽ സന്നദ്ധരാക്കപ്പെട്ടവർക്കത്രെ. അടിമകളെ! നിങ്ങൾ അടക്കവും ഭയവുമുള്ളവരായി നിങ്ങളുടെ യജമാനന്മാർക്കു ദൈവത്തിന്റെ പ്രതിമയ്ക്കു് എന്നപോലെ കീഴടങ്ങിയിരിപ്പിൻ. എല്ലാ കപടഭക്തിയേയും കർത്താവിനു പ്രസാദകരമല്ലാത്ത ഏതിനേയും നീ വെറുക്കണം. ഒരു പ്രകാരത്തിലും കർത്താവിന്റെ കല്പനയെ വിട്ടുകളയരുതു്. അതിനോടു് ഒന്നും കൂട്ടാതെയും അതിൽനിന്നു് ഒന്നും കുറയ്ക്കാതെയും നിനക്കു ലഭിച്ചതിനെ നീ കാത്തുകൊള്ളണം. സഭയിൽ നിന്റെ ലംഘനങ്ങളെ നീ ഏറ്റുപറയണം. ദുർമ്മനസ്സാക്ഷിയോടുകൂടി നീ പ്രാർത്ഥിപ്പാൻ പുറപ്പെടരുതു്. ഇതാണു ജീവന്റെ വഴി.

അദ്ധ്യായം 5. മരണത്തിന്റെ വഴി ഇതാകുന്നു: എല്ലാറ്റിലും ഒന്നാമതായി, അതു ദോഷമുള്ളതും ശാപം നിറഞ്ഞതുമാകുന്നു. കുലപാതകം, വ്യഭിചാരം, ദുഷ്കാമം, വേശ്യാവൃത്തി, മോഷണം, വിഗ്രഹാരാധന, മന്ത്രവാദം, മാരണവിദ്യ, കൊള്ള, കള്ളസ്സാക്ഷി, കപടഭക്തി, ഇരുഹൃദയം, വഞ്ചന, ഡംഭം, പക, തന്നിഷ്ടം, ദ്രവ്യാഗ്രഹം, അശുദ്ധസംസാരം, വൈരാഗ്യം, ധിക്കാരം, നിഗളം, വൻപുപറച്ചിൽ, നല്ലവരെ പീഡിപ്പിക്കുന്നവർ, സത്യദ്വേഷികളും, വ്യാജസ്നേഹികളും, നീതിയുടെ പ്രതിഫലത്തെക്കുറിച്ചു യാതൊന്നും അറിയാത്തവർ, നന്മയോടും നീതിയുള്ള വിധിയോടും യോജിക്കാത്തവർ, നന്മയുള്ളതിനുവേണ്ടി ജാഗരണം ഉള്ളവർ, സൗമ്യതയും ക്ഷമയും ഇല്ലാത്തവർ, മായയെ സ്നേഹിക്കുന്നവർ, സാധുക്കളെക്കുറിച്ചു ദയതോന്നാതെ പ്രതിഫലത്തിന്റെ പിന്നാലെ പോകുന്നവർ, ഞെരുങ്ങുന്നവർക്കുവേണ്ടി ക്ലേശിക്കാത്തവർ, തങ്ങളെ സൃഷ്ടിച്ചവനെ അറിയാത്തവർ, ശിശുഹത്യക്കാർ, ദൈവസാദൃശ്യത്തെ വഷളാക്കുന്നവർ, ബുദ്ധിമുട്ടുകാരിൽനിന്നു തിരിഞ്ഞുകളയുന്നവർ, കഷ്ടപ്പെടുന്നവരെ ഉപദ്രവിക്കുന്നവർ, ധനികന്മാരുടെ പക്ഷം പിടിച്ചു പറയുന്നവർ, സാധുക്കൾക്കെതിരായി നീതികെട്ട വിധി പ്രസ്താവിക്കുന്നവർ, സകലതരത്തിലുമുള്ള പാപം ചെയ്യുന്നവർ, എന്റെ കുഞ്ഞുങ്ങളെ! ഇവയെല്ലാറ്റിൽനിന്നും ഇവരെല്ലാവരിൽനിന്നും നിങ്ങളെത്തന്നെ ഒഴിപ്പിൻ.

അദ്ധ്യായം 6. ഉപദേശത്തിന്റെ ഈ വഴിയിൽനിന്നു് ഒരുവനും നിന്നെ തെറ്റിക്കാതിരിപ്പാൻ നോക്കുക. കാരണം, ഇപ്രകാരമുള്ള ഒരുവൻ നിന്നെ ദൈവത്തിൽനിന്നു് അകറ്റുവാൻ ഉപദേശിക്കുന്നു. കർത്താവിന്റെ മുഴുനുകവും വഹിപ്പാൻ നിനക്കു പ്രാപ്തിയുണ്ടെങ്കിൽ നീ പൂർണ്ണനാകും. എന്നാൽ നിനക്കു കഴിവില്ലെങ്കിൽ കഴിയുന്നതു ചെയ്ക. ആഹാരത്തെക്കുറിച്ചൊ, നിനക്കു കിട്ടുന്നതു ഭക്ഷിക്കുക. എന്നാൽ വിഗ്രഹാർപ്പിതത്തിൽനിന്നു വിശിഷ്യ, ഒഴിഞ്ഞിരിക്കുക. കാരണം, അതു ചത്ത ദൈവങ്ങൾക്കുള്ള ഒരു ശുശ്രൂഷയാകുന്നു.

അദ്ധ്യായം 7. ബപ്തിസ്മയെക്കുറിച്ചോ, ഇങ്ങനെ ബപ്തിസ്മ ചെയ്യു: ഈ കാര്യങ്ങളെല്ലാം മുൻകൂട്ടി പഠിപ്പിച്ചിട്ടു്, പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ ഒഴുക്കുവെള്ളത്തിൽ ബപ്തിസ്മ ചെയ്യുക. എന്നാൽ ഒഴുക്കുവെള്ളം ഇല്ലെങ്കിൽ മറ്റുവെള്ളത്തിൽ ബപ്തിസ്മ ചെയ്കു. തണുത്തവെള്ളത്തിൽ ചെയ്വാൻ കഴികയില്ലെങ്കിൽ ചൂടുവെള്ളത്തിൽ ബപ്തിസ്മ ചെയ്കു. തണുപ്പുവെള്ളവും ചൂടുവെള്ളവും കിട്ടുകയില്ലെങ്കിൽ പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ മുന്നു പ്രാവശ്യം തലയിൽ വെള്ളം ഒഴിക്ക. ബപ്തിസ്മയ്ക്കു മുൻപു സ്നാപകനും സ്നാനാർത്ഥിയും അതിനോടുകൂടി കഴിവുള്ള ഏതെങ്കിലും മറ്റാളുകളും ഉപവസിക്കട്ടെ. എന്നാൽ സ്നാനപ്പെടുവാനുള്ളവനോടു സ്നാനത്തിനു മുൻപു ഒന്നോ രണ്ടോ ദിവസം ഉപവസിപ്പാൻ നീ കല്പിക്കണം.

അദ്ധ്യായം 8. നിന്റെ ഉപവാസങ്ങൾ കപടഭക്തിക്കാരോടുകൂടിയാകരുതു്. കാരണം, അവർ ആഴ്ചയുടെ രണ്ടും അഞ്ചും ദിവസങ്ങളിൽ ഉപവസിക്കുന്നു. എന്നാൽ നിങ്ങൾ നാലാം ദിവസവും ഒരുക്കദിവസവും ഉപവസിക്കുക. കപടഭക്തിക്കാരെപ്പോലെ നിങ്ങൾ പ്രാർത്ഥിക്കരുതു്, എന്നാൽ കർത്താവു തന്റെ സുവിശേഷത്തിൽ കല്പിച്ചതുപോലെ നിങ്ങൾ പ്രാർത്ഥിപ്പിൻ; സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ നിന്റെ നാമം പരിശുദ്ധമാക്കപ്പെടേണമേ; നിന്റെ രാജ്യം വരണമേ; നിന്റെ ഇഷ്ടം സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലും ചെയ്യപ്പെടേണമേ; ഞങ്ങളുടെ ദിവസമുള്ള അപ്പം ഇന്നു ഞങ്ങൾക്കു തരണമേ; ഞങ്ങളുടെ കടക്കാരോടു ഞങ്ങൾ ക്ഷമിക്കുന്നതുപോലെ ഞങ്ങളുടെ കടങ്ങളേയും ക്ഷമിക്കേണമേ. പരീക്ഷയിലേക്കു ഞങ്ങളെ പ്രവേശിപ്പിക്കാതെ ദോഷത്തിൽനിന്നു ഞങ്ങളെ വിടുവിക്കേണമേ. എന്തുകൊണ്ടെന്നാൽ ശക്തിയും മഹത്വവും എന്നേക്കും നിനക്കുള്ളതാകുന്നു. ഒരു ദിവസം മൂന്നുപ്രാവശ്യം ഇപ്രകാരം പ്രാർത്ഥിപ്പിൻ.

അദ്ധ്യായം 9. തിരുവത്താഴത്തെ (സ്തോത്രശുശ്രൂഷയെ) സംബന്ധിച്ചോ ഇപ്രകാരം സ്തോത്രം കൊടുപ്പിൻ. ഒന്നാമതു, പാനപാത്രത്തിനു്: ഞങ്ങളുടെ പിതാവേ! നിന്റെ ദാസനായ യേശുമൂലം ഞങ്ങൾക്കു് അറിയിച്ചുതന്ന നിന്റെ ദാസനാകുന്ന ദാവീദിന്റെ വിശുദ്ധമുന്തിരിവള്ളിക്കുവേണ്ടി ഞങ്ങൾ നിന്നെ സ്തുതിക്കുന്നു. മുറിക്കപ്പെട്ട അപ്പത്തിനുവേണ്ടി: 'നിന്റെ ദാസനായ യേശുമുഖാന്തിരം നീ ഞങ്ങൾക്കു് അറിയിച്ചുതന്ന ജീവനും അറിവിനും വേണ്ടി ഞങ്ങളുടെ പിതാവേ! ഞങ്ങൾ നിന്നെ സ്തുതിക്കുന്നു. നിനക്കെന്നേക്കും മഹത്വമുണ്ടാകട്ടെ. ഈ മുറിക്കപ്പെട്ട അപ്പം കുന്നുകളിലുള്ള ധാന്യമണിയായി പർവ്വതങ്ങളുടെമേൽ ചിതറിക്കിടന്നിരുന്നു. അവ ശേഖരിക്കപ്പെട്ടപ്പോൾ ഒന്നായിച്ചേർന്നു. അപ്രകാരം നിന്റെ സഭ ഭൂമിയുടെ അറുതികളിൽനിന്നു നിന്റെ രാജ്യത്തിലേക്കു ശേഖരിക്കപ്പെട്ടുമാറാകട്ടെ. എന്തുകൊണ്ടെന്നാൽ മഹത്വവും ശക്തിയും യേശുക്രിസ്തുമുഖാന്തിരം എന്നേക്കും നിനക്കുള്ളതാകുന്നു.'' എന്നാൽ കർത്താവിന്റെ നാമത്തിലേക്കു സ്നാനപ്പെട്ടവരൊഴികെ ആരും നിങ്ങളുടെ സ്തോത്രശുശ്രൂഷയിൽനിന്നു തിന്നുകയൊ കുടിക്കയൊ ചെയ്വാൻ സമ്മതിക്കരുതു്. ഇതിനെക്കുറിച്ചു, ''വിശുദ്ധമായുള്ളതിനെ നായ്ക്കൾക്കു കൊടുക്കരുതു്.'' എന്നാണു കർത്താവു പറയുന്നതു്.

അദ്ധ്യായം 10. നിങ്ങൾക്കു നിറഞ്ഞ (തൃപ്തിയായ) ശേഷം ഇപ്രകാരം സ്തോത്രം ചെയ്വിൻ. വിശുദ്ധപിതാവേ! ഞങ്ങളുടെ ഹൃദയങ്ങളിൽ നീ സ്ഥിതിചെയ്യുമാറാക്കിയ നിന്റെ വിശുദ്ധനാമത്തിനുവേണ്ടിയും നിന്റെ ദാസനാകുന്ന യേശുമുഖാന്തിരം ഞങ്ങൾക്കു് അറിയിച്ചുതന്ന അറിവിനും വിശ്വാസത്തിനും അമർത്യതയ്ക്കും വേണ്ടിയും ഞങ്ങൾ നിന്നെ സ്തുതിക്കുന്നു, നിനക്കെന്നേക്കും മഹത്വമുണ്ടാകട്ടെ. അല്ലയോ, സർവ്വശക്തനായ

വാക്കുന്ന സർവ്വശക്തനെ! നീ നിന്റെ നാമത്തിനുവേണ്ടി സകലത്തെയും സൃഷ്ടിക്കുകയും മനുഷ്യർ അനുഭവിച്ചു നിന്നെ സ്തുതിപ്പാൻ ആഹാരവും പാനീയവും നീ നൽകുകയും ചെയ്തിരിക്കുന്നു. എന്നാൽ ഞങ്ങൾക്കു നിന്റെ ദാസൻ മുഖാന്തിരം ആത്മിക ഭക്ഷണപാനീയങ്ങളും നിത്യജീവനും നീ അരുളിയിരിക്കുന്നു. എല്ലാറ്റിനും മുൻപേ, നീ ശക്തനാകയാൽ ഞങ്ങൾ നിന്നെ സ്തുതിക്കുന്നു, നിനക്കു് എന്നേക്കും മഹിമ ഉണ്ടാകട്ടെ. അല്പയോ കർത്താവേ, നിന്റെ സഭയെ എല്ലാദോഷങ്ങളിൽനിന്നും നീ വിടുവിക്കയും അവളെ നിന്റെ സ്നേഹത്തിൽ പൂർണ്ണയാക്കുകയും അവൾക്കായി നീ ഒരുക്കീട്ടുള്ള നിന്റെ രാജ്യത്തിനുവേണ്ടി, വിശുദ്ധീകരിക്കപ്പെട്ടവളായ അവളെ നാലു കാറ്റുകളിൽനിന്നും കൂട്ടിച്ചേർക്കയും ചെയ്വാൻ ഓശ്ശന്നമേ. എന്തുകൊണ്ടെന്നാൽ ശക്തിയും മഹത്വവും എന്നേക്കും നിനക്കുള്ളതാകുന്നു. കൃപ വരുമാറാകട്ടെ, ഈ ലോകം ഒഴിഞ്ഞുപോകട്ടെ, ദൈവത്തിന്റെ പുത്രനു ഹോശന്നാ, ഒരുവൻ വിശുദ്ധനെങ്കിൽ അവൻ വരട്ടെ, ഒരുവൻ അശുദ്ധനെങ്കിൽ അവൻ അനുതപിക്കട്ടെ. മാരൻ ആഥാ ആമ്മീൻ, എന്നാൽ പ്രവാചകന്മാർ തങ്ങൾക്കു് ഇഷ്ടപ്പെടുന്നിടത്തോളം സ്തോത്രം ചെയ്വാൻ അനുവദിപ്പിൻ.

അദ്ധ്യായം 11. അതുകൊണ്ടു് ആരെങ്കിലുംവന്നു് ഈ കാര്യങ്ങളെല്ലാം നിങ്ങളെ പഠിപ്പിക്കുന്നെങ്കിൽ അവനെ കൈക്കൊൾവിൻ. എന്നാൽ ഉപദേഷ്ടാവും, താനെ മറിഞ്ഞുപോയിട്ടു്, ഈ ഉപദേശങ്ങളെ നശിപ്പിക്കുവാൻ ഇതരമായ ഉപദേശം പഠിപ്പിക്കുന്നുവെങ്കിൽ അവനു ചെവി കൊടുക്കരുതു്. എന്നാൽ നീതിയും കർത്താവിനെക്കുറിച്ചുള്ള അറിവും വർദ്ധിച്ചു വരുത്തുവെങ്കിൽ അവനെ കർത്താവിനെപ്പോലെ കൈക്കൊൾവിൻ, കൂടാതെ, പ്രവാചകന്മാരെയും അപ്പൊസ്തലന്മാരെയും കുറിച്ചോ സുവിശേഷത്തിന്റെ ഉപദേശപ്രകാരം നിങ്ങൾ ചെയ്വിൻ.

നിങ്ങളുടെ അടുക്കലേക്കുവരുന്ന ഓരോ അപ്പൊസ്തലനേയും കർത്താവിനെപ്പോലെ കൈക്കൊൾവിൻ. അവൻ നിങ്ങളോടുകൂടി ഒരുദിവസത്തിലധികം താമസിക്കരുതു്. അല്പാത്തപക്ഷം, ആവശ്യമുണ്ടെങ്കിൽ രണ്ടാംദിവസംകൂടി താമസിച്ചുകൊള്ളട്ടെ. മൂന്നുദിവസം താമസിക്കുന്നുവെങ്കിൽ അവൻ ഒരു കള്ളപ്രവാചകനാകുന്നു. അപ്പൊസ്തലൻ പുറപ്പെട്ടുപോകുമ്പോൾ അദ്ദേഹം അടുത്ത താമസസ്ഥലത്തു് എത്തുവോളത്തിനു് ആവശ്യമുള്ള അപ്പം അല്ലാതെ എടുക്കരുതു്, പണം ചോദിക്കുന്നുവെങ്കിൽ അവൻ ഒരു കള്ളപ്രവാചകനാകുന്നു. കൂടാതെ, ആത്മാവിൽ സംസാരിക്കുന്ന ഒരു പ്രവാചകനേയും ഉരച്ചുനോക്കരുതു്. കാരണം, എല്ലാ പാപവും ക്ഷമിക്കപ്പെടും എന്നാൽ ഈ പാപം ക്ഷമിക്കപ്പെടുകയില്ല, എന്നാൽ ആത്മാവിൽ സംസാരിക്കുന്ന ഏതൊരുവനും, അവനു കർത്താവിനു യോഗ്യമായ നടത്ത ഉണ്ടെങ്കിലല്ലാതെ ഒരു പ്രവാചകൻ അല്ല. അതുകൊണ്ടു് ഇങ്ങനെയുള്ളവരുടെ നടപടിയിൽ നിന്നുതന്നെ കള്ളപ്രവാചകനും സത്യപ്രവാചകനും അറിയപ്പെടുന്നതു്. മേശ (ഭക്ഷണം) തയ്യാറാക്കുവാൻ ആത്മാവിൽ ആജ്ഞാപിക്കുന്ന പ്രവാചകൻ അതിൽനിന്നു തിന്നരുതു്. തിന്നുന്നപക്ഷം അവൻ ഒരു കള്ളപ്രവാചകനാകുന്നു. ഏതു പ്രവാചകനും, അവൻ സത്യം ഉപദേശിക്കുന്നവനായിരുന്നാലും, അവൻ ഉപദേശിക്കുന്നതു് അവന്റെ പ്രവർത്തിയിൽ വരുത്തുന്നില്ലെങ്കിൽ അവൻ ഒരു കള്ളപ്രവാചകൻതന്നെ. ഭൂമിമേൽ സ്ഥാപിതമായിട്ടുള്ള സഭ ഒരു മർമ്മത്തെ ലക്ഷ്യമാക്കി പ്രവർത്തിക്കുകയും താൻ ചെയ്യുന്നതു് എല്ലാം ചെയ്വാൻ മറ്റുള്ളവരെ പഠിപ്പിക്കാതിരിക്കയും ചെയ്യുന്ന സുസമ്മതനായ യാതൊരു സത്യപ്രവാചകനും നിങ്ങളാൽ വിധിക്കപ്പെടരുതു്. കാരണം; അവന്റെ ന്യായവിധി ദൈവത്തിങ്കലാകുന്നു. പുരാതനപ്രവാചകന്മാരും അങ്ങനെ ചെയ്യുവല്ലൊ. കൂടാതെ ഇനിക്കു പണമോ മറ്റെന്തെങ്കിലുമോ

തരിക എന്നു് ആത്മാവിൽ പറയുന്ന ആരുതന്നെയായിരുന്നാലും അവനു നിങ്ങൾ ചെവി കൊടുക്കരുതു്. എന്നാൽ ബുദ്ധിമുട്ടിൽ ഇരിക്കുന്ന മറ്റുള്ളവർക്കായി കൊടുക്കുവാൻ, അവൻ നിങ്ങളോടു പറയുന്നുവെങ്കിൽ ആരും അവനെ വിധിക്കരുതു്.

അദ്ധ്യായം 12. കർത്താവിന്റെ നാമത്തിൽ വരുന്ന ഓരോരുവനും അംഗീകരിക്കപ്പെടട്ടെ. അതിന്റെശേഷം അവനെ പരിശോധിച്ചറിയണം. കാരണം, നിങ്ങൾക്കു് ഇടവും വലവും തിരിച്ചറിയുവാൻ കഴിയും. ആഗതൻ ഒരു വഴിയാത്രക്കാരൻ ആകുന്നുവെങ്കിൽ നിങ്ങൾക്കു കഴിവുള്ളിടത്തോളം അവനെ സഹായിക്ക. എന്നാൽ ആവശ്യമുണ്ടെങ്കിൽ അല്പാതെ രണ്ടോ മൂന്നോ ദിവസം നിങ്ങളോടുകൂടി താമസിക്കരുതു്. അവൻ കൈത്തൊഴിലുകാരനായിരിക്കെ നിങ്ങളോടുകൂടി താമസിപ്പാൻ ആഗ്രഹിക്കുന്നുവെങ്കിൽ വേല ചെയ്തു് ഉപജീവനം സാധിച്ചുകൊള്ളട്ടെ. എന്നാൽ അവനു കൈത്തൊഴിൽ ഒന്നും അറിഞ്ഞുകൂടെങ്കിൽ മടിയന്മാർ ക്രിസ്ത്യാനികളുടെ ഭാവത്തിൽ നിങ്ങളോടുകൂടി വന്നു പാർക്കാതിരിക്കത്തക്കവണ്ണം നിങ്ങളുടെ ബോധപ്രകാരം അവനു നൽകുവിൻ. ഇതനുസരിച്ചു പോകുവാൻ അവനു മനസ്സില്ലെങ്കിൽ അവൻ ക്രിസ്തുവിനെ വിൽക്കുന്നവനത്രെ. ഇപ്രകാരമുള്ളവരെ സൂക്ഷിച്ചുകൊൾവിൻ.

അദ്ധ്യായം 13. നിങ്ങളുടെ ഇടയിൽ താമസിക്കുന്ന ഓരോ സത്യപ്രവാചകനും തന്റെ ആഹാരത്തിനു് അർഹനാകുന്നു. അതുകൊണ്ടു്, ഒരു സത്യപ്രവാചകനും, ഒരു വേലക്കാരനെപ്പോലെ അവന്റെ ആഹാരത്തിനു യോഗ്യൻ തന്നെ. അതിനാൽ ചക്കിൽനിന്നും മെതിക്കളത്തിൽനിന്നും കാളകളിൽനിന്നും ആടുകളിൽനിന്നും നീ ആദ്യഫലമെടുത്തു് പ്രവാചകന്മാർക്കു കൊടുക്കണം. അവർ നിങ്ങളുടെ പ്രധാന പുരോഹിതന്മാർ ആകുന്നു. നിങ്ങൾക്കു പ്രവാചകനില്ലെങ്കിൽ ദരിദ്രന്മാർക്കു കൊടുക്ക. നീ അപ്പം ഉണ്ടാക്കുന്നുവെങ്കിൽ ആദ്യഫലം എടുത്തു കല്പനപ്രകാരം കൊടുക്ക. നീ വീഞ്ഞോ എണ്ണയോ ഇരിക്കുന്ന ഒരു ഭരണി തുറക്കുമ്പോൾ അവയുടെ ആദ്യഫലം എടുത്തു പ്രവാചകന്മാർക്കു കൊടുക്ക. പണം, വസ്ത്രം, മറ്റുള്ള സാമാനങ്ങൾ എന്നിവയുടെ ആദ്യഫലം എടുത്തു കല്പനപ്രകാരം കൊടുക്ക.

അദ്ധ്യായം 14. ഓരോ കർത്തൃദിവസത്തിലും ഒന്നിച്ചു കൂടുകയും അപ്പം മുറിക്കയും നിങ്ങളുടെ ബലി ശുദ്ധമാകേണ്ടതിനു നിങ്ങളുടെ പാപങ്ങളെ ഏറ്റുപറഞ്ഞശേഷം സ്തോത്രം അർപ്പിക്കയും ചെയ്‌വിൻ. തന്റെ കൂട്ടുകാരനോടു വിരോധമുള്ള ഒരു മനുഷ്യൻ, നിങ്ങളുടെ ബലി അശുദ്ധിപ്പെടാതിരിക്കേണ്ടതിനു്, അവർ തമ്മിൽ യോജിക്കുന്നതുവരെ, നിങ്ങളോടു ചേരുവാൻ അവനെ സമ്മതിക്കരുതു്. കാരണം കർത്താവിനാൽ പറയപ്പെട്ടതു് ഇതാകുന്നു: എല്ലാ സ്ഥലത്തും എല്ലാ കാലത്തും ശുദ്ധമുള്ളോരു ബലി എനിക്കു നൽകുവിൻ. എന്തുകൊണ്ടെന്നാൽ ഞാൻ ഒരു മഹാരാജാവാകുന്നു. എന്റെ നാമം ജാതികളുടെ ഇടയിൽ അത്ഭുതമുള്ളതുതന്നെ എന്നിങ്ങനെ യഹോവ പറയുന്നു.

അദ്ധ്യായം 15. അതുകൊണ്ടു് നിങ്ങൾക്കായി കർത്താവിൽ യോഗ്യതയുള്ള മേൽനോട്ടക്കാരേയും ശുശ്രൂഷകന്മാരെയും തെരിഞ്ഞെടുപ്പിൻ. അവർ ശാന്തന്മാരും, ദ്രവ്യാഗ്രഹമില്ലാത്തവരും സത്യവാന്മാരും, സമ്മതന്മാരും ആയിരിക്കണം. കാരണം അവർ പ്രവാചകന്മാരുടെയും ഉപദേഷ്ടാക്കന്മാരുടെയും ശുശ്രൂഷ നിങ്ങൾക്കു ചെയ്യേണ്ടതിനു തന്നെ. അതുകൊണ്ടു് അവരെ നിന്ദിക്കരുതു്. കാരണം നിങ്ങളുടെ ഇടയിൽ അവർ പ്രവാചകന്മാരും ഉപദേഷ്ടാക്കന്മാരും എന്നപോലെ മാന്യതയുള്ളവരാകുന്നു. അന്യോന്യം ശാസിപ്പിൻ.

കോപത്തിൽ അല്ലാ പിന്നയോ, സുവിശേഷത്തിൽ കാണുന്നതുപോലെ ശാന്തതയിൽ. മറെറാരുത്തനു വിരോധമായി തെറ്റു ചെയ്യുന്ന ഒരുവനോട്ട്, അവൻ അനുതാപപ്പെടുന്നതുവരെ, ഒരുവനും സംസാരിക്കയോ, നിങ്ങളിൽ നിന്നു് ഒരു വാക്കു് അവൻ കേൾക്കയോ അരുതു്. നിങ്ങളുടെ പ്രാർത്ഥനകളും ഭിക്ഷാദാനങ്ങളും നിങ്ങളുടെ സകല പ്രവൃത്തിയും നമ്മുടെ കർത്താവിന്റെ സുവിശേഷത്തിൽ കാണുന്നതുപോലെ ചെയ്വിൻ.

അദ്ധ്യായം 16. നിങ്ങളുടെ ജീവനെക്കുറിച്ചു ജാഗരണം ഉള്ളവരായിരിപ്പിൻ. നിങ്ങളുടെ വിളക്കുകളും കെടുകയോ നിങ്ങളുടെ അരകളും കെട്ടപ്പെടാതെ ഇരിക്കയോ അരുതു്. എന്നാൽ ഒരുങ്ങിയിരിപ്പിൻ. കാരണം, നമ്മുടെ കർത്താവു വരുന്ന മണിക്കൂർ നിങ്ങളും അറിയുന്നില്ല. നിങ്ങളും കൂടെക്കൂടെ ഒന്നിച്ചു കൂടണം. നിങ്ങളുടെ ആത്മാവിനു ഹിതമായ കാര്യങ്ങളെ അന്വേഷിച്ചുകൊണ്ടതന്നെ, എന്തുകൊണ്ടെന്നാൽ, ഒടുവിലത്തെ കാലത്തു നിങ്ങളും പൂർണ്ണരായിക്കാണപ്പെടാതെയിരുന്നാൽ നിങ്ങളുടെ വിശ്വാസത്തിന്റെ മുഴുക്കാലവും നിങ്ങൾക്കു് ഉപകരിക്കയില്ല. കാരണം, അവസാനദിവസങ്ങളിൽ കള്ളപ്രവാചകന്മാരും കെടുമതിക്കാരും വർദ്ധിക്കും. ആടുകളും ചെന്നായ്കളായി മാറും. സ്നേഹം പകയായിത്തീരും. കാരണം, അധർമ്മം വർദ്ധിക്കുമ്പോൾ മനുഷ്യർ അന്യോന്യം പകയ്ക്കയും ഉപദ്രവിക്കയും ഏല്പിച്ചുകൊടുക്കയും ചെയ്യും. അനന്തരം ദൈവത്തിന്റെ പുത്രനെന്ന ഭാവത്തിൽ ലോകവഞ്ചകൻ പ്രത്യക്ഷീഭവിച്ചു് അടയാളങ്ങളെയും അത്ഭുതങ്ങളെയും ചെയ്യും. ഭൂമി അവന്റെ കൈയ്യിൽ ഏല്പിക്കപ്പെട്ടിരിക്കും. കാലമുണ്ടായതുമുതൽ ഒരിക്കലും ചെയ്യപ്പെട്ടിട്ടില്ലാത്ത അധർമ്മക്രിയകളെ അവൻ ചെയ്യും. അപ്പോൾ മനുഷ്യവർഗ്ഗം മുഴുവൻ അഗ്നിപരിശോധനയിൽ പതിക്കയും അനേകർ ഇടറി നശിച്ചു പോകയും ചെയ്യും. എന്നാൽ തങ്ങളുടെ വിശ്വാസത്തിൽ സ്ഥിരപ്പെട്ടനിൽക്കുന്നവർ, ഈ ശാപത്തിൽനിന്നു രക്ഷിക്കപ്പെടും. അപ്പോൾ, സത്യത്തിന്റെ അടയാളങ്ങൾ കാണപ്പെടും. ഒന്നാമതു് ആകാശം (സ്വർഗ്ഗം) തുറന്നിരിക്കുന്ന അടയാളം, അനന്തരം, കാഹളശബ്ദത്തിന്റെ അടയാളവും മൂന്നാമതു മരിച്ചവരുടെ പുനരുത്ഥാനവും ആകുന്നു. എന്നാൽ ഇതു് എല്ലാവരുടെയും പുനരുത്ഥാനം അല്ല, പിന്നെയോ പറയപ്പെട്ടതുപോലെ ''യഹോവയും അവനോടുകൂടെ അവന്റെ എല്ലാ ശുദ്ധിമാന്മാരും വരും.'' അപ്പോൾ ആകാശമേഘങ്ങളിൽ കർത്താവു വരുന്നതിനെ ലോകം കാണും.

തൃതീയ ശതകം

അദ്ധ്യായം ഒന്നു്

അഭിവൃദ്ധികരമായ സംഭവങ്ങൾ

ഈ നൂറ്റാണ്ടിൽ ക്രിസ്ത്യാനികൾ വളരെ പീഡ അനുഭവിച്ചു. എങ്കിലും രാഷ്ട്രീയ പ്രജകൾ എന്ന മുദ്ര കഴിഞ്ഞ കാലത്തുണ്ടായിരുന്നതിനേക്കാൾ അധികം സ്വാതന്ത്ര്യങ്ങളും അവകാശങ്ങളും സിദ്ധിച്ചു. സൈന്യത്തിലും, രാജധാനിയിലും, എല്ലാത്തരം ഉദ്യോഗങ്ങളിലും ക്രിസ്ത്യാനികളെ ധാരാളം കാണ്മാനുണ്ടായിരുന്നു. ചക്രവർത്തികളുടേയും മജിസ്ത്രേത്തന്മാരുടേയും അറിവോടുകൂടിത്തന്നെ ആരാധനയ്ക്കു കൂടുവാൻ പല ഭവനങ്ങളും കിട്ടി. പക്ഷെ, ഈ സ്വാതന്ത്ര്യങ്ങളും ആനുകൂല്യങ്ങളും ക്രമംകൊണ്ടു സമ്പാദിച്ചതാണെന്നുള്ളതു അനുമാനിക്കേണ്ടതുണ്ട്.

കാരക്കല്ലാ (Caracalla) എന്നു മറുപേരുള്ള അന്റോണിനസ് 211—ൽ സിംഹാസനം പ്രാപിച്ചു. അദ്ദേഹത്തിന്റെ വാഴ്ചയുടെ ആറു കൊല്ലങ്ങളും ക്രിസ്ത്യാനികൾക്കു സമാധാനകാലമായിരുന്നു. അദ്ദേഹം അവരെ പീഡിപ്പിച്ചില്ലെന്നു മാത്രമല്ല, മറ്റുള്ളവർ പീഡിപ്പിക്കാൻ സമ്മതിച്ചുമില്ല. ഇദ്ദേഹത്തിന്റെ വളർത്തമ്മ ഒരു ക്രിസ്ത്യാനി ആയിരുന്നെന്നു തെർത്തുല്യൻ പറയുന്നുണ്ടു്. പിന്നീടു വാണ അന്റോണിനസ്സുഹെലിയോഗബാലസ് അസന്മാർഗ്ഗിയായിരുന്നെങ്കിലും ക്രിസ്ത്യാനികൾക്കു ശത്രുവല്ലായിരുന്നു. അദ്ദേഹത്തിന്റെ അനുഗാമിയായ അലക്സാണ്ടർ സെവറസ് ഒരു നല്ല പ്രഭുവായിരുന്നെങ്കിലും ക്രിസ്ത്യാനികൾക്കു വിരോധമായി നിർമ്മിക്കപ്പെട്ടിട്ടുള്ള നിയമങ്ങൾ റദ്ദു ചെയ്യാതെ കിടന്നിരുന്നതിനാൽ അദ്ദേഹത്തിന്റെ വാഴ്ചയിൽ ക്രിസ്ത്യാനികൾ പീഡയും മരണവും സഹിച്ചതായി കാണുന്നുണ്ടു്. എങ്കിലും ജൂലിയാമമ്മിയ എന്നു പേരുള്ള അവന്റെ അമ്മയുടെ സ്വാധീനത്യാൽ അദ്ദേഹം ക്രിസ്ത്യാനികളുടെ നേരെ പല പ്രകാരത്തിൽ ദയ പ്രദർശിച്ചിട്ടുണ്ടു്. നമ്മുടെ രക്ഷിതാവിനെ ഇദ്ദേഹം ആരാധിക്കയും ബഹുമാനിക്കയും ചെയ്തതായി പറയപ്പെടുന്നു. കാരണം, ജൂലിയായ്ക്കു ക്രിസ്തുമതത്തോടു വളരെ ആനുകൂല്യം ഉണ്ടായിരുന്നു. ഒരിക്കൽ പണ്ഡിതനായ ഓറിജനെ കണ്ടു സംഭാഷിക്കേണ്ടതിനായി ജൂലിയാ തന്റെ കോവിലകത്തേക്കു് അയാളെ ക്ഷണിച്ചു. എന്നാൽ ജൂലിയായും അലക്സാണ്ടറും ക്രിസ്തുമതം സ്വീകരിച്ചു എന്ന അഭിപ്രായത്തിനു തക്ക തെളിവു പോരാ. എങ്കിലും, മുൻപുണ്ടായിരുന്നവരെക്കാൾ അധികം ക്രിസ്തുമതത്തിനുനേരെ സഹിഷ്ണുത കാണിക്കണമെന്നു് അദ്ദേഹം തീരുമാനിച്ചതായി വിചാരിക്കാം.

ഗോർഡിയന്റെ കീഴിൽ ക്രിസ്ത്യാനികൾ സമാധാനം അനുഭവിച്ചു. അച്ഛനും മകനുമായ രണ്ടു ഫിലിപ്പന്മാരും, ക്രിസ്ത്യാനികൾ എന്നു മറ്റുള്ളവർ ഊഹിക്കത്തക്കവണ്ണം, ക്രൈസ്തവരോടു സ്നേഹമായി പെരുമാറി. ഇവരുടെ പിന്നാലെ വാണ ഗലിയാനസും, മറ്റു ചിലരും, ക്രിസ്ത്യാനികളോടു വിശേഷിച്ചു ദയ കാണിച്ചില്ലെങ്കിലും, അവരെ ഉപദ്രവിക്കാൻ തുനിഞ്ഞില്ല.

ഇതുപോലെ ആനുകൂല്യങ്ങൾ ലഭിച്ചതുകൊണ്ടു സഭയുടെ അതിന്റെ പൂർവ്വാധികം വിസ്തൃതമായിത്തീർന്നു. മാനുഷികമായ ഈ കാരണത്തോടു

കൂടി സഭയുടെ അഭിവൃദ്ധിക്കു് ആന്തരികമായ ദൈവപ്രവൃത്തിയും ഹേതുവായിട്ടുണ്ടു്. രോഗശാന്തി, ചില അത്ഭുതങ്ങൾ, ക്രിസ്തീയോപദേഷ്ടാക്കന്മാരുടെ വേലയാൽ സാധിച്ചിട്ടുള്ള ആത്മാക്കളുടെ മനഃപരിവർത്തനം ഇവയും സഭയ്ക്കു പോഷകമായിത്തീർന്നു.

ഈ ശതകത്തിൽ തിരുവെഴുത്തുകൾ പല ഭാഷയിൽ തർജ്ജമ ചെയ്യപ്പെട്ടു. ഓറിജന്റെ പരിശ്രമഫലമായി അവയുടെ പ്രതികൾ പലയിടത്തും വ്യാപിച്ചു. ക്രൈസ്തവവിദ്വാന്മാർ വളരെ പുസ്തകങ്ങൾ എഴുതി. പുറജാതികൾ ചേരുന്നതിനുള്ള കാരണങ്ങളിൽ മുഖ്യമായ ഒന്നു്, ക്രിസ്ത്യാനികളുടെ പരോപകാരനിഷ്ഠയായിരുന്നു. സാധുക്കളോടു സഹതപിക്കയും രോഗികളെ ശുശ്രൂഷിക്കയും, അടിമകളെ വീണ്ടെടുക്കയും ചെയ്യുന്നതിൽ ക്രിസ്ത്യാനികൾ ബദ്ധശ്രദ്ധരായിരുന്നു. ശത്രുക്കളെ സ്നേഹിക്കുന്ന ഗുണവും അവരിൽ നഷ്ടപ്പെട്ടുപോയില്ല. അഭിവൃദ്ധിക്കു പ്രേരകങ്ങളായ പല സൽക്കാരങ്ങളുടെ കൂട്ടത്തിൽ, ജഡിക ഹേതുക്കൾ ഒന്നും ഉണ്ടായിട്ടില്ല എന്നു പറയുന്നില്ല. ചുരുക്കമായി അങ്ങിനെയും ഉണ്ടായിരിക്കാം. ഏതു വിധത്തിലായിരുന്നാലും സഭയ്ക്കു വളരെ അഭിവൃദ്ധി ഉണ്ടായി എന്നുള്ളതു നിസ്സംശയം തന്നെ. ഏതെല്ലാം വിധത്തിലാണു്, ആരാലാണു്, ഏതെല്ലാം രാജ്യങ്ങളിലാണു് ഈ അഭിവൃദ്ധി എന്നുള്ളതു് അത്ര സ്പഷ്ടമല്ല. ഓറിജൻ അറബികളിൽ ഒരു വർഗ്ഗക്കാർക്കു ക്രിസ്തുമതം ഉപദേശിക്കയുണ്ടായി. ക്രൂരന്മാരും യുദ്ധപ്രിയന്മാരുമായ ഗോഥർ, ഏതാനും ക്രിസ്തീയോപദേഷ്ടാക്കന്മാരിൽനിന്നു സുവിശേഷം അംഗീകരിച്ചു. വിശുദ്ധ നടപടിയും അഗാധമായ ഭക്തിയും, ഈ ഉപദേഷ്ടാക്കന്മാർക്കുണ്ടായിരുന്നതിനാൽ നിരക്ഷരരക്ഷികളായ ആ ക്രൂരജനങ്ങളുടെ ഇടയിൽ വേണ്ട ബഹുമതി ലഭിച്ചു. തൽഫലമായി അവരിൽ ഒരു വലിയ പങ്കു് ആളുകൾ ക്രിസ്തുമതം അവലംബിക്കയുണ്ടായി.

ഏഷ്യയിലെ ഉപദേഷ്ടാക്കന്മാരാൽ, രണ്ടാം നൂറ്റാണ്ടിൽ സ്ഥാപിതമായ ഫ്രാൻസിലെ ഏതാനും ചെറുസഭകൾ ഈ നൂറ്റാണ്ടിൽ ഡെഷ്യസിന്റെ വാഴ്ച അവസാനിച്ചതോടുകൂടി വലിയ സംഘങ്ങളായിത്തീർന്നു. ഈ ചക്രവർത്തിയുടെ വാഴ്ചകാലത്തു ഡയനീഷ്യസ്, ഗ്രാത്യാൻ, ത്രോഫിമൂസു്, പോൾ, സ്റ്റ്രമോണിയസ്, സറേർണിനസ്, മാർഷ്യൽ എന്ന ഏഴു ഭക്തന്മാർ പോയി വളരെ ഉപദ്രവങ്ങളുടെ മദ്ധ്യേ പരീസു്, റൂഴ്സ്, ആർലസ് മുതലായ സ്ഥലങ്ങളിൽ സഭകൾ സ്ഥാപിച്ചു. അവരുടെ ശിഷ്യന്മാർ ഗോംദേശം (ഫ്രാൻസ്) മുഴുവൻ ക്രൈസ്തവോപദേശം പ്രചരിപ്പിച്ചു. ഇതുപോലെ കൊളോൺ, ട്രീവ്സ്, മെറ്റ്സ് മുതലായ സ്ഥലങ്ങളിലുള്ള ജർമ്മൻ സഭകളുടെ ഉത്ഭവവും ഈ നൂറ്റാണ്ടിൽ തന്നെ. പ്രസ്തുത സഭകളുടെ പിതാക്കന്മാർ എവുക്കാറിയസ്, വലൂറിയസ് മുതലായവരത്രെ. സ്കോട്ടുകളുടെ രാജ്യത്തും ക്രിസ്തുമതപ്രവേശം ഈ നൂറ്റാണ്ടിലാണെന്നാണു തദ്ദേശ്യർ പറയുന്നതു്. ഇതു് അസംഭാവ്യമാണെന്നു തോന്നുന്നില്ല എങ്കിലും, തീർച്ചയായി പറയത്തക്ക സാക്ഷ്യങ്ങൾ ഇല്ല.

അദ്ധ്യായം രണ്ട്

പ്രതികൂലസംഭവങ്ങൾ

മൂന്നാം നൂറ്റാണ്ടിന്റെ പ്രാരംഭത്തിൽ പല റോമൻ പ്രവിശ്യകളിലും ക്രിസ്ത്യാനികളെ പീഡിപ്പിക്കപ്പെട്ടു. എന്നാൽ അവരുടെ കഷ്ടത ഉച്ചനിലയിൽ എത്തിയതു് 203–ാം വർഷത്തിലായിരുന്നു. സെവറസ് ചക്രവർത്തിതങ്ങളുടെ പിതാക്കന്മാരുടെ മതം വിട്ടു യാതൊരുത്തരും ക്രിസ്തുമതത്തിലോ യഹൂദമതത്തിലോ ചേർന്നുകൂടെന്നു് ഒരു നിയമം ഉണ്ടാക്കി. ഈ നിയമത്തിന്റെ പ്രാബല്യത്താൽ ഈജിപ്തിലും ഏഷ്യയുടെയും ആഫ്രിക്കയുടെയും പല ഭാഗങ്ങളിലും അനേകർ ക്രൂരമായി വധിക്കപ്പെട്ടു. ഓറിജന്റെ പിതാവായ ലെയോനിഡസ്സും ഇക്കൂട്ടത്തിൽ കൊല്ലപ്പെട്ടുപോയി. കീർത്തിപ്പെട്ട ആഫ്രിക്കൻ മാന്യസ്ത്രീകളായ പെർപ്പത്വ, ഫെലിസിറ്റസ് എന്നിവരുടെ രക്തസാക്ഷിമരണത്തെക്കുറിച്ചു വിവരമായ അറിവു നമുക്കു കിട്ടിയിട്ടുണ്ടു്. കൂടാതെ ഒരു കന്യകയായ പൊത്താമിനാ മാസില്ല മുതലായ അനേകം സ്ത്രീപുരുഷന്മാരുടെ പേരുകളും ഈ സാക്ഷ്യമരണത്താൽ അത്യാദരണീയങ്ങളായിത്തീർന്നു. പെർപ്പത്വയുടേയും, ഫെലിസിറ്റസിന്റേയും സാക്ഷിമരണവൃത്താന്തം താഴെ വരുംപ്രകാരമാണു്: വടക്കേ ആഫ്രിക്കക്കാരിയായ പെർപ്പെത്വ ഇരുപത്താറു വയസ്സുള്ള ഒരു മഹിളയായിരുന്നു. അവൾക്കു് ഒരു ചെറിയ ശിശുവും ഉണ്ടായിരുന്നു. ഒരു ക്രിസ്ത്യാനി എന്ന മുദ്രയ്ക്കു് അവളെ പിടിച്ചു തടവിലാക്കി. അവളുടെ അച്ഛൻ അവളെ ചെന്നു കണ്ടു് ക്രിസ്തുമതം ഉപേക്ഷിച്ചു രക്ഷപെടുവാൻ നിർബന്ധിച്ചു. എങ്കിലും അവൾ അതു നിരസിച്ചുകളഞ്ഞു. ഈ നിരാസം നിമിത്തം അയാൾ ദുഃഖിതനായി. പിന്നെ കുറെ ദിവസങ്ങൾക്കു അവളെ കാണ്മാൻ പോയില്ല. ഇതിനിടയ്ക്കു് അവളും തടവിൽ കിടന്ന മറ്റു ചിലരും സ്നാനപ്പെട്ടു.

പ്രോകോൺസുലരായ മിനുഷ്യസ്സിന്റെ മുൻപിൽ കൊണ്ടുവരപ്പെട്ട പ്പോൾ വിഗ്രഹങ്ങൾക്കു ബലികഴിപ്പാൻ ആ ഉദ്യോഗസ്ഥൻ അവളോടു കല്പിച്ചു. അവൾ ഇതു് നിഷേധിക്കയാൽ ഇരുട്ടു നിറഞ്ഞ ഒരു മുറിയിൽ ആക്കുകയും കുഞ്ഞിനെ ശത്രുക്കൾ പിടിച്ചു പറിക്കയും ചെയ്തു. കാവൽക്കാരായിരുന്ന തെത്തിയുസും പോമ്പോണിയസ്സും, നല്ല വായു ശ്വസിക്കുന്നതിനും, കുഞ്ഞിനു മുല കൊടുക്കുന്നതിനും ഏതാനും മണിക്കൂറുകൾ അനുവദിച്ചു. എങ്കിലും, മേലാൽ അതു അനുവദിക്കയില്ലെന്നു കണ്ടു കുഞ്ഞിനെ സൂക്ഷിച്ചു കൊള്ളുന്നതിനു് അവൾ തന്റെ അമ്മയോടു് അപേക്ഷിച്ചു. അച്ഛൻ പിന്നെയും വന്നു ക്രിസ്തുമതം ഉപേക്ഷിക്കാൻ നിർബന്ധിച്ചു പറഞ്ഞപ്പോൾ വിശ്വാസസ്ഥിരതനിമിത്തം അവൾക്കു സമ്മതിപ്പാൻ കഴിയാതെ, ദൈവേഷ്ടം നടക്കട്ടെ എന്നു മാത്രം മറുപടി പറഞ്ഞു. അപ്പോൾ അച്ഛൻ തകർന്ന ഹൃദയത്തോടുകൂടി അവളെ വിട്ടുപിരിഞ്ഞു.

ഏതാനും ദിവസങ്ങൾകൂടി കഴിഞ്ഞപ്പോൾ ജഡ്ജിയുടെ മുമ്പിൽ ഈ ക്രിസ്ത്യാനികളെ ഹാജരാക്കി. സ്വന്ത മതത്തെയും രക്ഷിതാവിനെയും തള്ളിപ്പറയുന്നതിനു് അവരെ പ്രത്യേകം നിർബന്ധിച്ചപ്പോൾ, അതിനു കീഴ്പ്പെടാതെ എല്ലാവരും വിശ്വാസത്തിൽ ഉറച്ചുനിന്നു. പെർപ്പത്വയുടെ സമയം വന്നപ്പോൾ കൈയിൽ ശിശുവിനോടുകൂടി പിതാവു പെട്ടെന്നു പ്രത്യക്ഷപ്പെട്ടു. അയാൾ ആ യുവതിയുടെ അടുത്തു വന്നു്, അവളാൽ പോറ്റപ്പെടേണ്ട

നിസ്സഹായമായ വിലങ്ങപ്പിള്ളയെ ചൂണ്ടിക്കാണിച്ചുകൊണ്ട് കഞ്ഞിനോട് കരുണ തോന്നീട്ടെങ്കിലും തിരിച്ചു വരണമെന്ന കരഞ്ഞപേക്ഷിച്ചു. ഇതു കണ്ട ന്യായാധിപതിക്കുതന്നെയും മനസ്സലിഞ്ഞുപോയി. അദ്ദേഹവും അവളെ സമ്മതിപ്പിക്കാൻ ശ്രമിച്ചു. ''നിന്റെ പിതാവിന്റെ പലിതമായ ശിരസ്സിനെ ഓർത്തു ചക്രവർത്തിയുടെ ക്ഷേമാശംസസ്സായി ബലി കഴിക്കണം.'' എന്നാൽ പെർപ്പത്വ, 'ഞാൻ ബലി കഴിക്കയില്ല' എന്നു തീർത്തു പറഞ്ഞു. ''നീ ഒരു ക്രിസ്ത്യാനിയൊ'' എന്നു മജിസ്ട്രേട്ടായ ഹിലാറിയാസു ചോദിച്ചു. ''ഞാൻ ഒരു ക്രിസ്ത്യാനി'' എന്നു് അവനും മറുപടി കൊടുത്തു. അവളുടെ അച്ഛൻ പിന്നെയും നിഷ്ഫലമായി അവിധാ പറഞ്ഞുകൊണ്ടിരുന്നു. ഇടയ്ക്കിടെ അയാളും തന്റെ മകളുടെ അകാല മരണത്തെ വിചാരിച്ചു പൊട്ടിക്കരഞ്ഞുതുടങ്ങി. ഇതിനാൽ ജഡ്ജിയ്ക്കു്, അസഹ്യം തോന്നിയിട്ടു് അയാളെ തള്ളി മാറ്റുവാൻ കല്പന കൊടുത്തു. പിറ്റെ ദിവസം ''ജനങ്ങളുടെ വിനോദകാഴ്ചയായി ദുഷ്ടമൃഗങ്ങളാൽ ഈ ക്രിസ്ത്യാനികനെ കൊല്പപ്പെടണം'' എന്നു ജഡ്ജി വിധിയും പ്രസ്താവിച്ചു.

തങ്ങളുടെ ശിക്ഷാവിധി, കാത്തുകൊണ്ടു് ക്രിസ്ത്യാനികനെ തടവിൽ കിടന്നു. ജയിലറന്മാർ, തടവുകാരെ വന്നു കണ്ടുകൊണ്ടാശ്വസിപ്പാൻ അവരുടെ സ്നേഹിതന്മാർക്കു് അനുവാദം കൊടുത്തു. ഇക്കൂട്ടത്തിൽ പെർപ്പത്വയുടെ നിർഭാഗ്യവാനായ പിതാവും വന്നു. അയാളെ ദുഃഖംനിമിത്തം ഉന്മത്തനായിരുന്നുപോയി. പെർപ്പത്വയ്ക്കു് ഇതു സഹിപ്പാൻ കഴിഞ്ഞില്ല. എങ്കിലും ദൈവം തന്റെ മക്കളെ ആശ്വാസമില്ലാത്തവരായി വിടുകയില്ലല്ലോ. ഭയങ്കരമായ പ്രതീക്ഷയിലിരുന്ന ആ ദിവസങ്ങൾക്കിടയിൽ തടവുകാർ സമാധാനത്തിന്റെ രശ്മികളാൽ ധൈര്യപ്പെട്ടുത്തപ്പെട്ടു. അനേകർക്കും വിശിഷ്യ പെർപ്പത്വയ്ക്കും സ്വർഗ്ഗീയ മഹത്വത്തിന്റെ പല ദർശനങ്ങളും ഉണ്ടായി. ഒടുവിൽ, ഈ ഇരുണ്ട ദിവസങ്ങളും അതിവേഗം കടന്നുപോയി. അവർ വധിക്കപ്പെടേണ്ട ദിവസം വന്നു. വിഗ്രഹങ്ങൾക്കു ബലി കഴിക്കുന്ന പുരോഹിതന്മാരും, പുരോഹിതകളും, ധരിക്കുന്ന വസ്ത്രങ്ങളും ക്രിസ്ത്യാനികളെ ധരിപ്പിക്കാൻ, ഘാതകന്മാർ ശ്രമിച്ചു. തങ്ങളുടെ ജീവൻ വയ്ക്കുന്നതു് ഈ വക മൂഢതകളെ അകറ്റുന്നതിനാണെന്നു പറഞ്ഞുകൊണ്ടു് ആ ഉടുപ്പുകളെ നിഷേധിച്ചു. സാമാന്യ വസ്ത്രം ധരിച്ചുകൊണ്ടു തടവുകാർ കലനിലത്തേയ്ക്കു വന്നു. പെർപ്പത്വ ഒരു വിജയഗാനം പാടിക്കൊണ്ടാണു് അവിടേക്കു വന്നതു്. പുള്ളിപ്പുലികളും, കരടികളും എന്നിവയാൽ അവർ ചീന്തപ്പെടണമെന്നായിരുന്നു നിശ്ചയം. പെർപ്പത്വയേയും, വേറൊരു യുവതിയായ ഫെലിസിറ്റസിനെയും ആദ്യം നഗ്നകളാക്കി വലയിൽ കുരുക്കി ഇട്ടു. എന്നാൽ ഘോരമായ കാഴ്ചകളും, രക്തവും കണ്ടു സന്തോഷിച്ച ശീലിച്ചവരും മൃഗബുദ്ധികളുമായ കാഴ്ചക്കാർ തന്നെ അവർക്കു വസ്ത്രങ്ങൾ കൊടുക്കണം എന്നാവശ്യപ്പെട്ടു.

അവരെ പിന്നെയും രംഗസ്ഥലത്തു് ഇട്ടു. മുടിക്കോൽകൊണ്ടു കപിതമാക്കപ്പെട്ട ഒരു കാട്ടുകാളയെ അവരുടെനേരെ തുറന്നു വിട്ടു. ഫെലിസിറ്റസ് മരണകരമായ മുറിവേറ്റു. പെർപ്പെത്വ മറിച്ചിടപ്പെട്ടു. അവളുടെ വസ്ത്രം കീറുകയും തലമുടി അഴികയും ചെയ്തു. ഒരിക്കൽകൂടി വസ്ത്രം അവളുടെ ദേഹത്തിൽ വലിച്ചിട്ടുകൊണ്ടു് മരിക്കാൻ തുടങ്ങുന്ന ഫെലിസിറ്റസിന്റെ അടുക്കലേക്കു് ഓടിച്ചെന്നു്, അവളെ നിലത്തുനിന്നു പതുക്കെ ഉയർത്തി. പിന്നീടു് ആ ദുഷ്ടമൃഗം അവരെ ഉപദ്രവിച്ചതേയില്ല. അതുകൊണ്ടു് രംഗസ്ഥലത്തുനിന്നു് അവരെ പുറത്തേക്കു വലിച്ചുകൊണ്ടുപോയി. ഉടൻ ക്രൂരമായ ജനതതി, തങ്ങളുടെ മുൻപിൽവച്ചതന്നെ, അവരെ കൊല്ലുവാൻ തിരികെ കൊണ്ടുവരണമെന്നു വിളിക്കൂട്ടി. അവർ അന്യോന്യം ചുംബിച്ചുകൊണ്ടു, വാളാൽ കൊല്ലപ്പെടുവാൻ രംഗസ്ഥലത്തേക്കു കൊണ്ടുവരപ്പെട്ടു.

പെർപ്പത്വ ഒരു വാൾക്കാരന്റെ കൈയ്യിൽപെട്ട. അയാൾ ഇങ്ങനെയുള്ള ഘോരകൃത്യം ചെയ്യ പരിശീലിച്ചിട്ടില്ലാത്ത ഒരു യുവാവാകയാൽ പരിഭ്രമത്തോടു് അവളെ ഒന്നിലധികം പ്രാവശ്യം നിഷ്പ്രയോജനമായി വെട്ടി. അയാളുടെ പരിഭ്രമം കണ്ട ഉടൻ പെർപ്പത്വാ വാൾകൊണ്ട ഇന്ന ഭാഗത്ത വെട്ടണമെന്ന ചൂണ്ടിക്കാണിക്കയും, അങ്ങനെ വെട്ടിയതിനാൽ അവൾ മരിക്കയും ചെയ്തു.

ഈ അവസരത്തിൽ സറേർണിയസ്, സെക്കണ്ടലസ്സ്, സാറർ, എന്ന പേരുള്ള മൂന്നു യുവാക്കന്മാരും സത്യസ്ഥാപനാർത്ഥം മരിക്കയുണ്ടായി. അവർക്കുള്ള സമയം വന്നപ്പോൾ അവരെ രംഗശാലയിൽ കടത്തി. അവിടെ ചെന്നയുടൻ തങ്ങളെ പീഡിപ്പിക്കുന്നവർക്ക ദൈവത്തിന്റെ ന്യായവിധി ഉണ്ടെന്നു വിളിച്ചറിയിച്ചു. നായാട്ടുകാർ രണ്ടു വരിയായി നിന്നു. സാക്ഷികളെ അവരുടെ ഇടയിൽകൂടി ഓടിച്ചു അവർ ഓടുമ്പോൾ അടിയേറ്റും കുത്തേറ്റും മുറിപ്പെട്ടു വീണുപോയി. അനന്തരം ദുഷ്ടമൃഗങ്ങൾക്ക കൊടുക്കപ്പെട്ട.

ഇക്കാലത്തു ക്രിസ്ത്യാനികളുടെമേൽ വഞ്ചന, രാജദ്രോഹം, ദേവസ്വാപഹരണം, ശിശുഹത്യ, പച്ചമാംസം ഭുജിക്കൽ മുതലായ കുറ്റങ്ങൾ ആരോപിച്ചു. അവർ കഴുതയുടെ തലവച്ചു് ആരാധിക്കുന്നതായും പറയപ്പെട്ട. ഈ കള്ളക്കഥ യഹൂദന്മാർ നിർമ്മിച്ചതായിരുന്നു. രാവിലെ പാട്ടുകൾ പാടി കിഴക്കോട്ട നോക്കി പ്രാർത്ഥിച്ചതിനാൽ, സൂര്യവന്ദനക്കാർ എന്നും കുറ്റം ചുമത്തപ്പെട്ട.

ഗോൾ (ഫ്രാൻസ്) ദേശത്തു്, അഡ്രോക്കസ്സ്, സ്പെറേറസ് എന്നിവരും മറ്റു പന്ത്രണ്ടുപേരും ശിരഃഛേദം ചെയ്യപ്പെട്ട. അന്തോക്യാബിഷപ്പായ അസ്ക്ലപ്പിയാദസ്, വളരെ വ്യഥകൾ സഹിച്ചു എങ്കിലും ജീവൻ നഷ്ടപ്പെട്ടില്ല. വലീറിയൻ എന്ന യുവാവിനു വിവാഹം കഴിച്ചു കൊടുക്കപ്പെട്ടവളും റോമയിലെ ഒരു നല്ല കുടുംബത്തിൽപെട്ടവളുമായ സെസിലിയാ എന്ന യുവതിത്തോവിനെ ക്രിസ്തുമതം വിശ്വസിപ്പിക്കയുണ്ടായി. അയാളുടെ മാനസാന്തരശേഷം അയാളുടെ സഹോദരനായ തിബത്തിയൂസും ക്രിസ്തുമതം സ്വീകരിച്ചു. ഇക്കാര്യം കേൾവിയിൽ വന്നപ്പോൾ നിയമപ്രകാരമുള്ള സകല ശിക്ഷകളും അവർ അനുഭവിക്കേണ്ടി വന്നു. സഹോദരന്മാർ രണ്ടുപേരും ശിരഃഛേദം ചെയ്യപ്പെട്ട. അവരുടെമേൽ മരണശിക്ഷ നടത്തിയ ഘാതകനും, ഉടൻ തന്നെ മനസ്സുതിരിഞ്ഞു, ശിരഃഛേദത്താൽ മരിച്ചു.

ഇതിന്റെ നായികയായ സ്ത്രീയെ എത്രയും ഭയങ്കരമായ വിധത്തിലാണ കൊന്നതു്. അവളെ ചൂടുവെള്ളം നിറഞ്ഞ തൊട്ടിയിൽ കുറെ നേരം ഇട്ടിരുന്ന ശേഷം തല വെട്ടിക്കളഞ്ഞു. ഇതു് 222—ൽ ആണ നടന്നതു്.

റോമയിലെ ബിഷപ്പായ കലിസ്തുസും, ഉർബാനും ഈ അവസരത്തിൽ രക്തസാക്ഷികളായി മരിച്ചു. മരിച്ച വിധത്തെക്കുറിച്ചു രേഖയില്ല.

ഇറലിക്കാരനായ അഗപ്പെറ്റസ് എന്ന പതിനഞ്ചു വയസ്സു പ്രായമുള്ള കുട്ടി, വിഗ്രഹങ്ങൾക്ക ബലി കഴിക്കായ്കയാൽ കഠിനമായി അടിക്കപ്പെടുകയും ശിരഃഛേദം ചെയ്യപ്പെടുകയും ഉണ്ടായി. ഈ വധശിക്ഷനടത്തിയ ആൻറിയോക്കസ് എന്ന പേരായ ഉദ്യോഗസ്ഥൻ, അതു കഴിഞ്ഞ ഉടനെതന്നെ ന്യായാസനത്തിൽനിന്നു വലിയ നിലവിളിയോടുകൂടി വീണു മരിച്ചു.

സെവറസ്സിന്റെ മരണം മുതൽ മാക്സിമീന്റെ ഭരണംവരെയും ക്രിസ്ത്യാനികൾക്ക് എല്ലായിടത്തും, നിർബാധത ലഭിക്കയും തന്നിമിത്തം

ചില സ്ഥലങ്ങളിൽ ക്രിസ്തുമതം അഭിവൃദ്ധിപ്പെടുകയും ചെയ്തു. എന്നാൽ ക്രിസ്ത്യാനികളോടു സ്നേഹമുള്ള അലക്സാണ്ടർ സെവറസ്സ് എന്ന ചക്രവർത്തിയെ കൊന്ന മാക്സിമിയൻ, സെവറസ്സിന്റെ സ്നേഹിതന്മാരും പരിചിതന്മാരുമെന്നു് അറിവുള്ള ബിഷപ്പന്മാരെയും ഇതരന്മാരെയും, പിടിച്ചു കൊന്നുകളവാൻ കല്പിച്ചു. അതുകൊണ്ടു് അവന്റെ കാലത്തു് അനേക കഷ്ടതകളും ക്രിസ്ത്യാനികളും സഹിക്കേണ്ടിവന്നു. കല്പന ബിഷപ്പന്മാരെയും മറ്റു ശ്രേഷ്ഠകരെയും മാത്രം സംബന്ധിക്കുന്നതായിരുന്നെങ്കിലും സകല ക്രിസ്ത്യാനികളെയും ഉപദ്രവിക്കത്തക്കവണ്ണം ജാതിപുരോഹിതന്മാർ മജിസ്ട്രേട്ടന്മാരെയും ഇളക്കി വിടുവാൻ കാരണമായി തീർന്നു.

റോമാചക്രവർത്തികളിൽനിന്നുള്ള ആറാമത്തെ പീഡയെന്നു ഗണിക്കപ്പെട്ടിരിക്കുന്ന ഈ മഹോപദ്രവത്തിനിടയിൽ ഭയങ്കരമായ കലഹമുണ്ടായി. ചക്രവർത്തി കൊടുത്ത ഇലക്കിരീടം ധരിപ്പാൻ മടിച്ച ക്രിസ്ത്യാനിയായ ഒരു റോമൻ പടയാളിയെ ചമ്മട്ടികൊണ്ടു കഠിനമായി അടിച്ചു തടവിൽ ഇടുകയും വധിക്കയും ചെയ്തു.

റോമയിലെ ബിഷപ്പായ പൊണ്ടിയാനസ് വിഗ്രഹാരാധനയ്ക്കു വിരോധമായി പ്രസംഗിച്ചു എന്നുള്ള കുറ്റത്തിന്മേൽ സർഡീനിയായിലേയ്ക്കു നാടുകടത്തുകയും അവിടെവച്ചുതന്നെ കൊല്ലപ്പെടുകയും ചെയ്തു. പൊണ്ടിയാനസ്സിന്റെ പിന്നാലെ ആർഡെറോസു എന്ന ഒരു ഗ്രേക്കൻ ബിഷപ്പായി. രക്തസാക്ഷികളുടെ വൃത്താന്തം ശേഖരിച്ചു എന്ന കുറ്റത്തിന്മേൽ നാല്പതു ദിവസംമാത്രം ബിഷപ്പായിരുന്നശേഷം രക്തസാക്ഷി മരണം അനുഭവിച്ചു.

സെനറ്റിലെ ഒരംഗമായ പമ്മാക്കിയസിനെ അവന്റെ കുടുംബത്തോടും മറ്റു നാല്പത്തിരണ്ടു ക്രിസ്ത്യാനികളോടുംകൂടെ ഒരു ഒറ്റ ദിവസംതന്നെ ശിരഃഛേദം ചെയ്തു. നഗരവാതുക്കൽ അവരുടെ തലകളെ നിരത്തിവെച്ചു. വേറൊരു സെനറ്ററായ സിപ്രീയസ്സും ഇതേ വിധത്തിൽ മരിച്ചു. കലിപ്പോഡിയസ് എന്ന ഒരു ക്രിസ്തീയസഭാശ്രേഷ്ഠകനെ തെരുവിൽകൂടി ഇഴച്ചുകൊണ്ടുപോകയും കഴുത്തിൽ തിരികല്ലുകെട്ടി റൈബർ നദിയിൽ എറിഞ്ഞുകളകയും ചെയ്തു.

റോമയിലെ ഒരു പ്രഭുവായ പിരിറസിനെ, കുടുംബത്തോടും വേലക്കാരോടുംകൂടി അതികഠിനമായ വേദനകളം അനുഭവിപ്പിച്ചു കൊന്നു. മർത്തീനാ എന്ന പ്രഭ്വിയെ ശിരഃഛേദം ചെയ്തു. ടിപ്പോളിറസ് എന്ന ഒരു ബിഷപ്പിനെ ഒരു കാട്ടുകുതിരയോടു ചേർത്തുകെട്ടുകയും, അതു് അദ്ദേഹത്തെ വയലുകളിലും, കൽത്തറകളിലും, മുൾപ്പടർപ്പിലുംകൂടി വലിച്ചുകൊണ്ടു പോകയും ഒടുവിൽ അദ്ദേഹം മരിക്കയും ചെയ്തു.

പീഡ ഈ വിധം നടന്നുകൊണ്ടിരിക്കുമ്പോൾ യാതൊരു വിസ്താരവുംകൂടാതെ വളരെ ക്രിസ്ത്യാനികളെ കൊല്ലപ്പെടുകയും, ഒരു കുഴിയിൽ അൻപതും, അറുപതും, ആളുകളെ വീതം, അടക്കുകയും ചെയ്തു.

ഇതിന്റെ പിന്നാലെ അനേക വർഷം, ശാന്തതയും സമാധാനവുമായി കഴിഞ്ഞുകൂടി. എന്നാൽ ഡേഷ്യസ് ട്രാജൻ എന്ന രാജാവു വാണപ്പോൾ (എ. ഡി. 249—ൽ) ശത്രു അതിന്റെ ഉഗ്രമായ രൂപത്തിൽ പുറത്തുചാടി. ഇദ്ദേഹം ഉഗ്രമായ കല്പനകളം പുറപ്പെടുവിച്ചു. ''ഒന്നുകിൽ ക്രിസ്ത്യാനികളെ സമൂലനാശം ചെയ്യണം, അല്ലാത്തപക്ഷം അവരെ അവരുടെ പിതാക്കന്മാരുടെ മതത്തിലേക്കു തിരിച്ചുവരുത്തണം'' എന്നായിരുന്നു കല്പനയുടെ ചുരുക്കം. അടുത്ത രണ്ടു വർഷങ്ങൾകൊണ്ടു ക്രിസ്ത്യാനികളുടെ ഒരു മഹാസംഖ്യ നിശ്ശേഷവിനാശം ചെയ്യപ്പെട്ടു. ഇതിനുമുൻപു് ഇത്ര

പോലെ ഒരു പീഡ നടന്നിട്ടില്ല. പല ക്രിസ്ത്യാനികളും മനസ്സു തളർന്നു ക്രിസ്തുവിനെ ഉപേക്ഷിച്ചു രക്ഷ നേടി. അവർ വിഗ്രഹങ്ങൾക്കു ധൂപം കാണിക്കയോ, ബലി കഴിക്കയോ ചെയ്തു. ചിലർ പണം കൊടുത്തു തൊറിയൊഴിഞ്ഞു. ഇതിനാൽ ബലിക്കാർ, (ധൂപക്കാർ) സാക്ഷിപത്രക്കാർ എന്നിങ്ങനെ, ഈ ക്ഷീണമാനസന്മാർക്കു പേരുണ്ടായി. ഡെഷ്യസിന്റെ അധീനതയിൽ നടന്ന ഈ പീഡസ്ഥിതിയിൽ സഭകളിലെങ്ങും, പലമാതിരി കലഹങ്ങളും വർദ്ധിച്ചു. പീഡാകാലത്തു മനസ്സു തളർന്നു പോയവർ, പിന്മാറിക്കാർക്കു നിശ്ചയിച്ചിട്ടുള്ള കഠിനമായ പ്രായശ്ചിത്തംകൂടാതെ സഭയുടെ കൂട്ടായ്മയിൽ പ്രവേശിപ്പാൻ ആഗ്രഹിച്ചു. ചില ബിഷപ്പന്മാർ ഇവരെ അനുകൂലിക്കയും മറുള്ളവർ അവരെ പ്രതിഷേധിക്കയും ചെയ്തു. ഈജിപ്തിലും, ആഫ്രിക്കയിലും, അനേകം ആളുകളും തങ്ങളുടെ കുറ്റം ക്ഷമിച്ചു, കൂട്ടായ്മ പുതുക്കി കിട്ടുവാൻ, രക്തസാക്ഷികളിൽനിന്നു സാക്ഷിപത്രങ്ങൾ വാങ്ങി സഭയ്ക്കു കൊടുത്തു. ഈ പത്രത്തിൽ ഇവർ കൂട്ടായ്മയ്ക്കു യോഗ്യരെന്നും സഭ അവരെ വീണ്ടും സ്വീകരിച്ചു, സഹോദരന്മാർ എന്ന നിലയിൽ അവരോടു് ഇടപെടണമെന്നും, മരണാഭിമുഖന്മാരായ ചില രക്തസാക്ഷികളും രേഖപ്പെടുത്തിയിരുന്നു. ചില ബിഷപ്പന്മാരും പ്രസ്ബിറ്റർന്മാരും, അവരെ കൈക്കൊൾവാൻ തയ്യാറായിരുന്നെങ്കിലും, കാർത്തജിലെ ബിഷപ്പായ സിപ്രിയൻ ഇങ്ങനെയുള്ളവരെ സ്വീകരിക്കുവാൻ വൈമുഖ്യം കാണിക്കയും, രക്തസാക്ഷികളുടെ ഈ സാക്ഷിപത്രങ്ങൾ പര്യാപ്തങ്ങളല്ലെന്നു വാദിക്കയും ചെയ്തു. ഇതിനാൽ അദ്ദേഹത്തിനും രക്തസാക്ഷികൾക്കും മാത്രമല്ല, മുമ്പു നിന്നവർക്കും തിരികെ വന്നവർക്കും തമ്മിലും ഉഗ്രമായ വാഗ്വാദം സംഭവിച്ചു.

മാക്സിമിനിസ്സിന്റെ പിന്നാലെ ഗോർഡിയൻ സിംഹാസനാരോഹണം ചെയ്തു. ഇദ്ദേഹത്തിന്റെ വാഴ്ചകാലത്തും അയാളുടെ അനുഗാമിയായ ഫിലിപ്പിന്റെ വാഴ്ചകാലത്തും ആറു കൊല്ലത്തേക്കു സഭ നിരുപദ്രവമായി സ്ഥിതി ചെയ്തു. എന്നാൽ 249–ൽ ഒരു വലിയ പീഡയുണ്ടായി. പക്ഷേ ഇതു ചക്രവർത്തിയുടെ അറിവോടുകൂടിയല്ല, ഒരു പുറജാതി പുരോഹിതന്റെ ആജ്ഞ അനുസരിച്ചു് ആരംഭിച്ചതായിരുന്നു. ഈ മതമൗഢ്യത്തിൽ ക്രിസ്ത്യാനികൾക്കു് എതിരായി ജനങ്ങൾ ഇളകി വീടുകളിൽ കയറി വാതിൽ പൊളിച്ചു വിലയുള്ള സകലവും എടുത്തുകൊണ്ടു പോകയും, ശേഷിച്ചതിനെ നശിപ്പിക്കയും ചെയ്തു. ഗൃഹനായകന്മാരെ വലിയ കൂട്ടമായി കൊന്നു. ''അവരെ ചുടുക, അവരെ കൊല്ലുക, ഒരുത്തരും ചാടിപ്പോകരുതു്'' എന്നായിരുന്നു ജനങ്ങൾ അട്ടഹസിച്ചതു്. ഇക്കൂട്ടത്തിൽ പിൻവരുന്ന മൂവരുടെ വൃത്താന്തമല്ലാതെ മറുള്ളവ അറിയത്തക്കവണ്ണം രേഖകളും സൂക്ഷിച്ചിട്ടില്ല. വിഗ്രഹങ്ങൾക്കു ബലികഴിക്കുവാൻ മടിച്ച മെടസ്സു് എന്ന പേരുള്ള വൃദ്ധനും മാന്യനുമായ ക്രിസ്ത്യാനിയെ ഗദകൊണ്ടടിക്കയും, മുള്ളുള്ള മുളകൊണ്ടു കുത്തുകയും, ഒടുവിൽ കല്ലെറിഞ്ഞു കൊല്ലുകയും ചെയ്തു. കഡിൻറാ എന്നൊരു സ്ത്രീയെ ചിലർ ക്ഷേത്രത്തിലേക്കു് എടുത്തുകൊണ്ടുപോയി; വിഗ്രഹത്തെ വന്ദിക്കായ്കയാൽ അവളെ മൂർച്ചയുള്ള തീക്കല്ലുകളുടെ മീതെകൂടി വലിച്ചിഴയ്ക്കുകയും ചമ്മട്ടികൊണ്ടു് അടിച്ചു മെടസിനെപ്പോലെ കൊല്ലുകയും ചെയ്തു.

ഏകദേശം എഴുപതുവയസ്സുള്ള അപ്പലോനിയ എന്ന പേരുള്ള ഒരു വൃദ്ധസ്ത്രീ താൻ ക്രിസ്ത്യാനിയാണെന്നു് ഏറ്റുപറകയും, അവളെ ജീവനോടെ ചുടണമെന്നു പുരുഷാരം ആർക്കുകയും ചെയ്തു. അവളെ ഒരു കുറിയോടു ചേർത്തുകെട്ടി, അഴിച്ചുവിടണമെന്നു് അവൾ അപേക്ഷിക്കയാൽ, അവർ അഴിച്ചുവിട്ടു. ജനങ്ങൾ അപ്പോൾ വിചാരിച്ചതു്, അവൾ വിശ്വാസം തള്ളിപ്പറവാനാണെന്നായിരുന്നു. എന്നാൽ അവർ അത്ഭുതപ്പെടത്തക്ക

വണ്ണം ഉടൻ തീയിലോട്ട് അവരെ ചാടുകയും ഭസ്മമായിത്തീരുകയും ചെയ്തു.

ഏഴാമത്തെ പീഡ ഡെഷ്യസ് ചക്രവർത്തിയുടെ കീഴിൽ ആരംഭിച്ചു. ഇദ്ദേഹം, ആദ്യം ക്രിസ്ത്യാനികൾക്ക് അനുകൂലിയായിരുന്ന തന്റെ മുൻഗാമിയായ ഫിലിപ്പിനോടുള്ള വിരോധംകൊണ്ടും ക്രിസ്ത്യാനികളുടെ അമിതമായ വർദ്ധനവിലുള്ള അസൂയകൊണ്ടുമായിരുന്നു പീഡസ്സു വട്ടംകൂട്ടിയതു്. ജാതികളുടെ അമ്പലങ്ങൾ ആരാധനസ്സു് ആളില്ലാത്തതുകൊണ്ടു വിജനമായിതീരുകയും ക്രിസ്തീയ പള്ളികൾ മതാവലംബികളെക്കൊണ്ടു നിറഞ്ഞുവരികയും ചെയ്തതു കണ്ടപ്പോൾ ഡെഷ്യസ് കുപിതനായി ക്രിസ്ത്യാനികളെ മർദ്ദിക്കുവാൻ തുടങ്ങി. നിർഭാഗ്യവശാൽ ഈ കാലമായപ്പോഴേക്കു ക്രിസ്തുസഭയിൽതന്നെ ഉപദേശപ്പിശകുകളും ക്രിസ്ത്യാനികളുടെ ഇടയിൽ പരസ്പരവൈരവും വർദ്ധിച്ചുവശാവുകയും തന്നിമിത്തം ക്രിസ്തുമതം അതിന്റെ പൂർവശുദ്ധിയിൽനിന്നു് അധഃപതിക്കുകയും ചെയ്തിരുന്നു.

റോമയിലെ ബിഷപ്പായ ഫാബിയൻ ഈ പീഡയിൽ പട്ടുപോയി. മുമ്പിലത്തെ ചക്രവർത്തിയായ ഫിലിപ്പു്, അദ്ദേഹത്തിന്റെ പരമാത്മതനിമിത്തം തന്റെ ധനമെല്ലാം ഇദ്ദേഹത്തെ ഏൽപ്പിച്ചിരുന്നു. താൻ ഉദ്ദേശിച്ചിരുന്ന പണം ഖജനാവിൽ കാണായ്കയാൽ ഉത്തമനായ ഈ ബിഷപ്പിനോടു പ്രതിക്രിയ നടത്തണമെന്നു ഡെഷ്യസു നിശ്ചയിച്ചു. ബിഷപ്പിന്റെ ഉയർന്നനിലയോ, ബഹുജനസമ്മതമോ അദ്ദേഹത്തിനു രക്ഷകമായിരുന്നില്ല, ചക്രവർത്തിയുടെ ആജ്ഞപ്രകാരം ഫാബിയനെ പിടിച്ചു ശിരച്ഛേദം ചെയ്യുണ്ടായി.

സിലിഷ്യാ സ്വദേശിയായ ജൂലിയനെ അറസ്റ്റുചെയ്തതിനെപ്പറ്റി ക്രിസോസ്തം എഴുതിയിരിക്കുന്നതു് ഇങ്ങനെയാണു്: ''അയാൾ നിരന്തരമായി പീഡിപ്പിക്കപ്പെട്ടെങ്കിലും, സ്ഥിരമായി നിന്നു.'' പലപ്പോഴും ജൂലിയനെ കൊല്ലുവാൻ പുറത്തേക്കു കൊണ്ടുപോയെങ്കിലും അധികം ക്രൂരകർമ അനുഭവിക്കുവാൻ അയാളെ വീണ്ടും തടവിലാക്കുകയാണു ചെയ്തതു്. പിന്നീടു്, ഒരു വർഷം മുഴുവൻ, ജനങ്ങളുടെ നിന്ദയും പരിഹാസവും അനുഭവിപ്പാൻ തെരുവുതോറും നടത്തി. എന്നിട്ടും മതതിരസ്കാരം നടക്കയില്ലെന്നു കണ്ടപ്പോൾ ജൂലിയനെ ജഡ്ജിയുടെ മുമ്പിൽ വരുത്തി വസ്ത്രങ്ങൾ ഊരിമാറ്റിച്ചിട്ടു ചമ്മട്ടികൊണ്ടു ഭയങ്കരമാംവണ്ണം അടിക്കയുണ്ടായി. പിന്നീടു് ഈ വിശുദ്ധനെ, ഒരു തോൽസഞ്ചിയിലാക്കി സർപ്പങ്ങളേയും തേളുകളേയും അതിലിട്ടു്, അതേ നിലയിൽ കടലിലേയ്ക്കു് എറിഞ്ഞുകളഞ്ഞു.

ഡെഷ്യസിന്റെ അനുഗാമികളായ ഗാലസ് അവന്റെ മകനായ വെലൂഷ്യൻ, എന്നിവർ ശാന്തമായി തുടങ്ങിയ മതപീഡയെ പുനർജീവിപ്പിച്ചു. അവരുടെ കൽപ്പനകളോടുകൂടി തന്നെ പല കലാപങ്ങളുണ്ടായതിനാലും വിശേഷിച്ചും, അനേക ദിക്കുകളിൽ ഒരുമാതിരി സാംക്രമിക രോഗം പടർന്നു പിടിച്ചതിനാലും, ക്രാസ്ത്യാനികൾ പിന്നെയും പീഡ അനുഭവിക്കേണ്ടിവന്നു. ക്രിസ്ത്യാനികളുടെ അഭിവൃദ്ധി നിമിത്തം, തങ്ങളുടെ ദേവന്മാർ കോപിച്ചതിന്റെ ഫലമാണു് ഈ അത്യാഹിതങ്ങളെന്നു പുറജാതി പുരോഹിതന്മാർ ഈ അവസരങ്ങളിൽ ജനങ്ങളെ പറഞ്ഞു ധരിപ്പിച്ചു. 254—ൽ വലീറിയൻ ചക്രവർത്തി സമാധാനം പുനഃസ്ഥാപിച്ചു.

തന്റെ വാഴ്ചയുടെ അഞ്ചാം കൊല്ലംവരെയും, വലീറിയൻ, ക്രിസ്ത്യാനികളോടു വലിയ ദയ കാണിച്ചു. എന്നാൽ 257—ൽ ഈ ചക്രവർത്തിയുടെ മന്ത്രിയായി തീർന്നതു് മക്രിയാനസു് എന്ന ഒരു അന്ധവിശ്വാസിയാണു്. ഇയാളുടെ ഉപജാപത്താൽ രാജാവിന്റെ മനസ്സു മറിഞ്ഞു ക്രിസ്ത്യാനികൾ

എങ്ങും യോഗങ്ങൾ കൂടരുതെന്നും, ബിഷപ്പന്മാരെയും, മറ്റുപദേഷ്ടാക്കന്മാരെയും നാട്ടുകടത്തണമെന്നും വിളംബരം ചെയ്തു. അടുത്ത കൊല്ലം ഇതിലും കഠിനമായ ഒരു കൽപ്പന പുറപ്പെടുകയുണ്ടായി. ഈ കൽപ്പനയാൽ റോമാസാമ്രാജ്യത്തിന്റെ കീഴിലുള്ള സകല രാജ്യങ്ങളിലും, ക്രിസ്ത്യാനികളുടെ ഒരു വലിയ ഗണം വധിക്കപ്പെട്ടു. ഈ ഉപദ്രവക്കാറ്റിൽ രക്തസാക്ഷികളിൽവച്ചു മുഖ്യനായ സിപ്രിയനും, റോമയിലെ ബിഷപ്പായ സിക്സ്റ്റസ്സും ഹതന്മാരായി. റോമയിലെ ഒരു ഡീക്കനായ ലോറൻഷിയസ്സും, മറ്റു ചിലരും തീയിൽ വറുക്കപ്പെട്ടു. എന്നാൽ വലീറിയൻ പേർഷ്യരുമായുള്ള യുദ്ധത്തിൽ അടിമയായി പിടിക്കപ്പെട്ടതിനാൽ അയാളുടെ പുത്രനായ ഗലിയാനസ്, രാജാവാകയും (260 എ. ഡി.) സഭയ്ക്കു സമാധാനം പുനഃസ്ഥാപിച്ചു കിട്ടുകയും ചെയ്തു.

സിപ്രിയന്റെ മരണത്തോടടുത്തുണ്ടായ രണ്ടു സാക്ഷിമരണങ്ങളെ ഡോക്ടർ ഗ്രണ്ടർട്ട് എടുത്തുപറയുന്നുണ്ട്. അതാവിതു്: കപ്പദോക്യയിൽ കൈസര്യ പട്ടണത്തു കുറില്ലൻ എന്ന കുഞ്ഞൻ യേശുവെ വിശ്വസിച്ചപ്പോഴും, കൂട്ടികളെ പരിഹസിക്കുന്നതും അച്ഛനെ അടിക്കുന്നതും നിഷ്ഫലമായി, നിത്യം യേശുവെ പ്രാർത്ഥിച്ചു വിളിക്കും. ഒടുവിൽ അച്ഛൻ അവനെ വീട്ടിൽനിന്നു തള്ളി; അവനും ശാന്തനായി പുറപ്പെട്ടു. അനന്തരം ന്യായാധിപതി വസ്തുത ഗ്രഹിച്ചു് അവനെ വിളിച്ചു ''നീ തെറ്റു ചെയ്തു എങ്കിലും, ഞാനും അച്ഛനും ക്ഷമിക്കും; അവന്റെ വസ്തുക്ക എല്ലാം നിനക്കു കിട്ടും'' എന്നും മറ്റും ബുദ്ധി പറഞ്ഞശേഷം, കുഞ്ഞൻ ''ആ കഷ്ടംകൊണ്ടു് എനിക്കു് ദുഃഖം ഇല്ല; അച്ഛൻ എന്നെ വീട്ടിൽനിന്നു തള്ളി; ഇപ്പോഴും ദൈവം നല്ല ഭവനത്തിൽ ആക്കിച്ചേർക്കും; ചാവിന്നു പേടിയില്ല, അതിനാൽ നല്ല ജീവൻ വരുമല്ലൊ'' എന്നു കേട്ടാറെ അഗ്നിമരണം വിധിച്ചു. ''അവൻ തീ കണ്ടു പേടിക്കും എന്നാൽ മടക്കിക്കൊണ്ടു വരേണം'' എന്നു സ്വകാര്യമായി കല്പിച്ചയച്ചു. അതുവും വ്യർത്ഥമായി. ന്യായാധിപതി പിന്നെയും അപേക്ഷിച്ചാറെ, കുഞ്ഞൻ ''ഞാൻ നല്ല ഭവനത്തിൽ പോകട്ടെ; നല്ല ധനത്തെ അനുഭവിക്കട്ടെ; എന്നെ അയയ്ക്കണമെ'' എന്നു ചൊന്നാറെ, കരഞ്ഞു നില്ക്കുന്നവരെ കണ്ടു ''നിങ്ങൾ സന്തോഷിക്കേണ്ടതാകുന്നു, എങ്കിലും ഞാൻ പോകുന്ന പട്ടണത്തെ നിങ്ങൾ അറിയുന്നില്ല'' എന്നരെച്ചു കൈസര്യപട്ടണക്കാർക്കു വിസ്മയം വരുമാറു മരിക്കയും ചെയ്തു.

അന്ത്യോക്യയിൽ ഒരു സപ്രിക്യൻ മൂപ്പനും നിക്കേഭരൻ എന്നവനും വളരെ കാലം ചങ്ങാതികളായി സുഖിച്ചിരുന്നശേഷം, തമ്മിൽ ഇടഞ്ഞു വഴിയിൽ എതിരിട്ടാൽ, സൽക്കാരം പറയാതെ പോകും. വലര്യാൻ കൈസർ ഹിംസ കല്പിച്ച ഉടനെ നിക്കേഭരൻ ആളുകളെ അയച്ചു, നിരപ്പിനു ചോദിച്ചു. ആയതു വ്യർത്ഥമായാറെ, താൻ മൂപ്പന്റെ കാൽപിടിച്ചു, ക്ഷമയാചിച്ചാറെയും മൂപ്പൻ കേളാതെപോയി. പിന്നെ അധികാരികളും മൂപ്പനെ തടവിലാക്കി വിസ്തരിച്ചാറെ, യേശുവിനു നല്ല സാക്ഷി പറഞ്ഞു, ഭേദ്യങ്ങളെ സഹിച്ചു, ധൈര്യത്തോടെ മരണത്തിനു പുറപ്പെട്ട ചെല്ലുമ്പോഴും, നിക്കേഭരൻ പടയാളികളുടെ പരിഹാസം കൂട്ടാക്കാതെ പിഞ്ചെന്നു, ക്ഷമ അപേക്ഷിച്ചുപോന്നു. മൂപ്പൻ മിണ്ടാതെ നടന്നു വധസ്ഥാനത്തു് എത്തിയപ്പോൾ നിക്കേഭരൻ ദീർഘശ്വാസം ഇട്ടു ''ചോദിപ്പാൻ എന്നാൽ തരപ്പെട്ടും'' എന്നു് എഴുതിയിരിക്കുന്ന ദൈവവചനം പറഞ്ഞു. അതുവും ആ കഠിനഹൃദയത്തെ ഇളക്കിയില്ല. പടയാളികളും മുട്ടുകുത്തുവാൻ കല്പിച്ചാറെ, മൂപ്പൻ പെട്ടെന്നു ദേവത്യക്തൻ എന്നു ഗ്രഹിച്ചു. ''ഞാൻ ബിംബത്തിനു ബലി കഴിക്കാം'' എന്നു പറഞ്ഞു. നിക്കേഭരൻ അതു കേട്ട ഉടനെ അഴിനിലയായി വീണു. ''സഹോദരാ! ദോഷം ചെയ്യല്ലെ! കർത്താവെ നിഷേധിക്കല്ലെ! സമീപമായ കിരീടത്തെ ഉപേക്ഷിക്കൊല്ലാ!'' എന്നു വളരെ യാചിച്ചപ്പോഴും

''ഇവൻ ഉപേക്ഷിച്ച കർത്താവായ യേശുവെ ഞാൻ വിശ്വസിക്കുന്നു'' എന്നു വിളിച്ചു പറഞ്ഞു മൂപ്പന്റെ സ്ഥാനത്തിൽ മരിക്കയും ചെയ്തു.

ക്രിസ്തുസഭാ ചരിത്രം 77—79.

സെന്റു ലോറൻസു് എന്നു് ഇപ്പോഴും വിളിക്കപ്പെടുന്ന ലോറൻഷ്യസു്, സിക്സ്റ്റസിന്റെ കീഴിൽ ഒരു ആർച്ചുഡീക്കനായിരുന്നു. ബിഷപ്പു കുലസ്ത്രീ കൊണ്ടുപോകപ്പെട്ടപ്പോഴും ലോറൻസുകൂടെ പോകയും അദ്ദേഹത്തെ ആശ്വസിപ്പിക്കയും ചെയ്തു. ഒടുവിലായി അവർ തമ്മിൽ പിരിഞ്ഞപ്പോഴും സിക്സ്റ്റസു് തന്റെ വിശ്വസ്താനുഗാമിയായ ലോറൻഷ്യസ്സിനോടു്, ''താമസമെന്യേ നീയും രക്തസാക്ഷിയായി മരിക്കും'' എന്നു പറഞ്ഞു. ഈ പ്രവചനം ശരിയായി നിവർത്തിച്ചു എന്നുള്ളതു താഴെ വരുന്ന വൃത്താന്തംകൊണ്ടു മനസ്സിലാക്കാം.

റോമസഭയിൽ ഈ പുരാതനകാലത്തുതന്നെയും, വളരെ ദ്രവ്യം ഉണ്ടായിരുന്നു. അതു പണമായിട്ടും, പള്ളികളിൽ ശുശ്രൂഷയ്ക്കു് ഉപയോഗിച്ചിരുന്ന പൊൻ വെള്ളി പാത്രങ്ങളായിട്ടുമാണു്. ഈ ധനം മുഴുവൻ ആർച്ചുഡീക്കൻ ലോറൻസിന്റെ മേൽനോട്ടത്തിലായിരുന്നു. ഇദ്ദേഹം, പട്ടക്കാരെ പോറ്റിയതു കൂടാതെ സാധുക്കളായ വിധവകളെയും അനാഥകുട്ടികളെയും പോറ്റിക്കൊണ്ടുവന്നു. ഇങ്ങനെയുള്ള സാധുക്കൾ 1500—ഓളം ഉണ്ടായിരുന്നു. ഇതുപോലെ ദൂരദേശങ്ങളിൽ പുതുതായി സ്ഥാപിക്കപ്പെട്ടിരുന്ന ഞെരുക്കമുള്ള സഭകളെ സഹായിക്കുന്നതിനു കൂടിയും ഈ വക പണം ചെലവാക്കിയിരുന്നു. വലീറിയൻ ചക്രവർത്തിയുടെ മന്ത്രിയായ മക്രിയാനസു് ഈ പണത്തെക്കുറിച്ചു കേട്ടപ്പോൾ അയാൾക്കു് അതിനെ കൈയടക്കം ചെയ്യാൽകൊള്ളാമെന്നുള്ള ആഗ്രഹം ജനിച്ചു. അങ്ങനെ ലോറൻസിനെ അറസ്റ്റുചെയ്വാൻ ഈ ദുഷ്ടൻ പടയാളികളെ അയച്ചു. അവർ മന്ത്രിയുടെ അടുക്കലേക്കു അദ്ദേഹത്തെ ഇഴച്ചുകൊണ്ടുവന്നു. അപ്പോൾ മക്രിയാനസു് തുറിച്ചുനോക്കിക്കൊണ്ടു ഇങ്ങനെ ചോദിച്ചു: ക്രിസ്ത്യാനികൾ എന്നു തങ്ങളെതന്നെ വിളിക്കുന്നവർക്കു വെള്ളിയും പൊന്നും വളരെയുണ്ടെന്നും, നിങ്ങളുടെ പുരോഹിതന്മാർ ശുശ്രൂഷകളിൽ സ്വർണ്ണപാത്രമാണു് ഉപയോഗിക്കുന്നതെന്നും ഞാൻ കേൾക്കുന്നതു സത്യമോ?

ലോറൻസു്:—സത്യംതന്നെ. സഭയ്ക്കു വളരെ ധനമുണ്ടു്.

മക്രിയാനസു്:—അവയെ ഇവിടെ കൊണ്ടുവരിക. കൈസർക്കുള്ളവ കൈസർക്കു കൊടുക്കണമെന്നു നിങ്ങളുടെ വിശുദ്ധ പുസ്തകത്തിൽ പറഞ്ഞിട്ടില്ലയോ? സാമ്രാജ്യപരിരക്ഷയ്ക്കു്, ഈ ദ്രവ്യംകൊണ്ടു ചക്രവർത്തിക്കു് ആവശ്യമുണ്ടു്. അതുകൊണ്ടു നീ അവയെ എടുപ്പിക്കണം.

കൂടുതൽ ആലോചനയ്ക്കു വിചാരമഗ്നനായിരുന്നിട്ടു, ലോറൻസു മറുപടി പറഞ്ഞു. ''മൂന്നു ദിവസത്തിനുള്ളിൽ സഭയുടെ വലിയ നിക്ഷേപങ്ങളെ നിങ്ങളുടെ മുമ്പിൽ ഞാൻ കൊണ്ടുവരാം.'' ഈ മറുപടി മന്ത്രിക്കു സന്തോഷമായി, ലോറൻസിനെ വിട്ടു. നിക്ഷേപം തന്റെ മുമ്പിൽ വന്നുകാണുന്നതിനായി കാത്തുകൊണ്ടു മക്രിയാനസു് അക്ഷമനായി കാത്തിരുന്നു.

നിശ്ചയദിവസം മക്രിയാനസു് തന്റെ ഉദ്യോഗസ്ഥന്മാരോടുകൂടി ക്രിസ്ത്യാനികൾ പതിവായി കൂടുന്ന സ്ഥലത്തേക്കു വന്നു. ലോറൻസു് വാതുക്കൽചെന്നു മന്ത്രിയെ ശാന്തമായി സ്വീകരിച്ചിട്ടു് അകത്തേക്കു പോകാമെന്നു പറഞ്ഞു.

മക്രിയാനസു്:—നിക്ഷേപം ശേഖരിച്ചു വച്ചിട്ടുണ്ടോ?

ലോറൻസു്:—യജമാനനെ, ഉണ്ടു്; നിങ്ങൾ അകത്തേക്കു വന്നു കണ്ടാലും.

ഈ വാക്കുകളം പറഞ്ഞിട്ട് ഒരു കുതിര തുറന്നു, സഭയിലെ അടുത്തുണ്ടാ
കാർ, മുതിന്നവർ, കുടുംബർ, അനാഥർ, വിധവമാർ, നിസ്സഹായർ, ബല
ഹീനർ എന്നിവരെ മന്ത്രി അമ്പരന്നുപോകത്തക്കവണ്ണം കാണിച്ചു. ഇക്കാഴ്ച
കണ്ടു ഇളിഭ്യനായ മന്ത്രി, ലോറൻസിനെറ നേരെ ക്രൂരതയോടെ നോക്കി
കൊണ്ടു. ''ഈ പരിഹാസത്തിനെറ അർത്ഥമെന്തു? നീ ഏൎപ്പിക്കാമെന്നു
പറഞ്ഞ പൊന്നും വെള്ളിയും എവിടെ?''

നിർഭയനായി ലോറൻസു മറുപടി പറഞ്ഞു: ''നിങ്ങളുടെ മുമ്പിൽ
കാണുന്ന ഇവർതന്നെ സഭയുടെ യഥാർത്ഥ നിക്ഷേപം. വിധവമാരും അനാഥ
കുട്ടികളും സഭയുടെ വെള്ളിയും, പൊന്നും, മുത്തും, വിലയേറിയ രത്നങ്ങളുമാ
കുന്നു. നിങ്ങൾക്കവേണ്ടി പ്രാർത്ഥിക്കുവാൻ അവരോടു ആവശ്യപ്പെടുന്നതി
നാൽ അവരെ ഉപയോഗിക്കുക. നിങ്ങളുടെ ശത്രുക്കൾക്കു എതിരായുള്ള
എതൃയും നല്ല ആയുധങ്ങൾ എന്നു അവരെപ്പറ്റി നിങ്ങൾക്കു ബോധ്യപ്പെടും.

ഉദ്ദേശിച്ച ധനം ലഭിക്കാത്തതിനാൽ അതികോപിതനായ മന്ത്രി തനെറ
അംഗരക്ഷകന്മാരോടു ലോറൻസിനെ പിടിച്ചു തടവിലാക്കുവാൻ പറഞ്ഞു.
പിന്നീടു കൽത്തുറയിൽ ഘോരമായ അഗ്നികുണ്ടം. അതിനെറ മീതെ ഒരു
ഇരുമ്പുകട്ടിൽ വച്ചു. അനന്തരം ലോറൻസിനെ പിടിച്ചു അവനെറ വസ്ത്രങ്ങ
ളെല്ലാം ഊരി പച്ചവെ തീജ്വാലയിൽ അവനെ പൊരിച്ചുതുടങ്ങി. ക്രൂരനായ
ആ മന്ത്രി ഈ ഭയങ്കരമായ കാഴ്ച സധൈര്യം കണ്ടുകൊണ്ടു തനെറ കോപ
ത്തിനും പ്രതികാരബുദ്ധിക്കും നിവൃത്തിവരുത്തി. എന്നാൽ അവസാന
ത്തോളം ഈ ഭയങ്കര വേദനയുടെമേൽ ജയഘോഷംകൊള്ളുവാൻ വേണ്ട
ആത്മാവും ശക്തിയും ഈ വിശുദ്ധസാക്ഷിക്കു ലഭിച്ചു. കുറെ കഴിഞ്ഞപ്പോഴം
''എന്നെ മറുവശം തിരിച്ചിടണം'' എന്നു പറഞ്ഞതല്ലാതെ പിറുപിറുപ്പിനെറ
ഒരു ഒറവാക്കുപോലും ഉണ്ടായില്ല. അവസാന ശ്വാസത്തോടുകൂടി തനെറ
സഭയ്ക്കുവേണ്ടിയും റോമാസാമ്രാജ്യത്തിനെറ മുഴുമനസാന്തരത്തിനുവേണ്ടിയും
പ്രാർത്ഥിച്ചുകൊണ്ടു ഈ പരമധീരൻ സ്വർഗ്ഗത്തേക്കു കണ്ണുയർത്തി ഇഹലോകം
വെടിഞ്ഞു.

ലോറൻസിനെറ ഘോരമരണവും, അവനെറ ലോകോത്തരമായ
ധൈര്യവും, അനിതരസാധാരണമായ ക്ഷമയും, കണ്ടുകൊണ്ടുനിന്ന റോമാ
നസ് എന്ന പേരുള്ള ഒരു റോമൻപടയാളി ഉടൻ ക്രിസ്തുവിനെ സ്വീകരിച്ചു.
ഈ വിവരം പുറത്തായ ഉടൻ ആ പടയാളിയെ കഠിനമായി അടിക്കയും,
ഒടുവിൽ ശിരഃഛേദം ചെയ്കയും ചെയ്തു.

തനെറ സഹോദരനോടുകൂടി എട്ടുകൊല്ലം ഭരിച്ച ഗലിയാനസ്സി
നെറയും, അദ്ദേഹത്തിനെറ പിൻഗാമിയായി രണ്ടു കൊല്ലം ഭരിച്ച ക്ലോഡി
യസ്സിനെറയും കീഴിൽ ക്രിസ്ത്യാനികളുടെ സ്ഥിതി പൂർവാധികം ആശ്വാസ
മായിരുന്നു. എങ്കിലും പൂർണ്ണനിരുപദ്രവമെന്നു പറവാൻ നിവൃത്തിയില്ല.
270—ൽ സിംഹാസനാരോഹണം ചെയ്ത ഒറീലിയനും, നാലു വർഷത്തേക്കു
അവരെ പീഡിപ്പിക്കാതിരുന്നു. എന്നാൽ അവനെറ വാഴ്ചയുടെ അഞ്ചാം
കൊല്ലത്തിൽ സ്വന്തമൂഢവിശ്വാസത്താലോ, മറവുള്ളവരുടെ പ്രേരണയാലോ,
അവരെ മർദ്ദിപ്പാൻ തുടങ്ങി. എന്നാൽ അവനെറ കല്പന സാമ്രാജ്യമൊട്ടുക്കു
വ്യാപിക്കുന്നതിനു മുൻപായി 275—ൽ ത്രേസു എന്ന ദിക്കിൽവച്ചു അവൻ
കൊല്ലപ്പെട്ടു. അതിനാൽ അധികം ക്രിസ്ത്യാനികളെ മർദ്ദനമേല്പിക്കുവാൻ
ഇടയായില്ല. ഈ നൂറാണ്ടിനെറ ശേഷംഭാഗത്തു ചില ഗവർണ്ണർമാരുടെ
അനീതി, ദ്രവ്യാഗ്രഹം, അന്ധവിശ്വാസം ഇവയുടെ ഏതാനും ദൃഷ്ടാന്തങ്ങ
ളൊഴിച്ചു, റോമരുടെ ഇടയിൽ ജീവിച്ചുവന്ന ക്രിസ്ത്യാനികൾക്കു വലിയ ഉപ
ദ്രവങ്ങളൊന്നും ഉണ്ടായില്ലെന്നുതന്നെ പറയാം.

എന്റെ ദോരന്മാരും അവരുടെ കീഴിലുള്ള ഗവണ്മെന്റുകാരും വാളുകൊണ്ടും കല്പനകൊണ്ടും ക്രിസ്ത്യാനികളെ ആക്രമിച്ചുകൊണ്ടിരിക്കുമ്പോൾ പ്ലേത്തോന്യതത്വജ്ഞാനികളും തക്കങ്ങളും, പുസ്തകങ്ങളും, കൗശലങ്ങളും എന്നിവ ആയുധമാക്കി മര്യാദാഭാവത്തിൽ ക്രിസ്ത്യാനികളോട് പൊരുതുപോന്നു. വാളുകൊണ്ടുള്ളതിനേക്കാളും ഈ വാക്സമരത്തെയായിരുന്നു അധികം ഭയപ്പെടുവാനുണ്ടായിരുന്നതു്. കാരണം ഇക്കൂട്ടർ ക്രിസ്തീയ ഉപദേശങ്ങളെയും വ്യവസ്ഥകളെയും അംഗീകരിച്ചശേഷം തങ്ങളുടെ ഗുരുനാഥനായ അമ്മോണിയസിനെപ്പോലെ പഴയ മതസിദ്ധാന്തങ്ങളെയും പുതിയതിനെയുംകൂടി മിശ്രീകരിപ്പാൻ ശ്രമിച്ചു. ഈ നൂറാണ്ടിൽ ഇവരുടെ തലവനായി സൂറിയാക്കാരനോ, സോർദേശവാസിയോ ആയ ഒരു പോർഫിറിയെ കാണുന്നു. ഈയാൾ ക്രിസ്ത്യാനികൾക്കു് എതിരായി ഒരു നീണ്ട കൃതി എഴുതി. പിൽക്കാലത്തു് ആ പുസ്തകങ്ങളും രാജകല്പനയാൽ നശിപ്പിക്കപ്പെട്ടു. ഇയാൾ കൂശാഗ്രബുദ്ധിയായ ഒരു പണ്ഡിതനായിരുന്നു എന്നു് അയാളുടെ കൃതികളിൽനിന്നു നമുക്കു ഗ്രഹിക്കാം.

ഇക്കൂട്ടർ, പഴയകാലത്തെ താത്വികന്മാർ ക്രിസ്തുവിനെക്കാളും ഒട്ടും താഴെയല്ലെന്നു്, ഉപദേശിച്ചതു കൂടാതെ, ഒരു പിത്തഗോറിയൻ തത്വജ്ഞാനിയായ അപ്പലോനിയസ്ത്യാനിയസു് എന്ന ആളിനെ ക്രിസ്തുവിനെപ്പോലെ ഉദ്ഭൂതകെട്ടിച്ചു രംഗവേദിയിൽ നിറുത്തുകയും ചെയ്തു. ഇതിനാൽ ഈ സ്ഥലങ്ങളിൽ അർദ്ധക്രൈസ്തവന്മാർ ഉണ്ടായി.

പഴയപടി ക്രിസ്ത്യാനികൾക്കു് എതിരായി മജിസ്ത്രേട്ടന്മാരെ ഇളക്കിവിടുന്നതിനും മറ്റും, കഴിയാതവണ്ണം യഹൂദന്മാർ ഈ നൂറാണ്ടിൽ അത്രതാണുപോയി. എങ്കിലും, അല്പമായിട്ടെങ്കിലും വിപരീതമായി അവർ ശ്രമിക്കാതിരുന്നില്ല എന്നു തെത്തുല്യന്റെയും സിപ്രിയന്റെയും ഖണ്ഡനപ്രബന്ധങ്ങളിൽനിന്നു കാണുന്നു.

അദ്ധ്യായം മൂന്നു്

സാഹിത്യവും തത്വശാസ്ത്രവും

കഴിഞ്ഞ നൂറാണ്ടിൽ അഭിവർദ്ധിതമായിരുന്ന സാഹിത്യത്തിന്റെ മഹിമ മിക്കപ്പോഴും ഈ ശതകത്തിൽ നഷ്ടപ്പെട്ടുപോയി. ഗ്രീക്കുകാരുടെ ഇടയിൽ ഡയനീഷ്യസ് ലോൻജിനസ് എന്ന അലങ്കാരികനെ ഒഴിച്ചാൽ ഡയോൻകാഷ്യസ് എന്ന ചരിത്രകാരനും മറ്റു ചിലരും അല്ലാതെ പറയത്തക്ക വിദ്വാന്മാർ ഉണ്ടായിരുന്നതായി കാണുന്നില്ല. എല്ലായിടത്തും സ്തംഭനം ഉണ്ടായിരുന്നു എങ്കിലും പാശ്ചാത്യരാജ്യങ്ങളിൽ നല്ല പണ്ഡിതന്മാർ ചുരുക്കമായിരുന്നു. സ്വവിഷയ യുദ്ധങ്ങൾ നിരന്തര പ്രക്ഷോഭമുണ്ടാക്കിക്കൊണ്ടിരുന്നതുകൊണ്ടും അപരിഷ്കൃത ജാതികളുടെ അവിശ്രാന്തമായ ആക്രമണങ്ങൾ രാഷ്ട്രീയ സമാധാനത്തേയും ജ്ഞാനതൃഷ്ണയേയും കെടുത്തിക്കളഞ്ഞതുകൊണ്ടും, രാജാക്കന്മാർക്കു വിദ്യാഭിവൃദ്ധിയിൽ ശ്രദ്ധവയ്പ്പാൻ സാധിച്ചിരുന്നില്ല. ഗ്രീക്കുതത്വജ്ഞാനത്തിനു് ഈ നൂറാണ്ടിലും അനേക പക്ഷപാതികൾ ഉണ്ടായിരുന്നു. എന്നാൽ അമ്മോണിയസ്സിന്റെ സ്കൂൾ മറ്റെല്ലാ തത്വപ്രസ്ഥാനങ്ങളേയും പിന്നിലാക്കിക്കളഞ്ഞു. ഈ തത്വപദ്ധതി ഏജിപ്തിൽനിന്നു റോമാസാമ്രാജ്യത്തിന്റെ എല്ലാ ഭാഗത്തും പരക്കയും ജനങ്ങൾ ഈ ദർശനത്തിൽ ഐകമത്യേന പ്രവർത്തിക്കയും ചെയ്തു. ഈ പ്രചരണത്തിനു കാരണം അമ്മോണിയസിന്റെ ശിഷ്യന്മാരിൽ അഗ്രഗണ്യനായ പ്ലോട്ടിനസ് ആണു്. ഇയാൾ ആദ്യം പേർഷ്യയിലും അനന്തരം റോമയിലും പഠിപ്പിച്ചു കീർത്തി സമ്പാദിച്ചു. പല പുസ്തകങ്ങളും എഴുതി. അവയിൽ ഭൂരിപക്ഷവും നമുക്കു കിട്ടീട്ടുണ്ടു്. ഈ തത്വസംഹിതകൾ വിഭിന്നമായിരുന്നതിനാൽ ഇതിന്റെ പ്രചാരകന്മാരും പരസ്പരം ഭിന്നിക്കപതിവായിരുന്നു. അതേന നഗരിയിലെ വിദ്വാന്മാർ തള്ളിക്കളഞ്ഞ പല സിദ്ധാന്തങ്ങളും അലക്സന്ത്രിയാ താത്വികന്മാർ സ്വീകരിച്ചുവന്നു. എങ്കിലും പ്ലത്തോന്യൻ എന്നു പേരെടുത്ത ഏതൊരുവനും, നിഷേധിക്കുവാൻ പാടില്ലാത്ത ഏതാനും മുഖ്യോപദേശങ്ങൾ ഇവർക്കു പൊതുവെ ഉണ്ടായിരുന്നു. ഈ ഉപദേശങ്ങൾ, സകലത്തിനും കാരണഭൂതനായ ഒരു ദൈവമുണ്ടു, ലോകം നിത്യമാണു്; വസ്തു ദൈവത്തിൽ ആധേയപ്പെട്ടിരിക്കുന്നു; ദേവന്മാർ അനേകർ ഉണ്ടു്; എന്നിവയായിരുന്നു. പൊതുജനങ്ങളുടെ ഇടയിൽ ഉള്ള അന്ധവിശ്വാസങ്ങൾക്കു ന്യായംപറക എന്നുള്ളതു് ഇവരുടെ പ്രധാന ജോലിയായിരുന്നു.

തത്വജ്ഞാനപദ്ധതിയെപ്പറ്റി ക്രിസ്ത്യാനികളുടെ ഇടയിൽ രണ്ടഭിപ്രായമുണ്ടായിരുന്നു. എങ്ങനെയെന്നാൽ ഗ്രീക്കുകാരുടെ സാഹിത്യവും എഴുത്തുകളും ശ്രദ്ധിച്ചു പഠിക്കേണ്ടതാണെന്നു പലർ അഭിപ്രായപ്പെട്ടപ്പോൾ ഈമാതിരി പഠനങ്ങളാൽ സത്യ ദൈവഭക്തിയും, അപകടപ്പെട്ടുപോകാൻ ഇടയുണ്ടെന്നു് ഒരു കൂട്ടർ ശക്തിയായി വാദിച്ചു. എന്നാൽ തത്വജ്ഞാനത്തിനും സാഹിത്യത്തിനും സ്നേഹിതന്മാർ വർദ്ധിച്ചുതന്നെവന്നു. ഓറിജൻ ഈ വിഷ

യത്തിൽ വളരെ പ്രവർത്തിച്ചിട്ടുള്ള ഒരു പണ്ഡിതനാണ്. ഇദ്ദേഹം നവപ്ളത്തോന്യമതത്തിലെ പ്രമാണങ്ങളെ കടം വാങ്ങി ക്രൈസ്തവവേദശാസ്ത്രം നിർമ്മിച്ചു തന്റെ യുവശിഷ്യന്മാർക്കു് ഉപദേശിച്ചു. ക്രൈസ്തവലോകത്തിൽ ഇദ്ദേഹത്തിനു് എത്രത്തോളം സ്വാധീനശക്തി വർദ്ധിച്ചുവോ അത്രത്തോളം അദ്ദേഹത്തിന്റെ വേദവ്യാഖ്യാനരീതിയും പ്രചരിച്ചു. പ്ളോട്ടിനസിന്റെ ശിഷ്യന്മാരിൽ ചിലർ ക്രിസ്ത്യാനികളായി തീർന്നു എങ്കിലും തങ്ങളുടെ ഗുരുവിന്റെ ആശയങ്ങളെ വിടാതെ പിടിച്ചുകൊണ്ടിരുന്നു. അവരുടെ അഭിപ്രായങ്ങളെ ചുറ്റും വിതയ്ക്കുവാനും അനഭിജ്ഞന്മാരുടെ ഹൃദയത്തിൽ പകരുവാനും അവർ ശ്രമിച്ചുകൊണ്ടിരുന്നു.

അദ്ധ്യായം നാല്

ഉപദേഷ്ടാക്കളും സഭാഭരണവും

ഈ ശതകത്തിൽ മൻനൂറാണ്ടിൽ അംഗീകൃതമായ സഭാഭരണം കുറേക്കൂടെ ദൃഢീകരിക്കപ്പെട്ടുകയാണുണ്ടായതു്. ബിഷപ്പു് എന്നു സ്ഥാനപ്പേരുള്ള ഒരാൾ വലിയ പട്ടണങ്ങളിലെ ഓരോ സഭയുടെ മേൽ ആദ്ധ്യക്ഷം വഹിക്കയും, അല്പം അധികാരത്തോടുകൂടി പൊതുക്കാര്യങ്ങൾ നടത്തിവരികയും ചെയ്തു എന്നു വരികിലും പ്രസ്ബിറ്റർമാരുടെ ആലോചനയോടു കൂടിയും ഏതെങ്കിലും ഗൗരവമുള്ള വിഷയങ്ങൾക്കു മുഴുജനത്തിന്റെ അഭിപ്രായം അറിഞ്ഞംഗീകരിച്ചും ഭരണം നടത്തിവന്നിരുന്നു എന്നുള്ളതു നിഷേധിപ്പാൻ ധൈര്യപ്പെടുന്നവൻ, ചരിത്രത്തെക്കുറിച്ചും അക്കാലത്തെ സ്മാരക വസ്തുക്കളെക്കുറിച്ചും യാതൊരു അറിവുമില്ലാത്തവനായിരിക്കണം. ഓരോ പ്രോവിൻസിലുമുള്ള ബിഷപ്പു്, മറ്റുള്ള ബിഷപ്പന്മാരേക്കാൾ തരത്തിലും ചില പദവികളിലും കൂടിയ ആൾ ആയിരുന്നു എന്നുള്ളതു് എത്രയും നിശ്ചയംതന്നെ. കഴിഞ്ഞ നൂറാണ്ടിൽ ഉണ്ടായ സഭകളുടെ പരസ്പര ഘടനയെ നില നിറുത്തുന്നതിനും, ആലോചനാസംഘങ്ങൾ കൂടുതൽ സൗകര്യത്തിലും നിഷ്പ്രയാസമായും നടത്തുന്നതിനും ഇതു് ആവശ്യമെന്നു തോന്നിയിരുന്നു. എങ്കിലും ഈ മുഖ്യബിഷപ്പന്മാരുടെ വിശേഷാൽ അധികാരം ഇന്നതെന്നു് എല്ലായിടത്തും ശരിയായി വ്യവസ്ഥപ്പെടുത്തീട്ടില്ലായിരുന്നു. മാത്രമല്ല ഒരു പ്രോവിൻസിലെ മുഖ്യനഗരത്തിന്റെ ബിഷപ്പു് എല്ലായ്പോഴും ഒന്നാം ബിഷപ്പിന്റെ സ്ഥാനം വഹിച്ചിരുന്നുമില്ല. റോമയിലേയും അലക്സന്ത്രിയയിലെയും അന്ത്യോക്യയിലെയും ബിഷപ്പന്മാർ സാമ്രാജ്യത്തിന്റെ മഹാവിഭാഗങ്ങളിലെ ആദിമവും അപ്പോസ്തലികവും ആയ സഭകളുടെമേൽ ആദ്ധ്യക്ഷം വഹിച്ചിരിക്കുന്നതുകൊണ്ടു് ഇതരന്മാരായ എല്ലാവരിലും വച്ചു് അഗ്രിമമായ ഒരു സ്ഥാനം അവർക്കുണ്ടായിരിക്കയും ഘനമുള്ള വിഷയങ്ങളെപ്പറ്റി മറ്റുള്ളവർ അവരോടു പലപ്പോഴും ആലോചന ചോദിക്കയും ചെയ്തിരുന്നു. എന്നു മാത്രമല്ല പ്രത്യേകമായ ചില അധികാരങ്ങളും അവർക്കു കരഗതമാകയും ചെയ്തു.

വിശേഷിച്ചു റോമയിലെ ബിഷപ്പിനു തലസ്ഥാനനഗരിയിലെ മേല്പട്ടക്കാരനായതുകൊണ്ടോ, രാജബലംകൊണ്ടോ, കുബേരത്വംകൊണ്ടോ സഭയിൽ ഒരു അഗ്രിമത്വം ഉള്ളതായി സിപ്രിയനും മറ്റു ബിഷപ്പന്മാരും ഗണിച്ചിരുന്നു. എന്നാൽ ഈ പ്രാഥമ്യം റോമബിഷപ്പിനു കൊടുത്തിരുന്ന പ്രസ്തുത പിതാക്കന്മാർ ശ്രൈഷ്ഠ്യവും അധികാരവും സംബന്ധിച്ചു സകല ബിഷപ്പന്മാരും സമന്മാരാണെന്നു നിഷ്കർഷമായി വാദിച്ചുകൊണ്ടിരുന്നു. റോമയിലെ ബിഷപ്പിന്റെ തീരുമാനം ശരിയല്ലെന്നു് അവർക്കു് എപ്പോഴെങ്കിലും തോന്നിയാൽ ആ തീരുമാനത്തെ അവഗണിച്ചു സ്വന്തതീരുമാനം അനുസരിച്ചു പ്രവർത്തിക്കുന്നതിൽ അവർ യാതൊരു ലജ്ജയും കാണിച്ചിട്ടില്ല. സിപ്രിയൻതന്നെ ഇതിനു ശക്തിമത്തായ ദൃഷ്ടാന്തമാണു്. റോമയിലെ ബിഷപ്പായ സ്റ്റീഫനുമായി സിപ്രിയനു് ഇടഞ്ഞുട്ടുകാരുടെ സ്നാനത്തെപ്പറ്റി തർക്കമുണ്ടായതു സുപ്രസിദ്ധമാണല്ലോ. സംഗതികളെ എല്ലാം കൂട്ടിവച്ചു ശരിയായി ആലോചിക്കുന്നവർക്കു് ഈ പ്രാഥമ്യം ശക്തിയിൽനിന്നോ അധി

കാരത്തിൽനിന്നോ ഉള്ളതല്ലെന്നു ബോധ്യപ്പെടാതിരിക്കയില്ല. വാസ്തവം പറഞ്ഞാൽ മുഴുസഭയെ സംബന്ധിച്ചിടത്തോളം റോമബിഷപ്പിനുണ്ടായിരുന്ന പ്രാഥമ്യം ആഫ്രിക്കയിൽ സിപ്രിയനുള്ളതുതന്നെ ആയിരുന്നു. അതു മറ്റ് ആഫ്രിക്കൻ ബിഷപ്പന്മാരുടെ സമതസ്സു കേട്ടവരുത്തുകയോ, അവരുടെ സ്വാതന്ത്ര്യത്തെയും അധികാരത്തെയും ഖണ്ഡിക്കയോ ചെയ്യാതെ ആലോചനാസംഘങ്ങളെ വിളിച്ചുകൂട്ടുകയും അതിൽ ആദ്ധ്യക്ഷ്യം വഹിക്കയും തന്റെ സഹോദരന്മാരെ സഹോദരബുദ്ധ്യാ ഗുണദോഷിക്കയും മറ്റും ചെയ്യുന്ന പദവി മാത്രമായിരുന്നു. സഭാഭരണത്തിന്റെ പ്രാചീനരീതി പൊതുവിൽ വ്യത്യാസപ്പെടാതെതന്നെയിരുന്നെങ്കിലും അതിന്റെ ചട്ടംകെട്ടുകളിൽനിന്നു ക്രമേണ ഒരു ഭ്രംശവും ഏകാധിപത്യഭരണത്തിന്റെ രൂപത്തോടുള്ള ഒരു സാമീപ്യവും ഉണ്ടായിരുന്നു. എങ്ങനെയെന്നാൽ മുമ്പത്തേക്കാൾ അധികാരവും ശക്തിയും തങ്ങൾക്കുണ്ടെന്നു് ഈ ബിഷപ്പന്മാർ വാദിക്കയും ക്രമേണ സാമാന്യ ക്രൈസ്തവർക്കുള്ളവയെ മാത്രമല്ല പ്രസ്ബിസ്റ്റർക്കുള്ള അവകാശങ്ങളെക്കൂടി ആക്രമിക്കയും ചെയ്തു. തങ്ങളുടെ ഈ ആക്രമണം ശരിയെന്നു സമർത്ഥിക്കുവാൻ സഭയെക്കുറിച്ചും എപ്പിസ്കോപ്പൽ ഉദ്യോഗത്തെപ്പറ്റിയും അവർ പുതിയ ഉപദേശങ്ങൾ കൊണ്ടുവന്നു. എങ്കിലും അതിൽ ഒരു ഭാഗം അജ്ഞതയാ കൊണ്ടുവന്നിട്ടുള്ളതായിരുന്നു. പട്ടത്വം സംബന്ധിച്ച ഈ പുതിയ കണ്ടുപിടിത്തങ്ങളുടെ മുഖ്യനിമ്മാതാവു സിപ്രിയനായിരുന്നു. ക്രിസ്തുമതത്തിന്റെ ആദിമ ശതകങ്ങളിൽ എപ്പിസ്കോപ്പൽ അധികാരത്തിനുവേണ്ടി അയാളെക്കാൾ ധൈര്യമായും തീക്ഷ്ണമായും വാദിച്ചിട്ടുള്ളവർ ആരുംതന്നെ ഇല്ല. എങ്കിലും അദ്ദേഹത്തിന്റെ വാദങ്ങൾക്കു് ഐകരൂപ്യമോ എല്ലായ്പോഴും ഒരുപോലുള്ള നിർബന്ധമോ ഉണ്ടായിരുന്നില്ല. വിഷമകാലങ്ങളിൽ ആവശ്യം വന്നുകൂടിയപ്പോഴാ ഈ നാടകങ്ങളെല്ലാം അദ്ദേഹം ഉപേക്ഷിക്കയും സഭയുടെ തീരുമാനത്തിനും അധികാരത്തിനുമായി സകലവും സമർപ്പിക്കയും ചെയ്തു.

സഭയുടെ ഭരണകൂടം സംബന്ധിച്ചുണ്ടായിട്ടുള്ള ഈ ഭേദഗതിയുടെ പിന്നാലെ പട്ടക്കാർ വളരെ ദൃഷ്ടിച്ചുപോയി, എങ്ങനെയെന്നാൽ ഇവരുടെ ആദ്യകാലത്തെ ദൈവഭക്തിയും സൽഗുണവും ക്രമേണ നശിക്കയും അഹങ്കാരം ഭോഗപ്രിയം, ശണ്ഠ മുതലായ ദുർഗുണങ്ങൾ തലകിളർത്തുകയും ചെയ്തു. തദാനീന്തനന്മാരും ഏറ്റവും വിശ്വാസയോഗ്യന്മാരുമായ ആളുകളുടെ സംഖ്യാവിഹീനമായ സങ്കടംപറച്ചിലുകളിൽനിന്നു് ഈ വാസ്തവം കാണ്മാൻ കഴിയുന്നതാണു്. വളരെ ബിഷപ്പന്മാർ, വിശേഷിച്ചു ജനാധിക്യവും സ്വത്തുമുള്ള സഭകളുടെ അദ്ധ്യക്ഷന്മാർ പ്രലുബ്ധരെപ്പോലെ വർത്തിച്ചുതുടങ്ങി. അവർ സിംഹാസനം, പരിചാരകന്മാർ, മറ്റു പ്രതാപചിഹ്നങ്ങൾ, പക്ഷേ വിലയേറിയ കപ്പായങ്ങൾ ഇവയാൽ ജനസാമാന്യത്തിന്റെ കണ്ണും മനസ്സും വഞ്ചിച്ചു. പ്രസ്ബിറ്റർന്മാർ തങ്ങളുടെ മേലാവുകളുടെ ദുഷ്ടാന്തത്തെ അനുകരിച്ചു കൃത്യങ്ങളിൽ അശ്രദ്ധ കാണിക്കയും ഭോഗപരമായ ഒരു ജീവിതം നയിക്കയും ചെയ്തു. ഈ പരിവർത്തനം പ്രസ്ബിറ്റർന്മാരുടെ അവകാശങ്ങളേയും ഉദ്യോഗങ്ങളേയും ആക്രമിക്കുവാൻ ഡീക്കന്മാരെ ധൈര്യപ്പെടുത്തി. ഡാക്ടർ മോഷീമിന്റെ അഭിപ്രായത്തിൽ മിക്കവാറും ഈ കാരണത്താലാണു ബിഷപ്പന്മാർ, പ്രസ്ബിറ്റർന്മാർ, ഡീക്കന്മാർ ഈ ഉദ്യോഗങ്ങളോടു ചെറിയമാതിരി (താണ) പട്ടങ്ങളും ഈ നൂറ്റാണ്ടിലുണ്ടായതു്. ഈ ചെറിയ മാതിരി പട്ടക്കാരത്രേ, സബ്ഡീക്കന്മാർ, സംഗീതവായനക്കാർ, വാതിൽകാവൽക്കാർ, ഭൂതഗ്രാഹികരും (പേയാട്ടികരും) കോപ്പിയത്തോയി* (Copiatoe) മുതലായവർ സഭയുടെ ഭരണകർത്താക്കന്മാർ അതിയായ ഭക്തിയും

---

* ഇതാണു കപ്പിയാരുദ്യോഗമെന്നു തോന്നുന്നു.

യഥാർത്ഥമായ മതവിശ്വാസവും ഉള്ളവരായിരുന്നെങ്കിൽ സഭയ്ക്ക് ഇത്രവളരെ ഉദ്യോഗസ്ഥന്മാർ വേണ്ടിവരികയില്ലായിരുന്ന എന്ന മോഷ്ടീം പറയുന്നു. ബിഷപ്പന്മാരുടെയും പ്രസ്ബിറ്റർന്മാരുടേയും ബഹുമാനവും പദവിയും വർദ്ധിച്ചുവന്നപ്പോഴും ഡീക്കന്മാർക്കും അഹമ്മതി വർദ്ധിക്കയും ഒരിക്കൽ അവർ, സന്തോഷത്തോടുകൂടി ചെയ്യുവന്ന ജോലികളും മേലാൽ ചെയ്വാൻ മടിക്കയും ചെയ്തു. ഈ പുതിയ പേരുകളാൽ കുറിക്കപ്പെട്ടുന്ന ഉദ്യോഗങ്ങളും മിക്കവാറും ആ വാക്കുകൾകൊണ്ടുതന്നെ സ്പഷ്ടമാകുന്നതാണ്. പേയാട്ടികളും എന്ന ഉദ്യോഗം നവപ്ളത്തോന്യമതത്തിന്റെ ഉപദേശത്തിൽനിന്നുണ്ടായിട്ടുള്ളതാണ്. ദുരാത്മാക്കളും മനുഷ്യശരീരത്തോട് വല്ലതായ ആകാംക്ഷ ഉണ്ടെന്നും, ദുസ്സ്വഭാവികളായ മനുഷ്യർ അവരിൽ വസിക്കുന്ന ഏതോ ദുരാത്മാവിന്റെ പ്രേരണയാൽ പാപത്തിനു വശഗരാകുന്നതുപോലെ സ്വാഭാവിക ദുഷിപ്പിനാലും, ചീത്ത ദൃഷ്ടാന്തങ്ങളുടെ സ്വാധീനശക്തിയാലും, അത്രതന്നെ പാപം ചെയ്യുന്നില്ല എന്നും, ഈ പുതിയ സംഘക്കാർ ഉപദേശിച്ചിരുന്നു. ഇതുകൊണ്ടാണ് ക്രിസ്ത്യാനികളും, പേയാട്ടികളും എന്നൊരു ഉദ്യോഗം സൃഷ്ടിച്ചത്. കോപ്പിയത്തോയി എന്നുള്ളവർ മരിച്ചവരെ കുഴിച്ചിടുന്ന ജോലിയിൽ ഏർപ്പെട്ടവരും.

വലിയ പട്ടക്കാരൻ മുതൽ ചെറിയ പട്ടക്കാരൻവരെ എല്ലാവർക്കും വിവാഹം അനുവദിക്കപ്പെട്ടിരുന്നു. എങ്കിലും അവിവാഹിതരായി പാർക്കുന്നവർ വളരെ വിശുദ്ധന്മാരും ഉയർന്നവരുമെന്നു ഗണിക്കപ്പെട്ടു. കാരണം, വിവാഹജീവിതക്കാർ മറ്റുള്ളവരെക്കാൾ ദുരാത്മാക്കളുടെ ആക്രമണങ്ങൾക്ക് അധികം പാത്രീഭൂതരാകുമെന്നു പൊതുവെ ഒരഭിപ്രായമുണ്ടായിരുന്നു. കൂടാതെ മറ്റുള്ളവരെ ഉപദേശിക്കയും ഭരിക്കയും ചെയ്യുന്നവരുടെ മനസ്സിനെയോ ശരീരത്തെയോ, അശുദ്ധാത്മാക്കൾ ബാധിക്കയില്ല എന്നുള്ള അഭിപ്രായവും ജനസാമാന്യത്തിന്റെ ഇടയിൽ സ്ഥലം പിടിച്ചിരുന്നു. കഴിയുമെങ്കിൽ വിവാഹം കൂടാതെ പാർക്കണമെന്ന് ഇഗ്നേഷ്യർ ഇച്ഛിച്ചു. കൂടാതെ പട്ടക്കാരിൽ വളരെപ്പേരും, വിശിഷ്യ ആഫ്രിക്കയിലെ പട്ടക്കാർ, തങ്ങളുടെ മനച്ചായ്വുകളുടെമേൽ യാതൊരു ബലാൽകാരവും പ്രയോഗിക്കാതെ സംഗതിസാധിപ്പാൻ ശ്രമിച്ചു. എങ്ങനെയെന്നാൽ നിത്യകന്യാവ്രതത്തിനും നേന്ത്രിട്ടുള്ളവരും വളരെ ഭക്തിയുള്ളവരുമായ സ്ത്രീകളിൽ ചിലരെ തങ്ങളുടെ വീട്ടിൽ അംഗീകരിക്കയും തങ്ങളുടെ കിടക്കയിൽ തങ്ങളോടൊന്നിച്ചു കിടത്തുകയും ചെയ്തിരുന്നു. എങ്കിലും അവരോടുകൂടി അപമാനകരമായ ഒരു സംസർഗ്ഗവും ഉണ്ടായിട്ടില്ലെന്നു ഇക്കൂർ എത്രയും ഭക്തിപൂർവ്വം ഉറപ്പിച്ചു പറഞ്ഞുകൊണ്ടിരുന്നു. ഗ്രീക്കർ ഈ വെപ്പാട്ടികളെ സുന്നിസാക്തോയി (Sunei Saktoi) എന്നു വിളിച്ചുവന്നു. വാസ്തവം പറഞ്ഞാൽ വളരെ ബിഷപ്പന്മാർ ഈ ലജ്ജാകരമായ നടപടിയെ ഖണ്ഡിതമായി എതിർത്തു. സഭയിൽനിന്നു ഈ നടപടി നീങ്ങുന്നതിനു വളരെ നാളം വേണ്ടിവന്നു.

ഈ നൂറാണ്ടിലെ എഴുത്തുകാരിൽവച്ചു മുഖ്യനും അവിവാഹിതത്വത്തിനും ക്രൈസ്തവസാഹിത്യങ്ങൾക്കും ലോകമെങ്ങും കീർത്തിമാനായി പരിലസിച്ചതു അലക്സന്ത്രിയായിലെ ഒരു പ്രസ്ബിറ്ററും ഉപദേഷ്ടാവുമായിരുന്ന ഓറിജൻ (Origen) ആയിരുന്നു. യഥാർത്ഥത്തിൽ ഇദ്ദേഹം ഒരു മഹാനും ക്രൈസ്തവലോകത്തിന്റെ പൊതു ഉപദേഷ്ടാവും അത്രെ. ഓറിജന്റെ വിവേകബുദ്ധിയും ചിന്തയുടെ അഗാധതയും അദ്ദേഹത്തിനുള്ള നൈസർഗ്ഗിക പ്രാവീണ്യം, ഭക്തി, അദ്ധ്യവസായം, സൂക്ഷ്മാവലോകനം എന്നിവയോടും, മറ്റു ഗുണങ്ങളോടും തട്ടിച്ചുനോക്കിയാൽ ഈ മഹാപണ്ഡിതൻ അതിരറ്റ പ്രശംസയ്ക്ക് അർഹനാണെന്നുള്ളതു തീർച്ച തന്നെ. ഈ മഹാന്റെ ജീവിതവൃത്താന്തം വളരെ സംക്ഷേപിച്ചു താഴെ കാണിച്ചുകൊള്ളട്ടെ.

ഓറിജൻ എ. ഡി. 185—254

കാത്തേജ് പട്ടണത്തിൽ പെർപ്പത്വ എന്ന മഹിളാമണിയും മറ്റു പല സാക്ഷികളും അനുഭവിച്ച കഠോരപീഡതന്നെ എജിപ്തിലുള്ള അലക്സാന്ത്രിയാനഗരത്തിലും ഉണ്ടായി. അവിടെ ഒരു നല്ല വിദ്വാനായിരുന്ന ലയോനിഡസ് എന്ന ക്ഷേത്രൻ രക്തസാക്ഷിയായി മരിച്ചു. ഇദ്ദേഹത്തിനു് ഓറിജൻ എന്ന പേരുള്ള ഒരു മകനുണ്ടായിരുന്നു. ഈ മകനെ ലയോനിഡസ് വളരെ ശ്രദ്ധയോടുകൂടി വളർത്തുകയും ദിനംപ്രതി വിശുദ്ധവേദത്തിൽനിന്നു് ഒരു ഭാഗം വീതം മനഃപാഠം പഠിപ്പിക്കയും ചെയ്തു. ഓറിജൻ പഠിക്കുന്നതിൽ വളരെ തൃഷ്ണയുള്ള വനായിരുന്നു. തന്റെ പുത്രൻ അതിസമർത്ഥനാകയാൽ നിഗളിച്ചു പോകുമെന്നുള്ള ഭയംനിമിത്തം മകനെക്കുറിച്ചു തനിക്കുണ്ടായിരുന്ന അനന്യസാധാരണമായ പ്രീതിയും അഭിമാനവും അവനെ അറിയിക്കാതെ തന്നെ ലയോനിഡസ്, കഴിച്ചുകൂട്ടി. കുട്ടികളുടെ ചിന്താപഥത്തിൽ എത്തുവാൻ കഴിയാത്തവിഷയങ്ങളെക്കുറിച്ചു് ഓറിജൻ ഘനമുള്ള ചോദ്യങ്ങൾ ചോദിക്കുമ്പോൾ, വിസ്മയപരതന്ത്രനായ പിതാവു മകനെ ശാസിക്ക പതിവായിരുന്നു. എങ്കിലും തന്റെ പ്രിയപുത്രൻ ഉറങ്ങുമ്പോൾ കിടക്കയുടെ അടുത്തുചെന്നു് അവനെ ചുംബിക്കയും ഒരു നല്ല മകനെ തന്നതിനു ദൈവത്തെ സ്തുതിക്കയും സൽപ്പഥഗാമിയായി തീരുവാൻ അവനുവേണ്ടി പ്രാർത്ഥിക്കയും ചെയ്തുവന്നു.

പീഡ ആരംഭിച്ചകാലത്തു് ഓറിജനു പതിനേഴ വയസ്സു പ്രായമായിരുന്നു. വിശ്വാസത്തിനുവേണ്ടി മരിപ്പാൻ അവനും ആഗ്രഹിച്ചതായി പറയപ്പെട്ടിരുന്നു. എന്നാൽ അവന്റെ അമ്മ വസ്ത്രം എടുത്തു് ഒളിച്ചുവച്ചതിനാൽ അവൻ വീട്ടിൽ താമസിക്കേണ്ടിവന്നു. എങ്കിലും, ''അമ്മയേയും അനാഥരായ ഞങ്ങളേയും ഓർത്തു ദുഃഖിക്കരുതെന്നും വിശ്വാസത്തിൽ സ്ഥിരമായിരുന്നുകൊണ്ടു ദൈവത്തിൽതന്നെ സംഗതികളും ഭരമേല്പിച്ചുകൊള്ളണമെന്നും'' തടവിൽ കിടക്കുന്ന തന്റെ അപ്പന്റെ പേർക്കു് ഒരിറിജൻ കത്തയച്ചു.

ശത്രുക്കൾ ലയോനിഡസ്സിനെ കൊന്നതുകൊണ്ടു മാത്രം തൃപ്തിപ്പെടാതെ അയാളുടെ വസ്തുക്കളെല്ലാം കണ്ടുകെട്ടി എടുക്കയും അതിനാൽ അശരണയായ വിധവ ഏഴുമക്കളോടുകൂടി വലിയ ഞെരുക്കത്തിൽ ആകയും ചെയ്തു. മക്കളിൽവച്ചു മൂത്തവൻ ഓറിജൻ ആയിരുന്നു. എന്നാൽ സഭയിൽപെട്ട ഒരു മാന്യസ്ത്രീ ഈ കുടുംബത്തിന്റെ അനാഥസ്ഥിതി കണ്ടു് ഓറിജനെ തന്റെ വീട്ടിൽകൊണ്ടുപോയി താമസിപ്പിച്ചു. കുറേക്കാലം കഴിഞ്ഞു പ്രസ്തുത യുവാവു് ആ സ്ഥലത്തു് ഒരു അദ്ധ്യാപകനായി. അയാൾ പഠിപ്പിച്ചുകൊണ്ടിരുന്ന പാഠശാലയിൽ അലക്സാന്ത്രിയയിലുള്ള ക്രിസ്തീയ യുവാക്കൾ ചേർന്നു മതസംബന്ധവും തദിതരവുമായ വിഷയങ്ങൾ പഠിച്ചുവന്നിരുന്നു. കുറേക്കാലത്തേക്കു പീഡ കുറഞ്ഞിരുന്നെങ്കിലും വീണ്ടും വർദ്ധിക്കയാൽ ഓറിജന്റെ ശിഷ്യന്മാരിൽ ചിലർ സാക്ഷിമരണം അനുഭവിക്കേണ്ടിവന്നു. അവരെ വിസ്തരിക്കുമ്പോൾ അയാൾകൂടി ചെല്ലുകയും പീഡയിൽ അവർക്കുറച്ചു നില്ക്കയും ചെയ്തു. അലക്സാന്ത്രിയായിലെ ജനങ്ങൾ ഓറിജനോടും ക്രൂരമായി പെരുമാറി എന്നുവരികിലും കൊല്ലാതെ വിടുകയാണുണ്ടായതു്.

''സൗജന്യമായി നിങ്ങൾക്കു ലഭിച്ചു, സൗജന്യമായി കൊടുപ്പിൻ'' എന്നു് ഓറിജൻ സുവിശേഷത്തിൽനിന്നു (മത്താ. 10: 8) വായിച്ചു് അറിഞ്ഞിട്ടുണ്ടായിരുന്നു. അതുകൊണ്ടു് അവൻ ഫീസുവാങ്ങാതെ പഠിപ്പിക്കണമെന്നു നിശ്ചയിച്ചു. ഇതുനിമിത്തം താൻ എഴുതിവച്ചിരുന്നപുസ്തകങ്ങൾവിറ്റു വളരെനാൾ നിത്യത കഴിക്കേണ്ടിവന്നു. ഒരു ദിവസം 5 അണ മാത്രമേ ചിലവിനുവേണ്ടി അയാൾ എടുത്തിരുന്നുള്ളു. ജഡേച്ഛ നശിപ്പിക്കേണ്ടതിനു

മത്താ.19:12–ാം വാക്യത്തെ അക്ഷരപ്രകാരം നിവൃത്തിച്ചു. ആഹാരം എത്രയും താണതരത്തിലുള്ളതായിരുന്നു. വസ്ത്രത്തെപ്പറ്റി പറയുന്നപക്ഷം ഒരു കുപ്പായം മാത്രമേ ഉണ്ടായിരുന്നുള്ളൂ. ആ ഒറ്റക്കുപ്പായംകൊണ്ടുതന്നെയാണ് അയാൾ കഠിനമായ ശീതകാലം കഴിച്ചുകൂട്ടിയതു്. രാത്രിയുടെ ഒരു വലിയഭാഗം ഉറക്കമിളച്ചിരിക്കയും പിന്നീടു വെറുംതറയിൽ കിടന്നുറങ്ങുകയും ചെയ്തു. ഏതാദൃശമായ കഠിനനിഷ്ഠകളാൽ ഓറിജനു രോഗം പിടിപെട്ടു. വാസ്തവത്തിൽ ഈ ശരീരപീഡനം ക്രൈസ്തവ ധർമ്മത്താൽ അപരിത്യാജ്യമെന്നു വിധിക്കപ്പെട്ടിട്ടുള്ളതല്ലെങ്കിലും അനിതരസാധാരണമായ ആത്മപരിത്യാഗം സർവ്വശ്രാഘ്യമായ ഒരു പദവിക്കു് ആരെയും അർഹന്മാരാക്കിത്തീർക്കുമെന്നുള്ളതിനു സംശയമില്ലല്ലോ.

ഒരു ഉപദേഷ്ടാവെന്ന നിലയിൽ ഓറിജൻ വലിയ വിശ്രുതനായിത്തീർന്നു. യഹൂദന്മാരും ജാതികളും എന്നുവേണ്ട വിരോധികളും പോലും അയാളുടെ പ്രസംഗം കേൾപ്പാൻ പോകും. അയാൾ അനേകരെ സുവിശേഷവിശ്വാസത്തിലേക്കു നടത്തി. കൂടാതെ, വളരെ ദീർഘയാത്ര ചെയ്തു. ഇതര രാജ്യങ്ങളിൽ സുവിശേഷം പ്രസംഗിക്കുന്നതിനോ മതസംബന്ധമായ തർക്കങ്ങളും തീർക്കുന്നതിനോ ആയി ഇദ്ദേഹത്തെ ജനങ്ങൾ ക്ഷണിച്ചുകൊണ്ടുപോയി. അലക്സാണ്ഡർ സെവറസ് ചക്രവർത്തിയുടെ മാതാവു് ഓറിജനെ ഒന്നു കാണ്മാൻ ആഗ്രഹിച്ചു കോവിലകത്തേക്കു ക്ഷണിച്ചു. കാരണം ഈ മഹതി ക്രിസ്ത്യാനികളുടെ പേരിൽ വളരെ പ്രതിപത്തിയുള്ളവളായിരുന്നു. അവളുടെ അപേക്ഷാനുരോധം ഓറിജൻ പോയി ആ മാതാവിനെ കണ്ടു. തദാനീന്തനന്മാരിൽ ഉൽകൃഷ്ടപണ്ഡിതനായിരുന്ന ഈ സിദ്ധൻ ക്രൈസ്തവധർമ്മ ഗ്രന്ഥത്തെ അധികരിച്ചു വളരെ ഭാഷ്യങ്ങളും എഴുതുകയും മതസാബന്ധമായ ഉപന്യാസങ്ങളും രചിക്കയും ചെയ്തു. 28 വർഷത്തെ നിസ്തുലമായ പരിശ്രമത്താൽ ഹെക്സപ്ലാ (Hexapla) എന്ന പേരുള്ള ഒരു വലിയ ഗ്രന്ഥം എഴുതിയുണ്ടാക്കി. ഇതിന്റെ ഓരോ പേജിലും ആറു പംക്തിവീതം ഉണ്ടായിരുന്നു. എബ്രായഭാഷയിലും ഗ്രീക്കിലുമുള്ള പഴയനിയമലിഖിതങ്ങളാണു പല പരിഭാഷകളോടുകൂടി ഇതിൽ എഴുതി ചേർത്തിരുന്നതു്.

ഓറിജൻ ഉത്തമനും വിദ്വാനുമായിരുന്നെങ്കിലും യവനതത്വജ്ഞാനത്തെക്കുറിച്ചുള്ള പക്ഷപാതത്താൽ അദ്ദേഹത്തിന്റെ മതസംബന്ധമായ അഭിപ്രായങ്ങളിൽ പല ന്യൂനതകളും വന്നുകൂടി. എങ്കിലും ഈ വിശ്രുതന്റെ ചരിത്രസൂക്ഷ്മയിൽ അത്രകൂടം നിഷ്പ്രഭങ്ങളായിതീർന്നുപോകുന്നതിനേ ഇടയുള്ളൂ.

''മുങ്ങുന്നുപോൽ ഗ്രഹഗണത്തി, ലൊരൊറ്റയായ
മായം, കളങ്കമതുപോലെ നിലാവൃതന്നിൽ''

എന്നാണല്ലോ ആപ്തവാക്യം.

അലക്സാന്ത്രിയാ ബിഷപ്പായ ഡമറ്റ്രിയസ് ഓറിജനു പട്ടം കൊടുപ്പാൻ മടിച്ചു. ഒരു പ്രസ്ബിറ്ററായി വിശുദ്ധ നാട്ടിൽ അവനെ പട്ടംകെട്ടിയതറിഞ്ഞു ഡമറ്റ്രിയസ് കുപിതനായി. സ്വന്ത സഭയിൽവച്ചല്ലാതെ ഇതര സ്ഥലത്തുള്ള സഭകളിൽവച്ചു് ആരും പട്ടമേല്ക്കയോ അങ്ങനെ പട്ടംകൊടുത്തു പോകയോ ചെയ്യരുതെന്നുള്ള പ്രമാണത്തെ ഡെമറ്റ്രിയസ് നിഷ്കർഷയായി പിടിച്ചു വാദിച്ചു. ഓറിജന്റെ ചെറുപ്പകാലത്തെ സാഹസപ്രവൃത്തികളും അയാൾ സ്വീകരിച്ചിരുന്ന അപൂർവാഭിപ്രായങ്ങളും ഓറിജനു വിരോധമായി ആ മെത്രാൻ കൊണ്ടുവന്നു. ഇതുനിമിത്തം അലക്സാന്ത്രിയയിൽ തനിക്കു് ആനുകൂല്യമുണ്ടാകയില്ലെന്നു കണ്ടു തനിക്കു പട്ടംകൊടുത്ത കൈസറിയായിലെ ബിഷപ്പിന്റെ അടുക്കലേക്കു് അദ്ദേഹം പോയി. അവിടെ ഈ മഹാൻ പൂർവാധികം പ്രസിദ്ധി സമ്പാദിച്ചു. ശാന്തനായ

അലക്സാണ്ടർ സെവറസ്സിനെ കൊന്ന മാക്സിമിൻ എന്ന ദുഷ്ടചക്രവർത്തിയുടെ ഉപദ്രവത്താൽ ഓറിജൻ കൈസറിയയിൽനിന്നു കപ്പദോക്യയിലേക്കു ഓടിക്കപ്പെട്ടു. ഡെഷ്യസ് ചക്രവർത്തിയുടെ കീഴിൽ വേറൊരു പീഡ ആരംഭിക്കുംവരെ അവിടത്തന്നെ പാർത്തു.

സഭയുടെ ചരിത്രത്തിൽ ഇതു കഠിനമായ ഒരു പീഡ ഇതിനുമുൻപു ഒരിക്കലും ഉണ്ടായിട്ടില്ല. ഇതു സാമ്രാജ്യമൊട്ടുക്കു വ്യാപിച്ചു. ട്രാജൻ മുതലായ ചക്രവർത്തികൾ ക്രിസ്ത്യാനികളുടെ സംരക്ഷണത്തിനുവേണ്ടി ചെയ്തിരുന്ന ഏർപ്പാടുകൾ നിശ്ശേഷം നിരസിക്കപ്പെട്ടു. ക്രിസ്ത്യാനികളെ അന്വേഷിച്ചു പിടിക്കയും ചന്തസ്ഥലങ്ങളിൽ അവരെ കൊണ്ടുവന്നു വിഗ്രഹങ്ങൾക്കു ബലികഴിപ്പാൻ ന്യായാധിപന്മാർ അവരെ നിർബന്ധിക്കയും ചെയ്തു. മറുത്തുപറയുന്നതിനുള്ള ശിക്ഷ മഹാകഠിനമായിരുന്നു. ബിഷപ്പന്മാരേയും പട്ടക്കാരേയും നശിപ്പിക്കണമെന്ന തന്നെയായിരുന്നു ചക്രവർത്തിയുടെ മുഖ്യകരുതൽ. കാരണം ഉപദേഷ്ടാക്കന്മാരെ തടുക്കുന്നതായാൽ ജനങ്ങൾ സുവിശേഷത്തെ നിഷേധിച്ചുകൊള്ളുമെന്നു ചക്രവർത്തി വിചാരിച്ചു. വളരെ സാക്ഷികൾ ഈ സമയത്തു കൊല്ലപ്പെട്ടെങ്കിലും പീഡകന്മാരുടെ ഉദ്ദേശം ക്രിസ്ത്യാനികളെ കൊല്ലണമെന്നുള്ളതിനെക്കാൾ അവരെ മതത്യാഗം ചെയ്യിക്കണമെന്നായിരുന്നു. ഇതിനുവേണ്ടി അനേകരെ പട്ടിണിക്കിടുകയും കഷ്ടപ്പെടുത്തുകയും ക്രിസ്തുവിനെക്കുറിച്ചു കേട്ടിട്ടില്ലാത്ത കാട്ടുജാതിക്കാരുടെ ഇടയിലേക്കു നാടുകടത്തുകയും ചെയ്തു. ഈ നാടുകടത്തൽ ചക്രവർത്തിയുടെ ഉദ്ദേശത്തിനു വിപരീതമായ ഫലത്തിലാണു കലാശിച്ചതു്. എങ്ങിനെയെന്നാൽ നാടുകടത്തപ്പെട്ട ബിഷപ്പന്മാരും പട്ടക്കാരും തങ്ങളുടെ ചുറ്റുമുണ്ടായിരുന്ന സാധുക്കളായ കാട്ടുജാതികൾക്കു സുവിശേഷം അറിയിച്ചു്, അവരെ ക്രിസ്തുവിങ്കലേക്കു നടത്തി. സഭയ്ക്കു സമാധാനകാലമായിരുന്നെങ്കിൽ ആ കാട്ടുജാതികൾ ഇത്ര വേഗത്തിൽ ക്രിസ്തുവിനെ അറിയാൻ ഇടവരികയില്ലായിരുന്നു. ഓറിജനും ഈ ഉപദ്രവത്തിൽ തടവിലാക്കപ്പെടുകയും കഠിനമായി പീഡിപ്പിക്കപ്പെടുകയും ചെയ്തു. ഇക്കാലത്തു ഓറിജനു ഏകദേശം 70 വയസ്സു പ്രായമായിരുന്നു. ഇടവിടാതെയുള്ള ഗ്രന്ഥപാരായണംകൊണ്ടും ചെറുപ്പത്തിൽ ശീലിച്ചിരുന്ന കഠിനനിഷ്ഠകൾകൊണ്ടും അദ്ദേഹത്തിന്റെ ശരീരം തീരെ ദുർബലീഭവിച്ചു, ഈ അസാധാരണ മനുഷ്യൻ കൊല്ലപ്പെട്ടില്ലെന്നുവരികിലും പീഡാകാലത്തനുഭവിച്ച അതിമാത്രമായ ദേഹോപദ്രവത്താൽ താമസിയാതെ (254) മരിച്ചു. ഈദൃശം, സഭാന്തരീക്ഷത്തിൽ ഒരു ശതാബ്ദത്തിന്റെ പകുതിയിലധികംകാലം ജാജ്വല്യമാനമായി ശോഭിച്ചുകൊണ്ടിരുന്ന ഈ ജ്യോതിശ്ചക്രം സോൽക്കണ്ണും വിക്ഷിച്ചുകൊണ്ടിരുന്ന ക്രൈസ്തവസാധുഗണങ്ങളുടെ ദൃഷ്ടികളിൽനിന്നു പൊടുന്നനവെ തിരോധാനം ചെയ്തു.

കുപ്രിയാനോസ് എ. ഡി. 200–258

ഏകദേശം ഓറിജന്റെ കാലത്തുതന്നെ ആയിരുന്ന കാർത്തേജിലെ ബിഷപ്പായ കുപ്രിയാനോസും ജീവിച്ചിരുന്നതു്. ക്രിസ്താബ്ദം 200–ൽ അദ്ദേഹം ജനിച്ചു. തത്വശാസ്ത്രത്തിൽ ഒരു വലിയ പണ്ഡിതനായിരുന്ന ഈ മഹാൻ 45–ാം വയസ്സിൽ മനസ്തരിരിഞ്ഞു. ഉടൻ താൻ ഏർപ്പെട്ടിരുന്ന അദ്ധ്യാപകവൃത്തി വിട്ടുകളഞ്ഞു. കൂടാതെ യറുശലേമിലെ ആദിമക്രിസ്ത്യാനികളെപ്പോലെ പട്ടണത്തിനടുത്തുണ്ടായിരുന്ന തന്റെ വീടും പറമ്പും തനിക്കുള്ളതൊക്കെയും വിറ്റു ദരിദ്രന്മാർക്കു കൊടുത്തു. പിന്നീടു കാർത്തേജിലെ സഭയുടെ ആദ്ധ്യക്ഷം കയ്യേല്ക്കുകയും അവിടത്തെ ബിഷപ്പു മരിച്ചപ്പോൾ അതായതു്, താൻ മനസ്തരിരിഞ്ഞു മൂന്നുവർഷം കഴിഞ്ഞപ്പോൾ ബിഷപ്പായി തിരഞ്ഞെടുക്കപ്പെടുകയും ചെയ്തു.

കുപ്രിയാനോസു്, ഒരു ഉത്തമനായ ബിഷപ്പിന്റെ നിലയിൽ തന്റെ കൃത്യങ്ങളെ മുഴുശക്തിയോടുകൂടി ചെയ്തു. ഉപദ്രവം നീങ്ങിയതുകൊണ്ടു സഭയ്ക്കു

ലഭിച്ച ദീർഘമായ സുഖനിദ്രയാൽ വന്നുകൂടിയ തിന്മകളെ സഭയിൽനിന്നു നീക്കിക്കളവാൻ അയാളം ഉദ്യമിച്ചു. എന്നാൽ ബിഷപ്പായി രണ്ടുവർഷം കഴിയുന്നതിനു മുൻപു ഡെഷ്യസ് ചക്രവർത്തിയുടെ കീഴിൽ പിന്നെയും പീഡയാരംഭിച്ചു. ഓറിജന്റെ കഥയിൽ പറഞ്ഞുകഴിഞ്ഞതുപോലെ ബിഷപ്പന്മാരേയും പട്ടക്കാരേയും അടിപ്പെടുത്തണമെന്നായിരുന്നു പീഡകന്മാരുടെ ഉദ്ദേശ്യം. തന്റെ ജനങ്ങളംക്കു ഉപകാരപ്പെടുമെങ്കിൽ മരിക്കുന്നതിനുകൂടിയും കപ്രിയാനോസ് തയ്യാറായിരുന്നു. എന്നാൽ, ഒരു പട്ടണത്തിൽ നിങ്ങളെ ഉപദ്രവിച്ചാൽ മറെറാന്നിലേക്കു ഓടിപ്പോകുവിൻ (മത്താ. 10: 23) എന്നു കർത്താവു പറഞ്ഞ വചനം ഓർത്തു കപ്രിയാനോസ് തല്ക്കാലം പീഡകന്മാരിൽനിന്നു ഒഴിഞ്ഞുകൊള്ളുന്നതാണു നല്ലതെന്നു വിചാരിച്ചു് ഒളിച്ചുവെങ്കിലും സഭയെക്കുറിച്ചു് ഇടവിടാതെ അന്വേഷണം ചെയ്തുകൊണ്ടിരിക്കയും ഒളിപ്പിടത്തുനിന്നു് പട്ടക്കാർക്കു് എഴുത്തുകളും എഴുതുകയും ചെയ്തു.

ഇതിനിടയ്ക്കു കാർത്തേജിലെ സംഗതികളും വളരെ കഴക്കത്തിലായി. അടുത്തുകഴിഞ്ഞ സമാധാനകാലങ്ങളിൽ തങ്ങളെ ക്രിസ്ത്യാനികളെന്നു വിളിക്കുന്നതിൽ നിർഭയരായിരുന്ന ആളുകളും ജാതികളുടെ ദേവന്മാർക്കു ബലികഴിപ്പാൻ താല്പര്യത്തോടുകൂടി ഓടിക്കൂടുന്നതായി കാണപ്പെട്ടു. മറുചിലർ ബലികഴിക്കാതെ ഉദ്യോഗസ്ഥന്മാർക്കു കൈക്കൂലി കൊടുത്തു വിഗ്രഹങ്ങൾക്കു ബലികഴിച്ചിരിക്കുന്നതായി സാക്ഷിപത്രം വാങ്ങിവെച്ചു. എങ്കിലും യാതൊരു ചുളുക്കവും ഭീരുത്വവും തങ്ങളം കാണിച്ചില്ലെന്നായിരുന്ന ആ കുബുദ്ധികളും വിചാരിച്ചതു്. ഭ്രഷ്ടാക്കപ്പെട്ട ചില പട്ടക്കാർ പീഡയിൽ പിശകിയ ജനങ്ങളോടു തങ്ങളെ വീണ്ടും സഭയിലേക്കു ചേർത്തുകൊൾവാൻ ആവശ്യപ്പെടുന്നതിനും തങ്ങളെ ഉടൻ ചേർത്തുകൊള്ളണമെന്നു് രക്തസാക്ഷികളിൽ ഏതാനുംപേർ എഴുത്തുകളും തന്നിരിക്കുന്നതായി പ്രസ്താവിക്കുന്നതിനും അവർ നിർബന്ധിച്ചു.

ആ കാലങ്ങളിൽ ഏതെങ്കിലും ഒരു ക്രിസ്ത്യാനി പാപം നിമിത്തം കുറ്റം ചുമത്തപ്പെട്ടാൽ സഭ അവനെ പരസ്യശാസനയിൽ വയ്ക്കുന്നതു പതിവായിരുന്നു. ആംഗ്ലിയാസഭയുടെ പള്ളിക്രമത്തിൽ ''ഭയനിർദ്ദേശം'' എന്നു രോഗത്തു ഇതു കാണാവുന്നതാണു്. ഈവിധം പരസ്യശാസനയിൽ പെടുത്തിയ ആളുകളെ കർത്താവിന്റെ അത്താഴത്തിൽ സംബന്ധിക്കുവാൻ സമ്മതിക്കുകയുമില്ല. ഇക്കാലത്തേക്കാളം അന്നു കൂടക്കൂടെ കർത്തൃഭോജനം കൊണ്ടാടുകയും മേല്പറഞ്ഞതരത്തിലുള്ളവരൊഴികെ ഇതരന്മാരെല്ലാം അതിൽ പങ്കെടുക്കയും ചെയ്തുവന്നു. തിന്മപ്പെട്ടവർ പള്ളിവാതിലിനു പുറത്തുനിന്നുകൊണ്ടു അകത്തേക്കു കടന്നുപോകുന്നവരോടു തങ്ങൾക്കു പാപപൊറുതി കിട്ടുവാൻ അപേക്ഷിക്കണമെന്നു യാചിക്കു പതിവായിരുന്നു. വാസ്തവത്തിൽ അനുതപിച്ചു പള്ളിയിൽ പ്രവേശനം ലഭിച്ചവർക്കു തന്നെയും മറുള്ളവരുടെ ഇടയിൽ ഇരിപ്പാൻ അനുവാദം കിട്ടിയിരുന്നില്ല. അകന്ന ഒരു സ്ഥലത്തായിരുന്ന അവരെ ഇരുത്തിയും അവർ ഇരുന്നും വന്നതു്. ചിലപ്പോൾ ഈ ശിക്ഷ കുറെ വർഷങ്ങളോളം നീണ്ടുനിന്നു. പട്ടക്കാർക്കു് ഇവരുടെ അനുതാപത്തെക്കുറിച്ചു സമ്മതം വരുമ്പോൾ മാത്രമേ ഇവരെ സ്വീകരിക്കു പതിവായിരുന്നുള്ളു. രക്തസാക്ഷികളെ അന്നു സഭ വളരെ മാനിച്ചിരുന്നതുകൊണ്ടു ഈ കുറക്കാർ അവരുടെ അടുക്കൽചെന്നു് തങ്ങളുടെ കാലാവധി ഒന്നു കുറച്ചുകിട്ടുന്നതിനു സഭയെ ശിപാർശ ചെയ്യുമെന്നു് അപേക്ഷിച്ചുവന്നു. രക്തസാക്ഷികളുടെ അഭിപ്രായാനുസരണം സഭ പ്രവർത്തിക്കുകയും ചെയ്തു. എന്നാൽ വ്യാജമായി ഈ എഴുത്തുകൾ തയ്യാറാക്കിയവരുടെ നിമിത്തം കപ്രിയാനോസ് വളരെ വിഷമിച്ചു. ഈ കുറക്കാരുടെ നേരെയുള്ള അയാളുടെ പെരുമാറ്റങ്ങൾക്കു കാഠിന്യം കൂടിപ്പോയെന്നോ കുറഞ്ഞുപോയെന്നോ പറവാൻ ചിലർ പുറപ്പെട്ടു. ഈ ന്യൂനത പറഞ്ഞു സഭയെ വിട്ടുപോയവരിൽ

നോവത്യാനർ (Novationists) എന്ന കൂട്ടർ മൂന്നിലധികം നൂറാണ്ടുകളും നിന്നിരുന്നെങ്കിലും തന്റെകാലത്തു കുപ്രിയാനോസിനു അവരുടെമേൽ ജയം കൊള്ളുന്നതിനാണു് ഇടയായതു്.

പീഡ കഴിഞ്ഞ ഉടൻ രാജ്യമൊട്ടുക്കു ഒരു പകർച്ചവ്യാധി ഉണ്ടായി. ആ വ്യാധിയാൽ അസംഖ്യം ജനങ്ങൾ മരിച്ചു. ഇതു, ക്രിസ്ത്യാനികളെ ജീവിച്ചിരിപ്പാൻ സമ്മതിക്കയാൽ ദേവന്മാർ തങ്ങളെ ശിക്ഷിക്കയാണെന്നു ജാതികൾ വിചാരിച്ചു. അതുകൊണ്ടു നഗരവാസികളെല്ലാം കലയും പീഡയും നടത്തിക്കൊണ്ടു ക്രിസ്ത്യാനികൾക്കു വിരോധമായി പുറപ്പെട്ടു.

ക്രിസ്ത്യാനികളിൽ വല്ലവരും വല്ലപ്പോഴും തിന്മയ്ക്കു തിന്മ പകരം ചെയ്യാതെ തങ്ങളുടെ പ്രഭുവിന്റെ ഹിതമനുസരിച്ചു ശാന്തതയും സ്നേഹവും പ്രദർശിപ്പിച്ചിട്ടുണ്ടെങ്കിൽ അതു് ഈ കാത്തേജ്നിവാസികളല്ലാതെ മറ്റാരുമല്ലായിരുന്നു. വ്യാധി പടർന്നുപിടിച്ചപ്പോൾ മനുഷ്യനു സ്വാഭാവികമായ ദയാബുദ്ധി നിശ്ശേഷം പരിത്യജിച്ചു, ഭ്രാന്തുപിടിച്ചതുപോലെ ജാതികൾ ഭീതരായി കാണപ്പെട്ടു. തങ്ങൾക്കുള്ളവർ രോഗികളെന്നു കണ്ടയുടൻ യാതൊരു കരുണയുംകൂടാതെ അവരെ ഉപേക്ഷിച്ചുകളഞ്ഞതിനാൽ മരിച്ചവരുടെ ശവങ്ങൾ സംസ്കരിപ്പാൻകൂടെ ആരുമില്ലാതെ ഭയങ്കര ശ്മശാനത്തിൽ തെരുവുനീളെ കിടക്കയും തന്നിമിത്തം വായുമണ്ഡലം ദൂഷിച്ചു വ്യാധി പൂർവാധികം ശക്തിയോടുകൂടി വ്യാപിക്കയും ചെയ്തു. ജാതികൾ അവരുടെ പ്രാണനെ മാത്രം കരുതി ഓടിത്തുടങ്ങി. അപ്പോൾ കുപ്രിയാനോസ് കാത്തേജ് പട്ടണത്തിലുള്ള ക്രിസ്ത്യാനികളെ ഒന്നിച്ചുകൂട്ടി, ഇങ്ങിനെ പ്രസംഗിച്ചു. രോഗികളോടു് പെരുമാറേണ്ടതു നേരെമറിച്ചാണു്, നമ്മുടെ സ്നേഹിതന്മാരെ നാം സഹായിക്കുന്നതു ആശ്ചര്യമല്ല. ജാതികൾക്കും ചുങ്കക്കാർക്കും നന്മ ചെയ്യുന്നതിനും ശത്രുക്കളെ സ്നേഹിക്കുന്നതിനും കർത്താവു നമ്മോടു കല്പിച്ചിട്ടുണ്ടല്ലോ. തന്നെ ഉപദ്രവിച്ചവർക്കുവേണ്ടി അവൻ പ്രാർത്ഥിച്ചതിനാൽ അവന്റെ ശിഷ്യന്മാരായ നാമും രോഗികളായ ജാതികളുടെ സംഗതിയിൽ തദനുസൃതം ചെയ്യേണ്ടതാണു്. അനന്തരം ആ ഉത്തമനായ ബിഷപ്പു് ഈ പുണ്യപ്രവൃത്തി നടത്തുവാൻ തന്റെ ജനങ്ങൾക്കു ടൗണിന്റെ ഓരോഭാഗം തിരിച്ചുകൊടുത്തു. പണമുള്ളവർ പണംകൊടുക്കയും ശരീരംകൊണ്ടു സഹായിക്കാവുന്നവർ ആവിധം ചെയ്കയും ചെയ്തു. ഇങ്ങിനെ ജാതികളെന്നോ ക്രിസ്ത്യാനികളെന്നോ ഉള്ള വ്യത്യാസം കൂടാതെ ക്രൈസ്തവസംഘക്കാർ രോഗികളെ ശുശ്രൂഷിക്കയും മരിച്ചവരെ കുഴിച്ചിടുകയും ചെയ്തു.

ഡെഷ്യസ് ചക്രവർത്തിയുടെ മരണംകഴിഞ്ഞു് ഏകദേശം ആറുവർഷം തികഞ്ഞപ്പോൾ വലീറിയൻചക്രവർത്തിയുടെ കീഴിൽ പുതിയ പീഡ ആരംഭിച്ചു. ക്രിസ്ത്യാനികൾ ആരാധനയ്ക്കായി ഒരുമിച്ചു കൂടരുതെന്നും അദ്ധ്യക്ഷന്മാരെ കൂട്ടത്തിൽനിന്നു പിടിക്കണമെന്നും അദ്ദേഹം ആജ്ഞാപിച്ചു. കുപ്രിയാനോസ് ആഫ്രിക്കയിലെ ഗവർണരുടെ മുൻപിൽ കൊണ്ടുപോകപ്പെട്ടു. ചോദ്യം ചോദിച്ചുതുടങ്ങിയപ്പോൾ അവൻ പറഞ്ഞതാവിതു്: ഞാൻ ഒരു ക്രിസ്ത്യാനിയും ക്രിസ്തീയ ബിഷോപ്പുമത്രെ. സത്യൈകദൈവത്തെ അല്ലാതെ ഇതരദേവന്മാരെ ഞാൻ അറിയുന്നില്ല. ആകാശവും ഭൂമിയും സമുദ്രവും അവയിലുള്ളതൊക്കെയും സൃഷ്ടിച്ചതു് ഈ ദൈവമത്രെ. ക്രിസ്ത്യാനികളായ ഞങ്ങൾ സേവിക്കുന്നതു ഈ ദൈവത്തെതന്നെയാണു്. ഞങ്ങൾക്കുവേണ്ടിയും സകല മനുഷ്യവർഗ്ഗത്തിനുവേണ്ടിയും ചക്രവർത്തികൾക്കുവേണ്ടിയും രാപ്പകൽ ഞങ്ങൾ അവനോടു പ്രാർത്ഥിച്ചുവരുന്നു. തന്റെ കീഴിലുള്ള പട്ടക്കാർ എവിടെ എന്നു ഗവർണ്ണർ അവനോടു ചോദിച്ചു. എവിടെ എന്നു പറവാൻ എനിക്കു് അനുവാദമില്ല. അന്വേഷിച്ചാൽ അവരുടെ സ്വന്തസ്ഥലങ്ങളിൽ അവരെ കാണാം എന്നു കുപ്രിയനോസ് മറുപടി പറഞ്ഞു. ക്രിസ്ത്യാനികൾ ആരാധനയ്ക്കായി കൂടുന്നതായാൽ മരണ

ശിക്ഷ ഉണ്ടാകുമെന്നു ഗവർണർ പറഞ്ഞു. കാത്തേജിൽനിന്നു 40 മയിൽസ് ദൂരമുള്ള കുബീസ് എന്ന സ്ഥലത്തേക്കു കുപ്രിയാനോസിനെ നാടുകടത്തുവാൻ അദ്ദേഹം വിധിച്ചു. അതൊരു സന്തോഷമുള്ള പാർപ്പിടമായിരുന്നു, കുപ്രിയാനോസ് ഒരു സംവത്സരം അവിടെ പാർത്തു. ആ താമസത്തിനിടയ്ക്ക് അവനെ സ്നേഹിതന്മാരിൽ പലരും ചെന്നു കാണുകയും സഹോദരന്മാർക്കു പ്രബോധനവും ആശ്വാസവും നിറഞ്ഞുള്ള എഴുത്തുകൾ എഴുതുകയും ചെയ്തു. സഹോദരന്മാരിൽ പലരെ കാട്ടുപ്രദേശത്തേക്ക് ഓടിക്കയും ചിലരെ തുരങ്കവേല ചെയ്യിക്കാൻ ചക്രവർത്തിയുടെ കല്പനയുണ്ടാകയും ചെയ്തപ്പോൾ പീഡിതന്മാർക്കു പണവും മറ്റു സമ്മാനങ്ങളും അയച്ച് അവരെ ആശ്വസിപ്പിച്ചുകൊണ്ടിരുന്നു.

ആ ആണ്ടിന്റെ അവസാനത്തിൽ ഒരു പുതിയ ഗവർണർ വന്നപ്പോൾ കുപ്രിയാനോസിനെ വീണ്ടും കാർത്തേജിലേക്കു വിളിച്ചു. ബിഷപ്പന്മാരേയും കൊന്നുകളകയും സ്ഥലത്തുള്ള ക്രിസ്ത്യാനികളെ നിസ്സാരാക്കി നാടുകടത്തുകയും അഥവാ വധിക്കയും ചെയ്യണമെന്നു ചക്രവർത്തി ഇപ്പോൾ ആജ്ഞാപിക്കയുണ്ടായി. സമയം അടുത്ത് എന്നു കുപ്രിയാനോസ് കണ്ടിട്ട്, ഓടി രക്ഷപെടുന്നതിനു സ്നേഹിതന്മാർ അദ്ദേഹത്തോട് അപേക്ഷിച്ചതിനെ നിരസിച്ചു. കാത്തേജിൽനിന്ന് ആറു മൈൽ ദൂരമുള്ള നാടുവാഴിയുടെ വീട്ടിലേക്ക് അദ്ദേഹത്തെ കൊണ്ടുപോയി. അവിടെ നാടുവഴി അവനോട് ആദരവായി വർത്തിക്കയും സ്നേഹിതന്മാരുമൊന്നിച്ചു ഭക്ഷണം കഴിച്ചുകൊള്ളുന്നതിനു് അനുവദിക്കയും ചെയ്തു. കുപ്രിയാനോസിനെ പിടികൂടിയതായി അറിഞ്ഞ് അദ്ദേഹത്തിന്റെ കീഴിലുണ്ടായിരുന്ന അസംഖ്യം ആളുകളും കത്തേജുപട്ടണം വിട്ട്, അവൻ താമസിച്ചിരുന്നിടത്തുചെന്നു തങ്ങളുടെ ബിഷപ്പിനെ വധിക്കയോ അറിയാതെ നാടുകടത്തുകയോ ചെയ്യും എന്നു ഭയന്നു വീട്ടിനു ചുറ്റും രാത്രി മുഴുവൻ കാത്തുനിന്നു. പിറേറദിവസം രാവിലെ കുപ്രിയാനോസിനെ കച്ചേരിയിലേക്കു കൊണ്ടുപോയി. അതു ഗവർണരുടെ വസതിയിൽനിന്നു സ്വല്പം ദൂരത്തിലായിരുന്നു. വെയിലിന്റെ കാഠിന്യംകൊണ്ടും നടപ്പുകൊണ്ടും കുപ്രിയാനോസ് വളരെ ഉഷ്ണിച്ച് അവിടെയെത്തി ഗവർണരുടെ വരവു കാത്തിരിക്കുന്നതിനിടയിൽ, മുൻപൊരിക്കൽ ക്രിസ്ത്യാനിയായിരുന്ന ഒരു കാവൽഭടൻ ചെന്നു് ഉടുപ്പു മാറുന്നതിനു മറ്റു് ഏതാനും ഉടുപ്പുകളും കൊടുത്തപ്പോൾ, പക്ഷേ ഇന്നുകൊണ്ട് അവസാനിക്കാൻ പോകുന്ന ഈ കഴപ്പും പരിഹരിക്കാൻ നാം എന്തിനു ബുദ്ധിമുട്ടുന്നു എന്നു ഭയനീയനായ ആ ബിഷപ്പു പറഞ്ഞു.

ഗവർണ്ണർ ആസനസ്ഥനായി ദേവകൾക്കു ബലി കഴിപ്പാൻ കുപ്രിയാനോസിനോട് ആജ്ഞാപിച്ചു. അദ്ദേഹം ആജ്ഞാനിരസനം ചെയ്കയാൽ ജീവനെപ്പറ്റി ആലോചിക്കാൻ ഗവർണ്ണർ വീണ്ടും ആവശ്യപ്പെട്ടു. ബിഷപ്പ് ഉത്തരം പറഞ്ഞു: ഇത്ര ന്യായമായ സംഗതിക്കു വീണ്ടും ആലോചന കഴിച്ചിട്ട് ആവശ്യമില്ല. തന്നെ ശിരഃഛേദം ചെയ്യണമെന്നുള്ള വിധി കേട്ടപ്പോൾ ദൈവത്തിനു സ്തുതി എന്നു് ഉച്ചത്തിൽ പറഞ്ഞു. നാമംപോയി അദ്ദേഹത്തോടുകൂടി ശിരഃഛേദം അനുവേക്കാമെന്ന ജനങ്ങൾ നിലവിളികൂട്ടി. അനന്തരം കുപ്രിയാനോസ് ഏതാനും ഭടന്മാരാൽ വധസ്ഥലത്തേക്കു കൊണ്ടുപോകപ്പെട്ടു. അദ്ദേഹം കുറെ പണം വധക്രിയ നടത്തുന്നവനു കൊടുത്തു. കൊല്ലപ്പെടുന്നതിനു മുൻപ് കണ്ണുകെട്ടണമെന്നുണ്ടായിരുന്ന പതിവനുസരിച്ചു കുപ്രിയാനോസ്തന്നെ തന്റെ കണ്ണുകൾ മൂടിക്കെട്ടി. അദ്ദേഹത്തിന്റെ സ്നേഹിതന്മാരിൽ രണ്ടുപേർ അദ്ദേഹത്തിന്റെ കൈകളെ കെട്ടി. ക്രിസ്ത്യാനികളും ചുറ്റും വസ്ത്രങ്ങളും തൂവാലകളും പിടിച്ചു രക്തം ഏറ്റെടുത്തു. ഇങ്ങനെ ആഫ്രിക്കയിലെ ഒന്നാം രക്തസാക്ഷിയായി ക്രിസ്താബ്ദം 258–ൽ വിശുദ്ധ കുപ്രിയാനോസ് മരിച്ചു.

അദ്ധ്യായം അഞ്ചു്

വേദശാസ്ത്രം

സാമാന്യക്രൈസ്തവജനതയ്ക്കു ക്രിസ്തുമതത്തിന്റെ പ്രധാന സത്യങ്ങളും വളരെ ശുദ്ധിയിലും, കേവലത്വ (Simplicity) ത്തിലുമാണു് കൊടുക്കപ്പെട്ടിരുന്നതു്. ജടിലത അശേഷം ഇല്ലായിരുന്നു. ബലഹീനരും മൃദുഹൃദയന്മാരുമായിട്ടുള്ളവരുടെ മനസ്സുകളിൽ ഭാരം കയറ്റുക്കവണ്ണമുള്ള പഠനങ്ങളും നാസ്തിയായിരുന്നു. എന്നാൽ സ്ത്രീകളിലും പുസ്തകങ്ങളിലും, തത്വവും സാഹിത്യവും പഠിച്ചിട്ടുള്ള പണ്ഡിതന്മാരിലും അസാധാരണമായ അറിവു് എന്ന ഒന്നു സ്ഥിതി ചെയ്തിരുന്നു. ക്രിസ്തുവിന്റെ ഉപദേശങ്ങൾപോലും, സാധാരണക്കാർ ധരിച്ചിരിക്കുന്നതിൽനിന്നു വ്യതിരക്തവും, അഗാധവുമായ അർത്ഥം ഉണ്ടെന്നും, അതു് ഈ നവതത്വജ്ഞാനപദ്ധതി മുഖാന്തരമല്ലാതെ അറിവാൻ സാധിക്കുന്നതല്ലെന്നും ചിലർ പ്രസ്താവിച്ചു തുടങ്ങി. ഈ അഭിപ്രായക്കാരുടെ തലവൻ ഓറിജൻ ആയിരുന്നു. ഇദ്ദേഹം പ്ലത്തോന്യതത്വദ്വാരാ, ഉപദേശങ്ങളെയും ദൈവവചനത്തെയും, വിവരിപ്പാൻ ഒരു വഴി വെട്ടിത്തുറന്നു. ചില ഘട്ടങ്ങളിൽ ഇദ്ദേഹം ഈ വിഷയത്തിൽ ഭീതനായിരുന്നു എന്നു തെളിവുണ്ടു്. എന്നാൽ തച്ഛിഷ്യന്മാർ നിർഭയമായി സകലവും തത്വജ്ഞാനവഴിക്കു വ്യാഖ്യാനിച്ചു. ഈ വിധത്തിലാണു സ്കോളിസ്റ്റാക്കു് (Scholastic) എന്ന വേദശാസ്ത്രപദ്ധതി ഉണ്ടായതു്. ഈ പദ്ധതിക്കു കാലാന്തരത്തിൽ പലരൂപഭേദങ്ങളും ഉണ്ടായി.

ഇതിന്റെ പിന്നാലെ മിസ്റ്റിക്കു് (Mystic) എന്ന ഒരു പ്രസ്ഥാനം ഉത്ഭവിച്ചു. ഈ പ്രസ്ഥാനം മറ്റതിനെ വിഴുങ്ങിക്കളയുമെന്നു പലർക്കും തോന്നി. ഇതിന്റെ നിർമ്മാതാക്കളും ആരെന്നു് അറിഞ്ഞുകൂടാ. ഓറിജനും ശിഷ്യന്മാരും പിടിച്ചിരുന്ന മതത്തെ അടിസ്ഥാനപ്പെടുത്തിയതെ ഇതും ഉണ്ടായതു്. സകല മനുഷ്യരിലും, ദൈവസ്വഭാവത്തിന്റെ അംശം വിതയ്ക്കപ്പെട്ടിരിക്കുന്നു എന്നു അവർ അഭിപ്രായപ്പെട്ടു. ഈ ദിവ്യസ്വഭാവം അഥവാ, ഈ ദിവ്യവിവേകം തെളിഞ്ഞു കിട്ടുന്നതിനു ഒരു മാതിരി യോഗാഭ്യാസം കൊണ്ടു മാത്രമേ സാധിക്കയുള്ളു എന്നു് ഉപദേശിച്ചു. അല്പാത്മാവർക്കു, സത്യം കുഴഞ്ഞതും വിരുപവുമായ ഒരു നിലയിൽ മാത്രമേ തോന്നുകയുള്ളു പോൽ. ഈ ജ്ഞാനവഴി വ്യാപിച്ചു തുടങ്ങിയപ്പോഴും പലരും ഏകാന്തത്തിലേക്കു പോയി ഉപവാസംകൊണ്ടു്, ശരീരത്തെ ദണ്ഡിപ്പിക്കയായി. പരമാനന്ദലബ്ധിക്കു് ഇതല്ലാതെ വേറെ വഴിയില്ലെന്നു പലർ തീരുമാനിച്ചു. ഡെഷ്യസിന്റെ പീഡ നിമിത്തമല്ല, ഈ ധാരണ നിമിത്തമത്രെ പൗൽ എന്നയുവാവു്, എജിപ്തിൽ തീബ്സു് അരണ്യങ്ങളിൽ, ഒരു മനുഷ്യജീവി എന്ന നിലയെക്കാളും, വിവേകശൂന്യമായ ഒരു ജന്തുവിനെപ്പോലെ അലഞ്ഞു നടന്നതു് എന്നാണു ഡോക്ടർ മോഷീം അഭിപ്രായപ്പെട്ടന്നതു്. എറിമയിറ്റ്സു് (Eremites) എന്ന സന്യാസസംഘത്തിന്റെ കാരണം, ഈ പൗൽ ആയിരുന്നു. എന്നാൽ വാനപ്രസ്ഥനായിത്തീർന്ന ഇയാളുടെ കാലത്തിനു മുമ്പുതന്നെയും, ക്രിസ്ത്യാനികളുടെ ഇടയിൽ ഈ മാതിരി ഏകാന്ത ജീവികളും ഉണ്ടായിരുന്നു എന്നാണറിവു്. ക്രിസ്തുമതം ഉണ്ടാകുന്നതിനു മുമ്പായിത്തന്നെ ഈജിപ്തു്, സിറിയാ, ഇൻഡ്യാ, മെസപ്പോട്ടേമിയാ മുതലായ സ്ഥലങ്ങളിൽ വാനപ്രസ്ഥവും, സന്ന്യാസവും ദീക്ഷിച്ച അസംഖ്യം ആളുകളും ഉണ്ടായിരുന്നു. ക്രിസ്ത്യാനികളെപ്പോലെ മഹമ്മദീയരും, ഈ പരിശ്രുഷ്കങ്ങളായ മാർ

ഭൂമികളിലും, വനാന്തരങ്ങളിലും, ഇക്കാലത്തും തപസ്സു ചെയ്യുന്നുണ്ട്. അതി നാൽ ഈ സന്ന്യാസരീതി ക്രിസ്തുമതത്തിനു പുറത്തുള്ള തത്വസഞ്ചയത്തിൽ നിന്നുളവായിട്ടുള്ളതാണെന്നു നിഷ്പ്രയാസം അഭിപ്രായപ്പെടാം. എങ്കിലും അച്ചടിയില്ലാതിരുന്ന ആ പഴയകാലത്തു വിശുദ്ധ വേദത്തിന്റെ പ്രതികളും തെറ്റുകൂടാതെ എഴുതി കുറഞ്ഞ വിലയ്ക്കു കൊടുപ്പാൻ പരിശ്രമിച്ചതിൽ ഈ സന്ന്യാസിവർഗ്ഗത്തെ ബഹുമാനിക്കാതെ നിവൃത്തിയില്ല. ഇവരിൽ ചില വിദ്വാന്മാർ ഇതര ഭാഷകളിൽ വേദം വിവർത്തനം ചെയ്തു. തദാനീന്തനന്മാരായ അനേകം ധനികന്മാർ ഇതിന്റെ ചിലവിലേക്കു വളരെ മുതൽ കൊടുത്തിരുന്നു.

സെപ്റ്റുവജിന്റ് പ്രതികളിൽ വന്നിട്ടുള്ള തെറ്റു തിരുത്തുന്നതിനു ഈജിപ്തിൽ പയറിയസ്സും, അന്ത്യോക്യയിൽ ലൂഷ്യനും ഗ്രീഷ്മപ്രയത്നം ചെയ്തു. പംഫിലസ് എന്ന രക്തസാക്ഷിയും ഈ പരിശ്രമത്തിൽ ഉൾപ്പെട്ടിരുന്നു. എങ്കിലും ഓറിജനത്രെ ഈ വിഷയത്തിൽ സമസ്താഗ്രഗണ്യൻ. അദ്ദേഹത്തിന്റെ എക്സപ്ലാ എന്ന കൃതി കാലാതിപാതംകൊണ്ടു നഷ്ടമായിപ്പോയെന്നിരുന്നാലും ആ മഹാമനുഷ്യൻ ക്രിസ്തുസഭയ്ക്കുവേണ്ടി ചെയ്തിട്ടുള്ള വലിയ സേവനത്തിന്റെ നിത്യസ്മാരകമായി അതു് എന്നും പരിലസിക്കുന്നതായിരിക്കും. ഈ നൂറാണ്ടിലെ വലിയ വേദവ്യാഖ്യാനിയും ഓറിജൻ തന്നെ. എന്നാൽ വളരെ തെറ്റുകളും കഥയില്ലാത്ത ഊഹങ്ങളും പിശകായ ഒരു വ്യാഖ്യാനരീതിയും ക്രിസ്തുസഭയിൽ പ്രചരിക്കുവാൻ ഇടയാക്കിയ പ്രഥമഭാഷ്യകാരനും അദ്ദേഹം തന്നെയെന്ന വ്യസനസമേതം ഖേദപ്പെടുത്തിക്കൊള്ളുന്നു.

ഉപത്തോന്ന്യർ അവരുടെ പുരാണേതിഹാസങ്ങളെ വ്യാഖ്യാനിക്കുന്ന അതേ രീതിയിൽതന്നെ ബൈബിളും വ്യാഖ്യാനിക്കണമെന്ന തീരുമാനിച്ചു. അതുകൊണ്ടു് ബൈബിളിന്റെ പല ഭാഗങ്ങളിലുള്ള വാക്കുകൾക്കു നേരെ കിട്ടുന്ന അർത്ഥമല്ല ഉള്ളതെന്നു് അദ്ദേഹം ഉപദേശിച്ചു. ഈദൃശം അദ്ദേഹം തന്റെ വ്യാഖ്യാനങ്ങളുടെ എല്ലാ ഭാഗത്തുനിന്നും അക്ഷരാർത്ഥത്തെ ത്രുടിക്കയും അവിടെ ഗൂഢാർത്ഥം അഥവാ രൂപകാർത്ഥം (ജ്ഞാനാർത്ഥം) കണ്ടുപിടിക്കുവാൻ ഉദ്യമിക്കയും ചെയ്തു.

ഈ അർത്ഥംതന്നെ രണ്ടുവിധമായി ഓറിജൻ വിഭജിച്ചിരിക്കുന്നു. (1) സാന്മാഗ്നികം, (2) ഗൂഢം (ആത്മികം) ആത്മികാർത്ഥത്തെ പിന്നീടു് ഉപമാനമെന്നും സ്വർഗ്ഗീയമെന്നും രണ്ടായി വിഭജിച്ചു. ഇതു് യഹൂദന്മാരുടെ വ്യാഖ്യാന രീതി തന്നെ. ഓറിജന്റെ കാലത്തിനു മുമ്പും ഇതു ക്രിസ്ത്യാനികളുടെ ഇടയിൽ ഉണ്ടായിരുന്നു. സ്വപരിശ്രമത്താൽ അദ്ദേഹം അതിനു് ഒരു പരിപാടി നിർമ്മിച്ചുവെന്നേയുള്ളു.

ഈ നൂറാണ്ടിലെ പ്രായോഗിക വേദശാസ്ത്രമെഴുത്തുകാരിൽ മുഖ്യൻ സിപ്രിയനത്രെ. സൽപ്രവൃത്തികളും, ഭിക്ഷ മുതലായവയെക്കുറിച്ചു് അദ്ദേഹം പ്രകരണങ്ങളും എഴുതിയിരിക്കുന്നു.

ഈ നൂറാണ്ടിൽ ക്രിസ്ത്യാനികളുടെ ഇടയിയൽ പിരിച്ചിലുണ്ടാക്കിയ വിഷയങ്ങളിൽ ചിന്ത്യമായവ സഹസ്രാബ്ദം, ഇടത്തുട്ടകാരുടെ സ്നാനം, ഓറിജൻ, ഇവയത്രെ. ലോകാവസാനത്തിനു മുൻപായി ഭൂമിയിൽ നമ്മുടെ രക്ഷിതാവു് ആയിരമാണ്ടു വാഴും എന്നുള്ളതു കഴിഞ്ഞ നൂറാണ്ടിൽ യാതൊരു തർക്കവും കൂടാതെ എല്ലാവരും വിശ്വസിച്ചിരുന്ന ഒന്നുതന്നെയായിരുന്നു. എങ്കിലും എല്ലാവരും ഒരേരീതിയിലല്ല അതിനെ വർണ്ണിച്ചതു്. ആ വാഴ്ചയിലെ സന്തോഷാനുഭവങ്ങളെക്കുറിച്ചുള്ള വിവരണവും, ഏകരീതിയായിരുന്നില്ല, ഈ നൂറാണ്ടിൽ സഹസ്രാബ്ദോപദേശം മുഖ്യമായി ഓറിജന്റെ

സ്വാധീനശക്തിയാൽ അനാദരണീയമായി തീർന്നു. തന്റെ ചില അഭി പ്രായങ്ങൾക്കു് അവ വിപരീതമാകയാൽ അദ്ദേഹം അതിനെ എതിർത്തു. എന്നാൽ എജിപ്പിലെ ഒരു ബിഷപ്പായ നീപ്പോസു് ഈ സത്യത്തെ പുനഃജീവിപ്പിക്കുവാൻ രൂപകവ്യാഖ്യാതാക്കന്മാർക്കെതിരായി (Against the Allegorists) ഒരു പുസ്തകം എഴുതി. സഹസ്രാബ്ദത്തെ എതിർക്കുന്നവരെ അതിൽ വളരെ ആക്ഷേപിച്ചു.

ഇടത്തുട്ടുകാർ സഭയിൽ വന്നാൽ അവരെ സ്വീകരിക്കേണ്ടതു് എങ്ങനെ എന്നുള്ളതിനെപ്പറ്റി ഈ നൂറാണ്ടിൽ വളരെ തർക്കമുണ്ടായി. ഈ വിഷയത്തിൽ സഭകളെല്ലാം ഒരേ രീതിയിലല്ല വർത്തിച്ചു വന്നതു്. പൗരസ്ത്യരും ആഫ്രിക്കക്കാരും, ഇടത്തുട്ടുകാരെ സ്നാനപ്പെടുത്തി സഭയിൽ ചേർത്തു വന്നു. എന്നാൽ യൂറോപ്പിലുള്ള സഭകളുടെ ഭൂരിപക്ഷവും തെറ്റിപ്പോയവർ അനുഷ്ഠിച്ചതു തന്നെയായിരുന്നാലും സ്നാനം സാധുവാണെന്ന തീരുമാനിക്കയും, തന്നിമിത്തം, കൈവെപ്പു്, പ്രാർത്ഥന, ഇവയാൽ ഇടത്തുട്ടുകാരെ സഭയിൽ ചേർക്കയും ചെയ്തു. എന്നാൽ ഈ വിഷയത്തിൽ അവരവരുടെ വിവേകം പോലെ ചെയ്തുകൊള്ളാമെന്നു, മുൻപു പല സുന്നഹദോസുകളിൽ ചെയ്തിരുന്ന തീരുമാനത്തെ ഏഷ്യയിലെ ക്രിസ്ത്യാനികളെ ദേഷ്യപ്പെടുത്തി ''സത്യസഭയിലേക്കു വരുന്ന എല്ലാ ഇടത്തുട്ടുകാരേയും, വീണ്ടും സ്നാനപ്പെടുത്തിയേ മതിയാവൂ'' എന്നു് ഈ നൂറാണ്ടിൽ തീരുമാനമുണ്ടാക്കി. ഇതു റോമിലെ ബിഷപ്പായ സ്റ്റീഫനു് അറിവു കിട്ടിയപ്പോൾ, അശേഷം ദയയോ, വിവേകമോ കൂടാതെ, തന്നോടും തന്റെ സഭയോടുമുള്ള കൂട്ടായ്മയിൽനിന്നു് ഏഷ്യാക്കാരെ നിശ്ശേഷം തള്ളിക്കളഞ്ഞു. എങ്കിലും ആഫ്രിക്കൻ ബിഷപ്പായ സിപ്രിയൻ മറ്റു് ആഫ്രിക്കന്മാരെ ഒരു കൗൺസിലായി വിളിച്ചുകൂട്ടി ഈ വിഷയം ആലോചനയ്ക്കിട്ടശേഷം ഏഷ്യാക്കാരുടെ അഭിപ്രായത്തെ സ്ഥിരീകരിക്കയും, വിവരത്തിനു സ്റ്റീഫനു് അറിവു കൊടുക്കയും ചെയ്തു. ഇതിങ്കൽ സ്റ്റീഫൻ വളരെ കോപിതനായി. സിപ്രിയൻ വളരെ ധൈര്യത്തോടെ വീണ്ടും എഴുതി. കാത്തേജിൽ ഒരു പുതിയ കൗൺസിൽ വിളിച്ചുകൂട്ടി, ഇടത്തുട്ടുകാരുടെ സ്നാനം അശേഷം സാധുവല്ലെന്നു് ഒന്നുകൂടി ഉറപ്പിച്ചു. സ്റ്റീഫന്റെ കോപം പൂർവ്വാധികം വലുതായി. ആഫ്രിക്കന്മാരെ തീരെ നിർദ്ദയമായി സഹോദര ബന്ധത്തിൽനിന്നു തള്ളി. ഈ സംരംഭത്തിൽ സ്റ്റീഫൻ കാത്തേജിൽനിന്നു വന്ന പ്രതിനിധികളെ, റോമാ സഭാംഗങ്ങളെ തങ്ങളുടെ വീട്ടിൽ കയറരുതെന്നു് ആജ്ഞാപിച്ചു എന്നും കപ്രിയാനോസിനെ കള്ളക്രിസ്തു, കള്ള അപ്പൊസ്തലൻ, വഞ്ചകനായ പ്രവർത്തകൻ എന്നിങ്ങനെ വിളിച്ചു എന്നും റോമൻ കത്തോലിക്കനായ ഡൂഷയിൻ തന്റെ സഭാചരിത്രത്തിൽ പറയുന്നു. Vol. I. page 308. ഈ ഭിന്നത പകൃതി ആഫ്രിക്കന്മാരുടെ മുടിവായ പെരുമാറ്റംകൊണ്ടും ശേഷം പകൃതി സ്റ്റീഫന്റെ മരണംകൊണ്ടും ശമിച്ചു.

അദ്ധ്യായം ആറു്

കർമ്മാചാരങ്ങൾ

ഈ നൂറാണ്ടു സംബന്ധിച്ചു കിട്ടുന്ന എല്ലാ തെളിവുകളും കർമ്മാചാരങ്ങളും പൂർവ്വാധികം വർദ്ധിച്ചിട്ടുണ്ടെന്നുള്ളതിനെ കാണിക്കുന്നു. ഇതിനും കാരണം മുമ്പൊരിടത്തു പറഞ്ഞിട്ടുള്ളതുപോലെ ഗ്നൊത്തോനൃതത്വങ്ങളാണു്. പ്രസ്തുതജ്ഞാനപ്രകാരം ജഡികനായ മനുഷ്യന്റെമേൽ ദുരാത്മാവു് അധിവസിക്കുന്നതുകൊണ്ടു് അതിനെ ആട്ടി ഓടിക്കുന്നതിലേക്കു വിവിധ കർമ്മങ്ങളും ഉണ്ടായിരിക്കണം. പരസ്യമായ പേയാട്ടൽ, ഉപവാസങ്ങളും വർദ്ധിപ്പിക്കുക, വിവാഹനിഷേധം എന്നിവ ഇങ്ങനെ ഉത്ഭവിച്ചതത്രെ. അതിനാൽ സ്ഥാനപ്പെട്ടിട്ടില്ലാത്തവരോ സഭയുടെ കൂട്ടായ്മയിൽനിന്നു പുറത്തു തള്ളപ്പെട്ടവരോ ആയ ആളുകളോടു് ഇടപെട്ടുകൂടാ എന്നു ജനങ്ങളെ വിലക്കിയിരുന്നു. കാരണം ഇങ്ങനെയുള്ളവരുടെമേൽ ഏതോ ദുരാവി വസിക്കുന്നു എന്നായിരുന്നു സാധാരണ വിചാരം. തെറ്റിപ്പോകുന്ന ആളുകളെ ഉദ്ദേശിച്ചുള്ള ചില ശരീരഭണ്ഡന വിധിയും തപശ്ചര്യകളും ഈ വിധം ഉണ്ടായവയത്രെ.

ഈ ശതകത്തിൽ ദൈവാരാധനസ്ഥായി കൂടിവരുന്നതിനു മിക്ക രാജ്യങ്ങളിലും പ്രത്യേക കെട്ടിടങ്ങളും ഉണ്ടായിരുന്നു എന്നുള്ളതു് അവിതർക്കിതമാണു്. ആരാധനരീതി, അതിനായി ചേർതിരിക്കപ്പെട്ട സന്ദർഭങ്ങളും ഇവയെപ്പറ്റി പ്രത്യേകിച്ചു പറയേണ്ട ആവശ്യമില്ല. കാരണം അക്കാര്യത്തിൽ, കഴിഞ്ഞ ശതകത്തിൽനിന്നു യാതൊരു വ്യത്യാസവും ഈ നൂറാണ്ടിൽ വന്നിട്ടില്ല. എന്നാൽ രണ്ടു കാര്യങ്ങളും പ്രസ്താവിക്കേണ്ടതായിട്ടുണ്ടു്. (1) പ്രസംഗത്തിന്റെ രീതി മാറി എന്നുള്ളതു്. എങ്ങനെയെന്നാൽ, പബ്ലിക്കിൽ ദീർഘമായ പ്രസംഗങ്ങളും ചെയ്കയും, ഈ പ്രസംഗങ്ങളിൽ വിശുദ്ധ വേദം വ്യാഖ്യാനിച്ചു കേൾപ്പിക്കയും ചെയ്ത ഓറിജന്റെ കാലംമുതൽ വ്യത്യാസപ്പെട്ട ഒരു നില പ്രസംഗങ്ങൾക്കുണ്ടായി. ആലങ്കാരികന്മാരുടെ സ്കൂളുകളിൽ അഭ്യസിച്ചുകൊണ്ടിരുന്ന ചില ബിഷപ്പന്മാർ തങ്ങളുടെ പ്രസംഗങ്ങളേയും, പ്രബോധനങ്ങളെയും, ഗ്രേക്കരുടെ പ്രഭാഷണമട്ടിൽ ഭേദപ്പെടുത്തിയതിനെ ഇതരന്മാർ താല്പര്യമായി അംഗീകരിക്കയുണ്ടായി. (2) പള്ളികളിൽ ധൂപം ഉപയോഗിച്ചു തുടങ്ങിയതു്. ചില വിദ്വാന്മാർ ഈ വാസ്തവത്തെ നിഷേധിക്കുന്നു. എന്നാൽ ഇതിനു നിസ്തർക്കമായ തെളിവുകളും ഉണ്ടു്.

ഒരു വലിയ എഴുത്തുകാരനായ സ്പ്രീഗൽ ഇങ്ങനെ പറയുന്നു: ''ആദ്യ ക്രിസ്ത്യാനികൾ പരസ്യാരാധനയിൽ ധൂപം ഉപയോഗിക്കുന്നതിനെ വെറുത്തിരുന്നു. കാരണം അതു വിഗ്രഹാരാധനയിൽ ഒരു ഭോഗമായിരുന്നു.'' (See Tertullian Apology. C. 42 & De Corona Militis C. 10. Athenagoras: Legat. Pro Christ., 13; Arnobius: Adv. Gent, 7, 25.) എങ്കിലും ദ്ധ്രുസ്ഥം വരാതിരിക്കാൻ ശവസംസ്കാരസമയത്തു് ഇതു ഉപയോഗിക്കുന്നതിനു പിൽക്കാലത്തു് അനുവദിക്കയുണ്ടായി. തദനന്തരം അതു മജിസ്ട്രേട്ടന്മാരുടെയും ബിഷപ്പന്മാരുടെയും പ്രതിഷ്ഠാപനഘട്ടത്തിലും, കൂടാതെ ചൂടു രാജ്യങ്ങളിൽ ആളുകൾ കൂട്ടമായി കൂടുമ്പോൾ ഉണ്ടാകുന്ന ദുർഗ്ഗന്ധത്തിനെ പരിഹരിക്കുന്നതിനും. അതു് ഉപയോഗിച്ചു തുടങ്ങി. ഒടുവിൽ അതു് ഒരു മൂഡാചാരമായി പരിണമിച്ചു,

Dr. Mosheim's Church History. Vol. I. P. 258.

ആരാധനയുടെ ആദ്യേഷ്ടാക്കന്മാരായി ഇക്കാലത്തിരുന്നവർ തിരുവത്താഴശുശ്രൂഷയിൽ പൂർവ്വാധികം നീണ്ട പ്രാർത്ഥനയും കൂട്ടത്തിൽ ചടങ്ങും ചേർക്കുകയുണ്ടായി. അനുതാപത്തിൽ ഇരിക്കുന്നവരോ, സ്നാനപ്പെടാത്തവരോ, കർത്താവിന്റെ അത്താഴം ആചരിക്കുമ്പോഴും അവിടെയിരിപ്പാൻ അനുവദിക്കപ്പെട്ടിരുന്നില്ല. ഈ നടപടി പുറജാതികളുടെ രഹസ്യകർമ്മസമ്പ്രദായത്തിൽനിന്നു വന്നിരിക്കണം. പൊന്നും വെള്ളിയുംകൊണ്ടുള്ള പാത്രങ്ങളും കർത്താവിന്റെ അത്താഴത്തിനു പയോഗിച്ചു വന്നിരുന്നു എന്നുള്ളതിനെ പ്രൂഡൻഷ്യസ്സും മറനേകരും സാക്ഷിച്ചിട്ടുണ്ട്. ധനസമൃദ്ധിയുള്ള ക്രിസ്ത്യീയസഭയുടെ കാര്യത്തിൽ ഇതിനെപ്പറ്റി സംശയിക്കേണ്ട ആവശ്യവുമില്ല. തിരുവത്താഴയാചരണത്തിനുള്ള സമയം സഭയുടെ സ്ഥിതിയും സൗകര്യവും പോലെ പല തരത്തിലായിരുന്നു. ചിലർ രാവിലെയും, ചിലർ ഉച്ചതിരിഞ്ഞും, ചിലർ സന്ധ്യയും, അത്താൽ, പ്രസ്തുത കർമ്മം ആചരിപ്പാൻ അതതു സഭകൾക്കു് എതുയും പറ്റിയ സമയമേതോ, ആ സമയത്തു നടത്തിവന്നു. ഈ അതിവിശുദ്ധമായ കർമ്മം ഏതെല്ലാം അവസരങ്ങളിലാണു അനുഷ്ഠിക്കേണ്ടതു്, എന്നുള്ള വിഷയത്തിലും എല്ലാവരും യോജിച്ചിരുന്നില്ല. സാധാരണ എല്ലാ ഞായറാഴ്ചയിലും വിശേഷദിവസങ്ങളിലും ഇതു് ആചരിക്കപ്പെട്ട. എന്നാൽ ഉപദ്രവകാലങ്ങളിൽ ദിവസേന ആചരിച്ചു വന്നു എന്നിങ്ങനെ സിപ്രിയന്റെ എഴുത്തുകളിൽ കാണുന്നു. See Cyprian de Oratione Domin. P. 209. എന്നാൽ രക്ഷ പ്രാപിക്കുന്നതിനു് ഇതു് ഒഴിച്ചുകൂടാത്തതാണെന്നു എല്ലാവരും വിശ്വസിച്ചുവന്നു. അതുകൊണ്ടു് എല്ലായിടത്തും ശിശുക്കൾകൂടെ ഇതിൽ പങ്കെടുത്തു. Cyprian de Lapsis. P. 184, 189 ed Baluze. വിശുദ്ധ വിരുന്നുകളും ചില സ്ഥലങ്ങളിൽ ഇതിനു പിൻപായി നടത്തിവന്നു.

സ്നാനം, പരസ്യമായി ആണ്ടിൽ രണ്ടുപ്രാവശ്യം ദീർഘ ഒരുക്കത്തിലും പരിശോധനയിലുംകൂടി കടന്നുപോയവരായ സ്നാനാർത്ഥികൾക്കായി നടത്തപ്പെട്ട. തങ്ങൾ മുൻകൂട്ടി സ്നാനപ്പെടേണ്ടതായിരുന്നു എന്നു വിചാരിക്കുന്നവരെയല്ലാതെ സ്നാനപ്പെടുത്തിയിരുന്നില്ല. സ്നാനത്തിന്റെ ഫലം പാപങ്ങളുടെ മോചനമെന്നു് അനുമാനിച്ചു. ബിഷപ്പു തന്റെ കൈവെപ്പിനാലും പ്രാർത്ഥനയാലും, ഒരു വിശുദ്ധജീവിതം ജീവിക്കുന്നവർക്കു് ആവശ്യമുള്ള പരിശുദ്ധാത്മവരങ്ങൾ കൊടുത്തുവന്നതായി വിശ്വസിച്ചു. സ്നാനസന്ദർഭത്തിൽ പേയാട്ടി, നീണ്ടതും മെരുട്ടുന്നതുമായ വാക്കുകൊണ്ടു് സ്നാനാർത്ഥി മേലാൽ അന്ധകാര പ്രഭുവിന്റെ ദാസനല്ല, പിന്നെയോ ദൈവത്തിന്റെ ദാസൻ തന്നെ എന്നിങ്ങനെ ഉച്ചത്തിൽ പറയുംവരെ വിശുദ്ധ തൊട്ടിയുടെ അരികിൽ സ്നാനാർത്ഥികൾ സ്വീകരിക്കപ്പെടുകയില്ല. സ്നാനപ്പെട്ടവർ ഒരു കിരീടം കൊണ്ടും ഒരു വെള്ളക്കുപ്പായംകൊണ്ടും അലംകൃതരായി വീട്ടിലേക്കു പോയി, കിരീടം, ലോകത്തിന്മേലും അതിന്റെ വിജയാഭിലാഷത്തിന്മേലും അവക്കുള്ള ജയത്തെ കാണിക്കുന്നതും വെള്ളക്കുപ്പായം, അവർക്കു ലഭിച്ച നിഷ്കളങ്കതയെ സൂചിപ്പിക്കുന്നതുമായിരുന്നു.

ഉപവാസത്തിനു്, എതാവൽപര്യന്തമുള്ളതിനേക്കാൾ കൂടുതൽ വൈശിഷ്ട്യവും ആവശ്യകതയും സങ്കല്പിച്ചു. കാരണം, നിറയെ ഭക്ഷിച്ചുകൊണ്ടു സുഖമായി ജീവിക്കുന്നവരുടെമേൽ ആണ ശരീരത്തെ ദണ്ഡിപ്പിച്ചും, പട്ടിണികിടന്നും, ജീവിക്കുന്നവരേക്കാൾ പിശാചു തന്റെ കണിക്കും വയ്ക്കുന്നതു് എന്നു സാധാരണ വിശ്വസിച്ചു വന്നിരുന്നു. ലത്തീൻകാർ, ആഴ്ചവട്ടത്തിന്റെ ഏഴാം ദിവസത്തെ ഉപവാസദിനമായി ആചരിച്ചുവന്നു. പൌരസ്ത്യരും, ഗ്രീക്കരും ഇതിനെ അനുകരിക്കാഞ്ഞതുകൊണ്ടു വളരെ ഭിന്നത ഉണ്ടായി. മുൻപു തന്നെ ക്രിസ്ത്യാനികൾ യഹൂദന്മാരെപ്പോലെ സാധാരണയായി ദിവസം മൂന്നുവട്ടം അതായതു മൂന്നു്, ആറു്, ഒൻപതു് ഈ മണിക്കൂറുകളിൽ

പ്രാർത്ഥിച്ചുവന്നു. എന്നാൽ ഇതൊരു ''നമസ്കാര'' രീതിയാക്കി മാററി, ഈ നിശ്ചിത സമയങ്ങളിൽ കവിഞ്ഞു് അധികമായും കൂടെക്കൂടെയും നടത്തിവന്നു.

വിശേഷദിവസങ്ങളിൽ സന്തോഷത്തെയും വിശ്വാസശ്രേഷ്ഠകളേയും പ്രദർശിപ്പിക്കാൻ നിന്നുകൊണ്ടു പ്രാർത്ഥിക്കുന്നതാണു നല്ലതെന്നു് അവർക്കു തോന്നി. നേരെമറിച്ചു ദുഃഖമുള്ള അവസരങ്ങളിലും, ഉപവാസവും താഴ്മയും ആചരിക്കുന്ന ഘട്ടങ്ങളിലും, തങ്ങളുടെ സ്വേച്ഛാവർജ്ജനത്തെ കാണിക്കുന്നതിനായി മുട്ടുകുത്തിയോ സാഷ്ടാംഗം വീണോ പ്രാർത്ഥിക്കയായിരുന്നു പതിവു്. പ്രാർത്ഥനയുടെ ഏതാനും നിശ്ചിത രൂപങ്ങളും പരസ്യത്തിലും, രഹസ്യത്തിലും എല്ലായിടത്തും ഉപയോഗിച്ചുവന്നു. എങ്കിലും അനേകർ തങ്ങളുടെ ഹൃദയവികാരങ്ങളെ യാതൊരു കരുതലും മുൻകൂട്ടി ചെയ്യാതെ സ്വയം, സദ്യോനിർമ്മിതങ്ങളായ പ്രാർത്ഥനകളാൽകൊണ്ടു ദൈവത്തെ അറിയിച്ചുവന്നു. കുരിശിന്റെ അടയാളം എല്ലാ ആപത്തുകളേക്കും, പ്രത്യേകിച്ചു ദുരാത്മാവിന്റെ ബാധ ഉണ്ടാകാതിരിക്കുന്നതിനും വളരെ പററിയ ഒരു മരുന്നാണെന്ന ജനസാമാന്യം വിശ്വസിച്ചുപോന്നതിനാൽ ഗൗരവമുള്ള ഏതെങ്കിലും സംഗതികളും ചെയ്യുമ്പോളും ആദ്യമായി കുരിശു വരച്ചിട്ടാണു ചെയ്യുക.

വാസ്തവത്തിൽ കുരിശുവര ജാതികളുടെ ഒരാചാരമാണു്. ലോകത്തിന്റെ എല്ലാ ഭാഗത്തുമുള്ള ജാതികളും ക്രിസ്തുമതത്തിനു മുൻപുതന്നെ ഈ കുരിശിനെ പല രൂപത്തിൽ ഉപയോഗിച്ചുവന്നു. ഹിന്ദുക്കളുടെ മന്ത്രശാസ്ത്രത്തിൽ ഈ കുരിശുരൂപം കാണുന്നുണ്ടു്. ബുദ്ധമതക്കാരും ഈ ചിഹ്നം പ്രാചീനകാലം മുതൽക്കുതന്നെ ഉപയോഗിച്ചുവരുന്നു. ഈ ചിഹ്നത്തിൽ എന്തോ ശക്തി അടങ്ങിയിട്ടുണ്ടെന്നാണു് ഇക്കൂട്ടരുടെയെല്ലാം വിശ്വാസം. ജാതികളും ക്രിസ്തുമതത്തിൽ ചേർന്നുവന്നപ്പോളും ക്രിസ്തുവിന്റെ കുരിശിനെ പഴിപറഞ്ഞു് അജ്ഞാനനിലയിൽ തങ്ങളും ആദരിച്ചുവന്ന ഈ പൂർവ്വചിഹ്നം ഉപയോഗിപ്പാൻ സൗകര്യം കിട്ടി. അന്നു മുതൽ ഇന്നുവരെ പല ക്രൈസ്തവസഭകളും ഈ ''വര'' തുടർന്നുപോരുന്നു. വരയിലടങ്ങിയ ഈ ശക്തിയിൽ അപ്പൊസ്തലന്മാർക്കു വിശ്വാസമുണ്ടായിരുന്നില്ല: ഉണ്ടായിരുന്നില്ലെങ്കിൽ ഇത്ര വിശിഷ്ടമായ ഒരു സംഗതിയെപ്പററി തങ്ങളുടെ എഴുത്തുകളിൽ ഒരിടത്തെങ്കിലും പറയാതെ വിടുകയില്ലായിരുന്നു, കാരണം ദൈവത്തിന്റെ ആലോചന ഒട്ടും മറച്ചുവയ്ക്കാതെ മുഴുവൻ അവർ അറിയിച്ചതന്നിട്ടുണ്ടെന്നതത്രെ അപ്പൊ. പ്ര. 20: 27—ൽ കാണുന്നതു്.

ആരംഭത്തിൽ കത്താവിന്റെ പാപപരിഹാരപ്രവൃത്തിയുടെ ഓർമ്മയ്ക്കായിട്ടാണുപോൽ ക്രിസ്ത്യാനികളും കുരിശു വരച്ചിരുന്നതു്. രണ്ടാം നൂററാണ്ടിന്റെ അവസാനഘട്ടത്തിലും കുരിശടയാളത്തിനു രേഖാമൂലം പ്രത്യേക ശക്തി കല്പിക്കയോ കുരിശിനെ വന്ദിക്കയോ ചെയ്തിരുന്നില്ല എന്നു തെർത്തുല്യന്റെ എഴുത്തുകളിൽനിന്നു കാണുന്നു. പിന്നത്തേതിൽ, ലാക്ടാൻഷ്യസ് പറയുന്ന പ്രകാരം വളരെ ശക്തിമത്തായ ഏതോ വിശേഷ ഗുണം കുരിശടയാളത്തിനുണ്ടെന്ന ജനസാമാന്യം സങ്കല്പിച്ചു തുടങ്ങി.

അദ്ധ്യായം ഏഴ്

ശീശ്മയും ഇടത്തുട്ടകളും

നോസ്റ്റിക്ക സംഘത്തിൽപ്പെട്ട അഡൽഫിയസ്സ്, ആകവിലനസ്, എന്നിവർ റോമയിലും, ഇറലിയിലും, തങ്ങളുടെ മതത്തിനു പ്രചാരം വരുത്തുവാൻ ശ്രമിക്കയുണ്ടായി. എന്നാൽ ഈ പരിശ്രമം പ്രാത്തോന്യരുടെയും, മറ്റു ക്രിസ്തീയ വീരന്മാരുടെയും, ശക്തിപൂർവ്വമായ എതിർപ്പുനിമിത്തം വിഫലമായിപ്പോയി. ഇക്കാലം മുതൽ നോസ്റ്റിക്കുകാർ ക്രമേണ അധഃപതിക്കുവാൻ ആരംഭിച്ചു. ഇതിൻറെശേഷം ക്രിസ്തുമതത്തിനുണ്ടായ വേറൊരു ഉഗ്രശത്രു മാനസ് എന്നയാളായിരുന്നു. മാനസ്സിൻറെ ശിഷ്യന്മാർ മാണിക്കിയസ് എന്നാണ് അയാളെ വിളിച്ചുവന്നതു്. മാനസ്സ് പേർഷ്യക്കാരനും, മാജികളിൽനിന്നു പഠിച്ചവനുമായിരുന്നു. ഒരു മാജിയായിരിക്കെ മാനസ്സു ക്രിസ്തുമതം സ്വീകരിച്ചു. ഒരു ഗണിതവിദ്യക്കാരനും, ഒരു വൈദ്യനും, ചിത്രമെഴുത്തുകാരനും, തത്വജ്ഞാനിയുമായിരുന്ന മാനസ്സ് എന്ന പറയുമ്പോഴും അയാളുടെ മാഹാത്മ്യം ചിന്ത്യമാണു്. മാജികളുടെ പ്രമാണങ്ങളെ ക്രിസ്തുമതത്തോടു ഘടിപ്പിക്കുന്നതിനും, ക്രിസ്തുമതത്തെ അവരുടെ പ്രമാണങ്ങൾകൊണ്ടു വ്യാഖ്യാനിക്കുന്നതിനും ഈ മനുഷ്യൻ ശ്രമിച്ചു. ക്രിസ്തു രക്ഷാമാർഗ്ഗത്തെ അപൂർണ്ണമായി മാത്രമേ തെളിയിച്ചുള്ള എന്നും, ക്രിസ്തു ലോകം വിട്ടുപോകുമ്പോൾ ശിഷ്യന്മാർക്കു വാഗ്ദാനം ചെയ്ത ആശ്വാസപ്രദൻ താനാണെന്നും വാദിച്ചു: അനേകർ അയാളുടെ വാഗ്വിതത്വത്താലും ഘനഭാവത്താലും, ജീവിതത്തിൻറെ ലാളിത്യം, നിഷ്കളങ്കത ഇവയാലും വഞ്ചിക്കപ്പെട്ടു. സ്വല്പനാൾ കഴിഞ്ഞു് ഇയാൾ ഒരു സംഘം സ്ഥാപിച്ചു. എന്നാൽ ഒടുവിൽ പേർഷ്യയുടെ രാജാവായ ഒന്നാം വാരണസ്സിനാൽ ഇയാൾ കൊല്ലപ്പെട്ടു. മാനസ്സിൻറെ വധത്തിൻറെ കാരണം, സമയം, വിധം ഇവയെക്കുറിച്ചു പല അഭിപ്രായങ്ങളും ഉണ്ടു്.

ഈ നൂറാണ്ടിൻറെ ഒടുവിലായി എജിപ്തിൽ ഹയറാർക്കസ് എന്നൊരുവൻ ഒരു പുതുമതം നിർമ്മിച്ചു. ഇയാൾക്കു മാനസ്സിൻറെ അഭിപ്രായങ്ങളിൽ ചിലതു് ഉണ്ടായിരുന്നെങ്കിലും, ഏതാണും പ്രത്യേകാഭിപ്രായങ്ങളും ഇല്ലാതിരുന്നില്ല. തൻറെ അനുഗാമികൾ വിവാഹം, മാംസം, വീഞ്ഞു്, ഇന്ദ്രിയങ്ങൾക്കും ശരീരത്തിനും സന്തോഷപ്രദങ്ങളായ മറ്റു സംഗതികൾ ഇവയിൽ നിന്നെല്ലാം ഒഴിഞ്ഞിരിക്കണമെന്നു ഹയറാർക്കസ് കല്പിച്ചു. മോശ അനുവദിച്ചതുതന്നെയും യേശു വിരോധിച്ചിട്ടുണ്ടു്. മോശയുടെ കല്പനകളേക്കാൾ സൂക്ഷ്മമാണു യേശുവിൻറെ കല്പന എന്നുള്ള പ്രമാണത്തെ ആസ്പദമാക്കിയാണു് ഈ വർജ്ജനങ്ങൾ ഏർപ്പെടുത്തിയതു്. എന്നാൽ മാനസ്സിനെപ്പോലെ ഈ വർജ്ജനം ഉയർന്ന അനുവേക്കാർക്കാണു് എന്നു ഹയറാർക്കസ് വിചാരിച്ചില്ല. മെൽക്കിസേദേക്കു പരിശുദ്ധാത്മാവു് ആണെന്നു് ഇയാൾ വാദിച്ചു. ശരീരപുനരുത്ഥാനം തള്ളിക്കളഞ്ഞു. തിരുവെഴുത്തുകൾക്കു സാദ്ധ്യാർത്ഥമാണുള്ളതെന്നും കല്പിച്ചു.

ഈ ശതകത്തിൽ ത്രിത്വത്തെക്കുറിച്ചും ചില നിരൂപണങ്ങൾ ഉണ്ടായി. കഴിഞ്ഞ നൂറാണ്ടിൽ ഇതു് അല്പമായി ആരംഭിച്ചിരുന്നു. സഭയിൽ ഗ്രീക്കു തത്വജ്ഞാനം നടപ്പായപ്പോൾ ഇതു സംബന്ധിച്ചുള്ള വിവിധവാദങ്ങൾക്കു വിശാലമായി വാതൽ തുറന്നു. സുർണ്ണാട്ടകാരനായ

നോവീറ്റസ് പിതാവായ ദൈവം, പുത്രനായ ദൈവത്തോടുകൂടി, വിഭാഗിക്കപ്പെടുവാൻ പാടില്ലാതവണ്ണം ഒന്നായിരിക്കുന്നു എന്നും, അതിനാൽ ക്രിസ്തു ജനിച്ചപ്പോൾ പിതാവു ജനിച്ചു എന്നും, ക്രിസ്തു കഷ്ടപ്പെട്ടപ്പോൾ പിതാവും കഷ്ടപ്പെട്ടു എന്നും ഉപദേശിച്ചു. ഇങ്ങനെ ലോകത്തിനു പാപപരിഹാരം വരുത്തിയതു പിതാവായ ദൈവമാണെന്നു്, ഉപദേശിച്ച ഈ മനുഷ്യനും കൂട്ടർക്കും പാടിപാഷ്യൻസ്, അതായതു, പിതാവായ ദൈവം കഷ്ടപ്പെട്ടു എന്നു വിശ്വസിക്കുന്നവർ എന്നു പേരുണ്ടായി.

ഈ നൂറാണ്ടിന്റെ പകുതി കഴിഞ്ഞപ്പോൾ സബല്ലിയസു (Sabellius) എഴുന്നേറ്റു. ഇയാളും ആഫ്രിക്കൻ സഭയിലെ ഒരു പ്രസ്ബിറ്ററോ, ടോളമെയ്സിലെ ഒരു ബിഷപ്പോ ആണെന്നു പറയപ്പെട്ടിരിക്കുന്നു. നൊയീറ്റസ്സിൽനിന്നും സ്വല്പം ഭേദപ്പെട്ടാണു് ഇയാളും ഉപദേശിച്ചതു്. പിതാവായ ദൈവത്തിൽനിന്നു് ഒരു ശക്തി പുത്രനോടു്, അതായതു, മനുഷ്യനായ ക്രിസ്തുവിനോടു യോജിച്ചു എന്നും, പരിശുദ്ധാത്മാവു പിതാവിന്റെ ഒരംശം മാത്രമാണെന്നും സബല്ലിയസ് അഭിപ്രായപ്പെട്ടു.

അറേബ്യയിലെ ബോസ്രായുടെ ബിഷപ്പായ ബെറില്ലസ് ഇക്കാലത്തോടടുത്തു്, കന്യകാജനനത്തിനു മുൻപു ക്രിസ്തുവിനു് പിതാവിന്റെ ദൈവതത്വമല്ലാതെ പ്രത്യേക ദൈവതത്വമില്ലായിരുന്നു എന്നു പഠിപ്പിച്ചു. ബെറില്ലസിനെപ്പറ്റി കിട്ടിയിട്ടുള്ള അറിവു വാസ്തവമാണെങ്കിൽ മറിയയാൽ ജനിക്കുന്നതിനുമുൻപു ക്രിസ്തുവിനു് അസ്തിത്വം ഇല്ലായിരുന്നെന്നും, ക്രിസ്തുവിന്റെ ജനനത്തിൽ സകല മനുഷ്യരുടെയും ആത്മാക്കളേക്കാൾ ഉയർന്ന തരത്തിലുള്ള ഒരാത്മാവു ദൈവത്തിൽനിന്നവന്നു ക്രിസ്തുവിൽ കുടിയേറി എന്നുമാണു് അയാളുടെ ഉപദേശം. ബോസ്രയിൽകൂടിയ ഒരു സുന്നഹദോസിൽ ഓറിജൻ ഇയാളുടെ അഭിപ്രായങ്ങളെ അടിച്ചു തകർത്തുകളഞ്ഞു. തന്നിമിത്തം അയാളും ഈ അഭിപ്രായം ഉപേക്ഷിച്ചു സഭയോടു ചേരുകയും ചെയ്തു.

പിന്നീടു് അന്ത്യോക്യൻ ബിഷപ്പായ സുമോസാറ്റായിലെ പോളാണു് ഇന്നോപദേശകൻ. ഇയാളും ഈ നൂറാണ്ടിന്റെ മദ്ധ്യം കഴിഞ്ഞശേഷം ക്രിസ്തുവിന്റെ ദിവ്യസ്വഭാവത്തെക്കുറിച്ചു താൻ പഠിപ്പിച്ച ഉപദേശത്താൽ പൗരസ്ത്യസഭയെ വളരെ അസഹ്യപ്പെടുത്തി. ഈ ആളുടെ പഠനമാവിതു: പുത്രനും പരിശുദ്ധാത്മാവും, മനുഷ്യനിൽ വിവേചനശക്തിയും പ്രവർത്തകശക്തിയും ഇരിക്കുന്നതുപോലെ ദൈവത്തിൽ ഇരുന്നു. ക്രിസ്തു ഒരു വെറും മനുഷ്യനായി ജനിച്ചു. പിതാവിന്റെ ജ്ഞാനവും വിവേചനശക്തിയും, ക്രിസ്തുവിന്മേൽ ഇറങ്ങിയതുകൊണ്ടത്രെ ഉപദേശിക്കുന്നതിനും അത്ഭുതം പ്രവർത്തിക്കുന്നതിനും ക്രിസ്തുവിനു ശക്തിയുണ്ടായതു്. ക്രിസ്തു ദൈവമാണെന്നു്, ദൈവം എന്നുള്ള പദത്തിന്റെ ശരിയായ അർത്ഥപ്രകാരം പറവാൻ നിവൃത്തി ഇല്ലെങ്കിലും, ദൈവവചനം മനുഷ്യനായ ക്രിസ്തുവിനോടു യോജിച്ചതിനാൽ ദൈവമാണെന്നു പറയാൻ വിരോധമില്ല. ഈ പോളിനെ 269–ൽ കൂടിയ സുന്നഹദോസു്, എപ്പിസ്കോപ്പൽ ഉദ്യോഗത്തിൽനിന്നു പിരിച്ചുവിട്ടു.

അറബിയായിൽ ഒരു കൂട്ടർ, ആത്മാവു നിത്യമെന്നുള്ളതിനെ പ്രതിഷേധിച്ചു. ശരീരം മരിക്കുമ്പോൾ, ആത്മാവുകൂടെ മരിക്കുമെന്നും ശരീരം ഉയിർക്കുമ്പോൾ, ആത്മാവുകൂടി ദൈവശക്തിയാൽ ഉയിർക്കുന്നുവെന്നും, ആയിരുന്നു അവരുടെ സിദ്ധാന്തം. ഇക്കൂട്ടരെ ദേശപ്പേർ അനുസരിച്ചു് അറബിക്കാർ എന്നു വിളിച്ചുവന്നു. ചിലർ ഓറിജനെ എജിപ്തിൽനിന്നു് ആളയച്ചുകൊണ്ടുപോയി ഒരു വലിയ സുന്നഹദോസിൽവച്ചു് അവരുമായി തർക്കിച്ചു് അവരെ തോല്പിക്കയും തന്നിമിത്തം അവർ ആ തെറ്റു് ഉപേക്ഷിച്ചുകളകയും ചെയ്തു.

ഈ നൂറ്റാണ്ടിലെ നവീനസംഘങ്ങളിൽ ഒടുവിലത്തവർ നൊവേഷ്യരാണ്. അവർ മതത്തിനു യാതൊരു കെടുമതിയും ചെയ്തില്ല എന്നുള്ളതു വാസ്തവംതന്നെ. എന്നാൽ അവർ പിടിച്ചിരുന്ന ഭരണക്രമത്തിന്റെ കാഠിന്യത്താൽ പൊതുസഭയിൽനിന്നു ദുഃഖകരമായ ഒരു പിരിച്ചിൽ (ശീശ്മ) ഉണ്ടായി. റോമസഭയിലെ ഒരു പ്രസ്ബിറ്ററും പഠിപ്പും, പ്രഭാഷണശക്തിയും, തപസ്സും ഉള്ളയാളും ഖണ്ഡിതബുദ്ധിയുമായ നൊവേഷ്യൻ, വലിയ പാപങ്ങളിൽ വീണുപോയവരും വിശിഷ്യ, പീഡയിൽ ക്രിസ്തുവിനെ തള്ളിപ്പറഞ്ഞവരുമായ ആളുകളെ സഭയിൽ വീണ്ടും ചേർത്തുകൂടാ എന്നു വാദിച്ചു. വളരെ സ്വാധീനശക്തിയുള്ള കൊർന്നല്യോസും, മറനേകപ്രസ്ബിറ്റർമാരും ഇതിനെതിരായിരുന്നു. ഈ വൈരസ്യംനിമിത്തം 250–ൽ റോമയിൽ ഒരു പുതിയ ബിഷപ്പിനെ തെരഞ്ഞെടുക്കുവാൻ ആവശ്യം വന്നപ്പോഴും, കൊർന്നല്യൊസിനെ തെരഞ്ഞെടുക്കുവാൻ പാടില്ല എന്നു നൊവേഷ്യൻ വാദിച്ചു. എങ്കിലും തെരഞ്ഞെടുപ്പു നടന്നു. തൽഫലമായി നൊവേഷ്യൻ കൊർന്നല്യോസുമായുള്ള കൂട്ടായ്മയിൽനിന്നു പിരിഞ്ഞു. ഏ. ഡി. 251–ൽ റോമയിൽകൂടിയ ഒരു സുന്നഹദോസിൽ കൊർന്നല്യോസു നൊവേഷ്യനേയും അവന്റെ കൂട്ടരേയും ബഹിഷ്കരിച്ചുകളഞ്ഞു. ഇതിനാൽ നൊവേഷ്യൻ ഒരു പുതിയ വകുപ്പു സ്ഥാപിച്ചു, താൻതന്നെ അതിന്റെ ഒന്നാം ബിഷപ്പായി തീർന്നു. ഈ വകുപ്പിനോടു ഭരണക്രമം ഖണ്ഡിതമായിരിക്കണമെന്നു നിർബന്ധമുള്ള അനേകർ യോജിച്ചു. അഞ്ചാം നൂറ്റാണ്ടുവരെ ക്രൈസ്തവലോകത്തിന്റെ പല ഭാഗങ്ങളിലും ഇവർ അഭിവൃദ്ധിയോടുകൂടി നിന്നുപോന്നു. നൊവേഷ്യന്റെ പിരിച്ചിലിൽ അയാളുടെ പ്രധാനസഹായിയായി നിന്നതു കാത്തജിലെ ഒരു പ്രസ്ബിറ്ററായ നൊവേറസ്സ് ആയിരുന്നു. നൊവേറസ്സിനു സിപ്രിയനുമായി വളരെ ശണ്ഠ ഉണ്ടായതിനാൽ അയാൾ റോമയിലേക്കു ഓടിപ്പോന്നു.

നൊവേഷ്യരും മറ്റു ക്രിസ്ത്യാനികളുമായി അടിസ്ഥാനവിശ്വാസങ്ങളിൽ യാതൊരു ഭേദവുമില്ലായിരുന്നു. സ്ഥാനപ്പെട്ടവർ വലിയ പാപങ്ങളിൽ വീണാൽ അവരെ സഭയിൽ അംഗീകരിക്കയില്ല എന്ന ഒരു പ്രത്യേകത മാത്രമെ ഉണ്ടായിരുന്നുള്ളു. എങ്കിലും ഈ ബഹിഷ്കൃതന്മാർ നിത്യരക്ഷയുടെ സകല പ്രത്യാശകളിൽനിന്നും തള്ളപ്പെട്ടുപോകുന്നു എന്നൊരഭിപ്രായം നൊവേഷ്യർക്കില്ലായിരുന്നു. അതുകൊണ്ടു ക്രിസ്തീയസഭ നിഷ്കളങ്കരായ ജനങ്ങളുടെ ഒരു സംഘമാണെന്നു അവർ സിദ്ധാന്തിച്ചു. അതിൽ ചേർന്നിരിക്കുന്നവർ ഗണ്യമായ യാതൊരു പാപങ്ങളാലും തങ്ങളെത്തന്നെ അശുദ്ധിപ്പെടുത്തിക്കൂടാ. വലിയ കുറക്കാർക്കു വീണ്ടും പ്രവേശനം കൊടുക്കുന്ന സംഘങ്ങളും, സത്യസഭകളും എന്ന പേരിനു അയോഗ്യങ്ങളും എന്നു നൊവേഷ്യർക്കു അഭിപ്രായമുണ്ടായിരുന്നു. ഇതിനാൽ അവർക്കു കാതറി അതായതു ശുദ്ധമുള്ളവർ എന്ന പേരുണ്ടായി. പൊതുസഭയിൽനിന്നു തങ്ങളുടെ സഭയിലേക്കു വന്നവരെ അവർ വീണ്ടും സ്നാനപ്പെടുത്തിയാണു സഭയിൽ ചേർത്തിട്ടുള്ളതു്.

ചതുർത്ഥശതകം

അദ്ധ്യായം ഒന്നു്

അനുകൂലവും പ്രതികൂലവുമായ സംഭവങ്ങൾ

ഈ ശതവർഷത്തിലുണ്ടായ ദ്വിവിധസംഭവങ്ങളെയും സമ്മേളിപ്പിച്ചു് കാലക്രമാനുസാരം ഈ അദ്ധ്യായത്തിൽ പ്രതിപാദിച്ചുകൊള്ളുന്നു. നാലാം നൂറാണ്ടു് ആരംഭിച്ചപ്പോഴും റോമാ സാമ്രാജ്യത്തെ ഭരിക്കുവാൻ നാലു് അധിപതിമാർ ഉണ്ടായിരുന്നു. അതിൽ ആഗസ്റ്റസു് എന്ന സ്ഥാനപ്പേർ വഹിച്ചിരുന്ന ഡയോക്ലീഷ്യൻ, മാക്സിമിയാനസു്, ഹെക്ലിയസു് എന്നിവർ ഉപരിസ്ഥന്മാരും കൈസറന്മാർ എന്ന സ്ഥാനപ്പേർ വഹിച്ച കോൺസ്റ്റാൻഷ്യസു്, ക്ലോറസു്, ഗാലറിയസു്, മാക്സിമിയാനസു് എന്നിവർ കീഴുള്ളവരുമായിരുന്നു. ഈ നാലുപേരുടെയും കീഴിൽ ക്രിസ്ത്യാനികൾ ഒരുവിധം സമാധാനമനുഭവിച്ചു എന്നു പറയാം. അന്ധവിശ്വാസിയായിരുന്നെങ്കിലും ഡയോക്ലീഷ്യൻ ക്രിസ്ത്യാനികളുടെ നേരെ യാതൊരു വിദ്വേഷവും പ്രദർശിപ്പിച്ചില്ല. ക്ലോറസ്സു് മതവിഷയങ്ങളിൽ വളരെ ന്യായം നോക്കുന്ന ആളാകയാൽ വിഗ്രഹാരാധനസ്സു് എതിരിയും ക്രിസ്ത്യാനികൾക്കു് അനുകൂലിയും ആയിരുന്നു. പുറജാതിപുരോഹിതന്മാർ ക്രിസ്തുമതക്കാർക്കുള്ള ഈ ആനുകൂല്യങ്ങൾ കണ്ടു് അസൂയാഭരിതരായി ക്രിസ്തുമതപീഡനം ചെയ്വാൻ ഡയോക്ലീഷ്യനെ പ്രേരിപ്പിച്ചു.

ഈ പ്രേരണ സാധിക്കാതെ വന്നപ്പോഴും അദ്ദേഹത്തിന്റെ പുത്രീഭർത്താവായ ഗലേറിയസ്സു് മാക്സിമിനസ്സിനെ ഇതിലേക്കുപയോഗിച്ചു. ഈ ക്രൂരൻ തന്റെ അമ്മയുടെയും ജാതിപുരോഹിതന്മാരുടെയും പ്രേരണയാലും തന്റെ സ്വഭാവഗതിക്കനുസരിച്ചും ശാശ്വരനെ നിർബന്ധിച്ചു 303–ൽ നിക്കമേദ്യയിൽവച്ചു് ഒരു മട്ടനകല്പന വാങ്ങി. തൽഫലമായി ക്രിസ്തീയ പള്ളികളും നശിപ്പിക്കപ്പെടുകയും വിശുദ്ധപുസ്തകങ്ങളും തീക്കിരയാക്കുകയും ക്രിസ്ത്യാനികൾക്കുള്ള സകല സിവിലധികാരവും പദവികളും നശിപ്പിക്കയും ചെയ്തു. പ്രാണഹിംസ ഈ വിളബരത്തിൽ കല്പിച്ചിട്ടില്ലായിരുന്നു. എങ്കിലും പുസ്തകങ്ങളും, മജിസ്ത്രേട്ടന്മാരെ ഏല്പിക്കായ്കനിമിത്തം വളരെ ക്രിസ്ത്യാനികളും കൊല്ലപ്പെടേണ്ടിവന്നു. ജീവരക്ഷാർത്ഥം ചില ബിഷപ്പന്മാരും ഇടയന്മാരും പുസ്തകങ്ങളും കൊടുത്തുകളഞ്ഞു. ഇങ്ങനെ തെറ്റിയൊഴിഞ്ഞവർക്കു ട്രാഡിറേറ്റഴ്സു് (Traditors) എന്ന അവമാനപ്പേർ ഉണ്ടായി?.

ഈ ഒന്നാംകല്പന പുറപ്പെട്ടു് അധികനാൾ കഴിയുന്നതിനു മുമ്പു നിക്കമേദ്യരാജധാനിയിൽ രണ്ടുപ്രാവശ്യം അഗ്നിബാധയുണ്ടായി. ക്രിസ്ത്യാനികളാണു് തീ വെച്ചതു് എന്നു ശത്രുക്കൾ പറഞ്ഞു രാജാവിനെ ധരിപ്പിച്ചു. തന്നിമിത്തം ആ പട്ടണത്തിൽ ക്രിസ്ത്യാനികൾക്കു വളരെ പീഡയുണ്ടായി. ഇതേഘട്ടത്തിൽതന്നെ അമ്മീനിയയിലും സിറിയയിലും ബഹളങ്ങളുണ്ടായി. പ്രക്ഷോകന്മാർ ക്രിസ്ത്യാനികളാണെന്നു് അവിടെയും ശത്രുക്കൾ പറഞ്ഞു പരത്തിയതിനാൽ എല്ലാ ബിഷപ്പന്മാരെയും മറ്റു ശുശ്രൂഷകന്മാരെയും ചക്രവർത്തി പിടിച്ചു തടവിലാക്കി. അധികം താമസിയാതെ മൂന്നാമതു് ഒരു കല്പന പുറപ്പെട്ടു. പീഡ കുറേക്കൂടി കഠിനമാക്കി, ക്രിസ്ത്യാ

നികളെക്കൊണ്ട ദേവന്മാർക്ക ബലികഴിക്കണമെന്നായിരുന്ന അതിന്റെ താല്പര്യം. ബിഷപ്പന്മാരെയും ഉപദേഷ്ടാക്കന്മാരെയും കീഴ്പ്പെടുത്തിക്കഴിഞ്ഞാൽ ജനങ്ങളും അവരുടെ പിന്നാലെ പോന്നകൊള്ളുമെന്നായിരുന്ന അദ്ദേഹത്തിന്റെ പ്രതീക്ഷ. ഏവംവിധം, ഗോത്ര ഒഴികെയുള്ള റോമാസാമ്രാജ്യത്തിന്റെ എല്ലാ ഭാഗങ്ങളിലും ഒരു വലിയപങ്കു ജനം മരണശിക്ഷ അനുഭവിക്കുകയോ തുരങ്കവേലസ്സ് അയയ്ക്കപ്പെടുകയോ ചെയ്തു.

പീഡയുടെ രണ്ടുകൊല്ലം (എ. ഡി. 304.) തന്റെ ജാമാതാവിന്റെയും മറ്റുചില ക്രൈസ്തവശത്രുക്കളുടേയും പ്രോത്സാഹനത്താൽ ഡയോക്ലീഷ്യൻ നാലാമതു് ഒരു കല്പന പുറപ്പെടുവിച്ചു. ക്രിസ്ത്യാനികളെക്കൊണ്ട പൂജാതിദേവന്മാരെ ആരാധിപ്പിക്കുന്നതിനു മജിസ്ത്രേട്ടന്മാരെ ഉത്തേജിപ്പിക്കുന്ന ഒരു കല്പനയായിരുന്ന ഇതു്. അധികാരസ്ഥന്മാർ പരിപൂർണ്ണമായി അനുഷ്ഠിച്ച ഈ കല്പനകൊണ്ടുമുഖാന്തിരം ക്രിസ്തീയസഭ വളരെ ക്ഷയിച്ചുപോയി. ഇത്രയുമായപ്പോഴും ഗലീറിയസ് മാക്സിമിനസ് തന്റെ ഹൃദയത്തിൽ മറച്ചുവെച്ചിരുന്ന ഗൂഢോദ്ദേശങ്ങളും പ്രവൃത്തിയിൽ വരുത്തുവാൻ തുടങ്ങി. അയാളും തന്റെ കൂട്ടുപ്രവർത്തകനായ മാക്സിമിയാനസ് ഹെർക്കിലിയസ്സിനോടുകൂടി ശത്രുരന്റെ അടുക്കൽചെന്നു് തങ്ങളെ അധികാരത്തിൽനിന്നു വിടത്തിപാശ്ചാത്യരാജ്യങ്ങളെ കോൺസ്റ്റൻഷ്യസ്സ് ക്ലോറസ്സിനു വിട്ടുകൊടുത്തുംവച്ചു് കിഴക്കിന്റെ ചക്രവർത്തിയായി വാണുകൊള്ളണമെന്നു് അപേക്ഷിച്ചു. അദ്ദേഹം, ഭരണത്തിൽ തനിക്കു സഹായികളായി രണ്ടുപേരെ തെരഞ്ഞെടുത്തിരുന്നു. അതിലൊന്നു തന്റെ സഹോദരീപുത്രനായ മാക്സിമിനസും മറ്റതു സെവറസ്സുമായിരുന്നു. എന്നാൽ കോൺസ്റ്റൻഷ്യസ് ക്ലോറസ്സിന്റെ മകനും പിന്നീടു മഹാനെന്നു സ്ഥാനപ്പേർ ലഭിച്ചവനുമായ കൊൻസ്തന്തിനോസിനെ നിശ്ലേഷം നിഷേധിച്ചകളഞ്ഞു.

പ്രസ്തുത പീഡകളുടെ ഒരു സംക്ഷിപ്തചരിത്രം ഡാക്കർ ഗ്രണ്ടർട്ട് എഴുതിയിരിക്കുന്നതു് ഇങ്ങനെയാണു്: ''ഗലെര്യൻ പാർസികളെ ജയിച്ചപ്പോഴും ക്രിസ്തുമതത്തെ ഒടുക്കുവാൻ ഭാര്യാജനകനായ മഹാകൈസരോടു നിത്യം യാചിച്ചു മുട്ടിച്ചുകൊണ്ടിരുന്നു. ഒരു ദിവസം ലക്ഷണക്കാർ നിമിത്തം കണ്ടില്ല;'' കൈസരുടെ ചുറ്റുമുള്ള ''ക്രിസ്ത്യാനരെ വെറുത്തു, ദേവകോപമിണ്ടുന്നില്ല'' എന്നറിയിച്ചപ്പോഴും, കോയിലകത്തും പടയിലും ഇരിക്കുന്നവർ എല്ലാവരും ദേവകോപത്തിനു ബലികഴിക്കേണം എന്നു കൈസർമാർ കല്പിച്ചു. (298) അതുകൊണ്ടു പലർക്കും സ്ഥാനഭ്രംശം വന്നു. വല്ലവർ പ്രാഗത്ഭ്യത്തോടെ എതിർപറഞ്ഞതിനാൽ ശേഷമുള്ളവർക്കു ഭയത്തിന്നായി ശിരഃഛേദവും ഉണ്ടായി. പിന്നെ (303 ഫെബ്രു.) വയസ്സനായ ഒന്നാംകൈസർ പൂജാരികളുടെ ഭ്രാന്തിനു ഇടംകൊടുത്തു. നിക്കമേദ്യയിൽവെച്ചു പരസ്യമാക്കിയതാവിതു്: ''ക്രിസ്തുപള്ളികളെ എല്ലാം ഇടിക്കേണം, വേദപുസ്തകങ്ങളെ ചുടേണ്ടു, മാനമുള്ളവരായാൽ അവർക്കു മാനഹാനിയും പണിക്കാർക്കു് നിത്യദാസ്യവും വേണം. ക്രിസ്ത്യാനരാരും എന്തുചൊല്ലിയും അന്യായം ബോധിപ്പിച്ചാൽ എടുക്കരുതു്.'' ഉടനെ നിക്കമേദ്യയിലെ ശോഭയുള്ള പള്ളിയെ നിലത്തോടു സമമാക്കിയശേഷം, എല്ലാടവും വേദപുസ്തകങ്ങളെ അന്വേഷിപ്പാൻ തുടങ്ങി. ക്രിസ്ത്യാനർ ഏല്പിച്ചാൽ സഭാഭ്രംശം വരും. കത്ഥഹത്തിൽ നാടുവാഴി വേദങ്ങളെ അല്ല, നിസ്സാരമായ കടലാസ്സുകളെ മാത്രം എടുത്തു ഭസ്മമാക്കി, മറ്റുംചില അധികാരികളും പേർ വിചാരിയാതെ, ഏതു പുസ്തകം എങ്കിലും തന്നാൽ മതി, എന്നിട്ടു കിട്ടിയതു ചുട്ടും. ആഫ്രിക്കയിൽ ഫെലിക്സ് എന്നവനോടു വേദങ്ങളെ ചോദിച്ചപ്പോഴും, ''നിത്യജീവന്റെ വചനം എന്റെപക്കൽ ഉണ്ടു്; ഞാൻ ഏല്പിക്കയില്ല'' എന്നു പറഞ്ഞു, ശിരഛേദത്തിന്നായി കൊണ്ടുപോകുന്ന സമയം ''കർത്താവേ ഞാൻ ഈ 56 വർഷം ജീവിച്ചു, സുവിശേഷവും കന്യാശ്രദ്ധയും കാത്തു

കൊണ്ട്, സത്യവും കരുണയും പ്രസംഗിച്ചുവന്നതിനാൽ, നിന്നെ സ്തുതിക്കുന്നു. സ്വർലോകങ്ങളുടെ നാഥനായ യേശുവേ! നിനക്കു വഴിപാടായി ഞാൻ തലചായ്ക്കുന്നു'' എന്നു പ്രാർത്ഥിച്ചു മരിക്കയും ചെയ്തു.

അനന്തരം എല്ലാ പട്ടക്കാരെയും തടവിൽ ആക്കേണ്ടതിനു ആജ്ഞ വന്നു. കോയിലകത്തു അകസ്മാൽ തീപിടിച്ചപ്പോഴും ഇതു ക്രിസ്ത്യാനരുടെ പ്രവൃത്തി എന്നുവെച്ച് മൂന്നാമതൊരു കല്പനയാൽ തടവുകാരെ എല്ലാവരേയും ബലികഴിപ്പാൻ അത്യന്തം പീഡിപ്പിച്ചു, നിർബന്ധിപ്പാൻ തുടങ്ങി. പലരും ക്രിസ്തുനാമത്തെ തള്ളി എങ്കിലും, അനേക മന്ത്രികളും അദ്ധ്യക്ഷന്മാരും ഉറച്ചുനിന്നു, കഠോരപീഡകളെ സഹിച്ചു സാക്ഷിമരണം ഏറ്റു. (304) എന്നാറെ നാടുതോറും, ഊർതോറും ഒട്ടൊഴിയാതെ എല്ലാവരും ബിംബങ്ങൾക്കു വഴിപാടു കഴിക്കേണം എന്ന നാലാമതു കല്പന ഉണ്ടായതിനാൽ, പിശാചിന്റെ ഇച്ഛ പൂരിച്ചുവന്നു. വെവ്വേറെ കൊല്ലുവാൻ ഘാതകന്മാർ പോരായ്കയാൽ ക്രിസ്ത്യാനരെ കൂട്ടം കൂട്ടമായി ദഹിപ്പിച്ചു. ഭൃഗ്യ നാട്ടിൽ ഒരു ക്രിസ്ത്യാനപട്ടണം മുഴുവനും കുഞ്ഞുകുട്ടികളോടുകൂടെ ചുട്ടകളഞ്ഞു. അരങ്ങു സ്ഥലങ്ങൾതോറും സിംഹം, നരി, പുലി, കരടി, എരുമ, പന്നി മുതലായവറെ പഴപ്പിച്ചു ഇരുമ്പുകൊണ്ട്, ഇളക്കി ക്രിസ്ത്യാനസമൂഹത്തെ കൊള്ളായിക്കും. പലപ്പോഴും മൃഗങ്ങൾ അവരെ തൊടായ്കയാൽ, വാൾകൊണ്ടു വെട്ടി ശവങ്ങളെ കടലിൽ ചാട്ടും. നാടുവാഴികളും വെവ്വേറെ പുതിയ മരണവിധങ്ങളെ സങ്കല്പിക്കും. രണ്ടു മരക്കൊമ്പുകളെ അമർത്തിമുറുക്കി, സാക്ഷികളുടെ കാലുകളെ കെട്ടി, കയറ് അറുത്തുപിളർത്തി, ഉടലുകളെ തെറിപ്പിക്കും. ഗലെര്യൻ പ്രത്യേകം നിത്യം ചിന്തിച്ചു, ഘോരഭേദ്യങ്ങളെ നിരൂപിച്ചു നടത്തി. പ്രാണഛേദത്തിനു ആവോളം താമസംവരുത്തി ഹിംസിക്കും. സ്ത്രീകളോടു ചെയ്ത അവലക്ഷണക്രിയകളെ എണ്ണിക്കുടാ. മിസ്രനാട്ടിൽ മാത്രം കൊന്നവർ 2 ലക്ഷത്തിൽപരമാകുന്നു. ഗ്രന്ഥപ്രദേശത്തുകൂടി കൂറിതരെക്കെ, ഉപസ്ഥത്തിൽ ഈയം ഉരുക്കിപകരുക, ചങ്ങലകളെക്കൊണ്ടു തൂക്കിവിടുക, എല്ലുകളെ ഒടിക്ക, സ്ത്രീകളെ ഒരുകാൽകെട്ടി തൂക്കി തീമേൽ ആടിക്ക, പലയന്ത്രങ്ങളെക്കൊണ്ടും കാലും കൈയും നീട്ടി സന്ധുക്കൾ അറുമാറു വലിക്ക, ലിംഗം ഛേദിക്ക, ഗർഭിണികളെ കീറുക ഈവക എല്ലാം ചെയ്യുമ്പോൾ ചില പുരുഷന്മാരും അധികം കന്യകമാരും തങ്ങൾതന്നെ മരിച്ചുകളഞ്ഞതും ചിലർ ന്യായാധിപതിയോടും മറും കോപം കാണിച്ചതും ആശ്ചര്യമല്ലല്ലൊ.

എല്ലാ സാക്ഷിമരണങ്ങളെയും ഒരുപോലെ സ്തുതിക്കാവതല്ലതാനും. ആഫ്രിക്കയിൽ ചിലർ ഭ്രാന്തരായി നാടുവാഴിയെ ചെന്നു കണ്ടു, ''എനിക്കു വേദം ഉണ്ട്, ഞാൻ തരികയും ഇല്ല'' എന്നും, ''ഞാൻ ക്രിസ്ത്യാനൻ നിന്റെ വാളെ പേടിക്കയില്ല'' എന്നും ചൊല്ലി, തങ്ങളെ ഏല്പിച്ചു മരിച്ചു. കടക്കാരും ദുർനടപ്പുകാരും വെറുതെ സ്വീകാരം ചൊല്ലി തടവിൽ ആയാറെ, സക്കോരുടെ സഹായത്താൽ സുഖിച്ചു, മാനം പ്രാപിച്ചു, അനുതാപവും പുനർജ്ജന്മവും അറിയാതെ മദിച്ചു, സാക്ഷിമരണംതന്നെ സ്വർപാപപരിഹാരത്തിനും പോരും എന്നു നിരൂപിച്ചു ചത്തുപോയി. കർത്തഹത്തിൽ അദ്ധ്യക്ഷൻ ആ കൂട്ടരോടു വിരോധിച്ചു; സുബോധം പറഞ്ഞപ്പോൾ അവർ സഭയോടു പിരിഞ്ഞു, ദോനാതനെ അദ്ധ്യക്ഷനാക്കി, പൊതുവിൽ ഉള്ളവർ ലൗകികന്മാർ; ''ഞങ്ങൾ മാത്രം ശുദ്ധസഭ'' എന്നു ഗർവ്വിച്ചു, ദോനാത്യർ എന്ന പേർ ധരിച്ചു, ക്രിസ്തുശരീരത്തിനു പിന്നെയും വളരെ ക്ലേശം വരുത്തുകയും ചെയ്തു.

സ്തുത്യമായൊരു മരണദൃഷ്ടാന്തം പറയാം. മിസ്രയിൽ പൗൽ എന്നൊരുത്തൻ മരണം അൽക്കാറായപ്പോൾ അല്പം ഇട അപേക്ഷിച്ചു, മുമ്പെ ക്രിസ്തുസഭയ്ക്കുവേണ്ടി പാപക്ഷമയും ശിക്ഷാനിവൃത്തിയും വരുവാൻ അപേ

ക്ഷിച്ചു. പിന്നെ യഹൂദരും ശമര്യക്കാരും മശീഹമൂലം ദൈവത്തോട് ചേരേണ്ടതിനു പ്രാർത്ഥിച്ചു, ശേഷം ജാതികളും അന്ധകാരം വിട്ടു, വെളിച്ചത്തിൽ വരേണ്ടതിനു മാത്രം അല്ല; കാണികളുടെ സമൂഹത്തിനും കൈസറന്മാർക്കും ന്യായാധിപതിക്കും, ഘാതകനും വേണ്ടി ഈ പാപങ്ങൾ അവരുടെ തലമേൽ വരരുതെ എന്നുറക്കെ പ്രാർത്ഥിച്ചു, പലരും കണ്ണീർവാർത്തുകൊണ്ടു മരിക്കയും ചെയ്തു. ഇങ്ങനെ ലക്ഷം ലക്ഷം ആത്മാക്കളിൽ തികഞ്ഞ സ്നേഹം ഭയത്തെ പുറത്താക്കിക്കളഞ്ഞു; അവർ കഷ്ടപ്പെട്ട. അത്യാസന്നംവരെ വിശ്വസ്തരായ് പാർത്തു. അവരുടെ മരണം കർത്താവിനു വിലയേറിയതു തന്നെ.

ഒടുവിൽ ചില നാടുകൾ കാടായിപ്പോകും എന്ന ഭയം ഉണ്ടായപ്പോഴേയ്ക്കു് ശേഷിച്ചവരെ കൊല്ലാതെ, ഒരു കൺ ചൂന്നെടുത്തും, ഒരുകാൽ മുടവാക്കിയും പറ്റുതോടരത്തിലെ പണിക്കയെക്കേണം എന്ന കല്പന വന്നു. അപ്പോൾ ഒരു ചൈമ്പു് എടുക്കുന്ന ഒരു കഴിയിൽ യോഹനാൻ എന്ന മിസ്രുക്കിഴവൻ ഉണ്ടു്. അവൻ കരുടനെങ്കിലും, ഓർമ്മ വിശേഷംതന്നെ; പഴയനിയമവും സുവിശേഷവും മുഴുവനും അറികകൊണ്ടു ലോഹങ്ങളെ എടുക്കുന്ന സമയം ചുറ്റുമുള്ളവർക്കു് വേദസാരുപനായി നിത്യ ഉപദേശവും ആശ്വാസവും പൊഴിഞ്ഞുകൊടുക്കും. അനേക ശിഷ്യന്മാർ മുറനാട്ടിൽ ഓടിപ്പോകകൊണ്ടു, രോമസംസ്ഥാനത്തിനു പുറമെ സുവിശേഷം പലദിക്കിലും പതുക്കെ പരക്കയും ചെയ്തു.

കൈസറന്മാരൊ കുറയകാലം സന്തോഷിച്ചു, ശീലകളിലും നാണ്യങ്ങളിലും ക്രിസ്തീയനാമനിഗ്രഹം സമാപ്തം എന്നു എഴുതിച്ചു, പ്രശംസിച്ചുകൊണ്ടിരുന്നു. എന്നാറെ രോഗിയായ ദ്യോക്ലോത്യാൻ രാജകാര്യം ഉപേക്ഷിച്ചു (305) തോട്ടത്തിൽ വാങ്ങിപ്പാർത്തു, മറെറ കൈസരും സിംഹാസനത്തെ വിട്ടകൊണ്ടു കിഴക്കെ ഖണ്ഡത്തിലെ കോയ്മ ഗലെര്യനും പടിഞ്ഞാറെ വാഴ്ച കൊംസ്താന്ത്യനും, ഇങ്ങിനെ കീഴ്കൈസന്മാർ ഇരുവർക്കും സർവ്വാധികാരം വന്നു.

ഈ കൊംസ്താന്ത്യൻ മുമ്പിൽകൂട്ടി ഗാല്യയിൽവെച്ചു പള്ളികളെ ഇടിപ്പിച്ചതല്ലാതെ, വിശ്വാസികളെ കൊല്ലിച്ചില്ല; തന്റെ കോയിലകത്തു് പണിക്കാരോട് ഒരു പരീക്ഷ വിചാരിച്ചു. നിങ്ങളിൽ ക്രിസ്ത്യാനരായവർ പോകേണം; ബലി കഴിച്ചാൽ പാക്കാം എന്നു കല്പിച്ചാറെ, ചിലർ അനുസരിച്ചു, ചിലർ ഉറെച്ചു നിന്നു. എന്നാറെ കൈസർ താന്താങ്ങടെ ദൈവത്തോട് ദ്രോഹം ചെയ്തുപോയവർ സ്വാമിദ്രോഹത്തിനും മടിക്കയില്ല എന്നു ചൊല്ലി സത്യത്യാഗികളെ വിട്ടയച്ചു, സ്വീകാരികളെ പാർപ്പിച്ചു മാനിച്ചുകൊണ്ടിരുന്നു. അവനു ഗാല്യ, സ്പാന്യ, ബ്രിതന്യരാജ്യങ്ങളിലും മേലധികാരംവന്ന നാംമുതൽ ദയ അധികം കാട്ടിക്കൊണ്ടു, സ്നേഹരെ ജയിച്ചശേഷം ഇയൊക്കിൽവെച്ചു മരിച്ചാറെ, പുത്രനായ മഹാകൊംസ്താന്തീൻ ശേഷം (306) കൈസറന്മാരുടെ സമ്മതം കൂടാതെ അച്ഛന്റെ അവകാശവും ആചാരവും രക്ഷിച്ചുപോന്നു.

ഗലെര്യൻ 7 വർഷം അടങ്ങാതെ ഹിംസ നടത്തിയശേഷം സർട്ടിസിൽവെച്ചു വ്യാധി പിടിച്ചു. ശരീരം ദ്രവിച്ചു, എങ്ങും പുഴു ജനിച്ചു, നാറ്റം ആർക്കും സഹിച്ചുകൂടാതെ വർദ്ധിച്ചപ്പോൾ മനസ്സുഴിഞ്ഞു, ക്രിസ്ത്യാനരെ ഇനി ഹിംസിക്കരുതു്; പള്ളികളെ എടുപ്പിക്കാം എനിക്കുംവേണ്ടി പ്രാർത്ഥിക്കേണം എന്നു കല്പിച്ചശേഷം അന്തരിച്ചു. (311)

അപ്പോൾ തടവിൽനിന്നും മലയുള്ളിൽനിന്നും പുറപ്പെട്ടു വന്നവർ കൂട്ടമായി നിരത്തുകളിൽ പാടി സ്തുതിച്ചുനടന്നു, വീടുകളെയും ബന്ധുജനങ്ങളെയും അന്വേഷിച്ചു പള്ളികളെ പണിചെയ്തുകൊണ്ടിരുന്നു. ശത്രുക്കളും

ഇവരെ നശിപ്പിക്കുന്നതു് അസാദ്ധ്യം എന്നു ഊഹിച്ചുതുടങ്ങി, മനസ്സു ഭേദിച്ചു, നോക്കിക്കൊണ്ടിരുന്നു.

എന്നതിന്റെശേഷവും മക്ഷിമീൻ കൈസർ സൂറിയ മിസ്രനാടുകളിൽ ഹിംസയെ ക്രമത്താലെ പുതുക്കി, ചില അദ്ധ്യക്ഷന്മാരെ കൊന്നു. ക്രിസ്ത്യാനരെ പട്ടണങ്ങളിൽനിന്നു പുറത്താക്കിയതും അല്ലാതെ പൈശാചകൗശലത്തോടു ''പിലാത്തിന്റെ വ്യവഹാരം'' എന്ന കള്ളശാസ്ത്രം ഉണ്ടാക്കിച്ചു; വേശ്യമാരെ വരുത്തി: ഞങ്ങൾ സഭക്കാരത്തികളായിരുന്നു; സയേൽ നിമ്മ്രയാദമായി ആചരിച്ചു പോരുന്നതു് ഇന്നിന്നവിധം എല്ലാം ആകുന്നു എന്നു സമ്മതിച്ചു് പറയിച്ചു് എഴുതിച്ചു. ആ ശാസ്ത്രവും ഈ പകർപ്പും വരുത്തി, എല്ലാ എഴുത്തു പള്ളികളിലും പഠിപ്പിച്ചു, ക്രിസ്തുനാമത്തെ തെരുക്കളിലെ കുട്ടികൾക്കും പരിഹാസമാക്കിവെക്കുകയും ചെയ്തു. പിന്നെ ലികിന്യ കൈസരുമായി പടകൂടിയാറെ ദേവേന്ദ്രനു നേർന്നു എങ്കിലും ഹദ്രിയാനപുരിക്കരികെനിന്നു തോറ്റു് ഓടിപ്പോയി, തർസിൽവച്ചു ദീനം പിടിച്ചപ്പോൾ കത്തൽ സഹിയാഞ്ഞു ഭോന്തനെപ്പോലെ ' ഞാനല്ല ചെയ്തതു്, മറവരാകുന്നല്ലൊ'' എന്നു നിലവിളിച്ചുകൊണ്ടു മരിക്കയും ചെയ്തു. (313)

ക്രിസ്തുസഭാചരിത്രം. പുറം 85–90.

ഗലീറിയസ്മാക്സിമിയാനസ് മരിച്ചു കഴിഞ്ഞപ്പോൾ മാക്സിമിനസ്സും ലിസിനിയസ്സും, അദ്ദേഹം ഭരിച്ചിരുന്ന ദേശങ്ങളെ തങ്ങൾക്കായി ഭാഗിച്ചെടുത്തു. റോമാ ഗവർമ്മെന്റിനുണ്ടായ ഈ പരിവർത്തനം കോൺസ്റ്റാൻഷ്യസ്സിന്റെ ഭരണത്തിൻകീഴിലായിരുന്ന പടിഞ്ഞാറൻ പ്രവിശ്യകളിലെ ക്രിസ്ത്യാനികൾക്കു സമാധാനം പുനഃസ്ഥാപിച്ചു. എങ്കിലും കിഴക്കൻ പ്രദേശങ്ങളിൽ പീഡ പൂർവ്വാധികം ശക്തിയോടുകൂടി പരന്നുകൊണ്ടിരുന്നു.

എന്നാൽ ഗലീറിയസ്മാക്സിമിയാനസ്സിന്റെ പ്ലാൻ മുഴുവനും ദൈവം മറിച്ചു കളഞ്ഞു, എങ്ങനെയെന്നാൽ കൊൺസ്റ്റൻഷ്യസ് ക്ലോറസ് ബ്രിട്ടനിൽവച്ചു 306–ൽ മരിക്കയാൽ പടയാളികൾ അദ്ദേഹത്തിന്റെ പുത്രനായ കൻസ്തന്തിനോസിനെ ആഗസ്റ്റസ് എന്ന പദവി കൊടുത്തു് അഭിവന്ദനം ചെയ്തു. ഇതിനെ മേൽപ്പറഞ്ഞ ക്രൂരനും സമ്മതിക്കാതെ നിവൃത്തിയില്ലെന്നു വന്നു. ഉടൻതന്നെ ഒരു സിവിൽ യുദ്ധം ഉണ്ടായി. കാരണം മാക്സിമിയാനസ്സിന്റെ മരുമകനായ മാക്സൻഷ്യസ് തന്റെ അമ്മായിയച്ഛൻ സെവറസ്സിനു രാജ്യം കൊടുത്തുകളയുമെന്നുവച്ചു തന്നത്താൻ രാജാവാക്കി. കൂടാതെ തന്റെ അഛനായ മാക്സിമിയാനസ് ഹെർക്കുലിയസ്സിനെ സാമ്രാജ്യത്തിൽ തന്റെ സഹഭരണകർത്താവുമാക്കി. ഈ ലഹളകൾക്കിടയിൽ, അപ്രതീക്ഷിതമായി കൻസ്തന്തിനോസ് സിംഹാസനം കൈവശപ്പെടുത്തുകയുണ്ടായി. ഇറലിയിലും ആഫ്രിക്കയിലുമുള്ളവരൊഴികെ ഈ സിവിൽ യുദ്ധത്തിനിടയ്ക്കു് എല്ലാ ക്രിസ്ത്യാനികളും പൂർണ്ണ സമാധാനം അനുഭവിച്ചു. ഒടുവിൽ പൗരസ്ത്യക്രിസ്ത്യാനികളെ ഉപദ്രവിച്ചുകൊണ്ടിരുന്ന ഗലേറിയസ് മാക്സിമിയാനസ് ഭയങ്കരമായ ഒരു വ്യാധി പിടിച്ചു മരിക്കാറായപ്പോൾ സാന്ത്വനപരം ഒരു നിഷ്പീഡന കല്പന അയച്ചു. ഇതു് 311–ൽ ആയിരുന്നു.

അതേ അവസരത്തിൽ ആഫ്രിക്കയും ഇറലിയും കൈവശംവച്ചുകൊണ്ടിരുന്ന മാക്സൻഷ്യസ്, പാശ്ചാത്യരാജ്യങ്ങളെല്ലാം തന്റെ അധീനതയിൽ വരണമെന്നുള്ള ആഗ്രഹത്തോടുകൂടി സ്പെയിൻ, ഗോൾ ഈ രാജ്യങ്ങളെ ഭരിച്ചുകൊണ്ടിരുന്ന കൻസ്തന്തിനോസുമായി യുദ്ധം ചെയ്വാൻ നിശ്ചയിച്ചു. ഈ ആന്തരം അറിഞ്ഞുകൊണ്ട കൻസ്തന്തിനോസ് 312–ൽ തന്റെ സൈന്യത്തെ ഇറലിയിലേക്കു നടത്തി, റോമസ്സിന് അടുത്തുള്ള മിൽവിയൻ പാലത്ത.

നടത്തിയ യുദ്ധത്തിൽ മാക്സൻഷ്യസ്സിന്റെ സൈന്യം തോറ്റു ഓടിപ്പോയി. ഈ ഓട്ടത്തിൽ പാലം തകർന്നു മാക്സൻഷ്യസ്സ് ടൈബർ നദിയിൽ വീണു മുങ്ങിച്ചത്തു. ഈ വിജയത്തിന്റെ പിന്നാലെ കൂസ്തന്തിനോസ് തന്റെ സഹപ്രവർത്തകനായ ലിസിനിയസ്സിനോടുകൂടി ക്രിസ്ത്യാനികൾക്കു സ്വാതന്ത്ര്യം അനുവദിച്ചു. ഈ സ്വാതന്ത്ര്യം 313-ൽ പുറപ്പെട്ടതും മിലാനിൽവച്ചു് എഴുതി ഉണ്ടാക്കിയതുമായ ഒരു പുതിയ കല്പനയിൽ സ്പഷ്ടമായി വിവരിച്ചിരുന്നു. കിഴക്കൻ നാടുകളിൽ വാണിരുന്ന മാക്സിമിൻ അപ്പോഴും ക്രിസ്ത്യാനികൾക്കു പുതിയ പീഡാമാർഗ്ഗങ്ങൾ ആലോചിക്കയും പടിഞ്ഞാറൻ ചക്രവർത്തികളുമായി യുദ്ധം ചെയ്യുമെന്നുള്ള ഭീഷണി പുറപ്പെടുവിച്ചുകൊണ്ടിരിക്കുകയുമായിരുന്നു. എന്നാൽ, ലിസിനിയസ്സിനാൽ തോല്പിക്കപ്പെട്ടു് അയാൾ 313-ൽ തർസൂസിൽവച്ചു വിഷം തിന്നു മരിച്ചു.

ഈ കാലത്തിനിടയ്ക്കു്, മുൻപു് യാതൊരു മതവിശ്വാസവുമില്ലാതിരുന്ന കൂസ്തന്തിനോസ് മഹാൻ ക്രിസ്തുമാർഗ്ഗം സ്വീകരിച്ചതായി പറയപ്പെട്ടിരിക്കുന്നു. ഇദ്ദേഹം ആകാശത്തിൽ കണ്ട ഒരു കുരിശടയാളത്താൽ പ്രോത്സാഹിതനായി ക്രിസ്തുമതം അംഗീകരിച്ചതെന്നാണു് സാധാരണ പറഞ്ഞു വരുന്നതു്. എന്നാൽ ഇതു് അത്ര വിശ്വസിനീയമായിരിക്കുന്നില്ല.

ക്രിസ്ത്യാനികൾക്കനുകൂലമായ അദ്ദേഹത്തിന്റെ ഒന്നാം ശാസനത്തിൽ നിന്നും മറ്റനേക സംഗതികൊണ്ടും തെളിയുന്നതു്, ഈ ഘട്ടത്തിനു മുൻപു തന്നെ അദ്ദേഹം ക്രിസ്ത്യാനികൾക്കു് അനുകൂലനായിരുന്നുവെന്നാണു്. എന്നാൽ മറ്റു മതങ്ങളെപോലെ ക്രിസ്തുമതവും രക്ഷിയ്ക്കുള്ള ഒരു മാർഗ്ഗം, എല്ലാ മതങ്ങളും തന്റെ സാമ്രാജ്യത്തെ ജനങ്ങൾ നിർബാധമായി അനുഷ്ഠിച്ചു കൊള്ളട്ടെ എന്നുള്ള അഭിപ്രായം കുറെക്കാലം കഴിഞ്ഞശേഷമാണു മാറുന്നതിനിടയായതു്. ക്രിസ്തുമതത്തിൽ നിഷ്ഠ ഉറപ്പിച്ചതിനോടുകൂടി അദ്ദേഹം തന്റെ പ്രജകൾ ക്രിസ്തുമതം സ്വീകരിക്കണമെന്നു ഗ്രഹിക്കുകയും പിന്നീടു പൂർവികമൂഢവിശ്വാസങ്ങൾക്കെതിരായി യുദ്ധപ്രഖ്യാപനം ചെയ്കയും ചെയ്തതായി കാണുന്നു. ഇതര മതങ്ങളുടെ അസത്യതയും ക്രിസ്തുമതത്തിന്റെ സത്യതയും അദ്ദേഹം ഏതു ഘട്ടത്തിലാണു കണ്ടുപിടിച്ചതെന്നു തീർച്ചപ്പെടുത്തിപ്പറവാൻ പ്രയാസം. എങ്കിലും ലിസിനിയസ് മരിക്കയും അദ്ദേഹം ഏകച്ഛത്രാധിപതിയായി തീരുകയും ചെയ്ത 325-ാം കൊല്ലത്തിൽ പുറപ്പെടുവിച്ചുള്ള രാജശാസനങ്ങളും നിയമങ്ങളും പരിശോധിക്കുന്നതായാൽ ഏതോ ചില ഊഹങ്ങൾ നമുക്കു ലഭിക്കാതിരിക്കയില്ല. റോമരുടെ പഴയമതം നശിപ്പിക്കുന്നതിനും ക്രിസ്തുമതത്തെ മാത്രം സ്ഥാപിക്കുന്നതിനുമുള്ള അദ്ദേഹത്തിന്റെ ഉദ്യമം തന്റെ ആയുസ്സിന്റെ അന്ത്യത്തിനു സ്വല്പം മുൻപുവരെ പ്രകടിതമാക്കിയിരുന്നില്ല. ആ ഘട്ടത്തിൽ അദ്ദേഹം പുറജാതികളുടെ ക്ഷേത്രങ്ങൾ പൊളിച്ചു കളയുന്നതിനും ബലികർമ്മാദികൾ നിർത്തുന്നതിനും കല്പനകൾ പുറപ്പെടുവിച്ചതായി കാണുന്നു.

അദ്ദേഹത്തിന്റെ അന്തിമപ്രവൃത്തി തന്റെ പരമാർത്ഥതയിൽനിന്നു ചെയ്തതാണെങ്കിലും അദ്ദേഹം എല്ലാ സംഗതിയിലും ക്രിസ്തുവിന്റെ ശാസനങ്ങൾക്കു് അനുരൂപമായ ഒരു ജീവിതമാണു നയിച്ചിരുന്നതു് എന്നു പറവാൻ നിവൃത്തിയില്ല. നേരെമറിച്ചു തന്റെ ജീവിതം മുഴുവൻ അദ്ദേഹം ഒരു സ്നാനാർത്ഥിയായിരുന്നതേയുള്ളൂ. മരിക്കുന്നതിനു് ഏതാനും ദിവസങ്ങൾക്കു മുൻപാണു നിക്കമേദ്യയിൽവച്ചു സ്നാനം സ്വീകരിച്ചു സഭാംഗമായിത്തീർന്നതു്.

കൂസ്തന്തിനോസിന്റെയും ലിസിനിയസ്സിന്റെയും കല്പനകളാൽ ക്രിസ്ത്യാനികൾ നിഷ്പീഡരായിരിക്കുമ്പോൾ ലിസിനിയസ് തന്റെ

ജ്ഞാതിയായ കൗസ്തന്തിനോസിനോട് യുദ്ധത്തിന് ഒരുമ്പെട്ട എങ്കിലും അദ്ദേഹം തീരെ തോല്പിക്കപ്പെടുകയാണുണ്ടായതു്. ജാതികളുടെ ഇഷ്ടം സമ്പാദിക്കുന്നതിനു ക്രിസ്ത്യാനികളെയും അവരുടെ ബിഷപ്പന്മാരെയും ലിസിനിയസ് കഠിനമായി ഉപദ്രവിച്ചു തുടങ്ങി. എന്നാൽ ഈ ഉപദ്രവം ഒന്നുകൂടി തോൽക്കുന്നതിനു മാത്രമായിരുന്നു. അടങ്ങാതെ പല പ്രാവശ്യം ഇയാൾ യുദ്ധം തുടർന്നു. ഒടുവിൽ കൗസ്തന്തിനോസിനു കീഴടങ്ങുകയല്ലാതെ നിവൃത്തിയില്ലെന്നു വന്നു. എന്നാൽ ഇങ്ങനെയുള്ള ഒരുവനെ ജീവനോടു വച്ചേക്കുന്നതിനു കൗസ്തന്തിനോസിനു മനസ്സില്ലായ്കയാൽ ക്രിസ്താബ്ദം 325–ൽ ലിസിനിയസിനെ തൂക്കിക്കൊന്നു. ഈ വിജയത്തിനുശേഷം മരണപര്യന്തം ഇദ്ദേഹം നിരുപദ്രവനായി വാണു് സ്നേഹം, മര്യാദ, ദാക്ഷിണ്യം, ദാനശീലം, നിയമങ്ങൾ എന്നിവകൊണ്ടും മറനേക മാഗ്രേണയും പുരാതന മൗഢ്യങ്ങളെ അന്തർദ്ധാനം ചെയ്യിക്കുന്നതിനും, റോമാസാമ്രാജ്യമെങ്ങും ക്രിസ്തുമതം പരത്തുന്നതിനും അദ്ദേഹം പ്രയത്നിച്ചു. ലിസിനിയസ്സുമായി നടന്ന യുദ്ധം കൊണ്ടും തന്റെ തന്ത്രനൈപുണ്യം കൊണ്ടുമാണു് റോമയുടെ പുരാതനമതം തന്റെയും തന്റെ സാമ്രാജ്യത്തിന്റെയും നിലനില്പിനു് ഉപദ്രവകരമെന്നു കൗസ്തന്തിനോസ് കണ്ടുപിടിച്ചതു്. ഇതു മുതൽ അദ്ദേഹം പുറജാതി ദേവതകളെയും അവരുടെ ആരാധനകളെയും പരസ്യമായി ഉച്ചാടനം ചെയ്വാൻ തുടങ്ങി.

കൗസ്തന്തിനോസ് 337–ൽ മരിച്ചു. അദ്ദേഹത്തിന്റെ മക്കളും രണ്ടാം കൗസ്തന്തിനോസു്, കൊൺസ്റ്റാൻഷ്യസ്, കൊൺസ്റ്റാൻസ് എന്നിങ്ങനെ മൂവരായിരുന്നു. റോമൻ സെനറ്റു് ഇവർക്കു് ആഗസ്തസ്സു് എന്ന സ്ഥാനപ്പേർ കൊടുത്തതു കൂടാതെ ചക്രവർത്തികളായി അംഗീകരിക്കയും ചെയ്തു. എന്നാൽ ഇവരുടെ പിതൃവ്യന്മാരായി കൊൺസ്റ്റാൻഷ്യസ് ഡൽമാത്യസ് എന്നും ജൂലിയസു് കൊൺസ്റ്റാൻസു് എന്നും രണ്ടു പേരും അവർക്കു് അനേക സന്താനങ്ങളും ഉണ്ടായിരുന്നു. തങ്ങളുടെ രാജാധിപത്യത്തിനു് ഇവരിൽ നിന്നു വല്ല തടസ്സവും ഉണ്ടായേക്കുമെന്നു കരുതി കൗസ്തന്തിനോസിന്റെ മേൽപ്പറഞ്ഞ പുത്രന്മാർ ഇവരെ വധിച്ചുകളഞ്ഞു. എന്നാൽ ജൂലിയസു് കോൺസ്റ്റാൻസിന്റെ രണ്ടു പുത്രന്മാരായ ഗാലസു്, ജൂലിയൻ എന്നീ രണ്ടു പേർ എങ്ങനെയോ തെറ്റിയൊഴിഞ്ഞു. ഈ ജൂലിയൻ ആണു പിൽക്കാലത്തു ചക്രവർത്തിയായി സിംഹാസനം പ്രാപിച്ചതു്. രണ്ടാം കൗസ്തന്തിനോസു്, ബ്രിട്ടൻ, ഗോൾ, സ്പെയിൻ എന്നീ മൂന്നു രാജ്യങ്ങളുടെ രാജാവായിരുന്നു. തന്റെ സഹോദരനായ കൊൺസ്റ്റാൻസുമായുള്ള യുദ്ധത്തിൽ ഇയാൾ മരിച്ചു. കൊൺസ്റ്റാൻസു്, ആദ്യം ഇല്ലിരിക്കം, ഇറാലി, ആഫ്രിക്കാ എന്നീ രാജ്യങ്ങളും മാത്രമെ വാണിരുന്നുള്ളു. എങ്കിലും രണ്ടാം കൗസ്തന്തിനോസു് മരിച്ച ഉടൻ അയാളുടെ രാജ്യങ്ങളെക്കൂടി തന്റെ രാജ്യങ്ങളോടു് ചേർത്തു പാശ്ചാത്യരാജ്യങ്ങളുടെ എല്ലാറ്റിന്റെയും അധിപതിയായിത്തീർന്നു. ഇദ്ദേഹം മാഗ്നൻഷ്യസു് എന്ന പേരുള്ള ഒരു സിംഹാസനാപഹാരകനുമായി നടന്ന യുദ്ധത്തിൽ (എ. ഡി. 350) മരിച്ചു. അനന്തരം, മാഗ്നൻഷ്യസ്സിനെ കീഴടക്കിയശേഷം ഏഷ്യാ, സിറിയാ, ഈജിപ്തു് എന്നീ നാടുകളും വാണിരുന്ന കൊൺസ്റ്റാൻസു് എന്ന മൂന്നാം സഹോദരൻ 353–ൽ ഏകാധിപതിയായിത്തീരുകയും താൻ ചരമം പ്രാപിച്ച 361 വരെ സാമ്രാജ്യം ഭരിക്കയും ചെയ്തു. ഈ സഹോദരന്മാരിൽ ഒരുത്തനുപോലും തങ്ങളുടെ പിതാവിന്റെ മനസ്ഥിതിയൊ വിവേകമോ ഉണ്ടായിരുന്നില്ല. എങ്കിലും റോമാക്കാരുടെയും മറ്റു പുറജാതികളുടെയും പ്രാചീന അന്ധവിശ്വാസങ്ങളും നീക്കുന്നതിനും റോമാസാമ്രാജ്യമെങ്ങും ക്രിസ്തുമതം പരത്തുന്നതിനും ഉള്ള പിതാവിന്റെ ഉദ്ദേശത്തെ അവരെല്ലാവരും അനുകരിച്ചു. ഇതു നല്ലതും ശ്ലാഘാർഹവും തന്നെ.

എന്നാൽ അതിനു് ഉപയോഗിച്ചിരുന്ന മുഖാന്തിരങ്ങളിൽ പലതും ഗർഹണീയങ്ങളും എന്നു പറയാതെ ഗത്യന്തരമില്ല.

ക്രിസ്തുമതം ഏവംവിധം ജയംകൊണ്ടുവരവേ, ജൂലിയൻ ചക്രവർത്തിയുടെ ഭരണകാലത്തു്, നാശത്തിന്റെ വക്കത്തായി എന്നു തോന്നത്തക്ക നിലയായിത്തീർന്നു. ഈ ചക്രവർത്തി 361—ൽ സിംഹാസനം പ്രാപിച്ചു. ക്രിസ്തുമതത്തിൽ അഭ്യസിപ്പിക്കപ്പെട്ടവനായിരുന്നെങ്കിലും ഇദ്ദേഹം ക്രിസ്തുമതദ്വേഷിയായി തീർന്നു. അതിനുള്ള കാരണങ്ങളിൽ ഒന്നു തന്റെ ജ്ഞാതികളെക്കൊന്ന കൂസ്തന്തിനോസു് കുടുംബത്തോടുള്ള വിരോധവും വേറൊന്നുപത്തോന്യതത്വജ്ഞാനികൾക്കു് ഇദ്ദേഹത്തിന്റെ മേലുള്ള സ്വാധീനശക്തിയുമായിരുന്നു. തന്റെ പൂർവ്വന്മാരുടെ പ്രമാണങ്ങളെയും ആചാരങ്ങളെയും റോമയിൽ പുനഃസ്ഥാപിക്കുന്നതിനും പുറജാതിമതത്തെ വീണ്ടും പ്രചരിപ്പിക്കുതിനും ജൂലിയൻ ഭഗീരഥപ്രയത്നം ചെയ്തു. ക്രിസ്തുമതത്തിന്റെ അഭിവൃദ്ധിയെ തടയുന്നതിനു് സർവ്വതോമുഖമായ പരിശ്രമങ്ങൾ തുടർന്നു ക്രിസ്തുമതത്തിനു് എതിരായി ഒരു പുസ്തകം എഴുതി. ഇയാൾ എ. ഡി. 363—ൽ പാർസികളുമായി നടത്തിയ ഒരു യുദ്ധത്തിൽവച്ചു മുറിവേറ്റു തന്റെ മുപ്പത്തിരണ്ടാം വയസ്സിൽ മരിക്കയാണുണ്ടായതു്.

ജൂലിയൻ കർത്താവിന്റെ പ്രവചനം നിഷ്ഫലീകരിക്കുന്നതിനായി യറുശലേം ദേവാലയം വീണ്ടും പണിയിപ്പാൻ യഹൂദന്മാർക്കു് ആജ്ഞകൊടുത്തതായി പറയപ്പെട്ടിരിക്കുന്നു. ആലയത്തിനു് അടിസ്ഥാനമിടുവാൻ വാനം തോണ്ടുമ്പോൾ അടിയിൽനിന്നു തീയുണ്ടകൾ പൊട്ടിത്തെറിച്ചു് ഈ ദുഷ്പ്രാദ്യമത്തെ പ്രതി ബന്ധിക്കയുണ്ടായി. ഇതു വിശ്വാസയോഗ്യമായ ഒരു സംഭവം ആണെന്നുള്ളതിനു് അക്കാലത്തു ജാതികളും എഴുതിയ സാക്ഷികളും തന്നെ ഉണ്ടു്.

ജൂലിയന്റെ പിന്നാലെ ജോവിയൻ തിരഞ്ഞെടുക്കപ്പെട്ടു. ഇദ്ദേഹം ഏഴുമാസം മാത്രം ഭരിച്ചതിന്റെ ശേഷം 364—ൽ മരിച്ചു. ഈ നൂറ്റാണ്ടുകളിൽ ഭരിച്ചിരുന്ന മറ്റു ചക്രവർത്തിമാർ ഒന്നാം വലന്തീനിയൻ, വലൻസു്, ഗ്രാത്തിയാൻ, രണ്ടാം വലന്തീനിയൻ, ഹൊണോറിയസു് എന്നിവരാണു്. ഇവരെല്ലാവരും മതനിഷ്ഠയോടുകൂടി ജീവിച്ചിരുന്ന ക്രിസ്ത്യാനികളായിരുന്നു. എന്നാൽ പുറജാതിമതാചാരങ്ങളെ ഉന്മൂലനം ചെയ്വാനുള്ള ഉത്സാഹം ഇവരിൽ ഓരോരുത്തരിലും ഏറെക്കുറെ ഭേദപ്പെട്ടാണ കാണ്മാനുള്ളതു്.

ഈ ശതകത്തിന്റെ ഒടുവിലത്തെ ചക്രവർത്തിയായ തിയോഡോഷ്യസു് മഹാൻ ഇവരിലെല്ലാവരിലുംവച്ചു തിക്ഷ്ണകർമ്മാവായിരുന്നു. 389—ൽ ഇദ്ദേഹം സിംഹാസനാരോഹണം ചെയ്കയും 395—ൽ മരിക്കയും ചെയ്തു. സകല റോമൻ പ്രോവിൻസുകളിൽനിന്നും വിഗ്രഹാരാധയെ ഉച്ചാടനം ചെയ്വാൻ ഇദ്ദേഹം പ്രയോഗിച്ച നോക്കാത്ത യാതൊരു ഉപായവുമില്ലായിരുന്നു. വിഗ്രഹാരാധികൾക്കെതിരായി ഇദ്ദേഹം നിയമങ്ങൾ ഉണ്ടാക്കി. ഈ ചക്രവർത്തിയുടെ പുത്രന്മാരായ അർക്കേഡിയസും ഹൊണോറിയസും അദ്ദേഹത്തെ അനുകരിച്ചു. ഈദൃശം, പ്രസ്തുത ശതകം അവസാനിക്കുമ്പോഴേക്കു പ്രാചീനമായ മൂഢമതത്തെപ്പറ്റിയുള്ള സകല പ്രത്യാശയും വിശ്വാസ്യതയും നശിച്ചുപോയി.

നിഷ്കർഷമായ നിയമങ്ങൾ ഉണ്ടായിരുന്നെങ്കിലും പുറജാതികളോടു ക്രൂരമായി വർത്തിക്കുന്നതിൽ തിയോഡോഷ്യസു് വിമുഖനായിരുന്നു, എന്നു മാത്രമല്ല, രാജ്യത്തു്, അവർക്കു് ഉയർന്ന ഉദ്യോഗങ്ങൾ കൊടുക്കയും ചെയ്തിരുന്നു. ലിബേനിയസു് എന്ന പേരുള്ള ഒരു ക്രൈസ്തവശത്രു

തിയോഡോഷ്യസിന്റെ അകമ്പടി സൈന്യത്തിന്റെ നായകത്വം വഹിച്ചിരുന്ന എന്നുള്ളതു് മേൽപറഞ്ഞ സംഗതിയുടെ സത്യത്തിനു് ഒരു ദൃഷ്ടാന്തമാകുന്നു. ജാതികളെങ്കിലും തത്വജ്ഞാനികളും, സാഹിത്യകാരന്മാർ, യുദ്ധവിദഗ്ധന്മാർ ഇവർക്കു ചക്രവർത്തി ധാരാളം പ്രോത്സാഹനം നൽകീട്ടുണ്ടു്. കൂടാതെ ക്രിസ്തുമതത്തിനെതിരായി വളരെപ്പേർ ഈ നൂറ്റാണ്ടിൽ പുസ്തകം എഴുതീട്ടും ക്രിസ്തുമതനിഷ്ണാതരായ ചക്രവർത്തിമാർ ആ വിപരീതികളുടെ മതസ്വാതന്ത്ര്യത്തെ തടഞ്ഞിട്ടില്ലെന്നുള്ളതു് സ്മരണീയമാണു്.

അർമ്മീനിയയിൽ ക്രിസ്തുമതപ്രവേശനമുണ്ടായതു് ഈ നൂറ്റാണ്ടിൽ അത്രെ. അവിടത്തെ രാജാവും പ്രഭുക്കന്മാരും ക്രിസ്തുമതം സ്വീകരിച്ചു. ഏഷ്യയിലെ ഒരു പ്രോവിൻസായ ഐബീറിയായിൽ (ഇപ്പോഴും ഈ സ്ഥലത്തിനു ജോർജ്ജിയാ എന്നാണു പേർ.) ഒരു ക്രിസ്ത്യാനി സ്ത്രീ അടിമയായി കൊണ്ടുപോകപ്പെട്ടു. അവളുടെ ജീവിത വിശുദ്ധികൊണ്ടും ചില അത്ഭുത പ്രവൃത്തികൾമൂലവും അവിടത്തെ രാജാവും രാജ്ഞിയും വിഗ്രഹാരാധന ഉപേക്ഷിച്ചു ക്രിസ്തുമതം സ്വീകരിക്കുന്നതിനു് ഇടയായി.

കൂടാതെ ഈ ശതകത്തിൽതന്നെ ഫ്രുമെൻഷ്യസ് എന്നൊരാൾ എജിപ്തിൽനിന്നു പുറപ്പെട്ട ചുറ്റുമുള്ള നാട്ടുകളിൽ സുവിശേഷം അറിയിച്ചതിന്റെ ഫലമായി ഓക്സുമാ എന്ന നഗരത്തിലെ രാജാവും വളരെ പ്രഭുക്കന്മാരും ക്രിസ്തുവിനെ സ്വീകരിച്ചു.

ഗോത്സ് എന്ന ജാതിയിൽപ്പെട്ട ടെയിസു്, മീസിയാ, ഡേഷ്യാ എന്നീ ദേശങ്ങളിലെ നിവാസികളുടെ ഒരു വലിയ ഭാഗം ഈ ശതവർഷത്തിനു മുമ്പുതന്നെ ക്രിസ്തുമതം സ്വീകരിച്ചിരുന്നു. വലിയ കുസ്തന്തിനോസ് ആ ജാതികളെയും സർമ്മാത്യരേയും യുദ്ധത്തിൽ തോല്പിച്ചപ്പോഴുണ്ടാക്കിയ ഉടമ്പടിപ്രകാരം അവരിൽ ഭൂരിപക്ഷംപേർ ക്രിസ്ത്യാനികളായിത്തീർന്നു. ശേഷമുള്ളവർ, വലൻസ് ചക്രവർത്തിയുടെ കാലത്തു ക്രിസ്തുമതം സ്വീകരിച്ചു. ഇതിൽ ആ ജാതികളുടെ രാജാവും ഉൾപ്പെട്ടിരുന്നു. ഈ നൂറ്റാണ്ടിൽ ഗോത്സ് ജാതിക്കാരുടെ ബിഷപ്പു് ഉൾഫിലാസ് ആയിരുന്നു. ഇദ്ദേഹം സ്തുത്യർഹമായ പല കാര്യങ്ങളും നിർവഹിച്ചിട്ടുണ്ടു്. ഇക്കൂട്ടത്തിൽ, ഗോഥിക്കു ഭാഷയ്ക്കു് അക്ഷരമാല നിർമ്മിക്കുകയും ബൈബിൾ, പ്രസ്തുത ഭാഷയിലേക്കു ഭാഷാന്തരീകരിക്കുകയും ചെയ്തതു്, വിശിഷ്യ, പ്രസ്താവയോഗ്യമാകുന്നു. ഈ വൻപിച്ച മതപരിവർത്തനങ്ങളുടെ ശേഷവും റോമാ ഭരണത്തിനു കീഴിലുള്ള യൂറോപ്യൻ രാജ്യങ്ങളിൽ വിഗ്രഹാരാധികളുടെ ഒരു വലിയ ഗണം ശേഷിക്കുന്നുണ്ടായിരുന്നു. ഇവരെ മതസംക്രമം ചെയ്യിക്കുവാൻ ക്രിസ്തീയ ബിഷപ്പന്മാർ ശ്രമിച്ചുകൊണ്ടിരുന്നുവെങ്കിലും വേല മന്ദഗതിയായി മാത്രമെ നടന്നിരുന്നുള്ളൂ.

ഗോത്സ രാജ്യത്തു വലിയ മാർട്ടിൻ സുവിശേഷം പരത്തുകയും അനേകർ വിഗ്രഹാരാധനയെ ഉപേക്ഷിച്ചു ക്രിസ്തുമതം സ്വീകരിക്കുകയും ചെയ്തു. ഇദ്ദേഹം ക്ഷേത്രങ്ങളെ ഇടിക്കയും പ്രതിമകളെ തകർക്കയും ചെയ്തു. ഇതിനെ ആസ്പദമാക്കി ഗോത്സ ജാതിക്കാരുടെ അപ്പൊസ്തലൻ എന്ന പേർ ഇദ്ദേഹത്തിനു ലഭിച്ചു.

കുസ്തന്തിനോസിന്റെ വിജയം പ്രമാണിച്ചും, മാത്രമല്ല, ശിക്ഷയേറ്റം ചക്രവർത്തിയുടെ പ്രസാദം ഇച്ഛിച്ചും പലർ ക്രിസ്തുമതത്തെ ആശ്ലേഷിച്ച എന്നുള്ളതു് മറുത്തുപറവാനുന്നതല്ല. എങ്കിലും ഈ നൂറ്റാണ്ടിലെ ചരിത്രം സൂക്ഷ്മമായി പാരായണം ചെയ്യുന്നവർക്കു്, ബഹുലംപേർ സുവിശേഷാനുസരണമായ മാർഗ്ഗത്തിൽകൂടി ക്രിസ്തുവിനെ അംഗീകരിച്ച ക്ഷേമയവും വിശുദ്ധവും ലോകോത്തരവുമായ ക്രിസ്തീയ ജീവിതം നയിച്ചിട്ടുണ്ടെന്നുള്ളതിനു വളരെ ദൃഷ്ടാന്തങ്ങളെ എടുത്തു കാണിക്കുവാനുണ്ടു്.

വലിയ കുസ്തന്തിനോസിന്റെ കാലം മുതൽ ക്രിസ്ത്യാനികളെ പീഡയിൽനിന്ന് ഒഴിവാക്കപ്പെട്ട. ലിസിനിയസിന്റെയും ജൂലിയന്റെയും വാഴ്ചക്കാലം മാത്രമെ ഇതിന് ഒരു അപവാദമായിട്ടുള്ള. ഗോത്സ് ജാതികളിൽ ഒരു ക്ലട്ടർ ക്രിസ്തുമാർഗ്ഗം സ്വീകരിച്ചപ്പോൾ അവരുടെ രാജാവായ അതനാരിക്കു കുറെക്കാലത്തേക്ക് അവരെ ക്രൂരമായി പീഡിപ്പിച്ചുകൊണ്ടിരുന്നു. അതിദൂരസ്ഥങ്ങളായ ഏതാനും സ്ഥലങ്ങളിൽ ജാതികളും വിഗ്രഹാരാധനയെ നിലനിർത്തുവാൻ വാളുകയും മതപരിവർത്തനനോദ്യോഗികളായ ക്രൈസ്തവരെ വധിക്കുകയും ചെയ്തു. പേർഷ്യയിലെ രാജാവായ രണ്ടാം സാപ്പോർതന്റെ രാജ്യത്തു ഭീമമായ മൂന്നു പീഡകളും നടത്തി. അവയിൽ ഒന്നാമത്തേതു അദ്ദേഹത്തിന്റെ വാഴ്ചയുടെ പതിനെട്ടാം ആണ്ടിലും രണ്ടാമത്തേതു മുപ്പതാം കൊല്ലത്തിലും, അതിക്രൂരമായ മൂന്നാമത്തേതു, അയാളുടെ വാഴ്ചയുടെ മുപ്പത്തിഒന്നാം കൊല്ലം മുതൽ നാല്പതു വർഷത്തേക്കും (എ. ഡി. 330–370) ആയിരുന്നു.

അദ്ധ്യായം രണ്ട്

സാഹിത്യവും തത്വശാസ്ത്രവും

മുൻ ശതകങ്ങളിലെപ്പോലെ ഈ നൂറ്റാണ്ടിലും, ഗ്രേക്കരും റോമരും ഈ വിഷയത്തിൽ, വളരെ വേല ചെയ്ത എങ്കിലും പ്രസിദ്ധന്മാരായ അധികം പേരുടെ പേരുകളും പറവാനില്ല. കവികളിൽവച്ച പ്രമുഖൻ ഔസോണിയസ് ആണ്. മുൻകാലങ്ങളിലുള്ളവരോട് ഒത്തുനോക്കുമ്പോൾ ഇദ്ദേഹത്തെ ഒരു കാവ്യദരിദ്രൻ എന്നു വേണം പറയാൻ.

തത്വജ്ഞാനവിഷയമായി അധ്വാനിച്ചിട്ടുള്ളവർ ജൂണിയർ പ്ലേറ്റോണിസ്റ്റ്സ് എന്ന കൂട്ടരാണ്. ഈ കാലത്തെ ക്രിസ്തീയ പ്രബന്ധങ്ങളിൽ ഇവരുടെ ആശയങ്ങളും കലർന്നുവരുന്നതു കാണാം. വലന്തീനിയന്റെ കാലത്തു പ്ലേത്തോന്യരിൽ പലർ മന്ത്രവാദികളാണെന്നു കരുതപ്പെടുകയും ശിക്ഷിക്കപ്പെടുകയും ചെയ്തു. ഇക്കൂട്ടത്തിൽ ജൂലിയന്റെ ഗുരുഭൂതനായ മാക്സിമൂസു മരണം അനുഭവിക്കേണ്ടിവന്നു.

തത്വജ്ഞാനത്തിന്റെ പ്രചരണത്തിനുവേണ്ടി പലർ അനല്പമായി വേല ചെയ്കയും ക്രിസ്തീയോപദേശങ്ങളും തന്നെയും തന്നിഷ്ടം മലിനീഭവിക്കയും ചെയ്തു. എങ്കിലും ഈ തത്വപദ്ധതിയെ നിഷേധിക്കുന്ന ബഹുക്കും അന്നുണ്ടായിരുന്നു. അതായതു, ക്രൈസ്തവസത്യഭക്തന്മാർ ഈ കലർപ്പിനു് എതിരായി അന്നും ശക്തിപൂർവ്വം വാദിച്ചുകൊണ്ടിരുന്നു.

അദ്ധ്യായം മൂന്നു്

സഭാഭരണവും ഉപദേഷ്ടാക്കന്മാരും

പല സഭകളും ചേർന്നുള്ള ആലോചനാസംഘങ്ങളും ഇതിൻമുമ്പുതന്നെ രൂപീകരിക്കപ്പെട്ട എന്നു വരികിലും സാധാരണസഭാസംഘം അഥവാ സാർവ്വലൗകിക സഭാസമ്മേളനം (Oecumenical Councils) കൂസ്തന്തിനോസിന്റെ കല്പനയാൽ ആണു രൂപവൽക്കരിക്കപ്പെട്ടതു്. ഈ മഹൽസദസ്സു് ആദ്യമായി കൂടിയതു നിഖ്യായിൽ ആയിരുന്നു.

നാലാം നൂറ്റാണ്ടു് അവസാനിക്കുമ്പോഴേക്കു സഭാഭരണത്തിന്റെ പൂർവ്വികവും അപ്പൊസ്തലികവുമായ രീതി ഒരു നിഴലായിമാത്രം ശേഷിക്കുകയും ജനങ്ങൾക്കുണ്ടായിരുന്ന അധികാരം പ്രസ്ബിറ്റർന്മാരും അവരുടെ അധികാരം പ്രധാന ബിഷപ്പന്മാരും കവർന്നെടുക്കുകയും, മനസ്സറിയാതെ ഈ വൈദികന്മാരുടെ അവകാശപ്രവാഹങ്ങളും എല്ലാം ചക്രവർത്തിയാകുന്ന മഹാസമുദ്രത്തിൽചെന്നു ലയിക്കുകയും ചെയ്തു.

ഇക്കാലത്തു റോമ, അന്ത്യോക്യാ, അലക്സന്ത്രിയ, കൂസ്തന്തിനോസ്പോലീസ് ഈ സ്ഥലങ്ങളിലെ ബിഷപ്പന്മാർ പ്രധാന ബിഷപ്പന്മാരായിതീർന്നു എങ്കിലും സമനിരപ്പിൽനിന്നു സല്പംകൂടി തലകിളർത്തിനിന്നിരുന്നതു റോമാബിഷപ്പായിരുന്നു. ഈ ഉന്നതി ദൈവികമായ വല്ല അധികാരവും കൊണ്ടാണെന്നു് ആർക്കും അഭിപ്രായമില്ലായിരുന്നു. നേരെ മറിച്ചു ധനം, രാജസ്വാധീനത, സഭയുടെ ആകാരവൈപുല്യം എന്നിവയായിരുന്നു അതിനുള്ള ഹേതുക്കൾ എന്നതത്രെ തദാനീന്തനരേഖകൾ പ്രഘോഷിക്കുന്നതു്. ഇവയുടെ കാരണം, ഈ അപരിമിതമായ ഐശ്വര്യവും പ്രതാപവും റോമാബിഷപ്പുസ്ഥാനത്തെ, കേവലം ജഡമയന്മാർക്കും അഭിലഷണീയമാക്കിത്തീർത്തു. ബിഷപ്പന്മാരുടെ തിരഞ്ഞെടുപ്പു സംബന്ധിച്ചുണ്ടായിട്ടുള്ള അക്രമങ്ങൾക്കു കൈയും കണക്കും ഇല്ലായിരുന്നു. ഒരു പുതിയ ബിഷപ്പിനെ തിരഞ്ഞെടുക്കുമ്പോൾ രക്തം ചിന്തുക അന്നു സാധാരണമത്രെ. ഇതിനു് ഒരു വിശേഷ ദൃഷ്ടാന്തം, റോമാബിഷപ്പായ ലിബറിയസ്സിന്റെ മരണശേഷം തൽസ്ഥാനത്തേക്കുണ്ടായ തിരഞ്ഞെടുപ്പു സംബന്ധിച്ചുള്ളതാണു്. ഈ സ്ഥാനം കരസ്ഥമാക്കുവാൻ രണ്ടുപേർ ബദ്ധശ്രദ്ധരായി നിന്നു. അതിൽ ഒന്നു്, ഡെമാസൂസും വേറൊന്നു്, ഉർസിനൈസ്സുമാണു്. ഇതിനെ സംബന്ധിച്ചു്, അക്കാലത്തു ജീവിച്ചിരുന്ന ഒരു അക്രൈസ്തവൻ അതായതു് അമ്മിയാനസ്—മാഴ്സെല്ലിനസ് എന്ന ചരിത്രകാരൻ തന്റെ ചരിത്രം മൂന്നാമദ്ധ്യായത്തിൽ എഴുതിയിരിക്കുന്നതിനെ ഗിബൺ ഉദ്ധരിക്കുന്നു. അതാവിതു: ''മേലദ്ധ്യക്ഷസിംഹാസനം കരസ്ഥമാക്കേണ്ടതിനായി ഡെമാസൂസും ഉർസിനസും പ്രകാശിപ്പിച്ച താല്പര്യം മാനുഷികമായ ഐശ്വര്യാകാംക്ഷയുടെ സാധാരണ അളവിനെ കവിയുന്നതായിരുന്നു. കക്ഷിമത്സരത്തോടുകൂടി അവർ പൊരുതു. അവരുടെ പിൻഗാമികളും മുറിവേറ്റും മരിച്ചും ശണ്ഠ നടത്തി. ശണ്ഠ അമർത്തുന്നതിനു ശക്തി ഇല്ലായ്കയാൽ ഗവർണർ ഉംബ്രാട്ടിലേക്കു് ഓടിപ്പോകേണ്ടതായിവന്നു. ഡെമാസൂസ് ജയിച്ചു. ന്യായമായി തർക്കിക്കപ്പെടുന്ന വിജയം അയാളുടെ കക്ഷിക്കു ലഭിച്ചു. ക്രിസ്ത്യാനികളും മാഗ്സംബന്ധമായ യോഗം കൂടുന്ന പള്ളിയിൽ നൂറിലധികം ശവങ്ങൾ കാണപ്പെട്ടു. കോപിച്ച ഹൃദയങ്ങൾക്കു സാധാരണമായ

ശാന്തത വരുന്നതിനു വളരെ താമസം നേരിട്ടു. പ്രധാന പട്ടണത്തിന്റെ പ്രതാപം ഞാൻ ആലോചിക്കുമ്പോഴും, ഇത്ര വിലയേറിയ ഒരു സ്ഥാനം ഐശ്വര്യാകാംക്ഷികളായ മനുഷ്യരുടെ കൊതിയെ ഉജ്ജ്വലിപ്പിക്കുകയും അത്യന്തം ക്രൌര്യത്തോടും ശാഠ്യത്തോടുംകൂടിയ ശണ്ഠയെ ഉണ്ടാക്കുകയും ചെയ്യുന്നതിൽ ഞാൻ ആശ്ചര്യപ്പെടുന്നില്ല. ജയിക്കുന്ന കക്ഷിക്കു സ്ത്രീകളുടെ വഴിപാടുകൊണ്ടു കുബേരനാകാമെന്നു നിശ്ചയമുണ്ടു്. അയാൾക്കു വിശേഷവസ്ത്രങ്ങൾ ധരിച്ചു റോമായുടെ തെരുവിൽകൂടി രഥത്തിൽ സവാരി ചെയ്യാം. റോമാമേല്പട്ടക്കാരന്റെ ഭക്ഷണത്തിന്റെ വിശേഷതയോടും ചിലവിന്റെ ആധിക്യത്തോടും ചക്രവർത്തിയുടെ ഭക്ഷണക്രമം സമം നിൽക്കുകയില്ലായിരുന്നു. ഈ മേൽപ്പട്ടക്കാർ തങ്ങളുടെ ജീവിതസമ്പ്രദായത്തിനു പട്ടണത്തിന്റെ വലിപ്പത്തെ പഴിപറയാതെ തങ്ങളുടെ പരിമിതതവും അമത്തതയും താണതരം വസ്ത്രങ്ങളും ദുഃഖഭാവവും പൂണ്ടു തങ്ങളുടെ നിർമ്മലമായ പുണ്യത്തെ ദൈവത്തിനും അവന്റെ ആരാധനക്കാക്കും പ്രകാശിപ്പിക്കുന്ന ചില ഉൾനാട്ടു മെത്രാന്മാരെ അനുകരിച്ചിരുന്നെങ്കിൽ വാസ്തവത്തിൽ ഇവർ എത്ര ഭാഗ്യവാന്മാരായിരുന്നേനെ.'' Ammian XXVII 3. Quoted by Gibbon in the Decline and fall of the Roman Empire Ch. XXV P. 662.

കെ. എൻ. ദാനിയേൽ അവർകളുടെ പാപ്പാധിപത്യം ഒന്നാം വാല്യം പുറം 261. ഉഴ്സിനസ്സാണു് ആദ്യമായി റോമാബിഷപ്പായിട്ടു് അഭിഷേകം ചെയ്യപ്പെട്ടതെന്നും ഒരാഴ്ച കഴിഞ്ഞശേഷമാണു ഡെമാസൂസ് സ്ഥാനാരോഹണം ചെയ്തതെന്നും ഡെമാസൂസിന്റെ ഭാഗത്തു സർക്കസുകാർ മുതലായവർ കൂട്ടമായി എഴുന്നേറ്റു. ഉഴ്സിനസ്സിന്റെ കക്ഷികളോടു പോരു നടത്തിയെന്നും മൂന്നു ദിവസത്തേക്കു പോരു നടന്നു എന്നും ചിലർ മരിക്കയും ചിലർ മുറിവേൽക്കയും ചെയ്തെന്നും ഏതാനും ആഴ്ചവട്ടത്തിന്റെശേഷം ഉഴ്സിനസ്സിന്റെ കക്ഷി ലിബേറിയസ്സിന്റെ പള്ളിയിൽ അഭയം പ്രാപിച്ചിരിക്കുമ്പോൾ, ഡെമാസൂസിന്റെ കക്ഷികളായ പട്ടക്കാരും ജനങ്ങളുംകൂടെ അവരെ ആക്രമിക്കുന്നതിനായി അവിടെ എത്തി എന്നും പള്ളി അടച്ചു ബലമായി സംരക്ഷിക്കപ്പെട്ടിരുന്നെന്നും ഇതിനിടയിൽ ഡെമാസൂസിന്റെ കക്ഷി പള്ളിയുടെ മേൽപ്പുരയിൽ കയറി മേൽപ്പുര തള്ളിപ്പൊളിച്ചു് എതിർകക്ഷികളുടെ മേൽ മേച്ചിലോടുകളും വർഷിപ്പിച്ചു എന്നും അവസാനത്തിൽ കതകു തുറന്നെന്നും ഭയങ്കരമായ ശണ്ഠ ഉണ്ടായെന്നും അമ്മിയാനസ് മാഴ്സെല്ലിനസ്സിന്റെ കണക്കുപ്രകാരം 137—ാം ജെസ്സാ പറയുംപ്രകാരം 160—ാം ശവങ്ങൾ പെറുക്കി എടുത്തു എന്നും ഡെമാസൂസിന്റെ കക്ഷിയിൽ ഒരുത്തൻപോലും ചത്തില്ലെന്നു സമ്മതിക്കപ്പെട്ടിരിക്കുന്നു എന്നും ആധുനിക റോമൻ കത്തോലിക്ക പണ്ഡിതന്മാരിൽവെച്ചു പ്രഥമ ഗണനീയനായ ഡൂഷൈൻ തന്റെ സഭാചരിത്രത്തിൽ പറയുന്നു.

Vol. II Pages 362—364

ടി. പാപ്പാധിപത്യം, പുറം 262

ജഡികന്മാർക്കു് ഇത്രമേൽ സ്പൃഹണീയമായിരുന്ന ഈ ബിഷോപ്പു സ്ഥാനം എങ്കിലും മെത്രാനു പിലു്ക്കാലത്തുണ്ടായിവന്ന അസാധാരണമായ അധികാരശക്തി അന്നുണ്ടായിരുന്നില്ല എന്നുള്ളതു സ്മരണാർഹമാണു്. ആ ബിഷപ്പന്മാർ ഇപ്പോഴും രാഷ്ട്രത്തിലെ പൌരന്മാർ മാത്രമായിരുന്നു. അതിമാന്യന്മാർ തന്നെ, എങ്കിലും പട്ടണവാസികളായ മറ്റുള്ളവരെപോലെ ഇവരും ചക്രവർത്തിയുടെ കല്പനയെ നതശിരസ്ക്കന്മാരായി അനുസരിക്കേണ്ടിവന്നു. ഗൌരവമുള്ള സംഗതികളും ചക്രവർത്തിയാൽ നിയോഗിക്കപ്പെടുന്ന ന്യായാധിപന്മാരോ കൌൺസിലുകളോ ആണു തീർച്ച ചെയ്തുവന്നതു്. അക്കാലത്തു യാതൊരു ബിഷപ്പും തന്റെ അധികാരം റോമാ

ബിഷപ്പിന്റെ അധികാരത്തിൽനിന്നു് ഉല്പന്നമായിട്ടുള്ളതാണെന്നു പറയുക പതിവില്ലായിരുന്നു. നേരെമറിച്ചു തങ്ങൾക്കും റോമാബിഷപ്പിനും ലഭിച്ചിട്ടുള്ള അധികാരം ഒരുപോലെ, ദൈവത്തിൽനിന്നു വന്നതായിട്ടാണു് അവർ എണ്ണിവന്നതു്.

കൂസ്തന്തിനോസു് മഹാൻ 'ബിജന്തിയം' എന്ന സ്ഥലത്തു് ഒരു വലിയ നഗരം പണിയിച്ചു്, അതിനു കൂസ്തന്തീനോസ്പോലീസു് (ഇപ്പോഴത്തെ കോൺസ്റ്റാൻറിനോപ്പിൾ) എന്നു പേരിട്ടുകയും റോമാബിഷപ്പിനോടു സമാധികാരമുള്ള ഒരു ബിഷപ്പിനെ അവിടെ നിയമിക്കുകയും ചെയ്തു. ഇവിടത്തെ ബിഷപ്പന്മാരിൽ ഒരാളാണു ജോൺക്രിസോസ്റ്റം എന്ന മഹാൻ. ക്രമംകൊണ്ടു നവറോമാപുരിയാകുന്ന കൂസ്തന്തീനോസ്പോലീസു് യവനസഭകളുടെ തലസ്ഥാനമായും റോമാപ്പട്ടണം ലത്തീൻ സഭകളുടെ മുഖ്യനഗരമായും തീർന്നു.

ഇക്കാലത്തെ വലിയ എഴുത്തുകാരിൽ ഒരുവൻ യൂസീബിയസു് പംഫിലി അതായതു കൈസറിയായിലെ ബിഷപ്പായ യൂസീബിയസു് ആണു്. നിത്യസ്മരണീയനായ ആദ്യത്തെ സഭാചരിത്രകാരനും ഇദ്ദേഹംതന്നെ. വളരെ വായനയും സൂക്ഷ്മബുദ്ധിയും പഠിപ്പും ഉള്ള മനുഷ്യൻ എങ്കിലും ത്രിത്വത്തിലെ ആളത്വങ്ങൾക്കു തമ്മിൽ സമത്വമില്ല എന്നും അഭിപ്രായമുള്ളവനായിരുന്നു. അറിയൂസിന്റെ സിദ്ധാന്തങ്ങളോടു വളരെ എതിർത്തു് എഴുതുകയും പ്രസംഗിക്കുകയും ചെയ്ത അലക്സന്ത്രിയാ ബിഷപ്പായ അത്താനാസ്യസ് ആണു് വേറൊരുവൻ. പിന്നീടു കൈസറിയായിലെ വലിയ ബിഷപ്പായ വലിയബെലാസിയൂസു്, അർദ്ധാരിയൻ എന്നു സംശയിക്കപ്പെട്ടിരിക്കുന്ന യൗശേമിന്റെ ബിഷപ്പായ ക്യൂറില്ലോസു്, വലിയ പ്രാസംഗികനും അന്ത്യോക്കിന്റെയും കൂസ്തന്തീനോസ് പോലിസിന്റെയും പാത്രിയർക്കീസും മഹാപ്രാസംഗികനും ഗ്രന്ഥകാരനുമായ യോഹന്നാൻ ക്രിസോസ്റ്റം, കപ്രോസിൽ സലാമിനായിലെ ബിഷപ്പായ എപ്പിഫ്പാനിസു്, (ഇദ്ദേഹം തന്റെ കാലംവരെ ഉണ്ടായിട്ടുള്ള എല്ലാ ക്രിസ്തീയ വകപ്പുകളെക്കുറിച്ചും വിവരിക്കുന്ന ഒരു വലിയ പുസ്തകം എഴുതീട്ടുണ്ടു്) നാസിയാൻസും ബിഷപ്പായ ഗ്രെഗറി, നീസായിലെ ബിഷപ്പായ ഗ്രെഗറി, സുറിയാനിക്കാരുടെ ഇടയിൽ വലിയ പരിശുദ്ധനും എഴുത്തുകാരനും ആയി കീർത്തിപ്പെട്ടിരുന്ന എഫ്രയീം, എന്നിവരത്രെ മറ്റുള്ള മഹത്തുക്കളും.

ലത്തീൻ ഗ്രന്ഥകാരന്മാരിൽ ഗണനീയന്മാരുടെ പേരുകളും ഇവിടെ കാണിച്ചുകൊള്ളുന്നു: ത്രിത്വത്തെക്കുറിച്ചു പന്ത്രണ്ടു പുസ്തകം എഴുതിയ ഹിലാറി, പുറജാതിക്കാരുടെ അന്ധവിശ്വാസങ്ങളെപ്പറ്റി ശക്തിയായി എഴുതീട്ടുള്ള ലാക്റാൻഷ്യസു്, മിലാനിലെ ആദ്യത്തെ ഗവർണരും പിന്നീടു ബിഷപ്പു സ്ഥാനം ഏറ്റ ആളുമായ ആംബ്രോസു്, പലസ്തീൻ സ്വദേശിയും ഒരു സന്യാസിയുമായ ജെറോം, ക്രിസ്തീയസഭ ഒട്ടുക്കു സുപ്രസിദ്ധനായിത്തീർന്ന ആഫ്രിക്കയിൽ, ഹിപ്പോയുടെ ബിഷപ്പായ ഓഗസ്തീൻ, ഒപ്റേറ റസു്, റൂഫിനസു്, ഡമാസൂസു്, സാൽപ്പിഷസ്സെവറസു്, ഒരു സ്പാനിഷ്കവിയായ പ്രുഡൻഷ്യസു്.

വിശുദ്ധ ക്രിസോസ്റ്റമിന്റെ ചരിത്രം

ഏ. ഡി. 347—407.

ഉദ്ദേശം ഏ, ഡി. 347—ൽ യോഹന്നാൻ ക്രിസോസ്റ്റം അന്ത്യോക്യയിൽ ജനിച്ചു. ശിശുവായിരിക്കുമ്പോഴേതന്നെ അച്ഛൻ മരിച്ചുപോയി. ഇതിനാൽ അമ്മയായ അന്തൂസാ ഇരുപതാം വയസ്സിൽ വിധവയായിത്തീർന്നു.

മാതാവു പുനർവിവാഹം കൂടാതെ പാർത്തുകൊണ്ടു പുത്രന്റെ പരിശീലനത്തിൽ ശ്രദ്ധിച്ചുകൊണ്ടിരുന്നു. യോഹന്നാന്റെ ബാല്യകാലത്തുതന്നെ മതവിഷയങ്ങളിൽ താല്പര്യം ഉളവാകത്തക്കവണ്ണം ആണു് നമ്മുടെ കഥാപുരുഷനെ വളർത്തിവന്നതു്. പിന്നീടു്, വിദ്യാഭ്യാസപൂർത്തിക്കായി യോഹന്നാനെ കീർത്തിപ്പെട്ട ഒരു പുറജാതിതത്വജ്ഞാനിയുടെ അടുക്കലാക്കി. ഇങ്ങനെയുള്ളവരോടുകൂടി പഠിക്കുന്നതിനാൽ സുവിശേഷത്തിൽനിന്നു മറിഞ്ഞുപോകുന്നതിനു ധാരാളം എളുപ്പമുണ്ടായിരുന്നു, ചിലർ മറിഞ്ഞു പോകയും ചെയ്തു. എന്നാൽ യോഹന്നാൻ ദിനംപ്രതി ദൈവവചനം വായിച്ചുവന്നതിനാൽ ഈ ആപത്തിൽനിന്നു രക്ഷപ്പെടുന്നതിനിടയായി. അയാളുടെ വിശ്വാസം ചൂടും പുതുക്കവുമുള്ളതായി ദിനംപ്രതി വർദ്ധിച്ചുവന്നു. യോഹന്നാന്റെ സാമർത്ഥ്യത്തെക്കുറിച്ചു് ആ തത്വജ്ഞാനിക്കു വളരെ ബഹുമാനമായിരുന്നു. തന്റെ സകല ശിഷ്യന്മാരിലുംവച്ചു് അയാളെ അഗ്രഗണ്യനാണെന്നും, ക്രിസ്ത്യാനികളെ മോഷ്ടിച്ചുകൊണ്ടുപോയില്ലെങ്കിൽ അധ്യാപനത്തിൽ തനിക്കു് അനുഗാമിയായിരിക്കുവാൻ പൂർണ്ണയോഗ്യനാണെന്നും അദ്ദേഹം പറഞ്ഞു വന്നു.

അദ്ദേഹത്തിന്റെ അടുക്കൽനിന്നു പിരിഞ്ഞശേഷം യോഹന്നാൻ നിയമം പഠിക്കുവാൻ പോയി. കുറേനാളം കഴിഞ്ഞു് വക്കീൽപണി മനഃസാക്ഷിക്കു പ്രതികൂലമെന്നു കാണുകയാൽ നിയമാഭ്യസനംവിട്ടു സന്യാസിയായിത്തീരുവാൻ നിശ്ചയിച്ചു. എന്നാൽ അയാളെ തന്റെ ജോലി വിട്ടുകളഞ്ഞു, സന്യസിക്കുന്നതു് അനാവശ്യമെന്നു് അമ്മ വിചാരിച്ചു. അവർ മകന്റെ കൈയ്യ് പിടിച്ചു് തന്റെ മുറിയിലേക്കു കൊണ്ടുപോയി കിടക്കയുടെ അരികിൽ ഇരുത്തി പൊട്ടിക്കരഞ്ഞുകൊണ്ടു തന്റെ ഭയവേറിയ പരിചരണങ്ങളെ അവനെ ഓർപ്പിച്ചു. അവർ ഇങ്ങനെ പറഞ്ഞു: ''എന്നെ ഒരു പ്രാവശ്യംകൂടി അനാഥയാക്കരുതു്. പക്ഷെ എന്റെ മരണത്തിനു് അധികം താമസമില്ല. നീ അതുവരെ കാത്തിരിക്ക. എന്നെ കഴിച്ചിട്ടുംവച്ചു നിനക്കു് ഇഷ്ടമുള്ളിടത്തെവിടെയെങ്കിലും പോകാം. കടലിന്നപ്പുറത്തേക്കു പോകണമെങ്കിൽ അതിനും വിരോധമില്ല. ഞാൻ ജീവിച്ചിരിക്കുന്നിടത്തോളം എന്നോടുകൂടി ജീവിക്കുക. നിന്റെ അമ്മയെ ദുഃഖിപ്പിക്കുന്നതു ദൈവത്തിനു് ഇഷ്ടമായിരിക്കയില്ല.'' ഈ അപേക്ഷ ആ യുവാവു സമ്മതിച്ചു. അയാളും, അമ്മയോടുകൂടെ വീട്ടിൽതന്നെ താമസിച്ചു. എങ്കിലും സകല ലോകജോലികളും ഉപേക്ഷിച്ചു സന്യാസികർക്കുള്ള ചര്യകളെ നിഷ്കർഷയായി അനുഷ്ഠിച്ചുവന്നു. സുശീലയായ അമ്മയും മരിച്ചപ്പോൾ യോഹന്നാൻ അന്ത്യോക്യയ്ക്കടുത്തുള്ള മലകളിലേക്കു പോയി. ആ മലകളിൽ വളരെ സന്യാസികർ പാർത്തിരുന്നു. അവിടെ നാലുവർഷം ഒരു സന്യാസിമഠത്തിലും രണ്ടുവർഷം ഗുഹയിലും കഴിച്ചു. കഠിനമായ തപസ്സു് അയാളെ ദുർബലനും രോഗിയുമാക്കിത്തീർത്തു. അതുകൊണ്ടു് അയാൾ അന്ത്യോക്യയിലേക്കു മടങ്ങിപോകേണ്ടിവന്നു. ഉടൻ ഒരു പട്ടക്കാരനായി തീരുകയും പട്ടണത്തിലെ പ്രധാന പ്രാസംഗികനായി നിയമിക്കപ്പെടുകയും ചെയ്തു. (ഏ. ഡി. 386).

പുരാതനസഭയിലുള്ള സകല മഹത്തുക്കളിലുംവച്ചു യോഹന്നാനായിരുന്ന വാഗ്മിതത്വത്തിനു കീർത്തിപ്പെട്ടവൻ. പൊൻനാവുകാരൻ എന്നർത്ഥം വരുന്ന പേർ അയാൾക്കു കിട്ടിയതു് ഈ അവസരം മുതലാണു്. അയാളുടെ പ്രസംഗങ്ങൾ കേവലം മധുരപദപ്രപഞ്ചനമല്ലായിരുന്നു. ശ്രോതാക്കൾക്കു് കൃത്യാകൃത്യബോധം നല്കുന്നതിനും സംസ്കാരം ഉണ്ടാക്കുന്നതിനും അവ ശക്തിമത്തായിരുന്നു. അന്ത്യോക്യയിൽ പ്രാസംഗികനായി ഇരുന്ന കാലത്തു തന്റെ പ്രഭാഷണചാതുര്യം വർദ്ധിപ്പിക്കുവാൻ വേണ്ടിടത്തോളം സൗകര്യം അദ്ദേഹത്തിനു ലഭിച്ചു. എങ്ങനെയെന്നാൽ, ഒരു വലിയ പ്രക്ഷോഭം നഗര

ത്തിലെങ്ങും ഉണ്ടായി. ചക്രവർത്തിയായിരുന്ന തിയോഡോഷ്യസ് ജനങ്ങളുടെ മേൽ ചുമത്തിയ കരം സംബന്ധിച്ചുണ്ടായിരുന്ന ബഹളം ആയിരുന്നു അത് (ക്രി. ഡി. 387). പബ്ലിക്കുസ്ഥലങ്ങളിൽ സ്ഥാപിച്ചിരുന്ന ചക്രവർത്തിയുടെ പ്രതിമകളും ജനങ്ങളും തട്ടി താഴെയിട്ടുകയും റോഡിൽ ഇട്ടു വലിച്ചിഴയ്ക്കുകയും ചെയ്തു. ഈ ബഹളം നിഷ്പ്രയാസം ശമിപ്പിക്കപ്പെട്ടു. എന്നാൽ ചക്രവർത്തി അവരുടെമേൽ ചുമത്തിയേക്കാവുന്ന ശിക്ഷയോർത്തു് അവർ ഭയപരവശരായിത്തീർന്നു. തെസ്സലോനിക്യയിലുണ്ടായ ഭയങ്കരമായ കൂട്ടക്കുല അക്കാലത്തല്ലായിരുന്നെങ്കിലും, ചക്രവർത്തിയെ നിസ്സാരമാക്കുന്നതു് അദ്ദേഹത്തിന്റെ കോപത്തെ ഭയങ്കരമായ വിധത്തിൽ ഇളക്കുന്നതിനു് ഒരു മാർഗ്ഗമാണെന്നു ജനങ്ങൾക്കറിയാമായിരുന്നു. ഇദ്ദേഹം കുല നടത്തി പട്ടണത്തിനു നിശ്ശേഷവിനാശം വരുത്തിക്കളയും എന്നു് അവർ ഭയന്നു കുറേനാളത്തേക്കു് ആരും വീട്ടുവിട്ടു പുറത്തു പോയില്ല. അനേകരെ തടവിൽ ആക്കി കഠിനമായി വ്യഥ അനുഭവിപ്പിക്കുകയോ കൊല്ലുകയോ ചെയ്തു. മറ്റുള്ളവർ തങ്ങൾക്കുള്ള സകലവും വിട്ടു് ഓടിക്കളഞ്ഞു. പബ്ലിക്കു വിനോദങ്ങളിൽ നിരന്തരം പങ്കുകൊണ്ടിരുന്ന അന്ത്യോക്യനിവാസികളും കുറേനാളേക്കു്, അശേഷം, ആവക കൂടാതെ കഴിഞ്ഞു.

രോഗിയും ദുർബലനുമായിരുന്ന മഹാവൃദ്ധൻ ഫ്ളേവിയൻ ബിഷപ്പു് ചക്രവർത്തിയെ കണ്ടു വിവരംപറഞ്ഞു് സമാധാനം ഉണ്ടാക്കുവാൻ തന്റെ സഹോദരിയുടെ മരണക്കിടക്കയുടെ അരികെനിന്നു കുസ്തന്തീനോസ്പ്പോലീസിലേക്കു പുറപ്പെട്ടു. അദ്ദേഹം സ്ഥലംവിട്ടപോയപ്പോൾ ക്രിസോസ്റ്റം പട്ടക്കാരുടെ നേതൃത്വം വഹിച്ചു്, ദിവസേന ഗംഭീരവും ഉൽബോധകവുമായ ശബ്ദത്തിൽ അയാൾ പ്രസംഗിച്ചു. ജനങ്ങളുടെ ശാശ്വതമായ നന്മയ്ക്കുവേണ്ടിയാണെന്നും അവരെ ധരിപ്പിച്ചു. എല്ലാവരും ന്യായവിസ്താരദിവസത്തിൽ ദൈവസന്നിധിയിൽ നില്ക്കുണമെന്നും തങ്ങളുടെ പ്രവൃത്തിക്കു കണക്കു കൊടുക്കണമെന്നും അദ്ദേഹം അവരോടു പ്രസംഗിച്ചു. ഈ പ്രസംഗത്തിന്റെ ഫലം അത്ഭുതകരമായിരുന്നു. പ്രതിദിനം സകലവും മറന്നു ജനങ്ങൾ അവന്റെ പ്രസംഗം കേൾക്കുന്നതിനായി കൂടിവന്നു. അക്കൂട്ടത്തിൽ വളരെ പുറജാതികളും ഉണ്ടായിരുന്നു,

അന്ത്യോക്യയിലെ വിപ്ലവത്തിന്റെ വൃത്താന്തം ഫ്ളേവിയൻ കുസ്തന്തീനോസ്പ്പോലീസിൽ ചെല്ലുന്നതിനു മുമ്പെ അവിടെയെത്തിക്കഴിഞ്ഞു. ജനങ്ങളോടു തന്റെ വിധി പ്രസ്താവിപ്പാൻ ചക്രവർത്തി അയച്ചിരുന്ന രണ്ടു് അധികൃതന്മാരെ ബിഷപ്പു വഴിയിൽവച്ചു കണ്ടു. കെട്ടിടങ്ങൾക്കു കേടു ചെയ്യുകൂടാ എന്നും എങ്കിലും, അന്ത്യോക്യനഗരത്തെ മറ്റു നഗരങ്ങളുടെ ഇടയിൽ തരംതാഴ്ത്തിക്കളയണമെന്നും കുളിസ്ഥലങ്ങളെ അടച്ചുകളയണമെന്നും സകല പബ്ലിക്കു വിനോദങ്ങളും അവസാനിപ്പിക്കണമെന്നുമായിരുന്ന വിധിയുടെ സാരം. ഉദ്യോഗസ്ഥന്മാർ അന്ത്യോക്യയിൽ എത്തി ഈ വിധി പ്രസ്താവിച്ചശേഷം ലഹളയിൽ പങ്കെടുത്തവരെ തിരഞ്ഞുകൊണ്ടു പുറപ്പെട്ടു. കുറക്കാരുടെമേൽ യാതൊരു ദയയും കാണിക്കാതെ ശിക്ഷ നടത്തണമെന്നുണ്ടായിരുന്നു. ജനങ്ങളുടെ സങ്കടം വളരെ വർദ്ധിച്ചു. സന്യാസികളുടേയും വാനപ്രസ്ഥന്മാരുടേയും ഒരു കൂട്ടം പർവ്വതങ്ങളിൽനിന്നു് ഇറങ്ങിവന്നു ക്ലേശമാനസന്മാരെ ആശ്വസിപ്പിക്കുന്നതിനു് ആവുംപടി അധ്വാനിച്ചു. ഈ സന്യാസിമാരിൽ ഒരുവൻ ആഡംബരരഹിതനെങ്കിലും വിശ്രുതിക്കു കേൾവിപ്പെട്ട മാസിഡോണിയസ് ആയിരുന്നു. രാജാവിന്റെ അധികൃതന്മാർ കുതിരയേറി ചന്തസ്ഥലത്തുകൂടി വരുന്നതു് ഇദ്ദേഹം കണ്ടു. അവരിൽ ഒരാളിനെ അദ്ദേഹത്തിന്റെ കൃപായത്തിന്മേൽ പിടിച്ചു കുതിരപ്പുറത്തുനിന്നു താഴെയിറങ്ങണമെന്നു മാസിഡോണിയസ് അപേക്ഷിച്ചു. ആദ്യം അവർ കോപിച്ചു

എങ്കിലും ആരാണെന്നറിഞ്ഞപ്പോൾ കുതിരപ്പുറത്തുനിന്നു താഴെയിറങ്ങി അയാളുടെ മുമ്പിൽ മുട്ടുകുത്തി. കാരണം അക്കാലങ്ങളിൽ വിശ്വാസികളുടെ പ്രസിദ്ധന്മാരായ സന്യാസിമാർ പഴയകാലത്തെ പ്രവാചകന്മാരോടൊപ്പം മാന്യന്മാരായിരുന്നു. മാസിഡോണിയസ് അവരോട് പ്രവാചകശബ്ദത്തിൽ ഇങ്ങനെ പറഞ്ഞു. ''പോയി ചക്രവർത്തിയോട് ഇങ്ങനെ പറവീൻ. നീയൊരു മനുഷ്യൻ; നിന്റെ പ്രജകളും ദൈവസാദൃശ്യത്തിൽ ഉണ്ടാക്കപ്പെട്ട മനുഷ്യൻ; പിച്ചളപ്രതിമയുടെ നിമിത്തം നീ കുപിതനായിരിക്കുന്നു. എന്നാൽ ജീവനും വിവേകവും ഉള്ള ഒരു പ്രതിമ ഇവയേക്കാൾ അമൂല്യമത്രെ. പിച്ചളപ്രതിമ നശിപ്പിച്ചാൽ വേറെ ഉണ്ടാക്കുവാൻ പ്രയാസമില്ല. എന്നാൽ നീ കൊല്ലുന്ന മനുഷ്യരുടെ തലയിലെ ഒരു രോമത്തെയെങ്കിലും പുനഃസ്ഥാപിക്കുവാൻ നിനക്കു കഴികയില്ല.'' മാസിഡോണിയസ് പറഞ്ഞ ഈ വാക്കുകൾ സുറിയാനിഭാഷയിലായിരുന്നതുകൊണ്ട് ഉദ്യോഗസ്ഥന്മാർക്ക് അറിവാൻ സാധിച്ചില്ല എങ്കിലും അവരുടെ ഹൃദയം ശക്തിയായി സ്പർശിക്കപ്പെട്ടു. ഗ്രീക്കിൽ അതിന്റെ പരിഭാഷ പറഞ്ഞു കേൾപ്പിച്ചപ്പോൾ അവരിൽ ഒരാൾ ചക്രവർത്തിയുടെ അടുക്കൽ പോയി വിവരം പറയുന്നതിനും അനന്തരകരണീയം എന്തെന്ന് അപേക്ഷിക്കുന്നതിനും നിശ്ചയിച്ചു.

ഇതിനിടയ്ക്കു ഫ്ളേവിയൻ, ചക്രവർത്തിയുടെ സന്നിധിയിൽ എത്തി. തിയോഡോഷ്യസ്, അദ്ദേഹത്തെ സദയം സ്വീകരിച്ചു. താൻ അന്ത്യോക്യർക്കു ചെയ്തുകൊടുത്തിട്ടുള്ള ആനുകൂല്യങ്ങളെപ്പറ്റിയും അതിനു് അവർ തന്നോടു കാണിച്ചിട്ടുള്ള നീചമായ അപകാരത്തെപ്പറ്റിയും ശാന്തമായി സംസാരിച്ചു. ഇതുകേട്ടു ബിഷപ്പു വാവിട്ടു കരഞ്ഞുകൊണ്ടു്, എന്റെ ആട്ടുകയും ശിക്ഷാർഹന്മാർ തന്നെ എന്നു സമ്മതിച്ചു പറഞ്ഞതു കൂടാതെ കരുണയ്ക്കുയോജ്യമല്ലാത്ത കഠിനശിക്ഷ നടത്തരുതെ എന്നു ചക്രവർത്തിയോടപേക്ഷിക്കയും ചെയ്തു. അവരുടെ കുറ്റം ക്ഷമിച്ചു കൊടുക്കുന്നപക്ഷം അതു്, തട്ടിക്കളഞ്ഞ പ്രതിമയ്ക്കു പകരം എതുയും നല്ല സ്മാരകസ്തംഭങ്ങളുടെ ഹൃദയങ്ങളിൽ സ്ഥാപിക്കുകയാണെന്നും ചക്രവർത്തിയെ അറിയിച്ചു. എല്ലാ പ്രകാരത്തിലും മാപ്പു കൊടുക്കയാണു വേണ്ടതെന്നു ബിഷപ്പു ചക്രവർത്തിയെ നിർബന്ധിച്ചതുകൂടാതെ അന്ത്യോക്യനിവാസികളുടെ അരിഷ്ടതയുടെ ഒരു സജീവമായ ചിത്രം വാഗ്വിലാസം വരച്ചു കാണിച്ചിട്ടു, തനിക്കു് അതു വീണ്ടും കാണുവാൻ കഴികയില്ലെന്നും തന്റെ അപേക്ഷ ലഭിച്ചില്ലാതെ പട്ടണത്തിലേക്കു താൻ തിരികെ പോകുന്നതല്ലെന്നും അദ്ദേഹം തുറന്നു പ്രസ്താവിച്ചു.

ഈ വൃദ്ധന്റെ വാക്കു കേട്ടപ്പോൾ തിയോഡോഷ്യസിന്റെ കണ്ണു നിറഞ്ഞു. ലോകത്തിന്റെ സ്രഷ്ടാവു ഭൂമിയിലേക്കു വന്ന മനുഷ്യവർഗ്ഗത്തിന്റെ പാപമോചനാർത്ഥം പ്രാണത്യാഗം ചെയ്തിരിക്കെ കേവലം മനുഷ്യനായ ഞാൻ എന്റെ സമസൃഷ്ടികളോടു ക്ഷമിക്കുന്നുവെങ്കിൽ അതിൽ എന്താണത്ഭുതപ്പെടാനുള്ളതു് എന്നിങ്ങനെ പറഞ്ഞുകൊണ്ടു തന്റെ ജനത്തെ ആശ്വസിപ്പിക്കുവാൻ, കഴിയുന്ന വേഗത്തിൽ അന്ത്യോക്യയിലേക്കു തിരിച്ചു പോകണമെന്നു്, അദ്ദേഹം ഫ്ളേവിയനെ നിർബന്ധിച്ചു. ഫ്ളേവിയൻ വീട്ടിൽ എത്തിയപ്പോൾ ഈ ലോകത്തിൽ വച്ചു് ഇനിയും കാണ്മാൻ സാധിക്കയില്ലെന്നുള്ള തീർച്ചയോടെ താൻ വിട്ടുപിരിഞ്ഞ തന്റെ സഹോദരിയെ സുഖശരീരിണിയായി കണ്ടു. ആപന്നന്മാരായ തന്റെ ജനങ്ങൾക്കുവേണ്ടി ഇതുയും സാധിച്ചതിനെ സംബന്ധിച്ചു ജനങ്ങൾക്കു് അദ്ദേഹത്തോടു് എത്ര മാത്രം നന്ദി കാണുമെന്നു് ഊഹിച്ചുകൊള്ളുകയാണു നല്ലതു്. ഫ്ളേവിയൻ ഇതിനെ സംബന്ധിച്ചു പറഞ്ഞതിങ്ങനെയാണു്. ''ചക്രവർത്തിയുടെ ഹൃദയത്തെ മയപ്പെടുത്തിയതു ഞാനല്ല, ദൈവമാണു്.''

ക്രിസോസ്റ്റം, ഏകദേശം പന്ത്രണ്ടുകൊല്ലം അന്ത്യോക്യയിൽ പ്രധാന പ്രാസംഗികനായിരിക്കുമ്പോഴും, കൊൻസ്താന്തീനോസ്പോലീസിലെ മെത്രാസനം ഒഴിവുവന്നു. (എ. ഡി. 397) അടുത്ത അനുഗാമി ആരെന്നുള്ളതിനെപ്പറ്റി വളരെ ശണ്ഠയുണ്ടായി. ഈ തർക്കനിവാരണത്തിന്നായി ചക്രവർത്തിതന്നെ ഒരു ആളിനെ തിരഞ്ഞെടുക്കണമെന്നു ജനങ്ങൾ അപേക്ഷിച്ചു. ആ സന്ദർഭത്തിൽ ചക്രവർത്തിയുടെ ഇഷ്ടമന്ത്രിയായി യൂട്രോപ്പിയസ് എന്നൊരുവൻ കുറച്ചുകാലമായി അന്ത്യോക്യയിൽ താമസിക്കുന്നുണ്ടായിരുന്നു. ക്രിസോസ്റ്റമിന്റെ പ്രസംഗംകേട്ട് ആനന്ദിച്ചുവന്ന ഇദ്ദേഹം ക്രിസോസ്റ്റമിനെ ബിഷപ്പായി തിരഞ്ഞെടുക്കുവാൻ രാജാവിനോടു പ്രാർത്ഥിച്ചു. തദനുസരണം ക്രിസോസ്റ്റം ബിഷപ്പുസ്ഥാനത്തു നിയമിക്കപ്പെട്ടു. ക്രിസോസ്റ്റം വിട്ടുപിരിയുന്നതു വളരെ അസഹ്യമായി തോന്നത്തക്കവണ്ണം അദ്ദേഹത്തെ അത്രമാത്രം ജനങ്ങൾ സ്നേഹിച്ചിരുന്നതിനാൽ, അവർ അറിയാതെ അദ്ദേഹം പട്ടണത്തിനു പുറത്തേക്കു പോകയും അവിടെനിന്നു കൊൻസ്താന്തീനോസ്പോലീസിലേക്കു രഹസ്യമായി അയയ്ക്കപ്പെടുകയും ചെയ്തു.

പുതിയ ബിഷപ്പിന്റെ പ്രസംഗം അന്ത്യോക്യയിൽ എന്നപോലെ കൊൻസ്താന്തീനോസ്പോലീസിലും അഭിനന്ദിക്കപ്പെട്ടു. ഇദ്ദേഹം സോത്സാഹനായി സ്വദേശത്തെ വേലയ്ക്കുമാത്രമല്ല ജാതികളുടെ ഇടയിലുള്ള വേലയ്ക്കും ശ്രദ്ധവെച്ചു. കൊൻസ്താന്തീനോസ് പോലീസിലും ധാരാളം ജാതികളും ഉണ്ടായിരുന്നു. കൂടാതെ ചക്രവർത്തിമാർ തങ്ങളുടെ രാജ്യസംരക്ഷണത്തിനായി ഗോഥിക്കു ഭടന്മാരെ വാടകയ്ക്കു വരുത്തി താമസിപ്പിച്ചുമിരുന്നു. ഇക്കൂട്ടരെ സഭയിലേക്കു വരുത്തുവാൻ ക്രിസോസ്റ്റം വലിയ പരിശ്രമങ്ങളും ചെയ്തു. അവരുടെ ജാതികളിൽനിന്നുതന്നെ പട്ടക്കാരെ നിയമിച്ചുകൊടുക്കയും അവർക്കായി പ്രത്യേകിച്ചു ഒരു പള്ളി സ്ഥാപിക്കുകയും ചെയ്തു. അദ്ദേഹം ഈ പള്ളിയിൽ ചെന്നു ഗ്രീക്കുഭാഷയിൽ അവരോടു സംസാരിക്കയും ഒരു തർജ്ജമക്കാരൻ അതിനെ ഗോഥിക്കുഭാഷയിൽ പൊരുൾ തിരിക്കയും ചെയ്തു.

നിർഭാഗ്യവശാൽ ക്രിസോസ്റ്റമിനു കൊൻസ്താന്തീനോസ്പോലീസിൽ ശത്രുക്കൾ ഉണ്ടാകുവാൻ സംഗതിയായി. കാരണം അവിടത്തെ സഭ തീരെ മോശമായിരിക്കുന്നുവെന്നു കണ്ടു പ്രാർത്ഥിപ്പാൻ ശ്രമിക്കുമ്പോൾ പല ആളുകൾക്കും അനിഷ്ടത്തിനു കാരണമായി. അദ്ദേഹം ഒരു നല്ലമനുഷ്യനായിരുന്നുവെങ്കിലും ആഗ്രഹിക്കത്തക്കവിധത്തിൽ ജ്ഞാനത്തോടും ശാന്തതയോടും കൂടിയവണ്ണം അദ്ദേഹം എല്ലായ്പോഴും പ്രവർത്തിച്ചിരുന്നില്ല. ഒടുവിലത്തെ ബിഷപ്പായ നെക്റേറിയസ് ഉയർന്ന പടുതിയിലുള്ള ഒരുവനായിരുന്നു. കൊൻസ്താന്തീനോസ്പോലീസിലെ ആലോചനാസംഘം നല്ലവനായ ഗ്രഹരിക്കു പകരം അദ്ദേഹത്തെ പെട്ടെന്നു തിരഞ്ഞെടുക്കുന്നതുവരെ ബിഷപ്പായിത്തീരുമെന്നോ മറേറതെങ്കിലും ഉദ്യോഗം ലഭിക്കുമെന്നോ വിചാരിച്ചിരുന്നില്ല. അക്കാലത്തു നെക്റേറിയസ് സ്നാനപ്പെടുകപോലും ചെയ്തിരുന്നില്ല. അതുകൊണ്ട് അയാൾ ആദ്യമായിത്തന്നെ സ്നാനം സ്വീകരിക്കേണ്ടിയിരുന്നു. പിന്നീട് ഒരാഴ്ചയ്ക്കകം, വലിപ്പംകൊണ്ടും ഭംഗികൊണ്ടും ക്രൈസ്തവലോകത്തിലെ രണ്ടാം പള്ളിയായ കൊൻസ്താന്തീനോസ്പോലീസിലെ പള്ളിയിൽവച്ച് ബിഷപ്പായി അവരോധിക്കപ്പെട്ടു. വളരെ പ്രായമായ ആളായിരുന്നതിനാൽ അദ്ദേഹത്തിന്റെ പരിശീലനങ്ങളെയും പരിചയങ്ങളേയും അധികം മാറ്റുവാൻ കഴിഞ്ഞില്ല. വളരെ ചിലവുള്ളവിധത്തിൽ അയാൾ ജീവിച്ചു. നെക്റേറിയസിന്റെ മുൻജീവിതവും ഇങ്ങനെതന്നെയായിരുന്നു. പട്ടക്കാരെ അവർക്ക് ഇഷ്ടംപോലെ ജീവിച്ചുകൊൾവാൻ ഈ ബിഷപ്പു സമ്മതിച്ചു. പട്ടക്കാർ മിക്കവാറും സുഖജീവിതം ചെയ്യുന്നവരും ഭോഗപ്രിയരുമായിരുന്നു. അവരിൽ ചിലർ തീരെ ലജ്ജാവഹമായി ജീവിച്ചു. എന്നാൽ ക്രിസോസ്റ്റമിന്റെ വഴികളും ആശയങ്ങളും ഇതിനു വിപരീതമായിരുന്നു.

അദ്ദേഹം ബിഷപ്പിന്റെ അരമനയിൽ ഉണ്ടായിരുന്ന വിലയേറിയ കംബളങ്ങളും മറ്റു് അമൂല്യങ്ങളായ ഉപകരണങ്ങളും പള്ളിയുടെ അലങ്കാരത്തിലേക്കു ഉണ്ടാക്കിവെച്ചിരുന്ന പലസാധനങ്ങളും, ആശുപത്രികൾ കെട്ടുന്നതിനും ധർമ്മവിഷയമായ മറ്റു സ്ഥാപനങ്ങൾ ഏർപ്പെടുത്തുന്നതിനുമായി വിറ്റു പണമാക്കി. അയാൾ ആരെയും കൂട്ടുപിടിച്ചില്ല. ശരീരസ്ഥിതി തീരെ അനാരോഗ്യത്തിലായിരുന്നുവെങ്കിലും ക്ഷേണം താൻതന്നെ ചമച്ചു. കൂസ്തന്തീനോസ്പോലീസിൽ വരുന്ന ബിഷപ്പന്മാരെ തന്റെ അരമനയിൽ താമസിക്കുന്നതിനോ തന്നോടുകൂടി ഭക്ഷിക്കുന്നതിനോ ക്രിസോസ്റ്റം ക്ഷണിച്ചില്ല. ഇതുപക്ഷെ 1 തിമോ, 3: 2—ന വിപരീതമെന്നു തോന്നിയേക്കാം. എന്നാൽ കൂസ്തന്തീനപുരിപോലെയുള്ള വലിയ നഗരങ്ങളിൽ താമസിക്കുന്ന ക്രിസ്ത്യാനികളുടെ ഇടയിൽ പുറത്തുനിന്നുവരുന്ന ബിഷപ്പന്മാർക്കു് ആതിഥ്യം ലഭിക്കുന്നതു് അസാദ്ധ്യമല്ലെന്നും തന്റെ സമയവും പണവും അതിനെക്കാൾ ശ്രേഷ്ഠമായ കാര്യങ്ങൾക്കു ചെലവാക്കണമെന്നും ക്രിസോസ്റ്റം വിചാരിച്ചു. പക്ഷെ, ഇതു വളരെപ്പേർക്കു് ഇടർച്ചയ്ക്കു കാരണമായി. സിറിയായിലെ ബെറോയക്കാരനായ അക്വേഷ്യസ് ഒരിക്കൽ ''ഞാൻ അവനു ഭക്ഷണം ചമച്ചുകൊടുക്കണംപോൽ'' എന്നിങ്ങനെ കോപിച്ചു പറകയുണ്ടായി. ക്രിസോസ്റ്റമിന്റെ നവീകരണ പ്രയത്നം പട്ടക്കാരുടെ ജീവിതരീതികളേയും ബാധിച്ചു. പകൽ യോഗങ്ങളിൽ സംബന്ധിക്കുന്നതിനു നിവൃത്തിയില്ലാതിരുന്ന ആളുകൾക്കു പട്ടക്കാരെക്കൊണ്ടു രാത്രി പള്ളികളിൽ ശുശ്രൂഷ നടത്തിച്ചു. പട്ടക്കാരിൽ പലരും അസമയമായാൽപിന്നെ തങ്ങളുടെ വീടുവിട്ടു പുറത്തിറങ്ങുന്നതിനും കൂടുതൽ വേല ചെയ്യുന്നതിനും മനസ്സില്ലാത്തവരായിരുന്നു. ഇതുമെന്യെ, അവരിൽ പലരും വലിയ പ്രാസംഗികനെന്നുള്ള അദ്ദേഹത്തിന്റെ കീർത്തിയെപ്പറ്റി അസൂയാലുക്കളുമായിരുന്നു. ക്രിസോസ്റ്റമിന്റെ പ്രസംഗത്തിൽ വല്ല കുറവും കണ്ടുപിടിക്കുന്നതിനു അവർ ഉറ്റുനോക്കിക്കൊണ്ടിരുന്നു. പട്ടക്കാരുടെ ഇടയിൽനിന്നും ഉണ്ടായ ഈ ശത്രുക്കളെ കൂടാതെ, രാജധാനിയിൽപെട്ട പലരുടെയും കൂസ്തന്തീനോസ്പോലീസിലെ വലിയ ധനികന്മാരുടെയും ദുഷ്പ്രവൃത്തികളെ നേരെ എതിർക്കയാൽ അദ്ദേഹത്തിനു വളരെ ശത്രുക്കൾ ഉണ്ടായി.

ക്രിസോസ്റ്റമിന്റെ ബിഷപ്പുസ്ഥാനം യൂട്രോപ്പിയസ്സിന്റെ സഹായം മൂലം ലഭിച്ചതാകയാൽ അയാളുമായി വളരെ വാഗ്വാദത്തിനു് ഇടവന്നു. ഇന്നു നമ്മുടെ ഇടയിൽ നടക്കുന്നതുപോലെ അല്ലായിരുന്ന ആ കാലത്തും ആ രാജ്യങ്ങളിലും നടന്നുവന്നതു്. യൂട്രോപ്പിയസ്സിനെപ്പോലെ അധികാരവും ശക്തിയുമുള്ള ഒരാളിനു് ആരെ വേണമെങ്കിലും എത്ര കഠിനമായി ഞെരുക്കുന്നതിനും പീഡിപ്പിക്കുന്നതിനും കഴിയുമായിരുന്നു. സാധുക്കൾ അതു സഹിക്കയല്ലാതെ ഗത്യന്തരമുണ്ടായിരുന്നില്ല. എന്നാൽ കൊള്ളചെയ്യുന്നതിനും തടവിലാക്കുന്നതിനും യൂട്രോപ്പിയസ് ഉദ്ദേശിച്ച വളരെ ആളുകൾ പള്ളികളിൽ അഭയംപ്രാപിച്ചിരുന്നു. കാരണം വിശുദ്ധകെട്ടിടങ്ങളിൽ വെച്ചു് അവരെ പിടികൂടുന്നതു ന്യായമല്ലാതിരുന്നതുകൊണ്ടു് അവിടെ രക്ഷയുണ്ടെന്നു കടക്കാരും മറ്റുള്ളവരും വിചാരിച്ചു. ഇങ്ങനെ ഒരു അധികാരം സമ്പാദിച്ചുള്ളതു നിഷ്ഫലാക്കിക്കളയുവാൻ യൂട്രോപ്പിയസ് ചക്രവർത്തിയെ സമ്മതിപ്പിച്ചു. എന്നാൽ അധികം താമസിയാതെ അയാൾതന്നെ ഏതോ അപകടത്തിൽ അകപ്പെട്ടു് അഭയത്തിനായി ഭ്രോസനപ്പള്ളിയിലേക്കു് ഓടിച്ചെല്ലുകയും രക്ഷയ്ക്കായി അൾത്താരയെപ്പിടിക്കയും ചെയ്തു. ഏതാനും പടയാളികൾ അയാളെ പിടികൂടുവാൻ പള്ളിയിലേക്കുവന്നു. എന്നാൽ അവർ അകത്തു കടക്കുവാൻ ക്രിസോസ്റ്റം അനുവദിച്ചില്ല. പിറേറ ദിവസം യൂട്രോപ്പിയസ്സിനു് എന്തു വേിച്ചു എന്നു കാണ്മാൻ ജനങ്ങൾ പള്ളിയിൽ തിങ്ങിക്കൂടിയപ്പോൾ ബിഷപ്പു് ഭൗമമഹിമയുടെ നിശ്ചയമില്ലായ്മയെപ്പറ്റി അവരോടു

പ്രസംഗിച്ചു. യൂടോപ്പിയസ് വിശുദ്ധമേശയുടെ കീഴിൽ പതുങ്ങിയിരിക്കുമ്പോഴും ക്രിസോസ്റ്റം അയാളുടെ നേരെ തിരിഞ്ഞു, ഇപ്പോഴും തനിക്കു രക്ഷ ലഭിച്ചിരിക്കുന്ന പള്ളിയുടെ ഈ അയോഗ്യനാധികാരം നിർത്തലാക്കിക്കളവാൻ അയാളും ശ്രമിച്ചതിനെപ്പറ്റി അയാളെ ഓർപ്പിച്ചു. ഈ അയോഗ്യർക്കു വേണ്ടി ദൈവത്തോടും ചക്രവർത്തിയോടും അപേക്ഷിക്കണമെന്നു താൻ ആഗ്രഹിക്കുന്നതായി ക്രിസോസ്റ്റം ജനങ്ങളോടു് അറിയിച്ചു. ഇങ്ങനെ അദ്ദേഹം പറഞ്ഞതു യൂടോപ്പിയസ്സിനെ നിന്ദിക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടിയല്ല. നേരെമറിച്ചു്, ജനങ്ങൾക്കു് അദ്ദേഹത്തോടു ദയതോന്നുവാൻ മാത്രമായിരുന്നു. എന്നാൽ ക്രിസോസ്റ്റം ശത്രുവിന്റെ ആപത്തിൽ ജയഘോഷം ചെയ്യുന്നതായി വിരോധികൾ പറഞ്ഞുണ്ടാക്കി. യൂടോപ്പിയസ്സിനു് അഭയം കൊടുത്തതുകൊണ്ടു്, അവൻ വിഷമത്തിലാകയും അതിനു സമാധാനം പറവാൻ ചക്രവർത്തിയുടെ മുമ്പാകെ കൊണ്ടുപോകപ്പെടുകയും ചെയ്തു. എന്നാൽ ബിഷപ്പു് നിസ്സഹായികളെ രക്ഷിപ്പാൻ സഭയ്ക്കു കിട്ടീട്ടുള്ള ഈ അധികാരത്തെപ്പറ്റി ധൈര്യമായി ചക്രവർത്തിയുടെ മുമ്പിൽപിടിച്ചു വാദിക്കയും തൽഫലമായി യൂടോപ്പിയസ്സു് വിമുക്തനാകയും ചെയ്തു. ഇങ്ങനെ നോക്കുന്നതായാൽ ഒരു അവസരം കിട്ടുന്നപക്ഷം ക്രിസോസ്റ്റമിനു വിരോധമായി എഴുന്നേല്പാൻ അനേകർ തയ്യാറായിരുന്ന എന്നു നാം കാണുന്നു. അചിരേണ അങ്ങനെ സംഭവിക്കയും ചെയ്തു.

ഈ കാലത്തു് അലക്സാന്ത്രിയായിലെ ബിഷപ്പായിരുന്ന തിയോഫിലസ് ഒരു ചീത്തമനുഷ്യനും നിർഭയനുമായിരുന്നു. രണ്ടാമത്തെ പൊതുസൂനഹദോസ്, കുസ്തന്തീനോസ്പോലിസിനെ തന്റെ മീതെയുള്ള മെത്രാസനമാക്കിയതുകൊണ്ടു്, ഈ തിയോഫിലസ്സിനു, കുസ്തന്തീനോസ്പോലീസിലെ പാത്രിയക്കീസു സ്ഥാനത്തോടു് ഈർഷ്യയുണ്ടായിരുന്നു. തന്റെ പട്ടക്കാരിൽ ഒരുവനെ കുസ്തന്തീനോസ്പോലീസിലെ പാത്രിയക്കീസു് സ്ഥാനത്താക്കുവാൻ ആഗ്രഹിച്ചതു സാധിക്കാഞ്ഞതുകൊണ്ടും, ക്രിസോസ്റ്റത്തിന്റെ പ്രഥമദർശനത്തിൽതന്നെ അയാളെ തന്റെ ആയുധമാക്കുവാൻ സാധിക്കുന്നതല്ല എന്നു കണ്ടതിനാലും ഈ ബിഷപ്പു് അദ്ദേഹത്തെ ദ്വേഷിച്ചിരുന്നു. ക്രിസോസ്റ്റമിനെ ബിഷപ്പായി അവരോധിക്കുവാൻ ചക്രവർത്തിയും യൂടോപ്പിയസ്സും ആജ്ഞാപിച്ചതനുസരിച്ച തിയോഫിലസ്സു് അങ്ങനെ ചെയ്തുവെങ്കിലും മനസ്സില്ലാമനസ്സോടെയാണു് അങ്ങനെ ചെയ്തതു്.

ഇക്കാലത്തിനു്, ഇരുനൂറുകൊല്ലം മുമ്പു ജീവിച്ചിരുന്ന സുപ്രസിദ്ധനായ ഓറിജന്റെ അഭിപ്രായങ്ങളെ സംബന്ധിച്ചു സഭയിൽ വലിയ വാഗ്വാദങ്ങളും ഈ ഘട്ടത്തിൽ നടന്നുവന്നിരുന്നു. ഓറിജന്റെ അഭിപ്രായങ്ങളിൽ ചിലതു വാസ്തവത്തിൽ തെറ്റും, മറ്റുചിലതു വലിയ തെറ്റല്ലെങ്കിലും തീരെ അസാധാരണവുമായിരുന്നു. ഇവകൂടാതെ, അദ്ദേഹത്തിന്റെ പേരിൽ ആരോപിച്ചിരുന്ന പല കുറ്റങ്ങളെ സംബന്ധിച്ചും, ഓറിജൻ നിർദ്ദോഷിയായിരുന്നുവെന്നുള്ളതും നിസ്സംശയമാകുന്നു. തിയോഫിലസ് ഇതിനെപ്പറ്റി അന്വേഷിച്ചിരുന്നെങ്കിൽ അയാളും ഓറിജനു് അനുകൂലമായിരുന്നേനെ എന്നാണു വിചാരിക്കേണ്ടതു്. എന്നാൽ എതിർഭാഗം പിടിക്കുന്നതാണു നല്ലതെന്നു് അയാളും കണ്ടു. ഇങ്ങനെ തിയോഫിലസ്സു് ഓറിജന്റെ തെറ്റുകളെ കാരണമാക്കി ഈജിപ്തിലുള്ള സന്യാസികളെ കഠിനമായി പീഡിപ്പിച്ചു. ഈ സന്യാസികളിൽവെച്ചു മുഖ്യന്മാർ നാലു സഹോദരന്മാർ ആയിരുന്നു. ഇവരെ ദീർഘകായന്മാരായ സഹോദരന്മാർ എന്നാണു വിളിച്ചുവന്നതു്. അവരിൽ ഒരുവൻ ബിഷപ്പസ്ഥാനം ഭയന്നു തന്റെ കാതു മുറിച്ചുകളഞ്ഞ അമ്മോണിയസ് ആയിരുന്നു. തിയോഫിലസ്സിനു് ഇവരെ വളരെ ബഹുമാനമായിരുന്നു. ഇവരിൽ രണ്ടുപേരെ തന്റെ കണക്കെഴുത്തിനു നിയ

മിച്ചിരുന്നു. തങ്ങളുടെ യജമാനന്റെ മേല്പറഞ്ഞ നടപടികളും കണ്ടപ്പോൾ അവർക്കു വിഷമംതോന്നി, മേലാൽ ബിഷപ്പിനോടുകൂടി താമസിക്കയില്ലെന്നു നിശ്ചയിച്ചതുകൊണ്ടു ബിഷപ്പു അവരുടെമേൽ ഓറിജനിസം (ഓറിജന്റെ ഉരുപദേശങ്ങൾ) ചുമത്തി. തിയോഫിലസ് ചുമത്തിയ യാതൊരു ഉരുപദേശങ്ങളും തങ്ങൾക്കില്ല എന്നവർ പ്രതിഷേധിച്ചു പറഞ്ഞു. എങ്കിലും ബിഷപ്പ് അതിനെ അവഗണിച്ചു പടയാളികളോടുകൂടി വനത്തിൽചെന്നു സഹോദരന്മാരെ വേട്ടയാടി അവരുടെ പാർപ്പിടങ്ങളെ നശിപ്പിക്കയും പുസ്തകങ്ങൾ ചുടുകയും ഏതാനുംപേരെ കൊല്ലുകയും ചെയ്തു. ഇതിനാൽ മേൽപറഞ്ഞ സഹോദരന്മാരും അവരുടെ സ്നേഹിതന്മാരിൽ ചിലരുംകൂടി വിശുദ്ധനാട്ടിലേക്കു ഓടിപ്പോയി. എന്നാൽ അവരുടെ ശത്രുവിനു അവിടത്തെ താമസം തടയുന്നതിനു അധികാരം ഉണ്ടായിരുന്നതിനാൽ ഉടൻതന്നെ അവിടെനിന്നു കൊൺസ്റ്റാൻറിനോപ്പിളിലേക്കു ഓടിപ്പോകേണ്ടിവന്നു.

പട്ടണത്തിൽ അവർ എത്തിയതായി കേട്ടു ക്രിസോസ്തം അവരെ തിരക്കിയപ്പോൾ അവർ സൽസ്വഭാവികളാണെന്നറിഞ്ഞു അവരോടു ദയവായി പെരുമാറി. എന്നാൽ അവക്കെതിരായി തിയോഫിലസ്സിനു പറയാനുള്ളതെന്തെന്നു അറിയുന്നതുവരെയും അവരെ കൂട്ടായ്മയിൽ ചേർത്തില്ല. എങ്കിലും ക്രിസോസ്തം അവരെ കൂട്ടായ്മയിൽ സ്വീകരിച്ചു എന്നു തീയോഫിലസ് കേട്ടിട്ടു അതിനെപ്പറ്റി അദ്ദേഹത്തിനു ക്രൂരമായ ഒരു ലേഖനം എഴുതി. വിശുദ്ധനാട്ടിൽനിന്നെന്നപോലെ കൊൺസ്താന്തീനോസ്പോലീസിൽ നിന്നും തങ്ങൾ ഓടിക്കപ്പെടുമെന്നു പ്രസ്തുത സഹോദരന്മാർ ഭയന്നു. ഒരു ദിവസം യുഡോക്സിയാ ചക്രവർത്തിനി ഒരു പള്ളിയിൽ വന്നപ്പോൾ അവർ അവളുടെ അടുക്കൽചെന്നു അവരുടെ കേസു വിസ്തരിപ്പാൻ ഒരു സൂനഹദോസു വിളിച്ചുകൂട്ടേണ്ടതിനു ചക്രവർത്തിയുടെ അനുവാദം വാങ്ങിത്തരണമെന്നു അവളോടു അപേക്ഷിച്ചു.

ഈ സൂനഹദോസിൽ ഹാജരാകുവാൻ തിയോഫിലസ്സിനെ ക്ഷണിക്കുകയും മേല്പടി സഹോദരന്മാരോടുള്ള അദ്ദേഹത്തിന്റെ പെരുമാറ്റം ക്ഷണക്രമത്തിൽ കാണിക്കുകയും ചെയ്തു. എന്നാൽ അയാൾ കൊൺസ്താന്തീനപുരിയിൽ എത്തിയപ്പോൾ കുറ്റം ചുമത്തപ്പെട്ട ആളെന്നുള്ള നിലയിൽ അല്ലാ പിന്നയോ, തലസ്ഥാനനഗരിയിലെ ബിഷപ്പിനെ വിസ്തരിപ്പാൻ ക്ഷണിച്ച വരുത്തിയ മട്ടിലാണു കാണപ്പെട്ടതു. അദ്ദേഹത്തിനു ക്രിസോസ്തവുമായി യാതൊരു കാര്യവുമില്ലായിരുന്നു. തന്റെ ഭാഗം ചേരുവാൻ രാജസേവകന്മാർക്കും മറ്റുള്ളവർക്കും വലിയ തുക കൈക്കൂലിയായി കൊടുത്തു. എല്ലാം ശരിയായി എന്നു കണ്ടപ്പോൾ കൊൺസ്താന്തീനോസ്പോലീസിനു എതിർക്കരയിലുള്ള ഓക്കു എന്ന സ്ഥലത്തു (എ. ഡി. 403) മുപ്പത്താറു ബിഷപ്പന്മാരെ ഒന്നിച്ചുകൂട്ടി ക്രിസോസ്തമിന്മേൽ പല കള്ളക്കുറ്റങ്ങൾ ചുമത്തി. മിക്കവാറും ഈജിപ്തിലുള്ള ബിഷപ്പന്മാരെ മാത്രംചേർത്തു നിർമ്മിച്ചതും തന്നെ വിസ്തരിപ്പാൻ യാതൊരു അവകാശമില്ലാത്തതുമായ മീറ്റിംഗിൽ ക്രിസോസ്തം ഹാജരായില്ല. അതുകൊണ്ടു അവന്റെമേൽ പലവിധമായ കുറ്റങ്ങൾ ചുമത്തിയതുകൂടാതെ രാജദ്രോഹവും ആരോപിച്ചു. ഇതിനുപുറമെ, ഇവർ ചക്രവർത്തിയേയും ചക്രവർത്തിനിയേയും സ്വാധീനപ്പെടുത്തിയതിന്റെ ഫലമായി അദ്ദേഹത്തിനു നാടുകടത്തൽ ശിക്ഷയും വിധിച്ചു. ക്രിസോസ്തമിനെ ബോസ്ഫറസ് കടത്തിയയച്ച അതേരാത്രി, പട്ടണം ഒരു ഭൂകമ്പത്താൽ ഇളകിവശായി. ഇതു ക്രിസോസ്തമിന്റെ നേരെ കാണിച്ച അനീതിക്കുള്ള ന്യായവിധിയാണെന്നു ചക്രവർത്തിനി ഭയന്നു അദ്ദേഹത്തെ തിരിയെ വിളിക്കുന്നതിനു ബദ്ധപ്പെട്ടു ആളയച്ചു. അദ്ദേഹം തിരിയെ വരുന്നുവെന്നു പിറേറദിവസം കേട്ടപ്പോൾ ഉണ്ടായ ജനങ്ങളുടെ സന്തോഷം അവർണ്ണനീയമായിരുന്നു. അദ്ദേ

ഹത്തെ സ്വാഗതം പറഞ്ഞു സ്വീകരിക്കുന്നതിലേക്കു ഉൽക്കണ്ഠിതരായ ജനങ്ങളെ വഹിച്ചുകൊണ്ടു പോകുന്ന കപ്പലുകളാൽ ബോസ്ഫ്രസ് കടലിടുക്കു് നിശ്ശേഷം മൂടപ്പെട്ട എന്നു പറയപ്പെട്ടിരിക്കുന്നു.

അദ്ദേഹം തിരികെ വന്നു് ഏതാനും മാസം കഴിഞ്ഞപ്പോഴേ കാര്യം വീണ്ടും വിഷമത്തിലായി. കാരണം അദ്ദേഹത്തിന്റെ ഭ്രോസനപ്പള്ളിയുടെ വാതിലിനടുത്തു സ്ഥാപിച്ചിരുന്ന ചക്രവർത്തിനിയുടെ ഒരു പുതിയ പ്രതിമയ്ക്കു ചുറ്റും നടന്ന വെറിക്കൂത്തുകളേയും വിളയാട്ടുകളേയും അദ്ദേഹം ശാസിച്ചതായിരുന്നു. തിയോഫിലസു് ഈജിപ്തിലേക്കു തിരികെപ്പോയി. കൂസ്തന്തീനോസു് പോലീസിലേക്കു അദ്ദേഹം വീണ്ടും വരികയുണ്ടായില്ല. എങ്കിലും ക്രിസോസ്തമിന്റെ നടപടികളെ സൂക്ഷിക്കുവാൻ ആ നഗരത്തിലുണ്ടായിരുന്ന മറ്റു ശത്രുക്കളെ ചട്ടംകെട്ടിയുംവച്ചാണു പോയതു്. പിന്നെയും ഒരു സുന്നഹദോസ്കൂടി അദ്ദേഹത്തെ വീണ്ടും കുറ്റം ചുമത്തി. എങ്കിലും ബലാൽക്കാരം പ്രയോഗിച്ചല്ലാതെ തന്റെ ആട്ടിൻകൂട്ടത്തെ വിട്ടുപോകയില്ലെന്നു ക്രിസോസ്തം തീരുമാനിച്ചു. ഇങ്ങനെ ഏതാനും മാസത്തേക്കു ഭ്രോസനപ്പള്ളിയും ബിഷപ്പിന്റെ വസതിവക സ്വത്തുക്കളും അദ്ദേഹം കൈവശംവച്ചുകൊണ്ടിരുന്നു. ഇതിനിടയ്ക്കു പലപ്പോഴും ശത്രുക്കളുടെ പീഡയ്ക്കു അദ്ദേഹം വശംവദനായി. ഒന്നിലധികം പ്രാവശ്യം അദ്ദേഹത്തെ കൊന്നുകളയുന്നതിനും ശത്രുക്കൾ ശ്രമിച്ചു. ഒടുവിൽ തന്റെ വസതി വിട്ടുന്നതിനു ചക്രവർത്തിയുടെ കല്പനയുണ്ടായപ്പോഴും താൻ കീഴ്പ്പെടേണ്ട അവസരം ഇതാണെന്നു അദ്ദേഹത്തിനു ബോദ്ധ്യപ്പെട്ട. അദ്ദേഹത്തിന്റെ ജനങ്ങളും രാവും പകലും ഭ്രോസനപ്പള്ളി കാത്തുകൊണ്ടു നിൽക്കുകയായിരുന്നു. അദ്ദേഹത്തെ പിടിക്കുന്നതിനു ചെയ്യ എല്ലാ ശ്രമങ്ങളേയും അവർ എതിർക്കയും ചെയ്യുമായിരുന്നു. എന്നാൽ അക്രമത്തിനും രക്തം ചിന്തലിനും അദ്ദേഹത്തിനു മനസ്സുവന്നില്ല. അതുകൊണ്ടു തന്റെ സ്നേഹിതന്മാരിൽ പ്രധാനികളെ കണ്ടു് പ്രത്യേകം പ്രത്യേകം സദുപദേശങ്ങളും ആശ്വാസവാക്കുകളും പറഞ്ഞു യഥേഷ്ടകരമാംവണ്ണമുള്ള ആശ്വസ്തനം കഴിച്ചു. താൻ അവർക്കു നഷ്ടപ്പെട്ടുവെന്നുള്ളതുകൊണ്ടു നിരാശപ്പെടാനില്ലെന്നും തന്റെ പിന്നാലെ വരുന്ന ഏതു ബിഷപ്പിനും അവർ കീഴടങ്ങിയിരിക്കണമെന്നും അവരോടു ഗ്രന്ഥോപദേശിച്ചു. അനന്തരം ജനങ്ങളും പുറത്തിറങ്ങാതിരിക്കേണ്ടതിനു്, അവന്റെ യാത്രയുള്ള കുതിര പള്ളിയുടെ ഒരു വാതിൽക്കൽ നിൽക്കവേ, വേറൊരു വാതിൽവഴി അദ്ദേഹം നിശ്ശബ്ദമായി പുറത്തേക്കു പോകയും തന്റെ കൈയിസ്, ഒരു സുന്നഹദോസുകൂടി ശരിയായി വിചാരണചെയ്യണമെന്നാണു തന്റെ ആഗ്രഹമെന്നു പ്രസ്താവിച്ചുകൊണ്ടു് ഒരു തടവുകാരനായിതന്നെ ഏല്പിക്കയും ചെയ്തു. (എ. ഡി. 404)

ക്രിസോസ്തം ആദ്യം നിഖ്യയിലേക്കു കൊണ്ടുപോകപ്പെട്ട. അവിടെ അദ്ദേഹം ഒരു മാസത്തോളം താമസിച്ചു. ഇതിനിടയ്ക്കു തന്റെ നടത്തയെ സംബന്ധിച്ചു ഒരു പുതിയ വിചാരണകൂടിയുണ്ടാകണമെന്നു അയാൾ ആഗ്രഹിച്ചു. എന്നാൽ അതു സഫലമായില്ല. എന്നുമാത്രമല്ല, സുഖമുള്ള ഏതെങ്കിലും ഒരു സ്ഥലത്തുപോയി താമസിച്ചുകൊള്ളുന്നതിനു് ഒരു അനുവാദം വാങ്ങാൻ അദ്ദേഹത്തിനോ അദ്ദേഹത്തിന്റെ സ്നേഹിതന്മാക്കോ കഴിഞ്ഞുമില്ല. ടോറസ്പർവ്വതങ്ങളുടെ ഇടയിലുള്ള കൂക്കുസസ്സു് എന്ന സ്ഥലത്തേക്കു കൊണ്ടുപോകണമെന്നായിരുന്നു ശിക്ഷ. അറിയൂസുകാരുടെ ഉപദ്രവം ഉണ്ടായകാലത്തു്, (എ. ഡി. 351) കൂസ്തന്തീനോസ്പോലീസിലെ ബിഷപ്പായിരുന്ന പോളിനെ അയച്ചുകളഞ്ഞതു് ഇവിടേക്കായിരുന്നു. അദ്ദേഹം ഈ സ്ഥലത്തു വളരെനാൾ പട്ടിണികിടന്നശേഷം ശ്വാസംമുട്ടിക്കൊല്ലപ്പെടുകയാണുണ്ടായതു്.

കൂക്കുസസ്സിലേക്കു പോകുംവഴി കള്ളന്മാരിൽനിന്നു വളരെ ഉപദ്രവം അനുഭവിക്കേണ്ടിവന്നു. കൂടാതെ ക്രിസോസ്തമിനു തന്റെ ശത്രുക്കളായ

സന്യാസിമാരിൽനിന്നു തദ്ധികമായ പീഡ സംഭവിച്ചു. അദ്ദേഹം കൂടു സസ്സിൽ എത്തിയപ്പോഴും വളരെ മോശമായ ഒരു പട്ടണമാണു് അവിടെ കണ്ടതു്. അവിടെ അദ്ദേഹം ശീതകാലത്തു ഭയങ്കരമാംവണ്ണം തണപ്പുപിടിച്ചും വേനൽക്കാലത്തു് അതികഠിനമായ ചൂടിനാൽ വരണ്ടും ദിവസങ്ങൾ കഴിച്ചു. ചിലപ്പോഴും ക്രിസോസ്തമിനു നിത്യവൃത്തിക്കു ആവശ്യമുള്ള സാമാനങ്ങൾതന്നെ കിട്ടിയിരുന്നില്ല. കൂടെക്കൂടെ രോഗം ബാധിക്കയാൽ ഈ ദൈവഭൃത്യൻ കിടപ്പിലായിപ്പോയി. ഈ സ്ഥലം മരുന്നുകിട്ടുന്ന സ്ഥലവുമല്ലായിരുന്നു. ഇതിനുംപുറമെ, ചിലപ്പോൾ അയൽദേശങ്ങളിൽനിന്നു കള്ളന്മാർ കൂട്ടമായി വന്നു കവർച്ചനടത്തുകയാൽ ക്രിസോസ്തം വേഗത്തിൽ കൂടുസസ്സിനെ വിട്ടു് അറബിസ്സൂസു് എന്നു പേരുള്ള കോട്ടയെ അഭയം പ്രാപിച്ചു.

ഈ നാട്ടകടത്തലിൽ ക്ലേശത്തിനെന്നപോലെ ആശ്വാസത്തിനും വകയുണ്ടായിരുന്നു. അദ്ദേഹത്തിന്റെ പേർ, അദ്ദേഹത്തിന്റെ കഷ്ടപ്പാടുകളും, അദ്ദേഹത്തിന്റെ നിഷ്ക്കളങ്കത ഇവ ക്രിസ്തീയലോകം മുഴുവൻ അറിയപ്പെട്ടു. ആശ്വാസത്തിന്റെയും സഹാതപത്തിന്റെയും ലേഖനങ്ങളും നാലുദിക്കിൽനിന്നും ഈ വിശ്രുതനു ധാരാളം കിട്ടി. റോമയിലെ ബിഷപ്പു് അദ്ദേഹത്തെതന്നെപ്പോലെതന്നെ എണ്ണി കത്തെഴുതി. പടിഞ്ഞാറൻ രാജ്യങ്ങളുടെ ചക്രവർത്തിയായ ഹൊണോറിയസ്സും ക്രിസോസ്തമിനുവേണ്ടി പക്ഷവാദം ചെയ്തു. എങ്കിലും അതു ഫലപ്പെട്ടില്ല. കൂടുസസ്സിലെ ബിഷപ്പും മറ്റു് അയൽക്കാരും അദ്ദേഹത്തിന്റെ നേരെ ബഹുമാനവും സ്നേഹവും കാണിച്ചു. ആ ബഹിഷ്കൃതനായ ബിഷപ്പിനെ കാണുന്നതിനും തങ്ങൾക്കു അദ്ദേഹത്തിന്റെ നേരെയുള്ള ഭക്ത്യാദരങ്ങളെ അറിയിക്കുന്നതിനുമായി അസംഖ്യം പുണ്യയാത്രക്കാർ മലംപ്രദേശത്തുള്ള പരുപരുത്ത റോഡുകളിൽകൂടി നടന്നുവന്നു. ദൂരെയുള്ള സ്നേഹിതന്മാർ അടിമകളെ വീണ്ടെടുക്കുന്നതിനും ഗോത്രരുടെയും പേർഷ്യരുടെയും ഇടയിലുള്ള സുവിശേഷവേലയെ സഹായിക്കുന്നതിനുമായി വലിയ തുകകളും അയച്ചുകൊടുത്തു. ഒടുവിൽ ഈ വലിയ തുകകളും തനിക്കുപയോഗപ്പെടുത്തുവാൻ കഴിയുന്നതിലധികമാകയാൽ ഇത്ര വളരെ പണം തന്റെ പേക്കു യക്കേണ്ടെന്നു അദ്ദേഹം അവരെ അറിയിക്കയുണ്ടായി. വാസ്തവം നോക്കിയാൽ നാട്ടകടത്തലിൽ കഴിച്ചുകൂട്ടിയ മൂന്നു വർഷങ്ങളെപ്പോലെ അത്ര ബഹുമാനവും ജനസ്വാധീനതയും ഈ വിശ്രുതനു് ഒരുകാലത്തും ലഭിച്ചിട്ടില്ല.

ക്രിസോസ്തമിനെക്കുറിച്ചു എല്ലാവരും സ്നേഹം ഭാവിക്കുന്നു എന്നറികയാൽ ചക്രവർത്തി ദ്വേഷ്യപ്പെട്ടു്, അദ്ദേഹത്തെ സാമ്രാജ്യത്തിന്റെ എതുയും അകന്ന അതിരിൽ തീരെ അപരിഷ്കൃതവും വിജനവുമായ സ്ഥലത്തേക്കു കൊണ്ടുപോകുന്നതിനു കല്പനയുണ്ടായി. തൽഫലമായി വേനല്ക്കാലത്തിന്റെ മൂർദ്ധന്യദശയിൽ, വയസ്സനായ അദ്ദേഹം വിശ്രമംകൂടാതെ യാത്രചെയ്യേണ്ടിവന്നു. അതികഠിനമായ ചൂടുകൊണ്ടു് അദ്ദേഹത്തിനു രോഗം വർദ്ധിച്ചു. ഒടുവിൽ തന്റെ അവസാനം അടുത്തിരിക്കുന്നു എന്നു് അദ്ദേഹത്തിനു ബോധ്യമാകയാൽ കൊമാനാ (Comana) എന്നു പേരുള്ള പട്ടണത്തിൽ, തന്നെ കൊണ്ടുചെന്നാക്കുവാൻ തന്റെ ചുമതല വഹിക്കുന്ന പടയാളികളോടു് അപേക്ഷിച്ചു. അവിടെ എത്തി താൻ ധരിച്ചിരുന്ന മലിനമായ യാത്രാവസ്ത്രം മാറി, തന്റെ കൈവശമുണ്ടായിരുന്ന നല്ല വസ്ത്രം ധരിച്ചു, ഒരിക്കൽകൂടി കർത്താവിന്റെ അത്താഴം അനുഭവിച്ചു. അനന്തരം എല്ലാവരിനുവേണ്ടിയും ദൈവത്തിനു മഹത്വം ആമീൻ എന്നു പറഞ്ഞുകൊണ്ടു മരിക്കയും ചെയ്തു. 407 സെപ്റ്റാംബർ 14—ാം തീയതിയത്രെ ഈ സിദ്ധന്റെ ദേഹവിയോഗം.

മുപ്പതുവർഷം കഴിഞ്ഞു് ക്രിസോസ്തമിന്റെ ശരീരം കൻസ്തീനോസ്പോലീസിലേക്കു കൊണ്ടുപോയി. അദ്ദേഹത്തിന്റെ ശരീരം വച്ചിരുന്ന

കപ്പൽ ബോസ്ഫറസ് കടലിടുക്കിന്റെ ഏഷ്യാറ്റിക് തീരം വിട്ടതായി കണ്ടപ്പോഴാം, തന്റെ നാടുകടത്തലിൽനിന്ന് ഒന്നാം പ്രാവശ്യം തിരികെ വന്നപ്പോഴാം അദ്ദേഹത്തിനു സ്വാഗതം പറയുവാൻ വന്നുകൂടിയതിനേക്കാം വലിയ ഒരു പുരുഷാരം കയറിവന്ന കപ്പലുകളെക്കൊണ്ടും പലതരം ബോട്ടുകളേക്കൊണ്ടും ബോസ്ഫറസ്സ് കടൽ രണ്ടാമതും നിറഞ്ഞുകഴിഞ്ഞു. അർക്കേഡിയസിന്റെയും യൂഡോക്സിയായുടെയും പുത്രനായ രണ്ടാം തിയോഡോഷ്യസ് ചക്രവർത്തി ശവപ്പെട്ടിയുടെ മീതെ താഴ്മയോടെ തല കുനിക്കയും മഹാനും പരിശുദ്ധനുമായ ഈ ബിഷപ്പിനെ തന്റെ മാതാപിതാക്കന്മാർ ഉപദ്രവിച്ചതോർത്തു കണ്ണുനീരോടുകൂടി വിലപിക്കയും ഉണ്ടായി.

Sketches of Church History (By Canon Robertson M. A.) Chapter XX

ഡാക്ടർ ഗ്രണ്ടർട്ട് ഇദ്ദേഹത്തെക്കുറിച്ചു പറഞ്ഞിരിക്കുന്ന ഭാഗവും രസകരമായിരിക്കുമെന്നു വിശ്വസിക്കുന്നു:

''പിന്നെ രോമാധ്യക്ഷനും തെയോഫിലൻ എന്ന അലക്ഷന്ത്യയിലെ അധമപത്രിയർക്കാവുംകൂടി ഒരിഗനാവെ ശപിച്ചാറെ അവന്റെ അനുസാരികളായ സന്യാസിമാർക്കു ഹിംസ സംഭവിച്ചു. അവരിൽ 80 പേരെ എല്ലാടത്തുംനിന്നു ആട്ടിക്കളഞ്ഞാറെ അവർ കൊംസ്തന്തീനനഗരത്തിൽ ഓടി യോഹനാനെ അഭയംപ്രാപിച്ചു പാർത്തു. യോഹനാൻ അവർക്കു ദിവസവൃത്തിക്കു കൊടുത്തിട്ടും രാഭോജനത്തിൽ ചേർക്കാതെ തെയോഫിലനു: ''അവർ നിന്റെ ആടുകളം അല്ലൊ; അവരോടു ക്ഷമിക്കണമെ'' എന്നപേക്ഷിച്ചു എഴുതി. തെയോഫിലൻ വളരെ ചൊടിച്ചു, എപിഫാന്യനെ മുമ്പിൽ നഗരത്തേക്കയച്ചു; ആയവൻ ഒരിഗനാവെ വളരെ ദുഷിച്ചു പറഞ്ഞിട്ടും. ചത്തവനെ ശപിച്ചുപോവാൻ യോഹനാനെ സമ്മതിപ്പിച്ചതും ഇല്ല. എപിഫാന്യൻ ദോഷം വിചാരിയാതെ അതിവൃദ്ധനാകയാൽ (402) നഗരത്തിൽ നടപ്പായ കൗശലങ്ങളെയും മായാക്ഷേതിയെയും അല്പം ഗ്രഹിച്ചു ഉടനെ പേടിച്ചു, കുപ്രയിലേക്കു മടങ്ങിപ്പോയി. എന്നാറെ തെയോഫിലൻ താൻ വന്നു, രാജ്ഞിയെ വശത്താക്കി യോഹനാന്റെ ശത്രുക്കളെ യോഗം കൂട്ടി, അവനെ പത്രിയർക്കസനത്തിൽനിന്നു പിഴുക്കയും ചെയ്തു (403).

ആയവർ ''ക്രിസ്തുസത്യം ഞങ്കാലം തുടങ്ങിയതല്ല; ഞങ്കാലം ഒടുങ്ങിപോകയും ഇല്ല'' എന്നു ചൊല്ലി, സഭക്കാർ കരഞ്ഞിരിക്കെ, ഒന്നു പ്രസംഗിച്ചിട്ടു മറുനാടു കടന്നാറെ, നഗരക്കാർ കലഹിച്ചു. കൈസരുടെ ബുദ്ധിഭ്രമം പരിഹസിച്ചുകൊണ്ടതു ഒഴികെ, രാത്രിയിൽ ഭൂകമ്പമുണ്ടായാൽ, കൈസറിച്ചി ഭയപരവശയായി പത്രിയർക്കാ മടങ്ങിവരേണം എന്നു കല്പിച്ചു. അവനും വന്നു, 2 മാസം പാർത്താറെ യൂദോക്സ്യ പിന്നെയും വൈരം ഭാവിച്ചു. അവൻ പള്ളിയിൽവെച്ചു സ്നാപകന്റെ കഥ പ്രസംഗിക്കുമ്പോഴം, ''ഹെരോദ്യ ഇപ്പോഴും നിശ്വസിക്കുന്നു. ഇപ്പോഴും തുള്ളുന്നു, ഇപ്പോഴും യോഹനാന്റെ തലയെ അന്വേഷിക്കുന്നു'' എന്ന കേട്ടാറെ രാജ്ഞി ഭർത്താവെ സ്വീകരിച്ചു യോഹനാനെ മറുനാടു കടത്തിക്കയും ചെയ്തു. (404) അവൻ എല്ലാവരെയും അനുഗ്രഹിച്ചപ്പോഴം ആസ്യയിൽ കാട്ടുപ്രദേശങ്ങളിൽ കൊണ്ടുപോകപ്പെട്ടു. യാത്രയിൽ മാനാപമാനങ്ങളെ വേണ്ടുവോളം അനുഭവിച്ചു ധൈര്യം വിടാതെ നഗരത്തിലെ സ്നേഹിതന്മാരെ നിത്യം ആശ്വസിപ്പിച്ചു. തനിക്കു താൻ ഛേദം വരുത്താതെ ഇരുന്നാൽ, ഒന്നും ഛേദമായ് വരിക ഇല്ല എന്നും ഞങ്ങം പഴയ നിയമക്കാരല്ല; അമ്പലം ദേവക്ഷേത്രം വേണ്ടുന്നതല്ല; എവിടെ ആയാലും ക്രിസ്തനിൽ ആയാൽ നീ തന്നെ യാജകനും ബലിപീഠവും ബലിയും ആകുന്നു എന്നും വിശ്വാസത്തിനുറപ്പു വരുത്തുന്നതു ദേവവചനം അത്രെ എന്നും കാണിച്ചു. നല്ല പ്രബന്ധങ്ങളെ തീർത്തു, പുറജാതികളിൽ സുവിശേഷം ഘോഷിപ്പാൻ ഇടവിടാതെ സഹാ

യിച്ച യോഗ്യസന്യാസികളെ മഠവും പർണ്ണശാലയും വിട്ട പ്രസംഗിപ്പാൻ ഉത്സാഹിച്ചും പോന്നു. യൂദോക്ഷ്യ മരിച്ചശേഷവും അവന്റെ ശത്രുക്കൾ ഇണങ്ങി ഇല്ല. രോമാദ്ധ്യക്ഷനായ ഇന്നോചെന്റ് അവന്റെ പക്ഷം നിന്നു സാഹിച്ചു. തെയോഫിലനോട് കൂറ് അറുത്തു. ഒരു സന്യാസിയും കൈസരെ ചെന്നു കണ്ടു. ഈ നഗരത്തിൽനിന്നു പരിശുദ്ധനെ നീക്കുകൊണ്ടു, ദേവകോപം ആവസിക്കുകേ ഉള്ളൂ'' എന്നു പറഞ്ഞു പടിഞ്ഞാറെ കൈസരും അവനുവേണ്ടി ചീട്ട്'' എഴുതുകയും ചെയ്തു. ഉടനെ അർക്കാദ്യൻ യോഹനാനെ അതിദൂരത്തിലേക്കു കടത്തുവാൻ കല്പിച്ചു. ചേകവർ അവനെ കൂട്ടിക്കൊണ്ടുപദ്രവിച്ചു നടത്തി, ഒരുരാൽ പൊന്തനാട്ടിൽ ഒരു പള്ളിയെ കണ്ടു, തളർച്ച നിമിത്തം അതിൽചെന്നു ആശ്വസിപ്പാൻ അപേക്ഷിച്ചപ്പോൾ അവർ അവനെ വലിച്ചുകൊണ്ടുപോയി, കുറെ നാഴിക അപ്പുറം പോയാറെ അത്യാസന്നമായി, അവനും രാഭോജനം വാങ്ങി പ്രാത്മിച്ചു. സകലത്തിനായും ദൈവത്തിനു വന്ദനം എന്നു ചൊല്ലി മരിക്കയും ചെയ്തു. അവന്റെ ശിഷ്യന്മാർ ചില കാലം സഭയോട് പിരിഞ്ഞു, (407)—സഫ. 14) യോഹനാന്യർ എന്ന പേരാൽ പ്രസിദ്ധരായി പാർത്തു. പിന്നെ അർക്കാദ്യൻ മരിച്ചാറെ സഭക്കാർ യോഹനാന്റെ എല്ലുകളെ ഘോഷത്തോടുംകൂടെ കൊംസ്തന്തീനപുരിയിലേക്കു വരുത്തി; പ്രധാന പള്ളിയിൽ സ്ഥാപിച്ചതിനാൽ, ആ ഇടച്ചൽ തീർന്നു (438) അവന്റെ അസ്ഥി തിരികെ വന്നതല്ലാതെ അവനു സമന്മാർ കിഴക്കെ സഭയിൽ പിന്നെ ആരും ഉദിച്ചതും ഇല്ലാ.''

ക്രിസ്തുസഭാചരിത്രം Pages. 125–127.

വിശുദ്ധ: അംബ്രോസ്

ക്രിസ്തീയ സഭയുടെ വലിയ പിതാക്കന്മാർ മിക്കവരും ബിഷപ്പന്മാർ ആയിരുന്നുവല്ലോ. ആദ്യകാലത്തു താണസ്ഥിതിയിൽമാത്രം ഇരുന്ന ബിഷപ്പുസ്ഥാനം ആശ്ചര്യകരമാംവണ്ണം ഉയർന്നു നാലാം ശതാബ്ദത്തിന്റെ ആരംഭത്തിൽ രോമാസാമ്രാജ്യത്തിന്റെ ദൃഷ്ടിയിൽതന്നെ ബിഷപ്പന്മാർ അധികാരത്തിലും ബഹുമാനത്തിലും അത്യുന്നതനിലയിൽ വർത്തിച്ചുപോന്നതായി കാണുന്നു. തന്നെ രോമയിലെ ബിഷപ്പാകുന്നപക്ഷം ക്രിസ്ത്യാനി ആയിക്കൊള്ളാമെന്നു ഉയർന്നനിലയിൽ ഇരുന്ന പുറജാതിയിൽപ്പെട്ട ഒരു സേനാനായകൻ ആ കാലത്തു പറയുകയുണ്ടായിട്ടുണ്ട്.

ബിഷപ്പുസ്ഥാനത്തിനു വന്ന ഈ വ്യത്യാസത്തോടുകൂടെ അവരുടെ ഉദ്യോഗകൃത്യങ്ങൾക്കും മാറ്റം ഉണ്ടായി. ഒരു ബിഷപ്പു പീഡിപ്പിക്കപ്പെട്ടന്നു ജനത്തിന്റെ ഒരു പാവപ്പെട്ട നായകൻ എന്ന നിലയിൽനിന്നു ഒരു വലിയ ഇടവകയുടെ, അതായതു, ചിലപ്പോൾ രോമാരാജ്യത്തിന്റെ ഒരു പ്രോവിൻസിനോളം വലിപ്പമുള്ള ഒരു ഇടവകയുടെ ഒരു ശക്തനായ ഭരണകർത്താവായിത്തീർന്നു. പ്രസംഗിക്കുകയും ഒറ്റ ഒറ്റ ആത്മാക്കളെപ്പറ്റി അന്വേഷണം ചെയ്കയും ചെയ്യുന്ന ഏർപ്പാടുപോയിട്ടു വലിയ ജനസംഘത്തെ രേഖയും സഭയെ ഒരു സമൂഹം എന്ന നിലയിൽ പാലിക്കയും ചെയ്യുന്നതാണു ബിഷപ്പിന്റെ കൃത്യം എന്നു വന്നുകൂടി. ബിഷപ്പുസ്ഥാനത്തിന്റെ ഈ ഉന്നതികൊണ്ടു ആ കാലത്തെ സഭയ്ക്കു ലോകപ്രകാരമുള്ള ഉന്നതിയുടെ തോതും ഗ്രഹിക്കാം.

ഇതിനാൽ അപ്പൊസ്തലകാലത്തുണ്ടായിരുന്ന സഭയുടെ ശുദ്ധി വളരെ നഷ്ടപ്പെട്ടുപോയി. ലോകവും ലോകസമ്പ്രദായവും സഭയിൽകൊണ്ടുവരപ്പെട്ടു. തന്നിമിത്തം, സീയോന്റെ ഗോപുരങ്ങളിൽ കാവൽക്കാരായി നില്പാൻ വിളിക്കപ്പെട്ടവരുടെ വഴികളിൽ വളരെ പരീക്ഷകളും വന്നുകൂടി

എങ്കിലും പരീക്ഷകളുടെ മദ്ധ്യേ നിഷ്പക്ഷകളങ്കരായി നിൽക്കയും ലോകമയ മാരുടേയും തദ്വിവിധമായ ചുറുപാടുകളുടെയും ഇടയിൽ ദൈവരാജ്യ വിസരണത്തിക്കും കർത്തനാമ മഹിമസ്തുമായി സ്വന്ത ജീവനേപ്പോലുമുപേക്ഷിച്ചു അപ്പൊസ്തലികശക്തിയിലും ആത്മാവിലും ശോഭിക്കയും ചെയ്തിട്ടുള്ള ബിഷപ്പന്മാരെ അഥവാ അദ്ധ്യക്ഷന്മാരെ നാം കാണുന്നതു സന്തോഷകരമാണു്.

മിലാനിലെ ആർച്ചുബിഷപ്പായിരുന്ന വിശുദ്ധ അംബ്രോസ് ഇവരിൽ പ്രഥമഗണനീയനത്രെ. ഒരു സാധാരണ മനുഷ്യനും ക്രിസ്ത്യാനിയും എന്ന നിലയിൽ, ഒരു വൈദികനും പ്രാസംഗികനും എന്ന നിലയിൽ, സഭയുടെ ഭരണകർത്താവും നായകനും എന്ന നിലയിൽ അദ്ദേഹം വലിയവനായി തീർന്നു. എല്ലാറ്റിനും മേലായി നീതിയുടെയും സത്യത്തിന്റെയും നിർഭയനായ യോദ്ധാവെന്ന നിലയിൽ അംബ്രോസു് അതിമഹാനായിരുന്നു.

ശൈശവവും യൗവ്വനവും

റോമയിലെ ഒരു വലിയ കുടുംബത്തിന്റെ അംഗമായിരുന്ന അംബ്രോസു്. അനേക തലമുറകളായി ഈ കുടുംബം റോമ രാജ്യത്തിൽ ഉയർന്ന ഉദ്യോഗങ്ങളും വഹിച്ചു വന്നിരുന്നു. ഈ സ്ഥിതിക്കു ശൈശവത്തിൽ തന്നെ മഹിമയും ധനവും ബഹുമാനവും അധികാരവും അംബ്രോസിനെ ചുറ്റിയിരുന്നുവെന്നു പറയണമെന്നില്ലല്ലോ. അയാളുടെ പിതാവു ഗാലിയായുടെ ഗവർണ്ണർ ജനറൽ ആയിരുന്നു. ഗോൗ, ഇംഗ്ലണ്ടു്, സ്കോട്ലണ്ടു്, വെയിൽസു്, ആഫ്രിക്കാ എന്നിവ ഉൾപ്പെട്ടതായ ഈ പ്രോവിൻസു് റോമാസാമ്രാജ്യത്തിന്റെ ഏകദേശം മൂന്നിലൊന്നു് ഉണ്ടായിരുന്നു. ഈ പ്രോവിൻസിന്റെ തലസ്ഥാനത്തുവച്ചു ക്രൈസ്തവം 340—ൽ അംബ്രോസു് ജ്ഞാതനായി.

ഈ ഗവർണറിന്റെ ശ്രേഷ്ഠ കുടുംബം ക്രിസ്തുസഭയിൽ ചേർന്നിട്ടു് ഏകദേശം നൂറു കൊല്ലമായി. ഗവർണ്ണറിന്റെയും കുടുംബാംഗങ്ങളുടെയും ഗൃഹജീവിതത്തെപ്പറ്റി നമുക്കു ലഭിച്ചിട്ടുള്ള അറിവുകൊണ്ടു നോക്കുമ്പോൾ നല്ലതും ശ്രേഷ്കാന്തിയുള്ളതുമായ ഒരു ക്രിസ്തീയ ആത്മാവു് ഈ കുടുംബത്തെ ഭരിച്ചിരുന്നു എന്നു തീരുമാനിക്കാം. അതുകൊണ്ടു് അംബ്രോസു് ചെറുപ്പത്തിലെ ക്രിസ്തീയാത്മാവിൽ വളർത്തപ്പെട്ടു.

അംബ്രോസിനു പത്തു വയസ്സായപ്പോൾ പിതാവു മരിച്ചു പോയി. മാതാവു് പുത്രനോടും പുത്രിയോടുംകൂടെ റോമയിൽപോയി താമസിച്ചു. അംബ്രോസിന്റെ ജേഷ്ഠസഹോദരി മാഴ്സലിനാ കർത്തൃശുശ്രൂഷയിൽ സമയം മുഴുവനും ചിലവു ചെയ്യേണ്ടതിനു വിവാഹംകൂടാതെ ജീവിച്ചു. മാതാവും സഹോദരിയുംകൂടി അംബ്രോസിനെ വളരെ സ്നേഹത്തോടും സൂക്ഷ്മതയോടുംകൂടി വളർത്തി. വലിയ പ്രലോഭനങ്ങളിൽകൂടിയും നിർമ്മലമായി കടന്നു പോകുവാൻ കഴിയുന്നതാണെന്നുള്ളതിനു് അംബ്രോസിന്റെ ജീവിതകഥ ഒരു തെളിവാണു്. വേറൊരു സഭാ പിതാവായിരുന്ന ആഗസ്തീനോസിന്റെ യൗവനത്തെ വഷളാക്കിയ എല്ലാ അശുദ്ധിയിൽ നിന്നും അംബ്രോസു് സൂക്ഷിക്കപ്പെട്ടു. ഈ മാന്യ യുവാവു റോമയിൽ വിദ്യാഭ്യാസം ചെയ്തു. തന്റെ പിതാവിന്റെ ഉദ്യോഗം ലഭിക്കണം എന്നുള്ള ആശയോടുകൂടി നിയമവും അലങ്കാരശാസ്ത്രവും അയാൾ അഭ്യസിച്ചു. വിദ്യാഭ്യാസത്തിൽ അതിയായി ശോഭിക്കയും അസാധാരണ ബുദ്ധിശക്തിയുള്ളവനായി കാണപ്പെടുകയും ചെയ്തുകയാൽ അംബ്രോസു് ചെറുപ്പത്തിലെ പഠിത്തം അവസാനിപ്പിച്ചു് ഗവർമ്മെൻറുദ്യോഗത്തിൽ പ്രവേശിച്ചു. തന്റെ മഹത്തായ ബുദ്ധി വൈഭവംകൊണ്ടും കൃത്യനിഷ്ഠ, വിശ്വസ്തത എന്നിവയാലും അയാൾ

മേലധികാരികളുടെ ശ്രദ്ധയെ ആകർഷിച്ചു. ശീഘ്രത്തിൽ ഉദ്യോഗക്കയറ്റം കിട്ടി. എങ്ങനെയെന്നാൽ ഇറ്റലിയിലെ ഗവർണ്ണർ ജനറലായിരുന്ന പ്രോബസ് മിലാനിലെ ഗവർണ്ണർക്കു വയസ്സും ക്ഷീണവുമായിരുന്നതിനാൽ അദ്ദേഹത്തിന്റെ സഹായകനായി അമ്പ്രോസിനെ മിലാനിലേക്കു് അയച്ചു. ഗവർണ്ണർ താമസിയാതെ മരിക്കയും അംബ്രോസു് ആ സ്ഥാനത്തു പ്രവേശിക്കയും ചെയ്തു. ഗവർണ്ണർ ഉദ്യോഗം കിട്ടിയതിന്റെ ശേഷം, തന്റെ മേലാവായ ഗവർണ്ണർ ജനറലിനെ കാണ്മാൻ ചെന്നപ്പോഴും ''നിങ്ങളും പോയി ഒരു ന്യായാധിപതി എന്ന നിലയിലല്ല, ഒരു ബിഷപ്പു് എന്ന നിലയിൽ ജനത്തെ ഭരിക്കണം എന്നു പറഞ്ഞാണു് ഗവർണ്ണർ ജനറൽ അംബ്രോസിനെ യാത്ര അയച്ചതു്.

അംബ്രോസിനു് ഈ സമയം 34 വയസ്സു് പ്രായമായിരുന്നു. അയാൾ എപ്പിവോട്ടം ശ്രേഷ്കാന്തിയോടുംകൂടി ഉദ്യോഗത്തിൽ പ്രവേശിച്ചു. അയാളുടെ പ്രോവിൻസിലെ പല വഴ്ക്കാരായ ജനങ്ങളും കൂടെക്കൂടെ ലഹളയുണ്ടാക്കുന്നവരായിരുന്നു. എന്നാൽ യുവാവായ ഗവർണ്ണരുടെ ഭരണഗുണംകൊണ്ടു് എല്ലാവരും സമാധാനമായിത്തന്നെ ജീവിച്ചു. തന്റെ നീതികൊണ്ടും കരുണകൊണ്ടും ധനവാന്മാരോടും ദരിദ്രന്മാരോടും ഉയർന്നവരോടും താണവരോടും പ്രദർശിപ്പിച്ച സമഭാവനകൊണ്ടും എല്ലാ ജനങ്ങളും അംബ്രോസിനെ സ്നേഹിച്ചു. അയാളുടെ ഉദ്യോഗകാലത്തു വലിയ സംഭവങ്ങളൊന്നും ഉണ്ടായിട്ടില്ല. ഈ മഹാൻ ബിഷപ്പായി തീർന്നില്ലായിരുന്നുവെങ്കിൽ അയാൾക്കു് ഇതിലും വലുതായ ഉദ്യോഗം ലഭിക്കുകയും അയാളുടെ പേർ രാജ്യചരിത്രത്തിൽ ഒരു സ്ഥാനം പിടിക്കുകയും ചെയ്യുമായിരുന്നു.

ബിഷപ്പു സ്ഥാനത്തേക്കുള്ള തിരഞ്ഞെടുപ്പു്

ആ കാലത്തു ത്രിത്വം കത്തവായ യേശുക്രിസ്തുവിന്റെ ദൈവത്വം എന്നീ വിഷയങ്ങളെപ്പറ്റി ഉണ്ടായ തർക്കം നിമിത്തം ക്രിസ്തുസഭ വളരെ ഉലഞ്ഞിരുന്നു. കിഴക്കൻ സഭകളിൽനിന്നു പടിഞ്ഞാറോട്ടു് ഈ തർക്കപ്രവാഹം ഒഴുകി. ഓരോഭോഗത്തെ നായകന്മാരായ അറിയൂസു്, അത്താനാസ്യോസു് എന്നിവർ മരിച്ചശേഷവും ഈ സമരം തുടർന്നുകൊണ്ടിരുന്നു. രണ്ടു കക്ഷികളെയും യോജിപ്പിപ്പാനായി Semi-Arians = അരീയാർദ്ധമതക്കാർ എന്നു മൂന്നാമതൊരു കൂട്ടർ ഉണ്ടായി. ഈ കൂട്ടർ ക്രൈസ്തവം 359—ൽ ഇറ്റലിയിൽകൂടിയ റിമ്നി സൂനഹദോസിന്റെ വിശ്വാസപ്രമാണത്തെ അംഗീകരിച്ചു. ധാരാളം ബിഷപ്പന്മാരും സഭയിലെ പ്രധാനികളും ഈ കക്ഷിയിൽ ചേന്നു് അരിയാർദ്ധമതം ഉറപ്പിച്ചു. ഇതിന്റെ പ്രധാന നായകൻ മിലാനിലെ ബിഷപ്പായ ഓക്സൻഷിയസ്സായിരുന്നു. അയാളും പ്രാപ്തനും ഉത്തമനും എല്ലാ വകുപ്പുകാരുടെയും ഇടയിൽ സമ്മതനുമായിരുന്നതിനാൽ എല്ലാ കക്ഷികളെയും യോജിപ്പിച്ചു സമാധാനത്തിൽ സൂക്ഷിപ്പാൻ അയാൾക്കു കഴിഞ്ഞു.

ഈ ബിഷപ്പു മരിച്ചു. പിന്നെയും തർക്കം ഇളകി. ബിഷപ്പു സ്ഥാനത്തേക്കു് അവരവരുടെ കക്ഷിയിൽ പെട്ടവരെ തിരഞ്ഞെടുക്കുന്നതിനു പോരാടി. തിരഞ്ഞെടുപ്പു ദിവസം പള്ളി ഭിന്നകക്ഷികളെക്കൊണ്ടു നിറഞ്ഞു. വാഗ്വാദങ്ങളുടെ മട്ടൊന്നു മാറി. വലിയ കലാപവും രക്തച്ചൊരിച്ചിലും ഏതു നിമിഷമെങ്കിലും ഉണ്ടാകുമെന്നുള്ള ദിക്കായി. ഗവർണ്ണർ ഈ വിവരമറിഞ്ഞു തന്റെ അംഗരക്ഷകന്മാരോടുകൂടി പള്ളിയിൽ എത്തി. അദ്ദേഹം പള്ളി മദ്ബഹായിൽനിന്നുകൊണ്ടു ജനത്തോടു ക്രിസ്തീയമായ ക്ഷമയും സ്നേഹവും ശാന്തതയും ക്രമവും പാലിക്കണമെന്നു ശ്രേഷ്കാന്തിയോടു പ്രസംഗിച്ചു. പ്രസംഗത്തിന്റെ പിന്നാലെയുണ്ടായ മൗനത്തിനിടയിൽ ഒരു ബാലൻ

''അംബ്രോസ് തന്നെ അദ്ധ്യക്ഷൻ, അംബ്രോസ് തന്നെ അദ്ധ്യക്ഷൻ'' എന്നു വിളിച്ചു പറകയാൽ, ഇതു് ഒരു ദൈവികശബ്ദമായി വിചാരിച്ചു കക്ഷിഭേദം കൂടാതെ അംബ്രോസ് തന്നെ അദ്ധ്യക്ഷൻ എന്നു് എല്ലാവരും ആർത്തുവിളിച്ചു.

ഗവർണ്ണർ ഭയവും വിസ്മയവുംകൊണ്ടു നിറഞ്ഞു. താൻ അതുവരെയും സ്നാനപ്പെട്ടിട്ടില്ല. അങ്ങനെയിരിക്കെ താൻ ഈ വലിയ സ്ഥാനത്തേക്കു് എങ്ങനെ ഉയർത്തപ്പെടും? ഈ സ്ഥാനത്തിനു തനിക്കു യോഗ്യത ഇല്ലെന്നു് അദ്ദേഹം പബ്ലിക്കിൽ പ്രസ്താവിച്ചു. എന്നാൽ അതുകൊണ്ടു ഫലമുണ്ടായില്ല. ബിഷപ്പാകുന്നതിനു് അദ്ദേഹത്തെ അവർ നിർബന്ധിച്ചു. തങ്ങൾക്കു് മറ്റാരേയും വേണ്ടാത്തതിനാൽ ഇതിലേക്കു് അംബ്രോസിനു സമ്മതം വരുത്തണമെന്നു ചക്രവർത്തിയോടു് അവർ അപേക്ഷിച്ചു. ഈ വിധമുള്ള ഒരു വിളിയെ നിഷേധിപ്പാൻ നിവൃത്തിയില്ലല്ലോ. അംബ്രോസ് മിലാനിലെ അദ്ധ്യക്ഷസ്ഥാനം സ്വീകരിച്ചു. ഈ അദ്ധ്യക്ഷന്റെ ജീവചരിത്രം പാരായണം ചെയ്യുന്നതായാൽ, കുറഞ്ഞപക്ഷം, ഈ പ്രാവശ്യമെങ്കിലും ''ജനത്തിന്റെ ശബ്ദം ദൈവശബ്ദ''മെന്നു തീരുമാനിക്കേണ്ടിയിരിക്കുന്നു.

അംബ്രോസ് ഒരു ക്രൈസ്തവ കുടുംബത്തിൽ ജനിച്ചു വളർന്നവനാണെങ്കിലും സ്നാനപ്പെട്ടവനല്ലായിരുന്നുവെന്നു മേൽ കാണിച്ചിട്ടുണ്ടല്ലോ. ആ കാലത്തു ശിശുസ്നാനം സഭയിൽ സ്ഥിരനടപടിയല്ലായിരുന്നു എന്നുള്ളതിനു് ഇതു് ഒരു ബലപ്പെട്ട തെളിവാണു്. ചിലർ പറയുന്ന ശിശുമാമോദീസായുടെ ഒഴിച്ചുകൂടാത്ത ആവശ്യത്തെ ഇതു തകർത്തു കളയുന്നു.

അദ്ധ്യക്ഷതയ്ക്കുള്ള ഒരുക്കം

സഭയുടെ വിളിയെ അംബ്രോസ് സ്വീകരിച്ച ഉടൻ ആ സ്ഥാനത്തിനടുത്ത കൃത്യങ്ങളുടെ നിർവ്വഹണത്തിനായി തന്നെത്തന്നെ ഒരുക്കുവാൻ തുടങ്ങി. ആദ്യമായി ചെയ്തതു് മാമോദീസാ മുഴുകുകയായിരുന്നു. അതിനു വേണ്ടി ഗവർണ്ണർ ഉദ്യോഗം രാജി വയ്ക്കുകയും നാട്ടിൻപുറത്തുള്ള ഒരു വീട്ടിൽ ഏകനായി ഇരുന്നു് ഉപവാസത്തിലും പ്രാർത്ഥനയിലും ഏർപ്പെടുകയും ചെയ്തശേഷം ആ വിശുദ്ധ കർമ്മത്തിനു്, അദ്ദേഹം കീഴ്പെട്ടു.

രണ്ടാമതായി ചെയ്തതു്, തനിക്കുള്ള സമ്പാദ്യം എല്ലാം ഉപേക്ഷിക്കുകയായിരുന്നു. മഹാ ധനികനായിരുന്ന അദ്ദേഹം തന്റെ വെള്ളിയും പൊന്നും സാധുക്കൾക്കു വിതരണം ചെയ്വാൻ സഭയെ ഏല്പിച്ചു. തന്റെ തോട്ടങ്ങളും അവിവാഹസ്ഥയായ തന്റെ സഹോദരി, അവളുടെ ക്ഷേമത്തിനുള്ള സ്ഥാപനത്തിനുവേണ്ടി ഉപയോഗിപ്പാൻ, അനുവദിച്ചു. അതിന്റെ ഭരണം തന്റെ സഹോദരനിൽ സമർപ്പിച്ചു. ഏവംവിധം, അദ്ദേഹം ഭൂമിയിലുള്ള തന്റെ സ്വത്തുക്കളോടു യാത്ര പറഞ്ഞു. ധനലോലുപന്മാരായ സഭാശുശ്രൂഷകന്മാർക്കു് അംബ്രോസ് ഈ വിഷയത്തിൽ അനുകരണീയമായ ആദർശമാകുന്നു.

അനന്തരം അംബ്രോസ് റോമയിൽ സിബ്ലിക്യൻ എന്ന ശുശ്രൂഷകനു്, അന്യാദൃശമായ ഉപദേശസാമർത്ഥ്യമുണ്ടെന്നു കേട്ടു് അദ്ദേഹത്തെ തന്റെ അടുക്കൽ വിളിച്ചു വരുത്തി അദ്ദേഹത്തിൽനിന്നു ക്രൈസ്തവോപദേശങ്ങളും പഠിച്ചു. സിബ്ലിക്യനിൽ ശോഭിച്ചിരുന്ന ദൈവസ്നേഹവും, ഉപദേശനിശ്ചയവും അംബ്രോസിൽ പകർന്നതിനോടുകൂടി അദ്ദേഹം ഒരു വലിയ ഉപദേഷ്ടാവായിത്തീർന്നു. തദനന്തരം ഗോത്സ് എന്ന ജാതികളാക്കിക്കൊണ്ടുപോയ വിശ്വാസികളെ വീണ്ടെടുപ്പാൻ പള്ളിയിലെ പണവും, പൊൻപാത്രങ്ങളും കൊടുത്തു് അവരെ സ്വതന്ത്രരാക്കിയതുകൂടാതെ കൈസരുടെ വൻകാര്യങ്ങളിലും സാധുക്കളുടെ സങ്കടങ്ങളിലും അദ്ദേഹം സമ

ഭാവനയോടുകൂടി പ്രവേശിച്ചു പരിഹാരമുണ്ടാക്കി. ഘനശാലിയായിരുന്നു എങ്കിലും അദ്ദേഹം പാപികളെക്കുറിച്ചു സഹതാപം കാണിച്ചു. വല്ലവരും തെറ്റിപ്പോയെന്നു കേൾക്കുമ്പോൾ താൻ നീതിമാൻ എന്നു ഭാവിക്കാതെ ''അയ്യോ! താമാർ എന്നെക്കാൾ നീതിയുള്ളവൾ'' എന്നദ്ദേഹം തന്നെപ്പറ്റി പറക പതിവായിരുന്നു.

വലന്തീന്യൻ ചക്രവർത്തിയും അദ്ദേഹത്തിന്റെ പുത്രനായ ഗ്രാത്ത്യനും അംബ്രോസിന്റെ ഉപദേശത്തെ ശ്രദ്ധയോടും അനുസരണത്തോടുംകൂടി കേട്ടുവന്നു. ഗ്രാത്ത്യൻ ശത്രുക്കളാൽ കൊല്ലപ്പെട്ടപ്പോൾ അദ്ദേഹത്തിന്റെ ഏകവിലാപം അംബ്രോസിനെ കാണാൻ കഴിഞ്ഞില്ലല്ലോ എന്നുള്ളതായിരുന്നു. പിന്നീടു വാണ ബാലകനായ കൈസർ അറിയോസുകാരിയായ അമ്മയുടെ സ്വാധീനതയാൽ അംബ്രോസിനെ പള്ളിയിൽനിന്നു പുറത്താക്കുവാൻ ശ്രമിച്ചു. അറിയൂസുകാരും അദ്ദേഹവും ഒന്നു ചേർന്നു കൊട്ടാരത്തിൽവച്ചു് ഒരു വാദം നടത്തണമെന്നു് ഈ രാജ്ഞി പറഞ്ഞപ്പോൾ ''വേദസംബന്ധമായ തർക്കങ്ങൾക്കു സമാധാനം പറയുന്നതു് കൈസരോ ജനങ്ങളോ അല്ല. ഞങ്ങളുടെ ഉപദേശം കേൾക്കണമെന്നുണ്ടെങ്കിൽ കൈസർ പള്ളിയിൽ വന്നു കേൾക്കട്ടെ. രാജ്ഞിക്കു് അറിയൂസുകാരുടെ ഉപദേശം കേൾപ്പാനാണു് താല്പര്യമെങ്കിൽ അവരെ കോവിലകത്തു വരുത്തി കേൾക്കട്ടെ. ഞാൻ പള്ളി വിട്ടു തരുവാൻ പള്ളി എന്റെ സ്വന്തമല്ല. ഹേമിക്കുമ്പോൾ മാത്രം ഞാൻ ന്യായമായ അവകാശത്തെ ഉപേക്ഷിച്ചാൽ മതിയല്ലൊ. ആയുധക്കാർ വരുന്നപക്ഷം കണ്ണുനീർ മാത്രമെ എനിക്കായുധമായിട്ടുള്ളു.'' എന്നു പറഞ്ഞുകൊണ്ടു് അംബ്രോസ്സു് ധൈര്യത്തോടു നിൽക്കയും ജനങ്ങളെ കൂട്ടി രാപകൽ പ്രാർത്ഥനയിൽ സമയം കഴിക്കയും ചെയ്കയാൽ ശത്രുക്കൾക്കു് അദ്ദേഹത്തോടു് ഒന്നും ചെയ്വാൻ കഴിഞ്ഞില്ല.

അറിയൂസുകാർ വേറൊരു പള്ളിയെ ആക്രമിച്ചപ്പോൾ വലിയ ബഹളം ഉണ്ടായി. അപ്പോൾ അംബ്രോസ്സു് ''നിങ്ങൾക്കു രക്തം ചൊരിയണമെന്നാണു് ഉദ്ദേശമെങ്കിൽ എന്റെ രക്തം ചൊരിഞ്ഞുകൊൾവിൻ'' എന്നു കണ്ണുനീർ തൂകി പറഞ്ഞപ്പോൾ ലഹളക്കാർ ലജ്ജിച്ചു പിൻവാങ്ങി. ''നീ കൈസർ ആകുവാൻ തുടങ്ങുകയാണോ?'' എന്നു ചക്രവർത്തി ചോദിച്ചതിനു് ''അതേ, എനിക്കു രാജത്വമുണ്ടു്, 'എന്നെ ശക്തനാക്കുന്നവനിൽ ഞാൻ സകലത്തിനും മതിയാകുന്നു' എന്നാണല്ലോ വേദവചനം'' എന്നു് ഈ ദൈവഭൃത്യൻ മറുപടി പറഞ്ഞു. കഷ്ടപൂർണ്ണമായ ആ കാലത്തു് ക്രിസ്തുവിന്റെ ദൈവത്വത്തെ വർണ്ണിക്കുന്ന അസംഖ്യം പാട്ടുകൾ അദ്ദേഹം ഉണ്ടാക്കി ജനങ്ങളെ ഓരോ കൂട്ടങ്ങളായി പകുത്തു് അവരെക്കൊണ്ടു പാടിച്ചു രാത്രി കഴിച്ചു. വിശ്വാസികൾക്കു് ഈ പാട്ടുകളാൽ വളരെ ഉറപ്പുണ്ടായി എന്നു മാത്രമല്ല, രാജ്ഞിയുടെ കല്പനയാൽ പള്ളിയെ വളഞ്ഞു നിൽക്കുന്ന ശത്രുക്കളായ പട്ടാളക്കാർ തന്നെയും മനസ്സലിഞ്ഞു് ഈ പാട്ടുകൾ പാടിപ്പോയി. മിലാനിലെ ഈ പള്ളിയിൽ നിത്യം ഉറക്കിളച്ചു പ്രാർത്ഥിക്കുന്നവരിൽ ഒരുവളായിരുന്നവർ. ആഗസ്തീനോസിന്റെ മാതാവായ മോണിക്കാ. ഈ സ്ത്രീരത്നം അംബ്രോസിന്റെ ഉപദേശം കേട്ടും സ്വന്തപുത്രനും സഭയ്ക്കുംവേണ്ടി ദൈവത്തോടു യാചിച്ചും ദിവസങ്ങൾ കഴിച്ചു. തദവസരം റോമയിൽനിന്നു മിലാനിൽ വന്നെത്തിയ അവിശ്വാസിയായ ആഗസ്തീനോസും ഞായറാഴ്ചതോറും അംബ്രോസിന്റെ പ്രസംഗം കേൾപ്പാൻ വരികയാൽ യേശുവിൽ വിശ്വസിച്ചു, സ്വന്തമകനോടും ഏതാനും സ്നേഹിതന്മാരോടുംകൂടി അംബ്രോസിന്റെ കയ്യാൽ സ്നാനപ്പെടുകയും അദ്ദേഹത്തിന്റെ സ്തുതിഗാനങ്ങളിൽ മനസ്സലയിച്ചു, കണ്ണുനീരൊഴുക്കി, ലോകത്തെ വെറുത്തു, തന്നെ ദൈവത്തിനു പ്രതിഷ്ഠിക്കയും ചെയ്തു.

കിഴക്കൻ രാജ്യങ്ങളുടെ അധിപനായ തിയോഡോഷ്യസ് ചക്രവർത്തി ഇറലിയിൽ വന്ന് അറിയുസുകാരെ അടക്കിയപ്പോൾ അംബ്രോസിനെ വിശേഷിപ്പിച്ചു ബഹുമാനിക്കയുണ്ടായി. ഇങ്ങനെയിരിക്കെ തെസ്സലോനീക്യയിൽ ഉണ്ടായ ഒരു രാഷ്ട്രീയ വിപ്ലവത്തെ അമർത്തുവാൻ പോയപ്പോൾ കൈസർ തന്റെ പട്ടാളക്കാരോട് ''പട്ടണം പിടിച്ചാൽ ആരേയും ജീവനോടെ ശേഷിപ്പിക്കരുത്'' എന്നു കല്പിച്ചിരുന്നതിനാൽ അസംഖ്യം നിർദ്ദോഷികളും വധിക്കപ്പെട്ടുന്നതിനിടയായി. ഈ അപരാധത്തെക്കുറിച്ചു തെല്ലും വിചാരമില്ലാതെ ചക്രവർത്തി വിജയസന്തുഷ്ടനായി മിലാനിലേക്കു വരുമ്പോൾ അംബ്രോസ് അദ്ദേഹത്തിന്റെ പേർക്ക് ഇപ്രകാരം എഴുതി. ''അനുതാപമില്ലാതെ പാപപരിശാന്തിയുണ്ടാകയില്ലെന്നുള്ള സത്യം ദാവീദിന്റെ ചരിത്രത്തിൽനിന്നു് അവിടുത്തേക്കറിയാമല്ലൊ. ഇനിയും തിരുവത്താഴത്തിൽ ചേർന്ന പാപത്തോടു പാപം ചേർക്കരുതേ, അയോഗ്യൻ രാത്രി ഭക്ഷണത്തിനു സംബന്ധിച്ചാൽ ശിക്ഷയുണ്ടാകുന്നതു കൊണ്ടു നിങ്ങളെ ഞാൻ അതിൽ സംബന്ധിപ്പിക്കയില്ല.'' ഈ എഴുത്തു വായിച്ചപ്പോൾ കൈസർ കരഞ്ഞു. രാജചിഹ്നങ്ങളെല്ലാം എറിഞ്ഞു കളഞ്ഞു് പള്ളിവാതുക്കൽ നിന്നു കൊണ്ടു് എല്ലാവരും കേൾക്കെ ക്ഷമ ചോദിച്ചു. മുപ്പതു ദിവസം കഴിഞ്ഞശേഷമേ മരണവിധികളുടെ ഒപ്പു വയ്ക്കാവു എന്നു് അബ്രോസു്, രാജാവിനു് ഒരു വ്യവസ്ഥ വച്ചു. തദനുസരണം, തന്റെ പാപങ്ങളെ ഓർത്തു സങ്കടപ്പെട്ടു് അദ്ധ്യക്ഷൻ നിശ്ചയിച്ച അനുതാപദിവസങ്ങളുടെ ശേഷം സഭയോടു ചേർന്നു.

ഈ സംഭവത്തെക്കുറിച്ചു ഗ്രണ്ടർട്ടു് എന്ന സഭാചരിത്രകാരൻ ഇങ്ങനെ പറയുന്നു: ''ഇപ്പോഴത്തെ സകേളിൽ അംബ്രോസിനെപ്പോലെയുള്ള അദ്ധ്യക്ഷന്മാർ ഉണ്ടാകുന്നതായാൽ തിയോഡോഷ്യസിനെപ്പോലെ അനുസരണമുള്ള സഭാംഗങ്ങളും ധാരാളം ഉണ്ടാകും.''

അംബ്രോഷ്യസു് മതസംബന്ധമായി വളരെ പുസ്തകങ്ങളും എഴുതി. മിലാൻ പള്ളിയിൽ ഉപയോഗിക്കുന്നതിനു് ഒരു തക്സാ എഴുതി ഉണ്ടാക്കി. റോമാക്കാർ അതിനെ വഷളാക്കാതെയിരുന്നുവെങ്കിൽ അബ്രോസിന്റെ ഈ കൃതി ഇപ്പോഴുള്ളതിൽ ഏറ്റവും പുരാതനവും അംഗീകാര്യവുമായ തക്സാ എന്ന ഗണനയ്ക്കു് അർഹമാകുമായിരുന്നു.

അംബ്രോസിന്റെ മരണം ക്രൈസ്തവം 397—ഏപ്രിൽ മാസത്തിൽ ആയിരുന്നു. അദ്ദേഹത്തെ, മിലാനിലെ അംബ്രോഷ്യസു് പള്ളിയിലുള്ള ത്രോണോസിന്റെ കീഴിൽ രക്തസാക്ഷികളായ പ്രോട്ടേഷ്യസ്സിന്റെയും ഗെർവ്വേഷ്യസ്സിന്റെയും മദ്ധ്യേ സംസ്കരിച്ചു. ബഹുധാ, അനുകരണീയനായ ഈ അദ്ധ്യക്ഷൻ, മണലാരണ്യത്തിലുള്ള വിളഭൂമിപോലെ, ഉപദേശവൈകല്യംകൊണ്ടും, മൂഢാചാരംകൊണ്ടും ദുഷിച്ച നാലാം നൂറ്റാണ്ടിലെ സഭയിൽ നിരന്തര ശോഭയോടു പ്രകാശിച്ചുകൊണ്ടിരുന്നു.

ബേത്ളഹേംകാരനായ വിശുദ്ധ ജെറോം

നാലാം നൂറ്റാണ്ടിൽ, ക്രൈസ്തവസഭ, തർക്കങ്ങളുടെയും ശണ്ഠകളുടെയും വിളനിലമായിരുന്നു. ദൈവവിചാരവും ജീവിത വിശുദ്ധിയും പ്രപഞ്ചത്തിരസ്സുള്ളിൽ മറഞ്ഞു. സന്മാർഗ്ഗപരിപാലനത്തിൽ തല്പരന്മാരായിരുന്നവർ വനങ്ങളിൽ പോയി തപോനിഷ്ഠയിൽ കാലം കഴിച്ചു. ഈ തപോധനന്മാരുടെ കൂട്ടത്തിൽ ഒരുവനായിരുന്ന വിശുദ്ധ ജെറോം അഥവാ ഇറാനിയ മ്മോസു്.

ഈ മഹാന്റെ ജനനം ക്രൈസ്തവം 331—ആയിരുന്നു. സ്ട്രൈഡൺ എന്ന സ്ഥലത്തായിരുന്നു ഇദ്ദേഹം ജനിച്ചതു്. മാതാപിതാക്കന്മാർ ക്രിസ്ത്യാ

നികളായിരുന്നു. ഇരുപതാമത്തെ വയസ്സിൽ ധനാഢ്യനായ ഈ യുവാവു റോമസ്സു പോയി ഗ്രീക്കു, ലത്തീൻ എന്നീ ഭാഷകളും ശാസ്ത്രങ്ങളും അഭ്യസിച്ച പണ്ഡിതനായിത്തീർന്നു. സന്മാർഗ്ഗിയും വിദ്യാലോലുപനുമായിരുന്നെങ്കിലും, റോമയിലെ ആഡംബരജീവിതം ഇദ്ദേഹത്തെ ആകർഷിക്കാതിരുന്നില്ല. ദൈവകൃപയാൽ ഈ രാഹുഗ്രാസത്തിൽനിന്നും വിമുക്തനായ ശേഷം 39—ാം വയസ്സിൽ (എ. ഡി. 370) ക്രിസ്തുമതത്തിലെ പ്രഥമ കർമ്മമായ വിശ്വാസസ്നാനം സ്വീകരിച്ചു. അനന്തരം ചരിത്രപ്രസിദ്ധമായ റോമയിലെ ശ്മശാനവസതി (Roman Catacombs) പരിശോധിച്ചു. പല പ്രാചീന രേഖകളും സമ്പാദിക്കുകയും, പാരായണാർത്ഥം, താൻ പോകുന്ന സ്ഥലങ്ങളിലെല്ലാം അവയെ ഭാണ്ഡത്തിലാക്കിക്കൊണ്ടു നടക്കുകയും ചെയ്തു.

റോമയിൽനിന്നു് അദ്ദേഹം ഫ്രാൻസിലേക്കു പോയി. അവിടെയുള്ള ഭക്തന്മാരുമായി സഹവസിച്ചു വിദ്യയിലും ജീവിതത്തിലും ഉൽക്കർഷം പ്രാപിച്ചു. അവിടെനിന്നും ഇറാലിയിൽ എത്തി മൂന്നു വർഷം കഴിച്ചശേഷം അന്ത്യോക്യയ്ക്കു പോയി അവിടെ ചെന്നയുടൻ അവനു് ഒരു വലിയ രോഗം ഉണ്ടായി. അതിൽനിന്നു സുഖപ്പെട്ടശേഷം വിഷയവിരക്തി വർദ്ധിച്ചതിനാൽ കഠിന തപസ്സു് അനുഷ്ഠിച്ചു. പഴയനിയമം ശരിയായി പാരായണം ചെയ്യുന്നതിനുവേണ്ടി എബ്രായ ഭാഷ പഠിച്ചു, ചില വേദഭാഗങ്ങൾക്കു വ്യാഖ്യാനം എഴുതി.

ഇങ്ങനെയിരിക്കുമ്പോൾ അന്ത്യോക്യാ, ഭിന്നോപദേശക്കാരാടിച്ചിളകുന്നതായി കേട്ടു വനവാസം ഉപേക്ഷിച്ചു, പട്ടണത്തിൽ എത്തി സഭയുടെ നായകത്വം കയ്യേറ്റു വിവാദങ്ങളെ സമാധാനിക്കുന്നതിനു കഴിവതു ശ്രമിച്ചു.

380—ൽ വീണ്ടും റോമസ്സു പോയി അവിടത്തെ ബിഷപ്പിന്റെ കാര്യദർശിയായിരിക്കുമ്പോൾ, അദ്ദേഹത്തിന്റെ ആജ്ഞയാൽ വേദപുസ്തകം ലത്തീൻ ഭാഷയിൽ തർജ്ജമ ചെയ്വാൻ തുടങ്ങി. ഈ തർജ്ജമസ്സു വൾഗറ്റ് (Vulgate) ഭാഷാന്തരം എന്ന പേർ. റോമാസഭക്കാർ ഇതിനെയത്രെ ശരിയായ വേദപുസ്തകമായി എണ്ണിവരുന്നതു്. ജെറോമിനു് ഇക്കാലത്തു നാല്പതു വയസ്സായിരുന്നു. ജ്ഞാനത്തിനും വിശുദ്ധിക്കും അദ്ദേഹം പ്രസിദ്ധനായിത്തീർന്നു. അവിവാഹജീവിതമാണു ഭക്തിയുടെ ഉയർന്ന തോതു് എന്നൊരു പിശകുധാരണ അദ്ദേഹത്തിനുണ്ടായിരുന്നു. അനേകം സ്ത്രീപുരുഷന്മാർ ഇദ്ദേഹത്തിന്റെ പ്രോത്സാഹനത്താൽ വിവാഹം വെടുത്തു സന്യാസം സ്വീകരിച്ചു. അവരുടെ ഇടയിൽ പോളിനാ എന്ന സന്യാസിനിയും അവളുടെ മകളും ആയിരുന്ന ചൊൽക്കൊണ്ടവർ.

റോമയിലെ ബിഷപ്പിന്റെ മരണശേഷം ജെറോം അന്തോക്യയിൽ ചെന്നു്, അവിടെനിന്നു പോളിനാ മുതലായ സന്യാസിനികളെ കൂട്ടിക്കൊണ്ടു്, ഈജിപ്റ്റുവഴി ബേത്ലഹേമിനു പോയി. 386—ൽ അവിടെ സ്ഥിരതാമസം ആരംഭിച്ചു. നമ്മുടെ കർത്താവിന്റെ ജനനസ്ഥലമായ ബേത്ലഹേമിൽ പോളിനാ, മുന്നു കന്യാസ്ത്രീമഠവും ഒരു സന്യാസിമഠവും സ്ഥാപിച്ചതായി പറയപ്പെട്ടിരിക്കുന്നു. കർത്താവു ജനിച്ച സ്ഥലത്തിനു് അടുത്തൊരു ഗുഹയിൽ വി. ജെറോം തന്റെ മരണംവരെ (ഏ. ഡി. 420) താമസിച്ചു. മരിക്കുമ്പോൾ അദ്ദേഹത്തിനു് 91 വയസ്സുണ്ടായിരുന്നു.

ഈ പുണ്യവാനെ പ്രഖ്യാതനാക്കിത്തീർത്തതു് അദ്ദേഹത്തിന്റെ വേദപരിഭാഷ മാത്രമല്ല, അദ്ദേഹം എഴുതിയ അസംഖ്യം വ്യാഖ്യാനങ്ങളും, സംവാദഗ്രന്ഥങ്ങളും, ലേഖനങ്ങളും, ജീവചരിത്രങ്ങളും ആദിയായവയുമാകുന്നു.

സുപ്രസിദ്ധനായ വി. ആഗസ്തീൻ, സഭാചരിത്രകാരനായ യൂസീബിയസ്സു്, വാഗീശനായ ക്രിസോസ്തം, വിദ്വാനായ അംബ്രോസു് മുതലായ

പിതാക്കന്മാർ ഇദ്ദേഹത്തിന്റെ സഹജീവികന്മാർ ആയിരുന്നു. ഇവരുടെ ജീവിതകാലം സഭയുടെ വിദ്യാവിഷയമായ സുവർണ്ണയുഗം എന്നു പറയപ്പെടുന്നു.

From "Malankara Viyojithan."

ആഗസ്തീനോസിന്റെ ചരിത്രം

ഇദ്ദേഹം പട്രഷ്യസ് എന്ന പേരായ ഒരു പുറജാതിക്കാരന്റെയും മോണിക്കാ എന്ന പേരായ ഭക്തിമതിയായ ഒരു ക്രൈസ്തവ സ്ത്രീയുടെയും പുത്രനാണ്. 353 നവംബർ മാസം 13-ാം തീയതി നിബിനിയായിൽ തകാസ്തേ എന്ന സ്ഥലത്തായിരുന്ന ഇദ്ദേഹത്തിന്റെ ജനനം. 430 ആഗസ്റ്റ് 28-ാം തീയതി വടക്കേ ആഫ്രിക്കയിലുള്ള ഹിപ്പോയിൽവച്ച് ഇദ്ദേഹം മരിച്ചു. മോണിക്കയിൽനിന്നാണ സഹതാപവും സ്നേഹവുമുള്ള ഒരു സ്വഭാവം ആഗസ്തീനോസിനു ലഭിച്ചതു്. അയാളുടെ ആയുസ്സിന്റെ പ്രാരംഭകാലത്തെക്കുറിച്ചു നിശ്ചയമായ അറിവു ലഭിച്ചിട്ടില്ല. സ്വന്ത സ്ഥലത്തു വിദ്യാവിഷയകമായ ആരംഭ പാഠങ്ങൾ കഴിഞ്ഞശേഷം അച്ഛൻ അയാളെ ഉപരിപഠനത്തിനായി കാത്തേജിലേക്കു് അയച്ചു. 16-ാമത്തെ വയസ്സിലാണ് അവിടേയ്ക്കു പോയതു്. മൂന്നു വത്സരം അവിടെ പഠിച്ചു. ഇപ്പോഴും നഷ്ടപ്പെട്ടിരിക്കുന്നതും ഹോർട്ടൻഷ്യസ് എന്ന പേരുള്ളതുമായ സിസറോയുടെ പുസ്തകം, സത്യത്തെക്കുറിച്ചുള്ള തീക്ഷ്ണത നമ്മുടെ കഥാപുരുഷനിൽ ഉളവാക്കി. അയാൾ വേദപുസ്തകം പഠിക്കാൻ തുടങ്ങി, എന്നാൽ അതിന്റെ ഭാഷാരീതി രുചിക്കാഞ്ഞതുകൊണ്ടു് അതിനെ വിട്ടുകളഞ്ഞു. ഈ ഘട്ടം മുതൽ മാനസാന്തരം വരെയുള്ള ഉയർന്ന തരത്തിലുള്ള സൽഗ്രണങ്ങൾക്കായി അയാൾ പരിശ്രമിച്ചുവെങ്കിലും വിഫലീഭവിച്ചു. മാണിക്യമതം ഈ യുവാവിനെ ആകർഷിച്ചു. 373–383 വരെ അല്ലട്ടത്തിൽ ഒരു പ്രവേശനാർത്ഥിയായി അയാൾ നിന്നു. കുറെ കഴിഞ്ഞപ്പോൾ അതിനെപ്പറ്റി സംശയമുണ്ടായി. എങ്കിലും നവപ്ലാത്തോന്യമതം ആഗസ്തിനോസിനെ അതിൽനിന്നു രക്ഷിച്ചു. ഇങ്ങനെയിരിക്കെ സംഗതിവശാൽ മിലാനിൽ പോകുന്നതിനിടയായി. അവിടെവച്ചു് അംബ്രോസിന്റെ പ്രസംഗം കേട്ട 386 സെപ്തംബർ മാസത്തിൽ മനസ്സുതിരിഞ്ഞു. അടുത്ത ആണ്ടു് ഏപ്രിൽ മാസം 25-ാം തീയതി ആഗസ്തീനോസ് 33-ാമത്തെ വയസ്സിൽ തന്റെ പുത്രനോടുകൂടി സ്നാനപ്പെട്ടു. വീട്ടിലേയ്ക്കു പോകുമ്പോൾ ഓസ്തിയായിൽവച്ചു മോണിക്കാ മരിച്ചുപോയി. അതിനാലുള്ള ദുഃഖം കൺഫഷൻസ്, എന്ന പുസ്തകത്തിൽനിന്നു കാണാവുന്നതാണ്. ഇതിന്റെ ശേഷം, അധികം താമസിയാതെ വസ്തുവകവിറ്റു കൊടുത്തിട്ടു്, തകസ്കാ എന്ന സ്ഥലത്തു് ഒരു സന്യാസജീവിതം ആരംഭിച്ചു. 391–ൽ ആഗസ്തിൻ പട്ടക്കാരനായി തിരഞ്ഞെടുക്കപ്പെട്ടു. 395–ൽ വലേറിയസ് ബിഷപ്പിന്റെ സഹായിയായും അധികം താമസിയാതെ പൂർണ്ണ ബിഷപ്പായും തീർന്നു. ഈ ബിഷപ്പ് ഉരുപദേശങ്ങൾക്കെതിരായി പുസ്തകം എഴുതിത്തുടങ്ങി. മാണിക്യർ, ദോനാത്യർ, പെലാഗ്യർ, അർദ്ധപെലാഗ്യർ എന്നിവർ ഇദ്ദേഹത്തിന്റെ തൂലികകൊണ്ടുള്ള പ്രഹരം അനുഭവിച്ചു. അദ്ദേഹത്തിന്റെ കൺഫഷൻസ് എന്ന പുസ്തകം ഒന്നാംതരം ഒരു സാഹിത്യഗ്രന്ഥവും സ്വന്ത ജീവചരിത്രവുമാണ്. പിന്നീടു് അദ്ദേഹം 'ദൈവനഗരം' എന്ന ഒരു പ്രബന്ധമെഴുതി. ഇദ്ദേഹത്തിന്റെ അവസാനവത്സരങ്ങൾ പല ഉപദ്രവങ്ങളോടുകൂടിയതായിരുന്നു. വണ്ടാലർ എന്ന ജാതി നോർത്തു് ആഫ്രിക്കയിലേക്കു പ്രളയംപോലെ ഒഴുകി വരുന്നതു് ഓഗസ്തീൻ കണ്ടു. ആ അവസരത്തിൽ അരക്ഷിതമായ ഹിപ്പോയുടെ നായകസ്ഥാനം സ്വയം കയ്യേൽക്കേണ്ടിവന്നു. എങ്കിലും പട്ടണം വീഴുന്നതിനു മുമ്പെ ഈ വിശുദ്ധൻ നീക്കിക്കൊള്ളപ്പെട്ടതിനാൽ ആ വലിയ സങ്കടാവസ്ഥ കാണ്മാൻ സംഗതിയായില്ല. 16-ാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ

അയാളുടെ അവശിഷ്ടങ്ങൾ ഹിപ്പോയിൽനിന്നു സർഡീനിയായിലേക്കു കൊണ്ടുപോയി. 18—ാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ ലിയൂത്ത്പ്രാൻറ് എന്ന രാജാവ് പാവിയായിലെ വിശുദ്ധ പത്രോസിന്റെ പള്ളിയിൽ അവയെ കഴിച്ചുവച്ചതിനാൽ 1841 ഒക്ടോബർ 12—ാം തീയതിവരെ അതു് അവിടെ കിടന്നു. ആ ആണ്ടിൽ പാവിയായിലെ ബിഷപ്പ്, ആൽജിയേഴ്സ് ബിഷപ്പിനു് അവ വിട്ടുകൊടുത്തു. അദ്ദേഹം അതു് ഇപ്പോഴത്തെ ബോണാസ്സ സമീപമുള്ള ഹിപ്പോയിലേക്കു കൊണ്ടുപോയി. 1841 ഒക്ടോബർ 30—ാം തീയതി ഒരു സ്മാരക ചാപ്പലിൽ അതു മറവു ചെയ്തു.

ആഗസ്തീൻ സാഹിത്യികസഭയുടെ പണ്ഡിതന്മാരിൽ ഒരുവനത്രെ. പൂർവികരും കാൽവിനും പാപത്തെയും കൃപയേയും കുറിച്ചു കൈക്കൊണ്ടിരുന്ന ഉപദേശങ്ങളും മുഖ്യമായി ഓഗസ്തീനേറതു തന്നെ. പ്രോട്ടസ്റ്റൻറുകാർ റോമക്കാരെക്കാളും അധികം ഓഗസ്തീനു ബഹുമതി കൊടുക്കുന്നു. അദ്ദേഹം ജെറോമിനേപ്പോലെ ഒരു മഹാ പണ്ഡിതനല്ലായിരുന്നു. ഗ്രീക്കു മാത്രമെ അദ്ദേഹത്തിനു് അറിയാമായിരുന്നുള്ള. എബ്രായ അശേഷം അറിഞ്ഞുകൂടായിരുന്നു. എങ്കിലും സകല പിതാക്കന്മാരിലുംവച്ചു തിരുവെഴുത്തുകളിൽ അഗാധമായി ദൃഷ്ടിപതിപ്പിച്ചതു് ഇദ്ദേഹം ഒരുവൻ മാത്രമാണു്. പഠിപ്പിനെക്കാളും വാസനയാണു് അദ്ദേഹത്തെ ഉൻകൃഷ്ടനാക്കിത്തീർത്തതു്. ഓഗസ്തീന്റെ അഭിപ്രായങ്ങളിൽ പല ന്യൂനതകളും ഉണ്ടു്. എങ്കിലും അദ്ദേഹം ലോകം മുഴുവൻറെയും ഭക്ത്യാദരങ്ങൾക്കു യഥാർത്ഥത്തിൽ അർഹൻ തന്നെ. സത്യത്തെ സംരക്ഷിക്കുന്ന വിഷയത്തിൽ ഇത്രമേൽ തീരുമാന ശക്തിയും നിർഭയത്വവും ഉള്ള ആരുംതന്നെ ഉണ്ടായിട്ടില്ല. ആഗസ്തീനെ അറികയെന്ന പറഞ്ഞാൽ തത്വജ്ഞാനത്തിന്റെയും വേദശാസ്ത്രത്തിന്റെയും കഴിഞ്ഞ ചരിത്രം മുഴുവൻ അറിയുകയാണു്. അതേസമയത്തുതന്നെ. അദ്ദേഹത്തിന്റെ ലിഖിതങ്ങൾ, പിൽക്കാലത്തു് അഭിവൃദ്ധിക്കുള്ള മാർഗ്ഗങ്ങൾകൂടി കാണിച്ചു തരുന്നു. ഒടുവിലായി പറയാനുള്ളതു്, പീഡിപ്പിക്കപ്പെട്ട സഭയേയും സാമ്രാജ്യസഭയെയും വേർതിരിക്കുന്ന രേഖയായിരുന്ന അദ്ദേഹത്തിന്റെ എഴുത്തുകൾ. ആഗസ്തീൻ പഴയതിനെ അവസാനിപ്പിച്ചു. സഭാവികാസത്തിന്റെ പുതിയ കാലയളവു് ആരംഭിക്കുകയും ചെയ്തു.

ആഗസ്തീനോസിന്റെ ഗ്രന്ഥങ്ങൾ അഞ്ചു തരമായി ഭാഗിക്കാം.

1. സ്വന്ത ജീവചരിത്രം സംബന്ധിച്ചുള്ളതു്.
2. തർക്കം സംബന്ധിച്ചുള്ളതു്.
3. ഉപദേശം സംബന്ധിച്ചുള്ളതു്.
4. വ്യാഖ്യാനം സംബന്ധിച്ചുള്ളതു്.
5. നടപടി സംബന്ധിച്ചുള്ളതു്.

അദ്ധ്യായം നാല്

വേദശാസ്ത്രം

ക്രിസ്തുമതത്തിന്റെ പ്രഥമ പ്രമാണങ്ങളും പല സഭകളിലും ആദിമൈ മ്ല്യത്തിൽ സ്ഥിതിചെയ്തിരുന്ന എന്നുള്ളതു തീർച്ചതന്നെ. എങ്കിലും പലർ പല ഘട്ടങ്ങളിലായി അവയെ കൂഴ്ത്തുകയും ഭർവ്യാഖ്യാനം കൊടുക്കുക യും ചെയ്തിട്ടുണ്ട്. ത്രിത്വത്തെക്കുറിച്ചുള്ള അഭിപ്രായഭേദങ്ങളും ഇതിനു ദൃഷ്ടാ ന്തമാണ്. കൂസ്തന്തിനോസിന്റെ കാലത്തിനുമുമ്പുതന്നെ ക്രിസ്തീയോപദേശ ങ്ങളെ വിഴുങ്ങിത്തുടങ്ങിയ പ്ലത്തോന്യമതം ഈ നൂറ്റാണ്ടായപ്പോഴേക്കു തന്റെ പ്രവൃത്തിയെ പൂർത്തീകരിച്ചു എന്നു പറയാം. ഈ വിധമാണു, മരി ച്ചുപോയ പരിശുദ്ധന്മാരോടുള്ള വണക്കം, ശുദ്ധീകരണാഗ്നി, അഥവാ ബസ്പ്പ്ക്കാനാ എന്ന കുട്ടിനരകം, പട്ടക്കാരുടെ അവിവാഹം, ബിംബങ്ങ ളുടെയും തിരുശേഷിപ്പുകളുടെയും ആരാധന എന്നിവ ഉണ്ടായതു്.

യഥാർത്ഥമായ ഭക്തിക്കു പകരം അന്ധവിശ്വാസങ്ങളും മൂഢാചാരങ്ങളും സഭയിൽ സ്ഥലം പിടിച്ചു, പക്ഷെ, ഇതു് അജ്ഞതകൊണ്ടോ മനസ്സിന്റെ സ്വാഭാവികമായ ചായ്വുകൊണ്ടോ അല്ലാതെ ആരും മനഃപൂർവ്വമായി സൃഷ്ടി ച്ചതല്ലായിരിക്കാം. ഏതു വിധമൊ, ജാത്യാചാരങ്ങളും മൂഢവിശ്വാസങ്ങളും ക്രിസ്തുമതത്തിൽ കയറി എന്നു പറഞ്ഞാൽ കഴിഞ്ഞു. ആദ്യമായി കാണു ന്നതു യറുശലേം മുതലായ പുണ്യസ്ഥലങ്ങളിലേക്കുള്ള തീർത്ഥയാത്രകളാണു്. അതിനോടുകൂടെത്തന്നെ രക്തസാക്ഷികളെ കുഴിച്ചിട്ടിരിക്കുന്ന സ്ഥലങ്ങളും പുണ്യകരങ്ങളെന്നു വിചാരിക്കപ്പെട്ടു. പാപപരിഹാരവും ആത്മരക്ഷയും ഈ പുണ്യയാത്രകൊണ്ടു് ഉണ്ടാകുമെന്നു ജനം വിശ്വസിച്ചുതുടങ്ങി. കൂടാതെ പല യാത്രക്കാർ വിശുദ്ധ സ്ഥലങ്ങളിൽനിന്നു മണ്ണു വാരിക്കൊണ്ടു പോയിട്ടു് രോഗമുക്തിക്കായി കൊടുത്തു നല്ല ആദായമുണ്ടാക്കി. ഈ തീർത്ഥയാത്രകളുടെ ആരംഭകർത്താ വലിയ കൂസ്തന്തിനോസിന്റെ അമ്മയായ ഹെലനയാണെന്നു സോക്രട്ടീസു, തിയോഡറെറ്റ്, എന്നീ സഭാചരിത്രകാരന്മാർ പറഞ്ഞിരി ക്കുന്നു. യറുശലേമിനു പോകുവാൻ ഹെലനയ്ക്കു് ഒരു ദർശനമുണ്ടായിപോൽ. അവിടെ അവരും ചെന്നപ്പോഴും, കാൽവറിമല തുരന്നു കണ്ടുകിട്ടിയ മൂന്നു കുരിശുകളിൽ ഒന്നിനെ, രോഗംകൊണ്ടു മരിക്കാറായ ഒരു സ്ത്രീ സ്പർശിച്ച പ്പോഴും ശാന്തിയുണ്ടാകയാൽ അതു ക്രിസ്തുവിന്റെ കുരിശുതന്നെയാണെന്നു ഹെലന നിശ്ചയിച്ചു്, അതിന്റെ ഒരു ഭാഗം യറുശലേമിലേക്കു കൊടുക്കുകയും മറ്റെ ഭാഗം ചക്രവർത്തിക്കു് അയയ്ക്കുകയും ചെയ്തു എന്നും, ചക്രവർത്തി അതു കിട്ടിയപ്പോഴും കൂസ്തന്തീനോസ്പോലീസിലുള്ള തന്റെ പ്രതിമയുടെ ഉള്ളിൽ അതു സ്ഥാപിച്ചു എന്നും, തന്നിമിത്തം ജനങ്ങളും മെഴുകുതിരി കത്തിച്ചു് ഈ പ്രതിമയ്ക്കു വലംവയ്ക്കാറുണ്ടെന്നും സ്റ്റീഗൽ എന്ന പണ്ഡിതൻ എഴുതിയിരി ക്കുന്നു. ഈ മൂഢതകളും കൂടാതെ, ജാതികളും തങ്ങളുടെ ദേവന്മാരുടെ കോപ ശാന്തിക്കായി ചെയ്യുന്ന തീയാട്ടു്, കരയുഴിച്ചിൽ എന്നിവപോലെ ചില നട പടികളും ക്രിസ്ത്യാനികളുടെ ഇടയിൽ നടപ്പാകയും അനേക സ്ഥലങ്ങളിൽ അതു വളരെ ആഘോഷത്തോടു നടത്തുകയും ചെയ്തു. ദേവാലയങ്ങളും, ശുദ്ധീ കരിക്കപ്പെട്ട വെള്ളം, വിശുദ്ധന്മാരുടെ പ്രതിമകളും ഇവയ്ക്കു്, ജാതികളും തങ്ങളുടെ ക്ഷേത്രങ്ങളും, വിഗ്രഹങ്ങളും, പുണ്യാഹവെള്ളം, ഇവയ്ക്കു സങ്കല്പി ക്കുന്ന ശക്തികളും യഥാർത്ഥത്തിൽ ഉള്ളതായി പ്രഖ്യാപനം ചെയ്തു. ഈ ദൃഷ്ടാന്ത

ങ്ങളാൽ, കുസ്തന്തിനോസ്രാജാവിന്റെ മതാവലംബനംകൊണ്ടുള്ള നിരുപദ്രവത, സഭയിൽ നീചങ്ങളായ ജാത്യാചാരങ്ങളം കടന്നുകൂടുന്നതിനു വലിയ സൗകര്യമായിത്തീർന്നു എന്നു നാം കാണുന്നു.

പഴയ കാലങ്ങളിൽ ഇന്ന ദേവനു്, ഇന്ന തരത്തിൽ ശക്തിയുണ്ടു്, ഇന്ന സ്ഥലത്തു് ഇന്ന അത്ഭുതം നടക്കുന്നു എന്നിങ്ങനെ മൂഢന്മാരും സാധുക്കളുമായ ജനങ്ങളെ ജാതിപുരോഹിതന്മാർ പറഞ്ഞു കളിപ്പിച്ചുവന്ന സമ്പ്രദായം ക്രിസ്തീയ പുരോഹിതന്മാരും ആരംഭിച്ചു. വിശുദ്ധന്മാരും രക്തസാക്ഷികളും സ്വർലോകത്തിരിക്കവെ, കല്ലറയിലാണു് അവർ സ്ഥിതിചെയ്യുന്നതു് എന്നിങ്ങനെ സാമാന്യജനങ്ങളെ എങ്ങിനയോ ധരിപ്പിച്ചു. പരിശുദ്ധന്മാരുടെ ലിസ്റ്റുകം കഴിഞ്ഞ ശതകത്തേക്കാം എണ്ണത്തിൽ വർദ്ധിച്ചു. കള്ളന്മാരെക്കൂടിയും രക്തസാക്ഷികളായി സങ്കല്പിച്ചു എന്നു സൽപ്പിഷ്യസ് സെവറസ് തന്റെ ഒരു ഗ്രന്ഥത്തിൽ പറഞ്ഞിരിക്കുന്നു. വിജനസ്ഥലത്തു് എവിടെയെങ്കിലും ഏതോ അസ്ഥി കഴിച്ചിട്ടുംവച്ചു്, ഇന്ന സ്ഥലത്തു് ഒരു വിശുദ്ധനെ സംസ്കരിച്ചിട്ടുണ്ടു് എന്നു തങ്ങൾക്കു ദൈവദർശനമുണ്ടായതായി ചിലർ പ്രസ്താവിക്കുകയും ചെന്നു നോക്കിയപ്പോൾ അങ്ങനെതന്നെ കാണുകയും ചെയ്തു. ഇതിനാൽ ഭ്രാന്തബുദ്ധികളായ സാധുക്കൾക്കു തിരുശേഷിപ്പുകം വിറ്റുകൊണ്ടു സന്യാസിമാർ ദേശംചുറ്റി നടക്കയും, ജനസാമാന്യം ഈ വ്യാപാരത്തിൽ നിർഭരം വഞ്ചിക്കപ്പെടുകയും ചെയ്തു.

ഇക്കാലത്തു ജെറോം ബൈബിളിന്റെ ഒരു ലത്തീൻ തർജ്ജമ ഉണ്ടാക്കി. ചിലർ വേദവ്യാഖ്യാനങ്ങളം എഴുതി. റൂഫിനസ്, തിയോഡോറസ്, ഡയോഡോറസ് മുതലായവർ തങ്ങളുടെ വ്യാഖ്യാനങ്ങളിൽ അക്ഷരാർത്ഥത്തെ പ്രമാണമായി സ്വീകരിച്ചു. മറ്റുള്ളവർ ഓറിജന്റെ പ്രമാണമനുസരിച്ചു ശ്രുപകാർത്ഥരീതിക്കു ഭാഷ്യം എഴുതി. ഓഗസ്തീൻ, തൈക്കോണിയസ്, ഇവർ വേദഭാഷ്യത്തിനു നിശ്ചിതവ്യവസ്ഥ സ്ഥാപിക്കുവാൻ ശ്രമിച്ചു എങ്കിലും സാധിച്ചില്ല.

ഇക്കാലത്തെ പണ്ഡിതന്മാരിൽ ഭ്രൂരിപക്ഷവും ചെറുപ്പത്തിൽ തങ്ങളം സ്കൂളിൽ പഠിച്ച ഫിലോസഫി അനുസരിച്ചതെ വ്യാഖ്യാനങ്ങളം നിർമ്മിച്ചതു്. സ്കൂളിൽ വിതരണം ചെയ്ത ഈ പദ്ധതി പ്ലേറോയുടെ തനിത്തത്വങ്ങളല്ല. പ്രത്യുത, മഹാപണ്ഡിതനായ ഓറിജൻ സംസ്കരിച്ചിട്ടുള്ള പ്ലേറോയുടെ സിദ്ധാന്തങ്ങളാണു്. ഓറിജന്റെ വ്യാഖ്യാനരീതി അറിയണമെങ്കിൽ ഗ്രേക്കരുടെ ഇടയിൽ ഗ്രെഗറിനാസിയാൻസന്റെയും, ലത്തീന്യരുടെ ഇടയിൽ ഓഗസ്തീന്റെയും എഴുത്തുകളം നോക്കിയാൽ മതിയാകും. ഓറിജൻ കഴിഞ്ഞാൽ പിൻതലമുറകൾക്കു് ഇവരായിരുന്നു ഈ വിഷയത്തിൽ മാഗ്ദർശികം. ദാർശനികസിദ്ധാന്തമനുസരിച്ചു് ഇല്ലട്ടർ മതസാഹിത്യങ്ങളം രചിച്ചുകൊണ്ടിരിക്കവേ, വേറൊരു ഭാഗക്കാർ ന്യായവാദമുപേക്ഷിച്ചു് ഇന്ദ്രിയനിഗ്രഹം ചെയ്തു ധ്യാനനിരതന്മാരായി ജീവിതം നയിക്കുന്നതിൽ നിഷ്ഠ വച്ചു തുടങ്ങി. ഇവരെ മിസ്റ്റിക്സ് (Mystics) എന്നാണു വിളിക്കുന്നതു്. ഈ പ്രസ്ഥാനത്തെ ആസ്പദിച്ചു ക്രൈസ്തവലോകം മുഴുവൻ സന്യാസസംഘങ്ങളം വ്യാപിക്കുവാൻ തുടങ്ങി.

സന്യാസികളിൽ പ്രാഥമ്യം ആന്റണിക്കു് ആണുപോൽ. ഇദ്ദേഹം 305–ൽ ഈജിപ്തിൽ സന്യാസസംഘങ്ങളെ രൂപീകരിച്ചു് അവർക്കു ഭരണക്രമവും ഉണ്ടാക്കി. ഇദ്ദേഹത്തിന്റെ ശിഷ്യനായ ഹിലാറിയോൻ അടുത്ത വർഷത്തിൽ പലസ്തീനിലും സിറിയായിലും ഈ പ്രസ്ഥാനത്തെ പ്രചരിപ്പിച്ചു. അല്പകാലംകൊണ്ടു കണക്കില്ലാതെ സന്യാസികളം നാടുവെടിഞ്ഞു വനം പൂകുകയായി.

ഈ വിഷയം സംബന്ധിച്ചു, ഞങ്ങൾ മലങ്കരവിയോജിതൻ മാസികയിൽ മുമ്പു പ്രസിദ്ധീകരിച്ചിരുന്ന ഒരു പ്രസംഗം ഇവിടെ ചേർക്കുന്നു.

ലോകജോലികളിൽ നിന്നൊഴിഞ്ഞു മതസംബന്ധമായ ആലോചനകൾക്കും ധ്യാനത്തിനുമായി തങ്ങളെതന്നെ വേർതിരിച്ചിരിക്കുന്നവരാണു സന്യാസികൾ. യഹൂദന്മാരുടെ ഇടയിൽ ചാവുകടലിന്റെ അടുത്തു പാർത്തിരുന്ന എസ്സേന്യരും, എജിപ്തിൽ താമസിച്ചിരുന്ന തെറാപ്യൂറായി എന്ന വകക്കാരും സന്യാസവൃത്തി സ്വീകരിച്ചവരായിരുന്നു. ഇൻഡ്യ, ടിബറ്റ് മുതലായ പൗരസ്ത്യരാജ്യങ്ങളിലും വിവിധ മതാനുവർത്തികളായ സന്യാസികളെ എല്ലായിടത്തും കാണ്മാനുണ്ട്.

പ്രസ്തുത രീതിയിലുള്ള ഒരു കാലയാപനത്തെ പുതിയനിയമം ആജ്ഞാപിക്കുന്നില്ലെന്നുള്ള വാസ്തവം ഞങ്ങൾ മറയ്ക്കുന്നില്ല. ഏലിയാ, സ്നാപകയോഹന്നാൻ എന്നീ വാനപ്രസ്ഥന്മാർ ക്രിസ്തുസഭാസ്ഥാപനത്തിനു മുമ്പു ജീവിച്ചിരുന്നവരായിരുന്നതുകൊണ്ടു ക്രൈസ്തവസന്യാസത്തിനു് അവർ മാതൃകകളായിരിക്കുന്നില്ല. എങ്കിലും അഗാധമായ ഭക്തിയും, തീവ്രമായ വിഷയവൈരാഗ്യവും, ഇക്കാലത്തെന്നപോലെ കഴിഞ്ഞകാലങ്ങളിലും സന്യാസവൃത്തിയിൽ അസംഖ്യം ക്രിസ്ത്യാനികളെ ഉത്സുകബുദ്ധികളാക്കിതീർത്തിട്ടുണ്ടെന്നുള്ളതു വാസ്തവമാണു്. ചരിത്രം നമ്മെ പഠിപ്പിക്കുന്നപ്രകാരം ക്രൈസ്തവഭക്തിയുടെ ഈ നൂതനപ്രസ്ഥാനത്തിനു് ആരംഭോദാഹരണമായി ഭവിച്ചതു്, അലക്സന്ത്രിയാ നാട്ടുകാരനായ പൌൽ എന്ന പേരുള്ള ഒരു യുവാവായിരുന്നു. ഇവൻ ക്രൈസ്തവം 251-ൽ ഡെഷ്യസ് ചക്രവർത്തി മൂലമുണ്ടായ പീഡയിൽ എജിപ്തിലെ അരണ്യങ്ങളിലേക്കു് ഓടിപ്പോയി. അവിടെ തൊണ്ണൂറു വർഷത്തോളം ഈ നിഷ്ഠയിൽ നിർബാധമായി ജീവിച്ചിരുന്ന ചരമം പ്രാപിച്ചതായി പറയപ്പെട്ടിരിക്കുന്നു. അയാളുടെ മരണത്തിനു് അല്പം മുമ്പു സെൻറു് ആൻറണി എന്ന സിദ്ധൻ, ഇവനെ ചെന്നു കാണാൻ ഇടയായതുകൊണ്ടാണു്, അതുവരെയ്ക്കും തീരെ അജ്ഞാതനായിത്തീർന്ന ഇവനെക്കുറിച്ചു് അവ്വാചീനന്മാർക്കും അറിവുണ്ടാകാൻ സംഗതിയായതു്.

മേൽപറഞ്ഞ പൗലിന്റെ കാലശേഷം സുപ്രസിദ്ധനായിത്തീർന്ന സെൻറു് ആൻറണി, എജിപ്തിലുള്ള തീബ്സ് ഡിസ്ട്രിക്ടിൽ ജാതനായി. ഒരു കൃഷിയായിരിക്കുമ്പോഴും തന്നെ അവൻ വിചാരശീലനും ഗംഭീരസ്വഭാവിയുമായിരുന്നു. ഇവനു് ഇരുപതു വയസ്സാകുന്നതിനുമുമ്പു് അനവധി ദ്രവ്യം അവനായി വിട്ടുവച്ചു്, മാതാപിതാക്കന്മാർ കാലവശരായി. ഒരിക്കൽ പള്ളിയിൽവച്ചു് ''നിനക്കുള്ളതൊക്കെയും ദരിദ്രന്മാർക്കു പകുത്തു കൊടുക്കുക; പിന്നെ വന്നു് എന്നെ അനുഗമിക്കുക'' (ലൂക്കൊ. 18: 18, 22) എന്നു സമ്പന്നനായ യുവാവിനോടു കർത്താവു പറഞ്ഞ വൃത്താന്തവും പിന്നെയൊരിക്കൽ, ''നാളേക്കായി വിചാരപ്പെടരുതു്'' എന്ന വാക്യവും കേട്ട വിഷയവിരക്തി ജനിക്കയാൽ തനിക്കുള്ള സ്വത്തുവിട്ടു തൻറെ ഏക സഹോദരിയോടു യാത്രയും പറഞ്ഞു് അവൻ സന്യാസവൃത്തി സ്വീകരിച്ചു. ഇങ്ങനെ വളരെ കൊല്ലങ്ങൾ കഴിച്ചശേഷം കുറെക്കൂടി വിജനമായ സ്ഥലങ്ങൾ അന്വേഷിച്ചു വനാന്തരങ്ങളിലേക്കു പോയി. കാലാന്തരത്തിൽ ഈ സിദ്ധനെ കാണ്മാൻ ജനങ്ങൾ കൂട്ടംകൂട്ടമായി പോകത്തക്കവണ്ണം ആൻറണി അത്ര വിശ്രുതനായിത്തീർന്നു. അസംഖ്യംപേർ ശിഷ്യപ്പെട്ടു. അദ്ദേഹത്തിൻറെ ജീവിതരീതിയെ അനുകരിക്കുവാൻ തുടങ്ങി. ആൻറണിയുടെ ജനസ്വാധീനശക്തി വളരെ വലുതായി. അയാൾ ശത്രുക്കളെ തമ്മിൽ യോജിപ്പിക്കുകയും ദുഃഖിക്കുന്നവരെ ആശ്വസിപ്പിക്കുകയും ആവശ്യപ്പെടുന്നവർക്കു് ആത്മജ്ഞാനം ഉപദേശിക്കു

കയും ചെയ്തു. പീഡിതന്മാർക്കുവേണ്ടിയുള്ള അയാളുടെ വാദം എല്ലായ്പോഴും സഫലമായിത്തന്നെ ഭവിച്ചു. ചിലപ്പോൾ തന്റെ ആശ്രമം വിട്ട് ആൻറണി ഇതിനുവേണ്ടി പുറത്തു പോകാറുണ്ട്. എങ്കിലും കഴിയുന്നതും വേഗം സംഗതി സാധിച്ചു തിരിച്ചെത്തുക പതിവായിരുന്നു. കാരണം തന്റെ വിജനവസതിയിൽനിന്നു പുറത്തിറങ്ങിയ ഒരു സന്യാസി കരയ്ക്കു കയറിയ മീൻപോലെയാണെന്നു പലപ്പോഴും അദ്ദേഹം പറഞ്ഞുവന്നു. ചക്രവർത്തിയും കുമാരന്മാരും കോവിലകത്തേക്കു ക്ഷണിച്ചുവെങ്കിലും അവരുടെ ഉപചാരത്തിനു നന്ദി പറഞ്ഞതല്ലാതെ ആൻറണി ആ ക്ഷണത്തെ സ്വീകരിച്ചില്ല. അത്താനാസ്യോസിന്റെ ഭരണത്തിൻകീഴിലുണ്ടായിരുന്ന ജനങ്ങൾക്ക് ഒന്നിലധികം പ്രാവശ്യം അദ്ദേഹം എഴുതി അവർ അനുഭവിച്ച മതപീഡകളിൽ അവരെ ധൈര്യബുദ്ധികളാക്കിത്തീർത്തു. സത്യത്തിനുവേണ്ടിയുള്ള കഷ്ടങ്ങളിൽ സഹോദരന്മാരെ ശക്തീകരിക്കണമെന്നുള്ള കുതുകലോലുപകൂടി അലക്സാന്ത്രിയായിലേക്കു ഈ യതീന്ദ്രൻ രണ്ടു പ്രാവശ്യം പോയി. ആദ്യത്തെ യാത്രമാക്സിമിന്റെ കീഴിലുണ്ടായ കഠോരപീഡാകാലത്തായിരുന്നു. ആൻറണി രക്തസാക്ഷികളുടെ വിസ്താരസമയത്തും അവരുടെ മരണത്തിലും അടുത്തുനിന്നു സഹായിക്കുകയും ഒരു ക്രിസ്ത്യാനി എന്നു സ്വയമേവ വെളിപ്പെടുത്തി കാണിക്കുകയും ചെയ്തു. എങ്കിലും ശത്രുക്കൾ ഈ സിദ്ധനെ തൊടുവാൻപോലും തുനിഞ്ഞില്ല. പീഠയുടെ കഠോരമായ ഉഷ്ണം ശമിച്ചപ്പോൾ അദ്ദേഹം വീണ്ടും വനത്തിലേക്കു പോയി. ഒരിക്കൽകൂടി, അതായതു് അറിയൂസുകാരെ കൊണ്ടുള്ള ഉപദ്രവകാലത്തു് അദ്ദേഹം നാട്ടിലേക്കു വന്നു. മുമ്പത്തേക്കാൾ അധികം ഫലകരമായിരുന്നു ഈ ആഗമനം. പൊതുസഭ, ഈ സിദ്ധന്റെ ഉപദേശങ്ങളാൽ ധൈര്യപ്പെടുത്തപ്പെടുകയും അതിന്റെ ഫലമായി വളരെ മാനസാന്തരം നടക്കുകയും ചെയ്തു. 356-ൽ ആൻറണി 105-ാം വയസ്സിൽ മരിച്ചു. ഈ മഹാത്മാവിന്റെ അന്തർദ്ധാനം, അലക്സാന്ത്രിയാ ബിഷപ്പായ അത്താനാസ്യോസ് വനത്തിൽ അഭയത്തിനായി ഓടി പോയതിനു ഏതാനും ദിവസങ്ങൾക്കു മുൻപായിരുന്നു നടന്നതു്.

ആൻറണി തനിയെ വനത്തിൽ പാർത്ത സന്യാസി ആയിരുന്നു. എന്നാൽ അദ്ദേഹത്തിന്റെ കാലശേഷം വേറേതരം സന്യാസികളും ഉണ്ടായിരുന്നു. അവർ ഒന്നിച്ചു കൂട്ടമായി പാർത്തു. ചിലപ്പോൾ ഓരോരുത്തരും ചിലപ്പോൾ രണ്ടും മൂന്നും ആളുകൾ ഒന്നിച്ചുകൂടിയും ഓരോ കുടിലുകളിൽ താമസിച്ചുവന്നതായി പറയപ്പെട്ടിരിക്കുന്നു. കൂടാതെ ആശ്രമം എന്ന പേരോടുകൂടിയ വലിയ കെട്ടിടങ്ങളും ഉണ്ടാക്കപ്പെട്ടിരുന്നു. ഓരോ ആശ്രമത്തിന്റെയോ ഏതാനും അറകളുടെയോ അദ്ധ്യക്ഷനു് ആബട്ട് അതായതു് അപ്പൻ എന്ന പേർ പറഞ്ഞുവന്നു. ഒരു കൂട്ടക്കാർക്കു് ഈ വിധമുള്ള അനേക ആശ്രമങ്ങൾ ഉള്ളതുകൂടാതെ എല്ലാറ്റിനും മീതെ ഒരു പ്രധാനിയും ഉണ്ടു്. പക്കോമീയസ് എന്ന സിദ്ധനാൽ നൈൽ നദിയിലുള്ള ഒരു ദ്വീപിൽ സ്ഥാപിക്കപ്പെട്ട ഒരു സന്യാസിസംഘം വേഗത്തിൽ പടർന്നുതുടങ്ങി. അദ്ദേഹത്തിന്റെ മരണത്തിനു മുൻപായി എട്ടു് ആശ്രമങ്ങളും അവയിൽ മൂവായിരം സന്യാസികളും ഉണ്ടായിരുന്നു. അമ്പതു വർഷം കഴിഞ്ഞശേഷം മേൽപ്പറഞ്ഞ ആശ്രമങ്ങളിലുള്ള സന്യാസികളുടെ തുക അൻപതിനായിരം എന്നു കണക്കെടുത്തു.

സെൻറു് പക്കോമിയസ്സിനോടു ചേർന്ന സന്യാസികളും ഒരു കുടിലിൽ മൂന്നാളുകൾവീതം താമസിച്ചുവന്നു. കുടിലുകളുടെ ഓരോ പംക്തിക്കും അതാതിന്റെ അധിപനും ഉണ്ടായിരുന്നു. ഓരോ ആശ്രമശാഖകളുടെയും തലവൻ തന്റെ കീഴിലുണ്ടായിരുന്ന ഓരോരുത്തരെയും സന്ദർശിച്ചു പരിശോധിച്ചുവന്നു. ആണ്ടിൽ രണ്ടുപ്രാവശ്യം പ്രധാനപ്പെട്ട ആശ്രമത്തിൽ എല്ലാവരും ഒന്നിച്ചുകൂടുക പതിവായിരുന്നു. സെൻറു പക്കോമിയസ്സു്—സന്യാസികൾക്കു ദിവസത്തിൽ വളരെ പ്രാവശ്യം പ്രാർത്ഥനയുണ്ടായിരുന്നു.

ബുധനാഴ്ചയും വെള്ളിയാഴ്ചയും ഉപവസിക്കയും ശനിയാഴ്ചയും ഞായറാഴ്ചയും വിശുദ്ധ സംസ്ക്കാരം (Lord's Supper) ആചരിക്കുകയും ചെയ്തുവന്നു. ഇവർ ഒരുമിച്ചാണു ഭക്ഷിച്ചുവന്നതു്. ഭക്ഷണത്തിനുമുമ്പായി സങ്കീർത്തനങ്ങളും പാടിവന്നു. ഭക്ഷണവേളയിൽ തീരെ സംസാരിച്ചുകൂടായിരുന്നു. അപ്പോഴും ഭക്ഷണമൊഴികെ അടുത്തിരിക്കുന്ന ആളുകളെ കാണാതവണ്ണം ഓരോരുത്തരുടെയും മുഖം മൂടിയിരുന്നു. അവരുടെ ഉടുപ്പു മാട്ടുവമില്ലാത്തതും താണതരവുമായിരുന്നു. ഏലിയാ പ്രവാചകനെപ്പോലെ മാട്ടുവമില്ലാത്ത ഒരു തുകൽ ഇവരുടെ ഡ്രസ്സിൽ ഉൾപ്പെട്ടിരുന്നു. ഒരു മാതിരി കസേരകളിൽ അവർ കിടന്നല്ല, നിന്നുകൊണ്ടതന്നെ ഉറങ്ങി, പ്രാർത്ഥന ധ്യാനം മുതലായവ കൊണ്ടു മാത്രമല്ല അവർ സമയം കഴിച്ചതു്. കൃഷി, കട്ടനെയ്ത്തു, കയറു പിരി, വലകെട്ടു്, ചെരിപ്പുകുത്തു് മുതലായ ജോലികൾകൂടി അവർ ചെയ്തുവന്നു. അവരുടെ വ്യവസായസാധനങ്ങൾ നീലനദിയിൽക്കൂടി അലക്സാന്ത്രിയായിൽ കൊണ്ടുപോകുന്നതിനു അവരുടെ വകയായി വള്ളങ്ങൾ ഉണ്ടായിരുന്നു. ഈ തൊഴിലുകളിൽനിന്നു കിട്ടിയ ആദായംകൊണ്ടു നിത്യത കഴിക്കുന്നതിനു മാത്രമല്ലാ അടിമകളെ വീണ്ടെടുക്കുക, ദരിദ്രന്മാരെ സഹായിക്കുക മുതലായ ധർമ്മപ്രവൃത്തികൾകൂടി ചെയ്യുന്നതിനും അവർക്കു കഴിവുണ്ടായി.

പക്കോമിയസ്സു്—സന്യാസികളുടെ ഈ വൃത്തിയെതന്നെയാണു് ഏറെക്കുറെ ഭേദപ്പെട്ടതി മറ്റു ശാഖക്കാരും എടുത്തിരുന്നതു്. എല്ലാ വസ്തുക്കളും പൊതുവിലുള്ളതാണെന്നും ആർക്കും ഒന്നുംതന്നെ സ്വന്തമില്ലെന്നും എല്ലാ സന്യാസവർഗ്ഗക്കാരും ഗണിച്ചുവന്നു. ഇതിനെപ്പറ്റി ഒരു കഥകൂടി പറഞ്ഞുവരുന്നുണ്ടു്. ഒരു സന്യാസി മരിക്കാറായപ്പോൾ നൂറു വെള്ളിനാണയങ്ങൾ അയാളുടെ പക്കൽ ഉണ്ടായിരുന്നു. നെയ്ത്തുജോലികൊണ്ടു സമ്പാദിച്ചതായിരുന്ന ഇപ്പണം. അയാളുടെ സഹോദരന്മാരായ മൂവായിരം സന്യാസികളും ഈ മൃതന്റെ കിടക്കയുടെ ചുറ്റുംകൂടി ഈ പണംകൊണ്ടു് എന്തുവേണ്ടു എന്നു് ആലോചന തുടങ്ങി. ചിലർ അതിനെ സഭയ്ക്കു സമർപ്പിപ്പാനും വേറെ ചിലർ ഇതു ദരിദ്രന്മാർക്കു കൊടുക്കുവാനും പറഞ്ഞു. എന്നാൽ മഠാധിപന്മാർ ക്ഷുദ്രക്കാരനായ ശിമോനോടു ''നിന്റെ ദ്രവ്യം നിന്നോടുകൂടി നശിച്ചുപോകട്ടെ'' എന്നു വിശുദ്ധ: പത്രോസ് പറഞ്ഞ വാക്യം ഉദ്ധരിച്ചശേഷം ഈ വചനത്തിന്റെ അർത്ഥപ്രകാരം (?) പണം അതിന്റെ ഉടമസ്ഥനോടുകൂടി കഴിച്ചിടുകയാണു വേണ്ടതു് എന്നു തീർച്ചപ്പെടുത്തി. ഈവിധം പ്രവൃത്തിച്ചതു മറ്റു സന്യാസികളുടെ ഭയത്തിനായിട്ടെന്നല്ലാതെ മരിച്ച സന്യാസിയെ ധിക്കരിക്കണമെന്നുള്ള താല്പര്യംകൊണ്ടല്ലായിരുന്നുവെന്നു വി: ഇറാനിയസ്സോമോസ് പറഞ്ഞിരിക്കുന്നു.

ഈ സന്യാസശാഖകം ആദ്യം ഈജിപ്തിന്റെ പല ഭാഗങ്ങളിലായിട്ടാണു സ്ഥാപിക്കപ്പെട്ടതു്. എങ്കിലും മറ്റു ദേശങ്ങളിലും ബഹുക്കം ഈ വൃത്തി അനുകരിപ്പാൻ തുടങ്ങി. കുറെക്കാലം കഴിഞ്ഞപ്പോൾ അമ്മമാർ (Nuns) അഥവാ സന്യാസിനികളുടെ സംഘവും ഇതേ നിയമങ്ങളോടുകൂടി നിർമ്മിക്കപ്പെട്ടു.

സന്യാസികളും തങ്ങളുടെ സംബന്ധികളുടെ നേരെ വർത്തിച്ചുവന്നതു സാധാരണ ദുഷ്കൃത്യമായിട്ടാണു്. എത്രയും നല്ലവനായിരുന്ന ആൻറണി തന്നെയും തന്റെ ഏക സഹോദരിയോടു തനിക്കുണ്ടായിരുന്ന സ്നേഹം ശരിയല്ലെന്നു വിചാരിച്ചു. അദ്ദേഹത്തിന്റെ ശിഷ്യനായ പിയോർ തന്റെ വീടുവിടുമ്പോൾ മേലാൽ ഒരിക്കലും തന്റെ സംബന്ധികളെ കാണുന്നതല്ലെന്നു ശപഥം ചെയ്തു. അയാളും കാട്ടിൽപോയി അൻപതുവർഷം നിഷ്ഠയിൽ കഴിച്ചശേഷം പിയോർ ജീവിച്ചിരിക്കുന്നു എന്നു സഹോദരി

കേട്ട്, അയാളെ കാണണമെന്നു തനിക്കു് ആശയുണ്ടായിരുന്നെങ്കിലും വാർദ്ധക്യം നിമിത്തം വനത്തിൽചെന്നു കാണ്മാൻ കഴിയായ്കയാൽ മഠാധിപനെ ശിപാർശചെയ്തു പിയോറിനെ തന്റെ അടുക്കലേക്കു അയയ്ക്കണമെന്നു് ആവശ്യപ്പെട്ടു. തദനുസരണം പിയോർ ചെന്നു വീട്ടിനുമുമ്പാകെ നിന്നുകൊണ്ടു താൻ വന്നിരിക്കുന്ന വിവരം അവളെ അറിയിച്ചു. ആ സാധുസഹോദരി ബദ്ധപ്പെട്ടു പിയോറിന്റെ അടുക്കലേക്കു ചെന്നു. അതു ദീർഘകാലമായി വേർപെട്ടിരുന്ന തന്റെ സഹോദരനെ വീണ്ടും കണ്ടപ്പോഴും അവർക്കുണ്ടായ മനോവികാരങ്ങളും അവർണ്ണനീയങ്ങളായിരുന്നു. സ്നേഹസന്തോഷാദികളാൽ അവളുടെ ഹൃദയം കവിഞ്ഞൊഴുകി എങ്കിലും അവൾ വാതിൽ തുറക്കുന്ന ശബ്ദം കേട്ടയുടൻ പിയോർ തന്റെ കണ്ണുകളടച്ചു് അവൾ തന്നെ ഒന്നു കണ്ടുകൊള്ളുന്നതിനു മാത്രം അനുവദിച്ചു. അവളുടെ വീട്ടിൽ കയറുകയൊ അവളെ ഒരു നോക്കെങ്കിലും കാണ്മാൻ കണ്ണുകളും തുറക്കുകയൊ ചെയ്യാതെയും അനുകമ്പയുടെ മനോവികാരത്തെ നിശ്ശേഷം ലക്ഷ്യമാക്കാതെയും അയാൾ വനത്തിലേക്കു മടങ്ങിപ്പോയി.

പിൽക്കാലങ്ങളിൽ സന്യാസികൾക്കു പട്ടംകൊടുക്കുക പതിവായി. ആദിയിൽ ഓരോ ആശ്രമത്തിലും കർമ്മങ്ങൾ നടത്തുവാൻ ആവശ്യമുള്ള ചുരുക്കം പട്ടക്കാരെ മാത്രം വെച്ചിരുന്നു. ആ പൂർവ്വദിവസങ്ങളിൽ പട്ടം വളരെ ഭയമുള്ള കാര്യമായി സന്യാസികൾ ഗണിച്ചുവന്നു. കാരണം ഉയർന്നതരം വിശുദ്ധിക്കു പട്ടം ഒരു തടങ്ങലായിട്ടാണു് അവർ കണ്ടതു്. അമ്മോണിയസ് എന്ന പ്രസിദ്ധനായ സന്യാസി ഒരു ബിഷപ്പുപട്ടത്തിനു തിരഞ്ഞെടുക്കപ്പെട്ടപ്പോൾ അതിനെ തടയുവാൻവേണ്ടി തന്റെ കാതു് അറുത്തുകളഞ്ഞു. അംഗഭംഗം പട്ടത്തിനു തടസ്സമായിരിക്കുമെന്ന കരുതിയാണു് ഈവിധം പ്രവർത്തിച്ചതു്. ഇതുകൊണ്ടു പട്ടത്തിനു തടസ്സമില്ലെന്നും പ്രസ്തുത പ്രമാണം പഴയനിയമക്കാർക്കുള്ളതാണെന്നും അദ്ദേഹത്തെ അറിയിച്ചപ്പോൾ അങ്ങിനെയെങ്കിൽ ഞാൻ എന്റെ നാക്കു മുറിച്ചുകളയുമെന്നു സഗൗരവം ആ സിദ്ധൻ മറുപടി പറകയുണ്ടായി. ഇതുകൊണ്ടു സന്യാസികളുടെ ബോധത്തിൽ പട്ടത്വത്തിന്റെ പരിത്യാജ്യത എത്രമാത്രമെന്നു വായനക്കാർക്കു മനസ്സിലാക്കാവുന്നതാണു്.

ജനസാമാന്യം സന്യാസിമാരെ അളവില്ലാതെ ബഹുമാനിക്കുന്നതായി കണ്ടു കാലക്രമേണ സന്യാസദീക്ഷയിൽ എല്ലാവരും ഭ്രമിച്ചുവശായി. അയോഗ്യന്മാർ കൂടി ഇതിലേക്കു വേഷംകെട്ടി പുറപ്പെട്ടു. ഭാരമുള്ള ചങ്ങലകളും ധരിച്ചുകൊണ്ടും അവലക്ഷണമായി ഉടുത്തുകൊണ്ടും കഥയില്ലാത്ത മനോദർശനങ്ങളും ഊഹങ്ങളും വിളിച്ചുപറഞ്ഞുകൊണ്ടും നാടൊക്കെ ചുറ്റിത്തിരിഞ്ഞും, ചിലർ സന്യാസഭ്രാന്തിളകി മലകളിൽ കയറി യാതൊരു പാർപ്പിടവും കൂടാതെ മൃഗങ്ങളെപ്പോലെ പുല്ലും മറ്റും തിന്നുകൊണ്ടും കാലയാപനം ചെയ്തു. ഇവരെ grazers അഥവാ തൃണഭക്ഷകന്മാർ എന്നു വിളിക്കുന്നു. ചിലർ ആദാമ്യർ എന്ന പേരോടുകൂടി വസ്ത്രവും കളഞ്ഞു നഗ്നന്മാരായി മലകളിൽ കയറി നടന്നു. അഞ്ചാം നൂറ്റാണ്ടിൽ ശിമ്യോൻ എന്ന ഭ്രാന്തൻ സ്തംഭാരോഹികൾ എന്ന പേരോടുകൂടിയ ഒരുതരം സന്യാസിവർഗ്ഗത്തിനു ആദികർത്താവായിത്തീർന്നു. ഇവൻ ഒരു സിറിയാനാട്ടുകാരനായിരുന്നു. പല തൂണുകളിലായി ഈ യോഗിവര്യൻ മുപ്പത്തേഴുവർഷം നിഷ്ഠയിൽ പാർത്തു. ഓരോ തൂണും ആദ്യത്തേതിനേക്കാൾ ഉയർച്ചകൂടിയതായിരുന്നു. ഒടുവിൽ ഈ പുണ്യവാൻ കയറിയിരുന്ന തൂൺ എഴുപതു അടി ഉയരമുള്ളതും ഒരു ഗജം വ്യാസമുള്ളതുമായിരുന്നു. ഇദ്ദേഹത്തിന്റെ കഴുത്തിൽ ഒരു വലിയ ഇരുമ്പു ചങ്ങല ചുറ്റിയിട്ടിരുന്നു. വളരെ ജനങ്ങൾ അദ്ദേഹത്തെ കാണ്മാനായി ചെന്നു. ഈ മഹാസിദ്ധന്റെ മരണശേഷം ദാനിയേൽ എന്നു പേരായ ഒരു സന്യാസി കോൺ

സ്റ്റാൻറിനോപ്പിളിൽ ഒരു തുണികെട്ടി മുപ്പത്തിമൂന്നുവർഷം അതിൽ പാർത്തു. അയാളേ ഇളക്കി താഴെയിടത്തക്കവണ്ണം കൊടുങ്കാറുകളും ശക്തിയായി അടിക്കയും മഞ്ഞും ഹിമക്കട്ടകളും അയാളെ പൊതിഞ്ഞുകൊണ്ടിരിക്കയും ചെയ്തു. എങ്കിലും ''ശീതോഷ്ണഭയരതിസമൃദ്ധിദാരിദ്ര്യാദിഹേതു''ക്കളാൽ കൃത്യത്തിനു യാതൊരു വിഘ്നവും വരുത്താതെ സ്ഥിരനിഷ്ഠനായിരുന്ന ഈ മഹാത്മാവിൻെറ സ്തംഭാഗ്രത്തിന്മീതെ ലിയോ ചക്രവർത്തി ഒടുവിൽ ഒരു ഷെഡ് കെട്ടിക്കൊടുക്കുകയണ്ടായി. ഈ സ്തംഭവാസികളുടെ കീർത്തിയും പ്രപഞ്ചവശീതവും വിപുലതരമായിരുന്നു. പ്രവചനങ്ങളും പറയുന്നതിനും അത്ഭുതങ്ങളും പ്രവർത്തിക്കുന്നതിനുമുള്ള ശക്തി അവർക്കുണ്ടെന്നു ജനസാമാന്യം വിശ്വസിച്ചു. ചക്രവർത്തികളും രാജാക്കന്മാരും എത്രയും ഗൗരവമുള്ള സംഗതികളിൽകൂടി ഇവരുടെ ആലോചന ചോദിച്ചിട്ടുണ്ട്. ഒരു സ്തംഭവാസി തൂണിൽനിന്നിറങ്ങുമ്പോഴോ, പ്രസിദ്ധിയുള്ള വല്ല വാനപ്രസ്ഥനും തൻെറ ആശ്രമം വിട്ടുമ്പോഴോ, ജനങ്ങളുടെ ഇടയിൽ പ്രവേശിച്ചു മനുഷ്യമനസ്സുകളെ ഏതു വഴിക്കെങ്കിലും, ചായിക്കുവാൻ അയാൾക്കു കഴിയുമായിരുന്നുവെന്നു ചരിത്രം നമ്മെ ബോദ്ധ്യപ്പെടുത്താതിരിക്കയില്ല.

ഈ ഉപന്യാസം ഇവിടെ അവസാനിപ്പിക്കട്ടെ. ഇതുകൊണ്ടു സന്യാസികളുടെ ഗൗരവമേറിയ തെറ്റുകളെ ഞങ്ങൾ വിസ്മരിച്ചുകളകയോ അവരുടെ നടപടികളെ മുഴുവൻ സാധൂകരിക്കുകയൊ ചെയ്യുന്നില്ലെങ്കിലും പ്രസ്തുത വിശുദ്ധഗണത്തെ ആ ശൈശവയുഗത്തിൽ പ്രയോജനപ്പെടുന്ന ആയുധമാക്കി ഉപയോഗിച്ചുവെന്നുള്ളതു വിസംവദിച്ചുകൂടാ. ഇവർ ജാതികളുടെ മാനസാന്തരത്തിനുവേണ്ടി അശ്രാന്തപരിശ്രമം ചെയ്കയും പശ്ചിമ റോമയുടെ പതനാനന്തരം സഭയുടെ അന്ധകാരയുഗങ്ങളിൽ പഠിപ്പിന്നും ഭക്തികൂടാതെ അറിവുകളേയും സാഹിത്യങ്ങളേയും സംരക്ഷിച്ചുപോരികയും ചെയ്തതിൽ നിസ്സീമമായ ഉപകാരം സഭയ്ക്കു ചെയ്തിട്ടുണ്ടെന്നുള്ളതും പ്രസ്താവയോഗ്യമാകുന്നു.'' മലങ്കരവിയോജിതൻ. പുസ്തകം 1 ലക്കം 3.

സഭയുടെ പൊതുവേയുള്ള സ്ഥിതി നോക്കിയാൽ സാന്മാർഗ്ഗികനിലയിൽനിന്നു സഭ വളരെ അധഃപതിച്ചു എന്നു കാണാം. മതത്തിൻെറ അഭിവൃദ്ധിക്കുവേണ്ടി കള്ളം പറയുന്നതു് ഒരു സുകൃതംതന്നെയാണെന്നു കഴിഞ്ഞ നൂറാണ്ടിൽ ചിലർ അഭിപ്രായപ്പെട്ടതു് ഇപ്പോഴും ഒരു സാധാരണ നടപടിയായിത്തീർന്നു. ഇതുനിമിത്തം സഭയ്ക്കുണ്ടായ ദോഷം കുറച്ചൊന്നുമല്ല. ഈ നൂറാണ്ടിലെ എത്രവലിയ മഹത്തുക്കളേയും പരിശോധിച്ചാലും ഈ ഒരു ദോഷം അവരിൽ കുടികൊണ്ടിരുന്നു എന്നു സ്പഷ്ടമായി അറിവാൻ സാധിക്കുന്നതാണു്. ആംബ്രോസ്, ഹിലാറി, ഓഗസ്റ്റീൻ, ഗ്രെഗറി, നാസിയാൻസൺ, ജെറോം എന്നിവർപോലും ഈ പ്രമാണത്താൽ ദൂഷിച്ചിട്ടുണ്ട്. വിശുദ്ധ മർത്തീനെ സംബന്ധിച്ചു വളരെ അത്ഭുതങ്ങളും സങ്കല്പിച്ചുണ്ടാക്കിയ വിഷയത്തിൽ സെൽപ്പിഷ്യസ് സെവറസ് എന്ന യോഗ്യനായ ചരിത്രകാരനുതന്നെ ഈ അബദ്ധം പറ്റിയിട്ടുണ്ട്. ഇതുനിമിത്തം വാസ്തവപ്രസ്താവനകളുടെ ഇടയിൽ പല അവാസ്തവപ്രസ്താവനകൾകൂടി വന്നിട്ടുള്ളതിനാൽ പുണ്യവാളന്മാരുടെ കഥകളിൽ കാണുന്ന അത്ഭുതങ്ങളും വിശ്വസിപ്പാൻ നിവൃത്തിയില്ലാതെ തീർന്നിരിക്കുന്നു.

ഈ ശതകത്തിലുണ്ടായ വേറൊരു പിശാചു മതവിരോധികളുടെ പീഡനമാണു്. എങ്ങിനെയെന്നാൽ കുസ്തന്തിനോസിൻെറ മതപരിവർത്തനംകൊണ്ടു പീഡ അവസാനിച്ചു വിശ്രമിച്ചുകൊണ്ടിരിക്കുന്ന ക്രിസ്ത്യാനികളും, അവരിൽനിന്നു ഭിന്നിക്കുന്ന ക്രൈസ്തവരെ നിത്യം മട്ടിക്കുവാൻ ആരംഭിച്ചു. പ്രിസ്കില്യന്മാർ, ദൊനാത്യർ മുതലായവരെ പീഡിപ്പിക്കുന്നതിനു വിശുദ്ധ ഓഗസ്റ്റീൻ അനുവാദം കൊടുത്തതായി കാണുന്നു. പിൻതലമുറകളും ഈ

പ്രമാണത്തെ മുടങ്ങാതെ ആചരിച്ചുവന്നിരുന്നുവെന്നുള്ള വാസ്തവം അദ്യാപി നമുക്കു ദുഷ്പരിഗോചരമാകുന്നു.

നല്ലവരെക്കാൾ ദുഷ്ടന്മാരുടെ സംഖ്യ അധികപ്പെട്ടകയാൽ സഭാംഗങ്ങൾക്കു് അധർമ്മപ്രവൃത്തിയിൽ നിർഭയം ഇടപെടുവാൻ സാധിക്കുമായിരുന്നു. ബിഷപ്പന്മാരും നിഗളം, ഭോഗപ്രിയം, പരസ്പരവിദ്വേഷം, ശണ്ഠ ഇവയിൽ തഴച്ചുവളർന്നുവന്നു. ക്രിസ്തുമാർഗ്ഗത്തിൽ ആളകപ്പം ചേർന്നുകൊണ്ടിരുന്നതിനു കാരണം ന്യായബോധം, മനസ്സാക്ഷി ഇവയെക്കാൾ കാര്യലാഭം, പീഡനഭയം എന്നിവയായിരുന്നു. ഇതിനോടുകൂടി ഭിന്നാഭിപ്രായങ്ങളോടുകൂടിയ വളരെ വകഭേദകളും സഭയിൽ ഉത്ഭവിക്കുന്നതിനു സംഗതിയായി.

ഈ കാലങ്ങളിലെ ദോഷങ്ങളോടു് എതിർത്ത ചിലരുണ്ടായിരുന്നു. അവരിൽ ഒരുവൻ ഒരു പ്രസ്ബിറ്ററും ഒരു സന്യാസിയുമായിരുന്ന ഏറിയസ് (Aerius) ആയിരുന്നു. ഇയാൾ ഒരു അർദ്ധാര്യ (Semi-Arian) നായിരുന്നു എന്നും അമ്മീനിയാ, പൊന്തുസ്, കപ്പദോക്യ എന്നീ പ്രദേശങ്ങളിൽ ഈ ആൾ പ്രസംഗിച്ചിരുന്നു എന്നും പറയപ്പെട്ടിരിക്കുന്നു. ബിഷപ്പും പ്രസ്ബിറ്ററും തമ്മിൽ ദൈവനിയമനദൃഷ്ട്യാ യാതൊരു വ്യത്യാസവുമില്ല. മരിച്ചവർക്കുവേണ്ടിയുള്ള പ്രാർത്ഥനയും നോൻപും ഈസ്റ്റർ ആചാരവും മറ്റും ആവശ്യമില്ല, ഇത്യാദിയായിരുന്നു ഇയാളുടെ ഉപദേശസാരം.

വേറൊരുവൻ ഇറാലിയൻസന്യാസിയായിരുന്ന ജോവിനിയൻ ആയിരുന്നു. ഇദ്ദേഹം, ഭക്തിയായി ജീവിക്കുന്ന വിവാഹിതരും അവിവാഹിതരും ദൈവസന്നിധിയിൽ ഒരുപോലെ അംഗീകരിക്കപ്പെട്ടമെന്നു പ്രസംഗിച്ചു. ഈ അഭിപ്രായത്തെ ആദ്യം റോമസഭയും പിന്നീട് 390—ൽ മിലാനിൽ വിളിച്ചുകൂട്ടിയ ഒരു സുന്നഹദോസിന്റെ സഹകരണത്തോടുകൂടി അംബ്രോസും കുറ്റം വിധിച്ചു. ഹൊണോറിയസ് ചക്രവർത്തി ഇതിനെക്കുറിച്ചു ചില നിയമങ്ങളും ഉണ്ടാക്കി. ജോവിനിയനെ ബോവാദപീപിലേക്കു നാടുകടത്തി.

മതസംബന്ധമായ തർക്കങ്ങളിൽവച്ചു് എതുയും ഉഗ്രവും വളരെക്കാലം നിന്നതുമായ ഒന്നു്, ഓറിജപ്രസ്ഥാനക്കാരെ സംബന്ധിക്കുന്നതാകുന്നു. ഇതിനു മുമ്പുതന്നെ ഓറിജന്റെ മേൽ വളരെ കുറ്റങ്ങളും ചുമത്തിയിരുന്നു എങ്കിലും വാസ്തവത്തിൽ, വളരെ ക്രിസ്ത്യാനികൾക്കും അദ്ദേഹത്തോടു കൂടുതൽ ഭക്ത്യാദരങ്ങളും ഉണ്ടായിരുന്നു. എന്നാൽ ഇപ്പോൾ അരീയന്മാർ (അറിയോസിന്റെ പക്ഷക്കാർ) തങ്ങളുടെ ഭാഗം താങ്ങുവാൻ സാക്ഷ്യങ്ങൾ തിരയുമളവിൽ ഓറിജനും തങ്ങളുടെ അഭിപ്രായമാണുണ്ടായിരുന്നതു" എന്നു വാദിക്കയുണ്ടായി. ചിലർ ഇതിനെ വിശ്വസിക്കുകയാൽ അരീയന്മാരോടുള്ളവണ്ണംതന്നെ ഓറിജനോടും പക മുഴുത്തു. എങ്കിലും എതുയും പ്രാധാന്യമുള്ളവരും അഭ്യസ്തവിദ്യരുമായ ചിലർ ഈ കുറ്റാരോപണത്തെ പ്രതിരോധിക്കുവാൻ തുടങ്ങി. അവരിൽ അഗ്രഗണ്യൻ കൈസരിയയിലെ ബിഷപ്പായ യൂസീബിയസ്സായിരുന്നു. ഇദ്ദേഹം, ഓറിജനുവേണ്ടിയുള്ള പ്രതിവാദം, എന്നൊരു പ്രബന്ധമെഴുതി. അഭിനവമായി ഉത്ഭവിച്ച വേറെ ചില ബഹളങ്ങളും ഈ വിഷയത്തെ ഉത്തേജിപ്പിക്കാതെയിരുന്നുവെങ്കിൽ ക്രൈസ്തവലോകം അത്യന്തമാന്യനായി കരുതിപ്പോന്ന ഒരു ക്രൈസ്തവപണ്ഡിതനു് ഏതിരായി അടിച്ചുകൊണ്ടിരുന്ന ഈ കൊടുങ്കാറ്റു വേഗത്തിൽ ശമിക്കുമായിരുന്നു. എന്നാൽ അതു് അശക്യമായിത്തീർന്നു.

ഈജിപ്തിലെ സന്യാസികളും ഓറിജന്റെ സ്തുതിപാഠകന്മാരായിരുന്നതിനാൽ അദ്ദേഹത്തിന്റെ ഉപദേശങ്ങളെ നൽപ്പുതിൽപ്പു നോക്കാതെ എല്ലാ

യിടത്തും വിതപ്പാൻ ശ്രമിച്ചു. ഇതു്, വീണ്ടും അസ്വാസ്ഥ്യത്തിനു കാരണമായി. റൂഫിനസ്സു്, ഓറിജനെ താങ്ങിയെഴുതി. ജെറോം അതിനു വിപരീതമായും എഴുതി.

ഓറിജപ്രസ്ഥാനംകൊണ്ടു കിഴക്കുരാജ്യത്താണു് അധികം വിഷമം ഉണ്ടായതു്. അലക്സന്ത്രിയാ ബിഷപ്പായ തിയോഫിലസ്, നിത്രിയായിലെ സന്യാസിമാരോടു ഓറിജന്റെ പുസ്തകങ്ങളും ചൂട്ടുകളയണമെന്നു കല്പിച്ചു. സന്യാസിമാർ ഇതിനെ എതിർത്തു. ആ വിശ്രുതന്റെ എഴുത്തുകളുടെ ഇടയിൽ കാണുന്ന അംഗീകാര്യമല്ലാത്ത വാക്യങ്ങളും ഏതൊ ഇടത്തുള്ളുകാർ എഴുതിച്ചേർത്തതാണെന്നും, നിന്ദ്യമായി കാണുന്ന ഏതാനും ഭാഗങ്ങളും നിമിത്തം പ്രബന്ധങ്ങളെ ആകെ തള്ളുന്നതു് ശരിയല്ലെന്നുമായിരുന്നു അവരുടെ വാദം. തിയോഫിലസ് ഈ അഭിപ്രായത്തെ തൃണവൽകരിച്ചു് 399—ൽ അലക്സന്ത്രിയാപട്ടണത്തിൽ ഒരു സുന്നഹദോസു വിളിച്ചുകൂട്ടി, ഓറിജൻ കക്ഷികളെ കുറ്റം വിധിക്കയും പട്ടാളത്തെക്കൊണ്ടു നിത്രിയാമലയിൽനിന്നു അവരെ ഓടിച്ചുകളകയും ചെയ്തു. ഇവർ ആദ്യം യെറുശലേമിലും അവിടെനിന്നു സൈത്തോപോലീസിലും ഓടിയെത്തി, ഒടുവിൽ അവിടെയെങ്ങും സ്ഥിരവാസം ലഭിക്കായ്കയാൽ രാജാവിന്റെ മുമ്പിൽ തങ്ങളുടെ സങ്കടം സമർപ്പിക്കുവാൻ അവർ കസ്തന്തീനോസ്പോലീസിലേക്കു് കപ്പൽ കയറി.

അദ്ധ്യായം അഞ്ച്

ആചാരങ്ങളും ചടങ്ങുകളും

ക്രിസ്തുമതം പരത്തണമെന്ന മാത്രമുള്ള വെറും വിചാരത്താലും, കമ്പ ങ്ങൾക്ക വില വർദ്ധിപ്പിച്ച് തങ്ങളുടെ സ്ഥാനത്തിനു മഹിമ സമ്പാദിക്കണ മെന്നുള്ള ബിഷന്മാരുടെ താല്പര്യത്താലും ഈ ശതകത്തിൽ വളരെ ചടങ്ങുകളും വർദ്ധിക്കുന്നതിനിടയായി. സഭാകർമ്മങ്ങളും ആരാധനയും കഴിയുന്നതോടെ ആക ഷ്ണീയമാക്കിത്തീർക്കുന്നതിനു് അക്കാലത്തെ പുറജാതികളായ ഗ്രീക്കുകാ രുടെയും ആരാധനാസമ്പ്രദായങ്ങളെ സഭ അംഗീകരിച്ചു. ജാതികളും മരിച്ചു പോയിട്ടുള്ള തങ്ങളുടെ പൂർവ്വികന്മാരെ പൂജിക്കുന്ന ആ രീതിതന്നെ രക്തസാ ക്ഷികളുടെ സ്മാരക പെരുനാളുകളെ സംബന്ധിച്ചു സഭ അനുവർത്തിച്ചു തുടങ്ങി. ഈ ശതകത്തിൽ രണ്ടു കൂട്ടരുടേയും ആരാധനകളും കാണുന്നവർക്കു് അവ പര സ്പരം തിരിച്ചറിവാൻതന്നെ പ്രയാസമായിരുന്നു. രണ്ടിലും, തിളങ്ങുന്ന കുപ്പായങ്ങളും, മുടികളും, മുമ്മുടികളും, മെഴുകുതിരികളും, ഊരു വലുത്തു്, ശുദ്ധീ കരണവെള്ളം, പ്രതിമകളും, സ്വർണ്ണവും വെള്ളിയുംകൊണ്ടുള്ള പൂജാപാത്ര ങ്ങളും ഇത്യാദി അനേക സംഗതികളും ഒരുപോലെ കാണ്മാനുണ്ടായിരുന്നു.

കുസ്തന്തീനോസു് തന്റെ പൂർവ്വികന്മാരുടെ മതം ഉപേക്ഷിച്ച ഉടൻ ഇവിടെയും, വലിയ പള്ളികളും പണിയിച്ചു ജാതികളുടെ ക്ഷേത്രംപോലെ പടങ്ങളും പ്രതിമകളും ഇവകൊണ്ടു് അവയെ അലങ്കരിപ്പാൻ തുടങ്ങി. ഈ ദേവാലയങ്ങളും രണ്ടു തരമായിരുന്നു. അതിൽ ഒരുതരം, രക്തസാക്ഷികളുടെ ശവക്കുഴിക്കുമീതെ പണിയിച്ചിട്ടുള്ളതും, മർത്തുറിയ എന്നു വിളിക്കപ്പെട്ട തും ആയിരുന്നു. ഈ ആലയങ്ങളിൽ നിശ്ചിത സന്ദർഭങ്ങളിൽ മാത്രം ജനങ്ങളും കൂടിവന്നു. മറവു, പതിവായി നടന്നു വരുന്ന ആരാധന യോഗ ങ്ങൾക്കുള്ളതായിരുന്നു. ഇതിനെ ലത്തീൻകാർ തിത്തുലി എന്നു വിളിച്ചു വന്നു. ഈ ആലയങ്ങളുടെ പ്രതിഷ്ഠയ്ക്കു വലിയ ആഘോഷങ്ങളും ചടങ്ങുകളും ഉണ്ടായിരുന്നു.

മതത്തിന്റെ അധികഭോഗവും പള്ളിക്കെട്ടിടത്തിലാണു് അടങ്ങിയി രിക്കുന്നതു് എന്നു് അന്നുള്ളവർ വിചാരിച്ചുപോയി. പള്ളി പണിയുന്നവർക്കു് അതിന്റെ രക്ഷാധികാരംകൂടെ നൽകിയതിനാൽ പള്ളികളും പണിവാൻ അനേകർ പുറപ്പെട്ടു. ഈ ബാഹ്യ പരിശ്രമത്താൽ സത്യമതത്തിനു വേണ്ടി യുള്ള ഉദ്യമങ്ങളും കുറഞ്ഞുപോയി. ഒരു രാജ്യത്തു് എത്ര ക്ഷേത്രങ്ങളും കൂട്ടു ന്നുവോ അത്രത്തോളം, ദേവന്മാർക്കു് ആ ദേശത്തോട്ട വാത്സല്യം വർദ്ധി ക്കുന്നു എന്നായിരുന്നു ആ കാലത്തെ ജാതികളുടെ വിചാരം. ക്രിസ്ത്യാനിക ളുടെ മനസ്സിലും ഈ ഭാവംതന്നെ സ്ഥലംപിടിച്ചു. ക്രിസ്തുവിന്റെയും തന്റെ ദാസന്മാരുടെയും നാമത്തിൽ പള്ളികളും പണിയിച്ചിട്ടുന്നതു്, അവരുടെ അനു ഗ്രഹത്തിനുള്ള വഴിയാണെന്നുള്ള വിശ്വാസം വർദ്ധിച്ചു വന്നതോടുകൂടി പള്ളി കളും എന്നു പറയപ്പെട്ടുന്ന ദേവാലയങ്ങളെക്കൊണ്ടു ദിക്കുകളും നിറഞ്ഞു.

ക്രിസ്തീയ ആരാധനയിൽ പാട്ടും പ്രാർത്ഥനകളും വേദവായനയും പ്ര ബോധനവും ഒടുവിൽ കർത്താവിന്റെ അത്താഴവും അടങ്ങിയിരുന്നു. എന്നാൽ ഇവ ക്ഷേമിയമായിരിക്കുന്നതിനെക്കാളും കണ്ണുകൾക്കു് ഇമ്പമായിരി ക്കുന്നതിലാണു നേതാക്കൾ ശ്രദ്ധ വച്ചതു്. ചടങ്ങു വർദ്ധിപ്പിക്കാതെ കണ്ണു കളെ ആകർഷിക്കുവാൻ സാധിക്കുന്നതല്ലല്ലൊ. അതിനുവേണ്ടി ആരാധനയെ

ദീർഘീകരിക്കയും പല വിധത്തിൽ മോടി പിടിപ്പിക്കയും ചെയ്തു. പ്രസംഗാനന്തരം ഹസ്തതാഡനം ചെയ്യുന്ന സമ്പ്രദായം ഈ കാലത്തു സഭയിൽ നടപ്പുണ്ടായിരുന്നു എന്നു പറയപ്പെട്ടിരിക്കുന്നു.

ക്രിസ്ത്യാനികൾ ആഴ്ചവട്ടത്തിന്റെ ഒന്നാം ദിനംതോറും ആണല്ലൊ കൂടിവന്നിരുന്നതു്. ഈ ദിവസത്തെ പൂർവ്വാധികം വിശുദ്ധമായി ആചരിക്കണമെന്നു കുസ്തന്തിനോസു് ഒരു ചട്ടം ഉണ്ടാക്കി. മിക്ക സഭകളിലും യേശുക്രിസ്തുവിന്റെ ജനനം, മരണം, ഉയിർപ്പു്, സ്വർഗ്ഗാരോഹണം, പരിശുദ്ധാത്മാവിന്റെ അവരോഹണം എന്നീ പ്രധാന സംഭവങ്ങളെ അടിസ്ഥാനമാക്കി ആണ്ടിൽ അഞ്ചു ഘട്ടങ്ങൾ പെരുനാളുകളായി ആചരിച്ചു. കിഴക്കുള്ള ക്രിസ്ത്യാനികൾ ക്രിസ്തുവിന്റെ ജനനത്തിന്റെയും ജ്ഞാനസ്നാനത്തിന്റെയും സ്മാരകമായി ഒരു ഒറ്റ ദിവസം അതായതു് ജനുവരി 6—ാം തീയതി വേർതിരിച്ചു്, ആ ദിവസത്തിനു് എപ്പിഫനി എന്നു പേർ കൊടുത്തു. പടിഞ്ഞാറൻ ക്രിസ്ത്യാനികൾ ഡിസംബർ 25—ാം തീയതി ക്രിസ്തുവിന്റെ ജനനദിവസമായി ആചരിച്ചു. ചില ഭക്തന്മാർ ഈ വിശേഷദിവസങ്ങളെ വർദ്ധിപ്പിച്ചു. ഇതു തങ്ങളുടെ ധ്യാനത്തിനും പ്രാർത്ഥനയ്ക്കുമായിട്ടായിരിക്കാം, അവർ ആദിയിൽ വേർതിരിച്ചതു്. എന്നാൽ പിന്നീടു് ഇതിന്റെ കൊണ്ടാട്ടം ജാതികളുടെ ഉത്സവമട്ടിൽ ആയിത്തീർന്നു. കൂടാതെ, ഈ നൂറാണ്ടിലെ നോമ്പു ദിവസങ്ങൾ കഴിഞ്ഞ നൂറാണ്ടിൽ ഉണ്ടായിരുന്നതിനെക്കാൾ എണ്ണത്തിൽ വർദ്ധിച്ചു. മുൻപു് നോൻപു് അഥവാ ഉപവാസം എടുക്കുന്നവർ ഭക്ഷണ പാനീയങ്ങളിൽനിന്നു് അശേഷം ഒഴിഞ്ഞിരിക്കപതിവായിരുന്നു. ഈ ശതകത്തിൽ വന്നപ്പോൾ ഇറച്ചിയും വീഞ്ഞും മാത്രം ഉപേക്ഷിച്ചാൽ മതിയെന്നായി.

സ്നാനം ദേവാലയത്തിനടുത്തുള്ള വലിയ ബാപ്റ്റിസ്റ്ററിയി (സ്നാനസരസ്സി)ൽ വച്ചു നടത്തപ്പെട്ടു. ഈസ്റ്ററിലും പെന്തക്കോസ്തു കാലങ്ങളിലുമാണു സ്നാനം നടന്നതു്. ബിഷപ്പോ, അദ്ദേഹത്തിന്റെ ആജ്ഞ അനുസരിച്ചു പ്രസ്ബിറ്റർമാരോ ആയിരുന്നു കർമ്മനിർവോഹകർ. ചില സ്ഥലത്തു സ്നാനപ്പെടുന്നവന്റെ വായിൽ ശുദ്ധിയുടെയും വിവേകത്തിന്റെയും ലക്ഷ്യമായി ഉപ്പുകല്ലു് ഇട്ടു കൊടുത്തുവന്നു. സ്നാതനെ സ്നാനത്തിനു മുൻപും പിൻപും മൂഴുവൻ തൈലാഭിഷേകം ചെയ്കയും ഉണ്ടായിരുന്നു. സ്നാനപ്പെടുന്നവർ ഏഴു ദിവസത്തേക്കു വെളുത്ത കുപ്പായം ധരിച്ചു നടക്കണം. ഇതിനും പുറമെ, മറ്റു ചില ആചാരങ്ങൾ ഏതാനും കാലങ്ങളിലും ഏതാനും സഭകളിലും മാത്രം നടന്നിട്ടുള്ളതാകയാൽ ഇവിടെ വിവരിക്കുന്നില്ല.

സ്നാനാർത്ഥികൾക്കു ശിക്ഷാക്രമവും ഉപദേശവും കഴിഞ്ഞ ശതകത്തിലേതു തന്നെയായിരുന്നു. കർത്താവിന്റെ അത്താഴം ചില സഭകളിൽ ഞായറാഴ്ച മാത്രം നടന്നിരുന്നുവെങ്കിലും, പൊതുവെ ആഴ്ചയിൽ രണ്ടോ മൂന്നോ പ്രാവശ്യം ആചരിക്കപ്പെട്ടു. എന്നു മാത്രമല്ല, ആരാധനസ്ഥായി കൂടിവന്ന എല്ലാവരും ഇതിൽ സംബന്ധിക്കുകയും ചെയ്തു. രക്തസാക്ഷികളുടെ കല്ലറമേലും ശവക്കോട്ടയിൽവച്ചുമാണു് ഈ കർമ്മം അനുഷ്ഠിച്ചു വന്നതു്. ഇതിൽനിന്നാണുപോൽ മരിച്ചുപോയ വിശുദ്ധന്മാർക്കുവേണ്ടി കുർബാന അനുഷ്ഠിക്കുന്ന സമ്പ്രദായം നടപ്പായതു്. അപ്പവും വീഞ്ഞും ജനങ്ങൾ കണ്ടു് ആദരിക്കേണ്ടതിനായി ഭാഗിച്ചു കൊടുക്കുന്നതിനു മുൻപു് ഉയർത്തിക്കാണിച്ചുവന്നു. ഇതാണു് അപ്പവീഞ്ഞുകളുടെ മുൻപിൽ മുട്ടുകുത്തി വണങ്ങുവാൻ ജനങ്ങളെ നയിച്ചതു്. സ്നാനാർത്ഥികളെയും അനുതാപികളെയും ഭ്രഷ്ടബാധയുള്ളവരെയും ഈ വിശുദ്ധ കർമ്മത്തിന്റെ ആചരണസമയത്തു് ഇരിപ്പാൻ അനുവദിക്കപതിവില്ലായിരുന്നു.

ഈ ശതവർഷത്തിൽ പലമാതിരി വ്യത്യാസങ്ങളും സഭയുടെ ആരാധനകളിലും കർമ്മാചാരങ്ങളിലും സംഭവിച്ചു എങ്കിലും എഴുതപ്പെട്ട ആരാധനക്രമം ഈ നൂറ്റാണ്ടിലും ഇല്ലായിരുന്നു എന്നാണനുമാനിക്കേണ്ടതു്. അഡ്രിയാൻ ഫോർട്ടസ്ക്യു എന്ന റോമൻ കത്തോലിക്കു് പണ്ഡിതൻ എഴുതിയ The Mass, a study of the Roman Liturgy—എന്ന പുസ്തകത്തിൽ (Pages. 114, 115) ''അപ്പവും പാനപാത്രവും വാഴ്ത്തുന്ന പ്രാർത്ഥനയുടെ വാക്കുകളും പരിശുദ്ധന്മാരിൽ ആരു നമുക്കുവേണ്ടി എഴുതി വച്ചിട്ടുണ്ടു്,'' എന്നിങ്ങനെ വിശുദ്ധ ബസേലിയസ്സു് ചോദിക്കുന്നതായി പറഞ്ഞിരിക്കുന്നു. ഈ വാക്കിനെ ആധാരമാക്കി വേറൊരു കത്തോലിക്കു പണ്ഡിതനായ റെനോഡറ്റു് വാദിക്കുന്നതു് നാലാം നൂറ്റാണ്ടിൽ എഴുതപ്പെട്ട ഒരു തക്സായില്ലെന്നാണു്. നാലാം നൂറ്റാണ്ടിൽ എഴുതപ്പെട്ട തക്സാ ഉണ്ടായിരുന്നെങ്കിൽ ഏ. ഡി. 379—ൽ ചരമം പ്രാപിച്ച വിശുദ്ധ ബസേലിയോസ്സു് അതു് അറിയാതിരിപ്പാൻ അശേഷം ഇടയില്ലായിരുന്നു.

ഈ ശതകത്തിലും അടുത്ത ശതകത്തിലും അതായതു നാലും അഞ്ചും നൂറ്റാണ്ടുകളിൽ പള്ളികളെ രൂപങ്ങൾകൊണ്ടു് അലങ്കരിക്കുന്ന പതിവു കാണുന്നു. എങ്കിലും പ്രതിമാവന്ദനം (സ്വരൂപവണക്കം) നടപ്പായതു്, ആറാം നൂറ്റാണ്ടു മുതലാണു്. എന്നാൽ ഈ രണ്ടു പതിവുകളെയും ലംഘിച്ചു നിന്ന പള്ളികളും രണ്ടു കാലത്തും ഉണ്ടായിരുന്നു. പ്രതിരൂപവന്ദനയെപ്പറ്റി ആധുനികകാലത്തെ റോമൻ കത്തോലിക്ക പണ്ഡിതശിരോമണികളിൽ ഒരാളായ മോൺസിഞ്ഞോർ ഡുഷെയിൻ പറയുന്നതു കേൾക്കണം: ''പ്രതിമാരാധന ഉത്ഭൂതമാകുന്നതിനു മുമ്പുതന്നെ സമയം വേണ്ടിവന്നു. വിഗ്രഹാരാധനയോടു് അതിനു് ഏറ്റവും വലിയ സാമ്യം ഉണ്ടായിരുന്നു. പള്ളികളുടെയും സെമിത്തേരികളുടെയും വീടുകളുടെയും അലങ്കാരത്തിനായി എഴുത്തു രൂപങ്ങളും കൊത്തുരൂപങ്ങളും ഉപയോഗിച്ചിരുന്നതു്, അത്ഭുതശക്തിയുള്ളവയായി വിശ്വസിക്കപ്പെട്ടിരുന്ന പ്രതിമകളെയോ (Images) പ്രത്യേക സ്ഥലങ്ങളിലും പ്രത്യേക വിധത്തിലും സ്ഥാപിക്കപ്പെട്ടിരുന്ന ക്രിസ്തുവിന്റെയും അപ്പൊസ്തലന്മാരുടെയും പ്രതിരൂപങ്ങളെയോ പിൽക്കാലത്തു വന്ദിച്ചതിൽനിന്നു വ്യത്യാസപ്പെട്ടതാണു്. ഈ ഒടുവിൽ പറഞ്ഞ ആരാധന നാലും അഞ്ചും ശതകങ്ങളിൽ നടന്നിരുന്നു. എന്നാൽ അതു ക്രിസ്തുവിന്റെയും പരിശുദ്ധന്മാരുടെയും ബിംബങ്ങളെ അല്ല, പിന്നെയോ, ചക്രവർത്തിമാരുടെ പ്രതിരൂപങ്ങളെ ആയിരുന്നു. ഈ മാതൃകയിൽനിന്നാണു വിശുദ്ധ പ്രതിമകളുടെ മാർഗ്ഗസംബന്ധമായ നമസ്കാരം, അതു സഭയിൽ പ്രവേശിച്ചപ്പോഴും, ഉത്ഭവിച്ചതു്. അത്ഭുതശക്തിയുള്ള പ്രതിമകളെപ്പറ്റി പറയുന്ന പക്ഷം, അവയിൽ വിശ്വാസത്തെ പ്രസിദ്ധങ്ങളായി തീർന്നവ ഒന്നും, ആറാം നൂറ്റാണ്ടിനു പുറകിൽ പോകുമെന്നു തോന്നുന്നില്ല. തൽക്കാലം നമ്മുടെ ആലോചനയിലിരിക്കുന്ന കാലത്തു് (അഞ്ചാം നൂറ്റാണ്ടിൽ) അലങ്കാരത്തിനായി ഉപയോഗിച്ചുവന്ന പ്രതിമകളും മാതൃമെ ഉണ്ടായിരുന്നുള്ളു. അതുപോലും എല്ലാവരുടെയും ദൃഷ്ടിയിൽ അനുകൂലമായിരുന്നില്ല. ഉദ്ദേശം ഏ. ഡി. 300—ാമാണ്ടുണ്ടായ എൽവിറായിലെ സൂനാദോസ്സു്, പള്ളികളിൽ അവ പാടില്ലെന്നു വിരോധിച്ചു. അവ മാത്രമല്ല, യാതൊരുതരം ചായാപടവും പാടില്ലെന്നു വിരോധിച്ചു. നാലാം ശതകത്തിന്റെ അന്ത്യത്തിൽ വിശുദ്ധ എഫിഫാനിയസ്സു് ഇതേ നിലതന്നെ സ്വീകരിച്ചിരുന്നു. എന്നാൽ പൊതുവായ അഭിപ്രായം അങ്ങനെ അല്ലായിരുന്നു. കൂസ്തന്തിനോസിന്റെ കാലത്തു, റോമായിലേയും കൂസ്തന്തിനോസ്സുപോലീസിലേയും മറ്റനേക സ്ഥലങ്ങളിലേയും പള്ളികളും ധാരാളമായി അലങ്കരിക്കപ്പെട്ടിരുന്നു.'' ''ക്രിസ്തുമാർഗ്ഗത്തിൽ പരിശുദ്ധന്മാർ, തിരുശേഷിപ്പുകളും, പ്രതിമകളും എന്നിവയെക്കുറിച്ചുള്ള ആരാധന ഉണ്ടാക്കിയതു സാധാരണ ജനങ്ങളാണു്.'' (Early History of the

Christian Church by Monsignor. L. Duschesne Vol. III. Fifth Century. PP. 11, 12.)

നാലും അഞ്ചും ശതകങ്ങളിൽ പള്ളികളെ രൂപങ്ങൾകൊണ്ട് അലങ്കരിക്കുന്ന പതിവില്ലാതെ, രൂപങ്ങളെ വന്ദിക്കുന്ന പതിവില്ലായിരുന്നു എന്നും, രൂപംകൊണ്ടലങ്കരിക്കുന്ന ഏർപ്പാടുപോലും എല്ലാവർക്കും തൃപ്തികരമായിരുന്നില്ലെന്നും, പ്രതിമാരാധനയും മറ്റും സഭയിൽ കൊണ്ടുവന്നതു് സാധാരണ ജനങ്ങളാണെന്നും ഈ വലിയ റോമൻ കത്തോലിക്കു പണ്ഡിതൻ സമ്മതിക്കുന്നു.

നാലാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന വിശുദ്ധ എഫിഫാനിയസു് എന്ന പരിശുദ്ധൻ എഴുതിയ ദീർഘമായ ഒരു എഴുത്തു, ജെറോം എന്ന പിതാവു് ഗ്രീക്കിൽനിന്നു ലത്തീനിലേക്കു പരിഭാഷപ്പെടുത്തി തന്റെ കൃതികളോടുകൂടെ വച്ചിട്ടുണ്ടു്. ആ എഴുത്തിന്റെ ഒൻപതാം ഖണ്ഡിക ഭാഷാന്തരീകരിച്ചു താഴെ ചേർക്കുന്നു:

''അതു് ഒരു പള്ളിയാണെന്നു മനസ്സിലാക്കിക്കൊണ്ടു പ്രാർത്ഥിപ്പാൻ ഞാൻ അവിടെ പോയി. പള്ളിയുടെ വാതിലുകളിൽ രൂപമുള്ള ഒരു തിരശ്ശീല തൂങ്ങിക്കിടക്കുന്നതായി ഞാൻ കണ്ടു. ക്രിസ്തുവിന്റെയോ പരിശുദ്ധന്മാരിൽ ഒരാളിന്റെയോ രൂപം അതിന്മേൽ ഉണ്ടായിരുന്നു. ഇതു കണ്ടപ്പോഴാം വേദോപദേശത്തിനു് എതിരായി ക്രിസ്തുവിന്റെ പള്ളിയിൽ ഒരു മനുഷ്യന്റെ രൂപം തൂക്കിയിട്ടതിനെപ്പറ്റി എനിക്കു വെറുപ്പുണ്ടാകയും അതു ഞാൻ വലിച്ചു കീറിയിട്ടു് അതു വല്ല പാവപ്പെട്ടവനും പുതയ്ക്കാൻ കൊടുക്കണമെന്നു് ആ സ്ഥലത്തിന്റെ സൂക്ഷിപ്പുകാരോടു പറകയും ചെയ്തു. അതു ഞാൻ വലിച്ചു കീറുന്നതിനു തീരുമാനിച്ച സ്ഥിതിക്കു് ആ സ്ഥലത്തേക്കു വേറൊരു തിരശ്ശീല കൊടുക്കാൻ ന്യായമുണ്ടെന്നു് അവർ പിറുപിറുത്തു. അതു കേട്ടുടനെ ഒരു തിരശ്ശീല കൊടുക്കുമെന്നു ഞാൻ സമ്മതിച്ചു.'' (Principal works of St. Jerome. Nicene & Post-Nicene Fathers Vol. VI. P. 89.)

അദ്ധ്യായം ആറ്

ശീശ്മയും ഇടത്തുട്ടകളും

ഈ ശതകത്തിൽ ഉണ്ടായ മുഖ്യമായ രണ്ടു ഭിന്നതകളിൽ ഒന്ന് ഡൊനാത്യരുടേയും മറ്റതു് അറിയൂസിന്റെയും ആയിരുന്നു. ഡോനാത്യരുടെ ഭിന്നത കാത്തേജിലെ ബിഷപ്പിന്റെ നിയമനം സംബന്ധിച്ചു് ഉണ്ടായിട്ടുള്ളതാണു്. ഉപദേശസംബന്ധമായ വലിയ ഭിന്നത ഇതിൽ ഇല്ല. എന്നാൽ ക്രിസ്തുസഭയെ ആകമാനം ഇളക്കിമറിച്ച അറിയൂസിന്റെ അഭിപ്രായങ്ങളും അതിനെ പ്രതിഷേധിച്ചു സഭ പുറപ്പെടുവിച്ചിട്ടുള്ള വാദങ്ങളും ശ്രദ്ധേയമാണു്.

കാത്തേജിലെ ബിഷപ്പായ മെൻഷ്യൂരിയസു മരിച്ചപ്പോഴും സമീപസ്ഥലങ്ങളിലുള്ള ബിഷപ്പന്മാർ ഒന്നിച്ചുകൂടി ഒരു അനുഗാമിയെ തിരഞ്ഞെടുക്കുകയുണ്ടായി. ഒരു ചെറിയ സംഘമാണു കൂടിയതു്. ബോടസ്, സെലഷ്യസ് എന്നിങ്ങനെ രണ്ടു പ്രസ്ബിറ്റർമാർ സ്ഥാനാർത്ഥികളായി നിന്നു എങ്കിലും ജനങ്ങളുടെ ഇഛാനുസരണം സെസിലിയൻ എന്ന ആർച്ചുഡീക്കനത്രെ തിരഞ്ഞെടുപ്പു കിട്ടിയതു്. ആശാഭംഗംവന്ന രണ്ടു പ്രസ്ബിറ്റർമാരും ഈ തിരഞ്ഞെടുപ്പിനു വിരോധം പ്രദർശിപ്പിച്ചു. ഈ പട്ടംകൊടുപതിവിനു വിപരീതമായി ന്യൂമീദിയബിഷപ്പന്മാരെ കൂടാതെയാണു കാത്തേജുകാർ നടത്തിയതു് എന്നുള്ള കാരണം പ്രമാണിച്ചു്, അവർ കാത്തേജിൽ കൂടി ജനങ്ങളുടെയും പട്ടക്കാരുടെയും സമ്മതിസഹിതം, സെസിലിയനെ ബിഷപ്പുസ്ഥാനത്തിനു് അയോഗ്യൻ എന്നു വിധിച്ചശേഷം, അയാളുടെ ഡീക്കനായിരുന്ന മജോറിനസ്സിനെ ബിഷപ്പായി അവരോധിച്ചു. സെസിലിയന്റെ അനർഹതയ്ക്കു ന്യൂമീദിയൻ ബിഷപ്പന്മാർ പറഞ്ഞ കാരണങ്ങളിൽ ഒന്നു്, ഡയോക്ലീഷന്റെ പീഡാകാലത്തു വിശുദ്ധഗ്രന്ഥം ശത്രുക്കൾക്കു് ഏല്പിച്ചുകൊടുത്ത ദ്രോഹിയായ അപ്തുംഗിസ്സിലെ ഫെലിക്സ് ബിഷപ്പുകൂടിയാണു് ഇയാൾക്കു പട്ടംകൊടുത്തതെന്നും, അയാൾ ദ്രോഹിയായിത്തീർന്നതുകൊണ്ടു സെസിലിയനു പരിശുദ്ധാത്മനൽവരം കൊടുപ്പാൻ ഫെലിക്സിനു ശക്യമല്ലെന്നും, വേറൊന്നു്, മേല്പറഞ്ഞ പീഡയിൽതന്നെ തടവിൽ കിടന്ന വേദസാക്ഷികൾക്കു് ആഹാരം കൊണ്ടുചെന്ന കൊടുപ്പാൻ വിരോധിച്ച കഠിനഹൃദയനാണെന്നുമായിരുന്നു. പുതിയ ബിഷപ്പിന്റെ പ്രതിഷ്ഠാപകന്മാരായ ന്യൂമിദിയൻ ബിഷപ്പന്മാരിൽ വളരെ വാശിയുള്ള ഡൊനേറ്റസ് എന്ന ആളിന്റെ പേരിനെ ആസ്പദിച്ചാണുപോൽ ഈ പക്ഷക്കാർക്കു ഡൊനാത്യർ എന്ന പേർ വന്നതു്. മറ്റു ചിലരുടെ അഭിപ്രായത്തിൽ, മജോറിനസ്സിന്റെ പിൻഗാമിയായ മഹാൻ എന്ന സ്ഥാനപ്പേർ ലഭിച്ച ഡോനേറ്റസ്സിൽ നിന്നാണെന്നാണു്. ഈദ്യശം ന്യൂമീദിയക്കാരാൽ വാഴിക്കപ്പെട്ട പുതിയ ബിഷപ്പിന്റെ കക്ഷിയിൽ മേല്പറഞ്ഞ ബോടസ്സും, സെലഷ്യസ്സും മാത്രമല്ല, അന്ധവിശ്വാസംനിമിത്തം മുമ്പു സെസിലിയന്റെ ന്യായമായ ശാസനസ്സു പാത്രീഭവിച്ചിരുന്ന ലൂസില്ലാ എന്ന പേരുള്ള ധനികയായ സ്ത്രീയും ചേർന്ന ഈ ശീശ്മയെ ശക്തിപ്പെടുത്തി.

സല്പകാലത്തിനുള്ളിൽ ഈ ഭിന്നത ന്യൂമീദിയായിൽ മാത്രമല്ല ആഫ്രിക്കാ ഒട്ടുക്കും പരന്നു. മിക്ക പട്ടണങ്ങളിലും സെസിലിയന്റെ ഭാഗത്തും മജോറിനസ്സിന്റെ ഭാഗത്തുമായി ഈരണ്ടു ബിഷപ്പന്മാരുണ്ടായിവന്നു. 313-ൽ ഡൊനാത്യർ ഈ ഭിന്നതയുടെ വിവരം കൻസ്തന്തീനോസ് ചക്ര

വർത്തിയെ ധരിപ്പിച്ചു. അദ്ദേഹം ഈ സംഗതി കേൾക്കുന്നതിനു് ഗോളിൽ നിന്നുള്ള മൂന്നു ബിഷപ്പന്മാർസഹിതം റോമായിലെ ബിഷപ്പായ മിൽക്കിയാദസ്സിനെ നിശ്ചയിച്ചു. ഈ കോടതി, സെസിലിയന്നു വിരോധമായി കൊണ്ടുവന്ന കുറ്റങ്ങളെ തിരസ്കരിച്ചുകളഞ്ഞു. എന്നാൽ സെസിലിയന്നു പട്ടംകൊടുത്ത അപ്തുംഗിസ്സിലെ ഫെലിക്സിന്റെമേൽ ചുമത്തപ്പെട്ട ചാർജ്ജുകളെക്കുറിച്ചു് അവർ ഒരു വിസ്താരവും നടത്തിയില്ല. അതുകൊണ്ടു ചക്രവർത്തി 314—ൽ ഫെലിക്സിന്റെ കേസ്സു് ആഫ്രിക്കയിലെ തന്റെ പ്രോക്കോൺസുലരായ ഈലിയനെ ഏല്പിച്ചു. അയാൾ ഫെലിക്സിനെ നിർദ്ദോഷി എന്നു വിധിക്കയാൽ, ഡൊനാത്യർ മിൽക്കിയാദസ്സിന്റെയും ഈലിയന്റെയും തീരുമാനങ്ങൾക്കെതിരായി വളരെ ആക്ഷേപങ്ങൾ പറഞ്ഞു. വിശേഷിച്ചു, ന്യായാധിപതികളായി മിൽക്കിയാദസ്സിനോടു ചേർന്നു പ്രവർത്തിച്ച ബിഷപ്പന്മാരുടെ സംഖ്യ തീരെ ചുരുക്കമായിപ്പോയെന്നു് അവർ എതിർവാദം പുറപ്പെടുവിച്ചു. നൃമീദിയായിലെ എഴുപതു വന്ദ്യബിഷപ്പാന്മാരുടെ ന്യായാനന്തരണമായ തീരുമാനത്തിനു്, തീർച്ചയായും റോമയിൽകൂടിയിരുന്നവരും ആഫ്രിക്കയിലെ നടപടികളെക്കുറിച്ചു യാതൊരു പരിചയമില്ലാത്തവരുമായ, കേവലം പത്തൊൻപതു ബിഷപ്പന്മാരുടെ തീരുമാനത്തേക്കാൾ ഘനമുണ്ടായിരിക്കണമെന്നു് അവർ വാദിച്ചു. ഈ പിറുപിറുപ്പു ശമിപ്പിക്കുന്നതിനു് ചക്രവർത്തി അധികം വലുതായ ഒരു ന്യായസഭ ആർലസ്സിൽ കൂടേണ്ടതിനു കല്പന കൊടുത്തു. ഇതിൽ ഇറലി, ഗോൾ, ജർമ്മനി, സ്പെയിൻ എന്നീ പ്രോവിൻസുകളിലെ ബിഷപ്പന്മാർ ഉൾപ്പെട്ടിരുന്നു. ഈ വിചാരണയിലും ഡൊനാത്യർക്കു തോൽവി പറ്റി. ചക്രവർത്തിതന്നെ ഈ കേസ്സു കേട്ടു തീരുമാനിക്കണമെന്നു് അവർ അപ്പീൽ കൊടുത്തു. അദ്ദേഹം ഈ അപേക്ഷയെ നിരസിക്കാതെ 316—ൽ രണ്ടു കക്ഷികളും മിലാനിൽ വന്നുചേർന്നുകൊള്ളണമെന്നു് ആജ്ഞാപിച്ചു. അദ്ദേഹത്തിന്റെ തീരുമാനവും ഡൊനാത്യർക്കെതിരായിവന്നു. ഇതു നിമിത്തം, ഈ വഴങ്ങാത്ത കൂട്ടർ ചക്രവർത്തിയെത്തന്നെ ശകാരിച്ചുതുടങ്ങി. ചക്രവർത്തിയുടെയും സെസിലിയന്റെയും സ്നേഹിതനായ കൊർഡോവായിലെ ബിഷപ്പായ ഹോസിയസ്സു് നീതികെട്ട ഈ തീരുമാനം ചെയ്വാൻ ചക്രവർത്തിക്കു ദുർബോധനകൊടുത്തു എന്നു് അവർ സങ്കടം പറഞ്ഞു. ഇതുകൊണ്ടു ചക്രവർത്തിക്കു കോപമിളകി, ആഫ്രിക്കയിലുള്ള അവരുടെ പള്ളികളും അവരിൽ നിന്നു പിടിച്ചെടുക്കുന്നതിനും അവരുടെ ബിഷപ്പന്മാരെ നാടുകടത്തുന്നതിനും കല്പിച്ചു. (ഏ. ഡി. 316). ചില ബിഷപ്പന്മാർ ഈ മർദ്ദനത്തെ അശേഷം വകവയ്ക്കാതെ നാവും പേനയും ഉപയോഗിക്ക നിമിത്തം കൊല്ലപ്പെട്ടു. ഇതിന്റെ ഫലമായി ആഫ്രിക്കയിൽ ഉഗ്രമായ കലാപങ്ങളും ലഹളകളും ഉണ്ടായി. കാരണം ഈ ഡൊനാത്യകക്ഷി പ്രസ്തുത ഭ്രഖണ്ഡത്തിൽ സംഖ്യാധികവും ശക്തിമത്തുമായിരുന്നു.

ഈ ഭയങ്കര ബഹളങ്ങൾക്കിടയിലത്രേ സെർക്കംസെലിയനീസ് (Circumcelliones) എന്നൊരു സംഘം എഴുന്നേറ്റതു്. ഈ സംഘം അപരിഷ്കൃതന്മാരും മര്യാദവിഹീനന്മാരുമായ ഗ്രാമവാസികളിൽനിന്നു് ചേർന്നുവന്നിട്ടുള്ളതും, ക്രൗര്യവും സാഹസവും രക്തപ്രിയവും നിറഞ്ഞതുമായിരുന്നു. ഇവർ ഡൊനാത്യഭോഗത്തെ പ്രബലീകരിപ്പാൻ ആയുധങ്ങളോടുകൂടി ആഫ്രിക്കയിലെങ്ങും ചുറ്റിനടക്കുകയും അവർ സഞ്ചരിക്കുന്ന സംസ്ഥാനങ്ങളിൽ തങ്ങളുടെ ശത്രുക്കൾക്കെതിരായി കലഹപാതകം, പിടിച്ചുപറി, തീവയ്പു് മുതലായ ഭയങ്കര കൃത്യങ്ങളും നടത്തുകയും ചെയ്തു. മരണത്തെയാകട്ടെ മറ്റേതു പകടങ്ങളെയാകട്ടെ ലേശംപോലും ഗണിച്ചിട്ടില്ലാത്ത ഈ ഭ്രാന്തു പിടിച്ച സംഘം എപ്പോഴെങ്കിലും മരിക്കേണ്ടിവന്നാൽ കണ്ടുനില്ക്കുന്നവർ അമ്പരന്നു പോകത്തക്കവണ്ണം എത്രയും ധൈര്യത്തോടുകൂടി മരിക്ക പതിവായി

രുന്നു. ഇക്കൂട്ടരെ, ഡൊനാത്യബിഷപ്പന്മാരോ വിവേകികളും ഭക്തന്മാരുമായ ആ സഭയിലെ അംഗങ്ങളോ പ്രോത്സാഹിപ്പിച്ചതായോ സമ്മതിച്ചിട്ടുള്ളതായോ വിശ്വസനീയരേഖയില്ല. ഈ ബഹളം വർദ്ധിച്ച് ഒരു സിവിൽയുദ്ധമായി പരിണമിക്കുമെന്നു കാണുകയാൽ ഒരു യോജിപ്പുണ്ടാക്കുന്നതിനു് ആഫ്രിക്കയിലെ നാടുവാഴികളുടെ നിർദ്ദേശാനുസരണം ചക്രവർത്തി നിഷ്ഫലമായി ശ്രമിക്കയുണ്ടായി. ഇതിനാൽ ഭഗ്നാശയനായിത്തീർന്ന ചക്രവർത്തി ഡൊനാത്യക്കെതിരായ നിയമങ്ങളെ പിൻവലിക്കുകയും ആഫ്രിക്കയിലെ ജനങ്ങളും തങ്ങൾക്കിഷ്ടമുള്ള ഭാഗത്തു ചേർന്നുകൊള്ളുന്നതിനു് അനുവദിക്കയും ചെയ്തു.

മഹാനായ കൂസ്തന്തീനോസ് മരിച്ചശേഷം അദ്ദേഹത്തിന്റെ പുത്രനായ കോൺസ്റ്റാൻസ് ഏ. ഡി. 348–ൽ ഈ പരിതാപകരമായ ശീശ്മയെ ശമിപ്പിക്കുന്നതിനും ഓർത്തഡോക്സ് ഭാഗക്കാരോടു ചേരുവാൻ ഡൊനാത്യരെ സമ്മതിപ്പിക്കുന്നതിനും തന്റെ സൈന്യോദ്യോഗസ്ഥന്മാരായ മക്കേറിയസ്സ്, പോളസ്സ് എന്നീ രണ്ടുപേരെ ആ രാജ്യത്തേക്കയച്ചു. എന്നാൽ ഇക്കൂട്ടത്തിന്റെ പേരിനു ഹേതുഭൂതനായ ഡൊനേറസ്സ്മഹാൻ എന്ന ബിഷപ്പു യോജിപ്പിനുള്ള ഈ ആലോചനയെ ശക്തിയായി എതിർത്തുനിന്നു. അപ്പോഴും മറ്റു ബിഷപ്പന്മാരും ഈ ദുഷ്ടാന്തത്തെ അനുകരിച്ചു. മക്കേറിയസ്സ് ഇവരെ ബാഗ്നിയായുദ്ധത്തിൽ തോല്പിച്ചശേഷം യോജിപ്പിനും സമാധാനത്തിനുംവേണ്ടി (അപേക്ഷിക്കാതെ) ആജ്ഞകൊടുത്തു. ഏതാനും ഡൊനാത്യർ അനുസരിച്ചു. ഭൂരിപക്ഷവും ഓടിപ്പോകുകയോ നാടുകടത്തപ്പെടുകയോ ചെയ്തു. ഇക്കൂട്ടത്തിൽ മഹാനായ ഡൊനേറസും ഉണ്ടായിരുന്നു. വളരെപ്പേർ അതിഘോരമായ ശിക്ഷ അനുഭവിച്ചു. പതിമൂന്നു വർഷത്തോളം നീണ്ടുനിന്ന ഈ ഡൊനാത്യമർദ്ദനത്തിൽ പരമാത്മീയും നിഷ്പക്ഷമാനസനും ദയാബുദ്ധിയുമായ ഒരുവനു നീതിയെന്നോ ന്യായമെന്നോ പറവാൻ അശേഷം കഴിയാത്ത കൃത്യങ്ങളും മറുഭാഗത്തുനിന്നു ചെയ്തിട്ടുണ്ടെന്നു് ഓർത്തഡോക്സുകക്ഷികളും തന്നെ സമ്മതിക്കുന്നു. ഇതിനാലത്രേ തങ്ങളുടെ പ്രതിയോഗികളുടെ ക്രൗര്യത്തെക്കുറിച്ചു ഡൊനാത്യർ ഇത്ര സങ്കടം പറവാൻ സംഗതിയായിട്ടുള്ളതു്.

ജൂലിയൻ (362) സിംഹാസനാരോഹണം ചെയ്തപ്പോൾ ഡൊനാത്യർ തങ്ങളുടെ രാജ്യത്തേക്കു മടങ്ങിവരുന്നതിനും പഴയ സ്വാതന്ത്ര്യം അനുഭവിച്ചുകൊള്ളുന്നതിനും അനുമതി കൊടുത്തു. അവർ തിരിച്ചുവന്ന ഉടൻ സ്വല്പകാലംകൊണ്ടു് ആഫ്രിക്കയുടെ ഒരു വലിയ ഭാഗത്തെ തങ്ങളുടെ കൂട്ടായ്മയിലേക്കു ചേർത്തു. ഗ്രാത്തിയാൻ ചക്രവർത്തി അവർക്കു വിരോധമായി ചില നിയമങ്ങൾ ഏർപ്പെടുത്തി എന്നുള്ളതു സത്യംതന്നെ. വിശേഷിച്ചു്, 387–ൽ അവരുടെ പള്ളികളെല്ലാം പിടിച്ചെടുക്കുന്നതിനും അവരുടെ യോഗങ്ങളും, വെളിനിലങ്ങളിലൊ വീടുകളിലൊ ആയിരുന്നാലും, പരിച്ചുവിട്ടുകളയുന്നതിനും കല്പന കൊടുത്തു. എന്നാൽ ഡൊനാത്യരുടെ പട്ടാളമായ സെർക്കംസെലിയണീസിന്റെ ക്രൗര്യത്തേയും സംഭാവ്യമായ ആഭ്യന്തരയുദ്ധത്തേയും ഭയന്നു് ഈ നിയമങ്ങളെ പ്രബലപ്പെടുത്തുവിൻ ഉദ്യോഗിച്ചില്ല. കാരണം ഈ നൂറാണ്ടിന്റെ അവസാനഭാഗത്തു് ആഫ്രിക്കയിലെ ഡൊനാത്യസഭയിൽ തന്നെ നാനൂറിൽപ്പരം ബിഷപ്പന്മാർ ഉണ്ടായിരിക്കത്തക്കവണ്ണം പ്രസ്തുത സഭ അത്രമാത്രം വിസ്തീർണ്ണമായിരുന്നെന്നു കാണുന്നു. എങ്കിലും നിരന്തരം തഴച്ചുവളർന്നുകൊണ്ടിരിക്കുന്ന ഈ സംഘത്തിന്റെ അതിമാത്രമായ അഭിവൃദ്ധിയെ രണ്ടു കാര്യങ്ങൾ പ്രതിഹനിച്ചു. അതിലൊന്നു്, അതിലുണ്ടായ ഒരു ഉൾപ്പിരിവും മറ്റതു്, ആദ്യം ഒരു പ്രസ്ബിറ്ററും പിന്നീടു ഹിപ്പോയുടെ ബിഷപ്പുമായ ഓഗസ്റ്റീന്റെ ഖണ്ഡനപരിശ്രമവുമായിരുന്നു.

ഡൊനാത്യർ, അവരുടെ ശത്രുക്കൾ സമ്മതിക്കുംപ്രകാരം തന്നെ ഉപദേശത്തെറ്റില്ലാത്തവരാണു്. അതുപോലെതന്നെ സെർക്കംസെലിയണീസിന്റെ

ക്രൂരകൃത്യങ്ങളെ ഒഴിച്ചാൽ അവരുടെ ജീവിതവും അനിന്ദ്യമായതുതന്നെ. ദൊനാത്യരിൽ ഭ്രഷ്ടപക്ഷവും സെർക്കംസെലിയണീസിനെ വിപരീതമായിരുന്നുവെന്നുള്ളതു സദാ സ്മരിക്കത്തക്കതാണ്. സെസിലിയനോടു ചേർന്നു നിൽക്കുന്നതുകൊണ്ടും അയാളുടെയും അയാളുടെ പട്ടംകൊടുത്ത അപ്തുംഗിസ്സിലെ ഫലിക്സിന്റെയും കുറ്റങ്ങൾ നിമിത്തവും, ആഫ്രിക്കൻസഭ സത്യസഭയെന്നുള്ള പദവിയും പരിശുദ്ധാത്മാവിന്റെ കൃപാവരങ്ങളും നഷ്ടപ്പെടുത്തിക്കളഞ്ഞുവെന്നു ദൊനാത്യർ വിചാരിച്ചതു മാത്രമായിരുന്നു, പ്രതിയോഗികൾക്ക് അവരുടെമേൽ ചുമത്തുവാനുണ്ടായിരുന്ന കുറ്റം. ആഫ്രിക്കയിലെ പൊതുസഭയോടു ചേർന്ന ഓരോ സഭകളേയും അശുദ്ധസംഘങ്ങളായിട്ടു മാത്രമേ ദൊനാത്യർക്കു കാണ്മാൻ കഴിഞ്ഞുള്ളൂ. ഈ കാരണത്താൽ ഇതര സഭകളോടു കൂട്ടായ്മ ചെയ്യാതെതന്നെ അവർ തങ്ങളുടെ നില കാത്തുപോന്നു. പൊതുസഭയുടെ കർമ്മങ്ങളും അവരുടെ അശുദ്ധിനിമിത്തം ഫലകരമല്ല എന്നു ദൊനാത്യർ വിശ്വസിച്ചിരുന്നതിനാൽ മറുസംഘങ്ങളിൽനിന്നു തങ്ങളുടെ അടുക്കലേക്കു വരുന്നവരെ അവർ വീണ്ടും സ്നാനപ്പെടുത്തുകയും പട്ടക്കാർ വന്നാൽ അവർക്ക് അഴിച്ചു പട്ടംകൊടുക്കുകയും ചെയ്തു. ഈ ദൊനാത്യമതം ആഫ്രിക്കയുടെ അതിരുകളെ കവിഞ്ഞു വ്യാപിക്കുവാൻ ഇടയായില്ല. കാരണം ദൊനാത്യർ സ്പെയിനിലും ഇറ്റലിയിലും സ്ഥാപിച്ചിരുന്ന ചെറിയ സംഘങ്ങൾ ദീർഘമായി നിലനിൽക്കാതെ നഷ്ടീഭവിച്ചുപോയി.

ദൊനാത്യസഭ ഈദൃശം, ഓത്തഡോക്സ സഭയാൽ പരാജിതമാക്കപ്പെട്ട എന്നു വരികിലും മുഹമ്മദീയാക്രമണംവരെ അതായതു്, മൂന്നു ശതവർഷത്തോളം, ആഫ്രിക്കൻസഭകൾക്ക് ഒരു മുള്ളായിത്തന്നെ ഇരുന്നു. ഈ വിസ്മീർണ്ണമായ ഭിന്നതയുടെ ചരിത്രം നാം വായിക്കുമ്പോൾ, മതസംബന്ധമായ കാര്യങ്ങളിൽ ചക്രവർത്തിക്കായിരുന്ന പരമാധികാരം എന്നുള്ളതിനു് ഈ തർക്കത്തെക്കാൾ അധികം സ്പഷ്ടമായ മറ്റു തെളിവുകൾ ഉണ്ടാകുവാൻ കഴിയുന്നതല്ല. ആ കാലത്തു മുഴുസഭയുടെയുംമേൽ ക്രിസ്തുവിനാൽ നിയുക്തനായ ഒരു പരമാധികാരി ഉണ്ടായിരുന്നുവെന്നു വിചാരിക്കുവാൻകൂടി നിവൃത്തിയില്ല. റോമയിലും ആർലസ്സിലും കൂടിവന്ന സമ്മേളനങ്ങളെ സുന്നഹദോസുകൾ എന്നാണു സാധാരണ വിളിക്കുന്നതു്. എന്നാൽ ആരെങ്കിലും നിഷ്പക്ഷബുദ്ധ്യാ പരിശോധിക്കുന്നതായാൽ അവയെ സുന്നഹദോസുകൾ എന്നു വിളിക്കുന്നതു ശരിയല്ല, പിന്നെയോ, ചക്രവർത്തിയാൽ നിയമിക്കപ്പെട്ട പ്രത്യേക ന്യായാധിപതിമാരുടെ കോടതികൾ അഥവാ ആധുനിക ഭാഷയിൽ പറയുമെന്നിരുന്നാൽ ഹൈക്കമ്മീഷൻ കോടതികൾ എന്നു മാത്രമേ പറവാൻ നിവൃത്തിയുള്ളൂ.

ഈ അഭിപ്രായത്തോടു യോജിച്ചു ഡോക്ടർ വാൽഷ് (Dr. Walch) തന്റെ Historie der Ketzereyen എന്ന പുസ്തകം 4—ാം വാല്യം 343—ാം പുറത്തു പറയുന്നതാവിതു: ''ഈ വാദം അവസാനിപ്പിച്ചു സമാധാനം പുനഃസ്ഥാപിക്കുന്നതിനു സമസ്തവും ചെയ്തിട്ടുള്ളതു ചക്രവർത്തിയാണു്. റോമയിലെ ബിഷപ്പു് യാതൊന്നു ചെയ്തിട്ടില്ല. ഇതു സംബന്ധിച്ചുള്ള അസംഖ്യം നടപടികളിൽ മെൽക്കിയാദസ് എന്ന ബിഷപ്പിനെ ഒരിക്കൽ മാത്രമേ കാണുന്നുള്ളൂ. അപ്പോഴും അദ്ദേഹത്തെ സഭയുടെ ശ്രേഷ്ഠശിരസ്സായിട്ടല്ല, പിന്നെയോ ചക്രവർത്തിയുടെ കല്പന നടത്തുവാൻ ചുമതലപ്പെട്ടിട്ടുള്ള അദ്ദേഹത്തിന്റെ ഒരു കമ്മീഷ്ണർ മാത്രമായിട്ടാണു്. പാപ്പായുടെ ബൃഹായോ റോമയിലേക്കുള്ള അപ്പീലോ യഥേഷ്ടമായ ഒരു തീരുമാനമോ ഇവിടെ സ്മരിക്കുവാൻപോലുമില്ല. അതുകൊണ്ടു് അക്കാലത്തു് ആഫ്രിക്കയിലെ സഭാനിയമസംഹിതയിൽ പാപ്പായുടെ അധികാരത്തെക്കുറിച്ചുള്ള യാതൊരു പ്രസ്താവനയും കാണുന്നില്ല. നേരെമറിച്ചു് ആദിമുതൽ ദൊനാത്യരുടെ അവസാന കീഴടങ്ങൽവരെ, നാം എല്ലായിടത്തും ചക്രവർത്തി, രാജകീയ

നിയമങ്ങളും, രാജകീയ ശിക്ഷകരും, രാജകീയ കമ്മനിർവാഹകന്മാർ, എന്നിവ അവയുടെ പൂർണ്ണപ്രവൃത്തികളും ചെയ്തുകൊണ്ടിരിക്കുന്നതായി മാത്രം കാണുന്നു.

മിലാനിൽവച്ചുള്ള കുസ്തന്തീനോസിന്റെ തിരുവെഴുത്തു വിളംബരം മൂലം സഭകളും സമാധാനം അനുഭവിച്ചുകൊണ്ടിരിക്കുമ്പോളും അറിയുസ്മതം ഉത്ഭവിച്ചു സഭയ്ക്ക് ഉഗ്രമായ അസ്വാസ്ഥ്യം ഉണ്ടാക്കിത്തീർത്തു.

ഈ അറിയോസ്മതത്തിന്റെ ഉല്പത്തി വാസ്തവത്തിൽ നോസ്റ്റിക്കു മതത്തിൽനിന്നാകുന്നു. അദ്ധ്യാത്മവിദ്യ തിളച്ചുപൊങ്ങിക്കൊണ്ടിരിക്കുന്ന അലക്സന്ത്രിയാ ആയിരുന്നു ഇതിന്റെ ജന്മസ്ഥലം. സാമോസാറ്റായിലെ പോളും, ലിബിയായിലെ സബലിയസും, മൂന്നാം നൂറ്റാണ്ടിൽ ഉപദേശിച്ച ഉപദേശങ്ങളത്രെ നാലാം നൂറ്റാണ്ടിൽ അറിയൂസ് ഉപദേശിച്ചതു്. ഇതിന്റെ ഉല്പത്തി താഴെ വരുംവിധമാണെന്നു കാണുന്നു. അലക്സന്ത്രിയായിലെ ബിഷപ്പായ അലക്സാണ്ടർ ഒരിക്കൽ പ്രസ്ബിറ്റർന്മാരുടെ ഒരു യോഗത്തിൽ ത്രിത്വത്തെപ്പറ്റി സവിസ്തരം സംസാരിക്കയുണ്ടായി. അപ്പോൾ പ്രസ്ബിറ്റർന്മാരിൽ ഒരുവനായ അറിയൂസ്, അലക്സാണ്ടറിനോടു ചില ചോദ്യങ്ങൾ ചോദിക്കയും അദ്ദേഹത്തിന്റെ പ്രസംഗത്തിൽ സബല്യൻ അഭിപ്രായങ്ങൾ വരുന്നുണ്ടെന്നു പറകയും ചെയ്തു. ഈ സംവാദം മുറുകിവന്നപ്പോൾ അറിയൂസ് പ്രസ്തുതവിഷയത്തെക്കുറിച്ചു തനിക്കുള്ള അഭിപ്രായവും പ്രകാശിപ്പിക്കേണ്ടിവന്നു. ഇതു വാസ്തവത്തിൽ, ക്രിസ്തുവിന്റെ ദൈവത്വനിഷേധത്തിൽ കലാശിച്ചു. ശക്തിയിലും മഹത്വത്തിലും ക്രിസ്തു മറ്റുള്ള സൃഷ്ടിയേക്കാൾ അത്യന്തം ഉന്നതനാണെങ്കിലും ഇല്ലായ്മയിൽനിന്നു സൃഷ്ടിക്കപ്പെട്ട ഒരു സൃഷ്ടി മാത്രമാണ് എന്നും അതിനാൽ ക്രിസ്തു പിതാവിനു സമനല്ല എന്നും അറിയൂസ് വാദിച്ചു. സ്ഥിരപ്പെടുത്തി. പരിശുദ്ധാത്മാവിനെ സംബന്ധിച്ചുള്ള അറിയൂസിന്റെ അഭിപ്രായം വ്യക്തമായിട്ടില്ല.

അറിയൂസ്, തന്റെ ഖ്യാപനത്തെ എതിർക്കയും പ്രാഗ്രക്താഭിപ്രായങ്ങൾ പുറപ്പെടുവിക്കുകയും ചെയ്തതിൽ കുപിതനായ അലക്സാണ്ടർ, അറിയൂസിന്മേൽ ദൈവദൂഷണക്കുറ്റം ചുമത്തി, അന്തിക്രിസ്തുവിന്റെ അഗ്രഗാമിയും അക്ഷന്തമായി അറിയൂസ് ദിവ്യവീണ്ടെടുപ്പുകാരനു വിരോധമായി ദൂഷണങ്ങൾ പറവാൻ തുനിഞ്ഞു എന്നു വിളിച്ചുപറഞ്ഞു. അലക്സന്ത്രിയായിൽകൂടിയ രണ്ടു സുന്നഹദോസുകൾ അറിയൂസിനെ വിസ്തരിച്ചു സഭയ്ക്കു പുറത്താക്കി. ഇതുകൊണ്ടു് അധൈര്യപ്പെടാതെ അറിയൂസ് ഫലസ്തീനിലേക്കു പോയി. അനേകർ അയാളോടു ചേർന്നു. സഭാചരിത്രകാരനും കൈസറിയായിലെ ബിഷപ്പുമായ യൂസീബിയസ്, വളരെ സ്വാധീനശക്തിയുള്ള നിക്കമേദ്യയിലെ ബിഷപ്പായ യൂസീബിയസ്, എന്നീ രണ്ടു പ്രധാന ബിഷപ്പന്മാരും ഇക്കൂട്ടത്തിലുണ്ടായിരുന്നു.

ചക്രവർത്തിയുടെ അടുക്കലേക്കു അപ്പീൽ ചെയ്യത്തക്കവണ്ണം അറിയൂസിന്റെ അഭിപ്രായംകൊണ്ടുള്ള ഭിന്നത വിഷമനിലയിലെത്തി. അലക്സാണ്ടറും അറിയൂസും പരസ്പരവിദ്വേഷം വെടിഞ്ഞു യോജിച്ചുപോകണമെന്ന ചക്രവർത്തി അവർക്കെഴുതി. എന്നാൽ വാദവിഷയം ക്രിസ്തുവിന്റെ ദൈവത്വവും മഹിമയും സംബന്ധിച്ചുള്ളതും തദ്വാരാ ആത്മാക്കളുടെ രക്ഷയെ സ്പർശിക്കുന്നതുമായിരുന്നു എന്നുള്ളതിനാൽ ഇതിനെ ഒതുക്കിവയ്ക്കുന്നതിനു സാധിക്കുകയില്ലായിരുന്നു.

കൂടാതെ കോർഡോവായിലെ ബിഷപ്പായ ഹോസിയസിനെ ഈ തർക്കത്തിനു മദ്ധ്യസ്ഥം വഹിപ്പാൻ ചക്രവർത്തി എജിപ്തിലേക്കു് അയച്ചു. എന്നാൽ അദ്ദേഹം അവിടെ ചെന്നപ്പോൾ ഇതു് ഒരു അസാധാരണ ശണ്ഠയാണെന്നു് അദ്ദേഹം മനസ്സിലാക്കി.

ഇത്രയും ആയപ്പോഴാണ് ചക്രവർത്തിക്കു വിഷയത്തിന്റെ ഗൌരവം മനസ്സിലായതു്. അതിനാൽ തക്കനിവാരണത്തിനായി നിഖ്യായിൽ ഒരു സാർവ്വലൗകിക സുന്നഹദോസു വിളിച്ചുകൂട്ടുവാൻ അദ്ദേഹം തീരുമാനിച്ചു.

ഈ സുന്നഹദോസിൽ 318 ബിഷോപ്പന്മാരും വളരെ പട്ടക്കാരും ശെമ്മാശ്ശന്മാരും വന്നുകൂടി. ഇവരിൽ പലരും കഴിഞ്ഞ മതപീഡയിൽ അംഗഭംഗം വന്നിട്ടുള്ളവരായിരുന്നു. തിബെയിഡ് എന്ന സ്ഥലത്തെ ബിഷപ്പായ പഫ്നുത്തിയസിനു് ഒറ്റക്കാൽ മാത്രമെ ഉണ്ടായിരുന്നുള്ളു. കൂടാതെ ഒരു കണ്ണും നഷ്ടപ്പെട്ടുപോയിരുന്നു. നിയോകൈസറിയിലെ ബിഷപ്പായ പോഫം തീയിൽ വറുക്കപ്പെട്ട ഒരു കൈ ഉയർത്തിയാണു് ആശീർവാദം പറഞ്ഞതു്. ഹെറക്ലീയ ബിഷപ്പു് നൈൽവനങ്ങളിൽ പാർത്ത ഒരു സന്യാസി ആയിരുന്നു. നിസിബിക്കാരനായ യാക്കോബു്, യോഹന്നാൻ ബപ്തിസ്തിനേപ്പോലെ ഒട്ടകരോമംകൊണ്ടുള്ള ഉടുപ്പുധരിച്ച വേഷത്തിലാണു് അവിടെ വന്നതു്. ഈ ആലോചനാസംഘത്തിനു് ആളുകളെ ക്ഷണിച്ചിരുന്നതു് ചക്രവർത്തിതന്നെ ആയിരുന്നു. രാജ്യവും സഭയുമായി കൈകൊടുക്കുന്ന കാഴ്ച ഈ സുന്നഹദോസിൽ കാണ്മാനുണ്ടായിരുന്നു. ജൂലൈ മൂന്നാം തീയതിവരെയ്ക്കും ചക്രവർത്തി വന്നുചേർന്നിരുന്നില്ല. പിറേറദിവസം സുന്നഹദോസു് കൂടുന്നതിനുള്ള സ്ഥലമായി നിശ്ചയിക്കപ്പെട്ടിരുന്ന രാജധാനിയിലെ ഒരു വലിയ ഹോളിൽ ബിഷപ്പന്മാർ വന്നുകൂടി. രാജ്യത്തെ വലിയ ഉദ്യോഗസ്ഥന്മാരും പ്രതാപശാലികളായ മറ്റു മഹത്തുക്കളും ഹോളിൽ പ്രവേശിച്ചപ്പോഴാണ് സഭ മുഴുവൻ നിശ്ശബ്ദമായിരിക്കയും എല്ലാവരുംകൂടെ ചക്രവർത്തിയുടെ വരവിനുവേണ്ടി സഗൌരവം കാത്തിരിക്കയും ചെയ്തു. അല്പം കഴിഞ്ഞു്, കുസ്തന്തീനോസു് പ്രവേശിച്ചു അദ്ദേഹം വിശേഷവിധിയായി വസ്ത്രധാരണം ചെയ്തിരുന്നു. അദ്ദേഹത്തിന്റെ കുപ്പായത്തിൽ പതിച്ചിരുന്ന വിലയേറിയ രത്നങ്ങളുടെയും സ്വർണ്ണത്തിന്റെയും കാന്തികൊണ്ടു് ബിഷോപ്പന്മാരുടെ കണ്ണുകളും മങ്ങിപ്പോയി. സഭ മുഴുവൻ എഴുന്നേറ്റുനിന്നു. അദ്ദേഹം സാവധാനത്തിൽ മുന്നോട്ടുനടന്നു. തനിക്കു വേണ്ടി അവിടെ തയാറാക്കിയിരുന്ന സ്വർണ്ണസിംഹാസനത്തിൽ ഇരുന്നശേഷം മറ്റുള്ളവർ ഇരിപ്പാൻ അനുവദിച്ചു. അനന്തരം ഒരു സ്തോത്രഗാനം പാടി സമ്മേളനം ആരംഭിച്ചു. സമാധാനത്തെയും യോജിപ്പിനെയും ഉദ്ദേശിച്ച ചക്രവർത്തി ഒരു പ്രസംഗം പറഞ്ഞു. സുന്നഹദോസു് രണ്ടുമാസത്തിലധികം നീണ്ടുനിന്നു. അധികസമ്മേളനങ്ങളിലും ചക്രവർത്തിതന്നെയായിരുന്നു അദ്ധ്യക്ഷം വഹിച്ചതു്.

ഈ മഹാസമ്മേളനത്തിൽവച്ചാണു നിഖ്യാ വിശ്വാസപ്രമാണത്തിന്റെ ഏതാനുംഭാഗം രൂപവൽകരിച്ചതു്. സുന്നഹദോസുകാർ ക്രിസ്തുവിന്റെ ദൈവത്വത്തെയും പിതാവിനോടുള്ള അവന്റെ സമത്വത്തെയും ഉറപ്പിച്ചു് അറിയൂസിനോടു പല ചോദ്യം ചെയ്തു. തന്റെ അഭിപ്രായങ്ങളെ അറിയൂസു് തുറന്നുപറഞ്ഞു. തൽഫലമായി അയാളെ മുടക്കുകയും സുന്നഹദോസു് രേഖപ്പെടുത്തിയ വിശ്വാസപ്രമാണത്തിൽ ഒപ്പിടാൻ മനസ്സില്ലാത്ത അറിയൂസിനേയും അവന്റെ അനുഗാമികളേയും ചക്രവർത്തി നാടുകടത്തുകയുംചെയ്തു.

അറിയൂസിന്റെ ചരിത്രം

ഇടത്തുട്ടുകാരിൽ എത്രയും പ്രസിദ്ധനായ ഇയാൾ 256–ൽ ലിബിയയിലോ അലക്സന്ത്രിയയിലൊ ആയിരുന്നു ജനിച്ചതു്. 336–ൽ കുസ്തന്തീനോസ്പോലീസിൽവെച്ചു് മരിക്കയും ചെയ്തു. അന്ത്യോക്യയിലെ പ്രസ്ബിറ്ററായ ലൂഷ്യന്റെ അടുക്കലായിരുന്നു ഇയാളുടെ വിദ്യാഭ്യാസം. പിന്നീടു് അലക്സന്ത്രൻ സഭയിൽ പ്രസ്ബിറ്ററായിത്തീർന്ന ഇദ്ദേഹത്തിനു്

സഭയിൽ ഒരു മുഖ്യസ്ഥാനം ഉണ്ടായിരുന്നു. ഇങ്ങനെ ഇരിക്കുമ്പോഴാ (എ.ഡി. 318–ൽ) ക്രിസ്തുവിന്റെ അനാദിദൈവത്വത്തെക്കുറിച്ചു അല ക്സാന്ത്യാ ബിഷപ്പുമായി വാദം ഉണ്ടായതു്. ക്രിസ്തു പിതാവിൽനിന്നു് വിഭി ന്നമായ ഒരു മൂത്തിയാണെന്നും ലോകോൽപത്തിക്കു മുൻപുള്ള ഒരു ദൈവ സൃഷ്ടിയാണെന്നും അഭിപ്രായപ്രകടനം ചെയ്തുകൊണ്ടു ബിഷപ്പിന്റെ പഠന ത്തെ എതിർത്തു. അറിയൂസു് ദീർഘകായനും കൃശനും തപസ്വിയും വിദ്വാനും മധുരമായി പ്രസംഗിക്കുന്നവനും വലിയ വാദനിർബന്ധിയും ആയിരുന്നു. അയാളുടെ നടത്ത അനിന്ദ്യമായിരുന്നു എന്നു തദ്വിഷയമായി ശത്രുക്കളും യാതൊരു ദൂഷ്യവും പറയാതിരുന്നതുകൊണ്ടു തീരുമാനിക്കാം. ഈ ഉപദേശ പ്പിശകില്ലായിരുന്നു എങ്കിൽ അറിയൂസു് അത്യാദരണീയനായിരുന്നേനേ എന്നു് ഒരു എഴുത്തുകാരൻ പറഞ്ഞിട്ടുണ്ടു്. തന്റെ ബിഷപ്പായ അലക്സാ ണ്ഡറിനോടു് അയാളം എതിർക്കുവാനുള്ള കാരണത്തെപ്പറ്റി ശത്രുക്കളും പറയു ന്നതു്, അയാളുക്കു വ്യക്തിപരമായി ബിഷപ്പിനോടുണ്ടായിരുന്ന അസൂയ നിമിത്തമായിരുന്നു എന്നാണു്. അസൂയസ്സു് കാരണം, ബിഷപ്പായി അറി യൂസിനെ തിരഞ്ഞെടുക്കാതെ അലക്സന്ത്രിനെ തിരഞ്ഞെടുത്തതാണ പോൽ. അലക്സന്ത്ര്യായിലെ സൂനഹദോസു് അറിയൂസിനെ കുറ്റംവിധി ക്കയാൽ അയാളം പട്ടണംവിട്ട. എന്നാൽ യൂസീബിയസ്സും നിക്കമേദ്യയിലെ യൂസീബിയസ്സും അയാളെ ദയാപൂർവ്വം അംഗീകരിച്ചു. മാത്രമല്ല, ഏഷ്യയിലെ മിക്ക സഭകളും അറിയൂസിന്റെ അഭിപ്രായത്തോടു യോജിപ്പുള്ളവയായി രുന്നു. ഈ ബഹിഷ്ക്കരണത്തോടുകൂടി സ്വല്പം ഒരു ശാന്തത ഉണ്ടായി എങ്കിലും അറിയൂസു് വീണ്ടും അലക്സന്ത്ര്യയിൽ വന്ന ഉടൻ ബഹളം പൂർവ്വാ ധികമായി വർദ്ധിച്ചു. കൂസ്തന്തിനോസു് ചക്രവർത്തി അലക്സന്തറിനും അറിയൂസിനും കൊർഡൊവായിലെ ബിഷപ്പായ ഹൊസിയൂസുവശം കൊടു ത്തയച്ച എഴുത്തുകൊണ്ടും ഫലമുണ്ടായില്ല. പ്രസ്തുത വിപ്ലവം ക്രൈസ്തവ ലോകം ഒട്ടുക്കും മാറിറാലിക്കൊണ്ടു. അറിയൂസിനു ശക്തിമാന്മാരായ അസം ഖ്യസ്നേഹിതന്മാർ ഉണ്ടായിരുന്നിട്ടും നിഖ്യാസൂനഹദോസിൽവെച്ചു് അയാളം തോറ്റുപോയി. തൽഫലമായി അയാളം ഇല്ലീറിയയിലേക്കു നാടുകടത്ത പ്പെട്ടു. എന്നാൽ അചിരേണ, കാറ്റു വിപരീതമായി അടിച്ചുതുടങ്ങി. യൂസീബിയസ്സന്മാരും കക്ഷികളും ചക്രവർത്തിയുടെ സഹോദരിയായ കൊൺസ്റ്റാൻഷ്യയെ ശിപാർശചെയ്തു. രാജാവിന്റെ ആനുകൂല്യം സമ്പാ ദിച്ചു, അറിയൂസിനെ തിരികെ വിളിച്ചു. യൂസീബിയസു് കക്ഷിയിൽ പെട്ട സകല മുഖ്യന്മാരും അയാളെ സഭയിലേക്കു തിരികെ കൈക്കൊള്ളുന്ന തിനു കൂസ്തന്തീനോസുപോലീസിൽ ഒന്നിച്ചുകൂടിയിരുന്നു. എന്നാൽ അവർ അദ്ദേഹത്തെ ആഘോഷപൂർവ്വം സ്വീകരിക്കുവാൻ നിശ്ചയിച്ചിരുന്നതിന്റെ തലേദിവസം അയാളുടെ എൺപതാംവയസ്സിൽ (എ. ഡി. 336–ൽ) അയാളം മരിക്കയുണ്ടായി. ഇയാളുടെ ഉപദേശത്തിന്റെ ഭയങ്കരതകൊണ്ടാണു് ആ പ്രത്യേകഘട്ടത്തിൽ മരിക്കാനിടയായതെന്നു അയാളുടെ എതിർകക്ഷികളും, ശത്രുക്കളിൽ ആരോ വിഷംകൊടുത്തു് അപായപ്പെടുത്തിയതാണെന്നു് അറി യൂസിന്റെ സ്നേഹിതന്മാരും പറഞ്ഞുവരുന്നു. എപ്പിഫാനസു് ഈ മരണത്തെ ദ്രോഹിയായ യൂദാഇസ്കറിയോത്തിന്റെ മരണത്തോടു സാമ്യപ്പെടുത്തുന്നു. സോക്രട്ടീസു് ഈ സംഭവം വിവരിക്കുന്നതു് താഴെ വരുംപ്രകാരമാണു്: ''അറിയൂസു് യൂസീബിയസ്സിന്റെ കക്ഷിയിലുള്ള ഒരു ജനക്കൂട്ടത്തിന്റെ അകമ്പടിയോടുകൂടി രാജകൊട്ടാരത്തിൽനിന്നു സകലജനങ്ങളുടെയും ദൃഷ്ടി കളെ ആകർഷിച്ചുകൊണ്ടു നഗരമദ്ധ്യേകൂടി സാഹങ്കാരം ഘോഷയാത്ര ചെയ്തു് യായിരുന്നു. കൂസ്തന്തീൻമൈതാനം എന്നു വിളിക്കപ്പെട്ടുന്ന സ്ഥലത്തിനു അടുത്തുവന്നപ്പോഴം തന്റെ ദുഷ്ടതയെക്കുറിച്ചുള്ള മനഃസാക്ഷിബോധത്തിൽ നിന്നു് ഒരു വലിയ ഭയം അവനെ പിടിച്ചു. അതിനോടുകൂടി ഘോരമായ ഒരു വയറിളക്കവുമുണ്ടായി. അടുത്തെങ്ങാനും യുക്തമായ സ്ഥലമുണ്ടോ എന്നു്

അവൻ തിരക്കിയപ്പോൾ മേല്പടിമൈതാനത്തിന്റെ പിൻഭാഗം ആരോ കാണിച്ചുകൊടുക്കുകയും അവിടേയ്ക്കു ബദ്ധപ്പെട്ടു പോകയും ചെയ്തു. ഉടനെ തന്നെ ഒരു മോഹാലസ്യവുമുണ്ടായി. വയറിളക്കത്തോടുകൂടി കുടലുകൾ പുറത്തേക്കുവന്നു. ഭയങ്കരമായ ഒഴിച്ചിൽ പിന്നെയും ഉണ്ടായി. ചെറുകുടലുകളും പുറത്തുപോന്നു. കൂടാതെ പ്ലീഹയുടേയും കരളിന്റെയും ഭാഗങ്ങളും രക്തത്തോടുകൂടി പുറത്തുവന്നു. ഇതിനോടുകൂടിത്തന്നെ മരണവും സംഭവിച്ചു. Hist. Ecc. I. 38. സൊസോമൻ എന്ന ചരിത്രകാരൻ ഈ വൃത്താന്തം എഴുതിയ ശേഷം വളരെക്കാലത്തേക്കു അറിയൂസിന്റെ മരണം നടന്ന സ്ഥലത്തു് ആരും തന്നെ ചെല്ലുക പതിവില്ലായിരുന്നു എന്നും ഒടുവിൽ ധനികനായ ഒരു അറിയൂസുകാരൻ ആ മരണത്തെക്കുറിച്ചുള്ള ഓർമ്മ എന്നും നിൽക്കാതിരിപ്പാൻ ആ സ്ഥലത്തുതന്നെ ഒരു കെട്ടിടം പണിയിച്ചുവെന്നും രേഖപ്പെടുത്തിയിരിക്കുന്നു.'' (H. E.. II., 30).

അറിയൂസിന്റെ പ്രധ്യകൃതികളിൽ ഒന്നു, തലീയാ അതായതു് വിരുന്നു് എന്നു് അർത്ഥം വരുന്ന ഒരു ഗ്രന്ഥമാണു്. നിക്കമേദ്യയിലെ യൂസീബിയസ്സിനോടുകൂടി താമസിക്കുമ്പോഴാണു് ഇതെഴുതിയതു്. തന്റെ ഉപദേശത്തെ സ്ഥാപിച്ചെഴുതിയിരിക്കുന്ന ഈ പുസ്തകത്തിന്റെ പകുതി പദ്യവും പകുതി ഗദ്യവുമാണു്. എന്നാൽ അത്താനാസ്യോസിന്റെ ലഘുലേഖകളിൽ കാണുന്ന ഏതാനും അംശങ്ങളൊഴികെ ഈ പുസ്തകം മുഴുവൻ നഷ്ടപ്പെട്ടുപോയി. എന്നാൽ നിക്കമേദ്യയിലെ യൂസീബിയസ്സിനും അലക്സന്ത്രിയായിലെ അലക്സാണ്ടറിനും എഴുതിയ എഴുത്തുകൾ ഇപ്പോഴുമുണ്ടു്.

See the Article 'Arius' in Religious Encyclopaedia.

അത്താനാസ്യോസിന്റെ ചരിത്രം

സ്ഥതി ചൊവ്വാകപ്പെട്ട വിശ്വാസത്തിന്റെ പിതാവായ അത്താനാസ്യോസ് 298—ലൊ 299—ലൊ അലക്സന്ത്രിയയിൽ ജനിച്ചു. 373 മെയ് 2—ാംനു യോ 3—ാംനു യോ മരിച്ചു. അദ്ദേഹത്തിന്റെ മാതാപിതാക്കന്മാർ ക്രൈസ്തവരായിരുന്നു. ചെറുപ്പത്തിൽ സാമാന്യവിദ്യാഭ്യാസം ലഭിച്ചശേഷം പ്രായമായപ്പോൾ അയാൾ ഗ്രീക്കു തത്വജ്ഞാനവും കാവ്യങ്ങളും അഭ്യസിച്ചു. അലക്സന്ത്രിയൻ ബിഷപ്പു് അത്താനാസ്യോസിനെ ഒരു ഡീക്കനാക്കി. പിന്നീടു ബിഷപ്പിന്റെ ക്ലാർക്കായി ജോലിചെയ്തു. നിഖ്യാസുന്നഹദോസിൽ വിശ്വാസപ്രമാണം രൂപവൽക്കരിക്കുന്ന വിഷയത്തിൽ മുഖ്യഭാഗം വഹിച്ചതു് അത്താനാസ്യോസായിരുന്നു. അലക്സാണ്ടർ ബിഷപ്പു മരിച്ചപ്പോൾ അത്താനാസ്യോസ് അദ്ദേഹത്തിന്റെ പിൻവാഴ്ചക്കാരനായി തിരഞ്ഞെടുക്കപ്പെട്ടു. ഇതു് 328 ജൂൺ 8—ാം തീയതിയായിരുന്നു. സഭയിൽ ഭൂരിപക്ഷവും അദ്ദേഹത്തെ ആദരപൂർസ്സരം അംഗീകരിച്ചു. എന്നാൽ അറിയൂസുകക്ഷികളും മെലൈത്യൻവകുപ്പും അദ്ദേഹത്തെ ക്രൂരമായി എതിർത്തു. നിക്കമേദ്യയിലെ യൂസീബിയസ്സിന്റെ അപേക്ഷയാൽ ചക്രവർത്തി അറിയൂസിനെ സഭയിൽ വീണ്ടും സ്വീകരിപ്പാൻ തുടങ്ങിയപ്പോൾ അത്തനാസ്യോസ് പ്രതിഷേധിച്ചു. ഇതിനാൽ ചക്രവർത്തി അത്താനാസ്യോസിനെ വരുത്തി അയാളുടെമേൽ രാജദ്രോഹക്കുറ്റം ചുമത്തി. അത്താനാസ്യോസ് വളരെ പണിപ്പെട്ടു് തന്റെ നിർദ്ദോഷതയ്ക്കു തെളിവുകൊടുത്തു. പിന്നീടു് അത്താനാസ്യോസ്, ആഴ്സെനിയസ് എന്ന പേരുള്ള ഒരു മെലൈത്യൻ ബിഷപ്പിനെക്കൊന്നു് അയാടെ അസ്ഥികളെ ആഭിചാരകർമ്മത്തിനുപയോഗിച്ചുവെന്നു് ഒരു ശ്രുതി പുറപ്പെട്ടു. ചക്രവർത്തിയുടെ കല്പനയാൽ ഈ സംഗതിയെപ്പറ്റി വേണ്ട അന്വേഷണം നടത്തുന്നതിനു 334—ൽ കൈസറിയായിൽ ഒരു സുന്നഹദോസുകൂടി. എന്നാൽ അത്താനാസ്യോസ് ഹാജരായില്ല.

ആഴ്സെനിയസ് ജീവനോടിരിക്കുന്നതായി തെളിയിപ്പാൻ അത്താനാസ്യോസിനു കഴിയുമായിരുന്നതുകൊണ്ടു വിസ്താരം നിർത്തിവയ്പാൻ ചക്രവത്തി ആജ്ഞാപിച്ചു. എങ്കിലും യൂസീബിയസ്, ചക്രവത്തിയുടെ മനസ്സു മറിച്ചതിന്റെ ഫലമായി 335-ൽ തൂരോസിൽ കൂടിയ സുന്നഹദോസിൽ ഹാജരായിക്കൊള്ളുവാൻ ചക്രവത്തി അത്താനാസ്യോസിനു കല്പന കൊടുത്തു. ഈ കല്പനയെ അത്താനാസ്യോസ് അനുസരിപ്പാൻ നിശ്ചയിച്ചു. 335 ജൂലൈ 11-ാം തീയതി അദ്ദേഹം 50 ബിഷപ്പന്മാരോടുകൂടി തൂരോസിനു പുറപ്പെട്ടു. അവിടെ എത്തിയപ്പോഴേ സുന്നഹദോസ് കൂടുന്നതു കുസ്തന്തീനോസ് പോലീസിലാണെന്നു് അറിവു കിട്ടി. ഒക്ടോബർ 30-ാം തീയതി അവൻ അവിടെ എത്തി. സുന്നഹദോസിന്റെ പക്ഷപാതിത്വത്തെ രാജാവിനെ ധരിപ്പിക്കുവാൻ അത്താനാസ്യോസിനു സാധിച്ചു. ഇതിനിടയ്ക്കു തൂരോസിൽ നിന്നു യരുശലേമിലേക്കു സുന്നഹദോസ് മാറിയിരുന്ന ബിഷപ്പന്മാർ കുസ്തന്തീനോസ് പോലീസിൽ ഹാജരാകുന്നതിനു വിളിയുണ്ടായി. ഇവിടെവച്ചു രണ്ടു യൂസീബിയസ്സന്മാരും, എജിപ്തിൽനിന്നു കുസ്തന്തീനോസ് പോലീസിലേക്കു ധാന്യം കയറുമതി ചെയ്യപ്പെടുന്ന ഏർപ്പാടു നിർത്തിക്കളയുമെന്നു പറഞ്ഞതായി അത്താനാസ്യോസിന്റെമേൽ കുറ്റം ചുമത്തി. കുസ്തന്തീനോസ് ഈ വാക്കു വിശ്വസിച്ചു അയാളെ വിസ്തരിക്കപോലും ചെയ്യാതെ 335 നവംബർ 16-ാം തീയതി ട്രീവ് സിലേക്കു നാടു കടത്തി.

കുസ്തന്തീനോസിന്റെ മരണം 337 മെയ് 23-ാം തീയതി ആയിരുന്നു. 338-ന്റെ ആരംഭത്തിൽ അത്താനാസ്യോസ് തിരിച്ചു വന്നു. അദ്ദേഹം ആഘോഷത്തോടുകൂടി പട്ടണപ്രവേശം ചെയ്തു. എന്നാൽ കൂട്ടുകെട്ടും വിരോധവും വീണ്ടും തുടങ്ങി. ലിബിയയിലും ഈജിപ്തിലുമുള്ള വിധവകൾക്കായി കഴിഞ്ഞു പോയ ചക്രവർത്തി കൊടുത്തിരുന്ന ധാന്യം അത്താനാസ്യോസ് സ്വന്ത ആവശ്യത്തിനായി വിറ്റു കളഞ്ഞു എന്നതെ ഈ പ്രാവശ്യം ആയാളെ കുറ്റം ചുമത്തിയതു്. ഈജിപ്തിൽനിന്നും ലിബിയയിൽനിന്നും പെൻറിപ്പോലീസിൽനിന്നും കൂടിവന്ന ബിഷപ്പന്മാരുടെ ഒരു സുന്നഹദോസ് അത്താനാസ്യോസിനു് അനുകൂലമായി വിധി പ്രസ്താവിച്ചു. എന്നാൽ ചക്രവത്തിയായ കൊൺസ്റ്റാൻഷ്യസ് രണ്ടു യൂസീബിയസന്മാരുടെയും സ്വാധീനശക്തിയിലിരുന്നതിനാൽ അത്താനാസ്യോസ് രണ്ടാം പ്രാവശ്യവും (340 മാർച്ച് 19) നാടുവിടേണ്ടിവന്നു. അപ്പോഴേ യൂസീബിയസു കക്ഷിയിലുള്ള ഗ്രീഗോറിയസ് എന്ന ബിഷപ്പ്, പട്ടാളത്തിന്റെ സഹായത്തോടുകൂടി അത്താനാസ്യോസിന്റെ ഒഴിഞ്ഞ മെത്രാസനം കൈവശപ്പെടുത്തി. അത്താനാസ്യോസ് റോമയിലേക്കു പോയി. ജൂലിയസ് ബിഷപ്പ് അദ്ദേഹത്തെ സന്തോഷപൂരസ്സരം സ്വീകരിച്ചു. അവിടെനിന്നു ഹോസിയസ്സിനെ സന്ദർശിപ്പാൻ ഗോളിലേക്കു പോയി. അവിടെനിന്നു് അവർ ഒന്നിച്ചു സാർഡിക്കായിൽ എത്തി. 345 ജൂൺ 26-ാം തീയതി ഗ്രീഗോറിയസ് മരിക്കയാൽ, അത്താനാസ്യോസിനു് അലക്സന്ത്രിയയിൽ പ്രവേശനം കിട്ടി. എങ്ങിനെയെന്നാൽ സിംഹാസനം ഒഴിഞ്ഞു കിടക്കവേ പിറെറ ആണ്ടിൽ അത്താനാസ്യോസ് അന്ത്യോക്യയിലേക്കു പോയി. കൊൺസ്റ്റാൻഷ്യസ് അദ്ദേഹത്തെ സാദരം സ്വീകരിച്ചു. അനന്തരം യരുശലേമിൽകൂടി അദ്ദേഹം അലക്സന്ത്രിയയിൽ തിരികെ വന്നു 336 ഒക്ടോബർ 21-ാം തീയതി നഗരത്തിൽ പ്രവേശിച്ചു. കൊൺസ്റ്റാൻഷ്യസ് മരിച്ചശേഷം വലിയ കൂട്ടുകെട്ടുകം ഉണ്ടായതിന്റെ ഫലമായി പട്ടണം വിട്ടു പോകണമെന്നു കല്പനയുണ്ടായി. അദ്ദേഹം പള്ളിയിൽ ശുശ്രൂഷ നടത്തിക്കൊണ്ടിരിക്കുമ്പോഴും വാതിൽ പൊളിച്ചു ശത്രുക്കൾ അകത്തു കടക്കയാൽ അദ്ദേഹം ഓടിപ്പോകേണ്ടിവന്നു. അതിന്റെ പിന്നാലെ ഒരു വലിയ കൂട്ടക്കൊല നടന്നു. ഈ മൂന്നാം ബഹിഷ്കരണത്തിൽ നമ്മുടെ കഥാപുരുഷൻ എജിപ്തിലെ വനങ്ങളിൽ

പാക്കുന്ന വാനപ്രസ്ഥന്മാരുടെ ഇടയിൽ താമസിച്ചു. ജൂലിയന്റെ കാലത്തു് അത്താനാസ്യോസു് തിരികെ വരുവാൻ കല്പനയുണ്ടായി. നാലാമതും അയാളെ നാടുകടത്തപ്പെട്ടു. വീണ്ടും അദ്ദേഹത്തിനു് അലക്സന്ത്രിയായിൽ പ്രവേശിക്കുവിൻ സൗകര്യം ലഭിച്ചു. അഞ്ചാമതു് ഒരു ബഹിഷ്കരണത്തിനു കൂടി ശത്രുക്കൾ ശ്രമിച്ചുവെങ്കിലും തിരികെ പോരുവാൻ ഒരു പ്രത്യേക സമ്മതം അദ്ദേഹത്തിന്റെ സ്നേഹിതനായ ബാസിദാസു് വാങ്ങിക്കൊടുക്കയാൽ ബാക്കി ജീവിതകാലം മുഴുവൻ സമാധാനത്തോടുകൂടി അദ്ദേഹം സ്വദേശത്തു താമസിപ്പാനിടയായി.

ഇത്ര കഠിനമായ പ്രയാസങ്ങളെ അത്താനാസ്യോസു് അനുഭവിക്കേണ്ടിവന്നതു ഹൊമൂസിയോൻ (Homo-ousion) എന്ന വാക്കു നിമിത്തമായിരുന്നു. ഇതു യേശുക്രിസ്തുവിന്റെ ദൈവത്വത്തെ കാണിക്കുന്ന ഒരു പദമത്രെ. അത്താനാസ്യോസു് അവസാനംവരെ ഈ സത്യത്തിനുവേണ്ടി വീരനായിപൊരുതുവെന്നു് അദ്ദേഹം അനുഭവിച്ച കഷ്ടനഷ്ടങ്ങളെ വിളിച്ചു പറയുന്നു.

(Religious Encyclopaedia)

ഈ നൂറാണ്ടിന്റെ അവസാന ഭാഗത്തോടടുത്തു് അറബിയായിലും സമീപസ്ഥലങ്ങളിലുമായി ആന്റിഡിക്കോ മരിയാനയിറ്റസു് (Anti. dico-marianites) കൊല്ലിരിഡിയൻസു് (Collyridians) എന്ന രണ്ടു വകപ്പുകൾ ഉണ്ടായി. ഇവരിൽ ആദ്യത്തെ കൂട്ടർ കർത്തൃമാതാവായ മറിയ നിത്യകന്യകയായിരുന്നില്ലെന്നും നമ്മുടെ രക്ഷിതാവിന്റെ ജനനശേഷം അവൾ തന്റെ ഭർത്താവായ യോസഫിനോടുകൂടി ഭാര്യാഭർത്തൃ സംസർഗ്ഗത്തിൽ ജീവിച്ചിരുന്നു എന്നും വാദിച്ചു. മറ്റേകൂട്ടർ ഇതിനെതിരായിട്ടുള്ള അഭിപ്രായം സ്വീകരിക്കയും മറിയയെ ദേവിയായി ആരാധിക്കയും വഴിപാടുകൾ അർപ്പിക്കയും ചെയ്തു. ഈ ഒടുവിൽ പറഞ്ഞ സംഘത്തിൽ ഒരു വലിയ ഭാഗം സ്ത്രീകളായിരുന്നു.

പഞ്ചമശതകം

അദ്ധ്യായം ഒന്നു്

അഭിവൃദ്ധികരമായ സംഭവങ്ങൾ

ഈ നൂറ്റാണ്ടിലെ സംഭവങ്ങളെക്കുറിച്ചു ശരിയായി അറിയുന്നതിനു് അന്നത്തെ രാജ്യഭരണ ചരിത്രത്തിന്റെ സ്വരൂപംകൂടി ഗ്രഹിക്കേണ്ടിയിരിക്കുന്നു. ഈ ശതകത്തിന്റെ തുടസ്സത്തിൽ കിഴക്കെന്നും പടിഞ്ഞാറെന്നും രണ്ടു ഭാഗമായി റോമാ സാമ്രാജ്യം വിഭജിക്കപ്പെട്ടിരിക്കുന്നു. കിഴക്കൻ രാജ്യങ്ങളുടെ ചക്രവത്തിയായ അക്കേഡിയസു് കസ്റ്റന്തീനപുരിയിലും പടിഞ്ഞാറൻ രാജ്യങ്ങളുടെ ചക്രവത്തിയായ ഹൊണോറിയസു് ഇറ്റലിയിലെ റാവെന്നയിലും പാർത്തു. ശാന്തബുദ്ധിയായ ഹൊണോറിയസു് രാജ്യകാര്യങ്ങളിൽ ശേഷികുറഞ്ഞവനും ശ്രദ്ധയില്ലാത്തവനുമായിരുന്നു. ഇതിനാൽ ഗോഥർ ഇറ്റലിയെ അനേക പ്രാവശ്യം പാഴാക്കുകയും റോമയെ കഷ്ടതരമാംവണ്ണം കവർച്ച ചെയ്കയും ചെയ്തു. ഈ ആദ്യത്തെ ആക്രമണവും തന്നിമിത്തമുണ്ടായ വിപ്ലവവും പിൻകാലങ്ങളിലും തുടന്നതന്നെ വന്നു. എങ്ങനെയെന്നാൽ, ക്രൂരന്മാരും യുദ്ധപ്രിയരുമായിരുന്ന ജർമ്മനിയിലെ ജനങ്ങൾ യൂറോപ്പിലെ വിശിഷ്ടസ്ഥലങ്ങളായ ഇറ്റലി, ഗോൾ, സ്പെയിൻ, മുതലായ രാജ്യങ്ങളെ കീഴടക്കുകയും അവിടെ പുതിയ രാജ്യങ്ങൾ സ്ഥാപിക്കുകയും ചെയ്തു. ഒടുവിൽ 476—ൽ ഹെറുളി എന്ന ജാതിക്കാർ ഒഡോസർ എന്ന തങ്ങളുടെ നായകന്റെ കീഴ്വരുതിയിൽ ഓഗസ്തുലസു് എന്നു വിളിക്കപ്പെടുന്ന റോമുലസു് ഓഗസ്തുസിനെ യുദ്ധത്തിൽ തോല്പിച്ചിട്ടു പാശ്ചാത്യരാജ്യങ്ങളെ കീഴ്മേൽ മറിച്ചതു കൂടാതെ ഇറ്റലിയേയും കൈവശപ്പെടുത്തി. 16 വർഷം കഴിഞ്ഞു് ഇല്ലിരിക്കും എന്ന സ്ഥലത്തു് അധിവസിച്ചുവരുന്ന ഓസ്രോഗോഥരുടെ രാജാവായ തിയഡോറിക്കു് ഗ്രീക്ക ചക്രവർത്തിയുടെ നിയോഗത്താൽ ഈ ആഗന്തുകന്മാരെ ആക്രമിച്ചു തോല്പിക്കുകയുണ്ടായി. തൽഫലമായി 493—ൽ ഓസ്രോഗോഥരുടെ രാജ്യം ഇറ്റലിയിൽ സ്ഥാപിതമായി 552 വരെ തുടർന്നു പോന്നു. ഈ പുതിയ പാശ്ചാത്യ രാജാക്കന്മാർ കൊൺസ്റ്റാൻറിനോപ്പിളിൽ വാഴുന്ന ചക്രവർത്തിമാരുടെ നേരെ പുറമെ ബഹുമാനത്തിൽ വർത്തിക്കയും അവരുടെ സംരക്ഷണയിലാണു തങ്ങളെന്നു ഭാവിക്കുകയും ചെയ്തുകൊണ്ടിരുന്നു. എന്നാൽ ഹൃദയത്തിൽ അവർ (വിശ്യഷ്യ വലിയ പ്രാപ്തനായ തിയഡോറിക്കു്) സ്വതന്ത്രന്മാരും ചക്രവർത്തിക്കു തങ്ങളുടെ മേൽ അധികാരമുള്ളതായി ലേശം വിശ്വാസമില്ലാത്തവരുമായിരുന്നു.

മേല്പറഞ്ഞ യുദ്ധങ്ങൾകൊണ്ടും തദ്ഫലപന്നമായ ഭയങ്കര കലാപങ്ങൾകൊണ്ടും ക്രിസ്തുസഭ വളരെ നഷ്ടം അനുഭവിക്കേണ്ടിവന്നു. എങ്കിലും ക്രിസ്തീയ ചക്രവർത്തിമാർ വിശിഷ്യ, കിഴക്കുള്ളവർ ശേഷിച്ചിരിക്കുന്ന വിഗ്രഹാരാധനയെ ഉന്മൂലനം ചെയ്യുന്നതിനുള്ള പ്രയത്നങ്ങൾ തുടന്നുകൊണ്ടേയിരുന്നു. പ്രത്യേകിച്ചു്, തിയോഡോഷ്യസു് കനിഷ്ടൻ (ഏ. ഡി. 408—450) ഈ വിഷയത്തിൽ നല്ല ശ്രഷ്കാന്തി പ്രദർശിപ്പിച്ചു. ക്ഷേത്രങ്ങൾ നിശ്ശേഷം നശിപ്പിക്കപ്പെടുകയോ അല്ലാത്തപക്ഷം അവ ക്രിസ്തുവിനും വിശുദ്ധന്മാർക്കുമായി പ്രതിഷ്ഠിക്കപ്പെടുകയോ ചെയ്യണമെന്നും പുറജാതികളുടെ ആഘോഷങ്ങളും

ചടങ്ങുകളും നിർത്തൽ ചെയ്യുന്നതുകൂടാതെ പിന്നെയും ജാതികളായിരിക്കുന്നവരെ ഗവർമ്മെൻറുദ്യോഗങ്ങളിൽനിന്നു പിരിച്ചു വിടണമെന്നും മറ്റും അദ്ദേഹം പല നിയമങ്ങളും ഉണ്ടാക്കി. പാശ്ചാത്യ രാജ്യങ്ങളിൽ മാത്രം ഈ പ്രയത്നം അധികമായി നടന്നില്ല. അതുകൊണ്ടു റോമയിലും പരിസരങ്ങളിലും ജാതികളുടെ ഉത്സവങ്ങളും ചടങ്ങുകളും നിർബന്ധമായി ആചരിക്കപ്പെടുകയും ഉയർന്ന നിലയിലും അധികാരത്തിലും ഇരുന്നവർക്കുടി അവരുടെ പ്രാചീന മതത്തെ പരസ്യത്തിൽ അംഗീകരിച്ചു പോരികയും ചെയ്തു. എന്നാൽ ക്രമേണ ഈ സ്വാതന്ത്ര്യം ക്ഷയിച്ചു. ക്രിസ്തുമതത്തിനു യോജിക്കാത്ത വെറിക്കൂത്തുകളും വിനോദ കാഴ്ചകളും എവിടെയും അപ്രത്യക്ഷമാവാൻ തുടങ്ങി.

ക്രിസ്തീയ സഭയുടെ അതിരുകൾ കിഴക്കോട്ടും പടിഞ്ഞാറോട്ടും വിഗ്രഹാരാധികളായ ജനസമുദായങ്ങളുടെ ഇടയിൽ വിസ്തീർണ്ണപ്പെട്ടു. കിഴക്കു ലിബാനസ്, ആൻറിലിബാനസ്, എന്നീ പർവ്വതങ്ങൾ രണ്ടിലും പാർത്തിരുന്ന ജനങ്ങൾ കാട്ടുമൃഗങ്ങളാൽ വളരെ ഉപദ്രവിക്കപ്പെട്ടു. ഇതിൻെറ നിവാരണത്തിനായി ജനങ്ങൾ സ്തംഭവാസിയായ ശിമോൻ എന്ന പ്രസിദ്ധ സന്യാസിയോടു് അപേക്ഷിച്ചു. അവരുടെ പഴയ മൂഢതകളെല്ലാം വിട്ട ക്രിസ്തുമാർഗ്ഗം അംഗീകരിക്കുന്നതാണു് ഏക പരിഹാരമാർഗ്ഗം എന്നായിരുന്ന അദ്ദേഹത്തിൻെറ മറുപടി. ഈ ആലോചന പർവ്വതവാസികൾ അംഗീകരിച്ചു. ജനങ്ങൾ ക്രിസ്ത്യാനിമതം സ്വീകരിച്ചശേഷം വന്യമൃഗങ്ങൾ ഓടിപ്പോകുന്നതായി തങ്ങൾ നേരിട്ടു കണ്ടുവെന്നു പ്രസ്തുത വിവരം രേഖപ്പെടുത്തിയിട്ടുള്ളവർ പറയുന്നു. ഈ സ്തംഭവാസിയായ ശിമോൻ അറബികളിൽ ഒരു പങ്കാളുകളെ തൻെറ പ്രസംഗത്താൽ ക്രിസ്ത്യാനികളാക്കിത്തീർത്തു. ക്രേത്തദ്വീപിൽ ഒരു വലിയ കൂട്ടം യഹൂദന്മാർ മോശയെന്നു പേരുള്ള ഒരു ക്രേത്തനാൽ തങ്ങൾ വഞ്ചിക്കപ്പെട്ടതിൻെറശേഷം മനസ്സോടെ ക്രിസ്തുമാർഗ്ഗം സ്വീകരിച്ചു.

ഈ മോശയെപ്പറ്റി സോക്രട്ടീസ് തൻെറ സഭാചരിത്രത്തിൽ പറഞ്ഞിരിക്കുന്നതിൻെറ ചുരുക്കം ഇങ്ങനെയാണു്. തിയോഡോഷ്യസ് കനിഷ്ടൻെറ കാലത്തു് മോസസ്സ് ക്രെട്ടൺസിസ്സ് എന്നു പറയുന്ന ഒരു വഞ്ചകൻ എഴുന്നേറ്റു. താൻ രണ്ടാം മോശയാണെന്നും ക്രേത്തയിലുള്ള യഹൂദന്മാരെ വിടുവിപ്പാൻ താൻ ദൈവത്താൽ അയക്കപ്പെട്ടിരിക്കുന്നുവെന്നും നടിച്ചതുകൂടാതെ സമുദ്രം വിഭാഗിച്ചു് ഒരു വഴിയുണ്ടാക്കി അവരെ അക്കര കടത്താമെന്നു വാഗ്ദാനം ചെയ്കയും ചെയ്തു. യഹൂദന്മാർ തങ്ങളുടെ ഭാര്യമാരോടും കുഞ്ഞുങ്ങളോടുംകൂടി വലിയ കൂട്ടമായി ചേർന്നു് ഒരു മുനമ്പിലേക്കു് അയാളെ അനുഗമിച്ചു. അവിടെ ചെന്നയുടൻ അയാൾ അവരോടു് സമുദ്രത്തിൽ ചാടിക്കൊൾവാൻ ആജ്ഞാപിച്ചു. അനേകർ ഈ വാക്കനുസരിച്ചു വെള്ളത്തിൽ ചാടിയതിനാൽ ചത്തുപോയി. എത്രയുംപേരെ മുക്കുവന്മാർ രക്ഷിച്ചു. ഇതിങ്കൽ കുപിതരായ യഹൂദന്മാർ അയാളെ കഷണം കഷണമായി അരിഞ്ഞുകളവാൻ നിശ്ചയിച്ചു. അയാൾ ഭയന്നു് ഓടിക്കളഞ്ഞു. പിന്നെ കാണുവാൻ സാധിച്ചതേയില്ല. (Hist. Eccles. L. VII. C. 38.) ഇതുപോലെ മിനോക്കാ ദ്വീപിൽ വളരെ യഹൂദന്മാർ ക്രിസ്തുമതം സ്വീകരിച്ചു. എന്നാൽ ആ തിരിവു ക്രിസ്ത്യാനികൾക്കു ബഹുമാനകരമായിരിക്കുന്നില്ല. കാരണം. ക്രിസ്ത്യാനികൾ, യഹൂദന്മാരുടെ സുന്നഗോഗ് ഇടിച്ചു നിരത്തുകയും അവരുടെ വിശുദ്ധ പുസ്തകങ്ങൾ അപഹരിക്കയും ചെയ്തു. ബലാൽക്കാരമായിട്ടാണു് അവരെ പരിവർത്തനം ചെയ്യിച്ചതു്.

പാശ്ചാത്യ റോമാരാജ്യത്തെ കഷണങ്ങളാക്കിക്കളഞ്ഞ ജർമ്മൻ ജാതികൾ ആ വിനാശകർമ്മത്തിനു മുൻപു് ഗോഥരേയും മറ്റു ജാതികളെയുംപോലെ

ഒന്നുകിൽ, മൻപുതന്നെ ക്രിസ്ത്യാനികളായിരിക്കണം. അല്ലാത്തപക്ഷം ക്രിസ്ത്യാനികളുടെ ഇടയിലുള്ള അവരുടെ വാഴ്ച കുറെക്കുടെ ദൃഢതരമാകേണ്ടതിനു രാജ്യസ്ഥാപനം കഴിഞ്ഞു ശേഷം ക്രിസ്തുമതം അംഗീകരിച്ചിരിക്കണം. എന്നാൽ വണ്ടാലർ, സൂവികരും, അലമന്നർ (Alemanni) മുതലായ ജാതികരും ക്രിസ്ത്യാനികളായതു് എങ്ങനെയെന്നോ എപ്പോഴെന്നോ യാതൊരു നിശ്ചയവുമില്ല. റൈൻ നദീ തീരത്തു പാർത്തിരുന്നവരും അവിടെനിന്നു ഗോളിലേക്കു കടന്നവരുമായ ബർഗണ്ടിയർ ഈ നൂറാണ്ടിന്റെ ആരംഭത്തിൽ സ്വമനസ്സാ ക്രിസ്തുമതം സ്വീകരിച്ചതായി സോക്രട്ടീസിൽനിന്നു മനസ്സിലാക്കാം. (Hist. Eccles. Lib VII. C. 30.) ഇതിൽ അവരുടെ ഉദ്ദേശം, റോമരുടെ ദൈവം അതിശയത്ര ക്രിസ്തു അതീവശക്തനാണെന്നു തങ്ങാം കേട്ടറിഞ്ഞതു കൊണ്ടു ഹൺസ്ു് എന്ന ജാതികളുടെ ആക്രമണങ്ങളിൽ അവൻ തങ്ങളെ കാത്തുകൊള്ളും എന്നായിരുന്നു. അവർ അരീയ മതത്തോടു ചേർന്നു. പിന്നീടു വണ്ടാലരും (Vandals)സൂവി (Suevi) കളും ഗോഥരും (Goths) ആ മതസ്വീകരണത്തിൽ അവരെ അനുഗമിച്ചു. ഇവരെല്ലാം യുദ്ധപ്രിയന്മാരായിരുന്നതിനാൽ യുദ്ധത്തിൽ ജയം നൽകുവാൻ കഴിവുള്ള ദേവനെന്റെ മതം എന്ന നിലയിലാണു് ക്രിസ്തുമതത്തെ അംഗീകരിച്ചതു്. മറ്റു ജാതികളെക്കാളും എത്രയോ വലിയ ഒരു സാമ്രാജ്യമാണു് റോമാക്കാർ കീഴടക്കിയിരിക്കുന്നതു് എന്നു ചിന്തിച്ചപ്പോഴും റോമരുടെ ദേവനായ ക്രിസ്തു മറ്റുള്ള എല്ലാ ദേവന്മാരെക്കാളും ആരാധ്യനാണെന്നു് അവർ തീരുമാനിച്ചു.

ഈ ആന്തരം തന്നെയായിരുന്ന സാലി (Salii) വർഗ്ഗക്കാരായ ഫ്രാങ്കരുടെ രാജാവായ ക്ലോവിസ്സിന്റെ മതപരിവർത്തനത്തിനും പ്രേരകമായിട്ടുള്ളതു്. അദ്ദേഹം ഗോളിന്റെ ഒരു വലിയ ഭാഗം പിടിച്ചടക്കി. അവിടെ ഫ്രാങ്കരുടെ വകയായി ഒരു രാജ്യം സ്ഥാപിച്ചു. അതിനെ ഗാലിക്കു പ്രദേശങ്ങളിൽകൂടി വ്യാപിപ്പിക്കുന്നതിനു പരിശ്രമിച്ചു. ഇയാൾ ധീരനും ക്രൂരനും അപരിഷ്കൃതനും സ്വാർത്ഥപരനും ഡംഭിയുമായിരുന്നു. 496–ാം കൊല്ലത്തിൽ അലമന്നരുമായി ഇദ്ദേഹം യുദ്ധത്തിൽ ഏർപ്പെട്ടിരുന്നു. രണാങ്കണത്തിൽ നില്പാൻ കഴിയാതെ വന്നപ്പോൾ ക്രിസ്തുവിന്റെ സഹായത്തെ അയാൾ അഭ്യർത്ഥിച്ചു. അയാളുടെ ഭാര്യയായ ക്ലോറിൽഡിസ് ഒരു ക്രിസ്ത്യാനിയും ബർഗ്ഗണ്ടിയ രാജാവിന്റെ പുത്രിയുമായിരുന്നു. അവൾ പലപ്പോഴും ക്രിസ്തുവിനെക്കുറിച്ചു തന്റെ ഭർത്താവിനോടു സംസാരിച്ചിട്ടുണ്ടു്. എന്നാൽ അയാൾ അതു തിരസ്കരിച്ചു കളഞ്ഞു. ഇപ്പോൾ ഇതാ ഈ യുദ്ധത്തിൽ തനിക്കു ജയം ലഭിക്കുമെങ്കിൽ ക്രിസ്തുവിനെ ദൈവമായി ആരാധിച്ചുകൊള്ളാമെന്നു് അയാൾ ഒരു നേർച്ച നേർന്നു. ജയം ലഭിച്ചപ്പോൾ തന്റെ വാക്കനുസരിച്ചു് ആ വത്സരത്തിന്റെ അവസാനത്തിൽ റീംസ് എന്ന സ്ഥലത്തുവച്ചു സ്നാനപ്പെട്ടു. അനേകായിരം ഫ്രാങ്കർ ഈ പരിവർത്തനത്തിൽ രാജാവിനെ അനുഗമിച്ചു. വിഗ്രഹാരാധന ഉപേക്ഷിച്ചു ക്രിസ്തുമതം സ്വീകരിച്ചതു് അദ്ദേഹത്തിന്റെ രാജ്യത്തിനു വിസ്തൃതിയുണ്ടാകുവാൻ മാർഗ്ഗമായിത്തീർന്നുവെന്നുള്ളതിനു സംശയമില്ല. ഈ ക്ലോവിസ്സിന്റെ മതസ്വീകാരം മുതൽക്കാണു് ഫ്രഞ്ചു രാജാക്കന്മാർക്കു Most Christian Majesty, Eldest son of Church എന്നിങ്ങനെ സ്ഥാനപ്പേരുണ്ടായതു്. എന്നാൽ റോമാസംസ്ഥാനങ്ങളിൽപ്പെട്ട മറ്റു് അപരിഷ്കൃതജാതികളുടെ രാജാക്കന്മാർ ഇപ്പോഴും വിഗ്രഹാരാധികളായിരിക്കുകയോ അരീയമതത്തിന്റെ തെറ്റുകളിൽ കടുങ്ങുകയോ ചെയ്തു.

റോമയിലെ ബിഷപ്പായ സെലസ്റ്റീൻ അയർലണ്ടിലുള്ള അസംസ്കൃത ജാതികളുടെ ഇടയിൽ ക്രിസ്തുമതം പ്രചരിപ്പിക്കുവാൻ സുവിശേഷകന്മാരെ അയച്ചു. അതിൽ ആദ്യത്തെ പ്രേഷിതൻ പല്ലേഡിയസ് (Palladius) ആയിരുന്നു. അദ്ദേഹത്തിന്റെ പ്രയത്നങ്ങളും വേണ്ടുംവണ്ണം സഫലമായില്ല.

പല്ലേഡിയസ്സിന്റെ മരണശേഷം സിലസ്റ്റീൻ ഒരു സ്ലോച്ചുകാരനായ സൂക്കാത്തസ് എന്ന ആളിനെ അയച്ചു. അയാളുടെ പേർ പടീഷ്യസ് അഥവാ പേടിക്കു് എന്നു ഭേദപ്പെടുത്തി. ഇയാളം 432–ൽ ആണു് അവിടേക്കു പോയതു്. വളരെ മനോദാർഢ്യമുള്ള ഈ മനുഷ്യൻ ഈദൃശമായ ഒരു ഭാരം വഹിക്കുന്നതിനു് അയോഗ്യനായിരുന്നില്ല എന്നു് അവിടെ നടന്ന മാറ്റങ്ങളം കൊണ്ടു് അറിയാവുന്നതാണു്. വിഗ്രഹാരാധനയോടുള്ള എതിർപ്പിൽ അദ്ദേഹം വലിയ വിജയിയായിത്തീർന്നു. അനേക ഐറിഷ്കാരെ ക്രിസ്തുമാർഗ്ഗത്തിലേക്കു തിരിച്ചിട്ട 472–ാം കൊല്ലത്തിൽ അർമ്മാഗ് എന്ന സ്ഥലത്തു് ഐർലണ്ടിന്റെ ആർച്ചു ബിഷപ്പു് മെത്രാസനം സ്ഥാപിച്ചു. ഇതിനാൽ ആണിസെൻറു് പേടിക്കു് അവിടെ ചെല്ലുന്നതിനു മുമ്പുതന്നെ കുറെ ക്രിസ്ത്യാനികളം അവിടെ ഉണ്ടായിരുന്നെങ്കിലും ഐർലണ്ടിന്റെ അപ്പൊസ്തലനും ഐറിഷ് സഭയുടെ പിതാവുമെന്നാണു് അദ്ദേഹത്തെ നാമകരണം ചെയ്യുന്നതു്.

അദ്ധ്യായം രണ്ട്

സഭയുണ്ടായ കലാപങ്ങൾ

ഗോഥർ, ഹെറുളി, ഫ്രാങ്കർ, ഹൺസ്, വണ്ടാലർ മുതലായ ഭീകര ജാതികളും റോമരാജ്യത്തെ ആക്രമിച്ചതായും അതിനെ കഷണിച്ചുകളഞ്ഞതായും മുൻപു പ്രസ്താവിച്ചിട്ടുണ്ടല്ലോ. ഈ ബഹളങ്ങൾക്കിടയിൽ ക്രിസ്ത്യാനികളും വളരെ കഷ്ടം അനുഭവിക്കേണ്ടിവന്നു. അക്രമികളും കവർച്ചയും വാഴ്ചയും എത്തിക്കൂടി എന്നല്ലാതെ മതപ്രചരണത്തിനായിരുന്നില്ല. ഇതു നിമിത്തമത്രെ ക്രിസ്തുമതത്തെ ഉൻമൂലനം ചെയ്വാൻ അവർ ശ്രമിക്കാതിരുന്നതു്. എങ്കിലും സാമ്രാജ്യത്തിന്റെ പല ഭാഗങ്ങളിലായി ബാക്കി കിടന്നിരുന്ന ബിംബാരാധികളും ക്രിസ്ത്യാനികൾക്കെതിരായി ഈ പുതിയ ജാതികളെ ഉജ്ജ്വലിപ്പിക്കുവാൻ ശ്രമിച്ചു. എന്നാൽ ഇതു നിരാശയിലത്രെ കലാശിച്ചതു്. കാരണം, കൊള്ളയുണ്ടുവന്ന ഈ കിരാത ജാതികളിൽ ഒരു വലിയ പങ്കു് ക്രിസ്തുമതത്തിനു് അധീനതപ്പെട്ടു.

രാജ്യത്തെന്തെങ്കിലും അത്യാഹിതം നേരിടുമ്പോഴും, പ്രാചീന മതക്കാരായ ക്രിസ്തുമാർഗ്ഗവിദ്വേഷികളും, ക്രിസ്തുമതം വരുന്നതിനു മുമ്പു് യാതൊരു ആപത്തുകളും ഉണ്ടായിരുന്നില്ല; ഈ പുതുമതം സ്വീകരിച്ചതിന്റെ ഫലമായി നമ്മുടെ പുരാതന ദേവതകളും നമ്മെ കൈവിട്ടുകളഞ്ഞു; ഈ ആപത്തുകൾക്കെല്ലാം കാരണം അതു തന്നെ എന്നിങ്ങനെ പറഞ്ഞു ജനങ്ങളുടെ ഇടയിൽ ക്ഷോഭം ഉണ്ടാക്കി വന്നു. ഈ അഭിപ്രായത്തിന്റെ അയുക്തത വെളിപ്പെടുത്തുവാൻ അത്രെ 'ദൈവനഗരം' എന്ന വിശിഷ്ട പ്രബന്ധം ആഗസ്തീൻ ചമച്ചതു്. ക്രിസ്തുമതകാലത്തിനു മുമ്പു് ഇതിലും ഉഗ്രമായ വിപത്തുകളും ഉണ്ടായിട്ടുണ്ടെന്നു കാണിച്ചു് ഒറോഷ്യസ്സും ഒരു ഗ്രന്ഥം എഴുതുകയുണ്ടായി എങ്കിലും ദൈവം ലോകത്തെ ഉപേക്ഷിച്ചുകളഞ്ഞു എന്നു ജനസാമാന്യം പറയത്തക്കവണ്ണം ഗോളിൽ പലവിധമായുള്ള വിപ്ലവങ്ങളും സംഭവിച്ചു.

ബ്രിട്ടനിൽ റോമരുടെ അധികാരം നശിച്ചയുടൻ അവരുടെ അയൽക്കാരായ പിക്റ്റുകളും സ്കോട്ടുകളും അവരെ വളരെ കഷ്ടപ്പെടുത്തി. അതുകൊണ്ടു ബ്രിട്ടൻകാർ 445—ൽ വോർട്ടിജേൺ എന്ന ആളിനെ തങ്ങളുടെ രാജാവായി തിരഞ്ഞെടുത്തു. ശത്രുക്കളിൽനിന്നും രാജ്യത്തെ രക്ഷിക്കുന്നതിനു താൻ പോരെന്നു കാണുകയാൽ 449—ൽ ജർമ്മനിയിൽനിന്നു് ആംഗ്ലോസാക്സന്മാരെ സഹായാർത്ഥം വിളിച്ചു. എന്നാൽ ഇവർ ബ്രിട്ടനിൽ തങ്ങളുടെ പട്ടാളങ്ങളെ ഇറക്കിയ ഉടൻ തദ്ദേശവാസികളെ നശിപ്പിച്ചു തങ്ങളുടെ ആധിപത്യം സാധിക്കുന്നതിനാണു് ഉദ്യമിച്ചതു്. തൽഫലമായി ഈ രണ്ടു ജാതികളും തമ്മിൽ 130 വർഷത്തോളം തുടരെ യുദ്ധം നടന്നു. ഒടുവിൽ ആംഗ്ലോസാക്സന്മാർ തീരെ പരാജിതരാകയും ബറേറവിയാ, കാംബ്രിയാ ഈ സ്ഥലങ്ങളെ അയേം പ്രാപിക്കയും ചെയ്തു. ഈ യുദ്ധങ്ങൾക്കിടയിൽ ബ്രിട്ടനിലെ സഭയുടെ സ്ഥിതി വളരെ ദയനീയമായിരുന്നു. കാരണം, ആംഗ്ലോസാക്സന്മാർ ഇതര ദേവാരാധകന്മാരായിരുന്നതുകൊണ്ടു് ക്രിസ്തുമതസ്ഥരെ അറിഞ്ഞു വീഴ്ത്തിക്കളഞ്ഞു.

പേർഷ്യയിലും ക്രിസ്ത്യാനികൾക്ക കഠിന ഹിംസ ഉണ്ടായി. അതിനു കാരണം സൂസായിലെ ബിഷപ്പായ അബ്ദാസ് പാർസികളുടെ ഒരു ക്ഷേത്രം നശിപ്പിച്ചതായിരുന്നു. അതു വീണ്ടും പണിയിച്ചു കൊടുക്കണം എന്നു് അവിടത്തെ രാജാവു കല്പിച്ചാറെ ബിഷപ്പു് അതിനെ അനുസരിച്ചില്ല. അതുകൊണ്ടു് 414–ൽ ബിഷപ്പു് കൊല്ലപ്പെടുകയും ക്രിസ്തീയ പള്ളികളും നിലംപരിചാകയും ചെയ്തു. പക്ഷെ, ഈ ഹിംസ കുറേക്കാലത്തേക്കു മാത്രമെ നിന്നൊള്ളു. അദ്ദേഹത്തിന്റെ മകൻ ഇതിലും ക്രൂരമായി ക്രിസ്ത്യാനികളെ മർദ്ദിക്കയുണ്ടായി. എങ്ങിനെയെന്നാൽ, പേർഷ്യരും റോമരും തമ്മിൽ യുദ്ധം ഉണ്ടായപ്പോൾ പേർഷ്യയിലെ ക്രിസ്ത്യാനികൾ റോമരോടു് ആനുകൂല്യം കാണിച്ചുവെന്നുള്ള കുറ്റം ചുമത്തി അസംഖ്യംപേരെ കൊന്നു. 427–ൽ രണ്ടു രാജ്യക്കാരും തമ്മിൽ രാജിപ്പെട്ടപ്പോൾ ഈ മർദ്ദനവും അവസാനിച്ചു. പൗരസ്ത്യരാജ്യങ്ങളിൽ താമസിച്ചിരുന്ന യഹൂദന്മാരും ആകുംപടി ക്രിസ്ത്യാനികളെ ഉപദ്രവിച്ചതായി പറയപ്പെട്ടിരിക്കുന്നു. ഈ പീഡയുടെ തലവനായി നിന്നതു ഗമാലിയേൽ എന്ന യഹൂദ പാത്രിയർക്കാവായിരുന്നു. തിയോഡോഷ്യസ് കനിഷ്ടൻ 415–ൽ ഒരു പ്രത്യേക കല്പനകൊണ്ടു് ഇയാളെ ബന്ധിച്ചുകളഞ്ഞു. ഈ നൂറാണ്ടിൽ ക്രിസ്തുമതത്തിനെതിരായി രണ്ടു പുസ്തകങ്ങൾ മാത്രം പുറപ്പെട്ടതായി കാണുന്നു.

അദ്ധ്യായം മൂന്ന്

സാഹിത്യവും തത്വജ്ഞാനവും

രാഷ്ട്രീയവും സഭാസംബന്ധവുമായ ഉദ്യോഗങ്ങളിൽ അനഭിജ്ഞന്മാർ ധാരാളം ഉണ്ടായിരുന്നെങ്കിലും ഗണനീയന്മാരായ എല്ലാവരും കലകളും ശാസ്ത്രങ്ങളും മനുഷ്യവർഗ്ഗത്തിനു വളരെ ഉപകാരകമായിട്ടാണ് എണ്ണിയിരുന്നതു്. അതിനാൽ കൻസ്റ്റന്തീനപുരി, റോമ, മാർസെയിൽസ്, എഡസ്സ, നിസിബിസ്, കാത്തേജ്, ലയോൺസ്, ട്രീവ്സ് എന്നീ പട്ടണങ്ങളിൽ വർദ്ധമാനങ്ങളായ പലേ വിദ്യാലയങ്ങളും ഉണ്ടായിരുന്നു. ശിക്ഷണ സാമർത്ഥ്യമുള്ള അദ്ധ്യാപകന്മാർക്കു ചക്രവർത്തിമാർതന്നെ ശമ്പളം കൊടുത്തുവന്നു. കൂടാതെ ഈ ശതകത്തിൽ ബിഷപ്പന്മാരും സന്യാസികളും മറ്റുള്ളവർക്കു വിദ്യാപ്രദാനം ചെയ്വാൻ തുടങ്ങി. എങ്കിലും രാജ്യത്തുണ്ടായിക്കൊണ്ടിരുന്ന പല മാതിരി വിപ്ലവങ്ങളും നിമിത്തം ഇവയ്ക്കൊന്നും വേണ്ടംവിധത്തിലുള്ള സാഫല്യം സിദ്ധിച്ചുവെന്നു പറവാൻ നിവൃത്തിയില്ല.

പടിഞ്ഞാറൻ പ്രദേശങ്ങളിൽ വിശിഷ്യ, ഗോളിൽ വിദ്വാന്മാർ കുറവല്ലായിരുന്നു. ഇവർ മറ്റുള്ളവർക്കു് അനുകരണീയന്മാരും ആയിരുന്നു. രാജ്യത്തെ കീഴടക്കിയ ബാർബേറിയന്മാർ എവിടെയെല്ലാം താമസമുറപ്പിച്ചുവോ അവിടെയെല്ലാം ധാരാളം വിദ്യാലോപവും ഉണ്ടായിരുന്നു. അവരുടെയിടയിൽ പട്ടക്കാർക്കും സന്യാസിമാർക്കും മാത്രമെ അക്ഷരജ്ഞാനം ഉണ്ടായിരുന്നുള്ളു.

പൗരസ്ത്യദേശങ്ങളിൽ ഇതിനു വിപരീതമായിരുന്നു അനുഭവം. ഉയർന്ന സാഹിത്യങ്ങളും നിശ്ചിതമായ ശാസ്ത്രങ്ങളും ധാരാളം ഗ്രന്ഥമെഴുത്തുകാരും അവിടെ ഉണ്ടായിരുന്നു. ഫിനിഷ്യയിലെ ബെറിറസ്സിലും, അലക്സന്ത്രിയയിലും നിയമ പാഠശാലകളും ഏർപ്പെടുത്തപ്പെട്ടിരുന്നു. പ്രകൃതിശാസ്ത്രവും രസതന്ത്രവും പഠിക്കേണ്ട ആളുകളും അലക്സന്ത്രിയയെ അഭയം പ്രാപിച്ചു. വാഗ്മിത്വം, കവിത, ദർശനവിദ്യ ഇത്യാദികളും പഠിപ്പിക്കുന്നതിനുമിക്ക സ്ഥലത്തും സ്കൂളുകളുണ്ടായിരുന്നു. എന്നാൽ അലക്സന്ത്രിയ, കൊൺസ്റ്റാൻറിനോപ്പിൾ, എഡസ്സ എന്നീ സ്ഥലങ്ങളിലെ ഗുരുക്കന്മാർ പഠിപ്പിലും ശിക്ഷണ വിദ്യയിലും മറ്റുള്ളവരെയെല്ലാം അതിശയിച്ചിരുന്നു.

ഇളയതരം പ്ലത്തോന്യരുടെ വകുപ്പു നിരുപദ്രവമായി നിന്നു. ഏതൻസ്, അലക്സന്ത്രിയാ സിറിയാ എന്നീ സ്ഥലങ്ങളിൽ അതിൻറെ പ്രാചീന മഹിമയ്ക്കു യാതൊരു കോട്ടവും പറ്റീട്ടില്ലായിരുന്നു. ഒലിമ്പിയോഡോറസ്, ഹീറോ മുതലായ വിശ്രുതന്മാർ അലക്സന്ത്രിയാ വിദ്യാലയത്തെ അലങ്കരിച്ചിരുന്നു. ഏതൻസിൽ പ്ലൂട്ടാർക്കും, സിറിയാനസ്സും മറ്റും കീർത്തി സമ്പാദിച്ചു.

ഇക്കാലംവരെയും യവനതത്വജ്ഞാനികളിൽ പ്ലേറോയിക്കത്തെ സർവ്വജനമാന്യത ഉണ്ടായിരുന്നതു്. എന്നാൽ പ്ലത്തോന്യനായ ഓറിജനുള്ള ബഹുമാനം ക്രൈസ്തവ ജനതയുടെ മദ്ധ്യേ നിന്നു തിരോഭവിക്കയാൽ പ്ലേറോയിക്കതന്നെയും ബഹുമതി കുറഞ്ഞുപോയി. തന്നിമിത്തം അരിസ്റ്റോട്ടിലിന്റെ കൃതികളെപ്പറ്റിയുള്ള ഉൽക്കണ്ഠ ഈ നൂറ്റാണ്ടിന്റെ ഒടുവിൽ അധികമായി വന്നു. ഓറിജനും അരിസ്റ്റോട്ടിലിനും തമ്മിൽ പറയത്തക്ക യാതൊരു ബന്ധവുമില്ലാതിരുന്നതിനാലും നെസ്റ്റോറിയർ, അരീയർ, എവുത്തിക്യന്മാർ എന്നിവരുമായുള്ള വാദങ്ങളിൽ, അത്യന്താപേക്ഷിതമെന്നു കണ്ടതിനാലും താർക്കികനല്ലാത്ത പ്ലേറോയുടെ ഗ്രന്ഥങ്ങളെ വിട്ടുംവച്ചു വിദ്യാപ്രണയികളും തർക്കശാസ്ത്രപ്രണേതാവായ അരിസ്റ്റോട്ടിലിനെ സേവിപ്പാൻ തുടങ്ങി.

അദ്ധ്യായം നാല്

സഭാഭരണവും ഉപദേഷ്ടാക്കന്മാരും

പ്രത്യേകം പറഞ്ഞിട്ടാവശ്യമില്ലാത്ത വിവിധ കാരണങ്ങളാൽ സഭാ ഭരണത്തിന്റെ ബാഹ്യരൂപത്തിന്നു ഈ ശതകത്തിൽ കുറേശ്ശ മാറ്റമുണ്ടായി. ചില മഹാബിഷപ്പന്മാരുടെ അധികാരം ചിലപ്പോഴും കൂട്ടുകയും ചിലപ്പോഴും കുറകയും ചെയ്തു വന്നു. ഈ മാറ്റത്തിനു സഭാനിയമങ്ങളെക്കാളും, കാലവും പരിതഃസ്ഥിതികളുമായിരുന്നു കാരണം. എങ്കിലും ചിലതിനു കോവിലകവും രാഷ്ട്രീയഗതിയും കൂടി കാരണമായിട്ടുണ്ടെന്നു പറഞ്ഞാൽ തെറ്റില്ല. അധികമായി മാറ്റം വന്നിട്ടുള്ളതു നവറോമാ അഥവാ കൊൺസ്റ്റാൻറിനോപ്പിളിലെ പാത്രിയർക്കീസുകളുടെ സ്ഥാനോന്നതി സംബന്ധിച്ചായിരുന്നു. പഴയ റോമയുടെ ബിഷപ്പു ഈ വിഷയത്തിൽ കഴിയുന്നതും എതിർക്കാതിരുന്നില്ല. കഴിഞ്ഞ നൂറ്റാണ്ടിൽ കുസ്തന്തീനോസ്പോലീസിലെ സുന്നഹദോസു്, നവറോമാ ബിഷപ്പിനു്, അദ്ദേഹം ആദ്ധ്യക്ഷം വഹിക്കുന്ന പട്ടണത്തിന്റെ മഹിമയും പ്രത്യേകാവകാശങ്ങളും പരിഗണിച്ചതു ക്രിസ്തുമതത്തിന്റെ ഭരണയന്ത്രനിയന്ത്രാക്കളായ മഹാ ബിഷപ്പന്മാരുടെ മദ്ധ്യത്തിൽ, രണ്ടാം സ്ഥാനം നൽകിയതു്. ഈ കുസ്തന്തീനപുരി ബിഷപ്പന്മാർ (രാജസമ്മതത്തോടു് ആയിരിക്കണം സംശയമില്ല.) ഏഷ്യാ, ത്രെയിസ് പൊന്തുസ് മുതലായ പ്രദേശങ്ങളിൽകൂടി തങ്ങളുടെ അധികാരത്തെ വ്യാപിപ്പിച്ചു. ഈ നൂറ്റാണ്ടിൽ ചക്രവർത്തിമാരുടെ സമ്മതത്തോടുകൂടിത്തന്നെ കിഴക്കെ ഇല്ലിരിക്കം പ്രോവിൻസുകൂടി ഇവർ കൈവശപ്പെടുത്തുകയും തദ്വാരാ ബഹുമാനവും ഇതര പദവികളും സമൃദ്ധമായി സമ്പാദിക്കയും ചെയ്തു. 451–ാം വർഷത്തിലെ കൽക്കദോൻ സുന്നഹദോസു് പാസ്സാക്കിയ 28–ാം കാനോൻകൊണ്ടു്, നവറോമയിലെ പാത്രിയക്കീസ്, പ്രാചീന റോമയിലെ മഹാപുരോഹിതന്റെ അതേ അവകാശങ്ങളും സ്ഥാനമാനങ്ങളും രണ്ടു നഗരങ്ങൾക്കും സമമായിട്ടുള്ള മഹിമയും സ്ഥാനവലിപ്പവും അനുസരിച്ചു്, അനുഭവിക്കേണ്ടതാണെന്നു തീരുമാനിച്ചിരുന്നു. ക്രമാനുസൃതമായ ഒരു നിയമംകൊണ്ടു് അദ്ദേഹത്തിനു ലഭിച്ചിട്ടുള്ള പ്രോവിൻസുകളിലുള്ള അധികാരത്തെ അതു് ഉറപ്പിക്കയും ചെയ്തു. പഴയ റോമയിലെ മഹാ പുരോഹിതനായ വലിയ ലെയോ ഈ തീരുമാനത്തെ അതിതീക്ഷ്ണമായി എതിർത്തു. മറ്റുള്ള ബിഷപ്പന്മാരും അങ്ങനെതന്നെ ചെയ്തു. എന്നാൽ ഗ്രീക്കു ചക്രവർത്തികളും തങ്ങളുടെ ബിഷപ്പന്മാരുടെ ഭാഗത്തു ചേർന്നു നിന്നതുകൊണ്ടു വിപരീത ശ്രമങ്ങളും നിശ്ശേഷം വിഫലമായിപ്പോയി. ഈ സുന്നഹദോസു കഴിഞ്ഞു കുസ്തന്തീനോസു പോലീസിലെ ബിഷപ്പു് റോമാബിഷപ്പിനോടു കഠിനമായി പോരാടുന്നതിനും അലക്സന്ത്രിയയിലേയും അന്ത്യോക്യയിലേയും ബിഷപ്പന്മാരെ പീഡിപ്പിക്കുന്നതിനും ആരംഭിച്ചു. ഈ ശണ്ഠയിൽ കുസ്തന്തീനോസ്പോലീസ് ബിഷപ്പായ അക്കേഷ്യസ് നീതിയുടെ സകല അതിരുകളെയും ലംഘിച്ചതായി പറയപ്പെട്ടിരിക്കുന്നു.

മിക്കവാറും ഈ അവസരത്തിലായിരുന്ന യരുശലേമിന്റെ ബിഷപ്പായ ജൂവനൽ, കൈസരിയാ ബിഷപ്പിന്റെ അധികാരത്തിൽനിന്നും, തന്നെയും തന്റെ സഭയെയും പിൻവലിക്കുന്നതിനു ശ്രമിച്ചതു്. ക്രിസ്തീയ ലോകത്തിലെ പ്രധാന ഭ്രതന്മാരായ ബിഷപ്പന്മാരുടെ ഇടയിൽ തനിക്കും

ഒരു സ്ഥാനം കിട്ടുവാൻ ന്യായം ഉണ്ടെന്നു് അദ്ദേഹം വാദിച്ചു. അന്നത്തെ ക്രിസ്ത്യാനികൾ യറുശലേംസഭയ്ക്കു വളരെ മഹിമയും മതിപ്പും കല്പിച്ചിരുന്നു. കാരണം, അതു്, അപ്പൊസ്തലസഭകളിൽ ഒന്നായി എണ്ണപ്പെട്ടിരുന്നു എന്നു മാത്രമല്ല, യറുശലേമിലെ ആദ്യസഭയുടെ പിൻതുടർച്ചയായും സകല സഭകളുടേയും മാതാവായും പ്രതിഭാസിച്ചുമിരുന്നു. തന്നിമിത്തം ജീവനൽബിഷപ്പിന്റെ ആന്തരം സാധിച്ചുകിട്ടുന്നതു് അശക്യമായിരുന്നില്ല. അതുകൊണ്ടു ജീവനിൽ ചക്രവർത്തിയായ തിയോഡോഷ്യസ് കനിഷ്ടന്റെ സഹായത്താലും, ഫലസ്തീനിലെ മൂന്നു ബിഷപ്പന്മാർക്കും അനധീനമായ നില മൂലവും പാത്രിയർക്കീസിന്റെ സ്ഥാനം എടുത്തുകൂടാതെ അന്ത്യോക്യാ പാത്രിയർക്കീസിന്റെ അധീനതയിലുള്ള ഫിനിഷ്യാ, അറബിയാ ഈ സ്ഥലങ്ങളും അപഹരിക്കയും ചെയ്തു. ഏതുബിഷയമായി ജീവനലും അന്ത്യോക്യാബിഷപ്പായ മാക്സിമൂസും തമ്മിൽ തർക്കമുണ്ടായപ്പോഴും കൽക്കദോനിലെ സുന്നഹദോസു്, ഫിനിഷ്യയും അറബിയും അന്ത്യോക്യാസിംഹാസനത്തിനു മടക്കി കൊടുക്കേണ്ടതാണെന്നും താൻ എടുത്ത സ്ഥാനത്തോടും പദവിയോടുംകൂടി ഫലസ്തീനിലെ മൂന്നു ബിഷപ്പന്മാരുടെ ഇടവകകളും ജീവനലിനു് ഇരിക്കണമെന്നും തീരുമാനിച്ചു. ഏവംവിധം ഈ നൂറാണ്ടിൽ ക്രിസ്തീയലോകത്തിന്മേൽ അഞ്ചു പ്രധാന ബിഷപ്പന്മാർ നിശ്ചയിച്ചാക്കപ്പെട്ടു. ഇവർ മറ്റുള്ള ബിഷപ്പന്മാരിൽനിന്നു പാത്രിയർക്കാ എന്ന സ്ഥാനപ്പേരിനാൽ വ്യത്യസ്തീഭവിക്കയും ചെയ്തു. പൗരസ്ത്യ എഴുത്തുകാർ, ഇതിനോടുകൂടി സെലൂഷ്യയുടെയും റൈസിഫോന്റെയും ബിഷപ്പായ ഒരുവനെകൂടി കൂട്ടി ആറു പാത്രിയർക്കീസന്മാർ എന്നു പറയാറുണ്ടു്. ഈ ആറാം പാത്രിയർക്കീസിനു അന്ത്യോക്യയിലെ ബിഷപ്പു തന്റെ അധികാരാതിർത്തിയിൽപ്പെട്ട ഏതാനും സ്ഥലങ്ങളും മനസ്സോടെ വിട്ടുകൊടുത്തു എന്നാണു് ഇതിനു കാരണം പറയുന്നതു്. എന്നാൽ നിഖ്യാ കൗൺസിലിന്റെ അറബിഭാഷയിലുള്ള തീരുമാന വിധികളല്ലാതെ മറ്റു യാതൊരു തെളിവും ഇതിലേക്കു ഹാജരാക്കുവാൻ അവർക്കില്ല. അറബിഭാഷയിലുള്ള ഈ രേഖയാകട്ടെ അശേഷം പ്രമാണാർഹവുമല്ല.

ഈ പാത്രിയർക്കീസന്മാർക്കു ചില പ്രത്യേക പദവികളും വലിയ അധികാരങ്ങളും ഉണ്ടായിരുന്നു. തങ്ങളുടെ പ്രോവിൻസുകളിൽ ബിഷപ്പന്മാരെ അവരോധിക്കുന്നതിനുള്ള അവകാശം അവർക്കായിരുന്നു. സഭൈക്യം ക്രമീകരിക്കുന്നതിനും തീരുമാനത്തിലേക്കു കൊണ്ടുവരുന്നതിനുമായി ഡിസ്ട്രിക്ടുകളും തോറും ആണ്ടിൽ ഒരിക്കൽ ആലോചനാസംഘം കൂടുക പതിവായിരുന്നു. വലുതോ പ്രയാസമുള്ളതോ ആയ ഏതെങ്കിലും തർക്കമുണ്ടായാൽ അതു പാത്രിയാർക്കീസൻമാരുടെ അടുക്കൽ കൊണ്ടുചെല്ലും. ബിഷപ്പന്മാർ കുറ്റം ചുമത്തപ്പെട്ടാൽ പാത്രിയാർക്കാവിന്റെ വിധിയെ അനുസരിക്കാതെ നിവൃത്തിയില്ല. ദൂരതരങ്ങളായ സ്ഥലങ്ങളിൽ ക്രമീകരണത്തിനും സമാധാനസംരക്ഷണത്തിനുമായി പാത്രിയർക്കീസന്മാർ തങ്ങളുടെ പ്രതിനിധികളെ അഥവാ വികാരികളെ ആക്കിവന്നു എങ്കിലും എല്ലാ പ്രോവിൻസുകളും പാത്രിയർക്കീസന്മാരുടെ അധികാരത്തിനു കീഴ്പെട്ടിരുന്നില്ല. കിഴക്കും പടിഞ്ഞാറുമുള്ള ചില സഭൈക്യം അവരുടെ അധികാരത്തിൽനിന്നു് ഒഴിഞ്ഞുനിൽക്കുകയും സ്വതന്ത്രരായി വർത്തിക്കയും ചെയ്തു. കൂടാതെ ചക്രവർത്തിമാർ എന്തെങ്കിലും ദോഷം അനുഭവിക്കുന്നവരുടെ സങ്കടംകേട്ടു തീരുമാനം ചെയ്വാൻ സഭയുടെമേൽ ഒരു പ്രത്യേക അധികാരം തങ്ങൾക്കായി തന്നെ സൂക്ഷിച്ചു വന്നു. സഭയുടെ സാക്ഷാൽ മേലധികാരവും നിയമനിർമ്മാണശക്തിയും സുന്നഹദോസുകളിൽ ലീനമായിരിക്കയും പാത്രിയർക്കീസന്മാരുടെ സേച്ഛാനുരൂപമായ വിധിയെ സുന്നഹദോസു് പലപ്രകാരത്തിൽ തടയുകയും ചെയ്തു.

സഭയുടെ ഭരണഘടന അധികവും സഭയ്ക്കു ശാന്തിയും അഭിവൃദ്ധിയും അല്ല നൽകീട്ടുള്ളതു്. കിന്തു, അതു വളരെ വലിയ ദോഷങ്ങൾക്കു് ഉല്പത്തി സ്ഥാനമായിരിക്കയും സംഖ്യാധികമായ പിരിച്ചിലുകളും പരസ്പരം കഠിനവൈരാഗ്യവും ഉളവാക്കുകയും ചെയ്തു. ഒന്നാമതായി ഗ്രഹണംചെയ്യുന്നതിനോ ദോഷം ചെയ്യുന്നതിനോ അധികാരം ഉണ്ടായിരുന്ന പാത്രിയർക്കീസന്മാർ തങ്ങളുടെ കീഴിലുള്ള ബിഷപ്പന്മാരുടെ അധികാരങ്ങളെയും പദവികളെയും നിർദ്ദയം കയ്യേറ്റം ചെയ്യുകയും ക്രമേണ ഒരുതരം ആത്മിക അടിമസഭയുടെ ഭരണഘടനയിൽ വരുത്തിക്കൂട്ടുകയും ചെയ്തു. ഈ ആക്രമം നിഷ്പ്രതിബന്ധമായി നടക്കണമെന്നുള്ള കരുതലിൽ ജനങ്ങളുടെ പുരാതന അവകാശങ്ങളിന്മേൽ ബിഷപ്പന്മാർ ചെയ്യുന്ന കയ്യേറ്റങ്ങളെ പാത്രിയാക്കീസന്മാർ എതിർക്കുവാൻ തുനിഞ്ഞില്ല. കാരണം, തങ്ങളുടെ കീഴിലുള്ള ബിഷപ്പന്മാരുടെ പ്രത്യേകാധികാരങ്ങളും ബഹുമതികളും കൂടിവരുന്തോറും പാത്രിയർക്കീസന്മാരായ തങ്ങളുടെ അധികാരവും വർദ്ധിക്കാതിരിക്കയില്ലല്ലൊ. ഇതിനും പുറമെ പാത്രിയർക്കാമാർ തങ്ങളുടെ അധികാരം പ്രയോഗത്തിൽ വരുത്തുവാൻ കൂടെക്കൂടെയുള്ള സാവകാശങ്ങളും ഉണ്ടാകുന്ന വിഷയത്തിൽ ബദ്ധശ്രദ്ധരായിരിക്കയും തങ്ങളുടെ അടുക്കലേയ്ക്കു് അപ്പീൽ ചെയ്യുന്നതിനും എപ്പോഴും തങ്ങളെ ചുററി, വാദികളുടെയും പ്രതികളുടെയും ഒരു വലിയ സംഘം നില്പ്പുണ്ടതിനുമായി ബിഷപ്പന്മാർ പരസ്പരവും, ബിഷപ്പന്മാരും പട്ടക്കാരും തമ്മിലും, പട്ടക്കാർ അന്യോന്യവും പട്ടക്കാരും ജനങ്ങളും തമ്മിലും, ശണ്ഠകളും പിണക്കങ്ങളും വാഗ്വാദങ്ങളും കരുതിക്കൂട്ടിതന്നെ ഉണ്ടാക്കുകയും അവയെ ഉജ്ജ്വലിപ്പിക്കുകയും ചെയ്തുവന്നു. മാത്രമല്ല, ബിഷപ്പന്മാർക്കു് ആഭ്യന്തര ശത്രുക്കൾ ഉണ്ടായിരിക്കേണ്ടതിനും അവരുടെ അധികാരത്തെ സ്ഥാപിച്ചു വാദിക്കുന്നവർ ഇല്ലാതെ വരേണ്ടതിനുമായി ഈ പാത്രിയർക്കാമാർ ബഹുസംഖ്യങ്ങളായ സന്യാസവകുപ്പുകളെ സ്വവശവത്തികളാക്കിവച്ചു. ഈ വലിയ ആനുകൂല്യത്താൽ, ക്രിസ്തീയസന്യാസിമാർ വളരെ പണം സമ്പാദിക്കുകയും ഇതരന്മാരിൽനിന്നു ലഭിച്ച അതിസമൃദ്ധമായ ദാനങ്ങളെ പലിശയ്ക്കു് ഏല്പിച്ചു വർദ്ധിപ്പിക്കയും ചെയ്തു. ഈ സന്യാസികളും സഭയുടെ പ്രാചീനമായ ശിക്ഷാക്രമത്തെ മറിയ്ക്കുന്നതിനും ബിഷപ്പന്മാരുടെ അധികാരത്തെ കുറയ്ക്കുന്നതിനും അവരുടെ രക്ഷാധികാരികളുടെ ശക്തിയെ അതിരില്ലാതെ വർദ്ധിപ്പിക്കുന്നതിനും മുഖ്യോപകരണമായിത്തീർന്നു.

ഈ ദോഷങ്ങളോടുകൂടി സ്ഥർദ്ധയും അത്യാഗ്രഹവും ചേർന്നുവന്നപ്പോൾ മ്ലേച്ഛമായ അപരാധങ്ങൾക്കും എത്രയും നാശകരമായ യുദ്ധങ്ങൾക്കും പാത്രിയർക്കീസന്മാർ മുഖാന്തിരങ്ങളായി. പ്രത്യേകിച്ചു കൻസ്തന്തീനോസ്പോലീസിലെ പാത്രിയർക്കീസു്, കോവിലകത്തോടുള്ള സാമിപ്യംകൊണ്ടും ചക്രവർത്തിയുടെ സഹായംകൊണ്ടും ഉയർന്നു്, അലക്സന്ത്രിയയിലേയും അന്ത്യോക്യയിലേയും പാത്രിയർക്കീസന്മാരേയും തന്റെ കീഴ്ത്തരമായി താഴ്ത്തുകയും റോമാമെത്രാനോടു് എതിരിട്ടു് അദ്ദേഹത്തിന്റെ ചില പ്രോവിൻസുകളെ അപഹരിക്കയും ചെയ്കയുണ്ടായി. അലക്സന്ത്രിയയിലെയും അന്ത്യോക്യയിലേയും പാത്രിയർക്കീസന്മാർ ശക്തിക്കുറവുകൊണ്ടും മറ്റും എതിർത്തു ജയിപ്പാൻ സാധിച്ചില്ലെങ്കിലും ചില ചില്ലറ നാശങ്ങളും ബഹളങ്ങളും ഉണ്ടാക്കാതിരുന്നില്ല. എന്നാൽ റോമാമെത്രാൻ വലിയ ശക്തിയും സാധകമാർഗ്ഗങ്ങളും ഉള്ള ആളാകയാൽ വീറോടെ പൊരുതുകയും ബിജന്തിയത്തിലെ ആ പാത്രിയർക്കാവിനു മരണകരമായ മുറിവേൽപ്പിക്കയും ചെയ്തു.

ഈ അത്യാഗ്രഹികളായ മേൽപ്പട്ടക്കാരിൽ റോമൻബിഷപ്പിനെക്കാൾ ഉദ്ദിഷ്ടസിദ്ധി പ്രാപിച്ചിട്ടുള്ളവർ ആരുമില്ല. തന്റെ സഹോദരനായ കൻസ്തന്തീനോസ്പോലീസിലെ പാത്രിയർക്കീസ് എത്രമാത്രം എതിർത്തിട്ടും തന്റെ അധികാരപരിധിയെ വലിയ തോതിൽ വിസ്തീർണ്ണീകരിക്കുന്നതിനു

വിവിധ കാരണങ്ങളും അദ്ദേഹത്തെ സഹായിച്ചു. എങ്കിലും ക്രിസ്തീയസഭ മുഴുവനേറെയും ഉയർന്ന നിയമദാതാവും ന്യായാധിപതിയും താൻ ആണെന്നുള്ള വാദം ഉണ്ടായിരുന്നില്ല. എങ്കിലും, പൗരസ്ത്യന്മാരായ അലക്സന്ത്രിയൻ ബിഷപ്പും കൗസ്തന്തീനോസ്പോലീസിലെ ബിഷപ്പുമായി ശണ്ഠകൂടുമ്പോഴും അദ്ദേഹത്തോട് നേരിട്ടുവാൻ തങ്ങൾക്കു പ്രാപ്തിയില്ലെന്നു കണ്ട് റോമൻ ബിഷപ്പിനോട് സഹായമപേക്ഷിച്ചതായി കാണുന്നു. ഇതുപോലെതന്നെ അലക്സന്ത്രിയയിലേയും അന്ത്യോക്യയിലേയും ബിഷപ്പന്മാരാൽ കയ്യേറ്റം ചെയ്യപ്പെട്ട കീഴ്ബിഷപ്പന്മാരും സഹായത്തിനായി റോമയെ അഭയം പ്രാപിച്ചിരുന്നു. ഇവർക്കെല്ലാം റോമൻബിഷപ്പു രക്ഷ നൽകി റോമൻ മെത്രാസനത്തിന്റെ അധികാരത്തെ വളരെ വ്യാപിപ്പിച്ചു. പടിഞ്ഞാറു ചക്രവർത്തിമാരുടെ അധികാരവും സാന്നിദ്ധ്യവും കുറഞ്ഞുവന്നതിനോടുകൂടി തനിക്കിഷ്ടമുള്ളതെന്തും ചെയ്വാൻ റോമാ മെത്രാനു പൂർണ്ണസ്വാതന്ത്ര്യം കിട്ടി. കിരാതന്മാരുടെ ആക്രമണങ്ങളും കൊണ്ടുപോലും ഈ സ്വാതന്ത്ര്യത്തിനു തടസ്സമല്ല, കുറച്ചുകൂടി അഭിവൃദ്ധിയാണുണ്ടായതു്. എങ്ങനെയെന്നാൽ ജനങ്ങളും ബിഷപ്പിനു അധീനന്മാരായിരിക്കുന്നതു കണ്ടിട്ട്, റോമാബിഷപ്പിനെ ആശ്രയിച്ചിരുന്നാൽ, തങ്ങളുടെ സിംഹാസനങ്ങളുടെ സ്ഥിരീകരണത്തിനു് അതു്, ഒരു മുഖ്യനിരമായിത്തീരുമെന്നു വിശ്വസിച്ചുകൊണ്ട് ഈ കിരാതരാജാക്കന്മാർ അദ്ദേഹത്തിനു വളരെ സ്ഥാനമാനങ്ങളും പദവികളും കല്പിച്ചു കൊടുക്കുകയുണ്ടായി. ഈ നൂറാണ്ടിൽ വലിയവനായ ലിയോയെപ്പോലെ സ്വാധികാരപ്രചരണത്തിനായി അത്ര അധികം പ്രയത്നിച്ച വേറൊരു റോമാ മെത്രാനെ കാണുന്നില്ല. എന്നാൽ അദ്ദേഹത്തിനാകട്ടെ, അനുഗാമികൾക്കാകട്ടെ തങ്ങളുടെ അടങ്ങാത്ത ആശയ്ക്കു പ്രതിബന്ധമായി നില്ക്കുന്ന എല്ലാ മതിലും ഇടിക്കുവാൻ കഴിഞ്ഞില്ല. അതായതു, റോമാ മെത്രാന്മാരുടെ വാഗ്ദാനങ്ങൾക്കാവട്ടെ ഭീഷണങ്ങൾക്കാവട്ടെ ആഫ്രിക്കന്മാരുടെ ഇടയിലുണ്ടായ കലഹങ്ങളും സംബന്ധിച്ചു് അവരെക്കൊണ്ടു റോമാ മെത്രാസനത്തിന്റെ മുമ്പിൽ അപ്പീൽ ചെയ്യിക്കുവാൻ സാധിക്കാഞ്ഞതു് ഇതിനു് ഒരു ഉത്തമ തെളിവാണു്.

ഇക്കാലത്തുണ്ടായിരുന്ന എല്ലാത്തരം പട്ടക്കാരുടെയും ദുർന്നടപടികളും അവരുടെ ഭോഗപ്രിയം, പൊങ്ങച്ചം, ദ്രവ്യാഗ്രഹം, മദോന്മത്തത, ഇവയ്ക്കു വളരെ രേഖാസാക്ഷ്യങ്ങളും ഉണ്ടു്. എന്നുവച്ചാൽ, ഈ വിഷയത്തെ സംബന്ധിച്ചു പരമാർത്ഥതയും ഗണ്യതയുമുള്ള അനേക എഴുത്തുകാർ എഴുതീട്ടുള്ള ഗ്രന്ഥങ്ങളും നമുക്കു കിട്ടീട്ടുണ്ടു്. ബിഷപ്പന്മാർ വിശിഷ്യ, തരത്തിലും മതിപ്പിലും കൂടിയവർ, തങ്ങളുടെ കാര്യങ്ങളും നടത്തുന്നതിനു പല ഭരണകർത്താക്കളെ ഏർപ്പെടുത്തുകയും തദ്വാരാ, തങ്ങളുടെ വസതി ഒരു വിശുദ്ധകോവിലകം അഥവാ അരമനയാക്കി മാറ്റുകയും ചെയ്തു. ടൂർസിലെ മാർട്ടിൻ ഒരു പബ്ലിക്കു് സമ്മേളനത്തിൽവച്ചു്, ചക്രവർത്തിതന്നെയും ഒരു പ്രസ്ബിറ്ററിനു താഴെയാണു് എന്നു പറയത്തക്കവണ്ണം പ്രസ്ബിറ്റന്മാരുടെ സ്ഥാനം അത്ര ഉയർന്നതെന്നു ഗണിക്കപ്പെട്ടു. സുന്നഹദോസുകളുടെ തീരുമാനങ്ങളിൽ ഡീക്കന്മാർ നിഗളികളും വഷളന്മാരുമാണെന്നു രേഖപ്പെടുത്തിയിട്ടുണ്ടു്. ജനങ്ങളും അധികഭോഗവും അജ്ഞതയിലും മൂഢവിശ്വാസത്തിലും മുങ്ങിക്കിടന്നിരുന്നില്ലെങ്കിൽ പട്ടക്കാരുടെ ഈ ദുർന്നടത്തകളും സഹിച്ചുകൂടാത്തതായി ജനങ്ങൾക്കു തോന്നുമായിരുന്നു. മാത്രമല്ല, എബ്രായരുടെ ഇടയിലും ഗ്രീക്കരുടെ ഇടയിലും ഉണ്ടായിരുന്ന പുരാതന പുരോഹിതന്മാരെപ്പോലെയുള്ള അവകാശങ്ങളും അധികാരങ്ങളും ക്രിസ്തീയോപദേഷ്ടാക്കന്മാർക്കുള്ളതായി ജനങ്ങളും വിചാരിക്കയുമില്ലായിരുന്നു. ക്രൂരന്മാരും യുദ്ധപ്രിയരും, റോമരെ തോല്പിച്ചു് അവരുടെ പാശ്ചാത്യസാമ്രാജ്യശാഖയെ പങ്കിട്ടെടുത്തവരുമായ ജർമ്മൻ ജാതികളുടെതന്നെയും, ക്രിസ്തീയ ബിഷപ്പന്മാരുടെയും പട്ടക്കാരുടെയും അധികാരപ്രിയം, ദുർന്നടപടി, ഇവയെ സഹിപ്പാൻ കഴിഞ്ഞതു്

അവർ ജാതികളായിരിക്കുന്ന കാലത്തു് ഇതുപോലെയുള്ള പുരോഹിതന്മാരുടെ വാഴ്ച്ച വഴങ്ങിപ്പോന്നതിനാൽ മാത്രമാകുന്നു. ക്രിസ്തീയ പുരോഹിതന്മാരും മറ്റു ശ്രുശ്രൂഷകന്മാരും തങ്ങളുടെ പഴയ ജാതിപ്പുരോഹിതന്മാർക്കു പഴയ ദേവന്മാർ കൊടുത്ത അതേ അധികാരങ്ങളും അവകാശങ്ങളും തങ്ങൾക്കും ഉണ്ടെന്നു് ഊഹിച്ചു.

സ്റ്റീഗൽ എന്ന പണ്ഡിതൻ പ്രസ്തുത വിഷയം സംബന്ധിച്ചു പറയുന്ന ഒരു ഭാഗം ഇവിടെ പകർത്തിക്കൊള്ളട്ടെ.

''ഈ പുറജാതികളും തങ്ങളുടെ വിഗ്രഹാരാധകന്മാരായ പുരോഹിതന്മാരെ ലോകോത്തരമായ വിധത്തിൽ ബഹുമാനിച്ചിരുന്നു എന്നുള്ളതു സുവിദിതമായ ഒരു വാസ്തവമാകുന്നു. അവർ ക്രിസ്ത്യാനികളായപ്പോഴും അതേ ഭക്ത്യാദരങ്ങളെതന്നെ ക്രിസ്തീയ പുരോഹിതന്മാരുടെ നേരെയും കാണിക്കേണ്ടതാണെന്നു് അവർ വിചാരിച്ചു. അങ്ങനെ ബിഷപ്പന്മാരേയും പട്ടക്കാരെയും തങ്ങളുടെ പണ്ടത്തെ ഡ്രൂയിഡ്സിനെപ്പോലെ അവർ ബഹുമാനിച്ചുവെന്നുള്ളതു തീർച്ചതന്നെ. ഈ ഭക്ത്യാദരങ്ങളും നിമിത്തം അവരുടെ ഉർന്നടത്തകളേയും ക്ഷമയോടെ സഹിച്ചുപോന്നു. ഒരു ഡ്രൂയിഡ് ഏതോ ഒരു വലിയ ജീവിയാണെന്നു വിചാരിച്ചു് എല്ലാവരും അദ്ദേഹത്തെ ഭയപ്പെട്ടിരുന്നു. എന്നാൽ ഡ്രൂയിഡുകളുടെ അധികാരിയായ ചീഫ് ഡ്രൂയിഡിനെ എല്ലാവരും സാക്ഷാൽ ആരാധിക്കയാണു ചെയ്തതു്. ഇങ്ങ്ലട്ടർ ക്രിസ്ത്യാനികളായപ്പോഴും റോമയിലെ ബിഷപ്പു ചീഫ് ഡ്രൂയിഡാണെന്നു വിചാരിച്ചു് ആ മനഃസ്ഥിതിയിൽ അദ്ദേഹത്തെ ആരാധിക്കയായി. ഏവംവിധമത്രെ പാശ്ചാത്യരാജ്യങ്ങളിൽ റോമാബിഷപ്പു വളരെ ഉയരുവാൻ ഇടയായതു്. കൂസ്തന്തീനോസ് പോലീസിലെ ബിഷപ്പിനു് ഈ ഉയർച്ച കിട്ടിയില്ല. കാരണം പടിഞ്ഞാറുകാർ റോമാബിഷപ്പിനെ മുഖ്യപുരോഹിതനായി ഗണിച്ചതുപോലെ കിഴക്കർ, കൂസ്തന്തീനോസ്പോലീസിലെ പാത്രിയർക്കീസിനെ എണ്ണിയിരുന്നില്ല. കാരണം മേല്പറഞ്ഞ മനോഭാവമുള്ള ജാതികളല്ലായിരുന്നു കിഴക്കൻ ദേശങ്ങളിൽ പാർത്തിരുന്നതു്.

യാതൊരു ഗ്രണവിവേചനവും പരിശോധനയും കൂടാതെ ഒരു വലിയ സംഘം ആളുകൾക്കു പട്ടംകിട്ടി എന്നുള്ളതു ചിന്തിക്കുമ്പോഴും നടപടികൊണ്ടും ദൃഷ്ടാന്തംകൊണ്ടും വിശ്രുതി പ്രചരിപ്പിക്കേണ്ടവരുടെ ഈ ദുഷിപ്പു് അത്ഭുതകരമായി തോന്നുന്നില്ല. പട്ടക്കാരിൽ അധികംപേർക്കും യാതൊരു ജോലിയുമില്ലാതെ കാലംകഴിക്കുക എന്നുള്ളതിൽപരം വേറൊരുദ്ദേശവുമുണ്ടായിരുന്നില്ല. ഇവർ ഏതെങ്കിലും ഒരു സ്ഥലത്തോടോ സഭയോടോ പ്രത്യേക ബന്ധമുള്ളവരായിരുന്നില്ലെന്നു മാത്രമല്ല, മറ്റുള്ളവരെ വഞ്ചിച്ചുകൊണ്ടും ചിലപ്പോഴും അപമാനകരമായ കൃത്രിമം പ്രയോഗിച്ചും സ്വതന്ത്രം അങ്ങുമിങ്ങും അലഞ്ഞു നടന്നും കാലംകഴിച്ചുകൊണ്ടിരുന്നു. ഇതു വാസ്തവമെങ്കിൽ കിഴക്കരുടെയും പടിഞ്ഞാറരുടെയും എഴുത്തുകളിൽ ഇത്ര വളരെ പുണ്യവാന്മാർ കാണുന്നതെങ്ങനെ? എന്നു് ആരെങ്കിലും ചോദിച്ചേക്കാം. അറിവിനും ദൈവഭക്തിക്കും വളരെ ക്ഷാമമുണ്ടായിരുന്ന അക്കാലത്തു സ്വല്പം ഭേദപ്പെട്ട ഒരാൾക്കു് ഒരു പുണ്യവാനായി തീരുന്നതിനു യാതൊരു പ്രയാസവുമില്ലായിരുന്നു. ഇങ്ങനെയുള്ളവരെ ദൈവങ്ങളായികൂടി ഗണിക്കുന്നതിനു തദാനീന്തനന്മാർക്കു മടിയില്ലായിരുന്നു എന്നു ഡാക്ടർ മോഷീം പറഞ്ഞിരിക്കുന്നു.

അദ്ധ്യായം അഞ്ചു്

വേദശാസ്ത്രം

ഈ നൂറ്റാണ്ടിൽ നടന്ന ബഹുമുഖമായ തർക്കം നിമിത്തം വേദശാസ്ത്രം സംബന്ധിച്ച പല വിഷയങ്ങളും പുരോഗതികം വിശദീകരിക്കപ്പെട്ടുകയും ഉറപ്പിക്കപ്പെട്ടുകയും ചെയ്തു. അവയാവിതു്: ക്രിസ്തുവിന്റെ ആളത്വം, സ്വഭാവം, ഇവയെക്കുറിച്ചുള്ള ഉപദേശം; മനുഷ്യത്മാവിന്റെ ആന്തരികമായ ദുഷിപ്പു്, ദൈവം ആവശ്യപ്പെടുന്ന നിയമത്തിനനുസരണമായി ജീവിക്കുന്നതിനും പ്രവർത്തിക്കുന്നതിനും ഉള്ള മനുഷ്യന്റെ സ്വാഭാവികമായ പ്രാപ്തി, രക്ഷ ലഭിക്കുന്നതിനു ദൈവകൃപകൊണ്ടുള്ള ആവശ്യം, മനുഷ്യസ്വാതന്ത്ര്യം, ഇത്യാദി. ഇവയുടെ വിശദീകരണംതന്നെ പിന്നെയും പലവിധ തർക്കങ്ങൾക്കു കാരണമായിത്തീർന്നു.

ശരീരം വിട്ടുപോയ ആത്മാക്കൾ അവരുടെ പ്രതിമകളിൽ സാന്നിധ്യം ചെയ്യുന്നു എന്നുള്ള വിശ്വാസം ജാതികളിൽ നിന്നു ക്രൈസ്തവർക്കു കിട്ടിയതിനാൽ പ്രതിമാരാധനയ്ക്കു ശക്തികൂടി. രക്തസാക്ഷികളുടെ അസ്ഥികളും കുരിശുവരയും ദുരാത്മാക്കളെ അകറ്റുന്നതിനും ആപത്തൊഴിക്കുന്നതിനും മാനസികവും ശാരീരികവുമായ രോഗങ്ങളെ ശമിപ്പിക്കുന്നതിനും ശക്തിമത്താണെന്നുള്ള അഭിപ്രായം ദൃഢീകൃതമായി. ഊരുവലത്തു്, പുണ്യയാത്ര, മരിച്ചവർക്കുവേണ്ടി ജീവനുള്ളവർ കഴിക്കുന്ന കർമ്മങ്ങൾ, ദൈവാലയങ്ങൾ, ചാപ്പലുകൾ, അൾത്താരകൾ (ത്രോണോസുകൾ) ഇവയുടെ സമൃദ്ധമായ നിർമ്മാണവും അവയെപ്പറ്റി അതിർകവിഞ്ഞുള്ള ആദരവും ഇത്യാദി ദൈവഭക്തിയുടെ അധഃപതനലക്ഷ്യങ്ങളെപ്പറ്റി ഇവിടെ വിസ്തരിപ്പാൻ വിചാരിക്കുന്നില്ല. ക്രിസ്ത്യാനികൾ ജാതികളായ അവരുടെ പൂർവ്വകർമ്മാരിൽനിന്നു പഠിച്ചുകൊണ്ടുപോന്നിട്ടുള്ള അഭിപ്രായങ്ങളെ ക്രൈസ്തവഭക്തിയുടെ അഭിവൃദ്ധിക്കായി രൂപാന്തരം ചെയ്യുന്നതിൽ ആരും തടുത്തില്ല. ക്രിസ്തീയാരാധന ഈ തെറ്റുകളാൽ മലിനപ്പെട്ടു പോവാനിടയുണ്ടെന്നുള്ളതു് ആർക്കും അനിഷേധ്യമാണല്ലൊ. മരണശേഷം ആത്മാക്കൾക്കു് ഒരു ശുദ്ധീകരണാഗ്നിയുണ്ടെന്നുള്ള ഉപദേശം സ്ഥാപിച്ചു വരുംകാലത്തേക്കു സംഖ്യാധികമായ ആദായം, പട്ടക്കാർക്കു വരുത്തിക്കൊടുത്തിട്ടുള്ള ബസ്പുക്കാനാവിശ്വാസവും സഭാക്ഷേത്രത്തിൽ മുളച്ചു പുഷ്പിപ്പെട്ടതും ഈ നൂറ്റാണ്ടിൽ തന്നെ.

സുപ്രസിദ്ധനായ കർത്താനാം ന്യൂമാന്റെ Development of Xtian Doctrine എന്ന പുസ്തകത്തിൽനിന്നു പ്രാഗ്രക്തവിഷയത്തെപ്പറ്റി ഏതാനും ഭാഗങ്ങൾ ഇവിടെ ഉദ്ധരിക്കുന്നു.

''തത്വജ്ഞാനം, സഭയുടെ വൈദികന്മാരെ ചിലപ്പോൾ മലിനരാക്കിയതുപോലെ പുറജാതിമാർഗ്ഗം സഭയുടെ ആരാധനക്കാരെ മലിനരാക്കി. അധികം ബുദ്ധിശക്തിയുള്ള ആളുകൾ ഇടത്തൂട്ടുകളിൽ ഉൾപ്പെട്ടതുപോലെ വിദ്യാവിഹീനരായവർ പുറജാതിമൂഢാചാരങ്ങളാലും മൂഢഭക്തിയാലും ദൂഷിതരായി.''

Development of Christian Doctrine Page 378.

പെരുനാളുകളും മുതലായവ എങ്ങനെ ഉത്ഭവിച്ചു എന്നു ടി പുസ്തകത്തിൽ പറയുന്നതു കേട്ടാലും: ''അശ്വാസനീയരായ ഏതാനും ജനങ്ങളെ ഭരിക്കുന്നതിനു പൂർവ്വപിതാവായ ഗ്രഗറിതോമാറ്റഗോസു പ്രയോഗിച്ച ഒരു ഉപായത്തെ നീസായിലെ വിശുദ്ധ ഗ്രഗറി ഈ വിധത്തിൽ വർണ്ണിക്കുന്നു: ''ചുറ്റുമുള്ള ദേശങ്ങളിൽ സഞ്ചരിച്ച ശേഷം പട്ടണത്തിലേക്കു (അതായതു പൊതുസിലേക്കു) തിരികെ വന്നപ്പോൾ വിശ്വാസത്തെപ്രതി മരിച്ചവരുടെ ബഹുമാനത്തിനുവേണ്ടി അവൻ (ഗ്രഗറിതോമാറ്റഗോസു) ഉത്സവങ്ങളുണ്ടാക്കി, എല്ലായിടത്തും ജനങ്ങളുടെ ഭക്തിയെ വർദ്ധിപ്പിച്ചു. രക്തസാക്ഷിക്കാരുടെ ശരീരങ്ങൾ പലയിടങ്ങളിലായി വിഭാഗിച്ചു കൊടുക്കപ്പെടുകയും വത്സരംതോറും അവരുടെ ബഹുമാനത്തിനായി ജനങ്ങൾ ഒരുമിച്ചുകൂടി ഉത്സവങ്ങൾ നടത്തി ഉല്ലസിക്കയും ചെയ്തു. ഇതു അവന്റെ വലിയ ജ്ഞാനത്തിന്റെ ഒരു ലക്ഷണമാണെന്നുള്ളതിനു സംശയമില്ല. എന്തുകൊണ്ടെന്നാൽ ബാലിശാവസ്ഥയിൽ ഇരുന്നവരും അശ്വാസിതരുമായ ജനങ്ങൾ ഐഹിക സുഖേച്ഛ (ഭ്രതജനിതസന്തോഷണം) Creature Comfort കൊണ്ടു അവരുടെ പ്രതിമാരാധനഭ്രമത്തിൽ നിലനിന്നു പോരുന്നു എന്നറിഞ്ഞു. സ്വപ്രധാനമായ സംഗതി അവർക്കു എങ്ങനെയെങ്കിലും അനുഭവമാകേണ്ടതിനായി അതായതു അവർ അവരുടെ വ്യർത്ഥാചാരങ്ങളുടെ സ്ഥാനത്തു ദൈവത്തെ നോക്കേണ്ടതിനായി പരിശുദ്ധ രക്തസാക്ഷിക്കാരുടെ പ്രതിരൂപത്തിങ്കൽ ആഗ്രഹിക്കയും ഉല്ലസിക്കയും സന്തോഷിക്കയും ചെയ്യുന്നതിനനുവദിച്ചതു, അവരുടെ ആചാരങ്ങൾ താനേ അധികം ഗൗരവാവഹങ്ങളായി കാലാന്തരേ ഭേദപ്പെട്ടുകൊള്ളുമെന്നുള്ള ആകാംക്ഷകൊണ്ടായിരുന്നു'' Development. Page. 372. വീണ്ടും ഈ ഗ്രന്ഥകാരൻ പറയുന്നതു: ''ഉപദ്രവകാലത്തിൽ ഗ്രഗറി കാണിച്ച ഈ ദൃഷ്ടാന്തത്തെ സമാധാനകാലം വന്നപ്പോൾ ജനങ്ങൾ മഹാ വേഗേന പിന്തുടർന്നു. നാലാം നൂറ്റാണ്ടിൽ ക്രിസ്തീയ രാജ്യങ്ങളിൽ രണ്ടു സംഗതികൾ എളുപ്പത്തിൽ പ്രചരിച്ചു. ഒന്നു താപസത്വം മറ്റതു കർമ്മാചാരങ്ങൾ. പുതിയ മാർഗ്ഗം പുറജാതിക്കാർക്കു രസിക്കത്തക്കതാക്കിത്തീർക്കുന്നതിനു, അവരുടെ മാർഗ്ഗത്തിൽ അവർ പരിചയിച്ചിട്ടുള്ള ബാഹ്യാലങ്കാരങ്ങളെ ക്രിസ്ത്യാനി മാർഗ്ഗത്തിലേക്കു കൗസ്തന്തീനോസു ചക്രവർത്തി പകർത്തി എന്നു എവുസേബിയൂസു നമ്മോടു പല പ്രകാരേണ പറഞ്ഞിരിക്കുന്നു. പ്രോട്ടസ്റ്റാണ്ടു ഗ്രന്ഥകാരന്മാരുടെ ഉത്സാഹംകൊണ്ടു, നമ്മിൽ മിക്കവർക്കും നല്ല പരിചയമുള്ള ഈ സംഗതികൾ അധികം വിസ്തരിച്ചിട്ടാവശ്യമില്ല. പള്ളികളുടെ ഉപയോഗവും, ഇവ പ്രത്യേക പരിശുദ്ധന്മാരുടെ നാമത്തിൽ പ്രതിഷ്ഠിക്കുന്നതും, പള്ളികൾ ചിലപ്പോൾ വൃക്ഷങ്ങളുടെ കൊമ്പുകൾ കൊണ്ടലങ്കരിക്കുന്നതും, ധൂപവും, വിളക്കുകളും, മെഴുകുതിരികളും, രോഗമുക്തി പ്രാപിക്കുമ്പോൾ അർപ്പിക്കുന്ന നേർച്ചകളും, വിശുദ്ധ വെള്ളവും, ആശ്രമങ്ങളും (ദയറാകൾ), സ്വസ്ഥദിവസങ്ങളും, കാലങ്ങളും, പള്ളിപ്പഞ്ചാംഗത്തിന്റെ ഉപയോഗവും, ഊരുവലത്തും,.....പൗരോഹിത്യവസ്ത്രവും പട്ടവും കല്യാണ മോതിരവും കിഴക്കോട്ടു തിരിഞ്ഞു പ്രാർത്ഥിക്കുന്നതും.....എല്ലാം പുറജാതിക്കാരിൽ നിന്നുത്ഭവിച്ചവയും സഭയിലേക്കുള്ള പ്രവേശനത്താൽ പരിശുദ്ധമാക്കപ്പെട്ടവയുമാണു.

Ibid Page, 373.

(ന്യൂമാന്റെ പുസ്തകത്തിൽനിന്നുള്ള ഈ ഉദ്ധരണങ്ങൾക്കു മി. കെ. എൻ. ദാനിയേൽ ചെയ്തിട്ടുള്ള പരിഭാഷയാണു ഇവിടെ സ്വീകരിച്ചിട്ടുള്ളതു.)

ഈദൃശം, വിശ്വാസാചാരങ്ങളിന്മേൽ മാത്രമല്ല ക്രിസ്തുമതപ്രകാരമുള്ള ഭക്തിജീവിതം സംബന്ധിച്ചും പല മാറ്റങ്ങളും കഴിഞ്ഞ നൂറ്റാണ്ടിലേക്കാളധികം ഈ നൂറ്റാണ്ടിൽ ഉണ്ടായതായി കാണുന്നു. ഈ വഴിയെ പോയവർ

അറിഞ്ഞോ അറിയാതെയോ ഒട്ടവിൽ, ജാതികളുടെ ഹംയോഗപഥത്തി ലാണ ചെന്നെത്തിയതെന്ന നിസ്സംശയം തീരുമാനിക്കാം.

ഒന്നാമതായി, മിസ്റ്റിക്സ് എന്ന തങ്ങളെത്തന്നെ വിളിക്കുന്ന ഒരു കൂട്ടർ സാധാരണ ക്രൈസ്തവരെക്കാം തങ്ങം ഏതോ ഉയർന്ന സ്ഥാനത്തെ ത്തിയിരിക്കുന്നവെന്ന ഭാവിച്ചുകൊണ്ട് അങ്ങുമിങ്ങും കിടന്ന ദുർബലഹൃദയ ന്മാരെയും ഗ്രണദോഷവിവേചനശക്തിയില്ലാത്തവരെയും ഭ്രമിപ്പിച്ച തങ്ങ ളുടെ പക്ഷത്ത ചേർത്ത. കിഴക്കൻ രാജ്യങ്ങളിലായിരുന്ന ഇതു് അധികം ഫലിച്ചതു്. ദൈവകോപത്തെ ശാന്തിപ്പെടുത്തുന്നതിനും ശരീരത്തിന്റെ അടിമയിൽനിന്നു് ആത്മാവിനെ വിടുവിക്കുന്നതിനും ആയി ഇവർ അനുഷ്ഠി ച്ചതായി പറയപ്പെടുന്ന ചര്യകം വിശ്വസനീയങ്ങളല്ലെന്ന തോന്നും. കാട്ടു മൃഗങ്ങളുടെ ഇടയിൽ കാട്ടുമൃഗങ്ങളെപ്പോലെ ജീവിക്ക, വസ്ത്രവിഹീനരായി വനങ്ങളിൽ ഭ്രാന്തന്മാരെപ്പോലെ അലഞ്ഞു നടക്കുക, തങ്ങളുടെ ക്ഷീണശരീര ങ്ങംക്ക തിന്മാൻ പുല്ലും വയ്ക്കോലും കൊടുക്കുക, മൗനികളായിരിക്ക, മനു ഷ്യരെ കാണുന്നത തന്നെയും വെറുപ്പായിതോന്നുക, ശീതോഷ്ണാദിഭേദം ഗണി ക്കാതെ ഒരേ സ്ഥലത്ത തൂണപോലെ നിശ്ചലന്മാരായി നിൽക്കുക, ചെറിയ അറകം ഉണ്ടാക്കി പുറത്ത വരാതെ അകത്തതന്നെ ആജീവനാന്തം കഴിക്കുക, ഈ നിഷ്ഠകളെ ക്രിസ്തീയ ഭക്തിയുടെ ഉയന്ന ആദർശങ്ങളായി അംഗീകരിച്ച കൊണ്ട പലർ ഇതിനു പിന്നാലെ പുറപ്പെട്ട. വേദവിഹിതമല്ലാത്ത ഈ ഭക്തിപ്രസ്ഥാനം സാംക്രമിക രോഗംപോലെ പലേടവും വ്യാപിച്ച.

ഈ രീതി പിടിച്ച മുന്നോട്ട പോയിട്ടുള്ളവരിൽ അതിപ്രസിദ്ധന്മാ രായി തീർന്നിട്ടുള്ളത 'സ്തംഭവാസികം' എന്നൊരു കൂട്ടരാണ്. മൂഢന്മാക്ക് അതിയായ ബഹുമാനം തോന്നംപണ്ണം ഇവർ വലിയ സ്തംഭങ്ങളിൽ കയറി അതിന്റെ അഗ്രത്തിൽ അനേകവർഷം, ചിലപ്പോം ജീവപര്യന്തം തപസ്സു ചെയ്കയാണ് ഇവരുടെ ആയുർലക്ഷ്യം. ഈ പ്രസ്ഥാനം ആരംഭിച്ചതു് ഈ ശതകത്തിൽ സുറിയാ നാട്ടുകാരനായ ശിമോൻ എന്നയാളാണ്. ഇദ്ദേഹം ആദ്യം ഒരു ആട്ടിടയനായിരുന്ന. ഏ. ഡി. 390—ലാണ് ഇയാളുടെ ജനനം എന്നു് ഊഹിക്കപ്പെട്ടിരിക്കുന്ന. 13-ാമത്തെ വയസ്സിൽ ഇയാം ആടു മേയിച്ചു നടക്കുമ്പോം എവിടെവച്ചോ ലൂക്ക് 6: 21—25 വരെയുള്ള വാക്യങ്ങളെപ്പറ്റി ഒരു പബ്ളിക്ക് പ്രസംഗം കേംപ്പാനിടയായി. ഇതിന്റെ ഫലമായി ഒരു സന്യാസിയായിത്തീരണമെന്നു് അയാം മനസ്സിൽ നിശ്ചയിച്ചു. രണ്ടു വർഷം സന്യാസാശ്രമത്തിൽ ഒരു പ്രവേശനാർത്ഥിയായി കഴിച്ചുകൂട്ടിയിട്ടു് അന്ത്യോക്കിനു സമീപമുള്ള ഒരു ആശ്രമത്തിൽ പത്തുവർഷം പാത്ത. ഇവിടെ വച്ചു് അമിതമായ ഭക്ഷണവർജ്ജനവും ശരീരദണ്ഡനവും കണ്ടു് കൂട്ടസന്യാസി കം ശിമോനെ നിന്ദിച്ചു. ഒരിക്കൽ പിരിമുറുകിയ പനങ്കയറുകൊണ്ടു് അര മുതൽ കഴത്തുവരെ കഠിനമായി വരിഞ്ഞു കെട്ടി പത്ത ദിവസം മുഴുവൻ നട ന്ന. ഇതിനാൽ ശരീരത്തിന്റെ പല ഭാഗങ്ങം പൊട്ടി പഴുപ്പുണ്ടാകയും ചലം ഒലിക്കയും ചെയ്ത. ഇതു് അസഹ്യമായി തോന്നിയിട്ട സന്യാസാശ്ര മക്കാർ ഇയാളെ തള്ളിക്കളഞ്ഞു. അതിനാൽ അടുത്തുള്ള മലയിലേക്ക പോയി. അവിടെ വെള്ളമില്ലാത്ത ഒരു ഗുഹയിൽ കിടന്ന. അഞ്ചു ദിവസം കഴിഞ്ഞു സന്യാസികംക്ക മനസ്സുപം തോന്നി അന്വേഷിച്ചു ചെന്ന അയാളെ ഗുഹയിൽനിന്ന വലിച്ചെടുത്ത കൂട്ടിക്കൊണ്ട പോയി. എന്നാൽ അധികം താമസിയാതെ അന്ത്യോക്കിനു സമീപമുള്ള ഒരു മലയുടെ അടിവാര ത്തിൽ ഒരു ചെറിയ അറയിൽ അയാം പാക്കയും അവിടെ മൂന്ന വർഷം കിടക്കുകയും ചെയ്ത. ഇക്കാലത്ത ഗുഹ മണ്ണുകൊണ്ട മൂടിപ്പോയതിനാൽ നാല്പത ദിവസം ഭക്ഷണ പാനങ്ങം കൂടാതെ മണ്ണിനടിയിൽ കിടന്നുപോയി. തോണ്ടി നോക്കിയപ്പോം മിക്കവാറും മരിച്ചതുപോലെ കാണപ്പെട്ട. ഈ

വജ്ജനം വിജയമായി കലാശിച്ചപ്പോൾ സന്യാസി വളരെ സന്തോഷിച്ചു. അതിനെ തുടർന്ന താൻ ജീവിച്ചിരുന്ന കാലമെല്ലാം, ആണ്ടുതോറും, ഇങ്ങനെയുള്ള ഒരു ഉപവാസം അദ്ദേഹം അനുഷ്ഠിക്കുക പതിവായിരുന്നു. പിന്നീട് ശിമോൻ മലയുടെ ശിഖരത്തിലേക്കു പോയി. അവിടെ, ഒരു പാറയോട് ചേർത്തു തന്റെ ശരീരത്തെ ബന്ധിച്ചുകൊണ്ട് അനേക വർഷങ്ങൾ കിടന്നു. ഇപ്പോൾ യോഗിയുടെ കീർത്തി എങ്ങും പരന്നു. പല നിലകളിലും സ്വഭാവത്തിലും ഇരിക്കുന്ന കാഴ്ചക്കാരുടെ ഒരു വലിയ ഗണം ചുറ്റും വന്നുകൂടി. അദ്ദേഹം അവരെ പ്രസാദിപ്പിക്കയും അവർക്കു രോഗശാന്തി വരുത്തുകയും ഇടത്തട്ടുകാരേയും പുറജാതികളെയും യഹൂദന്മാരേയും മനസ്സു തിരിക്കയും ചെയ്തു. ജനങ്ങളുടെ തിക്കൽ നിമിത്തം തനിക്കു കയറി നിൽക്കുവാൻ ഒരു തൂണുണ്ടാക്കി. അതു് ആദ്യം ആറടി ഉയരത്തിലായിരുന്നു. പിന്നീടു ക്രമേണ പന്ത്രണ്ടു്, ഇരുപത്തിരണ്ടു്, മുപ്പത്താറു്, നാല്പതു് ഇത്രയും അടി കിളരമുള്ള തൂണുകളും ഉണ്ടാക്കി, ഒന്നിൽനിന്നു മറ്റൊന്നിലേക്കു മാറിയിരുന്നു. തൂണിന്റെ അഗ്രത്തിനു മൂന്നടി വ്യാസവും ചുറ്റും അഴികൊണ്ടുള്ള ഒരു വേലിയുമുണ്ടായിരുന്നു. ത്യാഗിവര്യൻ രാവും പകലും കാലഭേദംകൂടാതെ ഇതിന്മേൽ ഇരുന്നു. രാത്രി മുഴുവനും, പിറ്റേ ദിവസം ഒൻപതു മണി വരെയും, കൈകളും ഉയർത്തിക്കൊണ്ടു പ്രാർത്ഥിച്ചു വന്നു. നെറ്റി, കാൽവിരലുകളിൽ തൊടത്തക്കവണ്ണം അദ്ദേഹം തുടരെ തല കുമ്പിട്ടു വണങ്ങിയതായി പറയപ്പെട്ടിരിക്കുന്നു. അടുത്തുനിന്നു് ഒരാൾ അദ്ദേഹത്തിന്റെ കുമ്പിടൽ എണ്ണുവാൻ ശ്രമിച്ചു. ഒരൊറ്റ പ്രാർത്ഥനാസമയം 1244 പ്രാവശ്യം കുമ്പിട്ടതായി പറയപ്പെട്ടിരിക്കുന്നു. രാവിലെ ഒൻപതു മണിക്കു തന്നെ കാണ്മാൻ വന്നു് അത്യുത്സുകരായി നില്ക്കുന്ന ജനങ്ങളോടു് അദ്ദേഹം, പ്രസംഗിക്കുകയായി. ഇതിനോടുകൂടി അവരുടെ ചോദ്യങ്ങൾക്കു് ഉത്തരം പറകയും സഭകൾക്കും ഓരോ വ്യക്തികൾക്കുമായി ലേഖനം കൊടുക്കുകയും ചെയ്തുവന്നു. കാരണം, എല്ലാ സഭകളുടെയും ക്ഷേമത്തിൽ സന്യാസിക്കു ശ്രദ്ധയുണ്ടായിരിക്കയും ബിഷപ്പന്മാരും, ചിലപ്പോൾ ചക്രവർത്തികളുമായിത്തന്നെയും എഴുത്തുകുത്തുകൾ നടത്തുകയും ചെയ്തു. സന്ധ്യയാകുമ്പോഴേക്കു് ഈ ലോകവുമായുള്ള സഹവാസം അവസാനിപ്പിച്ച പിറ്റേ ദിവസംവരെ ദൈവവുമായി ഇടപെട്ടുകൊണ്ടിരിക്കും. സാധാരണ ആ സ്ഥലത്തിൽ ഒരിക്കൽ മാത്രമെ ഭക്ഷിച്ചിരുന്നുള്ളു. ഒരിക്കലും ഉറങ്ങീട്ടില്ല. ആട്ടിൻ തുകൽകൊണ്ടുള്ള നീണ്ട ഒരു കുപ്പായവും അതേതരത്തിലുള്ള ഒരു തൊപ്പിയും മാത്രമേ ധരിച്ചിരുന്നുള്ളു. അവന്റെ താടി വളരെ നീണ്ടതും ശരീരം വളരെ മെല്ലിച്ചതുമായിരുന്നു. മുപ്പത്തേഴു കൊല്ലം ഈ രീതിയിൽ ഈ മഹായോഗി കഴിച്ചുകൂട്ടിയതായി പറയപ്പെട്ടിരിക്കുന്നു. ഒടുവിൽ അറുപത്തൊൻപതാം വയസ്സിൽ ആരുമറിയാതെ പ്രാർത്ഥിച്ചുകൊണ്ടിരിക്കുന്ന ഗദ്ഗദവിൽ മരിച്ചു. പ്രാർത്ഥനയ്ക്കിരിക്കുകയാണെന്നു കരുതി മൂന്നു ദിവസത്തേക്കു് ആരും അടുത്തു ചെന്നില്ല. ഒടുവിൽ അദ്ദേഹത്തിന്റെ ശിഷ്യനും ജീവചരിത്രകർത്താവുമായ ആൻറണി തൂണിൽ കയറി നോക്കിയപ്പോൾ ആ പരമസിദ്ധന്റെ ആത്മാവു ശരീരത്തിൽനിന്നു പിരിഞ്ഞതായും ശരീരത്തിൽനിന്നു് ഒരുമാതിരി സുഗന്ധം പുറപ്പെടുന്നതായും കണ്ടു. അദ്ദേഹത്തിന്റെ അവശിഷ്ടങ്ങൾ വലിയ ആഘോഷത്തോടുകൂടി അന്ത്യോക്യയിലേക്കു കൊണ്ടുവന്നു. മതിലില്ലാത്ത ആ പട്ടണത്തിനു് അദ്ദേഹത്തിന്റെ ശരീരം ഒരു രക്ഷയാണെന്നാണു് അന്നത്തെ ജനങ്ങൾക്കുണ്ടായിരുന്ന വിശ്വാസം. കൂടാതെ അദ്ദേഹത്തെ സംസ്കരിച്ച സ്ഥലത്തു വളരെ അത്ഭുതങ്ങൾ നടന്നതായി പറയപ്പെട്ടിരിക്കുന്നു. ഇരുന്ന തൂണിനോടുള്ള ബഹുമാനം അവർണ്ണനീയമാകുന്നു. അവയെ തൊട്ടു പണിയിച്ചിരുന്ന ചാപ്പലുകളും ആശ്രമങ്ങളും വളരെക്കാലത്തേക്കു കാണ്മാനുണ്ടായിരുന്നു. ശിമോൻ സ്ത്രീകളെ തീരെ വെറുത്തിരുന്നു. ഒരറ സ്ത്രീയെങ്കിലും തന്റെ വിശുദ്ധ സ്ഥലങ്ങളുടെ പരിസരങ്ങളിൽ വരുവാൻ സമ്മതിച്ചില്ല. മാതാവിനുപോലും

മരണപര്യന്തം അദ്ദേഹത്തെ കാണ്മാൻ അനുവാദമില്ലായിരുന്നു. മരിച്ചശേഷം അടുത്തേക്ക് അവളെ കൊണ്ടുചെന്നതായും അപ്പോൾ സല്പനേരത്തേക്ക് അവളെ ജീവിപ്പിച്ച് അദ്ദേഹം അവളുമായി സംസാരിച്ചതായും പിന്നീട് അവൾ സ്വർഗ്ഗത്തേക്കു പോയതായും പറയപ്പെട്ടിരിക്കുന്നു.

See Asseman's Acta Martyrum Oriental. et occideutal Vol. II. page 227.

സുറിയായിലും ഫലസ്തീനിലും അദ്ദേഹത്തെ അനുകരിപ്പാൻ പലർ ഉണ്ടായിരുന്നു. എങ്കിലും ഇദ്ദേഹത്തോടൊപ്പം ആകുവാൻ ആർക്കും സാധിച്ചിട്ടില്ല. യഥാർത്ഥമായ മതഭക്തി എന്താണെന്നറിഞ്ഞുകൂടാഞ്ഞിട്ടോ കീർത്തിപ്രിയംകൊണ്ടോ പിന്നുണ്ടാം നൂറ്റാണ്ടുവരെ ഈ പ്രസ്ഥാനം തുടർന്നുപോന്നു. പിന്നീടു് ഇതു നിശ്ശേഷം അന്തർദ്ധാനം ചെയ്തു. സിറിയാ നാട്ടുകാരേയും മറ്റു പൗരസ്ത്യരെയും ഈ വിഷയത്തിൽ അനുകരിക്കാതിരിക്കത്തക്ക ജ്ഞാനം ലത്തീൻകാർക്കുണ്ടായിരുന്നു. ഇതിനാൽ വൃംഫിലേക്കസ് എന്നൊരുവൻ ജർമ്മൻ സംസ്ഥാനത്തിൽ ഒരിടത്തു് ഒരു സ്തംഭം സ്ഥാപിച്ചു ശിമോനെപ്പോലെ അതിന്മേൽ കയറിയിരിപ്പാൻ തുടങ്ങുന്നു എന്നു കേട്ട് അടുത്തുള്ള ബിഷപ്പന്മാർ എല്ലാവരുംകൂടിച്ചെന്നു് ആ സ്തംഭം ഇടിച്ചു നിരത്തി ആ മനുഷ്യനെ അതിൽനിന്നു വിരമിപ്പിച്ചു.

ആത്മാവിൽ യഥാർത്ഥ വിശ്വാസി ഉളവാകുകയും അതിനെ വർദ്ധിപ്പിക്കുകയും ചെയ്വാൻ ശ്രമിക്കുന്നതിനു പകരം ഈ ബാഹ്യരീതിയെ അവലംബിക്കുന്നതു്, ഭൂരിപക്ഷം ആളുകളുടെയും മനഃസ്ഥിതിക്കു യോജിക്കുന്നതാകൊണ്ടും, വേദാനുസൃതമല്ലെങ്കിലും കീർത്തി ലഭിക്കുവാൻ ഒരു മാർഗ്ഗമാണെന്നുള്ള കരുതലിനാലും, പ്രവർത്തികളാലുള്ള രക്ഷ സ്വാഭാവിക മനുഷ്യനു് അധികം രസകരമായി തോന്നാൻ ഇടയുള്ളതു നിമിത്തവുമാകുന്നു. ഈ വിഷയത്തിൽ ഭ്രാന്തു പിടിച്ചതുപോലെ എവിടെയും സന്യാസശ്രമം പരക്കുകയും അറിവു കുറഞ്ഞ ആളുകളുടെ ഇടയിൽനിന്നു് ആ മാതിരി പുണ്യവാന്മാർ ക്രമേണകൂംപോലെ കൂടുകൂടുകയും ചെയ്തു.

സഭയിൽ അവിശ്രാന്തമായി വളർന്നുവരുന്ന അന്ധവിശ്വാസങ്ങൾക്കും മൂഢാചാരങ്ങൾക്കും എതിരായി വാദിക്കുകയും എഴുതുകയും ചെയ്തിട്ടുള്ള പല മഹത്തുക്കളും ഈ ശതകത്തിൽ ഉണ്ടായിട്ടുണ്ടു്. വിജിലൻഷ്യസ് എന്ന പേരുള്ള സ്പെയിൻ സ്വദേശിയായ ഒരു പ്രസ്ബിറ്റർ ഇതിനു് ഒരു ദൃഷ്ടാന്തമാണു്. ഇദ്ദേഹം ഫലസ്തീൻ ഈജിപ്തു് മുതലായ രാജ്യങ്ങളിൽ സഞ്ചരിച്ചശേഷം സ്വദേശത്തേക്കു മടങ്ങി വന്നിട്ടു് അക്കാലത്തെ ദുരാചാരങ്ങളെക്കുറിച്ചു വളരെ ലേഖനങ്ങളും എഴുതി. രക്തസാക്ഷികളുടെ അസ്ഥിയും കല്ലറയും ആരാധ്യമാണെന്നുള്ള അഭിപ്രായത്തെ അദ്ദേഹം പ്രതിഷേധിച്ചു. പുണ്യയാത്രകളും, രക്തസാക്ഷികളുടെ നാമത്തിൽ പ്രതിഷ്ഠിച്ചിട്ടുള്ള ആലയങ്ങളിൽ നടക്കുന്നതായി പറഞ്ഞു വരുന്ന അത്ഭുതങ്ങളും, അവിടെയുള്ള ഉറക്കൊഴിപ്പുകളും, പള്ളികളിലും പുണ്യവാളന്മാരുടെ കല്ലറയ്ക്കു മീതെയും മെഴുകുതിരികത്തിച്ചു വയ്ക്കുക, ഇവയേയും അദ്ദേഹം പ്രതിഷേധിച്ചു. പരിശുദ്ധന്മാരോടുള്ള പ്രാർത്ഥന നിഷ്പ്രയോജനമെന്നു് അഭിപ്രായപ്പെട്ടു. ഉപവാസങ്ങളും, പട്ടക്കാരുടെ അവിവാഹ ജീവിതം, സന്യാസം, ഇവ നിന്ദ്യമെന്നു വാദിച്ചു. ഇത്യാദി അഭിപ്രായങ്ങളും ഗാലിക്കു ബിഷപ്പന്മാർക്കും സ്പെയിനിലെ ബിഷപ്പന്മാർക്കും യാതൊരു ഇടർച്ചയും ഉണ്ടാക്കിയില്ല. പ്രസിദ്ധനായ ജെറോമിനു് ഇതു വിരോധമായി തീർന്നു. ജീവൻ വേണമെങ്കിൽ മിണ്ടാതിരിക്കയാണു വേണ്ടതെന്നു വിജിലൻഷ്യസ് കണ്ടുപിടിച്ചു. ഏവംവിധം, മൂഢതകൾക്കെതിരായി ആരംഭിച്ച ഈ ഗ്രണീകരണപ്രസ്ഥാനത്തെ ജെറോം, തുടസ്സുത്തിലെ നാമ്പു നുള്ളി. ഈ നല്ല മനുഷ്യന്റെ പേർ ഇന്നും ഇടത്തുട്ടുകാരുടെ പട്ടികയിൽ പെട്ടിരിക്കുന്നു.

അദ്ധ്യായം ആറു്

ആചാരങ്ങളും ചടങ്ങുകളും

ആരാധനാസമ്പ്രദായത്തേയും മതകർമ്മങ്ങളേയും ചടങ്ങുകളേയും സംബന്ധിച്ചു് ഈ നൂറ്റാണ്ടിൽ ഉണ്ടാക്കിട്ടുള്ള ചട്ടവട്ടങ്ങളെപ്പറ്റി ഇവിടെ പറയുന്നപക്ഷം ഇതൊരു മഹാഗ്രന്ഥമായിത്തീരുന്നതാണു്. ഇവയെക്കുറിച്ചു് അറിവാൻ താല്പര്യമുള്ളവർ സുന്നഹദോസുകളുടെ നടപടികളും വിശ്വാസ്യന്മാരായ ഗ്രന്ഥകർത്താക്കന്മാർ അക്കാലത്തുതന്നെ എഴുതീട്ടുള്ള ഗ്രന്ഥങ്ങളും വായിക്കണം.

പരസ്യാരാധനകൾ ജഡകണ്ണുകൾക്കു് എത്രത്തോളം രസകരമാക്കിത്തീർക്കാമോ അത്രത്തോളം രസകരമാക്കപ്പെട്ടു. ബാഹ്യമായ മോടികൾ കൊണ്ടായിരുന്നു ഇതു സാധിച്ചതു്. സാമാന്യജനങ്ങൾക്കു പട്ടത്വത്തോടു ബഹുമാനം തോന്നത്തക്കവണ്ണം പലമാതിരി അലങ്കാരസാധനങ്ങളെ പുരോഹിതവസ്ത്രങ്ങളോടു കൂട്ടി പുതിയ മാതിരി ഗാനങ്ങൾ, പ്രാർത്ഥനകൾ, അപേക്ഷകൾ ഇവയുണ്ടായി. ചിലെടത്തു ദേവാലയങ്ങളിൽ രാവും പകലും തുടരെ പാട്ടുകൾ പാടിക്കൊണ്ടിരിപ്പാൻ ഏർപ്പാടുകൾ ചെയ്തു. പള്ളികളുടെ അഥവാ ദേവാലയങ്ങളുടെ മാഹാത്മ്യത്തിന്നു് അതിരില്ലായിരുന്നു. വളരെ ശോഭയുള്ള ബിംബങ്ങൾ അവയിൽ സ്ഥാപിക്കപ്പെട്ട നെസ്തോറിയൻ ഭിന്നതയുടെ ശേഷം, വിശുദ്ധ മറിയ ഉണ്ണിമശിഹായെ കയ്യിൽ വച്ചുകൊണ്ടിരിക്കുന്ന മാതിരി ചിത്രം ഉണ്ടാക്കി പല പള്ളികളിലും വച്ചു. പരിശുദ്ധന്മാരുടെ അസ്ഥികൾ സൂക്ഷിക്കുന്നതിനുവേണ്ടി വെള്ളികൊണ്ടു പെട്ടിയും ഉണ്ടാക്കി.

പുരോഹിതവസ്ത്രങ്ങളെ സംബന്ധിച്ചു വളരെ നിഷ്കർഷയുള്ള റോമൻ കത്തോലിക്കരുടെ ഒരു ഗ്രന്ഥത്തിൽ (Roman Catholic Dictionary By Addis & Arnold) താഴെവരും പ്രകാരം കാണുന്നു.

ഉടുപ്പുകൾ അവയുടെ വ്യത്യസ്ഥത, കർബാനയിലും മറ്റു ശുശ്രൂഷയിലും സഭ ഉപയോഗിച്ചുവന്ന ഉടുപ്പുകൾ യഹൂദന്മാരുടെ ദൈവാലയത്തിൽ നിന്നു് ഉല്പന്നമായിട്ടുള്ളതാണെന്നായിരുന്ന മധ്യയുഗങ്ങളിലുണ്ടായിരുന്ന സാധാരണ വിശ്വാസം. എങ്കിലും വിലാഫ്റിഡ്സ്ട്രാബോ (Valafrid Strabo) പ്രസ്തുത വിഷയത്തെക്കുറിച്ചു ചരിത്രപരിശോധന ചെയ്തു് ആദിമയുഗങ്ങളിൽ ക്രിസ്തീയ പുരോഹിതന്മാർ ദിനചരി ഉപയോഗിക്കുന്ന സാധാരണവസ്ത്രങ്ങൾ ഉപയോഗിച്ചുകൊണ്ടായിരുന്നു കർമ്മങ്ങൾ നടത്തിവന്നിരുന്നതു് എന്നു സ്ഥാപിച്ചിട്ടുണ്ടു്. ("De Reb Eccles" C. 24).

സ്ട്രാബായുടെ അഭിപ്രായം പ്രസ്തുത വിഷയത്തെക്കുറിച്ചു വളരെ പരിശോധനകൾ നടത്തിയിട്ടുള്ള ലിഖിതാക്കളുടെ ഐകകണ്ഠ്യേനയുള്ള സാക്ഷ്യത്താൽ ഉറപ്പിക്കപ്പെട്ടിട്ടുണ്ടെന്നു് ഡോക്ടർ റോക്കു് പറയുന്നു. (Hierurgia Page. 414) തോണോസിന്റെ അരികെ നില്ക്കുന്ന പുരോഹിതന്റെയും സാമാന്യചര്യയിൽ ദിവസം കഴിക്കുന്ന അയ്മേനികളുടെയും വസ്ത്രങ്ങൾക്കു തമ്മിൽ വല്ല ഭേദവുമുണ്ടായിരുന്നു എന്നു് ആദ്യത്തെ അഞ്ചു നൂറ്റാണ്ടുകളിലുണ്ടായിരുന്ന വല്ല ഗ്രന്ഥകർത്താക്കളുടെയും കൃതിയിൽനിന്നു് ഒരു വാക്യമെങ്കിലും ഉദ്ധരിപ്പാൻ ആർക്കും കഴികയില്ല.

ഈ സാക്ഷ്യത്തിനും പുറമെ ഓക്സ്ഫോർഡ് സർവ്വകലാശാലയിലെ സഭാചരിത്ര പ്രാസംഗികനും വെസ്റ്മിനിസ്റ്ററിലെ ഡീനുമായ

ഡോക്ടർ സ്റ്റാൻലി പുരോഹിതവസ്ത്രങ്ങളെക്കുറിച്ചു ഇങ്ങനെ പറഞ്ഞിരിക്കുന്നു. ''ഇംഗ്ലണ്ടിലെ രാജാവായ മൂന്നാം എഡ്വർഡ് വെസ്റ്റ്മിനിസ്റ്റർ ആബിക്കു സമ്മാനമായി കൊടുത്ത വിലയേറിയ സാധനങ്ങളുടെ കൂട്ടത്തിൽ വിശുദ്ധ പത്രോസ് കർബാന ചൊല്ലുമ്പോൾ ഉപയോഗിച്ചുവന്നിരുന്ന കുപ്പായവും ഉൾപ്പെട്ടിരുന്നു. മദ്ധ്യയുഗങ്ങളിലെ ആ തിരുശേഷിപ്പു് എന്തായിരുന്നു എന്നു നമുക്കു് അറിഞ്ഞുകൂടാ. എന്നാൽ വി. പത്രോസിന്റെ കുപ്പായം എന്തായിരുന്നു എന്നു നമുക്കു പരിപൂർണ്ണമായി അറിയാം. അതു തന്റെ നഗ്നമായ ശരീരത്തിൽ ചുറ്റി പുതച്ചിരുന്ന മുക്കുവവസ്ത്രം ആയിരുന്നു.

Christian Institutions Page 195.

ആദ്യകാലത്തു പുറ്റ്ക്രിസ്ത്യാനികൾ പട്ടക്കാർ മാത്രമല്ല അയ്മേനികന്തന്നെയും പ്രബ്ളിക്കുയോഗങ്ങൾക്കു കൂടിവന്നപ്പോൾ കേവലം സാമാന്യവസ്ത്രങ്ങൾ ധരിച്ചിരിക്കയും അവ ശുചിയായിരിക്കണമെന്നുമാത്രം താല്പര്യപ്പെടുകയും ചെയ്തു. പെലാഗിയരും തപോനിഷ്ഠയുള്ള പട്ടക്കാരും, ജനങ്ങൾ പഴഞ്ഞുണി ധരിച്ചു വരണമെന്നു നിർബന്ധിച്ചു. എന്നാൽ ഇതു പൊതു അഭിപ്രായത്തിനു വിപരീതമായിരുന്നു.

Ibid Page 198.

ആദ്യയുഗങ്ങളിലെ സാധാരണ നടപടിയും അഭിപ്രായവും എന്തെന്നു സർ മോണ്ടസ് ജെസ്വിത്തൻ ചുരുക്കി പറഞ്ഞിട്ടുള്ളതു നമ്മുടെ ബിംഗ്ഹാമും ഉദ്ധരിച്ചിട്ടുണ്ടു്. അതെന്തെന്നാൽ ഉടുപ്പിന്റെ നിറവും ആകൃതിയും ആദിയിൽ വൈദികനും അയ്മേനിക്കും ഒരുപോലെ ആയിരുന്നു.

Ibid Page 202.

അഗപ്പി എന്നു പേരു പറഞ്ഞിരുന്ന സ്നേഹവിരുന്നു് ഈ നൂറ്റാണ്ടോടുകൂടി നിർത്തപ്പെട്ടു. ആദിമസഭയിലെ നിഷ്കളങ്കഭക്തി കുറഞ്ഞുവന്നതിനോടുകൂടി ആളുകൾക്കു പാപംചെയ്യുന്നതിനുള്ള സൗകര്യം വർദ്ധിച്ചുവന്നു. വലിയ കുറ്റക്കാർ പരസ്യമായി തങ്ങളുടെ കുറ്റങ്ങൾ ഏറ്റുപറയുന്ന രീതിയെ ലത്തീൻകാർ ഭേദപ്പെടുത്തി പട്ടക്കാരനോടു തനിച്ചു പറഞ്ഞാൽ മതിയെന്നുവച്ചു.

അദ്ധ്യായം ഏഴ്

ശീശ്മകളും ഇടത്തുട്ടുകളും

ചില പഴയ വകുപ്പുകളും അഭിനവമായ ശക്തി പ്രാപിച്ച സഭയെ ഉപദ്രവിപ്പാൻ മുതിർന്നു. പല വകുപ്പുകളായി പല സ്ഥലങ്ങളിൽ പ്രത്യക്ഷീഭവിച്ച നോവേഷ്യർ, മാർസിയോണർ, മാണിക്യർ ഇവരെ സംബന്ധിച്ച് ഇവിടെ യാതൊന്നും പറവാൻ വിചാരിക്കുന്നില്ല. ഈ നൂറാണ്ടിലെ വലിയ പ്രക്ഷോഭകന്മാരായ അരീയരേ (Arians) ക്കുറിച്ചുമാത്രം പറയുന്നു.

അരീയർ രാജാധികാരത്താൽ പീഡിപ്പിക്കപ്പെട്ടകയാൽ അവർ, പടിഞ്ഞാറൻ രാജ്യങ്ങളെ നശിപ്പിച്ചുകളഞ്ഞ ഗോഥജാതികളെ അഭയംപ്രാപിച്ചു. ആ ജാതികളുടെ ഇടയിൽ ഇവർക്കു സ്ഥിരനിവാസം ലഭിച്ചു. ഇങ്ങനെ നല്ല കാലം വന്നപ്പോഴും പൊതുസഭ ഇവരുടെ നേരെ നടത്തിയ പീഡകളും തിരികെ കൊടുക്കുന്നതിനു സാധിച്ചു. ഇതിന്റെ ഫലമായി നിഖ്യാവിശ്വാസപ്രമാണക്കാർ അനുഭവിച്ച പലപീഡകളും ആഫ്രിക്കയിൽ സ്വരാജ്യസ്ഥാപനം ചെയ്ത വണ്ടാലരാണ സ്വാധികമായി മർദ്ദനം നടത്തിയതു്. ഗെൻസറിക്കു അദ്ദേഹത്തിന്റെ മകനായ ഹുണറിക്കു, ക്രിസ്തുവിന്റെ ദൈവത്വത്തെ വിശ്വസിക്കുന്ന കൂട്ടരുടെ ദേവാലയങ്ങളെ ഇടിച്ചു പൊളിക്കയും ബിഷപ്പന്മാരെ നാടുകടത്തുകയും അവരെ നാനാപ്രകാരേണയുള്ള വ്യഥകളും അനുഭവിപ്പിക്കയും ചെയ്തു. ആഫ്രിക്കയിലെ ദൊനാത്യർക്കും അരീയക്കും പൊതുസഭയിൽനിന്നു പിരിഞ്ഞു നിന്ന മറ്റുവകുപ്പുകാർക്കും എതിരായി ചക്രവർത്തിമാർ മർദ്ദന നിയമങ്ങളും എർപ്പെടുത്തിയതിനെ അനുസരിച്ചു പ്രവർത്തിക്കുക മാത്രമേ തങ്ങളും ചെയ്യുന്നുള്ളു; ചക്രവർത്തികളിൽനിന്നാണു തങ്ങളും ഇതു പഠിച്ചിട്ടുള്ളതു് എന്നിങ്ങനെ അവർ ഇതിനു സമാധാനവും പറഞ്ഞുവന്നിരുന്നു. ഈ ഹിംസാകാലത്തു ചിലരുടെ നാവു് ചുവടേ മുറിച്ചുകളഞ്ഞിട്ടും അവർക്കു തെളിവായിസംസാരിക്കുന്നതിനും ക്രിസ്തുവിനു സ്തോത്രങ്ങളും പാടുന്നതിനും കഴിഞ്ഞു എന്നുള്ളതു് ഒരത്ഭുതസംഭവംതന്നെ. ഇതു തർക്കരഹിതവും വിശ്വാസ്യവുമാണെന്നു സൂക്ഷ്മനിരൂപകനായ മോഷിംതന്നെ പറയുന്നു.

ഈ നൂറാണ്ടിൽ ഉണ്ടായ വേറൊരു ഭിന്നവകുപ്പു നെസ്തോറിയരാണു്. ഇതിന്റെ കാരണഭൂതൻ ജനനംകൊണ്ടു സുറിയാക്കാരനും ഉദ്യോഗംകൊണ്ടു കോൻസ്റ്റാൻറിനോപ്പിളിലെ പാത്രിയർക്കാവുമായിരുന്ന നെസ്തോറിയസ് ആണു്. ഇദ്ദേഹം മൊപ്സുവെസ്ത്യായിലെ തിയഡോറസ്സിന്റെ ശിഷ്യനും വലിയ വാഗ്മിയും വിദ്വാനുമായിരുന്നു. മുമ്പുണ്ടായിട്ടുള്ള സൂനാദോസുകളുടെ തീരുമാനങ്ങൾകൊണ്ടു, ക്രിസ്തു യഥാർത്ഥ ദൈവവും യഥാർത്ഥ മനുഷ്യനുമാണെന്നുള്ളതു ക്രൈസ്തവസഭയിൽ അവിതർക്കിതമാംവണ്ണം സമ്മതിക്കപ്പെട്ടിരുന്നു. എന്നാൽ ഈ രണ്ടു സ്വഭാവങ്ങളുടെ രീതി, ഇവയുടെ യോജിപ്പിന്റെ ഫലങ്ങൾ, ഇവ സംബന്ധിച്ച യാതൊന്നും ഇതേവരെ തർക്കത്തിൽ വന്നിട്ടില്ലായിരുന്നു. അതുകൊണ്ടു ക്രിസ്തീയ പണ്ഡിതന്മാർ തങ്ങൾക്കു ശരി എന്നു തോന്നിയപ്രകാരം ഓരോ വിധത്തിൽ ഇതിനെ വ്യാഖ്യാനിച്ചുവന്നു. ചിലരുടെ വ്യാപനങ്ങൾ അന്യോന്യം യോജിച്ചുനില്ക്കുന്ന ദൈവപുത്ര

ത്വവും മനുഷ്യപുത്രത്വവുമാണു ക്രിസ്തുവിനുള്ളതെന്നും അതിനാൽ ക്രിസ്തുവിൽ രണ്ടു് ആളത്വങ്ങളും ഉണ്ടെന്നും തോന്നത്തക്കവണ്ണമായിരുന്നു. മറ്റു ചിലർ ദൈവപുത്രത്വവും മനുഷ്യപുത്രത്വവും കൂട്ടിക്കലർത്തി ക്രിസ്തുവിൽ രണ്ടു സ്വഭാവങ്ങളും തമ്മിൽ ഏകീഭവിക്കുന്നു എന്നും അതിനാൽ ക്രിസ്തുവിൽ ആകെ ഒരു ആളത്വമേയുള്ളൂ എന്നും അഭിപ്രായപ്പെട്ടു. അപ്പോല്ലിനാരിസ്സിന്റെ വകഭേദങ്ങളായതിന്റെ ശേഷം അലക്സന്ത്രിയാ, ഈജിപ്തു് ഈ സഭകളിലെ പണ്ഡിതന്മാരിൽനിന്നു സുറിയായിലേയും മറ്റു പൗരസ്ത്യരാജ്യങ്ങളിലേയും പണ്ഡിതന്മാർ വ്യത്യസ്താഭിപ്രായമുള്ളവരായിരുന്നു. കാരണം, ക്രിസ്തുവിനു ശരിയായ ഒരു മനുഷ്യാത്മാവില്ലായിരുന്നു എന്നും ക്രിസ്തുവിലുള്ള ദൈവസ്വഭാവം ആണു ഗുണദോഷവിചിന്തനശക്തിയുള്ള ആത്മാവിന്റെ സ്ഥാനത്തു് ഇരുന്നതെന്നും അയാൾ ഉപദേശിച്ചു. ഇതിനാൽ ക്രിസ്തുവിന്റെ ഉപദേശങ്ങളെ മിശ്രപ്പെടുത്തുന്ന ഒരു സമ്പ്രദായം നടപ്പായി. അതുകൊണ്ടു സുറിയാക്കാർ അപ്പോല്ലിനാരിസ്സിന്റെ അനുഗാമികളിൽനിന്നു തങ്ങളെ തിരിച്ചറിയുന്നതിനു ക്രിസ്തുവിലുള്ള ദൈവത്തിൽനിന്നു ക്രിസ്തുവിലുള്ള മനുഷ്യനെ സൂക്ഷ്മമായി ഭേദപ്പെടുത്തിക്കാണിക്കയും ക്രിസ്തുവിന്റെ ആളത്വം രണ്ടാളത്വങ്ങളായി വേർതിരിക്കുന്നുവെന്നു കേംവിക്കാർ ഊഹിക്കത്തക്ക ഭാഷ ഉപയോഗിക്കയും ചെയ്തു. നേരെമറിച്ചു്, അലക്സന്ത്രിയക്കാരും ഈജിപ്തുകാരും അപ്പോല്ലിനേറിയൻമതത്തെ അനുകൂലിച്ചേ സ്വഭാവദ്വയത്തെ മിശ്രീകരിക്കുന്നു എന്നു തോന്നത്തക്കവണ്ണം അഭിപ്രായപ്രകടനം ചെയ്തു. നെസ്തോറിയസ് സിറിയൻ പാഠശാലകളിൽ പഠിച്ചിട്ടുള്ളവനും ഇതര വകഭേദങ്ങളെയെല്ലാം വിശിഷ്യ, അപ്പോല്ലിനേറിയൻ മതത്തെ ഉന്മൂലനം ചെയ്വാൻ അഭിവാഞ്ഛയുള്ളവനുമായിരുന്നതുകൊണ്ടു തന്റെ അദ്ധ്യാപകന്മാരെ അനുകരിച്ചു ക്രിസ്തുവിലുള്ള രണ്ടു സ്വഭാവങ്ങളെക്കുറിച്ചു പ്രസംഗിക്കയും തന്റെ ശ്രോതാക്കൾ ദൈവപുത്രനും മനുഷ്യപുത്രനും രണ്ടാണെന്നു ധരിക്കുന്നതിനും ഒരാളിന്റെ പ്രവൃത്തികളും ബോധവും ഇതരനിൽനിന്നു സൂക്ഷ്മമായി വ്യാവർത്തിച്ചറിയുന്നതിനും മാർഗ്ഗദർശനം ചെയ്കയും ചെയ്തു.

ഈ വാദത്തിന്നിടയുണ്ടാക്കിയതു നെസ്തോറിയസിന്റെ അടുത്ത സ്നേഹിതനും ഒരു പ്രസ്ബിറ്ററുമായ അനാസ്റ്റാസിയൂസ് ആയിരുന്നു. ഈ പ്രസ്ബിറ്റർ 428–ൽ ചെയ്ത ഒരു പബ്ളിക്ക പ്രസംഗത്തിൽ മറിയയെ ദൈവമാതാവെന്നു വിളിക്കുന്നതിനെപ്പറ്റി ആക്ഷേപിച്ചു പറകയുണ്ടായി. അരീയന്മാരുമായി നടന്ന വാദം മുതൽ യേശുവിന്റെ അമ്മയ്ക്കു ദൈവമാതാവെന്നുള്ള പേർ സാധാരണ ഉപയോഗിച്ചുവന്നിരുന്നു. അപ്പോല്ലിനാരിസ്സിന്റെ അഭിപ്രായപ്രകാരം ദൈവമാതാവെന്നാണു പറയേണ്ടതു്. ദൈവത്തിനു ജനിപ്പാനും മരിപ്പാനും കഴിയാത്തതുകൊണ്ടും മനുഷ്യപുത്രൻമാത്രം മറിയയിൽനിന്നു ജനിച്ചിരിക്കുന്നതുകൊണ്ടും ക്രിസ്തുവിന്റെ അമ്മ എന്നു മാത്രമേ മറിയയ്ക്കു പേർ പറഞ്ഞുകൂടൂ എന്നായിരുന്നു അനാസ്റ്റാസിയൂസിന്റെ മതം. തന്റെ സ്നേഹിതന്റെ ഈ പ്രസംഗത്തെ നെസ്തോറിയസ് സമ്മതിക്കുകയും പല പ്രസംഗങ്ങളിൽ അതിനെ തെളിയിച്ചു സ്ഥാപിക്കുകയും ചെയ്തു. കോൺസ്റ്റാൻറിനോപ്പിളിലെ ഏതാനും സന്യാസിമാർ മറിയയുടെ പുത്രൻ ദൈവാവതാരമാണെന്നു പറഞ്ഞുകൊണ്ടു് ഇതിനെ എതിർത്തതുകൂടാതെ നെസ്തോറിയസ്സിനെതിരായി ജനങ്ങളെ ഇളക്കുവാൻ ശ്രമിക്കുകയും ചെയ്തു. എന്നാൽ സന്യാസിമാരിൽ അധികംപേരും നെസ്തോറിയസ്സിന്റെ പ്രസംഗങ്ങളിൽ സന്തോഷിക്കയാണുണ്ടായതു്. അവർ ഈജിപ്തിലെ സന്യാസിമാരുടെ അടുക്കലേക്കു കൊണ്ടുപോകപ്പെട്ടപ്പോഴും, നെസ്തോറിയസ്സിന്റെ യുക്തിവാദത്താൽ ഇളകിവശായ ഇവർ അദ്ദേഹത്തിന്റെ അഭിപ്രായത്തെത്തന്നെ

അംഗീകരിച്ചേറ്റു പറകയും മറിയയെ ദൈവത്തിന്റെ അമ്മയെന്നു മേലാൽ വിളിക്കുന്നതല്ലെന്നു തീരുമാനിക്കുകയും ചെയ്തു.

ഈ ഘട്ടത്തിൽ അടക്കമില്ലാത്തവനും അഹങ്കാരസ്വഭാവിയുമായ കുറിലോസ് ആയിരുന്ന അലക്സന്ത്രിയയിലെ ബിഷപ്പ്. കോൺസ്റ്റാന്റിനോപ്പിളിലെ പാത്രിയർക്കീസിന്റെ വർദ്ധമാനമായ ശക്തിയും അധികാരവും കണ്ട് അദ്ദേഹം ഈർഷ്യാകലുഷിതനായി ഇരിക്കുകയായിരുന്നു. ഈ തർക്കസംഗതി കേട്ടപ്പോൾ അയാൾ തന്റെ സന്യാസിമാരേയും നെസ്തോറിയസ്സിനേയും നിന്ദിക്കയുണ്ടായി. നെസ്തോറിയസ് അഭിപ്രായം പിൻവലിക്കായ്കയാൽ കുറിലോസ് റോമാബിഷപ്പായ സെലസ്റ്റീനെ കൂട്ടുപിടിച്ചുകൊണ്ടു സമരത്തിനു് ആരംഭിച്ചു. ഏ. ഡി. 430–ൽ അലക്സന്ത്രിയായിൽ ഒരു സുന്നഹദോസ് വിളിച്ചുകൂട്ടി നെസ്തോറിയസ്സിന്റെ മേൽ പന്ത്രണ്ടു ശാപങ്ങൾ കുറി. നെസ്തോറിയസ്സും ക്രിസ്തുവിനെതിരായ ദൂഷണക്കുറ്റം തന്റെമേൽ ചുമത്തിയതുകണ്ടു്, കുറിലോസ്സിന്റെ മേൽ ആ കുറ്റവും, അപ്പോല്ലിനേറിയൻ മതവും, ക്രിസ്തുവിന്റെ സ്വഭാവങ്ങളെ മിശ്രീകരിച്ചുകളഞ്ഞു എന്നുള്ള അപരാധവും ആസ്പദമാക്കി അതുയും ശാപങ്ങൾ തന്നെ എതിരാളിക്കും വച്ചുകൊടുത്തു. രണ്ടു മഹാബിഷപ്പന്മാർ തമ്മിൽ ഉണ്ടായ ഈ ശണ്ഠ മനസ്സിന്റെ ദുഷിച്ച വികാരങ്ങളിൽനിന്നു് ഉണ്ടായിട്ടുള്ളതല്ലാതെ സത്യത്തോടുള്ള നിർവ്യാജസ്നേഹംകൊണ്ടു് ഉണ്ടായിട്ടുള്ളതല്ലെന്നാണു പലരുടെയും അഭിപ്രായം. ഇരുകക്ഷികളും കൂട്ടുതൽ വാശിപിടിച്ചു വഴക്കു വർദ്ധിക്കുന്നതിനല്ലാതെ അടങ്ങുകയോ അടക്കുകയോ ചെയ്യുന്നതിനുള്ള ഭാവമില്ലെന്നു കണ്ടു ചക്രവർത്തിയായ തിയാഡോഷ്യസ് രണ്ടാമൻ ഏ.ഡി. 431–ൽ എഫേസൂസിൽ ഒരു സുന്നഹദോസു വിളിച്ചുകൂട്ടി. ഇതു മൂന്നാമത്തെ സാർവത്രിക സുന്നഹദോസ് എന്നു ഗണിക്കപ്പെട്ടുന്നു. നെസ്തോറിയസ്സിന്റെ പ്രതിയോഗിയായ കുറിലോസ് തന്നെയാണു് ഇതിൽ അധ്യാസനം വഹിച്ചതു്. അന്ത്യോക്യാബിഷപ്പായ ജോണും മറ്റുള്ള പൗരസ്ത്യബിഷപ്പന്മാരും എത്തുന്നതിനുമുമ്പെ കേസു വിസ്തരിച്ചു തീരുമാനിക്കണം എന്നു കുറിലോസ് ആഗ്രഹിച്ചു. അതുകൊണ്ടു നിഷ്പക്ഷമായ തീരുമാനം ഉണ്ടാകുന്നതിനു പ്രതിബന്ധം കാണുകയാൽ വിസ്തരിപ്പാൻ വിളിച്ചപ്പോഴും നെസ്തോറിയസ് അതിനെ നിഷേധിക്കയാണുണ്ടായതു്. എങ്കിലും കുറിലോസ് മടുക്കാതെ സുന്നഹദോസു നടത്തി യാതൊരു വിസ്താരവും കൂടാതെ നെസ്തോറിയസ്സിനെ യഹൂദയോടു് ഉപമിക്കയും അയാളുടെമേൽ ദൈവദൂഷണക്കുറ്റം ചുമത്തി, ഉദ്യോഗത്തിൽനിന്നു നീക്കി നാടുകടത്തൽ ശിക്ഷ വിധിക്കയും ചെയ്തു. ഈ സുന്നഹദോസിൽ കള്ളത്തരങ്ങളും കൂട്ടുകെട്ടുകളും ഒട്ടും കുറവില്ലായിരുന്നു. നീതിയോ ദൈവഭീതിയോ ഇതിൽ പ്രമാണമായിരുന്നില്ല. എന്നാൽ ഈ സുന്നഹദോസിൽ സ്ഥാപിക്കപ്പെട്ട ഉപദേശം, അതായതു ക്രിസ്തു ദിവ്യതയുള്ള ഏക പുരുഷൻ, എങ്കിലും വളരെ അടുത്തു യോജിച്ച രണ്ടു സ്വഭാവങ്ങൾ ഉണ്ടു്; എന്നാൽ അവ കലരുകയോ മിശ്രീഭവിക്കയോ ചെയ്തിട്ടില്ല; എന്നുള്ള സിദ്ധാന്തം ഇക്കാലത്തു ക്രിസ്ത്യാനികളിൽ ഭൂരിപക്ഷവും സ്വീകരിച്ചിരിക്കുന്നു.

ഈ എഫേസൂസ് സുന്നഹദോസുകൊണ്ടു് ഈ തർക്കങ്ങൾക്കു സമാധാനം വന്നില്ല. നേരെമറിച്ചു യോജിച്ചുപോകുന്നതിനുള്ള സകല പ്രത്യാശകളും നശിക്കയാണുണ്ടായതു്. അന്ത്യോക്യാബിഷപ്പായ ജോണും പൗരസ്ത്യന്മാരായ മറ്റു ബിഷപ്പന്മാരും എഫേസൂസിൽ തന്നെ കൂടി കുറിലോസിനും കുറിലോസിന്റെ സ്നേഹിതൻ എഫേസൂസ് ബിഷപ്പായ മെമ്നോനും എതിരായി, (അവർ നെസ്തോറിയസ്സിനു് എതിരായി പാസ്സാക്കിയതുപോലെയുള്ള) ഒരു വിധി പാസ്സാക്കി. ഇതിനാൽ കുറിലോസും കിഴക്കൻ മെത്രാന്മാരും

തമ്മിലുള്ള ഭിന്നത വർദ്ധിച്ചു. ഈ ഭിന്നത വളരെക്കാലത്തേക്കു നിന്നു. നെസ്റ്റോറിയസ്സിന്റെ സ്നേഹിതന്മാരും ശിഷ്യന്മാരും ഇദ്ദേഹത്തിന്റെ ഉപദേശങ്ങളെ കിഴക്കൻ രാജ്യങ്ങളിലെല്ലായിടത്തും പ്രചരിപ്പിക്കുവാനും എഫേസൂസ് സുന്നഹദോസിന്റെ തീരുമാനങ്ങളെ നിഷേധിക്കുന്ന സഭകളെ സ്ഥാപിക്കുവാനും ആരംഭിച്ചു. പേർഷ്യക്കാർ നെസ്റ്റോറിയസ്സിന്റെ ഭാഗത്തു ചേർന്നു. എഡെസ്സായിലെ സുപ്രസിദ്ധമായ പേർഷ്യൻ പാഠശാല മുഖാന്തരം നെസ്റ്റോറിയൻ അഭിപ്രായങ്ങളും പരക്കുകയും നെസ്റ്റോറിയസ്സിന്റെ എഴുത്തുകളെ തദ്ദേശഭാഷയായിരുന്ന സുറിയാനിയിൽ തർജ്ജമ ചെയ്കയും ചെയ്തു.

നെസ്റ്റോറിയാവിശ്വാസപ്രചരണത്തിൽ എത്രയും മുഖ്യൻ ബാർസൂമാസ് ആയിരുന്നു. 435–ൽ അയാളെ നിസിബിസ്സിലെ ബിഷപ്പായി ഉയർത്തപ്പെട്ടു. 440–485 വരെ അയാൾ പേർഷ്യയിൽ നെസ്റ്റോർ മതത്തിനു വേണ്ടി സ്വാധികമായി പ്രയത്നങ്ങളും ചെയ്തു. കൽദയ, പേർഷ്യ, അസ്സൂറിയാ, മറ്റു ചില അയൽരാജ്യങ്ങളും ഇവ ബാർസൂമാസിനെ ഇന്നും തങ്ങളുടെ പിതാവായി ഗണിച്ചുവരുന്നു. പേർഷ്യയിലെ രാജാവായ ഫെറോസീസ്സിനെ കൈവശപ്പെടുത്തി വിപരീതാഭിപ്രായക്കാരായ ക്രിസ്ത്യാനികളെ അവിടെ നിന്നു ബഹിഷ്കരിച്ചതു കൂടാതെ പേർഷ്യയിലെ മുഖ്യപട്ടണമായ സെല്യൂഷ്യാ, റെസിഫോൻ ഇവയെ നെസ്റ്റോറിയാ മെത്രാസനങ്ങളാക്കുകയും ചെയ്തു. അവരുടെ പാത്രിയർക്കാവു് അഥവാ കാതോലിക്കോസ് ഇന്നുവരെയുണ്ടു്. നിസിബിസ്സിൽ ഏർപ്പെടുത്തിയ പ്രസിദ്ധമായ പാഠശാലയിൽ നിന്നു് ഈ ശതകത്തിലും അനന്തരശതകങ്ങളിലും ഈജിപ്തു്, സുറിയാ, അറബിയാ, ഇൻഡ്യാ, ചൈന മുതലായ രാജ്യങ്ങളിൽ വേല ചെയ്വാൻ അസംഖ്യം മിഷ്യനറിമാർ പോയിട്ടുണ്ടു്.

നെസ്റ്റോറിയസ്സിന്റെ ഉപദേശങ്ങളെ ഖണ്ഡിപ്പാൻ പലർ ശ്രമിക്കുമുവിൽ വളരെപ്പേർ തദ്വിപരീതമായ ഒരു ഇടത്തുടിൽ ചെന്നു ചാടി. ഇക്കൂട്ടരിൽ അതിപ്രസിദ്ധനായി തീർന്നതു് എവുത്തിക്കസ് (Eutyches) ആയിരുന്നു. ഇദ്ദേഹം കോൺസ്റ്റാന്റിനോപ്പിളിലെ ഒരു സന്യാസാശ്രമത്തിന്റെ അധിപസ്ഥാനം വഹിച്ചിരുന്നു. ഈ ഇടത്തുടം നെസ്റ്റോർ മതത്തെപ്പോലെ തന്നെ ക്രിസ്തുമതത്തിൽ പലേ കുഴപ്പങ്ങളും ഉണ്ടാക്കി. 448–ൽ നെസ്റ്റോർ മതത്തെ തകർക്കുന്നതിനു ക്രിസ്തുവിന്റെ ആളത്വത്തെ സംബന്ധിച്ചുള്ള തന്റെ അഭിപ്രായം എവുത്തിക്കസ് പ്രസംഗിച്ചു തുടങ്ങി. ക്രിസ്തുവിൽ ഒരു സ്വഭാവമേയുള്ളൂ, അതു വചനമായവന്റെ സ്വഭാവമാണു്; എന്നാൽ അതു്, അവതാരത്തെ അനുബന്ധിച്ചുള്ള സ്വഭാവവുമാണു് എന്നിങ്ങനെയുള്ള അഭിപ്രായത്തിൽ അയാളും യേശുക്രിസ്തുവിന്റെ മനുഷ്യത്വം നിഷേധിക്കുന്നതുപോലെ തോന്നി. മേല്പറഞ്ഞ ആണ്ടിൽതന്നെ ഫ്ലാവിയാനസ്സിനാൽ കൂസ്തന്തീനോസ് പോലീസ്സിൽ വിളിച്ചുകൂട്ടപ്പെട്ട ഒരു സുന്നഹദോസിന്റെ സമക്ഷം ഡൊറിലിയം യൂസീബിയസ് അവനെ കുറ്റം ചുമത്തി. ഈ സുന്നഹദോസിന്റെ ആജ്ഞാനുസരണം, തന്റെ അഭിപ്രായങ്ങളെ എവുത്തിക്കസ് ഉപേക്ഷിക്കായ്കയാൽ അയാളും സഭയിൽനിന്നു ബഹിഷ്കരിക്കപ്പെടുകയും ഉദ്യോഗമൊഴിയേണ്ടിവരികയും ചെയ്തു. ഈ തീരുമാനങ്ങളോടു തനിക്കു യോജിപ്പില്ലായ്കയാൽ ഒരു സാവ്വലൗകിക സുന്നഹദോസു തന്റെ വാദം കേൾക്കണമെന്നു എവുത്തിക്കസ് ആവശ്യപ്പെട്ടു.

അതനുസരിച്ചു്, തിയാഡോഷ്യസ് ചക്രവർത്തി 449–ൽ എഫേസൂസിൽ ഒരു മഹായോഗം വിളിച്ചുകൂട്ടി. ഇതിൽ അദ്ധ്യാസനം വഹിച്ചതു് അലക്സന്ത്രിയാ ബിഷപ്പായ ഡയസ്കോറസ് ആയിരുന്നു. ഇയാൾ കൂറിലോസിനെപ്പോലെ ഡംഭിയും ഉപദ്രവിയും കോൺസ്റ്റാന്റിനോപ്പിളിലെ

ബിഷപ്പിന്റെ ശത്രുവുമായിരുന്നു. എഫേസൂസ് സുന്നഹദോസിന്റെ സന്തതായം തന്നെയായിരുന്നു ഇതിന്റേതും. ഡയസ്കോറസ്സിന്റെ സഭയിലും മിക്കവാറും എവുത്തിക്കസിന്റെതുപോലെയുള്ള അഭിപ്രായങ്ങൾ പഠിച്ചിച്ചിരുന്നതിനാൽ ഈ സമ്മേളനത്തിലും ഏക സ്വഭാവവാദം ജയംകൊണ്ടു. എവുത്തിക്കസു് നിർദ്ദോഷിയാണെന്നു സ്ഥിരപ്പെടുകയും ചെയ്തു. നേരെ മറിച്ചു, പ്ളാവിയാനസ്സിനെ കഠിനമായി അടിപ്പിക്കയും ലിഡിയായിലെ ഒരു പട്ടണമായ എപ്പിപ്പാ (Epipa) യിലേക്കു നാടുകടത്തുകയും അധികം താമസിയാതെ അവിടെ കിടന്നു് അദ്ദേഹം മരിക്കയും ചെയ്തു. ഗ്രീക്കുകാർ പ്രസ്തുത കൗൺസിലിനെ കള്ളന്മാരുടെ സുന്നഹദോസു് എന്നു വിളിക്കുന്നു. കാരണം വഞ്ചനയും അതിക്രമവും ആയിരുന്നു ഇതിന്റെ ഉപകരണങ്ങൾ. എന്നാൽ ഇതിനു മുമ്പും പിമ്പും നടന്നിട്ടുള്ള പല സുന്നഹദോസുകളും ഈ പേരിനു ശരിയായി അർഹങ്ങൾ തന്നെ.

എന്നാൽ അല്പം കഴിഞ്ഞു സംഗതികൾ മാറിവീണു. പ്ളാവിയാനസ്സും കൂട്ടരും റോമൻ ബിഷപ്പായ വലിയ ലിയോയെ കൂട്ടുപിടിച്ചുകൊണ്ടു് (പ്രതിയോഗികളാൽ തോല്പിക്കപ്പെട്ടന്ന പലരും ഇങ്ങനെ ചെയ്യുക അക്കാലത്തെ പതിവായിരുന്നു.) ഇതു ഗൗരവമേറിയ ഒരു വിഷയം തീർക്കുവാൻ ഇതിലും വലിയ സുന്നഹദോസു് ആവശ്യമാണെന്നു ചക്രവർത്തിയെ അറിയിച്ചു. എന്നാൽ ലിയോയുടെ ഈ അഭിലാഷം സാധിച്ചുകൊടുക്കുവാൻ തിയോഡോഷ്യസു് ഒരുമ്പെട്ടില്ല. ചക്രവർത്തി മരിച്ചപ്പോൾ അദ്ദേഹത്തിന്റെ അനന്തരഗാമിയായ മാർഷ്യാൻ 451—ൽ കൽക്കദോനിൽ ഒരു പുതിയ കൗൺസിൽ വിളിച്ചുകൂട്ടി. ഇതു നാലാമത്തെ സാവ്ത്രിക സംഘം എന്നു പറയപ്പെടുന്നു. ഈ മഹാ സമ്മേളനത്തിൽ ലിയോയുടെ പക്ഷക്കാർക്കായിരുന്നു വലിയ സ്വാധീനത. അതുകൊണ്ടു ഡയസ്കോറസിനെ കുറ്റം വിധിച്ചു സ്ഥാനഭ്രംശം ചെയ്തതു കൂടാതെ പഫ്ളഗോണിയായിലേക്കു നാടുകടത്തുകയും ചെയ്തു. എഫേസ്യൻ കൗൺസിലിന്റെ തീരുമാനങ്ങളെ റദ്ദു് ചെയ്കയും ലിയോയുടെ എഴുത്തു വിശ്വാസത്തിന്റെ പ്രമാണമായി സ്വീകരിക്കയും ചെയ്തു. എവുത്തിക്കാസു് ഈ യോഗത്തിൽ സംബന്ധിച്ചിരുന്നില്ലെങ്കിലും പ്രസ്ബിറർ സ്ഥാനത്തുനിന്നു് തള്ളപ്പെടുകയും ചക്രവർത്തിയാൽ നാടുകടത്തൽ ശിക്ഷയ്ക്കു വിധിക്കപ്പെടുകയും ചെയ്തു.

ഈ ചികിത്സയും സഭയുടെ മുറിവുകളെ സുഖപ്പെടുത്തുന്നതിനു ശക്തമായില്ല. മാത്രമല്ല, ഇതു നിമിത്തം പുതിയ രോഗങ്ങൾ ഉല്പാദിക്കയും ചെയ്തു. എങ്ങനെയെന്നാൽ പൗരസ്ത്യരും ഈജിപ്തുകാരുമായ പണ്ഡിതന്മാരിൽ ഒരു വലിയ പങ്കാളികൾ ഇതര വിഷയങ്ങളിൽ വിവിധാഭിപ്രായങ്ങൾ കൈക്കൊണ്ടിരുന്നുവെങ്കിലും കൽക്കദോൻ സുന്നഹദോസിനോടും ലിയോയുടെ ലേഖനത്തോടും ശക്തിയായി എതിർക്കുന്നതിനു യോജിച്ചു പ്രവർത്തിക്കുകയും ക്രിസ്തുവിന്റെ ഏക സ്വഭാവത്തിനുവേണ്ടി പോരാടുകയും ചെയ്തു. ഇതിന്റെ ഫലമായി വ്യസനകരമായ പല ഭിന്നതകളും വിശ്വാസ്യ, സിവിൽ യുദ്ധങ്ങളും ഉണ്ടായി. ഈജിപ്തിൽ മാഷ്യാൻ ചക്രവർത്തിയുടെ മരണശേഷം ജനങ്ങൾ ഇളകി ഡയസ്കോറസിന്റെ അനന്തരഗാമിയായ പ്രൊട്ടീറിയസ്സിനെ കൊലപ്പെടുത്തുകയും ഏകസ്വഭാവവാദിയായ തിമോത്തിയൂസു് ഈലറസ്സിനെ തൽസ്ഥാനത്തു നിയമിക്കുകയും ചെയ്തു. ഈ ഈലറസു് ലിയോ ചക്രവർത്തിയാൽ ബഹിഷ്കരിക്കപ്പെടുകയുണ്ടായെങ്കിലും ബാസിലിസ്കസു് ചക്രവർത്തിയുടെ കാലത്തു പുനഃപ്രാപ്തിയുണ്ടായി. അദ്ദേഹത്തിന്റെ മരണശേഷവും കൽക്കദോൻ സുന്നഹദോസിന്റെ മിത്രങ്ങൾ തിമോഥിയോസിനെയും ഏകസ്വഭാവവാദികൾ പീറ്റർ മോഗസ്സിനെയും തിരഞ്ഞെടുത്തു. ചക്രവർത്തിയുടെ ഹേമത്താൽ മോഗസു് ഒഴിയേണ്ടിവന്നെങ്കിലും 482—ൽ

തിമോഥിയോസ് മരിക്കയാൽ സീനൊ ചക്രവർത്തിയുടെ കല്പനയാലും കസ്തന്തീനപുരിയിലെ ബിഷപ്പായ അക്കേഷ്യസ്സിന്റെ സ്വാധീനശക്തിയാലും അലക്സന്ത്രിയാ മെത്രാസനം കൈവശപ്പെടുത്തി. കൽക്കദോൻ മിശ്രങ്ങം തിരഞ്ഞെടുത്ത ജോൺ ടാലിയാ തള്ളിക്കളയപ്പെട്ടു.

ഈ നൂറ്റാണ്ടിൽ പടിഞ്ഞാറുനിന്നും ചില ഉപദ്രവങ്ങളും സഭയ്ക്കുണ്ടായി. പെലെജിയസ്, സെലസ്തിയസ് എന്നീ രണ്ടാളുകളുടെ ഉപദേശങ്ങളായിരുന്നു ഇതിനു കാരണം. പെലെജിയസ് ബ്രിട്ടൻകാരനും സെലസ്തിയസ് അയർലണ്ടുകാരനും ആയിരുന്നു. റോമയിൽ താമസിച്ചുവന്ന ഈ രണ്ടു സന്യാസികളും സൽഗുണത്തിനും ഭക്തിക്കും പ്രസിദ്ധന്മാരായിരുന്നു. എങ്കിലും ഇവർ ജന്മപാപമുണ്ടെന്നുള്ളതിനെ നിഷേധിച്ചു കളഞ്ഞു. ''ആദിമാതാപിതാക്കന്മാരുടെ പാപങ്ങളും അവരെ മാത്രമല്ലാതെ സന്തതിയെ സംബന്ധിക്കുന്നില്ല. മനുഷ്യൻ ജനിക്കുമ്പോൾ ദൈവത്താൽ സൃഷ്ടിക്കപ്പെട്ട ആദാമിനെപ്പോലെ വിശുദ്ധനും നിഷ്പാപനും ആകുന്നു. അതുകൊണ്ടു മനുഷ്യജീവികളുടെ സ്വഭാവികശക്തിയാൽ തങ്ങളെത്തന്നെ നവീകരിക്കുന്നതിനും വിശുദ്ധിയുടെ സർവ്വോന്നതനിലയിലെത്തുന്നതിനും സാധിക്കും. വാസ്തവം നോക്കിയാൽ, ഈ മനുഷ്യപ്രയത്നങ്ങളെ ഉളവാക്കുവാൻ മനുഷ്യനു ബാഹ്യമായ കൃപയുടെ ആവശ്യമേയുള്ളു. ഉള്ളിൽ സ്വാഭീയമായ കൃപ ലഭിക്കേണ്ട ആവശ്യമില്ല'' എന്നിങ്ങനെ ഒക്കെ അവർ ഉപദേശിച്ചു. ഇവയും ഇവയെ സംബന്ധിക്കുന്ന മറ്റഭിപ്രായങ്ങളും മേല്പറഞ്ഞ സന്യാസിമാർ റോമയിൽ രഹസ്യമായി ഉപദേശിച്ചു. എന്നാൽ 410–ാം വർഷത്തിൽ ഗോഥരുടെ ആക്രമനിമിത്തം അവർ റോമയിൽനിന്നു പിൻവാങ്ങി ആദ്യം സിസിലിയിലേക്കും അവിടെനിന്നു ആഫ്രിക്കയിലേക്കും പോയി തങ്ങളുടെ അഭിപ്രായങ്ങളെ പബ്ലിക്കിൽ പ്രചരിപ്പിച്ചു. ആഫ്രിക്കയിൽ നിന്നു പെലജിയസ് ഫലസ്തീനിലേക്കു പോയി. എന്നാൽ സെലസ്റ്റിയസ് കാർത്തേജിൽ പാർത്തുകൊണ്ടു ആ പട്ടണത്തിലെ പ്രസ്ബിറ്റർന്മാരുടെ ഇടയിൽ ഒരു സ്ഥാനം ലഭിപ്പാൻ ആഗ്രഹിച്ചു. എങ്കിലും അയാളുടെ പുതിയ അഭിപ്രായങ്ങളും പുറത്തു അറിഞ്ഞുപോയതിനാൽ 412–ൽ കാർത്തേജിലെ ഒരു സുന്നഹദോസിൽവച്ചു അയാളെ കുറ്റം വിധിച്ചു. ഉടൻ ആ നാടുവിട്ടു ആസ്യയിലേക്കു പോയി. ഈ ഘട്ടം മുതൽക്കാണു ഹിപ്പോയുടെ കീർത്തിപ്പെട്ട ബിഷപ്പായ ആഗസ്തീൻ തന്റെ പേനകൊണ്ടു സെലസ്റ്റിയസ്സിനോടും പെലജിയസ്സിനോടും പോരാടുവാൻ തുടങ്ങിയതു്. ഈ വകുപ്പിനെ അതിന്റെ ഉത്ഭവത്തിൽവച്ചുതന്നെ അടിച്ചമർത്തിക്കളഞ്ഞതിനുള്ള ബഹുമാനം ഈ മഹാത്മാവിനു് എന്നും ഇരിക്കുന്നതാണു്.

കുറെക്കൂടി പെലജിയസ്സിനു കാലം തെളിഞ്ഞതു കിഴക്കൻ രാജ്യത്താണു്. അവനു യരുശലേം ബിഷപ്പായ ജോണിന്റെ സംരക്ഷണം ലഭിച്ചു. പെലജിയസ്സിന്റെ ഉപദേശങ്ങളും ഓറിജന്റെ മതത്തോടു യോജിപ്പുള്ളതായി കണ്ടതുകൊണ്ടാണു് ഇദ്ദേഹത്തെ സ്വീകരിച്ചതു്. ഇവിടെ പെലജിയസ്സു് തന്റെ അഭിപ്രായത്തെ തുറന്നു പറകയും ശിഷ്യരെ ചേർക്കുകയും ചെയ്തു. ഓഗസ്തീൻ മുഖാന്തരം റോമാ ബിഷപ്പായ സോസിമുസ് ഈ നവീന മതത്തെ കുറ്റം വിധിച്ചു. നെസ്തോറിയസ്സിനെതിരായി ഗജ്ജിച്ച എഫേസ്യൻ സുന്നഹദോസും ഇവിനെ കുറ്റം വിധിച്ചു. പിന്നീടു് ഗോഥ, ബ്രിട്ടൺ, ഫലസ്തീൻ, എന്നീ സ്ഥലങ്ങളിലുള്ളവർ പ്രത്യേകം സുന്നഹദോസുകൂടി നിയമങ്ങളും ശിക്ഷകളും നിർണ്ണയിച്ചു് ഈ വകുപ്പിനെ നാമ്പിൽതന്നെ നുള്ളിക്കളഞ്ഞു.

ഈ വാദങ്ങളും മുൻപുണ്ടായിട്ടുള്ള മറ്റു വാദങ്ങളെപ്പോലെതന്നെ ദോഷകരമായ പല അഭിപ്രായങ്ങളെ ഉളവാക്കി. എങ്ങനെയെന്നാൽ ആഗസ്തീൻ

രക്ഷയ്ക്ക് അവശ്യം ആവശ്യമായ ദൈവകൃപയെക്കുറിച്ചും ഓരോ വ്യക്തികളുടെയും ഭാവി സ്ഥിതിയെപ്പറ്റിയുള്ള ദൈവ തീരുമാനത്തെ സംബന്ധിച്ചും പ്രസ്താവിച്ചു വന്നപ്പോൾ ആഡ്രുമെറ്റം (Adrumetum)ത്തിലെ ചില സന്യാസികളും ഗോളിലെ ചില വിശ്വാസികളും ദുഷ്പ്രമാർ നിത്യശിക്ഷ അനുഭവിപ്പാൻ മാത്രമല്ല ശിക്ഷ ലഭിക്കുന്നതിനു മുമ്പുള്ള കുറ്റത്തിനു വശംവദരാകുന്നതിനു, മനുഷ്യരുടെ നന്മ പ്രവൃത്തികളും തിന്മപ്രവൃത്തികളും അവ സംഭവിച്ചേ മതിയാവൂ എന്നുള്ള വിധത്തിൽ അനാദികാലംമുതൽ ദൈവത്താൽ മുൻനിശ്ചയിക്കപ്പെട്ടും ഉറപ്പിക്കപ്പെട്ടും ഇരിക്കുന്നു എന്നു വിശ്വസിക്കുന്നതിനു ഇടയായി. ഈ അഭിപ്രായക്കാരെ മറ്റുള്ളവർ മുൻനിയമക്കാർ എന്നു വിളിച്ചു തുടങ്ങി. എന്നാൽ ഈ ഉപദേശം അധികം പരക്കുന്നതിനിടയായില്ല. കാരണം ആഗസ്തീൻ തന്റെ അഭിപ്രായങ്ങളെ ആർലസിലും ലയോൺസിലും കൂടിയ രണ്ടു സുന്നഹദോസുകളിലും വിശദമായി പ്രസ്താവിക്കയും മറ്റു നിഷേധിക്കയും ചെയ്തു. എന്നാൽ മുൻനിയമക്കാർ എന്നൊരു സംഘം ഒരിക്കലും ഉണ്ടായിരുന്നില്ല എന്നു വാദിക്കുന്ന വലിയ പണ്ഡിതന്മാർ ഉണ്ട്. അവർ പറയുന്നതു്, ശരിയായും സത്യത്തിനു് അനുസരണമായും ഉപദേശിച്ച അഗസ്തീന്റെ അനുഗാമികളെ അത്ര വലിയ അപരാധികളെന്നു വരുത്തുവാൻ അർദ്ധപെലേജിയന്മാർ (Semi-Pelagians) നിഷ്കാരണമായും നിന്ദ്യമായും, അങ്ങനെ പറഞ്ഞുണ്ടാക്കിയതെന്നാണു്.

കിഴക്കുനിന്നു ഗോളിലെ മാഴ്സെയിൽസിലേക്കു വന്ന ഒരു സന്യാസിയായ ജോൺ കാസ്സിയാനാസ് ഏകദേശം 430—ാം കൊല്ലത്തിൽ ഏതാനുംപേരോടുകൂടി അവിടെ ഒരു ആശ്രമം സ്ഥാപിക്കുകയും ആഗസ്തീന്റെ ഉപദേശപദ്ധതിയെ സ്വല്പം ഭേദപ്പെടുത്തുവാൻ ശ്രമിക്കുകയും ചെയ്തു. അനേകർ ഈ അഭിപ്രായങ്ങളെ സ്വീകരിച്ചതുകൊണ്ടു് അർദ്ധപെലേജിയർ (Semi-Pelagians) എന്നൊരു വകുപ്പുണ്ടാകുവാൻ ഇടവന്നു. അർദ്ധപെലേജിയരുടെ അഭിപ്രായങ്ങളും അവരുടെ ശത്രുക്കളും പല വിധത്തിലാണു പറയുന്നതു്. എങ്കിലും അവരിൽ ഭൂരിപക്ഷത്തിനും ഇങ്ങനെ അഭിപ്രായമുണ്ടു്. അതാവിതു്: ''മനുഷ്യനു തടുക്കുന്നതായ ഒരു ആഭ്യന്തര കൃപ (Internal preventing Grace) ആവശ്യമില്ല. ഏതു മനുഷ്യനും സ്വാഭാവിക ശക്തികളാൽ തന്റെ ആത്മാവിന്റെ നവീകരണം തുടങ്ങുവാനും ക്രിസ്തുവിൽ വിശ്വാസം ഉണ്ടായി അതിനെ കൈകാര്യം ചെയ്യുവാനും ഒരു വിശുദ്ധ ജീവിതം ജീവിക്കുവാനും കഴിയും; എങ്കിലും നിരന്തരമായ ദൈവകൃപയും സഹായവും കൂടാതെ ആരംഭിച്ച ഗതിയിൽ മുന്നോട്ടു പോകുന്നതിനും സ്ഥിരമായി നില്ക്കുന്നതിനും ഒരുവനും കഴിയുന്നതല്ല.'' ഗോളിലുള്ള വി. ആഗസ്തീന്റെ ശിഷ്യന്മാർ ഈ അഭിപ്രായക്കാരോടു തീക്ഷ്ണമായി വാദിച്ചു. എന്നാൽ അവർക്കു് അവരെ തോല്പിക്കുവാൻ കഴിഞ്ഞില്ല. കാരണം, അവരുടെ ഉപദേശങ്ങളും വിശിഷ്യ സന്യാസിമാരുടെ ഇടയിൽ വളരെ കഴിഞ്ഞമാതിരിയിൽ ഉള്ള ചിന്താസമ്പ്രദായത്തോടു യോജിച്ചിരുന്നതുകൊണ്ടു് അത്യന്ത മനോഗൗരവമുള്ള പ്രാമാണികന്മാക്കൊഴികെ മറ്റെല്ലാവർക്കും അതു ഹൃദ്യമായി തോന്നി. പിന്നീടു് അഗസ്തീനാവട്ടെ അദ്ദേഹത്തിന്റെ സ്നേഹിതന്മാരാവട്ടെ പ്രസ്തുത അഭിപ്രായങ്ങളും അപകടകരവും അബദ്ധികരവും എന്നു ഗണിച്ചുകൊണ്ടു്, അവയെ നിഷേധിക്കുന്നതിനും കുറവു വിധിക്കുന്നതിനും തീരെ തുനിഞ്ഞില്ലെന്നുമാത്രമല്ല അവ പരക്കാതവണ്ണം പ്രതിബന്ധിപ്പാൻ യാതൊരു പ്രയത്നത്തിനും ശക്യമായതുമില്ല.

അതിനാൽ, പിൽക്കാലങ്ങളിൽ, നിർഭാഗ്യവശാൽ ക്രിസ്ത്യാനികളെ പിരിച്ചു കളഞ്ഞതും ക്ഷേത്രന്മാരും ഉത്തമന്മാരുമായ എല്ലാവർക്കും ദുഃഖം തോന്നത്തക്കവണ്ണം ഇപ്പോഴും പിരിച്ചുകൊണ്ടിരിക്കുന്നതുമായ, നമ്മുടെ രക്ഷയ്ക്കാവശ്യമുള്ള ദൈവിക ഇടപാടിന്റെ അഥവാ കൃപയുടെ സ്വഭാവത്തെയും പ്രകാര

8570

ത്തെയുംപ്പററി മൂർച്ചയേറിയ വാഗ്വാദങ്ങളും ഉണ്ടാകുവാൻ തുടങ്ങിയതു് ഈ കാലംമുതലു്ക്കാണു്. മനുഷ്യപ്രകൃതിമേൽ യാതൊന്നും ചുമത്താതെ സകലവും ദൈവത്തിനുതന്നെ സങ്കല്പിച്ചിട്ടുള്ള ആഗസ്തീന്റെ സിദ്ധാന്തങ്ങളെയാണു് (അദ്ദേഹത്തിന്റെ അനുഗാമികളും അവസ്സു തെളിവു കൊടുക്കുന്ന വിഷയത്തിൽ പരസ്പരം ഭിന്നിച്ചിട്ടുണ്ടെങ്കിലും) എല്പ്പാക്കാലങ്ങളിലും വളരെ ആളുകളും പിന്തുടർന്നിട്ടുള്ളതു്. എന്നാൽ ഇതിലുമധികം ആളുകളും കാത്സ്യാനസ്സിനോടു യോജിപ്പുള്ളവരാണു്. അയാളുടെ ഉപദേശ പദ്ധതിയും വിഭിന്നമായ രീതിയിൽ തെളിയിക്കപ്പെടുന്നുണ്ടെങ്കിലും അതു്, ഗാലിക്കു സന്യാസികളുടെ പാഠശാലകളിൽനിന്നു യൂറോപ്പു് ഒട്ടുക്കു പടർന്നു പിടിച്ചിരിക്കുന്നു. ഗ്രേക്കരും മറ്റും പൗരസ്ത്യരും കാത്സ്യാനസ്സിനു മുമ്പുതന്നെ ആ അഭിപ്രായത്തെയാണു പിടിച്ചിരുന്നതു്. ഇന്നേവരെയും അവർ അതു വിട്ടിട്ടുമില്ല. പെലജിയസ്സിന്റെ അഭിപ്രായം സ്വല്പം കൂടുതലായിപ്പോയി എന്നു് അനേകർക്കും തോന്നിയതിനാൽ പരസ്യമായി അതിനെ സമ്മതിച്ചു പറകയുണ്ടായില്ല. എന്നിരിക്കിലും പെലജിയസ്സിനെപ്പോലെ സ്വന്ത ബലത്താൽ ദൈവന്യായപ്രമാണത്തെ മുഴുവൻ ആചരിക്കുന്നതിനു മനുഷ്യനു പൂർണ്ണശക്തി ഉണ്ടെന്നു സങ്കല്പിക്കുന്ന ചിലർ ഏതു കാലത്തും കണ്ടേക്കാം.

ASHRAM PRESS, MANGANAM.



ഗ്രന്ഥകർത്താവിന്റെ ഇതര കൃതികൾ

വേദവിഹാരം (മഹാകാവ്യം)
നല്ലശമര്യൻ (കവിത)
ഗാനഗ്രന്ഥങ്ങൾ :–
സംഗീതശതകം
ശതകാന്തയായി
പ്രത്യാശാ ഗീതങ്ങൾ
ക്രൈസ്തവഗാന ചന്ദ്രിക
ഗാനപ്രസൂനം.
സംഗീതരത്നാവലി
വേർപാട് സഭാചരിത്രം
മതസംബന്ധമായ രണ്ട് പ്രസംഗങ്ങൾ
വെളിപ്പാട് പുസ്തക വ്യാഖ്യാനം
ഉത്തമഗീത വ്യാഖ്യാനം
സമാഗമന കൂടാരം
ക്രൂശിൽ മരിച്ച ക്രിസ്തു
സത്യ പ്രകാശിനി
നിക്കോലാവ്യമതം
മറുഭാഷാനികഷം
ക്രൈസ്തവ സ്നാനപ്രസാധിനി
ക്രിസ്തീയ സഭാ സുബോധിനി
ത്രിത്വപ്രബോധിക
പാഷണ്ഡമതമർദ്ദനം
ശിശുസ്നാനകുഠാരം
സത്യവേദമുകുരം
സമ്മാജ്ജിനി
കത്തോലിക്കനായത് ആര് ?
മലങ്കര വിയോജിതൻ (മാസിക)
Etc., Etc.,

''ബുദ്ധിമാന്മാർ ആകാശമണ്ഡലത്തിന്റെ പ്രഭ പോലെയും, പലരേയും നീതിയിലേക്ക തിരിക്കുന്നവർ നക്ഷത്രങ്ങളെപ്പോലെയും എന്നും എന്നേക്കും പ്രകാശിക്കും.'' (ദാനി. 12: 3)

ക്രൈസ്തവസഭാ ചരിത്രം, വേദവിഹാരം എന്നീ ഗ്രന്ഥങ്ങൾ ആവശ്യപ്പെടേണ്ടും വിലാസം.

സി. കെ. സാം,
എബനേസർ,
ഇടയാറന്മുള പി. ഒ.,കേരളം 689532.



''ലോകം അവർക്ക യോഗ്യമായിരുന്നില്ല.....അവർ നമ്മേകൂടാതെ രക്ഷാപൂർത്തി പ്രാപിക്കാതിരിക്കേണ്ടതിന്നു് ദൈവം നമുക്കുവേണ്ടി ഏറ്റവും നല്ലതൊന്നു് മുൻകരുതിയിരുന്നു.''

—എബ്രാ. 11: 39, 40.